# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 പഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. പഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.

## വാല്യം 1

### പാറശ്ശാല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

## വാല്യം 2

### പെരുങ്കടവിള ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

## വാല്യം 3

### അതിയന്നൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

## വാല്യം 4

### നേമം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ

## വാല്യം 5

### തിരുവനന്തപുരം റൂറൽ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

## വാല്യം 6

### കഴക്കൂട്ടം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

## വാല്യം 7

### വെള്ളനാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

## വാല്യം 8

### നെടുമങ്ങാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്

## വാല്യം 9

### വാമനപുരം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

## വാല്യം 10

### കിളിമാനൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

## വാല്യം 11

### ചിറയിൻകീഴ് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

## വാല്യം 12

### വർക്കല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

| വാല്യം 13 |
|---|

### ഓച്ചിറ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

| വാല്യം 14 |
|---|

### കരുനാഗപ്പള്ളി ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

| വാല്യം 15 |
|---|

### ശാസ്താംകോട്ട ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

| വാല്യം 16 |
|---|

### വെട്ടിക്കവല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

| വാല്യം 17 |
|---|

### പത്തനാപുരം ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

| വാല്യം 18 |
|---|

### അഞ്ചൽ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

| വാല്യം 19 |
|---|

### കൊട്ടാരക്കര ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

| വാല്യം 20 |
|---|

### ചിറ്റുമല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

| വാല്യം 21 |
|---|

### ചവറ ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

| വാല്യം 22 |
|---|

### അഞ്ചാലുംമൂട് ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

| വാല്യം 23 |
|---|

### മുഖത്തല ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

| വാല്യം 24 |
|---|

### ഇത്തിക്കര ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

| വാല്യം 25 |
|---|

### ചടയമംഗലം ബ്ലോക്ക്
*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

| വാല്യം 26 |
|---|

### മല്ലപ്പള്ളി ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

| വാല്യം 27 |
|---|

### പുളിക്കീഴ് ബ്ലോക്ക്
*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരുക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. [illegible]

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

## വാല്യം 43

### ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

## വാല്യം 44

### മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

## വാല്യം 45

### ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

## വാല്യം 46

### മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

## വാല്യം 47

### വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരുത്ത്
4. ടി.വി.പുരം

## വാല്യം 48

### കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

## വാല്യം 49

### ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

## വാല്യം 50

### ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

## വാല്യം 51

### ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്

## വാല്യം 52

### ൗരാറ്റുപേട്ട ബ്ലോക്ക്

*(കാട്ടയം ജില്ല)*

മേലുകാവ്
മൂന്നിലവ്
പൂഞ്ഞാർ
ഈരാറ്റുപേട്ട
പൂഞ്ഞാർ-തെക്കേക്കര
തലപ്പലം
തീക്കോയി
തലനാട്
തിടനാട്

## വാല്യം 53

### ാമ്പാടി ബ്ലോക്ക്

*(ാട്ടയം ജില്ല)*

അകലകുന്നം
എലിക്കുളം
കൂരോപ്പട
പാമ്പാടി
പള്ളിക്കത്തോട്
മീനടം

## വാല്യം 54

### ള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

അയർകുന്നം
കുമരകം
3. നാട്ടകം
പുതുപ്പള്ളി
പനച്ചിക്കാട്
തിരുവാർപ്പ്
വിജയപുരം

## വാല്യം 55

### മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

## വാല്യം 56

### വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ

### വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

### വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

### വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

### വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

### വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ

### വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

### വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

### വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

### വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

### വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര

### വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

### വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

### വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

### വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

### വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ

വാല്യം 81

## ാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

കടപ്പുറം
ഒരുമനയൂർ
പൂക്കോട്
പുന്നയൂർ
പുന്നയൂർകുളം
തൈക്കാട്
വടക്കേക്കാട്

വാല്യം 82

## ചാവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

ആർത്താറ്റ്
ചൂണ്ടൽ
ചൊവ്വന്നൂർ
കടവല്ലൂർ
കണ്ടാണശ്ശേരി
കട്ടകാമ്പൽ
പോർക്കുളം

വാല്യം 83

## ടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1 ദേശമംഗലം
2 എരുമപ്പെട്ടി
3 കടങ്ങോട്
4 മുണ്ടത്തിക്കോട്
5 മുള്ളൂർക്കര
6 തെക്കുംകര
7 വരവൂർ
8 വേലൂർ
9 വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ

6

| വാല്യം 85 |
|---|

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

| വാല്യം 86 |
|---|

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

| വാല്യം 87 |
|---|

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

| വാല്യം 88 |
|---|

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

| വാല്യം 89 |
|---|

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം

| വാല്യം 90 |
|---|

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

| വാല്യം 91 |
|---|

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

| വാല്യം 92 |
|---|

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

| വാല്യം 93 |
|---|

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

| വാല്യം 94 |
|---|

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം

| വാല്യം 95 |
|---|

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

| വാല്യം 96 |
|---|

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

| വാല്യം 97 |
|---|

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

| വാല്യം 98 |
|---|

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

| വാല്യം 99 |
|---|

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ

| വാല്യം 114 |
|---|

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

| വാല്യം 115 |
|---|

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

| വാല്യം 116 |
|---|

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

| വാല്യം 117 |
|---|

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊറ്റൂർ
9. [illegible]

| വാല്യം 118 |
|---|

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

| വാല്യം 119 |
|---|

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

| വാല്യം 120 |
|---|

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

| വാല്യം 121 |
|---|

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

| വാല്യം 122 |
|---|

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

| വാല്യം 123 |
|---|

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

| വാല്യം 124 |
|---|

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

| വാല്യം 125 |
|---|

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

| വാല്യം 126 |
|---|

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

| വാല്യം 127 |
|---|

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മഥൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

**വാല്യം 153**

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

**വാല്യം 154**

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

**വാല്യം 155**

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

**വാല്യം 156**

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

**വാല്യം 157**

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

**വാല്യം 158**

## ഇടുക്കി ജില്ല

1. തൊടുപുഴ

**വാല്യം 159**

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പറവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

**വാല്യം 160**

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

**വാല്യം 161**

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

**വാല്യം 162**

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

**വാല്യം 163**

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

**വാല്യം 164**

## വയനാട് ജില്ല

1. കൽപ്പറ്റ

**വാല്യം 165**

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

**വാല്യം 166**

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# ജനകീയാസൂത്രണം

## എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

# കരട് വികസന രേഖ



ഒമ്പതാം പദ്ധതി ജനകീയപദ്ധതി

# ആമുഖം

നൂറ്റിത്തൊണ്ണൂറു വർഷത്തെ ബ്രിട്ടീഷ് വാഴ്ച്ചയ്ക്ക് അന്ത്യം കുറിച്ചുകൊണ്ട് 1947 ആഗസ്റ്റ് 15നു ഭരണ സ്വാതന്ത്ര്യം നേടി. സ്വാതന്ത്ര്യത്തിൻെറ നാൽപത്തിയൊമ്പതു സംവത്സരങ്ങൾ രാഷ്ട്ര പുനർനിർമ്മിതിക്കായുള്ള എട്ടു പഞ്ചവത്സരപദ്ധതികൾ, ഭരണരംഗത്തും വികസനരംഗത്തും ജനകീയമായ പുനഃക്രമീകരണം കാര്യക്ഷമമായി നടപ്പിലാക്കാനായില്ലെന്ന ഖേദം ബാക്കിയാകുന്നു.

പിന്നിട്ട എട്ടു പഞ്ചവത്സര പദ്ധതികാലത്തു രാജ്യത്ത് വികസന പ്രവർത്തനങ്ങളുടെ വർണശബളമായ വൈവിധ്യമാർന്ന ഘോഷയാത്രയുണ്ടായി. നാടിൻെറ മുഖഛായ മാറി. പക്ഷെ, പദ്ധതികളിൽ മുതൽമുടക്കിയ കോടികളുടെ യഥാർത്ഥ ഗുണഭോക്താക്കളായി ജനങ്ങൾ മാറിയോ? അധികാരവും ആസൂത്രണവും മുകളിൽ നിന്നും അടിച്ചേൽപ്പിക്കപ്പെട്ടു. ജനകീയാവശ്യങ്ങൾ പലതും വനരോദനങ്ങളായി. തലകീഴായി നിൽക്കുന്ന ആസൂത്രണ സംവിധാനത്തെ തല നേരെയാക്കി നിർത്തുകയാണ് ജനകീയാസൂത്രണത്തിൻെറ ലക്ഷ്യം സ്വതന്ത്രഭാരതത്തിൽ ഇദംപ്രഥമമായി കേരളം നടപ്പിലാക്കുന്ന ജനകീയ ആസൂത്രണം അടിത്തട്ടിൽ നിന്നു മേൽത്തട്ടിലേക്ക് (Planning from the bottaom)ദിശമാറ്റം ചെയ്യപ്പെട്ട ആസൂത്രണ തന്ത്രമാണ് അവതരിപ്പിക്കുന്നത്. ആസൂത്രണത്തിലും വികസനപ്രക്രിയയിലും ജനകീയ പങ്കാളിത്തം ജാതി, മത, രാഷ്ട്രീയ ഭിന്നതകൾക്കതീതിമായി ഉറപ്പുവരുത്താൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിനു കഴിയുമെന്നതു നിസ്സംശയമാണ്. അതുകൊണ്ടാണ് ഇതു നാടിൻെറ വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാകുന്നത്.

അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) പഞ്ചായത്തുകൾ നൽകുന്നതിനാൽ ജനതാൽപര്യം സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതി വിശേഷം വളർന്നു വരുന്നുണ്ട്. പഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതം, കേരളസർക്കാരിൻെറ ചില സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട്, സന്നദ്ധ സംഘടനകൾ വഴി ലഭിക്കുന്ന ഫണ്ടുകൾ, നികുതി വരുമാനം എല്ലാറ്റിനും പുറമെ ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ, അദ്ധ്വാനം) തുടങ്ങി വികസനപ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. കേരളം ഗ്രാമനഗര ഭേദമില്ലാതെ ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധി ഭാഗികമായെങ്കിലും പരിഹരിക്കാൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിനു കഴിയും.

എടത്തിരുത്തി ഗ്രാമപഞ്ചായത്തിൻെറ സമഗ്ര വികസനരേഖ നാളെയുടെ ചരിത്രയാഥാർത്ഥ്യമാക്കാനുള്ളമഹായജ്ഞത്തിൽ ഇന്നുതന്നെ പങ്കുചേരാനുള്ള പ്രതിജ്ഞ നിശ്ചയദാർഢ്യത്തോടെ നമുക്കു സ്വീകരിക്കാം.

## സാമൂഹ്യ സാംസ്ക്കാരിക ചരിത്രപശ്ചാത്തലം

പഴയ ബ്രിട്ടീഷ് മലബാറിലെ പൊന്നാനി താലൂക്കിൽപ്പെടുന്ന നാട്ടിക ഫർക്കയിലെ രണ്ടു വില്ലെജുകൾ - എടത്തിരുത്തിയും ചെന്ത്രാപ്പിന്നിയും - ചേർന്നതാണ് എടത്തിരുത്തി ഗ്രാമപഞ്ചായത്ത്. നൂറ്റാണ്ടുകളായി സാമ്രാജ്യത്വത്തിൻെറയും നാടുവാഴി ജൻമി ഭൂപ്രഭുത്വത്തിൻെയും നുകക്കീഴിൽ അടിമത്തത്തിൻെയും അവഗണനയുടെയും ദുഃഖഭാരവും പേറി നിന്നിരുന്നുവെങ്കിലും വളരെ ഉന്നതമായ ഒരു സാമൂഹ്യ രാഷ്ട്രീയ സാംസ്ക്കാരിക പാരമ്പര്യമാണ് നമ്മുടെ ഗ്രാമത്തിന് ഉള്ളത്.

ഇടയ്ക്കിടയ്ക്ക് 'തുരുത്തു'കളുള്ള പ്രദേശമായതിനാൽ ഇടത്തുരുത്ത് എടത്തുരുത്തും പിന്നീട് എടത്തിരുത്തിയുമായി എന്ന സ്ഥലനാമ പിറവിയെക്കുറിച്ചുള്ള വാദമുഖത്തെ കുറേക്കൂടി ശക്തമായ മറ്റൊരു വാദഗതി കീഴ്പ്പെടുത്തുകയാണുണ്ടായത്. പെരുമനം ദേവസ്വത്തിൻെറ പടിഞ്ഞാറെ അതിർത്തിയിൽ സ്ഥാപിതമായ അയ്യപ്പക്ഷേത്രത്തിലെ പ്രദാന ദേവൻ അയ്യപ്പനാണ്. ഉപദേവനായി ശിവനെ പ്രതിഷ്ഠിക്കാൻ നേരം നേരിയ ഒരു ആശയകുഴപ്പം ഉണ്ടായി. ഉപദേവനാണെങ്കിലും ശിവൻ അയ്യപ്പൻെറ അച്ഛനല്ലേ. ഇടത്ത് പ്രതിഷ്ഠിക്കുന്നതെങ്ങിനെ? മകനാണെങ്കിലും അയ്യപ്പൻ പ്രധാന ദേവനാണല്ലോ. ഇടത്തു പ്രതിഷ്ഠിക്കുന്നതെങ്ങിനെ? ഒടുവിൽ ഇരുവർക്കും പരസ്പരം ഇടതുഭാഗത്തുവരത്തക്കവിധം അഭിമുഖമായി പ്രതിഷ്ഠിച്ച് പ്രശ്നം പരിഹരിച്ചതിനാൽ ഇടത്ത് ഇരുത്തി എന്നത് എടത്തിരുത്തിയായി പരിണമിച്ചതാണ്. ഈ വാദഗതി ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഒരു കാലഘട്ടം മുഴുക്കെ നിറഞ്ഞു നിന്ന ഫ്യൂഡൽ ഭരണത്തിൻെ

സുവർണ്ണകാലം അവസാനിക്കുന്നത് 1967 ൽ വിപ്ല വകരമായ ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടെയാണ്.

## ആധിപത്യം ഒരു എത്തിനോട്ടം

തൃപ്രയാറിൽ നിന്നും അവസാനം മൂപ്പുവാണ താച്ചുണ്ണി തമ്പുരാനേക്കാൾ ഏഴുതലമുറ മുമ്പ് ബ്ലാഹയിലെ തമ്പുരാക്കൻമാർ അവരുടെ പണിയാളുകളും ആയുധങ്ങളുമായി തെക്കോട്ട് സഞ്ചരിക്കുകയാണ്. അവർ സഞ്ചരിച്ച സ്ഥലങ്ങളെല്ലാം ബ്ലാഹയിൽ തറവാട്ടുവക സ്വത്തായി മാറുകയാണുണ്ടായത്. എതിർക്കാൻ വന്നവരെ ഓടിച്ചും, ചെറുത്തുനിന്നവരെ വധിച്ചും തമ്പുരാൻെറ ജൈത്രത്ര തുടർന്നു. ചെന്ത്രാപ്പിന്നിവരെയെ അതിർത്തിയുള്ളു. അവിടെ കുറമങ്ങാട്ടു പണിക്കൻമാരും, കൊട്ടേക്കാട്ട് മേനോൻമാരും ശക്തരായിരുന്നതിനാലും, വേണ്ടപ്പെട്ടവരായിരുന്നതിനാലും ബ്ലാഹയിൽ തമ്പുരാക്കൻമാരുടെ അധികാര പരിധി എടത്തിരുത്തി വില്ലേജിൽ ഒതുങ്ങി. ചെന്ത്രാപ്പിന്നി കൊട്ടേക്കാട്ടുകാരിലും, കുറമങ്ങാട്ടുകാരിലും പുതിയവീട്ടിൽ മുസ്ലീം തറവാട്ടുകാരിലും അമർന്നു.

നാട്ടിക ഫർക്കയുടെ നെല്ലറയായാണ് എടത്തുരുത്തി അറിയപ്പെട്ടിരുന്നത്. വയലിൽ പണിയുന്ന തൊഴിലാളുകളുടെ ഞാറ്റുപാട്ടിനാലും, തേക്കുപ്പാട്ടിനാലും, കൊയ്ത്തുപ്പാട്ടിനാലും അന്തരീക്ഷം മുഖരിതമായിരുന്ന പഴയകാലം. തൊഴിലാളികളെ നിന്ത്രിക്കുന്നതിനും നിർദ്ദേശം നൽകുന്നതിനും തമ്പുരാൻെറ പ്രതിനിധിയായ കാര്യസ്ഥൻ വരമ്പിൻമേൽ ഉണ്ടാകും. പകലന്തിയോളം പണിയെടുക്കുന്ന തൊഴിലാളികൾക്കുകിട്ടുന്ന കൂലി അന്നന്നത്തെ അഷ്ടിക്കുള്ള വകപോലും ആയിരുന്നില്ല. ഇരുട്ടിയ ശേഷം ചന്തയിലെ കടയിലോപോയി സാധനങ്ങൾ വാങ്ങി കുറച്ചുകള്ളും മോന്തി കുടുംബനാഥൻ കൂരയിലെത്തുമ്പോഴേക്കും മിക്കവാറും കുഞ്ഞുങ്ങളെല്ലാം ഉറങ്ങിയിരിക്കും. വല്ലിയായികിട്ടുന്ന ഇടങ്ങഴി നെല്ല് പച്ചയായോ വറുത്തോ കുത്തി കഞ്ഞിവെയ്ക്കുന്നു. കഞ്ഞിവെന്ത് കഴിഞ്ഞാൽ മുളക് അരച്ചുണ്ടാക്കിയ ചമ്മന്തിയും കൂട്ടി മൺചട്ടികളിലൊഴിച്ച കഞ്ഞി ചിരട്ട കയ്യിൽകൊണ്ട് കോരിക്കുടിച്ച ശേഷം അച്ഛനും അമ്മയും കുഞ്ഞുങ്ങളും ഉറക്കമാകുന്നു. തമ്പുരാനെ പോറ്റുന്ന ഒരു വലിയ ജനസഞ്ചയത്തിൻെറ ജീവിതമാണ് മുകളിൽ വിവരിച്ചത്. മറ്റുവിഭാഗങ്ങളിലുള്ള ആളുകൾ ആകട്ടെ തമ്പുരാൻെ പണിയാളുകളല്ലെങ്കിലും ഇവർ കൈകാര്യം ചെയ്തിരുന്ന ഭൂസ്വത്തിൻെയും അവകാശി തമ്പുരാൻ തന്നെയായിരുന്നു. ഈഴവനും, മുസൽമാനും, ക്രിസ്ത്യാനിയുമെല്ലാം തമ്പുരാന് നിശ്ചിത പറ നെല്ലും രൂപയും വാരമായും പാട്ടമായും വർഷംതോറും നൽകിക്കൊള്ളണം. എല്ലാ വരുമാനവും ഏറ്റുവാങ്ങുന്ന തമ്പുരാൻ എല്ലാ ജീവിത സൗഭാഗ്യവും ആസ്വദിക്കാൻ നിയോഗിക്കപ്പെട്ട ആളും ദൈവത്തിൻെറ പ്രതിപുരുഷനുമായി (രാജാവെന്നാലാരമ്മേ? രാജാവീശ്വരനെൻ മകനേ!) കൽപ്പിക്കപ്പെട്ടിരുന്നു. തമ്പുരാനെ അയിത്തം കല്പിക്കാത്ത ഒരു വിഭാഗം അന്ന് ക്രിസ്ത്യാനികൾ മാത്രമായിരുന്നു. ബാക്കിയുള്ള മുസ്ലീം ഈഴവാദി പിന്നോക്കക്കാർക്കെല്ലാം അയിത്തം കല്പിക്കപ്പെട്ടിരുന്നു. തമ്പുരാന് വേണ്ടി എല്ലുമുറിയെ പണിയെടുക്കുന്ന പുലയനും പറയനും പടന്നനും വേട്ടുവനും തമ്പുരാൻെറ വീടും പരിസരവും ചവുട്ടി അശുദ്ധമാക്കാൻ പാടില്ലായിരുന്നു. അവർക്ക് മൃഷ്ടാന്ന ഭോജനത്തിനുള്ളനെല്ലു ല്ലാദിപ്പിച്ച് ചവിട്ടി, ചേറ്റി വൃത്തിയാക്കി അറയിൽ നിറച്ചുകൊടുക്കാം. പക്ഷേ, അതൊക്കെ താമസിക്കുന്ന കൊട്ടാരത്തിന് വിളിപ്പാടകലെ മാത്രം!.

എടത്തിരുത്തിയിൽ തലമുറകളായി മൂപ്പുവാണ ബ്ലാഹയിൽ മഠത്തിലെ കുഞ്ചുണ്ണി, കണ്ടുണ്ണി, ഉണ്ണിയപ്പൻ, കൊച്ചുണ്ണി, ഉണ്ണി, താച്ചുണ്ണി എന്നീ തമ്പുരാക്കൻമാരും അരുടെ പൂർവ്വികരും പരമാധികാരികളായി വാണരുളിയിരുന്ന ഒരു കാലഘട്ടത്തിൻെറ ഒരേകദേശരൂപമാണിത്. തമ്പുരാന് കൊല്ലിനും കൊലയ്ക്കും അധികാരമുണ്ടായിരുന്നു. തമ്പുരാൻെറ ശിക്ഷ ആരും ചെയ്തുകൂടാ. തമ്പുരാന് ഇഷ്ടമില്ലാത്തത് അടിയാൻെറ ഭാഗത്തുനിന്ന് ഉണ്ടാകരുത്. അലിഖിതശാസനകൾ തുടർന്നു. 1920ൽ മഹാത്മാഗാന്ധി നേതൃത്വം ഏറ്റെടുത്തതോടെയാണ് എടത്തിരുത്തിയിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് രൂപീകരിക്കപ്പെടുന്നത്. ജനങ്ങളിൽ സ്വാതന്ത്ര്യബോധം ഉണർത്താനും ദേശീയ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പ്രക്ഷോപണങ്ങൾക്ക് ആക്കം കൂട്ടാനും അക്കാലത്ത് ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി 1941ൽ നടന്ന വ്യക്തി സത്യാഗ്രഹത്തിൽ പങ്കെടുത്ത് എടത്തിരുത്തിയിൽ വെച്ച് അറസ്റ്റ് ചെയ്യപ്പെടുകയും ബ്രിട്ടീഷ് പോലീസിൻെറ ക്രൂരമർദ്ധനങ്ങൾക്ക് വിധേയനാവുകയും ജയിൽ വാസം അനുഭവിക്കുകയും ചെയ്ത ഏക കോൺഗ്രസ് പ്രവർത്തകൻ കൊമ്പത്തെ പ്രഭാകരൻ എന്നറിയപ്പെടുന്ന ശ്രീ. പി. എ. പ്രഭാകരൻ നായരായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമായപ്പോൾ അദ്ദേഹം അതിൽ ചേരുകയും പാർട്ടി കെട്ടിപ്പടുക്കാൻ എടത്തി

# ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത്, പൊതുവിവരണം
3. കൃഷിയും, ജലസേചനവും
4. മൃഗസംരക്ഷണവും മത്സ്യബന്ധനവും
5. വ്യവസായം
6. വിദ്യാഭ്യാസം
7. കുടിവെള്ളവും പൊതുജനാരോഗ്യവും
8. ഗതാഗതം, ഊർജ്ജം
9. പാർപ്പിടവും, സാമൂഹ്യക്ഷേമവും
10. സംസ്ക്കാരം
11. വനിതാക്ഷേമം
12. സഹകരണം
13. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
14. വിഭവസമാഹരണം
15. ഉപസംഹാരം

# എടത്തിരുത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതി

1. ശ്രീ.എ.കെ. വേലായുധൻ (പ്രസിഡണ്ട്)
2. ശ്രീ. പി.എം. രാമനുണ്ണി (വൈസ്പ്രസിഡണ്ട്)
3. ശ്രീമതി. കെ. ഭാരതി ടീച്ചർ
   (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർ പേഴ്സൺ)
4. ശ്രീമതി. കെ.സി. കാളിക്കുട്ടി (മെമ്പർ)
5. ശ്രീ. കെ.എം. മധുസൂദനൻ „
6. ശ്രീമതി. ജമീല അബ്ദുൽ കാദർ „
7. ജ. പി.എം. അബ്ദുസാഹിബ് „
8. ശ്രീ. പി.വി. സുബ്രഹ്മണ്യൻ „
9. ശ്രീമതി. വിമല പരമേശ്വരൻ „
10. ശ്രീ. സുരേഷ് ബാബു പൊറ്റേക്കാട്ട് „
11. ശ്രീ. എം.കെ. ഫൽഗുനൻ

## കരട് വികസനറിപ്പോർട്ട് തയ്യാറാക്കിയവർ

1. ശ്രീ. എ.കെ. വേലായുധൻ
2. ജ. എം.കെ. കുഞ്ഞുമുഹമ്മദ് മാസ്റ്റർ
3. ശ്രീ. കെ.ജി. ഭൂഷണൻ മാസ്റ്റർ
4. ജ. കെ.എ. ബീരാൻകുഞ്ഞി
5. ശ്രീ. ടി.എൻ. തിലകൻ
6. ശ്രീ. വി.കെ. കുമാരൻ
7. ജ. പി.കെ. ഹംസ
8. ശ്രീ. കെ.ആർ. ജോഷി
9. ശ്രീ. കെ.കെ. മനോജ്

## പഞ്ചായത്ത് തലകോ-ഓർഡിനേറ്റർ

എം.കെ. കുഞ്ഞുമുഹമ്മദ് മാസ്റ്റർ

രുത്തിയിൽ നേതൃത്വം നൽകുകയും ചെയ്തു. അക്കാലത്ത് ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നവർ ശ്രീ.കെ.എസ്. വാസുദേവൻ, ജ.വി.ഐ. അഹമ്മദ്ക്കുട്ടി മാസ്റ്റർ, ജ. കോളങ്ങാട്ടു പറമ്പിൽ ബീരകുഞ്ഞി സാഹിബ്, ശ്രീ. കെ.എസ്. അച്ചുതൻ, കെ.കെ. നാരായണൻ മാസ്റ്റർ എന്നിവരാണ്. സ്വാതന്ത്ര്യപോരാട്ടത്തിൽ അണിചേരുന്നതിനു വക്കീലൻമാർ കോടതിയും വിദ്യാർത്ഥികൾ വിദ്യാലയങ്ങളും, ഉദ്യോഗസ്ഥൻമാർ ഓഫീസുകളും വിട്ടിറങ്ങണമെന്ന മഹാത്മജിയുടെ ആഹ്വാനം രാജ്യവ്യാപകമായി അലയടിച്ചു. കീഴടങ്ങാനാകാത്ത ദേശാഭിമാനത്താൽ പ്രചോദിതരായ എടത്തിരുത്തിയിലെ വിദ്യാർത്ഥികളും വെറുതെയിരുന്നില്ല. ജ.പി.വി. അഹമ്മദ് മാസ്റ്റർ, ശ്രീ.സി.ആർ. കുമാരൻ, ശ്രീ. സി.ടി.വി. കുഞ്ഞക്കൻ, മേനോത്ത് മാണിക്യൻ, കെ. ബാലൻ നായർ, പൊയ്യാറ കുഞ്ഞിക്കെളവൻ തുടങ്ങിയ ചുണക്കുട്ടികൾ വിദ്യാലയം വിട്ടിറങ്ങി. എടത്തിരുത്തിയുടെ സാമൂഹ്യചരിത്രത്തിൽ മായാത്ത വ്യക്തിമുദ്രപതിപ്പിക്കുയും ചെയ്തു.

മലബാറിൽ മഹത്തായ ദേശീയപ്രസ്ഥാനത്തിനും ഇൻഡ്യൻ നാഷണൽ കോൺഗ്രസിനും നേതൃത്വം നൽകിയിരുന്ന ജനനേതാക്കൾ ഒന്നാകെ ആദ്യം കോൺഗ്രസ്സ് സോഷ്യലിസ്റ്റുകാരും അനന്തരം കമ്മ്യൂണിസ്റ്റുകാരുമായപ്പോൾ മലബാറിൻെ ഇങ്ങേയറ്റത്തു തെങ്ങോലകളുടെ കാറ്റേറ്റുകിടക്കുന്ന നാട്ടികയുടെ നെല്ലറയ്ക്കും ആ ധാരയിൽ നിന്നും മാറിനിൽക്കാനായില്ല. 1941ൽ വ്യക്തി സത്യാഗ്രഹത്തിൽ പങ്കെടുക്കുകയും അറസ്റ്റ് ചെയ്യപ്പെട്ടതിനെ തുടർന്ന് മർദ്ദനവും ജയിൽവാസവും അനുഭവിക്കുകയും ചെയ്ത പി.എ. പ്രഭാകരൻ നായർ അങ്ങനെയാണ് എടത്തിരുത്തിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല സംഘാടകനായിത്തീർന്നത്. മലബാറിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തി സ്രോതസ്സ് കർഷകസംഘമായിരുന്നെങ്കിൽ നാട്ടികയിൽ അത് മുഖ്യമായും മണപ്പുറം ഹരിജൻ സംഘമായിരുന്നു. 1945 അത്തരം ഒരു സംഘടനയെ നയിക്കാൻ കെല്പുള്ള ആരും തന്നെ ആ വിഭാഗത്തിൽനിന്നുണ്ടായിരുന്നില്ല. അങ്ങനെയാണ് കുമ്പളപറമ്പിൽ കെ.കെ. രാമൻമാസ്റ്റർ എടത്തിരുത്തിയിൽ മണപ്പുറം ഹരിജൻ സംഘത്തിൻെ പ്രഥമ പ്രസിഡണ്ടാകുന്നത്. സങ്കുചിതമായ ജാതി ചിന്തകളാൽ അന്ധരായിത്തീർന്ന കുറെയാളുകൾ നാട്ടിൽ പുഴുക്കളെപ്പോലെ ഇഴഞ്ഞ ഒരു സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാൻ ദൃഢനിശ്ചയം ചെയ്ത ആ വലിയ മനുഷ്യന് 'വേട്ടുവരാമൻ' എന്ന ഇരട്ടപ്പേര് നൽകാൻ മറന്നില്ല.

## സർദാർ ഗോപാലകൃഷ്ണൻ

പട്ടളസേവനം പൂർത്തിയാക്കി കണ്ണമ്പുള്ളിപ്പുറം എ.എം.എൽ.പി സ്ക്കൂളിൽ അധ്യാപകനായി സേവനമാരംഭിച്ച സർദാർ ഗോപാലകൃഷ്ണൻെറ സജീവസാന്നിദ്ധ്യം എടത്തിരുത്തുയിലെ സാമൂഹ്യ ജീവിതത്തിനു പുതിയ ഉണർവേകി. 1946-ൽ പാവപ്പെട്ട ഒരു കർഷകതൊഴിലാളി സ്ത്രീയുടെ താലി വലിച്ചുപ്പൊട്ടിച്ച സംഭവം എടത്തിരുത്തിയെ ഇളക്കി മറിക്കുക തന്നെ ചെയ്തു. പൊട്ടിച്ച സ്ത്രീയെക്കൊണ്ടുതന്നെ താലി കെട്ടിക്കുന്നതിനുവേണ്ടി സർദാർ നയിച്ച സമരം വിജയത്തിൻെറ വെളിച്ചം കണ്ടെ അവസാനിപ്പിച്ചുള്ളു.

എടത്തിരുത്തിയിൽ ഒരേയൊരു സ്മാരകസ്തൂപമേയുള്ളു. അത് സർദ്ദാർ ഗോപാലകൃഷ്ണൻെറതാണ്. ആദ്യം ദേശീയപ്രസ്ഥാനത്തിലും, പിന്നീട് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിലും, ശ്രീനാരായണപ്രസ്ഥാനത്തിലും അവസാനമായി കമ്മ്യൂണിസ്റ്റ് പാർട്ടിയിലും പ്രവർത്തിച്ച് എടത്തിരുത്തിയുടെ സാമൂഹ്യരാഷ്ട്രീയ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച് അധഃസ്ഥിത ജനവിഭാഗങ്ങൾക്ക് നേരെയുള്ള കടന്നാക്രമണങ്ങളെ സധൈര്യം പ്രതിരോധിക്കുക എന്നുള്ള എടത്തിരുത്തിക്കാരുടെ സുസജ്ജമായ ചേതസ്സിൻെറ പ്രതീകമായി ഒരു വിഭാതതാരം പോലെ ഉദിച്ചസ്ഥമിച്ച സർദ്ദർ ഗോപാലകൃഷ്ണൻെറ സ്മരണക്കുവേണ്ടി പടുത്തുയർത്തിയ സ്മാരകസ്തൂപം ഇളം തലമുറക്ക് ആത്മാർത്ഥമായ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിനുള്ള നിത്യപ്രചോദനമാണ്.

ഇന്ത്യ റിപ്പബ്ലിക്ക് ആയതിന് ശേഷമുള്ള നാലരദശകത്തിനുള്ളിൽ കേരളമെന്ന രാഷ്രീയ പരീക്ഷണശാലയെ ഇളക്കിമറിച്ച മണ്ണിനുവേണ്ടി മണ്ണിൻെറ മക്കൾ നടത്തിയ ഐതിഹാസികമായ മിച്ചഭൂമി പിടിച്ചെടുക്കൽ സമരം. ഈ സമരത്തിൻെറ ഭാഗമായി നമ്പെട്ടിപറമ്പിലും കോഴിത്തുമ്പിലും സമരങ്ങൾ നടന്നു.

ഇത്രയേറെ ത്യാഗോജ്ജ്വലമായ ഒരു ഭൂതകാലം ഉണ്ടായിട്ടും നമുക്കു തൊട്ടുകാണിക്കാൻ, അഭിമാനപൂർവ്വം ഉയർത്തികാണിക്കാൻ എടത്തിരുത്തിയിലെ തെരുവിലും തൊടിയിലും കളിച്ചുവളർന്ന, നമ്മുടെ ചളിവരമ്പുകളിൽ വഴുക്കിയും വിയർത്തും രാഷ്ട്രീയത്തിൻെ ബാലപാഠങ്ങൾ അഭ്യസിച്ച് കേരളത്തോളം വളർന്ന വ്യക്തിത്വങ്ങൾ അംഗുലിപരിമിതം മാത്രം. മലയാള ചെറുകഥാസാഹിത്യത്തിൽ പുരോഗമനചേരിക്കു നേതൃത്വം

വഹിച്ചു തൂലിക പടവാളാക്കുകയും ചെയ്ത ഡി. എം. പൊറ്റേക്കാട്, കേരള നിയമസഭയിൽ പല ഘട്ട ങ്ങളായി യഥാക്രമം നാട്ടികയേയും തൃശൂരിനേയും പ്രതിനിധീകരിച്ച കെ.എസ്. അച്ചുതനും, കെ.എസ്. നായരും നമ്മുടെ നാട് കേരളത്തിന് സമ്മാനിച്ച രാഷ്ട്രീയ നായകരുടെ നിര ഇവിടെ അവസാനി ക്കുന്നു.

## സാംസ്ക്കാരിക ചരിത്രം

എടത്തിരുത്തിയുടെ സാംസ്ക്കാരിക തല സ്ഥാനം ഏതെന്ന ചോദ്യത്തിന് നെല്ലറയുടെ ആത്മാവറിയുന്ന ഏതൊരാളുടെയും രസനാധ രത്തിൽ നിന്നും 'കണ്ണമ്പുള്ളി പുറം ശ്രീനാരായണ വായനശാല' എന്ന ഒരേഒരു ഉത്തരമേ ഉതിർന്നു വീഴും. 1937ൽ കേരള ഗാന്ധി കെ.കേളപ്പൻ ഉദ്ഘാ ടനം നിർവ്വഹിച്ച, മലയാള കവിതയിലെ കാല്പനീക ധാരയ്ക്കു നേതൃത്വം നല്കിയ മഹാകവി ചങ്ങമ്പു ഴയുടെ പാദസ്പർശത്താൽ ധന്യമായ, മണപ്പുറത്തെ എക്കാലത്തേയും മികച്ച ഗ്രന്ഥശാല പ്രവർത്തകൻ ഭ്രാതവേലുകുട്ടിമാസ്റ്ററുടെ സ്നേഹ പരിലാളനയാൽ വളർന്നുവന്ന ഈ മഹാസ്ഥാപനം എടത്തി രുത്തിയ്ക്ക് അകത്തും പുറത്തും ഉള്ള അനേകായിര ങ്ങൾക്കു വിജ്ഞാനത്തിൻെറ വെളിച്ചം പകർന്നു ലോകത്തിലേയ്ക്കുള്ള കിളിവാതിൽ തുറന്നുവെച്ചും ഇന്നും നിലകൊള്ളുന്നു. കൊല്ലാറ ചാത്തുണ്ണിക്കുട്ടി ആയിരുന്നു വായനശാലയുടെ സ്ഥാപകൻ. എടത്തി രുത്തിയിലും ചെന്ത്രാപ്പിന്നിയിലും ഉള്ള വിജ്ഞാന കുതുകികളും സഹൃദയരും വായനശാലയുടെ നില നില്പിന്ന് കരുത്തും ഓജസ്സും പകർന്നു. കുമ്പള പ്പറമ്പിൽ രാമൻ, പൊനത്തിൽ രാമകൃഷ്ണൻ, മേനോത്ത് പാററൻ, മേനോത്ത് മാണിക്യൻ എന്നി വർ വായനശാലയുടെ പുരോഗതിക്കുവേണ്ടി അക്ഷീണം യത്നിച്ചവരാണ്.

സ്വാതന്ത്രലബ്ധിക്കുശേഷം ജിവിക്കാൻ വേണ്ടി നാടുവിട്ട സിലോൺ മലയാളികളുടെ ഏറ്റവും വലിയ സംഭാവനയാണ് ശ്രീനാരായണ വായനശാല. ഇന്ന് വിദേശമലയാളികളുടെ എന്തു മാത്രം സമ്പാദ്യം നമ്മുടെ നാട്ടിലെത്തുന്നുണ്ട്. എങ്കിലും അതുപോലൊരു സാംസ്ക്കാരിക കേന്ദ്രം ഇവിടെ ഉയർന്നുവരുന്നില്ല? എടത്തിരുത്തിയ്ക്കുമു ഴുവൻ അഭിമാനകരമായ ഒരു സാംസ്ക്കാരിക കേന്ദ്രം പടുത്തുയർത്തുവാൻ ജനകീയ ആസൂത്രണ ത്തിൻെറ ഭാഗമായി പഞ്ചായത്ത് ശ്രമിക്കേണ്ടിയിരി ക്കുന്നു.

ഇന്ത്യയിലെ ഇതര ഭാഷകളിലേയും വിഖ്യാ തമായ അനേകം കൃതികൾ മലയാളികൾക്ക് പരിച യപ്പെടുത്തുകയും ഒട്ടേറെ കുറ്റാന്വേഷണ നോവലു കളുടെ കർത്താവുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി (മായാദാസൻ) യും ബാലസാഹിത്യത്തിനുള്ള 'കു ങ്കുമം' അവാർഡ് ജേതാവും നോവലിസ്റ്റുമായ യതീ ന്ദ്രൻ കാരയിലും മലയാള സാഹിത്യ ലോകത്തിന് എടത്തിരുത്തിയുടെ സംഭാവനകളാണ്. പ്രൊഫ. കെ. യു. അരുണൻ മാസ്റ്ററുടെ 'ചരിത്രത്തിൻെറ ചിരി' 1979ലെ സംഗീത നാടക അക്കാദമിയുടെ മധ്യ മേഖല അവാർഡ് നേടി. വീണപൂവ്, സമുദായം എന്നീ ചിത്രങ്ങളുടെ തിരക്കഥാകൃത്തും, നാടകരച യിതാവും, സംസ്ഥാനത്തെ ഏറ്റവും മികച്ച അധ്യാ പകനുള്ള സംസ്ഥാന അവാർഡ് നേടുകയും ചെയ്ത ശ്രീ. വി.കെ. രവീന്ദ്രൻ മാസ്റ്റർ എടത്തിരു ത്തിയുടെ സാംസ്ക്കാരിക ജീവിതത്തിൻെറ അഭിമാ നമാണ്. എട്ടോളം സിനിമകളുടെ സംവിധായകനും അതിലൊന്നായ 'വീണപൂവ്' ഇന്ത്യൻ പനോരമ യിലേക്ക് തിരഞ്ഞെടുക്കയും ചെയ്ത 'അമ്പിളി' ചല ചിത്രലോകത്തിന് നമ്മുടെ സംഭാവനയാണ്.

ഇന്ത്യയിലെ ആദ്യത്തെ വനിത ചീഫ് എഞ്ചിനീയർ ശ്രീമതി P.K. ത്രേസ്യ എടത്തിരു ത്തിയുടെ അഭിമാനമാണ്. 1991ൽ ഊർജ്ജതന്ത്ര ത്തിനുള്ള നോബൽ സമ്മാനത്തിന് തിരഞ്ഞെടു ക്കപ്പെട്ട ഡോ. ഐ.കെ. ഗോപാലകൃഷ്ണൻ എട ത്തിരുത്തി നിവാസിയാണ്. ഇന്ത്യൻ അഡ്മിനി സ്ട്രേറ്റീവ് സർവ്വീസിൽ ഇന്നും സേവനം അനുഷ്ടി ച്ചുകൊണ്ടിരിക്കുന്ന ശ്രീ കെ.വി. ഭാനുജൻ, ശ്രീ. കെ. എസ്. സുഗതൻ എന്നിവരും എടത്തിരുത്തിക്കാരാണ്. കേരള ശാസ്ത്ര സാഹിത്യ പരിഷിത്തിൻെറ സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. P.K. രവീന്ദ്രൻ നമ്മുടെ പഞ്ചായത്തുകാരനാണ്.

## കായികരംഗം

ഇന്ത്യൻ കായികരംഗത്തിൻെ അഭിമാനങ്ങളായ മലബാർ ചന്ദ്രശേഖരൻ, കുമ്പളപറമ്പിൽ ചന്ദ്രശേ ഖരൻ തുടങ്ങിയവർ എടത്തിരുത്തിയുടെ സംഭാവന കളാണ്. സംസ്ഥാനതാരങ്ങളായ കെ.ആർ.ജോഷി (ഹോക്കി), കെ.വി. സുഭാഷിണി (വോളിബോൾ), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി താരം പി.എസ്സ്. പ്രജോദ് എന്നിവരും എടത്തിരുത്തിയുടെ അഭിമാന ഭാജനങ്ങളാണ്. വോളിബോൾ രംഗത്തെ മികച്ചതാര മായിരുന്ന ശ്രീ. ഇക്കോരകുട്ടിമാസ്റ്റർ, കൊല്ലിറ വിജ യരാഘവൻ എന്നിവർ എടത്തിരുത്തുയുടെ കായിക വിനോദ ചരിത്രത്തിൽ കനകാക്ഷരങ്ങളാൽ രേഖപ്പെ

ടുത്തേണ്ട സേവനമാണ് ചെന്ത്രാപ്പിന്നി ശ്രീനാരായണ സ്പോർട്ട് ക്ലബ്ബിൻേറത്.

## വിദ്യാഭ്യാസചരിത്രം

ദേശീയ പ്രസ്ഥാനവും ശ്രീനാരായണ സന്ദേശങ്ങളും എടത്തിരുത്തിയുടെ വിദ്യാഭ്യാസ ചരിത്രത്തിൽ ഏറെ സ്വാധീനം ചെലുത്തിയ ഘടകങ്ങളാണ്. വിദേശാധിപത്യത്തിൻേറയും ഫ്യൂഡൽ വ്യവസ്ഥിതിയുടേയും ഫലമായി സാമ്പത്തികമായി വളരെ പിന്നിലായിരുന്നു എടത്തിരുത്തിയെങ്കിലും ഇവിടുത്തെ ജനങ്ങൾ കാലങ്ങൾക്കു മുമ്പുതന്നെ വിജ്ഞാനദാഹികളായിരുന്നുവെന്ന് കാണാൻ കഴിയും. 'എഴുത്തുപള്ളി' എന്നറിയപ്പെട്ടിരുന്ന ആശാൻ പള്ളിക്കൂടങ്ങളിലാണ് പഴയകാലത്ത് അക്ഷരാഭ്യാസം നടത്തിയിരുന്നത്. ശ്രീ. കൊല്ലാറ വേലപ്പനാശാൻ തുടങ്ങി പ്രസിദ്ധരായ പല ആശാൻ മാരും അക്കാലത്ത് ആശാൻ പള്ളിക്കൂടങ്ങൾ നടത്തിയിരുന്നു. ഔപചാരിക വിദ്യാഭ്യാസസമ്പ്രദായം ആദ്യമായി കേരളത്തിൽ നടപ്പിലായത് തിരുവിതാംകൂറിലും കൊച്ചിയിലുമാണ്. എടത്തിരുത്തിയുടെ കിഴക്കുഭാഗം - കനോലി തോടിനപ്പുറം - കൊച്ചിരാജ്യമായിരുന്നു. കൊച്ചിരാജ്യത്തെ കാട്ടൂരും, കണ്ടശ്ശാംകടവിലുമാണ് ആദ്യമായി സ്ക്കൂളുകൾ നിലവിൽ വന്നത്. നാഴികകൾ താണ്ടി അവിടങ്ങളിലെ വിദ്യാലയങ്ങളിൽപ്പോയി താഴ്ന്ന ക്ലാസ്സുകൾ മുതലെ ഫീസുകൊടുത്തുപഠിക്കാനും ഇവിടുത്തെ സാധാരണക്കാർ ത്യാഗപൂർണ്ണമായ താല്പര്യം പ്രകടിപ്പിച്ചിരുന്നു. പിന്നീട് വലപ്പാടും, പെരിഞ്ഞനത്തും വിദ്യാലയങ്ങളുണ്ടായി. അങ്ങിനെ വിദ്യാഭ്യാസം നേടിയവരാണ് എടത്തിരുത്തിയിലെ ഔപചാരിക വിദ്യാലയങ്ങളുടേയും, വിദ്യാഭ്യാസ പ്രചരണത്തിൻേറയും പ്രാണെതാക്കളായി മാറിയത്.

എടത്തിരുത്തിയിലെ ആദ്യത്തെ വിദ്യാലയം 1912ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് സ്ഥാപിച്ച പെരുമ്പടപ്പ് ബോർഡ് എൽ.പി. സ്ക്കൂളാണ്. 1912 മുതൽ 1942 വരെയുള്ള കാലഘട്ടത്തിൽ സ്ഥാപിക്കപ്പെട്ട 12 പ്രാഥമിക വിദ്യാലയങ്ങളിൽ മൂന്ന് എണ്ണം പലകാരണങ്ങളാൽ നിന്നുപോയി എന്നതൊഴിച്ചാൽ സ്വാതന്ത്ര്യ ലബ്ദിക്കുശേഷം യാതൊരു പുരോഗതിയും എടത്തിരുത്തിയിൽ ഉണ്ടായിട്ടില്ല.

എടത്തിരുത്തിയുടെ വിദ്യാഭ്യാസ ചരിത്രത്തിൽ സർവ്വശ്രീ. കുമ്പളപറമ്പിൽ ചാത്തുണ്ണി മാസ്റ്റർ, കെ.വി. കൃഷ്ണൻ മാസ്റ്റർ, കൊല്ലാറ വേലു വക്കീൽ, വി.ഐ. അഹമ്മദുക്കുട്ടി മാസ്റ്റർ, വാലിപ്പറമ്പിൽ ഗോപാലൻ, കുമ്പളപറമ്പിൽ കൃഷ്ണൻമാസ്റ്റർ, മാത്തുമാസ്റ്റർ, കെ.കെ. നാരായണൻ മാസ്റ്റർ, കെ.കെ. ഗോപാലൻ മാസ്റ്റർ, ചെന്ത്രാപ്പിന്നി ശങ്കരൻ മാസ്റ്റർ, മാണിയത്ത് ശങ്കുമാനേജർ, പാണ്ടികശാല ഹബുബുള്ള സാഹിബ്, പണിക്കെട്ടി രാമകൃഷ്ണൻ മാസ്റ്റർ, കുമ്പോള പറമ്പിൽ പത്മനാഭൻ മാസ്റ്റർ, കെ.സി. രാമൻ മാസ്റ്റർ, ഏങ്ങൂർ കുമാരൻ മാസ്റ്റർ, മമ്മസ്രായില്ലത്ത് ചാമക്കാലയിൽ മൊയ്തുഹാജി, പുത്തേഴത്ത് കൃഷ്ണമേനോൻ തുടങ്ങിയ ഒട്ടനവധി പേരുകൾ പ്രത്യേകം സ്മരിക്കപ്പെടുന്നു.

1947 നു ശേഷം എടത്തിരുത്തിയിലെ 6 എൽ.പി. സ്ക്കൂളുകൾ യു.പി. സ്ക്കൂളുകളായി ഉയർത്തിയതും 1955ൽ എടത്തിരുത്തിയിൽ ഒരു ഗേൾസ് ഹൈസ്ക്കൂളും, 1957ൽ ചെന്ത്രാപ്പിന്നിയിൽ ഒരു ഹൈസ്ക്കൂളും ആരംഭിച്ചുവെന്നതും 1968ൽ ചാമക്കാല ഗവ: മാപ്പിള യു.പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തി എന്നതും ചെന്ത്രാപ്പിന്നിയിൽ ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ആരംഭിച്ചുവെന്നതുമാണ് 49 വർഷത്തിനിടക്ക് ഈ രംഗത്ത് നാം കൈവരിച്ച നേട്ടം. പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠിക്കാൻ ചൂലൂരിൽ ഒരു ഗവ: ഐ.ടി.സി. ഉണ്ടെങ്കിലും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ, ഹൈസ്ക്കൂളുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകളോ ഇല്ല എന്നതും, സർക്കാർ മേഖലയിൽ ഒരു എൽ. പി. സ്ക്കൂളും, ഒരു ഹൈസ്ക്കൂളും മാത്രമേയുള്ളൂവെന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

കേരള സംസ്ഥാനം രൂപം കൊള്ളുന്നതിനു മുമ്പുതന്നെ മലബാറിൽ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ ഫീസ് സൗജന്യം ഏർപ്പെടുത്തിയതും, 1958-ൽ പ്രൊഫ: ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്ത് സെക്കൻററി തലം വരെ എല്ലാവർക്കും സൗജന്യ വിദ്യാഭ്യാസം അനുവദിച്ചതും, രക്ഷിതാക്കളുടെ ഉയർന്ന സാക്ഷരതാനിരക്കും എടത്തിരുത്തിയുടെ വിദ്യാഭ്യാസപുരോഗതിയെ ഏറ്റവുമധികം സഹായിച്ച ഘടകങ്ങളാണ്. ഇപ്പോൾ പഞ്ചായത്തിലെ 8 എൽ. വി. സ്ക്കൂളുകളിലും 5 യു. പി. സ്ക്കൂളുകളിലും, ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ 4 ഹൈസ്ക്കൂളുകളിലുമായി 8924 വിദ്യാർത്ഥികളും 337 അദ്ധ്യാപകരുമുണ്ട്. വിദ്യാലയങ്ങളില്ലാത്ത രണ്ടുവാർഡുകൾ നമ്മുടെ (V,VII) പഞ്ചായത്തിലുണ്ട് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

## കാർഷികചരിത്രം

എടത്തിരുത്തിയുടെ ഗ്രാമീണാന്തരീക്ഷം ഞാറ്റു പാട്ടിൻേറയും, തേക്കുപാട്ടിൻേറയും, ഉഴവുപാട്ടിൻേറ യും,ഈരടികളാൽ എന്നും മുഖരിതമായിരുന്നു. കട്ട തല്ലുന്ന പെണ്ണുങ്ങളുടെ കൊട്ടുവടികളുടെ താളാ ത്മകത അതിന്നു കൊഴുപ്പേകിയിരുന്നു. നാട്ടി കയുടെ നെല്ലറയായിരുന്ന എടത്തിരുത്തിയിലെ പൈനൂർ പാടവും എടത്തിരുത്തിപാടവും നോക്കെ ത്താദൂരത്തോളം ഇടക്ക് തുരുത്തുകളുമായി വിസ്തൃ തമായി കിടന്നിരുന്നു.

എടത്തിരുത്തിയുടെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതയനുസരിച്ച് കിഴക്കും പടിഞ്ഞാറും തെങ്ങിൻ തോട്ടങ്ങളും, ഇടക്ക് നെൽപ്പാടങ്ങളുമായി രുന്നു. കൃഷിഭൂമി മുഴുവൻ പ്രധാനമായും ബ്ലാഹ യിൽ തമ്പുരാക്കന്മാരുടേതും, അയിരൂർ, കൊടു ങ്ങല്ലൂർ കോവിലകങ്ങളുടേതുമായിരുന്നു. കർഷകർ ജന്മിമാർക്ക് നെല്ലും, പണവുമായി പാട്ടം കൊടു ക്കണം. പാട്ടത്തിൻറെ നിരക്ക് പലപ്പോഴും കർഷ കൻെറ നടുവൊടിക്കുന്നതായിരുന്നുവെന്നതുകൊണ്ട് കൂടുതൽ വിളവ് ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി കർ ഷകർ മത്സരബുദ്ധിയോടെ പാടുപെട്ടിരുന്നു. കുടി യിറക്കലും ഒഴിപ്പിക്കലും കർഷകരെ സംബന്ധിച്ചി ടത്തോളം അക്കാലത്തെ ഏറ്റവും വലിയ പേടിസ്വപ്ന മായിരുന്നു. എങ്കിലും ജന്മിമാരും, കർഷരും, കർഷ കത്തൊഴിലാളികളും തമ്മിൽ അടിമത്തത്തിൻെറ പരിവേഷമുള്ള ഒരാത്മബന്ധം നിലനിന്നിരുന്നു. 1957-ൽ കേരള സർക്കാർ പാസ്സാക്കിയ കുടിയൊഴി പ്പിക്കൽ നിരോധനനിയമം കർഷകരേയും, കർഷക ത്തൊഴിലാളികളെയും ആത്മവിശ്വാസത്തിൻേറയും സുരക്ഷിതബോധത്തിൻേറയും പാതയിലേക്കുന യിച്ചു.

വർഷക്കാലത്ത് മലവെള്ളവും വെള്ളക്കെട്ടും, ജലസേചനപദ്ധതികളുടെ അഭാവത്തിൽ വേനൽ ക്കാലത്ത് വരൾച്ച മൂലമുള്ള കൃഷിനാശവും എട ത്തിരുത്തിയിലെ കർഷകൻെറ തീരാശാപമായി രുന്നു. എങ്കിലും മലവെള്ളത്തിലൂടെ കുത്തിയൊഴു കിവരുന്ന ചളിയും എക്കലും പാടശേഖരങ്ങളെ ഫലഭൂയിഷ്ടമാക്കിയിരുന്നു. ഇന്ന് മലവെള്ളം കയറാറില്ലെങ്കിലും ഒഴിഞ്ഞുപോകാൻ മാർഗ്ഗ മില്ലാത്ത വെള്ളക്കെട്ട് കർഷകരെ വീർപ്പുമുട്ടി ക്കുന്നു.

കാലത്തിൻെറ കുത്തൊഴുക്കിൽ ജന്മി-കർഷക-കർഷകത്തൊഴിലാളി ബന്ധങ്ങൾ ക്രമേണ ശിഥിലമായി. 1968ലെ ഭൂപരിഷ്ക്കരണ നിയമം നിലവിൽവന്നതോടുകൂടി ജന്മിത്തം പൂർ ണ്ണമായി അവസാനിപ്പിക്കുകയും കൃഷിഭൂമി കർഷ കൻേറതായി മാറുകയും ചെയ്തു. കേവലം മൂന്നോ നാലോ ജന്മിമാരുടെ പിടിയിലമർന്നിരുന്നു ഭൂമി മുഴുവൻ ആയിരക്കണിക്കിന് കർഷകരുടേയും, കർ ഷകത്തൊഴിലാളികളുടേയും ജന്മസ്വത്തായി മാറി. മലവെള്ളത്തിൻെറ അഭാവം എടത്തിരുത്തിപ്പാട ങ്ങളുടെ ഫലപുഷ്ടിയിൽ വ്യതിയാനമുണ്ടാക്കി. പര മ്പരാഗതമായി ഉപയോഗിച്ചിരുന്ന വിത്തിനങ്ങൾ സങ്കരയിനങ്ങൾക്കു വഴിമാറി. ജൈവവളങ്ങൾക്കു പകരം രാസവളങ്ങളുടെ അമിതവില കർഷകനു താങ്ങാൻ കഴിയുന്നതിലധികമായി. നെൽകൃഷിലാഭ കരമല്ലാതായപ്പോൾ നെൽപ്പാടങ്ങൾ തെങ്ങിൻ തോട്ട ങ്ങൾക്കുവഴി മാറുകയായിരുന്നു. നെൽപ്പാടങ്ങളുടെ ഇടക്ക് തുരുത്തുകളായിരുന്ന എടത്തിരുത്തിയുടെ ഭൂമിശാസ്ത്രപരമായ മുഖച്ഛായ തന്നെ മാറ്റി. ഇന്ന് തെങ്ങിൻ തോപ്പുകളുടെ ഇടക്ക് അവിടവിടെ കാണുന്ന ചില പച്ചത്തുരുത്തുകളായി മാറി എടത്തി രുത്തിയിലെ പാടശേഖരങ്ങൾ.

ചരിത്രമുറങ്ങുന്ന എടത്തിരുത്തിയുടെ കാർ ഷിക ചരിത്രത്തിലെ പ്രധാന കണ്ണിയായ പൈന്നൂരെ 'കൊലനിലം' ഇന്നും അവശേഷിക്കുന്നു വെങ്കിലും, കാർഷകത്തൊഴിലാളികളുടെ ഉത്സ വമായ "കൊയ്ത്തൂട്ട്" സ്മരണകളിൽ മാത്രമവശേ ഷിക്കുന്നു.

## ആരോഗ്യം

കേരളത്തിലെ ഇതര പഞ്ചായത്തുക ളെപ്പോലെ തന്നെ എടത്തിരുത്തി ഗ്രാമപഞ്ചാ യത്തിലും ആദ്യകാലത്ത് പ്രാകൃതരീതിയിലുള്ള ചികിത്സാരീതികളാണ് നില നിന്നിരുന്നത്. വസൂരി പോലുള്ള മാരകരോഗങ്ങൾ ദൈവകോപമായി കരു തുകയും അവക്കെതിരെ പൂജയും മന്ത്രവാദവും നട ത്തിയിരുന്നു. ദൈവകോപ ഭയം ഇത്തരം രോഗി കളെ ശുശ്രൂഷിക്കുന്നതിൽ നിന്നും ബന്ധുക്കളെ അകറ്റി നിർത്തുകയും, വൈദ്യസഹായം ലഭിക്കാതെ രോഗികൾ മരിക്കാനിടവരികയും ചെയ്തിരുന്നു. മന്ത്രവാദം, ജപിച്ചുകെട്ടൽ, ഉപ്പ് ഊതൽ എന്നീ പ്രാകൃത ചികിത്സാരീതികളാണ് നിലനിന്നിരുന്നത്.

ഈ കാലത്തുതന്നെ ആയുർവ്വേദചികിത്സാ രംഗത്ത് ചില പാരമ്പര്യ കുടുംബങ്ങൾ എടത്തിരു

ത്തിയിൽ ഉണ്ടായിരുന്നു. വിഷചികിത്സാരംഗത്ത് പേരുകേട്ട കൊല്ലാറ അങ്കുവൈദ്യർ കൊല്ലാറ രാഘവൻ വൈദ്യർ, തടത്തിൽ കുഞ്ഞപ്പൻ വൈദ്യർ, കുമ്പളപറമ്പിൽ ഗോപാലൻ വൈദ്യർ തുടങ്ങിയവർ ഇവരിൽ ചിലരാണ്. ഇവരുടെ ചികിത്സാനൈപുണ്യം അടുത്ത പഞ്ചായത്തുകളിലെ ജനങ്ങളേയും ഇങ്ങോട്ടാകർഷിച്ചിരുന്നു.

അലോപ്പതിചികിത്സാ രംഗത്ത് ഒരു ഡോക്ടറുടെ സേവനം എടത്തിരുത്തിയിൽ ലഭ്യമായിരുന്നില്ല. ഡോ. വല്ലത്ത് നാരായണമേനോൻേറയും (വലപ്പാട്) ഡോ. പാനികുളത്തിൻേറയും (കാട്ടൂർ) സേവനങ്ങളാണ് ജനങ്ങൾ ആശ്രയിച്ചിരുന്നത്. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ഒരേ ഒരാശ്രയം ചികിത്സാരംഗത്ത് വലപ്പാട് ഗവ. ആസ്പത്രിയും കാട്ടൂർ ഗവ. ആസ്പത്രിയും മാത്രമായിരുന്നു. ആധുനിക ചികിത്സാ സൗകര്യങ്ങളുടെ കാര്യത്തിൽ എടത്തിരുത്തി പഞ്ചായത്ത് ഇന്നും വളരെ പുറകിലാണ്. തീരദേശത്തെ ജനങ്ങൾക്ക് ചികിത്സാ സൗകര്യം ലഭിക്കുന്നതിനു വേണ്ടി ഫിഷറീസ് ഡിപ്പാർട്ടുമെൻറ് 1972ൽ ചാമക്കാലയിൽ സ്ഥാപിച്ച ഡിസ്പൻസറിയാണ് സർക്കാർ മേഖലയിൽ പഞ്ചായത്തിലുള്ള ഏക വൈദ്യസഹായ കേന്ദ്രം. 1988ൽ ഇത് ഒരു പബ്ലിക് ഹെൽത്ത് സെൻററായി ഉയർത്തുകയും, നാലുസബ്സെൻററുകൾ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ വിസ്തൃതമായ നമ്മുടെ പഞ്ചായത്തിൻെറ ഏറ്റവും അറ്റത്തുള്ള ഒരു കോണിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത ആസ്പത്രിയിൽ എത്താനുള്ള ദൂരവും യാത്രാസൗകര്യങ്ങളുടെ അപര്യാപ്തയും ആസ്പത്രിയുടെ സേവനം പൂർണ്ണമായും പഞ്ചായത്തിലെ ജനങ്ങൾക്ക് അപ്രാപ്യമാക്കുന്നു. സ്വകാര്യ മേഖലയിൽ ഒരു ആയുർവ്വേദ ആസ്പത്രിയും, ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു അലോപ്പതി ആസ്പത്രിയും ഇപ്പോൾ എടത്തിരുത്തി പഞ്ചായത്തിലുണ്ട് .എന്നാൽ പഞ്ചായത്തിലെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ആധുനിക ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിന് സർക്കാരിൻെറ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

## ഭൂപ്രകൃതി

എടത്തിരുത്തി ഗ്രാമപഞ്ചായത്തിൻെറ വിഭവ ഭൂപടം തയ്യാറാക്കുന്നതിനു നടത്തിയ വടക്ക്-തെക്ക്, കിഴക്ക്-പടിഞ്ഞാറ് എന്നീ രണ്ട് ഗ്രൂപ്പ് പദയാത്രയിൽ ഞങ്ങൾക്ക് നേരിട്ട് ബോധ്യപ്പെട്ടതായ വസ്തുതകൾ ചുരുക്കമായി പ്രതിപാദിക്കാൻ ശ്രമിക്കുകയാണ്.

വടക്ക് കനോലി കനാൽ [പൈന്നൂർ കുഴിക്കടവ്] മുതൽ തെക്ക് കോഴിതുമ്പുവരേയും, പടിഞ്ഞാറ് അറബിക്കടൽ മുതൽ കിഴക്ക് കനോലി കനാൽ വരെയുമാണ് ഞങ്ങൾ സഞ്ചരിച്ചത്. ഏകദേശം നമ്മുടെ പഞ്ചായത്തിൻെറ മദ്ധ്യഭാഗം നിശ്ചയിച്ചാണ് ഞങ്ങൾ നടന്നത്. പഞ്ചായത്തിൻെറ കിടപ്പനുസരിച്ച് മദ്ധ്യഭാഗം കണ്ടെത്താൻ വിഷമമാണ്. രണ്ട് റവന്യൂ വില്ലേജുകൾ അഥവാ എടത്തിരുത്തി-ചെന്ത്രാപ്പിന്നി അംശങ്ങൾ ഒന്നിപ്പിക്കുന്നതാണ് നമ്മുടെ പഞ്ചായത്ത് പ്രദേശം. ഇതിൻെറ പടിഞ്ഞാറ് അതിർത്തിയിൽ അറബിക്കടലും കിഴക്ക് കനോലിക്കനാലും വടക്കും, തെക്കും പുഴതന്നെയാണ് [കനോലികനാൽ]. വടക്ക്-കിഴക്ക്-തെക്ക് അതിരുകൾ ചുറ്റികൊണ്ട് ഒഴുകുന്ന കനോലികനാൽ തെക്ക് കുറച്ചുഭാഗം കൈപ്പമംഗലം പഞ്ചായത്ത് പ്രദേശവും, വടക്ക്ഭാഗത്ത് പുഴകഴിഞ്ഞ് പടിഞ്ഞാറ് ഭാഗവും കൂടി വലപ്പാട് പഞ്ചായത്തുമാണ്. നാട്ടിക പഞ്ചായത്തിൻെറ തെക്കെ അതിര് ഒരു മൂല തൊട്ട അതിരുകൂടിയാണ്. പഞ്ചായത്തിന് ഉദ്ദേശം 13 1/2 കിലോമീറ്റർ തെക്കു-വടക്കും, 7 കിലോമീറ്റർ കിഴക്കുപടിഞ്ഞാറും വിസ്തൃതിയുണ്ട്. പ്രധാനമായും മൺതട്ടുകളായാണ് പൊതുവെ ഭൂപ്രദേശം കണക്കാക്കാൻ കഴിഞ്ഞത്. പിടിഞ്ഞാറ് ഭാഗം തെക്കുവടക്കായി മൺതിട്ടും, കിഴക്കുഭാഗം വയൽ പ്രദേശങ്ങളുമാണ്. 1,2,3,4,5,11 എന്നീ വാർഡുകളിലാണ് വയലുകൾ കൂടുതലായുള്ളത്. 6,9,8 വാർഡുകൾ താരതമ്യേന വയലുകൾ കുറഞ്ഞ പ്രദേശങ്ങളുമാണ്. ഇവിടെയുള്ള വയൽപ്രദേശങ്ങൾ 'പുഞ്ചപ്പാടങ്ങൾ' എന്ന പേരിൽ അറിയപ്പെട്ടിരുന്നതും, നെൽകൃഷിക്കാർ ഞാറ്റുപട്ടികകളായി ഉപയോഗിച്ചു വന്നിരുന്നതുമാണ്. ഇന്ന് മിക്കവാറും അത്തരം പുഞ്ചപാടങ്ങളിൽ തെങ്ങുകൃഷി സമൃദ്ധിയായി വളർന്നിരിക്കയാണ്. 2,3,4,11 വാർഡുകൾ പുഴയോര പ്രദേശങ്ങളാണ്. വളരെ താഴ്ന്ന ഈ പ്രദേശങ്ങളിൽ പ്രധാനമായും തെങ്ങുകൃഷിയാണ്.

ചതുപ്പുനിലങ്ങളോ, മറ്റു പാഴ്ഭൂമിയോ ഇല്ലാത്ത തികച്ചും കാർഷിക അഭിവൃദ്ധിയ്ക്കുവേണ്ടി ചൂഷണം ചെയ്യാവുന്ന അനുയോജ്യമായ ഭൂപ്രകൃതിയാണ് എടത്തിരുത്തി പഞ്ചായത്തിനുള്ളതെന്നു കാണാൻ കഴിയും. ശാസ്ത്രീയ - സാങ്കേതിക വിദ്യകൾ തികച്ചും ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തിയാൽ പൊന്നു വിളയിക്കാവുന്ന ഭൂമി.

# പഞ്ചായത്ത്-പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | എടത്തിരുത്തി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | എടത്തിരുത്തി, ചെന്ത്രാപ്പിന്നി |
| ബ്ലോക്ക് പഞ്ചായത്ത് | : | മതിലകം |
| താലൂക്ക് | : | കൊടുങ്ങല്ലൂർ |
| അസംബ്ലിമണ്ഡലം | : | നാട്ടിക |
| ജില്ല | : | തൃശ്ശൂർ |
| വിസ്തീർണ്ണം | : | 16.44 ച.കി |
| അതിരുകൾ. | : | വടക്ക്-വലപ്പാട്, നാട്ടിക ഗ്രാമപഞ്ചായത്തുകൾ |
| | : | കിഴക്ക് - കനോലി കനാൽ |
| | : | തെക്ക് - കയ്പമംഗലം പഞ്ചായത്ത് |
| | : | പടിഞ്ഞാറ് - അറബിക്കടൽ, വലപ്പാട് പഞ്ചായത്ത്. |
| ജനസംഖ്യ | : | 28829 |
| പുരുഷൻ | : | 13500 |
| സ്ത്രീകൾ | : | 15329 |
| ജനസാന്ദ്രത | : | 1753 |
| അക്ഷരാഭ്യാസമുള്ളവർ | : | 25946 |
| വാർഡുകൾ1 | : | 11 |
| പ്രസിഡണ്ടിൻെറ പേര് | : | എ.കെ. വേലായുധൻ |
| വൈസ്പ്രസിഡണ്ടിൻെറ പേര് | : | പി.എം. രാമനുണ്ണി |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | : | കെ. ഭാരതി ടീച്ചർ |

# പഞ്ചായത്തിൻെറ ഭരണചിത്രം

1968 ഒക്ടോബറിലാണ് എടത്തിരുത്തി ഗ്രാമ പഞ്ചായത്ത് നിലവിൽ വന്നത്. അന്ന് നിലവിലുണ്ടാ യിരുന്ന എട്ടുവാർഡുകളിൽ നിന്ന് അത്യന്തം വാശി യേറിയ തെരഞ്ഞെടുപ്പിൽ വിജയിച്ച് എടത്തിരുത്തി പഞ്ചായത്തിൻെറ സ്ഥാപകമെമ്പർമാരായി മാറി യത് ഇവരാണ്.

1. ജ. വി.കെ. ഇബ്രാഹിംകുട്ടി.
2. ശ്രീ. വി. നാണുപ്പിള്ള
3. ശ്രീ. കെ.കെ. രാമൻമാസ്റ്റർ
4. ജ. കൊറ്റായി അബ്ദുൽ കാദർ
5. ശ്രീ. പി.കെ. ചാത്തൻ (റിസർവേഷൻ)

ജ. പി.കെ. കുഞ്ഞിമോൻ (ജനറൽ)

6. ജ. കെ.എം. കുഞ്ഞബ്ദു
7. ശ്രീ. മാണിയത്ത് ശങ്കു
8. ശ്രീ. വി.കെ. കുമാരൻ

നാലുമാസത്തിനു ശേഷം ശ്രീമതി. പഴും പറമ്പിൽ രുഗ്മിണി ടീച്ചർ നോമിനേറ്റഡ് മെമ്പറായി വന്നു. പ്രഥമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വി. നാണുപിള്ളയും വൈസ്പ്രസിഡണ്ട് ജ.വി.കെ. ഇബ്രാഹിംകുട്ടിസാഹിബുമായിരുന്നു.

### 1978-ൽ നിലവിൽവന്ന ഭരണസമിതി

1. ശ്രീ. വി.കെ. കുമാരൻ (പ്രസിഡണ്ട്)
2. ജ. പി.എം. അബ്ദുസാഹിബ് (വൈസ് പ്രസിഡണ്ട്)
3. ജ. കെ.എം. ഇബ്രാഹിം (മെമ്പർ)
4. ജ. കെ.എ. ബീരാൻകുഞ്ഞി „
5. ശ്രീ. എം.പി. ശങ്കരനാരായണൻ „
6. ശ്രീ.ടി.ഐ. ഫ്രാൻസിസ് „
7. ശ്രീ. ബി.എ. ചാത്തൻ
8. ശ്രീ. കെ.കെ. നാരായണൻ
9. ശ്രീ. സി.പി. നാരായണപിഷാരടി
10. ശ്രീമതി. ടി.എ. കാർത്ത്യായനി

### 5.2.1988-ൽ നിലവിൽ വന്ന ഭരണസമിതി

1. ശ്രീമതി. ത്രേസ്യ ലോനപ്പൻ (പ്രസിഡണ്ട്)
2. ജ.പി. എം. അബ്ദുസാഹിബ് (വൈസ്പ്രസിഡണ്ട്)
3. ജ. കെ.എ. കൊച്ചുമുഹമ്മദ് (മെമ്പർ)
4. ശ്രീമതി. കെ.സി. കാളിക്കുട്ടി „
5. ശ്രീ. ടി.ജി. ജേക്കബ് „
6. ശ്രീമതി. പി. കോമളവല്ലി „
7. ശ്രീ. വി.കെ. കുമാരൻ „
8. ജ.കെ.എ. ബീരാൻകുഞ്ഞി „
9. ശ്രീ.കെ.എം. മധുസൂദനൻ „
10. ശ്രീ. ടി.എം. ഭാസ്ക്കരമാരാർ „
11. ശ്രീ. വി.വി. രാമകൃഷ്ണൻ

ഇപ്പോഴത്തെ ഭരണസമിതി അധികാരമേറ്റത് 1995 ഒക്ടോബർ മാസമാണ്.

# ജനകീയാസൂത്രണം പഞ്ചായത്ത് തലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ

ഇന്ത്യൻ ഭരണഘടന പഞ്ചവത്സരപദ്ധതികളുടെ ആസൂത്രണത്തിൽ പഞ്ചായത്തീരാജ് നഗരപാലികാസംവിധാനങ്ങൾക്ക് പങ്കാളിത്തം ഉറപ്പുനൽകുന്നു. കേരള നിയമസഭ പാസ്സാക്കിയ പഞ്ചായത്ത് - മുൻസിപ്പൽ നിയമങ്ങൾ കൂടുതൽ വ്യക്തമായി അത് നിർവ്വചിക്കുകയും ചെയ്തിട്ടുണ്ട്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റാനും പദ്ധതി പ്രവർത്തനങ്ങളിൽ ജനങ്ങൾക്കു പങ്കാളിത്തം നൽകാനും കേരള സർക്കാർ തീരുമാനിച്ചതിൻേറയും ഫലമായാണ് സംസ്ഥാന ആസൂത്രണ ബോർഡ്, ജനകീയ ആസൂത്രണ പ്രസ്ഥാനത്തിനു രൂപം നൽകിയത്.

ജനകീയാസൂത്രണം ഒന്നാം ഘട്ട ജില്ലാതല പരിശീലന പരിപാടിയിൽ പഞ്ചായത്തിലെ മുഴുവൻ അംഗങ്ങളും പങ്കെടുത്തു. ഒന്നാം ഘട്ടത്തിലെ പഞ്ചായത്തുതല പരിശീലനം പതിനൊന്നുവാർഡുകളിൽനിന്നും പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി 13.9.96ൽ ചെന്ത്രാപ്പന്നി ഹൈസ്കൂളിൽ വെച്ചു നടന്നു. പരിശീലനപരിപാടിയിൽ 86 പേർ പങ്കെടുത്തു. പ്രസ്തുത പരിപാടി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. എ.കെ. വേലായുധൻെറ അദ്ധ്യക്ഷതയിൽ വാടാനപ്പിള്ളി പഞ്ചായത്ത് പ്രസിഡണ്ടും ജില്ലാ R.P.യുമായ ശ്രീ. പി.വി. രവീന്ദ്രൻമാസ്റ്റർ ഉൽഘാടനം ചെയ്തു. മതിലകം ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ശ്രീ. പി.കെ. ഹംസ, ബ്ലോക്ക് വൈസ് പ്രസിഡണ്ട് കെ.എ. കൊച്ചുമോൻ എന്നിവർ ആശംസ പ്രസംഗം നടത്തി. സംസ്ഥാനതല R.P.മാരായ ശ്രീ. എ.പി. മണികണ്ഠൻ, ശ്രീ. പി.എൻ. പ്രൊവിൻറ് എന്നിവർ ക്ലാസ്സുകളെടുത്തു. പ്രസ്തുത ക്യാമ്പിൽ വെച്ച് ശ്രീ. കെ.ജി. ഭൂഷണൻ മാസ്റ്റർ കൺവീനറായി ഒമ്പതംഗ പഠനഗ്രൂപ്പിനെ തെരെഞ്ഞെടുക്കുകയും, ശ്രീ. എം.കെ. കുഞ്ഞുമുഹമ്മദ് മാസ്റ്ററെ പഞ്ചായത്ത് തല കോ-ഓർഡിനേറ്ററായി നിശ്ചയിക്കുകയും ചെയ്തു.

1996 നവമ്പർ 17 മുതൽ ഒക്ടോബർ രണ്ടു വരെയുള്ള തിയ്യതികളിൽ പതിനൊന്നുവാർഡുകളിലും ഗ്രാമസഭാ യോഗങ്ങൾ നടന്നു. അതുവരെ ജനങ്ങൾക്ക് അപരിചിതമായ പ്രത്യേക ഗ്രാമസഭാ യോഗങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും, ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ പ്രാധാന്യവും ആവശ്യകതയും ജനങ്ങളെ മനസ്സിലാക്കുന്നതിനും വേണ്ടി ഓരോ വാർഡുകളിലും വിപുലമായ സ്വാഗതസംഘ രൂപീഗരണയോഗങ്ങൾ വിളിച്ചു ചേർക്കുകയും, പ്രസ്തുതയോഗങ്ങളിൽ ജില്ലാതലത്തിലും പഞ്ചായത്തുതലത്തിലും പരിശീലനം ലഭിച്ചവർ ആവശ്യമായ വിശദീകരണം നൽകുകയും ചെയ്തു. ഓരോ വാർഡിലും രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരടങ്ങിയ വിവിധ സ്ക്വാഡുകൾ വീടുകൾ കയറിയിറങ്ങി പ്രത്യേക ഗ്രാമസഭാ യോഗങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി. ആവേശകരമായ പ്രതികരണമാണ് ജനങ്ങളിനിന്നും ഗ്രാമസഭകളിൽ പ്രകടമായത്. പതിനൊന്നു ഗ്രാമസഭകളിലായി 320 സ്ത്രീകളുൾപ്പടെ 1800 പേർ പങ്കെടുത്തു. ഗ്രൂപ്പുചർച്ചകളിൽ ഓരോ പ്രദേശത്തിൻേറയും ആവശ്യങ്ങളും പ്രശ്നങ്ങളും ഉന്നയിക്കാനും, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും എടത്തിരുത്തിയിലെ ജനങ്ങൾ കാണിച്ച വ്യഗ്രതയും ആവേശവും ആശാവഹമാണ്. ആസൂത്രണപ്രക്രിയയിൽ തങ്ങൾക്കുകൂടി പങ്കാളിത്തം ലഭിച്ചതിലുള്ള സന്തോഷവും സംസതൃപ്തിയും ഓരോ മുഖങ്ങളിലും പ്രകടമായിരുന്നു.

ദ്വിതീയ വിവര ശേഖരണത്തിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട പഠനഗ്രൂപ്പിൻെറ ആദ്യയോഗം 26.9.96ന് പഞ്ചായത്ത് ഓഫീസിൽ വെച്ച് ഗ്രാമസഭ പഞ്ചായത്ത് പ്രസിഡണ്ടിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു. ദ്വിതീയ വിവരശേഖരണത്തിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ചു. പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന്നും, ആവശ്യമായ ചർച്ചകൾ നടത്തുന്നതിനുമായി പഠനഗ്രൂപ്പിൻെറ നാലുയോഗങ്ങൾ ചേരുകയുണ്ടായി, വികസന രേഖയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ മുഴുവൻ

വിവരങ്ങളും ഓഫീസുകളിൽനിന്നും ലഭിക്കാതിരുന്ന സാഹചര്യത്തിൽ വിവരശേഖരണത്തിന് അടിയന്തിരമായി വാർഡുതലത്തിൽ സർവ്വെനടത്തുവാൻ തീരുമാനിച്ചു. പ്രസ്തുത സർവ്വ പൂർത്തിയാക്കുന്നതിനുവേണ്ടി പതിനൊന്നു വാർഡുകളിലായി ഇരുന്നൂറ്റി അമ്പതോളം പ്രവർത്തകർ സ്കാഡുകളായി തിരിഞ്ഞ് ശരാശരി മൂന്ന് ദിവസം വീതം പ്രവർത്തിച്ചിട്ടുണ്ട്.

1996 ഒക്ടോബർ 24,25,26 തിയ്യതികളിൽ മേത്തല പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ചു നടന്ന ജില്ലാതല രണ്ടാം ഘട്ട പരിശീലന പരിപാടിയിൽ, പഞ്ചായത്ത് അംഗങ്ങൾക്കു പുറമെ സർവ്വശ്രീ. വി.കെ. കുമാരൻ, കെ.ജി. ഭൂഷണൻമാസ്റ്റർ, എം.കെ. കുഞ്ഞുമുഹമ്മദ് മാസ്റ്റർ, ടി.എൻ. തിലകൻ, പി.സി. രാജീവ് എന്നിവർ പങ്കെടുത്തു.

രണ്ടാംഘട്ട പഞ്ചായത്തു തല പരിശീലനം പരിപാടി വിജയകരമാക്കുന്നതിനുവേണ്ടി 29.10.96ന് പഞ്ചായത്ത് ഓഫീസിൽ വെച്ചു ചേർന്ന സ്വാഗസംഘരൂപീകരണയോഗത്തിൽ വിവിധമേഖലകളിലുള്ള അമ്പതോളം പേർ പങ്കെടുത്തു. ശ്രീ. മധുസൂദനൻ ചെയർമാനായുള്ള സ്വാഗതസംഘമാണ് രണ്ടാം ഘട്ട പരിശീലന പരിപാടി വിജയിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിയത്.

കേരളപ്പിറവിദിനമായ നവമ്പർ 1-ാം പുനർപ്പണദിനമായി ആചരിക്കുകയും പഞ്ചായത്തിലെ പതിനൊന്നു വാർഡുകളിലും ജനപങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കുകയും ചെയ്തു.

2.11.96ന് രണ്ടാംഘട്ട പരിശീലനം എടത്തിരുത്തി R.C.U.P സ്കൂളിൽ വെച്ചു നടന്നു. പ്രൊ. കെ.യു. അരുണൻ പരിപാടികൾ ഉൽഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷത വഹിക്കുകയും ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. കെ.എ. കൊച്ചുമോൻ, പഞ്ചായത്ത് അംഗങ്ങളായ ജ. പി.എം. അബ്ദുസാഹിബ്, പി.വി. സുബ്രഹ്മണ്യൻ, വൈസ് പ്രസിഡണ്ട് ശ്രീ. പി.എം. രാമനുണ്ണി എന്നിവർ ആശംസാ പ്രസംഗം നടത്തുകയും ചെയ്തു. സ്വാഗതസംഘം ചെയർമാൻ ശ്രീ. കെ.എം. മധുസൂദനൻ സ്വാഗതമാശംസിക്കുകയും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീ. കെ. ഭാരതി ടീച്ചർ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. വീഡിയോ പരിപാടിക്കുശേഷം നടന്ന വിവിധ ഗ്രൂപ്പുകളിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർ ശ്രീമതി. ഫാത്തിമ അബ്ദുൾകാദർ, സംസ്ഥാന R.Pമാരായ ഡോ. രാജഗോപാൽ, ശ്രീ. കെ.എം. ബേബി, ഡോ. എം.എസ്. വിവേകാനന്ദൻ, ജില്ലാ R.P.മാരായ ശ്രീ. കെ.ജി. ഭൂഷണൻ മാസ്റ്റർ, എം.കെ. കുഞ്ഞുമുഹമ്മദ് മാസ്റ്റർ, ടി.എൻ. തിലകൻ എന്നിവർ നേതൃത്വം നൽകി. വാർഡുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 111പേരും വിവിധ വകുപ്പുദ്യോഗസ്ഥന്മാരും, പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള വിദഗ്ധ സംഘത്തിലെ അംഗങ്ങളുമായ 27 പേരുമുൾപ്പെടെ 138 പേർ പങ്കെടുത്തു. പരിശീലന പരിപാടി പൂർണ്ണ വിജയകരമായിരുന്നുവെന്നത് അഭിമാനകരമാണ്. പരിശീലനപരിപാടിയിൽ പങ്കെടുത്തവർക്ക് എഴുതുവാനുള്ള പേഡ് എടത്തിരുത്തി സർവ്വീസ് സഹകരണബാങ്കും, പേന എടത്തിരുത്തി രാജധാനി റെഡിമെയ്ഡ്സും സംഭവന ചെയ്തുവെന്നകാര്യം കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി പഞ്ചായത്തിൽ നടപ്പിലാക്കുന്ന വികസന പരിപാടികൾക്ക് രൂപവും ഭാവവും നൽകുന്നതിനുവേണ്ടി പഞ്ചായത്തിലെ വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയിട്ടുള്ളവരും, സർവ്വീസിലുള്ളവരും, വിരമിച്ചവരുമായ പ്രമുഖ വ്യക്തികളെ ഉൾപ്പെടുത്തി ഒരു വിധഗ്ദസംഘം രൂപം നൽകിയിട്ടുണ്ട്.

രണ്ടാം ഘട്ട പരിശീലനപരിപാടിയിൽ വെച്ച് 25 പേരുള്ള ഒരു പഠന പര്യടനസംഘം രൂപീകരിക്കുകയും, അവർ രണ്ടുദിവസങ്ങളിലായി പഞ്ചായത്തിൻെറ പടിഞ്ഞാറെ അതൃത്തിയായ അറബിക്കടൽ മുതൽ കിഴക്ക് കനോലി കനാൽ (ഗ്രാമക്കാല മുതൽ മധുരംപിള്ളി) വരെയും വടക്ക് പൈനൂർ മുതൽ തെക്ക് കോഴിത്തുമ്പുവരെയും സഞ്ചരിച്ച് പഞ്ചായത്തിൻെറ വിഭവ ഭൂപടം തയ്യാറാക്കുകയും ജനങ്ങളുമായി ചർച്ചകൾ നടത്തുകയും ചെയ്തു.

23.11.96ൽ നടക്കുന്ന പഞ്ചായത്ത് വികസന സെമിനാർ വിജയിപ്പിക്കുന്നതിനുവേണ്ടി 12.11.96ന് വൈകിട്ട് 4 മണിക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിൻെറ അദ്ധ്യക്ഷതയിൽ ചെന്ത്രാപ്പിന്നി ഹൈസ്കൂളിൽ വെച്ചുചേർന്ന സ്വാഗതസംഘ രൂപീകരണയോഗത്തിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർ ശ്രീ. ഫാത്തിമ അബ്ദുൾ കാദർ, പഞ്ചായത്ത് കോ-ഓർഡിനേറ്റർ എം.കെ. കുഞ്ഞുമുഹമ്മദുമാസ്റ്റർ എന്നിവർ വികസന സെമിനാറിനെക്കുറിച്ച് വിശദീകരിച്ചു. വിവിധ രാഷ്ട്രീയ പാർട്ടികൾ, വർഗ്ഗ ബഹുജനസംഘടന

കൾ, കലാസാംസ്കാരിക സംഘടനകൾ എന്നിവയുടെ പ്രതിനിധികളും നാട്ടുകാരുമുൾപ്പെടെ ധാരാളം പേർ പങ്കെടുത്ത പ്രസ്തുതയോഗത്തിൽ പ്രൊ. കെ.യു. അരുണൻ ചെയർമാനായി വിപുലമായി ഒരു സ്വാഗസംഘം രൂപീകരിക്കുകയും. വിവിധ സബ് കമ്മിറ്റികൾക്കു രൂപം നൽകുകയും ചെയ്തു.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നുള്ള 26 പേരടങ്ങിയ ഒരു സംഘമാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിച്ചത്. ഗ്രാമസഭാ റിപ്പോർട്ടുകളും, വിവിധ ഓഫീസുകളിൽ നിന്നും, സ്ഥാപനങ്ങളിൽനിന്നും പഠനഗ്രൂപ്പ് ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളും പഞ്ചായത്തിലെ പഴയ തലമുറയിൽപ്പെട്ടവരിൽനിന്നും ലഭിച്ച നാട്ടറിവുകളുമാണ് ഈ കരടു വികസന രേഖക്ക് ആധാരം.

പഞ്ചായത്ത് പ്രസിഡണ്ടിൻെറ നേതൃത്വത്തിൽ ഒമ്പതു പേരടങ്ങിയ ഒരു സംഘം കഠിനയത്നം നടത്തിയാണ് ഈ കരട് വികസന റിപ്പോർട്ടിന് രൂപം നൽകിയതും. വിവിധ ഘട്ടങ്ങളിലായി തൊള്ളായിരത്തിലധികം മനുഷ്യ പ്രയത്നദിനങ്ങൾ ഈ വികസന രേഖക്കു പിറകിലുണ്ടെന്നു കണക്കാക്കുന്നു. ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി പഞ്ചായത്തിൽ ഇതുവരെ നടന്ന എല്ലാ പ്രവർത്തനങ്ങളിലും പഞ്ചായത്തിലെ മുഴുവൻ രാഷ്ട്രീയ സാമൂഹ്യ സംഘടനാ പ്രവർത്തകരും, നാട്ടുകാരും ഉദ്യോഗസ്ഥരും സർവ്വാത്മനാ സഹകരിക്കുകയും ലക്ഷ്യബോധത്തോടെ കൂട്ടായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളുടെ മുന്നോട്ടുള്ള കുതിപ്പിന്ന് ആവേശം നൽകുന്നു.

എടത്തിരുത്തിയുടെ വികസന ചരിത്രത്തിൽ കക്ഷി രാഷ്ട്രീയ ചിന്തകൾക്കതീതമായ കൂട്ടായ്മയുടെ രജതരേഖകകൾ മാത്രമെ കാണാൻ കഴിയൂ. എടത്തിരുത്തിയുടെ ഉന്നതമായ ബഹുജന രാഷ്ട്രീയ ബോധത്തിൻെറയും സേവനസന്നദ്ധതയുടേയും അടിത്തറയിൽ, മുൻകാല രാഷ്ട്രീയ - സന്നദ്ധസേവകരുടെ ഉത്തമപാരമ്പര്യ സംഭാവനകളിൽനിന്ന് ഊർജ്ജവും പ്രചോദനവുമുൾകൊണ്ട്, ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ നമുക്ക് ഒത്തുചേർന്നു പ്രവർത്തിക്കാം. എടത്തിരുത്തി ഗ്രാമപഞ്ചായത്തിൻെറ സമഗ്രവികസന രേഖ നാളെയുടെ ചരിത്രയാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ പങ്കുചേരാനുള്ള ദൃഢനിശ്ചയത്തോടെ നമുക്ക് സ്വീകരിക്കാം.

# കൃഷി - ജലസേചനം



കാർഷിക ഗ്രാമമായ എടത്തിരുത്തിയുടെ പടിഞ്ഞാറുഭാഗം ഉയർന്ന മണൽ പ്രദേശവും, മദ്ധ്യ ഭാഗം അധികവും വയലുകളും കിഴക്കുഭാഗം കനോലി കനാലിനോട് ചേർന്ന തീരപ്രദേശവുമാണ്. മുഖ്യകൃഷി തെങ്ങും, നെല്ലുമാണ്. ഇടവിളകളായി കവുങ്ങ്, വാഴ, ചേമ്പ് മുതലായവയും കൂടാതെ കശുമാവും കൃഷി ചെയ്തുവരുന്നു.

ആദ്യകാലത്ത് കൂടുതൽ ശ്രദ്ധയും പരിചരണവും നല്കിയിരുന്നത് തെങ്ങിനും, നെൽകൃഷിക്കുമായിരുന്നു. വെള്ളപ്പൊക്കകെടുതിയും, വരൾച്ചയും മൂലമുണ്ടാകാറുള്ള കൃഷിനാശം മൂലം നെൽകൃഷി ചെയ്തിരുന്നവർക്ക് വലിയ നഷ്ടം സംഭവിച്ചിരുന്നതിന്റെ ഫലമായി നെൽവയലുകൾ ഭൂരിഭാഗവും നികത്തി തെങ്ങ് കൃഷി നടത്തുകയാണ് ഇവിടുത്തെ കർഷകർ. നാട്ടികയുടെ നെല്ലറ എന്നറിയപ്പെട്ടിരുന്ന എടത്തിരുത്തി ഗ്രാമത്തിലിപ്പോൾ പരിമിതമായി മാത്രമാണ് നെല്ല് കൃഷി ചെയ്യുന്നത്.

വയലുകൾ നികത്തിയത് കൊണ്ട് ഭക്ഷ്യോൽപാദനരംഗത്ത് കുറവ് വന്നതിനോടൊപ്പം തന്നെ നമ്മുടെ ഗ്രാമപ്രദേശത്ത് വെള്ളം കെട്ടിനിൽക്കുന്നതിനും കാരണമായി. തോടുകളെല്ലാം റോഡുകളായി മാറിയതോടെ വെള്ളം കെട്ടിനില്ക്കുന്നതിന്റെ വ്യാപ്തി വീണ്ടും വർദ്ധിച്ചു. കുളങ്ങളും, തോടുകളും സംരക്ഷിച്ച് പോന്നിരുന്ന സ്ഥിതി മാറുകയും ഭൂരിഭാഗം കുളങ്ങളും, തോടുകളും മണ്ണിടിഞ്ഞ് തൂർന്നുപോയി.

പഞ്ചായത്തിന്റെ ആകെ വിസ്തൃതി 3991.5 ഏക്കർ ആണ്. പടിഞ്ഞാറുഭാഗത്തുള്ള ഉയർന്ന പ്രദേശത്ത് മണലും. വയലുകളിൽ കളിമണ്ണും തീരപ്രദേശത്ത് പശിമരാശി മണ്ണു മാണുള്ളത്.

സമീപകാലത്തുണ്ടായ അമിതമായ രാസവള പ്രയോഗം കാരണം മണ്ണിന്റെ തനതായ ശക്തിയെ നശിപ്പിച്ചിരിക്കുകയാണ്. നമ്മുടെ കർഷകർ ജൈവ വളം വളരെ കുറച്ചു മാത്രമേ ഉപയോഗിക്കുന്നുള്ളൂ. തെങ്ങ്, നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്ക് കീടനാശിനികളും ഉപയോഗിച്ചുവരുന്നുണ്ട്.

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. കാർഷിക തൊഴിലാളികളുടെ ശരാശരി കൂലി നിരക്ക് പുരുഷന് 100-ക.യും സ്ത്രീയ്ക്ക് 65-ക. യുമാണ്.

മൂന്ന് സഹകരണ ബാങ്കുകളാണ് പഞ്ചായത്തിലുള്ളത്. ഇത്തരം ബാങ്കുൾക്ക് കർഷകർക്ക് ഹ്രസ്വകാല കാർഷിക വായ്പകൾ അനുവദിച്ചു വരുന്നു. എന്നാൽ ഈ വായ്പകൾ ഭൂരിഭാഗം കർഷകരും കാർഷികേതര ആവശ്യങ്ങൾക്കാണ് ഉപയോഗിച്ച് വരുന്നത്.

കാർഷിക മേഖലയായ പഞ്ചായത്തിൽ കൃഷിഭവന്റെ പ്രവർത്തനം കർഷകർക്കിടയിൽ കാര്യമായ ചലനങ്ങൾ ഒന്നും തന്നെ ഉണ്ടാക്കിയിട്ടില്ല. ഒരു ചെറിയ വിഭാഗത്തിന് മാത്രമേ അതിന്റെ പ്രയോജനം ലഭിക്കുന്നുള്ളൂ.

മുഖ്യകൃഷികളിൽ ഒന്നായ തെങ്ങിന് ചിലഭാഗങ്ങളിൽ മെച്ചപ്പെട്ട ഉൽപാദനം ഉണ്ടെങ്കിലും പലയിടത്തും ഉൽപാദനം വളരെ കുറവാണ്. നീർക്കെട്ട് മൂലമുള്ള രോഗങ്ങൾക്ക് വയലുകൾ നികത്തി തെങ്ങുകൾ വെച്ചിരിക്കുന്ന ഭാഗങ്ങളിൽ ബാധിച്ചിട്ടുണ്ട്. വൈദ്യുത മോട്ടോർ, പമ്പുസെറ്റുകൾ ഇവ ഉപയോഗിച്ചുള്ള ജലസേചനം വ്യാപകമായി നടപ്പാ

ക്കിയിട്ടുണ്ട്. നല്ലയിനം തെങ്ങിൻ തൈകൾ ലഭി ക്കായ്ക ഒരു പ്രധാന പ്രശ്നമാണ്.

ശാസ്ത്രീയമായ രീതിയിലുള്ള വളപ്രയോഗം നടത്തുന്നതിലുള്ള കുറവും, ജൈവവളത്തിൻെറ കുറവും കാർഷിക ഉല്പാദനത്തെ കാര്യമായി ബാധി ക്കുന്നു. മണ്ണ് പരിശോധിച്ച് കുറവുകൾ കണ്ടെത്തി യതിനു ശേഷമുള്ള വളപ്രയോഗമാണ് നല്ലത്.

വേനൽക്കാലങ്ങളിൽ വയലുകളിൽ നടത്തിവ ന്നിരുന്ന പച്ചക്കറി, കപ്പ മുതലായവയുടെ കൃഷി ഇപ്പോൾ വളരെ ദുർല്ലഭമായിരിക്കുന്നു.

തെങ്ങിന് കണ്ടുവരുന്ന മഞ്ഞളിപ്പ്, കൂമ്പുചീ യൽ, കാറ്റുവീഴ്ച എന്നീ രോഗങ്ങൾ നമ്മുടെ പഞ്ചാ യത്തിലെ തെങ്ങ്കൃഷിയെ കൂടുതലായി വ്യാപിച്ചു വരികയാണ്.

സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെ പറ്റി യുള്ള വിവരങ്ങൾ കൃഷിക്കാരുടെ ഇടയിൽ യഥാസ മയങ്ങളിൽ എത്തിച്ചേരുന്നില്ല എന്നുള്ളത് ഒരു പോരായ്മയായി അവശേഷിക്കുന്നു. ആവശ്യമായ സമയത്ത് നല്ലയിനം വിത്തുകൾ ലഭിക്കുന്നതിൽ ഉള്ള കുറവ് നികത്തേണ്ടതുണ്ട്.

പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിൽ പണ്ട് കാലത്ത് നിബിഡമായ കശുമാവ് കൃഷിയും വേനൽക്കാലങ്ങളിൽ കപ്പ, കൂർക്ക മുതലായവയുടെ കൃഷിയും വ്യാപകമായിരുന്നു. എന്നാൽ ഇന്ന് ഇത്തരത്തിലുള്ള കൃഷികൾ പേരിനുപോലും കാണുന്നില്ല.

നമ്മുടെ കാലാവസ്ഥയ്ക്കും മണ്ണിൻെറ പ്രകൃതം അനുസരിച്ചും ഓരോ കാലത്തും നട ത്തേണ്ട കൃഷികളെ കുറിച്ചുള്ള സാങ്കേതിക വിവര ങ്ങളും, നല്ലയിനം വിത്തുകൾ, വളങ്ങൾ മുതലാ യവയും കൃഷിഭവൻ മുഖേന ലഭ്യമാക്കുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ പഞ്ചായത്ത് കാർഷിക രംഗത്ത് ഒരു പരിധിവരെ പുരോഗതി കൈവരിക്കുവാൻ കഴിയും.

**എടത്തിരുത്തി ഗ്രാമപഞ്ചായത്ത് പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ**

മേൽ പറഞ്ഞതിൽ 2-ാം നമ്പർ - പൈന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - ടെണ്ടർ നടപടി തുടങ്ങി പണി തുടങ്ങിയിട്ടില്ല.

**നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ**

എടത്തിരുത്തി പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാനപ്പെട്ട വരുമാനമാർഗ്ഗം കൃഷിയാണ്. നാട്ടിക നിയോജകമണ്ഡലത്തിലെ നെല്ലറയായിരുന്ന എട ത്തിരുത്തി പഞ്ചായത്ത് പ്രദേശയം നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കഴിഞ്ഞ ഏതാനും വർഷ ങ്ങളായി പാടങ്ങൾ നികത്തി കർഷകർ തെങ്ങുകൃ ഷിയിലേയ്ക്കുമാത്രമായി ശ്രദ്ധ കേന്ദ്രീകരിക്കുകയും അനന്തരഫലമായി കൃഷിസ്ഥലങ്ങളിൽ വെള്ള ക്കെട്ട്, ഉപ്പുവെള്ളം കയറൽ മുതലായ ഭീഷണിയെ നേരിടുകയും തെങ്ങുകൾക്ക് കൂമ്പു ചീയൽ, കാറ്റു വീഴ്ച, മഞ്ഞളിപ്പ് എന്നീ രോഗങ്ങൾ ബാധിച്ച് കേരകൃഷിയും പ്രതിസന്ധിയെ നേരിട്ടു കൊണ്ടി രിക്കുന്ന അവസ്ഥയാണ്. ഇപ്പോഴുള്ള ദുർസ്ഥി തിയിൽ നിന്ന് പഞ്ചായത്തിൻെറ കാർഷിക മേഖ ലയെ രക്ഷിക്കുന്നതിനുവേണ്ടി ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളാണ് ആഴെ വിവരിക്കുന്നത്.

എടത്തിരുത്തി പഞ്ചായത്ത് പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പൊതുവായി രണ്ടു നിർദ്ദേശങ്ങളുണ്ട്:-

- ചിറക്കൽ - ചെറുപുഴ - പൈന്നൂർ തോട് നിർമ്മിച്ച് നിലവിലുള്ള പൈന്നൂർ ചിറ വഴി കനോലി കനാലിലേയ്ക്ക് വെള്ളം തുറന്ന് വിടാനുള്ള സംവിധാനം നടപ്പിലാക്കണം.

** പൈന്നൂർ ചിറയിൽ നിന്ന് ആരംഭിച്ച് ചിറക്കൽ പള്ളിയുടെ മുൻവശത്തുക്കൂടി ചിറക്കൽ തോടു മായി ബന്ധിപ്പിച്ച് കോഴിത്തുമ്പ് അവസാനിക്കു ന്നതുമായ ഒരു തോട് നിർമ്മിക്കണം.

ഇതുപോലെയുള്ള ഒരു തോട് സഫലീകൃത മായാൽ നമ്മുടെ പഞ്ചായത്തിലെ മിക്ക വാർഡു കളേയും ബന്ധപ്പെടുത്തികൊണ്ടുള്ള ചെറിയ തോടു കൾ ഇതുമായി ബന്ധിപ്പി ക്കാവുന്നതും അതുവഴി മഴക്കാലത്തുണ്ടാകുന്ന വെള്ളക്കെട്ടും വേനൽ ക്കാലത്ത് അനുഭവപ്പെടുന്ന ജലദൗർലഭ്യവും പരിഹ രിക്കാനും മേൽപറഞ്ഞ ബുദ്ധിമുട്ടുകൾ അനുഭ വിക്കുന്ന കൃഷികാർക്ക് നെൽകൃഷിയിറക്കുന്നതിന് ഇതൊരു അനുഗ്രഹ മാവുകയും ചെയ്യും. കൂടാതെ ഇപ്പോൾ തെങ്ങുകൾക്ക് വെള്ളക്കെട്ടുകൾ കൊണ്ട് നേരിടേണ്ടിവരുന്ന മാരകരോഗങ്ങൾ ഒരു പരി ധിവരെ തടഞ്ഞു നിർത്താൻ സാധിക്കുന്നു.

- കനോലി കനാലിൽ നിന്ന് വേലിയേറ്റ സമയത്ത് പാടശേഖരങ്ങളിലേയ്ക്ക് പൈന്നൂർ ചിറതോട്. പുളിക്കൽ തോട്, നെടുന്തുരിത്തി തോട്, പെരുംങ്ങൽ തോട്, പള്ളിത്തോട്, കോരിയാറ തോട് മുതലായ തോടുകൾ വഴി വരുന്ന ഉപ്പു വെള്ളം മൂലം നെൽപ്പാടങ്ങൾ നശിക്കുന്നതു തടയാൻ നിലവിലുള്ള ചീപ്പിൽ ഷട്ടർ നിർമ്മിച്ച് സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും കൂടാതെ ചീപ്പുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ ഇവ നിർമ്മിച്ച് നെൽപ്പാടങ്ങളുടേയും മറ്റു കൃഷിയിട ങ്ങളുടേയും നശീകരണം ഒഴിവാക്കേണ്ടതാണ്.

- ഒന്നാം വാർഡിൻെറ അതിർത്തി പ്രദേശങ്ങളിലുള്ള മൂന്നു തോടുകൾ [പള്ളിതോട്, കാഞ്ഞിരക്കുഴി തോട്, പടിഞ്ഞാറ് അതിർത്തി തോട്] വീതിയും ആഴവും കൂട്ടി വെള്ളം ഒഴുകി പോകുന്നതിനുള്ള സൗകര്യം ഉണ്ടാകുകയും, വെള്ളം ഒഴുകിപോകുന്നതിനു നിർമ്മിച്ചിട്ടുള്ള ഓവുപാലങ്ങളുടെ തടസ്സം നീക്കുകയും ചെയ്താൽ വെള്ളക്കെട്ട് പരിഹരിക്കാം.

- രണ്ടാം വാർഡിൽ നിന്ന് ആരംഭിക്കുന്ന നിർദ്ദിഷ്ട ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൻെറ പ്രവർത്തനം ഉടനെ ആരംഭിക്കണം.

- ചൂലൂർ കടലായി കുളത്തിൽ നിന്ന് ചൂലൂർ പാടശേഖരത്തിലേക്ക് പോകുന്ന കനാലും റോഡും ഉടനെ നിർമ്മിക്കേണ്ടതാണ്.

- മഹാത്മാഗാന്ധി റോഡിൻെറ [മൂന്നാം വാർഡ്] പരിസരത്തു കെട്ടി കിടക്കുന്ന വെള്ളവും കോളനി പരിസരത്തുള്ള വെള്ളവും ഒഴുകി പോകുന്നതിന് മഹാത്മാഗാന്ധി റോഡിൽ കനാൽ ഉണ്ടാക്കി തെക്കോട്ട് വിടണം.

- ജവഹർ റോഡ് പരിസരത്ത് [4-ാം വാർഡ്] കെട്ടി നിൽക്കുന്ന വെള്ളവും എടത്തിരുത്തി പ്രിയദർശിനി ഹാൾ പരിസരത്ത് നിന്ന് വരുന്ന വെള്ളവും താടിക്കാരൻ റോഡിൻെറ പരിസരത്ത് കെട്ടി നിൽക്കുന്ന വെള്ളവും വിലങ്ങൻ തോട് [എട്ടടി പാലം] വഴി കനോലി കനാലിലേയ്ക്ക് തിരിച്ചുവിടുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

- കുറുവൻ തോട് കിഴക്കുവശവും പടിഞ്ഞാറ് വശവും കെട്ടി നിൽക്കുന്ന വെള്ളം മധുരംപ്പിള്ളി മാലോട് തോട് വഴി കനോലി കനാലിലേയ്ക്ക് തിരിച്ചു വിടുക.

- ഡിഫൻററ് കമ്പനിയുടെ വടക്ക് ഭാഗത്തുള്ള വെള്ളം കനോലി കനാലിലേയ്ക്കും ഒഴുക്കികളയുക.

- 6, 7 വാർഡുകളിലെ ചാമക്കാല അറപ്പ തോടു കെട്ടി സംരക്ഷിക്കുക.

- എല്ലാവർഷവും കാലവർഷമാരംഭിക്കുന്ന തിനു മുൻപായി [മെയ്മാസത്തിൽ] കാനകളും തോടുകളും വൃത്തിയാക്കണം.

- കൂട്ടുകൃഷി [ഗ്രൂപ്പുഫാമിങ്ങ്] സമ്പ്രദായം പ്രോത്സാഹിപ്പിക്കുക. ഉപയോഗിക്കാതെ കിടക്കുന്ന ഗവൺമെൻറ് ഭൂമികൾ ഗ്രൂപ്പു ഫാമിങ്ങിനു വേണ്ടി വിട്ടു നൽകുകയും സഹായങ്ങളും നൽകുക. കൃഷിയിടങ്ങൾ തരിശ്ശിടാതിരിക്കുന്നതിനും, നെൽപടങ്ങൾ നികത്തുന്നതിനെതിരെയുള്ള നിയമം കർശനമായി നടപ്പാക്കുക.

- കൃഷിക്കാവശ്യമായ അത്യുല്പാദന ശേഷിയുള്ള വിത്തുകളും അതിനുവേണ്ട വളങ്ങളും നൽകുന്നതോടൊപ്പം മണ്ണുപരിശോധന നടത്തി കൃഷിഭവൻ മുഖേന വേണ്ടുന്ന നിർദ്ദേശങ്ങളും പരിഹാര നടപടികളും കൈകൊള്ളുക. മഗ്നീഷ്യം, കുമ്മായം, തുരിശ്, ബി.എച്ച്.സി. എന്നിവ ആവശ്യാനുസരണം ലഭ്യമാക്കുകയും, കൂട്ടുസമ്പ്രദായത്തിൽ മരുന്നു തളിക്കുന്നതിനു വേണ്ട സഹായങ്ങൾ കൃഷിഭവൻ മുഖേന ലഭ്യമാക്കുക. രാസവളങ്ങൾക്ക് സബ്സിഡി വർദ്ധിപ്പിക്കുക.

- കൃഷിയ്ക്കാവശ്യമായിട്ടുള്ള ജലം പമ്പ് ചെയ്ത് എത്തിക്കുന്നതിനുള്ള പമ്പ് ഹൗസും, കനാലും നിർമ്മിക്കുക.

- ശാസ്ത്രീയമായ വളപ്രയോഗങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് കാർഷിക ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുത്തി കർഷകർക്ക് വർഷത്തിൽ 4 പ്രാവശ്യമെങ്കിലും ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കേണ്ടതാണ്. കൃഷിഭവൻ മുഖാന്തിരം ജൈവവളം ഉണ്ടാക്കുന്നതിനു വേണ്ടി കർഷകരിൽ ബോധവൽക്കരണം നടത്തുകയും, കമ്പോസ്റ്റ് കുഴി നിർമ്മിക്കുന്നതിനു വേണ്ട സബ്സിഡി നൽകുകയും വേണം.

- ചിറക്കൽ നിന്ന് കനോലി കനാൽ വരെ ബന്ധപ്പെട്ട് കിടക്കുന്ന തോടിന് ഇരുകരകളിലും പച്ചിലവളച്ചെടികൾ വെച്ചുപിടിപ്പിക്കുന്നതിന് കൃഷിവകുപ്പു തന്നെ മുൻകൈ എടുക്കേണ്ടതാണ്.

- കാർഷിക വിഭവങ്ങൾക്ക് തറവില നിശ്ചയിക്കുക.

- കേരസംരക്ഷണ സമിതി പുനർജ്ജീവിപ്പിക്കുക. വാർഡ് തോറും കൃഷിഭവൻെറ നേതൃത്വത്തിൽ 'വാർഡ് കാർഷിക സമിതികൾ' രൂപീകരിക്കുകയും വാർഡിലെ കൃഷിയുമായി ബന്ധ

പ്പെട്ട പ്രവർത്തനങ്ങൾക്ക് സമിതി മേൽനോട്ടം വഹിക്കുകയും അപ്പപ്പോൾ ചെയ്യേണ്ടുന്ന കൃഷി പ്പണികളെ പറ്റി ഉദ്യോഗസ്ഥർ ആഴ്ചയിൽ 2 ദിവസമെങ്കിലും ഭാരവാഹികളെ അറിയി ക്കുകയും ചെയ്യണം.

തെങ്ങ്, കവുങ്ങ്, വാഴ എന്നിവയ്ക്ക് ഉണ്ടാകുന്ന മാരക രോഗങ്ങൾ മനസ്സിലാക്കി പ്രതിവിധി നിർദ്ദേശിക്കുന്നതിന് വേണ്ട ഉദ്യോഗസ്ഥന്മാരെ നിയോഗിക്കുക.

രോഗം മൂലം വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് ഇപ്പോൾ നൽകിവരുന്ന തുക മറ്റു പഞ്ചായത്തു കളിലേതുപോലെ ഏകീകരിക്കുകയും വർദ്ധിപ്പി ക്കുകയും ചെയ്യുക. വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് പകരം അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുക. അതുപോ ലെതന്നെ കവുങ്ങിൻ തൈകൾ, വാഴകന്നുകൾ എന്നിവ സൗജന്യം നിരക്കിൽ വിതരണം ചെയ്യു ക.

നാളികേരത്തിന് കാലാനുസൃതമായ വില ലഭി ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക. സഹകരണ മേഖലയിൽ കൊപ്ര സംഭരിച്ച് വിപണനം ചെയ്യുക. തെങ്ങിൻ തടി, ചിരട്ട എന്നിവ കൊണ്ട് കരകൗശല വസ്തുക്കൾ ഉണ്ടാ ക്കുന്നതിനും വിപണനം കണ്ടെത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുക.

കൃഷിയിടങ്ങളിൽ ഇടവിളയായി വാഴ, ചേമ്പ്, ചേന, മറ്റു പച്ചക്കറികൾ, പുഷ്പഫലസസ്യങ്ങൾ എന്നിവ കൃഷിചെയ്യുന്നതിന് ആവശ്യമായ വിത്തുകളും, തൈകളും കൃഷിഭവൻ മുഖാ ന്തിരം വിതരണം ചെയ്യുക. കൂൺകൃഷി, ഓർ ക്കിഡ്, കുറ്റിമുല്ല എന്നീ കൃഷികൾ ചെയ്യുവാൻ താല്പര്യമുള്ളവരെ തെരഞ്ഞെടുത്ത് വേണ്ടുന്ന പരിശീലനവും ധനസഹായവും നൽകുക.

വേനൽക്കാലത്ത് പാടങ്ങളിൽ പച്ചക്കറികൃഷി നടത്തുന്നതിനും വീടുകൾ തോറും അടുക്കള ത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് വീട്ടമ്മമാരെ പ്രോത്സാഹിപ്പിക്കേണ്ടതും അത്യാവശ്യമാണ്. ഇതുകൊണ്ട് ഒരു പരിധിവരെ നമ്മുടെ പഞ്ചാ യത്തിലെ പച്ചക്കറി ക്ഷാമം മാറിക്കിട്ടുന്നു.

6,7,8 വാർഡുകൾ ഉൾപ്പെടുത്തി കൃഷിഭവൻ സബ്സെൻറർ തുടങ്ങണം.

സഹകരണ സംഘങ്ങളിൽ നിന്ന് കൃഷിക്കാർ എടുക്കുന്ന കാർഷിക വായ്പകൾക്ക് 20% രാസ വളം നിർബന്ധമായി വാങ്ങണമെന്ന ഗവൺ മെൻറ് നിർദ്ദേശം എടുത്തുകളയണം.കൃഷിക്കാർ ജൈവവളം വാങ്ങുകയോ, സ്വയം ഉല്പാദിപ്പി ക്കുകയോ എന്നതിന് ഗവൺമെൻറ് പ്രോത്സാഹനം നൽകണം.

കാർഷിക വായ്പകൾക്ക് ഉദാരമായ പലിശ നിരക്ക് നടപ്പിൽ വരുത്തുക.

പുഴയിൽ നിന്ന് മണൽ വാരുന്നതുകൊണ്ട് കൃഷിഭൂമി ഇടിഞ്ഞുപോകുന്നത് തടയുന്നതിനു വേണ്ടി കരിങ്കല്ലുകൊണ്ട് ഭിത്തി കെട്ടി ഭൂമിയെ സംരക്ഷിക്കുവാൻ നടപടി എടുക്കണം. [മൂന്നാം വാർഡിലെ അഭിപ്രായം]

കൃഷിയ്ക്ക് ജലസേചനം നടത്തുന്നതിന് കിണർ നിർമ്മിക്കാൻ ചുരുങ്ങിയത് 10 സെൻറ് ഭൂമിയു ള്ളവർക്ക് മോട്ടോർ സ്ഥാപിക്കുന്നതിനും, വൈദ്യുതികണക്ഷൻ ലഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

2,3,5 സെൻറ് ഭൂമിയുള്ളവർക്ക് കൃഷിചെ യ്യുവാനോ, നിത്യോപയോഗത്തി നുള്ള വെള്ളം ലഭിക്കുന്നതിനോ മൂന്നോ നാലോ വീടുകൾ തമ്മിൽ സഹകരിപ്പിച്ച് കൃഷിഭവനിൽ നിന്ന് കണറിനോ, പമ്പ്സെറ്റിനോ സബ്സിഡി നിര ക്കിൽ ലോൺ ലഭ്യമാക്കിത്തീർക്കണം.

വിദ്യുച്ഛക്തിക്കുറവ് പരിഹരിക്കുന്നതിൻെറ ഭാഗ മായി നമുക്ക് അനുവദിച്ചിട്ടുള്ള വലപ്പാട് സബ്സ്റ്റേഷൻെറ നിർമ്മാണം കഴിയുന്നതും വേഗം പൂർത്തിയാക്കിയാൽ നമ്മുടെ മണ്ഡ ലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് അഭിപ്രായപ്പെടുന്നു.

കൃഷിഭവൻേറയും ഗ്രാമപഞ്ചായത്തിൻേറയും സംയുക്താഭിമുഖ്യത്തിൽ Seed Farm ൻെറ കീഴിലുള്ള 20 ഹെക്ടർ ഭൂമിയിൽ പച്ചക്കറി കൃഷി നടത്തുന്നതിനുള്ള പദ്ധതി ആവി ഷ്ക്കരിച്ച് നടപ്പാക്കണം.

### എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

### പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയകെട്ട് വിസ്തീർണ്ണം ഹെക്ടർ | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | ചൂലൂർ ജലസേചന പദ്ധതി | 1980<br>1984<br>2-ാം ഘട്ടം | 1980<br>1984<br>2-ാം ഘട്ടം | പതിനായിരം ക<br>ഒന്നര ലക്ഷം ക | 10 ഹെക്ടർ പുഞ്ച | പുഴയിൽനിന്ന് ഉപ്പുവെള്ളം കയറാതിരിക്കാൻ |
| 2 | മധുരംപിള്ളി ലിഫ്റ്റ് ഇറിഗേഷൻ | 1985 | | അര ലക്ഷം | 20 ഹെക്ടർ | ഈസ്റ്റ് ചെന്ത്രാപ്പിന്നിയിൽ കെട്ടുകൾ നിർമ്മിക്കാൻ |

മേൽപറഞ്ഞതിൽ 2-ാം നമ്പർ - പൈനൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - ടെണ്ടർ നടപടി തുടങ്ങി പണി തുടങ്ങിയിട്ടില്ല.

### നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം ഹെക്ടർ | എസ്റ്റിമേറ്റ് അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1 | ചൂലൂർ പൈനൂർ പാടശേഖരത്തിൽ വെള്ളം ഒഴിഞ്ഞുപോകുന്നതിനുള്ള തോട് | 10 ഹെക്ടർ | 2 ലക്ഷം | വയലിൽ കെട്ടി നിൽക്കുന്ന ഒഴിഞ്ഞുപോകുന്നതിന് |
| 2 | പൈനൂർ ലിഫ്റ്റ് ഇറിഗേഷൻ | 100 ഹെക്ടർ | 36 ലക്ഷം | കൃഷി ആവശ്യത്തിന് വെള്ളം എത്തിക്കാൻ |

### ഭൂമി സംബന്ധിച്ച വിവരങ്ങൾ

| വില്ലേജ് | പുരയിടം | നിലം | പുറമ്പോക്ക് | ആകെ |
|---|---|---|---|---|
| ചെന്ത്രാപ്പിന്നി | 1107.3 ഏ | 632.3 ഏ | 29.01 ഏ | 1768.61 ഏ |
| എടത്തുരുത്തി | 781.39 ഏ | 1337.23 ഏ | 104.27 ഏ | 222.89 ഏ |
| ആകെ | 1888.69 ഏ | 1969.53 ഏ | 133.28 ഏ | 3991.5 ഏ |

### വിളവിസ്തീർണ്ണവും ഉത്പാദനവും

| വിള | വിസ്തീർണ്ണം |
|---|---|
| നെല്ല് - ഒന്നാം വിള | 200 ഏക്കർ |
| നെല്ല് - രണ്ടാം വിള | 25 ,, |
| തെങ്ങ് | 1355 ,, |
| വാഴ | 200 ,, |
| കുരുമുളക് | 10 ,, |
| കവുങ്ങ് | 300 ,, |

എടത്തിരുത്തി ഗ്രാമപഞ്ചായത്ത് തോടുകൾ

| നമ്പർ | പേര് | വാർഡ് |
|---|---|---|
| 1 | വേഴ തോട് | XI |
| 2 | മധുരംപള്ളി തോട് | IV |
| 3 | മധുരംപള്ളി സൗത്ത് തോട് | IV |
| 4 | മധുരംപള്ളി നോർത്ത് തോട് | IV |
| 5 | മധുരംപള്ളി സെൻറർ തോട് | IV |
| 6 | നമ്പ്രാട്ടി തോട് | VI |
| 7 | തേവർ തോട് | XI |
| 8 | ഇത്തൾ തോട് | VIII |
| 9 | ഇത്തൾ തോട് ഈസ്റ്റ് | V |
| 10 | പൈനൂർ തോട് | II |
| 11 | പുളിക്കൽ തോട് | II |
| 12 | കാഞ്ഞിരക്കുഴി തോട് | I |
| 13 | അറപ്പ തോട് | VI |
| 14 | ചിറക്കൽ-ചെറുപുഴ തോട് | XI |

| എടത്തിരുത്തി ഗ്രാമപഞ്ചായത്ത് ചിറകൾ | |
|---|---|
| 1 | പൈനൂർ ചിറ |
| 2 | ചൂലൂർ ചിറ |
| 3 | മധുരംപിള്ളി ചിറ |
| 4 | പുളിക്കൽ ചിറ |
| 5 | ചിറക്കൽ ചെറുപുഴ |

# മൃഗസംരക്ഷണം, മത്സ്യബന്ധനം

നാട്ടികയുടെ നെല്ലറയായിരുന്ന എടത്തിരുത്തി, കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ. ഉഴവുമാടുകളെന്ന നിലയിലും പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്രോതസ്സ് കന്നുകാലികളായിരുന്നു. കാലിവളർത്തൽ മുഖ്യതൊഴിലാക്കിയ കുടുംബങ്ങൾ മുൻകാലങ്ങളിൽ നിരവധി ഉണ്ടായിരുന്നു. കൃഷിയിടങ്ങൾ ഉഴുതു മറിക്കുന്നതിനുള്ള കലപ്പകെട്ടി വലിക്കുന്ന ഉഴവുമാടുകൾ ഇവയെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങളും നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ നൂറുകണക്കിന് കാലികൾ മേയുന്നത് നിത്യവും നമുക്ക് കാണാൻ കഴിഞ്ഞിരുന്നതാണ്. ഓരോതവണ കൊയ്ത്തു കഴിയുമ്പോഴും പഞ്ചായത്തുപ്രദേശത്തു നിന്നു മാത്രമല്ല, മറ്റുപ്രദേശങ്ങളിൽ നിന്നുപോലും ആയിരക്കണക്കിന് താറാവുകൾ തീറ്റ തേടിയെത്തുന്ന വയൽപ്രദേശമായിരുന്നു എടത്തിരുത്തി.

എന്നാൽ ഇന്ന് ആ നെൽപാടങ്ങൾ നികത്തി വ്യാപകമായ രീതിയിൽ തെങ്ങുകൃഷിയും കെട്ടിടം പണിയും ആരംഭിച്ചപ്പോൾ നാട്ടിക നിയോജകമണ്ഡലത്തിൻെറ നെല്ലറ ഒരു ചരിത്രം മാത്രമായി. കന്നുകാലികൾക്ക് മേയുന്നതിന് സൗകര്യമില്ലാതെയായി, നെൽകൃഷിയിടങ്ങളില്ലാതായപ്പോൾ ഉഴവുമാടുകളും കലപ്പകളും അപ്രത്യക്ഷമായി. വൈക്കോൽ ലഭ്യമല്ലാതായപ്പോൾ പാലക്കാടു ജില്ലയിൽ നിന്നുള്ള വൈക്കോൽ ലോറികളിൽ എത്തുമ്പോൾ വൻതുക കൊടുത്തുവാങ്ങുന്ന സ്ഥിതിയായി.

ഇക്കാരണങ്ങൾക്കൊണ്ട് മൃഗങ്ങളെ വളർത്തുന്നത് ലാഭകരമല്ലാത്ത ഒരു സ്ഥിതിവിശേഷത്തിലെത്തിയിരിക്കുകയാണ്. ഇത് മറികടക്കുന്നതിനും കന്നുകാലി വളർത്തനൽ ലാഭകരമാക്കുന്നതിനും ആവശ്യനിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും ഇവിടെ അവതരിപ്പിക്കുന്നു.

## മൃഗസംരക്ഷണം

നമ്മുടെ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയാണ് സ്ഥിതി ചെയ്യുന്നത്. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല എന്നുള്ളത് എല്ലായ്പ്പോഴും ആശുപത്രിയുടെ മെച്ചപ്പെട്ട സേവനം കർഷകന് ലഭ്യമാക്കുന്നതിൽ പല തരത്തിലും അസൗകര്യങ്ങൾ ഉണ്ടാക്കുന്നു. സ്വകാര്യകെട്ടിടത്തിൽ താല്ക്കാലികമായി പ്രവർത്തിച്ചുവരുന്ന എടത്തിരുത്തി മൃഗാശുപത്രി, ഒഴിഞ്ഞുകിട്ടുന്നതിനായി കെട്ടിട ഉടമ നോട്ടീസ് തന്നിട്ടുള്ള വിവരം ഇതിനകം പഞ്ചായത്തിനറിയിച്ചിട്ടുള്ളതാണ്. ഇപ്പോൾ കെട്ടിടത്തിന് കൊടുത്തു വരുന്ന പ്രതിമാസ വാടക 230 രൂപ മാത്രമാണ്. ഇത് ഇപ്പോൾ നിലവിലുള്ള പ്രാദേശിക നിരക്കുകൾ വെച്ചു നോക്കുമ്പോൾ വളരെ തുച്ഛമാണ് എന്നുള്ളതാണ് ഒഴിഞ്ഞുപോകാൻ ആവശ്യപ്പെടുന്നതിൻെറ കാരണമായി ബോധിപ്പിച്ചിട്ടുള്ളത്. ആയതിനാൽ പഞ്ചായത്തിലെ എല്ലാവാർഡുകളിലെ കർഷകർക്കും സൗകര്യപ്രദമായ സ്ഥലത്ത് മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടവും മറ്റുകൗകര്യങ്ങളും തരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ഒരു ക്ഷീരോൽപാദക സകരണ സംഘമാണ് നിലവിലുള്ളത്. ഇതിൻെറ ഒരു സബ് കളക്ഷൻ സെൻറർ ഒന്നാം വാർഡിൽ പ്രവർത്തിക്കുന്നു. എല്ലാ മേഖലയിൽ നിന്നും പാൽ ഇവിടേയ്ക്ക് എത്തിക്കുന്നതിന് പരിധികൾ ഉണ്ട്. അതിനാൽ രണ്ടോ മൂന്നോ വാർഡുകൾ ഉൾപ്പെടുത്തി കൂടുതൽ ക്ഷീരോൽപാദക സഹകരണസംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്.

APCOS ക്ഷീരോൽപാദക സഹകരണ സംഘത്തിൽ ഇന്ന് അളക്കുന്ന പാലിന് ലിറ്റർ ഒന്നിന് ശരാശരി ആറര രൂപ മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഇന്നത്തെ കാലിത്തീറ്റയുടേയും വൈക്കോലിൻേറയും വിലവെച്ചുനോക്കുമ്പോൾ

ക്ഷീരകർഷകന് വളരെയധികം നഷ്ടമാണ് സംഭവിക്കുന്നത്. അതുകൊണ്ട് ക്ഷീര സഹകരണസംഘത്തിൽ അളക്കുന്ന പാലിന് ലിറ്റർ ഒന്നിന് 10 രൂപയെങ്കിലും ലഭിക്കണമെന്നാണ് പൊതുവെ ഉയർന്നുവന്ന അഭിപ്രായം.

മൃഗസംരക്ഷണവുമായി ബന്ധപ്പെടുന്ന കർഷകർക്ക് ഇന്ന് പലതരത്തിലുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നിലനിൽക്കുന്നു. നേരത്തെ സൂചിപ്പിച്ച ക്ഷീരസഹകരണസംഘങ്ങളിൽ അളക്കുന്ന പാലിൻെറ വിലക്കുറവ്, കാലിത്തീറ്റയുടെ വിലവർദ്ധനവ്, തീറ്റപുല്ലിൻെറ ദൗർലഭ്യം, അത്യുല്പാദന ശേഷിയുള്ള ആടുമാടുകളെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് കന്നുകാലികൾക്കും മറ്റും വരുന്ന രോഗങ്ങൾ, ഔഷധങ്ങളുടെ വിലവർദ്ധനവ്, ഇങ്ങിനെ തുടങ്ങി നിരവധി പ്രശ്നങ്ങൾ നേരിടുന്ന ഒരു മേഖലയാണിത്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതുവായി ഉയർന്നുവന്ന നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളുമാണ് ഈ റിപ്പോർട്ടിൽ ചേർക്കുന്നത്.

**കേരള മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ**

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.
2. പേവിഷ നിർമ്മാണ പദ്ധതി.
3. കാലിവസന്ത നിർമാർജന പദ്ധതി.
4. ഊർജ്ജിത പന്നിവളർത്തനൽ പദ്ധിതി.
5. ആട് വളർത്തൽ പദ്ധതി.
6. കന്നുകാലി പ്ലേഗം നിർമ്മാർജനം.
7. കാലിരോഗ വിമുക്ത മേഖലാപദ്ധതി.
8. ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.
9. വിജ്ഞാന വ്യാപനവും പരിശീലനവും.
10. മൃഗസംരക്ഷണ സേവന പ്രവർത്തനങ്ങൾ.
11. മൃഗചികിത്സയും ആരോഗ്യവും.
12. മുയൽവളർത്തൽ വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ
13. കോഴി ഉൽപാദന വികസനം.
14. വീട്ടുവളപ്പിലെ കോഴിവളർത്തൽ.
15. താറാവ് കൃഷി വികസനം.

**മൃഗസംരക്ഷണവകുപ്പ് എടത്തിരുത്തി പഞ്ചായത്തിൽ, നടപ്പുവർഷം മൃഗാശുപത്രിവഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ:**

**1. കോഴികുഞ്ഞ് വിതരണം**

ഓരോ റേഷൻ കാർഡ് ഉടമയ്ക്കും 2 മാസം പ്രായമായ മേൽത്തരം കോഴിക്കുഞ്ഞുങ്ങളെ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

ശരിയായ വില 3 കോഴികുഞ്ഞിന് 90 രൂപ

സബ്സിഡി 45 രൂപ

**2. താറാവ് വളർത്തനൽ യൂണിറ്റുകൾ**

ഓരോ യൂണിറ്റിലും 20 എണ്ണം ഉൾക്കൊള്ളുന്ന 10 താറാവ് യൂണിറ്റുകൾ. 50% സബ്സിഡി. ഒരു യൂണിറ്റിന് ശരിയായ വില 400 രൂപ. ഗവൺമെൻറ് സബ്സിഡി 200 രൂപ.

**3. പന്നിവളർത്തൽ യൂണിറ്റ്**

അഞ്ച് പെൺപന്നികളും ഒരു ആൺപന്നിയുമടങ്ങുന്ന യൂണിറ്റ്. കൂടുപണിയാൻ നൂറുശതമാനം സബ്സിഡി. പന്നിക്കുഞ്ഞുങ്ങൾക്ക് 50% സബ്സിഡി.

**4. സമ്പൂർണ്ണ പേവിഷനിർമ്മാർജ്ജന തീവ്രയത്ന പരിപാടി.**

1000 രൂപ മൃഗാശുപത്രിക്ക് പ്രസ്തുത പദ്ധതിക്കായി ഈ വർഷം അനുവദിക്കുന്നതാണ്. സൗജന്യ നിരക്കിൽ വളർത്തുനായക്കളെ കുത്തിവെക്കുന്നതിനും, ബോധവൽക്കരണ സെമിനാറുകൾ നടത്തുന്നതിനുമാണ് ഈ ഫണ്ട് ഉപയോഗപ്പെടുത്തുക.

**5. ഗോരക്ഷാക്യാമ്പ്**

പഞ്ചായത്തിൻെറ ഉൾഭാഗങ്ങളിൽ മൃഗാശുപത്രിയുടെ സേവനം എളുപ്പം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ക്യാമ്പുകൾ (2 എണ്ണം) നടത്താൻ മൃഗസംരക്ഷണ വകുപ്പ് 400 രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്.

**6. സൗജന്യനിരക്കിൽ കുളമ്പ് രോഗത്തിനും, കോഴിവസന്തക്കും, Fowl poxനും എതിരെ പ്രതിരോധ കുത്തിവെപ്പുകൾ.**

കുളമ്പുരോഗത്തിനെതിരെ 50% സബ്സിഡി നിരക്കിലും, കോഴിവസന്തക്കും, Foul poxനുമെ

തിരെ സൗജന്യമായും മൃഗാശുപത്രി വഴി പ്രതിരോധ കുത്തിവെപ്പുകൾക്ക് സൗകര്യമുണ്ട്.

9-ാം പദ്ധതിയിലേക്ക് മൃഗസംരക്ഷണ രംഗത്തെ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ, ഗ്രാമസഭകളിലൂടെ നിർദ്ദേശിക്കപ്പെടുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കൊപ്പം എടത്തിരുത്തി പഞ്ചായത്തിൽ ഈ രംഗത്ത് അടിയന്തിരമായി നമ്മുടെ ശ്രദ്ധ പതിക്കേണ്ടുന്നതായ താഴെ പറയുന്ന കാര്യങ്ങൾ കണക്കിലെടുക്കേണ്ടതും, അവ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ വിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്.

### I ഉദ്പാദന മേഖല

#### 1. പാലുല്പാദനം

പാലുല്പാദനകന് ചിലവിന് അനുസൃതമായി വരുമാനം ലഭിക്കുന്നില്ല എന്നുള്ളതാണ് കർഷകർ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഉല്പാദന ചിലവിനുള്ള വർദ്ധനവിന് കാരണം കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലവർദ്ധനവും വൈക്കോലിൻേറയും തീറ്റപുല്ലിൻേറയും ദൗർബല്യവുമാണ്.

a) സർക്കാർ മേഖലയിലോ സഹകരണ മേഖലയിലോ കാലിത്തീറ്റ മിശ്രണ യൂണിറ്റുകൾ സ്ഥാപിച്ച് ഗുണനിലവാരമുള്ള തീറ്റ മിതമായ നിലക്ക് കർഷകന് ലഭ്യമാക്കുക.

b) തീറ്റപുൽകൃഷി വ്യാപകമാക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ പഞ്ചായത്ത് മുഖേന നടപ്പിലാക്കുക.

c) വൈക്കോലിൻെറ ലഭ്യത പ്രാദേശിക തലത്തിൽ പഞ്ചായത്തിൽ ഉറപ്പ് വരുത്തുക.

#### 2. മുട്ടയുൽപാദനം

മുൻകാലങ്ങളിൽ കോഴിമുട്ട കയറ്റുമതി ചെയ്തിരുന്ന കേരളം ഇപ്പോൾ വ്യാപകമായി കോഴിമുട്ട ഇറക്കുമതി ചെയ്യുകയാണ്. ദിനംപ്രതി 800 ലക്ഷം മുട്ട കേരളം ഇറക്കുതി ചെയ്യുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്.

a) കേരളത്തിലെ ഉപയോഗത്തിനനുസരിച്ച് കോഴിമുട്ടയുടെ ഉദ്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക.

b) അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധതി പ്രോത്സാഹിപ്പിക്കുക.

c) എഗ്ഗർകൾ നഴ്സറികൾ സ്ഥാപിച്ച്, ഗുണനിലവാരമുള്ള കോഴികുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.

d) കോഴിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുക.

#### 3. മാംസോത്പാദനം

മാംസോത്പാദന രംഗത്ത് ഇപ്പോൾ നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അസംഘടിത മേഖലയിലുള്ള മാംസോത്പാദന സംസ്ക്കരണ വിപണന രംഗവും, അശാസ്ത്രീയമായ കശാപ്പുശാലകളുടെ പ്രവർത്തനവുമാണ്. വൃത്തിഹീനമായ കശാപ്പുശാലകളിൽ മനുഷ്യന് പകർന്നേക്കാവുന്ന മാരകമായ രോഗങ്ങൾ പിടിപ്പെട്ട മൃഗങ്ങളെപ്പോലും, പഞ്ചായത്തിൻെറ അംഗീകാരമില്ലാതെ കശാപ്പുചെയ്യുന്ന ഒരു സമ്പ്രദായമാണ് ഇന്ന് നിലവിലുള്ളത്. ഈ രംഗത്ത് ശാസ്ത്രീയമായ സമ്പ്രദായങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതാണ്.

a) അറവുശാലകൾക്ക് പഞ്ചായത്ത് ലൈസൻസ് ഏർപ്പെടുത്തുക. (ഇത് പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗം കൂടിയാണ്)

b) അനധികൃത കശാപ്പുശാലകൾ നിർത്തലാക്കുക.

c) മാംസപരിശോധന നിർബന്ധമാക്കുക.

d) തോൽ, മാംസം, കൊമ്പ്, എല്ല് മുതലായവ ഉപയോഗിച്ച് നടത്തുന്ന വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക വഴി അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരം ഉറപ്പുവരുത്തുക.

മൃഗാശുപത്രിയുടെ പ്രവർത്തനം ഇനിയും മെച്ചപ്പെട്ട രീതിയിൽ കർഷകർക്ക് ലഭ്യമാക്കണമെങ്കിൽ താഴെപറയുന്ന സൗകര്യങ്ങൾ ആശുപത്രിയിൽ നടപ്പിൽ വരുത്തേണ്ടതാണ്.

1. റഫ്രിജറേറ്റർ
2. ലബോറട്ടറി സൗകര്യം
3. ഇൻപേഷ്യൻറ് സൗകര്യം
4. ആവശ്യത്തിന് ഫർണിച്ചർ
5. ആവശ്യത്തിന് മരുന്നുകൾ
6. മിനി ഓപ്പറേഷൻ തിയ്യറ്റർ

7. വാഹന സൗകര്യം / വെറ്ററിനറി ആമ്പുലൻസ്

8. ടെലഫോൺ സൗകര്യം

9. കർഷക പരിശീലനത്തിന് ക്ലാസ്സ്മുറി

10. കൃഷിക്കാരുടെ ക്ലബ്ബുകൾ രൂപീകരിക്കുക.

11. കാർഷിക പ്രസിദ്ധീകരണങ്ങൾ പഞ്ചായത്ത്വക വായനശാലകളിൽ ലഭ്യമാക്കുക.

12. ക്ഷീരോൽപാദ സഹകരണ സംഘങ്ങൾ വ്യാപിപ്പിക്കുക.

13. SPCA യുടെ പ്രവർത്തനം ശക്തമാക്കുക.

### പഞ്ചായത്തിൽ നടപ്പിലാക്കാവുന്ന മാതൃകാ പദ്ധികൾ

ചെറുകിട നാമമാത്രകർഷകരേയും കർഷക ത്തൊഴിലാളികളേയും ഈ മേഖലയിലേക്ക് ആകർഷിക്കുക. ഉപതൊഴിലെന്ന രീതിയിലോ മുഖ്യതൊഴിലെന്ന രീതിയിലോ പ്രോത്സാഹനം നല്കുക. വീട്ടമ്മമാരുടേയും വിദ്യാർത്ഥികളുടേയും ഒഴിവുസമയങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് പാലിൻെറ ഉൽപാദവനും, ഉപഭോഗവും വർദ്ധിപ്പിക്കും. ജൈവ വള ലഭ്യത വർദ്ധിപ്പിക്കു എന്നിവയായിരിക്കണം പദ്ധതികൾ നടപ്പിലാക്കുകവഴി നമ്മുടെ ഉദ്ദേശലക്ഷ്യങ്ങൾ.

#### 1. ഒരു വീട്ടിൽ ഒരു പശു

പശുവളർത്തൽ ഒരു തൊഴിലെന്നതിലുപരി ഒരു ജീവിത ശീലമാണെന്നബോധം ഇളം തലമുറയിൽ ജനിപ്പിക്കുക. കുടുംബത്തിനാവശ്യമുള്ള പാലിൻെറ കാര്യത്തിൽ സ്വയംപര്യാപ്തത ഉറപ്പുവരുത്തുന്നതിനുപരി ജൈവവള ലഭ്യതക്കും 'ഒരു വീട്ടിൽ ഒരു പശു' എന്ന തത്വം പ്രാവർത്തികമാക്കുക. ഓരോ വാർഡിലും 50 കുടുംബങ്ങളെ ഓരോ വർഷവും ഈ പദ്ധതിയിൽ കൊണ്ടുവരിക. മൊത്തം ചിലവിൻെറ 1/3 ഭാഗം സബ്സിഡി നല്കുക.

#### 2. മിനി ഡയറി യൂണിറ്റ് - വനിത സംരഭകയൂണിറ്റ്

ഒരു കുടുംബത്തിന് 6 മാസത്തെ ഇടവേളയിൽ 3 പശുക്കളെ നല്കി സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്ന പദ്ധതിയാണിത്. ഓരോ വാർഡിലും ഇത്തരം യൂണിറ്റുകൾ ഓരോ വർഷവും ആരംഭിക്കാവുന്നതാണ്.

#### 3. തീറ്റ മിശ്രണയൂണിറ്റ്

പഞ്ചായത്തടിസ്ഥാനത്തിൽ കാലിത്തീറ്റ/കോഴിത്തീറ്റ മിശ്രണയൂണിറ്റുകൾ സ്ഥാപിക്കുക. പഞ്ചായത്തിലെ വിവിധ ക്ഷീരസഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തിൽ ഇത് നടപ്പിലാക്കാവുന്നതാണ്.

#### 4. പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി

ക്ഷീരകർഷകരുടെ കേരളത്തിലാകമാനം ആകർഷിച്ചിട്ടുള്ള ഈ പദ്ധതി ഇനിയും നടപ്പിലാക്കുവാൻ നമ്മുടെ പഞ്ചായത്തിനോ നമ്മുടെ പഞ്ചായത്തിലെ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്കോ സാധിച്ചിട്ടില്ലെന്നുള്ളത് വലിയ ഒരു വീഴ്ചയാണ്.

ഈ പദ്ധി നടപ്പിലാക്കുക വഴി പഞ്ചായത്തിലെ ക്ഷീരോത്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും.

പദ്ധതി പഞ്ചായത്തിൽ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നതോടൊപ്പം പദ്ധതിയിൽ ചേരുന്നതിനുള്ള വരുമാനപരിധി 900 രൂപയിൽ നിന്ന് ഉയർത്തുവാനും, എരുമകുട്ടികളെ പ്രസ്തുത പരിപാടിക്ക് കീഴിൽ കൊണ്ടുവരുന്നതിനും പഞ്ചായത്ത് തലത്തിൽ ബന്ധപ്പെട്ട അധികാരികളെ ബോധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കൈക്കൊള്ളുക.

ഓരോ വർഷവും ഓരോ വാർഡിലെ 500 പശുകുട്ടികളെയെങ്കിലും പദ്ധതിയുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്.

#### 5. സമഗ്രകന്നുകാലി ഇൻഷുറൻസ് പദ്ധതി

പഞ്ചായത്തിലെ ചെറുകിട നാമമാത്ര കർഷകരുടെ ഉടമസ്ഥതയിലുള്ള സങ്കരയിനം പശു, ആട്, പോത്ത്, കാള എന്നിവയെ ഇൻഷുറൻസ് സംരക്ഷണത്തിൽ കൊണ്ടുവരിക. പദ്ധതിയിൽ ഉൾപ്പെട്ട മൃഗത്തിന് രോഗം മൂലമോ, അപകടം മൂലമോ മരണം സംഭവിക്കുകയോ, മറ്റു കാരണങ്ങൾകൊണ്ട് സ്ഥിരവും പൂർണ്ണവുമായ ഉൽപാദനവൈകല്യം സംഭവിക്കുകയോ ചെയ്താൽ കർഷകന് നഷ്ടപരിഹാരം നല്കണം.

#### 6. ഭ്രൂണമാറ്റവിദ്യ

അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളുടെ വർദ്ധനക്കായി ഈ പദ്ധിതി നടപ്പിൽ വരുത്താവുന്നതാണ്. ഓരോ വാർഡിലും 5-10 ഗുണഭോക്താക്കളെയെങ്കിലും തിരഞ്ഞെടുത്ത്

പദ്ധതി വരുംകാലങ്ങളിൽ നടപ്പിലാക്കാൻ ശ്രമിക്കാവുന്നതാണ്.

**7. തൊഴുത്തുകളുടെ ശാസ്ത്രീയ നിർമ്മാണം**

തൊഴുത്തുകളുടെ തറ ശാസ്ത്രീയമായി പുനർ നിർമ്മിക്കുന്നതുമൂലം വളരെയധികം ഉൽപാദന നഷ്ടം ഉണ്ടാകുന്ന അകിടുവീക്കം, കുളമ്പുദീനം തുടങ്ങിയ രോഗങ്ങൾ ഒഴിവാക്കാൻ സാധിക്കുന്നു. ചതുരശ്ര അടിക്ക് നിർമ്മാണചിലവ് 40 രൂപയോളം വരും. ഇതിന് കർഷകന് പരമാവധി 2000 രൂപ ധനസഹായം നല്കണം.

**8. തീറ്റപുൽകൃഷി**

ലാഭകരമായ പാലുല്പാദനത്തിൻെറ പ്രധാന ഘടകമാണ് തീറ്റപുല്ലിൻെറ ലഭ്യത. തെങ്ങിൻതോപ്പുകളിലും മറ്റും ഇടവിളയായും തരിശായിട്ടിരിക്കുന്ന നെൽപ്പാടങ്ങളിലും തീറ്റപുൽകഷി നടത്താവുന്നതാണ്. ക്ഷീര സംഘടനകളേയും, ഫാം ക്ലബ്ബുകളേയും ഇക്കാര്യത്തിൽ ചുമതലപ്പെടുത്തി ഫോഡർബാങ്കുകൾ ഉണ്ടാക്കാവുന്നതാണ്.

**9. ശാസ്ത്രീയ മാംസോൽപാദന വിതരണ പദ്ധതി**

90-95% ആളുകളും മാംസം ഉപയോഗിക്കുന്ന സാക്ഷരകേരളത്തിൽ ശാസ്ത്രീയവും വൃത്തിഹീനവുമായ ചുറ്റുപാടുകളിൽ അറുകൊലചെയ്ത് അതിലും വൃത്തിഹീനമായ ചുറ്റുപാടിൽ ഇറച്ചി വതരണം നടത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. ആയതിനാൽ ആധുനിക രീതിയിലുള്ള അറവുശാല നമ്മുടെ പഞ്ചായത്തിലും സ്ഥാപിച്ച് ശാസ്ത്രീയമായ രീതിയിൽ മാംസം ഉൽപാദിപ്പിച്ചും സംസ്ക്കരിച്ചും സംഘടിത രീതിയിൽ വിതരണം ചെയ്യേണ്ടതാണ്.

**10. കാളക്കുട്ടി പരിപാലനം- മാംസോൽപാദനത്തിന്**

നമ്മുടെ കർഷകർക്കുണ്ടാവുന്ന കാളക്കുട്ടികളിൽ ഏറിയപങ്കും ശരിയായ പരിചരണം കിട്ടാതെ വളർച്ച മുരടിപ്പിച്ച് പോവുകയോ മരണമടയുകയോ ആണ് ചെയ്യുന്നത്. രണ്ടോ മൂന്നോ മാസം പ്രായമായ 5 കാളക്കുട്ടികളെ തിരഞ്ഞെടുത്ത് 6 മാസം പ്രായമാകുമ്പോൾ വരിയുടച്ച് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

ഓരോ വർഷവും ഓരോ വാർഡിലും 4 യൂണിറ്റുകൾ വീതം ഈ പദ്ധതി സബ്സിഡി നല്കി പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കുക.

**11. വൈറ്റമിൻ - ധാതുലവണമിശ്രിത വിതരണ പദ്ധതി**

പാലുത്പാദന ക്ഷമതയും, പ്രത്യുൽപാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഓരോ വർഷവും ഓരോ വാർഡിലേയും 50 കർഷകരുടെ സങ്കര വർഗ്ഗം പശുക്കൾക്ക് വൈറ്റമിൻ ധാതുലവണ മിശ്രിതം വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുക.

**12 ആടുവളർത്തൽ പദ്ധതി**

ഓരോ വാർഡിലേയും 10 കർഷക കുടുംബത്തിന് 3 ആട്ടിൻകുട്ടികളെ വീതം നല്കുന്ന പദ്ധതി ഓരോ വർഷവും നടപ്പിൽ വരുത്തുക.

**13. ഊർജ്ജിത പന്നിവളർത്തനൽ പദ്ധതി : (സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മാത്രം)**

ഓരോ വർഷവും ഓരോ വാർഡിലേയും രണ്ട് കുടുംബങ്ങൾക്ക് 5 പന്നിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുന്ന പദ്ധതി സബ്സിഡി നല്കിക്കൊണ്ട് നടപ്പിൽ വരുത്തുക.

**14. മുയൽവളർത്തൽ യൂണിറ്റ്**

ചുരുങ്ങിയ മൂലധന നിക്ഷേപം കൊണ്ട് താഴെക്കിടയിലുള്ള കർഷക തൊഴിലാളികൾ, ഭൂരഹിത കർഷകർ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്ക് ലാഭകരമായ ഒരു ഉപതൊഴിലായി ഇറച്ചിമുയൽ വളർത്തൽ സ്വീകരിക്കാവുന്നതാണ്. 12 മുയൽ കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റിന് ഏകദേശം ചിലവ് 5000 രൂപയാണ്. ഓരോ വർഷവും ഓരോ വാർഡിലും 2 യൂണിറ്റ് വീതം 50% സബ്സിഡിയോടെ പദ്ധതി നടപ്പിലാക്കുക.

**15. എഗ്ഗർലെയർ നഴ്സറി / ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ്**

'അടുക്കളമുറ്റത്തെ കോഴിവളർത്തൽ' പദ്ധതി ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ മൃഗസംരക്ഷ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനാവശ്യമായ കോഴികുഞ്ഞുങ്ങളെ നമ്മുടെ പഞ്ചായത്തിൽ തന്നെ വളർത്തിയെടുക്കുന്നതിന് 500 കോഴിക്കുഞ്ഞുങ്ങളെ വളർത്താവുന്ന ഒരു എഗ്ഗർലെയർ നഴ്സറി പഞ്ചായത്തിൽ തുടങ്ങുന്നതിന് പഞ്ചായത്ത് മുൻകൈയ്യെടുക്കുക. ഇറച്ചിക്കൊഴിയൂണിറ്റുകൾ ഓരോ വാർഡിലും തുടങ്ങാവുന്നതാണ്.

**16. ക്രിത്രിമബീജസങ്കലന കേന്ദ്രങ്ങൾ**

ഇപ്പോഴത്തെ പ്രജനന നയമനുസരിച്ച് ഓരോ 750 പ്രത്യുല്പാദന ശേഷിയുള്ള പശുക്കൾക്ക് ഒരു ക്രിത്രിമ ബീജസങ്കലനകേന്ദ്രമെന്നത്, ഓരോ 500 പ്രത്യുല്പാദന ശേഷിയുള്ള പശുക്കൾക്ക് ഒരു കേന്ദ്രമെന്ന തോതിൽ കൂടുതൽ ക്രിത്രിമ ബീജസ ങ്കലന കേന്ദ്രമെന്ന തോതിൽ കൂടുതൽ ക്രിത്രിമബീ ജസങ്കലന കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിലും ആരംഭിക്കേണ്ടതുണ്ട്.

**മിനി ബ്രോയിലർ യൂണിറ്റുകൾ**

വീട്ടമ്മമാരുടേയും വിദ്യാർത്ഥികളുടേയും ഒഴിവുസമയം കൂടുതൽ ഉപയോഗപ്പെടുത്തി ധനാഗ മനമാർഗ്ഗമാക്കി ഈ പദ്ധതി മാറ്റാവുന്നതാണ്. 50 കോഴികുഞ്ഞുങ്ങളുടെ മിനിബ്രോയിലർ യൂണി റ്റുകൾ ആരംഭിക്കാവുന്നതാണ്. 15-20 പേരടങ്ങിയ വനിതാസംഘങ്ങളായി രജിസ്റ്റർ ചെയ്യുന്നതുമൂലം വെൽഫയർ ഡിപ്പാർട്ടുമെൻറിൻെറDWCRA പദ്ധതി വഴി ധനസഹായവും ലഭ്യമാക്കാവുന്നതാണ്.

ഓരോവാർഡിലും ഓരോ DWCRA യൂണിറ്റ് വീതം പഞ്ചായത്തിൽ നടപ്പിൽ വരുത്താം.

**18. ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ**

സഹകരണാടിസ്ഥാനത്തിൽ വളരെ വിപു ലമായ രീതിയിൽ ഇറച്ചിക്കോഴികളെ ശേഖരിച്ച് വളർത്തി, ഇടത്തട്ടുകാരെ ഒഴിവാക്കി വിപണനം നടത്തി വളരെയധികം സാമ്പത്തിക നേട്ടമുണ്ടാ ക്കാവുന്ന ഒരു മേഖലയാണിത്. ഓരോ വാർഡിലും ഒന്നോ രണ്ടോ ചെറുകിട യൂണിറ്റുകൾ (200 മുതൽ 500 കോഴികുഞ്ഞുങ്ങൾ വരെ) തുടങ്ങാവുന്നതാണ്. 10,000 രൂപവരെ ഓരോ യൂണിറ്റുകൾക്കും സാമ്പ ത്തിക സഹായം നല്കേണ്ടതുണ്ട്.

**19. സമ്പൂർണ്ണ പേവിഷബാധ നിയന്ത്രണ തീവ്രയത്ന പരിപാടി**

എടത്തിരുത്തി പഞ്ചായത്തിൽ കഴിഞ്ഞ ആറു മാസക്കാലമായി പേവിഷബാധയെന്ന് സംശയിക്ക പ്പെട്ടും, പേ വിഷബാധയാണെന്ന് ഉറപ്പുവരുത്തിയതുമായ കേസുകൾ നിരന്തരം മൃഗാ ശുപത്രിയിൽ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നു. മൃഗങ്ങളിൽ നിന്ന് മനുഷ്യനിലേക്ക് പകരാവുന്ന മാരകമായ ഒരു വൈറസ് രോഗമാണ് പേവിഷ ബാധ. ഈ രോഗം 95%വും പകരുന്നത് പേവിഷ ബാധയേറ്റ നായ്ക്കളുടെ കടിയിലൂടെയാണ്. പേവിഷബാധയുടെ ലക്ഷണങ്ങൾ കാണിച്ച് കഴിഞ്ഞ കാലയളിവിൽ പഞ്ചായത്തിൽ വളരെ യധികം വളർത്തുമൃഗങ്ങൾ ചത്തൊടുങ്ങിയിട്ടുണ്ട്. അതിനാൽ നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തു കയും, തെരുവുനായ്ക്കളെ നശിപ്പിക്കലുമാണ് ഇതിനുള്ള പോംവഴി. വളർത്തുനായ്ക്കൾക്ക് പഞ്ചായത്ത് ലൈസൻസ് കൊടുക്കുന്നതിന് മുമ്പായി പേവിഷബാധക്കെതിരെ കുത്തിവെപ്പ് നടത്തിയതിൻെറ സർട്ടിഫിക്കറ്റ് ഉറപ്പുരുത്തുക ലൈസൻസ് ഇല്ലാത്ത തെരുവു നായ്ക്കളെ നശിപ്പി ക്കാനുള്ള പദ്ധതി വളരെ ഗൗരവപൂർവ്വം തന്നെ അടിയന്തിരമായി കൈക്കൊള്ളുക.

**ഗ്രീൻകാർഡ് സമ്പ്രദായം**

പഞ്ചായത്തിലെ പശു, ആട്, എരുമ, പട്ടി മുതലായ വളർത്തു മൃഗങ്ങളെ പരിപാലിക്കുന്ന ഓരോ കുടുംബത്തിനും വിശദവിവരങ്ങളടങ്ങിയ കാർഡ് വിതരണം ചെയ്യുക. പ്രാരംഭസർവ്വേ നടത്തി വിരങ്ങൾ ശേഖരിച്ച് കാർഡിൽ ചേർക്കേണ്ടതാണ്. മൃഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ, പ്രതിരോധ കുത്തിവെപ്പ് നടത്തിയതിൻെറ വിശദാംശങ്ങൾ, ധന സഹായം നല്കിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ കാർഡിൽ രേഖപ്പെടുത്താവുന്നതാണ്.

**21. ക്ഷീരോത്പാദനക സഹകരണ സംഘങ്ങൾ**

പഞ്ചായത്തിൽ APCOS ക്ഷീരോദ്പാദക സഹകരണ സംഘങ്ങൾ സ്ഥാപിച്ച് പാലുല്പാദക വിപണനമേഖലയുടെ പ്രവർത്തനം പഞ്ചായ ത്തിൻെറ ഓരോ വാർഡിലും സജീവമായി നിലനിർ ത്തേണ്ടതാണ്.

**22. മാതൃകാ ക്ഷീരകർഷകന് / മൃഗസംരക്ഷണ പ്രവർത്തകന് അവാർഡ്**

മൃഗസംരക്ഷണ മേഖലയിലെ പഞ്ചായത്ത് തലത്തിലെ മാതൃകാ പ്രവർത്തകരെ കണ്ടെത്തി ആദരിക്കേണ്ടതാണ്. ഇതിനായി പദ്ധതിയിൽ തുക വിലയിരുത്തേണ്ടതാണ്.

**23. പഞ്ചായത്ത് തല മൃഗസംരക്ഷണ മേള**

വർഷംതോറും കന്നുകാലി പ്രദർശനം, ശാസ്ത്രപ്രദർശനം, കർഷകസംഗമം എന്നിവയടങ്ങുന്ന പഞ്ചായത്ത് തല മൃഗസംരക്ഷണ മേള നടത്താൻ 15000 രൂപയോളം പഞ്ചായത്ത് വകയിരുത്തണം. പഞ്ചായത്ത് തലത്തിൽ സ്ഥിരമായി ഒരു കമ്മറ്റി പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്തണം.

മേൽപറഞ്ഞതായ പദ്ധതിയിനങ്ങൾ 9-ാം പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കുകവഴി, മൃഗസംരക്ഷണ മേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതുവഴി പഞ്ചായത്തിൻെറ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും സഹായിക്കുന്നെന്ന് ആശിക്കാം.

## മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിൽ 6-ാം വാർഡിൽ 2കി.മീ. പ്രദേശം മാത്രമാണ് കടലോരമുള്ളത്. ഈ വാർഡിലുള്ള 125 കുടുംബങ്ങൾ കടലിലെ മത്സ്യബന്ധനവും അതിൻെറ വിപണനവുമായി തൊഴിലെടുത്തു ജീവിക്കുന്നവരാണ്. എന്നാൽ അടുത്തകാലങ്ങളിലായി ഗൾഫ് നാടുകളിലേക്കു പോയവരുടെ എണ്ണം വർദ്ധിച്ചതുകൊണ്ട് സാമ്പത്തികമായിഉയർന്നവരും ഉണ്ട്. കാലവർഷകെടുതികളാൽ മത്സ്യബന്ധനത്തിനു പോകാൻ കഴിയാത്തതുകൊണ്ടും മത്സ്യത്തിൻെറ ലഭ്യതക്കുറവുകൊണ്ടും കഷ്ടപ്പെടുന്ന തൊഴിലാളികൾ നിരവധി ഉണ്ട്. ഏതുസമയത്തും അപകടം പതിയിരിക്കുന്ന മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് കരകാണിക്കുന്ന ഗൈഡുലൈറ്റ് ഈ തീരപ്രദേശത്ത് സ്ഥാപിക്കണമെന്ന ആവശ്യം ഇതുവരെ നിറവേറ്റാൻ അധികാരികൾക്ക് കഴിഞ്ഞിട്ടില്ല. ഈ അടുത്തകാലത്ത് രണ്ടുപേരുടെ ദാരുണമായ അന്ത്യത്തിന് സാക്ഷ്യം വഹിച്ചവരാണ് ഈ പ്രദേശത്തുക്കാർ.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ വിദ്യാഭ്യാസ നിലവാരത്തിലും കലാ-സാംസ്ക്കാരിക രംഗത്തും ഉയർന്ന നിലവാരം പുലർത്തുന്ന പ്രദേശമാണ്.

വിവിധ പഞ്ചായത്തുകൾ ബന്ധപ്പെട്ട് ഒരു മത്സ്യത്തൊഴിലാളി സഹകരണസംഘം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിൻെറ പ്രവർത്തനം കാര്യക്ഷമമാണോന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

മത്സ്യബന്ധനത്തിന് ആവശ്യമായ ആധുനിക രീതിയിലുള്ളഉപകരണങ്ങൾ ലഭിക്കുന്നതിന് സഹായം ചെയ്യേണ്ടതാണ്. മത്സ്യ സമ്പത്ത് സംഭരിക്കുന്നതിനുംസംസ്ക്കരിക്കുന്നതിനും സൗകര്യം അടിയന്തിരമായി ഏർപ്പെടുത്തണം.

നമ്മുടെ പഞ്ചായത്തിൻെറ രണ്ട്, മൂന്ന്, നാല്, പതിനൊന്ന് വാർഡുകളുടെ അതിർത്തിയിലൂടെ ഒഴുകുന്ന കനോലി കനാലും മൂന്നാം വാർഡിലെ മുനയം പ്രദേശത്തെ തൊട്ടുകിടക്കുന്ന കരുവന്നൂർ പുഴയും ഉൾനാടൻ മത്സ്യബന്ധനത്തിന് സൗകര്യപ്രദമാണ്. കൂടാതെ പഞ്ചായത്തിൻെറ അധീനതയിലുള്ള 3 ഏക്കറോളം വരുന്ന പൈന്നൂർ ചിറ, 2 1/2 ഏക്കറോളം വിസ്തൃതിയിലുള്ള ചൂലൂർ ചിറ തുടങ്ങിയവയും മത്സ്യബന്ധനത്തിന് ഉപയുക്തമാക്കാം. മാത്രമല്ല പഞ്ചായത്തിലെ 23 പൊതുകുളങ്ങളും ഉണ്ട്. ഇവ ആവശ്യമായ രീതിയിൽ സംരക്ഷിച്ച് മത്സ്യം വളർത്തുന്നതിന് ഉപയോഗപ്പെടുത്തി എടുക്കാവുന്നതാണ്. ഉൾനാടൻ മത്സ്യബന്ധനത്തിന് ഇത്രയൊക്കെ സൗകര്യങ്ങൾ ഉണ്ടെങ്കിലും ഈ തൊഴിലിൽ മാത്രം ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങൾ കുറവാണ്.

നമ്മുടെ പഞ്ചായത്തിലെ മത്സ്യബന്ധനവും മത്സ്യവളർത്തലും വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് നിർദ്ദേശങ്ങളും സാദ്ധ്യതകളും താഴെകൊടുക്കുന്നു.

1. പഞ്ചായത്തിൽ മത്സ്യ സംസ്ക്കരണ - വിപണന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

2. മത്സ്യത്തൊഴിലാളികൾക്ക് സിഗ്നൽ നൽകുന്ന ഗൈഡ് ലൈറ്റ് ചാമക്കാലയിൽ സ്ഥാപിക്കണം.

3. മത്സ്യബന്ധനസാമഗ്രികൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനും, ഇവ വാങ്ങുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

4. മത്സ്യവിപണനം സുഗമമാക്കുന്നതിന് ചാമക്കാല ബിച്ച് റോഡ് ഫിഷറീസ് ഡിപ്പാർട്ട്മെൻേറാ മറ്റുവകുപ്പുകളോ ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കാൻ അടിയന്തിരനടപടി സ്വീകരിക്കണം.

5. പഞ്ചായത്തിൻെറ അധീനതയിലുള്ള പൈന്നൂർ ചിറ, ചൂലൂർ ചിറ എന്നിവ കൃത്യമായി സർവ്വേ നടത്തി അതിർത്തി സംരക്ഷിച്ച് ആഴം വർദ്ദിപ്പിച്ച് നല്ലരീതിയിലുള്ള മത്സ്യകൃഷിക്ക് ഉപയോഗപ്രദമാക്കുക. ഈ രണ്ടു ചിറകളിലേക്ക് പ്രവേശിക്കുന്നതിന് സ്ഥിരമായിട്ടുള്ള റോഡ് നിർമ്മിക്കുക.

6. ചൂലൂർ കടലായികുളം അതിരുകൾ നിശ്ചയിച്ച് സൈഡുകെട്ടി മത്സ്യം വളർത്തുന്നതിന്

സൗകര്യം ചെയ്യുകയും കുളത്തിലേക്കുള്ള വഴി സ്ഥിരപ്പെടുത്തുകയും ചെയ്യുക.

7. പഞ്ചായത്തിന്റെ അധീനതയിലുള്ള പള്ളത്തിക്കുളം, മഠത്തിക്കുളം പല്ല ലക്ഷം വീട് കോളനിയിലെ കുളം, തലാപുരം കുളം, തീപ്പാറ്റുകുളം തുടങ്ങിയിട്ടുള്ള പഞ്ചായത്തുകുളങ്ങൾ സംരക്ഷിച്ച് മത്സ്യകൃഷിക്ക് ഉപയുക്തമാക്കുക.

8. മത്സ്യവിഭവസംരക്ഷണം, പരിപാലനം എന്നിവ സംബന്ധിച്ച് പരിശീലനവും നിർദ്ദേശങ്ങളും നല്കുക.

9. അത്യുല്പാദന ശേഷിയുള്ള മത്സ്യകുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനു സൗകര്യം ഏർപ്പെടുത്തുക.

10. മത്സ്യകൃഷിക്ക് സഹകരണ സംഘങ്ങൾ വഴി സാമ്പത്തിക സഹായം നല്കുക.

11. ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് സഹകരണസംഘം സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

12. മത്സ്യതൊഴിലാൾകൾക്ക് നല്കിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

13. മത്സ്യതൊഴിലാളികൾക്ക് വീട് നിർമ്മിച്ച് കൊടുക്കുന്നതിനും വൈദ്യുതി എത്തിച്ചുകൊടുക്കുന്നതിനും നടപടിയെടുക്കുക.

14. മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.

എടത്തിരുത്തി പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ കണക്ക്

**1986**

| Cross Bred | | | Node Script | | | Buffaloes | | | Sheep | Goats | | Pigs | Dogs | Fouls | | Duck |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Male | Female | Breedable | Male | Female | Breed able | Male | Female | Breed able | | Male | Female | | | Desi | Im-proved | |
| 123 | 686 | 434 | 141 | 1148 | 610 | 72 | 702 | 403 | 1 | 485 | 1754 | 6 | 828 | 15891 | 853 | 708 |

എടത്തിരുത്തി പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ കണക്ക്

**1996**

| Cross Bred | | | Node Script | | | Buffaloes | | | Sheep | Goats | | Pigs | Dogs | Fouls | | Duck |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Male | Female | Breedable | Male | Female | Breed able | Male | Female | Breed able | | Male | Female | | | Desi | Im-proved | |
| 148 | 823 | 521 | 169 | 1378 | 732 | 86 | 842 | 484 | 1 | 582 | 2105 | 17 | 994 | 19069 | 1024 | 850 |

# വ്യവസായം

സാമ്പത്തികമായും വ്യാവസായികമായും തൊഴിൽപരമായും ഒട്ടും തന്നെ എടുത്തുപറയത്തക്ക നേട്ടങ്ങൾ ഇല്ലാത്ത പഞ്ചായത്താണ് നമ്മുടേത്. എന്നാൽ നമ്മുടെ പഞ്ചായത്തിൻെറ വിഭവങ്ങളുടെയും, വിജ്ഞാനത്തിൻെറയും, മാനവശേഷിയുടെയും വിതരണത്തിൻെയും കൃത്യവും കാര്യക്ഷമവുമായ പ്രവർത്തനത്തിലൂടെ പ്രോത്സാഹനത്തിലൂടെയും നമ്മുടെ കഴിവും കഴിവുകേടും അറിഞ്ഞും അംഗീകരിച്ചും പരിഹരിച്ചും തികച്ചും മെച്ചപ്പെട്ടതും മാതൃകാപരമായതുമായ കുടിൽ, ചെറുകിട വ്യവസായങ്ങൾ നടത്തുവാനും ഏറെ നേട്ടങ്ങൾ കൊയ്യാനും സാധിക്കും എന്നുള്ളത് വാസ്തവവും വ്യക്തവുമാണ്.

പഞ്ചായത്തിൻെറ നിലവിലുള്ള സ്ഥിതിമാറ്റിയെടുക്കുവാനും വ്യവസായികമായി നില മെച്ചപ്പെടുത്തുവാനും ചെറുകിട, കുടിൽ, പാരമ്പര്യ മേഖലകളിലെ മുരടിപ്പും ഒറ്റപ്പെടലും പഠിച്ച് പരിഹരിക്കാൻ ഒറ്റക്കും കൂട്ടായും പ്രവർത്തിക്കാനും പ്രോത്സാഹിപ്പിക്കുവാനും കഴിയണം. നമ്മുടെ പാരമ്പര്യ, കുടിൽ വ്യവസായങ്ങളായിരുന്ന തഴപ്പായ നെയ്ത്ത്. ചകിരി നാരെടുപ്പ്, കയറുപിരി, ബീഡി തെറുപ്പ്, മുള ഉപയോഗിച്ചുകൊണ്ടുള്ള കുട്ട, പനമ്പ്, നെയ്ത് എന്നിവ നിരവധി പീഠനങ്ങൾ ഏറ്റ് നശിച്ചു കൊണ്ടിരിക്കുകയാണ്. ഇതിൻെറ കാരണങ്ങൾ കണ്ടെത്തുവാനും പഠിച്ച് പര്യാപ്തമായ മാർഗ്ഗങ്ങളിലൂടെ അതു പരിഹരിക്കുവാനും കഴിയണം. കൂടാതെ കാലാകാലങ്ങളിൽ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക സഹായവും സജ്ജമാക്കി മെച്ചപ്പെട്ട ഉൽപാദനം നേടിയെടുക്കുവാൻ കഴിയുകയും ശക്തമായ വിതരണ വിപണനത്തിലൂടെ കൂടുതൽ നേട്ടം കൈവരിക്കുവാനും സാധിക്കണം.

വ്യവസായികമായി ഏറ്റവും പിറകിൽ നില്ക്കുന്ന എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ ഇപ്പോൾ നിലവിൽ വന്നിരിക്കുന്ന ജനപങ്കാളിത്തവും സഹകരണവും പരമാവധി ഉപയോഗപ്പെടുത്തി കേരളത്തിൻെറ തന്നെ വ്യവസായിക മേപ്പിലേക്ക് നമ്മുടെ ഗ്രാമപഞ്ചായത്തിനെ ഉയർത്തി കൊണ്ടുവരുവാനുള്ള പദ്ധതികളാണ് ഗ്രാമസഭകളിലൂടെ ഉയർന്നുവന്നിട്ടുള്ളത്.

നമ്മുടെ മേഖലയിൽ ശക്തമായ വ്യവസായ സംരംഭങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നതിന് അത്യാവശ്യമായ മാനുഷിക വിഭവം സാങ്കേതിക പരിജ്ഞാനം സാമ്പത്തിക സമാഹരണം, അസംസ്കൃത വസ്തുക്കൾ, വിപണി എന്നിവ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും കഴിയണം.

### മാനുഷിക വിഭവം

അളക്കുവാൻ കഴിയാത്തതും ആവശ്യത്തിലേറെ ലഭ്യമായതുമായ മനുഷ്യശക്തിയും ബുദ്ധിയും വ്യവസായത്തിൻെറ നട്ടെല്ലാണ്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരേയും തൊഴിലില്ലാത്ത യുവജനങ്ങളേയും കണ്ടെത്തുവാനും അവരുടെ താല്പര്യങ്ങൾ മുൻനിർത്തി പരിശീലിപ്പിക്കുവാനും പരിപോക്ഷിക്കുവാനും കഴിയണം. ഇതിനായി പഞ്ചായത്തിലെ മുഴുൻ ജനങ്ങളുടേയും മാനുഷികശക്തിയും ബുദ്ധിയും തരം തിരിച്ച് രജിസ്റ്റർ ഉണ്ടാക്കുവാനും അത് പരിപോക്ഷിക്കുവാനും കഴിയണം.

### സാങ്കേതിക പരിജ്ഞാനം

രജിസ്റ്റർ ചെയ്ത പട്ടിക അനുഭസരിച്ച് തൊഴിൽ അന്വേഷകരേയും വ്യവസായ കച്ചവട സംരംഭകരേയും തരം തിരിക്കുവാനും അവരക്ക് ആവശ്യമായതും ലാഭകരമായതും നമ്മുടെ ചുറ്റുപാടിനനുയോജ്യമായതും ആയ വിവിധതരം വ്യവസായങ്ങളെ കുറിച്ച് പഞ്ചായത്ത് തലത്തിൽ വർഷത്തിൽ രണ്ടോ, മൂന്നോ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കണം.

ഈ ക്ലാസ്സുകളിൽ ജില്ലയിലെ മുഴുവൻ ഉയർന്ന സാങ്കേതിക വിദഗ്ദരേയും സാമ്പത്തിക-സഹകരണരംഗങ്ങളിലെ സെക്രട്ടറിമാരേയും വ്യവസായ-വൈദ്യുതി മേഖലകളിലെ പ്രധാന ഉദ്യോഗസ്ഥരും പങ്കെടുക്കണം. കൂടാതെ കൂടുതൽ വിപുലമായ പരിജ്ഞാനം ലഭിക്കു

ന്നതിനും അസംസ്കൃത വസ്തുക്കളെക്കുറിച്ചും വിപണിയെക്കുറിച്ചും അറിയുന്നതിനും ബന്ധപ്പെടുന്നതിനും ആവശ്യമായ മുഴുൻ പ്രധാന സ്ഥാപനങ്ങളുടേയും വിപണിയിലേയും മേൽവിലാസവും ലഭ്യമാക്കണം.

### സാമ്പത്തിക സമാഹരണം

ഗ്രാമപഞ്ചായത്തിലെ മുഴുവൻ സാമ്പത്തിക സ്ഥാപനങ്ങളും സമാഹരിക്കുന്ന പണത്തിൻെറ നിശ്ചിത ശതമാനം പഞ്ചായത്തു പ്രദേശത്തുതന്നെ വിനിയോഗിക്കുന്നു എന്നുറപ്പുവരുത്തണം. കൂടാതെ ഒറ്റയ്ക്കും കൂട്ടായും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനു തയ്യാറുള്ളവരെ ഒത്തുചേർക്കുന്നതിനും സംഘങ്ങളായിട്ടുള്ള വ്യവസായത്തിനും കൂടുതൽ വിപുലമായ സഹകരണസംഘങ്ങൾ പോലുള്ള സംരംഭങ്ങളായും ഉയർത്തികൊണ്ടുവരാൻ കഴിയണം. മാത്രമല്ല, വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരും, തിരിച്ചെത്തിയവരേയും മദ്യവ്യവസായരംഗങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ടവരേയും, വിവിധ സർവ്വീസുകളിൽ നിന്നും വിരമിച്ചവരേയും പ്രോത്സാഹിപ്പിച്ചുകൊണ്ട് അവരുടെ സാമ്പത്തിക ശേഷി ഉപയോഗപ്പെടുത്തി ഒറ്റയ്ക്കോ കൂട്ടായോ കൂടുതൽ തൊഴിൽ സാദ്ധ്യതകൾ നല്കുന്ന പുത്തൻ സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായിക്കണം.

### അസംസ്കൃത വസ്തുക്കൾ

കാർഷിക പ്രാധാന്യമുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിൽ അവ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യവസായങ്ങൾക്കാണ് പ്രാമുഖ്യം നല്കേണ്ടത്. നമ്മുടെ പരമ്പരാഗത കുടിൽ വ്യവസായങ്ങളായിരുന്ന കയർ, തഴപായ, പനമ്പ്, കുമ്മായം, കൊപ്ര സംസ്ക്കരണം എന്നിവ നിലനിർത്തുവാനും മെച്ചപ്പെടുത്തുവാനും കഴിയണം. പ്രധാനവിളയായ നാളികേരത്തിൻെറ വിവിധ ഉല്പന്നങ്ങളായി നാളികേരവെള്ളം, പാൽ, പൊടി എന്നിവ ഉല്പാദിപ്പിക്കുവാനും വിദേശമാർക്കറ്റുപോലും കണ്ടെത്തുവാനും കഴിയും. കൂടാതെ ഖാദി-കരകൗശലമേഖലകളിൽ ചകിരിനാര്, കൈതോല, മുള, കളിമണ്ണ് എന്നിവ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാം.

കൂടാതെ ഓർക്കിഡ്, മുല്ല, ആന്തൂറിയം, കുറ്റിമുല്ല എന്നിവ ഉപയോഗപ്പെടുത്തുകയും കോഴി, ആട്, മുയൽ, മത്സ്യം, കൂൺ എന്നിവ ഉല്പാദനവും സംസ്ക്കരണവും ലാഭകരമാണ്. ഭക്ഷ്യവസ്തുക്കളായ അച്ചാറുകൾ, മല്ലി, മുളക്, മസാല, പപ്പടം, ബേക്കറി, ബിസ്ക്കറ്റ്, ചോക്ലേറ്റ് എന്നിവയുടെ നിർമ്മാണം, ടൈലറിങ്ങ്, എംബ്രോയിഡറി, ഉടുപ്പു നിർമ്മാണം എന്നിവയും സേവന വ്യവസായങ്ങളായ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് റിപ്പയറിംഗ് & അസംബ്ലിങ്ങ് മുതലായവയും നല്ലരീതിയിൽ പ്രവർത്തനക്ഷമമാക്കാവുന്നതും മറ്റുപുതിയ വസ്തുക്കളും മേഖലകളും കണ്ടെത്താവുന്നതുമാണ്.

പഞ്ചായത്തിൽ സാദ്ധ്യമായ ചില വ്യവസായങ്ങൾ താഴെ സൂചിപ്പിക്കുന്നു.

**I പരമ്പരാഗത വ്യവസായങ്ങൾ**

1. തഴപ്പായ
2. ചകിരിനാര്
3. പനമ്പ്
4. കഴിമൺപാത്രം
5. അലക്ക്

**II കാർഷിക വ്യവസായം**

1. കൊപ്ര സംസ്ക്കരണം
2. നാളികേരം - വെള്ളം, പൊടി, പാൽ
3. കോഴി, ആട്, മുയൽ, പന്നി, മത്സ്യം, കൂൺ
4. ഓർക്കിഡ്, മുല്ല, ആന്തൂറിയം.

**III ഖാദി - കരകൗശല ഉൽപ്പനങ്ങൾ**

1. ചിരട്ട. ചകിരി, തെങ്ങിൻ തടി
2. മെഴുകുതിരി, ചന്ദനതിരി, തുകൽ, ചെരിപ്പ്, തീപ്പെട്ടി
3. സോപ്പ്, സോപ്പുപൊടി, നീലം, ഫിനോൾ
4. അച്ചാറുകൾ, മല്ലി, മുളക്, മസാല, പപ്പടം
5. പശ, ചൂല്

**IV ഇലക്ട്രോണിക്സ് & ഇലക്ട്രിക്കൽസ്**

1. മോട്ടോർ വൈൻറിംഗ്, വയറിംഗ്, റിപ്പയറിംഗ്
2. അസംപ്ലിംഗ്, മോട്ടോർ, ഫാൻ, ക്ലോക്ക്, ഇലക്ട്രോണിക് ചോക്ക്, കംപ്യൂട്ടർ
3. റേഡിയോ, ടി.വി. ഇസ്തിരിപ്പെട്ടി

**V വസ്ത്ര - പുസ്തകനിർമ്മാണം**

1. ടൈലറിംഗ്, എംബ്രോയിഡറി
2. ഉടുപ്പുനിർമ്മാണം, ഹോഴ്സിയറി (ബനിയൻ)

3. കുട, നോട്ടുബുക്ക്, ബാഗ്

VI ബേക്കറി

1. ചോക്ലേറ്റ്, ബ്രഡ്, ബിസ്ക്കറ്റ്

2. ഉപ്പേരി, ഉഴുന്നുവട, കട്‌ലറ്റ്

3. സോഡ, കോള, പഴച്ചാറ്

മറ്റുള്ളവ

1. കുമ്മായം

2. ഹോളോബ്രിക്സ്

3. കളിമൺകട്ട

4. ക്രാഫ്റ്റുകൾ

5. ബീഡി

6. മൺ അലൂമിനിയപാത്രങ്ങൾ

7. പ്രിൻറിംഗ്

8. പ്ലാസ്റ്റിക്, പോളിത്തീൻ കവർ, പേപ്പർ കവർ

9. കൃത്രിമ വൈരക്കൽ നിർമ്മാണം

10. കുമ്മായ പെയിൻറുകൾ

വിപണി

പഞ്ചായത്തിലെ മുഴുവൻ കാർഷിക-വ്യവസായിക ഉല്പന്നങ്ങൾ സംഘം ചേർന്ന് സംഭരിക്കുവാനും വിതരണം ചെയ്യുവാനും കഴിയണം. ഇതിനായി പഞ്ചായത്തുതലത്തിൽ മാർക്കറ്റിംഗ് സഹകരണസംഘം സ്ഥാപിക്കുയും മുഴുവൻ കാർഷിക വ്യവസായിക ഉല്പന്നങ്ങൾ സംഭരിക്കുകയും വാർഡുതോറും രൂപീകരിച്ച് ശക്തിപ്പെടുത്താവുന്ന മൂന്നോ - നാലോ വിപണന കേന്ദ്രങ്ങൾ മുഖേന ശക്തമായും, ലാഭകരമായും, ദിനംതോറുമുള്ള ഉപല്പന്നങ്ങൾ വിറ്റഴിക്കുവാനും സാധിക്കും.

ദേശീയ സംസ്ഥാന സർക്കാരുകളുടേയും വിവിധ ഏജൻസികളുടേയും കീഴിൽ നിരവധി വനിത, പട്ടികജാതി തുടങ്ങിയ വ്യവസായിക സംരംഭകർക്ക് എളുപ്പത്തിൽ തുടങ്ങാവുന്ന ലാഭകരമായ ഏറെ പദ്ധതികൾ നിലവിലുണ്ട്. അവ പഠിക്കുവാനും അനുയോജ്യമായവ ഏറ്റെടുത്ത് നടപ്പിലാക്കുവാനും കഴിയണം.

കേരളത്തിൻെറ സാമ്പത്തികവും വ്യവസായികവും തൊഴിൽപരവുമായ പ്രശ്നങ്ങളുടെ ശാശ്വതമായ പരിഹാരത്തിന് ഗ്രാമപഞ്ചായത്തുകളിലൂടെയുള്ള കാർഷികവും വ്യാവസായികവുമായ വളർച്ചയും പുരോഗതിയും അത്യന്താപേക്ഷിതമാണ്.

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | ആകെ ഫീസ് |
|---|---|---|---|---|---|---|
| i | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
| ii | 3 | 3 | 6 | 11 | 23 | |
| iii | 2 | 1 | 6 | 9 | 18 | |
| iv | 6 | 1 | 5 | 16 | 28 | |
| v | 11 | – | 4 | 13 | 28 | |
| vi | 2 | – | 1 | 22 | 5 | |
| vii | 1 | 2 | 7 | 6 | 15 | |
| viii | 6 | 4 | 31 | 25 | 66 | |
| ix | 2 | 3 | 9 | 12 | 25 | |
| x | 3 | 4 | 19 | 15 | 41 | |
| xi | 3 | 2 | 11 | 14 | 30 | |
| xi | – | 1 | 6 | 5 | 12 | |
| ആകെ | 39 | 19 | 105 | 128 | 291 | |

# വിദ്യാഭ്യാസം

ബ്രിട്ടീഷ് മലബാറിലെ പൊന്നാനി താലൂക്കിൻെറ ഏകദേശം തെക്കെ അറ്റത്ത് സ്ഥിതി ചെയ്തിരുന്ന എടത്തിരുത്തി ചെന്ത്രാപ്പിന്നി വില്ലേജുകളിലെ ജനങ്ങൾ വിദേശാധിപത്യത്തിൻേറയും അവഗണനയുടേയും ദാരിദ്ര്യത്തിൻേറയും ദുഃഖഭാരവുമായാണ് ജീവിച്ചിരുന്നതെങ്കിലും വിദ്യാഭ്യാസത്തിൻേറയും സാംസ്ക്കാരിക മൂല്യങ്ങളുടേയും കാര്യത്തിൽ പണ്ടുമുതലേ ഉന്നതമായ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു. ഔപചാരിക വിദ്യാഭ്യാസത്തിന് സാധ്യതകൾ വിരളമായിരുന്ന ആ കാലത്ത് 'എഴുത്തുപള്ളി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആശാൻ പള്ളിക്കൂടങ്ങൾ ഇവിടെ സാധാരണമായിരുന്നു. അക്കാലത്ത് ഔപചാരിക വിദ്യാലയങ്ങൾ നിലവിലുണ്ടായിരുന്ന വിദൂരസ്ഥലങ്ങളായ കണ്ടശ്ശാംകടവ്, കാട്ടൂർ, വലപ്പാട് എന്നിവിടങ്ങളിലെ വിദ്യാലയങ്ങളിൽ കാൽനടയായിപ്പോയി വിദ്യാഭ്യാസം നേടിയവർ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. അങ്ങിനെ വിദ്യാഭ്യാസം നേടിയവരാണ് പിന്നീട് നമ്മുടെ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചത്.

എടത്തിരുത്തി പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം പൊന്നാനി താലൂക്ക് ബോർഡിൻെറ കീഴിൽ 1912ൽ സ്ഥാപിച്ച പെരുമ്പടപ്പ് ജി.എൽ.പി. സ്ക്കൂളാണ്. കേരളത്തിലെ ഔപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സുപ്രധാനമായ പങ്കുവഹിച്ച ക്രൃസ്ത്യൻ മിഷനറിമാരാണ് പഞ്ചായത്തിലെ ആദ്യത്തെ സ്വകാര്യ വിദ്യാലയങ്ങൾക്ക് തുടക്കം കുറിച്ചത്. 1913ൽ എടത്തിരുത്തി വിൻസൻറ് ഡി പോൾ ദേവാലയത്തിനോടനുബന്ധിച്ച് ഒരു പ്രാഥമിക വിദ്യാലയവും സ്ഥാപിക്കപ്പെട്ടു. അതോടെ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും വിദ്യാസമ്പന്നരായ പല വ്യക്തികളും മുന്നോട്ടുവന്നതിൻെറ ഫലമായുണ്ടായതാണ് ഇന്ന് നമ്മുടെ പഞ്ചായത്തിലുള്ള ഭൂരിഭാഗം വിദ്യാലയങ്ങളും. ഈ വിദ്യാലയങ്ങളെല്ലാം തന്നെ സ്വാതന്ത്ര്യലബ്ദിക്ക് എത്രയോ വർഷങ്ങൾ മുമ്പ് സ്ഥാപിക്കപ്പെട്ടവയാണ് എന്നതാണ് എടുത്തു പറയേണ്ട ഒരു പ്രത്യേകത.

1920ൽ ശ്രീ. കുമ്പള പറമ്പിൽ ചാത്തുണ്ണി മാസ്റ്റർ സ്ഥാപിച്ച എടത്തിരുത്തി ബാലബോധിനിയാണ് വ്യക്തിഗതമാനേജ്മെൻറിൻ കീഴിൽ നിലവിൽ വന്ന ആദ്യത്തെ വിദ്യാലയം. 1921ൽ ചൂലൂർ എ.എൽ.പി. സ്ക്കൂളും, 1922ൽ കെ.സി. രാമൻ മാസ്റ്റർ എൻ.ആർ.വി.യു.പി. സ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. എസ്.ആർ.വി. സ്ക്കൂളിൻെറ ആദ്യത്തെ ക്ലാസ്സുകൾ ആരംഭിച്ചത് ചെന്ത്രാപ്പിന്നി സെൻറ് ആൻറണീസ് പള്ളിയിലാണെന്നത് പ്രത്യേകം പ്രസ്ഥാവ്യമാണ്. 1925ൽ ശ്രീ. കെ. ശങ്കരൻ നായർ ആരംഭിച്ചതാണ് ചെന്ത്രാപ്പിന്നി ഈസ്റ്റ് പി.എം.എം.യു.പി. സ്ക്കൂൾ. പിന്നീടത് പാപ്പുമാസ്റ്റർക്ക് കൈമാറി. 1926ൽ ശ്രീ. കൊല്ലാറ കൃഷ്ണൻ മാസ്റ്ററും, ശ്രീ. കൊല്ലാറ വേലു വക്കീലും ചേർന്ന് ആരംഭിച്ചതാണ് എടത്തിരുത്തി വെസ്റ്റ് എസ്.എൻ.വി. എൽ.പി. സ്ക്കൂൾ. ആരംഭക്കാലത്ത് അനൗപചാരിക വിദ്യാഭ്യാസത്തിനും, ഔപചാരിക വിദ്യാഭ്യാസത്തിനും തുല്യപ്രാധന്യം നൽകിയ ഏക വിദ്യാലയമായിരുന്നു ഇത്. പകൽ സമയത്തെ ഔപചാരിക വിദ്യാഭ്യാസ ക്ലാസ്സുകളുടെ നേതൃത്വം ശ്രീ. കെ. വി. കൃഷ്ണൻ മാസ്റ്ററും, രാത്രികാലത്തെ അനൗപചാരിക വിദ്യാഭ്യാസത്തിൻെറ (വയോജനമ വിദ്യാഭ്യാസം) നേതൃത്വം ശ്രീ. വേലു വക്കീലും നിർവ്വഹിച്ചിരുന്നു. 1924ൽ ശ്രീ. കുമ്പളപറമ്പിൽ ഗോപാലൻ മാസ്റ്റർ സ്ഥാപിച്ചതാണ് എടത്തിരുത്തി സൗത്ത് എസ്.എൻ. എൻ.വി.പി. സ്ക്കൂൾ. 1930ൽ ജി.വി.ഐ. അഹമ്മദുകുട്ടിമാസ്റ്റർ സ്ഥാപിച്ചതാണ് ചൂലൂർ അൽ അൻവാറുൽ ഇസ്ലാമിയ എൽ.പി.സ്ക്കൂൾ. മസ്ലീംകളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് സ്മരണീയമാണ്. അക്കാലത്ത് നാട്ടികയുടെ പലഭാഗങ്ങളിലായി അഞ്ച് വിദ്യാലയങ്ങൾ അദ്ദേഹം സ്ഥാപിച്ചിരുന്നു. ശ്രീ. കെ.ഇ. പത്മനാഭൻ മാസ്റ്റർ 1932ൽ സ്ഥാപിച്ചതാണ്. പൈന്നൂർ നാഷണൽ എൽ.പി. സ്ക്കൂൾ. 1932ൽ ജഃ മമ്മസ്രായില്ലനത്ത് മൊയ്തു ഹാജി സ്ഥാപിക്കുകയും പിന്നീട് ജഃ സി.ബി.ബാഹുസാഹിബിന് കൈമാറുകയും, ബാഹുസാഹിബ് സർക്കാരിന് വിട്ടുകൊടുക്കുകയും ചെയ്ത എൽ.പി.

സ്ക്കൂളാണ് ഇന്ന് ചാമക്കാല ഗവ. മാപ്പിള ഹൈസ്ക്കൂളായി ഉയർന്നത്. നമ്മുടെ പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്ക്കൂളും ഇതുതന്നെയാണ്. 1936ൽ ശ്രീ. കുമ്പളപറമ്പിൽ കൃഷ്ണൻ മാസ്റ്ററും ശ്രീ. വാലിപറമ്പിൽ ഗോപാലൻ മാനേജരും സ്ഥാപിച്ചതാണ് പെരുമ്പടപ്പ് ഈസ്റ്റ് യു.പി. സ്ക്കൂൾ. കുടമംഗലം എ.എൽ.പി. സ്ക്കൂൾ 1941ൽ ജ: പാണ്ടികശാലയിൽ ഹബീബുല്ല സാഹിബ് സ്ഥാപിച്ചതാണ്. 1942ൽ ജ: വി.ഐ. അഹമ്മദുകുട്ടി മാസ്റ്റർ സ്ഥാപിക്കുകയും പിന്നീട് ശ്രീ. മാണിയത്ത് ശങ്കുമാനേജർക്ക് കൈമാറുകയും ചെയ്തതാണ് പെരുമ്പടപ്പ് എ.എം.എൻ.പി. സ്ക്കൂൾ. ഈ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും, പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കുകയും ചെയ്യുന്നതിന് പ്രോത്സാഹനം നൽകിയ ഒട്ടേറെ മഹൽവ്യക്തികളുണ്ട്. വിസ്തരഭയത്താൽ അവരുടെയൊന്നും പേരുകൾ ഉൾപ്പെടുത്തിയിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ വിദ്യയുടെ ദീപനാളം കൊളുത്തിയ ഈ മഹത്വ്യക്തികളെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ എക്കാലത്തും കൃതജ്ഞതയോടെ സ്മരിക്കേണ്ടതുണ്ട്.

മേൽസൂചിപ്പിച്ച വിദ്യാലയങ്ങളിലൊക്കെ തന്നെ പ്രാഥമിക വിദ്യാഭ്യാസം മാത്രമേ ലഭിച്ചിരുന്നുള്ളു എന്നതുകൊണ്ട് അപ്പർ പ്രൈമ, ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു വേണ്ടി കാട്ടൂർ, വലപ്പാട്, പെരിഞ്ഞനം എന്നീ ഹൈസ്ക്കൂളുകളെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസരംഗത്ത് വമ്പിച്ച ഒരു മുന്നേറ്റത്തിന് എടത്തിരുത്തി സാക്ഷ്യം വഹിച്ചു. ഇന്ന് പഞ്ചായത്തിലുള്ള ആറ് യു.പി. സ്ക്കൂളുകളും അപ്ഗ്രേഡ് ചെയ്തത് സ്വാതന്ത്ര്യ ലബ്ദിക്കുശേഷമുള്ള കാലഘട്ടത്തിലാണ് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ 1955ൽ സ്ഥാപിച്ച എടത്തിരുത്തി സെൻറ് ആൻസ് ഗേൾസ് ഹൈസ്ക്കൂളാണ്. 1957ൽ ശ്രീ. കെ.എസ്. ചാത്തുണ്ണി, ശ്രീ. കെ.കെ. കുഞ്ഞാണ്ടി എന്നിവരുടെ നേതൃത്വത്തിലുള്ള ഒരു മാനേജിംഗ് കമ്മിറ്റിയാണ് ചെന്ത്രാപ്പിന്നി ഹൈസ്ക്കൂൾ സ്ഥാപിച്ചത്. 1968ൽ ചാമക്കാല ജി.എം.യു.പി.സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. ഇന്ന് പഞ്ചായത്തിൽ 8 എൽ.പി. സ്ക്കൂളും, 5 യു.പി.സ്ക്കൂളും, ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഉൾപ്പെടെ 4 ഹൈസ്ക്കൂളുകളുമുണ്ട്. രക്ഷിതാക്കളുടെ ഉയർന്ന സാക്ഷരതാ നിരക്കും, 1958ലെ സർക്കാർ ഏർപ്പെടുത്തിയ ഫീസ് സൗജന്യവും പഞ്ചായത്തിലെ വിദ്യാഭ്യാസപുരോഗതിയെ ത്വരിതപ്പെടുത്തിയ ഘടകങ്ങളാണ്.

വിദ്യാലയങ്ങളുടെ കാര്യത്തിൽ സമ്പന്നമായ നമ്മുടെ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ ഒരു. എൽ.പി. സ്ക്കൂളും, ഒരു ഹൈസ്ക്കൂളും മാത്രമെയുള്ളു എന്ന കാര്യം എടുത്തുപറയേണ്ട ഒരു പ്രത്യേകതയാണ്.

മൂന്നാം വാർഡിലെ മുനയം എൽ.പി. സ്ക്കൂളും, അഞ്ചാം വാർഡിലെ ബാലബോധിനി എൽ.പി.സ്ക്കൂളും, പത്താം വാർഡിലെ മുസ്ലീം എൽ.പി.സ്ക്കൂളും പല കാരണങ്ങളാൽ ഇതിനകം നിന്നുപോയിട്ടുണ്ട്.

പണ്ടുകാലത്ത് ബോയ്സ് റേഞ്ച്, ഗേൾസ് റേഞ്ച്, മുസ്ലീം റേഞ്ച് എന്നിങ്ങനെ മൂന്ന് റേഞ്ച് ഇൻസ്പെക്ടർമാരാണ് വിദ്യാലയങ്ങൾക്ക് അനുമതി നൽകിയിരുന്നത് എന്നതുകൊണ്ട് പല വാർഡുകളിലും തൊട്ടടുത്ത് വിദ്യാലയങ്ങളുണ്ടെങ്കിലും 7,5, എന്നീ വാർഡുകളിൽ വിദ്യാലയങ്ങളില്ല എന്ന കാര്യവും ശ്രദ്ധേയമാണ്.

ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളോ, സാങ്കേതിക വിദ്യാലയങ്ങളോ ഒന്നും തന്നെ പഞ്ചായത്തിലില്ല. ആകെയുള്ള സാങ്കേതിക വിദ്യാലയം പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പിൻെറ കീഴിലുള്ള ചൂലൂർ ഐ.ടി.സി.യാണ്. ടൈപ്പ്റൈറ്റിംഗ്, കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് എന്നിവ പഠിപ്പിക്കുന്നതിനു വേണ്ട ഒരു സ്വകാര്യസ്ഥാപനം പോലും എടത്തിരുത്തി പഞ്ചായത്തിലില്ല. കോളേജ് വിദ്യാഭ്യാസത്തിന് പ്രധാനമായും എസ്.എൻ.കോളേജ് നാട്ടിക, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ്, സെൻറ് ജോസഫ്സ് കോളേജ്, കൊടുങ്ങല്ലൂർ കുഞ്ഞുകുട്ടൻ തമ്പുരാൻ കോളേജ് പി. വെമ്പല്ലൂർ അസ്മാബി കോളേജ് എന്നീ കോളേജ്ജുകളെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ മുഴുവൻ രക്ഷിതാക്കളും വിദ്യാഭ്യാസക്കാര്യത്തിൽ അതീവ തല്പരരാണ്. ഉയരർന്ന സാക്ഷരതാ നിരക്ക് ഇതിനൊരു കാരണമായി കണക്കാക്കാം. പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 95.6 ശതമാനമാണ്.

### പഞ്ചായത്തിലെ അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| സ്കൂൾ വിഭാഗം | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ |
| ഹൈസ്ക്കൂൾ - 4 | 43 | 159 | 202 | 2685 | 5385 | 5385 |
| യുപി - 5 | 14 | 62 | 76 | 809 | 1387 | 2196 |
| എൽ.പി - 8 | 7 | 44 | 51 | 655 | 580 | 1235 |
| പ്രി പ്രൈമറി | – | 8 | 8 | 45 | 63 | 108 |
| ആകെ | 64 | 273 | 337 | 4194 | 4730 | 8924 |

### പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

| ക്ലാസ്സ് | ആകെ കുട്ടികൾ | | പട്ടികജാതി പട്ടികവർഗ്ഗം | |
|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ |
| I | 420 | 405 | 41 | 51 |
| II | 477 | 468 | 56 | 44 |
| III | 491 | 449 | 47 | 44 |
| IV | 446 | 429 | 46 | 48 |
| V | 371 | 433 | 42 | 48 |
| VI | 372 | 394 | 37 | 32 |
| VII | 398 | 369 | 50 | 54 |
| VIII | 304 | 522 | 31 | 66 |
| IX | 316 | 232 | 32 | 21 |
| X | 332 | 232 | 13 | 31 |

ഗൾഫ് പണത്തിൻെറ അമിതമായ സ്വാധീനവും, വരേണ്യവർഗ്ഗതാല്പര്യങ്ങൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായവർ അഴിച്ചുവിടുന്ന പ്രചരണവും വിദ്യാഭ്യാസത്തിൻെറ ലക്ഷ്യത്തെകുറിച്ചുതന്നെ തെറ്റായ ധാരണ സമൂത്തിൽ വളർത്തിയെടുത്തിരിക്കുന്നു. ഡോക്ടറും എഞ്ചിനീയറും കലക്ടറുമാകുന്നതാണ്, വിദ്യാഭ്യാസത്തിൻെറ അത്യന്തിക ലക്ഷ്യമെന്നും അതിന്ന് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളെയോ, ഉന്നത വിജയ ശതമാനം അവകാശപ്പെടുന്ന മറ്റു വിദ്യാലയങ്ങളെയോ അവർ തെരഞ്ഞെടുക്കുന്നു. നമ്മുടെ വിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്തിയെങ്കിൽ നിലനിൽപ്പുതന്നെ അപകടത്തിലാകുന്ന സ്ഥിതിയാണുള്ളത്.

വിദ്യാഭ്യാസരംഗത്തെ ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൊഴിഞ്ഞുപോക്കിൻെറ ശതമാനം വളരെ കുറവാണ്. എങ്കിലും പലകാരണങ്ങളാൽ പഠിത്തം നിർത്തിപോകുന്നവരെ വീണ്ടും വിദ്യാലയങ്ങളിലെത്തിക്കാൻ ഒരു ജനകീയ ഇടപെടൽ ആവശ്യമാണ്.

**കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ തോറ്റുപഠിക്കുന്നവരും പഠനം നിർത്തിയവരും**

| ക്ലാസ്സ് | തോറ്റുപഠിക്കുന്നവർ | | | | പഠനം നിർത്തിയവർ | | | |
|---|---|---|---|---|---|---|---|---|
| | SC/ST | | മറ്റുള്ളവർ | | SC/ST | | മറ്റുള്ളവർ | |
| | M | F | M | F | M | F | M | F |
| I | – | – | – | – | – | – | – | – |
| II | 8 | 3 | 23 | 10 | 4 | 1 | 3 | 5 |
| III | 9 | 2 | 20 | 13 | – | – | – | – |
| IV | 3 | 3 | 26 | 3 | 1 | – | – | – |
| V | 7 | 5 | 11 | 22 | 1 | – | – | – |
| VI | 5 | 2 | 12 | 8 | – | – | – | 3 |
| VII | 8 | 4 | 35 | 30 | 5 | 4 | 15 | 5 |
| VIII | 7 | 4 | 26 | 11 | 15 | 7 | 47 | 19 |
| IX | 9 | 1 | 39 | 9 | 7 | 6 | 55 | 27 |
| X | – | – | – | – | 1 | 1 | 9 | 12 |

പഞ്ചായത്തിലെ 11 സഭകളിലും ഏറ്റവും സജീവമായ ചർച്ച നടന്നത് വിദ്യാഭ്യാസത്തെക്കുറിച്ചാണ്. വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് വളരെ വ്യക്തമായ വിലയിരുത്തലുകളും, ഒട്ടേറെ പരിഹാരനിർദ്ദേശങ്ങളും ഗ്രാമസഭകളിൽ പൊങ്ങി വന്നു. വിദ്യാലയങ്ങളിലെ പഠന നിലവാരത്തകർച്ച S.S.L.C വിജശതമാനം പഠന സൗകര്യങ്ങലുടെ അപര്യാപ്തത, പ്രാഥമിക സൗകര്യങ്ങളുടെ കുറവ്, അദ്ധ്യാപകരക്ഷാകർത്തൃ സംഘടനകൾ എന്നിവയെല്ലാം വസ്തുനിഷ്ടമായി ചർച്ചെചെയ്യപ്പെട്ടു.

അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമല്ലാതത സ്ക്കൂളിൻെറ പരിമിതമായ ചുറ്റുവാടിൽ അദ്യയനം നടത്താൻ നിർബന്ധിതരാകുന്ന വിദ്യാർത്ഥികൾ എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെട്ടു പോകും. എല്ലാം ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്ന ഇന്നത്തെ കാലഘട്ടത്തിൽ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ മാനേജർമാർ തയ്യാറാകുന്നില്ല എന്നത് ഒരു വസ്തുതയാണ്. ഈ അവസരത്തിൽ അദ്ധ്യാപകനും, രക്ഷിതാവും, മാനേജരും അല്ലെങ്കിൽ സർക്കാരും ബഹുജനങ്ങളുമടങ്ങിയ പുതിയ കൂട്ടായ്മവളർത്തിയെടുക്കാൻ നാം പ്രതിജ്ഞാ ബദ്ധരാണ്.

ഈ റിപ്പോർട്ടിൽ പ്രഥമപരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാഡമിക് സൗകര്യങ്ങൾ. ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണിത്. ക്ലാസ്സുമുറികളുടെ ഇടുങ്ങിയ അന്തരീക്ഷത്തിൽ ചതഞ്ഞരയുന്ന ബാലമനസ്സുകൾക്ക് ഉന്മേഷം പകരാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണീച്ചറുകൾ എന്നിവയെല്ലാം ഒരു വിദ്യാലയത്തിൻെറ യോഗ്യതാ ചിഹ്നങ്ങളായി പരിഗണിക്കപ്പെടുന്നു. നമ്മുടെ യു.പി.സ്ക്കൂളുകളല്ലാം തന്നെ ലൈബ്രറി, ലാബറട്ടറി, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എന്നിവയില്ലാത്തതാണ്.

ആവശ്യത്തിന് ക്ലാസ്സുമുറികളും ഫർണീച്ചറുമില്ലാത്ത ഒരു വിദ്യാലയം എടത്തിരുത്തി പഞ്ചായത്തിലുണ്ട്. അവയിൽ പ്രത്യേക ശ്രദ്ധയർഹിക്കുന്നത് പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്ക്കൂളായ ചാമക്കാല ഗവ. മാപ്പിള, ഹൈസ്ക്കൂളുകളാണ്. കഴിഞ്ഞവർഷങ്ങളിൽ നാലുതവണ സാമൂഹ്യവിരുദ്ധർ തീവെച്ചു നശിപ്പിച്ച പ്രസ്തുത വിദ്യാലയത്തിൽ ആവശ്യമായ ക്ലാസ്സുമുറികളോ ഫർണീച്ചറോ ഇല്ലാത്തതുമൂലം ഇപ്പോൾ ഷിഫ്റ്റ് സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടങ്ങളും, ഫർണീച്ചറുകളും

നിർമ്മിച്ചുകിട്ടുന്നതിന് സർക്കാരിലും ജില്ലാ പഞ്ചായത്തിലും ശക്തമായ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു.

പഠന നിലവാരം മെച്ചപ്പെടുത്തുന്ന സാര്യത്തിലും S.S.L.Cയുടെ വിജയശതമാനം ഉയർത്തുന്ന കാര്യത്തിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. S.S.L.C പരീക്ഷയുടെ വിജയശതമാനവും, കുറവ് മാർക്ക് വാങ്ങിപാസ്സാകുന്നതും വിദ്യാർത്ഥികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുന്നു. അധ്യാപക പരിശീലനത്തിലെ നിലവാരക്കുറവ്, മോണിട്ടറിംഗിന്റെ അപര്യാപ്തത, വീടുകളിലേയും, വിദ്യാലയങ്ങളിലേയും പഠന സൗകര്യങ്ങളുടെ അപര്യാപ്തത, സാമൂഹ്യമായ പിന്നോക്കാവസ്ഥ, വിദ്യാഭ്യാസവും ജീവിതവും തമ്മിലുള്ള അകൽച്ച, മത്സരപ്പരീക്ഷകൾ മാത്രം ലക്ഷ്യം വെച്ചുള്ള വിദ്യാഭ്യാസകാര്യങ്ങളിൽ ഇടപെടാനുള്ള അവസരമില്ലായ്മ എന്നിവയെല്ലാം നിലവാരത്തകർച്ചക്കുള്ള പ്രധാന കാരണങ്ങളാണ്.

| സൗകര്യങ്ങൾ | | | |
|---|---|---|---|
| കെട്ടിടം | | ഫർണിച്ചർ | |
| വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| 2 | 2 | 2 | 2 |
| 4 | 1 | 2 | 3 |
| 7 | 1 | 1 | 7 |
| 3 | – | 3 | – |
| 16 | 4 | 8 | 12 |

പഞ്ചായത്തിലെ സ്ക്കൂളുകളെ സംബന്ധിച്ച വിവരം

**എൽ.പി.സ്ക്കൂൾ**

1. നാഷ്ണൽ എൽ.പി.സ്ക്കൂൾ, പൈന്നൂർ.
2. എ.എം.എൽ.പി. സ്ക്കൂൾ, കുട്ടമംഗലം.
3. എ.എൽ.പി.എസ്. ചൂലൂർ.
4. അൽ അൻവാറുൽ ഇസ്ലാമിയ. എൽ.പി.സ്ക്കൂൾ, ചൂലൂർ.
5. എസ്.എൻ.വി. എൽ.പി. സ്ക്കൂൾ, എടത്തിരുത്തി വെസ്റ്റ്.
6. എ.എം.എൽ.വി. സ്ക്കൂൾ, പെരുമ്പടപ്പ്.
7. ഗവ. എൽ.പി.സ്ക്കൂൾ, പെരുമ്പടപ്പ്.
8. എസ്.എൻ.വി. എൽ.പി.സ്ക്കൂൾ, എടത്തിരുത്തി സൗത്ത്.

**യു.പി.സ്ക്കൂളുകൾ**

1. സെൻറ് ആൻസ് യു.പി. സ്ക്കൂൾ എടത്തിരുത്തി.
2. ആർ.ഡി.യു.പി.സ്ക്കൂൾ, എടത്തിരുത്തി.
3. ഈസ്റ്റ് യു.പി.സ്ക്കൂൾ, പെരുമ്പടപ്പ്.
4. എസ്സ്.ആർ.വി.യു.പി. സ്ക്കൂൾ, പെരുമ്പടപ്പ്.
5. പി.എം.എം.യു.പി.സ്ക്കൂൾ, ചെന്ത്രാപ്പിന്നി ഈസ്റ്റ്.

**ഹൈസ്ക്കൂൾ**

1. സെൻറ് ആൻസ് ഗേൾസ് ഹൈസ്ക്കൂൾ, എടത്തിരുത്തി.
2. ഹൈസ്ക്കൂൾ, എചന്ത്രാപ്പിന്നി.
3. ഗവ. മാപ്പിള ഹൈസ്ക്കൂൾ, ചാമക്കാല.
4. എസ്.എൻ.വിദ്യാഭവൻ, ചെന്ത്രാപ്പിന്നി.

1996ലെ കാൽപാദ പരീക്ഷയുടെ അടിസ്ഥാനത്തിലുള്ളപഠന നിലവാര റിപ്പോർട്ടുംS.S.L.Cയുടെ വിജയശതമാനവും താഴെ ചേർക്കുന്നു.

പഠന നിലവാരം

| ക്ലാസ്സ് | ആകെ | 30%ത്തിൽ താഴെ | 30-40% | 40-50% | 50-60% | 60%ത്തിനു മുകളിൽ |
|---|---|---|---|---|---|---|
| III | 653 | 133 | 74 | 134 | 107 | 215 |
| IV | 625 | 117 | 79 | 114 | 106 | 209 |
| V | 584 | 137 | 79 | 83 | 114 | 171 |
| VII | 570 | 195 | 74 | 90 | 73 | 138 |
| VII | 630 | 279 | 101 | 93 | 54 | 103 |
| VIII | 670 | 362 | 124 | 75 | 54 | 55 |
| IX | 665 | 327 | 71 | 105 | 72 | 90 |
| X | 567 | 317 | 73 | 62 | 44 | 71 |

**S.S.L.C വിജയശതമാനം**

| സ്കൂൾ | 1991-92 | 1992-93 | 1994-95 | 1995-96 |
|---|---|---|---|---|
| സെൻറ് ആൻസ് ജി.എച്ച്.എസ് എടത്തിരുത്തി | 98.2 | 97.3 | 99.5 | 98.1 |
| എച്ച്.എസ്. ചെന്ത്രാപ്പിന്നി | 28 | 42 | 28 | 22 |
| ജി.എം.എച്ച്.എസ് ചാമക്കാല | 24 | 15 | 28 | 14 |

എടത്തിരുത്തി പഞ്ചായത്തിലെ മിക്കവാറും എല്ലാ വിദ്യാലയങ്ങളിലേയും അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ സജീവവും പ്രവർത്തന ക്ഷമവുമാണെന്ന കാര്യം ആശാവഹമാണ്.

ഈ റിപ്പോർട്ട് ഗ്രാമസഭാചർച്ചകളുടേയും പഞ്ചായത്ത് തല പഠനഗ്രൂപ്പ് ശേഖരിച്ച സ്ഥിതി വിരങ്ങളുടേയും പഠനപര്യടന ചർച്ചകളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്.

കഴിഞ്ഞ സാക്ഷരതായജ്ഞത്തിൽ മുഴുവൻ നിരക്ഷരർക്കും അക്ഷരങ്ങളുടെ ദിവ്യപ്രകാശം പകർന്നു കൊടുക്കുകയും, സമ്പൂർണ്ണ സാക്ഷരത പ്രഖ്യാപിക്കുകയും, തൃശ്ശൂർ ജില്ലയിലെ ഏറ്റവും മികച്ച സാക്ഷരതാ പ്രവർത്തനം കാഴ്ചവെക്കുകയും ചെയ്ത പഞ്ചായത്താണ് എടത്തിരുത്തി. എന്നാൽ രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം സർക്കാർ തലത്തിൽ തന്നെ നിർജ്ജീവമാക്കിയതോടെ നവസാക്ഷരരിൽ ഭൂരിഭാഗവും വീണ്ടും നിരക്ഷരരായി മാറിയിരിക്കുന്നു എന്നത് ഒരു ദുഃഖസത്യമാണ്.

നാട്ടിലെ പ്രധാന വിജ്ഞാന കേന്ദ്രങ്ങളായ നാല് ലൈബ്രറികൾ എടത്തിരുത്തി പഞ്ചായത്തിലുണ്ട്. പ്രസ്തു ലൈബ്രറികളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

### 1. പ്രീ-പ്രൈമറി വിദ്യാഭ്യാസം

1. പ്രൈമറി ക്സ്കൂളുകളോടു ചേർന്നു പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കണം. ഇത്തരം ക്ലാസ്സുകളിൽ സംഘബോധവും ശുചിത്വ ബോധവും വളർത്താനും മാനസികവികാസം സാദ്ധ്യമാക്കാനുമുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്കു പ്രാമുഖ്യം നൽകണം. ബന്ധഭാഷ നിർബന്ധമായും മലയാളമായിരിക്കണം.
2. 5-ാം വാർഡിൽ നിലവിലുള്ള ഡെകെയർ സെൻററിൻെറ പ്രവർത്തനം മെച്ചപ്പെടുത്താൻ തദ്ദേശവാസിയായ അദ്ധ്യാപികയുടെ സേവനം ലഭ്യമാക്കണം.
3. ഒന്നാം വാർഡിൽ അൽ-അൻ-വാറുൽ ഇസ്ലാമിയ എൽ.പി. സ്ക്കൂളിന്നു സമീപം സാമൂഹ്യക്ഷേമ വകുപ്പിൻെറ കൈവശമുള്ള 10 സെൻറ് സ്ഥലത്ത് കെട്ടിടം പണിത് ക്രഷേ' ആരംഭിക്കാൻ നടപടി എടുക്കുക.
4. എട്ടാംവാർഡിൽ വായനശാലക്കു സമീപം നിലവിലുള്ള ബാലവാടിയിൽ കളിപ്പാട്ടങ്ങൾ ലഭ്യമാക്കുകയും, പോഷകാഹാര വിതരണത്തിന് നടപടി സ്വീകരിക്കുകയും ചെയ്യുക.

### II പ്രൈമറി വിദ്യാഭ്യാസം

1. വിദ്യാലയങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ (കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര) ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
2. സർവ്വെയുടെ അടിസ്ഥാനത്തിൽ എടത്തിരുത്തി വില്ലേജിലെ എസ്.എൻ.വി. എൽ.പി. സ്ക്കൂൾ, എടത്തിരുത്തി സൗത്ത്, എ.എം.എൽ.പി.സ്ക്കൂൾ, കൂട്ടമംഗലം എന്നിവ യു.പി.സ്ക്കൂളായി ഉയർത്തുന്നതിന്നാവശ്യമായ നടപടികൾ സ്വീകരിക്കണം.
3. ഉച്ചക്കഞ്ഞിക്കുള്ള സർക്കാരിൻേറയും ഗ്രാമ പഞ്ചായത്തിൻേറയും വിഹിതം വർദ്ധിപ്പിക്കുക.

### III സെക്കൻററി വിദ്യാഭ്യാസം

1. ചാമക്കാല ഗവ. മാപ്പിള ഹൈസ്ക്കൂളിൻെറ സുഗമമായ പ്രവർത്തനത്തിനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക.
2. ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ ചെങ്കല്ലുവിരിച്ച് കായിപരിശീലനത്തിന് ഉപയുക്തമാക്കുക.
3. ഹൈസ്ക്കൂളുകളോടനുബന്ധിച്ച് തൊഴിലധിഷ്ടിത കോഴ്സുകൾ ആരംഭിക്കുകയും ഹൈസ്ക്കൂളുകൾ വൊക്കേഷനൽ ഹയർ സെക്കൻററി ആയി ഉയർത്തുകയും ചെയ്യുക.

## IV സാങ്കേതിക വിദ്യാഭ്യാസം

1. ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന ചൂലൂർ ഗവ. ഐ.ടി.സി.യിൽ കൂടുതൽ സാങ്കേതിക കോഴ്സുകൾ - കമ്പ്യൂട്ടർ, ടൈപ്പ് റൈറ്റിംഗ്, ഷോർട്ട്ഹാൻറ് - ആരംഭിക്കുകയും ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുകയും, ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

## V അനൗപചാരിക വിദ്യാഭ്യാസം

1. സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുകയും വാർഡുകൾ തോറും ജനവിദ്യാകേന്ദ്രങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
2. ഗ്രാമപഞ്ചായത്ത് ലൈബ്രറി തുറന്നു പ്രവർത്തിക്കുയും ഒരു റഫറൻസ് ലൈബ്രറിക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, ഒരു മുഴുവൻ സമയ ലൈബ്രേറിയനെ നിയമിക്കുന്നതിന് പഞ്ചായത്തിന് അധികാരം നൽകുകയും ചെയ്യുക.
3. ഒന്നാം വാർഡിൽ സാമൂഹ്യവകുപ്പിൻെറ കൈവശമുള്ള സ്ഥലത്ത് ഒരു വായനശാല സ്ഥാപിക്കുക.
4. ആറാം വാർഡിലെ വീനസ് വായനശാലയുടെ പുനരുദ്ധാരണത്തിന് സഹായം നൽകുക.

## V കായികവിദ്യാഭ്യാസം

1. കായിക പരിശീലനത്തിന് പ്രയോജനപ്പെടുന്നവിധത്തിൽ പഞ്ചായത്തിന് സ്വന്തമായ ഒരു കളിസ്ഥലം നിർമ്മിക്കുക. നേരത്തേ പതിനൊന്നിനപരിപാടിയിൽ ഉൾപ്പെടുത്തി രണ്ടാം വാർഡിൽ ആരംഭിച്ച കളിസ്ഥലനിർമ്മാണ പദ്ധതിക്ക് മുൻഗണന നൽകുക.
2. വിദ്യാലയങ്ങളിൽ കായിക പരിശീലനത്തിന്നാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.

## VI മറ്റു പശ്ചാത്ത സൗകര്യങ്ങൾ

1. നിലവിലുള്ള അദ്ധ്യാപക രക്ഷാകർത്തൃസംഘങ്ങൾ, മാതൃസംഘങ്ങൾ എന്നിവ ശക്തിപ്പെടുത്തുക.
2. ക്ലാസ്സ്റൂം. പി.ടി.എ. കൾ രൂപീകരിക്കുക.
3. വിദ്യാലയങ്ങൾക്കാവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് പ്രാദേശികമായി ലഭ്യമാകുന്ന കലാകാരന്മാർ, കരകൗശല വിദഗ്ദ്ധർ, കൈവേലക്കാർ എന്നിവരെ ഉൾപ്പെടുത്തി ശില്പശാലകൾ സംഘടിപ്പിക്കുക.
4. ഹൈസ്ക്കൂളുകൾ കേന്ദ്രീകരിച്ച് സ്ക്കൂൾ കോംപ്ലക്സുകൾ രൂപീകരിക്കുകയും, അവയുടെ പ്രവർത്തനം കാര്യക്ഷമവും സജീവവുമാക്കുകയും ചെയ്യുക.
5. നിർദ്ധന വിദ്യാർത്ഥിക്കു പഠനോപകരണങ്ങളും യൂണിഫോറവും ലഭ്യമാക്കുക.
6. സ്ക്കൂൾ സാഹിത്യസമാജങ്ങൾക്കു പ്രാധാന്യം നൽകുക.
7. ദേശീയ ദിനാചരണങ്ങൾക്ക് മുൻകൂട്ടി പരിപാടിയുണ്ടാക്കുയും, വിദ്യാർത്ഥികളിൽ ദേശീയബോധം വളർത്തുന്ന രീതിയിൽ അവ സംഘടിപ്പിക്കുയും ചെയ്യുക.
8. നാലാംക്ലാസ്സുവരെയുള്ള കുട്ടികളിൽ അക്ഷരജ്ഞാനവും, സംഖ്യാബോധവും ഇല്ലാത്തവരുണ്ടെങ്കിൽ അവരെ കണ്ടെത്തി പരിഹാരബോധനത്തിനുള്ള സംവിധാനംഏർപ്പെടുത്തുക.
9. കൊഴിഞ്ഞുപോയ കുട്ടികളെ കണ്ടെത്തി സ്ക്കൂളുകളിൽ പുനഃപ്രവേശനത്തിനുള്ള സാഹചര്യമുണ്ടാക്കുക.
10. ക്ലാസ്സ് പരീക്ഷകളും, ക്ലാസ്സ് തലത്തിലുള്ള മാതൃസംഗമങ്ങളും ഓരോ മാസവും നടത്തുന്നതിനുവേണ്ട സാഹചര്യമുണ്ടാക്കുക.

# കുടിവെള്ളവും, പൊതുജനാരോഗ്യവും

1956 നവംബർ 1-ാം തിയ്യതി കേരളപിറവിക്ക് ശേഷമുള്ള എടത്തിരുത്തിയിലെ ഭൂരിഭാഗം ജനങ്ങൾക്കും ശുദ്ധജലവിതരണ ശൃംഖലയിൽ നിന്ന് ശുദ്ധജലം ലഭിക്കുന്നതിന് (പരിമിതമായെങ്കിലും) വർഷങ്ങൾ തന്നെ പിന്നിടേണ്ടവന്നു. ഐക്യകേരളം രൂപപ്പെടുന്ന കാലഘട്ടത്തിൽ പോലും ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും സ്വന്തം പൊതുകുളത്തിൽ നിന്നുമായിരുന്നു ശുദ്ധജലാവശ്യം നിറവേറ്റിയിരുന്നത്. കാലത്തിൻേറയും സാമ്പത്തിക ഭരണ പരിഷ്ക്കാരങ്ങളുടേയും ഭാഗമായി ജനസാന്ദ്രത യേറിയ ഭാഗങ്ങളിൽ പൊതുകിണറുകൾ, പൈപ്പുകൾ, സ്ഥാപിക്കുവാനും ശുദ്ധജലവിതരണം മെച്ചപ്പെടുത്തുവാനും കഴിഞ്ഞു. എങ്കിൽപോലും ഈ സംവിധാനങ്ങൾ ചെറിയൊരു വിഭാഗം ജനങ്ങൾക്ക് മാത്രമേ ഉപയോഗപ്പെട്ടിരുന്നുള്ളൂ. തന്മൂലം കാലവർഷങ്ങളിൽ പഞ്ചായത്തിൻെറ ഒട്ടുമിക്ക പ്രദേശങ്ങളിലും മാരകമായ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് നിത്യസംഭവങ്ങ ളായിരിക്കുന്നു. ഇതിൽ വയറിളക്കം, ഛർദ്ദി അതിസാരം, വസൂരി, കോളറ, ടൈഫോയ്ഡ്, ന്യുമോണിയ എന്നുവേണ്ട മാരകമായ പല രോഗങ്ങളും പടർന്നുപിടിക്കുന്ന ഒരു സ്ഥിതി ഉണ്ടായിരിക്കുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിവന്നിരുന്ന പ്രവർത്തനങ്ങൾ മുഴുവനും ശുദ്ധജലവിതരണത്തിലെ അപര്യാപ്തത മൂലം ഫലവത്താവാതെയായി.

പഞ്ചായത്തിൻെറ ശുദ്ധജല ക്ഷാമം രൂക്ഷമായ വടക്കുകിഴക്കുമേഖലകളും, പടിഞ്ഞാറൻ കടലോര പ്രദേശങ്ങളുമാണ് ഇക്കാര്യത്തിൽ ഏറെ ദുരിതം അനുഭവിച്ചിരുന്നത്. മദ്ധ്യമേഖലയായ മേപ്പുറം മണൽ പ്രദേശങ്ങളിൽ താരതമ്യേന ശുദ്ധജല ക്ഷാമം രൂക്ഷമായിരുന്നില്ല. കൂടാതെ ഭൂഗർഭജല ഉപയോഗം പ്രചാരം ഏറിയതോടുകൂടി ആ ശ്രോതസ്സ് നല്ലരീതിയിൽ ചൂഷണം ചെയ്തിരുന്നു. എന്നാൽ പഞ്ചായത്തിൻെറ വടക്കുകിഴക്കൻ മേഖലയിൽ ലഭിക്കുന്ന ഭൂഗർഭജലവും ഓരുജലവും, പടിഞ്ഞാറൻ കടലോരങ്ങളിൽ ഉപ്പുവെള്ളവുമാണ് വർദ്ധിച്ചുവരുന്ന ജനസാന്ദ്രതയും, കാലവർഷക്കെടുതിയും മൂലമുണ്ടാകുന്ന ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിന് ശുദ്ധജല വിതരണ ശൃംഖല കുറ്റമറ്റതും ശക്തിപ്പെടുത്തേണ്ടതും എല്ലാ ജനങ്ങൾക്കും ലഭിക്കുമെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഭൂമിശാസ്ത്രപരമായി നമ്മുടെ ഗ്രാമപഞ്ചായത്തിനെ മൂന്നു മേഖലകളായി തിരിക്കാം.

### 1. വടക്കുകിഴക്കൻ പുഴയോരം

വയലേലകളും കനോലി കനാലും, കരുവന്നൂർ പുഴയോരവും ചേർന്നതാണ് ഈ പ്രദേശം. കളിമണ്ണ്, ചെളി, ഏക്കൽമൺപ്രദേശങ്ങളടങ്ങിയ വെള്ളക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളാണ് ഇത്.

### 2. മദ്ധ്യഭാഗം

പശിമ കുറഞ്ഞ മണൽ മേപ്പുറം പ്രദേശങ്ങളാണ് ഇത്. ശുദ്ധജല ലഭ്യസാധ്യ ഏറെയുള്ളതും, ഭൂഗർഭ ജല സ്രോതസ്സ് കാര്യക്ഷമമായി ഉപയോഗപ്പെടുത്താവുന്ന പ്രദേശം കൂടിയാണിത്.

### 3. പടിഞ്ഞാറൻ കടലോരം

അറബിക്കടലോരവും, അറപ്പതോടുകളോടും ചേർന്നുകിടക്കുന്നതാണീപ്രദേശം. തരിമണൽ കലർന്ന തീരപ്രദേശം, ഭൂഗർഭ ജലസാധ്യത (ശുദ്ധജലം) തീരെ കുറവാണ്.

ഗ്രാമപഞ്ചായത്തിൻെറ 2,3,4,5,11 എന്നീ വാർഡുകളാണ് പ്രധാനമായും ശുദ്ധജലക്ഷാമവും, വെള്ളക്കെട്ടും, വരൾച്ചയും അനുഭവപ്പെടുന്ന വടക്കുകിഴക്കൻ പുഴയോരം.

വർഷവേനൽ വ്യത്യാസമില്ലാതെ മാസങ്ങളോളം അതിരൂക്ഷമായ ശുദ്ധജലക്ഷാമം ഇവിടെ അനുഭവപ്പെടുന്നു. ഭൂഗർഭ ജലസാധ്യതയുടെ അപര്യാപ്തതയും പകർച്ചവ്യാധികളുടെ ആധിക്യവും ഏറെയുള്ള ഈ മേഖലയിലേയ്ക്ക് അടിയന്തിരമായ ശ്രദ്ധയും പ്രവർത്തനങ്ങളും ശക്തിപ്പെടുത്തണം.

ഗ്രാപഞ്ചായത്തിൻെറ മുഴുവൻ പ്രദേശത്തേയും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും, ശക്തിപ്പെടുത്തുന്നതിനും, പകർച്ചവ്യാധികൾ, ഈച്ച, കൊതുക് എന്നിവ നിർമ്മാർജനം ചെയ്യുന്നതിനും ശുദ്ധജല വിതരണ ശൃംഖല ശക്തവും,

കുറ്റമറ്റതും ആയിരിക്കണം. ഇതിലേക്കായി വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ശക്തവും നീതിയുക്തവുമായ നിർദ്ദേശങ്ങളും പരിഹാരമാർ ഗ്ഗങ്ങളും ചുവടെ ചേർക്കുന്നു.

1. നിലവിലുള്ളശുദ്ധജല വിതരണ ശൃംഘല അറ്റ കുറ്റപണികൾ നടത്തി തുടർച്ചയായ ജല ലഭ്യത ഉറപ്പുവരുത്തുക.

2. മുഴുവൻ ഹൗസ് കണക്ഷൻ അപേക്ഷകർക്കും ത്വരിതഗതിയിൽ കണക്ഷൻ നൽകുവാനുള്ള നട പടികൾ സ്വീകരിക്കുക.

3. എല്ലാ മുഖ്യ കവലകളിലും, പൊതുസ്ഥലങ്ങ ളിലും, സ്ക്കൂൾ, കോളനികൾ എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക. ഇല്ലാ ത്തിടങ്ങളിൽ അടിയന്തിരമായി സ്ഥാപിക്കു വാനുള്ള നടപടികൾ സ്വീകരിക്കുക. ഉപയോഗം കുറവുള്ള പൊതുടാപ്പുകൾ കൂടുതൽ കാര്യക്ഷ മമായ സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുക.

4.പൊതുടാപ്പുകൾ സ്ഥാപിക്കുമ്പോൾ വെള്ളക്കെട്ടി ല്ലാത്തതും ശുചിത്തം ഉറപ്പുവരുത്തിയതിനു ശേഷവും സ്ഥാപിക്കുക.

5.പൊതുടാപ്പുകൾ ഏറ്റവും അനുയോജ്യമായ സ്ഥങ്ങളിൽ മാത്രം സ്ഥാപിക്കുക.

6.ശുദ്ധജല വിതരണത്തിൽ തടസ്സം നേരിടുമ്പോൾ ഫലപ്രദമായി ഉപയോഗിക്കത്തക്കവിധം സഞ്ച രിക്കുന്ന ജലവിതരണ ടാങ്കർ ലോറികൾ ഏർപ്പെ ടുത്തുക.

7. പഞ്ചായത്തിലെ മുഴുവൻ ജലസ്രോതസ്സും [കു ളം, കിണറുകൾ] കാലാകാലങ്ങളിൽ അണുനശീ കരണം നടത്തുക.

8. പഞ്ചായത്തിലെ മുഴുൻ സ്വകാര്യ ജലസ്രോത സ്സുകളും വർഷാരംഭത്തിൽ ക്ലോറിനേഷൻ നിർബ ന്ധമാക്കുക.

9. പൊതുകുളങ്ങൾ, കിണറുകൾ, പുഴകൾ ഇവയിൽ മാലിന്യങ്ങൾ, അറവ് അവശിഷ്ടങ്ങൾ മുത ലായവ നിക്ഷേപിക്കുന്നതും പുഴയോരങ്ങളിൽ കക്കൂസുകൾ സ്ഥാപിക്കുന്നതും തടയുവാനും നിരോധിക്കുവാനും അടിയന്തിര നടപടികൾ സ്വീകരിക്കണം.

മേൽ വിവരിച്ച പ്രശ്നങ്ങളും പരിഹാരങ്ങളും പുതിയ പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്ന തിലൂടെ നമ്മുടെ പഞ്ചായത്തിലെ ശുദ്ധജല നില ഏറെമെച്ചപ്പെടും എന്ന് വിശ്വസിക്കാം. മാത്രമല്ല ഇക്കാര്യത്തിൽ പഞ്ചായത്തിൻെറ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് നമ്മൾ മുഴുവൻ ജലസ്രോതസ്സും കണ്ടെത്തുവാനും പരിപോഷി ക്കുവാനും കഴിയണം. പഞ്ചായത്തിന് ലഭ്യമായതും ഇപ്പോൾ ഉപയോഗിക്കാത്തതുമായ ശുദ്ധജല സ്രോതസ്സ് ഫലപ്രദമായി ഉപയോഗപ്പെടുത്തി ജല ക്ഷാമം അനുഭവപ്പെടുന്ന മേഖലയിലേയ്ക്ക് വിതരണം ചെയ്യുവാൻ സാധിയ്ക്കും. പഞ്ചായ ത്തിൻെറ മദ്ധ്യഭാഗമായ മേപ്പുറം മണൽ പ്രദേശ ങ്ങളിൽ ഭൂഗർഭ ജലം സുലഭമാണ്. ഇവിടെ നിന്നും മേൽപറഞ്ഞ ഭാഗങ്ങളിലേയ്ക്ക് ശുദ്ധജലം എത്തി ക്കുവാൻ, നിലവിലുള്ള ചൂലൂർ വാട്ടർടാങ്ക് വൃത്തിയാക്കി കുഴൽ കിണർ സ്ഥാപിച്ച് വൈദ്യുതി ഡീസൽ എൻജിൻ ഉപയോഗിച്ച് നിലവിലുള്ള പൈപ്പ് ലൈനിലൂടെ കടത്തിവിട്ടാൽ പഞ്ചായ ത്തിൻെറ കിഴക്കുഭാഗത്തുമായി പ്രവർത്തിപ്പിച്ചാൽ ചെന്ത്രാപ്പിന്നി ഈസ്റ്റ് 4-ാം വാർഡ് എന്നീ ഭാഗ ങ്ങളിൽ സുലഭമായി ശുദ്ധജലം എത്തിക്കുവാൻ സാധിക്കും. കൂടാതെ പഞ്ചായത്തിൻെറ തനതായ പദ്ധതികൾ കണ്ടെത്തി വളർത്തിക്കൊണ്ടുവരണം.

### പൊതുജനാരോഗ്യം ഒരാമുഖം

കേരളത്തിലെ ഇതര പഞ്ചായത്തുകളെ പോലെ തന്നെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലും ആദ്യകാലത്ത് പ്രാകൃത രീതിയിലുള്ള ചികിത്സാരീ തികളാണ് നിലനിന്നു പോന്നിരുന്നത്. വസൂരി പോലുള്ള മാരകരോഗങ്ങൾ ദൈവകോപമായി കരു തുകയും അവയ്ക്കെതിരെ പൂജയും മന്ത്രവാദവും നടത്തിയിരുന്നു. ദൈവകോപഭയം ഇത്തരം രോഗി കളെ ശുശ്രൂഷിക്കുന്നതിൽ [വൈദ്യശുശ്രൂഷ] നിന്നും ബന്ധുക്കളെ അകറ്റി നിർത്തുകയും അതുമൂലം മര ണവും സംഭവിക്കുമായിരുന്നു. മന്ത്രവാദം, ജപിച്ചു കെട്ടൽ, കുടംകെട്ടൽ, ഉപ്പ് ഊതൽ തുടങ്ങിയവ പ്രാകൃത ചികിത്സാരീതികളാണ്.

ഈ കാലത്തു തന്നെ എടത്തിരുത്തിയിൽ ആയുർവേദ ചികിത്സാരംഗത്ത് ചില പാരമ്പര്യകു ടുംബങ്ങൾ ഉണ്ടായിരുന്നു. വിഷ ചികിത്സാരംഗത്ത് പേരുകേട്ട കൊല്ലാറ അങ്കുവൈദ്യർ, കോലന്നൂ നാരായണൻ വൈദ്യർ, കൊല്ലാറ മാണിക്യൻ വൈദ്യർ, കൊല്ലാറ രാഘവൻ വൈദ്യർ, തടത്തിൽ

കുഞ്ഞപ്പൻ വൈദ്യർ, കുമ്പള പറമ്പിൽ ഗോപാലൻ വൈദ്യർ, കുമ്പള പറമ്പിൽ രാമൻ വൈദ്യർ തുടങ്ങിയവർ ഇവരിൽ ചിലരാണ്. ഇതിൽ പലതും ശരിയായ രീതിയിൽ പ്രചരിപ്പിക്കാത്തതുകൊണ്ട്ഇന്ന് നിലവിലില്ല.

1970-75 കാലത്താണ് ഈ പഞ്ചായത്തിൽ വ്യാപകമായ രീതിയിൽ കുടുംബാസൂത്രണ പ്രവർത്തനപരിപാടി നടന്നത്. അതിനുവേണ്ടി കുടുംബാസൂത്രണം നടത്തിയ സ്ത്രീ-പുരുഷന്മാരിൽ നിന്നും സ്കോഡുകൾ ഉണ്ടാക്കി പ്രചരണ പ്രവർത്തനവും നടത്തിയിരുന്നു.

### പൊതുജനാരോഗ്യം

എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ ആരോഗ്യപ്രവർത്തനങ്ങൾ ഒരു വിശകലനം

എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ കേരള ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏക ആരോഗ്യസ്ഥാപനമാണ് ചാമക്കാല പ്രൈമറി ഹെൽത്ത് സെൻറർ. സ്വകാര്യമേഖലയിൽ ഏറ്റവും ആധുനിക നിലയിൽ നൂതന ചികിത്സാ സംവിധാനം ഏർപ്പെടുത്തി പ്രവർത്തിച്ചുവരുന്ന അൽ ഇക്ബാൽ എന്ന പേരിൽ ചെന്ത്രാപ്പിന്നിയിൽ ഒരു ആശുപത്രി ഉണ്ട്. സ്വകാര്യ മേഖലയിൽ പരമ്പരാഗത മായി പ്രവർത്തിച്ചുവരുന്ന ഒരു ആയുർവേദ ആശുപത്രികൂടി നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. (കോലാന്ത്ര നാരായണൻ വൈദ്യർ മെമ്മോറിയൽ) കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ ഹോമിയോ ക്ലിനിക്കുകളും നിലവിലുണ്ട്.

1972 - ൽ ഫിഷറീസ് ഡിപ്പാർഡ്മെന്റിന്റെ കീഴിൽ തീരദേശവാസികൾക്ക് അത്യാവശ്യം ചികിത്സ ലഭിക്കുവാനുദ്ദേശിച്ചാണ് ഈ സ്ഥാപനം ആരംഭിച്ചത്. 1988ൽ ഈ സ്ഥാപനം പ്രൈമറി ഹെൽത്ത്സെൻററിന്റെ പദവിയിലേക്ക് ഉയർത്തുപ്പെട്ടു. അതോടെ ജീവനക്കാർ 17 ആയി ഉയരുകയും സേവന പരിധി പ്രൈമറി ഹെൽത്ത് സെൻററിന്റെ പദവിയിലേക്ക് ഉയർത്തപ്പെട്ടു. അതോടെ ജീവനക്കാർ 17 ആയി ഉയരുകയും സേവന പരിധി പ്രൈമറി ഹെൽത്ത് സെൻററിന്റേതായി എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും സേവനം ചെയ്യേണ്ട ഒരു സ്ഥാപനമായി ഉയരുകയും ചെയ്തെങ്കിലും ഇന്നും പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിരിലുള്ള തീരദേശത്തെ ഒരു പഴയ കെട്ടിടത്തിലാണ് ഈ സ്ഥാപനം നിലകൊള്ളുന്നത്. കൂടാതെ സാധാരണ ഹെൽത്ത് സെൻററുകൾക്ക് വിഭാവനം ചെയ്തിട്ടുള്ള പത്ത് കിടക്കകളോടു കൂടിയ വാർഡും ഇവിടെ ഇതുവരെയായിട്ടില്ല.

ഈ ഹെൽത്ത് സെൻററിന്റെ കീഴിൽ നാല് സബ്സെൻററുകൾ നിലവിലുണ്ട്. ഓരോ സബ്സെൻററിനും ഓരോ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സും ഉണ്ട്. ഇതിൽ 1,2 വാർഡും 3-ാം വാർഡിന്റെ അധിക ചുമതലയുമുള്ള ചൂലൂരിലെ സബ്സെൻററിനും 4,10,11 വാർഡുകൾക്കായുള്ള ചെന്ത്രാപ്പിന്നി ഈസ്റ്റ് സബ്സെൻററിനും സ്വന്തമായി കെട്ടിടമുണ്ട്. 5,8 വാർഡുകൾക്കായുള്ള പെരുമ്പടപ്പ് സബ്സെൻററിനു വേണ്ടി ശ്രീനാരായണ വായനശാല കമ്മറ്റി ഭൂമി സംഭാവന ചെയ്തിട്ടുണ്ടെങ്കിലും കെട്ടിടം പണി ഇതുവരെ ആരംഭിച്ചിട്ടില്ല. 7,9 വാർഡുകൾക്കായുള്ള ചെന്ത്രാപ്പിന്നി സബ്സെൻററിന്റെ കെട്ടിടം 6-ാം വാർഡിലാണ് സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് ഫലത്തിൽ 7,9 വാർഡുകൾക്ക് സബ്സെൻററിന്റെ പൂർണ്ണസേവനം ലഭ്യമാകുന്നില്ല.

പ്രൈമറി ഹെൽത്ത് സെൻററിന്റെ കീഴിൽ 3 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തിക ഉണ്ടെങ്കിലും ഇതിൽ രണ്ടുപേർക്കും ഓഫീസ് ഇല്ല. ഒരാൾ ഹെൽത്ത് സെൻറർ തന്നെയാണ് ഓഫീസ് ആയി ഉപയോഗിക്കുന്നത്. ആരോഗ്യത്തിനാവശ്യമാ ശുദ്ധജല വിതരണത്തിന്റെ നില തൃപ്തികരമല്ല. എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. പരിസരമലിനീകരണം തടയുന്നതിന് നടപടി സ്വീകരിക്കണം. പ്രത്യേകിച്ച് റോഡുകളുടെ ഇരുവശങ്ങളിലും ചപ്പുചവറുകൾ കൂട്ടിയിടുന്നത് തടയുകയും ഉള്ളവ സംസ്ക്കരിക്കുന്നതിനുള്ള സ്ഥിരം സംവിധാനവും ആവശ്യമാണ്. അതുപോലെ കൊതുകുശല്യം നിയന്ത്രിക്കുന്നതിന് ഓടകൾ വൃത്തിയാക്കി കീടനാശിനി തളിക്കുകയും കക്കൂസുകളുടെ സെപ്റ്റിക് ടാങ്കിലെ പഴുതുകൾ അടയ്ക്കുകയും വെൻറിലൻറ് പൈപ്പ് വലതുണി കൊണ്ട് മൂടി കെട്ടുന്നതും അത്യാവശ്യമാണ്. വായുവിലൂടെ പകരുന്ന രോഗങ്ങൾ വ്യാപിക്കാതിരിക്കാൻ ശരിയായ പാർപ്പിട സൗകര്യം ലഭ്യമാക്കേണ്ടതാണ്. പോഷകാഹാര കുറവുമൂലമുണ്ടാകുന്ന രോഗങ്ങൾ കുട്ടികളിൽ സാധാരണമാണ്. ഗതാഗത സൗകര്യങ്ങളുടെ കുറവുമൂലം ഈ ഹെൽത്ത് സെൻററിനെ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

ഇപ്പോഴത്തെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഉപാധികൾ

പത്ത് കിടക്കകളുള്ള ഒരു വാർഡും ഡ്യൂട്ടി മുറിയും ഉണ്ടായാൽ പ്രൈമറി ഹെൽത്ത് സെൻററിൽ വരുന്ന രോഗികളെ കിടത്തി ചികിത്സിക്കുവാൻ സാധിക്കും. നിലവിലുള്ള പ്രൈമറി ഹെൽത്ത് സെൻററിൻെറ കെട്ടിടത്തിൽ I.L.R. Deep Freezer ഐസ്സ്ബോക്സ് എന്നിവ സൂക്ഷിക്കുന്നതിന് ഒരു മുറിയും കുത്തിവെയ്പ്, പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുള്ള കുത്തിവെയ്പ് (ഇമ്യൂണൈസേഷൻ) ഡ്രസ്സിങ്ങ് എന്നിയ്ക്ക് ഓരോ മുറി വീതവും കുത്തിവയ്പിനും മറ്റും വരുന്ന കുട്ടികൾക്കും അമ്മമാർക്കും വിശ്രമിക്കുന്നതിന് വരാന്തയും അതിനോടനുബന്ധിച്ച് ബഞ്ചുകളും ആവശ്യമാണ്.

ഹെൽത്ത് ഇൻസ്പെക്ടർ ലേഡി ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്കുകൂടി ഓഫീസ് സൗകര്യം ഏർപ്പെടുത്തണം. നിലവിലുള്ള പ്രാഥമിക ഉപകേന്ദ്രങ്ങളുടെ ഗുണനിലവാരവും പ്രവർത്തനവും അടിയന്തിരമായി മെച്ചപ്പെടുത്തണം. കൂടാതെ കാലാകാലങ്ങളിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തുകയും സ്ഥാവര ജംഗമ സ്വത്തുക്കൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം.

പെരുമ്പടപ്പ് സബ്സെൻററിൽ കെട്ടിടം പണിയുന്നതുവരെയുള്ള കാലത്തെ പ്രവർത്തനത്തിന് സൗകര്യപ്രദമായ ഒരു കെട്ടിടം ലഭിച്ചാൽ ഇവിടുത്തെ പ്രവർത്തനം പ്രത്യേകിച്ച് കുട്ടികൾക്കുള്ള പ്രതിരോധകുത്തിവയ്പ് മെച്ചപ്പെടുത്തുവാൻ സാധിക്കും. 8-ാം വാർഡിലെ നിർദ്ദിഷ്ട ഉപകേന്ദ്രത്തിൻെറ പ്രവർത്തനം 5ഉം, 9ഉം വാർഡുകൾക്ക് ഉപയോഗപ്രദമായി രീതിയിൽ വ്യാപിപ്പിക്കുവാൻ ഇതുമൂലം സാധിക്കും. ടി ഉപകേന്ദ്രത്തിൻെറ പണി ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. ടി. സ്ഥാപനം നിർമ്മിക്കുമ്പോൾ ഡോക്ടർക്ക് ഇവിടെതന്നെ താമസിച്ച് ചികിത്സിക്കുന്നതിന് സാധിക്കുന്ന വിധത്തിലായിരിക്കണം കെട്ടിടം പണിയേണ്ടത്. എല്ലാ ഉപകേന്ദ്രങ്ങളിലും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം.

അടിയന്തിര ഘട്ടങ്ങളിൽ എത്തുന്ന രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം. പകർച്ച വ്യാധികൾ പരത്തുന്ന ഈച്ച, കൊതുക് എന്നിവയെ നിർമ്മാർജനം ചെയ്യുക.

പേപ്പട്ടിശല്യത്തിനെതിരായി വളർത്തുപട്ടികൾക്ക് നിർബന്ധമായും പ്രതിരോധകുത്തിവയ്പ് നടത്തുകയും അലഞ്ഞു നടക്കുന്ന തെരുവു പട്ടികളെ നശിപ്പിക്കുന്നതിനും അടിന്തിര നടപടി സ്വീകരിക്കണം.

പഞ്ചായത്തിലെ പൊതു കേന്ദ്രങ്ങളിൽ പൊതുകക്കൂസും മൂത്രപുരയും നിർമ്മിക്കണം.

7,9 വാർഡുകൾക്കായി പ്രതിരോധ കുത്തിവയ്പിനു വേണ്ടി ഒരു സ്ഥലം കണ്ടെത്തണം.

3,4 വാർഡുകൾക്കായി ഒരു ജീനിയർ പബ്ലിക് ഹെൽത്ത് നഴ്സിൻെറ പോസ്റ്റും അതിനുള്ള സബ്സെൻററും കൂടുതലായി കിട്ടുവാൻ അർഹതയുണ്ട്. അതിനുവേണ്ട നടപടി സ്വീകരിക്കണം.

പഞ്ചായത്തിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുകയും നല്ലതാണെന്നുറപ്പുവരുത്തുകയും ചെയ്യുക.

അറവുമാടുകളെ മൃഗഡോക്ടറെകൊണ്ട് പരിശോധിപ്പിക്കുകയും അനുമതി ലഭിച്ച അറവുമാടുകളെ മാത്രമേ കശാപ്പുചെയ്യുന്നുള്ളു എന്നും ഉറപ്പുവരുത്തുക.

പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിലുള്ള അറവു മാലിന്യങ്ങളും ചപ്പുചവറുകളും സംസ്ക്കരിക്കുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാക്കുക. കനോലികനാലിൻെറ തീരത്തും വെള്ളകെട്ടുള്ള ഭാഗങ്ങളിലും സ്ഥാപിച്ചിട്ടുള്ള കക്കൂസുകൾ അടിയന്തിരമായി മാറ്റിസ്ഥാപിക്കണം. പഞ്ചായത്ത് തൂപ്പുക്കാരിയുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുക. ഇപ്പോഴത്തെ ജനസംഖ്യയനുസരിച്ച് ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെകടറുടെ തസ്തിക കൂടുതലായി കിട്ടാനുള്ള അർഹതയുണ്ട്. അപ്പോൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കായി ആഫീസ് കണ്ടെത്തണം.

സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാമിന് കൂടുതലായി ഒരു ഡോക്ടറുടെ കൂടി സേവനവും P.H.Cയ്ക്ക് ഒരു വാഹനവും ലഭ്യമായാൽ ഈ ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലേയും കുട്ടികൾക്ക് ആരോഗ്യപരിശോധന നടത്താൻ കഴിയും.

തൊട്ടടുത്തുള്ള പഞ്ചായത്തിലെ ആശുപത്രികളായ കാട്ടൂർ, വലപ്പാട്, സി.എച്ച്.സി. പെരിഞ്ഞനം എന്നിവയിൽ നിലവിലുള്ളതിനേക്കാൾ മെച്ചമായ സൗകര്യം ഏർപ്പെടുത്തിയാൽ നമ്മുടെ പഞ്ചായത്തിനും അത് ഗുണകരമായിരിക്കും.

പ്രധാനമായും ഈ പഞ്ചായത്തിൽ I.C.D.S പ്രോജക്റ്റ് ആരംഭിക്കണം.

കേരള ആരോഗ്യവകുപ്പിന്റെ കീഴിൽ ചാമക്കാല പ്രാഥമിക ആരോഗ്യകേന്ദ്രത്തിലൂടെ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ

### I മാതൃശിശു സംരക്ഷണം

1.ഗൃഹസന്ദർശനത്തിലൂടെ പഞ്ചായത്തിലെ എല്ലാ ഗർഭിണികളെയും രജിസ്റ്റർ ചെയ്യുക.

2.എല്ലാ മാതാക്കൾക്കും ആരോഗ്യമുള്ള ശിശുക്കൾക്ക് ജനനം കൊടുക്കുന്നതിന് കഴിവുണ്ടാക്കുക.

3.ഗർഭദാരണം, പ്രസവം, ശിശുസംരക്ഷണം തുടങ്ങിയ കാര്യങ്ങളെ കുറിച്ച് ഗർഭിണികളെ ബോധമതികളാക്കുക.

4.നിർബന്ധമായും എല്ലാ ഗർഭിണികൾക്കും ടെറ്റനസിനെതിരെ പ്രതിരോധ കുത്തിവെയ്പ് നടത്തുക.

5.ഗർഭിണികൾക്ക് വിളർച്ച ബാധിക്കാതിരിക്കാൻ അയേൺഫോളിക് ആസിഡ് ഗുളികകൾ നൽകുക.

6.മാതാക്കളുടെയും ശിശുക്കളുടെയും ആരോഗ്യ പ്രശ്നങ്ങൾ ആരംഭത്തിൽ തന്നെ തിരിച്ചറിഞ്ഞ് പരിഹാരം നിർദ്ദേശിക്കുക.

7.ഗർഭിണിയിൽ അപകടകരമായ ലക്ഷണങ്ങൾ കണ്ടാൽ അവരെ അടുത്തുള്ള ആശുപത്രിയിലേയ്ക്ക് എത്തിക്കുക.

8.കുട്ടികളുടെയും അമ്മമാരുടെയും ഇടയിൽ പകർച്ചവ്യാധികൾ ഉണ്ടാകാതെ സൂക്ഷിക്കുക.

9.കുടുംബാസൂത്രണ മാർഗ്ഗങ്ങളെ പറ്റി വേണ്ട മാർഗ്ഗനിർദ്ദേശം നടത്തുക. അടുത്തടുത്ത പ്രസവം ഒഴിവാക്കാനും ഗർഭനിരോധന മാർഗ്ഗങ്ങൾ സ്വീകരിക്കുവാനും ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക. ഗർഭനിരോധന ഉറകൾ, ഗുളികകൾ തുടങ്ങിയവ വിതരണം നടത്തുക.

10.കുടുംബാസൂത്രണ പരിപാടികൾ വഴി കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യം സുരക്ഷിതമാക്കാൻ കഴിയും.

11.ഒരു വയസ്സിനു താഴെയുള്ള എല്ലാ കുട്ടികൾക്കും B.C.G ഡി.പി.റ്റി., ഓറൽ പോളിയോ, മസിൽസ് എന്നീ പ്രതിരോധ കുത്തിവയ്പുകൾ നടത്തുക.

12.ഒരു വയസ്സിനും 2 വയസ്സിനും ഇടയിലുള്ള കുട്ടികൾക്ക് ബി.ട്ടി.പി. ഓറൽ പോളിയോ എന്നീ കുത്തിവയ്പുകളുടെ ഒരു ബൂസ്റ്റർ ഡോസ് നൽകുക.

13.ഒൻപത് മാസത്തിനും 3 വയസ്സിനും ഇടയിലുള്ള കുട്ടികൾക്ക് 6 മാസം ഇടവിട്ട് (5 പ്രാവശ്യം) വിറ്റമിൻ മരുന്നുകൾ നൽകുക.

14.5 വയസ്സിനു താഴെയുള്ള വിളർച്ച ബാധിച്ച കുട്ടികൾക്ക് അയൺ - ഫോളിക് ആസിഡ് ഗുളികകൾ നൽകുക.

15.5 വയസ്സ് പ്രായമായ കുട്ടികൾക്ക് ഡിഫ്ത്തീരിയ, ടെറ്റനസ്സ്, ടോക്ക്സോയിഡ് എന്നീ കുത്തിവെപ്പുകൾ നടത്തുക.

16.5 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് വയറിളക്ക ബാധയുണ്ടാകുമ്പോൾ വേണ്ട ഉപദേശവും O.R.S. മരുന്നും നൽകുക.

17.കുട്ടികൾക്ക് ന്യൂമോണിയ ബാധിച്ചാൽ വേണ്ട ചികിത്സ നേടാൻ വേണ്ട ഉപദേശങ്ങൾ നൽകുക.

### II വിദ്യാലയങ്ങളിലെ ആരോഗ്യപരിശോധന

നാലാം ക്ലാസ്സ് വരെയുള്ള എല്ലാ വിദ്യാർത്ഥികളെയും ആരോഗ്യപരിശോധന നടത്തുകയും രോഗമുള്ള വരെ കൂടുതൽ ചികിത്സക്കായി അടുത്തുള്ള മെച്ചപ്പെട്ട ആശുപത്രികളിലേക്ക് പറഞ്ഞയക്കുകയും ചെയ്യുക.

5-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ ആരോഗ്യപരിശോധന നടത്തുക. 5ഉം 10ഉം ക്ലാസ്സുകളിലെ കുട്ടികൾക്ക് ടെറ്റനസിനെതിരായി പ്രതിരോധ കുത്തിവെയ്പ് നടത്തുക. പഞ്ചായത്തിലെ ക്ഷയം, കുഷ്ഠം എന്നീ രോഗങ്ങൾ ബാധിച്ചവരെ 3 മാസത്തിലൊരിക്കൽ വിദഗ്ദ്ധ ചികിത്സക്ക് വിധേയരാക്കുക.

എയിഡ്സ്, കാൻസർ, ഡെങ്കിപനി, എലിപനി മുതലായ മാരകരോഗങ്ങൾക്കെതിരെ ശിൽപ ശാലയും ബോധവൽക്കരണ സെമിനാറും നടത്തുക.

**III ദേശീയ ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുക**

1. ദേശീയ മലേറിയ നിർമ്മാർജന പരിപാടി
2. ദേശീയ കുഷ്ഠരോഗ നിർമ്മാർജന പരിപാടി
3. ദേശീയ ക്ഷയരോഗ നിന്ത്രണ പരിപാടി
4. ദേശീയ അന്ധത നിവാരണ പരിപാടി
5. ദേശീയ ഗോയിറ്റസ് നിയന്ത്രണ പരിപാടി
6. ദേശീയ വയറിളക്ക നിയന്ത്രണ പരിപാടി
7. ദേശീയ എയിഡ്സ് നിനയത്രണ പരിപാടി
8. ദേശീയ വാട്ടർ സപ്ലൈ സാനിറ്റേഷൻ പരിപാടി
9. ദേശീയ ടിക്കോമ നിയന്ത്രണ പരിപാടി തുടങ്ങിയ ദേശീയ പരിപാടികൾ ഗ്രാമ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക.

പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടി തുടങ്ങിയ പരിപാടികൾ നിർദ്ദേശാനുസരണം നടപ്പാക്കുക.

**IV ആരോഗ്യ വിദ്യാഭ്യാസവും പകർച്ച വ്യാധിയും തടയുക**

ജനങ്ങളെ അവരുടെ ആരോഗ്യപ്രശ്നങ്ങളെ പറ്റി ബോധവാൻമാരാക്കുകയും അവ പരിഹരിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുക.


വ്യക്തി ശുചിത്വം, ഗൃഹശുചിത്വം, ശുദ്ധജലം, പരിസരശുചീകരണ, വയറിളക്ക്, അതിസാരരോഗങ്ങൾ, കക്കൂസ് ഉപയോഗിക്കേണ്ടതിൻെറ ആവശ്യകതയും ഇവടെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുന്നതിനുവേണ്ടിസൗജന്യ ബോധവൽക്കര ക്ലാസ്സുകൾ നടത്തുക.

**V സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.**

**എടത്തിരുത്തി ഗ്രാമപഞ്ചായത്ത്**

**പൊതുകിണറുകൾ**

| | | |
|---|---|---|
| 1 | ചൂലൂർ സെൻറർ കിണർ | I |
| 2 | ചൂലൂർ സെൻറർ കിണർ | I |
| 3 | ചൂലൂർ സി.ടി.വി സെൻറർ കിണർ | I |
| 4 | ചൂലൂർ ലക്ഷം വീട് കോളനികിണർ | I |
| 5 | എസ്.എൻ.വി.എൽ.പി. സ്കൂൾ കിണർ | I |
| 6 | പാമ്പൂരി പേങ്ങൻ പരിസരം കിണർ | II |
| 7 | വള്ളുവൽതറ റോഡിലെ കിണർ | II |
| 8 | കല്ലുംകടവ് കിണർ | II |
| 9 | സെറ്റിൽമെൻറ് കോളനി കിണർ | III |
| 10 | പനക്കൽ സെൻറർ കിണർ | III |
| 11 | കെ.കെ. വിജയൻ-പരിസര കിണർ | III |
| 12 | കോലത്തുംകാട്ടിൽ പുരുഷൻ പരിസരം കിണർ | III |
| 13 | എടത്തിരുത്തി എസ്.എൻ.വി.എൽ.പി സ്കൂൾ കിണർ | IV |
| 14 | ചാമക്കാല സെൻറർ പരിസരം കിണർ | VI |
| 15 | ചാമക്കാല ലക്ഷം വീട് കോളനി കിണർ | VI |
| 16 | കൊല്ലാറ ഗംഗാധരൻമാസ്റ്റർ വീടുപരിസരം | V |
| 17 | പെരുമ്പടപ്പ് യു.പി. സ്കൂൾ പരിസരം | VIII |
| 18 | എസ്.ആർ.വി. സ്കൂൾ കിണർ | IX |
| 19 | ഹരിജൻ കോളനി പരിസരം കിണർ | IX |
| 20 | മദ്രസ്സ സ്കൂൾ പരിസരം കിണർ | X |
| 21 | ചെന്ത്രാപ്പിന്നി ഹൈസ്ക്കൂൾ കിണർ | X |
| 22 | ചെന്ത്രാപ്പിന്നി യു.പി.എസ് കിണർ | X |
| 23 | തെക്കെ കയ്യാലപറമ്പ് കിണർ | XI |
| 24 | വടക്കേകയ്യാലപറമ്പ് കിണർ | XI |
| 25 | ചാണാടി പരിസരം കിണർ | XI |
| 26 | 9-ാം വാർഡ് ലക്ഷം വീട് കിണർ | IX |
| 27 | പി.വി. അബ്ദുൾ റഹിമാൻ പരിസരം | XI |
| 28 | മണ്ണാംപറമ്പ് കിണർ | XI |
| 29 | കുട്ടമംഗലം പരിസരം കിണർ | II |



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഇന്ത്യൻ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും മദ്രാസ് സംസ്ഥാനത്തിൻെറ ഭാഗമായിരുന്ന മലബാർ പ്രദേശത്തിൻെ തെക്കു ഭാഗത്തുള്ള നമ്മുടെ പഞ്ചായത്ത് പ്രദേശത്തിനും വികസന കാര്യത്തിലുള്ള അവഗണനയുടെ കൂച്ചുവിലങ്ങ് 1956 നവം. 1ന് ഉണ്ടായ കേരള പിറവിയോടെ പൊട്ടിത്തകരുകയായിരുന്നു. ഈ കാലഘട്ടത്തിൽ വാഹന ഗതാഗതങ്ങൾക്കുതകുന്നതും വികന പ്രക്രിയകൾക്ക് ആക്കം കൂട്ടുന്നതുമായ പല വിധത്തിലുള്ള നിരവധി റോഡുകൾ മിന്നൽ പിണരുപോലെ ചെറുതും വലുതുമായി ഉണ്ടായിട്ടുണ്ട്. അവഗണനയ്ക്കെതിരെ രാജ്യത്തുടനീളം നടന്നിരുന്ന പ്രക്ഷോപ സമരങ്ങൾക്കിടയിലാണ് മലബാർ ഡിസ്ട്രിക്ട് ബോർഡ് ഭരണത്തിൽ ജനപ്രതിനിധികൾ അധികാരത്തിലെത്തിയത്. ഇന്നത്തെ എൻ.എച്ച്. 17 ടിപ്പുസുൽത്താൻ റോഡ് പൂഴിറോഡായിരുന്നതിൽ ചുവന്ന മണ്ണിട്ടത് അക്കാലത്തായിരുന്നു. ആ കാലട്ടത്തിൽ പ്രസ്തുത റോഡിൽകൂടി ഒറ്റക്കാളവണ്ടിയും പിന്നീട് നാലുചക്രവാഹനവും ഇഴഞ്ഞു നീങ്ങിയിരുന്നത് അതിശയോക്തിയോടു കൂടി പൊതുജനം നോക്കി നിന്നിരുന്നു. പിന്നീട് വർഷങ്ങൾക്കു ശേഷം എടമുട്ടത്തു നിന്ന് ഒരു ചെറിയ റോഡു നിർമ്മിച്ച് എടത്തിരുത്തിയുമായി ഗതാഗതബന്ധം നടപ്പിലാക്കിയത് 1957-ലെ ഇ.എം.എസ് ഗവൺമെൻറിൻെറ ഭരണകാലത്തായിരുന്നു. ബഹു. പൊതുമരാമത്ത് മന്ത്രി മജീത് എടമുട്ടത്തുനിന്ന് എടത്തിരുത്തിയിൽ നടന്നെത്തി മേൽ പറഞ്ഞ റോഡ് പണിയ്ക്ക് അനുമതിയും പ്രോത്സാഹനവും നൽകിയത് സന്തോഷത്തോടെ സ്മരിക്കുകയാണ്.

ഇന്നത്തെ അവസ്ഥയിൽ ചെറുതും വലുതുമായ നിരവധി റോഡുകൾ ഗതാഗത സൗകര്യങ്ങൾക്കായി നമ്മുടെ പഞ്ചായത്തിൽ രൂപീകൃതമായിട്ടുണ്ട്. ഇത്തരം മാറ്റങ്ങൾ ഉണ്ടാക്കാൻ ഇടയായ സാഹചര്യം സൃഷ്ടിച്ചത് ജനപങ്കാളിത്തത്തോടെയുള്ളപ്രവർത്തനങ്ങൾ മൂലമാണ്. ഇത്രയും റോഡുകൾ നിർമ്മിച്ചത് പൊതുജനങ്ങൾ സ്വയം ലാഭേച്ഛയില്ലാതെ സ്ഥലങ്ങൾ വിട്ടുകൊടുക്കുകയും പലയിടങ്ങളിൽ ശ്രമദാനങ്ങൾ സംഘടിപ്പിച്ചുമാണ് എന്ന് എടുത്തുപറയേണ്ടതാണ്. എടത്തിരുത്തി ആർ.സി. ചർച്ച് റോഡിൽ ഉദ്ദേശം 50 മീറ്റർ നീളത്തിലും ഒന്നരമീറ്റർ വീതിയിലും ഉള്ള സ്ഥലം മാത്രമാണ് റോഡുണ്ടാക്കാൻ പഞ്ചായത്തിൽ നിന്ന് വിലയ്ക്കെടുത്തിട്ടുള്ളതെന്ന് അംഗീകരിക്കേണ്ട വസ്തുതയാണ്. ബാക്കി സ്ഥലങ്ങളത്രയും ജനങ്ങൾ റോഡിനു വേണ്ടി വിട്ടുൽകുകയും റോഡുപണിയുടെ ചെലവിൻെറ മുക്കാൽ ഭാഗവും ശ്രമദാനത്തിൻെയും ഭാഗമായാണ് നടത്തിയതെന്നു കാണാം.

എടത്തിരുത്തി ഗ്രാമപഞ്ചായത്ത് N.H. 17, P.W.D. റോഡുകളും ബ്ലോക്ക് ഫണ്ടിൽ പണിതീർത്ത

റോഡുകൾക്കു പുറമേ പഞ്ചായത്ത് ഫണ്ട്, ജെ. ആർ.വൈ. ഫുഡ്ഫോർ വർക്ക്, R.L.E.G.P അൺടൈഡ് ഫണ്ട്, M.L.A. ഫണ്ട് എന്നീ വിവിധ വകുപ്പുകളിൽ നിർമ്മിച്ച റോഡുകൾ നിലവിലുണ്ട്. ഇതിൽ N.H. 17-ൽ ഒന്നര കിലോമീറ്ററും P.W.D സ്കീമിൽ എട്ടര കിലോമീറ്ററും റോഡുകൾക്കു പുറമെ 24 ചെറുതും വലുതുമായ റോഡുകൾ പഞ്ചായത്തിൽ മറ്റു പദ്ധതികളിൽ കൂടിയും ടാറിട്ട് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ടാറിട്ട റോഡുകൾ തകർന്നടിഞ്ഞ് പലതും വാഹന സഞ്ചാരയോഗ്യമല്ലാതായിട്ടുണ്ട്. ടാറിടാത്ത മെറ്റലിങ്ങ്-സോളിങ്ങ് എന്നിവ നടത്തിയ നാലു റോഡുകൾ ഏറെയുണ്ട്. ഗ്രാവൽ റോഡുകൾ പലതും ഓരോ വാർഡിലും ടാറിങ്ങ് നിർമ്മാണം കാത്തു കഴിയുന്നയുമാണ്. ഫോർമേഷൻ നടത്താത്ത പല പോക്കറ്റു റോഡുകളും പിന്നേയുമുണ്ട്. എല്ലാ റോഡുകളും സമയാസമയങ്ങളിൽ നിർമ്മിക്കുകയും മെയിൻറനൻസ് നടത്തി സംരക്ഷിക്കാനും നമ്മൾക്ക് കഴിയുന്നില്ല. അതു നിമിത്തം റോഡുകൾ പലതുമുണ്ടെങ്കിലും തന്നെ ഗ്രാമത്തിലെ ജനങ്ങളുടെ യാത്രാ സൗകര്യങ്ങൾ വേണ്ടത്ര നിർവ്വഹിക്കാൻ കഴിയുന്നില്ല. വേണ്ടതുപോലെ റോഡു നിർമ്മാണം തന്നെ പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ട് വർഷകാലങ്ങളിൽ പ്രത്യേകിച്ചും നടക്കാൻ പോലും കഴിയാത്ത സ്ഥിതിയാണുള്ളത്. ഈ സ്ഥിതി അനുഭവിക്കുന്നത് കൂടുതലായും പുഴയോര വാർഡുകളായ 2-3-4-5-11 വാർഡുകളിലെ ഗ്രാവൽ റോഡുകളാണ്. പഞ്ചായത്തിൻെറ ഭൂപ്രകൃതിയാണ് ഇതിനു കാരണമാകുന്നത്. പുഴയോരം വെള്ളത്തിൻെറ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. പ്രധാനമായും നമ്മുടെ പഞ്ചായത്ത് പ്രദേശം മേപ്പുറം ബൽറ്റ്, താഴ്ന്ന പ്രദേശം എന്നിവ കൂടാതെ ഏകദേശം മദ്ധ്യഭാഗത്ത് വയൽ പ്രദേശങ്ങളും, വയൽ നികത്തി വരുന്ന (പുഞ്ചപാടങ്ങൾ) പ്രദേശങ്ങളുമാണ്. ഇതിൽ മേപ്പുറം പ്രദേശം വെള്ളക്കെട്ടിൻെറ വിഷമം താരതമ്യേന കുറവാണെങ്കിലും മഴവെള്ളം ഒഴിഞ്ഞുപോകാൻ ചില തടസ്സങ്ങളുള്ളതുകൊണ്ട് അവിടേയും പോക്കറ്റു റോഡുകളിൽ വർഷക്കാലങ്ങളിൽ വെള്ളക്കെട്ടുകൊണ്ട് പ്രയാസമുണ്ട്.

പ്രധാനമായും നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഇടക്കാലത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന ചെറുതും, ഇടത്തരം റോഡുകളും കാലവർഷങ്ങളിൽ മഴവെള്ളം ഒഴിഞ്ഞു പോകുകയും കാൽനട സഞ്ചാരവും നടത്തുന്ന "തോടു-റോഡു"കളാണ്. മഴവെള്ളം ഒഴിഞ്ഞു പോകുന്നതിന് നീർച്ചാലുകൾ ഉണ്ടാകാതിരിക്കുകയും, യഥേഷ്ടം ലഭിക്കുന്ന വില കുറഞ്ഞ ചെമ്മണ്ണുകൊണ്ട് നിർമ്മാണം നടത്തുകയും ചെയ്യുമ്പോൾ വെള്ളക്കെട്ടുമൂലം ഇത്തരം റോഡുകൾ ചെളി കെട്ടി സഞ്ചാരയോഗ്യമല്ലാതായിത്തീരുന്നു. റോഡുനിർമ്മാണത്തിലെ അശാസ്ത്രീയതമൂലം ടാറിട്ട റോഡുകൾ പോലും കാലയളവുകൾക്കുള്ളിൽതന്നെ യാത്രായോഗ്യമല്ലാതെയായിത്തീരുന്നു. റോഡ് എന്നാൽ-റോഡ് + ഫുട്പാത്ത് + ഡ്രെയിനേജ് എന്ന് കണക്കാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. റോഡുകളുടെ യഥാർത്ഥ പ്രയോജനം ലഭിക്കണമെങ്കിൽ ഈ തരത്തിലുള്ള റോഡ് നിർമ്മാണം വ്യാപകമാക്കണം. ഫുട്പാത്ത് എന്നത് ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിൽ പ്രാവർത്തികമാക്കാൻ വിഷമമുണ്ടെങ്കിലും കാന നിർമ്മാണം തീർത്തും പ്രായോഗികമാക്കാൻ സാധിക്കും. എന്നാൽ പേരിനുമാത്രം സർദാർ സെക്കൻറ്-റിച്ച് റോഡിലും, എടത്തിരുത്തി E.K.Cറോഡിലെയും കാന നിർമ്മിച്ചത് തകർന്നടിഞ്ഞ് ഉപയോഗയോഗ്യമല്ലാതായി തീർന്നിരിക്കുകയാണ്. റോഡു നിർമ്മാണ സമയത്തുതന്നെ വെള്ളം ഒഴിച്ചു വിടുന്നതിന് സഹായകമായ രീതിയിൽ ശ്രദ്ധിക്കാൻ കഴിഞ്ഞിട്ടില്ല. ടാറിട്ടു കഴിഞ്ഞിട്ടുള്ള അത്തരം റോഡുകളിൽ പ്രത്യേകിച്ചും മുരിയാംതോട്, ഇ. കെ.സി റോഡ്, പൈനൂർ-പല്ലകുട്ടമംഗലം റോഡ്, കുട്ടമംഗലം ഫ്രൻസ് റോഡ്, ലിങ്ക് റോഡ്, R.C. ചർച്ച് റോഡ്, എടത്തിരുത്തി മാർക്കറ്റ് റോഡ്, മധുരംപിള്ളി റോഡ്, പറയംകടവ് റോഡ്, ജവഹർ റോഡ്, എരിക്കൽ റോഡ്, സർദാർ റോഡ്, ചാമക്കാല ബീച്ച് റോഡ്, ചാമക്കാല ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ്, 17-ാം കല്ല് റോഡ്, A.P മേനോൻ റോഡ്, സർദാർ സെക്കൻറ് റിച്ച് റോഡ്, ഇംഗ്ലീഷ് മീഡിയം റോഡ്, ശ്രീമുരുക റോഡ്, കണ്ണനാംകുളം ടെമ്പിൾ റോഡ്, കോഴിത്തുമ്പ് റോഡ്, ഓൾഡ് പോസ്റ്റാഫീസ് റോഡ്, ഉപ്പും തുരുത്തി റോഡ് എന്നീ 26 ടാറിംഗ് നടത്തിയ റോഡുകളുടേയും ആവശ്യമായ സ്ഥലങ്ങളിൽ കാനകെട്ടി സംരക്ഷിക്കേണ്ടതാണ്. P.W.Dഏറ്റെടുത്തിട്ടും ഈസ്റ്റ് ടിപ്പു സുൽത്താൻ റോഡിൻെറയും, വെസ്റ്റ് ടിപ്പു സുൽത്താൻ റോഡിൻെറയും സ്ഥിതികൾ വ്യത്യസ്ഥമല്ല. നമ്മുടെ പഞ്ചായത്തിൽ പൂർണ്ണമായോ ഭാഗികമായോ മെറ്റലിങ്ങും, സോളിങ്ങും നടത്തിയിട്ടുള്ള കല്ലുങ്ങൽക്കടവ് റോഡ്, എരാക്കൽ അയ്യപ്പൻകാവ് ടെമ്പിൾ റോഡ്, കോഴിത്തുമ്പ്

റോഡ്, കൈസാബ് റോഡ് എന്നിവയുടെയും സ്ഥിതിയും മേൽ പറഞ്ഞതുപോലെ തന്നെ.

യാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പല പോക്കറ്റ് റോഡുകളും ജനപരിശ്രമത്തിൽ നിർമ്മാണ ഘട്ടത്തിലാണ്. ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്നിട്ടുള്ള എല്ലാ നിർദ്ദേശങ്ങളുടേയും പ്രത്യേകം റോഡ് രജിസ്റ്റർ ഉണ്ടാക്കി വാർഡ് അടിസ്ഥാനത്തിൽ മുൻഗണന ക്രമത്തിൽ പ്രാവർത്തികമാക്കേണ്ടതാണ്.

റോഡുകളുമായി ബന്ധപ്പെട്ട് ഉപ്പും തുരുത്തി, പറയൻകടവ്, മധുരം പിള്ളികടവ്, അഴിമാവ്കടവ്, കല്ലുങ്ങൽ കടവ്, കുഴിക്കൽ കടവ് എന്നീ ആറ് ട്രാഫിക് പാലങ്ങൾ ഉണ്ടാക്കേണ്ടതാണ്. എടത്തിരുത്തി ബസാറിൽ നിലവിലുള്ള ഫുട്പാത്ത് പാലവും പുനർനിർമ്മാണം നടത്തേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ മുൻഗണനാ ലിസ്റ്റ് പ്രകാരം നിർമ്മാണ പ്രവർത്തനം നടത്തേണ്ട റോഡുകൾ ഇവയാണ്.

**1-ാം വാർഡ്**

1. കടലായിക്കുളം റോഡ്
2. രാമൻ മെമ്മോറിയൽ റോഡ്
3. വിളമ്പൻ റോഡ്
4. വെൽഫയൽ റോഡ്
5. ജയാനന്ദൻ മോമ്മോറിയൽ റോഡ്
6. ബേബി റോഡ്
7. മദ്രസ്സ റോഡ്
8. പയച്ചോട് റോഡ്
9. പുതുപറമ്പൻ റോഡ്

**2-ാം വാർഡ്**

1. കുഴിക്കൽക്കടവ്-വള്ളുവന്തറ റോഡ്
2. പൂക്കോട് ടെമ്പിൾ റോഡ്
3. കല്ലുങ്ങൽക്കടവ് റോഡ്
4. ഫ്രൻസ് റോഡ്
5. അയ്യാൻപടി റോഡ്
6. പുളിക്കലമ്പലം റോഡ്
7. ചൂലൂർ-കുട്ടമംഗലം റോഡ്
8. അയ്യൻ പടി കോളനി റോഡ്
9. അയ്യപ്പൻ കാവ് ടെമ്പിൾ ഹരിജൻ കോളനിറോഡ്
10. പല്ല-ചൂലൂർ റോഡ്

**3-ാം വാർഡ്**

1. മുനയം റോഡ്
2. കനാൽ റോഡ്
3. ശാസ്ത്രി റോഡ്
4. പൊട്ടക്കടവ് റോഡ്
5. പണിക്കശ്ശേരിക്കടവ് റോഡ്
6. അയ്യപ്പൻകാവ് ടെമ്പിൾ റോഡ്
7. എടത്തിരുത്തി P.W.D. സർദാർ സ്മാരക റോഡ്

**4-ാം വാർഡ്**

1. എരാക്കൽ റോഡ്
2. കൊറ്റായി അബ്ദുൾഖാദർ മെമ്മോറിയൽ റോഡ്
3. കമ്മായി റോഡ്
4. പുഴയോര റോഡ്
5. ചാലിശ്ശേരി റോഡ്
6. കമ്മായി പറയൻ കടവ് റോഡ്
7. ബോട്ട് കടവ് കോളനി റോഡ്.

**5-ാം വാർഡ്**

1. എടത്തിരുത്തി ഫ്രൻസ് റോഡ്
2. എടത്തിരുത്തി സർദാർ-പട്ടരത്തിക്കാപ്പ് വെസ്റ്റ് റോഡ്
3. രാമകൃഷ്ണൻ റോഡ് (കുരിശുപള്ളി വരെ)
4. അയിനിച്ചോട് റോഡ്
5. കുരിശുപള്ളി കുറാന്തോട് റോഡ്.
6. വലിയാട്ടിത്തറ റോഡ്
7. ജവഹർ-കുരിശുപള്ളി (ഗാന്ധി) റോഡ്
8. കുട്ടപ്പനാശാരി റോഡ് (വെസ്റ്റ്)
9. ശങ്കരനാരായണൻ വൈദ്യർ സ്മാരക റോഡ്
10. എടത്തിരുത്തി വെസ്റ്റ് എടമുട്ടം റോഡ്
11. എരാക്കൽ പർദാർ ലിങ്ക് റോഡ്

6-ാം വാർഡ്

1. ഗവൺമെൻറ് ഹൈസ്ക്കൂളിൻെറ പടിഞ്ഞാ ട്ടേക്കുള്ള റോഡ്
2. P.M.Aറോഡ്
3. ആമക്കുഴി റോഡ്
4. ബീച്ച് സൗത്ത് റോഡ്

7-ാം വാർഡ്

1. A.Pമേനോൻ റോഡ്
2. അബ്ദുസാഹിബ് മെമ്മോറിയൽ റോഡ്
3. മനോജ് റോഡ്
4. ചാമക്കാല കോളനി റോഡ്
5. വില്ലേജ് ഓഫീസ് റോഡ്

7-ാം വാർഡ്

1. മണ്ഡലാക്കൽ റോഡ്
2. പെരുമ്പടപ്പ് റോഡ്
3. നേതാജി റോഡ്

8-ാം വാർഡ്

1. T.Mറോഡ്
2. സർദാർ-എടമുട്ടം ലിങ്ക് റോഡ്
3. ചിത്തിര റോഡ്
4. കൈസാബ് റോഡ്
5. ശ്രീനാരായണ റോഡ്
6. 17-ാം കല്ല് ഈസ്റ്റ് റോഡ്
7. ഓൾഡ് പോസ്റ്റ് ഓഫീസ് സർദാർ ലിങ്ക് റോഡ്

9-ാം വാർഡ്

1. ഹൈസ്ക്കൂൾ റോഡ്
2. S.R.Vറോഡ്
3. ഇംഗ്ലീഷ് മീഡിയം
4. ശ്രീമുരുക റോഡ്
5. മൈത്രി റോഡ്

10-ാം വാർഡ്

1. കണ്ണനാംകുളം ടെമ്പിൾ ഹരിജൻ കോളനി റോഡ്
2. കപ്പൽ റോഡ്
3. രാമൻ കുളം റോഡ്
4. രാമൻതളി റോഡ്
5. തേവർ തോട് റോഡ്
6. കൂട്ടാലപറമ്പ് റോഡ്
7. പട്ടോട് റോഡ്
8. അയ്യപ്പൻ കാവ് റോഡ്
9. കണ്ണനാംകുളം സൗത്ത് റോഡ്
10. മാരാർ റോഡ്
11. ചിറക്കൽ പള്ളി റോഡ്

11-ാം വാർഡ്

1. കയ്യാലപ്പറമ്പ് റോഡ്
2. കോഴിത്തുമ്പ് റോഡ്
3. കണക്കൻക്കടവ് റോഡ്
4. മാവും വളവ് റോഡ്
5. മഠത്തിക്കുളം റോഡ്
6. കോളനി റോഡ്
7. കണക്കൻക്കടവ് ലിങ്ക് റോഡ്
8. R.Cചർച്ച് റോഡ്
9. ഓൾഡ് മദ്രസ്സ റോഡ്
10. പുളിക്കൻ റോഡ്

എന്നാൽ P.W.D ഏറ്റെടുത്തിട്ടുള്ള എടത്തിരുത്തി - എടമുട്ടം റോഡും, ചാമക്കാല - വെസ്റ്റ് - ടിപ്പുസുൽത്താൻ റോഡും N.H17 ടിപ്പു സുൽത്താൻ റോഡും, ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡും കാലാകാലങ്ങളിൽ മെയ്ൻറനൻസ് നടത്തി സംരക്ഷിച്ചുവരുന്ന റോഡുകളാണ്. പുളിച്ചോട് മുതൽ പള്ളിത്തോടുവരെയുള്ള ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡും ഇപ്പോൾ P.W.Dഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്. പ്രധാന ടാർ റോഡുകളെല്ലാം തന്നെP.W.Dഏറ്റെടുത്ത് സംരക്ഷിക്കേണ്ടതാണ്. കാലാകാലങ്ങളിൽ റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് ശ്രദ്ധകേന്ദ്രീകരിക്കേണ്ടതാണ്. പൊതുവെ ശോചനീയാവസ്ഥയിലുള്ള റോഡുകളുടെ സ്ഥിതി കൂടുതൽ മോശപ്പെടുത്തുന്ന രീതിയിലാണു വാട്ടർ അതോറിറ്റിക്കാരും, ടെലകോം

അധികൃതരും പല പ്രവർത്തനങ്ങൾ കൊണ്ട് ചെയ്യുന്നത്. പുതുതായി റോഡു നിർമ്മാണങ്ങൾ കഴിഞ്ഞതിനു ശേഷമേ പലപ്പോഴും ഈ രണ്ടു വകുപ്പുകളും അവരുടെ വർക്കുകൾ നടത്താറുള്ളൂ. അനന്തരഫലമോ റോഡുകൾ കുത്തിപ്പൊളിക്കുകയും വഴിപാടു പോലെ അവ മൂടി രക്ഷപ്പെടുകയും ചെയ്യുന്ന ഇവർ മഴക്കാലങ്ങളിൽ റോഡിൽ ചതിക്കുഴികൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് റോഡു നിർമ്മാണഘട്ടങ്ങളിൽ തന്നെ ഈ വകുപ്പുകളുമായി ബന്ധപ്പെട്ട വർക്കുകൾ സമന്വയിപ്പിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തങ്ങൾ നടത്താൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. അതിനുവേണ്ടി പഞ്ചായത്തിൻെറ അനുമതിയോടെ മാത്രമെ റോഡുകൾ പൊളിച്ചുപണികൾ നടത്താൻ പാടുള്ളൂ.

യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി ഇപ്പോൾ സർവ്വെ നടപടിയിലിരിക്കുന്ന തീരദേശ റയിൽവേ അടിയന്തിരമായും പ്രായോഗികമാക്കേണ്ടതാണ്.

# ഊർജ്ജം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഊർജ്ജത്തെ പൊതുവായി ഗാർഹികം, കാർഷികം, വാണിജ്യ വ്യവസായം എന്നിങ്ങനെ തരംതിരിക്കാം. പഞ്ചായത്ത് രൂപീകരിച്ച് വർഷങ്ങൾക്ക് ശേഷമാണ് വൈദ്യുതി വിതരണം പോലുള്ള ഊർജ്ജ വിതരണം ഇവിടെ ലഭ്യമായത്.

## ഗാർഹികം

പണ്ടുമുതൽക്കെ ഓരോ കുടുംബത്തിനും ആവശ്യമായ വിവിധതരം ഊർജ്ജങ്ങളായി ഉപയോഗിച്ചിരുന്ന വിറക്, കൊട്ടെണ്ണ, മരോട്ടി എണ്ണ, എന്നിവയായിരുന്നു. ഇത്രയും ഊർജ്ജ സ്രോതസ്സുകൾ കാലാകാലമായി പ്രാദേശികമായി തന്നെയാണ് സ്വരൂപിച്ചിരുന്നത്. ഓരോ കുടുംബത്തിലേയും രാവിലെ ആരംഭിക്കുന്ന പാചക ആവശ്യങ്ങൾക്ക് മുഖ്യമായ വിറക്. കാർഷിക ഉപോൽപന്നങ്ങളിൽ നിന്നും, ചാണകവരടി പോലുള്ളവയും ഇന്ധനമായി ഉപയോഗിക്കുകയും സംഭരിക്കുകയും ചെയ്തിരുന്നു.

കാലത്തിൻേറയും ശാസ്ത്ര പുരോഗതിയുടേയും വളർച്ചക്കനുസൃതമായി ഗാർഹിക ഊർജ്ജ സ്രോതസ്സുകളിലും മാറ്റം വന്നു. തുടർന്ന് വൈദ്യുതിയുടേയും, പാചകവാതകങ്ങളുടേയും ലഭ്യതയും പ്രചാരണവും വിപുലമായതോടെ അടുക്കളയിൽ ഈ മാറ്റം വിറകിൽ നിന്ന് മണ്ണെണ്ണയായും, വൈദ്യുതിയായും, പാചകവാതകമായും കാലാനുസരണം മാറി. എന്നാൽ നിലവിൽ ലഭ്യമായിരുന്ന ഈ സ്രോതസ്സുകളുടെ അപര്യാപ്തതയും വിലവർദ്ധനവും ചെറുകിട സാധാരണക്കാരെ ഇവയിൽ നിന്നും അകറ്റി നിർത്തുകയും സാമ്പത്തികമായി ഉയർന്ന ഒരു ന്യൂനപക്ഷത്തിനു മാത്രം സാധ്യമാകുന്ന ഒന്നാക്കി മാറ്റുകയും ചെയ്തിരിക്കുന്നു. എന്നാൽ നമ്മുടെ ലഭ്യമായ മുഴുവൻ പാരമ്പര്യ കാർഷിക ഊർജ്ജസ്രോതസ്സുകളെ നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്താൽ ഈ രംഗത്ത് വലിയ പുരോഗതി നമുക്ക് നേടിയെടുക്കാൻ കഴിയും. കൂടാതെ കായികവും, സാമ്പത്തികവും മാനസികവുമായ ലാഭം ഏറെയാണ്. ഇതിനു പരിഹാരമായി എളുപ്പം സാധ്യമായതും സാമ്പത്തികസമയ ലാഭങ്ങൾ ഏറെയുള്ളതുമായ ചില നൂതന രീതികൾ ചുവടെ ചേർക്കുന്നു.

### 1. പുകയില്ലാത്ത അടുപ്പ്

നിലവിൽ ഉപയോഗിക്കുന്ന അടുപ്പിൻെറ മൂന്നിലൊരു ഭാഗം വിറകുകൊണ്ട് പാചകം സാധ്യമായ ഒന്നാണിത്. കൂടാതെ മനസ്സും, ജീവനും കരിപ്പിടിച്ച്, ജീവിതം കരുപ്പിടിപ്പിക്കുവാൻ ശ്രമിക്കുന്ന

കുടുംബിനികൾക്ക് ഇത് മോചനവും അനുഗ്രഹവുമാണ്.

### 2. ബയോഗ്യാസ്:

ചാണകവും, ചപ്പുചവറ്, മറ്റു മാലിന്യങ്ങളും ഉപയോഗപ്പെടുത്തി പാചകത്തിനും വെളിച്ചത്തിനും വേണ്ടിയുള്ള ഇന്ധനം കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കാവുന്നതാണ്. കൂടാതെ ഈ മാലിന്യങ്ങൾ ഉപയോഗത്തിനുശേഷം കൂടുതൽ മെച്ചപ്പെട്ട ജൈവവളങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കാം.

### 3. സൗരോർജ്ജ അടുപ്പും, വിളക്കും

എന്നും ലഭ്യമായതും എന്നാൽ ഏറെ സാധ്യതകൾ ഉള്ളതുമായ പ്രകൃതിയിൽ നിന്നുള്ള ഊർജ്ജ സ്രോതസ്സുകളെ കണ്ടെത്തി പരിപോഷിപ്പിക്കാൻ ഊന്നൽ നൽകണം. മേൽ പറഞ്ഞ സ്രോതസ്സുകളിൽ ഏറ്റവും പ്രധാനമായതും എന്നും മുറ്റത്ത് എത്തിച്ചേരുന്നതുമായ സൗരോർജ്ജം ഫലപ്രദമായി ഉപയോഗിക്കാം. പാചകത്തിന് ഉപയോഗിക്കുന്ന സൗരോർജ്ജ അടുപ്പ് തുലോം ചെലവു കുറഞ്ഞതും അറ്റകുറ്റപണികൾ വേണ്ടാത്തതുമായ ഏറെനേരം ചൂടാറാതെ ഭക്ഷണ സാധനങ്ങൾ സൂക്ഷിച്ചു വെയ്ക്കാൻ കഴിയുന്നതുമായ ഒന്നാണ്. കൂടാതെ വിവിധ ഏജൻസികളുടെ സാമ്പത്തിക സഹായ പദ്ധതികളിലൂടെ നടപ്പിലാക്കികൊണ്ടിരിക്കുന്ന സൗരോർജ്ജ യൂണിറ്റുകൾ സ്ഥാപിക്കുന്നതിലൂടെ സാധാരണ കുടുംബങ്ങളുടെ വൈദ്യുത ജലസേചന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ആണ്. ഈ പദ്ധതികൾക്ക് കേരളസർക്കാർ ഏജൻസിയായ 'അനർട്ടി'ൻേറയും, കേന്ദ്രപാരമ്പര്യേതര ഊർജ്ജ വകുപ്പിൻേറയും സാമ്പത്തിക സഹായവും സഹകരണവും ലഭ്യമാക്കേണ്ടതാണ്. ഇതിന് കൂടുതലായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനു വേണ്ടിയും ബദൽ ഊർജ്ജ സ്രോതസ്സുകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും സത്വരപരിശ്രമം ആരംഭിക്കേണ്ടതാണ്.

### കാർഷികം

നാട്ടിക ഫർക്കയുടെ നെല്ലറ എന്നു വിശേഷിപ്പിച്ചിരുന്ന എടത്തിരുത്തി ഗ്രാമപഞ്ചായത്ത് ഇന്ന് ആ പേരിന് തീരെ അർഹമല്ലാത്ത അവസ്ഥയിലാണ്. പേരിന് മാത്രം അങ്ങിങ്ങായി അൽപ്പം നെൽകൃഷി ഇപ്പോഴും നിലനിൽക്കുന്നു എന്നുമാത്രം. ഏറെ ഊർജ്ജം ആവശ്യമായ ഈ മേഖലയിൽ പണ്ട് നിലം ഉഴുത് ഒരുക്കുന്നതിന് കാലികളുടേയും, മനുഷ്യൻേറയും കായികോർജ്ജം ഏറെ ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ ഇന്ന് നിലം ഉഴുത് കളമൊരുക്കുന്നതിനും, വിത്തെറിയുന്നതിനും, ഞാറ് നടുന്നതിനും യന്ത്രവൽക്കരണം സാധ്യമായിരിക്കുന്നു. എന്നാൽ ഇത്തരത്തിലുള്ള ആധുനിക സാധ്യതകളും സാഹചര്യങ്ങളും ഉയർന്നു വന്നിട്ടും ഈ രംഗത്ത് ഏറെ മുരടിപ്പ് അനുഭവപ്പെടുന്നത് പഠനവിധേയമാക്കേണ്ടതും പരിഹരിക്കേണ്ടതുമാണ്.

### വാണിജ്യ വ്യവസായം

വാണിജ്യ വ്യവസായ രംഗത്തു വൻമുരടിപ്പിന് പ്രധാന കാരണങ്ങളിൽ ഒന്നാണ് ഊർജ്ജപ്രതിസന്ധി. എന്നാൽ രാജ്യത്തിൻേറയും ജനങ്ങളുടേയും സാമ്പത്തികവും തൊഴിൽപരവുമായ ഉന്നതിക്ക് അത്യന്താപേക്ഷിതമായ ഈ മേഖല ശക്തിപ്പെടേണ്ടതും, വളർച്ച പ്രാപിക്കേണ്ടതുമാണ്. എന്നാൽ വൈദ്യുതിക്കമ്മി വാണിജ്യവ്യവസായ മേഖലയെ പിറകോട്ടുവലിച്ചിടുന്നു. വൈദ്യുതേതര വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതും കാറ്റ്,തിരമാല, സൗരോർജ്ജം മുതലായ മേഖലകളിലെ സാധ്യതകൾ പരിശോധിച്ച് പ്രാവർത്തികമാക്കേണ്ടതുമാണ്.

എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണ് ചുവടെ ചേർക്കുന്നത്.

1. മുഖ്യ പ്രശ്നങ്ങൾ

a) വോൾട്ടേജ് ക്ഷാമം

b) തുടരെ തുടരെയുള്ള അപ്രഖ്യാപിത കട്ടുകൾ

c)വ്യാപകമായുള്ള സ്റ്റെപ്പ് അപ്പ് സ്റ്റെബിലൈസർ ഉപയോഗവും

d)വിറക് വിലവർദ്ധനവും

### സാധ്യതകൾ

കൂടുതൽ ലാഭകരമായ വിറകടുപ്പുകൾ സ്ഥാപിക്കുക, കച്ചിപ്പെട്ടി, പ്രഷർകുക്കർ, മുതലായവ കാര്യ ക്ഷമതേറിയ ഉപകരണങ്ങൾ പ്രചരിപ്പിക്കുക. വൈദ്യുതി ലൈനിൽ തട്ടുന്ന വൃക്ഷങ്ങൾ വെട്ടി മാറ്റുന്നതിന് വാർഡ് തലത്തിൽ ജനകീയസമിതികൾ രൂപീകരിക്കുക. പ്രശ്നങ്ങൾ ശക്തിപ്പെടുത്തുക. വൈദ്യുതി ഉപയോഗം കുറഞ്ഞ ഉപക

രണങ്ങൾ പ്രചരിപ്പിക്കുക, കാറ്റ്, സൗരോർജ്ജം. എന്നിവ വഴിയുള്ള ഉപകരണങ്ങൾ പ്രചരിപ്പിക്കുക.

**ഗ്രാമസഭാ ആവശ്യങ്ങൾ (വൈദ്യുതി)**

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും എല്ലാ ടാർ റോഡുകളിലും തെരുവു വിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

2. എല്ലാവർക്കും വൈദ്യുതി എത്തിക്കുക.

3. കോളനികൾ വൈദ്യുതീകരിക്കുക.

4. ഉപയോഗിക്കുന്ന വൈദ്യുതിക്കുമാത്രം ചാർജ് ഈടാക്കുക. സെൽഫ് മീറ്റർ റീഡിംഗ് സമ്പ്രദായം ഫലപ്രദമായി നടപ്പാക്കുക.

5. കേടുവന്ന മീറ്ററുകൾ, സ്റ്റേവയർ, സർവ്വീസ് വയർ എന്നിവ കാലാകാലങ്ങളിൽ സ്ഥാപിക്കുക.

6. പാവപ്പെട്ടവർക്കുള്ള കുടിൽ ജ്യോതി മുതലായ പദ്ധതികൾ നടപ്പിലാക്കുക.

7. വലപ്പാട് സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കുക.

8. ആവശ്യമായ ഇടങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക.

9. കാർഷിക-വ്യവസായിക ആവശ്യത്തിനു മുൻഗണന നൽകുക.

10. എരിഞ്ഞുതീരുന്ന തെരുവു വിളക്കുകളിൽ പകരം ബൾബുകൾ ഇടാൻ പ്രദേശികമായി സംവിധാനം ഉണ്ടാക്കുക.

11. വൈദ്യുതി ഉപഭോക്താക്കൾക്കു ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

12. ഉപയോക്താക്കളുടെ ആവശ്യങ്ങളും പരാതികളും കേൾക്കാനും പരിഹാരം കണ്ടെത്താനും മാസത്തിൽ ഒരിക്കൽ നിശ്ചിതസ്ഥലങ്ങളിലും സമയങ്ങളിലും എഞ്ചിനീയറെ പങ്കെടുപ്പിക്കാൻ സംവിധാനമുണ്ടാക്കുക.

13. കേരളത്തിന്റെ പരിസ്ഥിതിക്കും ജീവിതാവസ്ഥയ്ക്കും യോജിച്ച വൈദ്യുതപദ്ധതികൾക്ക് ആവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ കാലതാമസം കൂടാതെ കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കുക.

14. കാർഷിക വ്യാവസായിക മേഖലയിൽ വൈദ്യുതി ചാർജിൽ ഇളവ് അനുവദിക്കുക.

15. മത്സ്യതൊഴിലാളികൾക്കു വഴികാട്ടുന്നതിന് ചാമക്കാല കടപ്പുറത്തു വിളക്കുമാടം സ്ഥാപിക്കുക.

**1.28 ഏറ്റെടുത്ത ജെ.ആർ.വൈ പണികൾ സംമ്പന്ധിച്ച വിവരങ്ങൾ Ref. JRY. work Reg. 95.96**

| ക്രമ നമ്പർ | പണിയുടെ പേര് | ജനറൽ | | SC/ST | |
|---|---|---|---|---|---|
| | | എസ്റ്റിമേറ്റ് തുക | നൽകിയത് | എസ്റ്റിമേറ്റ് തുക | നൽകിയത് |
| 1 | 4 വീടുകളുടെ പണി | | | 63,200 | 62,000 |
| 2 | ചെന്ത്രാപ്പിന്നി ചാമക്കാല റോഡ് മെയിന്റൻസ് | 83,100 | 8,3100 | | |
| 3 | കമ്മായി റോഡ് ഇംപ്രൂവ്മെന്റ്സ് | 25,000 | 25,000 | | |
| 4 | എലുവത്തിങ്കൽ റോഡ് ഫുട്പാത്ത് | 40,000 | 4,000 | | |
| 5 | വള്ളുവൻതറ റോഡ് ഫുട്പാത്ത് | 25,000 | 16,757 | | |
| 6 | ചൂലൂർ-കുട്ടമംഗലം ഫുട്പാത്ത് | 35,000 | 35,000 | | |
| 7 | പുട്ടാട് റോഡ് | 25,000 | 25,000 | | |
| 8 | അബ്ദുസാഹിബ് റോഡ് | 25,000 | 25,000 | | |
| 9 | അയ്യപ്പൻകാവ് ഫുട്പാത്ത് | 25,000 | 25,000 | | |
| 10 | കയ്യാലപ്പറമ്പ് ഫുട്പാത്ത് | 25,000 | 25,000 | | |
| 11 | ടി.എം. റോഡ് ഫുഡ്പാത്ത് | 25,000 | 25,000 | | |
| 12 | മാവുംവളവ് റോഡ് ഫുഡ്പാത്ത് | 25,750 | 25,750 | | |
| 13 | പൈനൂർ പള്ള കുട്ടമംഗലം സോളിങ്ങ് മെറ്റലിങ്ങ് | 1,25,000 | 1,25,000 | | |
| 14 | പയച്ചോട് റോഡ് ഫുട്പാത്ത് | 25,000 | 25,000 | | |
| | മൊത്തം തുക | 5,08,850 | 50,00,607 | 63,200 | 62,000 |

# മാർക്കറ്റ്

എടത്തിരുത്തി പഞ്ചായത്തിലെ പ്രസിദ്ധി യാർജ്ജിച്ച അങ്ങാടി ഇന്ന് ചരിത്രത്തിൽ ഒതു ങ്ങിപോയ സ്ഥിതിയാണ്. കൊച്ചി, കോട്ടപ്പുറം ചന്ത കളിൽനിന്ന് കനോലി കനാലിനൂടെ വലിയ കെട്ടുവ ള്ളങ്ങളിൽ ചരക്കുകൾ കയറ്റി അങ്ങാടിയിലേക്കും ഇവിടെ നിന്ന് മറ്റു പ്രദേശങ്ങളിലേക്കുംകൊണ്ടും പോവുക നിത്യസംഭവങ്ങളായിരുന്നു. ആഴ്ചയിൽ രണ്ടുപ്രാശ്യം നടക്കുന്ന എടത്തിരുത്തി ചന്ത ജില്ല യിൽ തന്നെ വളരെ പ്രസിദ്ധിയാണ്. നാട്ടിക മേഖ ലയിലെ വിവിധഭാഗങ്ങളിൽ നിന്ന് സ്ത്രീകൾ അവരു ല്പാദിപ്പിച്ച കയർ, തഴപ്പായ എന്നിവ തലചുമടായി ചന്തയിൽ എത്തിക്കുകയും അത് വിറ്റഴിച്ച് മറ്റു പലചരക്കു സാധനങ്ങൾ വാങ്ങി അവരുടെ പ്രദേ ശത്ത് കൊണ്ട് പോയി വില്ക്കുമായിരുന്നു. ചന്ത യിൽ നിന്നുവാങ്ങിയ സാധനങ്ങൾ തള്ളുവണ്ടിയിൽ കയറ്റി 'ഏലയ്സ' എന്നുപാടികൊണ്ട് പോകുന്ന കാഴ്ച ഇന്ന് അന്യം നിന്നുപോയിരിക്കുന്നു.

വേനൽകാലങ്ങളിൽ നമ്മുടെ പാടശേഖര ങ്ങളിൽ ഉല്പാദിപ്പിച്ച പച്ചക്കറികൾ നമ്മുടെ ചന്ത യിൽ വിറ്റഴിച്ചിരുന്ന കാലങ്ങളും ഉണ്ടായിരുന്നു. നമ്മുടെ മേഖലയിൽ കശുമാവിൻ തോട്ടങ്ങളിൽ നിന്നു ലഭിച്ചിരുന്ന കശുവണ്ടി, മറ്റുല്പന്നങ്ങളായ അട യ്ക്ക, കുരുമുളക്, ജാതി, മഞ്ഞൾ ഇഞ്ചി എന്നി വയുടെ വിപണനവും കാര്യമായിതന്നെ നടന്നി രുന്നു.

ഒട്ടനവധി രാഷ്ട്രീയ - സാംസ്ക്കാരിക മുന്നേ റ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച എടത്തിരുത്തി അങ്ങാ ടി, ഇന്ന് കാര്യമായ ആളും അനക്കവും ഇല്ലാതായി രിക്കുന്നു. ജലഗതാഗത സംവിധാനം ഇല്ലാതാ യപ്പോൾ തന്നെ എടത്തിരുത്തി അങ്ങാടി നിർജ്ജീവ മായിരുന്നു. വാഹന ഗതാഗത സൗകര്യം വർദ്ധി ച്ചപ്പോൾ വ്യാപാരക്രയ-വിക്രയങ്ങൾ മറ്റുമേഖലക ളിലേക്ക് വ്യാപരിച്ചതും അങ്ങാടിയുടെ തകർച്ചക്ക് കാരണങ്ങളിലൊന്നാണ്.

നഷ്ടപ്പെട്ടവ തിരിച്ചെടുക്കുവാൻ എളുപ്പമല്ലെ ന്നിരിക്കെ, നിലവിലുള്ള പ്രകൃതി വിഭവങ്ങളും ജന ജീവിതവുമായി കോർത്തിണക്കി ഒരു "ഗ്രാമീണ വിപണന സംസ്ക്കാരവും" പ്രസ്തുത ചന്തയോട് കഴിയാവുന്നത്ര ആശ്രയത്വവും വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സുകളും വാർത്തെടു ക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് സ്വാശ്രയത്വത്തിന്റെ ചുവട് ഉറപ്പിക്കുവാനും സമ്പ ന്നതയുടെ തിരുമുറ്റത്തേക്ക് നടന്നു കയറുവാനും കഴിയും.

1. നാളികേരം, കൊപ്ര, അടയ്ക്ക, കശുവണ്ടി, തുടങ്ങി മറ്റുകാർഷിക ഉല്പ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് അങ്ങാടി കേന്ദ്രീകരിച്ച് മാർക്കറ്റ് ഉണ്ടാക്കണം.

2. നമ്മുടെ മേഖലയിൽ ഉല്പാദിപ്പിക്കുന്ന വ്യവസായിക ഉല്പന്നങ്ങൾ, ക്ഷീരോൽപന്നങ്ങൾ എന്നിവ സഹകരണാടിസ്ഥാനത്തിൽ സംഭരിക്കു ന്നതിനും വിപണനം ചെയ്യുന്നതിനും സംവിധാനം ഉണ്ടാക്കണം.

3. പച്ചക്കറി, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർ ഗ്ഗങ്ങൾ എന്നിവയുടെ വിപണന സൗകര്യം ഏർപ്പെ ടുത്തണം.

4. മത്സ്യം, മാംസം, എന്നിവക്ക് മാർക്കറ്റ് ഉണ്ടാകണം.

5. മാർക്കറ്റിലെ വിപണം നടത്തുന്നസാധന ങ്ങളുടെ വിലനിലവാരവും ഗുണനിലവാരവും പരി ശോധിക്കുന്നതിന് സംവിധാനം ഉണ്ടാകണം.

കർഷകർക്കും വ്യവസായരംഗത്ത് പ്രവർത്തി ക്കുന്നവർക്കും അവരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും വിപണന സാധ്യത ഉറപ്പുവ രുത്തുന്നതിനും മേൽപറഞ്ഞ ഉല്പന്ന - വിപണന ശൃംഖലക്ക് വഴി ഒരുക്കുന്നതാണ്.

ഇപ്രകാരം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാ യിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി ഓരോ ന്നിന്റേയും അധിക ലഭ്യതയും ഇല്ലായ്മയും സമ തുലനം ചെയ്യാനുള്ള കരുതവ്യവസ്ഥയോടുകൂടിയ ഒരു പഞ്ചായത്തു വിപണന സംവിധാനം കരുപിടി പ്പിക്കുന്നതിന് സ്വാശ്രയ ഗ്രാമത്തിലേക്കുള്ള കാൽ വെപ്പായിരിക്കും.

# ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

## ഭവന നിർമ്മാണം

എടത്തിരുത്തി പഞ്ചായത്തിലെ ഭൂമിശാസ്ത്രപരമായ ചില പ്രത്യേകതകൾ, ഈ മേഖലയിലെ പാർപ്പിട പ്രശ്നങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. അരനൂറ്റാണ്ടിനിടയിൽ സാമൂഹ്യജീവിതത്തിൽ വന്ന മാറ്റങ്ങൾ, പാർപ്പിട നിർമ്മാണ രംഗത്തും പ്രതിഫലിക്കുന്നുണ്ടെങ്കിലും പുനരധിവസിക്കേണ്ട ദരിദ്ര കുടുംബങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിൽ ആകെയുള്ള 27,457 പേർക്കായി 5336. പാർപ്പിടങ്ങളാണുള്ളത്. നിലവിലുള്ള പാർപ്പിടങ്ങളിൽ അധിവസിക്കുന്നവരിൽ നിർണ്ണായക വിഭാഗം രണ്ടോ മൂന്നോ കുടുംബമായി പിരിഞ്ഞവരുമാണ്.

മിനിമം സൗകര്യം പോലുമില്ലാതെ കുടിൽ കെട്ടി താമസിക്കുന്നവർ അധികവുമുള്ളത് താഴ്ന്ന പ്രദേശങ്ങളിലോ, പ്രളയബാധിത മേഖലയിലോ ആണ്. ഭവന നിർമ്മാണ സഹായങ്ങൾക്ക് പഞ്ചായത്ത് നിർദ്ദേശിക്കുന്നവരിൽ പലരും ഈ ഭാഗത്ത് നിന്നുള്ളവരാണ്. അതുകൊണ്ട് തന്നെ ചുരുങ്ങിയ ചിലവിൽ നിർമ്മിക്കുന്ന ഇത്തരം വീടുകൾ പ്രകൃതി പരമായ കാരണങ്ങളാൽ പൂർണ്ണമായോ, ഭാഗികമായോ തകർന്നടിയുന്നു. ചുരുങ്ങിയ ചിലവിൽ ഭൂമി ലഭ്യമാവുന്നത് കൊണ്ടാണ് വെള്ളപൊക്ക സാധ്യതയുള്ള ഇത്തരം സ്ഥലങ്ങളിലേക്ക് ജനങ്ങളെ ആകർഷിക്കുന്നത്. സർക്കാരിൻെറ ഭവന നിർമ്മാണ സഹായപദ്ധതികൾ പലതും ഇടക്കാലത്ത് വെച്ച് നിർത്തലാക്കുന്നതിന് ഒരു കാരണം ഇതാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമുള്ള വീടുകൾ കേന്ദ്രീകരിച്ചിരിക്കുന്ന മറ്റൊരിടമാണ് ഭവന കോളനികൾ. ഈ കോളനികളിൽ പോലും കൂട്ടു കുടുംബങ്ങൾ കാണപ്പെടുന്നുണ്ട്. ഭവനരഹിത കുടുംബങ്ങളെ കൂടാതെ, വിവിധ വീടുകളിൽ കൂട്ടുകുടുംബമായി താമസിക്കുന്നവരുടെ എണ്ണം കൂടി ചേർത്ത് നോക്കുമ്പോൾ പഞ്ചായത്തിൽ ഭവന രഹിതരുടെ വ്യാപ്തി വലുതാണ്.

ഭവന നിർമ്മാണ രംഗത്ത് I.A.Y. J.R.Y പട്ടികജാതി-പട്ടികവകുപ്പിൻെറ സംയോജിത ഭവന പദ്ധതി, പുനരധിവാസ പദ്ധതി തുടങ്ങിയ സഹായ പദ്ധതികളെയാണ് പഞ്ചായത്ത് പ്രധാനമായും ആശ്രയിക്കുന്നത്. ഈ പദ്ധതികളിലൂടെയാവട്ടെ വിരലിലെണ്ണാവുന്നവർക്ക് മാത്രമേ സഹായം നൽകാനാവുന്നുള്ളൂ. ഈ പദ്ധതികൾക്കപ്പുറം പഞ്ചായത്തിൻെറ തനതായ ഒരു ഭവന നിർമ്മാണ സഹകരണ സംഘമുണ്ടാക്കി, വായ്പ ലഭ്യമാക്കിയും, ചിലവ് കുറഞ്ഞതും കാര്യക്ഷമതയുള്ളതുമായ ഭവന നിർമ്മാണങ്ങൾക്ക് നേതൃത്വം കൊടുക്കണമെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിലൊന്നിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണ വായ്പകൾക്ക് അപേക്ഷിച്ചിരിക്കുന്നവർക്ക്, അനാവശ്യമായ കാലതാമസം ഒഴിവാക്കിക്കിട്ടേണ്ടതാണ് പഞ്ചായത്ത് രാജ് വിഭാവന ചെയ്യുന്ന 'സുതാര്യത' ഭവന സാഹയ പദ്ധതികൾക്ക് നടത്തുന്ന സെലക്ഷനിൽ പ്രത്യേകിച്ച് രോഗികൾ, വിധവകൾ, നിരാലംബർ തുടങ്ങിവർക്ക് മുൻഗണന കൊടുക്കുകയും ചെയ്യേണ്ടതാണ്. പ്രകൃതിപരമായ കാരണങ്ങളാൽ പുരയിടം നശിക്കുന്നവർക്ക് റവന്യു വകുപ്പ് നൽകുന്ന സഹായം പരിമിതവും, കാലതാമസമുള്ളതുമാണ്. ഈ സംവിധാനം ഗ്രാമപഞ്ചായത്ത്കൾക്ക് വിട്ടുകൊടുത്താൽ, അടിയന്തിരമായി നടത്തേണ്ട ഭവനനിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താനാകും.

ഭവന നിർമ്മാണ രംഗത്ത് പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന വിദഗ്ദരെ പ്രോൽസാഹിപ്പിക്കേണ്ടതാണ്. പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗമായ വീട്ടുനികുതി, സത്യസന്ധമായ വിലയിരുത്തലിന് ശേഷം ഈടാക്കണമെന്ന ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്.

ഏതൊരു ഗ്രാമത്തിലേയും അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് പാർപ്പിടം. അത് നിർവ്വഹിക്കുന്നതിന്, സർക്കാരിൻെറ കേവല സഹായപദ്ധതികളൊഴിച്ചാൽ പഞ്ചായത്തിന് തനതായ സമയ ബന്ധിത പരിപാടികളൊന്നുമില്ല. ഇതൊരു നയമായി ഏറ്റെ

ടുത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവനരഹിതരെ പുനരധിവസിപ്പിക്കാൻ സ്വതന്ത്രമായൊരു കർമ്മ പദ്ധതി ആവിഷ്ക്കരിക്കണമെന്നതാണ് ഗ്രാമസഭാ റിപ്പോർട്ടുകളുടെ പൊതു വികാരം. യാതൊരു തത്വ ദീക്ഷയുമില്ലാതെ പണിയുന്ന വീടുകൾ പ്രത്യേകിച്ച് ഹൗസിംഗ് കോളനികളിലെ വീടുകൾ ആരോഗ്യ-സുരക്ഷാ പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. അവയ്ക്ക് വീട്ട് നമ്പറുകൾ ഇടുന്നതിന് മുമ്പ് ഒരു പുനർ വിചിന്തനം ആവശ്യമാണ്. കെട്ടിട നിർമ്മാ രംഗത്ത് പ്രവർത്തിക്കുന്ന പഞ്ചായത്തിലെ അസം ഘടിത വിഭാഗങ്ങൾക്ക് പഞ്ചായത്ത് മേൽനോട്ടം വഹിക്കുന്ന ഭവന നിർമ്മാണ പ്രവർത്തനങ്ങളിൽ അവസരം കൊടുക്കേണ്ടതാണ്. കഴിയുമെങ്കിൽ അവരുടെ പേരുകൾ രജിസ്റ്റർ ചെയ്തു സഹകരണസംഘം രൂപത്തിൽ അവരെ സംഘടിപ്പി ക്കേണ്ടതാണ്. ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖേന ഭവന നിർമ്മാണത്തിന് ഗ്രാൻറ് കിട്ടുന്നുണ്ടെങ്കിലും, ഗ്രാൻറിനെ മാത്രം ആസ്പദമാക്കി ഭവന നിർമ്മാണം സാധുക്കൾക്ക് അപ്രാപ്യമാണ്. അതിനാൽ ഈ സൊസൈറ്റികൾ കേന്ദ്രീകരിച്ച് ഭവനനിർമ്മാണ് പൂർത്തീകരിക്കു ന്നതിന് സഹായമാകുവുന്ന വിധത്തിൽ ലോൺ ലഭ്യമാവുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് ഒരു കർമ്മസമിതി അഭികാമ്യമാണ്. ഭൂരഹിത കർഷകത്തൊഴിലാളി കൾക്ക് ഭവനസഹായ പദ്ധതികളിൽ കൂടുതൽ ആവ സരം കൊടുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് മുതലായവ മുഖേന ആനുവ ദിക്കുന്ന വീടുകൾക്ക് കിട്ടുന്ന ഗ്രാൻറുകൾ പരിമിത മായതിനാൽ ഉപഭോഗക്താവിന് സഹകരണ സംഘം മുഖേന ലോൺ കൂടി അനുവദിച്ച് ഗ്രാമപ ഞ്ചായത്ത് മുഖേന നടപ്പാക്കണം.

കെട്ടിട നിർമ്മാണ നിയമങ്ങൾക്ക് വിധേയ മല്ലാത്ത എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടേയും നിരുത്സാഹപ്പടുത്തുക. പൊതു നിരത്തുകളിൽ നിന്നു, സർക്കാർ നിർദ്ദേശിക്കുന്ന അകലത്തിൽ മാത്രം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു ള്ളുവെന്ന കാര്യം പ്രത്യേകം ഉറപ്പുവരുത്തേണ്ട ഒന്നാണ്.

### സാമൂഹ്യക്ഷേമം

പഞ്ചായത്തിലെ ജീവിത നിലവാരം പൊതുവേ ശരാശരിയാണ്. സമ്പന്നരും ദരിദ്രരും ഇടതിങ്ങി ജീവിക്കുന്നു. ദരിദ്ര-പിന്നോക്ക വിഭാ ഗങ്ങൾ പൊതുവെ അസംഘടിതരാണ്. ബ്ലോക്ക് പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ പട്ടികജാതി-പട്ടിക വിഭാഗങ്ങൾ ഏറ്റവും കൂടുതൽ എടത്തിരുത്തിയുൽ അധിവസിക്കുന്നു. ഇവരുടെ ജന സംഖ്യ 4399. സംഘടിത മേഖലയിൽ 8 ഹരി ജൻ കോളനികളിലാണ് ഹരിജന-ദരിദ്ര വിഭാഗങ്ങൾ

| വാർഡ് നമ്പ്ര് | കുടിൽ | ഓല | ഓട് | ടെറസ്സ് |
|---|---|---|---|---|
| I | 30 | 20 | 207 | 146 |
| II | 80 | 32 | 126 | 73 |
| III | 65 | 73 | 210 | 93 |
| IV | 74 | 49 | 200 | 110 |
| V | 113 | 76 | 219 | 142 |
| VI | 103 | 51 | 266 | 144 |
| VII | 48 | 42 | 217 | 179 |
| VIII | 27 | 29 | 105 | 90 |
| IX | 19 | 13 | 168 | 149 |
| X | 53 | 30 | 348 | 206 |
| XI | 50 | 51 | 187 | 87 |
| മൊത്തം എണ്ണം | 662 | 466 | 2253 | 1419 |

അധിവസിക്കുന്നത്. കോളനികളിൽ പൊതുവേ കുടിനീർ, വൈദ്യുതി സൗകര്യങ്ങളുണ്ടെങ്കിലും വെള്ളവും. വെളിച്ചവും തീരെ ലഭ്യമല്ലാത്ത സ്ഥലങ്ങളുമുണ്ട്. പഞ്ചായത്തിലെ രണ്ട്, പതിനൊന്ന് എന്നീ വാർഡുകളിലെ കോളനി വാസികൾക്ക് ഇപ്പോഴും ഇവ പ്രാപ്യമല്ല. തീവ്രസങ്കേത പരിപാടിയിൽ ഉൾപ്പെടുത്തി ഇവയുടെ പുനരുദ്ധാരണം അനിവാര്യമാണ്. ഹരിജനോദ്ധാരണത്തിൻെറ ഭാഗമായി സർക്കാർ നടത്തുന്ന പല സഹായ പദ്ധതികളും യഥാർത്ഥ അവകാശികൾക്ക് ലഭ്യമാകാത്ത അവസ്ഥയുമുണ്ട്. കോളനികളിലെ ഒരു പ്രശ്നം ആരോഗ്യമാണ്. മിക്ക കോളനികളിലും മാലിന്യം നിക്ഷേപിക്കുന്നതിന് ഫലപ്രദമായ സംവിധാനങ്ങളില്ല. കക്കൂസ് നിർമ്മാണത്തിലെ രാഷ്ട്രീയത ഉറപ്പ് വരുത്തേണ്ടതാണ്. IHDP കോളനിയായി അംഗീകരിച്ച് വികസന പ്രവർത്തനങ്ങൾ നടക്കുന്ന ചാമക്കാല കോളനിയിൽ പുറംപോക്കിലുള്ള ഉപയോഗശൂന്യമായ മാലിന്യങ്ങൾ നിറഞ്ഞ് കിടക്കുന്ന കുളം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ ഉടൻ നികത്തപ്പെടണം.

സാമൂഹ്യ വികസനവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ പഞ്ചായത്ത് പ്രദേശത്ത് നടപ്പിലായിട്ടും, ജനസംഖ്യാനുപാതികമായി വിവിധ വാർഡുകളിലേക്ക് അവ പുനഃക്രമീകരിക്കുകയോ, പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയോ ചെയ്യേണ്ടതാണ്. 1,2,6,7 വാർഡുകളിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങളില്ല. 60 വീടുകളുള്ള മുനയം ദ്വീപിൽ പ്രീ-പ്രൈമറി സൗകര്യം വേണമെന്നത് ശ്രദ്ധേയമായ ഒരാവശ്യമാണ്. സാമൂഹ്യ ക്ഷേമ വകുപ്പിൻെറ കീഴിൽ ജില്ലയിൽ ആകെയുള്ള 4 ഡേ കെയർ സെൻററുകളിൽ ഒന്ന് പഞ്ചായത്തിലെ 5-ാം വാർഡിലാണ്. ഡേ കെയർ സെൻററിലെ ആയയെ പ്രാദേശികമായി നിയമിച്ചാൽ കൃത്യമായ സമയങ്ങളിൽ തുറന്ന് പ്രവരത്തിച്ച് കാര്യക്ഷമത ഉറപ്പുവരുത്താനാകും. പ്രീ-പ്രൈമറി സെൻററുകൾ എല്ലാ വാർഡിലേയും പൊതു ആവശ്യമാണ്. അതാത് പ്രദേശത്തെ സ്ക്കൂൾ സൗകര്യം ഉപയോഗപ്പെടുത്തി, ചുരുങ്ങിയ ചിലവിൽ ഈ സംവിധാനം ഏർപപെടുത്താവുന്നതാണ്. പഞ്ചായത്തിലെ പൊതുജീവിതവുമായിബന്ധപ്പെട്ടു കിടക്കുന്ന ശ്മശാനം ഒരു ചിരകാലാവശ്യമാണ്. വിവിധ സമുദായങ്ങൾക്ക് വേണ്ടി നിർമ്മിക്കാപ്പെട്ടിട്ടുള്ള ശ്മശാനങ്ങൾ മുഖ്യമായും വടക്കൻ മേഘലകളിലാണ്. അതിനാൽ പഞ്ചായത്തിലെ തെക്കൻ പ്രദേശത്ത് ശ്മശാനം പണിയുന്നതിന് മുൻതൂക്കം നൽകേണ്ടതാണ്.

പഞ്ചായത്തിൻെറ സ്വന്തം ആവശ്യങ്ങൾക്കും, പുറം ആവശ്യങ്ങൾക്കും ഉപകരിക്കുന്ന വിധത്തിൽ ഈ പ്രദേശത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ നാളിത് വരെ ഉണ്ടായിട്ടില്ല. ഇതിനായി പഞ്ചായത്തിൻെറ അധീനതയിലുള്ള പുറംപോക്ക് സ്ഥലം തന്നെ ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്തിലെ പൊതു വ്യവഹാര കേന്ദ്രങ്ങളായ എടത്തിരുത്തി മാർക്കറ്റ്, ചാമക്കാല ബീച്ച് മത്സ്യ വിപണന കേന്ദ്രം എന്നിവ അപ്രധാന സെൻററുകളായി പരിണമിച്ചുകൊണ്ടിരിക്കുന്നു. അവയുടെ പുനരുദ്ധാരണത്തിൻെറ സാധ്യതകൾ ആരായാവുന്നതാണ്. വാണിജ്യ കേന്ദ്രമായി വികസിച്ചുകൊണ്ടിരിക്കുന്ന ചെന്ത്രാപ്പിന്നി സെൻററിൽ രണ്ട് സ്ഥലങ്ങളിലായി ബസ് ഷെൽട്ടർ സൗകര്യങ്ങൾക്ക് മുൻഗണന നൽകണം. സാമൂഹ്യജീവിതം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് മേൽനോട്ടത്തിൽ നിർമ്മിക്കുന്ന കക്കൂസുകളുട ആവശ്യക്കാർ വിവിധ വാർഡുകളിലായി 250 ലേറെ പേർ വരും. കക്കൂസ് നിർമ്മാണത്തിൻെറ കഴിഞ്ഞകാല പദ്ധതികൾ പലസ്ഥലത്തും പൂർത്തീകരിക്കാത്ത അവസ്ഥയുണ്ട്; പ്രത്യേകിച്ച് 8,2 വാർഡുകളിമ. വിവിധ പെൻഷൻ പദ്ധതികളിൽ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പേർ കൈപറ്റുന്നത് അഗതി പെൻഷനാണ്, 185 പേർ. 117 പേർക്ക് വിധവ പെൻഷനും, 30 പേർക്ക് വാർധക്യ പെൻഷനും ലഭിക്കുന്നുണ്ട്. ഇതിനേക്കാൾ എത്രയോ ഇരട്ടിയാണ് അർഹതപ്പെട്ടവരുടെ കണക്ക്. പെൻഷൻ വിതരണങ്ങൾ പഞ്ചായത്ത്ഓഫീസ് മുഖേന നൽകുന്നതിന് സംവിധാനമുണ്ടായാൽ, പൊതുവെ ആശ്വാസപ്രദമാകും.

പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിൽ പുറംപോക്ക് ഭൂമിയുണ്ട്. അവയിൽ കുളങ്ങളും ഉൾപ്പെടുന്നുണ്ട്. പുറംപോക്ക് സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വിവിധ സ്ഥാപനങ്ങൾ നിർമ്മിക്കുവാൻ കഴിയും. 1-ാം വാർഡിൽ ചൂലൂർ അൽ-അൻവാറുൽ ഇസ്ലാമിത L.P. സ്ക്കൂളിന് സമീപത്തുള്ള സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള സ്ഥലം കെട്ടിടം തകർന്ന നിലയിൽ മന്ദീഭവിച്ചുകിടക്കുന്നു. ഇവിടെ കെട്ടിടമുണ്ടാക്കി ജനവിദ്യാകേന്ദ്രം, ലൈബ്രറി, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ എന്നിവ ആരംഭിക്കണമെന്ന നിർദ്ദേശമുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാരും, പഞ്ചായത്തും ആവിഷ്ക്കരിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളെക്കുറിച്ച് പലരും അജ്ഞരാണ്. ഇവ ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പഞ്ചായത്ത് ഓഫീസിലും, പൊതു സ്ഥലങ്ങളിലും നോട്ടീസ് ബോർഡുകൾ സ്ഥാപിണമെന്നത് ഒരു പൊതു ആവശ്യമാണ്. റേഷൻ കാർഡിന് വേണ്ടിയുള്ള അപേക്ഷകളും, അത് സംബന്ധമായ പരാതികളും പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് നടപടികൾ എടുക്കേണ്ടതാണ്. ഭൂപ്രകൃതിയനുസരിച്ച് വരിയ പ്രദേശമായ രണ്ടാം വാർഡിൽ കുട്ടമംഗലം ഭാഗത്ത് പൊതുവിതരണ ഷാപ്പു തുടങ്ങാനുള്ള നടപടികൾ ആരായേണ്ടതാണ്. അതുപോലെ ചെന്ത്രാപ്പിന്നി സെൻറർ ഭാഗത്ത് മാവേലിസ്റ്റോർ ആരംഭിക്കുന്നതിനുള്ള ശ്രമവും നടക്കണം.

# സാംസ്കാരികരംഗം

നമ്മുടെ ഗ്രാമത്തിന് അസൂയാർഹമായ ഒരു സാംസ്കാരിക പൈതൃകമുണ്ട്. ഹിന്ദു, മുസ്ലീം, ക്രൈസ്തവജനവിഭാഗങ്ങൾ വ്യത്യസ്ഥങ്ങളായ ആചാരങ്ങളും അനുഷ്ഠാനങ്ങളും നില നിർത്തുമ്പോൾ തന്നെ മനുഷ്യ മനസ്സുകളുടെ ഐക്യം കാത്തുസൂക്ഷിക്കുന്നതിൽ തികഞ്ഞ സഹനവും പരസ്പരബഹുമാനവും കാത്തുസൂക്ഷിക്കുന്നു എന്നതുതന്നെ ആ ഗ്രാമത്തിൻെറ സാസ്കാരിക മുന്നേറ്റത്തിൻെറ ഏറ്റവും വലിയ നിദർശനം. ഓരോ വിഭാഗത്തിൻേറയും ഉത്സവങ്ങളിലും ആഘോഷപരിപാടികളിലും ഈ ജനത പരസ്പരം ലയിച്ചു ചേർന്ന് ഒരരുവിയായി ഒഴുകുന്നതിവിടെ ഒരതിശയമേ അല്ല.

ക്രൃഷിയിടങ്ങളിൽ പാടിക്കേട്ടിരുന്ന വടക്കൻ പാട്ടുകൾ, ചാത്തൻകളത്തിലെ നന്തുണി കൊട്ടിയുള്ള തോറ്റം പാട്ടുകൾ, പാമ്പിൻ കളങ്ങൾക്കു മുന്നിലെ കുടവും വീണയും മീട്ടിയുള്ള പുള്ളോൻ പാട്ടുകൾ, കർക്കിടക പുലരികളേ ധന്യതയിലേക്കുയർത്തി എന്നവകാശപ്പെടുന്ന തുയിലുണർത്തുപാട്ടുകൾ തുടങ്ങി അനുഷ്ഠാനകലകൾക്കും പാട്ടുകൾക്കും ഈടുറ്റ അടിത്തറയുണ്ടായിരുന്ന നമ്മുടെ ഗ്രാമെ - ഇതെല്ലാം ഓർമ്മയായി മാറുന്ന അവസ്ഥയിലേക്ക് - തികഞ്ഞ യാന്ത്രികതയിലേക്ക് വഴുതി വീണുകൊണ്ടിരിക്കുന്നു.

ഉടുക്ക്, തപ്പ്, തകിൽ, നാദസ്വരം, പഞ്ചവാദ്യം, ബാൻറ്, അറവന, തുടി എന്നീ വാദ്യ-താളമേളങ്ങൾ, കോൽക്കളി, കിണ്ണംകളി, ഐവർകളി, ചോട്ടുകളി എന്നീ നാടോടി കലാരൂപങ്ങൾ ഇവയെല്ലാം നമ്മുടെ ഗ്രാമത്തിന് അന്യമായികൊണ്ടിരിക്കുന്നു.

ആനയെഴുന്നള്ളിപ്പും ചെണ്ടമേളവും കാവടിയും അതിജിവനത്തിൻെറ പാതയിലുണ്ടെന്നു പറയാം.

പിന്നിട്ട കാലങ്ങളിൽ നഷ്ടപ്പെട്ട പലതും ബോധപൂർവ്വമായ പഠനത്തിനും പുനരുദ്ധാരണത്തിനും വിധേയമാക്കിയാൽ മാതൃകാപരമായ ഒരു കുതിച്ചുകയറ്റം സാംസ്കാരിക രംഗത്ത് നമുക്ക് ഊട്ടിയുറപ്പിക്കാനാവും.

ആധുനിക ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ നമ്മുടെ സാംസ്ക്കാരിക ജീവിതത്തിൽ ചെലുത്തിയിട്ടുള്ള അനല്പമായ സ്വാധീനം പറിച്ചുമാറ്റാനാവാത്തവിധം ശക്തമാണ്. അതിൽനിന്നുള്ള നല്ലവശങ്ങളെ സ്വാംശികരിക്കാനും അധമമായവതിരിച്ചറിഞ്ഞ് തമസ്ക്കരിക്കാനും കലവറയില്ലാത്ത സാംസ്ക്കാരിക പ്രചരണം നമ്മുടെ മുഖ്യമായ കടമയായി എറ്റെടുക്കണം.

ഓരോ കലയും അഭ്യസിപ്പിക്കാനും പുനരുജ്ജീവിപ്പിക്കാനും ആവശ്യമായ കേന്ദ്രങ്ങൾ ഓരോ വാർഡിനും കൂടിയേ തീരൂ. അത് കലാ സംഘടനയുടെ പേരിലായാലും വായനശാലകളുടെ പേരിലായാലും കായിക ക്ലബ്ബുകളുടെ പേരിലായാലും വിരോധമില്ല. അതാത് പ്രദേശത്ത് ക്ഷയോന്മുഖമാകുന്ന കലകളെ പരിപോഷിപ്പിക്കാനും ചിട്ടപ്പെടുത്താനുമുള്ള സങ്കേതങ്ങളായി അവ രൂപപ്പെടണം. പഠനത്തിനും പരിശോധനക്കും കഴിയാവുന്നവരെയെല്ലാം സഹകരിപ്പിക്കുന്നതിന്നും ഒരു വാർഡിൽ ക്ഷമാശീലരും ഉല്പതിഷ്ണുക്കളുമായ നാലുപേരെങ്കിലും ഉണ്ടായിരിക്കണം.

അന്നന്ന് വളർന്ന് അന്നന്ന് വിസ്തൃതിയിലേക്ക് പോകുന്ന കലാരൂപങ്ങളിൽ നന്നിന്ന് ഭിന്നമായി സ്ഥായിയും മറ്റുകലകൾക്കെല്ലാം പ്രചോദിതവുമായ നാടൻകലകളേയും നാടോടിപടപാട്ടുകളേയും നമ്മുടെ തനത് സംസ്കാരത്തിൻെറ ചേതനയാണെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. ഇന്നു കാണുന്ന നൈമിഷീക ലഹരിക്കുപകരം അടിസ്ഥാനപരമായ ആസ്വാദനക്ഷമത വളർത്തിക്കൊണ്ടുവരാനും നമുക്ക് കഴിയണം. ഇതിന്നാവശ്യമായ പ്രോത്സാഹനവും അർത്ഥപൂർണ്ണമായ സഹകരണവും എല്ലാ മേഖലയിൽനിന്നും അനുഭവവേദ്യമാക്കാൻ ഓരോ വാർഡുതല സാംസ്കാരിക പ്രവർത്തകരും കലവറയില്ലാതെ പ്രവർത്തിക്കേണ്ടതാണ്.

ഓരോ വാർഡിലും ചിട്ടപ്പെടുത്തുന്ന കലാരൂപങ്ങൾ ഗ്രാമപഞ്ചായത്ത് നേതൃത്വത്തിൽ പൊതുവായൊരിടത്ത് പ്രദർശിപ്പിക്കാവുന്ന കേന്ദ്രീകൃത സംഗ

മത്തിന് വേദിയൊരുക്കണം. സാംസ്ക്കാരിക നായകന്മാർ, നിരീക്ഷകർ, മാദ്ധ്യമപ്രവർത്തകർ എന്നിവർക്ക് ഇവവിലയിരുത്തുവാനുള്ള സന്ദർഭവും ഒരുക്കേണ്ടതുണ്ട്.ഒരു പൊതുസംഗമത്തിൻെറ കാര്യം വരുമ്പോഴാണ് നമുക്ക് പൊതുവായ ഗ്രൗണ്ട്, സ്റ്റേജ് തുടങ്ങിയവയുടെ ആവശ്യം വരുന്നത്. ഗ്രാമത്തിൻെറ സാംസ്ക്കാരികത്തനിമ വിളിച്ചോതുന്ന വിളംബരം നമ്മുടെ എല്ലാവാർഡുകളിലേയും സാംസ്കാരികകേന്ദ്രങ്ങളെ സജീവവും ചൈതന്യവത്താക്കുകയും ചെയ്യുന്നതോടെ ഗ്രാമീണ ജനതയിൽ പുതിയ ഉണർവ്വിൻെറ സ്വാസ്ഥ്യജനകമായ ദീപ്തി പ്രത്യക്ഷപ്പെടുകയും ചെയ്യും.

കഥ, കവിത, നാടകം, പ്രബന്ധം, നിരൂപണം ഇവയിലേതേതു വിഷയങ്ങളിലാണോ താല്പര്യം അങ്ങനെ താല്പര്യത്തിൻെറ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്രേകം സൃഷ്ടികൾ നടത്തിച്ചും അവ കൂട്ടായി ചർച്ചചെയ്തും പോരായ്മകൾ ചൂണ്ടിക്കാണിച്ചും കഴിവിനെ കൂടുതൽ കൂടുതൽ വികസിപ്പിച്ച് ഉന്നതങ്ങളിലെത്തിപ്പിടിക്കാൻ പോലും പ്രാപ്തരായവരെ രൂപപ്പെടുത്താൻ നമുക്ക് സാധിക്കും. അതുപോലെ സംവിധാനം, അഭിനയം, കായിക പ്രകടനങ്ങൾ വിവിധ കളികൾ ഇവയില്ലെല്ലാം ആരോഗ്യകരമായ മത്സരങ്ങളും പഠനങ്ങളും നടത്തി പുതിയ സാമൂഹ്യബോധമുള്ള പൗരനെ സൃഷ്ടിക്കാൻ സാധിക്കും. മനുഷ്യമനസ്സിനെ അലസതയുടേയും അശുഭാപ്തി വിശ്വാസത്തിൻേറയും ദുഃഖത്തിൻേറയും ആത്മഹത്യയുടേയും ലൈംഗികതയുടേയും ലോകത്തുനിന്നകറ്റി നന്മയുടേയും ശുഭാപ്തി വിശ്വാസത്തിൻേറയും മേഖലയിലേക്ക് ഉയർത്താൻ ഇവയെല്ലാം നമുക്ക് പര്യാപ്തമാകും.

ജീവിതത്തെ സ്നേഹിക്കാൻ കഴിയുന്ന നല്ല വായനക്കാവശ്യമായ നല്ലപുസ്തകങ്ങൾ കണ്ടെത്താനും അത്തരം പുസ്തകങ്ങൾക്ക് വ്യാപകമായ പ്രചരണം കൊടുക്കാനും അവ വായിപ്പിക്കാനും തിവ്രശ്രമം തന്നെ നടത്തേണ്ടിയിരിക്കുന്നു. പഞ്ചായത്ത് ഗ്രന്ഥശാല, ശ്രീനാരായണ വായനശാല, പുനരുദ്ധാരണത്തിലിരിക്കുന്ന കുട്ടമംഗലത്തെ ഹസ്സൻ മെമ്മോറിയൽ ഗ്രാമീണ വായനശാല, പൈനൂരിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഡി. എം. പൊറ്റേക്കാട്ട് സ്മാരക വായനശാല, ചൂലൂരിലെ കാസ്റ്റ്, ചാമക്കാലയിലെ വീനസ്സ്, പതിനൊന്നാം വാർഡിലെ യുവതാര, ശ്രീവിദ്യ ലൈബ്രറി മറ്റു വാർഡുകളിൽ റജിസ്റ്റർ ചെയ്യപ്പെട്ടതും അല്ലാത്തതുമായ കലാ-കായിക ക്ലബ്ബുകൾ ഇവയെക്കല്ലാം ഈ പ്രവർത്തനങ്ങളിൽ ബഹുമുഖമായ പങ്കു നിർവ്വഹിക്കാനാവും.

വായനക്കാരുടേതു മാത്രമായ ഒരു യോഗം വിളിച്ചുകൂട്ടി സഞ്ചരിക്കുന്ന വായനശാല തന്നെ പ്രാവർത്തികമാക്കാൻ നമുക്ക് കഴിയും. അക്ഷരത്തെ സ്നേഹിക്കുകയും പുസ്തകങ്ങളെ വിലപ്പെട്ട നിധിയായി കാണുകയും ചെയ്ത ത്യാഗധനരായ ഒരു തലമുറ തെളിയിച്ച ദീപത്തിൻെറ പ്രകാശധാരയിലാണ് ഇന്ന് ശ്രീനാരായണ വായനശാല നിലയുറപ്പിച്ചിരിക്കുന്നത്. അവരിൽ അധികപേരും മൺമറഞ്ഞുപോയെങ്കിലും ഗ്രാമീണ ജനങ്ങളെ വായനാശീലമുള്ളവരാക്കുന്നതിന് സഞ്ചരിക്കുന്ന വായനശാല സൃഷ്ടിച്ചവരിൽ ഏതാനും പേർ അഞ്ച്, എട്ട്, ഒൻപത്, പത്ത് വാർഡുകളിൽ ഇന്നും ജീവിച്ചിരിപ്പുണ്ട്. അവർ സഹിച്ചത്യാഗങ്ങളും അന്നത്തെ പ്രതിസന്ധികളും ഇന്നില്ലെന്നത് നമ്മുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്താൻ സാധിക്കുന്നതാണ്.

നാം എപ്പോഴും പരാജയപ്പെടുന്നത് സമ്പത്തിൻെറ കാര്യം വരുമ്പോഴാണ്. അതുകൊണ്ടുതന്നെ ഓരോ വാർഡിലേയും സാംസ്ക്കാരിക കേന്ദ്രം തികഞ്ഞ ബഹുജനപങ്കാളിത്തമുള്ള സ്ഥാപനം തന്നെയായിരിക്കണം. തികഞ്ഞ ജനകീയ സ്വഭാവമുണ്ടെങ്കിലേ അത് നിലനിർത്താനും വളർത്തിക്കൊണ്ടുവരാനും സാധ്യമാകൂ. ഏതാനും പേരുടെ കൈപ്പിടിയിലൊതുങ്ങുന്ന ഒന്നായി മാറുമ്പോൾ സ്വാഭാവികമായും സഹകരണവും അകന്നകന്നുപോകും. അതിനാൽ ഏതെങ്കിലും തരത്തിലുള്ള വിഭാഗീയത കടന്നുകൂടാത്ത സ്ഥാപനമാണെന്ന് ഗ്രാമത്തിലെ ജനങ്ങൾക്കുറപ്പുവന്നാൽ സമ്പത്തിൻെറ പ്രശ്നങ്ങളും പരിഹൃതമാകും.

### പിഞ്ചിളം മനസ്സിനെ മെരുക്കൽ

റേഡിയോ, ടി.വി., വിഷ്വൽ കാസറ്റുകൾ ഇവ കുരുന്നു ഹൃദയങ്ങളിൽ ചീത്ത വാസനകൾ വളർത്തുന്നതിൻ ശക്തമായ സ്വാധീനമാണ് ചെലുത്തുന്നത്. പോപ്പ്സംഗീതവു, കരാട്ടേയും ടിസ്റ്റ്ബ്രേക്ക്ഡാൻസുകളും കത്തിയും റിവോൾവറും ബോംബും ഗ്രെനേഡും ഉപയോഗിച്ചുള്ള പോരാട്ടങ്ങളും അനുകരിക്കാനാണ് കുഞ്ഞുങ്ങൾക്ക് തീവ്രാഭിലാഷം. നഴ്സറിക്ലാസ്സുകൾ ഔപചാരിക വിദ്യാഭ്യാസ പഠന മുറിയാകുന്നതും ഈ ഇളം മനസ്സുകളെ വികലമാക്കാൻ ഉപയുക്തമാവുകയാണ്. സ്വതന്ത്രമായി കളിക്കാനും ആടാനും പാടാനും സംസാരിക്കാനുമുള്ള അവരുടെ നൈസർഗ്ഗീക

ഇച്ഛയെ കൃത്രിമത്വത്തിലേക്ക് നിർബന്ധിച്ച് തിരിച്ചുവിടുകയാണ്. ഇതു സംബന്ധമായി ശാസ്ത്രീയമായ പഠനം നഴ്സറി അദ്ധ്യാപികമാർക്കും അമ്മമാർക്കും ഗൗരവബുദ്ധ്യാ നല്കേണ്ടതുണ്ട്. അതിനായി ഗ്രാമപഞ്ചായത്തുകൾ പ്രത്യേകം കോഴ്സുകൾ തന്നെ നടത്തേണ്ടതുണ്ട്.

ശാസ്ത്രീയമായ കലകൾ നമ്മുടെ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം ഒരപൂർവ്വാനുഭവമാണ്. ശാസ്ത്രീയസംഗീതവും, ഭരതനാട്യവും, മോഹിനിയാട്ടവും കഥകളിയും വിദേശങ്ങളിൽപ്പോലും ഡിമാൻറുള്ള ചരക്കാവുമ്പോൾ ഇതിൻെറ ജന്മനാട്ടിൽ ഇവ അന്യംനിന്നു പോവുകയാണ്. സാമ്പത്തികം തന്നെയാണിതിൽ മുഖ്യഘടകം. കൂട്ടായ്മയിലൂടെ ശരിയായ ആസൂത്രണത്തിലൂടെ നമ്മുടെ ഗ്രാമങ്ങൾക്കും ഇവ സ്വായത്തമാക്കാൻ കഴിയുമെന്നതിൽ തർക്കമില്ല.

കമ്പോളസംസ്ക്കാരത്തിൻെറ പിടിയിലമർന്നുകൊണ്ടിരിക്കുന്ന പാശ്ചാത്യ സംഗീത-നൃത്ത കലാപ്രകടനങ്ങൾ മനസ്സിൻെറ ആഴങ്ങളിൽ പെരുമ്പറ മുഴക്കുമ്പോൾ നമ്മുടെ താരാട്ടുപാട്ടും വഞ്ചിപ്പാട്ടും കുറത്തിപ്പാട്ടും കർണ്ണാട കംഗീതവും മുലപ്പാലിൻെറ കരുത്തും ശാലീനതയും മണ്ണിൻെറ ഗന്ധവും സൗന്ദര്യവും കൊണ്ട് ദൈവീകജ്ഞാനത്തിലേക്കുയർത്തുകയാണ്. ഇതാണ് നമുക്കന്യമാവുന്നത്. നമ്മുടെ കുരുന്നു ഹൃദയങ്ങൾ തിരസ്ക്കരിക്കുകയും ചെയ്യുന്നത്. ഇതിനൊരു പരിഹാരമെന്ന നിലയിൽ വേണ്ടതരോന്നും വേണ്ടാത്തവയേതെന്നുമുള്ള തിരിച്ചറിവ് നല്കാൻ സാംസ്ക്കാരിക പ്രവർത്തകർ മുൻകൈ എടുക്കണം.

ബ്രിട്ടീഷാധിപത്യത്തിൽപ്പോലും കേരളത്തിന് കൈവരിക്കാൻ കഴിയാത്ത സാംസ്ക്കാരിക നവോത്ഥാനം വലിയൊരളവിൽ നമ്മുടെ ഗ്രാമത്തിലും സ്വാധീനം ചെലുതിട്ടുള്ളതായിക്കാണാം. ശ്രീനാരായണ ഗുരുവും സഹോദരനയ്യപ്പനും, ആശാനും, അയ്യൻകാളിയും നയിച്ച ഒരു അധഃകൃത മുന്നേറ്റത്തിൻെറ പാരമ്പര്യം ഈ ഗ്രാമത്തിനും അവകാശപ്പെടാനുണ്ട്. മനുഷ്യനെ മനുഷ്യനായിക്കാണാനുള്ള മഹത്തായ വചനത്തിൻെറ ശാശ്വതമായ അവസ്ഥയിലേക്കുള്ള പ്രയാണം അതിൻെറ വിപ്ലവാത്മകവും ചരിത്രസവിശേഷവുമായ ഹരിജനോദ്ധാരണ പ്രവർത്തനം അറിവില്ലാത്തവൻെറ നേതാവായി സ്വാഭിമാനം രംഗത്തുവന്ന ഈഴവയുവാവ് പരേതനായ ശ്രീ K.K. രാമൻമാസ്റ്റർ കുമ്പളപറമ്പിൽ - ഹരിജൻ സംഘത്തിൻെറ പ്രസിഡണ്ടായി. സാംസ്ക്കാരിക രംഗത്ത് ഈ ഗ്രാമം തെളിയിച്ച ഈ മാതൃകപോലെ കേരളത്തിലെത്ര കാണും? മറക്കാനാവാത്ത ധീരതയുടെ വെള്ളിനക്ഷത്രങ്ങൾ പലതും ഇവിടെപ്പൊലിഞ്ഞുപോയി. ആ മഹദ്‌വ്യക്തികളുടെ സാംസ്ക്കാരിക പ്രവർത്തനത്തിൻെറ കനൽക്കട്ടകൾ ചാരം മൂടിക്കിടക്കുകയാണിവിടെ. ചതുപ്പിൽ ചവിട്ടിയതുപോലെ നാം അലസഗമനം നടത്തുകയാണ്. ആകനൽക്കട്ടകൾ ഊതിയൂതി നാളമാക്കാം. ആ നാളങ്ങളിൽ നിന്നും പുത്തൻസാംസ്ക്കാരിക പ്രഭ വിതറുന്ന ആയിരം പന്തങ്ങൾ കൊളുത്തിയെടുക്കാം.

എടത്തിരുത്തി ഗ്രാമപഞ്ചായത്തിൻെറ സാസ്കാരിക വളർച്ചയ്ക്കുതകുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്ന് ഉയർന്നുവരുകയുണ്ടായി:-

* സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിലായിരുന്ന ചൂലൂരിലെ ക്രെഷെ ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് പുതുക്കിപ്പണിയുകയും പഞ്ചായത്തിൻെറ സാംസ്ക്കാരിക നിലയങ്ങളിലൊന്നാക്കുകയും ചെയ്യുക.
* ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്ന നാടൻ പാട്ടുകളുടെ ഓഡിയോ കാസറ്റുകൾ പൊതുപരിപാടികളിൽ അവതരിപ്പിക്കാവുന്ന രീതിയിൽ റെക്കോർഡ് ചെയ്തെടുക്കുക.
* ഗ്രാമത്തിലെ സ്ക്കൂളുകളിൽ വാർഷികാഘോഷങ്ങൾ, സാഹിത്യസാമജങ്ങൾ, ദേശീയ പ്രധാന്യമുള്ള ദിനങ്ങൾ എന്നിവ ആകർഷവും ഗുണപരവുമായ വിധത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടത്തുക. വിദ്യാഭ്യാസ നിലവാരം അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ വിലയിരുത്തുകയും പരിഹാരമാർഗ്ഗങ്ങൾ തേടുകയും ചെയ്യുക.
* വിദേശ ടി.വി. ചാനലുകളുടെ പ്രവർത്തനം നിരോധിച്ച് നമ്മുടെ സംസ്ക്കാരത്തെ അഴുക്കുചാലിൽ വീഴാതിരിക്കാൻ കർക്കശമായ നടപടി സ്വീകരിക്കുക.
* സ്ത്രീകളെ അധിക്ഷേപിക്കുന്ന വാർത്തകളും ചിത്രങ്ങളും നമ്മുടെ ഗ്രാമത്തിലൊരിടത്തും പ്രത്യക്ഷപ്പെടാൻ അനുവദിക്കാതിരിക്കുക.
* എടത്തിരുത്തി ബസാറിൻെറ തെക്കുഭാഗത്ത് വർഷങ്ങളായി മോചനം കാത്തുകിടക്കുന്ന അപൂർണ്ണാ

വസ്ഥയിലുള്ള വ്യോമൻസ് ക്ലബ്ബിൻെറ വസ്തു പഞ്ചായത്ത് ഏറ്റടുത്ത് ഗ്രാമത്തിൻെറ ആംസ്ക്കാരിക നിലയമാക്കുക. അദ്ധ്വാനവും മറ്റു സഹായവും പരമാവധി ഗ്രാമസഭ വാഗ്ദാനം ചെയ്യുക.

*ബോധവൽക്കരണത്തിനാവശ്യമായ സീരിയലുകൾ ഓരോ വാർഡിലും മാസത്തിലൊരിക്കൽ പ്രദർശിപ്പിക്കുക. അതിന് ഗ്രാമ പഞ്ചായത്ത് മുൻകൈ എടുക്കണം.

* ഗ്രാമപഞ്ചായത്തിന് പൊതുവായ ഒരു പാർക്ക് നിർമ്മിക്കുക; കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

* ഓരോ വാർഡിൽ നിന്നും ഗ്രാമതല മത്സരങ്ങൾക്കുശേഷം തെരഞ്ഞെടുക്കപ്പെടുന്നവർക്കായി പഞ്ചായത്ത്തല സാഹിത രചനാ മത്സരങ്ങളും, ചിത്രരചനാ മത്സരങ്ങളും നടത്തുക. വ്യക്തിഗതമായ കഴിവുകളെ സമൂഹത്തിൻെറ പ്രോത്സാഹനത്തിലൂടെ പരമാവധി വളർത്തിക്കൊണ്ടു വരിക. ഇവയുടെ പ്രാഥമിക ഘട്ട മത്സരങ്ങൾ വാർഡുതല വായനശാലകളോ ക്ലബ്ബുകളോ നടത്തുക.

* ഗ്രാമപഞ്ചായത്തിൻെറ മുൻകയ്യോടെ സന്നദ്ധസംഘടനകളെ സജീവവും പ്രവർത്തനോന്മുഖമാക്കണം.

ഏറ്റെടുക്കുന്ന ഓരോ പദ്ധതികളുടേയും പ്രാധാന്യവും അതുകൊണ്ട് ലഭിക്കുന്ന നേട്ടങ്ങളും ഓരോ വാർഡിലും മനസ്സിലാക്കുന്നതിന് പ്രചരണപരമായ നോട്ടീസ് ബോർഡുകൾ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കണം.

# വനിത

വനിതാവിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്നുണ്ടെങ്കിലും എടത്തിരുത്തിയിലെ സ്ത്രീകൾ ഈ കാര്യത്തിൽ വളരെ പിറകിലാണ്.

സാമൂഹ്യപ്രവർത്തന മേഖലകളിൽ പഴയ കാലത്ത് സ്ത്രീ പങ്കാളിത്തം ഇന്നത്തേക്കാൾ കൂടുതലായിരുന്നു. ആ കാലഘട്ടങ്ങളിൽ സ്ക്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് വളരെ കുറവായിരുന്നു. ആഘോഷങ്ങളിലും അതുപോലുള്ള പൊതുപരിപാടികളിലും പൊതുവെ സ്ത്രീ പങ്കാളിത്തം കൂടുതലായിരുന്നു. ഈ പഞ്ചായത്തിലെ സ്ത്രീകളുടെ സംഖ്യ പുരുഷന്മാരേക്കാൾ കൂടുതലാണ്.

ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യമുള്ള ഒരു ന്യൂനപക്ഷ വിഭാഗവും പ്രാഥമിക വിദ്യാഭ്യാസത്തിന് പോലും സൗകര്യമില്ലാത്ത ഒരു ഭൂരിപക്ഷ വിഭാഗവും ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ സ്ത്രീകളുടെ ജോലി മുഖ്യമായും അടുക്കളയിൽ ഒതുങ്ങി. എന്നാൽ ചില മേഖലകളിൽ എടത്തിരുത്തിയിലെ സ്ത്രീകളുടെ പങ്കാളിത്തം എടുത്തുപറയേണ്ടതാണ്. ഇന്ത്യയിലെ തന്നെ ആദ്യത്തെ വനിതാ ചീഫ് എൻജിനീയർ ശ്രീമതി. പാനിക്കുളം ത്രേസ്യാ എടത്തിരുത്തിയിൽനിന്നാണ് എന്നുള്ളത് എടുത്തു പറയേണ്ടതാണ്. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും അദ്ധ്യാപന രംഗത്ത് പുരുഷന്മാരേക്കാൾ മുൻപന്തിയിലാണ് സ്ത്രീകൾ.

തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരായി ക്രൂരമായ അവഗണന നിലനില്ക്കുന്നു. സ്ത്രീയെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവർക്കെതിരായി നില നില്ക്കുന്ന സാമൂഹ്യ പ്രതിശക്തികളെ തടുക്കാനാവില്ല.

ചെറുകിട വ്യവസായങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾ, കോഴിവളർത്തൽ, അടുക്കളത്തോട്ടം എന്നിവയക്ക് പ്രത്യേകം പ്രാധാന്യം കൊടുത്ത് സ്ത്രീകളെ ഇത്തരം മേഖലകളിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള തീവ്രപ്രയത്നം അടിയന്തിരാവശ്യമാണ്.

ഈ അടുത്ത കാലത്തായി പൊതുരംഗത്തും സന്നദ്ധപ്രവർത്തന മേഖലകളിലും വനിതകൾ സവിശേഷമായ പങ്ക് വഹിച്ച ഉദാത്തമാതൃകകളുണ്ട്. പഞ്ചായത്തിൽ നടത്തിയ സാക്ഷരതാ പ്രവർത്തനം, കുടുംബ സർവ്വേ, തുടങ്ങിയവ എടുത്തുപറയേണ്ടതാണ്. സ്ക്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠന പരിശീലനത്തിലും പെൺകുട്ടികളാണ് മുൻപന്തിയിൽ. സാങ്കേതിക വിദ്യാഭ്യാസ രംഗത്തും, ഉന്നത വിദ്യാഭ്യാസരംഗത്തും പെൺകുട്ടികൾ ആൺകുട്ടികളുടെ ഒപ്പംതന്നെ നില്ക്കുന്നു.

സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ കൂടുതലായി കാണുന്നു. ഈ കാലയളവിൽ സ്ത്രീപീഢന കൊലപാതകങ്ങൾ വരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മ ചെയ്യുന്നതിൽ 1990 - ലെ സാക്ഷരതാ പ്രവർത്തനം വളരെ സഹായിച്ചിട്ടുണ്ട്.

എടത്തിരുത്തി പഞ്ചായത്തിൽ 1991-ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യ 27457 ആണ്. ഇതിൽ പുരുഷന്മാർ 12858ഉം സ്ത്രീകൾ 14599ഉം ആണ്. ഈ കണക്കിൽ നിന്നും 1741 സ്ത്രീകൾ പുരുഷൻമാരേക്കാൾ കൂടുതലാണ് നമ്മുടെ പഞ്ചായത്തിൽ എന്നു കാണാം. ഈ കണക്കുകൾ '96ലേയ്ക്ക് വരുമ്പോൾ ഓരോ വിഭാഗത്തിലും 5% വർദ്ധനവ് കാണാൻ കഴിയും.

എടത്തിരുത്തി പഞ്ചായത്തിൽ വനിതകൾ അധികമായും വരുന്ന തൊഴിൽ മേഖല കാർഷിക മേഖലയിലും, കെട്ടിട നിർമ്മാണ മേഖലയിലും ആണ്. ഒരേ ജോലി ചെയ്യുന്ന സ്ത്രീകളുടേയും പുരുഷൻമാരുടേയും കൂലിയിൽ വലിയ അന്തരമുണ്ട്. ഈ അന്തരം ഏകീകരിക്കണമെന്ന് പൊതുവെ എല്ലാ വിഭാഗങ്ങളിൽ നിന്നും അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്.

സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന സ്ഥിതി പൊതുവെ ഉണ്ട്. പഞ്ചായത്ത് പരിധിയിൽ പൊതുസ്ഥലങ്ങളിൽ അശ്ലീല ബോർഡുകളും പോസ്റ്ററുകളും പതിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കണം. സർക്കാർ നിയന്ത്രണത്തിലുള്ള

മാധ്യമങ്ങൾ സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്നത് തടയുന്നതിൽ നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും മഹിളാസമാജങ്ങൾ, ബാലവാടികൾ, ക്രഷെ അംഗൻവാടികൾ തുടങ്ങിയവ സ്ഥാപിക്കുക.

* മഹിളാസമാജങ്ങൾ രൂപീകരിച്ച് ടൈലറിങ്, കൊട്ടനെയ്ത്ത്, കൂൺകൃഷി, സോപ്പുനിർമ്മാണം, മെഴുകുതിരി നിർമ്മാണം തുടങ്ങിവ ആരംഭിക്കണം. പഞ്ചായത്തിലെ നിലനില്ക്കുന്ന മഹിളാസമാജങ്ങൾക്ക് സ്വയം തൊഴിലിനുള്ള സ്ഥാപനവും സാമ്പത്തിക സഹായവും അനുവദിക്കുക. വനിതാസഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക.

* പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ തുന്നൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് പരിശീലനം നല്കുകയും, വ്യവസായികാടിസ്ഥാനത്തിൽ റെഡിമെയ്ഡ് ഡ്രസ്സുകൾ, പ്ലാസ്റ്റിക് വയർ ഉപയോഗിച്ചുകൊണ്ട് ബാഗ്, കസേരനെയ്ത്ത് തുടങ്ങിയവ ആരംഭിക്കുന്നതിന് സഹായം അനുവദിക്കുക. സ്ത്രീകളുടെ ആരോഗ്യം, തൊഴിൽ, വിദ്യാഭ്യാസം എന്നിവ ഉറപ്പ് വരുത്തണം. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ ആരംഭിക്കുക. വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വനിത സെൽ സ്ഥാപിക്കുക.

* സ്ത്രീകൾക്ക് വാർദ്ധക്യകാല പെൻഷൻ, പെൺകുട്ടികളെ വിവാഹം കഴിച്ചുകൊടുക്കുന്നതിന് ധനസഹായം, പ്രസവാനുകൂല്യം, വൈദ്യസഹായം, വയോജന വിദ്യാഭ്യാസം, വിധവകളായ സ്ത്രീകൾക്ക് വീട് നിർമ്മിച്ച് കൊടുക്കുക തുടങ്ങിയ കാര്യങ്ങൾക്ക് സർക്കാർ മുന്തിയ പരിഗണന കൊടുക്കേണ്ടതാണ്.

മദ്യനിരോധനം പൂർണ്ണമായും നടപ്പാക്കുന്നതിന് വ്യാപകമായ ബോധവൽക്കരണം നടത്തുക.

പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ മാവേലിസ്റ്റോറുകൾ സ്ഥാപിക്കുക. റേഷൻ ഷോപ്പുകളില്ലാത്ത വാർഡുകളിൽ റേഷൻ കടകൾ സ്ഥാപിക്കുക. കുടിവെള്ളം ലഭിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ പൈപ്പുകളും, കിണറുകളും സ്ഥാപിക്കുക. അടുക്കളതോട്ടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും വിത്തുകളും വളങ്ങളും ലഭ്യമാക്കുന്നതിന് നടപടികളെടുക്കുക.

# സഹകരണം

കർഷക സമൂഹത്തെ രക്ഷിക്കുന്നതിനുവേണ്ടി 1904-ലെ സഹകരണ നിയമത്തിൻെറ [കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് & ഓഫ് 1904] അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ 1918-ൽ ചെന്ത്രാപ്പിന്നി ഈസ്റ്റ് കേന്ദ്രീകരിച്ച് ചക്കാലക്കൽ ശങ്കരൻനായർ, ചാലിശ്ശേരി ചാക്കോരു, ശങ്കരൻമാസ്റ്റർ, പാറയിൽ വേലായുധൻ, കുഞ്ഞയ്യപ്പൻ എന്നിവർ ചേർന്ന് ഒരു ഐക്യനാണയ സംഘത്തിന് രൂപം നൽകി. ഈ കാലഘട്ടത്തിൽതന്നെ കൊട്ടേക്കാട്ട് കുഞ്ഞുണ്ണിമേനോൻ, രാമൻ മേനോൻ, പാങ്ങാട്ട് പരമേശ്വരമേനോൻ എന്നിവർ ചേർന്ന് പെരുമ്പടപ്പ് ഐക്യനാണയ സംഘത്തിന് രൂപം നൽകി. ഈ സംഘങ്ങളെ സംയോജിപ്പിച്ചുകൊണ്ട് 1927-ൽ ചെന്ത്രാപ്പിന്നി സർവ്വീസ് സഹകരണ സംഘം രൂപീകൃതമായി. മുപ്പതുകളിൽ പൈന്നൂർ തലക്കാട് ഒരു ഐക്യനാണയ സംഘം രൂപപ്പെട്ടിരുന്നു. അഹമ്മദുക്കുട്ടി മാസ്റ്റർ, കെ.വി. കൃഷ്ണൻമാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ എടത്തിരുത്തി വെസ്റ്റ് കേന്ദ്രമായ ഒരു വിവിദോദ്ദേശ സഹകരണ സംഘം രൂപീകൃതമായി. 1939ൽ രൂപം കൊണ്ട എടത്തിരുതതി ഗ്രാമോദ്ധാരിണി ഐക്യനാണയ സഹകരണ സംഘം കുമ്പളപറമ്പിൽ കൃഷ്ണൻ പ്രസിഡണ്ടും കുമ്പളപറമ്പിൽ രാമൻ സെക്രട്ടറിയും ആയി പ്രവർത്തിച്ചിരുന്നു. വിവിധ മേഖലകളിലായി 6 സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

### വായ്പാസംഘങ്ങൾ

### 1. എടത്തിരുത്തി സർവ്വീസ് സഹകരണ ബാങ്ക്

എടത്തിരുത്തി പഞ്ചായത്തിലെ മൂന്നും, നാലും വാർഡുകൾ പൂർണ്ണമായും കൂടാതെ അഞ്ചാം വാർഡിൻെറ ഒരു ഭാഗവും പ്രവർത്തന മേഖലയാണ്. 1200 ഓളം കുടുംബങ്ങൾ ബാങ്കിൻെറ പ്രവർത്തന പരിധിയിൽ ഉണ്ട്. വായ്പാവിതരണത്തിലൂടെയും, ചിട്ടി നടത്തിപ്പിലൂടെയും ഒരു പരിധിവരെ അംഗങ്ങളെ സഹായിക്കുവാൻ ബാങ്കിന് കഴിയുന്നുണ്ട്.

### 2. എടത്തിരുത്തി കിസാൻ സഹകരണബാങ്ക്

നമ്മുടെ പഞ്ചായത്തിലെ ഒന്നും, രണ്ടും വാർഡുകൾ കൂടാതെ അഞ്ചാം വാർഡിൻെറ ഒരു ഭാഗവും പ്രവർത്തന മേഖലയാണ്. 1200ഓളം കുടുംബങ്ങൾ ബാങ്കിൻെറ പ്രവർത്തനപരിധിയിലുണ്ട്. വായ്പാവിതരണത്തിലൂടെയും ചിട്ടിനടത്തിപ്പിലൂടെയും ഒരു പരിധിവരെ അംഗങ്ങളെ സഹായിക്കുവാൻ ബാങ്കിന് കഴിയുന്നുണ്ട്

### 3. ചെന്ത്രാപ്പിന്നി സർവ്വീസ് സഹകരണ ബാങ്ക്

എടത്തിരുത്തി പഞ്ചായത്തിലെ ആറുമുതൽ പതിനൊന്നു വരെയുള്ള വാർഡുകൾ പ്രവർത്തന മേഖലയാണ്. 7,000ത്തിൽ പരം മെമ്പർമാർ ഈ ബാങ്കിൽ പങ്കാളികളായിട്ടുണ്ട്. ബാങ്കിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചാമക്കാലയിലും ചെന്ത്രാപ്പിന്നി ഈസ്റ്റിലും ബ്രാഞ്ചുകൾ തുറന്ന് പ്രവർത്തിക്കുവാൻ സാധ്യതകൾ ഏറെയുണ്ട്. കാർഷികവായ്പകളും, മറ്റിതര വായ്പകളും ബാങ്ക് നൽകി വരുന്നു. തൊഴിൽ മേഖലകളിൽ ലോൺ കൊടുക്കുന്നതിന് സാഹചര്യങ്ങളുണ്ടാക്കണം. കാർഷിക ഉൽപ്പന്നങ്ങൾ [കശുവണ്ടി, കൊപ്രസംഭരണം, കൊട്ടടയ്ക്ക മുതലായവ] സംഭരിക്കുവാൻ ശ്രമിക്കണം.

### 4. ക്ഷീരോല്പാദക സഹകരണ സംഘം

എടത്തിരുത്തി പഞ്ചായത്തിലെ 1 മുതൽ 5 വരെയുള്ള വാർഡുകൾ പ്രവർത്തന മേഖലയായുള്ള ലാഭകരമായി പ്രവർത്തിക്കുന്ന ഒരു സംഘമാണിത്. സ്ഥിരമായി പാൽ അളക്കുന്ന 530 അംഗങ്ങളോളം സംഘത്തിൽ പങ്കാളികളായിട്ടുണ്ട്. മെമ്പർമാരുടെ സൗകര്യാർത്ഥവും, സംഘത്തിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിനും വേണ്ടി ചൂലൂരിൽ ഒരു കളക്ഷൻ സെൻറർ തുറന്നു പ്രവർത്തിക്കുന്നുണ്ട്.

### പ്രശ്നങ്ങളും സാദ്ധ്യതകളും

1. നമ്മുടെ വായ്പാസംഘങ്ങൾ ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ നഷ്ടം നികത്താതെ വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ ഈ ബാങ്കുകൾ വഴി നടത്തുവാൻ സാധിക്കയില്ല. അതിനാൽ ബാങ്കിൻെറ നഷ്ടം നികത്തുന്നതിനായി ഓരോ ബാങ്കിൻേറയും നഷ്ടത്തിന് തുല്ല്യമായ തുക പലിശരഹിത ദീർഘകാല വായ്പയായോ ഓഹരിമൂലധനമായോ അനുവദിക്കുക.

2. നിക്ഷേപങ്ങളുടെ ലഭ്യതകുറവുമൂലം വേണ്ടരീതിയിലുള്ള വായ്പാവിതരണവും മറ്റു പുരോഗമന പ്രവർത്തനങ്ങളും സഹകരണ ബാങ്കുകൾക്ക് കഴിയാതെ വരുന്നു. വേണ്ട രീതിയിലുള്ള നിക്ഷേപ സമാഹരണങ്ങൾ ബഹുജനാടിസ്ഥാനത്തിൽ നടത്തി കാര്യക്ഷമമായ വായ്പകൾക്ക് (സ്വയം തൊഴിൽ വായ്പ, ഭവനനിർമ്മാണ വായ്പ, സ്വർണ്ണപണയ വായ്പ) ഉപയോഗിക്കേണ്ടതാണ്.

3. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുൻപ് തന്നെ പാസ്സാക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

4. വളവും, കാർഷികോപകരണങ്ങളും വിതരണം ചെയ്യുവാനും കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുവാനും ബാങ്കുകളിൽ സംവിധാനം ഉണ്ടാക്കണം.

5. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ കൂണുപോലെ വളർന്നുവരുന്നതുമൂലം പ്രാദേശിക ബാങ്കുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. ആയതിനാൽ ഇത്തരം സ്ഥാപനങ്ങൾക്ക് 'ലൈസൻസ് നൽകുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കണം'.

6. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭിക്കുന്നതിന് സ്ഥിരം മാവേലിസ്റ്റോറുകൾ പ്രവർത്തിപ്പിക്കണം.

7. ചെറുകിട വ്യവസായത്തിന് സഹകരണസംഘങ്ങൾ രൂപീകരിച്ച് പരിശീലനവും, ഉല്പാദനവും, വിപണനവും സംഘത്തിനു കീഴിലാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

8. പഞ്ചായത്തിൻെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് "ലേബർ കോൺട്രാക്ട്" സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചാൽ ഈ രംഗത്ത് നിലനിൽക്കുന്ന ഇടത്തട്ടുകാരുടെ അഴിമതി ഒഴിവാക്കുന്നതോടൊപ്പം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുന്നു.

9. പ്രാഥമിക സംഘങ്ങളിലെ ഗവൺമെൻറ് ഓഹരി ഒരു ലക്ഷം രൂപയെന്നത് ഇന്നത്തെ രൂപയുടെ മൂല്യത്തിന് സമാനമായി വർദ്ധിപ്പിക്കുക.

10. ചെന്ത്രാപ്പിന്നി സഹകരണ ബാങ്കിൻെറ പ്രവർത്തന പരിധി മറ്റു നിലവിലുള്ള ബാങ്കുകളെ അപേക്ഷിച്ച് വളറെ കൂടുതലും [6,7,8,9,10,11 വാർഡുകൾ] 10, 11 വാർഡുകളിലെ മെമ്പർമാർക്ക് ബാങ്കുമായി ഇടപഴകുന്നതിന് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതുകൊണ്ടും ഈ രണ്ട് വാർഡും കേന്ദ്രീകരിച്ച് പുതിയ ഒരു ബ്രാഞ്ച് പ്രവർത്തനം ആരംഭിക്കണം. ഇതുമൂലം ചെന്ത്രാപ്പിന്നി സഹകരണ ബാങ്കിൻെറ പ്രവർത്തനം വിപുലീകരിക്കാൻ സാധിക്കുന്നു.

എല്ലാ സഹകാരികൾക്കും മതിയായ ഈടിൻമേൽ ഏറ്റവും ചുരുങ്ങിയത് 1,00,000 രൂപ വരെയെങ്കിലും ഏതാവശ്യത്തിനും ലോൺ നൽകാൻ സഹകരണ സംഘങ്ങളെ പ്രാപ്തമാക്കുന്നതിലൂടെ അമിതമായ പലിശയ്ക്കു സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത് തിരിച്ചടയ്ക്കാനൊക്കാതെ വരുമ്പോൾ ആത്മഹത്യയിൽ അഭയം തേടുന്ന പാവപ്പെട്ടവരുടേയും ഇടത്തട്ടുകാരുടേയും ജീവൻ രക്ഷിക്കാൻ കഴിയേണ്ടതാണ്.

## പട്ടിക -1. വായ്പാ സഹകരണ ബാങ്കുകൾ

| ക്രമ മ്പ് | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | അംഗത്വം | പ്രവർത്തന പരിധി | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | വായ്പകൾ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | സ്ഥിരം | മറ്റുള്ളവർ |
| 1 | എഫ്. 1045 എടത്തിരുത്തി സർവ്വീസ് സഹകരണ ബാങ്ക് | 1939 | 3028 | 3,4 വാർഡുകളും 5ൽ പകുതിയും | 4,025,13.75 | 14,22,526 | 12,41,495 | 74,92,135 | 61,26,654 | 16,05,000 | 2 | 2 |
| 2 | ആർ. 311 എടത്തിരുത്തി കിസാൻ സർവ്വീസ് സഹകരണ ബാങ്ക് | 1936 | 2875 | 1,2 വാർഡുകളും 5ൽ പകുതിയും | 5,29,525.62 | 6,79,236 | 58,36,990.03 | 421,156 | 40,03,699 | 9,05,00 | 4 | 3 |
| 3 | ആർ. 276 ചെന്ത്രാപ്പിന്നി സർവ്വീസ് സഹകരണ ബാങ്ക് | 1927 | 6467 | 6,7,8,9, 10,11 എന്നീ വാർഡുകളിൽ | 16,49,903 | 5,05,453.20 | 185,15,311 | 3,62,305 | 1,74,93,517 | 10,00,00 | 10 | - |
| 4 | എഫ്. 1251 നാട്ടിക ഫർക്ക റൂറൽ ബാങ്ക് | 1967 | 4640 | എടത്തിരുത്തി പഞ്ചായത്ത് | 2,50,000 | 18,77,220 | 52,32,098 | - | 18,77,720 | 1,02,000 | 4 | - |

## പട്ടിക - 2. ക്ഷീരസഹകരണസംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തന വർഷം | പ്രവർത്തന പരിധി | അംഗത്വം | ഓഹരി മൂലധനം | നിക്ഷേപം | പ്രവർത്തന മൂലധനം | ലാഭം | നഷ്ടം | സ്ഥിരം | മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | എടത്തിരുത്തി ക്ഷീരോൽപാദക സഹകരണസംഘം | 22-4-1986 | എടത്തിരുത്തി പഞ്ചായത്തിലെ 1,2,3,4,5 വാർഡുകൾ | 530 | 5300 | 1,55,580.74 | 104158.93 | 27971.86 | – | 3 | 2 |

## എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

## പൊതുവിതരണസംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ

പൊതുവിതരണകേന്ദ്രത്തിൻെറ ആകെ എണ്ണം - 11

| വർഷം | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ ക്വിൻറൽ | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | മേജർ 12 വയസ്സിന് മേൽ | മൈനർ 3-12 വയസ്സ് | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് വഴി വിതരണം ചെയ്തത് ലിറ്റർ | കാർഡ് വഴി വിതരണം ചെയ്തത് ലിറ്റർ |
| 1991-92 | 1727 | 2334 | 4061 | 18526 | 4025 | 22551 | 13649 | 2308 | 27 | 120 | 1128 | 58 | 17290 | 165 | 21186 | 178559 |
| 1992-93 | 1858 | 2345 | 4203 | 18428 | 4115 | 22543 | 14244 | 2538 | 38 | 128 | 1167 | 29 | 18144 | 165 | 21186 | 167280 |
| 1993-94 | 1751 | 2519 | 4270 | 18434 | 4179 | 22613 | 13324 | 2548 | 39 | 145 | 1129 | 13 | 17198 | 170 | 21538 | 166532 |
| 1994-95 | 1622 | 2662 | 4284 | 18508 | 4248 | 22756 | 12891 | 2678 | 28 | 120 | 1154 | 4 | 16875 | 177 | 22594 | 172942 |
| 1995-96 | 1608 | 2736 | 4334 | 19619 | 4083 | 23702 | 13247 | 2988 | 29 | 131 | 1167 | – | 17562 | 229 | 25630 | 173847 |

# പട്ടികജാതി / പട്ടികവർഗ്ഗം

കേരളത്തിലെ ജനസംഖ്യയിൽ 10% വരുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർ സാമൂഹ്യമായും, സാമ്പത്തികമായും പിന്നോക്കാവസ്ഥയിലാണ്. എടത്തിരുത്തി പഞ്ചായത്തിലും അതേ നിലതന്നെയാണ് തുടർന്നുവരുന്നത്.

പഞ്ചായത്തിലെ ജനസംഖ്യ: 28829

പട്ടിക ജാതിക്കാർ: 4609

പട്ടിക വർഗ്ഗക്കാർ : 9

മേൽപ്പറഞ്ഞ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി താഴെ പറയുന്ന പദ്ധതികൾ ഉദ്ദേശിക്കുന്നു.

### 1. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭൂമിവിതരണം

പട്ടിക ജാതി പട്ടികവർഗ്ഗക്കാരുടെ താമസ സൗകര്യത്തിനായി ഭൂമി വിലക്കുവാങ്ങി അവർക്ക് വിതരണം ചെയ്യുന്നുതിനുള്ള പദ്ധതിയാണുദ്ദേശിക്കുന്നത്.

### 2. വിദ്യാഭ്യാസാനുകൂല്യങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗവകുപ്പിൽ നിന്നും വിതരണം ചെയ്തുവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ വളരെ കുറഞ്ഞ നിരക്കിലാണ് വിതരണം ചെയ്തുവരുന്നത്. ആ അവസ്ഥമാറ്റി ഇപ്പോൾ വിതരണം ചെയ്യുന്ന തുകയുടെ ഇരട്ടിയെങ്കിലും ആക്കി വർദ്ധിപ്പിക്കണം.

### 3. പ്രീമെട്രിക് ഹോസ്റ്റൽ

എടത്തിരുത്തി പഞ്ചായത്തിൽ പത്താംക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളെ താമസിപ്പിക്കുന്നതിന് ഇപ്പോൾ ഹോസ്റ്റലുകളില്ല. ആയതിനാൽ ഒരു ഹോസ്റ്റൽ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിനോടഭ്യർത്ഥിക്കുന്നു.

### 4. കോസ്മോ പോളിറ്റൻ ഹോസ്റ്റൽ

നാട്ടിക ശ്രീനാരായണ കോളേജ്, വലപ്പാട് ഗവ: പോളിടെക്നിക്, എന്നീ പോസ്റ്റ് മെട്രിൻ സ്ഥാപനങ്ങൾ നിലവിലുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലായി ഉദ്ദേശം 700 ഓളം വരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അവർക്ക് താമസിച്ചു പഠിക്കുന്നതിന് ഇപ്പോൾ ഹോസ്റ്റൽ സൗകര്യങ്ങലില്ല. ആയതിനാൽ തൃപ്രയാർ കേന്ദ്രമാക്കി ഒരു കോസ്മോ പോളിറ്റൻ ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനോടഭ്യർത്ഥിക്കുന്നു.

### 5. ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് സെൻറർ

പട്ടികജാതി വകുപ്പിൻെറ കീഴിൽ ചൂലൂരിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് സെൻററിൽ ഇപ്പോൾ നിലവിലുള്ള കോഴ്സുകൾ തൊഴിൽ സാദ്ധ്യതകൂടുതലുണ്ടാക്കാവുന്ന ട്രേഡുകളായി മാറ്റി, കൂടുതൽ സീറ്റുകൾ വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ പ്രസ്തുത സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്നതിന് ഹോസ്റ്റൽ തുടങ്ങണമെന്ന് പട്ടികജാതി വികസന വകുപ്പിനോടഭ്യർത്ഥിക്കുന്നു. പ്രസ്തുത ആവശ്യത്തിനുവേണ്ടി വരുന്ന ഭൂമി സ്ഥാപനത്തിൻെറ കോമ്പൗണ്ടിൽ തന്നെ പട്ടികജാതി വികസന വകുപ്പിൻെറ ഉടമസ്ഥതയിൽ ഉണ്ട്. ആയിതിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പട്ടിജാതി വികസന വകുപ്പിനോടഭ്യർത്ഥിക്കുന്നു.

### വിവിഹധനസഹായം

പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് പട്ടികജാതി വകുപ്പിൽ നിന്നും രണ്ടായിരം രൂപ വിതരണം ചെയ്തുവരുന്നുണ്ട്. പ്രസ്തുത ആനുകൂല്യത്തിന് അർഹരായവരുടെ എണ്ണം ഒരു കുടുംബത്തിലെ രണ്ട് പെൺകുട്ടികൾക്കായി നിജപ്പെടുത്തിയിട്ടുണ്ട്. ആ പരിധി മാറ്റി ഒരു കുടുംബത്തിലെ എല്ലാ പെൺകുട്ടികൾക്കും ധനസഹായം ലഭ്യമാകുന്ന രീതിയിലും, നിലവിലുള്ള തുക രണ്ടായിരത്തിൽ നിന്ന് ചുരുങ്ങിയത് നാലായിരമെങ്കിലും ആക്കി നിലവിലുള്ള ചട്ടങ്ങളിൽ ഗ്രൂപ്പ് തിരിച്ചുള്ള തരം തിരിവ് മാറ്റി എല്ലാവർക്കും പ്രസ്തുതധനസഹായം ലഭ്യമാകത്തിക്ക വിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിനോടഭ്യർത്ഥിക്കുന്നു.

## ചികിത്സാധനസഹായം

പട്ടികജാതി വർഗ്ഗത്തിൽപ്പെടുന്നവർക്ക് ക്ഷയം, കുഷ്ഠം, അർബുദം എന്നീ രോഗങ്ങൾ ബാധിച്ചവർക്കം ചികിത്സക്കായി ഒരു അസിസ്റ്റൻറ് സർജൻെറ (അലോപ്പതി) സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ ആയിരം രൂപ വീതം ധനസഹായം നൽകിവരുന്നുണ്ട്. പ്രസ്തുത പദ്ധതി ആയുർവ്വേദ, ഹോമിയോ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ വരുമാനപരിധി നോക്കാതെ എല്ലാ പട്ടിക ജാതിക്കാരായ രോഗികൾക്കും ധനസഹായം വിതരണം നടത്തണമെന്ന് പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിനോടഭ്യർത്ഥിക്കുന്നു.

## ഉദ്യോഗാർത്ഥികൾക്ക് യാത്രാപ്പടി

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് എഴുത്തുപരീക്ഷ, ഇൻറർവ്യൂ എന്നിവക്ക് ഹാജരാകുന്നവർക്ക് യാത്രാപ്പടി നൽകുന്ന ഒരു സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ഇപ്പോൾ ആനുകൂല്യം നിശ്ചയിച്ചുകൊണ്ടിരിക്കുന്നത് ഒരു കിലോമീറ്ററിന് വരുന്ന ബസ്ചാർജ്ജ് കണക്കാക്കിയാണ്. ആ നില മാറ്റി പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് യഥാർത്ഥ ബസ് ചാർജ്ജും-ട്രെയിൻചാർജ്ജും ഒരു ഡി.എ.യും കണക്കാക്കി ചുരുങ്ങിയത് 50 രൂപയെങ്കിലും ലഭിക്കത്തക്കവിധം ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനോടഭ്യർത്ഥിക്കുന്നു.

## ഭവനനിർമ്മാണം

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് 15000/- രൂപ വീതം നൽകി വരുന്നുണ്ട്. പ്രസ്തുത വീടുകളും ഗുണഭോക്താക്കളുടെ എണ്ണം വളരെ കുറവാണ്. എടത്തിരുത്തി പഞ്ചായത്തിലുള്ള എല്ലാ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും വീടുകൾ അനുവധിക്കാനും, നിലവിലുള്ള നിരക്ക് 25000/-രൂപയെങ്കിലുമായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനോടഭ്യർത്ഥിക്കുന്നു.

## ഓട് മേച്ചിൽ

പട്ടിക ജാതിക്കാരുടേയും, പട്ടിക വർഗ്ഗക്കാരുടേയും വീടുകൾ മേൽക്കൂര പുതുക്കി ഓട് മേയ്യുന്നതിന് 2000/-ക വീതം ധനസഹായം നൽകുന്ന ഒരു പദ്ധതി നിലവിൽ ഉണ്ട്. മുൻ വർഷങ്ങളിൽ പ്രസ്തുത ആനുകൂല്യം ഒരു ബ്ലോക്കിൽ ഒരാൾക്കു മാത്രമാണ് ലഭ്യമാക്കികൊണ്ടിരുന്നത്. പ്രസ്തുത ആനുകൂല്യം എല്ലാ പട്ടികജാതി കുടുംബക്കാർക്കും ലഭ്യമാക്കുന്നതിനും നിലവിലുള്ള നിരക്ക് ഏറ്റവും കുറഞ്ഞത് 5000/- രൂപയെങ്കിലുമായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിനോടഭ്യർത്ഥിക്കുന്നു.

## പുനരധിവാസ പദ്ധതി

സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായ പദ്ധതി നിലവിലുണ്ട്. ഇപ്പോൾ നൽകിവരുന്ന ആനുകൂല്യം സ്ഥലം വാങ്ങുന്നതിന് 10000/-രൂപയും, വീട് നിർമ്മിക്കുന്നതിന് 15000/-രൂപയടക്കം 25000/-രൂപയാണ് നൽകിവരുന്നത്. സ്ഥലം വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള 10000/-രൂപകൊണ്ട് ഈ പഞ്ചായത്തിൽ 4 സെൻറ് ഭൂമിവാങ്ങുന്നതിന് കഴിയുകയില്ല. ഈ പഞ്ചായത്ത് പ്രദേശത്ത് ഏറ്റവും ചുരുങ്ങിയത് ഒരു സെൻറിന് 8000/-രൂപയെങ്കിലും മാർക്കറ്റ് വിലയുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പാക്കുവാൻ ഈ പഞ്ചായത്ത് പ്രദേശത്ത് കഴിയുന്നില്ല. ആയതിനാൽ സ്ഥലം വാങ്ങുന്നതന് ഏറ്റവും ചുരുങ്ങിയത് 25000/-രൂപയും, വീട് നിർമ്മിക്കുന്നതിന് 25000/-രൂപയും കിട്ടി മൊത്തം 50000/- രൂപയായി വർദ്ധിപ്പിക്കണം. കൂടാതെ ഓരോ കുടുംബത്തിലും ഒന്നിലേറെ ദമ്പതികൾ കൂട്ടുകുടുംബമായി താമസിക്കുന്നുണ്ട്. ആയതിനാൽ ഓരോ ദമ്പതികമാരേയും ഓരോ യൂണിറ്റായി കണക്കാക്കി എല്ലാവർക്കും ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനോടഭ്യർത്ഥിക്കുന്നു.

## കക്കൂസ് നിർമ്മാണം

കക്കൂസ് ഇല്ലാത്ത എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബക്കാർക്കും കക്കൂസ് നിർമ്മിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് 3000/- രൂപ വീതം ധനസഹായം അനുവദിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിനോടഭ്യർത്ഥിക്കുന്നു.

## ശുദ്ധജല വിതരണം

എല്ലാ പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുന്നതിന് ഓരോ

കുടുംബത്തിനും 4000/- രൂപ വീതം ധനസഹായം വിതരണം ചെയ്യുന്നതിനോ, അല്ലാത്തപക്ഷം വാട്ടർ അതോറിറ്റിയുടെ ചിലവിൽ വാട്ടർ കണക്ഷൻ നൽകുന്നതിനോ, ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പിനോടഭ്യർത്ഥിക്കുന്നു.

**സാങ്കേതിക പരിശീലനം**

സാങ്കേതിക പരിശീലനം നേടിയ പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് (കൈത്തറി, നെയ്ത്, കസേര, ഫർണിച്ചർ നിർമ്മാണം) തൊഴിൽ ലഭ്യമാക്കുന്നതിന് അടിയന്തിര പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പിനോടഭ്യർത്ഥിക്കുന്നു.

**മിടുക്കന്മാരായ പട്ടികജാതി, പട്ടികവർഗ്ഗകുട്ടികൾക്ക് ധനസഹായം**

മിടുക്കന്മാരായ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഫസ്റ്റ് ക്ലാസ്സിൽ പത്താം ക്ലാസ്സ് പാസ്സായവരും, പ്രീഡിഗ്രി, ഡിഗ്രി മുതലായവ പാസ്സായവർക്കും നൽകിവരുന്ന ധനസഹായം വർദ്ധിപ്പിച്ചുകൊണ്ട് എല്ലാവർക്കും ധനസഹായം ലഭിക്കുന്നതിന് ഉതകുന്നവിധത്തിൽ പദ്ധതികൾ തയ്യാറാക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗവികസനവകുപ്പിനോടഭ്യർത്ഥിക്കുന്നു.

**ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക**

പൊതുവായ കാര്യങ്ങൾ അറിയുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ കോളനിയിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിനോടഭ്യർത്ഥിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷൻ**

പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷൻെറ ഒരു ബ്രാഞ്ച്ഓഫീസ് എല്ലാ ബ്ലോക്ക്തലങ്ങളിലും ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷനോടഭ്യർത്ഥിക്കുന്നു.

**പട്ടികജാതിക്കാരുടെ കേസ്സുകൾ**

ദാരിദ്രരേഖക്ക് താഴെയുള്ള പട്ടികജാതിക്കാരുടെ കേസുകൾ സർക്കാർ ഏറ്റെടുത്ത് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോടഭ്യർത്ഥിക്കുന്നു.

**സ്വയം തൊഴിൽ കണ്ടെത്തൽ**

പട്ടികജാതി പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ ധനസഹായം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോടഭ്യർത്ഥിക്കുന്നു.

**പട്ടികജാതിക്കാരുടെ വീടുകൾ കേടുപാടുകൾ തീർക്കൽ**

പട്ടികജാതിക്കാരുടെ വീടുകൾ റിപ്പയർ ചെയ്യുന്നതിനാവശ്യമായ ധനസഹായം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോടഭ്യർത്ഥിക്കുന്നു.

**പുര കെട്ടിമേച്ചിൽ**

പട്ടികജാതിക്കാരുടെ വീടുകൾ കെട്ടി മേയ്യുന്നതിന് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനും എല്ലാ പട്ടികജാതിക്കാർക്കും വർദ്ധിപ്പിച്ച നിരക്കിൽ നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോടഭ്യർത്ഥിക്കുന്നു.

**തരിശുഭൂമി വിതരണം ചെയ്യൽ**

തരിശായി കിടക്കുന്ന കൃഷിഭൂമി പട്ടികജാതിക്കാർക്ക് പതിച്ചുനൽകി കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോടഭ്യർത്ഥിക്കുന്നു.

**സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ**

സർക്കാർ നൽകുന്ന വിവിധ ആനുകൂല്യങ്ങൾ കോളനികളിൽ മാത്രം ഒതുക്കി നിർത്താതെ എല്ലാ പട്ടികജാതിക്കാർക്കും ലഭ്യമാകത്തക്കരീതിയിൽ പദ്ധതി നടപ്പിലാക്കുവാൻ അഭ്യർത്ഥിക്കുന്നു.

**കാർഷിക തൊഴിലാളി പെൻഷൻ**

കാർഷിക തൊഴിലാളി പെൻഷന് അർഹരായ തൊഴിലാളികളെ തിരഞ്ഞെടുക്കുമ്പോൾ കുടുംബവരുമാനം നോക്കാതെ വ്യക്തിഗത വരുമാനം മാനദണ്ഡമായെടുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിനോടഭ്യർത്ഥിക്കുന്നു.

**വൈദ്യുതീകരണം**

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് ധനസഹായം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോടഭ്യർത്ഥിക്കുന്നു.

**വാർദ്ധക്യകാല പെൻഷൻ**

വാർദ്ധക്യകാല പെൻഷൻ അർഹതപ്പെട്ട എല്ലാ പട്ടികജാതിക്കാർക്കും ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിനോടഭ്യർത്ഥിക്കുന്നു.

### വിധവാ പെൻഷൻ

വിധവാ പെൻഷൻ എല്ലാ പട്ടികജാതി അപേക്ഷകർക്കും ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിനോട്ഭ്യർത്ഥിക്കുന്നു.

### I.R.D.P ലോൺ

I.R.D.P ലോൺ പ്രകാരം വാങ്ങുന്ന ഉപകരണങ്ങളുടെ ജാമ്യത്തിൽ ലോൺ വിതരണം ചെയ്യുവാനഭ്യർത്ഥിക്കുന്നു. കൂടാതെ I.R.D.P ലോൺ നിഷേധിക്കുന്ന ബാങ്ക് മാനേജർമാർക്കെതിരെ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### നഴ്സറി സ്കൂൾ

എല്ലാ പട്ടികജാതി കോളനികളിലും നഴ്സറി സ്കൂളുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോടഭ്യർത്ഥിക്കുന്നു.

### വെള്ളം കെട്ടി നിൽക്കുന്ന സ്ഥലങ്ങൾ മണ്ണിട്ട് നികത്തുക

വർഷകാലങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്ന പട്ടികജാതിക്കാരുടെ വീടുകൾക്ക് ചുറ്റും മണ്ണിട്ട് നികത്തി കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

### കരകൗശല പരിശീലനം

കരകൗശല പരിശീലനത്തിന് താൽപ്പര്യമുള്ള എല്ലാ പട്ടികജാതി യുവതീയുവാക്കൾക്കും പരിശീലനം നൽകി തൊഴിലില്ലായ്മക്ക് പരിഹാരം നൽകുക.

### ആട്, കോഴി വളർത്തലിന് ധനസഹായം നൽകൽ

പട്ടികജാതിക്കാരുടേയും, പട്ടികവർഗ്ഗക്കാരുടേയും ഉന്നമനത്തിനായി പ്രസ്തുത സമുദായത്തിൽപ്പെട്ട സ്ത്രീകൾക്ക് ആടുമാടുകളേയും, കോഴികളേയും വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോടഭ്യർത്ഥിക്കുന്നു.

### മിശ്രവിവാഹിതർക്ക് ധനസഹായം

പട്ടികജാതി പട്ടികവർഗ്ഗക്കാർ ഉൾപ്പെടുന്ന മിശ്രവിവാഹ ദമ്പതികൾക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായം 2000/-രൂപയിൽനിന്ന് ഉയർത്തി 5000/-രൂപയെങ്കിലുമായി വർദ്ധിപ്പിച്ച് വരുമാന പരിധി കണക്കിലെടുക്കാതെ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണം.

### പട്ടികജാതി ശ്മശാനം

ചൂലൂർ നോൽത്ത് പട്ടികജാതി ശ്മശാനം സൈഡ് കെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

മൃതദേഹങ്ങൾ കൊണ്ടുപോകുന്നതിന് ആവശ്യമായ വാഹനം വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കണം.

### ട്യൂട്ടോറിയൽ വിദ്യാഭ്യാസം

എസ്.എസ്.എൽ.സി., പ്രീ-ഡിഗ്രീ, ഡിഗ്രി എന്നീ കോഴ്സുകളിൽ പരാജയപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ സംവിധാനം നടപ്പിലുണ്ട്. ആനുകൂല്യം വളരെ കുറവായതിനാൽ പ്രസ്തുത നിരക്ക് വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു.

### പ്രത്യേക ഘടക പദ്ധതി

പട്ടികജാതി പട്ടികവർഗ്ഗവികസന പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ ആസൂത്രണം ചെയ്ത് ജില്ലാ കളക്ടർ ചെയർമാനുള്ള വർക്കിംഗ്ഗ്രൂപ്പ് അംഗീകരിച്ച് നടപ്പിലാക്കുന്നു. പ്രത്യേക ഘടക പദ്ധതി സംസ്ഥാന പദ്ധതിയുടെ ഭാഗമാണ്. ഒരു പ്രദേശത്തെ അമ്പതുശതമാനത്തിൽ കൂടുതൽ പട്ടികജാതിക്കാർ ഗുണഭോക്താക്കളായി വരുന്ന പ്രദേശങ്ങളിൽ റോഡ്, വെള്ളം, വൈദ്യുതി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് എല്ലാ ഡിപ്പാർട്ട്മെൻറുകളുടേയും പദ്ധതിവിഹിതത്തിൽ 10% പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ചെലവഴിക്കുന്നുണ്ട്. പ്രസ്തുത 10% എന്നത് 15% എങ്കിലുമായി വർദ്ധിപ്പിച്ച് ഉത്തരവുണ്ടാക്കേണ്ടതാണ്.

### തീവ്രസങ്കേത വികസനപദ്ധതി (I.H.D.P)

പത്തിലധികം പട്ടികജാതി കുടുംബക്കാർ അധിവസിക്കുന്നതും പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതി സങ്കേതങ്ങൾ തിരഞ്ഞെടുത്ത് ആ പ്രദേശങ്ങൾപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്, കക്കൂസ്, കുളിമുറി, വൈദ്യുതീകരണം, ശുദ്ധജലവിതരണം, ഡ്രെയിനേജ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്നു.

പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി ഒരു വിവിധോദ്ദേശ സഹകരണസംഘം രൂപീകരിക്കാൻ നടപടി സ്വീകരിക്കുണം.

## പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് ഡ്രൈവിംഗ് പരിശീലനം

പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ഭാഗമായി ലൈറ്റ് മോട്ടോർ ഡ്രൈവിംഗ് കോഴ്സിൽ ചേർന്ന് പഠിക്കുന്നതിന് ഇപ്പോൾ നിലവിൽ സംവിധാനമുണ്ട്. എന്നാൽ വളരെ കുറച്ച് ഉദ്യോഗാർത്ഥികൾക്ക് മാത്രമേ ഈ അവസരം ലഭിക്കുന്നുള്ളൂ. ആയതിനാൽ അർഹരായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കും ലൈറ്റ് മോട്ടോർ ഡ്രൈവിംഗ് പരിശീലനം കൊടുത്ത് ലൈസൻസ് എടുത്തുകൊടുക്കുന്നതിന് നിർദ്ദേശിക്കുന്നു.

## മറ്റു തൊഴിലവസരങ്ങൾ

അലുമിനിയം ഫാബ്രിക്കേഷനിൽ പരിശീലനം നൽകി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

## വാർഡുതലത്തിൽ നടത്തേണ്ട പദ്ധതികൾ

1. രണ്ടാം വാർഡിലെ അയ്യപ്പൻകാവ് കോളനി, വള്ളുവൻതറ കോളനി, അയ്യൻപടി കോളനി, കല്ലുംകടവ് കോളനി എന്നിവ I.H.D.P കോളനികളായി അംഗീകരിക്കുക.

2. മൂന്നാം വാർഡിൽ ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്നത് എടത്തിരുത്തി കോൺവെൻറിൻെറ പടിഞ്ഞാറുഭാഗത്താണ്. ഈ പ്രദേശത്തിൻെറ അടിസ്ഥാന പ്രശ്നം പൊതുവഴി ശോചനീയമായ നിലയിൽ എന്നതാണ്. പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ ഇ.കെ.സി റോഡിൽ R.C ചർച്ച് റോഡുമായി ബന്ധിപ്പിക്കുന്ന (പണിക്കരുടെ വീടിന് കിഴക്കുവശം) മണ്ണിട്ടു നികത്തി സഞ്ചാരയോഗ്യമാക്കണം.

3. അയ്യപ്പൻകാവ് റോഡ് പുനർനിർമ്മാണം നടത്തി സഞ്ചാരയോഗ്യമാക്കുക മുനയം ദ്വീപിലേക്ക് കുടിവെള്ളവും വൈദ്യുതിയും എത്തിക്കുക. വർഷക്കാലത്ത് വെള്ളക്കെടുതിയിൽ കഴിയുന്ന പട്ടികജാതിയിൽപ്പെടുന്ന കുടുംബങ്ങൾക്ക് M.W.S സ്കീമിലുൾപ്പെടുത്തി വീടും പരിസരവും വാസയോഗ്യമാക്കേണ്ടതാണ്.

4. 4-ാം വാർഡിൽ ഏകദേശം 130 പട്ടികജാതി കുടുംബങ്ങളുണ്ട്. ഇത്രയും കുടുംബങ്ങൾ കൂട്ടമായും ഒറ്റപ്പെട്ടും താമസിക്കുന്നതെങ്കിലും വാർഡിൽ പട്ടികജാതി കോളനികളായി അംഗീകരിച്ച ഒരു പ്രദേശവും ഇല്ല. അടിസ്ഥാന സൗകര്യങ്ങളുള്ള വീടുകൾ കുറവാണ്. ഏറ്റവും പുതിയതായി ഉണ്ടായിട്ടുള്ള വീടുകൾ പ്രത്യേകിച്ച് താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെയില്ല. അപൂർവ്വം ചിലതൊഴിച്ച് മുഴുവൻ കുടുംബാംഗങ്ങളും കാർഷിക മേഖലയിൽ കൂലി വേലചെയ്ത് ഉപജീവനം ചെയ്ത് കുടുംബം പുലർത്തുന്നവരും പാരമ്പര്യതൊഴിലായ പായ നെയ്ത്ത് നടത്തി ജീവിക്കുന്നവരുമാണ്. ആയതിനാൽ പ്രസ്തുത പ്രദേശങ്ങൾ പട്ടികജാതി കോളനിയായി അംഗീകരിച്ച് എല്ലാവിധ ആനുകൂല്യങ്ങളും നൽകുന്നതിന് നിർദ്ദേശിക്കുന്നു.

5. 5-ാം വാർഡിൽ പട്ടികജാതിക്കാർ തിങ്ങി താമസിക്കുന്ന പ്രദേശമാണ് വലിയാട്ടിത്തറ പട്ടികജാതി കോളനി. ഇതിൽകൂടി കടന്നുപോകുന്ന റോഡിൽ കാര്യമായ വെള്ളക്കെടെട് അനുഭവപ്പെടുന്നുണ്ട്. ഇവിടെ വെള്ളക്കെട്ട് ഒഴിവാക്കി യാത്ര സൗകര്യം വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു.

6. 6-ാം വാർഡിൽ കൂനൻ കുറിഞ്ഞി വെള്ളച്ചാലിൻെറ രണ്ടുവശത്തും താമസിക്കുന്ന പട്ടികജാതി കുടുംബക്കാർ അവരുടെ വീടിരിക്കുന്ന സ്ഥലത്ത് വർഷക്കാലങ്ങളിൽ വെള്ളം നിറഞ്ഞു നിൽക്കുന്നതുകൊണ്ട് താമസയോഗ്യമല്ലാതാകുന്നു. പ്രസ്തുത പ്രദേശം മണ്ണിട്ടുനികത്തി വെള്ളം ഒഴിപ്പിച്ച് വിട്ട് താമസയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

7. 10-ാം വാർഡിൽ കാർഷിക മേഖലയിൽ തൊഴിൽ സാധ്യത വളരെ കുറവാണ്. സ്ത്രീകളാണ് ഈ മേഖലയിൽ അധികവും ഏർപ്പെട്ടിരിക്കുന്നത്. ആയതിനാൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് ഗവൺമെൻറ് സഹായത്തോടെ നെയ്ത്ത്, കുടിൽവ്യവസായം എന്നിവയ്ക്കായി ഒരു സഹകരണസംഘം സ്ഥാപിക്കണം. I.R.D.P വായ്പകൾ കാര്യക്ഷമമാക്കണം. ഈ വായ്പകൾ അവരുടെ സാമ്പത്തിക പരിധിയിൽ ഉൾപ്പെടുത്തി തിരിച്ചടയ്ക്കാൻ സൗകര്യമുള്ള വായ്പയാക്കണം.

8. കണ്ണനാംകുളം ക്ഷേത്രത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള ഉദ്ദേശം രണ്ടേക്കർ ഗവൺമെന്റ് ഭൂമി പട്ടികജാതിക്കാർക്കായി വീട് വെയ്ക്കുന്നതിനായി വിതരണം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

9. കണ്ണനാംകുളം നാല് സെൻറ് കോളനിയിൽ 12 വീടുകൾ ഉള്ളതിൽ 8 എണ്ണവും പട്ടികജാതിക്കാരുടേതാണ്. ഇതിൽ 10 വീടുകൾ പന്ത്രണ്ടുകൊല്ലംമുമ്പ് 3100 രൂപ വീതം ലോണെടുത്ത് പണിതതാണ്. ഇപ്പോഴും പണിപൂർത്തീകരിച്ചിട്ടില്ല. കക്കൂസ് ഗവൺമെൻറ് സഹായത്തോടെ മൂന്ന് റിങ്ങിലുൾക്കൊള്ളിച്ചിട്ടുള്ളതുമാണ്. ആയതിനാൽ പല രോഗങ്ങളും വരാനിടയാകുന്നു. കിണർ ഉള്ളത് വളരെ മോശമാണ്. ആയതിനാൽ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം.

10. കൂട്ടാലപ്പറമ്പ് കോളനിയിൽ വൈദ്യുതി, വെള്ളം, കക്കൂസം എന്നിവ എല്ലാ വീടുകളിലും ഇല്ല. പൊതുകിണർ നന്നാക്കിയെങ്കിലും ഉപയോഗശൂന്യമാണ്. ഈ കോളനിയിലേക്ക് പോകുന്ന റോഡുകൾ സഞ്ചാരയോഗ്യമല്ല. ഇതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കണം.

കരുവാൻപടി കോളനിയിൽ വൈദ്യുതി പൂർണ്ണമായും എത്തിയിട്ടില്ല. ഈപ്രദേശത്തേയ്ക്ക് പോകുന്ന റോഡ് മഴ പെയ്താൽ സഞ്ചാരയോഗ്യമല്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

11. പാറംകണ്ടം കോളനിയിൽ ഇനിയും വീടുകൾ നിർമ്മിക്കാനുണ്ട്. കക്കൂസം മൂന്ന് റിങ്ങുകൊണ്ടുണ്ടാക്കിയതാണ്. വൈദ്യുതി തീരെയില്ല. പൊതുകിണറോ ടാപ്പോ ഇല്ല. ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

12. 11-ാം വാർഡിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരായി 75 കുടുംബങ്ങളുണ്ട്. മൂന്ന് പട്ടികജാതി സങ്കേതങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ വാർഡ്. 25 വർഷത്തോളം പഴക്കമുള്ള ഒരു ലക്ഷം വീട് കോളനിയും ഈ വാർഡിലുണ്ട്. ഇവിടെ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും വളരെ കുറവാണ്. കനോലി കനാലിൽ വെള്ളമുയർന്നാൽ ഇത്തരം വീടുകൾ പലതും വാസയോഗ്യമല്ലാത്തതാകുകയും കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു. ഇതിനൊരു ശാശ്വതപരിഹാരം ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്നു.

13. കോഴിതമ്പ് പട്ടികജാതി സങ്കേതം I.H.D.P കോളനിയാക്കുകയും ഇവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മണ്ണിട്ടു നികത്തി വീട് വെക്കുന്നതിനും വൈദ്യുതി, കുടിവെള്ളം, റോഡ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ കാര്യങ്ങൾ ചെയ്യണം. ഈ പ്രദേശത്ത് ഭൂനിരപ്പിൽനിന്നും ഉയർന്ന ടാങ്കോടുകൂടിയ കക്കൂസുകൾ അടിയന്തിരമായി നിർമ്മിക്കണം.

14. 25 വർഷത്തിലേറെ പഴക്കം ചെന്ന മധുരംപിള്ളി (Duplex House ലക്ഷംവീട് കോളനിയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

15. പട്ടയം ലഭിക്കാത്ത കോഴിതുമ്പ് കോളനിനിവാസികൾക്ക് പട്ടയം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

# വിഭവ സമാഹരണം

നമ്മുടെ സംസ്ഥാനം ഇന്ന് നേരിടുന്നപ്രതിസന്ധി കാർഷിക മേഖലയുടെയും, വ്യവസായ മേഖലയുടെയും മുരടിപ്പാണ്. ശാസ്ത്രീയമായ കൃഷി വൽക്കരണവും, വ്യവസായ വൽക്കരണവും മൂലം മാത്രമേ പുരോഗതിയുടെ പുതിയ പാത നമ്മൾക്ക് വെട്ടി തുറക്കാനാകൂ. ഇത്തരം നിശ്ചലത മറ്റുള്ള പഞ്ചായത്തുകളെ പോലെ നമ്മുടെഗ്രാമ പഞ്ചായത്തിനേയും ഗ്രസിച്ചിരിക്കുന്നു. നമ്മുടെ ഗ്രാമ പഞ്ചായത്തിൻെറ വിഭവ സമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് പ്രധാനമായും ചെറുകിട-വൻകിട വ്യവസായ പദ്ധതികൾ ആരംഭിക്കേണ്ടതുണ്ട്. വൈദ്യുതിയുടെ ദൗർലഭ്യത മൂലം വ്യവസായികളെ വ്യവസായ മേഖലകളിലേയ്ക്ക് ആകർഷിക്കുന്നതിനു ഒരു പരിധി വരെ തടസ്സം സൃഷ്ടിക്കുന്നു. കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് കർഷകരെ മറ്റു ഒറ്റതിരിഞ്ഞ മേഖലകളിലേയ്ക്ക് ശ്രദ്ധതിരിക്കാൻ ഇടയായി. അനന്തരഫലമായി നമ്മുടെ ദൈനംദിന ആവശ്യങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടുന്ന 'ഉപഭോഗ സംസ്കാരത്തിലേയ്ക്ക് തിരിയാനും ഇടയായി, കൃഷിമേഖലകളിലും, വ്യവസായ മേഖലകളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണാത്മകഫലം നമ്മൾക്ക് അനുഭവിക്കാൻ സാധിക്കും. നമ്മുടെ കാർഷിക-വ്യവസായ മേഖലകളുടെ വികസനത്തിൽ ക്രിയാത്മക പങ്കു വഹിക്കുന്നതിന് ദേശസാൽകൃത ബാങ്കുകളേയും സഹകരണ ബാങ്കുകളേയും ഉപയോഗപ്പെടുത്തേണ്ടതാണ്. അതോടൊപ്പം വിദേശ തൊഴിലാളികളുടെ വരുമാനം ഒരു പ്രധാന വിഭവ സമാഹരണ ഉപാധിയായി ഉപയോഗിക്കാവുന്നതാണ്.

രാജ്യത്തിൻെറ നികസനത്തിന് ഏറ്റവും ലഭ്യമാക്കാവുന്ന വിഭവം മനുഷ്യവിഭവമാണ്. മനുഷ്യവിഭവത്തിൻെറ കാര്യത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തും ഒട്ടും പുറകിലല്ല. ആദ്യകാലങ്ങളിൽ നമ്മുടെ എല്ലാ ഗ്രാമപ്രദേശങ്ങളിലും നിലനിന്നിരുന്ന [പ്രത്യേകിച്ചും യുവാക്കളിൽ ] ശ്രമദാനം പോലെയുള്ള പ്രവർത്തനങ്ങൾ ഇന്ന് അന്യം നിന്നു പോയിരിക്കുന്നു. ജാതി, മതം, കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിൻെറ വികസനത്തിന് തൻെറ അദ്ധ്വാനം കൊണ്ട് സംഭാവന നൽകുക എന്നത് വളരെ മഹത്തരമായ ഒരാശയമാണ്. വിവിധ രാഷ്ട്രീയ സംഘടനകൾ, സാംസ്കാരിക സംഘടനകൾ, മഹിളാ സംഘടനകൾ, യുവജന സമിതികൾ മുതലായ സംഘടനകളെ നിസ്വാർത്ഥ സേവനത്തിനു വേണ്ടി പ്രവർത്തന പന്ഥാവിലേക്ക് കൊണ്ടു വരുകയും അങ്ങിനെ നാടിൻെറ വികസനത്തിലൂടെ 9-ാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയായി തികച്ചും ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ സാധിക്കുന്നു.

### വിഭവസമാഹരണം

നമ്മുടെ പഞ്ചവത്സര പദ്ധതികളുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് മനുഷ്യാദ്ധ്വാനം സംഭരിച്ച് വികസനപ്രവർത്തങ്ങൾ ത്വരിതപ്പെടുത്തുകയും, ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ്. അതിനാൽ കൂടുതൽ തൊഴിലവസരങ്ങൾ നമ്മുടെ ഗ്രാമത്തിലെ ജനങ്ങൾക്ക് ലഭിക്കുവാനായി താഴെപറയുന്ന കാര്യങ്ങൾ ശുപാർശചെയ്യുന്നു.

A. തൊഴിൽ അപേക്ഷകരുടെ പേരുകൾ റജിസ്റ്റർ ചെയ്ത് അവരെ ഉൾക്കൊള്ളത്തക്ക ഉൽപ്പാദന പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും, രജിസ്റ്റർ ചെയ്തവർക്ക് തൊഴിൽ പ്രദാനം ചെയ്യുകയും വേണം.

B. അവിദഗ്ദ തൊഴിൽ ചെയ്യുവാൻ തയ്യാറുള്ള ഗ്രാമപ്രദേശത്തെ ആരോഗ്യമുള്ള മുതിർന്ന തൊഴിൽ അന്വേഷകർക്കെല്ലാം തൊഴിൽനൽകാമെന്ന് ഉറപ്പ് നൽകുക. ഇതിലൂടെ ഗ്രാമീണ മേഖലയിലെ മിച്ചതൊഴിൽ ശക്തിക്ക് നിർമ്മാണപ്രവർത്തനങ്ങളിത തൊഴിൽ അവസരങ്ങൾ ലഭ്യമാക്കാനും ആസ്തികൾ സൃഷ്ടിക്കാനും സാധിക്കും.

C.ചെറുകിട കർഷകരേയും, കർഷകതൊഴിലാളികളേയും സഹായിക്കുവാനായി കന്നുകാലിവളർ

ത്തൽ, കോഴിവളർത്തൽ, മീൻപിടുത്തം തുടങ്ങി ഉപതൊഴിൽ അവസരങ്ങൾ ത്വരിതപ്പെടുത്തുക.

D.ധനശേഷി കാണത്തക്കവിധത്തിൽ വികസനം ഏജൻസിക്കുരൂപം നൽകി ശീഘ്രപ്രത്യായം ലഭിക്കുന്ന തൊഴിൽ തീവ്രപരിപാടികൾക്ക് രൂപംനൽകുക. തുടക്കത്തിൽ ആവശ്യമായ ധനസഹായം സർക്കാരിൽനിന്ന് കണ്ടെത്തുകയും, തുടർന്നുള്ള പ്രവർത്തനത്തിന് ഗുണഭോക്താക്കളിൽ നിന്നുതന്നെ വിഭവം സമാഹരിക്കുകയും, ചെയ്യുക. ഇങ്ങിനെ മിച്ചം വെയ്ക്കപ്പെടുന്ന സംഖ്യ തുടർച്ചയായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന പുതിയ പരിപാടികൾ ഏറ്റെടുക്കുവാനുള്ള മൂലധനമായി ഉപയോഗിക്കുവാനും സാധിക്കും.

ഇതിന്നുപുറമെ മനുഷ്യാദ്ധ്വാനം പ്രധാനമായും ഉൾക്കൊള്ളിച്ച് വികസനപ്രവർത്തനം നടത്തുക. പഞ്ചായത്ത് മുഖേന നടത്തുന്ന വർക്കുകൾ കോൺട്രാക്ടർമാർക്ക് നൽകാതെ അതാതു പ്രദേശത്ത് യുവജനസംഘടനകൾക്കോ, സന്നദ്ധസംഘടനകൾക്കോ നൽകുക.

ഗൾഫിൽ നിന്നുവരുന്ന വരുമാനവും, തെങ്ങുകൃഷിയിൽ നിന്നുമുള്ള വരുമാനവും ഈ പഞ്ചായത്തിലെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ്. ഗൾഫിൽനിന്നുള്ള സാമ്പത്തിക സൗകര്യം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് സാദ്ധ്യതയുണ്ട്. കൂടാതെ മനുഷ്യപ്രയത്നം ഒരു പ്രധാന വിഭവമായി നൽകുവാൻ സന്നദ്ധമാണ്.

നമ്മുടെ വാർഡിലുള്ള വിഭവങ്ങൾ, മത്സ്യസമ്പത്ത് ഉൾപ്പെടെ സംഭരിക്കുന്നതിന്നും, വില്ക്കുന്നതിന്നും ഉള്ള സംവിധാനം വേണം.

കൃഷി, ചെറുകിട വ്യവസായങ്ങൾ, കുടിൽ ഗ്രാമീണ വ്യവസായങ്ങൾ, കരകൗശലനിർമ്മാണം ഇവയുടെ വികസനത്തിനുവേണ്ടിയുള്ള ബാങ്ക് ആയ നബാർഡ് (NABARD) കൂടുതൽ കാര്യക്ഷമമായും, ഇതിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഹ്രസ്വ - മദ്ധ്യദീർഘകാല വായ്പകൾക്ക് അനുവർത്തിച്ചു വരുന്ന കടുത്ത നിബന്ധനകൾ കുറെക്കൂടി ലളിതവൽക്കരിക്കേണ്ടതും, നശിച്ചുകൊണ്ടിരിക്കുന്ന കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് കാർഷികമേഖലകളിൽ ലഭ്യമാക്കുന്ന വായ്പകൾക്ക് വളരെ കുറഞ്ഞ നിരക്കിൽ പലിശ ഈടാക്കുവാൻ പാടുള്ളു എന്നതാണ് ഞങ്ങളുടെ നിർദ്ദേശം. സാമ്പത്തികമായി പറഞ്ഞാൽ പഞ്ചായത്ത് അനുവദിക്കുന്ന ഫണ്ടിൽനിന്ന് ഏതുതരത്തിലുള്ള വികസനപ്രവർത്തനങ്ങളായാലും, അശാസ്ത്രീയമായ രീതിയിൽ ഉപയോഗിക്കാതെ ശാസ്ത്രീയമായ രീതിയിൽ ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ സാമ്പത്തിക കായികപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുക. ഉദാഹരണമായി ഒരു കാനയോ, റോഡോ നിർമ്മിക്കുമ്പോൾ പരിമിതമായ ഫണ്ട് മാത്രമുപയോഗിക്കാതെ അതിൻെറ പൂർണ്ണതയിലെത്തുന്നതുവരെയുള്ള സാമ്പത്തിക-കായിക പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്ന് ശ്രമിക്കുക.

സംസ്ഥാനത്തുനിന്ന് വൻതോതിൽ നിക്ഷേപങ്ങൾ സമാഹരിക്കുന്ന ദേസസാൽകൃതബാങ്കുകൾ (വിദേസമലയാളികളുടെ നിക്ഷേപമടക്കം) സംസ്ഥാനത്തിൻെറ സാമ്പത്തിക വികസനത്തിനുനേരെ നിഷേധാത്മക നിലപാടാണ് സ്വീകരിക്കുന്നത്. സംസ്ഥാനത്തിനിന്ന് സ്വീകരിക്കുന്ന നിക്ഷേപത്തിൻെറ മുക്കാൽഭാഗവും, മറ്റുസംസ്ഥാനങ്ങളിൽ വ്യവസായവൽക്കരണത്തിനുവേണ്ടി മുതലിറക്കുമ്പോൾ നമ്മുടെ സംസ്ഥാന കാർഷിക-വ്യവസായ മേഖലകളുടെ വികസനത്തിൽ ക്രിയാത്മകമായ പങ്ക് വഹിക്കാൻ ഇത്തരം ബാങ്കുകൾ തയ്യാറാകുന്നില്ല. ഇതിനാൽ നമ്മുടെ കാർഷിക വ്യവസായ മേഖല മുരടിക്കുന്നു.

ജനകീയമായ സഹകരണബാങ്കുകളുടെ വിശ്വാസതയും സുരക്ഷിതത്വവും വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വിദേശമലയാളികളുടെ നിക്ഷേപങ്ങൾ സബകരണബാങ്കുകളിലൂടെയാക്കുന്നതിന് ഗവൺമെൻറ് പദ്ധതികൾ ആവിഷ്കരിക്കുകയും, ജനങ്ങളെ ബോധവാന്മാരാകക്കുകയും ഇതിലൂടെ സംസ്ഥാനത്തിൻെറ വികസനം ഉറപ്പുവരുത്തുകയും വേണം.

അതുപോലെത്തന്നെ സാമൂഹ്യ ദ്രോഹം ചോയ്യുന്ന സ്വകാര്യ ധനമിടപാടു സ്ഥാപനങ്ങളെ പുതിയ നിയമനിർമ്മാണം നടത്തി കൂച്ചുവിലങ്ങിടേണ്ടത് അത്യാവശ്യമാണ്. ഈ പഞ്ചായത്തിൽത്തന്നെ ഇത്തരം സ്ഥാപനങ്ങൾ പലതും പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയുമ്പോൾ സംസ്ഥാനതലത്തിൽ എത്രവരുമെന്ന് ചിന്തിച്ചാലറിയാം. ഇവരിലൂടെ നടത്തുന്ന അന്യായമായ ധദനവിനിമയങ്ങൾ അത്ഭുതാവഹമാണ്. സാധാരണ ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് പടു ദാരിദ്ര്യത്തിലേക്ക് തള്ളിവിടുകയും, ധനവാൻമാരെ വെറും സ്വാർ

ത്ഥരും ആക്കുകയുമാണ് ഇത്തരം സ്ഥാപനങ്ങൾ ചെയ്യുന്നത്. സഹകരണബാങ്കുകളുടേയും മറ്റു ദേശ സാൽകൃതബാങ്കുകളുടേയും, നിബന്ധനാ നൂലാമാല കളാണ് ഇത്തരം സ്ഥാപനങ്ങളുമായി ഇടപഴകു ന്നതിന്ന് ജനങ്ങളെ പ്രേരിപ്പിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളിൻമേൽ കടുത്ത നിയമനിർമ്മാണം നടത്തുകയും ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽ ക്കരണം നടത്തുകയും ചെയ്യുമ്പോൾ കോടിക്ക ണക്കിന് രൂപ ഇത്തരം സ്ഥാപനങ്ങളിൽനിന്ന് വഴിതിരിഞ്ഞ് നമ്മുടെ സഹകരണസ്ഥാപനങ്ങളി ലേക്കും, മറ്റു ഗവൺമ്മേണ്ട് സ്ഥാപനങ്ങളിലേക്കും വരുമ്പോൾ ഇത് സംസ്ഥാനത്തിൻെറ വികസ നത്തിന് പ്രയോജനപ്പെടുത്താൻ സാധിക്കും.

നികുതി പിരിവുകൾ (കെട്ടിടനികുതി, വിനോ ദനികുതി, തൊഴിൽ നികുതി etc)കാലാകാലങ്ങളിൽ പിരിക്കുകയും, നികുതികൾ ഈടാക്കുമ്പോൾ പ്രത്യേ കിച്ചും കെട്ടിടനികുതി വെട്ടിപ്പ് ഒഴിവാക്കുന്നതിന് പഞ്ചായത്തു മെമ്പർമാരെ മുൻനിർത്തി സന്നദ്ധസം ഘടനകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സർവ്വെയുടെ അടിസ്ഥാനത്തിൽ ശരിയായനികുതി തിട്ടപ്പെടുത്താ വുന്നതാണ്.

ഒരു പ്രോജക്ട് തയ്യാറാക്കുമ്പോൾ അതി ലേയ്ക്കായി കായിക വിഭവം, സാമ്പത്തികവിഭവം, ഉൽപ്പന്നവിഭവം എന്നിവ പ്രയോജനപ്പെടുത്താവുന്ന താണ്. ഇതിനുവേണ്ടി സാംസ്കാരിക-രാഷ്ട്രീയ കായിക സന്നദ്ധസംഘടനകളുടെ സേവനം ഉപയോ ഗിക്കാവുന്നതാണ്. ഈ പഞ്ചായത്തിൽ തന്നെ വിവിധ ലക്ഷ്യങ്ങൾ ഉൾക്കൊണ്ടു പ്രവർത്തിക്കുന്ന നിരവധി സംഘടനകളുണ്ട്. ഉദാഹരണമായി ഒരു ലക്ഷം എസ്റ്റിമേറ്റു വരുന്ന ഒരു റോഡ് പണി തീർ ക്കുന്നതിന് കായിക-സാമ്പത്തിക-ഉല്പന്ന വിഭവങ്ങൾ സേവനവ്യവസ്ഥയിൽ ലഭ്യമാക്കി തീർക്കാൻ സാധി ക്കും. എങ്ങിനെയെന്നാൽ 25% സന്നദ്ധസംഘടന കളുടെ പ്രതിനിധികളുടെ ശ്രമദാനമായും 4% സാമ്പ ത്തികമായി സഹായിക്കാൻ കഴിവുള്ളവരിൽ നിന്നുള്ള സാമ്പത്തികസഹായവും, 1% നിർമ്മാണ ഘട്ടങ്ങളിൽ ചെലവാകുന്ന ഭക്ഷണകാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സംഭരിക്കുന്ന ഉല്പന്നങ്ങ ളിൽനിന്നും ലഭ്യമാക്കിതീർക്കുമ്പോൾ 1,00,000 എസ്റ്റിമേറ്റു വരുന്ന പദ്ധതിക്ക് 70,000 രൂപയിൽ ഒതുക്കി പദ്ധതി നടപ്പാക്കാൻ സാധിക്കുന്നു. ഇങ്ങിനെ ജനപങ്കാളിത്തത്തോടെ യുദ്ധകാലാടി സ്ഥാനതതത്തിലേതുപോലെ നമ്മുടെ പഞ്ചാ യത്തിൽ വികസനപ്രക്രിയകൾ നടത്താൻ സാധി ക്കുന്നു.

പൊതുവായ ആവശ്യങ്ങൾക്ക്‌വേണ്ടി പഞ്ചാ യത്തിൽ നിന്ന് അനുവദിക്കുന്ന പണത്തിന് പുറമെ ഇവിടുത്തെ ജനങ്ങളുടെ ഭാഗത്തുനിന്ന് സഹകരണ ത്തോടുകൂടി സ്ഥലം, കെട്ടിടം, സമ്പത്ത്, കായികാ ദ്ധ്വാനം, തുടങ്ങിയവ നൽകുന്നതിന്ന് തയ്യാറാണ്. അതിനുവേണ്ടി സർക്കാർ തലത്തിൽ വേണ്ടത്ര പ്രോൽസാഹനവും സഹകരണവും ആവശ്യമാണ്. രാഷ്ട്രീയപാർട്ടികൾ, സന്നദ്ധസംഘടനകൾ, സാംസ്കാരിക സംഘടനകൾ തുടങ്ങിയവയുടെ സഹായം തേടണം. വിഭവങ്ങളായ നാളികേരം തുട ങ്ങിയ കാർഷിക ഉല്റന്നങ്ങളും, മറ്റ് ഉല്പന്നങ്ങളും ലഭ്യമാക്കാവുന്നതാണ്.

ഗൾഫ് രാഷ്ട്രങ്ങളിൽ ജോലി ചെയ്യുന്നവരോ രുമായി ജനകീയ പരിപാടികൾക്ക് സഹായസഹകര ണങ്ങൾ അഭ്യർത്ഥിക്കുകയും. നാട്ടിലുള്ള ഉദ്യോഗസ്ഥ രുടെ സേവനവും, സഹകരണവും, സാമ്പത്തി കമായി സഹകരിക്കാൻ കഴിയാത്തവരുടെ കായിക അദ്ധ്വാനവും സഹായവും അഭ്യർത്ഥിക്കുക. ഉൽപ്പ ന്നങ്ങൾ സമാഹരിക്കുന്നതിന് സന്നദ്ധസംഘടന കളുടെ സഹായം അഭ്യർത്ഥിക്കുകയും. വിദേശരാ ഷ്ട്രങ്ങളിൽനിന്ന് തിരിച്ചെത്തിയവുടേയും ജോലിചെ യ്യുന്നവരുടേയും സർവ്വേ നടത്തി അവരുടെ സാമ്പ ത്തികസഹായങ്ങൾ അഭ്യർത്ഥിക്കും. അതിന് അവരു മായി ബന്ധപ്പെയാൻ ജനകീയാസൂത്രണത്തിൻെറ പ്രവർത്തകരെ ചുമതലപ്പെടുത്തും.

പഞ്ചായത്തിൻെറ നികുതി വരുമാനമാണ് എല്ലാ വാർഡിൻെറയും വിഭവസമാഹരണത്തിൽ മുഖ്യപങ്ക് വഹിക്കുന്നത്. ചിലവുകൾ പരമാവധി ചുരുക്കി വരവുകൾ വർദ്ധിപ്പിക്കുന്നതിന്നുതകു മാറുള്ള നടപടികൾ പൊതുജനബോധവൽക്കരണം, സന്നദ്ധസംഘടനാപ്രവർത്തനം അധികാരവികേന്ദ്രീ കരണം എന്നിവയിലൂടെ നിർവ്വഹിക്കുക.

കെട്ടിടനികുതികളിൽ വ്യതിയാനങ്ങൾ വരു ത്തുക. ആധുനിക സൗകര്യങ്ങളുള്ള ബഹുനിലകെട്ടി ടങ്ങൾക്ക് ചെറിയ തോതിൽ വികസനവും വരു ത്തുക. വിനോദനികുതി തൊഴിൽ നികുതി എന്നി വകൾ കൃത്യമായും സത്യസന്ധതയോടെയും നട ത്തുക.

ശുദ്ധജലവിതരണം, വിദ്യുച്ഛക്തി എന്നിവയ്ക്ക് പഞ്ചായത്ത് ചിലവാക്കുന്ന സംഖ്യ ഫലപ്രദമായി

വിനിയോഗിക്കുവാനുതകുമാറ് ഉള്ള മാർഗ്ഗങ്ങൾ ആരാഞ്ഞ് നടപ്പിൽ വരുത്തുക. കാറ്റ്, സൗരോർജ്ജം എന്നിവവഴി പഞ്ചായത്ത് തനതായി പദ്ധതികൾ കോളനികൾക്ക് വേണ്ടിയെങ്കിലും നടപ്പിലാക്കുക. ബഹുജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുക വഴി പദ്ധതി ചിലവിൽ 25% പ്പോളം ലാഭിക്കുവാൻ കഴിയുന്നതാണ്. അതായത് സന്നദ്ധ സംഘടനകൾ വഴി 15%വും, പദ്ധതി ഉപഭോക്താക്കളിൽ നിന്ന് 5%വും പരിസരത്തുള്ള വിദേശജോലിക്കാരിൽനിന്ന് 5%വും ലഭിക്കാൻ പ്രയാസമില്ലെന്ന് മനസ്സിലാക്കുന്നു. മനുഷ്യദ്ധ്യാനമാണ് ഏറ്റവും പ്രധാന വിഭവം.

ജനകീയാസൂത്രണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭവസമാഹരണത്തിൽ മുഖ്യപങ്ക് വഹിക്കുന്നത് നികുതി വരുമാനമാണെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ചിലവുകൾ ചുരുക്കുന്നതും, വരവുകൾ വർദ്ധിപ്പിക്കുന്നതിന്ന് ഉതകുവാറുള്ള ബോധവൽക്കരണം പൊതു ജനങ്ങളിലൂടെ നടത്തുക.

വാർഡുകൾ ഓരോന്നിൽനിന്നും ലഭിക്കുവാൻ സാദ്ധ്യതയുള്ള നികുതികൾ യഥാസമയം പിരിച്ചെടുത്ത്, അതിന്റെതായ വികസനങ്ങൾ വിജയിപ്പിക്കുവാനും അവസരം ഉണ്ടാക്കണം.

## 1.23 വരവ് സംബന്ധിച്ച് വിവരങ്ങൾ - 1995 - 96 Ref. C.B

| ക്രമനമ്പർ | ഇനം | ധനാഭ്യർത്ഥന | പിരിച്ചത് |
|---|---|---|---|
| 1 | കെട്ടിടനികുതി | 365271.00 | 365271 |
| 2 | തൊഴിൽനികുതി | 161820.00 | 161820 |
| 3 | വിനോദനികുതി | 54535.00 | 54535 |
| 4 | അധികവിനോദനികുതി | 33691.40 | 33691.40 |
| 5 | പ്രദർശനനികുതി | 5612.00 | 5612.00 |
| 6 | പ്രദർശന നികുതിയിന്മേലുള്ള സർച്ചാർജ്ജ് | 1393.00 | 1393.00 |
| 7 | പി.എഫ്.ഐ ഇനത്തിൽ ഫീ | 1571.00 | 1571.00 |
| 8 | ലൈസൻസ് ഫീ | 7422.00 | 7422.00 |
| 9 | ബേസിക് ടാക്സ് ഗ്രാൻറ് | 22181.00 | 22181.00 |
| 10 | വസ്തു കൈമാറ്റനികുതി 75% | 19946.00 | 19946.00 |
| 11 | „ 25% | — | – |
| 12 | സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ - ആൺടൈഡ് | 299700.00 | 299700 |
| 13 | വാടക | 15240.00 | 15240.00 |
| 14 | ഡെപ്പോസിറ്റ് | 14230.00 | 14230.00 |
| 15 | മറ്റുള്ളവ | 39244.00 | 39244.00 |
| | ആകെ | 1041856.55 | 1041856.55 |

### 1.17 പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിനും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ Ref. Q

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | |
| മൃഗസംരക്ഷണം | 1000 | 1900 | 2900 |
| ആരോഗ്യം | – | 74442 | 74442 |
| കൃഷി | 123460 | – | 123460 |
| PWD | 12000 | – | 12000 |
| ഹരിജനക്ഷേമം | 6000 | 1820 | 7820 |
| മറ്റുള്ളവ | 1500 | – | 1500 |
| ആകെ | 143960 | 78162 | 222122 |

### 1.14എ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ - 1995 - 96

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | ഓല |
| I | 727 | 72 | 93 | 322 | 240 |
| II | 550 | 46 | 110 | 166 | 228 |
| III | 484 | 30 | 144 | 170 | 140 |
| IV | 772 | 44 | 115 | 401 | 212 |
| V | 577 | 31 | 138 | 207 | 201 |
| VI | 543 | 34 | 99 | 194 | 216 |
| VII | 924 | 60 | 301 | 264 | 299 |
| VIII | 448 | 37 | 99 | 150 | 162 |
| IX | 653 | 60 | 149 | 256 | 188 |
| X | 990 | 66 | 262 | 294 | 368 |
| XI | 693 | 47 | 134 | 290 | 227 |
| ആകെ | 7366 | 527 | 1644 | 2714 | 2481 |

### EXPENDITURE 95-96

| | |
|---|---|
| Panchayat President & Members Sitting Fee | 66517 |
| Officer pay and other allowance | 788'9 |
| Establishment pay | 324287 |
| L.D.C pay and allowance | 107565 |
| Librarian pay | 15187 |
| Phone posstage | 17380 |
| Neos paper | 4396 |
| Office Sweeping | 1300 |
| Publick Work | 103067 |
| Fery | 13200 |
| Noon feeding | 5500 |
| S.S.L.C reward | 600 |
| G.H.Chamakkala donantion | 10000 |
| Road roller | 3000 |
| Panchayat Election | 6594 |
| Office Building maintenance | 24690 |
| United fund work | 265201 |
| Road sweeping | 6480 |
| Keralolsavam | 5000 |
| Pay recovery | 15397 |
| Current charge | 83223 |
| Deposit | 9550 |
| Stationery | 4341 |
| Other Stenos | 54990 |
| Total | 12,76,284 |

# ഉപസംഹാരം

നിലവിലുള്ള വികസനസമീപനം അശാസ്ത്രീയവും ജനവിരുദ്ധവുമാണ്. റോഡും പാലവും കുടിവെള്ളവുമായാൽ വികസനമായി എന്ന മനോഭാവം എവിടേയും നിറഞ്ഞുനിൽക്കുന്നു. ഉൽപാദന പ്രക്രിയ വികസന വീക്ഷണത്തിൽനിന്ന് അന്യം നിൽക്കുകയാണ്. കാർഷിക വ്യവസായ മേഖലകളുടെ വൾച്ചയിലൂടെ സേവനമേഖല വികസിപ്പിക്കുന്ന വികസിതതന്ത്രമാണ് ഇന്നാവശ്യം.

വികസനം, ഡിപ്പാർട്ട്മെൻറുകളുടെ വികസനേതര താൽപര്യങ്ങളിൽ കുരുങ്ങികിടക്കുന്ന ഇന്നത്തെ നിലമാറിയേതീരൂ. സാർവ്വത്രികമായ അഴിമതിയിൽനിന്ന് വികസനരംഗം വിമോജിപ്പിക്കപ്പെടണം. ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടിവളർത്തി വികസന പ്രക്രിയ ഊർജ്ജസ്വലമാക്കുകയാണ് ഇതിനുള്ള മാർഗ്ഗം.

ഫണ്ടില്ലാതെ വികസനം സാദ്ധ്യമല്ല. ഫണ്ട് സമാഹരണത്തിന് പുതിയ പാതകൾ വെട്ടിതുറക്കാൻ ഗ്രാമപഞ്ചായത്തുകൾക്കാവണം. സർക്കാരേതര ഏജൻസികളെ കണ്ടെത്തി. പറ്റിയ പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കാൻ വിഷമമില്ല.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ വസ്തുനിഷ്ട സമീപനം പ്രായോഗികമാക്കണം. സാമൂഹിക-രാഷ്ട്രീയരംഗത്തുള്ള എല്ലാതർക്കങ്ങൾക്കും കാരണം പ്രശ്നങ്ങളെ മനോനിഷ്ടമായി വിലയിരുത്തുന്നതാണ്. വസ്തുനിഷ്ടമായി തെളിവിൻെറ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതോടെ തർക്കവിതർക്കങ്ങൾ ഇല്ലാതാവും, ഐക്യം വളർന്നുവരികയും ചെയ്യും. വിഭവ ഭൂപടങ്ങൾ, സർവ്വെ റിപ്പോർട്ടുകൾ എന്നിവ എല്ലാ വികസന പ്രക്രിയകൾക്കും വസ്തുനിഷ്ടമായ അടിത്തറയാണ് നൽകുന്നത്.

ആസൂത്രണം അർത്ഥവത്താവുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്.

ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കിവേണം മുൻഗണനകൾ നിർണ്ണയിക്കാൻ മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്കുണ്ടാവണം.

പ്രകൃതിവിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ചരിത്രപരമായ സാഹചര്യങ്ങളെ വിശകലനം ചെയ്ത് പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളായും, പദ്ധതികളായും രൂപപ്പടുത്തുന്നതിന് വിദഗ്ദസമിതികൾക്ക് കഴിയും. സർക്കാരേതര ഏജൻസികളിൽനിന്ന് പരമാവധിഫണ്ട് സമാഹരിക്കാനുള്ള ജാഗ്രത പാലിക്കണം. അവരുടെ നിബന്ധനകൾ പഠിച്ചു പ്രൊജക്റ്റുകൾ സമർപ്പിക്കുന്നതിന് അതാത് വിഷയങ്ങളിൽ വിദഗ്ദസംഘം സ്ഥിരം പ്രവർത്തിച്ചേ തീരൂ.

ആസൂത്രണം അടിത്തട്ടിൽനിന്ന് മേൽപ്പോട്ടാവുന്നതുമൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസന മുന്നേറ്റം നേടാനാവുന്നത്. ജനകീയാസൂത്രണം, ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദവേലയല്ല മറിച്ച് ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ ദ്രുതഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്.

അതുകൊണ്ട്തന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ "സമഗ്രവികസനരേഖ" സമ്പുഷ്ടമാക്കി കൃത്യമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനത ഒറ്റക്കെട്ടായി വകസനത്തിൻെറ രാഷ്ട്രീയത്തിൽ മുഴുകിയാൽ യഥാർത്ഥ ജനകീയ രാഷ്ട്രീയം പാലാഴി മഥനത്തിൽനിന്ന് അമൃതകുംഭം എന്നതുപോലെ ഉയർന്നുവരുമെന്നത് സ്വാഭാവികം മാത്രമാണ്. അയൽക്കൂട്ടങ്ങളുടേയും, ഗ്രാമസഭകളുടേയും ജനകീയ ശക്തിയിൽ ഗ്രാമവികസനത്തിനൊരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും കഴിയണം.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെ കഴിയുമെന്ന പ്രത്യാശയോടെ ഈ സമഗ്രവികസനരേഖ എടത്തിരുത്തി ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും, ചർച്ചകൾക്കും പരിഷ്കരണത്തിനുംവേണ്ടി.

## എടത്തിരുത്തി ഗ്രാമപഞ്ചായത്ത്
## ജനകീയാസൂത്രണം

### പഠനഗ്രൂപ്പ് അംഗങ്ങൾ

1. കെ.ജി. ഭൂഷണൻമാസ്റ്റർ (കൺവീനർ)
2. വി.കെ. കുമാരൻ
3. കെ.എ. ബീരാൻകുഞ്ഞി
4. അഡ്വ: ഡേവിസ് മാളിയേക്കൽ
5. ടി.എ. അബ്ദുൾമജീദ്
6. പി.കെ. കൊച്ചുമുഹമ്മദ്
7. പി.എൻ. ജോഷി
8. കെ.ആർ. ജോഷി
9. കെ.സി. ശിവരാമൻ

### ഗ്രാമസഭ റിപ്പോർട്ട് ക്രോഡീകരിച്ചവർ

1. എ.കെ. വേലായുധൻ
2. എം.കെ. കുഞ്ഞുമുഹമ്മദ് മാസ്റ്റർ
3. കെ.ജി. ഭൂഷണൻ മാസ്റ്റർ
4. വി.കെ. കുമാരൻ
5. ടി.എൻ. തിലകൻ
6. കെ.എ. ബീരാൻകുഞ്ഞി
7. കെ. ഭാരതി ടീച്ചർ
8. സുരേഷ്ബാബു പൊറ്റക്കാട്ട്
9. കെ.എം. മധുസൂധനൻ
10. എൻ.സി. രവി മാസ്റ്റർ
11. കെ.കെ. മോഹനൻദാസ് മാസ്റ്റർ
12. കെ.ആർ. ജോഷി
13. പി.കെ. ഹംസ
14. കെ.എ. കൊച്ചുമോൻ
15. കെ.സി. കാളികുട്ടി
16. എം. വേണുഗോപാലൻ
17. അഡ്വ: ഡേവിസ് മാളിയേക്കൽ
18. കെ.കെ. മനോജ്
19. പി.സി. അജിത
20. കെ.ആർ. ഉണ്ണികൃഷ്ണൻ
21. പി.ആർ. ജോഷി
22. പി.ബി. അടിമക്കുട്ടി
23. പി.എ. ഷറാഫുദീൻ
24. കെ.ജി. ഷാജി
25. വി.എ. അശോകൻ
26. കെ.എം. ഭാസ്കരൻ



കയ്പമംഗലം ഗ്രാമപഞ്ചായത്ത്


# സമഗ്ര വികസന രേഖ

96

ഇന്ത്യൻ ഗ്രാമത്തിന്റെ സ്പന്ദനങ്ങൾ
ഉൾത്തുടിപ്പുകളാക്കി
ഭാരതത്തിന്റെ ആത്മാവ് കണ്ടെത്തിയ
മഹാത്മജിയുടെ കർമ്മചൈതന്യം
ഒരു വഴികാട്ടിയുടെ 'ഇച്ഛാശക്തി' മാത്രമല്ല
നഷ്ടപ്പെട്ട കൂട്ടായ്മയുടെ
'തിരിച്ചറിവ്' കൂടിയാണ് പകരുന്നത്






**കയ്പമംഗലം ഗ്രാമ പഞ്ചായത്ത്**

## കയ്പമംഗലം ഗ്രാമ പഞ്ചായത്ത് ഭരണസമിതി



പി.എ. മുഹമ്മദാലി
(പ്രസിഡണ്ട്)



പി.കെ. മുഹമ്മദ്
(വൈസ് പ്രസിഡണ്ട്)



P.തങ്കം
(സ്റ്റാ: കമ്മറ്റി ചെയർമാൻ)



ഫാത്തിമ്മ




ശ്രീരഥ



ബീവാത്തു



K.B.അനിൽകുമാർ



P.G.ജിതേന്ദ്രബാബു



K.F.ഡൊമിനിക്ക്



M.M.അബ്ദുൾ റഹിമാൻ



M.G.ചന്ദ്രൻ



C.J.പോൾസൺ

എഡിറ്റർ: K.B.അനിൽകുമാർ

എഡിറ്റോറിയൽ ബോർഡ് :

K.V.സുധാംശുമോഹനൻ

K.R.രാമകൃഷ്ണൻ

P.N.ദേവിപ്രസാദ്

K.രവിപ്രകാശ്

**കയ്പമംഗലം ഗ്രാമ പഞ്ചായത്ത് ഭരണസമിതി**

P.A.മുഹമ്മദാലി

(പ്രസിഡണ്ട്)

P.K. മുഹമ്മദ്

(വൈസ് പ്രസിഡണ്ട്)

P.തങ്കം

(സ്റ്റാ: കമ്മറ്റി ചെയർമാൻ)

K.B.അനിൽകുമാർ

P.G.ജിതേന്ദ്രബാബു

ഫാത്തിമ്മ

ശ്രീരഥ

ബീവാത്തു

K.F.ഡൊമിനിക്ക്

M.M.അബ്ദുൾ റഹിമാൻ

M.G.ചന്ദ്രൻ

C.J.പോൾസൺ

K.D. സിദ്ധാർത്ഥൻ

(സെക്രട്ടറി, കയ്പമംഗലം ഗ്രാമപഞ്ചായത്ത്)

ടൈപ്പ് സെറ്റിങ്ങ്: കോറൽ, തൃപ്രയാർ

ലേഔട്ട് & ഇലസ്ട്രേഷൻ: പ്രചര, കലാമുറി

പ്രിന്റിങ്ങ്: വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 7 |
| പൊതുവിവരണം | 9 |
| സാമൂഹിക സാംസ്കാരിക ചരിത്രം | 10 |
| ഭൂപ്രകൃതി - ജനപ്രകൃതി - ജലപ്രകൃതി | 13 |
| കൃഷിയും ജലസേചനവും | 15 |
| മൃഗസംരക്ഷണം | 23 |
| മത്സ്യബന്ധനം | 27 |
| വ്യവസായം | 33 |
| വിദ്യാഭ്യാസം | 37 |
| ആരോഗ്യം | 41 |
| ഗതാഗതം - ഊർജ്ജം - മാർക്കറ്റ് | 46 |
| പാർപ്പിടം - സാമൂഹ്യക്ഷേമം | 54 |
| സംസ്കാരം | 59 |
| വനിത | 63 |
| സഹകരണം | 66 |
| പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം | 68 |
| വിഭവസമാഹരണം | 70 |
| ടൂറിസം | 73 |
| പൊതുവായ ആവശ്യങ്ങൾ | 74 |
| കയ്പമംഗലം പഞ്ചായത്ത് പ്രവർത്തന രേഖ | 75 |
| ഉപസംഹാരം | 77 |

# വികസന രേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

**കൃഷിയും ജലസേചനവും**

എം.എം. അബ്ദുൾ റഹിമാൻ

എം.വി. ദാമോദരൻ മാസ്റ്റർ

ദേവിപ്രസാദ്

സുഗതപ്രസാദ്

**മത്സ്യബന്ധനം–മൃഗസംരക്ഷണം**

കെ.ബി. അനിൽകുമാർ

ടി.കെ. ശേഖരൻ

എ.കെ. പീതാംബരൻ

കെ.കെ. സുകുമാരൻ

പി.കെ. സുരേഷ്

**വിദ്യാഭ്യാസം**

ഫാത്തിമ

കെ.കെ. സുരേന്ദ്രൻ മാസ്റ്റർ

കെ.ആർ. രാമകൃഷ്ണൻ മാസ്റ്റർ

ആനന്ദൻ കെ.ആർ.

കെ.എം. രാജൻ മാസ്റ്റർ

കെ.സി. ജോയ്സൺ

കെ.എ. അബ്ദുൾ റഹിമാൻ

**കുടിവെള്ളവും പൊതുജനാരോഗ്യവും**

പി.ജി. ജിതേന്ദ്രബാബു

ഡോ.ഹിരൺ

ചന്ദ്രൻ

**ഗതാഗതം – ഊർജ്ജം – മാർക്കറ്റ്**

കെ.എഫ്. ഡൊമിനിക്ക്

കെ.കെ. രാജശേഖരൻ

കെ.കെ. ശേഖരൻ

**സംസ്ക്കാരം – കായികരംഗം**

കെ.വി. സുധാംശു മോഹനൻ

കെ.ജി. സുരേഷ്

രവിപ്രകാശ്

**വ്യവസായം**

പി.കെ. മുഹമ്മദ്

പി.എൽ. പോൾസൺ

സേനൻ

**പാർപ്പിടം – സാമൂഹ്യക്ഷേമം**

ബീവാത്തു

എ.കെ. വിജയൻ

രാജമ്മ തലാശ്ശേരി

ഭവാനി

**വനിത**

ശ്രീരഥ

അജിത കോഴിപ്പറമ്പിൽ

ബേബി

രേണുക

**സഹകരണം**

പി.തങ്കം

കുമാരൻ

പ്രതാപൻ ചക്കാലക്കൽ

**പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം**

എം.ജി. ചന്ദ്രൻ

മോഹനൻ

കാർത്ത്യായനി

**വിഭവസമാഹരണം**

സി.ജെ. പോൾസൺ

രാജേഷ്

സുരേഷ്

# ആമുഖം

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതുമ്പോഴും മഹാത്മാഗാന്ധിക്ക് ഒരു സ്വപ്നമുണ്ടായിരുന്നു."അധികാരം ജനങ്ങൾക്ക് നൽകുക."

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഗാന്ധിയൻ ആദർശത്തിന്റെ വിപ്ളവകരമായ തുടക്കം കുറിച്ചതും 1989 ലാണ്. ഇന്ത്യൻ ഭരണഘടന ഭേദഗതി വരുത്തി അധികാരം ജനങ്ങൾക്ക് നൽക്കുന്ന മഹത്തായ പ്രകൃതിയുടെ തുടക്കമായിരുന്നു അത്. വിധിയെന്നേപറയേണ്ടു നമ്മുടെ ജനാധിപത്യത്തിലെ രാഷ്ട്രിയ അസ്ഥത താൽക്കാലികമായി ആ ശ്രമത്തിന് തളർച്ചയേകി.

കാലം അധികം കാത്തിരിക്കേണ്ടി വന്നില്ല. 1994ൽ ഭരണ ഘടനയുടെ 73, 74 ഭേദഗതി അംഗീകരിക്കപ്പെട്ടതോടെ ഇന്ത്യൻ ജനാധിപത്യത്തിലെ അധികാര വികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചു. നമ്മുടെ ദേശീയ നേതൃത്വത്തിന്റെ മഹത്തായ ഈ തീരുമാനം ഇന്ന് നമ്മുടെ ഗ്രാമത്തിലും അലയടിക്കുകയാണ്. ഇതിന്റെ ചുവട് പിടിച്ചുകൊണ്ട് 1996ൽ കേരളത്തിൽ അധികാരത്തിൽ വന്ന ഗവണ്മെന്റ് ജനയീകയാസൂത്രണത്തിന് തുടക്കം കുറിച്ചരിക്കുന്നു.

കാർഷികവ്യാവസായിക ഊർജ്ജ മുരടിപ്പും അതുവഴി തൊഴിലില്ലായ്മയും നേരിടുന്ന ഒരു ജനത നിലനിൽപിനായി പുറത്തുള്ളവരുടെ കാരുണ്യത്തിനായി കേഴുമ്പോൾ സ്വന്തം വിധി നിർണ്ണയിക്കാൻ തനിക്ക് കൂടി അവസരം ലഭിക്കുന്നു എന്നുള്ളത് ആത്മാഭിമാനികളായ കേരളീയരെ സംബന്ധിച്ചിടത്തോളം ഉയർത്തെഴുന്നേൽക്കാനുള്ള ഒരു ഊന്നു വടിയാണ്.

സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികം ആഘോഷിക്കാൻ പോകുന്ന ഈ വേളയിൽ ഗാന്ധിജിയുടെ സ്വപ്നങ്ങൾക്ക് സാക്ഷാത്കാരത്തിന്റെ തിരികൊളുത്താൻ കഴിഞ്ഞു എന്നുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാനുള്ള വകയാണ്. ലോകത്തിനു തന്നെ മാതൃകയായ്ക്കൊണ്ട് ഒരു വികസന സംസ്കാരം കെട്ടിപ്പടുക്കുവാൻ നമുക്ക് കഴിയും എന്ന് പ്രത്യാശിക്കാം.

ആഗസ്റ്റ് 17ന് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഔപചാരിക ഉൽഘാടനം നിർവ്വഹിച്ചത് മുതൽ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഉണർവ്വിന്റേയും തിരക്കിന്റേയും നാളുകളാണ്. പഞ്ചായത്തിലെ 50 ശതമാനംജനങ്ങൾ ഇതുവരെ നേരിട്ടോ അല്ലാതേയോ ആസൂത്രണ പദ്ധതികളുമായി ബന്ധപ്പെട്ടുകഴിഞ്ഞു. വികസന സെമിനാറോടെ മുഴുവൻ ജനങ്ങളിലും ജനകീയാസൂത്രണത്തിന്റെ അലകൾ ഉണർത്തുവാൻ കഴിയുമെന്നാണ് പഞ്ചായത്ത് പ്രതീക്ഷിക്കുന്നത്.

ജനകീയസൂത്രണത്തിന്റെ ആദ്യ പരിപാടി എന്ന നിലയിൽ സപ്തംബർ 14 നും ഒക്ടോബർ 1 നും ഇടക്ക് നടന്ന വിശേഷാൽ ഗ്രാമസഭയിൽ നമ്മുടെ 12 വാർഡുകളിൽ നല്ല ജന പങ്കാളിത്തമുണ്ടായി. 5,12വാർഡുകളിൽ 200ൽ അധികം ആളുകൾ പങ്കെടുത്തു. വനിതകളുടെ പങ്കാളിത്തവും എടുത്തുപറയേണ്ടതാണ്. അഞ്ച് ഗ്രൂപ്പുകളായ് തിരിഞ്ഞു നടന്ന ചർച്ചകളിൽ വ്യക്തിഗത പ്രശ്നങ്ങൾക്കുമപ്പുറം രാഷ്ട്രീയചേരിതിരിവിന് വിരാമമിട്ടുകൊണ്ട്, സ്വന്തം പഞ്ചായത്തിന്റെ വികസന പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് പരിഹാര നിർദ്ദേശങ്ങൾ നടത്തുന്നതിനുമുള്ള കൂട്ടായ ചർച്ചകളാണ് കണ്ടത്.

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും, സർക്കാർ ഉദ്യോഗസ്ഥൻമാരും ജാതിമത വർഗ്ഗീയ ചിന്തകൾക്കും, രാഷ്ട്രീയ ചേരിതിരിവിനുമെതിരെ ഒത്തൊരുമിച്ച് പ്രവർത്തിച്ചുകൊണ്ട് അടുത്ത 5 വർഷത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറ്റാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

പഴയ മലബാർ ജില്ലയിൽ പൊന്നാനി താലൂക്കിൽപ്പെട്ട പ്രദേശമാണ് നമ്മുടേത്. 1951ൽ കൈപൊക്കി വോട്ടിലൂടെയാണ് ആദ്യത്തെ പഞ്ചായത്ത് സമിതി നിലവിൽ വന്നത്. 1962ൽ വില്ലേജ് പുനർ നിർണ്ണയത്തോടെ കയ്പമംഗലം വില്ലേജ് കൊടുങ്ങല്ലൂർ താലൂക്കിന്റെ ഭാഗമായി പടിഞ്ഞാറ് അറബിക്കടലും, കിഴക്ക് കനോലി കനാലും അതിരിടുന്ന നമ്മുടെ പ്രദേശം ഒരു തീര സമതല പ്രദേശമാണ് എന്ന് പറയാം. ഒരു നിര കൃഷി ഭൂമിയും, ഒരു നിര പാടവും എന്ന നിലയിൽ കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് വിഭജിത രൂപത്തിലാണ് ഭൂമി കിടന്നിരുന്നത്.

വാക്കയിൽ കുടുംബം, കൊടുങ്ങല്ലൂർ കോവിലകം, ഏലൂർ മന, ഒളനാട്ട് പണിക്കർ, അയിരൂർ ദേവസ്വം, ദേശമംഗലം, കുമരംചിറ ദേവസ്വം, പുതുവീട്ടിൽ കുടുംബം എന്നവിരായിരുന്നു പുറം ലോകം അറിയപ്പെട്ടിരുന്നവർ. 80 ശതമാനം സ്വത്തുക്കളും ഇവരുടെ കൈവശമായിരുന്നു. പാട്ടകുടിയാൻമാരിലൂടെകൃഷിചെയ്തിരുന്നഇവരിൽ മിക്കവാറും പേർ കയ്പമംഗലത്തിന് പുറത്തായിരുന്നു താമസം. അതുകൊണ്ട് തന്നെ ഭൂപരിഷ്കരണനിയമത്തിന് മുമ്പേതന്നെ പലപാട്ടകുടിയാന്മാരുടേയും കൈവശമുണ്ടായിരുന്ന ഭൂമി സ്വന്തം ഭൂമി പോലെ ആയിരുന്നു.

ജന്മിമാരിൽ നിന്ന് കുടിയാൻമാർ അനുഭവിച്ചിരുന്ന ദുരിതത്തേക്കാൾ കുടിയാന്മാരിൽ നിന്ന് കർഷകത്തൊഴിലാളികൾ അനുഭവിച്ചിരുന്നു. ഈഴവർ, അരയ, നായർ, പുലയ, വേട്ടുവ തുടങ്ങിയവരാണ് പ്രധാന ജാതി വിഭാഗക്കാർ മുസ്ലീം കൃസ്ത്യൻ മതവിഭാഗക്കാർ യഥാക്രമം

35%ത്തിനും 5%ത്തിനും വരും. മതപരമോ ജാതീയമോ ആയ സ്പർധ നിലനിന്നിരുന്നില്ല. ഈഴവ അരയ നായർ മുസ്ലീം പ്രമാണിമാർ ഉണ്ടായിരുന്ന സ്ഥലമായിരുന്നു നമ്മുടേത്. രാഷ്ട്രീയ നേതൃത്വം മിക്കവാറും ഇവരുടെ കൈകളിലായിരുന്നു. അതുകൊണ്ട് തന്നെ ദേശീയ രാഷ്ട്രീയ കൊടിക്കീഴിൽ അണി നിരന്നവരായിരുന്നു ഇവരിൽ ഭൂരിഭാഗവും. ജാതിയുടേയും മതത്തിന്റേയും വേർതിരിവിൽ ഇവിടെ എടുത്തുപറയത്തക്ക സംഘർഷങ്ങൾ ഉണ്ടായിരുന്നില്ല എന്നത് ഈ പ്രദേശത്തിന്റെ പ്രത്യേകതയായ് ചൂണ്ടികാണിക്കാം.

നാൽപ്പതുകളിൽ തന്നെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അലയടികൾ കയ്പമംഗലത്ത് ഉണ്ടായിരുന്നു. കമ്പോണ്ടർ രാമൻ എന്നറിയപ്പെട്ടിരുന്ന കണ്ണംപറമ്പിൽ രാമനായിരുന്നു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഇവിടെ നേതൃത്വം നൽകിയത്. ഇദ്ദേഹം ഒരു ഈ ഊഴവ പ്രമാണിക കുടുംബാംഗമായിരുന്നു. തറയിൽ വേലായുധൻ കണ്ണൻപറമ്പിൽ കൃഷ്ണൻകുട്ടിമാസ്റ്റർ, കെ.കെ. രാമകൃഷ്ണൻ, കെ. ആർ ഭാസ്കരൻ, കാഞ്ഞിരപ്പറമ്പിൽ വാസുദേവൻ എന്നിവരുടെ നേതൃത്വമാണ് 1951ൽ കയ്പമംഗലത്ത് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള പഞ്ചായത്ത് സമിതിയെ അധികാരത്തിലെത്തിച്ചത്. കൈപൊക്കിയുള്ള വോട്ടെടുപ്പിൽ കെ.ആർ. ഭാസ്കരൻ പ്രസിഡണ്ടായ് തിരഞ്ഞെടുക്കപ്പെട്ടു.

ദേശീയ പ്രസ്ഥാനമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വമാണ് വോട്ടെടുപ്പിലൂടെ നടന്ന തെരഞ്ഞെടുപ്പിൽ എന്നും അധികാരത്തിൽ വന്നിട്ടുള്ളത്. ഇതിനൊരു അപവാദമായ് 1980 ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വൈസ് പ്രസിഡണ്ട് സ്ഥാനമുൾപ്പെടെയുള്ള പങ്കാളിത്തം കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ഉണ്ടായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് നല്ലൊരു പാരമ്പര്യ ചരിത്രം പഞ്ചായത്തിൽ അന്നും ഇന്നുമുണ്ട്. സ്വാതന്ത്ര്യസമരസേനാനികളായ കെ. കുട്ടികൃഷ്ണൻ നായരും, കാഞ്ഞിരപറമ്പിൽ കുമാരനും ഇപ്പോഴും ജീവിച്ചിരിക്കുന്ന പ്രമുഖരാണ്. കോൺഗ്രസ്സ് അദ്ധ്യക്ഷനായിരുന്ന ബർദാൻ, കാമരാജിനും, ധേബാർ, കേളപ്പജി, മുഹമ്മദ് അബ്ദുൾ, റഹിമാൻസാഹിബ് പോലുള്ളവർക്കും ആതിഥ്യമരുളാൻ കഴിഞ്ഞനാടാണ് നമ്മുടേത്. കെ. മാധവൻ നായർ ബാലകൃഷ്ണ നായർ, കുഞ്ഞുണ്ണി ബാവാദാസ്, മുഹമ്മദുണ്ണി സാഹിബ്, പി.വി. ഗോവിന്ദൻ, പുത്തൂർ കുഞ്ഞുണ്ണഅണി കെ കുട്ടികൃഷ്ണ് നായർ, കെ.സി. വേലാണ്ടി, പി.ടി ചന്ദ്രശേഖരൻ നായർ വി.കെ. കൊച്ചപ്പൻ തുടങ്ങിവയവർ മുൻതലമുറയിലെ കോൺഗ്രസ് നേതാക്കളായിരുന്നു.

സ്ത്രീകൾക്ക് സംവരണമില്ലാതിരുന്ന കാലഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്ലസ്സിന്റെ നേതാവായിരുന്ന പി.ടി കൗമുദി അമ്മ ഈ പഞ്ചായത്തിന്റെ പ്രസിഡണ്ടായിരുന്നത് അഭിമാനകരമാണ്. മാത്രമല്ലകൗമുദി അമ്മ സംസ്ഥാന തലത്തിൽ അറിയപ്പെട്ടിരുന്ന ഒരു മഹിളാ നേതാവ് കൂടിയായിരുന്നു. അഖിലേന്ത്യാ കോൺഗ്രസ്സ് സമിതിയിൽ അംഗമാവുകയും ദേശീയ നേതൃത്വവുമായി ബന്ധപ്പെടുവാൻ ഇടവന്നതും നമ്മുടെ പ്രദേശത്തിന് പുറം ലോകവുമായുള്ള വിനിമയത്തിന്റെ ഉദാഹരണങ്ങളാണ്.

കൗമുദി അമ്മ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന കാലത്താണ് കേരളത്തിലെ മാതൃകാപഞ്ചായത്തായ് ഈ പഞ്ചായത്ത് തിരഞ്ഞെടുക്കപ്പെട്ടത്. ആരോഗ്യത്തിന് പ്രധാനം പ്രതിരോധമാണെന്ന് അറിയാതിരുന്ന കാലം. ശുദ്ധജലവും സാനിറ്റേഷനും മുഖ്യമാണെന്ന് ജനം തിരിച്ചറിവ് നേടിവരുന്ന ആ സമയത്ത് നമ്മുടെ പഞ്ചായത്തിലെ 2700 പാവപ്പെട്ടവർക്ക് കക്കൂസ് നിർമ്മിച്ച് നൽകിക്കൊണ്ട് കയ്പമംഗലം കേരളത്തിന് മാതൃകയായി.

എഴുപതുകളുടെ അവസാനം വരെ അല്പം കൃഷിയും, രാമച്ച വ്യവസായവും, മത്സ്യ ബന്ധനവും മറ്റുമുള്ള സംസ്ഥാനങ്ങളിൽ പോയി ജോലി ചെയ്തും അഷ്ടിക്ക് വക കണ്ടെത്തിയ നാം ഗൾഫ് മേഖല സൃഷ്ടിച്ച എണ്ണക്കൊഴുപ്പിന്റെ പാശ്ചാത്തലത്തിൽ സാമ്പത്തിക കുതിച്ചുചാട്ടം തന്നെ നടത്തി. പഞ്ചായത്തിലെ 75% മുസ്ലീം കുടുംബാംഗങ്ങളും ഗൾഫ് മേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. പഴയ ഓലപ്പുരയുടേയും ഓടിന്റേയും സ്ഥാനത്ത് കോൺക്രീറ്റ് ഭവനങ്ങൾ ഉയർന്നു. ഗൾഫ് വരുമാനത്തിന്റെ നല്ലൊരു ഭാഗം വീട് പണിയുന്നതിനോ മോടിപിടിപ്പിക്കുന്നതിനോ ആണ് ചില വഴിക്കപ്പെട്ടിട്ടുള്ളത്. പാടങ്ങൾ നികത്തപ്പെട്ടതും ഭൂമിയുടെ വിലവർദ്ധിച്ചതും ഇതിന്റെ ദൂഷ്യഫലങ്ങളാണ്. ഈ സാമ്പത്തിക ഉയർച്ച് വിദ്യാഭ്യാസ സാസ്കാരിക ഉന്നമനത്തിന് കാര്യമായ പങ്ക് വഹിച്ചില്ല. ഗൾഫ് മേഖലയിൽ നിന്നൊഴുകുന്ന പണം ശരിയായ ആസൂത്രണത്തിലൂടെ ഉല്പാദനമേഖലകളിലേക്ക് തിരിച്ചുവിട്ടില്ലെങ്കിൽ അടുത്ത തലമുറ വലിയ ദുരന്തങ്ങൾ പേറേണ്ടിവരും.

ജനങ്ങളുടെ പങ്കാളിത്തത്തോടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ആസൂത്രണപ്രക്രിയയിൽ ശാസ്ത്രീയ സ്വഭാവം കൈവരിച്ചാൽ ഈ പ്രദേശത്തിന് നല്ലൊരു നാളെ തീർച്ചയാണ്.

പുതിയ തലമുറയുടെ നിരാശ ബോധം അകറ്റുന്നതിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ദീർഘകാല ഹ്രസ്വകാല പദ്ധതികൾ ആവിഷ്കരിക്കണം. ഗൾഫ് മേഖലയിൽ നിന്നും ഇവിടെയെത്തുന്ന സമ്പത്ത് ക്രിയാത്മമായി ഉപയോഗപ്പെടുത്തുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്ന വലിയൊരു പ്രക്രിയ നടത്തിയാൽ നമ്മുടെ വിഭവശേഷിയും പ്രകൃതി ശക്തിയും നമുഷ്യപ്രയത്നവും കൂടി ഇവിടെ വലിയ മുന്നേറ്റം തന്നെ പ്രതീക്ഷിക്കാം. അതിനുള്ള ആദ്യ ചുവട് വയ്പായ് ഈ ജനകീയാസൂത്രണ പ്രസ്ഥാനത്തെ നമുക്ക് ഉപയോഗപ്പെടുത്താം. ◻

OFFICE OF THE KAIPAMANGALAM GRAMA PANCHAYATH



104

# പൊതുവിവരണം

| | | |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | ◆ | കയ്പമംഗലം |
| ഉൾപ്പെടുന്ന വില്ലേജ് | ◆ | കയ്പമംഗലം |
| ബ്ലോക്ക്പഞ്ചായത്ത് | ◆ | മതിലകം |
| താലൂക്ക് | ◆ | കൊടുങ്ങല്ലൂർ |
| അസംബ്ലി മണ്ഡലം | ◆ | നാട്ടിക |
| വിസ്തീർണ്ണം | ◆ | 13.60 ച.കി.മീ. |

അതിരുകൾ

തെക്ക്:

തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ
നിയോജകമണ്ഡലത്തിൽപ്പെട്ട
പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

കിഴക്ക്:

നാട്ടിക നിയോജകമണ്ഡലത്തേയും
ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തെയും
വേർതിരിക്കുന്ന കനോലി കനാൽ

വടക്ക്:

നാട്ടിക നിയോജക മണ്ഡലത്തിൽപ്പെട്ട
എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ്:

അറബിക്കടൽ

| | | |
|---|---|---|
| ജനസംഖ്യ | ◆ | 39,821 |
| പുരുഷൻമാർ | ◆ | 21,217 |
| സ്തീകൾ | ◆ | 18,604 |
| ജനസാന്ദ്രത | ◆ | 2928 |
| വാർഡുകൾ | ◆ | 12 |
| പ്രസിഡണ്ട് | ◆ | പി.എ. മുഹമ്മദാലി |
| വൈസ്പ്രസിഡ് | ◆ | പി.കെ. മുഹമ്മദ് |
| സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ | ◆ | പി. തങ്കം |


OFFICE OF THE KAIPAMANGALAM GRAMA PANCHAYATH
105

# സാമൂഹിക സാംസ്കാരിക ചരിത്രം

കയ്പമംഗലം എന്ന പേരിന്റെ ഉൽഭവത്തെക്കുറിച്ച് ഒരു ചരിത്രാമ്പേഷണം നടത്തിയപ്പോൾ ഒരു ഐതിഹ്യവും കണ്ടെത്താൻ കഴിഞ്ഞില്ല. പക്ഷേ കയ്പമംഗലത്തെ 'കാക്കാത്തുരുത്തി'യെക്കുറിച്ച് 'കോക സന്ദേശ'ത്തിൽ വർണ്ണിച്ചു കാണുന്നുണ്ട്. ചരിത്രമുറങ്ങുന്ന കൊടുങ്ങല്ലൂരിന്റെ സമീപ പ്രദേശമാണ് കയ്പമംഗലം എന്നുള്ളതിനാൽ കൊടുങ്ങല്ലൂർ ചരിത്രവുമായ് കയ്പമംഗലത്തിന് അഭേദ്യമായ ബന്ധമുണ്ട്.

ഒരു കാലത്ത് കൊടുങ്ങല്ലൂർ രാജാവിന്റെ സാമന്തനായിരുന്ന പാലപ്പെട്ടി കോവിലകത്തിന്റെ അധീനതയിലായിരുന്നു കയ്പമംഗലം. ചേറ്റുവ മുതൽ കോതപറമ്പ് വരെയുള്ള 'അയിരൂർ അയ്യായിരത്തിൽ' ഈ പ്രദേശം ഉൾപ്പെട്ടിരുന്നു. അത് പാലപ്പെട്ടി കോവിലകത്തിന്റെ ഇടപ്രഭുവായിരുന്ന 'വാക്കയിൽ കയ്മളാ'യിരുന്നു ഈ പ്രദേശത്തെ പ്രധാന നാടുവാഴി.

ടിപ്പു സുൽത്താൻ തന്റെ സൈന്യവുമായ് പടയോട്ടം നടത്തിയിരുന്നപ്പോൾ പട്ടാള ക്യാമ്പായ് കയ്പമംഗലം കൊപ്രക്കളം എന്ന 'കച്ചേരിപ്പറമ്പ്' ഉപയോഗിച്ചിരുന്നു. കച്ചേരിപറമ്പ് എന്ന പേര് വരാൻ തന്നെ കാരണം ടിപ്പുവിന്റെ സൈനിക കോടതി അവിടെ പ്രവർത്തിച്ചതുകൊണ്ടാണ്.

കനോലികനാൽ ഉണ്ടാകുന്നതിന് മുമ്പ് തന്നെ കൊടുങ്ങല്ലൂർ തുറമുഖവും മറ്റു വാണിജ്യപ്രദേശങ്ങുമായി കയ്പമംഗലത്തിന് ജലഗതാഗത മാർഗ്ഗമുണ്ടായിരുന്നു. 41-ാം വാർഡിലെ തുമ്പുങ്ങലിന് സമീപമുള്ള 'തോണിക്കുളം' ഈ ഗതാഗത ശൃംഗലയുടെ പ്രധാന കേന്ദ്രമായിരുന്നു. തിരുവിതാംകൂർ നിന്ന് വടക്കോട്ട് ഒഴുകി ബേപ്പൂർ പുഴ വരെ എത്തുന്ന ഉൾനാടൻ ജലകതാഗത മാർഗ്ഗമായ 'കനോലി കനാൽ ' കയ്പമംഗലത്തിന്റെ കിഴക്കേതിരിലൂടെ യാണ് ഒഴുകുന്നത്. മലബാർ കലക്ടർ ആയിരുന്ന മി.കൊനോലി ഉത്തരവിട്ട് കുഴുപ്പിച്ചതാണ് ഈ കനാൽ. 1848-ൽ പണി പൂർത്തിയായി കയ്പമംഗലത്തിന്റെ തീര പ്രദേശമായ കൂരിക്കുഴിയിൽവലിയ പത്തേമാരികൾ അടുക്കാനുള്ള സൗകര്യമുണ്ടായിരുന്നു. പ്രമുഖ ജന്മിയായിരുന്ന പുതിയവീട്ടിൽ കമ്മട്ടിയുടെ വീട്ടുവളപ്പിലേക്ക് പത്തേമാരി എത്തിച്ചേരാനുള്ള ജലഗതാഗത മാർഗ്ഗമുണ്ടായതായി ചരിത്രം സൂചിപ്പിക്കുന്നു. കൂടാതെ അന്ന് കൂരിക്കുഴിയെ 'കൂർക്കുഴി' എന്നാണ് അറിയപ്പെട്ടിരുന്നത്.

കയ്പമംഗലത്തെ പ്രമുഖ ക്ഷേത്രങ്ങളാണ് അയിരൂർ മഹാവിഷ്ണു ക്ഷേത്രവും ചളിങ്ങാട് ശ്രീ സുബ്രഹ്മണ്യക്ഷേത്രവും. അഗസ്തേശ്വര ക്ഷേത്രവും. ഇതിൽ അയിരൂർ ക്ഷേത്രം കേരളത്തിലെ രണ്ടാമത്തെ മഹാവിഷ്ണു പ്രതിഷ്ഠയാണെന്ന് ഐതിഹ്യം പറയുന്നു. മറ്റൊരു ക്ഷേത്രമായ അഗസ്ത്യേശ്വര ശിവക്ഷേത്രം പഴൂർ തറവാട്ടുകാരുടെ കുടുംബക്ഷേത്രമാണ്. ഈ ക്ഷേത്രം അഗസ്ത്യ മുനി സ്ഥാപിച്ചതായ് ഐതിഹ്യം ചൂണ്ടികാണിക്കുന്നു.

തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, മൂഴിക്കുളം ലക്ഷമണക്ഷേത്രം, ഇരിങ്ങാലക്കുട കൂടൽ മാണിക്യ ക്ഷേത്രം, പായമ്മൽ ശത്രുഘ്നക്ഷേത്രം എന്നിവയുടെ വിഗ്രഹ പ്രതിഷ്ഠകളുമായ് കയ്പമംഗലത്തിന് ചരിത്രപരമായ ആത്മബന്ധമുണ്ട്. മുക്കുവർ മത്സ്യബന്ധനം നടക്കുമ്പോൾ വലയിൽ കുടുങ്ങിയ 4 വിഗ്രഹങ്ങളെ വാക്കയിൽ കൈമളെ ഏൽപിക്കുകയാണുണ്ടായത്. സ്വപ്നദർശനമനുസരിച്ച് വാക്കയിൽ കയ്മൾ പ്രസ്തുത വിഗ്രഹങ്ങൾ മേൽപറഞ്ഞ സ്ഥലങ്ങളിൽ പ്രതിഷ്ഠക്കായ് ഏൽപിച്ചു. ഈ ക്ഷേത്രങ്ങളെല്ലാം വാക്കയിൽ കയ്മൾക്ക് പ്രത്യേക പദവി നൽകി ആദരിച്ചു വരുന്നു.

കേരളത്തിൽ ആദ്യത്തെ മുസ്ലീം ദേവാലയമായ ചേരമാൻ പള്ളിക്ക് ശേഷം നിലവിൽ വന്ന പള്ളികളിലൊന്നാണ് കയ്പമംഗലം കൂരിക്കുഴി ജുമാമസ്ജിദ്. മസ്ജിദ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യമൊരുക്കികൊടുത്തത് വാക്കയിൽ കയ്മളായിരുന്നു. വർഷങ്ങൾക്ക് മുമ്പേ ഈ പ്രദേശത്ത് മതസൗഹാർദ്ദം നിലനിന്നിരുന്നതിന്റെ പ്രകടമായ തെളിവാണിത്.

കയ്പമംഗലത്തെ പുരാതനമായ ക്യസ്തീയ ദേവലയമാണ് സെന്റ് ജോസഫ് ചർച്ച്. മത സൗഹാർദ്ദത്തിന്റെ മറ്റൊരു നിദർശനമായ ഈ പള്ളി പണിയുന്നതിന് പുന്നക്കപ്പറമ്പ് എന്ന സ്ഥലം സംഭാവന ചെയ്തത് കോലെഴുത്ത് അച്ചുതൻനായരാണ്.

സ്വാതന്ത്ര്യ സമ്പാദനത്തിന് മുമ്പ് തന്നെ ദേശീയ പ്രസ്ഥാനം കയ്പമംഗലത്ത് സജീവമായിരുന്നു. പരേതനായ പി.ടി. ചന്ദ്രശേഖരൻനായർ, കണ്ണൻപറമ്പിൽ വേലപ്പൻ മാസ്റ്റർ, മലയാറ്റിൽ കൃഷ്ണൻ, കണ്ണംപറമ്പിൽ കുമാരൻ മാസ്റ്റർ എന്നിവരായിരുന്നു മുൻനിരക്കാർ

ശ്രീ. കെ. കുട്ടി കൃഷ്ണൻനായർ സ്വാതന്ത്ര്യസമ്പാദനത്തിന് മുമ്പ് തന്നെ കോൺഗ്രസ്സിലും ദേശീയ പ്രസ്ഥാനത്തിലും മുന്നിട്ട് പ്രവർത്തിച്ച ഇന്നും ജീവിക്കുന്ന മഹത് വ്യക്തിയാണ്. ദീർഘകാലത്തോളം മതിലകം ബി.ഡി.സി. ചെയർമാനായും പ്രവർത്തിച്ചിരുന്നു. സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്ന ശ്രീ. കരിമ്പറമ്പിൽ കുമാരൻ തൊഴിൽ സംബന്ധമായി കേരളത്തിന് പുറത്ത് കഴിയുമ്പോൾ സ്വാതന്ത്ര്യ സമരത്തിൽ ജയിൽവാസമനുഷ്ടിച്ചിട്ടുണ്ട്.

കോഴിപ്പുറത്ത് മാധവമേനോൻ, പനമ്പിള്ളി ഗോവിന്ദമേനോൻ, കോങ്ങാട്ടിൽ രാമൻ മേനോൻ, കുറൂർ നീലക

ണ്ഠൻ നമ്പൂതിരിപ്പാട് മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബ്ബ് കെ.പി. കേശവമേനോൻ എ.വി. കുട്ടിമാളു അമ്മ, സി.കെ. ഗോവിന്ദൻ നായർ, കോൺഗ്രസ്സ് അദ്ധ്യക്ഷന്മാരായ കാമരാജ് നാടർ. യു.എം. ഡേബാർ എന്നിവരുടെ സന്ദർശനം കയ്പമംഗലത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളായ് ഇന്നും നിലനിൽക്കുന്നു. ആചാര്യ വിനോബഭാവയുടെ അടുത്ത ശിഷ്യനായ ശ്രീ. ശങ്കർ റാവു ദേവ് ഭൂദാന പ്രസ്ഥാനവുമായ് ബന്ധപ്പെട്ട് കയ്പമംഗലത്തെത്തിയിട്ടുണ്ട്.

1930 കളിൽ ഇന്ത്യൻ നാഷണൽ കോൺഗ്ഗസ്സിന്റെ പ്രവർത്തനം കയ്പമംഗലത്താരംഭിച്ചു. പി.ടി. ചന്ദ്രശേഖരൻ നായർ, കെ. കുട്ടികൃഷ്ണൻ നായർ കുഞ്ഞുബാവാദാസ്, കെ മാധവൻനായർ, ബാലകൃഷ്ണൻ നായർ മുഹമ്മദുണ്ണിസാഹിബ്, പി.വി. ഗോവിന്ദൻ, പുത്തൂർ കുഞ്ഞുണ്ണി, കെ.സി വേലാണ്ടി, വി.കെ. കൊച്ചപ്പൻ, ഉക്രു മാസ്റ്റർ, എന്നിവർ ആദ്യ കാല കോൺഗ്രസ്സ് നേതാക്കളാണ്.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് കയ്പമംഗലത്ത് അടിത്തറ പാകിയത് സർദാർ ഗോപാലകൃഷ്ണനാണ്. ആദ്യകാലകമ്മ്യൂണിസ്റ്റ് നേതാക്കളായിരുന്നു കമ്പോണ്ടർ രാമൻ എന്ന കണ്ണംപറമ്പിൽ രാമൻ, തറയിൽ വേലായുധൻ, കണ്ണംപറമ്പിൽ കൃഷ്ണൻ, പിപി. ബാഹുലേയൻ, കരുവത്തി വേലപ്പകുട്ടി വൈദ്യർ, പാണാട്ട് വാസു എന്നിവർ.

1952 ൽ കൈപൊക്കി വോട്ടിലൂടെ ആദ്യ പഞ്ചായത്ത് ഭരണ സമിതി അധികാരമേറ്റു. ആ തെരഞ്ഞെടുപ്പിൽ കണ്ടങ്ങത്ത് ഭാസ്കരൻ പ്രസിഡണ്ടായിരുന്നു., കെ.സി. കുഞ്ഞിക്കളവൻ, കുഞ്ഞിക്കോയ സാഹിബ്, പുളിപ്പറമ്പിൽ നാരായണൻ, ടി.കെ. വേലായുധൻ, കെ.വി.കൃഷ്ണൻ മാസ്റ്റർ, ടി.കെ. സെയ്തു മുഹമ്മദ്, എം.എ.അബ്ദു, കണ്ടങ്ങത്ത് കുഞ്ഞാപ്പു, കൊച്ചാപ്പു, പുത്തൂർ ഗോവിന്ദൻ എന്നിവരായിരുന്നു മറ്റു ഭരണ സമിതി അംഗങ്ങൾ.

1963ൽ ജനകീയ സ്വഭാവത്തിലുള്ള തെരഞ്ഞെടുപ്പാണ് നടന്നത്. ശ്രീ. കെ. കുട്ടികൃഷ്ണൻ നായർ പ്രസിഡണ്ടായും ശ്രീ. കെ.സി. വേലാണ്ടി വൈസ് പ്രസിഡണ്ടായും ഐക്യകണ്ഠേന തിരഞ്ഞെടുത്തു. ശ്രീ. പി.ആർ കുഞ്ഞുണ്ണൂലി, ഡോ. ജോസ് ചാലിശ്ശേരി, കെ.ആർ. ബാലൻ, അയ്യപ്പൻ, പി.കെ. അഹമ്മു സാഹിബ്,കാജ അബ്ദുൾ ഖാദിർ എന്നിവർ മറ്റു അംഗങ്ങളായ് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. എന്നാൽ പഞ്ചായത്ത് ഭരണ സമിതിയിലുണ്ടായ ചില അഭിപ്രായ വ്യത്യാസങ്ങൾ മൂലം ശ്രീ ജോസ് ചാലിശ്ശേരി, പി.ആർ. കുഞ്ഞുണ്ണൂലി, കാജ അബ്ദുൾ ഖാദിർ അയ്യപ്പൻ എന്നിവർ രാജിവെക്കുകയും തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ. ടി.കെ. ശേഖരൻ, പി.എ. ഇബ്രാഹിം, വെങ്ങാലി കൃഷ്ണൻ, പേങ്ങൻ തുടങ്ങിയവർ തെരഞ്ഞെടുത്തു. ശ്രീ. കെ. കുട്ടികൃഷ്ണൻ നായർ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന കാലത്താണ് പഞ്ചായത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായത്.

1978ൽ നടന്ന മൂന്നാമത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീമതി. പിടി. കൗമുദി അമ്മ പ്രസിഡണ്ടും ശ്രീ കെ.സി. നാരായണൻ വൈസ് പ്രസിഡണ്ടുമായ് ഭരണ സമിതി അധികാരമേറ്റു. ശ്രീ. കെ.ആർ ബാലൻ, പി.എ. ഇബ്രാഹിം, പി.എ അബ്ദുൾ ഖാദിർ, പി.എ മുഹമ്മദ്, ഫസലുൽ ഹക്ക്, പുത്തൂർ സുഗുണൻ, എം.വി. ദാമോദരൻ മാസ്റ്റർ, ജിനരാജദാസ്, കരിമ്പറമ്പിൽ ഭാർഗ്ഗവി എം.ജി. ചന്ദ്രൻ, അശോകൻ എന്നിവരായിരുന്നു മറ്റു അംഗങ്ങൾ.

ശ്രീമതി പി.ടി.കൗമുദി അമ്മ പ്രസിഡണ്ടായിരുന്ന ഈ കാലഘട്ടത്തിലാണ് ആരോഗ്യ പരിപാലന രംഗത്തെ വിപ്ലവകരമായ കാൽവെയ്പ് നടത്തിയത്. ഇന്ത്യയിൽ തന്നെ ആദ്യമായ് എല്ലാ വീടിനും കക്കൂസ് എന്ന പദ്ധതി പഞ്ചായത്ത് നടപ്പിലാക്കുകയും പഞ്ചായത്തിന്റെ വികസന പാതയിൽ ഒരു നാഴികകല്ലായ് സ്മരിക്കുകയും ചെയ്യുന്നു.

1987ൽ നടന്ന നാലാമത്തെ തെരഞ്ഞെടുപ്പിൽ ശ്രീ. പി.എ. മുഹമ്മദാലി പ്രസിഡണ്ടും ശ്രീ. എം.ജി. ചന്ദ്രൻ വൈസ് പ്രസിഡണ്ടാവുകയും ചെയ്തു. പ്രസ്തുത സമിതിയിൽ മുഹമ്മദ് ഫസലുൽ ഹക്ക്, കെ.കെ. ബാലൻ, പി.എ. ബാവു, ടി.കെ. ശേഖരൻ, പി.എ. അഹമ്മദ്, കെ.ആർ. കൃഷ്ണൻ, പി.എ. അബ്ദുൾ ലത്തീഫ്, ശ്രീമതി ശാന്തകുമാരിയമ്മ, നാരായണി എന്നിവരായിരുന്നു അംഗങ്ങൾ.

1995 ഒക്ടോബർ 2ന് പുതിയ പഞ്ചായത്ത് രാജ് സംവിധാനത്തിൽ നിലവിൽ വന്ന പഞ്ചായത്തിന്റെ പ്രസിഡണ്ടായ് ശ്രീ. പി.എ. മുഹമ്മദാലിയും വൈസ് പ്രസിഡണ്ടായ് ശ്രീ. പി.കെ. മുഹമ്മദും, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനായ് ശ്രീമതി പി. തങ്കവും തെരഞ്ഞെടുത്തു. ശ്രീ. കെ.ബി. അനിൽകുമാർ, പി.ജി. ജിതേന്ദ്രബാബു, കെ.എഫ്. ഡോമിനിക്ക്, പി.എം. അദ്രഹിമാൻ, എം.ജി. ചന്ദ്രൻ. സി.ജെ. പോൾസൺ, ശ്രീമതി. ശ്രീരഥ, ബീവാത്തു, ഫാത്തിമ എന്നിവരായിരുന്നു മറ്റു ഭരണ സമിതിയംഗങ്ങൾ.

കയ്പമംഗലത്തെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനമാണ് 1896ൽ സ്ഥാപിച്ച പള്ളി സ്കൂൾ എന്ന RCUP സ്ക്കൂൾ. പിന്നീട് 1918 ൽ കയ്പമംഗലം ബിച്ചിലെ എഴുത്താണികുന്നിൽ കോഴിപറമ്പിൽ അയ്യപ്പൻ കുഞ്ഞിമാസ്റ്ററും പൊതുവത്ത് രാമൻ കുട്ടി മേനോൻ, കുറ്റിക്കാടൻ ചാക്കോ എന്നിവർ ചേർന്ന് സ്കൂൾ ആരംഭിച്ചു. ശ്രീ. റാവു ബഹദൂർ വി. ഗോവിന്ദൻ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ആയിരിക്കെ സ്ക്കൂൾ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുകയും ഇന്നിത് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളായി പ്രവർത്തിക്കുകയും ചെയ്യുന്നു.

1930 ലാണ് വായനശാലാപ്രസ്ഥാനത്തിന്റെ പ്രഥമ പ്രവർത്തന മാരംഭിച്ചത്. കയ്പമംഗലം പള്ളി നടയിൽ 'ഫ്രൻസ് യൂണിയൻ ക്ലബ്ബ് 'എന്ന പേരിലാണ് വായനശാലയാരംഭിച്ചത്. കലാ സാംസ്കാരിക രംഗത്ത് കയ്പമംഗലത്തിനകത്തും പുറത്തും ഏറെ അറിയപ്പെട്ടിരുന്ന കലാകാരനാണ് ശ്രീ. കുഞ്ഞുബാവദാസ്. തന്റെ വീട്ടുവളപ്പിൽ സ്വന്തമായ് നടകശാലയുണ്ടാക്കി നാടകം, നൃത്തം സംഗീതം എന്നിവ നടത്തിയ അദ്ദേഹം തന്റെ സ്വത്തിന്റെ ഭൂരിഭാഗവും കലക്ക് വേണ്ടി ചിലവഴിച്ചു. സാമൂഹ്യ സാംസ്കാരിക രംഗത്ത് നിറഞ്ഞു നിന്നിരുന്ന പ്രൊ. പി.വ്വി. അപ്പുമാസ്റ്റർ ഒരു ബഹുമുഖ പ്രതിഭയായ് കയ്പമംഗലത്തിന്റെ അഭിമാന സ്തംഭമായ് ഇന്നും നില നിൽക്കുന്നു. തീരദേശത്തിന്റെ ആരോഗ്യ രംഗത്ത് വികസനത്തിന്റ പാതയൊരുക്കിയ കയ്പമംഗലം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ശില്പികളിൽ പ്രധാനിയായിരുന്ന പ്രൊ. അപ്പു മാസ്റ്റർ. 1972 ൽ സ്ഥാപിച്ച ആരോഗ്യ കേന്ദ്രത്തിന്റെ മറ്റു ശില്പികളായിരുന്നു സ്ഥലം സംഭാവന ചെയ്ത ശ്രീ. പി.വി. മൊയ്തീൻ, കെ. ആർ ബാലൻ എന്നിവർ. ആയുർവ്വേദ ചികിത്സാ വിധിയിലൂടെ നേത്ര ശസ്ത്രക്രിയ നടത്തുന്നതിൽ വൈദഗ്ദ്യം നേടിയ വ്യക്തിയായിരുന്നു പുത്തൂർവേലുണ്ണി വൈദ്യർ.

പ്രാചീന കലകളായ തട്ടുമ്മകളി, ഐവർകളി, പെറോട്ടുനാടകം, പകിടകളി, കളരിപയറ്റ് എന്നിവ ഇന്ന് മൺമറഞ്ഞുപോയെങ്കിലും ഇവയിൽ ഒട്ടേറെ പ്രഗൽഭ കലാകാരൻമാർ കയ്പമംഗലത്ത് ജീവിച്ചിരുന്നു. കളമെഴുത്ത് കലയിൽ ഏറ്റവും പ്രഗൽഭൻമാരായിരുന്നു കോന്തു ആശാൻ, കറപ്പക്കുട്ടി ആശാൻ എന്നിവർ. ഒട്ടനവധി ശിഷ്യ സമ്പത്തുണ്ടായിരുന്ന ഗോപാലനാശാൻ പ്രമുഖ നാഗസ്വര, തകിൽ വിദ്വാനായിരുന്നു. വായ്പാട്ടിൽ കുട്ടനാശാനും. ഉടുക്ക്കൊട്ട് പാട്ടിന്റെ കയ്പമംലത്തെ ആദ്യകാല കലാകാരൻമാരായിരുന്നു കൊളങ്ങര വെളിച്ചപ്പാടൻമാരും,കൈതവളപ്പിൽ വേലായുധനാശാനും. കൊടുങ്ങല്ലൂർകുഞ്ഞികുട്ടൻ തമ്പുരാന്റെ രാജസദസ്സിൽ അക്ഷരശ്ലോക മത്സരത്തിന് പങ്കെടുത്തിരുന്ന വ്യക്തിയായിരുന്നു കരയാവട്ടത്ത് മാധവൻ മാസ്റ്റർ.

1950 ൽ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി ശ്രീമതി. പി.ടി. കൗമുദി അമ്മ കയ്പമംഗലം കാളമുറിയിൽ മഹിളാ സമാജം ആരംഭിച്ചു. അതിനുശേഷം വിവിധ പ്രദേശങ്ങളിൽ മഹീളാ സമാജങ്ങൾ ആരംഭിക്കുകയും സ്ത്രീകളുടെ നേതൃത്വപരമായ പങ്ക് പരിപോഷിപ്പിക്കുകയും ചെയ്തു.

കയ്പമംഗലത്തെ സമൂഹ്യ സാസ്കാരിക ചരിത്രത്തിന്റെ അവസാന വാക്കാണ് ഈ ലേഖനമെന്ന് വിശ്വസിക്കുന്നില്ല. പരമാവധി പഴയ തലമുറയിലെ ആളുകളുമായ് ബന്ധപ്പെടുകയും രേഖകൾ വിശകലനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ചരിത്ര സത്യങ്ങളിൽ പൂരിപ്പിക്കാൻ ഇനിയുമുണ്ടെങ്കിൽ കൂട്ടിച്ചേർക്കാമെന്ന തുറന്ന മനസ്സോടെ ലഘു ചരിത്രമവസാനിപ്പിക്കുന്നു. ■

തൃശൂർ ജില്ലയുടെ തീരദേശ പഞ്ചായത്തുകളിലൊന്നായ കയ്പമംഗലം, ജില്ലയുടെ തെക്കേ അറ്റത്തുള്ള ചിരപുരാതന തുറമുഖങ്ങളിലൊന്ന്, ചരിത്ര പ്രധാനമായ കൊടുങ്ങല്ലൂർ (അഴീക്കോട്) നിന്ന് പതിമൂന്ന് കി.മീ. വടക്ക് മാറിയാണ് സ്ഥിതിചെയ്യുന്നത്. കോട്ടപ്പുറം പുഴയേയും ചേറ്റുവ അഴിമുഖത്തെയും തെക്ക് വടക്ക് ബന്ധിപ്പിക്കുന്ന കനോലികനാലിൽ നിർമ്മിച്ചിട്ടുള്ള കാക്കാത്തുരുത്തി പാലം പഞ്ചായത്തിന്റെ തെക്ക് കിഴക്ക് മൂലയിലാണ്. പ്രസ്തുത പാലത്തെ മൂന്ന് പീടികയായും തുടർന്ന് പടിഞ്ഞാറ് കടൽ തീരമായും ബന്ധിപ്പിക്കുന്ന റോഡാണ് പഞ്ചായത്തിന്റെ തെക്കേ അതിര്. കിഴക്കേ അതിര്, തെക്ക്ഭാഗം കനോലികനാലും വടക്ക്ഭാഗം പുഴയുമായ് ചേരുന്ന ചിറയ്ക്കൽ തോടുമാണ്. വടക്കേ അതിര് റോഡും തോടുമായി മാറി മാറി വരുന്നുണ്ട്. ചിറക്കൽ പള്ളിയുടെ പടിഞ്ഞാറ് പ്രദേശം കൊപ്രക്കളം കിഴക്ക് 'ബുസ്താനുൽ ഉൽഉലൂം അറബി കോളേജ് 'അടങ്ങുന്ന പ്രദേശം, പഞ്ഞംപള്ളിയുടെ വടക്ക് വശം തുടങ്ങിയ സ്ഥലങ്ങളിൽ അതിരായ് റോഡിന് പകരം തോടും ഇടവഴിയും ഉണ്ട്. എന്നാൽ പൊതുവായി കൊപ്രക്കളത്ത് നിന്ന് തീരപ്രദേശത്തേക്കും കിഴക്ക് ഈസ്റ്റ് ചെന്ത്രാപ്പിന്നിയിലേക്ക് പോകുന്ന റോഡുകൾ അതിരായി മാനിക്കപ്പെടുന്നു. 4 കി.മീ. നീണ്ടുകിടക്കുന്ന അറബികടലാണ് പടിഞ്ഞാറെ അതിര്. കടലിൽ നിന്ന് മൂന്ന് കി.മീ. കിഴക്ക് ഭാഗത്ത് കൂടിയാണ് N.H. 17 പോകുന്നത്.

## ഭൂപ്രകൃതി

അക്ഷാംശം 10° 18' 10" Nനും 10° 21' 30" N നും രേഖാംശം 76° 6' 10" Eനും 76° 81' 20" E നും ഇടയിൽ തൃശ്ശൂർ ജില്ലയുടെ തെക്ക് പടിഞ്ഞാറ് മൂലയിൽ അല്പം വടക്കുമാറിയാണ് ഭൂപടത്തിൽ കയ്പമംഗലം ഗ്രാമ പഞ്ചായത്തിന്റെ ഏകദേശ സ്ഥാനം. ഭൂപ്രകൃതിയിൽ കാര്യമായ വ്യത്യസ്തത അനുഭവപ്പെടുന്നില്ലെങ്കിലും തെക്ക് കിഴക്ക് ഭാഗമായ കോഴിത്തുമ്പ് പ്രദേശത്ത് ഉപ്പുവെള്ളമാണ്. കിഴക്കേ ടിപ്പുസുൽത്താൻ റോഡിന്റെ കിഴക്ക് ഭാഗം അടുത്തകാലം വരെ മണൽത്തിട്ടുകളാൽ സമ്പന്നമായിരുന്നെങ്കിലും ഇന്ന് മണലെടുത്ത മടകളാലും ചതുപ്പ് നിലത്തേക്കാൾ അല്പം ഉയർന്ന താഴ്വാര പ്രദേശങ്ങളായും നിറഞ്ഞു കിടക്കുന്നു. പഞ്ചായത്തിന്റെ കിഴക്കേ അറ്റം പുഞ്ചകണ്ടങ്ങളാൽ സമൃദ്ധമായിരുന്ന കാലമുണ്ടായിരുന്നു. അവയെല്ലാം ഇപ്പോൾ ചിറകളും തോടുകളും നിരത്തുഭൂമികളുമായ് മാറി. കിഴക്കേ ടിപ്പുസുൽത്താൻ റോഡിന് പടിഞ്ഞാറു ഭാഗം മിക്കവാറും കടൽത്തീരം വരെ അമ്പത് നൂറ് മീറ്റർ വീതിയിൽ പാടവും പറമ്പുമായി ഇടവിട്ട് കിടന്നിരുന്നു. ഇങ്ങിനെയുണ്ടായിരുന്ന ഒരുപ്പൂ ഇരുപ്പൂ പാടങ്ങൾ മിക്കവയും ഇന്ന് നിരത്ത് ഭൂമികളായ് മാറിയിട്ടുണ്ട്. ഇത്തരം ഭൂമികളെല്ലാം പാടങ്ങളായിരുന്നപ്പോൾ മഴപെയ്ത് കൂടുന്ന വെള്ളം ഒഴുകി കടലിലേക്ക് എത്തുന്നതിന് ചെറും വലുതുമായ തോടുകളുടെ കുറ്റമറ്റ ഒരു ശൃംഗലതന്നെയുണ്ടായിരുന്നു. ഇന്നീ തോടുകളെല്ലാം ചെറിയ ചെറിയ തുണ്ടുകളായ് നികത്തപ്പെടുകയും ഭൂവുടമകളാൽ അവഗണിക്കപ്പെടുകയും ചെയ്തതു മൂലം ഈ ഭൂമികളിൽ മിക്കവയും വർഷക്കാലം മുഴുനീളെ വെള്ളക്കെട്ട് എന്ന മാറാവ്യാധിയുടെ പിടിയിലാണ്. നികത്ത് ഭൂമികളിലുള്ള തെങ്ങുകളുടെ രോഗങ്ങൾക്കുള്ള പ്രധാന കാരണങ്ങളിലൊന്ന് ഇതാണെന്ന് കരുതപ്പെടുന്നു. ചെറുതെങ്കിലും അവഗണിക്കാനാകാത്ത് ചില പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പുരാതനമായി നിലനിന്നിരുന്ന ഭൂപ്രകൃയിലുണ്ടായ കാതലായ ഈ മാറ്റം വഴിയൊരുക്കുന്നുണ്ട്.

കാക്കാതുരിത്തിയോടു ചേർന്ന് കനോലി കനാലിനുമപ്പുറം കിടക്കുന്ന കോഴിത്തുമ്പു പ്രദേശത്ത് കാക്കകൾ അന്തിയുറങ്ങുന്നത് ഒരു പ്രത്യേക കാഴ്ചയാണ്. വൈകുന്നേരം പടിഞ്ഞാറ് നിന്ന് കിഴക്കോട്ടും വെളുപ്പിന് കിഴക്കുനിന്ന പടിഞ്ഞാട്ടും കാക്കകൾ കൂട്ടമായും പറന്നു നീങ്ങുന്നത് പ്രകൃതി നിരീക്ഷകർക്ക് ഇമ്പമുള്ള കാഴ്ചയാണ്.

ഭൂപ്രകൃതിയനുസരിച്ച് പടിഞ്ഞാറ് തീരസമതലവും നടുവിൽ സമതലവും കിഴക്കേഅറ്റം താഴവാരവുമായ് പഞ്ചായത്തിനെ തിരിക്കാം. സമുദ്ര നിരപ്പിൽ നിന്ന് 1 മീറ്റർ മുതൽ 5 മീറ്റർ വരെ മാത്രമേ പ്രദേശത്തിന് ഉയരമുള്ളു. പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിലുള്ള പുഞ്ചപാടങ്ങളിൽ കളിമണ്ണായിരുന്നു. ഇപ്പോൾ അവ മിക്കവയും മറ്റു തരം മണ്ണുകളാൽ നികത്തപ്പെട്ടു. മറ്റു ഭാഗങ്ങളിൽ കടൽ തീരപൂഴിയും സാധാരണ തരിമുഴുപ്പില്ലാത്ത മണലുമാണ്. ഉൾ നാടൻ പ്രദേശങ്ങളിലെ ചില കുളങ്ങൾ താഴ്തിയാൽ കക്കയുടെ അവശിഷ്ടങ്ങൾ ധാരാളമായ് കാണുന്നുണ്ട്. ഇത് കടൽ വെച്ചുപോയ സ്ഥലമാണെന്നുള്ള നിഗമനത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 13.60 Sq. K.M. ആണ്.

## ജനപ്രകൃതി

കയ്പമംഗലം പഞ്ചായത്തിന്റെ പന്ത്രണ്ട് വാർഡുകളിലുമായി 38,775 ജനങ്ങൾ താമസിക്കുന്നുണ്ട്. വ്യത്യസ്ഥ മതസ്തർ എല്ലാ പ്രദേശങ്ങളിലും ഇടകലർന്ന് താമസിക്കുന്നുണ്ട്. ഹിന്ദുക്കൾ, മുസ്ലീങ്ങൾ, കൃസ്ത്യാനികൾ എന്നീ വിഭാഗങ്ങൾ 60:35:5 എന്ന ഏകദേശ അനുപാതത്തിലാണ് ഉള്ളത്. കർഷകരും കർഷ തൊഴിലാളികളുമടങ്ങുന്ന വിഭാഗമാണ് ഭൂരിപക്ഷമാളുകളും. ഇതിൽ മുഴുവൻ സമയ കർഷകർ തീരെ കുറവാണ്.

സർക്കാര ഉദ്യോഗവും കച്ചവടവും ഇതര തൊഴിലുകൾ ചെയ്യുന്ന ഭൂവുടമകളാണ് കർഷകരായ് അംഗീകരിക്കപ്പെടുന്നത്. വ്യവസായ സംരംഭകരും വ്യവസായ തൊഴിലാളികളും നന്നേ കുറവാണ്. കച്ചവടസ്ഥാപനങ്ങൾ നടത്തുന്നവർ ഒരു ചെറിയ ശതമാനമാണ്. ഉദ്യോഗസ്ഥരിൽ നല്ലൊരു ശതമാനം അധ്യാപകരാണ്. അധ്യാപകരിൽ തന്നെ ഗവേഷകരും, എക്കൗണ്ടന്റുകൾ തുടങ്ങി വൈദ്യഗ്ദമേഖലകളിൽ പണിയെടുക്കുന്നവരും അവശ്യത്തിനുണ്ട്. ഗൾഫിൽ ജോലിയെടുക്കുന്നവരും പുരുഷൻമാരിൽ നല്ലൊരു ശതമാനവും. മത്സ്യതൊഴിലാളികൾ പരമ്പരാഗത തൊഴിലുകളായ പായനെയ്ത്ത്, കയറുപിരി, ബീഡിതെരുപ്പ് തുടങ്ങിയ ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവർ ധാരാളമുണ്ട്. വിദ്യാഭ്യാസമായ് നോക്കുമ്പോൾ സ്കൂൾ തല വിദ്യാഭ്യാസം ലഭിച്ചവർ ഏറെയും കോളേജ് വിദ്യാഭ്യാസം (പ്രീഡിഗ്രി) ബിരുദം, ബിരുദാനന്തര ബിരുദം എന്നീ നിലകളിൽ കൂടുതൽ കുറവ് തീരെ കുറവ് എന്ന അനുപാതത്തിലാണ്. നിരക്ഷരർ ഉണ്ടെങ്കിലും ഏറിയതും വയോധികരാണ്.

മൊത്തം ജനസംഖ്യയുടെ 12.9 ശതമാനം പട്ടിക ജാതിയിൽപ്പെടുന്നതാണ്.

## ജലപ്രകൃതി

കയ്പമംഗലം ഗ്രാമം ജല ലഭ്യതയുടെ കാര്യത്തിൽ പഞ്ഞമില്ലാത്തതാണ് എന്ന് പറയാറുണ്ടെങ്കിലും ഒരു ചെറിയ പ്രദേശമായ കോഴിത്തുമ്പിൽ ഉപ്പുവെള്ളം കയറുക മൂലം കൃഷിയാവശ്യത്തിനും കുടിവെള്ളത്തിനും ഉപയുക്തമല്ലാത്ത സ്ഥിതി നിലനിൽക്കുന്നുണ്ട്. കടൽത്തീരപ്രദേശം ചെറിയ തോതിൽ കുടവെള്ള ക്ഷാമ പ്രദേശവുമാണ്. ഈ രണ്ട് പ്രവിശ്യകളുമൊഴിച്ചാൽ ജല ലഭ്യത പൊതുവെ തൃപ്തികരമാണ്. കൃഷിയിടങ്ങളിൽ നനക്കാൻ എല്ലാ പറമ്പുകളിലും (അരയേക്കർ വരുന്ന) തനതുകുളങ്ങളുണ്ട. കടലിനോട് ചേർന്ന പ്രദേശങ്ങളിൽ അറപ്പതോടുകളും സുലഭമാണ്. വർഷക്കാലത്ത് മഴ പെയ്ത് കേറുന്ന വെള്ളം വ്യത്യസ്ഥ തോടുകളിലൂടെയാണ് കടലിൽ ചെന്ന് ചേരുന്നത്. വേനൽ കാലങ്ങളിൽ സമീപ പ്രദേശങ്ങളിലെ തെങ്ങിൻ തോട്ടങ്ങൾ നനയ്ക്കാൻ ഈ അറപ്പതോടുകളും അവയുടെ അനുബന്ധ തോടുകളും ഉപയോഗപ്പെടുന്നുണ്ട്. അതു പോലെ പുഞ്ച കൃഷി നടത്തിയിരുന്ന പാടശേഖരങ്ങളുടെ അരികിൽ ഓരോ 'ഒടി' പാടത്തിനും (പാടങ്ങളുടെ നിര) കൃഷി ചെയ്യുന്നതിന് ഓരോ കുളങ്ങൾ വീതം കാണുന്നുണ്ട്.

പഴയ കാലത്ത് സുലഭമായിരുന്ന പലകുളങ്ങളും ഇന്ന് മൂടിപോയിട്ടുണ്ട്. കുളങ്ങളും തോടുകളും മൂടുകയും അവയുടെ സ്ഥാനങ്ങളിൽ ചാമ്പ് പൈപ്പ് താഴ്ത്തി ഇലക്ട്രിക്ക് മോട്ടോറിന്റെ സഹായത്തോടെ വെള്ളം പമ്പ് ചെയ്യുന്ന രീതി ഇന്നൊരു ഫാഷനായിട്ടുണ്ട്. കുളങ്ങളും തോടുകളും മൂടുക വഴി പ്രകൃതിയുടെ ജല സംഭരണികളിലൂടെ ഭൂഗർഭത്തിലേക്ക് ആഴ്ന്നിറങ്ങുന്ന ജലസ്രോതസ്സ് അടയുന്നു. തന്മൂലം ഭൂമിയിലെജല ലഭ്യതയക്ക് പ്രത്യേകിച്ച് മഴവെയ്ക്കുന്ന സന്ദർഭങ്ങളിൽ ശോഷണം നേരിടുകയും അങ്ങനെ വരൾച്ചയിലേക്കുള്ള പാത സുഗമമാക്കുകയാവും ചെയ്യുന്നത് എന്നതിൽ സംശയമില്ല. ■

കനോലികനാലിന് പടിഞ്ഞാറ് ഭാഗത്ത് എടത്തിരുത്തി, പെരിഞ്ഞനം പഞ്ചാത്തുകളുടെ ഇടയിൽ അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന നിമ്നോന്നതകളില്ലാത്ത സമതല മണൽഭൂപ്രദേശമാണ് കയ്പമംഗലം.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ദേവസ്വത്തിന്റേയും നാലോ അഞ്ചോ ജന്മിമാരുടേയും കൈവശമുണ്ടാരുന്ന 80% കൃഷിഭൂമിയും, കാർഷിക ഭൂപരിഷ്കരണത്തോടെ പാട്ട കുടിയാൻമാരുടെ കൈകളിലേക്കും, പിന്നീട് ഗൾഫ് പണത്തിന്റേയും സാമൂഹ്യ വ്യവസ്ഥിതിയുടേയും മറ്റും ഫലമായി തുണ്ട് കൃഷി ഭൂമികളായി മാറുകയാണുണ്ടായത്.

അര നൂറ്റാണ്ടുകൾക്ക് മുമ്പ് നെൽപാടങ്ങളും തെങ്ങിൻ തോപ്പുകളും ഇടകലർന്ന് ഉയർന്ന് താഴ്ന്ന് കിടക്കുന്ന ഭൂപ്രകൃതിയായിരുന്നു നമ്മുടേത്. ആ കാലഘട്ടത്തിൽ ഏതാണ്ട് 50% കൃഷിഭൂമിയും നെൽകൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. അന്നത്തെ ഭൂപ്രകൃതി വളരെ ശാസ്ത്രീയമായ രീതിയിലാണ സംവിധാനം ചെയ്യപ്പെട്ടിരുന്നത്. അത്കൊണ്ടുതന്നെ വേനൽകാലത്തെ വരൾച്ചയോ വർഷക്കാലത്തെ വെള്ളക്കെട്ടോ സാരമായി ബാധിച്ചിരുന്നില്ല. നെൽകൃഷി വിളവെടുപ്പിന് ശേഷം, പാടത്ത് പച്ചക്കറികളും കിഴങ്ങ് വർഗ്ഗങ്ങളും, പയർ എള്ള് മുതലായവയും കൃഷി ചെയ്ത് പോന്നിരുന്നു. സ്വന്തം ആവശ്യത്തിനായി വിപണനലക്ഷ്യവും കൂടി മുൻനിർത്തിയായിരുന്നു കൃഷി നടത്തിയിരുന്നത്. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കവുങ്ങ്, കശുമാവ്, മാവ്, പ്ലാവ്, പുളി, വാഴ, കിഴങ്ങു വർഗ്ഗങ്ങളായ ചേന, ചേമ്പ്, കൂർക്ക, കാച്ചിൽ മരച്ചീനി, എന്നിവയും, പച്ചക്കറികളും കർഷകർ കൃഷി ചെയ്തിരുന്നു.

ആ കാലത്തുണ്ടാക്കിയിരുന്ന മത്തങ്ങ, വെള്ളരിക്ക, കുമ്പളം മുതലായ പച്ചക്കറികൾ വർഷങ്ങളോളം കേടുകൂടാതെ സൂക്ഷിച്ച് വെച്ച് ഉപയോഗിച്ചിരുന്നു. മച്ചിൻ മേൽ തൂങ്ങിയിരുന്ന കതിർകുലയും വെള്ളരി, കുമ്പളം മുതലായവയും വീട്ടുമുറ്റത്ത് ഉയർന്നുനിന്നിരുന്ന വൈക്കോൽ കൂനകളും വീട്ടുവളപ്പിലെ കാലിതൊഴുത്തും കുളങ്ങളും നമ്മുടെ ഗ്രാമത്തിന്റെ ഐശ്വര്യ പ്രതീകങ്ങളായിരുന്നു. കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ രാമച്ചം ഉത്പാദിപ്പിച്ചിരുന്ന പ്രദേശം എന്ന ബഹുമതി നമ്മുക്കായിരുന്നു. ജല നിർഗമനത്തിനു വേണ്ടി തോടുകളും ജലസേചനത്തിനുവേണ്ടി കുളങ്ങളും കൈതവെച്ച് പിടിപ്പിച്ച് സംരക്ഷിച്ചിരുന്നു. കൈതോല കൊണ്ട് പായ നെയ്തും എത്രയോ കുടുംബങ്ങൾ ഉപജീവനം കഴിച്ചിരുന്നു.

എന്നാൽ കേരള പിറവിക്കു ശേഷം ഭൂമിയുടെ ഉടമസ്ഥാവകാശാങ്ങളിൽ നിയമനിർമ്മാണം വരുത്തിയ മാറ്റങ്ങളുടേയും നെൽകൃഷി ചെയ്യുന്നതിൽ നിന്നും കർഷകനു നേരിടേണ്ടി വന്ന സാമ്പത്തിക നഷ്ടത്തിന്റേയും കർഷകതൊഴിലാളികളിൽ വന്ന തൊഴിൽ പരമായ മാറ്റത്തിന്റേയും ഫലമായി നെൽപ്പാടങ്ങൾ അതിവേഗത്തിൽ നികത്തി തെങ്ങുകൃഷിക്കും അതിനുപരി വീടുനിർമ്മിക്കുന്നതിനും ഇടയാക്കി.

നെൽകൃഷി ഭൂമി ക്രമേണ ഇല്ലാതായി തെങ്ങിൻ തോപ്പുകളിൽ ചെയ്തിരുന്ന ഇടവിള കൃഷിയും കുറഞ്ഞു വന്നു. രാമച്ചകൃഷിക്ക് പകരം വയനാട്ടിൽ നിന്നും ഇറക്കുമതിചെയുന്ന വാറ്റ് രാമച്ചത്തിനെ ആശ്രയിച്ചുള്ള രാമച്ചതട്ടിക നിർമ്മാണത്തിലൊതുങ്ങി. കാർഷിക രംഗത്തെ ഉൽപാദനക്ഷമതയുടെ കുറവും ഉൽപാദന ചെലവിലെ വർദ്ധനവും ഉൽപന്നങ്ങളുടെ അസ്ഥിരമായ വിലനിലവാരവും കാരണം ജനങ്ങളുടെ കൃഷിയോടുള്ള അഭിരുചി ഗണ്യമായി കുറഞ്ഞു.

ഭൂരിഭാഗം ഭൂ ഉടമസ്ഥരും 1 ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശം ഉള്ളവരാണ്

**പട്ടിക 1**

| നാമ മാത്രകർഷകർ 1 ഹെക്ടറിനു താഴെ | ചെറുകിട കർഷകർ 1-2 ഹെക്ടർ | വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ |
|---|---|---|
| 4369 | 509 | 32 |

അടിസ്ഥാന വിവര രജിസ്റ്റർ

**പട്ടിക 2**

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം പ്രതിവർഷം | ഉൽപാദന ക്ഷമത പ്രതിവർഷം | വൃക്ഷങ്ങൾ വിളകളുടെ എണ്ണം |
|---|---|---|---|---|
| മുഖ്യവിള | | | | |
| തെങ്ങ് | 1330 ഹെ | 102 ലക്ഷം തേങ്ങ | ഒരുതെങ്ങിൽ നിന്ന് 40 തേങ്ങ | 255000 |
| ഇടവിളകൾ | | | | |
| കവുങ്ങ് | 20 വരെ | 21 ലക്ഷം അടക്ക | 200 അടക്ക/ കവുങ്ങ് | 105000 |
| വാഴ | 7 ഹെ | 175 ടൺ | 25 ടൺ/ഹെ. | |
| കുരുമുളക് | 2½ ഹെ. | 5600 കി. | 2000 ടൺ/ഹെ. | |
| പയർ | 2½ ഹെ. | 160 കി | 60 കി./ഹെ. | |
| പച്ചക്കറി | 4 ഹെ. | 3000 കി. | | |
| മരച്ചീനി | 3 ഹെ. | 2250 കി | 750 കി./ഹെ. | |
| കശുമാവ് | 5 ഹെ. | 10000 കി | 2000 കി/ഹെ. | |

മുഖ്യ വിളയായി തെങ്ങു കൃഷിയും ഇടവിളയായി കവുങ്ങും കണ്ടുവരുന്നു. കൂടാതെ വാഴ മരച്ചീനി കുരുമുളക്, പച്ചക്കറികൾ, പയർ, കശുമാവ് എന്നിവ ചെറിയ തോതിൽ കൃഷിച്ചെയ്യുന്ന പല ഭാഗങ്ങളിലും കൈതോല ചെടി കണ്ടുവരുന്നുണ്ട്.

**തെങ്ങുകൃഷിയുടെ ഉൽപാദന ക്ഷമത**

നാളികേരത്തിന്റെ ഉൽപാദനക്ഷമത വളരെ കുറവാണ് ശരാശരി പ്രതിവർഷം 1 തെങ്ങിൽ 40 നാളികേരമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

**കുറഞ്ഞ ഉൽപാദനക്ഷമതയുടെ കാരണങ്ങൾ**

1. മഴക്കാലത്തുണ്ടാകുന്ന വെള്ളക്കെട്ട് . ഇതുമൂലം തെങ്ങിന് വേര് ചീയൽ ഉണ്ടാകുന്നു.
2. മണ്ണ് പൊതുവേ ഫലപുഷ്ടി കുറഞ്ഞതാണ്.
3. ഗുണമേന്മയുള്ള ജൈവവളത്തിന്റെ ദൗർലഭ്യവും അമിത വിലയും
4. വേണ്ടുന്ന അളവിൽ ജൈവവളം ചെയ്യാതെ അമിതവും അശാസ്ത്രീയവുമായ രാസവളപ്രയോഗം മണ്ണിന്റെ ജൈവീക ഗുണം നഷ്ടപ്പെടുത്തുകയും തന്മൂലം ഉത്പാദനവും ഉത്പാദനക്ഷമതയും രോഗപ്രതിരോധ ശേഷിയും ഗണ്യമായി കുറയുന്നു.
5. തെങ്ങിനെ ബാധിച്ചുകൊണ്ടിരിക്കുന്ന കാറ്റുവീഴ്ച, മഞ്ഞളിപ്പ്, കൂമ്പ് ചീയൽ മുതലായ രോഗങ്ങളും, കീട ബാധയും
6. മെച്ചപ്പെട്ട ജലസേചനസൗകര്യങ്ങളുടെ അഭാവം

മുൻകാലങ്ങളിൽ ശുദ്ധജല സംഭരണികളായ കുളങ്ങളായിരുന്നു ജലസ്രോതസ്സ് കുളങ്ങൾ പലതും നികത്തിപോയതിനാൽ ജലസേചനത്തിന് ആശ്രയിക്കുന്നത് കിണറിനേയും കുഴൽകിണറുകളേയുമാണ്. ജലസേചനം അത്യാവശ്യമായ കാലഘട്ടങ്ങളിൽ വൈദ്യുതി പ്രതിസന്ധിമൂലം പമ്പ്സെറ്റ് പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല.

30 സെന്റിൽ താഴെ കൈവശമുള്ള ഭൂഉടമകൾക്ക് കിണറിനും ചാമ്പ് പൈപ്പിനും പമ്പ് സെറ്റിനും സബ്സിഡിയോ, ധനസഹായമോ കൃഷിഭവൻ മുഖേന ലഭിക്കുന്നില്ല. ഇതുമൂലം ജലസേചനത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

7. വർദ്ധിച്ചുവരുന്ന രാസവളപ്രയോഗം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിപ്പിക്കുന്നതായി കാണുന്നു. ഇതിനു പരിഹാരമായിച്ചെയ്യേണ്ട കുമ്മായ പ്രയോഗം അമിത വില കാരണം കൃത്യമായി നടത്താറില്ല.
8. കിഴക്കൻ മേഖലയിൽ കനോലി കനാലിന്റെ ഉപതോട് സ്ഥിതിച്ചെയ്യുന്ന മേഖലയിൽ ഉപ്പു വെള്ളം കയറുന്നു.
9. പടിഞ്ഞാറൻ തീര പ്രദേശത്ത് ഇടക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന വേലിയേറ്റവും ഇറക്കവും ആ പ്രദേശത്തെ തെങ്ങിന്റെ ഉൽപാദനം കുറക്കുന്നു.

**വെള്ളക്കെട്ട് ഒരു പ്രധാന പ്രശ്നം**

ജല നിർഗ്ഗമനത്തിന് വേണ്ടി പഞ്ചായത്തിൽ കാലങ്ങളായി നിലനിന്നിരുന്ന 13 പ്രധാന തോടുകളും അതിലേക്കുള്ള ഉപതോടുകളും ഭാഗികമായി നിരത്തപ്പെടുകയും തടസ്സപ്പെടുകയും ചെയ്തതിനാലും താണ പ്രദേശങ്ങളും മുൻ പാടശേഖരങ്ങളും അശാസ്ത്രീയമായി നികത്തിയതിനാലും വെള്ളം വാർന്നുപോകാൻ സാധിക്കാതെ മിക്കവാറും എല്ലാ ഭാഗത്തും വെള്ളക്കെട്ട് വർഷകാലങ്ങളിൽ രൂക്ഷമായി കാണുന്നു.

വെള്ളക്കെട്ട് തെങ്ങിനു വേരു ചീയൽ ഉണ്ടാക്കി ഉൽപാദനം കുറക്കുന്നു. വളം ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. മറ്റ് ഇടവിള കൃഷികൾ ചെയ്യുന്നതിനും വെള്ളക്കെട്ട് ഒരു പ്രധാന പ്രതിസന്ധി പ്രശ്നമാണ്

പട്ടിക3

**പ്രധാന തോടുകൾ**

| ക്രമ നമ്പർ | തോടിന്റെപേര് | നീളം കിലോമീറ്റർ | വീതി മീറ്റർ |
|---|---|---|---|
| 1. | ചക്കാലക്കതോട് (കൊപ്രക്കളം) വാർഡ് 1,3,12 | 11/2 | 2 |
| 2. | കയ്പമംഗലം 12 അറപ്പതോട് വാർഡ് 3,4,10 | 33/4 | 21/2 |
| 3. | കാളമുറി അറപ്പതോട് വാർഡ് 3,4 | 3 | 2 |
| 4. | വലിയതോട് | 1 | 6 |
| 5. | ആമക്കുഴി തോട് (കൂരിക്കുഴി നോർത്ത് വാർഡ് 1,2 | 11/4 | 21/2 |
| 6. | ആനാംകുഴിതോട് കൂരിക്കുഴി സൗത്ത് വാർഡ് 2,3 | 1 | 11/2 |
| 7. | മലയാറ്റിതോട് (കിഴക്കുഭാഗം) | 3 | 2 |
| 8. | അറവുശാലതോട് (കിഴക്കുഭാഗം | 2 | 2 |
| 9. | മനക്കപ്പാടം തോട് | 2 | 2 |
| 10. | കല്ലേക്കാരൻ തോട് | 1 | 11/2 |
| 11. | അറപ്പത്തോട് | 2 | 8 |
| 12. | തുമ്പങ്ങൽ തോട് | 1 | 2 |
| 13. | കോഴിക്കാട്ട തോട് | 1 | 2 |
| 14. | ആനാം തോട് വാർഡ് 5,6,7 | 1 | 5 |
| 15 | എരുക്കുളം തോട് 1 | 1 | 1/2 |
| 16. | നരിക്കുഴിതോട് 5,6,7 | 11/2 | 2 |
| 17 | മലയാറ്റിതോടിന്റെ പാരലൽ തോട് 9,8 | 2 | 11/2 |
| 18. | പൊതുവത്തു തോട് 7 | 1 | 11/2 |
| 19. | 8-ാം വാർഡ് ഈസ്റ്റ് തോട് | 1 | 11/2 |

### ഇടവിള കൃഷി

കർഷകർക്ക് ഇടവിള കൃഷിക്ക് പ്രത്യേകിച്ച് പച്ചക്കറി കൃഷിക്ക് താല്പര്യം പൊതുവെ കുറവാണ്. പ്രധാന ഇടവിളകൃഷിയായ കവുങ്ങിനും കൂടാതെ വാഴ, കിഴങ്ങു വർഗ്ഗങ്ങൾ പച്ചക്കറി മുതലായവക്കും നാളികേരത്തിന്റെ ഉല്പാദനകുറവിന് കാരണങ്ങളായി സ്പർശിക്കപ്പെട്ട കാര്യങ്ങൾ ബാധിച്ചിട്ടുണ്ട്. (ഉദാ:– വെള്ളക്കെട്ട്)

നല്ലയിനം തൈകളുടേയും വിത്തിന്റേയും അഭാവവും ശാസ്ത്രീയ കൃഷിരീതികളെ കുറിച്ചുള്ള ബോധക്കുറവും ഇടവിളകൃഷിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

### ഉല്പന്നങ്ങളുടെ വിലയും വിപണനവും

ഉയർന്ന ഉല്പാദന ചിലവും ഉല്പന്നത്തിന്റെ അസുന്തിലതവും ക്രമാതീതവുമായ വിലയിടിവും (പ്രത്യേകിച്ച് ഉല്പന്നങ്ങൽ കൂടുതൽ ഉള്ളപ്പോൾ) കർഷകന്റെ പ്രധാന പ്രശ്നമായി നിലകൊള്ളുന്നു. ഇടത്തട്ടുകാരില്ലാതെ കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനം നിലവിലില്ല.

### കൂലിസേവന വ്യവസ്ഥകൾ

കർഷകന് ലഭിക്കുന്ന ഉല്പന്നത്തിന്റെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കൃഷിപ്പണിക്ക് വേണ്ടി വരുന്ന കൂലി കർഷകന് താങ്ങാൻ സാദ്ധിക്കുന്നില്ല. പുരുഷന്മാർക്ക് 100 രൂപയും സ്ത്രീകൾക്ക് 60 രൂപയുമാണ് കൃഷിപ്പണിക്കുള്ള ശരാശരി പ്രതിദിന വേതനം. കർഷകതൊഴിലാളികളുടെ കുറവ് മൂലം സമയബന്ധിതമായി തീർക്കാവുന്ന കാർഷികവൃത്തികൾ തീർക്കാൻ സാധിക്കുന്നില്ല.

### കാർഷിക വായ്പാ സംവിധാനങ്ങൾ

കനറാ ബാങ്ക്, കൈപ്പമംഗലം സർവ്വീസ് സഹകരണ ബാങ്ക്, നാട്ടിക ഫർക്കാ കോ–ഓപ്പ്. റൂറൽ ബാങ്ക് ശാഖ, പ്രാഥമിക കാർഷിക വികസന ബാങ്ക് ഇരിങ്ങാലക്കുട എന്നിവയാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കാർഷിക ധനകാര്യ സ്ഥാപനങ്ങൾ.

കാർഷികാവശ്യത്തിനായി സ്വർണ്ണത്തിന്റെ ഈടിൻമേൽ നല്കുന്ന ധനസഹായങ്ങൾ യഥാർത്ഥ കാർഷികാവശ്യത്തിന് പൊതുവേ പലരും ഉപയോഗിക്കാറില്ല. കാർഷിക വായ്പക്കുവേണ്ടി കൊടുക്കേണ്ടി വരുന്ന ഈട് വ്യവസ്ഥകൾ പലിശമേൽ ലഭിക്കുന്ന സബ്സിഡിക്കുള്ള കാലതാമസം എന്നിവ കർഷകന്റെ ബാങ്ക് വായ്പക്കുള്ള സമീപനത്തെ നിരുത്സാഹപ്പെടുത്തുന്നു. സഹകരണ ബാങ്ക് വഴി വിതരണം നടത്തുന്ന കാർഷിക വായ്പകളിൽ ഒരു പങ്ക് രാസവളത്തിന് നിർബന്ധമായും ചിലവഴിക്കണമെന്ന് നിബന്ധന കർഷകന് ദോഷം ചെയ്യുന്നുണ്ട്.

### കാർഷിക കമ്മിറ്റികൾ

മാറി മാറി വരുന്ന സർക്കാരിന് അനുസൃതമായി കാർഷിക സമിതികളും കമ്മിറ്റികളും ഉണ്ടാക്കുകയും മരവിപ്പിക്കുകയും നിർജീവമാക്കി നിറുത്തലാക്കുകയും ചെയ്യുന്ന പ്രവണത കർഷകരെ നിരാശരാക്കുകയും വികസന പ്രവർത്തനങ്ങൾ മാന്ദ്യം സംഭവിപ്പിക്കുകയും ചെയ്യുന്നുണ്ട്

കാർഷിക പ്രശ്നങ്ങൾ ഏതാണ്ട് പ്രതിപാദിച്ച് കഴിഞ്ഞു ഇനി 8–ാം പഞ്ചവത്സര പദ്ധതികാലത്ത് സർക്കാർ, പഞ്ചായത്തിലെ കർഷകർക്കുവേണ്ടി കൃഷിഭവൻ മുഖേന നടപ്പിലാക്കിയ പദ്ധതികളെ കുറിച്ച് വിലയിരുത്താം.

### 8–ാം പഞ്ചവത്സര പദ്ധതിയിലെ കാർഷിക വികസന പദ്ധതികൾ പ്രവർത്തനങ്ങൾ – നേട്ടങ്ങളും കോട്ടങ്ങളും

1992 മുതൽ '96 വരെ കൃഷി ഭവൻ മുഖേന വിവിധ പദ്ധതികൾ കാർഷിക വിസകനത്തിന് വേണ്ടി നടപ്പിലാക്കിയിട്ടുണ്ട് പ്രധാനമായും

### പട്ടിക 4

**ധനസഹായ/സബ്സിഡി പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി | നടപ്പിലാക്കിയ എണ്ണം/അളവ് | പദ്ധതിക്ക് ചിലവായ തുക |
|---|---|---|---|
| 1. | തെങ്ങിന് ചേറ് ഇട്ടതിന് സബ്സിഡി തെങ്ങൊന്നിന് 5/- പ്രകാരം | 22,570 | 1,12,798.00 |
| 2. | രാസവളത്തിനുള്ള സബ്സിഡി | | 1,766.00 |
| 3. | ജൈവവള വികസന പദ്ധതി | | |
| | a. കമ്പോസ്റ്റ് കുഴിക്കുള്ള സബ്സിഡി | 523 കുഴിക്ക് | 13,075.00 |
| | b. പച്ചില വളപ്പയർ വിത്ത് (ജയിറ്റ്) വിതരണപദ്ധതിക്ക് കിലോവിന് 3/- സബ്സിഡി | 1800 കി. | 5,400.00 |
| 4. | പ്രൈം മിനിസ്റ്റേഴ്സ് പ്രോഗ്രാം | | |
| | a. കിണർ നിർമ്മിക്കുന്നതിനു ധനസഹായം | 3 | 5,200.00 |
| | b. പമ്പ് സെറ്റിന് സബ്സിഡി | 11 പമ്പ്സെറ്റ് | 11,000.00 |
| 5. | CDB സ്കീം | | |
| | a. പമ്പ്സെറ്റിന് സബ്സിഡി | 1 പമ്പ്സെറ്റ് | 1,000.00 |
| 6. | C.C.D.P സ്കീം | | |
| | a. പമ്പ്സെറ്റിന് സബ്സിഡി | 2 പമ്പ് | 70,025.00 |
| | b. കിണറിന് ധനസഹായം | 32 കിണർ | 74,656.00 |
| | c. ചാമ്പ് പൈപ്പിന് ധനസഹായം | 9 ചാമ്പ് പൈപ്പ് | 44,210.00 |
| 7. | പഴ വർഗ്ഗ വികസന പദ്ധതി | | |
| | a. പമ്പ്സെറ്റിന് സബ്സിഡി | 3 | 3,000.00 |
| 8. | പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി | | 1,17,473.00 |
| 9. | ബയോഗ്യാസ് പദ്ധതി | 2 | 4,800.00 |
| 10. | ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി | | 10,000.00 |
| 11. | C.C.D.P. പദ്ധതി | | |
| | a. കാറ്റ് വീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനു ധനസഹായം | 943 | 1,88,600.00 |
| | b. പകരം തെങ്ങുതൈകളുടെ വിതരണം | 943 | 4,715.00 |
| 12 | സർക്കാർ അംഗീകൃത കാർഷിക നഴ്സറി പദ്ധതി | 1 | 9015.00 |

# പട്ടിക 5

## നടീൽ വസ്തുക്കളുടേയും വിത്തിന്റേയും വിതരണം

| ക്രമ നമ്പർ | പദ്ധതി | വിതരണം ചെയ്ത ഇനം | അളവ്/ എണ്ണം | സബ്സിഡി |
|---|---|---|---|---|
| 1. | സബ്സിഡിയില്ലാതെ വിൽപനയ്ക്കുള്ള പദ്ധതി | തെങ്ങിൻതൈകൾ | | ഇല്ല |
| | | TxD | 165 | ഇല്ല |
| | | DxT | 90 | ഇല്ല |
| | | WCT | 100 | ഇല്ല |
| | | മംഗള | 100 | ഇല്ല |
| | | അടയ്ക്കാ തൈ | | ഇല്ല |
| | | പാവക്ക | | ഇല്ല |
| | | വിത്ത് | 400 ഗ്രാം | ഇല്ല |
| | | കുമ്പളം | 500 | ഇല്ല |
| | | മത്തൻ | 800 | ഇല്ല |
| | | പടവലം | 900 | ഇല്ല |
| | | ചുരക്ക | 44 | ഇല്ല |
| | | വൻപയർ | 70 | ഇല്ല |
| | | വെള്ളരി | 1,200 | ഇല്ല |
| | | കുമ്മട്ടി | 100 | ഇല്ല |
| | | ജാക്ക് ബീൻസ് | 100 | ഇല്ല |
| | | ചതുര പയർ | 500 | ഇല്ല |
| 2. | കുരുമുളക് വികസന പദ്ധതി | വേരുപിടിപ്പിച്ച കുരുമുളക് വള്ളി | 10,000 എണ്ണം | പൂർണ്ണ സൗജന്യം |
| 3. | മിനിക്കിറ്റ് പദ്ധതി | പയർ വിത്ത് | 12 കിറ്റ് (48 കി) | കിറ്റിന് 1/- നിരക്ക് |
| | | എള്ള് വിത്ത് | 20 കിറ്റ് (20 കി) | കിറ്റിന് 1/- നിരക്ക് |
| | | ജാതിതൈ | 100 എണ്ണം | 3/- രൂപ നിരക്കിൽ |
| | | ഗ്രാമ്പൂ തൈ | 100 എണ്ണം | 3/- രൂപ നിരക്കിൽ |
| | | മംഗള അടയ്ക്ക തൈ | 29കിറ്റ് (145 എണ്ണം) | കിറ്റിന് 15.50 നിരക്കിൽ |
| | | തെങ്ങിൻ തൈ | 29 കിറ്റ് 145 എണ്ണം | കിറ്റിന് 15.50 നിരക്കിൽ |
| 4. | കിഴങ്ങു വർഗ്ഗ വികസന പദ്ധതി | ചേന വിത്ത് | 30 കിറ്റ് (680 കി) | കിറ്റിന് 10.00 നിരക്കിൽ |
| | പ്രദർശന തോട്ട പദ്ധതി 2 പേർക്ക് | ചേനവിത്ത് | 200 കി | പൂർണ്ണ സൗജന്യം |
| 5 | പഴവർഗ്ഗ വികസന പദ്ധതി 50% സബ്സിഡി നിരക്കിൽ | മാവിൻതൈ | 4475 | 3/- നിരക്കിൽ |
| | | മാതളം | 10 | 1/- നിരക്കിൽ |
| | | ചാമ്പ | 10 | 1/- നിരക്കിൽ |
| | | ചെറി | 10 | 1/- നിരക്കിൽ |
| | | പേര | 10 | |
| | | വടുകപുളി | 10 | |
| 6. | പഴവർഗ്ഗ വികസന പദ്ധതി | വാഴക്കന്ന് നാടൻ | 300 | 1 നിരക്കിൽ |
| | | നേന്ത്രൻ | 2000 | 1/- നിരക്കിൽ |
| | | റോബസ്റ്റ | 1400 | പൂർണ്ണ സൗജന്യം |
| | | പാളയൻകോടൻ | 822 | പൂർണ്ണ സൗജന്യം |
| | | മാവിൻ തൈ | 400 | 1/- നിരക്കിൽ |
| | | നെല്ലി | 25 | 1/- നിരക്കിൽ |
| | | റംബൂട്ടാൻ | 50 | 1/- നിരക്കിൽ |
| | | നാരകം | 25 | 1/- നിരക്കിൽ |
| 7 | സി.സി.ഡി.പി. പദ്ധതി | പച്ചില വളപയർ | 800 കി | |
| | | ജാതിതൈ | 200 എണ്ണം | |
| | | അടയ്ക്ക | 1380 | |
| | | ഞാവൽ | 50 | |
| | | അന്തോറ | 50 | |
| | | മാവിൻതൈ | 50 | |
| | | പച്ചക്കറി വിത്ത് | 270 | |
| | | പേക്കറ്റ് ചീരവിത്ത് | 47 | |
| | | ചുരക്ക | 20 | |
| | | മത്തൻ | 20 | |
| | | പടവലം | 30 | |
| | | വെള്ളരി | 563 | |
| 8. | വരണ്ട ഉഷ്ണക്കാല പഴവർഗ്ഗ വികസന പദ്ധതി | പപ്പായതൈ | 120 | പൂർണ്ണ സൗജന്യം |
| | | സപ്പോട്ട | 30 | |
| | | റംബൂട്ടാൻ | 110 | |
| | | ചെറി | 60 | |
| | | ചാമ്പ | 110 | |
| | | ഞാവൽ | 50 | |
| | | മാതളം | 60 | |
| 9. | സ്കൂൾ കുട്ടികൾക്ക് സൗജന്യമായി പച്ചക്കറി വിത്ത് വിതരണ പദ്ധതി | പച്ചക്കറി വിത്ത് | 3110 പേർക്ക് | പൂർണ്ണ സൗജന്യം |
| 10 | മഹിളാ സമാജത്തിന് പച്ചക്കറി വിത്ത് വിതരണ പദ്ധതി | പച്ചക്കറി വിത്ത് | 20 പേർക്ക് | |

## പട്ടിക 6

### വളങ്ങളുടേയും കീടനാശിനികളുടേയും കാർഷിക ഉപകരണങ്ങളുടേയും വിതരണം.

| ക്രമ നമ്പർ | പദ്ധതി | വിതരണം ചെയ്ത ഇനം | അളവ്/ എണ്ണം | സബ്സിഡി |
|---|---|---|---|---|
| 1. | സി.സി.ഡി.പി. പദ്ധതി | രാസവളക്കിറ്റുകൾ | 970 എണ്ണം | പൂർണ്ണ സൗജന്യം |
| 2. | സിഡിബി ഡി.ഡി.പി പദ്ധതി രാസവളവിതരണം | 5 തെങ്ങിനുള്ള വളച്ചാക്ക് | 1350 എണ്ണം | ചാക്കിന് 40.00 |
| | | 10 തെങ്ങിനുള്ള വളച്ചാക്ക് | 1360 എണ്ണം | 80.00 |
| | | 20 തെങ്ങിനുള്ള രാസവളച്ചാക്ക് | 590 എണ്ണം | 160.00 |
| 3. | സമൂഹ കീട രോഗ നിയന്ത്രണ പദ്ധതി | തുരിശ് | 48.8 | പൂർണ്ണ സൗജന്യം |
| | | ചുണ്ണാമ്പ് | 48.8 കി. | |
| | | ബി.എച്ച്.സി. | 45 കി. | പൂർണ്ണ സൗജന്യം |
| 4 | പട്ടിക ജാതി / പട്ടിക വർഗ്ഗ വികസന പദ്ധതി സൗജന്യ വള വിതരണം | 10:5:20 മിക്സർ | 19240 | പൂർണ്ണ സൗജന്യം |
| 5 | I.H.D.P കോളനി പദ്ധതി | | | |
| | ബലിപറമ്പകോളനിക്ക് | കൈക്കോട്ട് | 15 എണ്ണം | |
| | | വെട്ടുകത്തി | 15 | |
| | | റബർ കുട്ട | 15 | |
| | കാക്കാത്തിരുത്തി കോളനിക്ക് | കൈക്കോട്ട് | 12 | പൂർണ്ണ സൗജന്യം |
| | | പിക്കാസ്സ് | 12 | |
| | | റബ്ബർകുട്ട | 12 | |
| | | അലൂമിനിയം കുട്ട | 12 | |
| 6. | സി.ഡി.ഡി.പി. പദ്ധതി | റോക്കർ സ്പേയർ | 1 | 50% സബ്സിഡി |
| | | തെങ്ങ് കയറ്റ ഉപകരണം | 1 | 50% സബ്സിഡി |
| 7. | S.C.P. പദ്ധതി | തെങ്ങുകയറ്റ ഉപകരണം | 3 | പൂർണ്ണ സൗജന്യം |

IHDP കോളനി പദ്ധതി പ്രകാരം ബലിപറമ്പ് ഹരിജൻ കോളനിയിൽ ഒരു കിണർ സ്ഥാപിക്കുന്നതിനും പമ്പ് ഹൗസ് പണിയുന്നതിനും ധന സഹായം നൽകി നടപ്പാക്കിയിട്ടുണ്ട് കൂടാതെ സൗജന്യമായി ഒരു പമ്പ് സെറ്റും 1½ H.P. നൽകിയിട്ടുണ്ട്

### വിള ഇൻഷൂറൻസ് പദ്ധതി

ഈ പദ്ധതി പൂർണ്ണമായും പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 107 പേർ ഇൻഷൂറൻസ് പ്രീമിയം അടച്ചു. പദ്ധതിയിൽ അംഗമായി ഇൻഷൂറൻസ് ഏജന്റുമാരായി നിയമിക്കാൻ തൊഴിൽദാന പദ്ധതിയിലെ യുവജനങ്ങളെ മാത്രമേ പറ്റൂ എന്ന നിബന്ധനയുള്ളത് കൊണ്ട് മറ്റുള്ളവരെ ഏജന്റ് മാരായി നിയമിക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ ദാന പദ്ധതിയിലെ ഒരാൾമാത്രമാണ് ഏജന്റായി സേവനം ചെയ്യുന്നത്.

2 പേർക്ക് ഇൻഷൂറൻസ് പദ്ധതി പ്രകാരം വിള നാശം സംഭവിച്ചതിന് തെങ്ങൊന്നിന് 100/– നിരക്കിൽ 2000/– നൽകി. 7 പേർക്ക് ഇൻഷൂർ ധന സഹായം ഇനിയും ലഭിച്ചിട്ടില്ല. ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

### തൊഴിൽ ദാനപദ്ധതി – യുവജനങ്ങൾക്ക്

കാർഷിക മേഖലയിൽ പ്രവർത്തി ചെയ്യാൻ താല്പര്യമുള്ള കർഷകർക്ക് വേണ്ടിയുള്ള ഈ പദ്ധതിയിൽ 98 പേർ അംഗങ്ങളായിട്ടുണ്ട്. പട്ടിക 4,5,6ൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ 8–ാം പഞ്ചവത്സരപദ്ധതിയുടെ നേട്ടങ്ങൾ ആയി പരിഗണിക്കുമ്പോൾ ചില കോട്ടങ്ങൾ വിലയിരുത്തേണ്ടതുണ്ട്.

പ്രാദേശിക പ്രശ്നങ്ങൾ വിലയിരുത്താതെ നടത്തിയ പ്ലാനിംഗിന്റെ ഫലമായി യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലകൊള്ളുകയാണ്.

വെള്ളക്കെട്ട് പഞ്ചായത്തിന്റെ പ്രധാന പ്രശ്നമാണ് എന്ന് വിശകലനം ചെയ്ത് കഴിഞ്ഞല്ലോ പക്ഷെ, ഇത് പരിഹരിക്കുന്നതിന് 8–ാം പഞ്ച വത്സര പദ്ധതിയിൽ യാതൊരു ഘടകവും ഉണ്ടായിരുന്നില്ല. വെള്ളക്കെട്ട് എന്ന യഥാർത്ഥ പ്രശ്നം പരിഹരിക്കാതെ കുറെ നടീൽ വസ്തുക്കളും വളവും നൽകിയത് യഥാർത്ഥ പ്രയോജനം ലഭിക്കാതെ പോയി.

പമ്പ് സെറ്റ് വാങ്ങുന്നതിന് കുറെയേറെ സബ്സിഡി ചിലവാക്കിയിട്ടുണ്ട്. കർഷകർ ഈ പ്രയോജനം ഉപയോഗിച്ച് ബേങ്ക്ലോൺ മുഖേന പമ്പ് സെറ്റുകൾ വാങ്ങിവെച്ചു എന്നല്ലാതെ, ഭൂരിഭാഗം പമ്പ്സെറ്റുകൾക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. പമ്പ് സെറ്റ് തുരുമ്പ് എടുത്ത് നശിച്ചുകൊണ്ടിരിക്കയാണ്. വൈദ്യുതി പ്രതിസന്ധി പരിഹരിക്കാതെ, ഈ സ്കീം നടപ്പിലാക്കിയത് മൂലം പദ്ധതിയുടെ പ്രയോജനം യഥാർത്ഥത്തിൽ കർഷകന് ലഭിച്ചിട്ടില്ല. പകരം കർഷകന് ലോണിനെ പലിശ വെറുതെ കൊടുത്ത് നിരാശനാകേണ്ട അവസ്ഥ സൃഷ്ടിച്ചു.

30 സെന്റിൽ താഴെ കൃഷി ഭൂമി കൈവശമുള്ള കർഷകർക്ക്, കിണർ ചാമ്പ് പൈപ്പ്, പമ്പ്സെറ്റ് എന്നിവയ്ക്കുള്ള ആനുകൂല്യം പദ്ധതി വഴി ലഭിച്ചിട്ടില്ല.

രാസവളകിറ്റുകൾ കുറേപേർക്ക് വിതരണം ചെയ്തുവെങ്കിലും, ജൈവവളത്തിന് വേണ്ടി കാര്യമായ ധനസഹായം ലഭിച്ചില്ല. എല്ലാവർക്കും രാസവളം സബ്സിഡി നിരക്കിൽ ലഭിച്ചില്ല എന്ന പരാതി മറ്റൊരു പ്രശ്നമാണ്.

പട്ടിക ജാതിക്കാർക്കുള്ള സൗജന്യ രാസവിള വിതരണത്തിന്റെ 100 ശതമാനം പരാജയമാണ്. കമ്പോസ്റ്റ് കുഴിക്ക് 25 രൂപ ധനസഹായം നൽകുന്നത് ഒരു പ്രഹസന പദ്ധതിയായി കാണുന്നു. ധന സഹായം വർദ്ധിപ്പിച്ച് ഘട്ടം ഘട്ടമായി കമ്പോസ്റ്റ് നിർമ്മാണം വികസിപ്പിക്കാമായിരുന്നു. വിള ഇൻഷുറൻസ് പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിന് പദ്ധതിയിലെ ചില ഘടകങ്ങൾ തടസ്സം നിൽക്കുന്നു. ഏജന്റുമാരെ നിയമിക്കേണ്ടത് തൊഴിൽദാനപദ്ധതിയിലെ അംഗങ്ങളെയാണ് എന്ന നിബന്ധനയുണ്ട്. പക്ഷെ ഒരാൾ മാത്രമാണ് സേവനത്തിന് തയ്യാറായിട്ടുള്ളത്. തൊഴിൽദാന പദ്ധതിയിൽപെടാത്ത അംഗങ്ങളെ ഏജന്റുമാരായി നിയമിക്കാൻ അനുമതി ലഭിക്കാത്തതിനാൽ ഏജന്റിന്റെ കുറവ് മൂലം ഈ പദ്ധതിയിൽ മുഴുവൻ കർഷകരെയും അംഗങ്ങളായി ചേർക്കാൻ സാധിച്ചിട്ടില്ല. പ്രത്യേക തൊഴിൽദാനപദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ യഥാർത്ഥത്തിൽ കാർഷിക വൃത്തിയിൽ താല്പര്യമുള്ളവരോ ഉപജീവനം ചെയ്യുന്നവരോ അല്ല. പദ്ധതിയുടെ ടാർജറ്റ് ആയ 100 എണ്ണം യുവജനങ്ങളെ പദ്ധതിയുടെ അംഗങ്ങളായി ചേർക്കുവാൻ ശ്രമിച്ചപ്പോൾ, പദ്ധതിയുടെ ലക്ഷ്യം പാളിപ്പോയി എന്ന് കാണാൻ സാധിക്കും. ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് കാർഷിക മേഖലയിൽ പ്രവർത്തന പദ്ധതികൾ ഉണ്ടാക്കുവാൻ ലോണിനുള്ള യാതൊരു സംവിധാനവും ഉണ്ടായിട്ടില്ല. പദ്ധതി വെറും ഒരു പെൻഷൻ പദ്ധതി മാത്രമായി നിലകൊള്ളുന്നു.

കുറെയേറെ നടീൽ വസ്തുക്കൾ, വ്യക്തമായ പ്ലാനിംഗില്ലാതെ കുറെ കർഷകർക്ക് നൽകുന്നത് കൊണ്ട് യാതൊരു ഗുണവും ചെയ്യില്ല. വിവിധയിനംകൃഷികൾ പ്രോത്സാഹിപ്പിക്കേണ്ടതിന് ലക്ഷ്യം വെച്ച് കൊണ്ട് ആ മേഖലയിൽ താല്പര്യമുള്ള കർഷകരെ കണ്ടെത്തി സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നൽകിയിരുന്നെങ്കിൽ ഘട്ടംഘട്ടമായി സ്വയം പര്യാപ്തത സൃഷ്ടിക്കാൻ സാധിക്കുമായിരുന്നു. നടീൽ വസ്തുക്കളും വിത്തുകളും സ്ഥിരമായി പഞ്ചായത്തിൽ ലഭിക്കുന്നതിന് ഊന്നൽ കൊടുത്തുള്ള പദ്ധതി വന്നാലേ സ്ഥായിയായ കാർഷിക വികസനം സാദ്ധ്യമാകൂ. ബയോഗ്യാസ് പദ്ധതിക്ക് ലഭിക്കുന്ന സബ്സിഡി തുക വളരെ പരിമിതമാണ്. ഇന്നത്തെ നിർമ്മാണ ചിലവുമായി താരതമ്യം ചെയ്യുമ്പോൾ സബ്സിഡി തുക ചിലവിന്റെ 50%മായി ഉയർത്തേണ്ടതാണ്.

കീടരോഗനിയന്ത്രണത്തിന് മരുന്ന് തളിക്കുന്നതിന് വേണ്ടി കുറച്ച് കർഷകർക്ക് തുരിശ്, ചുണ്ണാമ്പ്, ബി.എച്ച്.സി എന്നിവ സൗജന്യമായി നൽകിയത്കൊണ്ടുമാത്രം യഥാർത്ഥ കീടരോഗനിയന്ത്രണം കൈവരിക്കുന്നില്ല.

പഞ്ചായത്തിൽ, എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്ന രൂപത്തിൽ വിഭാവനം ചെയ്ത് നടപ്പിലാക്കേണ്ടിയിരുന്നു എല്ലാ കൃഷിയിടത്തിലും ഒരുപോലെ ഒരേ സമയത്ത് രോഗകീടനിയന്ത്രണ സംവിധാനങ്ങൾ നടപ്പിൽ വരുത്തിയാലേ യഥാർത്ഥ ലക്ഷ്യം പൂർത്തീകരിക്കുകയുള്ളൂ.

ചുരുക്കത്തിൽ കുറെയേറെ പണം ചിലവഴിക്കുക മാത്രം ലക്ഷ്യം വെച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതും ടാർജറ്റ് നിശ്ചയിച്ച് പദ്ധതി നടപ്പിലാക്കുന്നതും, കർഷകർക്കും, കാർഷിക വികസനത്തിനും ഗുണത്തിലേറെ ദോഷം ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

8-ാം പഞ്ചവൽസരപദ്ധതിയിലെ മേൽ വിവരിച്ച ന്യൂനതകൾ പരിഹരിച്ച്, പ്രാദേശിക പ്രശ്നങ്ങൾ പരിഗണിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ ആടുത്ത 5 വർഷത്തിനുള്ളിൽ കാർഷിക മേഖലയിൽ, ഗണ്യമായ വികസനം സൃഷ്ടിക്കും എന്ന് പ്രത്യാശിക്കാം.

## നിർദ്ദേശങ്ങൾ

1. വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിന് വേണ്ടി പഞ്ചായത്തിൽ നിലവിലുള്ള തോടുകൾ (പട്ടിക 3-ൽ കാണിച്ചിരിക്കുന്നു.) ആവശ്യമായ ഉപതോടുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ സഹകരണത്തോടെ സർവ്വേ നടത്തി, സ്കെച്ച് തയ്യാറാക്കി ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കണം. ബഹുജന പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കണം. വെള്ളക്കെട്ട് നിയന്ത്രിക്കാതെ, കാർഷികവികസനം അസാദ്ധ്യമാണെന്ന്, പ്രശ്നങ്ങൾ വിലയിരുത്തിയതിൽ നിന്നും വ്യക്തമാണല്ലോ?തോടിന് സ്ഥലം ആളുകളിൽ നിന്ന് സൗജന്യമായോ വിലക്കോ വാങ്ങി ഓരോ വാർഡിലും രണ്ടുതോടെങ്കിലും പൊതുവായി ഉണ്ടാക്കി സൈഡുകെട്ടി മണ്ണൊലിപ്പ് തടയുന്നതിലേക്ക് ഉപതോടുകളും ഉണ്ടാക്കേണ്ടതാണ്. മൈനർ ഇറിഗേഷൻ വഴി മേൽകാര്യത്തിന് ആവശ്യമായ ഫണ്ട് കാണേണ്ടതാണ്. തോടിന് സ്ഥലം ആളുകളിൽ നിന്ന് സൗജന്യമായോ വിലക്കോ വാങ്ങിഓരോ വാർഡിലും രണ്ടുതോടെങ്കിലും പൊതുവായി ഉണ്ടാക്കി സൈഡികെട്ടി മണ്ണൊലിപ്പ് തടയുന്നതിലേക്ക് ഉപതോടുകളും ഉണ്ടാക്കേണ്ടതാണ്. മൈനർ ഇറിഗേഷൻ വഴി മേൽക്കാര്യത്തിന് ആവശ്യമായ ഫണ്ട് കാണേണ്ടതാണ്.

2. കിഴക്കൻ മേഖലയിലെ ഉപ്പുവെള്ളം കയറുന്ന ഭാഗങ്ങളെ സംരക്ഷിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കണം. പടിഞ്ഞാറൻ ഭാഗത്തുണ്ടാകുന്ന വേലിയേറ്റവേലിയിറക്ക പ്രശ്നങ്ങൾ തെങ്ങിനെ ബാധിക്കാതിരിക്കാൻ നടപടികൾ വേണം.

3. ജൈവവളത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, രാസവളത്തിന്റെ ഔചിത്യമായ പ്രയോഗത്തെക്കുറിച്ചും, കർഷകരെ ബോധവാൻമാരാക്കുന്നതിന് ബോധവൽക്കരണക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കണം. യഥാസമയം ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി പഞ്ചായത്തടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കണം. പച്ചിലകൃഷി, മൃഗസംരക്ഷണം എന്നിവ വ്യാപിപ്പിക്കാൻ നടപടികൾ വേണം. കർഷകർക്ക് ജൈവവളത്തിന് വേണ്ടി സബ്സിഡിയും ധനസഹായങ്ങളും ലഭ്യമാക്കി ജൈവവളപ്രയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

കമ്പോസ്റ്റ് വള നിർമ്മാണത്തിന് വ്യാപകമായ പ്രചരണം നടത്തി നിർമ്മാണത്തിനുള്ള മുഴുവൻ സംഖ്യയും സബ്സിഡിനൽകി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

പഞ്ചായത്തടിസ്ഥാനത്തിലും, ഓരോ വാർഡിലും, പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പൊതു കമ്പോസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്. മണ്ണ് പരിശോധനയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി, പരിശോധനയുടെ അടിസ്ഥാനത്തിൽ വളം ചെയ്യാൻ കർഷകരെ പ്രേരിപ്പിക്കേണ്ടതാണ്.

മത്സ്യം പ്രധാന അസംസ്കൃതവസ്തുവാക്കി, വിവിധയിനം പിണ്ണാക്കുകൾ കലർത്തികൊണ്ട് ജൈവവള നിർമ്മാണ യൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതാണ്.

ചകിരിച്ചോറ് മുതലായവ ജൈവവളമാക്കി മാറ്റുന്നതിന് ശാസ്ത്രീയ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

ഗുണമേൻമയുള്ള ജൈവവളപ്രയോഗത്തിനും, ഗുണം കുറഞ്ഞ രോഗസംക്രമണ സ്വഭാവമുള്ള ജൈവവളങ്ങൾ (ഉദാ: തമിഴ്നാട് വളം) പ്രയോഗിക്കുന്നത് തടയുന്നതിനും കർഷകരെ ബോധവാൻമാരാക്കേണ്ടതാണ്.

വളപ്പയർ വിത്ത് യഥാസമയത്ത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ലഭ്യമാക്കി സബ്സിഡിയോടെ ഓരോ വാർഡ് അടിസ്ഥാനത്തിലും വിതരണം ചെയ്ത് പച്ചിലവളത്തിന്റെ ഉപയോഗപ്രാധാന്യം കർഷകരെ മനസ്സിലാക്കേണ്ടതാണ്.

സഹകരണ അടിസ്ഥാനത്തിൽ കുമ്മായ ചൂളകൾ സ്ഥാപിച്ച്കൊണ്ട് കർഷകന് കുമ്മായം മിതമായ നിരക്കിൽ വിതരണം നടത്താനുള്ള ഏർപ്പാടുണ്ടേക്കേണ്ടതാണ്.

4. രോഗ കീട നിയന്ത്രണസംവിധാനങ്ങൾ സുശക്തമാക്കുക സസ്യസംരക്ഷണ മരുന്ന പ്രയോഗത്തിന് വേണ്ടി വിദഗ്ദരായ തൊഴിലാളികളെ സംഘടിപ്പിച്ച് ദ്രുതകർമ്മ സേനയുണ്ടാക്കി, പഞ്ചായത്തിന്റ നേതൃത്വത്തിൽ സസ്യ സംരക്ഷണ മരുന്നുകൾ തെളിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം. സമൂഹ രോഗ കീട നിയന്ത്രണത്തെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കണം. കാറ്റ് വീഴ്ച നിർമ്മാർജ്ജന പദ്ധതിക്ക് ഊന്നൽ കൊടുത്തുകൊണ്ട് ശാശ്വത പരിഹാരം ലഭിക്കാനുള്ള നടപടികൾ ഉണ്ടാക്കണം.വിദഗ്ദ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്നതിന് അഗ്രോക്ലീനിക്കുകൾ സ്ഥാപിക്കേണ്ടതാണ്. രോഗ കീട നിയന്ത്രണത്തിന് ആവശ്യമായ. സബ്സിഡിയും സ്പ്രേയറുകളും മറ്റ് യന്ത്രോപകരണങ്ങളും ലഭ്യമാക്കേണ്ടതാണ്. ബോർഡോ മിശ്രിതം ഉണ്ടാക്കുന്നതിനുള്ള തുരിശ്, ചുണ്ണാമ്പ് സൗജന്യമായി ലഭ്യമാക്കണം. കാറ്റ് വിഴ്ച മൂലം വെട്ടി നീക്കേണ്ടുന്ന തെങ്ങിന് ധന സഹായമായി തെങ്ങൊന്നിന്1000 രൂപ വെച്ച് നൽകുകയും ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യണം.

5. ജലസേചന സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. വൈദ്യുതി ദൗർലഭ്യം പരിഹരിക്കപ്പെടേണ്ടതാണ്. വോൾട്ടേജ് ക്ഷാമവും, വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസവും പരിഹരിക്കണം എല്ലാ കൃഷിക്കും വൈദ്യുതി സൗജന്യമാക്കണം. അഞ്ചാം വാർഡിലെ പൊതു പമ്പ്സെറ്റ്, പ്രവർത്തനക്ഷമമാക്കേണ്ടതാണ്. 330 സെന്റിൽ താഴെ കൈവശഭൂമിയുള്ള കർഷകർക്ക് പമ്പ് സെറ്റിനും, കിണർ, ചാമ്പ് പൈപ്പ് എന്നിവ സ്ഥാപിക്കാനും ധനസഹായം ലഭ്യമാക്കേണ്ടതാണ്. വേനൽകാലത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ മറ്റ് ഉപാധികൾ ഉണ്ടാക്കേണ്ടതാണ്. ഡ്രിപ്പ് ഇറിഗേഷൻ (കണിക ജലസേചനം) പ്രോൽസാഹിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തി ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സബ്സിഡി സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്താൻ നടപടികൾ വേണം.

6. ഇടവിളകൃഷി പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമാണ് കൃഷിഭൂമി കുറഞ്ഞുവരുന്ന സാഹചര്യത്തിലും, മുഖ്യവിളയായ തെങ്ങിൽ നിന്ന ലഭിക്കുന്ന ആദായ കുറവ് പരിഗണിക്കുമ്പോഴും പരമാവധി സ്ഥലത്ത് ഇടവിളകൃഷിചെയ്തും കർഷകരുടെ വരുമാനം വർദ്ധിപ്പിച്ചില്ലെങ്കിൽ, കാർഷികരംഗത്തെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ സാധ്യമല്ല.

ഇടവിള കൃഷി പ്രോൽസാഹിപ്പിക്കാൻ ബോധവൽക്കരണം നടത്തണം. വാർഡ് അടിസ്ഥാനത്തിൽ താല്പര്യമുള്ള കർഷകരെ കണ്ടെത്തി ഇടവിളകളായ കവുങ്ങ്, വാഴ, മരച്ചീനി, ചേമ്പ്, ചേന, കൂർക്ക, കാച്ചിൽ. പയർ വർഗ്ഗങ്ങൾ ജാതി കൈതച്ചക്ക, മുതലായ കൃഷികൾ ചെയ്യിക്കുന്നതിന് ആവശ്യമായ നടീൽ വസ്തുക്കളും, കീടനാശിനികളും സാങ്കേതിക ഉപദേശങ്ങളും ധനസഹായങ്ങളും ലഭ്യമാക്കേണ്ടതാണ്

കൊടപ്പുളി വലിയ ലാഭകരമായ കൃഷിയാകയാൽ ആവശ്യമായ പ്രോൽസാഹനം നടത്തി കൊടപ്പുളി വെച്ചുപിടിപ്പിക്കേണ്ടതാണ്. തെങ്ങ് കൃഷിയുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ച കാര്യങ്ങൾ ഇടവിള കൃഷിക്കും ബാധകമാണ്.

എല്ലാ നടീൽവസ്തുക്കളും വിത്തുകളും ലഭ്യമാക്കുന്നതിന് താല്പര്യമുള്ള കർഷകരെ കണ്ടെത്തി നഴ്സറികൾ സ്ഥാപിക്കാൻ ധനസഹായം നൽകേണ്ടതാണ്.

8. പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കണം. കാർഷിക സർവ്വകലാശാലയിൽ നിന്നും സ്വകാര്യവ്യക്തികളായ കർഷകരിൽ നിന്നും വിത്തു സ്വരൂപിച്ചു പഞ്ചായത്തു തലത്തിൽ വിതരണം നടത്തണം. അടുക്കളത്തോട്ട നിർമ്മാണത്തിനും, എല്ലാ വീട്ടുവളപ്പിലും പച്ചക്കറി കൃഷിനടത്തുന്നതിനും ബോധവൽക്കരണവും മറ്റ് സഹായങ്ങളും ലഭ്യമാക്കേണ്ടതാണ്.

   വാർഡിൽ താൽപര്യമുള്ള കർഷകരെ കണ്ടെത്തി, പച്ചക്കറി വിത്തുൽപാദന പരിപാടി നടപ്പിലാക്കണം പച്ചക്കറി കൃഷിക്കാരെ കണ്ടെത്തി പരമാവധി പച്ചക്കറി ഉൽപാദനം നടത്താനും പഞ്ചായത്തിൽ തന്നെ വിപണനം നടത്താനും സംവിധാനം വേണം.

9. പുഷ്പകൃഷിയും ഔഷധ സസ്യകൃഷിയും പ്രോൽസാഹിപ്പിക്കാൻ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കണം. ബോധവൽക്കരണ സെമിനാറുകൾ നടത്തി, പ്രസ്തുത കൃഷിയുടെ ഇന്നത്തെ സാദ്ധ്യതകളെക്കുറിച്ച് കർഷകരെ ബോധ്യപ്പെടുത്തണം. നടീൽ വസ്തുക്കൾ ലഭ്യമാക്കിയും, വിപണനസംവിധാനങ്ങൾ ഉണ്ടാക്കിയും പുഷ്പ ഔഷധകൃഷി നടപ്പിലാക്കണം.

10 ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തണം. ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന സബ്സിഡിതുക, നിർമ്മാണചിലവിന്റെ അൻപത് ശതമാനമാക്കി വർദ്ധിപ്പിക്കേണ്ടതാണ്.

11. കൈതോലകൃഷി പ്രോൽസാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.

12. കാർഷിക പെൻഷൻ പദ്ധതി നടപ്പിൽ വരുത്തണം.

13. വിള ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്, ഏജന്റുമാരായി, തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടാത്തവരെ കൂടി നിയമിക്കുകയും ചെയ്ത പദ്ധതി പഞ്ചായത്തിൽ എല്ലായിടത്തും നടപ്പിലാക്കണം.

14. എലി നശീകരണ കാമ്പയിൻ സംഘടിപ്പിക്കേണ്ടതാണ്.

15. കർഷകന്റെ ഉൽപന്നങ്ങൾക്ക് പരമാവധി വില കിട്ടുന്നതിനുള്ള നടപടികൾ വേണം.

16. കാർഷിക വായ്പാസംവിധാനത്തിൽ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

17. കർഷക തൊഴിലാളിയെ ആവശ്യത്തിന് വേണ്ടുന്ന സമയങ്ങളിൽ ലഭിക്കുന്നതിന് ഈ രംഗത്തേക്ക് താല്പര്യം സൃഷ്ടിക്കുന്ന സംവിധാനം വേണം.

18. ഇടവിളകൃഷിയിൽ പ്രധാനമായ കവുങ്ങ് കൃഷി വ്യാപിപ്പിച്ച്, അടയ്ക്കയുടെ ഉൽപാദനം വർദ്ധിപ്പിക്കാൻ പദ്ധതികൾ ഉണ്ടാക്കണം.

    1000 ഹെക്ടർ സ്ഥലത്തേക്ക് കവുങ്ങ് കൃഷി വ്യാപിപ്പിച്ചാൽ (1ഹെക്ടറിൽ 100 തൈ എന്ന തോതിൽ) 1 ലക്ഷം കവുങ്ങ് കൃഷിയായി വർദ്ധിപ്പിക്കാം. അങ്ങനെയാണെങ്കിൽ 9-ാം പഞ്ചവത്സരപദ്ധതിയുടെ നടപ്പു വർഷകാലത്തിന് ശേഷം ഏറ്റവും ചുരുങ്ങിയത് 1 കോടി അടയ്ക്ക ഉൽപാദിപ്പിക്കാൻ സാധിക്കും. കവുങ്ങ് തൈകൾ വിതരണം ചെയ്ത് ഈ പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കണം.

19. നാളികേരത്തിൽ ഇന്നും ഉപ ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള വികസന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

20. പട്ടിക ജാതിക്കാർക്കുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവരുടെ യഥാർത്ഥ ആവശ്യം അറിഞ്ഞു കൊണ്ട് ഗ്രാമ സഭ നിർദ്ദേശങ്ങൾ പരിഗണിച്ച് നടപ്പിലാക്കണം

21. ജൈവവള നിർമ്മാണ കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം

22. പുഷ്പകൃഷി/ഓർക്കിഡ് കൃഷി നടത്തുന്നതിന് വാർഡു തലത്തിൽ 10 പേരെയെങ്കിലും കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.

23. ഇളനീർ കുടി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം

24. തെങ്ങുകൾക്കിടയിലും പൈപ്പുകൾ ഇട്ടു നനക്കുവാൻ (വെള്ളം നഷ്ടപ്പെട്ടു പോകാതിരിക്കാൻ 50% സബിസിഡി നൽകേണ്ടതാണ്.

**മുൻഗണനാക്രമത്തിൽ നടപ്പിലാക്കേണ്ട വികസന പദ്ധതികളുടെ സൂക്ഷ്മ സംക്ഷിപ്ത വിവരണം**

I
1. **വെള്ളക്കെട്ട് നിർമ്മാർജ്ജനം**
2. **രോഗ പ്രതിരോധ പദ്ധതി**
   - തെങ്ങ്
   - മറ്റ് വിളകൾ
3. **ജൈവവള വികസന പദ്ധതി**
4. **ജലസേചന പദ്ധതികൾ**
5. **നാളികേര വികസനം ഉപോൽപന്ന പദ്ധതികൾ**

II
1. **ഇടവിളകൃഷി വികസന പദ്ധതി**
   - കവുങ്ങ്
   - വാഴ
   - പച്ചക്കറി
   - കിഴങ്ങ് വർഗ്ഗങ്ങൾ
   - കുരുമുളക്
   - കശുമാവ്
   - a. നഴ്സറി
   - b. അഗ്രോക്ലീനിക്
   - c. വിപണന സംവിധാനം
2. **പച്ചക്കറി കൃഷി വികസന പദ്ധതി**
   - a. വിത്ത്, നടീൽ വസ്തു വിതരണം
   - b. സസ്യ സംരക്ഷണം ര. വിപണനം
3. **പുഷ്പ ഔഷധ സസ്യകൃഷി വികസന പദ്ധതി**
   - a. വിത്ത്/ നടീൽ വസ്തു വിതരണം
   - b. സാങ്കേതിക ഉപദേശം
   - c. വിപണനം

# മൃഗസംരക്ഷണം

സാധാരണ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ പാൽ, മുട്ട ഇറച്ചി മുതലായ ആഹാരപദാർത്ഥങ്ങൾ ആടു മാടുകളിൽ നിന്ന് ലഭ്യമാകുന്നു.

ദേശിയ വരുമാനത്തിന്റെ ഗണ്യമായ പങ്കുവഹിക്കുന്ന പാലും, മറ്റുല്പന്നങ്ങളും വഹിക്കുന്ന പങ്ക് വളരെ പ്രധാനമാണ്. വളരെ ചുരുങ്ങിയ ചിലവിൽ ദൈനം ദിനം എന്നോണം വരുമാനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന മേഖലയാണ് മൃഗസംരക്ഷണം. അതുകൊണ്ട് തന്നെ സർക്കാരും ആസൂത്രണ വകുപ്പും ഈ മേഖലയിലെ പ്രശ്നങ്ങളെ സജീവ പരിഗണനക്ക് വിധേയമാക്കേണ്ടതും പരിപാടികൾ ആസുത്രണം ചെയ്യേണ്ടതുമാണ്. നമ്മുടെ നാട്ടിൻപുറങ്ങളിലെ ബഹുഭൂരിപക്ഷം വരുന്ന നാമമാത്രവും ചെറുകിടക്കാരുമായ കൃഷിക്കാരുമാണ് ആട്, മാട് വളർത്തലിൽവ്യാപൃതരായിരിക്കുന്നത്. കർഷകകുടുംബങ്ങളിൽ സ്ത്രീകളാണ് ആട് മാട് വളർത്തുന്നതിന് പരമ പ്രധാനപങ്ക് വഹിക്കുന്നവർ. ഓരോ കർഷകകുടുംബത്തിലും വന്നു ചേരുന്ന സാമ്പത്തിക നേട്ടം ദേശീയതലത്തിൽ വമ്പിച്ച മാറ്റത്തിന് ഇടവരുത്തും.

ബഹുഭൂരിപക്ഷവും കർഷകരാണല്ലോ നമ്മുടെ നാട്ടിൽ. നമ്മുടെ കൃഷിക്കാവശ്യമായ വളം സമ്പാദിച്ചു കൂട്ടുന്നതിൽ ഈ മേഖലയിലുള്ളവർ ചെയ്യുന്ന സേവനം വളരെ വലുതാണ്.

രാസവളങ്ങൾക്കും മറ്റും താങ്ങാനാവാത്ത വില അനുഭവപ്പെടുന്നു ഈ കാലഘട്ടത്തിൽ കാലിവളർത്തൽ സേവനം വളരെ വലുതാണ്. കാലിവളം'മണ്ണിന്റെ ഘടന' നിലനിർത്തുന്നു.

നമ്മുടെ രാജ്യത്ത് പാലിന്റെ ഉപയോഗം ശരാശരി വളരെ പരിമിതമാണ്. എന്നാൽ കുറേശ്ശെ, കുറേശ്ശെ ആയി സ്ഥിതി മെച്ചപ്പെടുന്നുണ്ട്. അങ്ങിനെ വരുമ്പോൾ പാലിന്റെ ദൗർലഭ്യം വളരെകൂടുതലായി അനുഭവപ്പെടും.

സസ്യ ഭുക്കുകൾ ആയ ആളുകൾക്ക് ഏറ്റവും ഗുണമേന്മയേറിയ പോഷകഘടകമാണ് പാലും, പാലിന്റെ ഉൽപ്പനങ്ങളും.

നമ്മുടെ നാട്ടിൽ മിക്കവാറും കുടുംബങ്ങളിൽ കാലത്ത് മാത്രമാണ് പാൽ ഉപയോഗിക്കുന്നത്. ഭക്ഷണത്തിനുള്ള ഉപയോഗം കുറവാണ്. സമീപകാലത്ത് ആഹാര ക്രമത്തിലുള്ള വ്യത്യാസം മുട്ട, ഇറച്ചി, പാൽ എന്നീ ഉൽപ്പന്നങ്ങളുടെ ഉപഭോഗം ധാരാളമായി വർദ്ധിച്ചിട്ടുണ്ട്.

മേൽപറഞ്ഞ കാരണങ്ങളാൽ മൃഗസംരക്ഷണരംഗത്ത് സജീവ പരിഗണന നൽകി നാട്ടിൻ പ്രദേശങ്ങളിൽ തൊഴിൽ സാദ്ധ്യതയും സാമ്പത്തിക ഭദ്രതയും ഉണ്ടാക്കുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖല കയ്പമംഗലം പഞ്ചായത്തിൽ മുൻകാലങ്ങളിൽ വളരെ ചുരുക്കം കുടുംബങ്ങളിൽ മാത്രമാണ് മാടുകളെ വളർത്തിയിരുന്നത്. കൃഷിയെ ആധാരമാക്കിയാണ് പ്രധാനമായും മാടുകളെ വളർത്തിയിരുന്നത്. തനി നാടൻ വർഗ്ഗങ്ങൾ ആയിരുന്നതുകൊണ്ട് പാൽ ഉൽപ്പാദനം വളരെകുറവായിരുന്നു. പ്രധാനമായും ചായപീടികയിലും അപൂർവ്വം കുടുംബങ്ങളിലും മാത്രമാണ് പാൽ ഉപയോഗിച്ചിരുന്നത്. കൃഷിയുടെ ആവശ്യത്തിനുവേണ്ടി (ചാണകത്തിനു)യാണ് മാടുകളെ വളർത്തിയിരുന്നത്. സാധാരണയായി നിലം ഉഴുന്നതിനും മാടുകളെ വളർത്തിയിരുന്നു. ചക്കിന് കെട്ടുന്നതിനും ഭാരവണ്ടിവലിക്കുന്നതിനും മാടുകളെ ഉപയോഗിച്ചിരുന്നു.

മിക്ക വീടുകളിലും കോഴി, താറാവ് ആട്മാടുകൾ, നായ പൂച്ച എന്നിവയെ വളർത്തിയിരുന്നു.

പശുക്കളേയും, കാളകളേയും വളരെ അപൂർവ്വമായേ ഭക്ഷണത്തിന് ഉപയോഗിച്ചിരുന്നുള്ളൂ. ആട്, കോഴി, താറാവ് എന്നിവയെ ഭക്ഷണത്തിന് ഉപയോഗിച്ചിരുന്നു. താരതമ്യേന അന്നത്തെ മാടുകൾ രോഗ വിമുക്തമായിരുന്നു നടത്തിയിരുന്നത്. അസുഖങ്ങൾ വന്നാൽ നാടൻ ചികിത്സയായിരുന്നു ആധുനിക രീതിയിലുള്ള ചികിത്സ ആ കാലഘട്ടങ്ങളിൽ ഉണ്ടായിരുന്നില്ല.

അമ്പത് വർഷം മുമ്പ്, ആടുമാടുകൾ മറ്റു കൃഷിക്കാർക്ക് കൃഷി നാശം വരുത്തിയാൽ അങ്ങിനെയുള്ള മാടുകളെ പിടിച്ച് റവന്യൂ ആല (Pond)യിൽ ഏൽപിച്ചാൽ നഷ്ടം വന്ന കൃഷിക്കാരന് നഷ്ടപരിഹാരം കൊടുത്തതിനു ശേഷമേ മാടുകളെ തിരിച്ചു കിട്ടിയിരുന്നുള്ളു.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ നാനാ ഭാഗത്തും കാലി വളർത്തൽ ആരംഭിച്ചിട്ടുണ്ട്. അപൂർവമായിട്ടേ നാടൻ പശുക്കളെ കാണുന്നുള്ളൂ. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള ബീജ സങ്കലനം വഴി ഒട്ടുമുക്കാലും സങ്കരയിനം പശുക്കൾ ധാരാളമായി ഉണ്ട്. മാടുകളെ വളർത്തുന്ന കർഷകരുടെ പകുതി വീടുകളിലെങ്കിലും സിമന്റ് തറയുള്ള തൊഴുത്ത് നിലവിലുണ്ട്.

**സെൻസസ് ഡീറ്റെയിൽസ്, കൃത്യമിബീജ സങ്കലന വിവരങ്ങൾ, പേവിഷബാധ.**

നമ്മുടെ പഞ്ചായത്തിൽ 2-9-1962ൽ കൃത്രിമ ബീജ സങ്കലന ഉപകേന്ദ്രം ആരംഭിക്കുകയും, 1-4-1963ൽ മൃഗ സംരക്ഷണ വകുപ്പിന് കൈമാറുകയും ചെയ്തു.

പ്രസ്തുത സ്ഥാപനം 1-2-1991ൽ വെറ്റിനറി ഡിസ്പെൻസറി ആയി ഉയർത്തുകയും ചെയ്തു. ഇവിടെ ഈ സ്ഥാപനത്തിൽ ഒരു വെറ്റിനെറി സർജന്റെയും, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടേയും, അറ്റൻഡർമാരുടേയും ഒരു പാർട്ട് ടൈം സ്വീപ്പറുടേയും തസ്തികകളാണ് ഉള്ളതെങ്കിലും പുതുതായി ജോയിൻ ചെയ്ത ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ പരിശീലനത്തിന് പോയിരിക്കയാണ്. പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്.

വളരെ സൗകര്യം കുറഞ്ഞ ഒരു വാടക കെട്ടിടത്തിൽ ആണ് ഈ സ്ഥാപനം നടന്നുകൊണ്ടിരിക്കുന്നത്. വാട്ടർ കണക്ഷൻ ഇല്ല.

ലബോറട്ടറി, മൈക്രോ സ്കോപ്പ്, ഓപ്പറേഷൻ തിയറ്റർ, സ്റ്ററിലൈസർ, ടെലിഫോൺ, വാഹനം, എക്സറേ മുതലായ ആധുനിക സജീകരണങ്ങൾ ഇല്ല.

ഡിസ്പെൻസറിയിൽ മൃഗ ചികിത്സയും, കൃത്രിമ ബീജദാനവും, പ്രതിരോധ കുത്തിവെയ്പും, പേവിഷ നിർമ്മാർജ്ജന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

കർഷകരുടെ ഇടയിൽ ബോധവൽക്കരണവും നടത്തിവരുന്നു.

ഇവിടെയുള്ള വെറ്റിനറി ഡിസ്പെൻസറി ഒരു പോളി ക്ളീനിക്കായി ഉയർത്തുകയും അവരുടെ സേവന സമയം ദീർഘിപ്പിക്കുകയും ചെയ്യണം.

കന്ന് കുട്ടി പരിപാലന പദ്ധതി പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള കീടാരി വിതരണം, കോഴികുഞ്ഞുങ്ങളുടെ വിതരണം, ഗോ രക്ഷാ ക്യാമ്പ് വന്ധ്യത നിവാരണ പ്രവർത്തനം, പേവിഷനിർമ്മാർജ്ജന പ്രവർത്തനം, എന്നിവ നടന്നിട്ടുണ്ട്. കറവമാട് വിതരണം നടന്നിട്ടുണ്ട്

IRDP യിൽ പെട്ട പ്രവർത്തങ്ങളും ഈ മേഖലയിൽ വ്യാപകമായി നടന്നിട്ടുണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തനം വേണ്ടവിധം നടക്കുന്നില്ലെന്നു മാത്രമല്ല ഗുണഭോക്താക്കൾ ദുരുപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഈ പഞ്ചായത്തിൽ ക്ഷീരവികസനസംഘം (APCOS) രണ്ടെണ്ണം നിലവിലുണ്ട്. കയ്പമംഗലം പാൽ ഉൽപ്പാദന സഹകരണസംഘം പ്രവർത്തന പരിധി 4,10,12 എന്നീ വാർഡുകളാണ്. മുന്നൂറിനും നാനൂറിനും ലിറ്റർ മദ്ധ്യേ നിത്യവും പാൽ ശേഖരിക്കുന്നുണ്ട്.

നാമമാത്രമായ പ്രാദേശിക വില്പനയാണ് നടക്കുന്നത്. ബാക്കിയുള്ള പാൽ മിൽമയുടെ തൃശ്ശൂർ ഡയറിയിലേക്ക് അയക്കുന്നു.

ഈ സംഘത്തിൽ പാൽ അളക്കുന്ന കർഷകർ ചെറിയ തോതിൽപുറത്തും വിപണനവും നടത്തുന്നുണ്ട്. സംഘം അംഗങ്ങളല്ലാത്ത മറ്റു കർഷകരും പാല് ഉൽപാദനം നടത്തുകയും പുറമേ വിപണനം നടത്തുന്നുണ്ട്. പ്രധാനമായി ചായപീടികയിലും വീടുകളിലുമാണ് വിപണന മേഖല

കയ്പമംഗലം പഞ്ചായത്തിലെ 5,6,7 എന്നീ വർഡുകൾ കേന്ദ്രീകരിച്ച" ആദി കേശപുരം" പാൽ ഉൽപാദക സംഘം ( APCOS) എന്ന പേരിൽ ഒരു സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്." ദിനംതോറും ഏകദേശം 400 ലിറ്ററിനടുത്താണ് പാൽ ശേഖരണം. അപൂർവ്വമായി പ്രാദേശിക വിൽപനയും ബാക്കി വരുന്ന പാൽ തൃശൂരിലെ ഡയറിയിലേക്ക് അയക്കുന്നു. സംഘാംഗങ്ങളല്ലാത്തവർ പാൽ ഉൽപാദിപ്പിക്കുകയും പുറമേ വിപണനം നടത്തുകയും ചെയ്യുന്നുണ്ട്. സംഘം അതിർത്തിയിൽ പെട്ട കന്നുകുട്ടികൾക്ക് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ പെടുത്തി സൗജന്യ നിരക്കിൽ തീറ്റ ലഭിക്കുന്നുണ്ട്.

ക്ഷീര സംഘങ്ങളിൽനിന്ന് തുലോം പരിമിതമായ വിലയാണ് പാലിന് ലഭിക്കുന്നത്. സംഘങ്ങൾക്ക്പുറത്ത് പശുവിൻ പാലിന് 12.50 രൂപ വിലയുണ്ട്. ഏതു തരം എരുമപാലിനാണെങ്കിൽ 15 മുതൽ 17 രൂപവരെ വില ലഭിക്കുന്നുണ്ട്. സംഘങ്ങളിൽ പ്രധാനമായും പശുവിൻപാൽ മാത്രമാണ് കിട്ടുന്നത്.

അവിടെനിന്ന് 1 ലിറ്റർ പാലിന് ഏഴര എട്ടുരൂപയാണ് കിട്ടുന്നത്. പ്രതിദിനം നമ്മുടെ പഞ്ചായത്തിൽ 2500 ലി. പാൽ എന്ന കണക്കിൽ പ്രതിവർഷം 90,00,000 രൂപയുടെ വിപണനം നടക്കുന്നുണ്ട്.

2500 x10

25000 x330

750000 x12= 9000000രൂപ

പാൽ ഉൽപാദനം ലാഭകരമായിട്ടല്ല ഇപ്പോൾ നടക്കുന്നത് ദൈനം ദിനം എന്നോണം കാലിതീറ്റയുടെ വില വർദ്ധനവ്, വൈക്കോലിന്റെ ദൗർലഭ്യവും വിലക്കയറ്റവും ഗുണമേന്മയുള്ള തീറ്റപുല്ലിന്റെ ദൗർലഭ്യവും കർഷകരെ വളരെയധികം ബുദ്ധിമുട്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ 6 മാസത്തിനുള്ളിൽ കാലിതീറ്റയുടെ വില 30% ഉയർന്നിട്ടുണ്ട്. എന്നാൽ പാലിന്റെ വില ഒരു മാറ്റവുമില്ലാതെ തുടരുക

യാണ്. നാട്ടിൻ പ്രദേശങ്ങളിൽ 1 ലിറ്റർ പാലിന്റെ വില 12.50 രൂപയായി ഉയർന്നിട്ടുണ്ട്. എന്നാൽ ക്ഷീര സംഘങ്ങളിൽ വിലവർദ്ധന വരുത്തിയിട്ടില്ല.

## നിർദ്ദേശങ്ങൾ

1. പാൽ വിലവർദ്ധിപ്പിക്കേണ്ടത് കർഷകന്റെ ആവശ്യമാണ്.

2: പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പഞ്ചായത്തിൽ സാർവത്രികമായി നടപ്പിലാക്കണം.

3. കൃത്രിമബീജ സങ്കലന പദ്ധതി പ്രകാരം കൂടുതൽ ഉപകേന്ദ്രങ്ങൾ ലഭ്യമാക്കുക.

4. സമഗ്ര കന്നുകാലി ഇൻഷൂറൻസ് സമഗ്രമായി നടപ്പിലാക്കുക.

5. തൊഴുത്തു നിർമ്മാണത്തിന് സമഗ്രമായ പദ്ധതി ആവിഷ്കരിച്ച്ഗുണഭോക്താക്കളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുക.

6. വനിതാ സംരംഭകർക്ക് മൃഗസംരക്ഷണസമിതിയിൽ പ്രാതിനിധ്യം ഉറപ്പുവരുത്തുക.

7. ഉപഭോക്താക്കളുടെ സഹകരണത്തോടുകൂടി 'മിനി ഡയറികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കണം.

8. കർഷകർക്ക് മൃഗ സംരക്ഷണത്തെകുറിച്ച് പരിശീലനം കൊടുക്കേണ്ടതാണ്.

9. പഞ്ചായത്തുകളിൽ പരമാവധി ഒരു വീടിന് ഒരു പശു എന്ന സങ്കൽപം സാക്ഷാത്കരിക്കാൻ വേണ്ട നടപടി സ്വീകരിക്കണം

10. കറവക്കാർക്ക് ശാസ്ത്രീയമായി പരിശീലനം നടത്തണം.

11. കിടാരി വളർത്തൽ യൂണിറ്റ് സബ്സിഡിയോടുകൂടി പഞ്ചായത്തിൽ നടപ്പിലാക്കണം

12. ഗോബർഗ്യാസ് പ്ലാന്റിന് 50% സബ്സിഡിയോടുകൂടി സാമ്പത്തിക സഹായം നൽകി പദ്ധതി നടപ്പിലാക്കുക

13. തീറ്റപുൽവിത്ത് വിപുലമായ രീതിയിൽ വിതരണം ചെയ്യുകയും അതിനാവശ്യമായ വളം സബ്സിഡിയോടുകൂടി വിതരണംചെയ്യേണ്ടതുമാണ്.

14. മേഖല അടിസ്ഥാനത്തിൽ ചെറുകിട കാലിതീറ്റ മിശ്രിത യൂണിറ്റ് സ്ഥാപിക്കുക.

15. പഞ്ചായത്തിന്റെ ആധികാരികമായി അറവുശാലകളോ അംഗീകരിച്ച സ്ഥലങ്ങളോ ഇല്ല എങ്കിലും പഞ്ചായത്തിൻരെ വിവിധ ഭാഗങ്ങളിൽ ദിനംപ്രതി 10 സ്ഥലങ്ങളിൽ മാടുകളെ അറക്കുന്നുണ്ട്. അതുകൊണ്ട് ശാസ്ത്രീയ അറവുശാല പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതും മൃഗങ്ങളെ കശാപ്പുചെയ്യുന്നതിന് മുമ്പ് വെറ്റിനറി ഡോക്ടർ പരിശോധിച്ച് സാക്ഷിപ്പെടുത്തേണ്ടതുമാണ്.

16. അറവു ശാലകളുടെ ഉപോൽപന്നങ്ങളായ തൊലി, എല്ല്, രക്തം, കുടൽ എന്നിവ സംസ്കരിച്ച് ഉല്പന്നങ്ങൾ ഉണ്ടാക്കുവാൻ ഉപോൽപന്ന സംസ്കരണശാല സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

17. മാംസോൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ താഴേപറയുന്ന പരിപാടികൾ നടപ്പിലാക്കേണ്ടതാണ്

   a. ആടിനെ വളർത്തുന്ന കാര്യത്തിൽ വീട്ടമ്മമാർക്ക് പരിശീലനം കൊടുക്കുന്നതോടൊപ്പം ചെറിയ ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം ലഭ്യമാക്കണം

   b. പ്ലാവ്, സുബാബുൾ, മുരുക്, പ്ലാശ്, ശീമകൊന്ന മുതലായ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

   c. താൽപര്യമുള്ളവർക്ക് പന്നി വളർത്താനുള്ള പരിശീലനവും പന്നി കുഞ്ഞുങ്ങളും ധന സഹായവും ലഭ്യമാക്കുക.

   d.. കന്നുകുട്ടി പരിപാലന പരിപാടിയുടെ മാതൃകയിൽ പോത്തിൻകുട്ടി, മൂരികുട്ടി എന്നിവയെ ശാസ്ത്രീയമായി വളർത്താൻ പ്രോത്സാഹനം നടത്തേണ്ടതാണ്

   e. മുയൽ, കാട, ടർക്കി, താറാവ് എന്നിവ വളർത്താൻ താല്പര്യമുള്ളവർക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

18. ഇറച്ചികോഴികളെ(ബ്രോയിലർ) വളർത്തുവാൻ താല്പര്യമുള്ളവർക്ക് വാർഡിൽ ഒരു കേന്ദ്രം എന്ന നിലയിൽ എല്ലാവിധ സഹായ സഹകരണങ്ങളും നൽകുക.

19. മുട്ടകോഴി, നഴ്സറി യൂണിറ്റുകൾ സ്ഥാപിക്കുകയും കോഴികുഞ്ഞുങ്ങളെ ആവശ്യാനുസരണം വിതരണം ചെയ്യേണ്ടതുമാണ്. ഇതിനാവശ്യമായ സഹായ സഹകരണങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

20 വീട്ടുമുറ്റത്ത് കോഴിവളർത്തൽ വ്യാപകമായി നടപ്പിലാക്കുകയും ഒരു വീട്ടിൽ ചുരുങ്ങിയത് 5 കോഴികളെ വളർത്തുവാനും വീട്ടാവശ്യത്തിന് ഉള്ള മുട്ടയുടെ ലഭ്യത ഉറപ്പുവരുത്തുകയും ഇതിനാവശ്യമായ സഹായ സഹകരണങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണം.

21. സ്കൂൾ വിദ്യാർതികളിൽ സമ്പാദ്യ ശീലവും കോഴി വളർത്തൽ ശീലവും പ്രോത്സാഹിപ്പിക്കാൻ സ്കൂൾ പോൾട്രി ക്ലബ്ബുകൾ മുഖാന്തിരം 2 മാസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ സൗജന്യമായി നൽകേണ്ട താണ്.

22. ആട് , കോഴി എന്നിവയെ വളർത്തികൊണ്ട് ജൈവ വളം സുലഭമായി ഉണ്ടാക്കുവാൻ വേണ്ട ബോധ വൽക്കരണം കൊടുക്കേണ്ടതാണ്.

23. ബയോഗ്യാസ് ഉണ്ടാക്കുന്നതിന് വേണ്ടതായ എല്ലാ വിധ സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണ്.

24. കർഷകർക്ക് വിവിധ മൃഗസംരക്ഷണത്തെകുറിച്ചും മൃഗ പരിപാലനത്തെക്കുറിച്ചും സമഗ്രമായ ബോധ വൽക്കരണത്തിനുവേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ട താണ്.

25. നല്ലയിനം പശുക്കളിൽ വന്ധ്യത ഒരു വലിയ പ്രശ്ന മായി അനുഭവപ്പെടുന്നതുകൊണ്ട് ബ്ലോക്ക് തല ത്തിൽ പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ച് സേവനം ലഭ്യമാക്കേണ്ടതാണ്.

26. പേവിഷ ബാധ നിർമാർജ്ജനം ചെയ്യുന്നതിന്റെ ഭാഗ മായി എല്ലാനായ്ക്കൾക്കും ലൈസൻസ്സ് എടുക്കു കയും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ ഉന്മൂലനം ചെയ്യുന്നത് ഊർജ്ജിതപ്പെടുത്തുകയും വേണം.

27 കന്നുകാലി പ്രദർശനവും ഗോരക്ഷാ ക്യാമ്പുകളും കാലാകാലങ്ങളിൽ നടത്തുകയും നല്ലയിനം ഉരു ക്കളെ തെരഞ്ഞെടുത്ത് സമ്മാനം നൽകേണ്ടതാണ്.

28. മൃഗസംരക്ഷണ മേഖലയിലെ കർഷകരെ തിരഞ്ഞെ ടുത്ത് സമ്മാനങ്ങൾ കൊടുക്കുകയും പ്രത്യേക പൊതു മീറ്റിങ്ങുകളിൽ ആദരിക്കുകയും പ്രോത്സാ ഹന സമ്മാനങ്ങൾ കൊടുക്കേണ്ടതുമാണ്.

29. കയ്പമംഗലം പഞ്ചായത്തില രണ്ട് ക്ഷീര സഹകര ണസംഘങ്ങളാണ് പ്രവർത്തിക്കുന്നത് പ്രസ്തുത സംഘങ്ങളുടെ പരിധിയിൽ വരാത്ത 1,2,3 എന്നീ വാർഡുകൾ ചേർത്തും 8,9,10 എന്നീവാർഡുകൾ ചേർത്തും ഓരോ ക്ഷീരസംഘം രൂപീകരിക്കേണ്ട താണ്.

30. നിലവിലുള്ള വെറ്ററിനറി ഡിസ്പെൻസറിയിൽ പരി മിതമായി സൗകര്യങ്ങൾ മാത്രമാണുള്ളത്. ഇത് കർഷകർക്ക് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. ഇവ പരിഹരിക്കുന്നതിന് നിലവിലുള്ള വെറ്ററിനറി ഡിസ്പെൻസറി വെറ്ററിനറി ആശുപത്രിയാക്കി ഉയർത്തണം. ■

# മത്സ്യബന്ധനം

കയ്പമംഗലം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മത്സ്യബന്ധനമേഖലയിലേക്ക് കണ്ണോടിച്ച് നോക്കിയാൽപരമ്പരാഗത മത്സ്യബന്ധനത്തിന്റെ ചിത്രമാണ് തെളിഞ്ഞുവരിക. ഓലതൊപ്പിയും നീല ഷർട്ടുമണിഞ്ഞ് കക്ഷത്തിൽ വലയും പടിയുമായ് കടപ്പുറത്തേക്കു പോകുന്ന മത്സ്യത്തൊഴിലാളിയുടെ ചിത്രം - പ്രകൃതിയോട് സാഹസികമായ് മല്ലടിക്കുന്ന ഒരു വിഭാഗമുണ്ടെങ്കിൽ അത് മത്സ്യത്തൊഴിലാളികളാണെന്നുള്ളത് ഒരു യഥാർത്ഥ്യമാണ്. രാവും പകലും ഒരു പോലെയാക്കി അദ്ധ്വാനിക്കുന്ന ഈ വിഭാഗം മറ്റേതുമേഖലയിലും കണ്ടെത്താനാവില്ല.

അഞ്ചു പേർ വീതം കയറുന്ന വഞ്ചികളിലും രണ്ടോ മൂന്നോ പേർ കയറുന്ന ഒഴുക്കു ചെറുവഞ്ചികളിലുമുള്ള മത്സ്യബന്ധനമായിരുന്നു ആദ്യകാലഘട്ടത്തിലെ രീതി. മുപ്പത് വർഷം മുമ്പ് വരെ ഈ മത്സ്യ ബന്ധനരീതിയാണ് നിലനിന്നിരുന്നത്. ആ കാലഘട്ടത്തിൽ തന്നെ സർക്കാർ മുൻകൈയ്യോടുകൂടി യന്ത്രവത്കൃതമത്സ്യബന്ധബോട്ടുകൾ പ്രചാരത്തിൽ വന്നു. ഇതിനുവേണ്ടി നമ്മുടെ പഞ്ചായത്തിലും സഹകരണസംഘങ്ങൾ സ്ഥാപിച്ച് മത്സ്യ ബന്ധനബോട്ടുകൾ സർക്കാരിൽ നിന്ന് വാങ്ങി പ്രവർത്തിക്കുകയുണ്ടായി. എന്നാൽ അർഹരായ ഗുണഭോക്താക്കളെ നിർണ്ണയിക്കുന്ന കാര്യത്തിൽ ഉണ്ടായ പാകപിഴമൂലം ഈ പ്രസ്ഥാനം പരാജയപ്പെടുകയാണുണ്ടായത്.

തുടർന്ന് ഈ മേഖലയിൽ ശ്രദ്ധേയമായ ഒരുമാറ്റമുണ്ടായത് "ഏനംവല" (കമ്പവല) കളുടെ ആവിർഭാവത്തോടുകൂടിയാണ്. മത്സ്യങ്ങളെ തടഞ്ഞുനിർത്തി കൂട്ടത്തോടെവലക്കുള്ളിലാക്കി വലിച്ചു കയറ്റുന്ന രീതിയാണ് ഏനംവല. ഇതിന്റെ പ്രത്യേകത സ്ഥിരമായ് മത്സ്യം ലഭിക്കാത്ത കാലയളവുകളിലും ഈ രീതി മൂലം മത്സ്യബന്ധനം നടത്താൻ കഴിഞ്ഞിരുന്നു എന്നതാണ്. ക്രമേണ മനുഷ്യാദ്ധ്വാനവും വരുമാനവും തമ്മിലുള്ള അന്തരം മൂലം ഈ മത്സ്യബന്ധനരീതി പരാജയപ്പെടുകയും അപ്രത്യക്ഷമാവുകയുമാണുണ്ടായത്.

പിന്നീട് 1985-86 കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന അഞ്ചു പേർ കയറിയിരുന്ന നാടൻ മത്സ്യബന്ധന വഞ്ചികളിൽ ഔട്ട് ബോർഡ് എഞ്ചിനുകൾ ഘടിപ്പിച്ചുകൊണ്ടുള്ള മത്സ്യബന്ധനരീതി നിലവിൽവന്നു. ആ കാലഘട്ടത്തിൽ ഉദ്ദേശ്യം 40 വഞ്ചികളാണുണ്ടായിരുന്നത്. 200 തൊഴിലാളികളും മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നു.

ആദ്യകാലങ്ങളിൽ മത്സ്യ ബന്ധനത്തിനു വേണ്ടി പരുത്തി നൂല് കൊണ്ടും ചണനൂലുകൊണ്ടും സ്വന്തമായ് കെട്ടിയുണ്ടാക്കിയ വലകളാണ് ഉപയോഗിച്ചിരുന്നത്. സ്ത്രീകളും പുരുഷന്മാരും ഈ വല നിർമ്മാണത്തിലേർപ്പെട്ടിരുന്നു. പ്രധാനമായും വട്ടവല, കൊല്ലിവല, ചാളവല, ചൂഡവല, ഐലവല എന്നിവയായിരുന്നു. വലിയ മീനുകൾ പിടിക്കുന്നതിന്നുവേണ്ടി ഏട്ടവല, സ്രാവ് വല, കണ്ടാടി വല, തിരണ്ടിവല, എന്നിവയാണ് ഉപയോഗിച്ചിരുന്നത്. വളരെ ഭാരം കൂടിയ ഈ വല കഴുകി ഉണക്കി വൃത്തിയാക്കി സൂക്ഷിക്കുന്നതിനുവേണ്ടി വലിയ മനുഷ്യാദ്ധ്വാനം വേണ്ടിയിരുന്നു.

പങ്കായം തുഴഞ്ഞും തണ്ട് വലിച്ചും കായികാദ്ധ്വാനം മാത്രം അവലംബമായിരുന്ന ആ കാലഘട്ടത്തിൽ വഞ്ചിയുമായ് ഏകദേശം 15 കി.മി. ദൂരത്തിൽ മത്സ്യബന്ധനത്തിന് പോകാറുണ്ടായിരുന്നു. അവിടെ കടലിന്റെ ആഴം 100 അടിയോളം കാണപ്പെടാറുണ്ട്. മത്സ്യബന്ധനത്തിലൂടെ ലഭിച്ചിരുന്നത് ഐല, മുള്ളൻ, ചെമ്മീൻ, വെളൂരി, മാന്തൾ, നന്തൻ, ചൂരക്കണ്ണി, ചൂഡ, പരവ, മണങ്ങ് സ്രാവ്, തിരണ്ടി ആവോലി എന്നിവയായിരുന്നു. എല്ലാ കാലങ്ങളിലും മത്സ്യം സുലഭമായ് ലഭിച്ചിരുന്നു. ഇങ്ങനെ കിട്ടിയിരുന്ന മത്സ്യങ്ങൾ തലച്ചുമടായും കുട്ടയും കാവിലുമാണ് കൊണ്ടുപോയ് വിൽപ്പന നടത്തിയിരുന്നത്. വിപണനം കഴിച്ച് ബാക്കി വരുന്ന മത്സ്യം ഉപ്പിട്ട് ഉണക്കി ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള ചാപ്പകളിലും സ്വകാര്യവ്യക്തികളുടെ ചാപ്പകളിലുമാണ് സൂക്ഷിച്ചിരുന്നത്. കൂടാതെ അന്ന് കിട്ടിയിരുന്ന മത്സ്യങ്ങളിൽ ചെമ്മീൻ പുഴുങ്ങി ഉണക്കി തല്ലി പരിപ്പാക്കിയും ചൂഡ വെയിലത്തിട്ട് ഉണക്കിയും വിദേശത്തേക്ക് കയറ്റുമതി ചെയ്തിരുന്നു. ചെമ്മീൻ തല്ലി കിട്ടുന്ന പൊടി (ചെമ്മീൻപൊടി) തെങ്ങിന് പ്രധാന വളമായ് ഉപയോഗിച്ചിരുന്നു. കൂടാതെ അധികമായ് ലഭിച്ചിരുന്ന പച്ചമത്സ്യങ്ങൾ തെങ്ങിന് വളമായി നാമമാത്ര വിലക്കാണ് വിറ്റിരുന്നത്.

മത്സ്യത്തൊഴലാളി മേഖലയിൽ കടുത്ത ദാരിദ്ര്യവും പട്ടിണിയും നിലനിന്നിരുന്നുവെങ്കിലും തീരദേശത്ത് ഫിഷറീസ് സ്കൂൾ സ്ഥാപിതമായതോടെ വിദ്യാഭ്യാസപരമായ് കുറച്ചെങ്കിലും ഉയർച്ച കൈവരിക്കാൻ ഇതുമൂലം കഴിഞ്ഞു.

അന്നത്തെ വഞ്ചികളുടെ ഉടമസ്ഥാവകാശം ചില വ്യക്തികളിൽ മാത്രമായാണ് കേന്ദ്രീകരിച്ചിരുന്നത്. ചില വഞ്ചികളിൽ വഞ്ചി പങ്കും പ്രത്യേകം പ്രത്യേകം നിശ്ചയിച്ച് ഉടമസ്ഥാവകാശം നിലനിർത്തിയിരുന്നു. സാമൂഹ്യമായ പിന്നോക്കാവസ്ഥ അനുഭവിച്ചുവന്നതിനാൽ മത്സ്യതൊഴിലാളികൾ ചൂഷണത്തിന് വിധേയരാകാറുണ്ട്.

എന്നാൽ ഇന്ന് പഴയ സമ്പ്രദായങ്ങൾ പാടെ ഇല്ലാതാവുകയും ആധുനിക യന്ത്രവത്ക്കരണത്തിന്റെ കാറ്റ് മത്സ്യത്തൊഴിലാളി മേഖലയിലൂടെ മുഖഛായ മാറ്റുകയും ചെയ്തു. മറ്റെല്ലാ മേഖലയിലുമുണ്ടാക്കിയ യന്ത്രവൽക്കരണത്തിന്റെ വേഗതയും മനുഷ്യാദ്ധ്വാനക്കുറവും ഉല്പാ

ദനരംഗത്തും സാമ്പത്തിക രംഗത്തും മാറ്റത്തിന്റെ തിരയിളക്കമുണ്ടാക്കി.

ഇന്ന് കേരളത്തിന്റെ ഭക്ഷ്യോൽപാദനരംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ഒന്നാണ് മത്സ്യസമ്പത്ത്. നമ്മുടെ ദേശീയ വരുമാനത്തിന്റെ വലിയൊരു ഭാഗം വിദേശനാണ്യം നേടിത്തരുന്നത് മത്സ്യമേഖലയാണ്.

പരമ്പരാഗത മത്സ്യബന്ധന രീതിയിൽ നിന്ന് ആധുനിക യന്ത്രവൽക്കരണത്തിലേക്കുള്ള കുതിച്ചുചാട്ടം ഉല്പാദനരംഗത്ത് മാത്രമല്ല മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരത്തിലും മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. എന്നാൽ മറ്റുമേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ കുറവാണെന്ന് നിസ്സംശയം പറയാം.

കയ്പമംഗലം പഞ്ചായത്തിന്റെ കിഴക്കേ അതിർത്തി കനോലിതോടും പടിഞ്ഞാറ് അറബിക്കടലുമാണ് സ്ഥിതി ചെയ്യുന്നത്. കിഴക്കും പടിഞ്ഞാറുമായ് ഒരു വലിയ വിഭാഗം ജനങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും മത്സ്യമേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കടലോരപ്രദേശമായ 1,2,3,6 വാർഡുകൾ ഉദ്ദേശ്യം 4 കി.മീ. നീളവും കിഴക്കൻ പ്രദേശങ്ങളായ 8,9,10,11 വാർഡുകൾ 4 കി.മീ. നീളത്തിലുമായാണ് ബന്ധപ്പെട്ടു കിടക്കുന്നത്.

മത്സ്യബന്ധന മേഖലയെ ആശ്രയിച്ചു ജീവിക്കുന്നവർ പ്രധാനമായും മൂന്ന് വിഭാഗക്കാരാണ്.

a. മത്സ്യബന്ധനത്തൊഴിലാളികൾ

b. മത്സ്യ വിതരണക്കാർ

c. അനുബന്ധതൊഴിലാളികൾ

ഇതിനുപുറമെ തരകന്മാർ എന്ന പേരിൽ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തികസഹായം നൽകുന്ന മറ്റൊരു ന്യൂനപക്ഷ വിഭാഗവും ഇതിലുൾപ്പെടുന്നുണ്ട്.

ഈ മേഖലയിൽ 620 മത്സ്യത്തൊഴിലാളി കുടുംബങ്ങളിലായി 722 റജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളും ഏകദേശം 200 ഓളം റജിസ്റ്റർ ചെയ്യാത്ത മത്സ്യത്തൊഴിലാളികളുമുണ്ട്. ഇവരിൽ 475പേർ മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളിൽ അംഗങ്ങളാണ്. ഭൂരിപക്ഷം വരുന്ന കുടുംബത്തിലെ വീട്ടമ്മമാരും സംഘങ്ങളിൽ അംഗങ്ങളാണ് എന്നുള്ളത് ശ്രദ്ധേയമാണ്.

പരിമിതമായ വാർഡുകൾമാത്രമാണ് മത്സ്യബന്ധനവുമായ് ബന്ധപ്പെട്ടുകിടക്കുന്നതെങ്കിലും പഞ്ചായത്തിലെ 12 വാർഡുകളിലുമായ് ഏകദേശം 300ൽപരം വ്യക്തികൾ മത്സ്യവിപണനവുമായ് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്.

തരകന്മാർ എന്ന പേരിലുള്ള മദ്ധ്യവർത്തികളായ 30ഓളം വരുന്ന വ്യക്തികളും മത്സ്യത്തൊഴിലാളിമേഖലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇക്കൂട്ടർ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുകയും പിടിച്ചു കൊണ്ടുവരുന്ന മത്സ്യങ്ങൾക്ക് വിലനിശ്ചയിക്കുകയും കണക്കുകൾ സൂക്ഷിച്ച് പണം ശേഖരിക്കുകയും ചെയ്യുന്നു. ലേലം ചെയ്യലിലൂടെ മത്സ്യവിപണനമുറപ്പിക്കുന്ന ഇവർ പ്രതിഫലമായ് കമ്മീഷൻ പറ്റുകയും ചെയ്തുവരുന്നു.

ആധുനിക യന്ത്രവത്ക്കരണത്തോടെ മത്സ്യബന്ധനരീതിയിൽ സമൂലമായ മാറ്റം വന്നുവെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അതിന്റെ പ്രകടമായ തെളിവാണ് ചെറുതോളികളിലുണ്ടായ മാറ്റം. അതായത് പഴയ ചെറുതോളികൾക്ക് പകരം വലിയ വലിയ വള്ളങ്ങളാണ് ഇന്ന് ഉപയോഗിക്കുന്നത്. കായികശേഷിക്ക് പകരം ഇന്ധനമുപയോഗിച്ചുള്ള വലിയ കുതിരശക്തിയുള്ള യന്ത്രങ്ങൾ വള്ളങ്ങളെ ചലനയോഗ്യമാക്കുന്നു.

'രണ്ടുവലക്കാർ' എന്നറിയപ്പെടുന്ന നാലു വഞ്ചികൾ കൂടിയാണ് ഇന്നത്തെ ഒരു വള്ളവും ഡിങ്കിയും എന്ന ഗ്രൂപ്പ് ആയിമാറിത്തീർന്നിരിക്കുന്നത്. അതുപോലെ പഴയ വഞ്ചിയിലെ 20 തൊഴിലാളികൾക്ക് പകരം വള്ളത്തിന്റെ വലുപ്പമനുസരിച്ച് 40 കുതിരശക്തിയുള്ള ഒന്നോ രണ്ടോ യന്ത്രങ്ങൾ ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തുന്നത്. പഴയ പരുത്തി നൂലിന്റേയും ചണ നൂലിന്റേയും വലകൾക്ക് പകരമായി യന്ത്രത്തിൽ നെയ്തെടുത്ത നൈലോൺ ചൂഡവല, കോരുവല, അടക്കംകൊല്ലിവല എന്നിവയാണ് ഉപയോഗിച്ചുവരുന്നത്.

ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള ഈ വള്ളങ്ങൾ ഏകദേശം 50 കി.മീ. ദൂരത്തിൽ വരെ മത്സ്യബന്ധനത്തിന് പോകാറുണ്ട്. പ്രധാനമായും വള്ളങ്ങൾക്ക് ഇന്ന് ലഭിക്കുന്ന മത്സ്യങ്ങൾ പൂവാലൻ ചെമ്മീൻ, ചൂഡ, കിരിയാൻ, ചാള എന്നിവയാണ്. പക്ഷേ നാരൻ ചെമ്മീൻ, കാര ചെമ്മീൻ, കൂന്തൾ കണവ എന്നിവ ഇന്ന് ദുർലഭമായാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ഒരുകാലത്ത് ഉപയോഗരഹിതമായ് അവഗണിച്ചിരുന്ന കൂന്തൾ,കണവ എന്നിവ വളരെ വിലയേറിയതുംവിദേശനാണ്യം നേടിത്തരുന്നതുമാമ്.

പഴയകാലഘട്ടത്തിൽ മത്സ്യവിപണരംഗത്ത് ഏർപ്പെട്ടിരുന്നവർ തലച്ചുമടായും കൊട്ടയും കാവിലുമാണ് വിൽപ്പന നടത്തിയിരുന്നതെങ്കിൽ ഇന്ന് അത്തരക്കാർ വളരെയേറെ കുറഞ്ഞിരിക്കുന്നു. മറിച്ച് സൈക്കിളിലും ഇരുചക്ര മോട്ടോർ വാഹനങ്ങളിലും മത്സ്യവില്പന നടത്തുകയാണ് ചെയ്ത്‌വരുന്നത്. ആയതിനാൽ ദൂരെ സ്ഥലങ്ങളിൽ വിൽപന നടത്തുവാൻ സഹായകരമായിത്തീരുന്നു.

കാലാകാലങ്ങളിൽ ലഭിച്ചിരുന്ന മത്സ്യങ്ങൾ ഇന്ന് ലഭ്യമല്ലാത്തതായ് തീർന്നിട്ടുണ്ട്. ഇതിന് പ്രധാന കാരണം യന്ത്രവൽക്കൃത ബോട്ടുകളുടെ കടന്നാക്രമണവും വൻകിട ട്രോളറുകളുടെ രംഗപ്രവേശനവുമാണ്.

## പ്രശ്നങ്ങൾ

1. ജൂൺ, ജൂലായ്, ആഗസ്റ്റ് എന്നീമാസങ്ങളിലാണ് മത്സ്യങ്ങളുടെ പ്രജനനം നടക്കുന്നത്. എന്നാൽ ആ കാലങ്ങളിൽ യന്ത്രവൽകൃതബോട്ടുകളുടെ മത്സ്യബന്ധനവും രാത്രികാലങ്ങളിലുള്ള ട്രോളിങ്ങും മത്സ്യങ്ങളുടെ ഉന്മൂലനാശത്തിന് കാരണമായിത്തിരുന്നു. ഇടക്കാലത്തുണ്ടായ ട്രോളിങ്ങ് നിരോധനം പ്രതീക്ഷ നൽകുന്ന കാര്യമാണെങ്കിലും പ്രജനന കാലഘട്ടമായ മൂന്ന് മാസക്കാലവും പരിപൂർണ്ണമായ് ട്രോളിങ്ങ് നിരോധന മേർപ്പെടുത്തേണ്ടതാണ്. കൂടാതെ മൺസൂൺ കാലയളവിൽ കരയോട് ചേർത്ത് വലിക്കുന്ന മൂട്വെട്ടി എന്നറിയപ്പെടുന്ന ചെറുവള്ളങ്ങളുടെ മത്സ്യബന്ധനം പ്രജനനത്തെയും ചാകരയേയും പ്രതികൂലമായ് വളരെയേറെ ബാധിക്കുന്നുവെന്ന് മത്സ്യത്തൊഴിലാളികൾ പരാതിപ്പെടുന്നുണ്ട്.

2. ആധുനിക യന്ത്രവത്കരണം മത്സ്യത്തൊഴിലാളി മേഖലയിൽ വന്നതോടെ പുരോഗതി ഒട്ടേറെ ഉണ്ടായിട്ടുണ്ടെങ്കിലും സാമ്പത്തികചിലവ് ഏറിവരികയാണ് ചെയ്യുന്നത്. ഉദാഹരണമായ് എല്ലായ്പ്പോഴും മത്സ്യബന്ധനം നടത്തിയാൽ മത്സ്യം കിട്ടണമെന്നില്ല. എന്നാൽ ഈ സാഹചര്യത്തിൽ യന്ത്രത്തിന്റെ ഇന്ധനക്ഷമതക്ക് വേണ്ടിയും ബാഹുല്യമേറിയ തൊഴിലാളികളുടെ ഭക്ഷണത്തിനുവേണ്ടിയും ഒട്ടേറെ സാമ്പത്തികചിലവ് ഉണ്ടാവുകയും കടബാദ്ധ്യതയായ് മാറിത്തിരുകയും ചെയ്യുന്നു.

3. വള്ളത്തിൽ ഘടിപ്പിച്ച യന്ത്രം പ്രവർത്തിക്കുന്നതിന് ഉപയോഗിക്കുന്നത് പ്രധാനമായും മണ്ണെണ്ണയാണ്. സർക്കാർ നിയമപ്രകാരം ഒരു വള്ളത്തിന് ഒരു എഞ്ചിൻ മാത്രമേ പെർമിറ്റ് നൽകുന്നുള്ളു. പക്ഷേ, വലുപ്പമനുസരിച്ച് വള്ളം പ്രവർത്തന ക്ഷമമാകുവാൻ അധികകുതിരശക്തി ആവശ്യമായതിനാൽ രണ്ടോ അതിൽ കൂടുതലോ എഞ്ചിൻ പിടിപ്പിക്കേണ്ട സ്ഥിതി വരുന്നു. ഇക്കാരണത്താൽ പെർമിറ്റുള്ള എഞ്ചിനുകൾക്ക് ഇന്ധനത്തിനായ് കരിഞ്ചന്തയെ ആശ്രയിക്കേണ്ടതായ് വരികയും സാമ്പത്തികച്ചിലവ് വർദ്ധിക്കുകയും ചെയ്യുന്നു. ആയതിനാൽ റജിസ്ട്രേഷൻ നടത്തിയിട്ടുള്ള എല്ലാ എഞ്ചിനുകൾക്കും മണ്ണെണ്ണ പെർമിറ്റ് നൽകുന്ന കാര്യത്തിൽ സർക്കാർ സജീവ ശ്രദ്ധകൊടുക്കേണ്ടതാണ്.

4. എന്നാൽ മറ്റൊരുകാര്യം എടുത്തുപറയാതിരിക്കാൻ നിവൃത്തിയില്ല. ഓഫ് സീസണുകളിൽ യഥാർത്ഥത്തിൽ മത്സ്യബന്ധനം നടക്കാതെ വരുമ്പോൾ കിട്ടുന്ന പെർമിറ്റ് മണ്ണെണ്ണ പലപ്പോഴും ദുരുപയോഗം ചെയ്യുന്നതായാണറിവ്. ഈ സ്ഥിതിവിശേഷം ഒഴിവാക്കുവാൻ പഞ്ചായത്തും ഗ്രാമസഭയും മേൽനോട്ടം വഹിക്കേണ്ടതാണ്.

5. മത്സ്യത്തൊഴിലാളി മേഖലയിൽ ഇന്ന് രണ്ട് സൊസൈറ്റിയും ഒരു ക്ഷേമ സംഘവും നിലവിലുണ്ട്. കയ്പമംഗലം ഫിഷർമെൻ ഐക്യനാണയസംഘം എന്ന പേരിലറിയപ്പെട്ടിരുന്ന സൊസൈറ്റി ഇന്ന് ഒരു ബാങ്കായ് പ്രവർത്തിച്ചുവരുന്നു. ഈ സൊസൈറ്റിക്ക് ഒന്നരക്കോടിയോളം മൂലധനനിക്ഷേപമുണ്ട്. കേരളത്തിലെ ഒന്നാംകിട ഫിഷർമെൻബാങ്കാണിത്. എന്നാൽ മറ്റു ശാഖകളൊന്നും തന്നെ ഇല്ലായെന്നുള്ളത് ഖേദകരമായ വസ്തുതയാണ്. മാത്രമല്ല മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി മാത്രം രൂപീകരിച്ച ഈ സംഘം മത്സ്യത്തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾക്ക് കാര്യമായ താല്പര്യം കാണിക്കുന്നതായും കാണുന്നില്ല. ബഹുഭൂരിപക്ഷം മത്സ്യത്തൊഴിലാളികൾക്കും അംഗത്വം നൽകുന്നതിൽ വിമുഖത കാണിക്കുന്നതായും മത്സ്യത്തൊഴിലാളികൾ പരാതിപ്പെടുന്നു. 6–ാം വാർഡിൽ മറ്റൊരു സൊസൈറ്റിയും ക്ഷേമ പ്രവർത്തനത്തിനായ് നിലവിലുണ്ട്. കൂടാതെ വലപ്പാടിന്റെ ഒരു ഭാഗവും എടത്തിരുത്തിയും കയ്പമംഗലവും ചേർന്ന് ചാപള്ളിപ്പുറം ക്ഷേമ വികസന സംഘം എന്ന പേരിൽ ഒരു ക്ഷേമ വികസനസംഘവും നിലവിലുണ്ട്.

6. കടലാക്രമണം ഒട്ടേറെ ഗ്രസിച്ചിരുന്ന പ്രദേശമായിരുന്ന കയ്പമംഗലം തീരദേശമെങ്കിലും കടൽ ഭിത്തി നിർമ്മാണത്തോടെ ഒരു പരിധിവരെ പരിഹാരമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും പലയിടത്തായ് തകർന്ന് കിടക്കുന്ന കടൽഭിത്തി പുതുക്കി നിർമ്മിക്കേണ്ടതായിട്ടുണ്ട്.

7. കയ്പമംഗലം മൂന്നാം വാർഡിലെ കമ്പനിക്കടവിന് തെക്കോട്ട് ഉദ്ദേശ്യം 400 മീറ്റർ ദൂരത്തിൽ കടൽഭിത്തി കെട്ടാതെ കിടക്കുന്നതിനാൽ കടൽക്ഷോഭം രൂക്ഷമായി അവിടെയനുഭവപ്പെടുന്നുണ്ട്. ഇതിന് ശാശ്വതമായ പരിഹാരം ഉടനെ കണ്ടെത്തണം.

8. പരിമിതമായ പ്രദേശം മാത്രം ഉൾക്കൊള്ളുന്ന തീരദേശമേഖലയിൽ പാർപ്പിടപ്രശ്നം ഗുരുതരമായ കാര്യമാണ്. 'അണുകുടുംബങ്ങൾ' വർദ്ധിച്ചുവരുന്ന ഇന്നത്തെ ജീവിതചുറ്റുപാടിൽ മത്സ്യത്തൊഴിലാളികൾക്കിടയിലും ഇത് വ്യാപരിച്ചിട്ടുണ്ട്. പ്രത്യേകിച്ച്തീരദേശ സംരക്ഷണനിയമം പ്രബല്യത്തിൽ വന്നതോടെ മത്സ്യത്തൊഴിലാളികൾക്കിടയിൽ കനത്ത ആശങ്കയാണ് നിലനിൽക്കുന്നത്. ഈ അവസ്ഥ തരണം ചെയ്യുന്നതിനുവേണ്ടി തിരദേശത്തിന് വളരെ അകലെയല്ലാതെ ഭൂമി വിലക്കെടുത്തുകൊണ്ട് സാമ്പത്തികമായ് പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യമൊരുക്കി കൊടുക്കേണ്ടതാണ്.

9. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശമാണല്ലോ മത്സ്യത്തൊഴിലാളിമേഖല. ഇന്ന് സർക്കാരിൽ നിന്ന് വിദ്യഭ്യാസനുകൂല്യങ്ങളും മറ്റു അനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെങ്കിലും കൂടി സാമ്പത്തികമായ് വളരെ പിന്നോക്കം

നിൽക്കുന്ന മത്സ്യതൊഴിലാളികളുടെ മക്കളുടെ ഉന്നതപഠനത്തിന് പ്രോത്സാഹനമേകുവാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അർഹരായ എല്ലാവർക്കും ലഭിക്കുവാൻ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

10. ഈ മേഖലയിൽ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന വായ്പകളിൽ നിന്നും മത്സ്യഫെഡ് ഒരു നിശ്ചിത തുക പിടിക്കുന്നുണ്ട്. ഈ സമ്പ്രദായം അടിയന്തിരമായി നിർത്തലാക്കി മുഴുവൻവായ്പാത്തുക തൊഴിലാളിക്ക് ലഭ്യമാക്കണം.

11. മത്സ്യബന്ധനഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ഇപ്പോൾ മത്സ്യഫെഡിന്റെ കീഴിൽ ഒരു വർക്ക്ഷോപ്പ് ഉണ്ടെങ്കിലും പരിമിതമായ സൗകര്യങ്ങളേയുള്ളു. അത് 24 മണിക്കൂറും തുറന്ന് പ്രവർത്തിക്കുന്ന സാഹചര്യമൊരുക്കണം.

12. മത്സ്യബന്ധന ഉപകരണങ്ങൾ ഇൻഷൂർ ചെയ്ത് സംരക്ഷിക്കുന്നതിന് മത്സ്യത്തൊഴിലാളിക്ഷേമ നിധി ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് കൂടുതൽ ബോധവൽക്കരണമില്ലായ്മമൂലം ഉപകരണങ്ങൾ പ്രകൃതിക്ഷോഭങ്ങളിൽ തകർന്നടിഞ്ഞുപോകുമ്പോൾ നഷ്ടപ്പെട്ട തുക കണ്ടെത്താൻ കഴിയാതെ ഗതികേടിലാകാറുണ്ട്. ഈ ദുസ്ഥിതി ഒഴിവാക്കുവാൻ കൂടുതൽ പ്രചരണപരിപാടികൾ മത്സ്യതൊഴിലാളികൾക്കിടയിൽ എത്തിക്കണം.

13. വളരെ അസംഘടിതരായ് കിടക്കുന്ന വിഭാഗമാണ് മത്സ്യവിതരണ തൊഴിലാളികൾ. പന്ത്രണ്ട് വാർഡുകളിലായ് വ്യാപരിച്ച് കിടക്കുന്ന ഇവരെ പഞ്ചായത്തിന്റെ കീഴിൽ ഏകോപിപ്പിച്ചുകൊണ്ട് ഒരു ക്ഷേമ സംഘം രൂപീകരിക്കുകയും അവർക്കായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും വേണം. കൂടാതെ മറ്റു മത്സ്യതൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ മത്സ്യ വിതരണതൊഴിലാളികൾക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

14. കാലം ഏറെ പുരോഗമിച്ചുവെങ്കിലും ഓലമേഞ്ഞ കുടിലുകളും വൈദ്യുകരിക്കാത്ത വീടുകളും കക്കൂസുകളുടെ അപര്യാപ്തതയും ഒരു ശാപമായ് ഇന്നും നിലനിൽക്കുകയാണ്. ഇത്തരം കാര്യങ്ങൾക്ക് സർക്കാരിന്റേയും പഞ്ചായത്തിന്റേയും ഭാഗത്ത് നിന്ന് പദ്ധതികൾ ഉണ്ടെങ്കിലും കൂടുതൽ ഉദാരവും ലളിതവുമാക്കി വായ്പാ തുകകൾ വർദ്ധിപ്പിച്ചുകൊണ്ട് ക്ഷേമ പ്രവർത്തനങ്ങൾക്ക് സഹായം കണ്ടെത്തണം.

15. പരിസര മലിനീകരണവും ശുദ്ധജലക്ഷാമവും നേരിടുന്ന പ്രദേശമാണ് തീരദേശമെന്നതിനാൽ കുടിവെള്ള സാർവത്രികമാക്കാനുള്ള അടിയന്തിരനടപടി സ്വീകരിക്കുകയും ആരോഗ്യ ബോധന ക്ലാസ്സുകൾ നടത്തുകയും വേണം.

16. മത്സ്യത്തൊഴിലാളികൾക്കിടയിൽ കണ്ടുവരുന്ന മദ്യപാനം പുകവലി എന്നീ അനാരോഗ്യശീലങ്ങൾക്കും പാഴ്ച്ചിലവിനുമെതിരെ ബോധവൽക്കരണകാമ്പയ്നുകൾ നടത്തണം.

## സാധ്യതകൾ

1. പടിഞ്ഞാറ് ടിപ്പുസുൽത്താൻ റോഡിന്റെ പടിഞ്ഞാറെ ഭാഗത്തായ് കടലിനോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ ഭാഗികമായ് മാത്രമേ ഗതാഗത സൗകര്യമുള്ളു. ഏകദേശം 4 കി.മീ. നീളമുള്ള ഈ റോഡ് പഞ്ചായത്ത് നേരിട്ട് നിർമ്മാണം നടത്തിയാൽ മത്സ്യത്തൊഴിലാളി മേഖലയിലും മറ്റു അനുബന്ധമേഖലയിലും ത്വരിത ഗതിയിലുള്ള വികസനം ഉറപ്പാക്കാം. അതുപോലെ തന്നെ നാഷണൽ ഹൈവേയുമായ് കയ്പമംഗലം ബിച്ചിനെ നേരിട്ട് ബന്ധിപ്പിക്കുന്ന ഏറ്റവും ചിരപുരാതനമായ കയ്പമംഗലം ബോർഡ് – 18 മുറി കമ്പനിക്കടവ് റോഡ് ടാർചെയ്ത് ഗതാഗത യോഗ്യമാക്കിയാൽ

2. മത്സ്യവ്യവസായത്തിന് മാത്രമല്ല ടൂറിസം വിസസനത്തിന് വരെ വളരെ അനുകൂലസാഹചര്യം സൃഷ്ടിക്കാവുന്നതാണ്

   കൂടാതെ കയ്പമംഗലം കൊപ്രക്കളത്ത് നിന്ന് പഞ്ഞംപള്ളി സെന്റർ വരെ എത്തിനിൽക്കുന്ന റോഡ് ബിച്ചിലേക്ക് നേരിട്ടെത്തിച്ചേരാൻ അരകി.മീ. ദൂരം മാത്രമേയുള്ളു. തൊട്ട് പടിഞ്ഞാറ് ഭാഗത്തെ അറപ്പയിൽ ഒരു സ്ലൂയികംബ്രിഡ്ജ് പ്രയോജനരഹിതമായ് നിലവിണ്ടെങ്കിലും ഇതുമായി ബന്ധിപ്പിച്ച് റോഡ് നിർമ്മിക്കേണ്ടത് അനിവാര്യമാണ്.

3. ജൂൺ മുതൽ സെപ്തംബർ വരെയാണ് പ്രധാനമായും മത്സ്യബന്ധനം നടക്കുന്ന കാലയളവ്. എന്നാൽ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറ്റവും ഖേദകരമായ കാര്യ തുടർന്നുള്ള കാലങ്ങളിൽ ജീവിതം വഴിമുട്ടിനിൽക്കുന്നു എന്നതാണ്. ഉപജീവനത്തിന് മറ്റുമാർഗ്ഗങ്ങൾ കണ്ടെത്താൻ കഷ്ടപ്പെടുന്ന ഈ കാലങ്ങളിൽ മറ്റു ഉപതൊഴിലുകൾ സൃഷ്ടിച്ചുകൊടുക്കുവാൻ സർക്കാർ ബദ്ധശ്രദ്ധരാകേണ്ടതാണ്. പായനെയ്ത്തും, കയർപിരിയും, ബീഡിതെറുപ്പുമാണ് സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്ന കൈവേലകളെന്ന് പ്രത്യേകം സൂചിപ്പിക്കട്ടെ.

   മത്സ്യം ധാരാളമായ് ഉണ്ടാകുന്ന കാലങ്ങളിൽ മത്സ്യം കേട് കൂടാതെ സൂക്ഷിച്ച് നല്ല വിലക്ക് വിതരണം ചെയ്യുവാൻ ഇന്ന് യാതൊരു സൗകര്യവും ഈ മേഖലയിലില്ല. ആയതിനാൽ ഐസ് പ്ലാന്റ്, കോൾഡ് സ്റ്റോറേജ്, മത്സ്യമാർക്കറ്റ് എന്നിവ ആരംഭിക്കണം.

4. കയ്പമംഗലം പഞ്ചായത്തിലെ രണ്ടും മൂന്നും വാർഡുകളുമായ് ബന്ധപ്പെട്ടുകിടക്കുന്ന കമ്പനിക്കടവ്ബീച്ച് ഇപ്പോൾ മത്സ്യലേലം സ്ഥിരമായ് നടക്കുന്ന പ്രദേശ

മാണ്. ഇവിടെ ഒരു ഫിഷ് ലാന്റിങ്ങ് സെന്റർ നിർമ്മിച്ച് വികസനം ഉറപ്പാക്കണം.

5. തീരദേശമേഖലയായ ഈ പ്രദേശത്ത് തെങ്ങ് കൃഷിക്കാവശ്യമായ വളങ്ങൾ എത്തിച്ചേരുന്നത് മംഗലാപുരത്ത് നിന്നും തൂത്തുക്കുടിയിൽ നിന്നുമാണ്. എന്നാൽ ഇവിടെ ലഭിക്കുന്ന മത്സ്യത്തിന്റെ ലഭ്യത കണക്കിലെടുത്ത് ഒരു ജൈവവളസംസ്കരണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

6. പലപ്പോഴും അധികമത്സ്യംലഭിക്കുമ്പോൾ കേട് കൂടാതെ സൂക്ഷിക്കാൻ സൗകര്യമില്ലാത്തതുകൊണ്ട് വില തീരെ കിട്ടാതെ വരികയും കടലിൽ തന്നെ പലപ്പോഴും മത്സ്യം ഒഴുക്കികളയാൻ നിർബന്ധിതരായ് തീരാറുണ്ട്. ഈ ദുസ്ഥിതി ഒഴിവാക്കാനും വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും മീൻ അച്ചാർ യൂണിറ്റ് തുടങ്ങുന്നത് ഗുണകരമായിരിക്കും.

7. തൃശ്ശൂർ ജില്ലയുടെ ഭൂരിപക്ഷപ്രദേശവും ഉൾക്കൊള്ളുന്നത് ചേറ്റുവ അഴിക്കും അഴീക്കോട് അഴിക്കുമിടയിലുള്ള തീരദേശമേഖലയിലാണ്. ഇതിനു നടുവിലായ് സ്ഥിതിചെയ്യുന്ന കയ്പമംഗലം പഞ്ചായത്തിന്റെ തീരദേശത്ത് വലകളെക്കുറിച്ച് ശാസ്ത്രീയമായ ഗവേഷണംനടത്തിക്കൊണ്ട് വല നിർമ്മാണ യൂണിറ്റ് വളരെ സാദ്ധ്യതയുള്ള സംരംഭമായിരിക്കും. ■

## ഉൾനാടൻ മത്സ്യബന്ധനം

കയ്പമംഗലം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഉൾനാടൻ മത്സ്യ ബന്ധനം കിഴക്കൻ അതിർത്തിയായ കനോലികനാലിനെ ആശ്രയിച്ചായിരുന്നു. എങ്കിലും പത്തോളം വലിയ കുളങ്ങൾ, ഒരു അറപ്പത്തോട്, പതിനഞ്ചോളം വലിയ തോടുകൾ, വെള്ളം വറ്റാത്ത പാടശേഖരങ്ങൾ, നാട്ടുകുളങ്ങൾ എന്നിവ ഉൾനാടൻ മത്സ്യത്തിന്റെ സ്രോതസ്സുകളായിരുന്നു. മുൻകാലങ്ങളിൽ ചെറു തോണികളിൽ ഒര തുഴക്കാരനും ഒന്നോരണ്ടോ വീശൽ വലക്കാരുമായിരുന്നു മത്സ്യബന്ധനത്തിന് പോകാറുള്ളത്. "വീശൽ വല" പരുത്തി നൂലുകൊണ്ട് സ്വന്തമായി കെട്ടിയുണ്ടാക്കിയായിരുന്നു ഉപയോഗിച്ചിരുന്നത്. ഉദ്ദേശം 15 ചെറുതോണികളിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നത് ഏകദേശം 45ഓളം തൊഴിലാളികളായിരുന്നു. 4 പേർക്ക് മാത്രമേ സ്വന്തമായി തോണിയുണ്ടായിരുന്നുള്ളു. മറ്റുള്ളവ ദിവസ വാടക്കെടുത്താണ് മത്സ്യ ബന്ധനം നടത്തിയിരുന്നത്. വീശൽ വല ഉപയോഗിച്ചു മാത്രമല്ല ചൂണ്ട ഉപയോഗിച്ചും മത്സ്യം പിടിക്കുമായിരുന്നു. കൊച്ചു കുട്ടികൾ വരെ വടിയിൽ നൂലും ചൂണ്ടയുമായി മത്സ്യബന്ധനം നടത്താറുണ്ട്. ചൂണ്ട ഉപയോഗിച്ച് മത്സ്യം പിടിക്കുന്നവർ 30ഓളം പേരുണ്ടായിരുന്നു.

അന്ന് പ്രധാനമായും വീശൽ വലയിൽ ലഭിച്ചിരുന്ന മത്സ്യങ്ങൾ വാള, ചെമ്മീൻ, കരിമീൻ, കണമ്പ്, ഇളമീൻ കൊഞ്ച്, തൂളി, പാലാത്തൻ, വരാൽ, പൂമീൻ, മുള്ളൻ, കുറുവ എന്നിവയായിരുന്നു. ചൂണ്ടയിൽ ലഭിച്ചിരുന്നത് ചെമ്പല്ലി, വാള, കുറുവ, കരിമീൻ, പാലാത്തൻ, കൊഞ്ച്, വറ്റ, തെരണ്ടി എന്നിവയായിരുന്നു. അന്ന് പൊതുവെ മത്സ്യത്തിന് നല്ല വിലകിട്ടിയിരുന്നു. മാത്രമല്ല മത്സ്യബന്ധനം നടത്തി കിട്ടിയിരുന്ന മത്സ്യങ്ങൾ തൊഴിലാളികൾ തന്നെയാണ് വിപണനം നടത്തിയിരുന്നുത്. അതുകൊണ്ട് ഇടത്തട്ടുകാരുടെ ചൂഷണം അനുഭവപ്പെട്ടിരുന്നില്ല. സെപ്തംബർ, ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി, മാർച്ച് എന്നീ മാസങ്ങളിൽ മാത്രമാണ് വിവിധയിനം മത്സ്യങ്ങൾ ലഭിച്ചിരുന്നത്. ശേഷിക്കുന്ന മാസങ്ങളിൽ മറ്റു നിത്യ ജീവിത വൃത്തികളിലാണ് ഏർപ്പെട്ടിരുന്നത്.

കുളം അറപ്പ, തോട്, പാടശേഖരങ്ങൾ എന്നിവിടങ്ങളിൽ നിന്ന് സാധാരണയായി വരാൽ, കരിപ്പിടി, പിലോപ്പിയ, മുഷു, കടു, പള്ളത്തി, പരൽ, ആരൽ, കോലാൻ, പകലുറങ്ങി, ചെറിയ കണമ്പ്, ചെമ്മീൻ എന്നിവയായിരുന്നു പ്രധാനമായി ലഭിച്ചിരുന്നത്. ഇവ ചൂണ്ട ഉപയോഗിച്ചും അപൂർവ്വം വീശൽ വല ഉപയോഗിച്ചും പിടിച്ചിരുന്നു. ഉൾ നാടൻ മത്സ്യ തൊഴിലാളികൾ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലായിരുന്നു. പ്രധാനമായും (90%) ഉൾനാടൻ മത്സ്യതൊഴിലാളികൾ പട്ടിക ജാതിക്കാരായിരുന്നു. കൂടാതെ ഇവർ

തികച്ചും അസംഘടിതരായിരുന്ന കൂടാതെ ഇവർക്ക് യാതൊരു സർക്കാർ ആനുകൂല്യങ്ങളും ലഭിച്ചിരുന്നില്ല. ഇന്ന് 150ഓളം തൊഴിലാളികൾ ഉൾനാടൻ മത്സ്യബന്ധനത്തിലേർപ്പെട്ടിട്ടുണ്ട്.

ആധുനിക ശാസ്ത്രസാങ്കേതികരംഗം വികസിച്ചുവെങ്കിലും പരമ്പരാഗത മത്സ്യബന്ധനരീതി തന്നെയാണ് പ്രധാനമായും ഈ മേഖലയിൽ നിലനിൽക്കുന്നത്. അതിനൊരപവാദം പരുത്തിനൂലുകൊണ്ടുള്ള വലക്കുപകരം യന്ത്രവത്കൃതമായ നൈലോൺ വലയും ടാങ്കീസ് വലയും ഉപയോഗിക്കുന്നു എന്നു മാത്രം. സർക്കാർ ആഭിമുഖ്യത്തിൽ IRDP മുതലായ വായ്പാ പദ്ധതികളിലൂടേ സ്വന്തമായി തോണികൾ നേടിയെടുക്കാൻ മത്സ്യതൊഴിലാളികൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ന് 11 പേർക്ക് സ്വന്തമായി ചെറുതോണികളുണ്ട്.

കാൻസർ പോലുള്ള മാരക രോഗങ്ങൾ മത്സ്യങ്ങളെ ബാധിച്ചതോടുകൂടി വിവിധയിനം മത്സ്യങ്ങൾ ഉന്മൂലനാശം സംഭവിച്ചു എന്നുപറയാം. ബ്രാൽ കരിപ്പിടി, തുളി, ആരൽ, കോലാൻ, പൂളാൻ എന്നിവമേൽപ്പറഞ്ഞ ജനുസ്സിൽ പ്പെട്ടവയായിരുന്നു. പഴയ കാലങ്ങളെ അപേക്ഷിച്ച് മത്സ്യത്തിന്റെ വില ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും വൈവിധ്യവും ലഭ്യതയും കുറഞ്ഞുകൊണ്ടിരിക്കയാണ്.

കുളങ്ങളും തോടുകളും പാടശേഖരങ്ങളും താമസസൗകര്യത്തിനും മറ്റു കൃഷിക്കുമായി മണ്ണിട്ടു മൂടിപോയതിനാൽ ഉൾനാടൻ ജലാശയങ്ങൾ പരിമിതപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ളത് തൊഴിലാളികളെ മാത്രമല്ല പ്രകൃതിയുടെ സന്തുലിതാവസ്ഥയെയും ഗ്രസിക്കുന്ന പ്രശ്നമായിട്ടുണ്ട്. കയ്പമംഗലം പഞ്ചായത്തിലെ 6-ാം വാർഡിലെ മത്സ്യഫെഡിന്റെ കീഴിൽ ചെമ്മീൻ വിത്ത് ഉത്പാദന കേന്ദ്രം സ്ഥിതിചെയ്യുന്നുണ്ട്. ഇവിടെനിന്ന് ചെമ്മീൻ കുഞ്ഞുങ്ങളെ ശുദ്ധ ജലാശയത്തിൽ വളർത്തുന്നതിനുവേണ്ടി വിൽപ്പന നടത്തുന്നുണ്ട്. ഒരു മാനേജരും 3 ടെക്നിക്ക് ആഫീസർമാരുമാണ് ഇവിടെ ജോലി ചെയ്യുന്നത്. കൂടാതെ 4 തൊഴിലാളികളും.

ചെമ്മീൻ വിത്തുൽപാദന രംഗത്ത് ഒട്ടേറെ വികസന സാധ്യതകൾക്ക് കളമൊരുക്കുന്ന ഈ 'ഹാച്ചറി' ഒട്ടേറെ പരാധീനതകൾ നേരിടുകയാണ്. കേവലം 76 സെന്റിൽ മാത്രമാണ് ഇന്നീ സ്ഥാപനം നിലനിൽക്കുന്നത്. ദേശീയമായി സംഭാവനയർപ്പിക്കാൻ കഴിയുന്ന ഗവേഷണ സാധ്യതകളും വികസനവും പ്രയോജനപ്പെടുത്തണമെങ്കിൽ മൂന്നര ഏക്കറോളം വരുന്ന ഭൂമി കൂടി ഇതിനായി അക്വയർ ചെയ്ത് കൊടുക്കേണ്ടതുണ്ട്. ഇതിനുള്ള നീക്കം നടക്കുന്നുണ്ടെങ്കിലും ലക്ഷ്യത്തിലെത്താൻ കഴിഞ്ഞിട്ടില്ല. അടിയന്തിര പ്രാധാന്യമർഹിക്കുന്ന വൈദ്യുതിയുടെ അഭാവം ഹാച്ചറിയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു. പരിഹാരമായി ഒരു ട്രാൻസ്ഫോർമർ ഹാച്ചറിക്കുവേണ്ടി പ്രത്യേകം സ്ഥാപിക്കേണ്ടതാണ്.

നിലവിലുള്ള ഉൾ നാടൻ മത്സ്യ കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ പഞ്ചായത്തിലെ മത്സ്യകൃഷിക്കാരെ ഏകോപിപ്പിച്ചുകൊണ്ട് 'ഉൾനാടൻ മത്സ്യസൊസൈറ്റി' രൂപീകരിക്കണം. അതോടൊപ്പം ശാസ്ത്രസാങ്കേതിക പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് പുതിയ വഞ്ചിയും വലയും നൽകണം. ഉൾനാടൻ മത്സ്യ തൊഴിലാളികൾ തികച്ചും അസംഘടിതരും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുമാണ്. മറ്റു മത്സ്യതൊഴിലാളികളെപ്പോലെ സർക്കാരിൽനിന്ന് ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുംപഞ്ചായത്തിലെ ഉൾ നാടൻ മത്സ്യതൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് 'ക്ഷേമ സംഘം' രൂപീകരിക്കുകയും ക്ഷേമ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വായ്പാ പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ള മത്സ്യ സമ്പത്ത് പരിരക്ഷിക്കുകയും വേണം. കൂടാതെ ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് തിരിച്ചടക്കാത്ത ഭവന വായ്പ ലഭ്യമാക്കുകയും വേണം. ■

### ദ്വിതീയ മേഖല

വ്യാവസായിക രംഗം പരിശോധിക്കുമ്പോൾ കയ്പമംഗലം പഞ്ചായത്തിൽ വളർച്ചയല്ല തളർച്ചയാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ മൊത്തം അവസ്ഥയും ഇതിൽ നിന്ന് ഭിന്നമല്ലല്ലോ. പക്ഷേ, പഞ്ചായത്തിലെ പരമ്പരാഗത കുടിൽ വ്യവസായ മേഖലകളായ തഴപ്പായ നെയ്ത്ത്, കയറുപിരി, രാമച്ച പായ നെയ്ത്ത്, ബീഡി തെരുപ്പ് തുടങ്ങിയവയെല്ലാം തന്നെ മൃതപ്രായമോ നിശ്ശേഷം നശിച്ചതോ ആയ നിലയിലാണ്. ചെറുകിട വ്യവസായ സംരംഭങ്ങളാണങ്കിൽ പുസ്തകത്തിന്റെ ഏടുകളിലാണധികവും, ആധുനിക ചെറുകിട വ്യവസായങ്ങൾ ഉണ്ടായിട്ടില്ലെന്ന് പറഞ്ഞു കൂടാ എന്ന് മാത്രം

തഴപ്പായ നെയ്ത്ത് ശോഷിച്ച് പോകാൻ കാ രണം മുഖ്യമായും ഇടനിലക്കാരുടെ ഇടപെടൽ മൂലം ഉല്പന്നത്തിന് മതിയായ വിലകിട്ടാത്തതും എന്നാൽ അസംസ്കൃത വസ്തുവായ. തഴയോലയുടെ ലഭ്യത കുറഞ്ഞതും സംഭരണത്തിന് കൂലികൂടിയതുകൊണ്ടുണ്ടായ ബുദ്ധിമുട്ടുകളുമാണ്. രാമച്ചത്തിന്റെ കാര്യമെടുത്താൽ കേരളത്തിന്റെ വ്യവസായിക-വാണിജ്യ മാപ്പിൽ കായ്പമംഗലം ചളിങ്ങാടിന് വളരെ പ്രധാനപ്പെട്ടൊരു സ്ഥാനമുണ്ടായിരുന്നു. കേരളത്തിനകത്തും പുറത്തും ലഭ്യമായ രാമച്ച ഉല്പന്നങ്ങളിൽ ഒട്ടുമിക്കതും ചളിങ്ങാട് ഉല്പാദിക്കുന്നതാണ്. രാമച്ചകൃഷിയും ഈ സ്ഥലം പ്രശ്സ്തമായിരുന്നു. എന്നാൽ " രാമച്ച പായ നിർമ്മാണം " പേരിന് മാത്രം നടക്കുന്നു. ഇപ്പോൾ ഈ പ്രദേശത്തേക്കുള്ള രാമച്ചം മുഴുവനും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു. പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ വ്യാപകമായി സംസ്കരിക്കുകയും കയറുല്പന്നങ്ങളാക്കി മാറ്റുകയും ചെയ്തിരുന്ന ചകിരി വ്യവസായം ഇന്ന് അനാകർഷവും ലാഭകരമല്ലാത്തതുമായി മാറിയിരിക്കയാൽ മിക്ക തൊഴിലാളികളും മറ്റു മേഖലകൾ താണ്ടി പോയി. മാത്രമല്ല ചകിരി സംസ്കരണം പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാവുന്നതും ഈ മേഖലയുടെ ശോഷണത്തിന് വഴിയൊരുക്കി. ബീഡി തെരുപ്പിന്റെ സാധ്യതകൾ മാങ്ങികൊണ്ടിരിക്കുന്ന സാമൂഹ്യസാഹചര്യത്തിൽ അതിന്റെ തിരോധാനത്തിൽ കുണ്ഠിത പെടേണ്ടതില്ല.

പഞ്ചായത്ത് പ്രദേശത്ത് നിലവിലുണ്ടായിരുന്ന പരമ്പരാഗത ചെറുകിട വ്യവസായ സംരംഭങ്ങളിൽ മുഖ്യസ്ഥാനം കൊപ്രആട്ടി വെളിച്ചണ്ണ ഉല്പാദിപ്പിക്കുന്ന മില്ലുകളാണ്. കൂടുതൽ വെളിച്ചെണ്ണ പിഴിഞ്ഞെടുക്കുന്ന എക്സപ്പെല്ലർ സംവിധാനവും കറന്റ് കട്ടും വെളിച്ചണ്ണ വിപണിയുടെ നിലവാര തകർച്ചയും ഈ രംഗത്ത് പിടിച്ച് നിൽകുന്നവരുടെ എണ്ണം നാമമാത്രമായി

അതുപോലെ പഞ്ചായത്തിന്റെ കവലകൾ തോറും ഉണ്ടായിരുന്ന നെല്ലുകുത്തു മില്ലുകൾ ഒന്നുപോലും നിലവിലുള്ളതായി അറിവില്ല. അടുത്തകാലത്ത് പ്രചാരത്തിൽ വന്ന ഫ്ളവർമില്ലുകളും ഇടിമില്ലുകളുമാണ് ഇവയുടെ പിൻതുടർച്ചക്കാരായ് അവതരിച്ചിട്ടുള്ളത്. അതുപോലെ ഗേറ്റുകളും ഗ്രില്ലുകളും നിർമിക്കുന്ന എഞ്ചിനിയറിങ്ങ് യൂണിറ്റുകളും റോളിങ്ങ് ഷട്ടർ, ഇരുമ്പ് മേശ, അലമാരി തുടങ്ങിയവയുടെ നിർമ്മാണ യൂണിറ്റുകളും നേരിയ തോതിൽ പഞ്ചായത്തിൽ നിലവിൽ വന്നിട്ടുണ്ട്. മാർബിൾ വ്യവസായം പഞ്ചായത്തിൽ സമീപകാലത്ത് പുഷ്ടിപ്പെട്ടിട്ടുണ്ട്. അതുപോലെ 9-ാം വർഡ് കേന്ദ്രീകരിച്ച് വനിതകളുടെ ഒരു വൻ വ്യവസായം പഞ്ചായത്തിൽ സമീപകാലത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 4-ാം വാർഡിൽ മാത്രമായി പഞ്ചായത്തിൽ 3 പ്രിന്റിങ്ങ് പ്രസ്സുകൾ ഉണ്ട്. 7-ാം വാർഡിൽ 1 പ്രസ്സുമുണ്ട്. ഈ മേഖലയിലായി പന്ത്രണ്ടോളം തൊഴിലാളികൾ ജോലിച്ചെയ്യുന്നുണ്ട്. 13 വർഷമായി കാളമുറി കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു സ്ക്രീൻ പ്രിന്റിങ്ങ് യൂണിറ്റ് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. വനിതാ സംരംഭങ്ങളായി റെഡിമെയ്ഡ് ഉല്പാദനം പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ചെറിയ തോതിൽ തുടങ്ങിയിട്ടുണ്ട്. കൂടാതെ 12-ാംവാർഡിൽ ഏറെക്കാലമായി നല്ല നിലയിൽ നടന്നവരുന്ന ഒരു ചെറുകിട വ്യവസായമാണ് പ്ലാസ്റ്റിക് സൈൻ ബോർഡ് നിർമാണ യൂണിറ്റ്. ഈ അടുത്തകാലത്ത് 12-ാം വാർഡിൽ നിലവിൽ വന്നിട്ടുള്ള ഒരു ആധുനിക ചെറുകിട വ്യവസായ യൂണിറ്റായ ട്രാൻസ്കോ Electronic core stamping and E & I strips ഉല്പാദന യൂണിറ്റാണ് ഏറ്റവും ഒടുവിലത്തേതായ ആധുനിക ചെറുകിട വ്യവസായ സംരംഭമായി പഞ്ചായത്തിലുള്ളത്.

ഇങ്ങനെയൊക്കയാണെങ്കിലും വ്യവസായ വകുപ്പുവഴി രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതും സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളതുമായ വ്യവസായ യൂണിറ്റുകളിലൂടെ ഒരെത്തിനോട്ടം വഴി പഞ്ചായത്തിലെ വ്യവസായ സംരംഭങ്ങൾ തുലോം മോശമല്ല എന്ന അഭിപ്രായമാണ് രൂപപെടുന്നത്. എന്നാൽ ഇവയിൽ ഏറിയ പങ്കും ഏട്ടിലെ വ്യവസായ യൂണിറ്റകളാണെന്ന പരമാർത്ഥം ഇവിടെ പ്രത്യേകം പ്രസ്ഥാവ്യമാണ്. കയ്പമംഗലം പഞ്ചായത്തിൽ 8-ാം പഞ്ചവത്സര പദ്ധതികാലത്ത് വ്യവസായ യൂണിറ്റുകൾക്ക് ലഭിച്ചിട്ടുള്ള അനുകൂല്യങ്ങൾ ഇപ്രകാരമാണ്.

1. സ്ഥിരം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള യൂണിറ്റകളുടെ ഏകദേശം എണ്ണം. 90
2. മാർജിനൽ മണിവായ്പ 3 യൂണിറ്റുകൾക്കായ് 2,00.424

3. വനിതാ വ്യവസായ രജിസ്ട്രേഷൻ 2 യൂണിറ്റ്

5 വനിതാ വ്യവസായ ഗ്രാന്റ് (1 യൂണിറ്റ്) 9,137

6. പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽ ദാന പദ്ധതിയനുസരിച്ച് വായ്പ ലഭിച്ചവർ 25 പേർ

7. പ്രധാന മന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിതരണം ചെയ്ത വായ്പ 16,52,000

8. കൈത്തറി സൊസൈറ്റി 1 എണ്ണം

9. പട്ടികജാതികാർക്കുള്ള ധനസഹായം 1

10. അതിൽ ധനസഹായം മൂന്ന് പേർക്കായ് 25,000

11. അതിൽ ഉപകരണ ഗ്രാന്റ് (12 പേർക്ക് 600 രൂപ വീതം) 7,200

മൊത്തം പഞ്ചായത്തിന്റെ വ്യവസായിക രംഗത്ത് നിലനിന്നിരുന്നതും സമീപകാലത്തെ മാറ്റങ്ങളും 8-ാം പഞ്ചവസ്തര പദ്ധതികാലത്ത് തുടങ്ങിയതോ പൂർത്തീകരിച്ചതോ ആയ സ്ക്കീമുകളേയും വിലയിരുത്തുമ്പോൾ കിട്ടുന്ന ഒരു ഏകദേശ ചിത്രമാണ് മുകളിൽ അവതരിപ്പിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങളെ ഒന്നു വിലയിരുത്താം.

വിദ്യാസമ്പന്നരായ യുവതീയുവാക്കൾ സ്വപ്നം കാണുന്നത് വെള്ള കോളർ ജോലിയാണ്. കൂടാതെ വ്യവസായ സംരംഭമെന്നാൽ അതിനോട് സമൂഹത്തിന് പ്രതിപത്തിയില്ലാത്ത പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. തൊഴിലിനുവേണ്ടി വ്യവസായ സംരംഭത്തിലേക്ക് ഇറങ്ങുക എന്ന രീതിയും ഇന്ന് നിലവിലില്ല. വ്യവസായി എന്നാൽ കയ്യിലുള്ള പണം പതിൻ മടങ്ങോ അതിലധികമോ ആയി ഇരട്ടിപ്പിക്കുന്നതിനുള്ള ഒരേർപ്പാടായി സംരംഭകനും ,സമൂഹവും കാണുന്നുണ്ട്. ഇതാണ് ഇതിലെ ഏറ്റവും വലിയ. പ്രശ്നം. ഈ നില മാറണം. ജോലിയുടെ ദൗർലഭ്യം വളരെയധികം അനുഭവപ്പെട്ടുക്കൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിൽ ഒരു തൊഴിൽ മാർഗ്ഗമെന്ന നിലയിൽ ചെറുപ്പക്കാർ വ്യവസായ സംരംഭത്തിലേർപ്പെടണം അങ്ങനെ വരുന്ന തൊഴിൽ സംരംഭകർക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ വളരെയാണ്. അവയെ നമുക്കൊന്ന് പരിശോധിക്കാം.

1. സാങ്കേതിക പരിജ്ഞാനം

അഭ്യസ്ഥ വിദ്യരാണെങ്കിലും തൊഴിൽ മേഖലകളിൽ സാങ്കേതിക പരിഞ്ജാനമില്ലാത്തവരാണ് നമ്മുടെ യുവതീയുവാക്കൾ. തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന്റെ കുറവാണ് ഇതിൽ പ്രധാനമായും മുഴച്ച് നിൽക്കുന്നത്. സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാന പരിശീലനം ലഭിക്കുവാനുള്ള പദ്ധതികൾ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുതലങ്ങളിൽ ഉണ്ടാകണം.

2. പശ്ചാത്തല സൗകര്യങ്ങൾ

വ്യവസായ സംരംഭകർക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളായ സാങ്കേതിക സഹായം, ധനസഹായം, വൈദ്യുതി ലഭ്യത, ഗതാഗത ലഭ്യത എന്നീ പ്രശ്നങ്ങൾക്ക് വേണ്ട രീതിയിലുള്ള പരിഹാരമാർഗ്ഗങ്ങളില്ല. ധനസഹായ അഭ്യർത്ഥനയുമായ് പുറപ്പെടുന്ന സംരംഭകന് പല സ്ക്കീമുകളും നിലവിലുള്ളതായ്പ്പറയുന്നുണ്ടെങ്കിലും പലപ്പോഴും മനം മടുപ്പിക്കുന്ന അനുഭവമാണ് ഉണ്ടായികൊണ്ടിരിക്കുന്നത്. അതുപോലെ വൈദ്യുതിയുടെ ദൗർലഭ്യം സംസ്ഥാനത്തെ മൊത്തം പ്രഹരമേല്പിച്ചുകൊണ്ടിരിക്കെ വ്യവസായ സംരംഭകനേയും സ്വാഗതാർഹമായ സമീപനമല്ല കൈകൊള്ളുന്നത്. ഗതാഗതവും സാങ്കേതിക സഹായവും പ്രശ്നങ്ങളുടെ പിടിയിലാണെങ്കിലും അത്രതന്നെ രൂക്ഷമായ പ്രശ്നമായി കണക്കാക്കുന്നില്ല.

3. വിപണനം

ഏതെല്ലാം കടമ്പകൾ കടന്നാലും വ്യവസായിക ഉല്പന്നത്തിന്റെ വിപണനമാണ് വ്യവസായികൾ നേരിടാവുന്ന പ്രശ്നങ്ങളിൽ പരമപ്രധാനമായത്. ഉല്പാദനം എന്തുമായികൊള്ളട്ടെ ഉല്പന്നത്തിന് മാർക്കറ്റുണ്ടെങ്കിൽ വ്യവസായികൾ തനിയെ ആകർഷിക്കപ്പെടും. വൻകിട കുത്തകകാരും പരസ്യത്തിന് വേണ്ടി വൻ തുകകൾ ചെലവഴിക്കാൻ തയ്യാറുള്ളവരും സൃഷ്ടിക്കുന്ന മാർക്കറ്റ് തരംഗങ്ങൾക്കിടയിൽ ചെറുകിടക്കാർക്ക് പിടിച്ചു നിൽക്കാൻ നന്നേ ബുദ്ധിമുട്ടേണ്ടിവരും

## നിർദ്ദേശ സാധ്യതകൾ

മേലുദ്ധരിച്ച പ്രശ്നങ്ങൾ നിലനിൽക്കേയാണ് വ്യവസായിക രംഗത്ത് ഉള്ള സാദ്ധ്യതകളെ വിലയിരുത്തേണ്ടത്. വ്യവസായിക വളർച്ച ത്വരിതപ്പെടുത്തണമെങ്കിൽ സംരംഭകരെ ആകർഷിക്കുകയും അവർക്ക് സാധ്യമായതും തനതു രംഗത്ത് നിലയുറപ്പിക്കാൻ ആവശ്യമായിട്ടുള്ളതുമായ പശ്ചാത്തലം ജനകീയ മാർഗ്ഗങ്ങളിലൂടെ സാദ്ധ്യമാക്കണം. അതിനുവേണ്ടി പാശ്ചാത്തല സൗകര്യങ്ങൾ ഉറപ്പുവരുത്തുന്ന ഒരു കർമ്മസമിതി ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത്/ തലത്തിൽ രൂപപ്പെടുത്തണം. ഈ കർമ്മ പദ്ധതിയിൽ പഞ്ചായത്ത് ഭരണാധികാരികൾ, ധനാഗമമാർഗ്ഗങ്ങൾക്കായ് സമീപിക്കാവുന്ന സാമ്പത്തിക സ്ഥാപനങ്ങൾ വൈദ്യുതി ബോർഡ്, വ്യവസായ ഉദ്യോഗസ്ഥർ സാമൂഹ്യ/രാഷ്ട്രീയ സംഘടനകൾ തൊഴിലാളി സംഘടനകൾ വ്യവസായികൾ അഥവാ സംരംഭകർ എന്നിവരുടെ പ്രതിനിധികൾ ഉണ്ടായിരിക്കണം. പാശ്ചാത്തല സാധ്യതകൾ തുടങ്ങി വിപണനം/മാർക്കറ്റിങ്ങ് വരെയുള്ള രംഗങ്ങളിൽ ഈ കർമ്മ സമിതിയുടെ മേൽനോട്ടവും നിരന്തരമായ ഇടപ്പെടൽ മാത്രമല്ല സ്ഥാപനത്തിന്റെ നടത്തിപ്പും ഉല്പാദന ക്ഷമതയിലും ഒഴിച്ചുള്ള എല്ലാ കര്യങ്ങളും സുഗമമാക്കാനുള്ള സത്വര ശ്രദ്ധ ഉണ്ടായിരിക്കുകയും വേണം. അങ്ങനെ വ്യവസായ സംരംഭകന് തന്റെ സ്ഥാപനത്തിന്റെ പ്രവർത്തനത്തിലും ഉല്പാദനം കാര്യക്ഷമമാക്കുന്നതിലും അതിലൂടെ ഉല്പന്നത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കാവുന്നതാണ്. അങ്ങനെ വ്യവസായിക രംഗ

ത്തേക്ക് കടന്നു കയറുന്നവർക്ക് നമ്മുടെ പഞ്ചായത്തിൽ നടത്താൻ പറ്റുന്ന വ്യവസായങ്ങളെ കുറിച്ച് രണ്ടു കോണുകളിൽ നിന്ന് നോക്കുന്നതാവും നന്നായിരിക്കുക.

1, പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള അസംസ്കൃ വസ്തുക്കൾ ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ ഉല്പാദിക്കുക

2. പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും ഉള്ള ജനങ്ങളുടെ നിത്യോപയോഗ വസ്തുക്കളായിട്ടുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുക

പഞ്ചായത്തിൽ സുലഭമായിട്ടുള്ള അസംസ്കൃത വസ്ത്തുക്കൾ പ്രധാനമായും കാർഷിക ഉല്പന്നങ്ങളായ നാളികേരം, ചകരി, ചിരട്ട, അടയ്ക്ക എന്നിവയാണ് ഇവയുടെ ഉപയോഗത്തിലൂടെ അല്ലെങ്കിൽ സംസ്കരണത്തിലൂടെ ഉല്പാദിപ്പിക്കാവുന്ന ഉല്പന്നങ്ങൾ നിരവധിയാണ്.

അതുപോലെ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലുള്ള ജനങ്ങളുടെ നിത്യോപയോഗ വസ്തുക്കൾ എല്ലാം തന്നെ മറുനാട്ടിൽ നിന്ന് വരുന്നവയാണ്. അവയിൽ നല്ലൊരു ഭാഗം വസ്തുക്കളും നമ്മുടെ നാട്ടിൽ ചുരുങ്ങിയ ചെലവിൽ ഉല്പാദിപ്പിക്കുന്നവയാണ്. മാർക്കറ്റിങ്ങ് ഉറപ്പ് വരുത്താനാവുമെങ്കിൽ ഇവയെല്ലാം ഉല്പാദിപ്പിക്കുവാൻ തയ്യാറുള്ള സംരംഭകർ ധാരാളമുണ്ടാവും, ഉദ: സോപ്പ് , സോപ്പ് പൊടി ചന്ദനത്തിരി, മെഴുകുതിരി തുടങ്ങിയവയും ഭക്ഷ്യോല്പന്നങ്ങളായ ചിപ്പ്സ്, അച്ചാർ, പാൽ ഉല്പന്നങ്ങൾ ഇത്യാദി

## വ്യവസായ എസ്റ്റേറ്റുകൾ

വ്യവസായ സംരംഭകരെ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണല്ലോ വ്യവസായങ്ങൾ തുടങ്ങാനുള്ള സ്ഥലപരിമിതി. ഇതുകണക്കിലെടുത്ത് വ്യവസായ എസ്റ്റേറ്റുകൾക്ക് പറ്റിയ പൊതു സ്ഥലത്ത് പഞ്ചായത്ത് തലത്തിൽ ഷെഡുകൾ പണിത് വാടകക്ക് കൊടുക്കാം

## വ്യവസായ സഹകരണസംഘങ്ങൾ

സാങ്കേതിക പരിജ്ഞാനം ലഭിച്ച പത്തോ അതിലധികമോ വരുന്ന വ്യത്യസ്ഥ കുടുംബങ്ങളിലെ വ്യവസായിക സംരംഭകർക്ക് ചില നിബന്ധകൾക്ക് വിധേയമായി സഹകരണ സംഘങ്ങളായി രജിസ്റ്റർ ചെയ്യാവുന്നതാണ്. അങ്ങനെയുള്ളവർക്ക് ഗവൺമെന്റിന്റെ വക മെമ്പർമാർ എടുക്കുന്നതിന്റെ നാലിരിട്ടിയും വനിതാ സഹകരണ സംഘങ്ങളാണെങ്കിൽ ആറിരിട്ടിയും ഓഹരി വിഹിതമായി ലഭിക്കാവുന്ന സാദ്ധ്യകളുണ്ട്. അവ സാദ്ധ്യതക്കനുസരിച്ച് രൂപീകരിക്കണം.

## കൺസ്യൂമർ സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും ഇവയുടെ പ്രചരണാർത്ഥം പരസ്യങ്ങളും പ്രചരണങ്ങളും സംഘടിപ്പിക്കുന്നതിനും കൺസ്യൂമർ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനും, ഉല്പന്നങ്ങൾ ആഘോഷങ്ങൾ കൊണ്ടാടുന്ന സ്ഥലങ്ങളിൽ പ്രദർശന സ്റ്റാളുകളായി- എന്നീ തരത്തിലുള്ള പരസ്യങ്ങളാവാം.

വ്യവസായ വാർത്തകളും പ്രസിദ്ധീകരണങ്ങളും പ്രേജക്റ്റ് പ്രൊഫൈലുകൾ എന്നിവ പഞ്ചായത്ത് ആസ്ഥാനങ്ങളിലും വായനശാലകളിലും ലഭ്യമാക്കേണ്ടതാണ്.

## ബ്ലോക്ക് തലത്തിൽ സ്വയം തൊഴിൽ എക്സ്ചേഞ്ചുകൾ

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പഞ്ചായത്തുകളിലെ അഭ്യസ്ഥവിദ്യരും സാങ്കേതിക പരിജ്ഞാനം സിദ്ധിച്ചുവരുമായിട്ടുള്ളവർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുക. അവരടുടെ അഭിരുചിക്കനുസരിച്ച് വേണ്ട സാങ്കേതിക സഹായവും വിദഗ്ദ ഉപദേശങ്ങളും ലഭ്യമാക്കുക. ഇവരുടെ bio-data സൂക്ഷിക്കുവാനും ആവശ്യത്തിനനുസരിച്ച് അവർക്ക് പറ്റിയ മേഖലകളിലേക്ക് തിരിച്ചുവിടുവാനും കഴിയണം.

## പഞ്ചായത്ത് സഹകരണ സംഘങ്ങൾ

പഞ്ചായത്തിലെ നല്ലൊരു വിഭാഗം വീടുകളിലും ഇപ്പോൾ ഉപജീവനത്തിനായി പായ നെയ്ത്തിനെ ആശ്രയിക്കുന്നുണ്ട്. സമൂഹത്തിലെ ഏറ്റവും അടിസ്ഥാന വർഗ്ഗവും പ്രത്യേകിച്ച് വനിതകളാണ് ഇതിലൂടെ ജീവിക്കുന്നതെന്നതുകൊണ്ട് അവർക്ക് വേണ്ട സഹായം നൽകുന്നതിനോ ഇടത്തട്ടുകച്ചവടക്കാരുടെ ചൂഷണം അവസാനിപ്പിച്ച് മതിയായ വില ഉറപ്പുവരുത്തുവാനും അവരുടെ തന്നെ സഹകരണസംഘങ്ങൾ വാർഡുകൾ തോറും രൂപീകരിക്കാവുന്നതാണ്. ഇതിലൂടെ തഴയോല ലഭ്യമാക്കുക. പായയുടെ വിപണനം എന്നീ കാര്യങ്ങളിൽ പുരോഗതി നേടാനാകും.

കൂടാതെ കയറുപിരി രാമച്ച പായനെയ്ത്ത് എന്നിവക്കും സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

## ചെറുകിട/കുടിൽ വ്യവസായ യൂണിറ്റുകൾ

താഴെ പറയുന്ന ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകൾ പഞ്ചായത്ത്/വാർഡു തലത്തിൽ രൂപീകരിക്കുക എന്നതിന് 9-ാം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളാണ്.

1. നോട്ടുബുക്ക് നിർമ്മാണം.
2. റെഡിമെയ്ഡു വസ്ത്രനിർമ്മാണം.
3. കറിപൗഡർ, അച്ചാറുകൾ, ഉപ്പേരി തുടങ്ങിയ ഭക്ഷ്യോല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ
4. സോപ്പ്, സോപ്പ് പൊടി, ചന്ദനത്തിരി, മെഴുകുതിരി നിർമ്മാണ യൂണിറ്റ്
5. ചിരട്ട, ചകിരി, എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള കരകൗശല വസ്ത്തുക്കളുടെ നിർമ്മാണം

6. ഇരുമ്പ് , മരം, തുടങ്ങിയ ഉപയോഗിച്ചുകൊണ്ടുള്ള ഫർണീച്ചർ നിർമ്മാണം.

7. സിമന്റ് , മെറ്റൽ, മണൽ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ളകെട്ടിട നിർമ്മാണ വസ്തുക്കളായ കട്ടിള, ജനൽ, ഇഷ്ടിക, തുടങ്ങിയ വ നിർമ്മിക്കുന്ന യൂണിറ്റ്

8. ചിരട്ട ഉപയോഗിച്ചുകൊണ്ടുള്ള Activated carbon നിർമ്മാണ യൂണിറ്റ്

9. മത്സ്യ സംസ്ക്കരണ യൂണിറ്റുകൾ

10. യന്ത്രവത്ക്കരണ ചകിരി, സംസ്ക്കരണ യൂണിറ്റ്

11. ചകിരിച്ചോർ അസംസ്കൃത വസ്തു ആയി ഉപയോഗിക്കാവുന്ന വ്യവസായങ്ങൾ ഉദ: ഹാർഡ് ബോർഡ്,ഡക്കറേറ്റിവ്/ ഡിസൈൻ ബോർഡ്.

12. കൊപ്ര സംഭരണം/ സംസ്കരണയൂണിറ്റുകൾ (വെള്ളിച്ചണ്ണ കൂടാതെ ടോഫി,ജാം,കേക്ക് തുടങ്ങിയ ഭക്ഷണവസ്തുക്കൾ)

13. കൈത്തറി വ്യവസായ യൂണിറ്റ്.

14. പാൽ ഉപയോഗിച്ചുകൊണ്ട് ഉണ്ടാക്കാവുന്ന ഉല്പന്നങ്ങളുടെ യൂണിറ്റ്.

15. ഇലക്ട്രിക്കൽ/ഇലക് ട്രോണിക്സ് സെപയർപാർട്ടുകൾ നിർമ്മാണ യൂണിറ്റുകൾ

16. അടയ്ക്ക അസംസ്കൃത വസ്തുവായി ഉപയോഗിച്ചുകൊണ്ടുള്ള 'സുഗന്ധ പാക്ക്" നിർമ്മാണ യൂണിറ്റ്

17. റബ്ബർ ഉല്പന്ന നിർമ്മാണ യൂണിറ്റ്

18. ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

19. തഴപായ് നെയത്തു (സഹകരണ അടിസ്ഥാനത്തിലും, സ്വകാര്യമേഖലയിലും)

20. രാമച്ചം, കയർ എന്നിവയുടെ ഉല്പന്നങ്ങളും സംഭരണവും വിപണനവും

21. ഇളനീർ സംസ്ക്കരിച്ച് ശീതള പാനീയങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്

22. മത്സ്യം, മാസം ശീതീകരണ യൂണിറ്റ്

23. ആയുർവ്വേദ മരുന്നു നിർമ്മാണ യൂണിറ്റ്

മൊത്തം നമ്മുടെ പഞ്ചായത്തിലെ വ്യവസായ സാദ്ധ്യതകൾ ഇങ്ങനെ വിലയിരുത്താമെങ്കിലും, വ്യവസായ സംരംഭകരുടെ വളർച്ചയും വികാസവും നാട്ടിലെ ജനങ്ങളുടെ സഹകരണത്തേയും മനോഭാവത്തേയും ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് വ്യവസായികളുടേയും തൊഴിലാളികളുടേയും ഉപഭോത്ക്കാളുടേയും കൂട്ടായിമയിലൂടെ സജ്ജമാകുന്ന സാമൂഹ്യ പാശ്ചാത്തലം ഉരുക്കലാണ് ഇന്നത്തെ പരമ പ്രധാനമായ ആവശ്യം. ഇതിന് ഏറ്റവും അനുയോജ്യമായ സംഭാവനകൾ നൽകാൻ കഴിയുന്നത് ഗ്രാമ വാസികൾക്കാണ്. ഇന്ന് നിലവിൽ വന്നിട്ടുള്ള ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ പങ്കാളികളായ എല്ലാവർക്കും ഒട്ടും മോശമല്ലാത്ത പങ്കു വഹിക്കാനുണ്ട്. ഇങ്ങനെ ജനകീയ തലത്തിൽ രൂപപ്പെട്ടുവരുന്ന സംരംഭങ്ങൾക്കെതിരെ ഈ സമൂഹത്തെ മൊത്തം കാർന്നു തിന്നിരുന്ന ബഹുരാഷ്ട്ര കുത്തകകളും അവരുടെ ദല്ലാളന്മാരും അടങ്ങുന്ന ഒരു ചെറിയ വിഭാഗത്തിന്റെ ശക്തമായ ആക്രമണം ഏത് രംഗത്തുനിന്നുമുണ്ടാകാം. ഇതിനെതിരെ ജനകീയ പ്രതിരോധ നിര ശക്തിപ്പെടുത്തിക്കൊണ്ട് 9-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ കരുത്താവാൻ വ്യവസായിക കേരളം ഉദയം കൊള്ളട്ടെ.■

# വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് വളരെ പിന്നണിയിൽ കിടന്നിരുന്ന ഒരു പ്രദേശമാണ് കയ്പമംഗലം. ജനസംഖ്യയിൽ 40% വരുന്ന മുസ്ലീംകളും മത്സ്യബന്ധനവും അതിനോടനുബന്ധിച്ചുള്ള ജോലികളും ചെയ്തിരുന്ന തീരദേശ വാസികളും, ആദ്യ കാലത്ത് വിദ്യാഭ്യാസ നേടുന്ന കാര്യത്തിൽ വലിയ തല്പരരായിരുന്നില്ല. അവർക്ക് അതിനുള്ള സാഹചര്യങ്ങളും ഉണ്ടായിരുന്നില്ല. എഴുത്തശാന്മാരുടെ കീഴിലും ഏക അദ്ധ്യാപകരുടെ വിദ്യാലയങ്ങളിലുമാണ് സമൂഹത്തിൽ സാമ്പത്തികമായ ഉയർന്നവർ അക്കാലത്ത് വിദ്യ അഭ്യസിച്ചിരുന്നത്.

കാത്തോലിക്കാ പള്ളിയോടനുബന്ധിച്ച ഏക ദേശം 100 വർഷത്തിനുമുമ്പ് പ്രവർത്തിച്ചിരുന്ന എൽ.പി. സ്ക്കൂളാണ്. ഇന്നത്തെ R.C.U.P. സ്ക്കൂൾ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള വിദ്യാലയവും ഇതുതന്നെയാണ്. വിദ്യാഭിവർദ്ധിനി സഭ 1922 ൽ ആരംഭിച്ച എലിമെന്ററി സ്ക്കൂളാണ്. ഇന്നത്തെ ഗവൺമെന്റ് L.P സ്ക്കൂൾ കയ്പമംഗലം (കൂരിക്കുഴി) തുടർന്ന് ഈ സ്ക്കൂൾ മലബാർ ഡിസ്ട്രിക്ട് ഏറ്റെടുത്ത് ഗവ. സ്ക്കൂളായി മാറുകയാണ് ഉണ്ടായത്. 1933ൽ വിജയഭാരതി സ്ക്കൂൾ തുടങ്ങി. സ്വാതന്ത്ര്യ ല്യബ്ദിക്കുമുമ്പ് സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചിരുന്ന വിദ്യാലയമാണ് കയ്പമംഗലം ബീച്ചിലെ ഫിഷറീസ് വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂൾ റാവു ബഹുദുർ . വി. ഗോവിന്ദൻ മദിരാശി സംസ്ഥാന ഫിഷറീസ് അസിസ്ററന്റ് ഡയറക്ടറായിരുന്ന കാലത്താണ്ഫിഷറീസ് സ്ക്കൂളായി മാറിയത്.

ഈ വിദ്യാലയം 1964 ൽ ഹൈസ്ക്കൂളായും 1993 ൽ വെക്കോഷണൽ ഹയർ സെക്കന്ററി സ്ക്കൂളായും ഉയർത്തുകയുണ്ടായി. മുസ്ലിം സമുദായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി 1938 ൽ കൂരിക്കുഴി AMUP. സ്ക്കൂൾ ആരംഭിച്ചു. ഇപ്പോൾ പഞ്ചായത്തിന്റെ 7-ാം വാർഡിൽ സ്ഥിതിച്ചെയ്യുന്ന A.M.U.P സ്ക്കൂൾ കയ്പമംഗലം South ഉം ഈ ഉദ്ദേശ്യത്തിൽ രൂപീകൃതമായതാണ്. ഗവ. മേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന G.M.L.P.S. മൂന്നുപീടികയും. G.M.LPS കയ്പമംഗലം North ഉം (ചളിങ്ങാട്) ആദ്യം സ്വകാര്യ വ്യക്തികളാണ് ആരംഭിച്ചത്. ഈ രണ്ടു വിദ്യാലയങ്ങളും പിന്നീട് മലബാർ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുക്കുകയായിരുന്നു. ഇതുകൂടാതെ സെൻട്രൽ LP സ്ക്കൂൾ കയ്പമംഗലം ക്ഷേമോദയം എൽ.പി, സ്ക്കൂൾ എന്നിങ്ങനെ രണ്ടു സ്വകാര്യമേഖലയിലുള്ള സ്ക്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. അൺ - എയിഡഡ് - മേഖലയിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കെല്ലാം പുറമെ അറബി ഭാഷയിൽ മാത്രം ഉന്നത വിദ്യാഭ്യാസം നല്കുന്ന ഒരു അറബി കോളേജും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. സ്ക്കൂളുകളുടെ പട്ടിക അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ 13 നഴ്സറി വിദ്യാലയങ്ങളുണ്ട് ഇവയിൽ ഒരെണ്ണം പഞ്ചായത്തിന്റെ കീഴിലും രണ്ടെണ്ണം സ്വകാര്യമേഖലയിൽ അംഗീകാരമില്ലാത്തതും 10 എണ്ണം സാമൂഹ്യ ക്ഷേമ കുപ്പിന്റെ അംഗീകാരമുള്ളവയുമാണ്. പഞ്ചായത്തിൽ മൊത്തം 5303 കുട്ടികൾ പഠിക്കുന്നുണ്

ഇതിൽ 10% പട്ടികജാതി വിദ്യാർത്ഥികളാണ്. നേഴ്സറി വിദ്യാലയങ്ങളിൽ 500ൽ അധികം വിദ്യാർത്ഥികലും 18 അദ്ധ്യാപകരുമുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിന് മാത്രമായി ഒരു സ്ഥാപനവും ഈ പഞ്ചായത്തിലില്ല. 3 സ്വകാര്യ ടൈപ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഈ പഞ്ചായത്തിൽ ഉണ്ട് നാമമാത്രമായി പ്രവർത്തിക്കുന്ന 3 ടൈലറിങ്ങ് പരിശീലനകേന്ദ്രം ഇവിടെയുണ്ട്.

ഈ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്നതിനാലും യാത്രസൗകര്യം കുറവായിതിനാലും ഭൂരിഭാഗം വിദ്യാർത്ഥികളും തൊട്ടടുത്ത പഞ്ചായത്തുകളിലെ വിദ്യാലയങ്ങളെയാണ് ആശ്രയിക്കുന്നത്.

കോളേജ് വിദ്യാഭ്യാസത്തിന് പ്രധാനമായും ആശ്രയിക്കുന്നത് നാട്ടിക ശ്രീനാരായണ കോളേജ്, കൊടുങ്ങല്ലൂർ പുല്ലൂറ്റുള്ള കുഞ്ഞികുട്ടൻ തമ്പുരാൻ മെമ്മോറിയൽ കോളേജ്, ആസ്മാബി കോളേജ്, പി.വെമ്പല്ലൂർ ഇരിങ്ങാലക്കുട സെന്റ് ജോസഫ്, ക്രൈസ്റ്റ് എന്നീ കോളേജുകളാണ്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ സ്വാധീനം നമ്മുടെ പഞ്ചായത്തിലും അധികരിച്ചുവരുന്നു. 500ലധികം കുട്ടികൾ അടുത്തുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളിലേക്ക് പോകുന്നുണ്ട്. ചെന്ത്രാപ്പിന്നി, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ എന്നീ സ്ഥലങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളിലേക്കാണ് ഈ കുട്ടികളെ രക്ഷിതാക്കൾ പറഞ്ഞയക്കുന്നത്. കൂടാതെ പുറമെയുള്ള സാധാരണ സ്ക്കൂളിലേക്കും വാഹനസൗകര്യം ഏർപ്പെടുത്തി കുട്ടികളെ ആകർഷിച്ചുകൊണ്ടുപോകുന്നുണ്ട്.

ഓരോ വർഷവും പഞ്ചായത്തിലെ സ്ക്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരികയാണ്. ഡിവിഷൻ കുറയുകയും അദ്ധ്യാപകരുടെ ജോലി നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥ ഇവിടെ നിലനിൽക്കുന്നു. കുട്ടികളുടെ കുറവ് മൂലം G.M.L.P.S. മൂന്നുപീടിക അൺഇക്കണോമിക്ക് ലിസ്റ്റിൽ വിദ്യാഭ്യാസ വകുപ്പും പെടുത്തിയിരിക്കുകയാണ്. വിജയഭാരതി സ്ക്കൂളും അൺഇക്കോണമിക്ക് ആയി പ്രഖ്യാപിക്കേണ്ട സ്ഥിതിയിലേക്കാണ്

നീങ്ങികൊണ്ടിരിക്കുന്നത്. പഞ്ചായത്തിലെ സ്ക്കൂളുകളിൽ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രികളാണ്. പഞ്ചായത്തിലെ സ്ക്കൂളുകളുകളുടെ ഭൗതിക സാഹചര്യങ്ങൾ വളരെ മോശമാണ്. പഠനനിലവാരവും കുറഞ്ഞു വരികയാണ്. പ്രാഥമിക സൗകര്യങ്ങൾ പല വിദ്യാലയങ്ങളിലും ഇല്ല തന്നെ. 3 വിദ്യാലയങ്ങളിൽ മൂത്രപുരയും 4 വിദ്യാലയങ്ങളിൽ കക്കൂസുംഇല്ല. 8 വിദ്യാലയങ്ങളിൽ വൈദ്യുതി ലഭിച്ചിട്ടില്ല. കുട്ടികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കാനുള്ള സൗകര്യപ്രദമായ പാചകപുരകൾ ഇല്ലെന്നു തന്നെ പറയാം. ശുദ്ധജലം കിട്ടാൻ രണ്ടു വിദ്യാലയങ്ങളിൽ സൗകര്യമില്ല. ഭൂരിപക്ഷം സ്ക്കൂളുകളിലും കളിസ്ഥലങ്ങളില്ല. ശാസ്ത്ര പഠനത്തിന് ലബോറട്ടറി സൗകര്യമുള്ളത് ഹൈസ്ക്കൂളിൽ മാത്രമാണ്. (അനുബന്ധം 2 നോക്കുക)

പ്രൈമറി സ്ക്കൂളുകൾക്ക് വിദ്യാഭ്യാസവകുപ്പ് നൽകുന്ന പഠനോപകരണങ്ങളും ശാസ്ത്രപഠനത്തിനുള്ള സാമഗ്രികളും ലബോറട്ടറി വസ്തുക്കളും ശരിയായ രീതിയിൽ സൂക്ഷിക്കുവാനോ അവ കുട്ടികൾക്ക് ശരിയായ രീതിയിൽ കാണിച്ചുകൊടുക്കുവാനോ ഉള്ള സൗകര്യം ഇന്ന് മിക്ക വിദ്യാലയങ്ങൾക്കില്ല. അതിനാൽ വിദ്യാഭ്യാസവകുപ്പും മറ്റു ഏജൻസികളും കൊടുക്കുന്ന പഠനോപകരണങ്ങൾ ഉപയോഗശൂന്യമാകുന്നു. ആധുനിക ബോധനത്തിന് ആവശ്യമായ ദൃശ്യ- ശ്രാവ്യ ഉപകരണങ്ങൾ മിക്ക വിദ്യാലയങ്ങളിലുമില്ല. SSLC വിജയശതമാനത്തിൽ ഒരുകാലത്ത് മികച്ചുനിന്നിരുന്ന ഫിഷറീസ് ഹൈസ്ക്കൂളിൽ വർഷങ്ങൾ കഴിയുംതോറും വിജയശതമാനം കുറഞ്ഞുവരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഇപ്പോൾ പ്രവർത്തിക്കുന്ന ബാലവാടികളിൽ ഒന്നും വേണ്ടത്ര പഠനസൗകര്യങ്ങളോ, കളിക്കോപ്പുകളോ, ഇല്ലാത്ത അവസ്ഥയാണ് അദ്ധ്യാപകരിൽ മുഴുവൻ പേരും മതിയായ യോഗ്യതയുള്ളവരല്ല. കളികളിലൂടെയുള്ള പഠനരീതിക്കു പകരം ഭാഷക്കും കണക്കിനും അമിത പ്രാധാന്യം കൊടുക്കുന്ന അവസ്ഥയാണുള്ളത്. കുട്ടികളുടെ ആരോഗ്യപ്രശ്നവും നിലനിൽക്കുന്നുണ്ട്. ശരിയായ വൈദ്യ പരിശോധനയും പോഷകാഹാരവും ലഭിക്കുന്നില്ല. വിദ്യാർത്ഥികളെ ദേശീയബോധവും , മാതൃഭൂമിയോടുള്ള സ്നേഹവും വളർത്തുവാനുതുകുന്ന ദേശീയാദിനാഘോഷങ്ങൾ വിദ്യാലയങ്ങളിൽ ചടങ്ങിനു മാത്രമാണ് നടക്കുന്നത്.

**നിർദ്ദേശങ്ങൾ**

1. എല്ലാ വിദ്യാലയങ്ങളിലും PTA മാതൃസംഗമം, സ്ക്കൂൾ വെൽഫെയർ അസ്സോസിയേഷൻ എന്നിവ സജീവമായി പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കണം.
2. മാതൃഭാഷയിൽ കൂടിയുള്ള വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം. അതിനാവശ്യമായ ബോധവത്കരണം ജനങ്ങളുടെ ഇടയിൽ നടത്തണം. SSLC വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുവാൻ ഇന്ന് നല്കുന്ന സ്പെഷൽ കോച്ചിങ്ങ് കുറേ കൂടി ഫലപ്രദമാക്കണം. ബന്ധപ്പെട്ട അദ്ധ്യാപകരുമായി പഠനനിലവാരത്തെക്കുറിച്ച് കൂടെകൂടെ ചർച്ച നടത്തുകയും വേണം
4. ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന വിദ്യാജ്യോതി, ഗുരുകുലം, തുടങ്ങിയ പദ്ധതികളിലൂടെ കുട്ടികളുടെ ഇടയിലുള്ള നിരക്ഷരത മാറ്റിയെടുക്കുവാൻ കഴിയും അത്തരം പദ്ധതികൾ ന മ്മുടെ പഞ്ചായത്തിൽ ആരംഭിക്കണം.
5. സാക്ഷരത പ്രവർത്തനം സജീവമാക്കണം.
6. സ്ക്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. (കെട്ടിടം, മൂത്രപുര, കക്കൂസ്, ഫർണിച്ചർ, ലബോറട്ടറി )
7. സ്ക്കൂൾ ലൈബ്രറി എല്ലാ വിദ്യാലയങ്ങളിലും ഏർപ്പെടുത്തണം. കുട്ടികൾക്ക് പ്രയോജനപ്രദമായ നല്ല പുസ്തകങ്ങൾ വാങ്ങണം.
8. 8,11 വാർഡുകൾക്ക് പ്രയോജനപ്രദമാകുമാറ് ഒരു LP സ്ക്കൂൾ തുടങ്ങണം
9. 5-ാം വാർഡിൽ ക്ഷേമോദയം lP സ്ക്കൂൾ UP സ്ക്കൂളായി ഉയർത്തണം.
10. പഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ഉതകുമാറ് (RCUP സ്ക്കൂൾ ഒരു ഹൈസ്ക്കൂളാക്കണം)
11. 5,7,8,9,11 എന്നീ വാർഡുകളിൽ ബാലവാടികളോ, അംഗൻ വാടികളോ പുതുതായി തുടങ്ങണം.
12. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിനായി ഒരു സ്ഥാപനം തുടങ്ങണം.
13. മറ്റു സ്ഥലങ്ങളിലെ സാധാരണ വിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളെ വാഹനങ്ങളിൽ കൊണ്ടുപോകുന്നത് നിരുത്സാഹപ്പെടുത്തണം.
14. സ്ക്കൂളുകൾ സിലബസ് നൂതനമായി പരിഷ്ക്കരിക്കണം.
15. അദ്ധ്യാപകർക്ക് 'ഇൻസർവ്വീസ്' കാലകാലങ്ങളിൽ നടത്തണം.

പഠനനിലവാരം ഉയർത്തുന്നതിന് pta യും , പഞ്ചായത്തും അദ്ധ്യാപകരെ കുറിച്ച് ഇടക്കിടെ നിരീക്ഷണം നടത്തണം.

16. കലാ കായിക രംഗം പരിപോഷിക്കുന്നതിന് വേണ്ട ത്ര പ്രാധാന്യം നൽകണം.

17. ഗവർമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിൽ പുതിയ സാങ്കേതിക കോഴ്സ് തുടങ്ങു കയും അതിനാവശ്യമായ സ്ഥല സൗകര്യം ഏർപ്പെ ടുത്തുകയും വേണം.

18. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന GLPSകയ്പ മംഗലം, GMLPS കയ്പമംഗലം എന്നീ വിദ്യാലയ ങ്ങൽക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കണം.

19. കളിസ്ഥലം ഇല്ലാത്ത വിദ്യാലയങ്ങൾക്ക് സ്ഥലം ഉണ്ടാക്കുകയും ഉള്ളവ ഗ്രാവൽ ചെയ്യണം.

20. ഉന്നത വിദ്യാഭ്യാസത്തിനായി ഒരു കോളജ് അനുവ ദിക്കണം

21. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വിദ്യാഭ്യാ സമേഖലയിലെ പ്രശ്നങ്ങൾ അവലോകനം ചെയ്യു ന്നതിന്പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീക രിക്കണം.

22. ഉച്ചകഞ്ഞി വിതരണം ചെയ്യുന്നതിൽ നിലവിലുള്ള സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കണം.

23. സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് നൽകുന്നതിന് നടപടിയുണ്ടാകണം.

24. ദുർബല വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് യൂണിഫോമും പഠനോപകരണങ്ങളും നല്കണം.

25. പഞ്ചായത്തിലെ സ്ക്കൂളുകളിൽ നിന്നും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് പഞ്ചായത്തത്ത് സമ്മാനം നല്കി ആദരിക്കണം

## അനുബന്ധം 1

### കയ്പമംഗലം പഞ്ചായത്തിലെ സ്കൂളുകളുടെ പൊതുവിവിരം 96-97

| ക്രമ നമ്പ. | സ്കൂളിന്റെ പേര് | ഉടമസ്ഥത | കുട്ടികളുട എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | ഹരിജൻ | | |
|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | | ആൺ | പെൺ | ആകെ |
| 1. | ജി.എം.എൽ.പി.എസ്. കയ്പമംഗലം നോർത്ത് (ചളിങ്ങാട്) | സർക്കാർ | 125 | 108 | 233 | 10 | 6 | 3 | 9 |
| 2. | ജി.എൽ.പി.സ്ക്കൂൾ, മൂന്നുപീടിക | " | 121 | 124 | 245 | 9 | 8 | 13 | 21 |
| 3. | ജിഎം.എൽ.പി.സ്ക്കൂൾ , കയ്പമംഗലം | " | 50 | 55 | 105 | 6 | 9 | 8 | 17 |
| 4. | ജി.എഫ്.എൽ.പി.സ്ക്കൂൾ," കയ്പമംഗലം | " | 170 | 153 | 323 | 12 | 14 | 12 | 26 |
| 5. | സെൻട്രൽ എൽ.പി.എസ്. കയ്പമംഗലം | എയ്ഡഡ് | 96 | 89 | 185 | 8 | 10 | 9 | 19 |
| 6. | വി.ബി.എൽ.പി.എസ്. കയ്പമംഗലം | " | 56 | 46 | 102 | 5 | 16 | 12 | 28 |
| 7. | ക്ഷേമോദയം എൽ.പി.എസ്. " | " | 137 | 159 | 296 | 10 | 24 | 14 | 38 |
| 8. | എ.എം.യു.പി.എസ്. കൂരിക്കുഴി | " | 468 | 444 | 912 | 33 | 29 | 28 | 57 |
| 9. | ആർ.സി.യു.പി.എസ്. കയ്പമംഗലം | " | 405 | 356 | 761 | 29 | 57 | 49 | 106 |
| 10. | എ.എം.യു.പി.എസ്. " സൗത്ത് | " | 379 | 199 | 578 | 22 | 28 | 28 | 56 |
| 11. | ഗവ.വി.എച്ച്.എസ്. കയ്പമംഗലം | സർക്കാർ | 737 | 672 | 1409 | 52 | 68 | 83 | 151 |
| | " (വി.എച്ച്.എസ്.എസ്.സി.) | " | 41 | 57 | 98 | | | | |
| 12. | ഹിറ സ്ക്കൂൾ | അൺ എയ്ഡഡ് | 86 | 56 | 142 | 6 | 0 | 2 | 2 |
| | ആകെ | | 2871 | 2518 | 5389 | 202 | 269 | 261 | 530 |

# അനുബന്ധം 2

## കയ്പമംഗലം പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ 96-97

| ക്രമ നമ്പർ | വിദ്യാലത്തിന്റെ പേര് | വിസ്തീർണ്ണം | ആഫീസ് മുറി | സ്റ്റാഫ് മുറി | ലാബരട്ടറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളിസ്ഥലം | കുടിവെള്ളം (പൈപ്പ് /കിണർ) |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ജി.എം.എൽ.പി.എസ്. കയ്പമംഗലം നോർത്ത് (ചളിങ്ങാട്) | 25.5 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 2. | ജി.എൽ.പി.എസ്. കയ്പമംഗലം | 66 | ഉണ്ട് | ഇല്ല | " | ഇല്ല | " | " | ഇല്ല | ഉണ്ട് | ഉണ്ട് |
| 3. | ജിഎം.എൽ.പി.സ്ക്കൂൾ , | 13 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 4. | ജി.എഫ്.എൽ.പി.സ്ക്കൂൾ, കയ്പമംഗലം | വാടക കെട്ടിടം | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 5. | സെൻട്രൽ എൽ.പി.എസ്. കയ്പമംഗലം | 22 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 6. | വി.ബി.എൽ.പി.എസ്. കയ്പമംഗലം | 17 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 7. | ക്ഷേമോദയം എൽ.പി.എസ്. | 73.25 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 8. | എ.എം.യു.പി.എസ്. കൂരിക്കുഴി | 150 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 9. | ആർ.സി.യു.പി.എസ്. കയ്പമംഗലം | 100 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 10. | എ.എം.യു.പി.എസ്. സൗത്ത് | 100.15 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 11. | ഗവ.വി.എച്ച്.എസ്. കയ്പമംഗലം | 200.95 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12. | ഹിറ സ്ക്കൂൾ - (അൺ എയ്ഡഡ്) | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | | | ഉണ്ട് |

# ആരോഗ്യം

കയ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗം അറബികടലിനാലും കിഴക്കുഭാഗം കനോലികനാലും ചുറ്റപ്പെട്ടുകിടക്കുന്നു. ഈ പഞ്ചായത്തു നിലവിൽ വന്ന വർഷം 30.12.19961 ആണ് 12 വാർഡുകളിലായി സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം $13.60^2$ KM2 ആകുന്നു മൊത്തം ജനസംഖ്യ 39,821 ആണ് ഇതിൽ 21,217 സ്തീകളും 18,604 പുരുഷൻമാരുമാണ്. അതായത് 14:16 എന്ന അനുപാതത്തിൽ ആണ്. പുരുഷ സ്ത്രീവ്യത്യാസം ആകെ ഉള്ള വീടുകളുടെ എണ്ണം 8123 ആണ്. അതിൽ 40% പേർ ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്നു. ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കുടിവെള്ളം, ആരോഗ്യം പരിസര ശുചിത്വം, എന്നീ വിഷയങ്ങളെ കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ഒരു ഗ്രമപഞ്ചായത്തിന്റെ സാമ്പത്തിക നില പ്രധാനമായും അവിടെ വസിക്കുന്ന ജനങ്ങളുടെ സമ്പദ്ഘടനെ ആശ്രയിച്ചാണ്. ഈ സമ്പദ്ഘടന ചൂണ്ടിക്കാണിക്കുന്നത് അവരുടെ ജീവിത നിലവാരത്തെയാണ്. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. ആരോഗ്യ മുള്ള മനസ്സുണ്ടായാൽ മാത്രമേ നല്ല വഴിക്കു ചിന്തിക്കാനും ഉയർന്ന ജീവിത നിലവാരം കൈവരിക്കാനും സാധിക്കുകയുള്ളൂ.

കയ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യകരമായ ചരിത്രം പരിശോധിച്ചുകഴിഞ്ഞാൽ ഈ രംഗത്ത് ഈ പഞ്ചായത്ത് വളരേയേറെ പിന്നോക്കാവസ്ഥയിൽ ആയിരുന്നു എന്നു മനസ്സിലാക്കാൻ സാധിക്കും. ശുദ്ധജലത്തിന്റ അഭാവവും ബോധവൽക്കരണത്തിന്റെ കുറവും ചികിത്സാലഭ്യതകുറവും എല്ലാം ഇതിന്റെ കാരണങ്ങളായി ചൂണ്ടിക്കാണിക്കാം. ഒരു കാലത്ത് തീരദേശത്ത് ജലജന്യ രോഗങ്ങൾക്കൊണ്ട് മരണങ്ങൾ സംഭവിച്ചിരുന്നു. ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞതുമായ ഒട്ടേറെ മഹത് വ്യക്തിക്കളുടെ അശ്രാന്ത പരിശ്രമ ഫലമായി ആരോഗ്യ കുടിവെള്ള പരിസരം ശുചിത്വ രംഗത്ത് ആശക്ക് വക നൽകുന്ന പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിൽ തന്നെയും ലക്ഷ്യ പ്രാപ്തിയിലെത്താൻ ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. കയ്പമംഗലം ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും അലോപ്പതി ചികിത്സയേയാണ് ആശ്രയിക്കുന്നത്. എന്നാൽ ജനങ്ങൾ ഇന്ന് ആയുർവ്വേദ ഹോമിയോ ചികിത്സാരീതികൾ സ്വീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇവിടെ നിലവിലുള്ള ആശുപത്രികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു

1. അലോപ്പതി ആശുപത്രി 1 വാർഡ് 3
2. സ്വകാര്യ ആശുപത്രി 1
3. സ്വകാര്യ ഡിസ്പൻസറികൾ 6
4. ഗവ.മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ 4
5. ഗവ.ഹോമിയോ ഡിസ്പൻസറി

ഈ പഞ്ചായത്തിൽ ഗവ: ആശുപത്രികളിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥരുടെ എണ്ണം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാനപ്പേർ | ആശുപത്രിയുടെ പേര് | എണ്ണം |
|---|---|---|---|
| 1. | ഡോക്ടർ | അലോപ്പതി 1<br>ഹോമിയോ 1 | 2 |
| 2. | നേഴ്സ് | അലോപ്പതി 1<br>ഹോമിയോ 1 | 2 |
| 3. | H1. | അലോപ്പതി 5 | 5 |
| 4. | SH1 | അലോപ്പതി 3 | 3 |
| 5 | JPHN | അലോപ്പതി 5 | 5 |
| 6. | അറ്റൻഡർ | അലോപ്പതി 1<br>ഹോമിയോ 1 | 2 |
| 7. | അറ്റൻഡർ പാർട്ട്ടൈം. | അലോപ്പതി 2 | 2 |
| 8 | IDC | അലോപ്പതി 1 | 1 |
| 9. | പ്യൂൺ | അലോപ്പതി 1 | 1 |
| 10. | പാർട്ട് ടൈം തൂപ്പുകാർ | ഹോമിയോ 1 | 1 |

## ഗവ. ആശുപത്രി

| ക്രമ നമ്പർ | പ്രശ്നങ്ങൾ | പ്രതിവിധികൾ |
|---|---|---|
| 1. | ഡോക്ടർ - നേഴ്സ്മാരുടെ കുറവ് | കൂടുതൽ ഡോക്ടർമരുയും നേഴ്സ്മാരേയും നിയമിക്കുക. |
| 2. | രാത്രികാലചികിത്സാ സൗകര്യകുറവ് | ഉദ്യോഗസ്ഥൻമാർക്ക് താമസ സൗകര്യത്തിന് കോർട്ടേഴ്സ് കൾ അനുവദിക്കുക.<br>കോമ്പൗണ്ട് വാൾ നിർമ്മിക്കുക. |
| | നാൽ ഹ്വദ്രോഗി | കോമ്പൗണ്ടുവാൾ ഇല്ലാത്തതി നായ്ക്കളുടേയും സാമൂകളുടേയും ശല്യമുണ്ട്. |

| ക്രമ നമ്പർ | പ്രശ്നങ്ങൾ | പ്രതിവിധികൾ |
|---|---|---|
| 3. | ഹൃദ്രോഗ വിഷചികിത്സാ, പ്രസവസംബന്ധമായ ചികിത്സ, വലിയമുറിവകൾക്കായുള്ള ചികിത്സകളുടെ അഭാവം | ഓരോ വിഭാഗത്തിനും പ്രഗദ്ഭരായ ഡോക്ടർമാരെ നിയമിക്കുക. ലേബർ റൂം, ഓപ്പറേഷൻ തീയ്യറ്ററുകളും അനുവദിക്കുക. |
| 4. | മറ്റു പ്രദേശങ്ങളിലെ രോഗികൾക്ക് phc യിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടുകൾ | യാത്രാസൗകര്യമുള്ള സ്ഥലത്ത് ഒരു ഗവ. ആശുപത്രി സ്ഥാപിക്കുക. നിലവിലുള്ളത് തീരദേശത്തോട് ചേർന്നതിനാൽ പഞ്ചായത്തിലെ അധികം ആളുകൾക്കും ഗുണം ലഭിക്കുന്നതിന് മദ്ധ്യഭാഗത്ത് ഒന്നുകൂടി സ്ഥാപിക്കുക. |
| 5. | മരുന്നുകളുടേയും ശുദ്ധജലന്റേയുംക്ഷാമം | പഞ്ചായത്ത് മുൻകൈയ്യെടുത്ത് അധികൃതരുടെ ശ്രദ്ധയിൽ പ്പെടുത്തുക. |
| 6. | ആശുപത്രിയുടെ സുരക്ഷിതത്വമില്ലായ്മ | ചുറ്റുമതിൽ നിർമ്മിക്കുക. |
| 7. | JPHN മാരുടെ കുറവ് | ഓരോ വാർഡിനും JPHN മാരെ നിയമിച്ച് ഗൃഹ സന്ദർശനം മെച്ചപ്പെടുത്തണം. |

കയ്പമംഗലം ഗ്രാമപഞ്ചായത്തിലെ PHCയിൽ 1992 മുതൽ 96 വരെയുള്ള സമയത്ത് ആശുപത്രിയിൽ കിടത്തി ചികിത്സിച്ചവരുടേയും വന്നു ചികിത്സിച്ചു പോയവരുടേയും കണക്കുകൾചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | in patient | out patient |
|---|---|---|---|
| 1. | 1992-93 | 277 | 18910 |
| 2. | 1993 | 94 423 | 19315 |
| 3. | 19944-95 | 401 | 21960 |
| 4. | 1995-96 | 445 | 21815 |
| | ആകെ | 1546 | 82000 |

ആരോഗ്യ പരിപാലന രംഗത്ത് ഇനിയും പ്രവർത്തിക്കാൻ ഏറെയുണ്ടെന്ന് മേൽസൂചിപ്പിച്ച സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നു 1992-96 കാലഘട്ടങ്ങളിൽ വിവിധ രോഗങ്ങൾക്ക് ആശുപത്രി ചികിത്സക്ക് എത്തിയവരുടെകണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | രോഗവിവരം | എണ്ണം |
|---|---|---|
| 1. | ത്വക്ക് | 673 |
| 2. | വാതം-എല്ല് | 1126 |
| 3. | പകർച്ച വ്യാധി | 2080 |
| 4. | വിഷ ചികിത്സ | 12 |
| 5. | മറ്റുള്ളവ | 79586 |

1993, 96 കാലയളവിൽ ഇവിടെ ജലജന്യ ശ്വാസകോശപ്രാണിജന്യമറ്റുള്ള രോഗങ്ങളിൽ ചികിത്സതേടി എത്തിയവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ജല ജന്യം | | ശ്വാസകോശം T.B. | പ്രാണിജന്യം മലേറിയ | മറ്റുള്ളവ അഞ്ചാംപനി |
|---|---|---|---|---|---|
| | വയറിളക്കം | മഞ്ഞപ്പിത്തം | 6 | 23 | 49 |
| 199394 | 324 | 11 | 4 | 19 | 12 |
| 1994-95 | 491 | 6 | 4 | 20 | |
| 1995 -96 | 247 | 10 | | | |
| | 1062 | 27 | 20 | 62 | 61 |

ഈ ഗ്രാമപഞ്ചായത്തിൽ ഗർഭിണികൾക്ക് ചികിത്സാസംബന്ധമായ പരിഗണനകൾ ലഭിക്കുന്നില്ല. 4 മാതൃ ശിശു സംരക്ഷണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ശിശുപരിപാലനത്തിനാണ്.

ഈ വർഷം ഒരു വയസ്സിനു താഴെയുള്ള 430 കുട്ടികൾക്ക് BCG കൊടുത്തിട്ടുണ്ട് 1 വയസ്സുള്ള കുട്ടികൾക്ക് DPT - 454 IInd 451 IIIrd 486 Booster doze 415 Polio - Ist 454 IInd 451 IIIrd 486 Booster 438 മീസ്സിൽസ് Ist 372 പേർക്ക്. ഗർഭിണികൾക്കുള്ള T.TIst 382, IInd 389 പേർക്ക്

ഇരുമ്പുഗുളികകൾ/ഫോളിക് ആസിഡ് 140 ഗർഭിണികൾക്ക്, 630 കുട്ടികൾക്ക് വിറ്റാമിൻ-എ തുള്ളിമരുന്ന് 1842 പേർക്ക് എന്നിങ്ങനെ വിതരണം ചെയ്തിട്ടുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നത്. മഴക്കാലത്തും, തെങ്ങു വളപ്രയോഗ സമയത്തും വയറിളക്ക രോഗങ്ങൾ തീരപ്രദേശത്ത് ഇപ്പോഴും കണ്ടുവരുന്നു എന്ന് PHCൽ നിന്ന് ലഭിച്ച കണക്കുകൾ സൂചിപ്പിക്കുന്നു. ഈ പഞ്ചായത്തിൽ ആകെയുള്ള ജനനമരണ നിരക്ക് പഞ്ചായത്ത് ആഫീസിൽ നിന്ന് ലഭിച്ചതാണ്

| നമ്പർ | വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|---|
| 1. | 1993-94 | 27 | 112 | ഇല്ല |
| 2. | 1994-95 | 81 | 152 | ഇല്ല |
| 3. | 1995-96 | 99 | 130 | ഇല്ല. |

ഈ ഗ്രാമപഞ്ചായത്തിൽ ഒരു വിഗലാംഗ സർവ്വേ നടത്തുകയുണ്ടായി മൊത്തം 136 പുരുഷൻമാരും 85 സ്ത്രീകളുമാണ് വിഗലാംഗരായി കണ്ടെത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വയസ്സ് | പുരുഷൻ | സ്ത്രീകൾ |
|---|---|---|---|
| 1. | 5 വയസ്സുമുതൽ | 4 | 1 |
| 2. | 5-10 | 5 | ഇല്ല |
| 3. | 10-18 | 26 | 23 |
| 4. | 18-25 | 11 | 12 |
| 5. | 25-45 | 44 | 21 |
| 6 | 45-60 | 28 | 23 |
| 7 | 60 മേൽ | 10 | 4 |

കയ്പമംഗലം ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന AMUPS ൽ വെച്ച് 3 വർഷങ്ങൾക്ക് മുമ്പ് കുഷ്ഠരോഗ നിർണ്ണയ ക്യാമ്പ് നടത്തുകയുണ്ടായി 10ൽ താഴെ കുഷ്ഠരോഗികൾ ഉണ്ടെന്ന് കണ്ടെത്തുവാൻ കഴിഞ്ഞു. ഈ പഞ്ചായത്തിൽ ക്ഷയരോഗം ബാധിച്ച്‌വരുമുണ്ട്. ക്ഷയരോഗ ചികിത്സക്കായി എല്ലാ മാസവും 28-ാം തിയ്യതി ഒരു ഡോക്ടർ PHC ൽ വരുന്നുണ്ട്. വിദഗ്ദ ചികിത്സ ലഭ്യമാക്കണമെങ്കിൽ ഇരിങ്ങാലക്കുട ഗവ. ആശുപത്രിയിലോ മുളങ്കുന്നത്തുകാവു ആശുപത്രിയിലോ പോകേണ്ടിവരുന്നു. അതുകൊണ്ടു തന്നെ പല രോഗികളും രോഗം അല്പം ഭേദമായാൽ മരുന്ന് തുടർന്ന് കഴിക്കാൻ വിമുഖത കാണിക്കുന്നു. ഈ പ്രദേശത്ത് പ്രത്യേകിച്ച് തീരദേശങ്ങളിൽ ആത്മഹത്യാ നിരക്ക് കൂടുതലാണ്. കുടുംബം സംരക്ഷിക്കാൻകഴിയാത്ത യുവാക്കൾക്കിടയിലാണ് ഈ പ്രവണത കൂടുതൽ. ഇതിനെതിരെ ബോധവൽക്കരണം കൂടുതൽ ആവശ്യമാണ്.

ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ ഈ പഞ്ചായത്തിൽ ഉണ്ട്.

1. ഗ്രാമീണ വികസന സഹായ സമിതി
2. നെഹ്റു യൂത്ത് സെൻ്റർ
3. മഹിളാ സമാജങ്ങൾ
4. ശാസ്ത്ര സാഹിത്യ പരിഷത്ത്.

കൂട്ടായ പ്രവർത്തനമില്ലായ്മയും ഇവരുടെ സേവനങ്ങളെ വേണ്ട വിധത്തിൽ ഉപയോഗിക്കാൻ കഴിയാത്തതിനാലും പ്രതീക്ഷിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ ലഭ്യമല്ല. ഈ സന്നദ്ധ സംഘടനകൾക്ക് സംഘടിതമായി പ്രവർത്തിക്കാൻ വേണ്ട അവസരങ്ങളും പ്രചോദനങ്ങളും ഒരുക്കുകയാണെങ്കിൽ ആരോഗ്യ രംഗത്ത് കയ്പമംഗലം ഗ്രാമപഞ്ചായത്തിൽ എൻ്റെ ആരോഗ്യം എൻ്റെ ഉത്തരവാദിത്തം എന്ന നിലയിലെത്തിക്കാമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

നിലവിലുള്ള സബ്സെൻ്റർ സ്ഥലവും, കെട്ടിടവും പ്രൈവറ്റ് പാർട്ടികളുടേതാണ്. സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ടാക്കാൻ നടപടി സ്വീകരിക്കണം. സബ്സെൻ്റർ കൂടുതൽ ആരംഭിക്കേണ്ടതാണ്. (വാർഡ് 1,8,9) നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രം കൂടാതെ ഈ പഞ്ചായത്തിൽ വേറെ ഒരു ഗവ. ആശുപത്രി അനുവദിക്കാത്ത പക്ഷം പ്രസവത്തിനുള്ള സൗകര്യം ഉണ്ടാകത്തക്ക വിധത്തിൽ ഒരു പ്രസവ ആശുപത്രി പഞ്ചായത്തിൻ്റെ മദ്ധ്യ ഭാഗത്ത് ഉണ്ടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ദുർബ്ബലർക്ക് രക്തദാനം രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്, സൗജന്യ ചികിത്സാക്യാമ്പ്, മാരകരോഗങ്ങളുള്ളവർക്ക് വിദഗ്ദ ചികിത്സക്കുള്ള സഹായം തുടങ്ങിയവക്കുള്ള നിയമനിർമ്മാണ നടപടികൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

**കുടിവെള്ളം ശുചിത്വം.**

വായു കഴിഞ്ഞാൽ മനുഷ്യ ജീവന് ഏറ്റവും ആവശ്യമായ ഒന്നാണ് ജലം. ദൈനം ദിന ജീവിതത്തിലെ പ്രവർത്തനങ്ങളുമായി വെള്ളം അത്രക്ക് ബന്ധപ്പെട്ട് കിടക്കുന്നു. ഇന്ന് ഉണ്ടാകുന്ന രോഗങ്ങളിൽ 80% രോഗങ്ങളും അശുദ്ധമായ ജലം ഉപയോഗിക്കുന്നതുവഴിയാണ്. ഗ്രാമത്തിലെ ജനങ്ങൾക്ക് ശുദ്ധമായ ജലവിനിയോഗത്തിനുള്ള സാദ്ധ്യതകൾ ഉണ്ടാകുകയാണെങ്കിൽ ആരോഗ്യ രംഗത്ത് ഉയർച്ച അനുഭവപ്പെടുന്നതായിരിക്കും.

ആദ്യകാലഘട്ടങ്ങളിൽ ജനങ്ങൾ കുടിവെള്ളത്തിനായി ഏറെ ആശ്രയിച്ചിരുന്നത് കുളങ്ങളേയാണ്. ആകെയുള്ള 8123 വീടുകളിൽ 50% ജനങ്ങളും കുടിവെള്ളത്തിന് കിണറുകളേയാണ് ആശ്രയിക്കുന്നത്. 35% പൊതുടാപ്പുകളേയും 15% ചാമ്പു പൈപ്പുകളേയും ആശ്രയിക്കുന്നുണ്ട്. നെതർലാൻ്റ് ഗവൺമെൻ്റിൻ്റെ സഹായത്തോടുകൂടിയുള്ള ശുദ്ധജല വിതരണപദ്ധതി പ്രകാരം 5.4 ലക്ഷം ലിറ്റേഴ്സ് കപ്പാസിറ്റിയുള്ള OH ടാങ്ക് (CSS) ടാങ്ക് 10600 ലിറ്റേഴ്സ് OH കപ്പാസിറ്റിയുള്ള മൂന്നു പീടിക, അറവുശാലയിൽ സ്ഥിതി ചെയ്യുന്ന ടാങ്കും കുടിവെള്ള പൊതുവിതരണ സംവിധാനത്തിൻ കീഴിലുണ്ട്.

72 കി.മി. വിതരണശേഷിയുള്ള ഈ പദ്ധതിയാണ് കയ്പ മംഗലം പഞ്ചായത്തിനുള്ളത്. ഒരു ദിവസം വ്യക്തിക്ക് 40 ലിറ്റർ വെള്ളം എന്ന തോതിലാണ് പൊതു ജലവിത രണം. ഈ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ 209 പൊതു ടാപ്പുകളാണ് സ്ഥിതി ചെയ്യുന്നത്. ഒരു പൊതു ടാപ്പിൽ നിന്ന് അടുത്ത പൊതു ടാപ്പിലേക്കുള്ള ദൂരം 200 മീറ്റർ ആണെന്നാണ് കണക്ക്.

കുടിവെള്ളക്ഷാമം അനുഭവിക്കുന്ന വാർഡുകൾ നിരവധിയാണ്. ഇതിൽ ഒന്നാംവാർഡിലെ തീരദേശത്ത് വേലിയേറ്റം അനുഭവപ്പെടുതന്നതുകൊണ്ട് ഉപ്പുവെള്ളം ആണ് ലഭിക്കുന്നത്. ഈ വാർഡ് തീരദേശ വാർഡിന്റെ കിഴക്കും പടിഞ്ഞാറുമായി വ്യാപിച്ചുകിടക്കുന്നതുകൊ ണ്ടാണ് ഉപ്പിന്റെ അംശം അനുഭവപ്പെടുന്നത്. ഈ വാർഡിൽ 11 പൊതുടാപ്പുകൾ മാത്രമേ നിലവിൽ വന്നി ട്ടുള്ളു. കൂടുതൽ പാവപ്പെട്ട ജനങ്ങൾ വസിക്കുന്ന ഈ വാർഡിൽ ഈടാപ്പുകൾ അപര്യാപ്തമാണ്. ഇതുപോ ലെതന്നെ ഈ പഞ്ചായത്തിലെ മിക്ക വാർഡുകളിലും ക്ഷാമം ഉണ്ടായിട്ടുണ്ട്. കൂടുതലായി ഈ പ്രശ്നം തീര ദേശ പ്രദേശങ്ങളായ 2,3,6 വാർഡുകളിലും വേലിയേറ്റം അനുഭവപ്പെടുന്നതുകൊണ്ട് 5-ാം വാർഡ് നിവാസി കൾക്കും കനോലികനാലിനോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തിന്റെ കിഴക്കേ അതിർത്തികളായ 11,12 വാർഡുകളിലുമാണ് ഇത് കൂടുതലായി കാണുന്നത്. 61 പൊതു ടാപ്പുകളുടെ നിർദ്ദേശം പൊതു ജല സമ്പ്രദായ ത്തിൽ ഇപ്പോൾ നിലവിൽ വന്നിട്ടുണ്ട്. ഇവിടുത്തെ നില വിലുള്ള ടാപ്പുകളും നിർദ്ദേശത്തിലുള്ള ടാരപ്പുകളും ജന സാന്ദ്രതയും ജലദൗർലഭ്യവും ജല മലിനീകരണവും കണക്കിലെടുക്കുമ്പോൾ വളരെ കുറവാണ്. നിലവിലുള്ള 209 ടാപ്പുകളിൽ 9 ടാപ്പുകൾ ജനങ്ങൾക്ക് ഉപകാരരഹി തമായ് നിലനിൽക്കുന്നു. ഒരു വർഷം ഒരു ടാപ്പിന് 875 രൂപ എന്ന നിരക്കിൽ പഞ്ചായത്ത് വാട്ടർ അതോരിറ്റിക്ക് ജലവിനിയോഗത്തിന് നൽകേണ്ടതുണ്ട്. ഇതിൽ ഉദ്ദേശം 5 ലക്ഷത്തോളം കുടിശ്ശികയായി ശേഷിക്കുന്നതുകൊണ്ട് പഞ്ചായത്തിന്റെ പൊതുജലസമ്പദായത്തിന്റ വികസന ത്തിന് വിഘാതം ആകുന്നുണ്ട്. നമ്മുടെ പഞ്ചായത്ത് സാമ്പത്തികമായ വളരെയധികം പിന്നോക്കം നിൽക്കുന്ന ആയതിനാൽ ജലവിതരണ സമ്പ്രദായത്തിന് വാട്ടർ അ തോറിറ്റിക്ക് നൽകേണ്ടകുടിശ്ശിക വലിയ ബാധ്യത തന്നെ സൃഷ്ടിക്കുന്നു.

ഈ പഞ്ചായത്തിൽ 217 സ്വകാര്യ വാട്ടർ കണ ക്ഷനുകൾ ഉണ്ട്. അതുകൂടാതെ സ്ഥാപനങ്ങൾക്കായി 7 കണക്ഷനുകളും ഉണ്ട്. ഉദ്യോഗസ്ഥൻമാരുടെ അഭാവം മൂലം കൃത്യമായി മീറ്റർ റീഡിംങ്ങ് നടക്കുന്നില്ല. വാട്ടർ അതോരിറ്റിയുടെ ഓഫീസ് നിലനിൽക്കുന്നത് 4-ാം വാർഡിലാണ്. ഒരു അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെ നാലു ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഈ സ്ഥാപനത്തിൽ വേണ്ടത്ര സ്ററാഫില്ല.

യഥാർത്ഥ ഉപഭോക്താക്കൾക്ക് പൊതുവിതരണ സമ്പ്രദായ പ്രകാരമുള്ള ടാപ്പുകൾ ലഭിക്കാതിരിക്കാനുള്ള കാരണങ്ങളിൽ ഒന്ന് പൈപ്പ്ലൈൻ കൊണ്ടുപോകാ നുള്ള സാങ്കേതിക തടസ്സമാണ്. ഒരു പട്ടികജാതി കോളനി പോലും ഈ ദുരിതം അനുഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ 35% ജനങ്ങളും ശുദ്ധജത്തെ ആശ്രയി ച്ചാണ് ജീവിക്കുന്നത്. സാങ്കേതിക തടസ്സങ്ങൾ നീങ്ങി കിട്ടുവാൻ അതാതുപ്രദേശത്തെ പ്രമുഖരായ വ്യക്തികൾ ഉൾപ്പെടുന്ന ബോധവൽക്കരണ സമിതികൾ രൂപീകരി ക്കണം. അതാതു ടാപ്പുകൾക്ക് ഓരോ പരിപാലകരെ നിയമിക്കുകയും ഈ പരിപാലകന്മാർ വാർഡ് വാട്ടർ കമ്മിറ്റി അംഗങ്ങൾ മുഖേന കയ്പമംഗലം ഗ്രാമപഞ്ചാ യത്തുകളിലോ വാട്ടർ അതോരിറ്റികളിലോ ടാപ്പുകൾക്കു ണ്ടാകുന്ന ലീക്കുകൾ റിപ്പോർട്ട് ചെയ്യാറുണ്ട്. കയ്പമം ഗലം ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒരു ഫാൾട്ട റിപ്പോർട്ട് റജിസ്റ്റർ ഇതിനായി സൂക്ഷിച്ചിട്ടുണ്ട്. പരാതി കൾ പരിഹരിക്കപ്പെടുന്നു രണ്ട് പഞ്ചായത്തുകൾക്കു മായി കേടുപാടുകൾ തീർക്കാനും KWAയിൽ ദിവസകൂ ലിക്ക് ഒരാളുടെ സേവനം മാത്രമേ ലഭ്യമാകുന്നുള്ളൂ എന്നതിനാൽ കാലതാമസം നേരിടാറുണ്ട്. ഈ ഗ്രാമപ ഞ്ചായത്തിൽ ഒരു ടാപ്പ് കൂട്ടുക എന്നതിന് KWA ആവ ശ്യപ്പെടുന്ന തുക 350 രൂപയാണെന്ന് കണക്കാക്കുന്നു. ഇത് പഞ്ചായത്ത് അടക്കണം. ഈ പഞ്ചായത്തിന്റ സാമ്പ ത്തിക നില കണക്കിലെടുക്കുമ്പോൾ ഇവിടെ കമ്മ്യൂ ണിറ്റി ടാപ്പുകൾ നിലവിൽ വരേണ്ടിയിരിക്കുന്നു. ടാപ്പ് ആവശ്യമുള്ള ഉപഭോക്താക്കളിൽ നിന്ന് നിശ്ചിത തുക ഈടാക്കുന്ന സമ്പ്രദായത്തിന് മറ്റു ഗുണങ്ങളുമുണ്ട്.

1. ഉപഭോക്താക്കൾ ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ സ്വന്തം നൽകേണ്ടതുള്ളൂ.
2. പഞ്ചായത്തിന് സാമ്പത്തിക ഭാരം കുറയും
3. ജനങ്ങൾ ജലവിനിയോഗത്തെക്കുറിച്ച് ബോധ വാൻമാരാകും.

ഓരോ ഉപഭോക്താക്കൾക്കും വളരെ ചെറിയ സംഖ്യമാത്രമേ ചിലവ് വരികയുള്ളു. അതുപോലെ ടാപ്പ് മാറ്റിവയ്ക്കുന്ന കാര്യത്തിലായാലും ഏത് സ്ഥല ത്തേക്കാണ് ടാപ്പ് ആവശ്യം അവിടത്തെ ഉപഭോക്താക്ക ളിൽ നിന്ന് ടാപ്പ് മാറ്റിവയ്ക്കാനാവശ്യമായ തുക പിരി ച്ചെടുക്കുകയും അവരുടെ കായിക ശേഷി വിനിയോഗി ക്കുകയും ചെയ്താൽ വളരെ എളുപ്പത്തിൽ ഈ പ്രശ്നം കൈകാര്യ ചെയ്യാവുന്നതാണ്. ഇത് ജലദുർവി നിയോഗത്തെ കുറക്കാനും സാധിക്കും.

കയ്പമംഗലം ഗ്രാമപഞ്ചായത്തിൽ വർഷങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന അവസ്ഥ വളരെ ശോചനീയമാണ്. ഇവിടെ വ്യവസായം വേണ്ടത്ര പുരോഗമിച്ചിട്ടില്ലാത്ത പ്രദേശമായതിനാൽ പരിസര മലിനീകരണം അത്ര ഗുരുതരമല്ല. ഈ പഞ്ചായത്തിലെ 60% വീടുകൾക്കും സ്വന്തമായ കക്കൂസ് ഉണ്ട്. എങ്കിലും ഭൂരിപക്ഷ തീരദേശ വാർഡുകളുലും കിഴക്കൻ പ്രദേശങ്ങളിലും പ്രാഥമിക കർമ്മം നിർവ്വഹിക്കാൻ സൗകര്യമല്ലാത്ത വീടുകൾ ഉണ്ട്. ഇവയെല്ലാം തന്നെ പാവപ്പെട്ട വീടുകൾ ആണെന്ന് പറയാം 25-2-1992 സോഷ്യ ഇക്കോണമിക് മുഖേന ഈ പഞ്ചായത്തിലെ പാവപ്പെട്ട ജനങ്ങളിൽ 50%നു കക്കൂസ് നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റേയും ഉപഭോക്താവിന്റേയും SEUന്റേയും അക്ഷരാർത്ഥത്തിലുള്ള പങ്കാളിത്തത്തോടുകൂടിയാണ് വിജയത്തിലെത്തിക്കാൻ സാധിച്ചത്. ആകെ ചിലവ് വരുന്ന തുകയുടെ 20% പഞ്ചായത്തും 20% ഗുണഭോക്താവും 60% SEU യുമാണ് നിർവ്വഹിക്കുന്നത്. ഉപഭോക്താവിന്റെ വിഹിതത്തിനു പുറമേ അവന്റെ കായികാദ്ധ്വാനം കൂടി ഇതിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി വിജയിപ്പിച്ചത് അന്നത്തെ പഞ്ചായത്ത് ഭരണസമിതികൾ അഭിനന്ദനങ്ങൾ അർഹിക്കുന്നുണ്ട്. ഇങ്ങനെ ഈ പഞ്ചായത്തിൽ 885 കക്കൂസുകൾ പണി തീർത്തുകഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ 100 കക്കൂസുകൾക്ക് SEU പഞ്ചായത്തും എഗ്രിമെന്റ് വെച്ചുകഴിഞ്ഞു. ഇവിടെ ആകെ ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം 1368 ആണ്. രണ്ടാം ഘട്ടത്തിൽ 87 എണ്ണത്തിന്റെ പണി പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. കക്കൂസ് നിർമ്മിച്ചു കൊടുക്കുന്നതുവഴി ജനങ്ങൾക്കിടയിൽ ആരോഗ്യപരമായ ഒരു അപചയം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഒരു ന്യൂനപക്ഷത്തിന് മാത്രമേ ഇതുകൊണ്ടുള്ള പ്രയോജനം ലഭിക്കുന്നുള്ളൂ. എന്നതിനാൽ ആരോഗ്യ ബോധവൽക്കരണം എല്ലാ തലങ്ങളിലേക്കും വ്യാപിക്കാനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്. അതിന് Filed publicity SEU, UNI, CEF എന്നീ ഡിപ്പാർട്ടുമെന്റുകളുടെ ആത്മാർത്ഥമായ സഹകരണം ആവശ്യമാണ്. ഫീൽഡ് പബ്ലിസിറ്റി, SEU,UNICEF, PHC എന്നീ ഡിപ്പാർട്ടുമെന്റുകളുടെ ആത്മാർത്ഥമായ സഹകരണം ആവശ്യമുണ്ട്. SEU പഞ്ചായത്തിന്റെ സാനിറ്റേഷൻ പ്രോഗ്രാമിന് ശേഷവും കക്കൂസുകൾ നിർമ്മിക്കാത്ത വീടുതൾ ഈ പഞ്ചായത്തിലുണ്ടാകാൻ സാദ്ധ്യതയുണ്ട്. അങ്ങിനെ വരുന്ന പക്ഷം കക്കൂസുകളുള്ള വീടകൾക്ക് പഞ്ചായത്തിൽ നിന്നും വീട്ടുനമ്പർ കൊടുക്കൂ എന്നുള്ള തീരുമാനം പഞ്ചായത്ത് കമ്മറ്റി എടുക്കേണ്ടതാണ്. SEU ന്റെ ഇടപെടലുകൾകൊണ്ട് വയറിളക്കം, കോളറ, മുതലായ ജലജന്യ രോഗങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. മറ്റുതരത്തിലുള്ള മലിനീകരണങ്ങൾ ഇല്ലാതാക്കാനുള്ള ഒരു സംവിധാനം പഞ്ചായത്തുതലത്തിൽ ഇല്ല. 45% ത്തോളം ജനങ്ങളും പരിസര മലിനീകരണത്തിന്റെ കാര്യത്തിലും ശ്രദ്ധാലുക്കളല്ല. പല തോടുകളും കുളങ്ങളും, പാടങ്ങളും ചപ്പുചവറുകളും, ചകിരിയും കൊണ്ട് മൂടുന്ന വെള്ളം മലിനപ്പെടുകയും കൊതുകകൾക്ക് വളരാവുന്ന സാഹചര്യമുണ്ടാക്കുകയും ചെയ്യുന്നു. 2,3,6 എന്നീ തീരദേശങ്ങളിൽ മലിനീകരണം ഏറെയുണ്ട്. അശാസ്ത്രീയമായ മത്സ്യകച്ചവടം, മത്സ്യചാപ്പ, മത്സ്യം ഐസ് ഇടൽ എന്നിവ മൂലമാണ‌ിത്. 18 മണിക്കൂറോളം പ്രവർത്തിക്കുന്ന ഹോട്ടലുകൾ ഈ പഞ്ചായത്തിൽ ഏറെയുണ്ട്. അവയിൽ നിന്ന് പുറത്തേക്കൊഴുകുന്ന മലിന ജലവും പാഴ് വസ്തുക്കളും ആരോഗ്യ രംഗത്തിന് ഒരു ഭീഷണിയാണ്. ഹോട്ടലുകളിൽ സൂക്ഷിക്കപ്പെടുന്ന പഴകിയ ആഹാരവസ്തുക്കളെക്കുറിച്ചും ഹോട്ടലുകളുടെ ശുചിത്വത്തെക്കുറിച്ചും അന്വേഷിക്കാവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ശ്രമിക്കാറില്ല എന്നതാണ് സത്യം. കടകമ്പോളങ്ങൾ പുറംതള്ളുന്ന പാഴ് വസ്തുക്കൾ പരിസര മലിനീകരണത്തിൽ നിർണ്ണായക പങ്ക് ഉണ്ട്. ഇതിനാൽ പ്രധാനപ്പെട്ട കവലകളിലും കടകളുടെ മുൻവശത്തും കുപ്പത്തൊട്ടികൾ സ്ഥാപിക്കേണ്ടതാണ്. അനധികൃത അറവുശാലയിലെ പാഴ് വസ്തുക്കൾ ശേഖരിച്ച് സംസ്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ■

ഗതാഗതത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ ഏകദേശം 150 വർഷങ്ങൾക്കു മുമ്പ് ടിപ്പു സുൽത്താന്റെ പടയോട്ടത്തിന്റെ ചിത്രമാണ് ഓർമ്മവരുന്നത് ആ കാലഘട്ടത്തിൽ ടിപ്പുസൽത്താൻ ചേറ്റുവയിലും, കോട്ടപ്പുറത്തും കോട്ടകൾ ഉണ്ടാക്കിയിരുന്നു. ഈ കോട്ടകളിലേക്കുള്ള മാർഗ്ഗം കയ്പമംഗലം പഞ്ചായത്തിന്റെ മണൽ നിറഞ്ഞ പാതകളിലൂടെയായിരുന്നു. ഇന്ന് നിലവിലുള്ള N.H. 17 ആണ് പ്രധാനമായും ടിപ്പുവിന്റ യാത്രക്ക് വേണ്ടി ഉപയോഗിച്ചിരുന്നത്. മണൽ നിറഞ്ഞ ഈ വഴിടാർ ചെയ്തു ദേശീയ പാതയായി ഏറ്റെടുക്കുന്നതുവരെ ടിപ്പുസുൽത്താൻ റോഡെന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

മേൽ പറഞ്ഞ N.H.17 ന് സമാന്തരമായി കിഴക്ക് മതിലകം പള്ളിമുതൽ ചേറ്റുവവരെയും പടിഞ്ഞാറ് അഴീക്കോട് മുതൽ ചേറ്റുവവരേയും ടിപ്പുസുൽത്താൻ റോഡെന്ന പേരിൽ രണ്ട് റോഡുകൾ കയ്പമംഗലം ഗ്രാമ പഞ്ചായത്തിലൂടെ പോകുന്നുണ്ട്.

ഇന്നത്തെ കാലഘട്ടത്തിന് വിപരീതമായി ഏകദേശം 50 വർഷങ്ങൾക്ക് മുൻപ് വരെ ജലഗതാഗത മാർഗ്ഗവും നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ അവലംബമാക്കിയിരുന്നു. ബ്രിട്ടീഷുകാരനായ കെനോലി സായ്പാണ് പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയലൂടെ കടന്നുപോകുന്ന ദീർഘദൂരമുള്ള കനാൽ നിർമ്മിച്ചത്. പ്രസ്തുതകനാൽ ഇന്ന് കനോലി കനാൽ എന്ന പേരിൽ അറിയപ്പെടുന്നു. കോട്ടപ്പുറം മുതൽ ചേറ്റുവ-ചാവക്കാട് - പൊന്നാനി വരെ നീണ്ട് കിടക്കുന്നതാണ് ഈ കനാൽ. ആ കാലഘട്ടത്തിൽ യാത്രക്ക് വേണ്ടി മാത്രമല്ല വാണിജ്യ വിപണനത്തിനും അവശ്യ വസ്തുക്കൾ ദൂരസ്ഥലങ്ങളിൽ നിന്നു എത്തിക്കുന്നതിന് വേണ്ടിയും പ്രസ്തുത കനാൽ ഉപയോഗിച്ചിരുന്നു. അന്ന് പ്രധാനമായും ദൂരയാത്രക്ക് കമ്പനി വഞ്ചി അഥവാ ഓട്ടു വള്ളമാണ് ഉപയോഗിച്ചിരുന്നത്.

വള്ളംപുറപ്പെടുന്നതിനുമുമ്പ് യാത്രക്കാർക്ക് മുന്നറിയിപ്പു കൊടുക്കുന്നതിനായി മണിമുട്ടി അറിയാക്കാറുണ്ടായിരുന്നു കൂടാതെ വിവാഹ യാത്രകൾക്കും മറ്റും കെട്ടുവള്ളങ്ങളും, ചെറുവഞ്ചികളും ഉപയോഗിക്കാറുണ്ടായിരുന്നു. വാണിജ്യ വിപണനത്തിന് പ്രധാനമായും കെട്ടുവള്ളങ്ങളാണ് അക്കാലത്ത് ഉപയോഗിച്ചിരുന്നത്.

പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് പെരുന്തോട് ഏകദേശം 50 വർഷങ്ങൾക്ക് മുമ്പ് വരെ ദീർഘയാത്രക്കും, വാണിജ്യ വിപണനത്തിനും ഉപയോഗിച്ചിരുന്നു.

വാഹനഗതാഗതം അപ്രാപ്യമായിരുന്ന ആ കാലഘട്ടത്തിൽ സമ്പന്നന്മാർ യാത്രക്കായി മഞ്ചലുകൾ ഉപയോഗിച്ചിരുന്നു. കൂടാതെ സാധാരണക്കാരും രോഗികളെ കൊണ്ടുപോകുന്നതിന് മഞ്ചലുകൾഉപയോഗിച്ചിരുന്നു.

1968ൽ ആദ്യമായി RMP സ്കീം മുഖേന മുഖ്യ ടിപ്പുസുൽത്താൻ പാത ചരൽ വിരിച്ചു. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് കൂടി കടന്ന പോകുന്ന മുഖ്യ ടിപ്പു സുൽത്താൻ പാത ഏകദേശം 30 വർഷങ്ങൾക്ക് മുമ്പ് ടാർ ചെയ്തു സഞ്ചാരയോഗ്യമാക്കുകയും പിന്നീട് ദേശീയ പാതയായി പ്രഖ്യാപിക്കുകയും ചെയ്തു. ദേശീയ പാതയുടെ ആവിർഭാവത്തിന് ശേഷം പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ പുതിയ പുതിയ റോഡുകൾ നിർമ്മിച്ചുതുടങ്ങി. പ്രധാനമായും 80-84 കാലഘട്ടത്തിൽ പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡ് PWD ഏറ്റെടുത്ത് ടാർ ചെയ്തു സഞ്ചാരയോഗ്യമാക്കി. 1988ൽ കിഴക്കേടിപ്പുസുൽത്താൻ റോഡും PWD ഏറ്റെടുക്കുകയുണ്ടായി.

റെയിൽ ഗതാഗതം ഈ പഞ്ചായത്തിലൂടെ കടന്ന് പോകുന്നില്ലെങ്കിലും തീരദേശ റെയിൽവെ പദ്ധതി മുന്നിൽകണ്ടുകൊണ്ട് ഏകദേശം 100 വർഷങ്ങൾക്ക് മുമ്പ് തന്നെ ഇക്കാര്യത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. പക്ഷെ ഇന്ന് ഈ തീരദേശ റെയിൽവേയുടെ സർവ്വെപഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്തുകൂടിയാണ് നടന്നുകൊണ്ടിരിക്കുന്നത്.

കരഗതാഗത രംഗത്ത് തീവ്രമായ പുരോഗതി കഴിഞ്ഞകാലങ്ങളിൽപഞ്ചായത്തിന് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എങ്കിലും ഇനിയും പുതിയ റോഡുകൾ നിർമ്മിക്കുകയും, നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥക്ക് പരിഹാരം കാണേണ്ടതും വികസനത്തിന് ആക്കം കൂട്ടുന്ന കാര്യങ്ങളാണ്.

പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ അനുബന്ധം 1,2,3,4 ൽ ചേർത്തിരിക്കുന്നു.

കയ്പമംഗലം പഞ്ചായത്തിലെ നിലവിലുള്ള ഓട്ടോ ടാക്സി സ്റ്റാന്റുകൾ

**സ്റ്റാന്റുകൾ എണ്ണം**

ഓട്ടോസ്റ്റാന്റ് 11

ടാസ്കി സ്റ്റാന്റ് 4

ടെമ്പോ സ്റ്റാന്റ് 3

ജീപ്പുകൾക്ക് പ്രത്യേകമായ സ്റ്റാന്റുകൾ നിലവിലില്ല.

**അനുബന്ധം 1**

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം കി.മീ | വീതി മീ | ബസ് സൗകര്യം |
|---|---|---|---|---|---|
| 1. | N.H.17 | PWD NH | 31/2 | 20 | ഉണ്ട് |
| 2. | ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | PWD | 31/2 | 8 | ഉണ്ട് |
| 3. | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | PWD | 31/2 | 8 | ഉണ്ട് |

## പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | വാർഡ് നമ്പർ | ദൂരം കി.മീ | വീതി മീ | ബസ് സൗകര്യം |
|---|---|---|---|---|---|
| 1. | മഹ്ളറ 18 മുറി റോഡ് | 7,5 | 4,200 | 6 | ഉണ്ട് |
| 2. | കമ്പനിക്കടവ് റോഡ് | 2.3 | 0.435 | 6 | ഉണ്ട് |
| 3. | 18 മുറി വെസ്റ്റ് ടിപ്പുസു-ൽത്താൻ റോഡ് | 2,3 | 0.860 | 6 | ഉണ്ട് |
| | ശ്മശാനം - ആസ്പത്രി റോഡ് | 3,6 | 0.310 | 6 | ഇല്ല |
| | വഴിയമ്പലം മാടാനിക്കുളം റോഡ് | 4,5,7 | 2.644 | 6 | ഇല്ല |
| | പുത്തൻപള്ളി- മൂന്ന്പീടിക ബീച്ച് റോഡ് | 7 | 0.550 | 6 | ഇല്ല |
| | വഴിയമ്പലം-അഗസ്തേ ശ്വരപുരം റോഡ് | 7,9 | 1.00 | 6 | ഇല്ല |
| | അറവ്ശാല - ബദുറുപള്ളി റോഡ് | 8 | 0.860 | 6 | ഇല്ല |
| | മൂന്ന് പീടിക - ബീച്ച് റോഡ് | 5,6,7 | 2.64 | 6 | ഉണ്ട് |
| | പനമ്പിക്കുന്ന് - ചളിങ്ങാട് റോഡ് | 9 | 1.030 | 6 | ഇല്ല |
| | ഗവ: എൽ.പി. സ്കൂൾ റോഡ് | 1 | 0.775 | 6 | ഇല്ല |
| | കാളമുറി - ചളിങ്ങാട് റോഡ് | 9,10 | 0.90 | 6 | ഇല്ല |
| | കാളമുറി - മഹ്ലറ 18 മുറി റോഡ് | 2,3,4,5 | 2.630 | 6 | ഇല്ല |
| | 12ൽ പള്ളിനട റോഡ് | 10,12 | 1.000 | 6 | ഇല്ല |
| | ഗാന്ധിറോഡ് | 12 | 1.050 | 6 | ഇല്ല |
| | കൊപ്രക്കളം ചിറക്കൽ റോഡ് | 12 | 1.000 | 6 | ഉണ്ട് |
| | കൊപ്രക്കളം - പഞ്ഞംപ്പിള്ളി റോഡ് | 1,2 | 2.000 | 6 | ഉണ്ട് |

## അനുബന്ധം 2

### പഞ്ചായത്തിന്റെ അധീനതയിലുള്ള ഗ്രാവൽ റോഡുകൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|---|
| 1. | 5,6 | മാടാനിക്കുളം വഞ്ചിപ്പുരറോഡ് | 0.675 | 6 |
| 2. | 6 | വഞ്ചിപ്പുര - ബീച്ച് റോഡ് | 0.600 | 5 |
| 3. | 6 | പുന്നക്കച്ചാൽ ഫിഷർമെൻ കോളനിറോഡ് | 0.550 | 4 |
| 4. | 3 | കാക്കച്ചാൽ കോളനി റോഡ് | 0.500 | 4 |
| 5. | 3,6 | ശ്മശാനം - ആസ്പത്രി റോഡ് | 1.250 6 | |
| 6. | 33 | മദ്രസ്സ - ആശുപത്രി റോഡ് | 0.200 | 3.5 |
| 7. | 5,6 | ക്ഷേമോദയം - ശ്മശാനം റോഡ് | 0.360 | 4 |
| 8. | 11 | അഗസ്തേശ്വരപുരം റോഡ് (ആസാദ് റോഡ്) | 0.500 | 4 |
| 9. | 7 | എ.എം.യു.പി.എസ് സൗത്ത് റോഡ് | 0.740 | 4 |
| 10 | 7 | ഹൈവേ - പള്ളിത്താനംറോഡ് | 0.830 | 4 |
| 11 | 8 | ഹൈവേ - ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് (ശാന്തിറോഡ്) | 1.000 | 4 |
| 12 | 8 | ശാന്തി - ബദറുപള്ളി ലിങ്കുറോഡ് | 0.200 | 4 |
| 13. | 9 | മലയാറ്റി ടെമ്പിൾ റോഡ് | 0.440 | 4 |
| 14 | 9 | പനമ്പിക്കുന്ന് പള്ളി വളവ് റോഡ് | 0.550 | 4 |
| 15 | 11 | കോഴിതുമ്പ് (ചളിങ്ങാട് - മസ്ജിത് റോഡ്) | 0.490 | 4 |
| 16 | 9,12 | കോഴിതുമ്പ് - മിച്ചഭൂമി കോളനി റോഡ് | 0.630 | 4 |
| 17 | 11 | മല്ലഞ്ഞൽ കടവ് റോഡ് | 0.440 | 4 |
| 18 | 9 | കാടുവെട്ടി - ടെമ്പിൾറോഡ് | 0.300 | 4 |
| 19 | 5 | കാരാപ്പുള്ളി - ടെമ്പിൾ റോഡ് | 0.9004 | |
| 20 | 5 | ബലിപ്പറമ്പ് കോളനി റോഡ് | 0.820 | 4 |
| 21 | 4 | പനമ്പിക്കുന്ന് - അയിരൂർ റോഡ് | 0.800 | 4 |
| 22 | 4 | പോസ്റ്റാഫീസ് - പുത്തൂർ ടെമ്പിൾ റോഡ് | 0.225 | 4 |
| 23 | 4 | പുത്തൂർ ടെമ്പിൾ റോഡ് | 0.530 | 4 |
| 24 | 4 | ശ്രീനാരായണ റോഡ് | 1.325 | 4 |
| 25 | 1 | മാനവമൈത്രി റോഡ് | 0.440 | 4 |
| 26 | 2 | വെൽഫയർ റോഡ് | 0.950 | 4 |
| 27 | 2 | സെൻട്രൽ വെൽഫയർ റോഡ് | 0.950 | 4 |
| 28 | 1,2,5 | ബോർഡ് - 18 മുറി റോഡ് | 1.340 | 8 |
| 29 | 1 | കൊപ്രക്കളം - മദ്രസ്സ റോഡ് (ശാന്തിനഗർ റോഡ്) | 0.435 | 4 |
| 30 | 4 | പഞ്ചായത്താഫീസ് - കുളങ്ങര ടെമ്പിൾ റോഡ് 0.765 | 4 | |
| 31 | 10 | പഞ്ചായത്താഫീസ് - കൃഷിഭവൻ റോഡ് | 0.83 | 4 |
| 32 | 9,10 | അമിട്ടുകുറപ്പാടം റോഡ് | 0.780 | |
| 33 | 9 | പനമ്പിക്കുന്ന് - ചളിങ്ങാട് പള്ളിവളവ് റോഡും, കാളമുറി ചളിങ്ങാട് റോഡും ബന്ധപ്പിക്കുന്ന ലിങ്ക്റോഡ് | 0.750 | 4 |
| 34 | 9 | എങ്ങേഷ്ജ - പനമ്പിക്കുന്ന് കാളമുറി ലിങ്ക് റോഡ് | 0.200 | 4 |
| 35 | 9 | എങ്ങേഷ്ജ റോഡ് | 0.425 | 4 |
| 36 | 1 | അബ്ദുൾ കലാം ആസാദ് റോഡ് | 0.680 | 4 |
| 37 | 4 | പനമ്പിക്കുന്ന് - വഴിയമ്പലം - റോഡ്) അയിരൂർ ലിങ്ക് റോഡ് (N.H. - അയിരൂർ | 0.290 | 4 |
| 38 | 10 | വില്ലേജ് ഓഫീസ് അമിട്ടകുറപ്പാടം ലിങ്കറോഡ് | 0.300 | 4 |
| 39 | 10 | പഞ്ചായത്താഫീസ് - ചളിങ്ങാട് ടെമ്പിൾ റോഡ് | 1.310 | 4 |
| 40 | 10 | കരിനമ്പിൽ ടെമ്പിൾ റോഡ് | 0.700 | |
| 41 | 12 | അമൃതാനന്ദമയി റോഡ് | 0.415 | 4 |
| 42 | 12 | കൊപ്രക്കളം - ഗാന്ധിലിങ്ക്റോഡ് | 0.300 | 4 |
| 43 | 12 | ഞാറക്ക പാടം റോഡ് | 0.370 | 4 |
| 44 | 10 | ട്രാൻസ്കോ റോഡ് | 0.300 | 4 |
| | | ആകെ നീളം | 27.035 | |

OFFICE OF THE KAIPAMANGALAM GRAMA PANCHAYATH

## അനുബന്ധം 3

### പഞ്ചായത്തിന്റെ അധീനതയിലുള്ള മൺ റോഡുകൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|---|
| 1 | 3 | മദ്രസ്സ് ആശുപത്രി റോഡ് | 0.300 | 3.5 മീ |
| 2. | 7 | അറവുശാല ജ്ഞങ റോഡ് (നെഹ്റു റോഡ്) | 0.850 | 4 |
| 3. | 8 | ഹൈവേ - ഈസ്റ്റ ടിപ്പുസുൽത്താൻ റോഡ് | 0.100 | 4 |
| 4. | 1 | ശാന്തിനഗർ - ഹരിജൻ കോളനി റോഡ് | 0.510 | 4 |
| 5 | 12 | പള്ളിനട - ഗാന്ധി ലിങ്ക് റോഡ് (നേതാജി റോഡ്) | 0.500 | 4 |

## അനുബന്ധം 4

### പഞ്ചായത്തിന്റെ അധീനതയിലുള്ള മെറ്റൽ റോഡുകൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|---|
| 1 | 7 | പുത്തൻപള്ളി - മൂന്ന് പീടിക ബീച്ച് റോഡ് | 0.170 | 6 |
| 2 | 6 | കാക്കത്തിരുത്തിക്കടവ് റോഡ് | 0.220 | 4 |
| 3 | 1,3,4,5 | അയിരൂർ ഗ്രാമലക്ഷ്മി റോഡ് | 0.360 | 6 |

## പട്ടിക 1

### റിപ്പയർ ചെയ്യേണ്ട ടാർ റോഡുകൾ (മുൻഗണനാ ക്രമത്തിൽ)

| നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|---|
| 1 | 8,9 | വഴിയമ്പലം - അഗസ്തേ ശ്വരപുരം റോഡ് | 1000 | 6 |
| 2 | 9,10 | കാളമുറി - ചളിങ്ങാട് റോഡ് | 1000 | 6 |
| 3 | 12 | കൊപ്രക്കളം - ചിറക്കൽ റോഡ് (പഞ്ചായത്തതൃത്തി റോഡ്) | 1000 | 6 |
| 4 | 8 | അറവുശാല - ബദറുപള്ളി റോഡ് | 900 | 6 |
| 5 | 3,4,5 | കാളമുറി - മഹളറ - പതിനെട്ടുമുറി റോഡ് | 1525 | 6 |
| 6 | 4,5,7 | വഴിയമ്പലം - മാടാനിക്കുളം റോഡ് | 2640 | 6 |
| 7 | 9 | പനമ്പിക്കുന്ന് - ചളിങ്ങാട് റോഡ് | 1030 | 6 |
| 8 | 12 | ബോർഡ് - ഗാന്ധി റോഡ് | 1050 | 6 |
| 9 | 1,2, 3,7,5 | മഹളറ - പതിനെട്ടുമുറി റോഡ് | 4200 | 6 |
| 10 | 2,3 | കമ്പനിക്കടവ് റോഡ് ബീച്ച് റോഡ് | 435 | 6 |
| 11 | 2,3 | പതിനെട്ടുമുറി - വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 860 | 6 |
| 12 | 3 | ശ്മശാനം - ആസ്പത്രി | 310 | 6 |
| 13 | 5,6,7 | മൂന്ന് പീടിക ബീച്ച് റോഡ് റോഡ് (അതിർത്തിറോഡ്) | 2640 | 4 |
| 14 | 1 | കൂരിക്കുഴി ഗവ. എൽ.പി. സ്ക്കൂൾ റോഡ് | 775 | 6 |
| 15 | 10,12 | പന്ത്രണ്ടിൽ പള്ളിനട റോഡ് | 1000 | 6 |
| 16 | 1,2 | കൊപ്രക്കളം - പഞ്ഞംപിള്ളി റോഡ് | 2000 | 6 |
| 17 | 1,2 3,4,5 | അയിരൂർ - ഗ്രാമലക്ഷ്മി റോഡ് | 2630 | 6 |
| 18 | 7 | പുത്തൻപള്ളി മൂന്നുപീടിക ബീച്ച് റോഡ് | 550 | 6 |
| 19 | 6 | ചിറക്കൽ ചെറുപുഴതോട് റോഡ് (അതിർത്തിറോഡ്) | 200 | 6 |

## പട്ടിക 2

### നിലവിലുള്ള മെറ്റൽ റോഡുകൾ ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|---|
| 1 | 3,4,5 | അയിരൂർ ഗ്രാമലക്ഷ്മി റോഡ് | 360 | 6 |
| 2 | 7 | പുത്തൻപള്ളി - മൂന്ന് പീടിക - ബീച്ച് റോഡ് | 170 | 6 |
| 3 | 11 | കാക്കത്തിരുത്തി കടവ് റോഡ് | 220 | |

## പട്ടിക 3

### നിലവിലുള്ള ഗ്രാവൽ റോഡുകളിൽ സോളിംഗ്, മെറ്റലിംഗ് ടാറിങ്ങ് ഉൾപ്പെടെ ചെയ്യേണ്ടവ (മുൻഗണനാ ക്രമത്തിൽ)

| നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|---|
| 1 | 7 | അജ്ഞഡജ സൗത്ത് റോഡ് | 740 | 6 |
| 2 | 1,2,4 | ബോർഡ് പതിനെട്ടുമുറി റോഡ് | 130 | 6 |
| 3 | 6 | മാടാനിക്കുളം വഞ്ചിപ്പുര റോഡ് | 675 | 6 |
| 4 | 5 | കാരപ്പുള്ളി അയിരൂർ ടെമ്പിൾ റോഡ് | 900 | 6 |
| 5 | 3,6 | കൂരിക്കുഴി ശ്മശാനം ആശുപത്രി റോഡ | 1250 | 6 |
| 6 | 6 | വഞ്ചിപുര ബീച്ച്റോഡ് | 600 | 5 |
| 7 | 9 | പനമ്പിക്കുന്ന ചളിങ്ങാട് റോഡും കാളമുറി ചളിങ്ങാട് ലിങ്ക് റോഡും | 750 | 4 |
| 8 | 9 | ജി.എം. എൽ. പി. സ്കൂള് റോഡ് | 900 | 4 |

| നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|---|
| 9 | 2 | പനമ്പിക്കുന്ന് പള്ളിവളവ് റോഡ് 750 | | |
| 10 | 9 | കൊപ്രക്കളം ഗാന്ധി ഈസ്റ്റ് ലിങ്ക് റോഡ് | 300 | |
| 11 | 8 | ചളിങ്ങാട് ടെമ്പിൾ പഞ്ചായത്താഫീസ് റോഡ് | 1310 | 4 |
| 12 | 2 | സെൻട്രൽ വെൽഫയർ റോഡ് | 590 | 4 |
| 13 | 1 | അബ്ദുൾകലാം ആസാദ് റോഡ് | 590 | 44 |
| 14 | 7 | ഹൈവേ പള്ളിത്താനം റോഡ് | 830 | 4 |
| 15 | 10 | കരിമ്പറമ്പ് ടെമ്പിൾ റോഡ് | 700 | 4 |
| 16 | 8 | കുറ്റിക്കാട്ട് ടെമ്പിൾ റോഡ് | 4450 | 4 |
| 17 | 9 | മലയാറ്റി ടെമ്പിൾ റോഡ് | 40 | 4 |
| 18 | 9 | കാടുവെട്ടി ടെമ്പിൾ റോഡ് | 300 | 4 |
| 19 | 11 | ചളിങ്ങാട് മസ്ജിത് റോഡ് | 90 | |
| 20 | 11 | ആസാദ് റോഡ് | 500 | 4 |
| 21 | 11 | മണ്ണുങ്ങൽക്കടവ് റോഡ് | 440 | 4 |
| 22 | 11 | കോഴിതുമ്പ് മിള്ളമി കോളനി റോഡ് | 630 | 4 |
| 23 | 7 | ട്രാൻസ്കോ റോഡ് | 300 | 4 |
| 24 | 9,10 | അമിട്ടക്കുപാടം റോഡ് | 780 | 4 |
| 25 | 9 | ജി.എ.എൽ.പി.എസ്. ചളിങ്ങാട് പനമ്പിക്കുന്ന കാളമുറി ലിങ്ക്റോഡ് | 200 | 4 |
| 26 | 10 | പഞ്ചായത്താഫീസ് കൃഷിഭവൻ റോഡ് | 830 | 4 |
| 27 | 10 | വില്ലേജ് ഓഫീസ് അയിട്ടഖുറപ്പാടം ലിങ്ക്റോഡ് | 300 | 4 |
| 28 | 4 | പനമ്പിക്കുന്ന് അയിരൂർ റോഡ് | 800 | 4 |
| 29 | 4 | പുത്തൂർ ടെമ്പിൾ റോഡ് | 530 | 44 |
| 30 | 4 | ശ്രീനാരായണ റോഡ് | 1235 | 44 |
| 31 | 5 | ബലിപറമ്പ് - അയിരൂർ കോളനി റോഡ് 820 | 4 | |
| 32 | 12 | ഞാറക്കപ്പാടം റോഡ് | 370 | 44 |
| 33 | 1 | മാനവ മൈത്രിറോഡ് | 440 | 4 |
| 34 | 1 | ശാന്തി നഗർ ഹരിജൻ സെറ്റിൽമെന്റ് കോളനി റോഡ് | 435 | 4 |
| 35 | 1 | കൊപ്രക്കളം മദ്രസ്സ റോഡ് 435 | 4 | |
| 36 | 3 | കാക്കച്ചാൽ കോളനി റോഡ് | 500 | 4 |
| 37 | 3 | മദ്രസ്സ ആശുപത്രി റോഡ് | 200 | 3.5 |
| 38 | 7 | അമൃതാനന്ദമയി റോഡ് | 415 | 4 |
| 39 | 4 | കുളങ്ങര ടെമ്പിൾ റോഡ് 765 | 4 | |
| 40 | 4 | പോസ്റ്റാഫീസ് പുത്തൂർടെമ്പിൾ റോഡ് 225 | 4 | |
| 41 | 4 | ദ.ഒ. 17 അയിരൂർ ടെമ്പിൾ റോഡ് | 500 | 4 |
| 42 | 7 | നെഹ്രു റോഡ് | 850 | 4 |
| 43 | 8 | വഴിയമ്പലം അഗസ്ത്യേശ്വരപുരംശാന്തി ലിങ്ക്റോഡ് | 350 | 4 |
| 44 | 8 | ശാന്തി ബദറു പള്ളി ലിങ്ക് റോഡ് | 200 | 44 |
| 45 | 4 | പനമ്പിക്കുന്ന വഴിയമ്പലം അയിരൂർ ലിങ്ക് റോഡ് | 290 | 4 |
| 46 | 5,6 | ക്ഷേമോദയം സ്കൂൾ ശ്മശാനം റോഡ് 360 4 | | |
| 47 | 6 | പുന്നക്കച്ചാൽ ഫിഷർമെൻ കോളനി റോഡ് 550 | 4 | |

## പട്ടിക 4

### നിലവിലുള്ള മൺറോഡുകൾ ഗ്രാവൽ ചെയ്യേണ്ടവ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|---|
| 1 | 3 | മദ്രസ്സ ആശുപത്രി റോഡ് | 300 | 31/2 |
| 2 | 7 | പള്ളിനട ഗാന്ധിലിങ്ക് റോഡ് | 500 | 4 |
| 3 | 8 | ഹൈവേ ഈസ്റ്റ് ടിപ്പു സുൽത്താൻ ലിങ്ക്റോഡ് | 100 | 4 |
| 4 | 1 | ശാന്തിനഗർഹരിജൻകോളനി റോഡ് | 510 | 4 |
| 5 | 6 | രാജീവ് റോഡ് | 600 | |
| 6 | 6 | ഈസ്റ്റ് ടിപ്പുസുൽത്താൻ ചെറുപുഴ റോഡ് | 400 | 4 |
| 7 | 10 | അശോക റോഡ് | 600 | 4 |
| 8 | 8 | കുറ്റിക്കാട്ട് ടെമ്പിൾ റോഡ് | 450 | 4 |
| 9 | 11 | ലാൽബഹദൂർ ശാസ്ത്രിറോഡ് (പഞ്ചായത്ത് കോളനി റോഡ്) | 750 | 44 |
| 10 | 3 | മഹ്ളറ 18 മുറി ഗ്രാമലക്ഷ്മി ലിങ്ക്റോഡ് | 400 | 4 |

## പട്ടിക 5

### പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം |
|---|---|---|---|
| 1 | 4 | തുമ്പുങ്ങൽ - പുത്തൂർ അമ്പലനട റോഡ് | 300 |

ജനകീയ പങ്കാളിത്തത്തോടുകൂടിയും സൗജന്യമായും സ്ഥലം ലഭിക്കുന്ന റോഡുകൾ ശ്രമദാനഫലമായ് വെട്ടിതെളിയിച്ചു പഞ്ചായത്ത് ഏറ്റെടുക്കേണ്ട റോഡുകളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു

**1. വാർഡ് 1**

1. കോവിൽ തെക്കേവ ളപ്പിൽ രാഘവൻ എന്നാളുടെ പറമ്പിലൂടെ പടിഞ്ഞാറു ഭാഗത്തേക്ക് പോകുന്ന റോഡ്
2. കൊച്ചൻ ബീരുസാഹിബിന്റെ പീടികയുടെ പടിഞ്ഞാറു ഭാഗത്ത് കൂടി വടക്കോട്ടുള്ള വഴി

3 ചെറുവട്ടത്തുകുട്ടിയുടെ വീടിന്റെ പരിസരത്തുകൂടി പടിഞ്ഞാറോട്ടു നീങ്ങി കുന്നുങ്ങപറമ്പൻ ഭാസ്കരന്റെ വീട്ടുപരിസരത്ത് കൂടിയുള്ളവഴി

4. കാഞ്ഞിരപറമ്പന്റെ സ്ഥലത്തിന്റെ പടിഞ്ഞാറു ഭാഗത്ത് കൂടിയുള്ള പുതിയ വഴി

2. വാർഡ് 2

1.കൂരിക്കുഴി ജി.എൽ.പി. സ്ക്കൂൾ പരിസരത്തുനിന്ന് നേരെ പടിഞ്ഞാട്ട് വെൽഫെയർ റോഡുമായി ബന്ധിപ്പിക്കുന്ന പൊതുവഴി റോഡാക്കി മാറ്റണം.

പഞ്ഞം പള്ളി സെന്ററിൽ നിന്നും ബിച്ചിലേക്കുള്ള വഴി റോഡാക്കിയെടുക്കണം

3. വാർഡ് 3

കമ്പനിക്കടവ് ബീച്ചിൽ നിന്നും കാക്കച്ചാൽ കോളനിറോഡിലേക്ക് ബന്ധിപ്പിച്ച് പുന്നക്കച്ചാൽകോളനിയുമായിബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം

4 വാർഡ് 10

1. കൃഷി ഭവൻ റോഡിനേയും ഹൈവേയേയും ബന്ധിപ്പിക്കുന്ന മഹിളാസമാജത്തിന്റെ വടക്കുഭാഗത്ത് കൂടി കിഴക്കോട്ടുള്ള റോഡ് നിർമ്മാണ്

2. ആർ.സി. പള്ളിനടയുടെ മുൻവശത്തുകൂടിയുള്ള വഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക

3. മേനോത്തുപറമ്പിൽ അമ്പലത്തിന്റെ മുൻവശത്തുകൂടിയുള്ള ഇടവഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക

5 വാർജ് 12

1. ചിറക്കൽ പള്ളിയുടെ പടിഞ്ഞാറു ഭാഗത്തെ താമസക്കാരായ 18 വീട്ടുകാരുടെ സൗകര്യം പരിഗണിച്ച് റോഡ് നിർമ്മിക്കുക.

2. കൊപ്രക്കളം റോഡിൽ നിന്നും ആമിനുമ്മ ടീച്ചറുടെ വീടിന്റെ പടിഞ്ഞാറുഭാഗത്തുകൂടി തെക്കോട്ടുള്ള വഴി എം.ജി. റോഡുമായി ബന്ധിപ്പിക്കു.

3. കളരിക്കൽ ഭാസ്കരന്റെ വീടിന്റെ കിഴക്ക് വശത്തുകൂടി പോകുന്ന വഴി എം.ജി. റോഡുമായി ബന്ധിപ്പിക്കുക.

4. മലയാറ്റിൽ ക്ഷേത്രത്തിന്റെ തെക്ക് ഭാഗത്ത് കൂടി പോകുന്ന റോഡിനെ വടക്കോട്ടുനീട്ടി ഈസ്റ്റ് ടിപ്പു സുൽത്താൻ റോഡുമായി ബന്ധിപ്പിക്കുക.

5. ഈസ്റ്റ് ചെന്ത്രാപ്പിന്നിയും ആർ.സി. പള്ളി നടയുമായി ബന്ധിപ്പിക്കുന്ന റോഡ് ഗതാഗതയോഗ്യം ഉറപ്പുവരുത്തുക.

6. സുഭാഷ് നഗർ റോഡ് വടക്കോട്ട് നീട്ടി എം.ജി. റോഡുമായി ബന്ധിപ്പിക്കുക.

## അടിയന്തിരമായി നിർമ്മിക്കേണ്ടപാലങ്ങൾ

1. വാർഡ് 4

ശ്രീനാരായണറോഡിൽ 12 അറപ്പതോടിന്റെ മുകളിൽ പാലം പണിഎത്രയും വേഗം നടത്തണം

2 വാർഡ് 5

ക്ഷേമോദയം സ്കൂൾ വിദ്യാർത്ഥികളുടെ ജീവന് ഭീഷണിയായി നിൽക്കുന്ന അറപ്പത്തോടിലെ കൂനം പാലം എത്രയും വേഗം പണിയണം

3 വാർഡ് 8,9,10,11,12എന്നീ വാർഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഈസ്റ്റ് ടിപ്പ് സുൽത്താൻ എം.എൽ.എ റോഡിൽ ആർ.സി. പള്ളിനടയുടെ വടക്ക് ഭാഗത്തും ചളിങ്ങാട് ക്ഷേത്രത്തിന്റെ പരിസരഭാഗത്തുകൂടിയും, കോഴിതുമ്പ് മിച്ചഭൂമികോളനി റോഡിന്റെ അരുകിൽ കൂടിയും, അഗസ്തേശ്വരപുരം ക്ഷേത്രത്തിന്റെ തെക്ക് ഭാഗത്ത് കൂടിയും നാല് പാലങ്ങൾ പണിയണം

4 വെള്ളക്കെട്ടുള്ള വാർഡുകളിലെ ഗ്രാമ സഭകളിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശത്തെ പരിഗണിച്ചു കൾവർട്ടുകൾ പണിയുക.

## ഗതാഗത തടസ്സമുള്ള റോഡുകളിൽ കാനനിർമ്മാണം

1. വാർഡ് 8. അറവ് ശാല ബദർ പള്ളി റോഡിൽ സലാമത്ത് വളവിൽ നിന്ന് പടിഞ്ഞാറു ഭാഗത്തേക്കായ് 200 മീറ്റർ നീളത്തിൽ കാനപണിയണം

2. ഹൈവേയിൽ കാളമുറിയിലും കയ്പമംഗലത്തും 12ലും കൊപ്രക്കളത്തിലും കാനനിർമ്മിച്ചു കിഴക്ക് ഭാഗത്തു കൾവർട്ടിനടുത്തുള്ള തോടിലേക്ക് വെള്ളം ഒഴുക്കിവിടുക

3. 18 മുറി ബോർഡ് റോഡിൽ 18 മുറി ഭാഗത്തു നിന്നു കിഴക്കോട്ടു റോഡരുകിലൂടെ കാന നിർമ്മിച്ച് കിഴക്ക് ഭാഗത്തുള്ള കൾവർട്ടിനടുത്തുള്ള തോട്ടിലേക്ക് വെള്ളം ഒഴുക്കി വിടുക

4. ഹൈവേയുടെ പടിഞ്ഞാറുഭാഗത്തുള്ള റോഡുകളിലൂടെ ആവശ്യമായ സ്ഥലങ്ങളിൽ കാനനിർമ്മാണം നടത്തുക.

## ഗ്രാമപഞ്ചായത്തു റോഡുകളിൽനിന്ന് ഇലക്ട്രിക്ക്,ടെലഫോൺ പോസ്റ്റുകൾ മാറ്റുന്നത് സംബന്ധിച്ച്

1. മുഴുവൻ പഞ്ചായത്ത് പ്രദേശത്തുമുള്ള റോഡുകളിൽ പൊതുവായ ആവശ്യം ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ പഞ്ചായത്ത് ചിലവിൽ മാറ്റി സ്ഥാപിക്കണം

2. 12 വാർഡുകളിലുമുള്ള റോഡുകളും ടെലഫോൺ പോസ്റ്റുകളും റോഡിന്റെ ഗതാഗതത്തിന് തടസ്സമായുള്ളത് പഞ്ചായത്ത് ചിലവിൽ മാറ്റി സ്ഥാപിക്കണം

**ബസ്സ് സ്റ്റാന്റ്**

1. കയ്പമംഗലം ഹൈവേയുമായി ബന്ധിപ്പിക്കുന്ന ബസ്സ് സ്റ്റാന്റ് അറവ്ശാല പരിസരത്തോ, കാളമുറി, പന്ത്രണ്ട് എന്നീ ഭാഗങ്ങളിലോ സ്ഥലം വിലക്കെടുത്ത് പഞ്ചായത്ത് പണി നടത്തേണ്ടതും ബസ്സ് സ്റ്റാന്റിനോടു ബന്ധപ്പെടുത്തി ഷോപ്പിങ്ങ് കോംപ്ലക്സും പണിയിക്കേണ്ടതാണ്.

## റോഡുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നത് സംബന്ധിച്ച്

1. പഞ്ചായത്ത് വക ടാർറോഡിലും ചരൽ റോഡിലും വാട്ടർ അതോറിറ്റി പൈപ്പുലൈൻ ലീക്ക് ചെയ്തുണ്ടാകുന്ന കേടുപാടുകൾ വാട്ടർ അതോറിറ്റിയോ അല്ലാത്തപക്ഷം പഞ്ചായത്തോ നേരിട്ടു പണികൾ നടത്തിച്ചു സഞ്ചാര യോഗ്യമാക്കിതീർക്കണം
2. ചരൽ റോഡുകളിൽ മഴക്കാലങ്ങളിൽ ലോറികളും ടെമ്പോകളും ഭാരം കയറ്റി പോകുന്ന തിനാൽ റോഡുകൾ നാശനഷ്ടം സംഭവിച്ചു സഞ്ചാരയോഗ്യമല്ലാതായി തീരുന്നതിനാൽ കാലവർഷകാലത്ത് പഞ്ചായത്ത് ബോർഡുകൾ സ്ഥാപിച്ചു ഗതാഗതം നിയന്ത്രിക്കേണ്ടതാണ്.
3 വെള്ളക്കെട്ടുള്ള റോഡുകളുടെ സൈഡിൽകൂടി പൊതു ജന സഹായത്തോടെ സ്ഥലം വാങ്ങി കാന നിർമ്മിച്ചു റോഡുകളെ തകർച്ചയിൽ നിന്നും രക്ഷിക്കേണ്ടതാണ്. ■

## ഊർജ്ജം

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി ആദ്യമായി എത്തിച്ചേർന്നത് 1960ലാണ്. പുരോഗതിയുടെ ആധാരശിലകളിലൊന്നായ വൈദ്യുതിയുടെ ആഗമനം ഗ്രാമത്തിൽ ഉത്സവത്തിന്റെപ്രതീതിയാണ് ഉണ്ടാക്കിയത്

ഇന്ന് കയ്പമംഗലം പഞ്ചായത്തിൽ 12 വാർഡുകളിലായി 64 % വൈദ്യുതി ഉപഭോക്താക്കളുണ്ട്. വൈദ്യുതി ലഭിക്കാത്തവരിൽ ഭൂരിഭാഗവും തീരദേശ വാസികളാണ്. പഞ്ചായത്താഫീസിന്റെ കോമ്പൗണ്ടിൽ തന്നെയാണ്. ഇലക്ട്രിസിറ്റി ഓഫീസ് സ്ഥിതിചെയ്യുന്നത്. ഒരു അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഒരു അസി. എഞ്ചിനീയർ, 3 സബ് എഞ്ചിനീയർമാർ, 2 ഓവർസീയർമാർ, 1 ഓവർസീയർ അസി., 1 മീറ്റർ റീഡർ, ലൈൻമാൻ 5, എന്നീക്രമത്തിലാണ് സാങ്കേതിക ജോലിക്കാർ സെക്ഷൻ ഓഫീസായി തുടങ്ങിയ ഇത് ഇന്ന് മേജർ സെക്ഷൻ ഓഫീസാണ്.

വോൾട്ടേജ് ക്ഷാമം പൊതുവെ അനുഭവപ്പെടുന്ന ഈ പ്രദേശത്ത് കാർഷികോപയോഗത്തിന് വൈദ്യുതി ഉപയോഗിക്കുന്ന ജനുവരിമുതലുള്ള 4 മാസക്കാലങ്ങളിൽ രൂക്ഷമായ വൈദ്യുതി ക്ഷാമമാണ് അനുഭവപ്പെടുന്നത്. വോൾട്ടേജ് ക്ഷാമം കൂടുതൽ അനുഭവപ്പെടുന്നത്, തീരപ്രദേശങ്ങളിലാണ്.

നിലവിലുള്ള പ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കുന്നത് ഉദ്യോഗസ്ഥൻമാരുടെ അഭാവവും കാര്യക്ഷമത കുറവുമാണ്. കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ ചെയ്യാത്തതുകൊണ്ട് വൈദ്യുതി വളരെയധികം പാഴായി പോകാറുമുണ്ട്.

**പഞ്ചായത്തിലെ നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ**

| | |
|---|---|
| ഗാർഹികം | 4183 |
| വ്യാപാരം | 1405 |
| വ്യവസായികം | 78 |
| കാർഷികം | 3144 |
| ആകെ | 8110 |

**നിലവിലുള്ള അപേക്ഷകരുടെ എണ്ണം 1105**

95-97 വർശഷത്തിൽ ഇതുവരെ നൽകിയ കണക്ഷൻ വെറും 130 എണ്ണം മാത്രം.

**തെരുവുവിളക്കുകൾ 408**

| | |
|---|---|
| ബൾബുകൾ | 371 |
| ട്യൂബുകൾ | 16 |
| മെർക്കുറി വേപ്പർ | 2 |
| സോഡിയം വേപ്പർ | 19 |

ഇത്രയും തെരുവു വിളുക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ തന്നെയും 70%ത്തോളം കത്തുന്നവയല്ല. വൈദ്യുതി ചാർജ്ജും മെയിന്റനൻസ് ചാർജ്ജും സമയാസമയങ്ങളിൽ ഈടാക്കുന്നുണ്ടെങ്കിലും ബൾബുകൾ

കത്തുകയോ, മെയിന്റനൻസ് നടത്തുകയോ ചെയ്യാറില്ല. പ്രതിമാസം 3387 രൂപ പഞ്ചായത്ത് വൈദ്യുതി ബോർഡിൽ അടക്കുന്നുമുണ്ട്.

**ഹരിജൻ കോളനികൾ**

ഈ പഞ്ചായത്തിൽ 7 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

**ഫിഷർമെൻ കോളനികൾ**

ആറാം വാർഡിലെപുന്നക്കച്ചാൽ ഫിഷർമെൻ കോളനിയും ലക്ഷംവീട് കോളനിയും വൈദ്യുതീകരിക്കണം.

## നിർദ്ദേശങ്ങൾ

a. കാർഷിക മേഖലയിലെ അപേക്ഷകർക്ക് നിലവിലുള്ളതിനേക്കാൾ മുന്തിയ മുൻഗണന നൽകുക.

b. വോൾട്ടേജ് ക്ഷേമം പരിഹരിക്കാൻ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുക.

*ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ*

1. കൂരിക്കുഴി പള്ളി പരിസരം
2. ചിറക്കൽ പള്ളി പരിസരം
3. കയ്പമംഗലം ബീച്ച് റോഡ്
4. തൈവെപ്പ് സെന്റർ

പന്ത്രണ്ട് പള്ളിനട റോഡിൽ ശക്തികൂടിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ലൈൻ 3 Phase ആക്കി കർഷകർക്ക് ഇന്ന് നിലവിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

c. ഈ പഞ്ചായത്തിലെ എല്ലാ റോഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക.

d. വൈദ്യുതീകരിക്കാത്ത മുഴുവൻ കോളനികൾ വൈദ്യുതീകരിക്കുക.

e. സൗജന്യ വൈദ്യുതി അർഹിക്കുന്ന ഉപഭോക്താക്കൽക്ക് കൊടുത്തു എന്ന് ഉറപ്പുവരുത്തുക.

f. സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാൻവേണ്ട നടപടികൾ എടുക്കുക.

g. ഗോപർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ മുൻകൈയെടുക്കുക.

h. പാചകവാതകവിതരണ രംഗത്തെ അപാകതകൾ പരിഹരിക്കാൻ അപേക്ഷകർക്ക് കാലതാമസമില്ലാതെ കണക്ഷനുകൾ കിട്ടുവാൻ വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കുക.

j. വൈദ്യുതി ക്ഷാമം മൂലം കൃഷിക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ള മോട്ടോർ പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിക്ക് പരിഹാരമുണ്ടാക്കണം.

k. വൈദ്യുതി ദൗർലഭ്യവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് സബ്സ്റ്റേഷൻ സ്ഥാപിക്കാനും, അതുമുഖേന അടുത്ത പഞ്ചായത്തുകളിലേക്ക് പവർ ലഭ്യമാക്കുവാനും വേണ്ട നടപടികൾ ഉണ്ടാക്കണം. ■

## മാർക്കറ്റ്

ഉദ്ദേശ്യം 40 വർഷം മുമ്പ് കയ്പമംഗലം - 12ൽ ഒരു പൊതു മാർക്കറ്റും, അറവുശാലയിൽ പഞ്ചായത്തിന്റെ അധീനതയിൽ ഒരുമാട്ടിറച്ചി വിൽപന കേന്ദ്രവും ഉണ്ടായിരുന്നു. 12-ലെ പൊതു മാർക്കറ്റിൽ തഴപായ, കയർ എന്നീ ഉൽപന്നങ്ങളുടെ ക്രയവിക്രയങ്ങൾ പ്രധാനമായും നടന്നിരുന്നു. ഭൂതല ഗതാഗതം തീരെ കുറവായിരുന്ന മുൻകാലങ്ങളിൽ ജലഗതാഗത മാർഗ്ഗങ്ങളാണ് വാണിജ്യത്തിന് ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് തന്നെ കയ്പമംഗലത്തിന്റെ കിഴക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന കനോലി കനാലിന്റെ തീരത്തും ഇടക്കിടെക്കായി നിർമ്മിച്ചിരുന്ന മണ്ണങ്ങൽ, കാക്കതുരുത്തി എന്നീ കടവുകളോടും ചേർന്നാണ് പ്രധാനമായും കച്ചവടസ്ഥാപനങ്ങൾ നിലകൊണ്ടിരുന്നത്. പുളിക്കകടവിൽ കെട്ടുവള്ളങ്ങളിൽ കൊണ്ടിറക്കുന്ന വിൽപനചരക്കുകൾ തലച്ചുമടായ് ചുമന്ന് ഉൾപ്രദേശങ്ങളിലെ ചെറിയ കടകളിൽ എത്തിച്ചിരുന്നതായും മനസ്സിലാകുന്നു.

കയ്പമംഗലം പഞ്ചായത്തിൽ ഇന്ന് പൊതു മാർക്കറ്റോ, സ്വകാര്യമാർക്കറ്റോ പൊതുവേ ഇല്ല എന്ന് തന്നെ പറയാം. എങ്കിലും ഇവിടത്തെ ഗ്രാമവാസികൾ തങ്ങളുടെ ഉൽപന്നങ്ങൾ കയ്പമംഗലം പഞ്ചായത്തിന്റെ തെക്കേ അതിർത്തിയായ മൂന്നുപീടിക (പെരിഞ്ഞനം) പൊതുമാർക്കറ്റിലാണ് വിൽപന നടത്താറുള്ളത്. എല്ലാ ഞായറാഴ്ചകളിലുമാണ് വളരെ വിപുലമായ തോതിൽ ക്രയവിക്രയം നടക്കുന്നത്. അതോടൊപ്പം ദിനംപ്രതിയെന്നോണം വിപുലമായ മത്സ്യ വിപണനവും നടക്കുന്നു എന്നുള്ളത് വളരെ ശ്രദ്ധേയമായ കാര്യമാണ്.

മാർക്കറ്റുകളിൽ പൊതുവേ നടക്കുന്ന വിപണന ഉൽപന്നങ്ങൾ മത്സ്യം, മാംസം, തഴപായ , കയർ, കശുഅണ്ടി, അടക്ക, കൊടംപുളി, പുന്നക്കുരു എന്നിവയാണ്.

ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഉൽപന്നം നാളികേരമാണ്. അതുകൊണ്ടുതന്നെ ഇതിനെ ആശ്രയിച്ച് 56 മില്ലുകൾ പ്രവർത്തിക്കുന്നുണ്ട് എന്നാൽ ഇതിന്റെ ശരിയായ രീതിയിലുള്ള വിപണനത്തിന് ആവശ്യമായ മാർക്കറ്റിങ്ങ് സമ്പ്രദായം നിലവിലില്ല.

പ്രധാനമായും ഇവിടെ ലഭ്യമാകുന്ന വിഭവം മത്സ്യസമ്പത്താണ് എന്നാൽ വേണ്ട രീതിയിൽ കേടുകൂടാതെ സൂക്ഷിക്കാനോ, വിൽപന നടത്താനോ ഉള്ള സംവിധാനം ഇല്ലാത്തതിനാൽ അർഹിക്കുന്ന ഫലം കിട്ടുന്നില്ല.
നിർദ്ദേശങ്ങൾ

1. നാളികേര കൃഷിക്കാരുടെ സൗകര്യം കണക്കിലെടുത്ത് ന്യായമായ വില ലഭ്യമാക്കുന്ന നാളികേര മാർക്കറ്റോ, ആഴ്ച ചന്തയോ ആരംഭിക്കണം.
2. മത്സ്യത്തിന്റെ ലഭ്യത കണക്കിലെടുത്തുകൊണ്ട് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്ന സംവിധാനമുൾപ്പെടെ അടക്കം പച്ചമത്സ്യ മാർക്കറ്റ് NH-17 ൽ


OFFICE OF THE KAIPAMANGALAM GRAMA PANCHAYATH
147

സ്ഥിതിച്ചെയ്യുന്ന കൊപ്രക്കളത്തിനെ കേന്ദ്രീകരിച്ച് സ്ഥാപിക്കണം. അതോടൊപ്പം തന്നെ ഉണക്ക മത്സ്യം പാക്ക് ചെയ്ത് വില്പന നടത്താനുള്ള സാഹചര്യം ഒരുക്കേണ്ടതുമാണ്.

3. സ്വാശ്രായത്വ ശീലം തീരെ കുറഞ്ഞുവരുന്ന ഈ കാല ഘട്ടത്തിൽ പച്ചക്കറി സാധനങ്ങളുടെ ഉൽപാദനം ഗണ്യമായി കുറഞ്ഞു കൊണ്ടിരിക്കുകയാണ്. പച്ച ക്കറി ഉൽപാദനംപ്രോത്സാഹിപ്പിക്കുന്നതിനും ഉപഭോ ക്താക്കൾക്ക് ന്യായമായ വില ലഭിക്കുന്നതിനും വേണ്ടി ഒരു സഹകരണ പച്ചക്കറി മാർക്കറ്റ് ആരംഭി ക്കണം.

4. തഴപായ നെയ്തും കയറ് നിർമ്മാണവും ഈ ഗ്രാമ ത്തിന്റെ പ്രധാന കുടിൽ വ്യവസായങ്ങളാണ് എന്നാൽ പായനെയ്ത്തിന് ആവശ്യമായ തഴയോല യുടെ ദൗർലഭ്യം രൂക്ഷമായി നേരിടുകയാണ്. ആയ തിനാൽ തഴയോല വിൽക്കലും പായവാങ്ങലും നട ത്തുന്ന ഒരുമാർക്കറ്റ് ആഴ്ചയിൽ ഒരിക്കൽ എന്ന രൂപ ത്തിൽ ആരംഭിക്കേണ്ടതാണ്. അതൊടൊപ്പം കയറു ല്പന്നവും മാർക്കറ്റിനുവേണ്ടി കാളമുറി, കയ്പമംഗ ലം 12, കൊപ്രക്കളം എന്നീ സ്ഥലങ്ങളിൽ ഏതെ ങ്കിലും മാർക്കറ്റിനുവേണ്ടി തെരഞ്ഞെടുക്കാവുന്നതാ ണ്. ■

കയ്പമംഗലം ഗ്രാമപഞ്ചായത്തന്റെ പാർപ്പിട സംബന്ധിയായ ചരിത്രമെടുത്തുനോക്കിയാൽ 50 വർഷങ്ങൾക്കുമുമ്പ് ഇവിടെ ഒറ്റപ്പെട്ട കല്ലുകൊണ്ട് ഓലമേഞ്ഞ വീടുകളായിരുന്നു. പണ്ടുകാലത്ത് വീടുകൾ വളരെ അകലത്തിലായിരുന്നു. പഞ്ചായത്തിൽ ഏറിയ ഭാഗവും കശുമാവിൻ തോപ്പുകളായിരുന്നു. 1969 നുശേഷം ഗ്രാമവികസനവകുപ്പു വഴിയ്കുള്ള പല പദ്ധതികൾമുഖേന ഇവടെ ഭവന നിർമ്മാണം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തികമായി വളരെയധികം പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പഞ്ചായത്താണ് കയ്പമംഗലം, മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ പാർപ്പിടത്തിന് സുപ്രധാനമായ പങ്കുണ്ട്. ഭവന നിർമ്മാണത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കണമെങ്കിൽ ഈ പഞ്ചായത്ത് ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. 1972 ലെ ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതിനുശേഷം ജന്മിമാരുടെ കുടികിടപ്പുകാർക്ക് ഭൂമി പതിച്ചു കിട്ടുകയും അങ്ങനെ അവർ സ്വന്തം സ്ഥലത്ത് വീടുകൾ വെയ്ക്കാനും തുടങ്ങി. ഓടു വീടുകൾ നിലവിൽ വന്നുതുടങ്ങിയട്ട് കേവലം 20 വർഷമേ ആയിട്ടുള്ളു. അതുപോലെ തന്നെ ടെറസ്സുകൾ നിലവിൽ വന്നു തുടങ്ങിയിട്ട് 10 വർഷങ്ങൾക്കു മുമ്പുമാത്രമാണ്. ഗൾഫ് പണത്തിന്റ സ്വാധീനം ടെറസുവീടുകളുടെ കാര്യത്തിൽ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ബഹുനിലകെട്ടിടങ്ങളുടേയും കോൺക്രീറ്റുകെട്ടിടങ്ങളുടേയും എണ്ണം കണക്കിലെടുത്ത് കൊണ്ട് പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക നില വിലയിരുത്തുവാൻ സാധിക്കുകയില്ല. രാമച്ച വ്യവസായം കൊണ്ട് ഓടിട്ട വീടുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## ഈ ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള വിവിധ തരം വീടുകളുടെ കണക്ക് ചുവടെ കൊടുക്കുന്നു.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ളത് | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 648 | 71 | 162 | 180 | 226 | 9 |
| 2 | 652 | 65 | 163 | 191 | 220 | 13 |
| 3 | 734 | 81 | 184 | 205 | 256 | 8 |
| 4 | 787 | 1544 | 206 | 220 | 196 | 11 |
| 5 | 768 | 48 | 277 | 203 | 330 | 10 |
| 6 | 615 | 37 | 103 | 172 | 295 | 8 |
| 7 | 860 | 107 | 215 | 310 | 215 | 13 |
| 8 | 824 | 120 | 2844 | 230 | 180 | 10 |
| 9 | 951 | 100 | 238 | 267 | 332 | 14 |
| 10 | 751 | 74 | 187 | 179 | 302 | 9 |
| 11 | 623 | 64 | 156 | 174 | 218 | 11 |
| 12 | | | | | | . |
| ആകെ | 8213 | 921 | 2075 | 2331 | 2770 | 116 |

ഭവന നിർമ്മാണ രംഗത്ത് പഞ്ചായത്ത് ജെ.ആർ.വൈ. ഫണ്ട് ഉപയോഗിച്ച് പട്ടിക ജാതി പട്ടിക വർഗ്ഗകാർക്ക്ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നു. ആദ്യം 9000 രൂപ ആയിരുന്നു സഹായ ധനമായി കൊടുത്തുകൊണ്ടിരുന്നത്. അത് 11200-15800-22000 എന്നിങ്ങനെ വർദ്ധനവ് വന്നിട്ടുണ്ട് ഈ പദ്ധതി പ്രകാരം ഈ ഗ്രാമപഞ്ചായത്തിൽ 41 പട്ടിക ജാതി കുടുംബങ്ങൾക്കും ലക്ഷം വീട് പദ്ധതിയിൽ 40 വീടുകൾക്കും ധന സഹായം നൽകിയിട്ടുണ്ട്. D.R.D.A വഴി IAY സ്കീം ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. അത് 1989 ൽ 9600 1994-95ൽ 15800, 1995-96ൽ 22000 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. 1995 വരെ പട്ടികജാതിക്കാർക്ക് മാത്രമാണ് ഈ സ്കീം പ്രയോജനപ്പെടുത്തിയിരുന്നത്. 1995 മുതൽ ഇത് എല്ലാ വിഭാഗങ്ങളിലുള്ള ജനങ്ങൾക്കും പ്രയോജനപ്പെടുന്നുണ്ട്, സംസ്ഥാന ഗവൺമെന്റിന്റെ ഭവന നിർമ്മാണ പദ്ധതികൾ മുഖ്യമായും ഹൗസിങ്ങ് ബോർഡ് വഴിയാണ് നടപ്പിലാക്കുന്നുത്. ഉയർന്ന വരുമാനക്കാർക്കും, ദുർബല വിഭാഗങ്ങൾക്കും, ഇടത്തരക്കാർക്കും ഉള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

## ഭവനനിർമ്മാണം സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബ ങ്ങളുടെ എണ്ണം (IRDP സർവ്വേ) | വിവിധ പദ്ധതികളി ലൂടെ ലഭിച്ച വർ | പൂർത്തീ കരിച്ച വീടുകൾ | പൂർത്തീ കരിക്കാ നുള്ള വീടുകൾ | ശേഷിക്കു ന്നവ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 80 | 5 | 3 | 2 | 75 |
| 2 | 100 | 10 | 8 | 2 | 90 |
| 3 | 200 | 15 | 12 | 3 | 185 |
| 4 | 75 | 10 | 7 | 5 | 65 |
| 5 | 80 | 10 | 2 | 8 | 70 |
| 6 | 75 | 5 | 1 | 4 | 70 |
| 7 | 80 | 8 | 1 | 7 | 72 |
| 8 | 90 | 9 | 8 | 1 | 8 |
| 9 | 120 | 15 | 11 | 4 | 105 |
| 10 | 85 | 11 | 8 | 3 | 74 |
| 11 | 125 | 13 | 11 | 2 | 112 |
| 12 | 90 | 10 | 9 | 1 | 80 |
| | 1200 | 121 | 81 | 40 | 1079 |

IRDP സർവ്വേ പ്രകാരം ഈ ഗ്രാമപഞ്ചായത്തിൽ 1200 കുടുംബങ്ങൾക്ക് വീടുകൾ ആവശ്യമുണ്ട്. അതിൽ വളരെക്കുറച്ച് കുടുംബങ്ങൾക്ക് മാത്രമേ വീടുകൾ അനുവദിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. വായ്പകൾ ലഭിക്കുവാൻ കാണിക്കുന്ന ഉത്സാഹം പണിപൂർത്തിയാക്കുന്ന കാര്യത്തിൽകാണുന്നില്ല എന്നത് ദുഖകരമായ ഒരു സത്യമാണ്. വീടുകൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ ഉപഭോക്താക്കളെ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം ഈ ലിസ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ കുടുംബങ്ങൾക്കും വീടുകൾ ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ പുറമ്പോക്കിൽ താമസിക്കുന്ന ആളുകളുമുണ്ട്. കാക്കത്തുരുത്തി കോളനി, കാക്കച്ചാൽ കോളനി, പുന്നക്കച്ചാൽ ഫിഷർമാൻ കോളനി, പുന്നക്കച്ചാൽ നോർത്ത് കോളനി, സൗത്ത് കോളനി ഈ പഞ്ചാത്തിലെ നിവാസികളല്ലാത്തവർ കടത്തിണ്ണയിൽ കിടന്നുറങ്ങുന്നവരുമുണ്ട്.

## ഭവനിർമ്മാണ രംഗത്തെ പ്രതിസന്ധികളും പ്രതിവിധികളും

| പ്രശ്നങ്ങൽ | പ്രതിവിധികൾ |
|---|---|
| 1. തൊഴിലാളികളുടെ ലഭ്യതക്കുറവ് | പ്രാദേശികമായി തൊഴിലാളികളെ പരിശീലിപ്പിച്ചെടുക്കുക |
| 2. കൂലിനിരക്ക് കൂടുതൽ | ദിവസക്കൂലി ഒഴുവാക്കി പീസ് വർക്ക് നടപ്പിലാക്കുക. |
| 3. ഭൂമിയുടെ ലഭ്യതക്കുറവ് | മിച്ചഭൂമി ലഭ്യമാക്കുക. |
| 4. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം | നിർമ്മാണ സാമഗ്രികൾ പ്രാദേശികമായി നിർമ്മിക്കുകയും പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കൾ കെട്ടിടനിർമ്മാണത്തിനായി ഉപയോഗിക്കുക. |
| 5. ജനങ്ങൾക്ക് പദ്ധതികളെക്കുറിച്ചുള്ള മതിപ്പില്ലായ്മ | പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക, ആവശ്യമായ ബോധവൽക്കരണം കൊടുക്കുക. |
| 6. പദ്ധതികൾ മുഖേന ലഭിക്കുന്ന തുകകളുടെ പോരായ്മ | തുക വർദ്ധിപ്പിക്കുക. |
| 7. ഭവനനിർമ്മാണ വായ്പകൾ ലഭിക്കുന്നതിനുള്ള സാങ്കേതി ബുദ്ധിമുട്ട് | ഗ്രാമപഞ്ചായത്തുകൾ ഇടപെട്ട് കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുക. |
| 8. വലിയവീടുകളോടുള്ള ആഭിമുഖ്യം | ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണം പ്രചരിപ്പിക്കുക. |

ഈ പദ്ധതി പ്രകാരം പാവപ്പെട്ടവർക്ക് 26,400 രൂപ ഭവന നിർമ്മാണ ആവശ്യത്തിനായി ലഭിക്കുന്നുണ്ട്. അതിൽ 9,000 രൂപ സബ്സിഡിയായി ലഭിക്കുന്നു. വളരെ പാവപ്പെട്ട ആളുകൾക്ക് ഈ തുകകൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്നില്ല. ഈ ഗ്രാമപഞ്ചായത്തിൽ 2 ലക്ഷംവീടു കോളനികളും എട്ട് ഹരിജൻ സെറ്റിൽമെന്റ് കോളനികളുമുണ്ട്.

### ലക്ഷംവീട് കോളനികൾ

1. പുന്നക്കച്ചാൽ തെക്കേ കോളനി
2. പുന്നക്കച്ചാൽ വടക്കേ കോളനി
3. ഫിഷറീസ് പുന്നക്ക് ച്ചാൽകോളനി

**ഹരിജൻ സെറ്റിൽമെന്റ് കോളനികൾ**

1. കാക്കച്ചാൽ കോളനി 3-ാം വാർഡ്

2. പഞ്ഞംപള്ളികോളനി 2-ാം വാർഡ്

3. ബലിപറമ്പ് IHDP കോളനി

4. അയിരൂർ സെറ്റിൽമെന്റ് കോളനി

5. കയ്പമംഗലം പന്ത്രണ്ട് കോളനി

6. ചളിങ്ങാട് സെറ്റിൽമെന്റ് ലക്ഷംവീട് കോളനി

7. കാക്കാത്തുരുത്തി സെറ്റിൽമെന്റ് കോളനി

8. കാക്കത്തുരുത്തി IHDP കോളനി

9. ഭൂരഹിത തൊഴിലാളികളെ അധിവസിപ്പിക്കുന്ന കോളനി (31 കുടുംബങ്ങൾ)

10. അകമ്പാടം കോളനി

11. ഫിഷറീസ് ഹൈസ്കൂളിന് അടുത്തുള്ള കോളനി. (അംഗീകാരം ലഭിച്ചിട്ടില്ല)

12. വാക്കേൽ കോളനി

ഈ കോളനികളിൽ പഞ്ഞംപള്ളി കോളനി ബലിപറമ്പ് കോളനി എന്നിവിടങ്ങളിൽ കുടിലുകൾ വളരെ കൂടുതലാണ്.

പഞ്ചായത്തിലെ കുടിലുകളുടെ സ്ഥാനത്ത് നല്ല വീടുകൾ പണിയുവാനും ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ചു കൊടുക്കാവാനും സർക്കാർ ഏജൻസികൾക്ക് ഒരു പരിധിവരെ മാത്രമേ കഴിയുന്നുള്ളുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഗവൺമെന്റ് സഹായം കൊണ്ട് മാത്രം പാർപ്പിടരംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ സാധിക്കുകയില്ല. അതിന് ജനങ്ങളുടെ പങ്കാളിത്തം വളരെ അത്യാവശ്യമാണ്. വിദേശ സഹായത്താൽ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പല ജനകീയ പദ്ധതികളും വിജയത്തിൽ എത്തിയിട്ടുണ്ട്. അതുപോലെ ഗുണഭോക്താക്കളിൽ നിന്നും ഒരു വിഹിതം വാങ്ങിച്ചുകൊണ്ട് അവരുടെ പങ്കാളിത്തതോടുകൂടി പരിപാടികൾ നടപ്പിലാക്കുന്നതിന് സംസ്ഥാനതലത്തിൽ തന്നെ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഗവൺമെന്റ് തരുന്ന സഹായംകൊണ്ടും തന്റെ ചെറിയ സമ്പാദ്യംകൊണ്ടും പാവപ്പെട്ടവന് ഒരു ചെറിയ വീടു പണിയാവുന്നതേയുള്ളൂ. അതിന് ഏറ്റവും അത്യാവശ്യം തനിക്ക് ഒരു വീട് വേണമെന്ന ഒരു ഉത്തരവാദിത്വം അവനിൽ ഉണ്ടാക്കിയെടുക്കണം.

## സാമൂഹ്യക്ഷേമം

രാഷ്ട്രപിതാവായ ഗാന്ധിജി വിഭാവനം ചെയ്ത ക്ഷേമ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് സ്വാതന്ത്ര്യപ്രാപ്തിക്ക് ശേഷം നിരവധിപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു എങ്കിലും ഇന്നും ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ സ്ഥിതി വിവരകണക്കുകൾ എടുക്കുമ്പോൾ സാമൂഹ്യക്ഷേമ പദ്ധതികൾ ഇനിയും കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. സാമൂഹ്യക്ഷേ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനങ്ങളെ സാമ്പത്തികമായി ഉന്നതിയിൽ എത്തിക്കുക എന്നതും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ച് അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുക എന്നതാണ്.

ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെ 2886 കുടുംബങ്ങളുണ്ട്. കർഷകതൊഴിലാളികളും, മത്സ്യതൊഴിലാളികളും, പട്ടികജാതി കുടുംബങ്ങളുമാണ് കൂടുതൽ ദാര്ദ്യരേഖയ്ക്ക് താഴെയുള്ളത്. ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ബ്ലോക്കു മുഖേന നടപ്പിലാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് IRDP ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ 92 കുടുംബങ്ങൾക്ക് IRDP ധനസഹായം ലഭിച്ചിട്ടുണ്ട്. ഇനിയും ഒട്ടേറെ കുടുംബങ്ങൾക്കുകൂടി ധനസഹായം ലഭിക്കേണ്ടതുണ്ട്. വിപണന സാദ്ധ്യതയുടെ കുറവും ധനകാര്യസ്ഥാപനങ്ങളുടെ സഹകരണകുറവും പദ്ധതിയുടെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ട്. വായ്പ തിരിച്ചടയ്ക്കുവാൻ ഗുണഭോക്താക്കളെ ബോധവത്കരിക്കേണ്ടത് അവരുടെ ക്ഷേമത്തിനു തന്നെ വളരെ അത്യാവശ്യമാണ്.

IRDP പദ്ധതിയുടെ അനുബന്ധമായി ഗ്രാമീണ വനിതാശിശുക്ഷേമ പദ്ധതി 1993 – 94 മുതൽ നടപ്പിലാക്കി വരുന്നു. വനിതകളുടെ കൂട്ടായ പ്രയത്നത്തിലൂടെ കുടുംബ വരുമാനംവർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾക്ക് ഈ പദ്ധതി ധനസഹായം നൽകുന്നു. ഈ പഞ്ചായത്തിൽ 3 DWCRA ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു

### DWCRA പദ്ധതി പ്രകാരം രൂപപ്പെട്ടതൊഴിൽ സംരംഭങ്ങളുടെ എണ്ണം.

| വാർഡ് | വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | തൊഴിൽ സംരംഭത്തിന്റെ ഇനം | പ്രവർത്തന ക്ഷമത സംബന്ധിച്ച് |
|---|---|---|---|---|
| 2 | 1994-95 | 10 പേർ | കയർ എൻഡ് മാറ്റ് നിർമ്മാണയൂണിറ്റ്. 'ഐശ്വര്യ' DWCRA | നല്ല രീതിയിൽ |
| 3 | 1995-95 | 15 പേർ | കയർ റാട്ട് നിർമ്മാണ യൂണിറ്റ്, ഗ്രാമ ലക്ഷ്മി യൂണിറ്റ് രജി: 334195 | നല്ലരീതിയിൽ |
| 6 | 1993-94 | 10 പേർ | ചാപ്പക്കടവ് കയർ നിർമ്മാണയൂണിറ്റ് രജി: 136/94 | നല്ല രീതിയിൽ |



151

## IRDP സർവ്വേപ്രകാരം ദാരിദ്രരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | SC/ST കുടുംബങ്ങൾ | ഇതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖക്കു മുകളിലുള്ള കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 222 | 22 | 40 | 20 | 10 | 300 |
| 2 | 238 | 12 | 50 | 20 | 16 | 260 |
| 3 | 334 | 21 | 75 | 25 | 30 | 350 |
| 4 | 181 | 30 | 55 | 20 | 30 | 200 |
| 5 | 250 | 25 | 20 | 10 | 10 | 250 |
| 6 | 201 | 9 | 19 | 9 | 12 | 201 |
| 7 | 182 | 5 | 15 | 5 | 9 | 182 |
| 8 | 162 | 6 | 32 | 4 | 8 | 10170 |
| 9 | 295 | 30 | 60 | 24 | 16 | 325 |
| 10 | 245 | 19 | 38 | 14 | 13 | 260 |
| 11 | 320 | 40 | 62 | 28 | 15 | 330 |
| 12 | 215 | 8 | 22 | 6 | 12 | 245 |

യുവ ഗ്രാമീണ ജനങ്ങൾക്ക് ചെറുകിട കുടിൽ വ്യവസായ സർവ്വീസ് മേഖലയിൽ പരിശീലനം നല്കുന്ന ട്രൈസം പരിശീലന പദ്ധതിയിൽ ഈപഞ്ചായത്തിൽ 46 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. അതിന്റെ സ്ഥിതി വിവിര കണക്കുകൾ താഴെ കൊടുക്കുന്നു

| വാർഡ് നമ്പർ | പരിശീലനവിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ഔട്ട് ബോർഡ് എൻജിൻ മെക്കാനിക്ക് | 1 | 1 | 1 | |
| 2 | ഹാൻഡ്‌ലൂം നെയ്ത്ത | 8 | 8 | | |
| 3 | പ്രിന്റിങ് ഏൻഡ് കമ്പോസിങ് | | 2 | 2 | |
| 4 | ബാംബൂകൾച്ചർ | 1 | 1 | | |
| 5 | ഇലക്ട്രോണിക് എസി കോഴ്സ് (AIC) | | | 1 | 1 |
| 6 | എമ്പരോയഡറി & ടെയ്‌ലറിങ് | 2 | 2 | | |
| 1 | ടി.വി. റേഡിയോ റിപ്പയറിങ് | 2 | 2 | | |
| 2 | പ്രിന്റിങ് | 3 | 3 | | |
| 3 | കൈത്തറി നെയ്ത്ത് | 6 | 6 | | |
| 4 | ബാംബൂ കൾച്ചർ | 1 | 1 | | |
| 5 | സോപ്പുനിർമ്മാണം | 2 | 2 | | |
| 6 | ഫോട്ടോഗ്രാഫി | 1 | 1 | | |
| 7 | ഓട്ടോമെക്കാനിക്ക് | 2 | 2 | | |
| 8 | റെക്സിൻ ബാഗ് നിർമ്മാണം | 1 | 1 | | |
| 9 | വെൽഡിങ് | 1 | 1 | | |
| 10 | ടൈലറിങ് | 2 | 2 | | |
| 11 | ടി.വി. വി.സി.ആർ. മെക്കാനിക്ക് | 1 | 1 | | |
| 12 | ഹാൻഡ്‌ലൂം | 2 | 2 | | |
| | സൈക്കിൾ റിപ്പയറിങ് | 1 | 1 | | |
| | അലുമിനിയം ഫേബ്രിക്കേഷൻ | 2 | 2 | | |

സാമൂഹ്യ ക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് വിവിധ പെൻഷനുകളും പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് വിതരണം ചെയ്യുന്നത്.

### വിവിധ പെൻഷനുകളെപ്പറ്റിയുള്ള വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| വർഷം | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാരധക്യ പെൻഷൻ | കാൻസർ രോഗ പെൻഷൻ | കാർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|
| 91-92 | 195 | 18 | 51 | 2 | 124 | 93 |
| 92-93 | 198 | 85 | 52 | | 126 | |
| 93-94 | 198 | 88 | 52 | | 139 | |
| 94-95 | 202 | 91 | 52 | | 139 | |
| 95-96 | 199 | 92 | 52 | | 139 | |
| | 137 | 84 | 18 | | | |

ഈ ഗ്രാമപഞ്ചായത്തിൽ മത്സ്യ ബന്ധനരംഗത്ത് ഏർപ്പെട്ടിരിക്കുന്ന ഒട്ടേറെ തൊഴിലാളികളുണ്ട്. കയ്പമംഗലം ഗ്രാമപഞ്ചായത്തിൽ 13 മഹിളാ സമാജങ്ങളും ഈ സമാജങ്ങളോടനുബന്ധിച്ച് 7 ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ശിശുസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ബാലവാടിയുണ്ട്.

സാമൂഹ്യക്ഷേമ സേവനരംഗത്ത് നിർണ്ണായക പങ്കുവഹിക്കുന്ന ഈ സ്ഥാപനങ്ങളിൽ പലതും പ്രാഥമികസൗകര്യങ്ങൾ പോലും ഇല്ലാത്തവയാണ്. തുച്ഛമായ വേതനമാണ് ഇതിന്റെ പ്രവർത്തകർക്കു ലഭിക്കുന്നത്. പല വാർഡുകളിലും ബാലവാടികളുടെ ആവശ്യമുണ്ട്. മതിലകം ബ്ലോക്കിന്റെ കീഴിൽ ഒരു വാർഡിൽ ചുരുങ്ങി

യത് 2 ബാലവാടികളെങ്കിലും തുടങ്ങേണ്ടിയിരിക്കുന്നു. ഈ സ്ഥാപനങ്ങളെല്ലാം സാമൂഹ്യ വകുപ്പിന്റെ ICDS അംഗനവാടികളാക്കിതീർക്കേണ്ടതാണ്. ഈ ബാലവാടിയിൽ വരുന്ന കുട്ടികൾക്ക് പോഷകാഹാരത്തിനുവേണ്ടി നൽകുന്ന തുക വളരെ തുച്ഛമാണ്. അതു വർദ്ധിപ്പിക്കേണ്ടതുണ്ട്. അതുപോലെ ഈ ബാലവാടിയിൽ ജോലി ചെയ്യുന്ന ടീച്ചർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും അവരെ സാമൂഹ്യ സേവനരംഗത്ത് സജീവ പങ്കാളികളാക്കേണ്ടതും ചെയ്യേണ്ടതാണ്. ഈ ഗ്രാമപഞ്ചായത്തിൽ 15 റേഷൻഷാപ്പുകളുണ്ട്. ഓണക്കാലത്ത് കയ്പമംഗലം സഹകരണസംഘം വഴി നടത്തുന്ന ഓണച്ചന്ത മാത്രമേയുള്ളു. പഞ്ചായത്തിൽ മാവേലി സ്റ്റോർ ഇല്ല എന്നത് വളരെ ദുഃഖകരമായ വസ്തുതയാണ്. അതുകൊണ്ടുതന്നെ ചെറുകിട കച്ചവടക്കാരുടെ ചൂഷണങ്ങൾക്ക് ജനങ്ങൾ വിധേയരാകുന്നു. അത് നിർത്തലാക്കുന്നതിനുവേണ്ടി മാവേലി സ്റ്റോറുകൾ ഉടൻ ആരംഭിക്കേണ്ടതാണ്.

സാമൂഹ്യ ക്ഷേമരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പൊതുവെ കുറവാണ്. മഹിളാ സമാജങ്ങൾ, ബാലവാടികൾ എന്നിവയുമായി ബന്ധപ്പെട്ട് കുറച്ചു സ്ത്രീകൾ സാമൂഹ്യ രംഗത്തുണ്ട്. സ്ത്രീകളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നിലവിലുണ്ടെങ്കിലും അവ വേണ്ട വിധത്തിൽ കൈകാര്യം ചെയ്യുവാൻ വേണ്ട മഹിളാ പ്രസ്ഥാനങ്ങളോ വനിത സഹകരണ സംഘങ്ങളോ ഈ പഞ്ചായത്തിൽ നിലവിലില്ല. ഇങ്ങനെയുള്ള പ്രസ്ഥാനങ്ങൾ പഞ്ചായത്തിന്റെ കീഴിൽ നിലവിൽ വന്നാൽ സ്ത്രീകൾക്കുള്ള ക്ഷേമ പദ്ധതികളിൽ പരിശീലനം കൊടുക്കുവാനും വിഭവസമാഹരണം നടത്തുവാനും കഴിയും. അങ്ങനെ സാമൂഹ്യ ക്ഷേമരംഗത്ത് സ്വയം തൊഴിൽ കണ്ടെത്തലിലൂടെ വമ്പിച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയും. ■

കേരളത്തിലെ പല നാട്ടുപ്രദേശങ്ങളേയും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട ഒരു സാംസ്കാരിക പൈതൃകമാണ് കയ്പമംഗലം ദേശത്തിനും അവകാശപ്പെടാനുള്ളത്. ഐരൂർ ദേവസ്വവും അഗസ്തേശ്വരപുരം ക്ഷേത്രവുമാണ് പൗരാണികമായ രണ്ടു ക്ഷേത്രങ്ങൾ. ജനകീയ ഭരണം വരുന്നതിന് തൊട്ടുമുമ്പ് വരെ പഴയ ഫ്യൂഡൽ വ്യവസ്ഥിതിയുടെ പിൻതുടർച്ച തന്നെയായിരുന്നു. ഇവിടേയും നിലനിന്നുപോന്നത്. ജനസാന്ദ്രതകുറവും വിസ്തീർണ്ണം കൂടുതലുമുള്ള പ്രദേശമായിരുന്നതുകൊണ്ട് സമുദായപ്രമാണിമാരക്കൊതന്നെ ഭൂപ്രഭുക്കന്മാരുമായിരുന്നു. നായർ ഈഴവ, അരയ ,മുസ്ലീം സമുദായങ്ങൾക്കായിരുന്നു പ്രാബല്യം. ഈ ഓരോ ജാതിയിലെയും പ്രഭുക്കന്മാർ ഗോത്രതലവന്മാരെപ്പോലെ അവരുടെ സമുദായത്തിൽപ്പെട്ടവരെ ആജ്ഞാനുവർത്തികളാക്കിയിരുന്നു. കല്യണാടിയന്തിരങ്ങളും തിരണ്ടുകുളിവരെയും കരപ്രമാണിമാരെ അറിയിക്കാതെ നടത്താൻ പാടില്ലാതിരുന്ന ഒരു കാലം അധിക ദൂരെ അല്ലായിരുന്നു. മേൽപറഞ്ഞ സമുദായങ്ങൾക്കെല്ലാം തന്നെ അവരുടെ വിഴുപ്പലക്കാനും മുടിവെട്ടാനും ശേഷക്രിയ ചെയ്യാനും പ്രത്യേക വിഭാഗമുണ്ടായിരുന്നു. ഹിന്ദു, മുസ്ലീം, കൃസ്ത്യൻ എന്നീ പ്രധാന മൂന്നു വിഭാഗങ്ങളും ഇവിടെയുണ്ട്. താരതമ്യേന കുറവ് കൃസ്ത്യൻ വിഭാഗമാണ്. 10-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സെന്റ് ജോസഫ്സ് ചർച്ചും 6-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സെന്റ് സെബാസ്റ്റ്യൻ ചർച്ചുമാണ് ഇവിടെ കൃസ്തീയ ദേവാലയങ്ങൾ. കൂരിക്കുഴി ജുമാമസ്ജിദും, കാക്കാതുരുത്തി ബദർപള്ളിയും 7-ാം വാർഡിലെ പുത്തൻപള്ളിയുമാണ് പൗരാണിക മുസ്ലീം ദവാലയങ്ങളെങ്കിലും കൊപ്രക്കളം പള്ളി, കാളമുറി പള്ളി, മഹല്ലറപള്ളി, ചളിങ്ങാട് പള്ളി, പഞ്ഞം പള്ളി, പതിനെട്ടുമുറിപള്ളി,തുടങ്ങി അനവധി ദേവാലയങ്ങളും അതിനോടൊക്കെയനുബന്ധിച്ച് വേദപാഠശാലകളുമുണ്ട്. കൊപ്രക്കളം പള്ളിയോടനുബന്ധിച്ച് പ്രസിദ്ധമായ ഒരു അറബിക് കോളേജും പ്രവർത്തിച്ചു വരുന്നു. ഹിന്ദുദേവാലയങ്ങളുടെ കാര്യമാണെങ്കിൽ ഒരു തറവാടിന് ഒരു ക്ഷേത്രം എന്ന നിലയും വിട്ട് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. കോഴിപ്പറമ്പിൽ എന്ന തറവാട്ടുകാർക്ക് നിത്യപൂജയും നല്ല ഉത്സവാഘോഷങ്ങളുമുള്ള നാലു ക്ഷേത്രങ്ങളുള്ളതായറിയാം. പള്ളിയിലെ പെരുന്നാളുകളും അമ്പലങ്ങളിലെ ഉത്സവങ്ങളും എല്ലാവിഭാഗം ജനതങ്ങളുടേയും സഹവർത്തിത്വത്തോടെ നടന്നു പോരുന്നു. അന്യോന്യം സ്നേഹിക്കാനും, സഹകരിക്കാനും, സഹായിക്കാനും ഉള്ള വഴികാട്ടികളായി മതസൗഹാർദ്ദത്തിന്റെ ഈറ്റില്ലങ്ങളായി ഈ ദേവാലയങ്ങൾ കുടികൊള്ളുന്നു.

കൃസ്ത്യാനികളിൽ റോമൻ കത്തോലിക്കാ വിഭാഗം മാത്രമേ ഇവിടെയുള്ളു. മുസ്ലീങ്ങളിൽ ജമാഅത്തുകാരും, മുജാഹിദുകളും, സുന്നികളുമാണിവിടെ സിംഹഭാഗവും. ഹിന്ദുക്കളിൽ സവർണ്ണർ എന്ന് പറയപ്പെടുന്നവർ ഇവിടെയില്ലെന്നുതന്നെ പറയാം. നായർ, ഈഴവ (തിയ്യ), അരയ, വേട്ടുവ, പുലയ, കൽകുറുപ്പ്, മരാശാരി, കമ്മാള തുടങ്ങിയ ഉപജാതിയിൽപ്പെട്ടവരാണ് ഇവിടെ താമസിക്കുന്ന ഹിന്ദുക്കൾ. ഇവിടത്തെ ജനവിഭാഗത്തിൽ സമ്പന്ന വർഗ്ഗം എന്ന ഗണത്തിൽ പ്പെടുത്താവുന്നവർ വിരളമാണ്. ഇടത്തരക്കാരും, താഴ്ന്നവരുമാനക്കാരും പട്ടിണിപ്പാവങ്ങുമാണിവിടെയുള്ളത്.

എണ്ണപ്പാടത്ത് കൊയ്യാൻ പോയവർ പലരും നിരാശരായി മടങ്ങുന്നുണ്ടെങ്കിലും ദേശത്തെ സാമ്പത്തിക ഭദ്രയില്ലാതിരുന്ന നല്ലൊരു വിഭാഗം ജനങ്ങൾക്കും അതുണ്ടാക്കിക്കൊടുക്കാനും തദ്വാരാ സാമൂഹ്യവും, സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ ഉന്നമനത്തിന് വഴി തെളിയ്ക്കാനും അറേബ്യൻ ഗൾഫ് സഹായിച്ചിട്ടുണ്ട് എന്ന് പ്രത്യേകം പ്രസ്താവ്യമാണ്. ഇവിടെയുള്ള വ്യവസായങ്ങളും ഗൾഫുകാരുമായി ബന്ധപ്പെട്ടുകിടക്കുന്നു. അവരും ജീവിതഭദ്രതനേടിയവരാണ്. തെങ്ങുകൃഷിയും അടുത്ത കാലത്ത് ആശാവഹമല്ലാതായിത്തീർന്നെങ്കിലും കല്പവൃക്ഷത്തെ ആരാധിച്ചുകൊണ്ട് ഭൂവുടമകളും ക്ലേശം പുറത്തറിയിക്കാതെ ജീവിക്കുന്നു. തൊഴിലാളിക്ക് 100 രൂപ മുതൽ കൂലിയുള്ളതുകൊണ്ട് ആരോഗ്യവും തൊഴിലിനോട് സ്നേഹവുമുള്ള ഏതൊരുവനും സാമാന്യ മായി ജീവിത നിലവാരം പുലർത്താനാവുന്നുണ്ട്. അഞ്ച് ശതമാനത്തോളം വരുന്ന ഉദ്യോഗസ്ഥവൃന്ദവും മെച്ചപ്പെട്ട ജീവതനിലവാരം പുലർത്തുന്നു. എന്നാൽ കടലിനെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ഒരു ജനവിഭാഗം ഇവിടെ നല്ലൊരു ശതമാനം ഉണ്ട്. വിദ്യാഭ്യാസ പരമായും, സാമൂഹ്യപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഇവർ സാമ്പത്തിക അച്ചടക്കം കുറഞ്ഞവരുമാണ്. കൂടാതെ ക്ലേശിക്കുന്നത് തൊഴിലറിയാത്തവരും വെള്ളക്കോളർ മാത്രം പ്രതീക്ഷിച്ചുകഴിയുന്നവരുമായ അഭ്യസ്തവിദ്യരുമാണ്.

സ്വതന്ത്രഭാരതത്തിന്റെ ലക്ഷ്യങ്ങളായിരുന്നു സാക്ഷരതയും ഹരിജനോദ്ധാരണവും. ഈശ്വരൻ മാത്രം ആശ്രയമായ ജനം എന്ന അർത്ഥത്തിലാണ് ഗാന്ധിജി ആപദം ഉപയോഗിച്ചത്. സൗജന്യ വിദ്യാഭ്യാസവും ഉദ്യോഗ സംവരണവും ഉപയുക്തമാക്കി ജോലിനേടുകയും നല്ല തലമുറകളെത്തന്നെ വാർത്തെടുക്കുകയും ചെയ്ത ഹരിജനകുടുംബങ്ങളും ഇവിടെ വിരളമല്ല.

വിദ്യാഭ്യാസം സാർവ്വത്രികമായതോടെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഒരു പരിധിവരെ കുറഞ്ഞിട്ടുണ്ട്. എങ്കിലും ദുർമന്ത്രവാദികളും മറ്റും ഇപ്പോഴും ജീവിക്കുന്നു. വിദ്യാഭ്യാസവും, സാമൂഹ്യബോധവും ഉതപതിഷ്ണുത്വവും വർദ്ധിച്ചിട്ടും ക്ഷയിക്കാതെ സ്ത്രീധനസമ്പ്രദായം പുഷ്ടിപ്പെടുന്നു എന്നുള്ളതാണ് നമ്മുടെ ശാപം. സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനവും വിവാഹമോചനവും നിത്യസംഭവമാണ്.



OFFICE OF THE KAIPAMANGALAM GRAMA PANCHAYATH
154

ഒരു സാംസ്കാരിക കേന്ദ്രം ഈ ദേശത്തിനവകാശപ്പെടാനില്ല. ഒരു മഴക്കു മുളക്കുകയും അടുത്ത വേനലിന് കരിയുകയും ചെയ്യുന്ന പൊന്നിൻ തകരകളെല്ലാതെ അഭ്യസ്തവിദ്യരും തൊഴിലില്ലാത്ത വരുമായ കുറച്ചു ചെറുപ്പക്കാർ ഒരു പ്രദേശത്തുണ്ടാകുമ്പോൾ ഒരു ആർട്സ് ക്ലബ്ബോ ഒരു വായനശാലയോ ഉണ്ടാവുന്നു. അവർ ജീവിത മാർഗ്ഗം തേടിപ്പോകുമ്പോൾ അവ പ്രവർത്തനരഹിതമാവുകയും മറ്റൊരിടത്ത് പുതിയത് മുളയ്ക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെ കണക്കെടുക്കാൻ മുതിരുന്നില്ല.

ഗ്രന്ഥശാലകളും വായനശാലകളും കലാകായിക സ്ംഘടനകളുമണല്ലോ നമ്മുടെ സാംസ്കാരത്തിന്റെ പാതയിലുള്ള മുഖ്യ നാഴികക്കല്ലുകൾ. വായനശാലകളുടെ ചരിത്രം പിരശോധിച്ചാൽ 1930 ൽ കണ്ടങ്ങൻമാരുടെ ഭാഗത്ത് സ്ഥാപിതമായ ഫ്രൻസ് യൂണിയൻ ക്ലബ്ബാണ് ആദ്യത്തേത്. നാലോ അഞ്ചോ ലൈബ്രറികൾ ഇന്ന് ഗ്രാന്റ് ലഭിക്കുന്നുണ്ടെങ്കിലും നല്ല രീതിയിൽ നടക്കുന്നത് ഗ്രാമ്യ, ഗ്രാമദീപം, കമ്യൂണിറ്റി പഞ്ചായത്ത് എന്നീ ഗ്രന്ഥശാലകളാണ്. ഇതിൽ 8-ാാം വാർഡിൽ സ്ഥിതിചെയ്യുന്ന ഗ്രാമ്യസാസ്കാരിക കേന്ദ്രം പ്രത്യേകം പ്രസ്താവ്യമാണ്. കയ്പമംഗലം ദേശത്ത് ഇത്രമാത്രം വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന മറ്റൊരു സാസ്കാരിക സംഘടനയില്ല. ആയിരത്തിലേറെ പുസ്തകങ്ങൾ ഗ്രാമ്യയ്ക്കുണ്ട്. ലൈബ്രേറിയന് ലഭിക്കുന്ന 6000 രൂപ അലവൻസ് പോലും അവർ പുസ്തകം വാങ്ങുന്നതിനുപയോഗിക്കുന്നു. ഇവകൂടാതെ ഒന്നുരണ്ടു ഇസ്ലാമിക് ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്. വിശദ വിവരം പട്ടിക A യിൽ കാണുക.

കയ്പമംഗലം ദേശത്താകെയുള്ള വായനശാലകളിൽ ഒന്ന പഞ്ചായത്ത് വായനശാലയും മറ്റുള്ളവ ജനകീയ കമ്മറ്റികൾ നോക്കി നടത്തുന്നവയുമാണ്. 7 വായനശാലകളിലായി മൊത്തം 14,700 മലയാള പുസ്തകവും 1300 ഇംഗ്ലീഷ് പുസ്തകവുമാണുള്ളത്. പ്രതിമാസം 3225 പുസ്തവിതരണം ചെയ്യുന്നു. ആകെ. 1201 പേർ അംഗങ്ങളാണ്. ഇതിൽ 75 പേർ മാത്രമാണ് വനിതാമെമ്പർമാർ രണ്ട് വായനശാലകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഭൗതിക സൗകര്യങ്ങൾ അപര്യാപ്തങ്ങളാണ്. മൊത്തം 30345 പേരിൽ 3% മാത്രമേ വായനശാലയുമായി ബന്ധപ്പെടുന്നുള്ളൂ. വനിതാ വായനക്കാർ താരതമ്യേന കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു. എന്നാൽ മലയാളമനോരമ ആഴ്ചപതിപ്പ്, മംഗളം വാരിക തുടങ്ങിയ ആനുകാലികങ്ങൾ വായിക്കുന്നവരാണ് ഗണ്യമായ ശതമാനം വീട്ടമ്മമാരും. ലൈബ്രറികളിൽ പോകാനും പുസ്തകങ്ങൾ എടുക്കാനും അവർക്കുള്ള അസൗകര്യമാണ് ഈ പിന്നോക്കാവസ്ഥക്ക് കാരണം.

വായനശാലകളോട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കലാകായിക ക്ലബ്ബുകൾ കൂടാതെ സ്വതന്ത്രമായ ആർട്ട്സ് & സ്പോർട്സ് ക്ലബ്ബുകൾ ഏറെയുണ്ട്. ആർട്സ് ക്ലബ്ബുകൾക്ക് ഇവിടെ ഒരു കാലത്തും പഞ്ഞമുണ്ടായിട്ടില്ല. നാടകകലയോടാണ് പണ്ടും ഇന്നും താല്പര്യം. സ്വന്തം വീട്ടുവളപ്പിൽ നാടകശാല കെട്ടിയുണ്ടാക്കി പാട്ടും നൃത്തവും, നാടകവും അഭ്യസിപ്പിച്ച് സമ്പത്ത് മുഴുവൻ പണയപ്പെടുത്തിയ കയ്പമംഗലത്തെ സംഗീത വിദ്വാൻ കൂടിയായിരുന്ന മുക്കടവത്ത് കുഞ്ഞുബാവ ദാസിന്റെ നാമധേയം കലാസ്നേഹികൾക്ക് മറക്കാനാവില്ല. തറയിൽ രാമദാസ്, നടയ്ക്കൽ ശങ്കുണ്ണിമാസ്റ്റർ എന്നിവർ 50കളിൽ നാടകകളരിക്കാരായിരുന്നു. അഷറഫ് മണപ്പുറം രാജൻ കാഞ്ഞിരക്കോട്, രാജൻ കോതങ്ങത്ത് തുടങ്ങിയവർ ഇപ്പോഴത്തെ മുഴുവൻ സമയ അമേച്വർ നാടക പ്രവർത്തകരാണ്. മനോമോഹനൻ കയ്പമംഗലത്തിന്റെ അനുഗ്രഹീത പ്രൊഷനൽ നടനുമാണ്.

കലാസമിതികളേറെയുണ്ടെങ്കിലും സ്ഥിരമായി ചിട്ടയായ പ്രവർത്തന ശൈലിയുള്ളവ തുഛമാണ്. 1-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സഹോദര കലാസമിതിയും 8-ാം വാർഡിലെ ഗ്രാമ്യയുമാണ് മുമ്പന്തിയിൽ. സഹോദരയിൽ ശാസ്ത്രീയ സംഗീതവും, ശാസ്ത്രീയ നൃത്തവും, ഉപകരണ സംഗീതവും അഭ്യസിപ്പിക്കുന്നതു കൂടാതെ അവർ ഒരു നേഴ്സറികൂടി നടത്തുന്നുണ്ട്. ഇന്ന് നിലവിലുള്ള ഏറ്റവും പഴക്കം ചെന്ന കലാസമിതിയും അതുതന്നെ. സ്വന്തമായ നല്ല കെട്ടിടവുമുണ്ട്. സഹോദര കലാ സമിതിയുടെ സ്ഥാപക നേതാവും അനുഗൃഹീത നടനുമായ കോതങ്ങത്ത് ധർമ്മനാചാരിയുടെ പേർ ഇവിടെ പ്രത്യേകം പ്രസ്ത്യാവ്യമാണ്. പഞ്ചായത്ത് കേരളോത്സവങ്ങളിലെ നാടക മത്സരങ്ങളിൽ തുടർച്ചയായി രണ്ടു കൊല്ലവും ബ്ലോക്ക് തല മസ്തരങ്ങളിൽ ഒരു വർഷവും സഹോദര കലാ സമിതി 1-ാം സ്ഥാനത്തെത്തി. ആർട്സ് & സ്പോർട്സ്, വായനശാല, ലൈബ്രറി, നേത്ര രക്തദാന ഫോറങ്ങൾ, ചർച്ചകൾ, സിമ്പോസിയങ്ങൾ തുടങ്ങീ വൈവിധ്യമാർന്ന സാംസ്കാരിക പ്രവർത്തനങ്ങൾ കാഴ്ചവെക്കാറുള്ള മികച്ച സാസ്കാരിക പ്രസ്ഥാനമാണ് " ഗ്രാമ്യ" ഇവയിലെല്ലാം തന്നെ സ്ത്രീ പങ്കാളിത്തം നാമമാത്രമാണെന്ന് പ്രത്യേകം പറയട്ടെ.

നാടൻ പാട്ടുകളും, കഥകളും അപ്രത്യക്ഷമായിരിക്കുന്നു. ക്രിക്കറ്റിന്റെ വരവോടുകൂടി നാടൻ കായിക വിനോദങ്ങളും മൺമറഞ്ഞു. ചക്കിപ്പൂവും നെല്ലിപ്പൂവും വിരിഞ്ഞുനിന്നരുന്ന ചിങ്ങപാടങ്ങളെല്ലാം തെങ്ങിൻ തോപ്പുകളും കുടിയിരിപ്പുകളുമായി. പാലാട്ട് കോമന്റെയും തച്ചോളി ചേലാട്ട് കുഞ്ഞൊതേനന്റേയും ഉണ്ണിയാർച്ചയുടേയും കഥകൾ പാടി ഞാറ്റുവേലകൾ ചെയ്തിരുന്ന കാളിയും, ചിരുതയും, കോതയും ആ പാട്ടുകളോടൊപ്പം കാലയവനികക്കുള്ളിൽ മറഞ്ഞു. ആരാധനാപരങ്ങളായ അയ്യപ്പൻ പാട്ടും തോറ്റം പാട്ടും സർപ്പപ്പാട്ടും കളങ്ങളും നിലനിൽക്കുന്നു എന്നത് ആശ്വാസ ജനകമാണ്. ഓണകളികൾ ദൂരദർശനിൽ മാത്രമൊതുങ്ങി ഓണാഘോഷം ടൂറിസം വകുപ്പിന്റെ കയ്യിലും ഓണക്കളിയുടെ ഒരു വികൃത രൂപം അടുത്ത കാലത്തായി എവി


OFFICE OF THE KAIPAMANGALAM GRAMA PANCHAYATH
155

ടെന്നോ പൊട്ടി മുളച്ച് കാണുന്നുണ്ട്. ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ സമൂഹത്തിലെ ആബാലവൃദ്ധജനങ്ങളേയും അപകടകരമാവും വിധം സ്വാധീനിച്ചിരിക്കുന്നു.

വിനോദവും വിജ്ഞാനവും നല്കുന്ന വൈവിധ്യമാർന്നപരിപാടികൾ സ്വന്തം വീട്ടിൽ സുഖമായിരുന്നു കാണാമെന്നുള്ളതുകൊണ്ട് എല്ലാ വിഭാഗക്കാരെയും ആകർഷിക്കാൻ ടി.വിക്ക് നിഷ്പ്രയാസം കഴിഞ്ഞു. കേബിൾ ടി.വി. വന്നതുമൂലം ദിവസത്തിന് 2 മണിക്കൂർ പോരെന്ന സ്ഥിതിയായി. സിനിമ പ്രേമികൾക്ക് രണ്ടോ മൂന്നോ സിനികൾ ഒരു ദിവസം. സ്പോർട്സ് പ്രേമികൾക്ക് ഇഷ്ടംപോലെ. കാർട്ടൂൺ പ്രിയക്കാരായ കുട്ടികൾക്ക് ജംഗിൾബുക്ക് പോലെ ഒട്ടനവധി. ഹൈസ്കൂൾ-കോളേജ് കുമാരൻമാർക്ക് ' ഇന്ത്യാ V/s ആസ്ട്രേലിയ'. വീട്ടമ്മമാർക്കും കുമാരിമാർക്കും നഖം കടിച്ചു തീർക്കാൻ പൈങ്കിളി സീരിയലുകൾ. പിന്നെ വായിക്കാനെവിടെ സമയം. പരസ്യമില്ലാത്ത മൈദയോ, പിണ്ണാക്കോ, മൊട്ടുസൂചിയോ വരെ ഇന്ന് നാം ആരും ഉപയോഗിക്കാറില്ലാത്ത ഒരു ഉപഭോക്തൃ സംസ്കാരത്തിന്റെ നീരാളി പിടിത്തത്തിലകപ്പെട്ടിരിക്കുകയാണ്. 20 ശതമാനത്തോളം വീടുകളിൽ ടി.വി. ഉണ്ട്. കേബിൾ ടി.വി. ഉണ്ടെങ്കിലും സാർവത്രികമായിട്ടില്ല. താണവരുമാനക്കാർ തിങ്ങിപ്പാർക്കുന്ന ആറിടങ്ങളിലും പഞ്ചായത്ത് വായനശാലയിലും പഞ്ചായത്ത് വക ടി.വി. സ്ഥാപിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഉണ്ടായിരുന്ന ഒരു സിനിമാശാല ഇപ്പോഴില്ല.

കുട്ടിം കോലും, കിളിത്തട്ടും, വാറും തലപ്പന്തും സൽഗുഡുവുമൊക്കെയായിരുന്ന ഇവിടത്തെ കായിക വിനോദങ്ങൾ. തലപ്പന്തും ക്രിക്കറ്റും തമ്മിൽ സാമ്യമുണ്ട്. സൽഗുഡുവിന്റെ പുതിയ രൂപമാണ് കബഡി. വാറും കിളിത്തട്ടുമൊക്കെ കാലഹരണപ്പെട്ടുപോയി. പൊതുവായ ഒരു കളിസ്ഥലം ഈ പഞ്ചായത്തിലില്ല. സ്കൂൾ ഗ്രൗണ്ടുകളാണ് കായിക പ്രേമികൾ ഉപയോഗപ്പെടുത്താറ്. ഷട്ടിൽ ബാഡ്മിന്റനും, വോളിയും ക്രിക്കറ്റുമാണ് പ്രധാന കളികൾ. ചെസ്, കാരംസ്, തുടങ്ങിയ ഇന്റോർ കളികളും ക്ലബ്ബുകളിൽ നടക്കാറുണ്ട്. ഒരു ജിംനേഷ്യം സെന്റർ പ്രവർത്തിക്കുന്നുണ്ടെങ്കിലും കളരി ഈ പ്രദേശത്ത് തീരെ ഇല്ല. എന്നാൽ ചിലയിടങ്ങളിൽ കരാട്ടെ പ്രാക്ടീസ് നടക്കുന്നുണ്ട്. കേരളോത്സവത്തിന്റെ ഭാഗമായി പഞ്ചായത്തിൽ സ്പോർട്സ് & ഗെയിംസ് മത്സരങ്ങൾ നടത്താറുണ്ട്. റണ്ണിങ്ങ് ജംപിങ്ങ്, ത്രോയിങ്ങ് എന്നീ സ്പോർട്സ് ഇവന്റ്സ്, വോളി, ഷട്ടിൽ, ഫുട്ബോൾ എന്നീകളികളിലും മത്സരങ്ങൾ നടത്താറുണ്ട്. സ്പോർട്സ & ഗെയിംസിൽ സ്ത്രീകളുടെ പങ്കാളിത്തം ഒട്ടും തന്നെ ഉണ്ടാവാറില്ല. അവർക്കായി പ്രത്യേക കളിസ്ഥലങ്ങളുമില്ല.

## കയ്പമംഗലത്തെ സാംസ്കാരികപരമായ പ്രശ്നങ്ങൾ

1. സാംസ്കാരികമായ പിന്നോക്കാവസ്ഥ
2. സാംസ്കാരിക-രാഷ്ട്രീയ നേതൃത്വങ്ങളുടെ അപര്യാപ്തത
3. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ
4. ദൃശ്യമാധ്യമങ്ങളുടെ തള്ളിക്കയറ്റം
5. വിദ്യാർത്ഥികളിൽ അദ്ധ്യാപകരുടെ സ്വാധീനക്കുറവ്
6. ഭൗതിക സാഹചര്യങ്ങളുടെ പിന്നോക്കാവസ്ഥ (കെട്ടിടം, പുസ്തകം, ഗ്രാന്റ് എന്നിവയിലുള്ള കുറവ്)
7. ഒരു പൊതുകളിസ്ഥലമില്ല.
8. ഒരു സാസ്കാരിക കേന്ദ്രമില്ല.
9. സാംസ്കാരിക സംഘടനകളുടെ അഭാവം
10. ജനകീയ മല്ലാത്ത സാംസ്കാരിക പരിപാടികൾ
11. വർഗ്ഗീയ ചേരിതിരിവ്.

## പരിഹാര മാർഗ്ഗങ്ങൾ

1. ജനകീയ പങ്കാളിത്തത്തോടെ ഗ്രന്ഥശാലകൾ രൂപീകരിക്കണം.
2. ഈരണ്ടു വാർഡുകൾ ഒന്നാക്കി അവയ്ക്ക് ഓരോ സാംസ്കാരിക കേന്ദ്രങ്ങൾ രൂപപ്പെടുത്തണം. ഇതിനുപരി പഞ്ചായത്തിൽ ഒരു കോർഡിനേഷൻ കമ്മറ്റിയും രൂപവൽക്കരിക്കണം.
3. മൊത്തം പഞ്ചായത്ത് ഫണ്ടിന്റെ പത്ത് ശതമാനം ഇതിനായി മാറ്റിവയ്ക്കാം.
. കേരളോത്സവം, സ്പോർട്സ് തുടങ്ങിയ കാര്യങ്ങൾ മേൽസൂചിപ്പിച്ച കമ്മിറ്റിയിലൂടെ നടക്കണം.
5. രൂപവൽകരിക്കപ്പെടുന്ന കമ്മറ്റികൾ രാഷ്ട്രീയത്തിന്നതീതമായിരിക്കണം.
6. പഞ്ചായത്തിലെ പാരമ്പര്യ കലാരൂപങ്ങളെ പഞ്ചായത്ത് സംരക്ഷിക്കണം
7. പഞ്ചായത്ത് വായനശാല ഒന്നാം ഗ്രേഡാക്കി മാറ്റണം
8. പഞ്ചായത്ത് വായനശാലയുടെ പ്രവർത്തി സമയം 2p.m. മുതൽ 8 p.m എന്ന രീതിയിലായിരിക്കണം.
9. അംഗീകൃത ലൈബ്രറിയിലെ അലവൻസും മറ്റും വർദ്ധിപ്പിക്കണം.
10. കയ്പമംഗലം ഫിഷറീസ് സ്കൂൾ ഗ്രൗണ്ട് വരിപ്പെടുത്തി നല്ല കോർട്ടാക്കിയാൽ പഞ്ചായത്ത് സ്പോർട്സ് & ഗെയിംസ് നടത്താനും പഞ്ചായത്തിലെ താരങ്ങൾക്ക് പ്രാക്ടീസ് ചെയ്യാനും അതുപകാരപ്പെടുത്താവുന്നതാണ്.

11. പഞ്ചായത്തിലെസ്പോർട്സ് വിദഗ്ദ്ധരെ ഒരുമിപ്പിച്ചുകൊണ്ട് പഞ്ചായത്ത് തല പരിശീലനം നൽകണം.

സാംസ്കാരികമായി വളരെയേറെ പിന്നോക്കം നിൽക്കുന്ന കയ്പമംഗലം പഞ്ചായത്ത് ഇനിയും ഏറെ ദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. ഇവിടെ ഏറെ സാംസ്കാരികസംഘടനകളുണ്ട്. ഗവൺമെന്റും അവർക്കൊപ്പം ആത്മാർത്ഥമായി നിൽക്കുകയാണെങ്കിൽ ജനകീയ പങ്കാളിത്തത്തോടെ ഇവിടെയൊരു സാംസ്കാരിക കുതിച്ചുചാട്ടം നടത്തുവാൻ കഴിയും. ■

**പട്ടിക എ.**

| വായനശാലകളുടെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | | | പുസ്തകങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിമാസ വിതരണം | അനുകാലികങ്ങളുടെ എണ്ണം | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ | | | | | |
| നേതാജി | 1959 | 0 | 7 | 47 | 1075 | സി. | 150 | | റിക്രിയേഷൻ ക്ലബ്ബ് ഉണ്ടെങ്കിലും പ്രവർത്തനം ഇല്ല |
| കമ്യൂണിറ്റി സെന്റർ | 1960 | 268 | 37 | 305 | 7380 | എ | 1200 | 14 | ഇല്ല |
| ഗ്രാമദീപം | 1983 | 174 | 331 | 205 | 4050 | സി. 840 | | 12 | രക്തദാനസേന, ചർച്ചാ ക്ലാസ്സുകൾ, സാഹിത്യ സെമിനാർ, കല, സാംസ്കാരിക ക്യാമ്പ്, |
| ഗ്രാമ്യ വായനശാല | 19844 | | | | 1000 | സി | 300 | 5 | രക്തദാന സേന, കണ്ണുദാന ഫോറം, കലാസാസ്കാരക പ്രവർത്തനങ്ങൾ ഉണ്ട് |
| പഞ്ചായത്ത് വായന ശാല | 1993 | | | 374 | 1559 | 9 | 360 | 13 | |
| യുവത ലൈബ്രറി | 1992 | | | 175 | 494 | ഇല്ല | 300 | ഇല്ല | ഇല്ല |
| മാന്തറ | 1994 | | 95 | 433 | | 75 | 3 | | |
| ആകെ | | | 1201 | 16,000 | | 3225 | 47 | | |

| പേര് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | സംഗീത നാടക അക്കാദമി സ്പോർട്സ് കൗൺസിൽ അഫിലിയേഷൻ | സ്വന്തമായി കെട്ടിടം | റേഡിയോ ടി.വി., തുടങ്ങിയവ | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| ഗ്രാമദീപം | 1983 | 205 | ഇല്ല | ഉണ്ട് | ഇല്ല | രക്തദാനസേന, ചർച്ചാക്ലാസ്സുകൾ, കലാ-സാസ്കാരിക പരിപാടികൾ തുടങ്ങിയവ |
| ഗ്രാമ്യ സാംസ്കാരിക | 1984 | | ഇല്ല | ഉണ്ട് | ഇല്ല | രക്തദാന,കണ്ണ്ദാനസേന, എന്നിവ കൂടാതെ കലാസാംസ്കാരിക പ്രവത്തനങ്ങളിൽ വളരെ മുമ്പിൽ |
| സഹോദര കലാസമിതി കൂരിക്കുഴി | 1971 | 100 | ഇല്ല | ഉണ്ട് | ഇല്ല | ശാസ്ത്രീയ സംഗീതം, ശാസ്ത്രീയ നൃത്തം, ഉപകരണ സംഗീതം നേഴ്സറി എന്നിവ നടത്തുന്നു. |
| യംഗ് ക്ലബ്ബ് കരടി വളവ് | 1988 | 75 | ഇല്ല | ഇല്ല | ഇല്ല | നാടകോത്സവങ്ങളും, കലാസാസ്കാരിക മത്സരങ്ങളും നടത്തുന്നു. |
| ബോയ്സ് ക്ലബ്ബ് | 1991 | 75 | ഇല്ല | ഇല്ല | ഇല്ല | വാർഷികഘോഷത്തിന് സലാ സാംസ്കാരിക മത്സരങ്ങൾ സാമൂഹ സേവനംനടത്തിയിരുന്നു. ഇപ്പോൾ പ്രവർത്തനം ഇല്ല |

കഴിഞ്ഞ ഒരു നൂറ്റാണ്ടിന്റെ കയ്പമംഗലം പഞ്ചായത്തിലെ വനിതകളുടെ ചരിത്രം പരിശോധിച്ച് കേരളത്തിലെ മറ്റുള്ള പ്രദേശങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ അഭിമാനകരമെന്ന് വിശേഷിപ്പിക്കുവാൻ കഴിയുന്ന അധികമൊന്നും അവകാശപ്പെടുവാൻ കഴിയില്ല. ദേശീയ പ്രസ്ഥാനങ്ങളിൽ സ്വാതന്ത്ര്യ സമരകാലഘട്ടങ്ങളിലും പുരോഗമന പ്രസ്ഥാനങ്ങളുടെ രൂപീകരണ ഘട്ടത്തിലും പുരുഷമേധാവിത്വത്തിന്റേയും ജാതിമത വ്യവസ്ഥിതിയുടേയും ഫലമായി സ്ത്രീകൾക്ക് നാലു ചുമരുകൾക്കുള്ളിൽ നിന്ന് പുറത്തേക്ക് വരുവാൻ കഴിഞ്ഞിരുന്നില്ല. പ്രധാനമായും സാമ്പത്തികമായും മുന്നോക്കം നിന്നിരുന്ന ഹിന്ദുസമുദായത്തിൽപ്പെട്ടവരുടെ പെൺകുട്ടികളാണ് വിദ്യ അഭ്യസിക്കുന്നതിന് തയ്യാറായിരുന്നത്.

സാമ്പത്തിക സാമൂഹിക സാഹചര്യങ്ങളിൽ വന്ന മാറ്റം സ്ത്രീകളുടെ ഇടയിലും ചലനങ്ങൾഉണ്ടാക്കി. സമ്പന്ന കുടുംബങ്ങളിൽനിന്ന് ഉണ്ടായ വിദ്യാഭ്യാസ ബോധം മറ്റുതലങ്ങളിലേക്കും എത്തി . കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതക്ക് സ്ത്രീകളും ജോലി ചെയ്യേണ്ടതാണെന്നുള്ള ബോധം ഇടത്തരം കുടുംബങ്ങളിലുമുണ്ടായി. അതിനാൽ ജോലികിട്ടാൻ വിദ്യാഭ്യാസം ചെയ്യുക എന്നുള്ളത്കുറച്ചുപേരേയെങ്കിലും പ്രാപ്തരാക്കി. ഇന്ന് പഞ്ചായത്തിൽ വിദ്യാസമ്പന്നരായ അധികം വനിതകളും അധ്യാപക വൃത്തികളിലാണ് ഏർപ്പെട്ടിരിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിപ്പിക്കുന്ന 180 അദ്ധ്യാപകരിൽ 145 പേരും വനിതകളാണ്. ഒരു കാലത്ത് സാമൂഹ്യ പുനരുദ്ധാരണത്തിൽ നേതൃത്വം നൽകിയത് അദ്ധ്യാപക വൃന്ദമാണെങ്കിൽ ഇത്രയധികം വനിതാ അദ്ധ്യാപരുണ്ടായിട്ടുകൂടി വനിതാപ്രശ്നങ്ങളിൽ ഈ അദ്ധ്യാപികമാരുടെ പങ്കാളിത്തമില്ലായ്മ ചിന്തിക്കപ്പെടേണ്ടതാണ്.

1990 ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വനിതാസംവരണമില്ലാതെതന്നെ കയ്പമംഗലം പഞ്ചായത്തിൽ ഒരു വനിതയെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഉണർവ് ഉണ്ടാക്കിയ സംഭവമാണ്. ഈ കാലഘട്ടത്തിലാണ് മഹിളാ സംഘങ്ങളും ബാലവാടികളും കൂടുതൽ കാര്യക്ഷമമായത്. മാത്രമല്ല ആരോഗ്യ രംഗത്ത് ഇന്ത്യയിൽ ആദ്യമായി കയ്പമംഗലം പഞ്ചായത്തിൽ 2700 വീടുകളിൽസൗജന്യമായി കക്കൂസ് നിർമ്മിച്ചുകൊടുത്തുകോണ്ട് പ്രതിരോധത്തിലൂന്നിയ ആരോഗ്യ സംരക്ഷണത്തിന് മുൻഗണന നൽകി വിലിയൊരു മാറ്റത്തിന് കളമൊരുക്കാൻ കഴിഞ്ഞു. മൊത്തം ജനസംഘ്യയുടെ 40% വരുന്ന മുസ്ലീം വിഭാഗങ്ങളിൽനിന്നും വനിതകളുടെ നേതൃത്വപരമായ പങ്ക് ഇല്ല എന്നു തന്നെ പറയാം. കയ്പമംഗലം പഞ്ചായത്തിൽ ആകെ ജനസംഖ്യ 39,821 ആണ് അതിൽ സ്ത്രീകൾ 29,217ഉം പുരുഷൻമാർ 18,604ഉം ആകുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകളിൽ കുട്ടികളുടെ ജനന നിരക്ക് ഇപ്പോഴും കൂടുതൽ തന്നെയാണ് ഇതിനുകാരണമായി വരുന്നത് ജനിക്കുന്ന കുട്ടി പെൺകുട്ടിയാണെന്നുള്ളതും ബോധവൽക്കരണത്തിന്റെ കുറവുമാണ്. ജനനനിരക്ക് നിയന്ത്രിക്കുന്നതിൽ പുരുഷമേധാവിത്തമാണ് കൂടുതൽ കാണപ്പെടുന്നത്. കൂടാതെ അപൂർവ്വമായി കാണുന്ന ശൈശവ വിവാഹവും ഇതിന് ഒരു പ്രധാന കാരണമായി ചൂണ്ടികാണിക്കാം. ജനസംഖ്യാ നിയന്ത്രണത്തിന് ആസൂത്രണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം സാധാരണ ജനങ്ങളിലേക്ക് കൂടുതൽ വ്യാപകമാക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്തിൽ സ്കൂൾ തരത്തിൽ 2755 ആൺകുട്ടികളും 24462 പെൺകുട്ടികളും പഠിക്കുന്നുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്തിൽ സ്ത്രീകളാണ് മുമ്പന്തിയിൽ നിൽക്കുന്നുത്. എങ്കിൽതന്നെ അത് ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രയോജനപ്രദമാകുന്നില്ല. അതുകൊണ്ട തന്നെ സ്ത്രീകൾക്കു ദിനംപ്രതി പല പീഢനങ്ങളും നേരിടേണ്ടിവരുന്നു. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വിഭാഗങ്ങളിലുള്ള പെൺകുട്ടികളിൽ ഉന്നത വിദ്യാഭ്യാസമുള്ളവർ വളരെ കുറവാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ജാതിമത ഭേദമന്യേ എല്ലാ നിർദ്ധനരായ കുട്ടികൾക്കും വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസത്തിൽ പെൺകുട്ടികൾ മുൻപന്തിയിലാണെങ്കിലും അവർക്കുമാത്രമായി ഒരു സ്കൂൾപോലും നിലവിലില്ല. ഇത്തരം ഒരു സ്കൂൾ അത്യാവശ്യമാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ മുൻനിർത്തി എല്ലാ സ്കൂളുകളിലും മാതൃസംഗമം നിർബന്ധമാക്കണം. സ്കൂൾ തലങ്ങളിൽ നിന്നു തന്നെ പെൺകുട്ടികളെ കലാകായിക സാസ്കാരിക രംഗത്ത് പ്രാപ്തരാക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ സ്ത്രീകളിൽ ഭൂരിപക്ഷവും കാണാ പണികളായ വീട്ടു ജോലികൾക്കു പുറമേ പായ നെയ്ത്ത്, കയർ നിർമ്മാണം, തയ്യൽ രാമച്ചപായ നെയ്ത്ത്, ബീഡിതെരുപ്പ്, കൂലിപ്പണി മുതലായ തൊഴിൽ രംഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. പരമ്പരാഗതമായ തൊഴിലുകളായ പായനെയ്ത്ത്, കയർനിർമ്മാണം മുതലായവക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം കൊണ്ട് ഇത്തരം തൊഴിലുകൾ വളരെ ശോചനീയാവസ്ഥ നേരിടുന്നു. ഈ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് അർഹമായ വേതനം ലഭിക്കുന്നില്ല. ഇതിനു കാരണം ഇടത്തട്ടുകാരുടെ ചൂഷണമാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി മേൽസൂചിപ്പിച്ച ഓരോ തൊഴിലിന്റേയും അടിസ്ഥാനത്തിൽ സഹകരണ സംഘ

ങ്ങൾ പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. ഈ പഞ്ചായത്തിൽ DWCRA യുടെ മൂന്ന് യൂണിറ്റുകൾ വഴി 35 സ്ത്രീകൾക്ക് സ്ഥിരം ജോലി ലഭ്യമായിട്ടുണ്ട് DWCRAയുടെ യൂണിറ്റുകളായ

**1. ചാപ്പക്കടവ് കയർ നിർമ്മാണ യൂണിറ്റ്** - 93-94 വർഷത്തിൽ പ്രവർത്തനം തുടങ്ങി 10 സ്ത്രീകളാണ് ഇതിൽ ജോലി ചെയ്യുന്നത്.

**2. കയർ മാറ്റ് നിർമ്മാണ യൂണിറ്റ്** – 'ഐശ്വര്യ', കൂരിക്കുഴി ഈ യൂണിറ്റ് 94-95 വർഷത്തിൽ നിലവിൽ വന്നു. ഈ യൂണിറ്റിൽ 10 സ്ത്രീകൾ ജോലിചെയ്യുന്നു

**3 കയർ റാട്ട് നിർമ്മാണം. ഗ്രാമലക്ഷ്മി** – ഈ യൂണിറ്റ് 95-96 വർഷത്തിൽ നിലവിൽ വന്നു. ഇവിടെ 15 സ്ത്രീകൾ ജോലിചെയ്യുന്നു. മേൽപറഞ്ഞ കയർ നിർമ്മാണവുമായി ബന്ധപ്പെട്ട യൂണിറ്റുകൾ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു.

കൂടുതൽ സ്ത്രീകളെ തൊഴിൽ മേഖലയുമായി ബന്ധപ്പെടുത്താൻ DWCRA യുടെ കൂടുതൽ യൂണിറ്റുകൾരജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കേണ്ടതാണ്. ഇതിനൊക്കെപുറമെ 12-ാം വാർഡിൽ പള്ളി നട സ്കൂളിനു സമീപം മഹിളാ സമാജത്തിന്റെ നേതൃത്വത്തിൽ "സുമിത്ത്" ക്ഷീരോൽപന്ന യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. ഈ യൂണിറ്റ് മാതൃകയാക്കി മറ്റ് മഹിളാ സമാജങ്ങൾക്ക് പ്രവർത്തിക്കുവാൻ സാമ്പത്തിക സഹായം പഞ്ചായത്തിന്റെ സഹായം ഉണ്ടാകേണ്ടതാണ്. ഇത് വഴി കൂടുതൽ സ്ത്രീകളെ തൊഴിൽ രംഗത്തേക്ക് കൊണ്ട് വരുന്നതിന് സാധിക്കും. കൂടാതെ നമ്മുടെ പഞ്ചായത്തിൽ വിദ്യാസമ്പന്നരായ ഒട്ടനവധി വനിതകൾ സ്ഥിരം തൊഴിലില്ലാത്തവരായി കാണപ്പെടുന്നു. ഇതിനു പരിഹാരമായി അവരെ ഉൾപ്പെടുത്തികൊണ്ട് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങേണ്ടതാണ്. വിവേചനത്തിന്റെ ഫലമായി കെട്ടിടം പണി കൂലിപ്പണി തുടങ്ങിയ തൊഴിൽ രംഗങ്ങളിൽ ഉള്ള സ്ത്രീകൾക്ക് പുരുഷനോടൊപ്പം കൂലി ലഭിക്കുന്നില്ല. ഈ വ്യവസ്ഥിതി മാറ്റുന്നതിന് ഒരു നിയമ നിർമ്മാണം അത്യാവശ്യമാണ്. വിവിധ തൊഴിൽ മേഖലകളെ അടിസ്ഥാനമാക്കിയും അല്ലാതെയും സ്ത്രീകൾക്ക് സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ പോലുള്ള സഹായങ്ങൾ അർഹരായ പലർക്കും ഇപ്പോഴും കിട്ടുന്നില്ല. ഇതിനു പ്രധാന കാരണം ഈ കാര്യങ്ങള ക്കുറിച്ച് ജനങ്ങൾക്ക് അവബോധമില്ലാത്തതാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തു മെമ്പർമാരുംപൊതുപ്രവർത്തന രംഗത്തുള്ളവരും ചേർന്ന് ജനങ്ങളെ ബോധവൽക്കരിക്കുകയും സഹായങ്ങൾ ചെയ്തുകൊടുക്കുകയും വേണം

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യത്തിന്റെ കാര്യത്തിൽ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളും കുട്ടികളും വളരെ പിന്നിലാണ്. കുടുംബബാധ്യതകൾമൂലും വീട്ടമ്മമാർക്ക് അവരുടെ ആരോഗ്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ല. അടുത്തടുത്തുള്ള പ്രസവവും, പ്രസവാനന്തര ശുശ്രൂഷയിൽ വരുന്ന വീഴ്ചയും സ്ത്രീകളുടെ ആരോഗ്യത്തെ കൂടുതൽ ബാധിക്കുന്നു. സ്ത്രീകൾക്ക് ആരോഗ്യ കാര്യങ്ങളിൽ കൂടുതൽ ബോധവൽക്കരണം ആവശ്യമാണ്. വ്യത്തി ശുചിത്വം, ശാരീരികവും, മാനസീകവുമായ മറ്റു പീഢനങ്ങളും സ്ത്രീകളുടെ ആരോഗ്യത്തെ ബാധിക്കുന്ന മറ്റൊരു പ്രധാന ഘടകമാണ്. മറ്റൊരു പ്രധാനഘടകമാണ് അടുക്കളയിൽ നിന്നുള്ള പുക. ഇതു പരിഹരിക്കുന്നതിനുവേണ്ടി എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുവാൻ പഞ്ചായത്ത് മുൻകയ്യെടുത്ത് പ്രവർത്തിക്കണം. സ്ത്രീകളുടെ ആരോഗ്യ സ്ഥിതി വിലയിരുത്തുന്നതിനു വേണ്ടി മാസത്തിലൊരിക്കൽ പഞ്ചായത്തു തലത്തിൽ സൗജന്യ വൈദ്യ പരിശോധനയും ആരോഗ്യ പഠന ക്ലാസ്സും നടത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്തും ഔദ്യോഗികരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം കൂടുതൽ ഉണ്ടെങ്കിലും പൊതുപ്രവർത്തനരംഗത്ത് വളരെ കുറവാണ്. മുൻകാലഘട്ടങ്ങളിൽ വിദ്യാഭ്യാസം കുറവാണെങ്കിലും പല സംഘടനകളിലും സ്ത്രീകൾ രംഗത്തുണ്ടായിരുന്നു. മുൻകാലങ്ങളിൽസ്ത്രീകൾക്ക് നേരെയുള്ള ആക്രമണങ്ങളും പീഢനങ്ങളും ഇന്നത്തെ അത്രക്ക് രൂക്ഷമായിരുന്നില്ല. ഇപ്പോഴുള്ള വിദ്യാസമ്പന്നരായ യുവതികളിൽ അധികപേരും സ്വാർത്ഥ താല്പര്യക്കാരാണ്. കൂടാതെ ഒരു വിഭാഗം ഇപ്പോഴും അന്ധവിശ്വാസ്ത്തിലും അനാചാരത്തിലും അടിയുറച്ച് നിൽക്കുന്നു. ഇതുമൂലം അവർക്ക് പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവരുവാനുള്ള പ്രവണത കുറയുന്നു. പൊതുപ്രവർത്തനരംഗത്ത് വരുന്ന വനിതകൾക്ക് ഇവരുടെ ഇടയിൽ നിന്നു തന്നെയുള്ള ചൂഷണവും സമൂഹത്തിൽ നിന്നുള്ള അവഗണനയും ഇവരെ ഈ രംഗത്തേക്ക് വരാതിരിക്കാൻ ഒരു കാരണമാകുന്നു.

ഭരണഘടനയിൽ സ്ത്രീ പുരുഷ സമത്വം പറയുന്നുണ്ടെങ്കിലും സ്ത്രീകളെ ഒരു ഉപകരണമായി കാണുന്ന സാമൂഹ്യ വ്യവസ്ഥിതിയിൽ മാറ്റം വന്നിട്ടില്ല. അതുകൊണ്ട് പൊതുപ്രവർത്തന രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വേണ്ടി പുരുഷൻമാരുടെ ഭാഗത്തുനിന്നും ആത്മാർത്ഥമായ സഹകരണം ഉണ്ടാവുന്നില്ല. കൂടാതെ സ്ത്രീകളുടെ വിലയും പദവിയും എന്താണെന്ന് അറിയാത്തതുകൊണ്ടാണ് ഒരുവിഭാഗം ആളുകൾ ഈ രംഗത്തേക്ക് വരാത്തത്. പൊതു രംഗത്തുള്ള സ്ത്രീകളുടെ ശോചനീയാവസ്ഥമാറ്റുന്നതിനുവേണ്ടി സ്ത്രീകളോടുള്ള വിവേചനം അവസാനിപ്പിക്കണം. കൂടാതെ പൊതുപ്രവർത്തനരംഗത്തുള്ള പുരുഷൻമാർ അവരുടെ തന്നെ സ്ത്രീകളെ തന്നെ മുൻപന്തിയിലിറക്കി മറ്റ് സ്ത്രീകൾക്ക് മാതൃകയാക്കി കൂടുതൽസ്തീകളെ ഈരംഗത്ത് കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. തെരഞ്ഞെടുപ്പ് രംഗങ്ങളിൽ സ്ത്രീകൾക്ക് 50% സംവരണം ഏർപ്പെടുത്തുകയും അവരെ നേതൃത്വനിരയിലേക്ക് എത്തിക്കുന്നതിനുവേണ്ടി പഞ്ചായത്തുതല

പരിശീലനങ്ങൾ നടത്തേണ്ടതുമാണ്. നമ്മുടെ പഞ്ചായത്തിൽ 13 മഹിളാ സമാജങ്ങൾ നിലവിലുണ്ട്. ഇവയുടെ പ്രവർത്തനം ശോചനീയമാണ്. ഇത് കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഉയർന്ന ഉദ്യോഗസ്ഥൻമാർ ശ്രദ്ധചെലുത്തണ്ടതാണ്. മഹിളാ സമാജങ്ങളോട് അനുബന്ധമായി പ്രവർത്തിക്കുന്ന ബാലവാടികളെ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ അംഗനവാടികൾ ആക്കിഉയർത്തണം. കൂടാതെ അംഗനവാടികൾ അത്യാവശ്യമായി വരുന്ന സ്ഥലത്ത് സ്ഥാപിക്കേണ്ടതുമാണ്.

സ്ത്രീപീഢനത്തിലെ ഒരു പ്രധാന കണ്ണിയാണ് മദ്യപാനം ഇത് മൂലമുള്ള പീഢനം ഒഴിവാക്കുന്നതിനുവേണ്ടിയാണ്ചാരായ നിരോധനം ഏർപ്പെടുത്തിയത്. പാവപ്പെട്ട കുടുംബങ്ങളിൽ ശാന്തിയും സമാധാനവും കൈവരിക്കാൻ ഇതുമൂലം കഴിഞ്ഞിട്ടുണ്ട് എങ്കിലും പരിപൂർണ്ണ മദ്യ നിരോധനം തന്നെ നടപ്പാക്കേണ്ടതാണ്. സ്ത്രീകൾക്ക് നേരെയുള്ള മറ്റൊരു മാറാവ്യാധിയാണ് സ്ത്രീധനം. സ്ത്രീധന നിരോധനനിയമം ഉണ്ടെങ്കിൽതന്നെ വേണ്ട വിധത്തിൽ പ്രായോഗികമാക്കാനുള്ള ബോധവൽക്കരണം അത്യാവശ്യമാണ് അത് സ്ത്രീകളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ട ഒരു കാര്യമല്ല.

സ്ത്രീ പീഡനങ്ങൾക്കെതിരെയുള്ള ശിക്ഷാനിയമം കർശനമാക്കുകയും സ്ത്രീകളുടെ പ്രശ്നങ്ങളുമായി കോടതിയിലോ പോലീസ്സ്റ്റേഷനിലോ പോയാൽ മറ്റൊരു തരത്തിലുള്ള പീഡനമാണ് നേരിടേണ്ടിവരുന്നത്. ഈ അവസ്ഥക്ക് ഒരു മാറ്റമുണ്ടാകേണ്ടത് ആവശ്യമാണ്. സ്ത്രീകളുടെ പ്രശ്നങ്ങൾ ധൈര്യപൂർവ്വം ഉയർത്തിപിടിക്കുവാനും പഞ്ചായത്തുതലത്തിൽ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു വനിതാ സെൽ രൂപീകരിച്ച് പ്രവർത്തിക്കുകയും സാമൂഹ്യ വിപത്തുകളായ മദ്യം, മയക്കുമരുന്ന് മുതലായവക്കെതിരെ ബോധവൽക്കരണം നടത്തുകയും, പീഢനങ്ങളും അവശതയുംഅനുഭവിക്കുന്ന വനിതകൾക്കുവേണ്ടി ഒരു വൃദ്ധമന്ദിരം സ്ഥാപിക്കേണ്ടതുമാണ്. നമ്മുടെ പഞ്ചായത്തിൽ കലാസാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകൾ അധികവും വായനാശീലരാണെങ്കിലും ആകെ 70 പേർക്ക് മാത്രമേ ലൈബ്രറിയിൽ അംഗത്വമുള്ളതായി കാണുന്നുള്ളു. ലൈബ്രറിയിൽ കൂടുതൽ പേരെ അംഗങ്ങളാക്കുകയും അവർക്ക് പുസ്തകങ്ങൾ വായിക്കാൻ പ്രചോദനം കൊടുക്കുകയും കലാകായി രംഗത്തേക്ക് വനിതകളെ കൊണ്ടുവരുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു വനിതാ ക്ലബ്ബ് രൂപീകരിക്കുകയും വേണം ഇങ്ങിനെ കലാകായിക രംഗത്തും സാംസ്കാരിക സാമൂഹിക രംഗത്തും വനിതകളെ പങ്കാളികളാക്കികൊണ്ട് വന്നാൽ ഇച്ഛാ ശക്തിയുള്ള ഒരു തലമുറയായി വനിതകളെ മാറ്റി തീർക്കുവാനും സാമൂഹിക കുടുംബ രംഗങ്ങളിൽ ഒരു വിപ്ലവത്തിന് മുന്നോടിയാവാനും കഴിയൂ.

**1918** ലാണ് കയ്പമംഗലത്തെ സഹകരണപ്രസ്ഥാനത്തിന്റെ ആവിർഭാവം 'കയ്പമംഗലം ഫിഷർമെൻ സൊസൈറ്റി' എന്ന പേരിലാരംഭിച്ച സ്ഥാപനം 1919 ജൂൺ 5-ാം തിയ്യതിയോടെ പ്രവർത്തനം ആരംഭിക്കുകയും പ്രഥമ പ്രസിഡണ്ടായി കോവിൽ തെക്കേവളപ്പിൽ വേലു എന്ന കുഞ്ഞുണ്ണി തെരെഞ്ഞടുക്കപ്പെടുകയും ചെയ്തു.

1928 ജൂൺ 23 ന് പുത്തൂർ വേലുണ്ണി എന്ന വ്യക്തിയുടെ രക്ഷാകർതൃത്വത്തിൽ ' ഐക്യ നാണയ സംഘം' എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിച്ചു. പിന്നീട് കേരള പിറവിക്കുശേഷം ഈ സംഘം കൂടുതൽ അംഗങ്ങളെ ചേർത്ത് 'സർവ്വീസ് കോഓപ്പറേറ്റീവ് സോസൈറ്റി ' ആയി രൂപപ്പെടുകയാണുണ്ടായത്.

1. വായ്പാ സംഘം എന്ന രീതിയിൽ മികച്ച പ്രവർത്തനം നടത്തുന്നത് കൈപമംഗലം സർവ്വീസ് സഹകരണ ബങ്കാണ്. 8705 അംഗങ്ങളും 12 ,52,000 രൂപ മൂലധനവും 1,09,52376 രൂപ സ്ഥിര നിക്ഷേപമുള്ള ബാങ്ക് 33,67781 രൂപ കാർഷിക വായ്പയായും 1,16,516.22 രൂപ സാധാരണ വായ്പയായും IRDP, സ്വയം തൊഴിൽ എന്ന പദ്ധതികളിലായി 5,65,715 രൂപയും വായ്പ നൽകിയിട്ടുണ്ട്.

മത്സ്യ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘമാണ് കയ്പമംഗലം ഫിഷർ മെൻ സൊസൈറ്റി. ഇതിൽ 879 അംഗങ്ങൾ നിലവിലുണ്ട്. 3,53095 രൂപ പിരിഞ്ഞു കിട്ടിയ മൂലധനവും 1,06,95275 രൂപ ഡിപ്പോസിറ്റും 30,00000 രൂപയുടെ ജില്ലാ ബാങ്ക് വായ്പയുമാണ് ഈ സംഘത്തിന്റെ പ്രവർത്തന മൂലധനം. 1,51,77722 രൂപ മെമ്പർതലത്തിൽ വിതരണംചെയ്യുന്നുണ്ട്.

കയ്പമംഗലം പഞ്ചായാത്താഫീസിന് സമീപം പ്രവർത്തിക്കുന്ന "കയ്പമംഗലം ക്ഷീരവ്യവസായ സഹകരണ സംഘവും" 7-ാം വാർഡിലെ പള്ളിത്താനത്ത് പ്രവർത്തിക്കുന്ന ആദികേശവപുരം ക്ഷീര വ്യവസായ സംഘവും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സംഘങ്ങളിൽ കൂടി കയ്പമംഗലം പഞ്ചായത്തിലെ ക്ഷിര കർഷകർ 350 ലിറ്ററോളം പാൽ ദിവസേന ശേഖരിക്കുനുണ്ട്.

കൃഷി, മത്സ്യബന്ധനം, മൃഗ സംരക്ഷണം, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി സമൂഹത്തിനാവശ്യമായ വിവിധ മേഖലകളിൽ സാഹകരണ പ്രസ്ഥാനങ്ങൾ നിർണ്ണായക പങ്കാണ് വഹിക്കുന്നത്.

ഈ പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗമായ തെങ്ങുകൃഷിയെ സംരക്ഷിക്കുന്നതിനും കൃഷിക്കാർക്ക് കാലാകാലങ്ങളിലാവശ്യമായ വായ്പകൾ ലഭ്യമാക്കുന്നതിന് വേണ്ടി വായ്പാസംവിധാനത്തിൽ മാറ്റം വരുത്തേണ്ടതാണ്.

2. തെങ്ങുകൃഷിയിൽ നിന്ന് ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് വ്യാവസായികോല്പന്നങ്ങൾ ഉദ്പാദിപ്പിക്കുന്നതിന് കേരവ്യവസായ സഹകരണസംഘം രൂപീകരിക്കേണ്ടതാണ്. ഉദാ: നാളികേരങ്ങൾ പുഡ്ഢിങ്ങ്, ശീതള പാനീയം, ചിരട്ടകൾകൊണ്ടുള്ള കരകൗശലവസ്തുക്കൾ, കയർ ഉല്പന്നങ്ങൾ കൊപ്ര സംസ്കരണയൂണിറ്റ് എന്നിവ
3. കുടിൽ വ്യവസായങ്ങളായ പായ്നെയ്ത്ത്, രാമച്ച തട്ടിക നെയ്ത്ത്, ബീഡിതെരുപ്പ്, കൈത്തറി എന്നീ പീഡീത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ "കുടിൽവ്യവസായ സഹകരണ സംഘം" രൂപീകരിക്കണം.
4. മത്സ്യതൊഴിലാളികൾക്ക് മത്സ്യ ബന്ധിതോപകരണങ്ങൾ മിതമായ വിലക്ക് ലഭ്യമാക്കാൻ കയ്പമംഗലം ഫിഷർമെൻ സൊസൈറ്റി മുഖേന വിതരണംചെയ്യാൻ സംവിധാനമുണ്ടാക്കണം.
5. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്ത് കേന്ദ്രീകരിച്ച് "ഭവനനിർമ്മാണ സഹകരണസംഘങ്ങൾ" രൂപീകരിക്കണം.
6. കർഷകർക്ക് അർഹതപ്പെട്ട പലിശ സബ്സിഡി യഥാകാലം ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടതാണ്.
7. കയ്പമംഗലം ഫിഷർമെൻ കോപറേറ്റിവ് സൊസൈറ്റിയിൽ മുഴുവൻ മത്സ്യതൊഴിലാളികളേയും അംഗമാക്കേണ്ടതാണ്. കൂടാതെ മത്സ്യ തൊഴിലാളികൾ പിടിക്കുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം നടത്തുന്നതിനും സംഘം പരിഹാമാർഗ്ഗങ്ങൾ കാണേണ്ടതാണ്.
8. ഉപഭോക്താക്കൾക്ക് മിതമായി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഒരു "കൺസ്യൂമർ" സ്റ്റോർ ആരംഭിക്കണം.
9. പട്ടികജാതിക്കാർക്കായുള്ള കൈത്തറി സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കേണ്ടതാണ്.
10. കയ്പമംഗലം സർവ്വീസ് സഹകരണ സംഘം അംഗങ്ങളുടെ സൗകര്യാർത്ഥം കിഴക്കും പടിഞ്ഞാറും മേഖലയിൽ ബ്രാഞ്ചുകൾ ആരംഭിക്കണം.
11. പഞ്ചായത്തിലെ 4 വാർഡുകൾ വീതം ഉൾപ്പെടുത്തി 3 മേഖലകളാക്കി തിരിച്ച് ക്ഷീര വ്യവസായ സഹകരണസംഘങ്ങൾ ആരംഭിക്കണം.
12. കയ്പമംഗലം ഫിഷർമെൻ കോപറേറ്റീവ് സൊസൈറ്റിക്ക് പുതിയ ശാഖകൾ ആരംഭിക്കണം. പ്രധാനമായും കൂരിക്കുഴി പഞ്ഞംപള്ളിയിൽ.



OFFICE OF THE KAIPAMANGALAM GRAMA PANCHAYATH

161

13. സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ ഏറ്റെടുക്കുന്നവർ പൊതുവെ ദുർബലരായതിനാൽ പലിശ നിരക്കും ജാമ്യ വ്യവസ്ഥകളും കൂടുതൽ ലഘുകരിക്കണം.

14. സഹകരണ സംഘങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം ജനങ്ങൾക്കിടയിൽ ഊർജ്ജിതമാക്കണം.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മേൽ നിർദ്ദേശിച്ചതുപോലെ നടപ്പിലാക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിലെ കർഷകർക്കും തൊഴിലാളികൾക്കും മെച്ചപ്പെട്ട നിലയിൽ നേട്ടങ്ങൾ ഉണ്ടാക്കുവാനും പഞ്ചായത്തിന്റെ സാമ്പത്തിക കാര്യങ്ങളിൽ സമഗ്രമായ വ്യതിയാനം ഉണ്ടാക്കുവാനും കഴിയുമെന്നുറപ്പാണ്. ■

# പട്ടികജാതി/പട്ടിക വർഗ്ഗക്ഷേമം

പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗം നമ്മുടെ സമൂഹത്തിൽ ഇനിയും ഉയർച്ച കൈവരിക്കാത്ത വിഭാഗമായി നിലനിൽക്കുകയാണ്. പദ്ധതികൾ കടലാസ്സിൽ ഏറെ വരാറുണ്ടെങ്കിലും സാങ്കേതികത്വത്തിന്റേയും അറിവില്ലായ്മയുടേയും ചൂഷണത്തിന്റേയും ഫലമായ് ഇനിയും മോചനം നേടാൻ കഴിഞ്ഞിട്ടില്ല. മണ്ണിനെ പൊന്നാക്കുന്ന ഈ വിഭാഗം സാമൂഹ്യമായും സാമ്പത്തികമായും സമത്വം കൈവരിക്കേണ്ടത് അനിവാര്യമാണെന്ന് മഹാത്മജിയും അംബേദകറും മുൻകൂട്ടി കണ്ടത് ഇന്ന് പ്രസ്ക്തമായി തന്നെ നിലനിൽക്കുന്നു.

കൈപ്പമംഗലം പഞ്ചായത്ത് ഇതിൽ നിന്ന് വിഭിന്നമല്ലെന്ന് പറയേണ്ടിയിരിക്കുന്നു. ഇത് ഒരു പൊതു സമീപനത്തിന്റെ പ്രതിഫലനം മാത്രമാണ്.

ഈ പഞ്ചായത്തിൽ 840 പട്ടികജാതി കുടുംബങ്ങൾ 12 വാർഡുകളിലായി താമസിക്കുന്നുണ്ട്. ഇതിലെ ജനസംഖ്യ 5000 മുണ്ട്. പകുതിയിലധികം സ്ത്രീകളാണ്. 1000ൽപ്പരം കുട്ടികളും ഉൾപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിലെ സ്ക്കൂളുകളിൽ വിദ്യാഭ്യാസം ചെയ്യുന്നത് 526 കുട്ടികളാണ്. മറ്റു പഞ്ചായത്തിലെ സ്ക്കൂളുകളിലും അനവധി കുട്ടികൾ പോയി പഠിക്കുന്നുണ്ട്.

കയ്പമംഗലം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ 50 വർഷക്കാലം ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് പലതരത്തിലുള്ള അവകാശങ്ങൾക്ക് പകരം ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട്. പുര കെട്ടിമേയുന്നതിനും പുരവെക്കുന്നതിനും, പുതിയ വീടുകൾ നിർമ്മിക്കുന്നതിനും IRDP ഇനത്തിൽ ആടുമാടുകൾ, ഉന്തുവണ്ടി, സൈക്കിൾ , പെട്ടികടകൾ , കർഷക പണി ആയുധങ്ങൾ , സ്ഥലമില്ലെങ്കിലും തെങ്ങിൻ തൈകൾ, രാസവളങ്ങൾ, വനവത്ക്കരണത്തിനുള്ള വൃക്ഷതൈകൾ തുടങ്ങിയവയും കർഷക തൊഴിലാളി പെൻഷനും മറ്റും വിദ്യാഭ്യാസം ചെയ്യുന്നതിനായി 5 രൂപ മുതൽ 150 രൂപ വരെയുള്ള ലംസം ഗ്രാന്റും വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ട്. പട്ടികജാതി കോളനികൾ , ലക്ഷം വീട് കോളനിയിൽ വാസ സ്ഥലം , കക്കൂസ്, വൈദ്യുതി, ശുദ്ധജല ടാപ്പുകൾ, റോഡുകൾ മുതലായവ ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി കേരള സർക്കാരും ഗ്രാമപഞ്ചായത്ത് വഴിയും സഹായങ്ങൾ ചെയ്തിട്ടുള്ളതാണ്. എങ്കിലും ഈ പഞ്ചായത്തിലെ പട്ടിക ജാതിക്കാരിൽ 45% പേർക്ക് മാത്രമാണ് സഹായങ്ങൾ ലഭിച്ചിട്ടുള്ളത്.

1. പട്ടിക ജാതിക്കാർക്ക് 10 സെന്റിൽ താഴെ മാത്രമാണ് ഭൂമി ഉള്ളത് കൈവിരലിൽ എണ്ണാവുന്നർക്ക് മാത്രമാണ് 10 സെന്റിനുമേലെ ഭൂമിയുള്ളത് എന്നിട്ടും 840 ഓളം വീടുകളിൽ ഏകദേശം 400 കുടുംബങ്ങളിൽ മാറിതാമസിക്കേണ്ട ഒന്നിലധികം കുടുബാംഗങ്ങൾ ഇനിയും ബാക്കിയുണ്ട്.
2. കർഷക തൊഴിലാളി കൾ ഭൂരിപക്ഷവും പട്ടിക ജാതിക്കാരായിരുന്നു. പാടങ്ങൾ നികത്തിയതും, ശാസ്ത്രീയമായ കൃഷിരീതികൾമൂലവും ഈ വിഭാഗത്തിന് മുൻകാലങ്ങളെ പ്പോലെ തൊഴിലില്ലാതായി മാറിയിരിക്കുന്നു. പറമ്പുകളിൽ ആണിച്ചാൽ വെക്കൽ, കുളം വെട്ടൽ തുടങ്ങിയ കർഷക പണികളും പമ്പ് സെറ്റിനായി പൈപ്പ് ഫിറ്റങ്ങും നടത്തുന്ന കാരണം തൊഴിലുകൾ നഷ്ടപ്പെടുകയാണ്. മറ്റുതരത്തിലുള്ള തൊഴിലുകൾ നാട്ടിൽ വളരെ വിരളവുമാണ്.
3. തൊഴിൽ രഹിതരായ വനിതകൾക്ക് തൊഴിൽ നൽകുന്നതിനുള്ള അവസരങ്ങൾ ആസൂത്രണം ചെയ്യണം.
4. ഭരണഘടനാ പ്രകാരം സംവരണത്തിലൂടെ M.L.A. , മന്ത്രി, എം.പി., സർക്കാരുദ്യോഗം നേടിയെടുത്തവർ, അവരുടെ സേവനം മറ്റു സമൂഹത്തിന് ലഭിക്കുന്നതുപോലെ ഈ സമൂഹത്തിന് ലഭ്യമാകുന്നില്ല.
5. ഈ വിഭാഗം സ്വയം പഠിക്കുന്നതിനും തങ്ങളുടെ മക്കളെ പഠിപ്പിക്കുന്നതിനും പ്രചോദനം നൽകുന്നില്ല.
6. വിദ്യാഭ്യാസത്തിന്റെ അപരാപ്തത മൂലം വായനാശീലം ഇല്ലാത്തവരുമാണ് ഇവർ.
7. സാഹചര്യകുറവ് മൂലം കലാ സംസ്ക്കാരിക മണ്ഡലങ്ങളിൽ ഈ ജനവിഭാഗത്തിന് പ്രാതിനിധ്യം ഇല്ലെന്നു തന്നെ പറയണം.
8. വരുമാനം വളരെ കുറവായതുകൊണ്ട് കടബാദ്ധ്യതകൾകൊണ്ട് ദാരിദ്ര്യം അനുഭവിക്കുന്ന ഇവർക്ക് സാമ്പത്തിക അച്ചടക്കം പാലിക്കാൻ കഴിയുന്നില്ല.
9. ഗവൺമെന്റ് ആവിഷ്ക്കരിക്കുന്ന IRDP പോലുള്ള പദ്ധതി വായ്പകൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസവും അത് നേടിയെടുക്കാൻ തൊഴിൽ നഷ്ടപ്പെടുത്തിയുള്ള അലച്ചിൽ നിമിത്തം തൊഴിൽദിനങ്ങൾ നഷ്ടപ്പെടുകയും തദ്വാര വായ്പ എടുക്കുവാനും തിരിച്ചെടുക്കുവാനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. മാത്രമല്ല ബാങ്കുകൾ വായ്പ തരുവാൻ വിമുഖത കാണിക്കുന്ന സ്ഥിതിവിശേഷവും നിലനിൽക്കുന്നുണ്ട്.
10. ഗവൺമെന്റും മറ്റ് വിഭാഗങ്ങളിലുള്ളവരും ഒരു ആനുകൂല്യവർഗ്ഗമെന്ന് മാത്രമാണ് കാണുന്നത്.
11. പോഷകാഹാരക്കുറവ് ക്രമം തെറ്റിയുള്ള ഭക്ഷണരീതി കൊടും വെയ്യിലിലും മഴയത്തുമുള്ള കഠിനാദ്ധ്വാനം മൂലം ഈ വിഭാഗം ചെറുപ്പത്തിൽ തന്നെ ബലഹീനരാകുന്നു.
12. അയിത്തതിനും വിവേചനത്തിനും അക്രമത്തിനുമെതിരെ പ്രത്യേകമായ പരിരക്ഷ ഈ വിഭാഗത്തിനുണ്ടായിട്ടും ജാതി പരമായ അവഗണനയും ഉച്ചനീചത്വവും ഇടക്കിടെ കാണുന്നു.,

13. ഉദ്യോഗസ്ഥൻമാർ എം.എൽ.എമാർ മന്ത്രിമാർ തുടങ്ങിയവർ വലിയ ശമ്പളം പറ്റി കഴിയുന്നവരാണ് ജോലിയിൽ നിന്ന് വിരമിക്കുമ്പോഴും ഇവർക്ക് നല്ലൊരു തുക പെൻഷനായി ലഭിക്കുന്നുണ്ട്. പാവപ്പെട്ട കർഷകതൊഴിലാളിയെ സംബന്ധിച്ചിടത്തോളം 65 വയസ്സ് കഴിഞ്ഞവർക്ക് 70 രൂപമാത്രമാണ് പെൻഷനായി ലഭിക്കുന്നത്

## നിർദ്ദേശങ്ങൾ

ഈ വിഭാഗത്തിന്റെ വികസനത്തിനുള്ള ആസൂത്രണം കേവലം വ്യക്തിവികസനമാകാതെ കയ്പമംഗലം ഗ്രാമപഞ്ചായത്തിലെ മൊത്തം പട്ടിക ജാതിക്കാരുടെ വികസനം ലാക്കാക്കി പദ്ധതി ആവിഷ്ക്കരിക്കണമെന്ന് പൊതു നിർദ്ദേശം സൂചിപ്പിക്കട്ടെ.

1. ഭൂരഹിതരും ഭവന രഹിതരുമായ ഈ വിഭാഗത്തിൽപ്പെട്ട വിവാഹിതർക്ക് വീട് വെക്കുന്നതിനുള്ള സ്ഥലവും സൗകര്യങ്ങളും ഏർപ്പെടുത്തികൊടുക്കണം.
2. ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്നതിനു പകരം ആസൂത്രണ ബോർഡും സർക്കാരും വീട് നിർമ്മിച്ച് കൊടുക്കുന്നതിനുള്ള പരിപാടികൾ പഞ്ചായത്ത് മുഖേന ആസൂത്രണം ചെയ്യേണ്ടതാണ്.
3. തൊഴിൽ രഹിതർക്ക് തൊഴിൽഅവസരങ്ങൾ ഉണ്ടാക്കുന്ന തരത്തിലുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണം. ഈ വിഭാഗത്തിലെ 200 വനിതകൾക്ക് തൊഴിൽ കൊടുക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഡോ. അംബേദ്ക്കർ സ്മാരക കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം ഈ പഞ്ചായത്തിൽ രജിസ്ട്രർ ചെയ്യ്തിട്ടുള്ളതാണ് ആയതിന് 54 സെന്റ് സ്ഥലം 1-ാം വാർഡിൽ ഗ്രാമലക്ഷമി റോഡിനടുത്തുണ്ട്. 200 തറികൾ ഇട്ട് പ്രവർത്തിക്കാൻ കഴിയുന്ന ഒരു കെട്ടിടവും, തറിക്കും, മറ്റും ആവശ്യമായ സാമഗ്രികൾക്കും വേണ്ടിയുള്ള തുകയും ആസൂത്രണ ബോർഡ് സർക്കാരും വകയിരുത്തേണ്ടതാണ്.
4. മെഴുകുതിരി കറിപൗഡർ, സോപ്പ്, ചന്ദനത്തിരി, തീപ്പെട്ടി, എന്നിവ നിർമ്മിക്കുന്നതിനുള്ള സംവിധാനം ആസൂത്രണ ബോർഡും സർക്കാരും പദ്ധതികൾ ആവിഷക്കരിക്കേണ്ടതാണ്.
5. യുവാക്കൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്ന ഇഷ്ടിക നിർമ്മാണം, അപ്പോൾസ്റ്ററി, കല്ലൊര, പലചരക്ക് വ്യാപാരം, ആട്ടോറിക്ഷ, വർക്ക്ഷോപ്പ് , സ്റ്റേഷനറി കട, ഇലട്രിക്ക് കട, ഫോട്ടോ-വീഡിയോ സ്റ്റുഡിയോ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, പച്ചക്കറി കട, ടൂറിസ്റ്റ് ടാക്സി കാറുകൾ പശുവളർത്തൽ കേന്ദ്രം കോഴിവളർത്തൽ കേന്ദ്രം തുടങ്ങിയവ പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ സർക്കാർ ആവിഷ്ക്കരിക്കണം.
6. പട്ടിക ജാതി വികസന വകുപ്പ്, സാമൂഹ്യ വികസന വകുപ്പ് സഹകരണ മേഖല , ബാങ്കിംങ്ങ്, പൊതുമരാമത്ത്, ആരോഗ്യം നിയമപാലകർ , സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ എന്നിവ യോജിച്ച് പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീക്കരിക്കണം.
7. പട്ടിക ജാതി കോളനികൾ അശാസ്ത്രീയമാണ്.അന്ധവിശ്വാസവും അനാചാരവും വളരാൻമാത്രമേ ഇവ സഹായിക്കുകയുള്ളൂ. ആയതിനാൽ മുഖ്യ ധാരയിൽ ഈ വിഭാഗത്തെകൊണ്ടുവരാൻ മറ്റുള്ളവരുടെ ഇടയിൽ താമസിപ്പിച്ച് സാമൂഹ്യപരമായ നടപടികൾ സ്വീകരിക്കണം.
8. വിദ്യാഭ്യാസത്തിനായി 526 കുട്ടികൾ നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ പോകുന്നുണ്ട്. കയ്പമംഗലം ഗ്രാമപഞ്ചായത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്കൂൾ തുറക്കുന്ന അവസരത്തിൽ പാഠപുസ്തകങ്ങളും യൂണിഫോമുകളും വിതരണം ചെയ്യണം.
9. പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയായ കനോലി കനാലിന്റെ കര താഴ്ന്ന പ്രദേശമാണ്. ഭൂരിപക്ഷം താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾ വർഷക്കാലങ്ങളിൽ വെള്ളപ്പൊക്ക ദുരിതമനുഭവപ്പെടുന്നതിനാൽ ശവസംസ്കാരത്തിന് പ്രയാസമനുഭവപ്പെടുന്നുണ്ട്. ആയതിനാൽ കിഴക്കൻ പ്രദേശത്തെ പട്ടിക ജാതി വാർഡായ 11-ാം വാർഡ് കേന്ദ്രീകരിച്ച് ഉയർന്ന പ്രദേശത്ത് ആധുനിക സാങ്കേതിക രീതിയിൽ പൊതു ശ്മശാനം നിർമ്മിക്കണം. ■

കയ്പമംഗലം പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗങ്ങൾ പരിശോധിക്കുമ്പോൾ സമീപ പ്രദേശത്തെ ഏറ്റവും കുറവ് വരുമാനമുള്ള പഞ്ചായത്താണിതെന്ന് നമുക്ക് നമസ്സിലാകും. പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിൽ കെട്ടിട നികുതിക്കാണ് മുഖ്യ സ്ഥാനം തൊഴിൽ നികുതി തൊഴിൽ ശോഷണം പോലെത്തന്നെ അപ്രധാനമായ സ്ഥാനത്ത് നിൽക്കുന്നു. വിനോദ നികുതി ഇനത്തിൽ ഒറ്റരൂപപോലും വരുമാനമില്ലാത്ത പഞ്ചായത്തുകൾ ഇതുപോലെ ഉണ്ടാകുമെന്ന് തോന്നുന്നില്ല.

നികുതിയേതര വരുമാനത്തിൽ JRY ഫണ്ടും UN TIED ഫണ്ടും എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റും ചേർന്നതാണ് പഞ്ചായത്തിന്റെ മൊത്തം വാർഷിക വരുമാനത്തിന്റെ 3ൽ രണ്ട് ഭാഗം 1995-96 സാമ്പത്തിക വർഷത്തിൽ അൺടൈഡ് ഫണ്ട് ഇനത്തിൽ 3.02 ലക്ഷവും ജെ.ആർ.വൈ. ഇനത്തിൽ 44.53 ലക്ഷവും എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 11,935 രൂപയും മറ്റു വകയിലായി 2.52 ലക്ഷവും പഞ്ചായത്തിന് ലഭിക്കുകയുണ്ടായി. അതുപോലെ നികുതിയിനത്തിൽ (കെട്ടിടനികുതി 44.63 ലക്ഷം, തൊഴിൽ നികുതി 1.44 ലക്ഷം, വാടക 0.89 ലക്ഷം.) മൊത്തം 7 ലക്ഷത്തിൽ താഴെയും ലഭിക്കുകയുണ്ടായി. അങ്ങനെ 95-96 സാമ്പത്തിക വർഷത്തിൽ മൊത്തം 17.15 ലക്ഷം വരുമാനം ഉണ്ടക്കിയത് 10.29 ലക്ഷം നികുതിയേതര ഇനത്തിലും 6.96 ലക്ഷം നികുതിയിനത്തിലുമാണ്

ഈ പശ്ചാത്തലത്തിൽ പഞ്ചായത്തിലെ ചെലവുകൾ ഇതേ കാലയളവിൽ പരിശോധിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിൽ മാത്രം 10 ലക്ഷത്തിൽ പരം രൂപ ചെലവുചെയ്തു . ഏതാണ്ട് വരുമാനത്തിന്റെ പകുതി എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 4.7 ലക്ഷം രൂപ ചെലവു ചെയ്തു. ബാക്കിയുള്ള 7 ലക്ഷത്തിൽ നിന്ന് വിദ്യാഭ്യാസ പ്രവർത്തനങ്ങളെ 0.32 ലക്ഷം ജലവിതരണം പൊതുജനാരോഗ്യം എന്നിവക്ക് 0.33 ലക്ഷം, തെരുവുവിളക്കുകൾ കത്തിക്കുന്നതിന് 0.4 ലക്ഷം എന്നീ വിധത്തിലും 5.76 ലക്ഷം മറ്റുള്ളവ എന്ന ഇനത്തിലുമാണ് ചെലവുചെയ്തിട്ടുള്ളത്. അങ്ങനെ വരുമാനത്തിന്റെ പകുതിയോളം പൊതുമരാമത്തും 4ൽ.1ൽ കൂടുതൽ എസ്റ്റാബ്ലിഷ്മെന്റ് അഥവാ ഭരണ ചിലവുകളുമാണ്. ബാക്കിയുള്ള കാൽ ഭാഗമാണ് കടം അടക്കുന്ന തുടങ്ങി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും മറ്റുമായി ഉപയോഗിക്കുന്നത്.

പഞ്ചായത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ച വകയിൽ 18.83 ലക്ഷം രൂപ ഇപ്പോഴും റൂറൽ ഡെവലപ്മെന്റ് വകുപ്പിൽ വായ്പയായാണ് നിലനിൽക്കുന്നത്. 1995-96 സാമ്പത്തിക വർഷത്തിൽ 2.55 ലക്ഷം കടം തീർക്കുന്നതിലേക്ക് പലിശയിനത്തിലും പഞ്ചായത്തിൽ നിന്ന് അടച്ചിട്ടുണ്ട്. ഈ നിലയിൽ പഞ്ചായത്തിന്റെ ധനസ്ഥിതി വളരെ ദുർലഭമാണെന്ന് കാണാം. കട ബാധ്യത കുനിൻമേൽ കുരുപോലെ പ്രശ്നം കൂടുതൽ രൂക്ഷമാക്കുന്നു. പുതിയ ധനാഗമ മാർഗ്ഗങ്ങൾ ജനങ്ങളുടെ പങ്കാളിത്തത്തോടെയും സഹകരണ ത്തോടെയും കണ്ടെത്തുകയും ചെലവിനങ്ങൽ കുറെക്കൂടി ഉത്പാദനപരവും അതോടൊപ്പം തന്നെ സുതാര്യവുമാക്കേണ്ടതുണ്ട്.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

പഞ്ചായത്തിൽ നിലവിലുള്ള വരുമാനമാർഗ്ഗം പൂർണ്ണമായും ഉപയോഗപ്പെടുത്തുകയാണ്. ആത്യന്തികമായി ചെയ്യാവുന്ന ഏക മാർഗ്ഗം. നികുതി പിരിവുകൾകുറ്റമറ്റതാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ ഏറ്റവും വലിയ വരുമാനമാർഗ്ഗമാണല്ലോ കെട്ടിട നികുതി. കെട്ടിട നികുതി സമ്പ്രദായം കുറ്റമറ്റതാക്കുകയാണ് ഒരുരീതി താഴെപറയുന്ന രീതിയിൽ നികുതി നിർണ്ണയിക്കുന്നത് ശാസ്ത്രീയമാകുമെന്ന് കരുതാം.

1. വീട്ടു നികുതി
   a. തറയുടെ വിസ്തീർണ്ണം (സ്ക്വൊയർ ഫീറ്റ് അടിസ്ഥാനത്തിൽ)
   b. ഫ്ളോറിങ്ങ് (മാർബിൾ, മൊസൈക്ക്, സിമന്റ് അടിസ്ഥാനത്തിൽ)
   c. മേൽക്കൂര (വാർക്ക, ഓട് അടിസ്ഥനത്തിൽ)
2. കടകളുടെ നികുതി
   a. വാടകയുടെ അടിസ്ഥാനത്തിൽ മാത്രം നിശ്ചയിക്കുക.

6. കെട്ടിട നികുതിയുടെ തീരുമാനങ്ങൾ ഗ്രാമസഭകൾക്ക് ലഭിക്കത്തക്ക സംവിധാനമുണ്ടാക്കുക.

   വലിയ വീടുകൾ പണിയുന്നവർക്ക് ഏക സമയ - 'Cess 'ഏർപ്പെടുത്താം
   a. 1000 സ്ക്വയർ ഫീറ്റ് മുതൽ 1500 സ്ക്വയർ ഫീറ്റു വരെ (തറവിസ്തീർണ്ണം) ചെലവിന്റെ 1 ശതമാനം
   b. 1500 സ്ക്വയർഫീറ്റ് മുതൽ 2000 സ്ക്വയർഫീറ്റ് വരെ ചിലവിന്റെ 1.2 ശതമാനം
   c. 2000 സ്ക്വയർഫീറ്റിനു മുകളിൽ ചെലവിന്റെ 1.50 ശതമാനം (1ൽ കൂടുതൽ നിലവിലുള്ള വീടുകളുടെ മുകളിലേക്കുള്ള നിലകൾ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തണം.)

7. പഞ്ചായത്തിന്റെ വരുമാനത്തിൽ തീരെ നിസ്സാര സ്ഥാനമുള്ള തൊഴിൽ കരം വർദ്ധിപ്പിക്കാൻ ചില കർശന മാനദണ്ഡങ്ങൾ സ്വീകരിക്കാവുന്നതാണ്.

a. കച്ചവടസ്ഥാപനത്തിന്റെ (ജ്വല്ലറി ഒഴികെ ) തൊഴിലെടുക്കുന്നവർ 100 രൂപയെങ്കിലും വർഷത്തിൽ തൊഴിൽ കരമായി അടക്കണം. ഒരു സ്ഥാപനത്തിൽ ചുരുങ്ങിയത് ഒരാൾ എന്ന നിബന്ധന പാലിക്കണം

b. സാമ്പത്തിക വായ്പാസ്ഥാപനങ്ങൾ, ജ്വല്ലറികൾ എന്നിവയിൽ പണിയെടുക്കുന്ന ഒരാൾക്ക് 1000 ക മാസ വരുമാന നിരക്കിൽ തൊഴിൽ കരം ഏർപ്പെടുത്തണം. ഒരു സ്ഥാപനത്തിൽ ചുരുങ്ങിയത് ഒരാൾ എന്ന നിബന്ധന പാലിക്കണം.

8. പഞ്ചായത്തിന്റെ വരുമാനത്തിൽ പ്രതിഫലിക്കാത്ത ടേൺഓവർടാക്സ് നിർബന്ധവും കർശനവുമാക്കണം.

a. സാമ്പത്തിക, ധനകാര്യ, സ്വകാര്യ, സ്ഥാപനങ്ങൾ, ജ്വല്ലറികൾ, വലിയ കച്ചവട സ്ഥാപനങ്ങൾ എന്നിവക്ക് വാർഷിക കണക്കുകൾ അടിസ്ഥാനമാക്കി നൽകേണ്ട ടേൺഓവർ ടാക്സ് നിർബന്ധമാക്കണം. വ്യക്തമായ വരുമാനമുണ്ടായിട്ടും കണക്കുകൾ നൽകാതെയും ടാക്സ് കൊടുക്കാതെയും ഉള്ളവർക്കെതിരെ കർശന നിയമ നടപടികൾ കൈകൊള്ളണം.

9. ഇതുപോലെ വാടകകുടിശ്ശിക പിരിച്ചെടുക്കുന്നതിനും നിലവിലുള്ള വാടക വാർഷാന്ത്യത്തിൽ പുനർനിർണ്ണയിക്കുന്നതിനുള്ള സംവിധാനങ്ങൾ കർശനമാക്കണം.

ഇത്തരത്തിൽ കർശനവും ശാസ്ത്രീയവുമായ രീതിയിൽ നിലവിലുള്ള നികുതി സംവിധാനങ്ങളെ പുനർക്രമീകരിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിന്റെ ഈ ഇനങ്ങളിലുള്ള വരുമാന വർദ്ധനവ് ഇപ്പോഴുള്ളതിന്റെ ഇരട്ടിയെങ്കിലുമാക്കാമെന്ന് പ്രതീക്ഷിക്കാം.

11. ചെറുതും വലുതുമായ നിർമ്മാണ വികസന പ്രവർത്തനങ്ങൾക്ക് (റോഡ് നിർമ്മാണം, പാലങ്ങൾ നിർമ്മിക്കൽ, തെരുവ് വിളക്ക് സ്ഥാപിക്കൽ തുടങ്ങിയവ) 20 % മാനമെങ്കിലും ഗുണഭോക്താക്കളായ നാട്ടുകാരുടെ വിഹിതം സാമ്പത്തികമായും മാനുഷിക വിഭവമായും സംഭരിക്കുന്നതിനും പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും ജന പങ്കാളിത്തം ഉറപ്പുവരുത്തുവാനും കഴിയും. മേൽപറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും ഗ്രാമ സഭകളുടെ മേൽനോട്ടത്തിൽ ഗുണഭോക്താക്കളുടെ സമിതികൾക്ക് ചുമതല നൽകുക വഴി ഇത്തരം പ്രവർത്തനങ്ങൾ സുതാര്യമാക്കുവാൻ കഴിയും. കൂടാതെ ഇതിന്റെ വരവു ചിലവുകണക്കുകൾ എല്ലാ വിശദാംശങ്ങളോടുകൂടി ഗ്രാമസഭയിൽ അവതരിപ്പിക്കുവാൻ കമ്മറ്റി ബാധ്യസ്ഥരായിരിക്കണം.

12. വിദേശത്ത് ജോലി ചെയ്യുന്ന പൗരൻമാരുടെ നിക്ഷേപങ്ങൾ, പഞ്ചായത്ത് തലത്തിൽ രൂപപ്പെടുത്തുന്ന ഉത്പാദന പ്രക്യയകൾക്ക് ലഭ്യമാക്കുന്നതും എന്നാൽ തിരിച്ച് അവർക്ക് നിശ്ചിത ശതമാനം നിക്ഷേപത്തിൽ വർദ്ധനവ് ഉറപ്പ് വരുത്തുന്ന പദ്ധതികളും ആവിഷ്കരിക്കണം.

13. പഞ്ചായത്തിലെ ബാങ്കുകളുടെ നിക്ഷേപ വായ്പാ അനുപാതം താഴെകാണുന്ന പ്രകാരമാണ്.

a. കനറാ ബാങ്ക് 18%

b. റൂറൽ ബാങ്ക് 100 %

c. സഹകരണബാങ്ക് 75%

സംസ്ഥാനതലത്തിൽ 40 %ൽ നിൽക്കുന്ന അനുപാതമാണ് പഞ്ചായത്ത് തലത്തിൽ മേലുദ്ധരിച്ചത്. മൊത്തം നിക്ഷേപത്തിന്റെ 7ൽ 6 ഭാഗവും കൈകാര്യം ചെയ്യുന്ന കനറാബാങ്കാണ് വെറും 18% മാത്രം വായ്പ നല്കികൊണ്ട് സംസ്ഥാന നിലവാരത്തിന്റെ പകുതിയിൽ താഴെ നിൽക്കുന്നത്. ഇത് സംസ്ഥാന നിലവാരത്തിലെങ്കിലും എത്തിനോക്കുന്നതിനുള്ള ജനകീയ സംരംഭങ്ങൾ ഉണ്ടാകണം.

a. കാർഷിക വ്യവസായിക രംഗങ്ങളിൽ നടപ്പിലാക്കാൻ സാദ്ധ്യതയുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വിദഗ്ധ സമിതികൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം.

b. കനറാബാങ്ക് അടക്കമുള്ള സാമ്പത്തിക സ്ഥാപനങ്ങളുമായി നിരന്തര സമ്പർക്കം പുലർത്തുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും അവർക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും ആവശ്യഘട്ടങ്ങളിൽ അവ നടപ്പിലാക്കുവാനും ഈ സമിതിക്ക് കഴിയണം.

c. IRDP, സ്വയം തൊഴിൽ വായ്പ തുടങ്ങിയ ഗവൺമെന്റ് ആഭിമുഖ്യത്തിൽ വരുന്ന വായ്പാ പദ്ധതികൾ ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിനും വായ്പ വാങ്ങിയ വ്യക്തികൾ അവ വീഴ്ച വരുത്താതെ തിരിച്ചു അടക്കുന്നതിനും ഗ്രാമസഭകളുടെ നേതൃത്വത്തിൽ സംവിധാനങ്ങൾ ഉണ്ടാക്കണം.

15. നബാഡ്, കപ്പാർട്ട് തുടങ്ങിയ സ്ഥാപനങ്ങൾ പഞ്ചായത്ത് ഭരണസമിതിക്ക് നേരിട്ട് ധനസഹായം നൽകാത്ത സാഹചര്യം നിലവിലുള്ളതുകൊണ്ട് ഇത്തരം സ്ഥാപനങ്ങളുടെ ധനസഹായം ലഭ്യമാക്കുന്നതിനും അവ സമൂഹത്തിലെ ആവശ്യവിഭാഗങ്ങൾക്ക് ഗൃഹനിർമ്മാണം തുടങ്ങിയ മേഖലകളിൽ സഹായിക്കുന്നതിനും ജനകീയ കമ്മറ്റികൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം.


OFFICE OF THE KAIPAMANGALAM GRAMA PANCHAYATH
166

16. ഇത്തരത്തിൽ പഞ്ചായത്തിലെ വരുമാന വർദ്ധനവും ജനങ്ങളുടെ പുരോഗതിയും ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ അവയിൽ ജനങ്ങൾക്കുള്ള വിശ്വാസ്തയും പങ്കും ബോധ്യപ്പെടുത്തണം. കൂടാതെ തങ്ങൾ വഹിക്കുന്ന അധികഭാരം (സാമ്പത്തികമായും മനുഷ്യവിഭവമായും) തങ്ങൾക്കു വേണ്ടിയാണെന്ന ധാരണ വളരണം.

അതിന് വ്യക്തമായ ഉറപ്പും ലഭിക്കണം. അതിന് ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിന് ഒരു 'സോഷ്യൽ ഓഡിറ്റിങ്ങ്' സമ്പ്രദായം രൂപപ്പെടുത്തണം. ഗ്രാമസഭകളിൽ നിന്ന് തെരഞ്ഞെടുക്കുന്ന പ്രനിധികളുടെ ഒരു ജനകീയ സമിതിക്ക് അർധവാർഷിക കണക്കുകൾ പരിശോധിക്കുവാനും വിശദാശംങ്ങൾ അറിയാനും അങ്ങനെ പഞ്ചായത്തിലെ മൊത്തം പ്രവർത്തനങ്ങൾ ഈ സമിതിയുടെ നേട്ടകോട്ടനിരീക്ഷണത്തിന് വിധേയമാക്കുവാനുള്ള സാഹചര്യം ഉണ്ടാകണം. അങ്ങനെ ജനകീയ മുന്നേറ്റത്തിന്റെ ഒരു നാഴികക്കല്ലായ് ഈ സംരംഭങ്ങൾക്ക് തുടക്കമിടാം. ■

'അറബിക്കടലിന്റെ റാണി' എന്നറിയപ്പെടുന്ന കൊച്ചിയും പൊന്നാനിയും തമ്മിൽ ജലഗതാഗതബന്ധമുണ്ടായിരുന്ന കനോലികനാൽ ഈ ഗ്രാമ പഞ്ചായത്തിന്റെ കിഴക്കേ അതിൽത്തിയിലൂടെയാണ് ഒഴുകുന്നത്. വളരെയേറെ ജലഗതാഗതമുണ്ടായിരുന്ന (ബോട്ട്, കെട്ടുവള്ളം) ഈ കനാൽ ഇന്ന് തികച്ചും ഉപയോഗരഹിതമായ് തീർന്നിരിക്കയാണ്. കാലഘട്ടം പുരോഗമിച്ചതും ജീവിതത്തിന് വേഗത വർദ്ധിച്ചതും ഇതിന് കാരണമായെന്ന് പറയാം.

ടൂറിസത്തിന് പുതിയ സാദ്ധ്യതകൾ തെളിഞ്ഞു വരികയും കൂടുതൽ പ്രോത്സാഹനങ്ങൾ കൊടുത്തു വരികയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ നിലവിലുള്ള പ്രകൃതി ദത്തമായ ഘടകങ്ങളെ പ്രയോജനപ്പെടുത്തി പ്രകൃതിയുടെ സന്തുലിതാവസ്ഥയും ഭംഗിയും നിലനിർത്തുവാൻ കഴിയുന്ന രണ്ടു പ്രധാന ഘടകങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഒന്ന് കനോലി കനാലും മറ്റൊന്ന് അറബിക്കടലും

കനോലി കനാലിന്റെ ഇരു കരകളിലും നിറഞ്ഞു നില്ക്കുന്ന പച്ചപ്പണിഞ്ഞ ഫലവൃക്ഷങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ സൗന്ദര്യത്തിന് മാറ്റു കൂട്ടുന്നുണ്ട്. ഉൾനാടൻ ജലഗതാഗതത്തിലൂടെ ഗ്രമാപഞ്ചായത്തിന്റെ തനിമ നുകരാൻ ദീർഘദൂര ജലാഗതാഗതയാത്രക്ക് ഉപകരിക്കുന്ന കനോലികനാലിലൂടെ ബോട്ട് സർവ്വീസ് ആരംഭിക്കേണ്ടതാണ്. ദേശീയ ജലപാതയായ് സർക്കാർ അംഗീകരിച്ച കനോലികനോൽ കേരളത്തിന്റെ തന്നെ മൊത്തം ടൂറിസ വികസനത്തിന് അനന്തസാദ്ധ്യതകൾ ഒരുക്കുന്നതാണ്.

അതോടൊപ്പം കാക്കാത്തുരുത്തി പാലത്തിന് വടക്ക് ഭാഗത്ത് ടൂറിസ്റ്റ്കളെ ആകർഷിക്കുന്ന രൂപത്തിൽ ഒരു ബോട്ട്.ജെട്ടി നിർമ്മിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തിയായ അറബിക്കടൽ പ്രകൃതി രമണീയമായ പാശ്ചാത്തലമൊരുക്കുന്നു. ഇപ്പോൾ തന്നെ പ്രകൃതി സൗന്ദര്യാസ്വാദകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. കയ്പമംഗലം പഞ്ചായത്തിന്റേയും തൊട്ടടുത്ത എടത്തിരുത്തി പഞ്ചായത്തിന്റേയും കൈവഴിതോടുകൾ സംയുക്തമായ് അറബിക്കടലിൽ വന്നു ചേരുന്ന സംഗമസ്ഥാനം അനിർവ്വചനീയമായ ദൃശ്യമാണുളവാക്കുന്നത്. ആയതിനാൽ കയ്പമംഗലം പഞ്ചായത്തിലെ രണ്ടാം വാർഡിലെ പഞ്ഞംപള്ളി ബീച്ചിൽ ടൂറിസം വികസനത്തിന് ഒട്ടേറെ സാദ്ധ്യതകളുണ്ട്.

കയ്പമംഗലം പഞ്ചായത്തിലെ കൂരിക്കുഴി ബീച്ചിൽ എല്ലാ കാലങ്ങളിലും ചാകര കാണപ്പെടുന്നുണ്ട്. ആയിരക്കണക്കിന് പ്രകൃതി ആസ്വാദകർ 32 കി.മീ ദൂരത്തുള്ള തൃശൂർ പട്ടണത്തിൽ നിന്നുപോലും എത്തിച്ചേരാറുണ്ട്. അതുപോലെ തന്നെ 60 കി.മീ. അകലെയായ് സ്ഥിതിചെയ്യുന്ന അതിരപ്പിള്ളി വാഴച്ചാൽ വെള്ളച്ചാട്ടം കാണാനെത്തുന്ന ടൂറിസ്റ്റുകളെ സമാപ കടലോര പ്രദേശമായ കൂരിക്കുഴി ബീച്ചിലേക്ക് ആകർഷിക്കുവാൻ വാഹനഗതാഗതസൗകര്യം ഉണ്ടെന്നുള്ളതിനാൽ ടൂറിസം മാപ്പിൽ കൂരിക്കുഴി പ്രദേശത്തിന് ഒട്ടേറെ സംഭാവനയർപ്പിക്കാൻ കഴിയും.

**സാദ്ധ്യതകൾ**

1. കൂരിക്കുഴി കടലോരത്ത് ബിച്ച് റിസോർട്ടുകൾ സ്ഥാപിക്കുക
2. കൂരിക്കുഴി കമ്പനിക്കടവിൽ ഫിഷ്ലാന്റിംഗ് സെന്റർ ആരംഭിക്കുവാൻ നീക്കം നടക്കുന്ന സാഹചര്യത്തിൽ ടൂറിസ്റ്റുകൾക്ക് ബോട്ടിംഗ് സംവിധാനം ഉണ്ടാക്കേണ്ടതാണ്.

തീരദേശ വാർഡുകളായ 2,3,6 എന്നിവയെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ ബന്ധിപ്പിക്കുന്ന ഭാഗികമായ കടലോര റോഡ് ഗതാഗതയോഗ്യമാക്കിയാൽ കടലോരത്തിന്റെ മൊത്തം ടൂറിസവികസനത്തിന് മാറ്റ് കൂട്ടുന്നതായിരിക്കും. ■

# പൊതുവായ ആവശ്യങ്ങൾ

1. പഞ്ചായത്തിൽ ബസ്സ്റ്റാന്റ് നിർബന്ധമായും ഉണ്ടാക്കണം
2. അറവ് ശാല ആധുനിക രീതിയിൽ സ്ഥലം വിലക്ക് വാങ്ങി നിർമ്മിക്കണം.
3. പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ആശുപത്രി നിർമ്മിക്കണം (PHC)
4.ആയുർവ്വേദ ആശുപത്രി പഞ്ചായത്തിൽ നിലവില്ലാത്തത് എത്രയും വേഗം പരിഹരിക്കുന്നതിന്ന് സ്ഥലവും കെട്ടിടവും വേണം
5. ഹോമിയോ ആശുപത്രിക്ക് സ്ഥലം കെട്ടിടം എന്നിവ വേണം
6. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി മാർക്കറ്റ് എത്രയും വേഗം ഉണ്ടാക്കണം
7 ഗ്രാമ പഞ്ചായത്തിന്റെ പടിഞ്ഞാറെ ഭാഗം 6-ാം വാർഡിൽ ശ്മശാനം നിലവിലുള്ള മുഴുവൻ ആളുകൾക്കും പ്രയോജനം ലഭിക്കാത്തതിനാൽ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലും ഒരു ശ്മശാനം അത്യാവശ്യമാണ്.
8. സിനിമാശാലകൾ പഞ്ചായ്ത്തിൽ ഉണ്ടാക്കാൻ വേണ്ട നടപടി വേണം
9. പഞ്ചായത്ത് പൊതുവായ മത്സ്യമാംസ് മാർക്കറ്റുകൾ ഉണ്ടാക്കണം

10 ഹൈസ്കൂൾ തീരദേശത്തിനോട് ചേർന്ന ഭാഗത്താകയാൽ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ RCUP സ്കൂൾ ഹൈസ്കൂളായി ഉയർത്തണം

11. പഞ്ചായത്ത് കോമ്പൗണ്ടിൽ കോമ്പൗണ്ട് വാൾ കെട്ടണം

12. പഞ്ചായത്ത്ഓഫീസ് പരിസരത്ത് ഇരുനിലകെട്ടിടങ്ങൾ പണികഴിപ്പിച്ചു പഞ്ചായത്തിന് വരുമാനം ലഭിക്കുന്നതിന് കാന്റീനും ഉദ്യോഗസ്ഥൻമാർക്കും പുറമെയുള്ളവർക്കും താമസസൗകര്യത്തിനുവേണ്ടി ലോഡ്ജിങ്ങ് സൗകര്യം ഉണ്ടാക്കണം

13 വെയിറ്റിങ്ങ് ഷെഡ്ഡുകൾ ബസ്സ് സർവ്വീസുള്ള റോഡുകളിൽ പണി കഴിപ്പിക്കണം.

14. പഞ്ചായത്തിൽ അതിർത്തി ബോർഡുകളും ബസ്സുസ്റ്റോപ്പു ബോർഡുകളും സ്ഥാപിക്കണം

15. പഞ്ചായത്ത് വകയായി ജീപ്പ് വാങ്ങി ട്രയലർ ഘടിപ്പിച്ചു പഞ്ചായത്തിന്റെ ജനത്തിരക്കുള്ള ഭാഗങ്ങളിൽ നിന്നും ചപ്പു ചവറുകൾ മലിനവസ്തുക്കൾ എന്നിവ പഞ്ചായത്തു പ്രത്യേകം പണിക്കാരെ നിശ്ചയിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

16 പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി ഒരു കളിസ്ഥലവും തിയ്യറ്ററും പണിയാൻ നടപടി സ്വീകരിക്കണം

# കയ്പമംഗലം ഗ്രാമപഞ്ചായത്ത് പ്രവർത്തനരേഖ

മഹാത്മാഗാന്ധിയുടെ 126–ാം ജന്മദിനമായ 1995 ഒക്ടോബർ 2–ാം തിയ്യതി കയ്പമംഗലം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അധികാരമേറ്റു. ലളിതമെങ്കിലും ആനന്ദ നിർഭരമായ ചടങ്ങിൽ വിവിധ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. കൈപമംഗലം പഞ്ചായത്തിന്റെ നീണ്ട വർഷത്തെ പ്രസിഡണ്ടും പഞ്ചായത്തിന്റെ, വികസന പ്രവർനങ്ങൾക്ക് മറക്കാനാവാത്ത ഉഴവുചാൽ കീറിയ ശ്രീ. കെ. കുട്ടികൃഷ്ണൻ നായരുടെ മഹനീയ സാന്നിദ്ധ്യം ഈ അവസരത്തിൽ പ്രത്യേകം ഓർമ്മിക്കുകയാണ്. പുതിയ ഭരണ സമിതിയെ അനുമോദിച്ചുകൊണ്ട് വിവിധ രാഷ്ട്രീയ കക്ഷിനേതാക്കൾ ആശംസകൾ അർപ്പിക്കുകയുണ്ടായി.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ പങ്കാളിത്തം അനിവാര്യമാണെന്ന മുൻധാരണയോടുകൂടിത്തന്നെ പന്ത്രണ്ട് വാർഡുകളിലും വാർഡ് വികസന സമിതികൾ രൂപീകരിച്ചു. അതുപോലെതന്നെ തീരദേശമുൾക്കൊള്ളുന്ന പഞ്ചായത്ത് കയ്പമംഗലം എന്നതിനാൽ തീരദേശ വികസനസമിതിയും രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുകയുണ്ടായി. ബാദ്ധ്യതകേളറെയുള്ള പഞ്ചായത്ത് നടപ്പിലാക്കിയ വികസന പരിപാടികൾ താഴെ പറയുന്നവയാണ്.

പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലും പട്ടികജാതി കോളനികളിലും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചു. മാത്രമല്ല JRY പദ്ധതിയിൽ ഉൾപ്പെടുത്തി 124 പട്ടികജാതിക്കാരുടെ വീടുകൾ സൗജന്യമായ് വയറിങ്ങ് നടത്തി കൊടുക്കുകയുണ്ടായി. കയ്പമംഗലം കൂരിക്കുഴി ബീച്ചിലേക്കുള്ള കൊപ്രക്കളം റോഡ് റീടാർ ചെയ്ത് സുഗമമാക്കി. പുതിയ റോഡുകളുടെ നിർമ്മാത്തിന്റെയും, അറ്റകുറ്റപ്പണികളുടെയും പട്ടിക വളരെ നീണ്ടതിനാൽ പ്രത്യേകം ഏടുത്തുപറയുന്നില്ല. വിശദവിവരങ്ങൾ ഗതാഗതത്തിന്റെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. JRY പദ്ധതിയിയനുസരിച്ച് ഭവനരഹിതരായ പട്ടിക ജാതിക്കാരെ സഹായിക്കുന്നതിനു വേണ്ടി 6 പട്ടികജാതി കുടുംബങ്ങളെ ഭവനനിർമ്മാണത്തിനായ് തിരഞ്ഞെടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഗ്രാമീണ ഭൂരഹിത തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിയുടെ ഭാഗമായ് പഞ്ചായത്ത് കാക്കാതുരുത്തി പ്രദേശത്ത് ഒരു ഏക്കർ ഭൂമിവാങ്ങി താമസസൗകര്യമൊരുക്കികൊടുത്തു.

വരൾച്ച ദുരിതാശ്വാസ പ്രവർത്തന മെന്നോണം ശുദ്ധജലം കിട്ടാൻ ബുദ്ധിമുട്ടുന്ന ഇരുപത്തഞ്ചോളം പാവപ്പെട്ട കുടുംബങ്ങൾക്കായ് ഫിൽറ്റർ പോയിന്റുകൾ സ്ഥാപിച്ച് ആശ്വാസം കണ്ടെത്താൻ കഴിഞ്ഞു.

പൊതുജനാരോഗ്യ രംഗത്ത് വിപ്ലവകരമായ മാറ്റം ഉണ്ടാക്കിയ ഈ പഞ്ചായത്തിൽ സോഷ്യോ ഇക്കണോമിക് (SEU) യൂണിറ്റിന്റേയും പഞ്ചായത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ കക്കൂസ് ഇല്ലാത്ത മുഴുവൻ വീട്ടുകാർക്കായ് ഒരു വലിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഈ പദ്ധതിയുടെ ഭാഗമായ് ഈ പ്രവർത്തനവർഷത്തിൽ രണ്ടു വാർഡുകളിൽ മാത്രമായ് 88കക്കൂസുകൾ നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ കക്കൂസ് നിർമ്മാണത്തിന് ഒരു പ്രത്യേകതകൂടിയുണ്ട്. കേരളത്തിൽ ആദ്യമായാണ് വനിതാ മേസ്തിരിമാർ ഇത്തരം നിർമ്മാണ വേല ചെയ്യുന്നത്. നമ്മുടെ പഞ്ചായത്തിൽ നിന്നും 7 വനിതകൾ ഈ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നുള്ളത് അഭിമാനാർഹമായ കാര്യമാണ്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ അവിസ്മരണീയമായ ദിനമാണ് 1996 ആഗസ്റ്റ് 10–ാം തിയ്യതിയിലെ സായ്ഹ്നം. അന്ന് നെതർലാന്റ് ഡവലപ്മെന്റ് മന്ത്രി മി. പ്രോംഗ്, അംബാസിഡർ J.H.J. ജൂറിസ്സൻ, വിമൻസ് ഡവലപ്മെന്റ് ആഫീസ്സർ മിസ്സിസ്സ് ടസ്മ എന്നിവരടങ്ങുന്ന പത്തംഗ സംഘം കടപ്പുറം 2–ാം വാർഡിലെ പഞ്ഞംപള്ളി ഹരിജൻ സെറ്റിൽമെന്റ് കോളനിയിൽ എത്തിച്ചേർന്നു. വനിതാ മേസ്തിരിമാരുടെ കക്കൂസ് നിർമ്മാണം കാണുന്നതിനും ശുദ്ധജല ശുചീകരണ പരിപാടികൾ വിലയിരുത്തുന്നതിനും വേണ്ടിയാണ് സംഘം കോളനി സന്ദർശിച്ചത്. വളരെ സ്നേഹോഷ്മളമായ സ്വീകരണമാണ് കോളനി വാസികളും പരിസരവാസികളും അവർക്ക് നല്കിയത്. കൂടാതെ ശ്രീലങ്കൻ സാമൂഹ്യക്ഷേമ വകുപ്പിന്റെ ഒരു ഉന്നത ഉദ്യോഗസ്ഥനായ ഡോ.ഫെരേര നമ്മുടെ പഞ്ചായത്തിലെ മാതൃകാപരമായ സാനിറ്റേഷൻ പരിപാടികൾ കാണുന്നതിനും പഠിക്കുന്നതിനും വേണ്ടി പഞ്ഞംപ്പള്ളി കോളനി സന്ദർശിച്ച കാര്യങ്ങൾ പ്രത്യേകം എടുത്തു പറയട്ടെ.

പഞ്ചായത്തിന്റെ സാനിറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഓഫീസിനോടനുബന്ധിച്ച് തന്നെ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റിന്റെ കീഴിൽ ഒരു സാനിറ്റേഷൻ സൂപ്രവൈസറും ഒരു ഫീൽഡ് ഓർഗനൈസറും കാര്യക്ഷമമായ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 12 വാർഡുകളിലായ് ആരോഗ്യ പരിപാലനം വിജയകരമായി നടപ്പിലാക്കുന്നതിനുവേണ്ടി വാർഡ് വാട്ടർ കമ്മറ്റികൾക്ക് പ്രത്യേക പരിശീലനപരിപാടികൾ നടത്തുകയും ചെയ്തു.

നമ്മുടെ ഗ്രാമത്തിന്റെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി കയ്പമംഗലം പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റേയും പെരിഞ്ഞനം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റേയും സംയുക്ത സഹായത്തോടെ വിദഗ്ദ

ഡോക്ടർമാർ നടത്തിയ സൗജന്യ ആരോഗ്യ ചികിത്സ ക്യാമ്പ് വളരെ പ്രയോജനകരമായിരുന്നു. ക്യാമ്പിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 100ൽ പരം ആളുകൾ പങ്കാളികളായി കൂടാതെ നേത്ര ചികിത്സാ ശസ്ത്രക്രിയക്കായ് പ്രത്യേക സൗകര്യമുണ്ടാക്കി കൊടുക്കാനും കഴിഞ്ഞു.

വികലാംഗ കോർപ്പറേഷന്റെ നിർദ്ദേശാനുസരണ പഞ്ചായത്ത് തലത്തിൽ സർവ്വേനടത്തുകയും അവരുടെ പ്രശ്നങ്ങളെക്കുറിച്ച് വിലയിരുത്തുകയും ചെയ്തു. പേനായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിനും പേവിഷബാധയിൽ നിന്ന് നമ്മുടെ ഗ്രാമത്തെ വിമുക്തമാക്കുന്നതിനുംവേണ്ടി പട്ടിപിടുത്തക്കാരെ നിയോഗിക്കുകയും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നിരവധി നായ്ക്കളെ ഇല്ലാതാക്കുകയും ചെയ്തു. നമ്മുടെ ഗ്രാമത്തിലെ കലാകായിക പ്രതിഭകളെകണ്ടെത്തുത്തതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി മൂന്ന് ദിവസങ്ങളിലായ കേരളോത്സവം ആഘോഷിക്കുകയുണ്ടാ. യുവതീ യവാക്കളുടെ സർഗ്ഗ ഷി നിറഞ്ഞുനിന്ന ദിവസങ്ങളായിരുന്നു കേരളോത്സവത്തില കണ്ടത്.

പഞ്ചായത്ത് ദിനാഘോഷത്തിന്റെ ജില്ലാ തല ഉൽഘാടനം കയ്പമംഗലം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. പി.എം. സുധീരൻ നിർവ്വഹിക്കുകയുണ്ടായി. ജില്ലയിലെ ഒട്ടനവധി പഞ്ചായത്ത് ഭരണ സമിതിയംഗങ്ങൾ പ്രൗഢമായ ഈ ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി. പഞ്ചായത്ത് തലത്തിൽ ഓണാഘോഷത്തിന്റെ ഭാഗമായ് ഓണം സ്പോർട്സ് 96 സംഘടിപ്പിച്ചത് ഒരു പ്രത്യേകതയായിരുന്നു.

നവംബർ 1 കർഷകദിനം പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകരെ ആദരിച്ചകൊണ്ട് സമുചിതമായ് ആഘോഷിച്ചു. ഒരു കർഷകൻ തന്റെ തോട്ടത്തിലുണ്ടാക്കിയ പച്ചക്കറിയുല്പന്നങ്ങൾ പ്രദർശിപ്പിക്കുകയും വിവിധയിനം വിത്തുകൾ വിതരണം ചെയ്യുകയും ചെയ്തു. ഇളം തലമുറക്കാരായ സ്കൂൾ കുട്ടികൾക്ക് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായ് വിദ്യാർത്ഥികൾക്ക് പച്ചക്കറിവിത്ത് നൽകുകയും അവരിൽ നിന്ന് നല്ല പച്ചക്കറിത്തോട്ടം ഉണ്ടാക്കിയ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തുകൊണ്ട് ക്യാഷ് അവാർഡുകൾ നൽകുകയും ചെയ്തു.

ആരോഗ്യ പരിപാലനരംഗം ഊർജ്ജിതപ്പെടുത്തുന്നതിനായ് സമൂഹത്തിന്റെ ആരോഗ്യ രക്ഷയുടെ മുഖ്യധാരയായ സ്ത്രീകൾക്ക് വേണ്ടി പഞ്ചായത്തിന്റേയും SEU വിന്റെ സംയുക്താഭിമുഖ്യത്തിൽ മഹിളാസമാജം പ്രവർത്തകർക്ക് നവംബർ മാസം 2-ാം തിയ്യതി ബ്ലോക്ക് തല പരിശീലനപരിപാടിപഞ്ചായത്ത് കമ്യൂണിറ്റിഹാളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സുഹറാബി അൻവർ ഉത്ഘാടനം ചെയ്തു. റിട്ട. DHEO, BDO, M.S., എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസെടുക്കുകയും ഫീൽഡ് പബ്ലിസിറ്റിയുടെ ആഭിമുഖ്യത്തിൽ സ്ത്രീധനത്തിനും മയക്കുമരുന്നിനുമെതിരെ സിനിമാ പ്രദർശനം നടത്തുകയുണ്ടായി.

ജനകീയ ആസൂത്രണ പരിപാടിയിൽ ജനകീയ സഹകരണത്തോടെ പദ്ധതികൾ നടപ്പാക്കുന്നതിന്റെദൃഷ്ടാന്തമാണ് കയ്പമംഗലം 12-ാം വാർഡിലെ റോഡ് നിർമ്മാണങ്ങൾ. അമൃതാനന്ദമയി റോഡ് JRY പദ്ധതി പ്രകാരം 20,000 രൂപ ലഭിച്ചുവെങ്കിലും പൊതുജന പങ്കാളിത്തത്തിന്റെ വിഭവ സമാഹരണത്തോടെ 35000 രൂപയുടെ നിർമ്മാണ പ്രവർത്തനം നടത്തി കിഴക്കേ ലിങ്ക് റോഡിന് ലഭിച്ച 5000 രൂപയുടെ മെയിന്റനൻസ് പണി 15500 രൂപയുടെ പണിയായ് നടത്തുകയും ഞാറയ്ക്കപ്പാടം റോഡിന് പഞ്ചായത്തിന്റെ വകയായ 5000 ന് പുറമെ മറ്റു സംഭാവനകളും ശ്രമദാനവുമടക്കം 17000 രൂപയുടെ പുതിയ പാലം നിർമ്മിക്കുകയും ചെയ്തു.

പഞ്ചായത്തിന്റെ സ്വന്തം വരുമാനമെന്ന് പറയാൻ കെട്ടിട നികുതിയും നാമമാത്രമായ തൊഴിൽ നികുതിയും മാത്രമേയുള്ളു. അതുകൊണ്ട് തന്നെ പലപ്പോഴും മൈനസ് ഫണ്ട് എന്ന നൂൽപാലത്തിലൂടെയാണ് പഞ്ചായത്ത് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. എങ്കിലും ലഭ്യമായ ഗ്രാന്റുകൾ ഉപയോഗപ്പെടുത്തികൊണ്ട് . തൃപ്തികരമായ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിനന്റെ സ്ഥിതി മനസ്സിലാക്കികൊണ്ട് വികസനകാര്യങ്ങളിൽ ജനങ്ങളുടെ ക്രിയാത്മകമായ പങ്കാളിത്തം എന്നും ഉണ്ടാകണമെന്ന് അവസാനമായി സൂചിപ്പിക്കട്ടെ.

പി.എ. മുഹമ്മദാലി,
പ്രസിഡണ്ട്
കയ്പമംഗലം ഗ്രാമപഞ്ചായത്ത്

# ഉപസംഹാരം

'ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി' നാം ആസൂത്രണ പ്രക്രിയയിലൂടെ പുതിയ വികസന സംസ്കാരത്തിന് തയ്യാറെടുക്കുമ്പോൾ കഴിഞ്ഞ പഞ്ച വത്സര പദ്ധതികളെക്കുറിച്ച് സ്മരിക്കുന്നത് ഉചിതമായിരിക്കും. വികസനത്തിന്റെ സമവാക്യത്തിൽ ഒരു പൊളിച്ചെഴുത്താണ് ഉദ്ദേശിച്ചുന്നതെങ്കിലും ചുറ്റുപാടുകളിലേക്ക് കണ്ണോടിച്ചുനോക്കുമ്പോഴും ഭൂതകാലത്തിലേക്ക് പടിയിറങ്ങിച്ചെല്ലുമ്പോഴും യാഥാർത്ഥ്യങ്ങളെ കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ലല്ലോ.

പഞ്ചവത്സര പദ്ധതികളിലൂടെ നമ്മുടെ രാജ്യം കൈവരിച്ച അവിസ്മരണീയമായ നേട്ടം കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലുമാണ്. 32 കോടി ജനതയുമായി സ്വാതന്ത്ര്യം നേടി പിറന്ന നമ്മുട രാജ്യത്തിന് മൂന്നിലൊന്ന് ജനതയെ തീറ്റിപോറ്റാൻ മറ്റുവിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ട ഗതികേടാണ് ഉണ്ടായിരുന്നത്. ഇന്ന് മൂന്നിരട്ടിയായി നമ്മുടെ ജനസംഖ്യ വർദ്ധിച്ചിട്ടുപോലും ഭക്ഷ്യ സ്വയം പര്യാപ്തത നേടിയെന്നുമാത്രമല്ല സോവിയറ്റ് റഷ്യയിലേക്കും മറ്റു മൂന്നാം ലോക രാഷ്ട്രങ്ങളിലേക്കും വൻതോതിൽ ഭക്ഷ്യധാന്യം കയറ്റുമതി ചയ്യൻ കഴിയുന്ന പരിതസ്ഥിതിയിലേക്ക് എത്തിചേർന്നിരിക്കുന്നു. വ്യാവസായിക രാജ്യങ്ങളുടെ പട്ടികയൽ നാം ഏഴാം സ്ഥാനത്താണ് നിൽക്കുന്നത്. ശാസ്ത്ര സാങ്കേതിക മേഖലയിൽ അസൂയാ വഹമായ മുന്നേറ്റം നടത്തുവാനും നമുക്ക് കഴിഞ്ഞു. അതുപോലെ ആണവരംഗത്തും ബഹിരാകാശ ഗവേഷണ രംഗത്തും മറ്റു സാമ്രാജ്യത്ത രാഷ്ട്രങ്ങൾ നിസ്സഹകരിച്ചിട്ടുപോലും വൻകിട രാഷ്ട്രങ്ങളുടെ തോളോടു ചേർന്ന് നിൽക്കാൻ നമുക്ക് കഴിഞ്ഞു എന്നുള്ളത് അഭിമാനാർഹമാണെന്ന് പറയേണ്ടതില്ലല്ലോ. സൈനിക ശക്തിയുടെ ജാജ്വല്യമാനമായ പ്രഭാവവും ആരേയും വിസ്മയിപ്പിക്കുന്നതാണ്. ഇവിടെ എടുത്തുപറയേണ്ട ഒരു സവിശേഷതകൂടിയുണ്ട്. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം നാം 4 യുദ്ധങ്ങളെ സുധീരം നേരിട്ട ഘട്ടങ്ങൾ ചരിത്ര ഗതിയിലേക്കുള്ള നമ്മുടെ ചികഞ്ഞുനോട്ടമാകണം.

ഇതെല്ലാം ചൂണ്ടികാണിച്ച് പഞ്ചവത്സര പദ്ധതികളിലൂടെ നമ്മുടെ രാജ്യം ബഹുദൂരം മുന്നോട്ടു പോയിട്ടുണ്ടെന്നുള്ള പരമാർത്ഥം മറച്ചുവെക്കാതിരിക്കാനും ആസൂത്രണം പ്രസ്ഥാനത്തിന്റെ വിജയത്തിന് ഉത്തേജനം പകർന്നുകൊണ്ട് പദ്ധതി നടത്തിപ്പുകളിൽ ജനങ്ങൾക്ക് ഇത് മാർഗ്ഗദീപമായി മാറിത്തീരാനുംവേണ്ടിയാണ്.

എന്നാൽ പദ്ധതി നടത്തിപ്പിലുണ്ടായ ചില വൈകല്യങ്ങൾ കാരണം നാം ഉദ്ദേശിച്ചത്ര ഫലം കണ്ടത്താൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ഇന്ന് നമ്മെ കണ്ണുതുറപ്പിച്ചിരിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ ഉദ്യോഗസ്ഥ നിസ്സഹകരണവും രാഷ്ട്രീയാതിപ്രസരവും മറ്റു സങ്കുചിത ചിന്താഗതികളും മാറ്റിവച്ചുകൊണ്ട് ജനങ്ങളുടെ സമ്പൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കേണ്ടത് ജനകീയാസൂത്രണത്തിന്റെ വിജയത്തെ അനിവാര്യമാക്കിയിരിക്കുന്നു.

നിലവിലുള്ള പ്രകൃതിവിഭവങ്ങളും മനുഷ്യ വിഭവശേഷിയും പദ്ധതി വിഹിതവും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു വികസന സമവാക്യമാണ് നാം ഉണ്ടാക്കിയെടുക്കേണ്ടത്.

ഗ്രാമസഭയിൽ നിന്ന് ലഭിച്ച വികസനത്തിന്റെ പോരായ്മകലുടേയും ഉപദേശ നിർദ്ദേശങ്ങളുടേയും റിപ്പോർട്ടും, അതിനെ ഭൂതവും വർത്തമാനവും ഭാവിയും ബന്ധിപ്പിച്ച് കോർ ഗ്രൂപ്പ് ചർച്ച ചെയ്തുണ്ടാക്കിയ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ 'സമഗ്ര വികസനരേഖ' ഭാവി വികസനത്തിന്റെ പരിഛേതമാണ്. പക്ഷെ പ്രായോഗിക തലത്തിലെത്തിയാലേ പ്രത്യാശക്ക് അർത്ഥ വിരാമമുള്ളൂ. അതിനാൽ സർക്കാരിന്റെ പദ്ധതി വിഹിതവും നമ്മുടെ ഗ്രാമത്തിന്റെ വിഭവശക്തിയും ജനശക്തിയും കൂട്ടിയിണക്കി പതിവു ചാലുകളിൽനിന്നും വ്യത്യസ്തമായി യ ഒരു സമീപന ശൈലി സ്വാർത്ഥകമാക്കാൻ കയ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ ഈ 'സമഗ്രവികസന രേഖ' വികസന സെമിനാറിന്റെ ക്രിയാത്മക ചർച്ചക്കും നിർദ്ദേശത്തിനും വേണ്ടി സമർപ്പിക്കുന്നു.

ഒമ്പതാം പദ്ധതി
ജനകീയപദ്ധതി



# പഞ്ചായത്ത് വികസന റിപ്പോർട്ട്

ജനകീയാസൂത്രണപ്രസ്ഥാനം

മതിലകം ഗ്രാമപഞ്ചായത്ത്

1996

ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി

# ജനകീയാസൂത്രണ പ്രസ്ഥാനം

## മതിലകം പഞ്ചായത്ത്

# വികസന റിപ്പോർട്ട് 1996

## വികസന സെമിനാർ

നവ : 30 ശനിയാഴ്ച
മതിലകം സെൻറ് ജോസഫ്സ് ഹൈസ്ക്കൂളിൽ

174

# താളുകളിൽ


1. സമർപ്പണം
2. ആമുഖം
3. മതിലകം ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ
4. മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ
5. ജില്ലാ-ബ്ളോക്ക് പഞ്ചായത്ത് അംഗങ്ങൾ, സ്ഥാപനങ്ങൾ
6. ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി, പൊതുവിവരണം
7 മതിലകത്തിൻെറ ചരിത്രം
8. വികസന മേഖലകൾ

    1. കൃഷിയും ജലസേചനവും
    2. മൃഗസംരക്ഷണവും, മത്സ്യബന്ധനവും
    3. വിദ്യാഭ്യാസം
    4. സംസ്കാരം
    5. കുടിവെള്ളം പൊതുജനാരോഗ്യം
    6. പാർപ്പിടവും സാമൂഹ്യക്ഷേമവും
    7. പട്ടികജാതിക്ഷേമം
    8. വ്യവസായം
    9. സഹകരണം
    10. വനിത
    11. ഗതാഗതം, ഊർജ്ജം, മാർക്കററ്
    12. വിഭവസമാഹരണം


175

**നവീന ചന്ദ്രൻ**
പ്രസിഡണ്ട്
മതിലകം ഗ്രാമ പഞ്ചായത്ത്

# സമർപ്പണം

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആരംഭം എന്നനിലയിൽ 9-ാം പദ്ധതി ജനകീയമായി താഴെ തട്ടിൽ നിന്നും ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. അതിന്റെ ഒന്നാം ഘട്ടമായി നമ്മുടെ പഞ്ചായത്തിലും ഗ്രാമസഭകൾ നല്ല രീതിയിൽ സംഘടിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ വികസന റിപ്പോർട്ട് തയ്യാറാക്കലും വികസന സെമിനാറിൽ വെച്ചുള്ള അതിന്റെ ചർച്ചയും ടാസ്ക് ഫോഴ്സുകളുടെ രൂപീകരണവുമാണ് നടക്കേണ്ടത്. രണ്ടാം ഘട്ടത്തിലെ ശ്രമകരമായ ജോലിയിൽ നിന്ന് രൂപംകൊണ്ട നമ്മുടെ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് നിങ്ങളുടെ കൈകളിൽ സമർപ്പിക്കുകയാണ്. ഇത് തയ്യാറാക്കുന്നതിൽ സഹകരിച്ച സകലരേയും ഈ അവസരത്തിൽ കൃതജ്ഞതയോടെ സ്മരിക്കുന്നതോടൊപ്പം തുടർന്ന് വരുന്ന വികസന സെമിനാറിൽ ക്രിയാത്മകമായ ചർച്ചകളിലൂടെ ഈ റിപ്പോർട്ട് സംപുഷ്ടമാക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. തുടർന്ന് വരാനിരിക്കുന്ന ഓരോ പ്രവർത്തനത്തിലും പഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും സഹകരണവും പങ്കാളിത്തവും ഉണ്ടാകണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിച്ച് കൊള്ളുന്നു.

മതിലകം
20-11-'96

അഭിവാദനങ്ങളോടെ,
നവീന ചന്ദ്രൻ [ഒപ്പ്]


# മതിലകം ഗ്രാമ പഞ്ചായത്ത് ഭരണസമിതി



**നവീന ചന്ദ്രൻ**
പഞ്ചായത്ത് പ്രസിഡണ്ട്



**ടി. കെ. കറപ്പൻ**
വൈസ് പ്രസിഡണ്ട്



**പി. കെ. ചന്ദ്രശേഖരൻ**
സ്റ്റാൻഡിങ്ങ് കമ്മററി ചെയർമാൻ



**ഇന്ദിരാ രാധാകൃഷ്ണൻ**
രണ്ടാം വാർഡ് മെമ്പർ



**എം. കെ. കുഞ്ഞൻ**
മൂന്നാം വാർഡ് മെമ്പർ



**ലത ബാഹുലേയൻ**
നാലാം വാർഡ് മെമ്പർ



**ജോസ് മാസ്ററർ**
അഞ്ചാം വാർഡ്മെമ്പർ



**ഫാത്തിമസുഹറഹൈദർ**
ആറാം വാർഡ് മെമ്പർ



**മുഹമ്മദ് പഴുവത്തുപറമ്പിൽ**
ഏഴാം വാർഡ് മെമ്പർ



**എം. യു. മാധവൻമാസ്ററർ**
പത്താം വാർഡ് മെമ്പർ



**വിജയലക്ഷ്മി ബാലകൃഷ്ണൻ**
പതിനൊന്നാം വാർഡ് മെമ്പർ

## മുൻ പ്രസിഡന്റുമാർ



എം. കെ. കൃഷ്ണൻ



ഒ. എ. സൈമൻ



എം. ബി. കുഞ്ഞബ്ദുള്ള



എം. എ. വിജയൻ

## ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ



സുഹറാബി അൻവർ



കെ. കെ. അബ്ദുൽകരീം



ഫാത്തിമ അബ്ദുൽകാദർ
ജില്ലാ പഞ്ചായത്ത് മെമ്പർ



കെ. കെ. ഭുവനചന്ദ്രൻ സെക്രട്ടറി

## പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന

## സ്ഥാപനങ്ങൾ

1 പഞ്ചായത്ത് ആഫീസ് മതിലകം
2 പോലീസ് സ്റേറഷൻ മതിലകം
3 വില്ലേജ് ആഫീസ് മതിലകം
4 ബ്ലോക്ക് ആഫീസ് മതിലകം
5 സബ് റജിസ്ട്രാർ ആഫീസ് മതിലകം
6 മൃഗാശുപത്രി മതിലകം
7 ആയുർവേദ ആശുപത്രി എമ്മാട്
8 പ്രൈമറി ഹെൽത്ത്സെൻറർ മതിലകം
9 പ്രൈമറി ഹെൽത്ത്സെൻറർ കൂളിമുട്ടം
10 മാതൃശിശു സംരക്ഷണ കേന്ദ്രം മതിലകം
11 മാതൃശിശു സംരക്ഷണ കേന്ദ്രം കൂളിമുട്ടം
12 കൃഷിഭവൻ മതിലകം
13 നാഷണൽ ഹൈവേ ആഫീസ് പള്ളിവളവ്
14 കേരള വാട്ടർ അതോറിററി ആഫീസ് മതിലകം
15 റവന്യു ഇൻസ്പെക്ടർ ആഫീസ് മതിലകം
16 ഇലക്ട്രിസിററി ആഫീസ് മതിലകം
17 പോസ്ററ് ആഫീസ് മതിലകം
18 പോസ്ററ് ആഫീസ് കൂളിമുട്ടം

# ആമുഖം

അഗ്നി മോഷ്ടിച്ച് ജനങ്ങൾക്ക് നല്കിയ പ്രോമിത്യൂസ്-ഗ്രീക്ക് പുരാണത്തിലെ ധീരനായ കഥാപാത്രം. ഇരുളിൽക്കഴിഞ്ഞ ജനത ആ അഗ്നി അവരുടെ കുടിലുകളിലേക്ക് കൊണ്ടുപോയി. അതവരുടെ ജീവിതത്തിന്റെ വെളിച്ചമായി അതവരുടെ ചേതനക്ക് ചൂട് പകർന്നു. ആ അഗ്നി അവരുടെ അടുപ്പുകളിൽ അവർക്ക് സ്വാദേറിയ അന്നമൊരുക്കി. കൊല്ലന്റെ ആലയിൽ അഗ്നി അവർക്കായി പണിയായുധങ്ങളൊരുക്കി പണിശാലകളിൽ വിയർപ്പിനൊപ്പം അദ്ധ്വാനം സമ്പത്താക്കി മാററാനും അഗ്നി അവരെ സഹായിച്ചു. അങ്ങനെയങ്ങനെ ജീവിതം ധന്യമായി... അശ്രദ്ധമായി കൈകാര്യം ചെയ്തവർക്ക് അത് വന്യമായ നാശം വിതച്ചു. എല്ലാം ചാമ്പലാക്കി. അലസരിൽനിന്ന് അത് ചൂഷകർ തട്ടിക്കൊണ്ടുപോയി. അലസർ അടിമകളായി,

ഇവിടെ അഗ്നി അധികാരമാണ്. ഒരു സർക്കാരിന്റെ ഇച്ഛാശക്തി അത് ജനങ്ങൾക്ക് പകരുകയാണ്. അതിന്റെ തുടക്കമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ഈ അഗ്നിയെ നമ്മുടെ ജീവിതത്തെ ധന്യമാക്കാൻ എങ്ങനെ ഉപയോഗിക്കാം എന്നതാണ് ഇവിടെ ഉയരുന്ന വെല്ലുവിളി.

ജനകീയാസൂത്രണ പ്രസ്ഥാനം ഒരു പുതിയ തുടക്കമാണ്. അതുകൊണ്ടുതന്നെ ഇതിനൊരാമുഖം ആവശ്യവുമാണ്. എന്നാൽ ഈ പ്രസ്ഥാനത്തിന്റെ തുടക്കത്തിൽ തന്നെ ജനങ്ങൾ കൂട്ടായ്മയാൽ വ്യക്തമായ ഒരാമുഖം ഉണ്ടാക്കി കഴിഞ്ഞു.

ഇത്രയും നാം നമുക്ക് ഒട്ടേറെ ആവശ്യങ്ങളുണ്ടായിരുന്നു. നാമത് പല കേന്ദ്രങ്ങളിലും പരാതികളായും നിവേദനങ്ങളായും സമർപ്പിക്കാറുണ്ടായിരുന്നു. മുകളിൽ നിന്ന് നമുക്ക് പലതും ലഭിക്കുകയും ചെയ്തിരുന്നു. നാം ചോദിച്ചതും ചോദിക്കാത്തതുമായ പല പദ്ധതികളും ഇവിടെ നടപ്പാക്കി. അവയിൽ നമ്മുടെ നാടിന് യോജിക്കുന്നതും യോജിക്കാത്തതുമുണ്ടായിരുന്നു. വികസനമെന്നാൽ ഇതൊക്കെയാണെന്നും ഇങ്ങനെയാണെന്നും നാം ധരിച്ച് വശായി. ഓരോ പരിപാടിക്കും അനുവദിച്ച തുകയും പ്രാബല്യത്തിൽ വന്നപ്പോഴുള്ള തുകയും തമ്മിലുള്ള അന്തരം വളരെ അധികമായിരുന്നു. അതേ; കഴിഞ്ഞ 8 പഞ്ചവത്സരപദ്ധതികളും എയർകണ്ടീഷൻ മുറികളിലിരുന്ന് ഉന്നത ഉദ്യോഗസ്ഥർ എഴുതി തയ്യാറാക്കിയതായിരുന്നു. പുത്തൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശതമാനവും ലോഗരിതവും സമർത്ഥമായി ഉപയോഗിച്ച് അവർ പദ്ധതികൾ തയ്യാറാക്കി. പക്ഷേ...നമ്മുടെ നാട് ഇന്ന് പ്രശ്നങ്ങളാൽ നീറിപ്പുകയുന്നു. അവിടെയാണ് നാം തിരിഞ്ഞ് ചിന്തിക്കേണ്ടിവന്നത്. മുകളിൽ നിന്ന് താഴോട്ട് എന്നതിന് ബദലായി താഴെ നിന്ന് മുകളിലേക്കായാലെന്താണ് കുഴപ്പം? ഗ്രാമങ്ങളുണർന്നാലേ ഇന്ത്യയുണരൂ എന്ന് ഗാന്ധിജി പറഞ്ഞത് വെറുതെയല്ല. ഇവിടെ നമ്മുടെ ഗ്രാമങ്ങളിൽ ഒട്ടേറെ വികസനപ്രശ്നങ്ങൾ ഉണ്ട്. മററാരേക്കാളും നമുക്കവ ബോധ്യവുമാണ്. നാമൊരു കൂട്ടായ ചർച്ച നടത്തിയാൽ അതിന് പരിഹാരവും നമുക്ക് നിർദ്ദേശിക്കാനാവും. 'നമുക്കെന്തുകിട്ടും'. എന്ന ചിന്തയിൽ നിന്ന് 'നമുക്കെന്തുചെയ്യാനാവും'. എന്ന ചിന്തയിലേക്ക് നാം മാറിതുടങ്ങിയിരിക്കുന്നു. 73-74 ഭരണഘടനാ ഭേദഗതിയും ത്രിതല പഞ്ചായത്തുകളും നമുക്ക് വേണ്ടിതന്നെയാണെന്ന് നമ്മുടെ നാട്ടുകാർ ഉറക്കെപ്പറഞ്ഞു തുടങ്ങിയിരിക്കുന്നു. ഈ ചിന്തയുടെ പ്രായോഗിക രൂപമാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം.

നാം ഒൻപതാം പദ്ധതി തയ്യാറാക്കുകയാണ്. ഗ്രാമ സഭകളിൽ പങ്കെടുത്ത മുഴുവൻ ആളുകളുടെയും നാട്ടുവർത്തമാനങ്ങളാണ്, സങ്കടം പറച്ചിലാണ്, പരാതിപറയലാണ്, നിർദ്ദേശങ്ങളാണ് ഈ പ്രസ്ഥാനത്തിന്റെ ആമുഖം രണ്ടു ഘട്ടങ്ങളിലായി നടന്ന പരിശീലന ക്യാമ്പിൽ നിന്നും നിരവധി തവണ നടന്ന യോഗങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ഉദ്യോഗസ്ഥ–ജനകീയ കൂട്ടായ്മ നമ്മെ നമ്മുടെ 12 വികസന മേഖലകളുടെ റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചിട്ടുണ്ട്. തികച്ചും സമയബന്ധിതമായ ഒരു പ്രവർത്തനമാണിതിന്റെ കൈമുതൽ അതു കൊണ്ടു തന്നെ പരാതികളും ഉണ്ടായിക്കാണും. പക്ഷെ ഇതൊരു പരീക്ഷണമാണ്. അതു കൊണ്ട് തന്നെ ഇത് വിജയിച്ചേ തീരൂ........ ചർച്ചകളും എഴുത്തും മീററിംഗുമായി ഈ പരിപാടിയും അവസാനിക്കുമോ എന്നും ചിലർക്ക് സംശയമുണ്ട്. ആ സംശയം അസ്ഥാനത്താണ്. കാരണം നമുക്ക് വേണ്ടി നാമാണ് എഴുതുന്നതും ചർച്ച ചെയ്യുന്നതുമെല്ലാം. അതിനാലിത് പ്രാവർത്തികമാകുന്നതു വരെ നാമിതിനോടൊപ്പം കാണും തീർച്ച......

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

## ഭൂപ്രകൃതി

നാട്ടിക മണപ്പുറത്തിന്റെ തെക്കേ ഭാഗമാണ് നമ്മുടെ പഞ്ചായത്ത് പ്രദേശം. ഇത് പഴയ മലബാറിന്റെ ഭാഗമാണ്. പടിഞ്ഞാറ് അറബിക്കടലും കിഴക്ക് കനോലികനാലും നമ്മുടെ പഞ്ചായത്തിനെ തഴുകുന്നു. തെക്ക് ശ്രീനാരായണപുരം പഞ്ചായത്തും വടക്ക് പെരിഞ്ഞനം പഞ്ചായത്തുമാണ് അതിരുകൾ. കടൽതീരം പൂഴിമണൽ നിറഞ്ഞതാണ്. പുഴയോരത്ത് എക്കൽമണ്ണും മണലും ചേർന്ന മണ്ണാണുള്ളത്. ചില സ്ഥലങ്ങളിൽ കീടപ്പാറ കാണപ്പെടുന്ന ഇടങ്ങളുള്ള പ്രദേശങ്ങൾ മണൽ നിറഞ്ഞതാണ്. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്ത് ചില ഉയർന്നതും താഴ്ന്നതുമായ സ്ഥലങ്ങൾ കാണാം. എന്നാൽ പൊതുവെ പഞ്ചായത്ത് തീരസമതലത്തിന്റെ ഭാഗമാണ്. പഞ്ചായത്തിലെ പ്രധാനകൃഷി ഇപ്പോൾ തെങ്ങാണ്. കുറച്ച് കാലം മുമ്പ് പുഞ്ചപ്പാടം എന്ന പാടശേഖരത്തിൽ നല്ല നിലയിൽ മുപ്പൂനെൽകൃഷി ചെയ്തിരുന്നു. കൂടാതെ വിവിധ പ്രദേശങ്ങളിൽ ഇരിപ്പ് കൃഷിയും ചെയ്തിരുന്നു. ഇപ്പോൾ ഈ പാടശേഖരങ്ങൾ നികത്തി തെങ്ങ് കൃഷി ചെയ്തു വരികയാണ്. ജലനിർഗമനത്തിനുവേണ്ട തോടുകൾ പലതും നികത്തിപ്പോയതുകൊണ്ടും, അശാസ്ത്രീയമായി റോഡുകൾ നിർമ്മിച്ചതുമൂലവും പാടശേഖരങ്ങൾ നികത്തിപ്പോയതുകൊണ്ടും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വെള്ളക്കെട്ട് മൂലം പരിസ്ഥിതി പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

ഏതാനും വർഷങ്ങളായി പടിഞ്ഞാറൻ തീരപ്രദേശം കടലാക്രമണത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കയാണ്. 9, 10 വാർഡുകളാണ് കടൽതീരത്തോട് ചേർന്നു വരുന്നത്. തീരപ്രദേശത്ത് ഏക്കർകണക്കിന് കൃഷിഭൂമി കടൽ കാർന്നെടുത്ത് കഴിഞ്ഞു. കടലാക്രമണം തടയാൻ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതുകൊണ്ടൊന്നും കടലാക്രമണം ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടില്ല. കടൽതീരത്ത് ഉപ്പുവെള്ളമാണ് ലഭിക്കുന്നത്.

പുഴയോര പ്രദേശങ്ങളായ പഞ്ചായത്തിന്റെ ഒന്ന് രണ്ട് വാർഡുകളിൽ വേനൽക്കാലത്ത് ഓരുവെള്ളത്തിന്റെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വർഷകാലത്ത് മുൻകാലങ്ങളിൽ മലവെള്ളം കയറി വെള്ളപ്പൊക്കമുണ്ടാകാറുണ്ട്. ഇപ്പോൾ കുറച്ചു വർഷങ്ങളായി മലവെള്ളം കയറാറില്ല.

ഒന്നാം വാർഡിന്റെ ഭാഗമായ പാമ്പിൻതുരുത്ത് മാത്രമാണ് പഞ്ചായത്തിൽ നിന്ന് വേർപെട്ടുകിടക്കുന്ന ഭൂപ്രദേശം. ചെറിയ ഒരു ദ്വീപിന്റെ സവിശേഷതകളുള്ള ഈ തുരുത്ത് കനോലികനാലിലാണ്.

കടലോരത്തിന് ഏകദേശം 4½ കി. മീ നീളമുണ്ട്. പുഴയോരത്തിന്റെ ദൈർഘ്യം 4½ കി. മീ. ആണ്. പാപ്പിനിവട്ടം, കൂളിമുട്ടം വില്ലേജുകൾ ചേർന്നതാണ് മതിലകം പഞ്ചായത്ത്. ഈ രണ്ട് വില്ലേജുകളെ വേർതിരിക്കുന്നത് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് കൂടെ വടക്കുനിന്നും തെക്കോട്ട് കടന്നുപോകുന്ന പെരുംതോടാണ്. വർഷങ്ങൾക്ക് മുൻപ് ഈ തോട് ജലഗതാഗതത്തിനും ജലസേചനത്തിനും ഉപയോഗിച്ചിരുന്നു.

കടലോരത്തും പുഴയോരത്തും തൊണ്ടഴുക്കുന്നതിനനുയോജ്യമായ തോടുകളും മററും ഉണ്ടായിരുന്നു. കടൽ തീരത്തെ ഇത്തരം സൗകര്യങ്ങൾ (അറപ്പകൾ) കടലാക്രമണത്തിൽ നാശോന്മുഖമായിട്ടുണ്ട്

## ജനപ്രകൃതി

മതിലകം പഞ്ചായത്തിൽ സമ്മിശ്രമായ സാമുദായികജീവിതമാണുള്ളതെന്ന് പറയാം. എല്ലാ സമുദായങ്ങളിലും പെട്ടവർ വിവിധ പ്രദേശങ്ങളിൽ സ്പർദ്ധകളില്ലാതെ ജീവിക്കുന്നു. 1991 ലെ സെൻസസ് കണക്കനുസരിച്ച് 4696 വീടുകൾ മതിലകം പഞ്ചായത്തിലുണ്ട്. 13600 സ്ത്രീകളും 11817 പുരുഷന്മാരുമടക്കം 25417 ആണ് പഞ്ചായത്തിലെ ജനസംഖ്യ. പുരുഷന്മാരെ അപേക്ഷിച്ച് 1783 സ്ത്രീകൾ പഞ്ചായത്തിൽ കൂടുതലുണ്ട്. ഒരു വീട്ടിലെ ശരാശരി അംഗസംഖ്യ 5 ആണ് 6 വയസ്സിൽ താഴെ പ്രായമുള്ള 3318 കുട്ടികൾ പഞ്ചായത്തിലുണ്ട്. അതിൽ 1745 പേർ ആൺകുട്ടികളും 1573 പേർ പെൺകുട്ടികളുമാണ്. 172 ആൺകുട്ടികൾ അധിക

മുണ്ടെന്നർത്ഥം. പട്ടികജാതിക്കാരുടെമൊത്തം ജനസംഖ്യ 2734 ആണ്. അതിൽ 1350 പുരുഷന്മാരും 1384 സ്ത്രീകളുമാണുള്ളത്. ഒരു പട്ടിക വർഗ്ഗകുടുംബം നമ്മുടെ പഞ്ചായത്തിൽ ഉള്ളതായി സെൻസസ് റിപ്പോർട്ടിൽകാണുന്നു. ആ കുടുംബത്തിൽ ഒരാണും ഒരു പെണ്ണും ഉണ്ട്. സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിന്റെ ജനസാന്ദ്രത ചതുരശ്രകിലോമീററിന് 1967 ആണ്. സാക്ഷരരായ 9577 പുരുഷന്മാരും 10536 സ്ത്രീകളും നമ്മുടെ പഞ്ചായത്തിലുണ്ട് ആകെ സാക്ഷരർ 20113 എന്നു് കണക്കുകൾ കാണിക്കുമ്പോൾ 5304 നിരക്ഷരർ പഞ്ചായത്തിലുള്ളതായി തോന്നും. ഇത് 20 ശതമാനത്തിലധികം വരുമായിരുന്നു എന്നാൽ സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി നിരക്ഷരരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

## ജലപ്രകൃതി

പൊതുവെ പറഞ്ഞാൽ നമ്മുടെ പഞ്ചായത്ത് പ്രദേശം ജല ലഭ്യതയുള്ളതാണ്. പുഴക്കും കടലിനുമിടയിൽ അധികം ഉയരത്തിലല്ലാതെ സമനിരപ്പായി കിടക്കുന്ന ഭൂപ്രകൃതിയും ജലചാലകതയുള്ള മണൽ മണ്ണുമാണ് ഇതിനുകാരണം.

വർഷപാതം

| വർഷം | 1987–88 | 88–89 | 89–90 | 90–91 | 91–92 | 93–94 |
|---|---|---|---|---|---|---|
| വർഷപാതം mm. | 1114 | 2522 | 2647 | 2927 | 3306 | 3874 |
| പ്രതിവർഷശരാശരി : 2731 മില്ലീമീററർ | | | | | | |

1987–88 മുതലുള്ള വർഷപാതത്തിന്റെ കണക്ക് പരിശോധിച്ചാൽ വർഷം തോറും ലഭിച്ച മഴയുടെ അളവ് കൂടിവരുന്നതായി കാണാം. പ്രതിവർഷശരാശരി 2731 മില്ലീമീററർ ആണ്. 1987–88ൽ മാത്രമാണ് ഏററവും കുറഞ്ഞ വർഷപാതം 1114 മി. മീ.

ജലസമ്പത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുള്ള കനോലികനാലും മദ്ധ്യഭാഗത്തുകൂടി ഒഴുകുന്ന 3.5KM നീളമുള്ള പെരുംതോടും മററും ചെറുതോടുകളും, 5 സെന്റിനും 10 സെൻറിനും ഇടക്ക് വലിപ്പമുള്ള 328 കുളങ്ങളും 6 വലിയ പൊതുകുളങ്ങളും കൂടാതെ ധാരാളം ചെറുകുളങ്ങളും, ജലസേചനത്തിനും കുടിവെള്ളത്തിനും, മത്സ്യകൃഷിക്കും തൊണ്ടഴുക്കൽപോലുള്ള വ്യാവസായികാവശ്യങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നവയായിട്ടുണ്ട്

വേനൽക്കാലത്ത് കടലോര പ്രദേശത്തും, കനോലികനാലിന്റെ തീരങ്ങളിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. എന്നാൽ പഞ്ചായത്തിൽ ഒരിടത്തും ജലസേചനത്തിനു് ബുദ്ധിമുട്ടുണ്ടാകാറില്ല

ആസൂത്രിതമായ വാട്ടർ മാനേജ്മെൻറിലൂടെ പഞ്ചായത്തിനു് തന്നെ സർക്കാർ സ്കീമുകൾ ഫലപ്രദമായി ഉപയോഗിച്ച് ഇവിടത്തെ ജലസമ്പത്ത് ഉപയോഗപ്രദമാക്കാൻ കഴിയും.

# പൊതു വിവരണം

1. പഞ്ചായത്തിന്റെ പേര് : മതിലകം
2. വില്ലേജ് : പാപ്പിനിവട്ടം
3. ബ്ലോക്ക് : മതിലകം
4. താലൂക്ക് : കൊടുങ്ങല്ലൂർ
5. ജില്ല : തൃശൂർ
6. അസംബ്ലി മണ്ഡലം : കൊടുങ്ങല്ലൂർ
7. പാർലിമെന്റ് മണ്ഡലം : മുകുന്ദപുരം
8. വിസ്തീർണ്ണം : 12 . 92 ച. കി.മീ
9. ജനസംഖ്യ : 25417 (91ലെ സെൻസസ്)
10. വാർഡുകൾ : 11
11. ബ്ലോക്ക് ഡിവിഷൻ : കൂളിമുട്ടം, മതിലകം
12. എം. എൽ. എ. : പ്രൊഫ. മീനാക്ഷി തമ്പാൻ
13. എം. പി. : പി. സി. ചാക്കോ

ആകെ ജനസംഖ്യ : 25417
ആകെ വീടുകൾ : 4696
ജനസാന്ദ്രത : 1967 / ച. കി. മീ.
വീടൊന്നിന് അംഗസംഖ്യ : 5 . 4

| | ആകെ | ആൺ | പെൺ | വ്യത്യാസം |
|---|---|---|---|---|
| ജനസംഖ്യ | 25417 | 11817 | 13600 | 1783 |
| 6 വയസ്സിൽ താഴെ കുട്ടികൾ | 3318 | 1745 | 1573 | 172 |
| പട്ടികജാതി | 2734 | 1350 | 1384 | 34 |
| പട്ടികവർഗ്ഗം | 2 | 1 | 1 | — |
| സാക്ഷരർ | 20113 | 9577 | 10536 | 939 |
| നിരക്ഷരർ | 5304 | | | |

**അവലംബം 1991ലെ സെൻസസ് റിപ്പോർട്ട്.**

# സാമൂഹ്യ സാംസ്കാരിക ചരിത്രം

ഭൂതകാലത്തെ അദ്ധ്യായങ്ങളെക്കുറിച്ച് അറിവില്ലാത്ത ഒരു ജനതക്ക് വർത്തമാനകാലത്തോ, ഭാവിയിലോ സജീവനയാജ്ജികകെ സാദ്ധ്യമല്ല. അതുകൊണ്ടുതന്നെ കൂട്ടായ്മയുടെ പുതിയ ചരിത്രം സൃഷ്ടിച്ചുകൊണ്ട് ജനകീയാസൂത്രണ പദ്ധതിയിലൂടെ പുനരർപ്പണത്തിന് തയ്യാറാവുന്ന ഒരു ജനത തങ്ങളുടെ സാമൂഹ്യ സാംസ്കാരിക ചരിത്രം അറിഞ്ഞിരിക്കേണ്ടത് അനിവാര്യവുമാണ്.

ചരിത്രത്തിൻെറ ഭാഗമായ മണപ്പുറം - മണപ്പുറത്തിൻെറ ഭാഗമായ മതിലകം ഇളംകോവടികളുടെ പാദസ്പർശം മുതൽ ടിപ്പുവിൻെറ പടയോട്ടം വരെ ഏററുവാങ്ങിയ ഈ മണ്ണിന് പറയാൻ ഏറെ കഥകളുണ്ട്.

കണവായികോട്ടം, തൃക്കണാമതിലകം പാപ്പിനിവട്ടം എന്നീ പേരുകളിൽ മതിലകം പ്രസിദ്ധമായിരുന്നു. "കണവായികോട്ടം" എന്നത് ഇവിടെയുണ്ടായിരുന്ന ജൈനമത ക്ഷേത്രത്തെ സൂചിപ്പിക്കുന്ന പേരാണ്. സംഘകാല കൃതികളിൽ "തൃക്കണാവായ് കോട്ടം" എന്നാണ് മതിലകം അറിയപ്പെട്ടിരുന്നത് ഇവിടം വാണിരുന്ന നാടുവാഴികൾ ഈ ദേശത്തിന് ചുററും 7 മതിലുകൾ കെട്ടാൻ മുതിർന്നുവെങ്കിലും ഇരിഞ്ഞാലക്കുട നമ്പൂതിരിമാരുടെ എതിർപ്പ് മൂലം അത് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല ഈ മതിൽ നിർമ്മാണ സംരംഭം മൂലം തൃക്കണാപുരത്തിന് തൃക്കണാമതിലകം" എന്ന പേര് ലഭിച്ചു മഹാലക്ഷ്മിയുടെ തിലകം എന്ന അർത്ഥത്തിൽ "മഹാതിലകം" എന്ന് അറിയപ്പെട്ടിരുന്നത് ലോപിച്ച് 'മതിലകം' എന്നായി എന്നും ഒരു വ്യാഖ്യാനമുണ്ട്, മുക്കണ്ണനായ ശിവൻെറ ക്ഷേത്രം ഉള്ളതിനാൽ തൃക്കണാമതിലകം എന്ന പേരുണ്ടായെന്നും പറയപ്പെടുന്നു.

കൊടുങ്ങല്ലൂർ ഭാഗങ്ങളിൽ നിന്നും മററും കുടിയൊഴിപ്പിക്കപ്പെട്ട ബുദ്ധ സന്യാസികളെ നിവസിപ്പിച്ചത് മതിലകത്താണ്. അവരെ 'പാപിനികൾ' എന്നാണ് ഹൈന്ദവർ വിളിച്ചിരുന്നത്. ഈ പാപിനികളെ നിവസിച്ച മഠം എന്ന അർത്ഥത്തിൽ ഈ പ്രദേശം പാപ്പിനിവട്ടം എന്നും പ്രസിദ്ധമാണ്.

ആദ്യകാല ഗോത്ര സംസ്കാരങ്ങൾ ഉടലെടുത്തിരുന്ന പ്രദേശങ്ങളിൽ നിലനിന്നിരുന്ന തറക്കൂട്ടങ്ങളുടെ ഭരണമാണ് ഇവിടേയും നിലനിന്നിരുന്നത് രാജഭരണകാലമായപ്പോഴേക്കും മതിലകം ചേര സാമ്രാജ്യത്തിൻെറ ഭാഗമായി ചേര രാജ ഭരണകാലത്താണ് മതിലകം സാംസ്കാരികമായി പുരോഗമിച്ചത്. സംഘകാലത്തെ പ്രസിദ്ധ കൃതിയായ "ചിലപ്പതികാരം" രചിച്ചത് ആ കാലത്ത് ഇവിടം വാണിരുന്ന ചേരൻ ചെങ്കുട്ടവൻെറ സഹോദരനായ ഇളം കോവടികളാണ്. ഈകൃതി മതിലകത്ത് വെച്ചാണ് രചിക്കപ്പെട്ടത്. "ചിന്താമണി" എന്ന തമിഴ് കൃതി മതിലകവുമായി ബന്ധപ്പെട്ടതാണ്. കൊച്ചി രാജാവിൻെറ കീഴിലും പിന്നീട് സാമൂതിരിയുടെ കീഴിലും മതിലകം അതിൻെറ പ്രതാപം കാത്ത് സൂക്ഷിച്ചു 18-ാം നൂററാണ്ടിൽ ടിപ്പുവും പിന്നീട് 1782ൽ ടിപ്പുവിനെ തോല്പിച്ച് ശ്രീരംഗപട്ടണം ഉടമ്പടിയിലൂടെ ബ്രിട്ടീഷുകാരും മതിലകം പ്രദേശം കൈക്കലാക്കി. 1947 വരെ ഈ സ്ഥിതി നിലനിന്നു.

**സാംസ്കാരിക ചരിത്രം**

സമ്പന്നമായ സാംസ്കാരിക ഭൂതകാലവും മതിലകത്തിനുണ്ട്. സംഘകാല കൃതികളിലും, കോകസന്ദേശത്തിലും, ശുകസന്ദേശത്തിലും മതിലകത്തിൻെറ സമൃദ്ധിയെപ്പററി പ്രതിപാദിക്കുന്നുണ്ട്. ജൈനമതകേന്ദ്രമെന്നനിലയിലും, വിദ്യാകേന്ദ്രമെന്ന നിലയിലും ഇവിടം പുകഴ്ത്തപ്പെട്ടിരുന്നു. മതിലകം കിഴക്കുംപുറത്ത് ചരിത്രപ്രസിദ്ധമായ ഒരു ജൈനമത ക്ഷേത്രം നിലനിന്നിരുന്നതായി 1967ൽ നടന്ന ഉത്ഘനനങ്ങളിൽ നിന്ന് കണ്ടെത്തുകയുണ്ടായി. തൃപ്പാക്കുളം ശിവക്ഷേത്രം, പുതിയകാവ് ജുമാമസ്ജിദ്, മതിലകം സെൻറ് ജോസഫ്സ് ചർച്ച്, പുതിയകാവ് ക്ഷേത്രം എന്നിവ പഞ്ചായത്തിലെ ചരിത്ര പ്രസിദ്ധങ്ങളായ ആരാധനാലയങ്ങളാണ്. ഇതു കൂടാതെ അനേകം കുടുംബക്ഷേത്രങ്ങളും, പൊതുക്ഷേത്രങ്ങളും, മസ്ജിദുകളും, ഒരു ചർച്ചും ഇവിടെയുണ്ട്.

തൃപ്പേക്കുളം ശിവക്ഷേത്രം എത്ര പഴക്കമുള്ളതാണെന്ന് പറയാൻ കഴിയില്ല കോകസന്ദേശത്തിൽ തൃപ്പാക്കുളത്തേയും, ശിവക്ഷേത്രത്തേയും കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. കേരളത്തിലെ തന്നെ രണ്ടാമത്തെ മുസ്ലീം പള്ളിയായി പുതിയകാവ് ജുമാമസ്ജിദ് കണക്കാക്കപ്പെടുന്നു AD 1080 ൽ ഈ പള്ളി പുനർനിർമ്മാണം നടത്തിയതായി ചരിത്ര രേഖകളിൽ കാണുന്നു 17-ാം നൂററാണ്ടിൽ സ്ഥാപിച്ച സെൻറ് ജോസഫ്സ് കാത്തലിക് ചർച്ചാണ് മതിലകത്തെ ആദ്യത്തെ ക്രൈസ്തവദേവാലയം ടിപ്പുവിൻെറ പടയോട്ടക്കാലത്ത് ഇതിന് സാരമായ കേടുപാടുകൾ സംഭവിക്കുകയുണ്ടായി.

## ദേശീയപ്രസ്ഥാനം

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത മതിലകം നിവാസികളിൽ പ്രധാനിയാണ് പോക്കാക്കില്ലത്ത് അബ്ദുൾഖാദർ മാസ്റ്റർ. അതിന്റെ പേരിൽ അദ്ദേഹത്തിനു് ജയിൽശിക്ഷ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. മതിലകത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുവാൻ അദ്ദേഹം തുടങ്ങിവെച്ച പ്രവർത്തനങ്ങൾ നിസ്തുലമാണ്.

## രാഷ്ട്രീയപ്രസ്ഥാനങ്ങൾ

ഔദ്യോഗികമായി ഇവിടെ കോൺഗ്രസ്സ് പാർട്ടി രൂപീകരിക്കപ്പെട്ടത് 1937-ലാണ്. മണ്ടത്തറ കുഞ്ഞയ്യപ്പനായിരുന്നു ആദ്യപ്രസിഡണ്ട്. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി മുഹമ്മദ് അബ്ദുർറഹിമാൻ സാഹിബും കേളപ്പനും മതിലകം സന്ദർശിക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചിരുന്ന കാലത്ത് പി. ടി. ഭാസ്കരപണിക്കർ പോലുള്ള പല പ്രമുഖ നേതാക്കളും ഇവിടെ ഒളിവിൽ താമസിച്ചിരിന്നു. കോൺഗ്രസ്സ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനു് മുതിരക്കൽ രാമൻകുട്ടിപ്പണിക്കർ മതിലകത്ത് പ്രവർത്തിച്ചിരുന്നു. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ച അദ്ദേഹം ജയിലിൽ കിടന്നാണ് മരിച്ചത്. പോലീസ് രാജിനെതിരെ, പൗരാവകാശങ്ങളും, ജനാധിപത്യവും പുനഃസ്ഥാപിക്കാൻ വേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമായി കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന സർദാർ ഗോപാലകൃഷ്ണൻ രക്തസാക്ഷിത്വം വരിച്ചത് മതിലകത്തു് വെച്ചാണ്.

## സാമൂഹ്യക്രമം

ഈ പ്രദേശത്തെ ഭൂസ്വത്തിന്റെ ഭൂരിഭാഗവും ഏതാനും ജന്മി കുടുംബങ്ങളുടെ കൈവശമായിരുന്നു. ''കൃഷിഭൂമി കർഷകനു'' എന്ന മുദ്രാവാക്യം ഉയർത്തി കേരളത്തിൽ അങ്ങോളം ഇങ്ങോളം കർഷക സംഘത്തിന്റെ നേതൃത്വത്തിൽ സമരം നടന്നപ്പോൾ മതിലകത്ത് ശക്തമായ സമരം നടക്കുകയുണ്ടായി. ഇതിന്റെ ഫലമായുണ്ടായ ഭൂപരിഷ്കരണ നിയമം ബഹുഭൂരിപക്ഷം വരുന്ന ഈ പ്രദേശത്തെ സാധാരണക്കാരെ ഭൂവുടമകളാക്കി ജന്മിത്വം ഇല്ലാതാക്കുകയും ചെയ്തു, സാമൂഹ്യജീവിതത്തെതന്നെ മാററിമറിക്കാൻ ഇത് കാരണമായി.

സിവിലും, ക്രിമിനലുമായ കേസുകൾക്ക് തീർപ്പ് കൽപിച്ചിരുന്ന പഞ്ചായത്ത് കോടതികൾ (അംശകച്ചേരി) നമ്മുടെ പഞ്ചായത്തിലുമുണ്ടായിരുന്നു. ജനാധിപത്യ സമ്പ്രദായമനുസരിച്ച് തിരഞ്ഞെടുപ്പ് വിവരം ചെണ്ടകൊട്ടിയറിയിച്ച് സ്ഥലത്ത് ഒത്തു കൂടുന്നവർ കൈപൊക്കി വോട്ടുചെയ്താണ് ഈ കോടതികളിലെ ജഡ്ജിയെ തിരഞ്ഞെടുത്തിരുന്നത്. കമ്മ്യൂണിസ്റ്റ്പാർട്ടി നിർദ്ദേശിച്ച എം. കെ. കൃഷ്ണനായിരുന്നു ഈ കോടതിയിലെ അവസാന ജഡ്ജി.

നാട്ടിക ഫർക്കയിലെ ഏററവും പഴക്കം ചെന്നതെന്ന് കരുതപ്പെടുന്ന പാപ്പിനിവട്ടം G L P സ്കൂൾ (ഇപ്പോൾ ശ്രീനാരായണപുരത്ത്) ആദ്യം മതിലകത്ത് മിഷൻ സ്കൂളായി ആരംഭിച്ച വിദ്യാലയമാണ്.

ശ്രീനാരായണപുരത്തുള്ള ശ്രീനാരായണവിലാസം ലൈബ്രറി & റീഡിങ്ങ് റൂമാണ് ഈ പ്രദേശത്തെ ആദ്യത്തെ വായനശാല. ഇത് 1919-ൽ പൂവ്വത്തുംകടവിൽ കൃഷ്ണൻ ആരംഭിച്ചതാണ്. ആദ്യകാലത്ത് 4 ഐക്യനാണയ സംഘങ്ങൾ ഇവിടെയുണ്ടായിരുന്നു പി. ഐ. കൃഷ്ണനാരംഭിച്ച വിവിധോദ്ദേശ ഐക്യ നാണയ സംഘമാണ് ആദ്യത്തെ സാമ്പത്തിക സ്ഥാപനം. അതാണ് ഇന്നത്തെ പൂവ്വത്തുംകടവ് സഹകരണ കാർഷിക ബാങ്ക്.

## മതിലകം ചന്ത

മതിലകത്തിന്റെ സർവ്വപ്രതാപങ്ങളും വിളിച്ചറിയിച്ചുകൊണ്ട് മതിലകത്ത് ഒരു വലിയ ചന്ത നിലനിന്നിരുന്നു. എല്ലാ ആഴ്ചകളിലും വിദൂര ദിക്കുകളിൽ നിന്നുപോലും കച്ചവടക്കാർ എത്തിയിരുന്ന ചന്തയുടെ ആരവം നാലു കിലോമീററർ അപ്പുറം വരെ കേൾക്കാമായിരുന്നു കെട്ടുവള്ളങ്ങളിലും തലച്ചുമടായും ചന്തയിലെത്തിയിരുന്ന പ്രാദേശിക ഉൽപന്നങ്ങൾ വിദൂര മാർക്കററിലേക്ക് പോലും വിററഴിക്കപ്പെട്ടിരുന്നു. കയർ, മൺപാത്രങ്ങൾ, കുടംപുളി, മുറം, കുട്ട, പായ, ചക്കര തുടങ്ങി എല്ലാ സാധനങ്ങളും ചന്തയിൽ ലഭ്യമായിരുന്നു എന്നാൽ ഒരു കാലഘട്ടത്തിനുശേഷം ചന്ത നാമമാത്രമായി നിലനിൽക്കുകയും പിന്നീട് പൂർണ്ണമായും നശിക്കുകയുംചെയ്തു. സാമൂഹ്യ ദ്രോഹികളുടെ വിളയാട്ടമാണ് ചന്ത നശിക്കുന്നതിനുള്ള പ്രധാന കാരണമായി പറയുന്നത്.

## ഗതാഗതം

ഇപ്പോഴത്തെ N H 17 ആദ്യകാലത്ത് ''വെട്ടുവഴി'' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കൊടുങ്ങല്ലൂർ മുതൽ ചേററുവ വരെ നീണ്ടു കിടന്നിരുന്ന ഈ പാതയിൽ കൂടി 1933ലാണ് ആദ്യമായി വാഹന ഗതാഗതം ആരംഭിക്കുന്നത്. പെരിഞ്ഞോട്ടുകര മുഹമ്മദ് എന്ന ആളുടെ കാറാണ് ഈ പഞ്ചായ-

ത്തിലെ ആദ്യത്തെ വാഹനമായി കണക്കാക്കപ്പെട്ടുന്നത് 1944ൽ കൊടുങ്ങല്ലൂർ മുതൽ വലപ്പാട് വരെ സർവ്വീസ് നടത്തിയിരുന്ന കിഴക്കൂട്ട് ശങ്കരക്കുട്ടി ''കറുപ്പിന്റെ വാൻ'' ആണ് ഈ പാതയിലെ ആദ്യത്തെ ബസ്സ് സർവ്വീസ്.

മതിലകത്തിന്റെ ചരിത്രം എഴുതപ്പെടുമ്പോൾ ഇതുവരെ സാക്ഷാൽകരിക്കപ്പെടാതെ കിടക്കുന്ന ഒരു പാലത്തിനായുള്ള കാത്തിരിപ്പിനെ കണ്ടില്ല എന്ന് നടിക്കാൻ ആവില്ല. 1850ൽ കനോലി സായിപ്പ് നിർമ്മിച്ച കനാൽ തൃക്കണാമതിലകത്തേയും ഇരിഞ്ഞാലക്കുടയേയും രണ്ട് കരകളാക്കി. അന്നു മുതൽ ഈ നാട്ടുകാർ ഒരു പാലത്തിന് വേണ്ടിയുള്ള ആവശ്യം ഉന്നയിച്ചിരുന്നു 1925-32കാലഘട്ടത്തിൽ കൊച്ചി ദിവാനായിരുന്ന T S നാരായണയ്യർ ഒരു മരപ്പാലം നിർമ്മിക്കാനുള്ള അനുമതി നൽകി എന്നാൽ ആവശ്യപ്പെടുമ്പോൾ പാലം പൊളിക്കണമെന്നുള്ള ബ്രിട്ടീഷ് നിബന്ധന കൊച്ചി രാജാവ് അംഗീകരിക്കാതിരുന്നതുകൊണ്ട് മരപ്പാലത്തിന്റെ പണി മുടങ്ങി 1960ൽ മുഖ്യമന്ത്രിയായിരുന്ന പട്ടം താണുപ്പിള്ളക്ക് പതിനായിരം പേർ ജീവരക്തം കൊണ്ട് ഒപ്പിട്ട ഒരു നിവേദനം നൽകുകയുണ്ടായി. മുൻ മുഖ്യമന്ത്രിയായ ശ്രീ. K. കരുണാകരനാണ് ഈ രക്ത നിവേദനത്തിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയത് എന്ന കാര്യം എടുത്ത് പറയേണ്ട ഒരു വസ്തുതയാണ്. കിഴക്കൻ മലയോരങ്ങളും അറബിക്കടൽ തീരവും തമ്മിൽ നേരിട്ട് ബന്ധപ്പെടുവാൻ സഹായിക്കുന്ന ഈ പാലം മതിലകം നിവാസികളുടെ ഒരു സ്വപ്നമായി ഇനിയും അവശേഷിക്കുന്നു.

മതിലകത്തിന്റെ വികസന മേഖലകളിൽ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയവരാണ് O A. ഫ്രാൻസിസും, കണ്ടകത്ത് മക്കാർ ഹാജിയും.

## കലാസാംസ്കാരിക ചരിത്രം

കലാ സാംസ്കാരിക. രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ചില വ്യക്തികളെ മതിലകം സംഭാവന ചെയ്തിട്ടുണ്ട്. കേരളത്തിന്റെ സാംസ്കാരിക ചരിത്രമെഴുതിയ മുൻ നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. P K ഗോപാലകൃഷ്ണൻ, ഒട്ടേറെ സാഹിത്യ ഗ്രന്ഥങ്ങൾ രചിച്ച ഈ. വി. ജി കേരളത്തിലങ്ങോളമിങ്ങോളം കഥാപ്രസംഗങ്ങൾ അവതരിപ്പിച്ച് പ്രസിദ്ധയായ ഹലീമാബീഗം എന്നിവർ അവരിൽ ചിലരാണ്.

1899ലെ വെള്ളപ്പൊക്കവും 1942ലെ കൊടുങ്കാറ്റും 52ലെ നടപ്പ് ദീനവും (കോളറ) മതിലകത്തെ പിടിച്ച് കുലുക്കിയ സംഭവങ്ങളാണ്. കൊടുങ്കാറ്റിന്റെ പ്രഹരമേററ് ജനങ്ങൾ എല്ലാം നഷ്ടപ്പെട്ട് ബുദ്ധിമുട്ടുമ്പോൾ എവിടെ നിന്നോ എത്തിയ ''അടക്കാശസ്വാമി'' നടത്തിയെന്ന് പറയപ്പെടുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഇന്നും പഴമക്കാർ ഓർക്കുന്നു. അതുപോലെ കോളറ ബാധിച്ച് നാടൊട്ടുക്കും ജനങ്ങൾ മരിച്ച് വീണുകൊണ്ടിരുന്നപ്പോൾ M S ബീഡിക്കമ്പനിയിലെ ആരോളം തൊഴിലാളികൾ നടത്തിയ ആശ്വാസപ്രവർത്തനങ്ങൾ മതിലകത്ത് കാർക്ക് മറക്കാൻ കഴിയാത്തതാണ്.

# ഭരണ ചരിത്രം

നാപ്പിനിവട്ടം എന്നായിരുന്നു മതിലകം പഞ്ചായത്തിന്റെ ആദ്യപേര്. 1964 ജനുവരി 1നാണ് ആദ്യത്തെ ഭരണസമിതി നിലവിൽ വന്നത് ശ്രീ എം. കെ കൃഷ്ണനായിരുന്നു അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ഒമ്പതംഗ ഭരണസമിതി 16 വർഷക്കാലം ഭരണം നടത്തി. മതിലകം മിനി ഇൻഡസ്ട്രിയൽ അക്കാലത്ത് സ്ഥാപിക്കപ്പെട്ട ഒരു സ്ഥാപനമാണ്. കൂടാതെ ഒട്ടേറെ റോഡുകളും അക്കാലത്ത് നിർമ്മിക്കപ്പെട്ടു.

1973ലാണ് കേരളത്തിലെങ്ങും ചർച്ച് ചെയ്യപ്പെട്ട ''ആറടി സമരം'' നമ്മുടെ പഞ്ചായത്തിൽ നടന്നത്. ഒരു കോളനിയിൽ മരിച്ച ഒരു സ്ത്രീയുടെ മൃതദേഹം വഹിച്ചുകൊണ്ട് രണ്ടായിരത്തോളം വരുന്ന ജനക്കൂട്ടം പ്രതിഷേധ പ്രകടനമായി പഞ്ചായത്തിലേക്ക് മാർച്ച് ചെയ്തു ഒടുവിൽ മൃതദേഹം പഞ്ചായത്ത് കോമ്പൗണ്ടിൽ മറവ് ചെയ്തു.

1979ൽ ഇടതുപക്ഷ നേതൃത്വത്തിലുള്ള വികസന മുന്നണി അധികാരത്തിൽ വന്നു. ശ്രീ O A സൈമൺ ആയിരുന്നു ആദ്യപ്രസിഡണ്ട്. തുടർന്ന് ശ്രീ M B കുഞ്ഞബ്ദുള്ളയും ശ്രീ M A വിജയനും വിവിധ കാലയളവിൽ പ്രസിഡണ്ട് പദം അലങ്കരിച്ചു. ഇക്കാലത്താണ് പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കപ്പെട്ടത്. കൂടാതെ നിരവധി റോഡുകൾ നിർമ്മിക്കപ്പെടുകയും പോളകളും ശുചീകരിക്കുകയും കുടിവെള്ള ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണുകയും ചെയ്തു

അടുത്ത പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ശ്രീ M A വിജയൻ പ്രസിഡണ്ടായുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് അധികാരത്തിലെത്തിയത്. പഞ്ചായത്തിൽ ഓപ്പൺ എയർ ഓഡിറ്റോറിയവും. മിനിസ്റ്റേജും നിർമ്മിച്ചതിന് പുറമെ പല റോഡുകളുടെയും ടാറിങ്ങ് നടത്തിയത് ഈ ഭരണ സമിതിയുടെ കാലത്താണ്.

ഇപ്പോഴത്തെ ഭരണസമിതി അധികാരത്തിൽ വന്നത് 1995 ഒക്ടോബറിലാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയുടെ പ്രസിഡണ്ട് ശ്രീമതി നവീനചന്ദ്രനാണ്

## വിവിധ കാലയളവിൽ മതിലകം പഞ്ചായത്ത് ഭരിച്ച ഭരണസമിതികൾ

### ഒന്നാമത്തെ ഭരണസമിതി (1964-79)

1 M K കൃഷ്ണൻ (പ്രസിഡണ്ട്)
2 V M സെയ്തു (വൈസ് പ്രസിഡണ്ട്)
3 V A മാമക്കുഞ്ഞി
4 രാമൻ വടക്കേടൻ
5 O T തോമസ്
6 അടിമക്കുഞ്ഞ് മാസ്റ്റർ
7 K V ശങ്കരൻ
8 കുഞ്ഞയ്യപ്പൻ
9 സാറാമ്മ ടീച്ചർ

### രണ്ടാമത്തെ ഭരണസമിതി [1979 മുതൽ]


1 O A സൈമൺ (ഒന്നാമത്തെ പ്രസിഡണ്ട്)
2 M A വിജയൻ (രണ്ടാമത്തെ പ്രസിഡണ്ട്)
3 M B കുഞ്ഞബ്ദുള്ള (മൂന്നാമത്തെ പ്രസിഡണ്ട്)
4 C K ശങ്കരൻ
5 P M യൂസഫ് ഗുരുക്കൾ
6 P S ബാലൻ
7 T A ബാലൻ
8 M A യൂസഫ് മാസ്റ്റർ (വൈസ് പ്രസിഡണ്ട്)
9 കുനിയാറ പീതാംബരൻ
10 വിലാസിനി ശങ്കരൻ

### മൂന്നാമത്തെ ഭരണസമിതി [1989 മുതൽ]

1 M A വിജയൻ (പ്രസിഡണ്ട്)
2 M U മാധവൻ മാസ്റ്റർ (വൈസ് പ്രസിഡണ്ട്)
3 C S രവീന്ദ്രൻ
4 P S മുഹമ്മദ് കുഞ്ഞി
5 K K മല്ലിക
6 P S കുമാരൻ
7 C K ശങ്കരൻ
8 ഹംസ വെപ്പിപ്പാടത്ത്
9 ഇന്ദിര രാധാകൃഷ്ണൻ
10 V A കുഞ്ഞിമുഹമ്മദ്

MATHILAKAM PANCHAYAT

LANDUSE MAP



# കൃഷിയും – ജലസേചനവും

കേരളീയ സമ്പദ് വ്യവസ്ഥയിൽ പ്രാധാന്യം അർഹിക്കുന്ന വിളയായ നാളികേര കൃഷിക്ക് പ്രാധാന്യമുള്ള പ്രദേശങ്ങളാണ് മതിലകം ഗ്രാമപഞ്ചായത്തിലെ കൂളിമുട്ടം, പാപ്പിനിവട്ടം വില്ലേജുകൾ. മൊത്തം കൃഷിഭൂമിയുടെ പകുതിയോളം ഉണ്ടായിരുന്ന നെൽ വയലുകൾ ഇന്ന് ഏതാനും ഏക്കറുകളായി ചുരുങ്ങിപോയിരിക്കുന്നു. പഞ്ചായത്തിന്റെ വിസ്തൃതി 12.92 ചതുരശ്ര കി.മീററർ ആണ്. കടൽത്തീര മണൽ പ്രദേശ മേഖലയിലാണ് പഞ്ചായത്ത് ഉൾപ്പെടുന്നത്.

സാധാരണ ഗതിയിൽ കാലവർഷം മെയ് അവസാനത്തോടെയും തുലാവർഷം ഒക്ടോബർ മദ്ധ്യത്തോടെയും തുടങ്ങുന്നു. തുലാവർഷത്തിനുശേഷം മഞ്ഞുകാലം അനുഭവപ്പെടുന്നു. ഇടവപ്പാതിക്കാണ് കൂടുതൽ മഴലഭിക്കാറ്. ഫെബ്രുവരി–മാർച്ച് മാസങ്ങളിൽ അപൂർവ്വമായി മഴ ലഭിക്കാറുണ്ട്.

## വാർഷിക വർഷപാതം ജില്ലാതല വിവരം

| വർഷം | 1987-88 | 88-89 | 89-90 | 90-91 | 91-92 | 92-93 |
|---|---|---|---|---|---|---|
| ലഭ്യമായ മഴ (മില്ലിമീററർ) | 1114 | 2522 | 2647 | 2927 | 3306 | 3874 |

വളക്കൂറ് കുറഞ്ഞ തരിമണൽ നിറഞ്ഞതാണ് പടിഞ്ഞാറേ അററത്തുള്ള കടൽ തീരം. കിഴക്കോട്ട് വരുന്തോറും താഴ്ന്നതും സമനിരപ്പായതുമായ പ്രദേശങ്ങളിൽ പൂഴിമണൽ ആണ് കാണപ്പെടുന്നത്. പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗങ്ങളിൽ ചെമ്മൺ പാറയും കാണപ്പെടുന്നു. പുഴയോരമായ കിഴക്കൻ പ്രദേശങ്ങളിൽ മണൽ കലർന്ന ചെളിമണ്ണാണ്. പൊതുവെ പറഞ്ഞാൽ പഞ്ചായത്തിലെ മണ്ണ് ജൈവാംശം കുറഞ്ഞതും നീർവാർച്ച കൂടിയതും, ഫലപുഷ്ടി കുറഞ്ഞതും അമ്ലസ്വഭാവത്തോടു കൂടിയതുമാണ്. മണ്ണു പരിശോധനാ റിപ്പോർട്ടുകൾ നൽകുന്ന സൂചന അനുസരിച്ച് നൈട്രജൻ, പൊട്ടാസ്യം എന്നിവ കുറവും ഫോസ്ഫറസ് കൂടുതലുമാണ്.

1960 കൾ വരെ നെൽകൃഷി സാമാന്യം നല്ല നിലയിലായിരുന്നു. പഞ്ചായത്തിലെ പ്രധാന പാടശേഖരമായ പുഞ്ചപ്പാടത്ത് പെരുംതോട്ടിൽ നിന്നും, തോടിനോട് ചേർന്നുള്ള കുളങ്ങളിൽ നിന്നുമായി ജലസേചനം നടത്തി മൂന്നു പൂവ്വു വരെ കൃഷി നടത്തിയിരുന്നു ചാത്തേടം, സ്രാമ്പിപ്പാടം, പൊക്ലായ് പാടം എന്നീ പാടശേഖരങ്ങളിലും നല്ല രീതിയിൽ കൃഷി ചെയ്തിരുന്നു. കിഴക്ക് ഭാഗത്ത് മതിലകം ഫെറിക്ക് തെക്കുഭാഗം മുതൽ ശ്രീനാരയണപുരം പഞ്ചായത്തിന്റെ അതിർത്തിവരെ വ്യാപിച്ചുകിടന്നിരുന്ന ഫലഭൂയിഷ്ഠമായിരുന്ന പാടശേഖരത്തിലും മററു പാടശേഖരങ്ങളെപ്പോലെതന്നെ ഇന്ന് നെൽ കൃഷിയില്ല. ഇവിടെ ജലസേചനത്തിനായി സ്ഥാപിച്ചിരുന്ന സംവിധാനങ്ങളും പ്രവർത്തന രഹിതമായികിടക്കുന്നു. കർഷക ഭവനങ്ങളോട് ചേർന്നുണ്ടായിരുന്ന ഐശ്വര്യ പ്രതീകങ്ങളായ പത്തായങ്ങളും വൈക്കോൽ തുറുകളും മാടുകൾ നിറഞ്ഞ തൊഴുത്തുകളും നെൽവയലുകളോടൊപ്പം അപ്രത്യക്ഷമായിരിക്കുന്നു. സർക്കാരിലേക്ക് ലെവിയായി നെല്ല് നൽകിയിരുന്ന കർഷകർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു.

രാസവളങ്ങൾ കൃഷിയിലേക്ക് രംഗപ്രവേശം ചെയ്യുന്നതിനുമുമ്പുതന്നെ സ്വന്തം കൃഷിയിടങ്ങളിൽ നിന്നും കാലികളിൽ നിന്നും ലഭ്യമായിരുന്ന ജൈവവളങ്ങൾ ഉപയോഗിച്ച് നാടൻ ഇനങ്ങൾ കൃഷി ചെയ്ത് മെച്ചപ്പെട്ട ഉൽപാദനമുണ്ടാക്കാൻ കർഷകർക്ക് കഴിഞ്ഞിരുന്നു. കർഷകരുടെ കൃഷിയോടുള്ള വൈകാരികബന്ധവും അഭിവാഞ്ഛയും കർഷകതൊഴിലാളികളുടെ ആത്മാർത്ഥതയും ഒരു പരിധിവരെ ഇതിന് സഹായകരമായ ഘടകങ്ങളുമായി

വർഷിച്ചിട്ടുണ്ട്. കൊയ്ത്തുകഴിഞ്ഞ് പാടങ്ങളിൽ വ്യാപകമായി എള്ള്, കൊണ്ടൽ എന്നിവ കൃഷിചെയ്യാറുണ്ടായിരുന്നു. അവശേഷിച്ചിരിക്കുന്ന പാടങ്ങളിൽ പോലും കർഷകർ ഇന്ന് മററു കൃഷികൾ ഒന്നും നടത്താറില്ലെന്നുതന്നെ പറയാം.

ഭൂപരിഷ്കരണം നടപ്പിലായതോടെ മററു പല മേഖലകളിൽ ഉണ്ടായ പ്രതിഫലനങ്ങൾ കാർഷികരംഗത്ത് ദൃശ്യമായില്ല എന്നുള്ളത് വിമർശന വിധേയമായി പരിശോധിക്കപ്പെടേണ്ട വിഷയമായി അവശേഷിക്കുന്നു. കാർഷികരംഗത്ത് വന്ന മുരടിപ്പ് ഈ മേഖലകളിൽ പണിയെടുത്തിരുന്ന നിരവധിപേരെ മററു മേഖലകളിലേക്ക് ആകർഷിച്ചിരിക്കുന്നു. കർഷകതൊഴിലാളികൾക്ക് എല്ലാ സ്ഥലങ്ങളിലും ദൗർലഭ്യം നേരിടുന്നുണ്ട്. വില്ലേജിലെ ബേസിക് ടാക്സ് രജിസ്റ്റർ പ്രകാരം 1268 ഏക്കർ നെൽവയലുകളാണ് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. എന്നാൽ ഇന്നതു ചുരുങ്ങി കേവലം 57.97 ഏക്കർ ആയിമാറിയിരിക്കുന്നു. ഇതിൽതന്നെ 25.16 ഏക്കറോളം ഭൂമി തരിശിടുന്നതായി കൃഷിഭവൻ രേഖകൾ വ്യക്തമാക്കുന്നു.

നെൽപാടങ്ങൾ തെങ്ങുകൃഷിക്കായും ഗൃഹനിർമ്മാണാവശ്യത്തിനായും നികത്തുന്നതും അശാസ്ത്രീയമായ റോഡ് നിർമ്മാണവും പഞ്ചായത്തിന്റെ എല്ലാഭാഗത്തും രൂക്ഷമായ വെള്ളക്കെട്ടിന് കാരണമായിട്ടുണ്ട്. ഇതു് വിളകളുടെ ഉൽപാദനക്കുറവിനും കീട–രോഗബാധയ്ക്കും കാരണമാകുന്നു. ഉയർന്ന ഉൽപാദനചെലവും കർഷകതൊഴിലാളികളുടെ ദൗർലഭ്യവും വിളനാശവും കർഷകർ നെൽകൃഷിയിൽ നിന്നും താരതമ്യേന ലാഭകരമായ തെങ്ങുകൃഷിയോട് ആഭിമുഖ്യം പുലർത്താൻ കാരണമായി. തെങ്ങു കൃഷിയിൽ കാര്യമായ പരിവർത്തനമുണ്ടായി. മുൻകാലങ്ങളിൽ ജലസേചനത്തിനു് മാട്ട നനയും, പാട്ടനനയും ആയിരുന്നു. ചിലസ്ഥലങ്ങളിൽ കൊട്ടത്തേക്കും തുലായിത്തേക്കും നിലനിന്നിരുന്നു. ഇതു് പിന്നീട് പമ്പ്സെററുകൾക്കും ഇലക്ട്രിക് മോട്ടോറുകൾക്കും വഴിമാറി.

മുൻകാലങ്ങളിൽ ഒരു ഏക്കറിൽ 60 തെങ്ങുകളാണ് കൃഷിചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ കൂടുതൽ തെങ്ങുകൾ കൃഷിചെയ്തുവരുന്നു. പ്രാദേശികമായി ലഭിക്കുന്ന ജൈവവളങ്ങൾ മാത്രം ഉപയോഗിച്ചിരുന്ന സ്ഥാനത്ത് പുറമേനിന്നും കൂടിയവിലക്ക് ജൈവവളങ്ങൾ വരുത്തി തെങ്ങിനു് വളപ്രയോഗം ചെയ്യുന്നുണ്ട്. നിരവധി കർഷകർ രാസവളത്തോടും ആഭിമുഖ്യം പുലർത്തുന്നവരായുണ്ട്. നാളികേരവില മുൻകാലങ്ങളിലേതിനേക്കാൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും മൂല്യാധിഷ്ഠിതമായി ചിന്തിക്കുമ്പോൾ ഈ വിലവർദ്ധനവ് തികച്ചും അപര്യാപ്തമാണ്. ഉല്പാദനചിലവുമായി തട്ടിച്ചുനോക്കുമ്പോൾ നാളികേരവില തൃപ്തികരമല്ല.

ഇപ്പോൾ പഞ്ചായത്തിൽ തെങ്ങുകൃഷിക്കാണ് പ്രാമുഖ്യം. കൃഷിഭവനിൽ നിന്നു് ലഭ്യമായ കണക്കുകളനുസരിച്ച് 1095 20 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി ചെയ്യുന്നുണ്ട്. 2.4 ലക്ഷം തെങ്ങുകൾ ഉള്ളതായാണ് കണക്ക്. 10 ശതമാനത്തോളം തെങ്ങുകൾ കാററുവീഴ്ച, ഓലചീയൽ, മഞ്ഞളിപ്പ്, കൂമ്പ് ചീയൽ മുതലായരോഗങ്ങളാൽ നശിച്ചുകൊണ്ടിരിക്കുകയാണ്. കവുങ്ങാണ് പ്രധാന ഇടവിള. കൃഷിഭൂമി സംബന്ധിച്ച വിവരങ്ങൾ 1-ാം പട്ടികയിലും വിള വിസ്തീർണ്ണം മൊത്തം ഉൽപാദനം, ഉല്പാദനക്ഷമതഎന്നീകാര്യങ്ങൾരണ്ടാം പട്ടികയിലും സൂചിപ്പിക്കുന്നു.

പട്ടിക 1

ഭൂമി സംബന്ധിച്ച വിവരങ്ങൾ - (Ref കൃഷിഭവൻ ആസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നിലം | 13 |
| പുരയിടം | 1254.27 |
| പുറമ്പോക്ക് | — |
| കൃഷി യോഗ്യ തരിശ് | 10.19 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | — |
| | |
| ആകെ | 1277.46 |

പട്ടിക 2

## വിള വിസ്തീർണ്ണവും ഉൽപാദനവും (കൃഷിഭവൻ അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണ്ണം (ഹെ.) | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത (ഹെക്ടർ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 13 | 10400kg | 800kg |
| തെങ്ങ് | 1095.2 | 6458760 Nos. | 5900 Nos. |
| കവുങ്ങ് (ഇടവിള) | 40 | | |
| കുരുമുളക് ,, | 1 | | |
| ജാതി ,, | 3 | | |
| കശുമാവ് ,, | 2 | 1.65 Ton | 825kg |
| വാഴ ,, | 8 | 57 Ton | 7125 kg |
| പച്ചക്കറി ,, | 2 | 4.5 Ton | 2.25 Ton |
| മരച്ചീനി ,, | 7 | 7 Ton | 7 Ton |
| പയർ ,, | 2 | 1.4 Ton | 700 kg |

പട്ടിക 3

## തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി ചെയ്യുന്ന വിസ്തീർണ്ണം | തെങ്ങുകളുടെ എണ്ണം: കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | കാററ്വീഴ്ച ബാധിച്ച തെങ്ങുകൾ |
|---|---|---|---|---|---|
| I | 274 | 5402 | 16314 | 21716 | 1187 |
| II | 307.86 | 9168 | 21033 | 30201 | 1824 |
| III | 182.23 | 3740 | 8444 | 12184 | 890 |
| IV | 274.42 | 10354 | 28479 | 38833 | 5337 |
| V | 198.63 | 3117 | 9653 | 12770 | 171 |
| VI | 192.27 | 2902 | 12522 | 15426 | 2630 |
| VII | 189 82 | 1091 | 11922 | 13013 | 1716 |
| VIII | 331.19 | 6891 | 25890 | 32781 | 550 |
| IX | 270.64 | 6324 | 16060 | 22384 | 190 |
| X | 289.29 | 5616 | 18319 | 23935 | 353 |
| XI | 221.79 | 4810 | 15900 | 20710 | 1878 |
| ആകെ | 2705.14 ഏക്കർ | 59415 | 184536 | 243953 | 16726 |

കർഷക തൊഴിലാളികളുടെ ലഭ്യതകുറവും വർദ്ധിച്ചുവരുന്ന കൂലി നിരക്കും നിമിത്തം പലരും കാലാകാലങ്ങളിൽ ചെയ്യേണ്ട കാർഷിക പണികൾ ചെയ്യുന്നില്ല. മരുന്നുതളിപോലുള്ള പ്രവർത്തനങ്ങൾക്ക് പരിശീലനം ലഭിച്ച ആവശ്യമായ വിദഗ്ധ തൊഴിലാളികളുടെ അഭാവവും കാര്യമായുണ്ട്.

പട്ടിക 4

| ജോലിയുടെ സ്വഭാവം | കൂലി നിരക്ക് | |
|---|---|---|
| | സ്ത്രീ | പുരുഷൻ |
| തെങ്ങു കയററം (100 തെങ്ങ്) | — | 100 രൂപ<br>20 തേങ്ങ |
| കൈക്കോട്ടുകിള | — | 90 രൂപ |
| കളം വെട്ട് | 90 രൂ | 125 രൂപ |
| മററു കൃഷിപണികൾ | 60 രൂ | 90 രൂപ |

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നവരുടെ എണ്ണം വളരെ പരിമിതമാണ്. ചാണകം, മീൻവളം, പിണ്ണാക്ക്, പച്ചിലവളം, ചാരം, കോഴിക്കാഷ്ഠം, രാസവളം എന്നിവ വളമായി ഉപയോഗിച്ചുവരുന്നു. മണ്ണിൽ ഈർപ്പം നിലനിർത്താൻ ചളിയും ഇട്ടുവരുന്നു. തെങ്ങിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന കാററു വീഴ്ച രോഗബാധ കർഷകരെ നിരാശരാക്കിയിരിക്കുന്നു.

കൃഷിഭവന്റെ പ്രവർത്തനങ്ങൾ കൊണ്ട് നമ്മുടെ പഞ്ചായത്തിലെ ഉല്പാദന മേഖലകളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് പൊതുവെ ഗ്രാമസഭകളിൽ നിന്നുള്ള അഭിപ്രായ പ്രകടനങ്ങൾ സൂചിപ്പിക്കുന്നത്. ചെറിയ അളവിൽ ഭൂമിയുള്ള കർഷകരെ കൂടി മുന്നിൽ കണ്ടുകൊണ്ട് പദ്ധതികൾക്ക് രൂപം നൽകുന്നത് നമ്മുടെ പഞ്ചായത്തിലെ കാർഷിക പുരോഗതിക്ക് അനിവാര്യമാണ്.

## കൈവശ ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 5

അടിസ്ഥാനം: (A രജിസ്റ്റർ, BT രജിസ്റ്റർ)

| 1-10 സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50-100 സെൻറ് | 1-2 ഏക്കർ | 2 5 ഏക്കർ | 5 ഏക്കറിനു മേൽ |
|---|---|---|---|---|---|---|
| 778 | 943 | 785 | 595 | 408 | 93 | 5 |

## പ്രശ്നങ്ങൾ

1 കാർഷിക രംഗത്തെ പുരോഗതിക്ക് പ്രധാന തടസ്സമായി നില്ക്കുന്ന രൂക്ഷമായ വെള്ളക്കെട്ട്

2 തെങ്ങുകൃഷിയെ ബാധിച്ചിരിക്കുന്ന കാററുവീഴ്ചരോഗബാധയും മററുരോഗങ്ങളും

3 വൈദ്യുതിക്ഷാമവും, വോൾട്ടേജ് കുറവും മൂലം കൃത്യമായി ജലസേചനം നടത്തുവാൻ കഴിയുന്നില്ല.

4 ജൈവവളങ്ങളുടെ ലഭ്യതക്കുറവ്

5 കൃഷിഭവനിൽനിന്ന് യഥാസമയം ആവശ്യമായ സഹായങ്ങൾ ലഭിക്കുന്നില്ല.

6 പെരുംതോട്ടിലൂടെ അമിതമായി ജലം ഒഴുകിപ്പോകുന്നു.

7 അവശേഷിക്കുന്നപാടങ്ങളും തരിശിടുന്നു.

8 കർഷകതൊഴിലാളികളുടെ ലഭ്യതക്കുറവും,ഉല്പാദനവുമായി ബന്ധമില്ലാത്ത അമിതമായ കൂലി നിരക്ക്

9 പച്ചക്കറികൃഷി, പുഷ്പകൃഷി,കൂൺകൃഷി,ഔഷധ കൃഷി. കിഴങ്ങുവർഗ്ഗവിളകൾ എന്നിവ കൃഷി ചെയ്യുന്നതിന് ആവശ്യമായ സഹായങ്ങളുടേയും അറിവിൻേറയും അപര്യാപ്തത

10 കാർഷികോല്പന്നങ്ങളുടെ വിലക്കുറവ് - ഉല്പന്നങ്ങൾ വിററഴിക്കാനുള്ള പൊതുസംവിധാനങ്ങളുടെ കുറവ്.

11 കൃഷി അടിസ്ഥാനമാക്കിയുള്ള ഉപോല്പന്ന/സംസ്കരണ യൂണിററുകളുടേയും, ചെറുകിട വ്യവസായ യൂണിററുകളുടേയും കുറവ്

12 വായ്പാസൗകര്യങ്ങളുടെ കുറവും സാങ്കേതിക തടസ്സങ്ങളും

13 വൈദ്യുതി കണക്ഷൻ കിട്ടാനുള്ള ബുദ്ധിമുട്ട്

14 നല്ല ഇനം നടീൻ വസ്തുക്കളുടെ ലഭ്യതക്കുറവ്

15 പ്രകൃതിക്ഷോഭം

16 മണ്ണുപരിശോധനാസൗകര്യങ്ങളുടെ കുറവ്

# പരിഹാരമാർഗങ്ങളും സാദ്ധ്യതകളും

I നിലവിലുണ്ടായിരുന്ന നികത്തപ്പെട്ട തോടുകൾ ജനകീയ കമ്മിററികൾ രൂപീകരിച്ച് അടിയന്തരമായും തുറക്കാനുള്ള നടപടികൾ ആരംഭിക്കണം. ഇതിന് ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കണം. പുതിയറോഡുകൾ നിർമ്മിക്കുമ്പോൾ വെള്ളം ഒഴുകിപോകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കാൻ മുൻഗണന കൊടുക്കണം. പുതിയ തോടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പഴയതോടുകളുടെ പുനരുദ്ധാരണത്തിനും ഗ്രാമസഭകൾ സന്നദ്ധസേവനം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഗ്രാമനദികളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1 പെരുംതോട് (വലിയതോട്) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണം. അമിതമായി വെള്ളം ഒഴുകിപ്പോകുന്നത് തടയുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ ചീപ്പ് ഇടണം.

2 പൊക്ലായ് തോട് സൈഡ് കെട്ടി സംരക്ഷിക്കുകയും ആവശ്യമായ സമയത്ത് വെള്ളം കെട്ടിനിർത്തുന്നതിനായി ചീപ്പ് ഇടുകയും വേണം

3 കനോലി കനാലിനേയും പഞ്ചായത്തിലെ പടിഞ്ഞാറൻ ഭാഗങ്ങളേയും ബന്ധപ്പെടുത്തി തോട് നിർമ്മിക്കുന്നത് വേനൽകാലങ്ങളിൽ ഉള്ളവരാംച്ചക്ക് പരിഹാരമായിരിക്കും.

4 ഓലക്കോട്ട് പാലംതോട് പുനരുദ്ധീകരിക്കണം.

I 2-ാം വാർഡിലെ പുല്ലാനിതോട്, ഓലക്കോട്ട് തോട്, തൃപ്പാക്കുളംതോട്, പഴന്തറതോട് എന്നീ തോടുകൾ താഴ്ത്തി സൈഡ്കെട്ടി സംരക്ഷിക്കണം.

II 4-ാം വാർഡിലെ കാളംന്തറത്തോട്, നെല്ലിണിതോട്ടിലേക്കുള്ള ഉപതോടുകൾ എന്നിവ താഴ്ത്തുകയും, കളരിപ്പറമ്പ് സ്കൂളിൻെറ വടക്കുഭാഗം കഴവിലങ്ങ് പൊയ്യാറ ക്ഷേത്രത്തിൻെറ പടിഞ്ഞാറു ഭാഗം എന്നിവിടങ്ങളിൽ നിന്ന് കാന നിർമ്മിച്ച് വെള്ളം പെരുന്തോടിലേക്ക് ഒഴുക്കികളയണം.

III 5-ാം വാർഡിലെ N Hന് തെക്കുഭാഗത്തുള്ള വെള്ളകെട്ട് ഒഴിവാക്കുന്നതിനായി ഹൈവേയുടെ സൈഡിലൂടെ തോട് നിർമ്മിച്ച് ഓലക്കോട്ടുപാലം തോടുമായി ബന്ധപ്പെടുത്തണം. ഹൈസ്കൂളിൻെറ പടിഞ്ഞാറുഭാഗത്തേയും ഇതുമായി ബന്ധപ്പെടുത്തണം.

IV 7-ാം വാർഡിലെ ഊമന്തറ, പള്ളിപരിസരം എന്നിവിടങ്ങളിൽ നിന്നും കാന നിർമ്മിച്ച് പെരുംതോടുമായി ബന്ധിപ്പിക്കണം. വസന്ത ഫാർമസി തോട് പുനരുദ്ധരിക്കണം.

V 8-ാം വാർഡിലെ സ്രാമ്പിത്തോട്, പൊക്ലായ് തോട്, ചാത്തേടം തോട് എന്നിവ പുനരുദ്ധരിക്കണം.

VI 9-ാം വാർഡിൻെറ കിഴക്കുഭാഗത്തുള്ള വെള്ളക്കെട്ട് പരിഹരിക്കാൻ പതിരുനിലം ഭാഗത്തു കൂടിതോട് നിർമ്മിച്ച് പെരും തോടുമായി ബന്ധപ്പെടുത്തണം.

VII 10-ാം വാർഡിൽ നിലവിലുള്ള തോടുകൾ സംരക്ഷിക്കുന്നതോടൊപ്പം കടൽ തീരത്തിന് സമാന്തരമായി ഉണ്ടായിരുന്നതും കടലാക്രമണത്തിൽ നശിച്ചുപോയതുമായ തോടിനുപകരമായി വാർഡിൻെറ രണ്ടററവുമായി ബന്ധപ്പെടുത്തി ഒരു തോട് നിർമ്മിക്കണം.

8 പുതിനൊന്നാം വാർഡിലെ ഊമന്താ, പുന്നക്കഴി, കാട്ടിലെ പീടികപരിസരം എന്നിവിടങ്ങളിൽ നിന്നും കാന നിർമ്മിച്ച് പെരുംന്തോടുമായി ബന്ധപ്പെടുത്തണം.

6 കാററുവീഴ്ച രോഗത്തിന് പ്രതിവിധി കണ്ടെത്തുന്നതിനായി നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി കർഷകർക്ക് പ്രായോഗികമാക്കാവുന്ന പ്രതിരോധനടപടികൾ ഉരുത്തിരിക്കണം. കാററുവീഴ്ച ബാധിച്ച തെങ്ങുകൾ സമയ ബന്ധിതമായി മുറിച്ചു മാററണം. ഇതിനുള്ള ധനസഹായം 1000 രൂപയായി വർദ്ധിപ്പിക്കണം. കൂട്ടായി മരുന്നു തെളിക്കുന്നതിന് ആവശ്യമായ മരുന്നുകളും സസ്യസംരക്ഷണ ഉപകരണങ്ങളും കൃഷിഭവൻ വഴി ലഭ്യമാക്കണം. ഇടവിളകൃഷികളെ പ്രോത്സാഹിപ്പിക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകരമാണ്. സ്ഥലപരിമിതി നോക്കാതെ മുഴുവൻ കർഷകർക്കും കൃഷിഭവനിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം. കൃഷിയിടത്തിൽ കാർഷികപണികൾ നടത്തുന്നതിന് സഹായം അനുവദിക്കണം കമ്മായ വസ്തുക്കൾ, മാഗ്നീഷ്യം സൾഫേററ് പച്ചില വളവിത്ത് എന്നിവ സഹായ നിരക്കിൽ വിതരണം ചെയ്യണം. സഹായനിരക്കിൽ ഇപ്പോൾ വിതരണം ചെയ്തു കൊണ്ടിരിക്കുന്ന രാസവളം മുഴുവൻ കർഷകർക്കു ലഭ്യമാക്കണം.

നിലവിൽ ഉണ്ടായിരുന്ന വാർഡ്തല കേര സംരക്ഷണ സമിതിയെ പുനരുജ്ജീവിപ്പിച്ച് കാററുവീഴ്ച രോഗത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ ഏകോപിതമായി നടത്തണം. സമിതിവഴി കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതും വളരെ പ്രധാനപ്പെട്ട കാര്യമാണ്.

7 ജലസേചനത്തിന് വൈദ്യുതി ലഭ്യത ഉറപ്പു വരുത്തണം. കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം, ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സഹായം ലഭിക്കാൻ നിശ്ചിത അളവ് ഭൂമി വേണമെന്ന നിബന്ധന എടുത്തുകളയണം. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിച്ച് ജലസേചനം നടത്തുന്നവർക്ക് കൃഷിഭവനിൽ നിന്ന് നൽകുന്ന സർട്ടിഫിക്കററിൻെറ അടിസ്ഥാനത്തിൽ ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കണം. നിലവിലുള്ള കുളങ്ങൾ വെട്ടി വൃത്തിയാക്കുന്നതിനുള്ള സഹായങ്ങൾ നൽകണം, പഞ്ചായത്തിലെ പൊതുകുളങ്ങൾ വൃത്തിയാക്കി ലിഫ്ററ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കാവുന്നതാണ്. ഈ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്താവുന്നതാണ്,

സ്പ്രിംഗ്ളർ, ഡ്രിപ്പ് തുടങ്ങിയ ആധുനിക ജലസേചന രീതികൾ പ്രാവർത്തികമാക്കാൻ വർദ്ധിച്ച സഹായങ്ങൾ കർഷകർക്ക് നൽകണം.

8 ജൈവവളങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി പച്ചിലവളച്ചെടികൾ നട്ടുവളർത്തുക എന്നുള്ളതാണ് പ്രായോഗികമായ പരിഹാര മാർഗ്ഗം. ഇതിനാവശ്യമായ ബോധവൽക്കരണം കർഷകരിൽ നടത്തണം കൂടാതെ നെൽകൃഷി അന്യംനിന്നുപോയതോടെ കുറഞ്ഞുവന്ന കൃഷിഭവനങ്ങളിലെ കന്നുകാലിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും ഈ പ്രശ്നപരിഹാരത്തിന് ആവശ്യമാണ്. പച്ചിലവളച്ചെടികളുടെ വിത്തുകൾ യഥാസമയം സഹായനിരക്കിൽ വിതരണം ചെയ്യുകയും വേണം.

9 കൃഷിഭവനിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ മാത്രമേ കർഷകർക്ക് ആവശ്യമായ സൗകര്യങ്ങൾ യഥാസമയം ലഭ്യമാകുകയുള്ളു. ജീവനക്കാർക്ക് യാത്രക്കാവശ്യമായ സൗകര്യങ്ങൾ, ടെലിഫോൺ തുടങ്ങിയ സൗകര്യങ്ങൾ കൃഷിഭവനിൽ ഉറപ്പുവരുത്തണം കർഷകർക്ക് ആവശ്യമായ നടീൻ വസ്തുക്കൾ, സസ്യസംരക്ഷണഉപകരണങ്ങൾ, മരുന്നുകൾ എന്നിവ കൃഷിഭവനിൽ സംഭരിച്ച് വിതരണം ചെയ്യണം.

10 അവശേഷിക്കുന്ന പാടങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വർദ്ധിച്ച തോതിലുള്ള സഹായങ്ങൾ നൽകണം. നെൽപ്പാടങ്ങളുടെ നികത്തൽ കർശനമായി തടയണം. കൊയ്ത്തു കഴിഞ്ഞ നെല്പാടങ്ങളിൽ കൊണ്ടൽകൃഷി, എള്ള് മുതലായവ കൃഷിചെയ്യുന്നതിനാവശ്യമായ സഹായം നൽകണം.

11 പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തമായ കൂലിനിരക്കുകളാണ് നിലവിൽ ഉള്ളത്. ഇതുസംബന്ധമായി തർക്കങ്ങളും പ്രശ്നങ്ങളും ഉണ്ടാകാറുണ്ട്. കർഷകതൊഴിലാളി സംഘടനകളുടേയും കൃഷിക്കാരുടേയും പ്രതിനിധികൾ സംയുക്തമായി ആലോചന നടത്തി. പഞ്ചായത്തുതലത്തിൽ ഒരു ഏകീകൃത കൂലിനിരക്ക് നടപ്പിലാക്കാവുന്നതാണ്. കാർഷികരംഗത്ത് ആവശ്യമായ വിദഗ്ധതൊഴിലാളികളുടെ ലഭ്യത പരിഹരിക്കുന്നതിന് ആവശ്യമായ പരിശീലനം ഉറപ്പുവരുത്തണം.

12 പച്ചക്കറി കൃഷി വർദ്ധിപ്പിക്കാൻ ഏറെ സാദ്ധ്യതകൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുണ്ട്. എല്ലാ ഗ്രാമസഭകളിലും പച്ചക്കറി കൃഷിചെയ്യാനുള്ള സന്നദ്ധത കർഷകർ പ്രകടിപ്പിച്ചിട്ടുമുണ്ട്. കൃഷി ഭവൻെറയും പഞ്ചായത്തിൻെറയും സംയുക്താഭിമുഖ്യത്തിൽ പഞ്ചായത്തിലെ സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ,

മഹിളാസമാജങ്ങൾ, കേര സംരക്ഷണ സമിതികൾ എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങളും ജനങ്ങളുടെ ഇക്കാര്യത്തിലുള്ള അഭിവാഞ്ഛയും കോർത്തിണക്കിയ പച്ചക്കറിഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ നമുക്കകഴിയും.

1 പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് ഇതിനായി ഒരു സമഗ്രപദ്ധതി നടപ്പിലാക്കണം.

2 കർഷകർക്ക് ആവശ്യമായ വിത്തും വളവും സൗജന്യമായി ലഭ്യമാക്കണം. ആവശ്യമായ സസ്യസംരക്ഷണ ഉപകരണങ്ങളും മരുന്നുകളും ഉറപ്പുവരുത്തണം.

3 കൃഷി രീതികളിലും മററു അനുബന്ധ കാര്യങ്ങളിലും അറിവു പകരാൻ ആവശ്യമായ ക്ലാസുകൾ വാർഡു തോറും നടത്തണം.

4 വാർഡുകളിലെ കുടുംബങ്ങളെ ഗ്രൂപ്പുകളായി തിരിച്ചുകൊണ്ട് ഗ്രൂപ്പ് കൺവീനർമാരെ നിശ്ചയിച്ച് അവർക്കാവശ്യമായ പരിശീലനം നൽകണം.

പുഷ്പകൃഷി. കൂൺകൃഷി, ഔഷധസസ്യകൃഷി തുടങ്ങിയവ കൃഷിചെയ്യുന്നതിനാവശ്യമായ സാങ്കേതികവും ശാസ്ത്രീയവുമായ അറിവുകൾ കർഷകർക്ക് നൽകണം. കൃഷി ആരംഭിക്കുന്നതിനാവശ്യമായ സഹായങ്ങളും വായ്പയും ലഭ്യമാക്കണം. വ്യക്തമായ പ്ലാനിങ്ങ് ഇക്കാര്യത്തിൽ ഉണ്ടാകണം. ഇതുമായുള്ള പ്രവർത്തനങ്ങൾ കോ–ഓഡിനേററ് ചെയ്യുന്നതിനായി. ഏർപ്പെടുന്നവരുടെസംഘത്തിനു് രൂപം നൽകണം, കിഴങ്ങുവർഗ്ഗവിളകളുടെ നടീൽ വസ്തുക്കൾ കൃഷിഭവൻ വഴി വിതരണം ചെയ്യണം.

കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കണം. കൊപ്രയുടെ തറവില 6000 രൂപയാക്കണം.

13 കാർഷിക ഉല്പന്നങ്ങളുടെ സംഭരണം, സംസ്കരണം വിതരണം എന്നീ ലക്ഷ്യങ്ങൾ മുൻ നിറുത്തി ഒരു സഹകരണ സംഘം ആരംഭിക്കാവുന്നതാണ്. ഈ സംഘത്തിന്റെ കീഴിൽ നാളീകര ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിററുകൾ തുടങ്ങണം.

കൊപ്രസംസ്കരണത്തിനായി പരിഷ്കരിച്ച ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹായം അനുവദിക്കണം. തെങ്ങിൻ തടി ഉപയോഗിച്ചുള്ള ഫർണീച്ചർ നിർമ്മാണത്തിനു് ആവശ്യമായ പ്രോത്സാഹനം നല്കണം.

14 കൃഷിക്കാർക്ക് ആവശ്യമായ വായ്പകൾ ലഭിക്കുവാൻ സഹകരണ ബാങ്ക് ഒഴിച്ചുള്ള സ്ഥാപനങ്ങളിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. ഇതു് പരിഹരിക്കാൻ ആവശ്യമായ നടപടികൾ എടുക്കണം. പലിശനിരക്ക് കുറയ്ക്കുകയും വേണം.

15 നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുക എന്നുള്ളതു് പരമ പ്രധാനമായകാര്യമാണ്. ഇക്കാര്യത്തിൽ പരാതികൾ നിലനില്ക്കുന്നു. രോഗബാധിത പ്രദേശങ്ങളിൽ പാകിയ തെങ്ങിൻ തൈകൾ കൃഷിഭവൻ വഴി വിതരണം ചെയ്യുന്നതായി ഗ്രാമസഭകളിൽ പരാതി ഉയർന്നിട്ടുണ്ട്. വിതരണം ചെയ്യുന്ന വിത്തുകളെക്കുറിച്ചും പരാതികൾ ഉണ്ട്.

പഞ്ചായത്തിലെ കർഷകർക്കാവശ്യമായ നടീൽ വസ്തുക്കളും, വിത്തുകളും ഇവിടെ തന്നെ ഉല്പാദിപ്പിക്കാനുള്ള പദ്ധതിതയ്യാറാക്കണം. തൊഴിലില്ലാത്ത യുവാക്കളെ ഇതിനായി ഉപയോഗപ്പെടുത്താം. അവർക്ക് നഴ്സറികൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം

16 പ്രകൃതിക്ഷോഭത്താൽ എല്ലാവർഷവും വിളകൾക്ക് നാശം സംഭവിക്കാറുണ്ട്, കടൽക്ഷോഭം കഴിഞ്ഞകുറച്ചുകൊല്ലങ്ങളായി തുടർച്ചയായി അനുഭവപ്പെടുന്നു. പഞ്ചായത്തു് അതിർത്തിയിൽ കടൽഭിത്തി കെട്ടാനുള്ള സ്ഥലങ്ങളിൽ അടിയന്തിരമായും ഭിത്തി നിർമ്മിക്കണം.

വിള്ളൻ വൂറൻസ് പദ്ധതിയിൽ മുഴുവൻ കർഷകരേയും പങ്കാളികളാക്കാനുള്ള പ്രവർത്തനം നടത്തണം. പ്രകൃതിക്ഷോഭദുരിതാശ്വാസത്തിനായി നൽകുന്ന ധനസഹായം വർദ്ധിപ്പിക്കണം.

17 മണ്ണ് പരിശോധനയുടെ ആവശ്യകതയെക്കുറിച്ച് കഷ്കരിൽ ബോധവല്ക്കരണം നടത്തണം.

മണ്ണറിഞ്ഞ് കൃഷിചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തുക എന്നുള്ളതു് ആധുനിക കൃഷി സമ്പ്രദായത്തിൽ വളരെ പ്രധാനപ്പെട്ട കാര്യമാണ്. താലൂക്ക് കേന്ദ്രമാക്കി മണ്ണുപരിശോധനാലാബുകൾ സ്ഥാപിക്കുകയും സഞ്ചരിക്കുന്ന മണ്ണുപരിശോധനാലാബുകളുടെ പ്രവർത്തനം വ്യാപകമാക്കുകയും വേണം.

18 ഉല്പാദന ക്ഷമതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് പ്രോത്സാഹനങ്ങൾ നൽകണം.

## രാസവള ഉപയോഗം

അടിസ്ഥാനം : കൃഷിഭവൻ രേഖകൾ

| വർഷം | പാക്യജനകം | ഭാവകം | ക്ഷാരം |
|---|---|---|---|
| 1994_95 | 2.401 MT | 0.843 MT | 18.903 MT |

## കൃഷിഭവൻ വഴി വിതരണം ചെയ്ത നടീൽ വസ്തുക്കൾ

അടിസ്ഥാനം : കൃഷിഭവൻ രേഖകൾ

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993_94 | 1994_95 | 1995-96 |
| തെങ്ങ് | 150 | 365 | 500 |
| കുരുമുളക് | 1000 | 2000 | 1250 |
| കവുങ്ങ് | — | 200 | 1380 |
| പച്ചക്കറിവിത്ത് | 1160 പാക്കററ് | 1500 പാക്കററ് | 980 പാക്കററ് |
| ഫലവൃക്ഷങ്ങൾ | 100 | 240 | 350 |
| വാഴക്കന്ന് | 2224 | — | 563 |
| ചേന | 500kg | — | 380 kg |
| ജാതി | — | 100 | 200 |
| ഗ്രാമ്പു | — | 100 | — |

# മൃഗസംരക്ഷണവും മത്സ്യബന്ധവും

മൃഗസംരക്ഷണമേഖലയുടെ ആസൂത്രിതമായ വികസനം വരുമാനവർദ്ധനവിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആഹാരം, ജൈവവളം, ഊർജ്ജം എന്നിവയുടെ ഉല്പാദനത്തിനും സഹായകരമാകും ഈ മേഖല ക്രമാനുഗതമായി വികസിപ്പിച്ചെടുത്താൽ തൊഴിലില്ലായ്മ, ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യം പോഷണവൈകല്യങ്ങൾ ഊർജ്ജപ്രതിസന്ധി തുടങ്ങിയ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാം.

ആദ്യകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ ഒട്ടുമിക്കവാറും കർഷകരുടെ വീടുകളിൽ കന്നുകാലികൾ ഉണ്ടായിരുന്നു കാർഷികാവശ്യത്തിനുള്ള ചാണകത്തിനും, പൂട്ടുകന്നുകൾക്കും, പാലിനും വേണ്ടിയായിരുന്നു ഇവയെ വളർത്തിയിരുന്നത്. സുലഭമായി ലഭിച്ചിരുന്ന വൈക്കോലും തീററക്കാവശ്യമായ മററു വസ്തുക്കളുടെ സിംഹഭാഗവും പ്രാദേശികമായിതന്നെ ലഭ്യമായിരുന്നു. നെൽകൃഷി കുറഞ്ഞു വന്നതോടെ കാലി വളർത്തൽ ഭാരിച്ച ചിലവുവരുന്ന ഒരു പ്രവർത്തനമായി മാറി എങ്കിലും ഈ രംഗത്ത് കേരളത്തിൽ ആകെ വന്ന മാററങ്ങൾക്കൊപ്പം നമ്മുടെ പഞ്ചായത്തിലും കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. നാടൻ ഇനങ്ങളിൽനിന്ന് സങ്കരഇനങ്ങളിലേക്കും, പാലിൻെറ ഉല്പാദനത്തിലും നമുക്ക് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. 1987ലെ സെൻസസ് പ്രകാരമുള്ള വളർത്തുമൃഗങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ താഴെ കൊടുക്കുന്നു.

പട്ടിക 1

| ഇനം | ആകെ എണ്ണം | സങ്കരം | നാടൻ | കറവ ഉള്ളത് | കറവ ഇല്ലാത്തത് |
|---|---|---|---|---|---|
| കാള | 123 | 65 | 58 | | |
| പശു | 1453 | 666 | 787 | 835 | 618 |
| പോത്ത് | 90 | | | | |
| എരുമ | 501 | | | 252 | 249 |
| ആട് | 1285 | | | | |
| പട്ടി | 524 | | | | |

1996ലെ സെൻസസ് വിവരങ്ങൾ ലഭ്യമായിട്ടില്ല. എങ്കിലും കാലികളുടെ എണ്ണത്തിൽ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് മൃഗാശുപത്രിയിൽ നിന്നും ലഭിച്ചവിവരങ്ങൾ സൂചിപ്പിക്കുന്നത്. പാൽ ഉല്പാദനരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ നമ്മുടെ ആവശ്യം പരിഹരിക്കാൻ പ്രാപ്തമായ അളവിൽ എത്തിയിട്ടില്ല. ഉല്പാദന ചിലവുകളിൽവന്ന വർദ്ധന കർഷകരെ ഈ രംഗത്ത്നിന്ന് പിൻതിരിയുന്നതിന് പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. പുറമേനിന്നു വരുന്ന വിലകൂടിയ കാലിതീററയും വൈക്കോലുമാണ് കർഷകർ പ്രധാനമായും ആശ്രയിക്കുന്നത്. തീററപുൽകൃഷി നടത്തുന്നതിനാവശ്യമായ സഹായങ്ങളോ ശാസ്ത്രീയമായ അറിവുകളോ ബന്ധപ്പെട്ടവകുപ്പിൽനിന്നും കർഷകർക്ക് ലഭിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ ഒരു ക്ഷീരോല്പാദക സഹകരണസംഘം പ്രവർത്തിക്കുന്നു. പ്രതിമാസം 7000 ലിററർ പാൽവരെ ഇവിടെ ശേഖരിക്കുന്നു. ഇതിൽ 1500ലിററോളം പാൽ പഞ്ചായത്തിനുള്ളിൽ തന്നെ ചിലവാകുന്നു. ഈ സംഘത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ധാരാളം പരാതികൾ ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

മൃഗചികിൽസാ രംഗത്ത് പഞ്ചായത്തിൽ ഒരു ആശുപത്രിമാത്രമാണ് പ്രവർത്തിക്കുന്നത്. 1962ൽ സ്ഥാപിതമായ ഈ സ്ഥാപനത്തിന് പഞ്ചായത്തിലെ കാലി സമ്പത്തിനും-പ്രശ്നങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യങ്ങൾ നില നില്ക്കുന്നു. ആധുനിക സജ്ജീകരണങ്ങളുടെ അപര്യാപ്തതയും സാങ്കേതിക വിദഗ്ദരുടെ കുറവും ഇതിന് കാരണങ്ങളാണ്.

## രോഗവിവരങ്ങൾ - 1995 - 96

പട്ടിക 2

| രോഗങ്ങൾ | പശു | എരുമ | ആട് | കോഴി | നായ |
|---|---|---|---|---|---|
| ദഹന സംബന്ധമായവ | 264 | 144 | 192 | 480 | |
| ഉപപാചകസംബന്ധം | 60 | 24 | | | |
| തൊക്ക് രോഗങ്ങൾ | 72 | 36 | 36 | | |
| പരാദരോഗങ്ങൾ | 408 | 216 | 72 | | 24 |
| പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 156 | 24 | 36 | | |
| വന്ധ്യത | 192 | 38 | | | |
| അകിടുവീക്കം | 300 | 32 | 96 | | |
| മുടന്തൻപനി | 228 | 96 | | | |
| പകർച്ചവ്യാധികൾ | | | | | |

മൃഗസംരക്ഷണംരംഗത്ത് നമുക്ക് നേടാൻ കഴിഞ്ഞ പുരോഗതി മുട്ടയുൽപ്പാദനരംഗത്ത് നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല കഴിഞ്ഞകാലങ്ങളിൽ നാം കോഴിമുട്ട ഉല്പാദിപ്പിച്ച് പുറമേക്ക് വില്പന നടത്തിയിരുന്നു. എന്നാൽ ഇന്ന് മററു സംസ്ഥാനങ്ങളിൽനിന്നും വരുന്ന കോഴിമുട്ടയെ ആശ്രയിക്കേണ്ട അവസ്ഥയാണ് കോഴി വളർത്തലിനും താറാവുവളർത്തലിനും ധാരാളം സാദ്ധ്യതകൾ നിലനില്ക്കുന്നുണ്ട്. 1987ലെ സെൻസസ്സ് പ്രകാരം 11034 കോഴികളും, 1275താറാവുകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

### പ്രശ്നങ്ങൾ

1 ശാസ്ത്രീയമായ മൃഗസംരക്ഷണത്തെ കുറിച്ചുള്ള കർഷകരുടെ അജ്ഞത.

2 കാലിതീററയുടെ അമിത വില

3 നല്ല ജനുസ്സുകളിൽപ്പെട്ട കന്നുകുട്ടികളുടെ ലഭ്യത കുറവ്

4 കാലികൾക്ക് ബാധിക്കുന്ന രോഗങ്ങൾ

5 പുല്ലിന്റെ ലഭ്യതയിലുള്ള പരിമിതി

6 നല്ല ഇനം കോഴികുഞ്ഞുങ്ങളുടെ ലഭ്യതകുറവ്

7 കോഴികൾക്ക് ബാധിക്കുന്ന രോഗങ്ങൾ

8 വായ്പ ലഭിക്കാനുള്ള ബുദ്ധിമുട്ട്

## സാധ്യതകളും പരിഹാര നിർദ്ദേശങ്ങളും

1 വാർഡ്തലത്തിൽ ക്ഷീരകർഷക സമിതികൾ രൂപീകരിച്ച് കർഷകർക്ക് പഠനക്ലാസുകൾ നടത്തുക.

2 കാലിത്തീററനിർമ്മാണ ഫാക്ടറി സർക്കാർ ഉടമസ്ഥതയിൽ സ്ഥാപിച്ച് ഉല്പാദനം നടത്തി കഷകക്ക് സഹായനിരക്കിൽ വിതരണം ചെയ്യുക

3 നല്ല ഇനം കന്നുകുട്ടികളെ കർഷകർക്ക് സഹായനിരക്കിൽ വിതരണം ചെയ്യുകയും, അവയുടെ ശാസ്ത്രീയ പരിചരണത്തിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിൽ സഹായിക്കുകയും ചെയ്യുക.

4 ഇന്ന് പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൃഗാശുപത്രിയുടെ സേവനം മുഴവൻ ക്ഷീരകർഷകർക്കും യഥാസമയം ലഭിക്കുന്നില്ല. പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗത്ത് ഒരു വെററിനാറി സബ്ബ് സെന്റർ തുടങ്ങണം ഇതിനാവശ്യമായ കെട്ടിടം നിമ്മിക്കാനുള്ള സ്ഥലം നാട്ടുകാർ നല്കാൻ തയ്യാറാണ് രാത്രി കാലങ്ങളിൽ മൃഗഡോക്ടറുടെ സേവനം ലഭ്യമാകുന്നില്ല. ഇപ്പോൾ ആശുപത്രി നില്ക്കുന്ന കോമ്പൗണ്ടിൽ ഡോക്ടർക്ക് ക്വാട്ടേഴ്സ് നിർമ്മിച്ചാൽ ഇതിന് പരിഹാരം കാണാനാകും. മൊബയിൽ ആശുപത്രിയുടെ സേവനം പഞ്ചായത്തിൽ ലഭ്യമാക്കണം. മുഴവൻ കന്നുകാലികളേയും ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം കന്നുകാലികൾക്കാവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കണം.

5 നെൽകൃഷി ഇല്ലാതായതു് കാലിത്തീററയുടെ ലഭ്യതയിലും പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വീട്ടുവളപ്പുകളിൽ പുൽകൃഷി വ്യാപിപ്പിച്ച് ഒരു പരിധി വരെ ഇതിന് പരിഹാരം കാണാം ഡയറി ഡവലപ്പ്മെൻറ് വഴിയും മിൽക്ക്സൊസൈററിവഴിയും കർഷകർക്ക് മേൽത്തരം പുൽവിത്തും സഹായങ്ങളും ലഭ്യമാക്കണം പുല്ല് അധികമായി ലഭിക്കുന്ന കാലങ്ങളിൽ അതു് സംഭരിച്ചുവെക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഷകരെ സഹായിക്കുകയും ആവശ്യമായ അറിവ് പകരുകയും വേണം

6 ആട്, പന്നി, ഇറച്ചിമുയൽ മുതലായവയെ വളർത്തുന്നതിനുള്ള സഹായങ്ങളും നല്ല ഇനം കുഞ്ഞുങ്ങളേയും ലഭ്യമാക്കണം.

7 പഞ്ചായത്തിലെ പടിഞ്ഞാറൻ ഭാഗങ്ങളിലുള്ള വാർഡുകളെ ഉൾപ്പെടുത്തി ഒരു ക്ഷീരോല്പാദക സഹകരണസംഘം രൂപീകരിക്കണം

8 പഞ്ചായത്തിൽ ഒരു അറവുശാല സ്ഥാപിക്കണം, മൃഗാവശിഷ്ടങ്ങൾ വളമാക്കി മാററുന്നതിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കണം.

9 വീട്ടുവളപ്പിലെ കോഴികൃഷിക്ക് നല്ല സാദ്ധ്യത ഉണ്ട്. ഇതു് മുന്നിൽ കണ്ടുകൊണ്ട് പദ്ധതികൾ ആരംഭിക്കണം. നല്ല ഇനം കോഴിക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യണം, നല്ല ഇനം കോഴികുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിന് ഹാച്ചറികൾ ആരംഭിക്കാൻ തൊഴിലില്ലാത്ത യുവാക്കൾക്ക് സഹായം നല്കണം. വാണിജ്യാടിസ്ഥാനത്തിലുള്ള മുട്ടയുല്പാദനത്തിനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ് ഗൾഫ് മേഖലയിൽ നിന്ന് തൊഴിൽ രഹിതരായി തിരിച്ചെത്തുന്നവർക്ക് ഇതിനായുള്ള പ്രോത്സാഹനം കൊടുക്കാവുന്നതാണ്- ഇറച്ചി കോഴി വളർത്തൽ യൂണിററുകൾ തുടങ്ങുന്നതിനും സഹായങ്ങൾ ലഭ്യമ ക്കണം.

10 കോഴികളെ ബാധിക്കുന്ന രോഗങ്ങൾക്ക് പ്രതിരോധകുത്തിവെയ്പ്പ നടത്തുന്നതിനായി സന്നദ്ധ സംഘടനാപ്രവർത്തകർക്ക് പരിശീലനംകൊടുത്തു് അവരുടെ സഹായം വാർഡുകളിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ വർഷം തോറും സംഭവിക്കുന്ന കോഴികളുടെ നാശം ഇല്ലാതാക്കാൻ കഴിയും ഇതിനാവശ്യമായ മരുന്നുകൾ മൃഗാശുപത്രി വഴി നല്കണം,

11 മൃഗപരിപാലനത്തിനായി വായ്പക്ക് ബാങ്കുകളെ സമീപിക്കുമ്പോൾ അനുകൂല പ്രതികരണം ഉണ്ടാകുന്നില്ല - വായ്പ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ എടുക്കണം.

## കൃത്രിമ ബീജസങ്കലനം സംബന്ധിച്ച വിവരങ്ങൾ

അടിസ്ഥാനം: ബീജസങ്കലനരജിസ്റ്റർ

| വർഷം | ഇനം | ആദ്യ കുത്തിവെപ്പ് | ഒരു പ്രാവശ്യം | രണ്ടുപ്രാവശ്യം | ആകെ |
|---|---|---|---|---|---|
| | പശു | 1920 | 720 | 360 | 3000 |
| 1995–96 | എരുമ | 120 | 72 | 24 | 216 |

## ജനനം സംബന്ധിച്ച വിവരങ്ങൾ

അടിസ്ഥാനം: ജനനരജിസ്റ്റർ

| വർഷം | ഇനം | Male | Female | ആകെ |
|---|---|---|---|---|
| 1996–96 | പശു | 1068 | 1488 | 2526 |
| | എരുമ | 132 | 180 | 312 |

## സാമ്പിൾ പരിശോധന

അടിസ്ഥാനം: സാമ്പിൾ പരിശോധന രജിസ്റ്റർ

| വർഷം | ചാണകം | മൂത്രം | പാൽ |
|---|---|---|---|
| 1995–96 | 76 | 24 | 60 |

## പ്രതിരോധ കുത്തിവെപ്പ്

അടിസ്ഥാനം: പ്രതിരോധ കുത്തിവെപ്പ് രജിസ്റ്റർ

| വർഷം | കുളമ്പ്രോഗം | കോഴിവസന്ത | കുരലടപ്പൻ | പേവിഷബാധ |
|---|---|---|---|---|
| 1995 | 1297 | 1944 | 240 | 25 |

# മൽസ്യമേഖല

മതിലകം പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിർത്തി 3½കി കടലോരവും കിഴക്കേ അതിർത്തി 4½ കി. കനോലി കനാലുമാണ്. മദ്ധ്യഭാഗത്ത് 3½കി. പെരുംതോട് (വലിതോട്) കടന്നുപോകുന്നു. കനോലി കനാലുമായി ബന്ധപ്പെട്ട് നിരവധി കൈത്തോടുകളുമുണ്ട്. 7 പൊതുകുളങ്ങളും മൽസ്യകൃഷിക്കപയുക്തമായ 150ൽ പരം സ്വകാര്യ കുളങ്ങളുമുണ്ട്. തോട്ടകളും കുളങ്ങളും വേനൽകാലത്ത് പകുതിയോളം വററുന്നവയാണ്. കടലോരത്തിനോട് ചേന്ന് 3 അറഷ തോട്ടകൾക്കപുറമെ പൊക്ലായിൽനിന്ന് പുറപ്പെട്ട് അറബിക്കടലിൽ ചേരുന്ന ഒരു തോട്ടകൂടിയുണ്ട്.

കടലിൽ മത്തി, അയില, ചെമ്മീൻ, മുള്ളൻ, ചമ്പാൻ, മാന്തൾ, സ്രാവ്, തിരണ്ടി, കൂന്തൾ, ഞണ്ട്, കൊഴുവ, തോടി തുടങ്ങിയ മത്സങ്ങളാണ് കണ്ടുവരുന്നത്. ഇതിൽ മത്തി, സ്രാവ്, തിരണ്ടി എന്നിവ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

പുഴയിൽ കണമ്പ്, പൂളംൻ, കരിമീൻ, ഞണ്ട് ചെമ്മീൻ എന്നീ ഇനങ്ങളും കുളങ്ങളിൽ വരാൽ, കട്ട, കരിപ്പിടി, പിലോഫിയ എന്നീ ഇനങ്ങളുമാണ് പ്രധാനമായും കണ്ടുവരുന്നതു്. ഇവയിൽ വരാൽ, കരിപ്പിടി എന്നിവക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

കടലിൽനിന്നാണ് കൂടുതലും മൽസ്യം ലഭിക്കുന്നത്. നാടൻ വഞ്ചികളിൽ തുഴ വലിച്ച് മൽസ്യതൊഴിലാളികൾ സ്വയം നിർമ്മിച്ച വല ഉപയോഗിച്ചാണ് ആദ്യകാലങ്ങളിൽ മൽസ്യബന്ധനം നടത്തിയിരുന്നത്. പിന്നീട് കറച്ചുകാലം 'കമ്പവല' എന്ന പേരിൽ വലിയ കോരുവല ഉപയോഗിച്ച് മൽസ്യബന്ധനം നടത്തിയിരുന്നു. ഇപ്പോൾ ഈ രീതിയില്ല. ചെറുവഞ്ചികളിൽ ആഴക്കടലിൽ പോയി ചൂണ്ടയിട്ടും ഒഴുക്കുവല ഉപയോഗിച്ചും ദിവസങ്ങളോളം കടലിൽ തങ്ങി സ്രാവ് മുതലായ വൻ മൽസ്യങ്ങളെ പിടിച്ചിരുന്നു. ഈ സമ്പ്രദായവും ഇന്ന് നിലവിലില്ല. നാട്ടറിവും നീരൊഴുക്കുംഗണിച്ച കാലാവസ്ഥാ വീക്ഷണം നടത്തിയുമാണ് മൽസ്യബന്ധനത്തിന് പുറപ്പെട്ടിരുന്നത് സാമ്പത്തിക ശേഷിയുള്ള ഏതാനും വ്യക്തികളുടെ ഉടമസ്ഥതയിലായിരുന്നു മൽസ്യ ബന്ധനോപകരണങ്ങൾ. തൽഫലമായി മുൻകാലത്ത് വലിയ ചൂഷണം നിലനിന്നിരുന്നു. പ്രത്യേക കടവുകളിൽ അടുക്കുന്ന മൽസ്യങ്ങൾ മൽസ്യവിതരണക്കാർക്കും ചാപ്പാ ഉടമസ്ഥർക്കും ലേലം ചെയ്തു വിൽക്കുമായിരുന്നു. ലഭിച്ചിരുന്ന മൽസ്യത്തിൻെറ ഏറിയപങ്കും പ്രാദേശികമായിതന്നെയാണ് വിററഴിച്ചുകൊണ്ടിരുന്നത്. റോഡുഗതാഗത സൗകര്യം ഉള്ളതുകൊണ്ട് ലോറികളിലും മററു വാഹനങ്ങളിലും വിദൂരസ്ഥലങ്ങളിലേക്ക് മൽസ്യം കയററി പോകുന്നുണ്ട് ഇപ്പോൾ വഞ്ചിയിലും വള്ളങ്ങളിലും മോട്ടോർ ഘടിപ്പിച്ച് നൈലോൺ വലകളുപയോഗിച്ചാണ് മൽസ്യബന്ധനം നടത്തുന്നതു്. അഞ്ചും, പത്തും, നാല്പതും പേരടങ്ങിയ ചെറുസംഘങ്ങളുടെ ഉടമസ്ഥതയിലാണ് മൽസ്യബന്ധനോപകരണങ്ങൾ. അതുകൊണ്ട് മുമ്പത്തെപ്പോലെയുള്ള ചൂഷണം ഇന്നില്ല.

കായലിൽ നിന്ന് ചൂണ്ടലും വീശൽവലയും ഉപയോഗിച്ച് മൽസ്യബന്ധനം നടത്തുന്നു. കുളങ്ങളിൽ കോരുവലയും ചൂണ്ടയും ഉപയോഗിക്കുന്നു. ഈ വിധം ലഭിക്കുന്ന മൽസ്യങ്ങൾ ഗ്രാമത്തിലെ പ്രധാന കവലകളിൽ കൊണ്ടുവന്ന് വല്പന നടത്താറാണ് പതിവ്.

## തൊഴിൽ രംഗം

420 സ്ഥിരം മൽസ്യതൊഴിലാളികളും 55 ഭാഗിക തൊഴിലാളികളും മത്സ്യവിതരണം നടത്തുന്ന 70 പേരും അനുബന്ധ തൊഴിലിലേർപ്പെട്ടിരിക്കുന്ന 35 പേരുമുണ്ട്. 5 പേർ ഉൾനാടൻ മൽസ്യ കൃഷി നടത്തുന്നു. പഞ്ചായത്തിലെ തീരദേശവാർഡുകളായ 8, 9, 10, 11 വാർഡുകളിലാണ് പ്രധാനമായും മൽസ്യതൊഴിലാളികൾ തിങ്ങിതാമസിക്കുന്നതു്. ഇവർക്കു മാത്രമായ പ്രത്യേക കോളനികൾ നിലവിലില്ല. 23 യന്ത്രങ്ങൾ ഘടിപ്പിച്ച വള്ളങ്ങളും 23 യന്ത്രങ്ങളില്ലാത്ത വള്ളങ്ങളുമുണ്ട്. സാമ്പത്തിക പരാധീനത മൂലം ഈ വിഭാഗത്തിന് ഉയർന്ന വിദ്യാഭ്യാസം ലഭിക്കുന്നില്ല. ഉല്പാദനത്തിലും കയററുമതിയിലും പുതിയ മാനങ്ങൾ കണ്ടെത്തിയെങ്കിലും മൽസ്യതൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെട്ടിട്ടില്ല. ഇവരുടെ ക്ഷേമത്തിനു നൽകുന്ന ഭവനനിർമ്മാണ ധനസഹായം, വിദ്യാഭ്യാസ ഗ്രാൻറ്, എന്നിവ പര്യാപ്തമല്ല. ശാസ്ത്രീയമായ മൽസ്യസംസ്കരണ ശാലയുടെ അഭാവം മൂലം മാലിന്യവും ശുചിത്വമില്ലായ്മയും കൊണ്ട് സാംക്രമിക രോഗങ്ങൾ വരാറുണ്ട്, കൂടുതൽ മൽസ്യം കിട്ടുമ്പോൾ അവ കേടുകൂടാതെ സൂക്ഷിക്കാനുള്ള ശീതസംഭരണികൾ ഇല്ല.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന കൂളിമുട്ടം കേന്ദ്രമായുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, പി. വെമ്പല്ലൂർ, കൂളിമുട്ടം വെസ്റ്റ് പെരിഞ്ഞനം വില്ലേജുകൾ പ്രവർത്തന മേഖല

യായി വെസ്റ്റ് പെരിഞ്ഞനത്ത് മത്സ്യത്തൊഴിലാളി ക്ഷേമ സംഘവും ഉണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനവും ഉണ്ട്. മത്സ്യബന്ധനത്തിനാവശ്യമായ എഞ്ചിനുകൾ ഉൾപടെയുള്ള ഉപകരണങ്ങളും ഇന്ധനവും പൂർണ്ണമായ തോതിൽ മത്സ്യഫെഡ് വഴി ലഭിക്കുന്നില്ല. ഇതുമൂലം തൊഴിലാളികൾ ചൂഷണത്തിനിരയാകുന്നു. പ്രധാനമത്സ്യബന്ധനം വർഷത്തിൽ 3മാസമായി ചുരുങ്ങിയിരിക്കുകയാണ്. അതുകൊണ്ട് ശേഷിക്കുന്ന മാസങ്ങളിൽ ഇവരുടെ ജീവിതം ക്ലേശകരമാണ്. അതിനാൽ, പലരും മെച്ചപ്പെട്ട ഇതരജോലികളിലേക്ക് തിരിയുന്നു. മത്സ്യബന്ധനത്തിൽ ഏർപ്പെടുമ്പോൾ അപകടംസംഭവിച്ചാൽ രക്ഷാപ്രവർത്തനങ്ങൾക്കുള്ള സംവിധാനം ഇന്നില്ല. പഞ്ചായത്തിൻെറ തീരദേശ വാർഡുകളിൽ തീരദേശ പരിപാലന നിയമം പ്രാവർത്തികമാക്കിയാൽ മററു വിഭാഗം ജനങ്ങളും താമസിക്കുന്ന ഈ പ്രദേശത്ത് വികസനത്തിന് തടസംനേരിടും. വർഷകാലങ്ങളിൽ ട്രോളിംഗ് നടക്കുന്നതുകൊണ്ട് മത്സ്യകുഞ്ഞുങ്ങളുടെ വംശനാശം സംഭവിക്കുന്നു. മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നു. മിനിട്രോളിംഗ് നടക്കുന്നതുകൊണ്ട് ചാകര സ്ഥിരമല്ലാതാകുകയും തന്മൂലം അപകടങ്ങൾ സംഭവിക്കുകയും ചെയ്യുന്നു.

തൊണ്ടഴുക്കലിൽനിന്നും മററു മാർഗ്ഗങ്ങളിൽ കൂടിയും എത്തുന്ന മാലിന്യങ്ങൾ കൊണ്ട് രോഗം ബാധിച്ച് കായൽ മൽസ്യങ്ങൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. ശുദ്ധജല മൽസ്യകൃഷിയെ കുറിച്ച് വേണ്ടത്ര അറിവില്ലായ്മയും നല്ലയിനം മൽസ്യകുഞ്ഞുങ്ങളെ ലഭിക്കാനുള്ള ബുദ്ധിമുട്ട് മൂലവും ഈകൃഷി പുരോഗമിക്കുന്നില്ല. ശുദ്ധജല മൽസ്യകൃഷി നടത്തുന്നവർക്ക് നീർനായയുടെ ശല്യവും നേരിടുന്നുണ്ട്. ചില കുളങ്ങൾ ശുദ്ധജല മൽസ്യകൃഷിക്ക് പാകപ്പെടുത്തുന്നതിന് വേണ്ടിവരുന്ന നിർമ്മാണചെലവ് സർക്കാർ സഹായമില്ലാതെ സാധാരണക്കാർക്ക് താങ്ങാവുന്നതല്ല.

ചെമ്മീൻ കൃഷിക്കുപയുക്തമാക്കാവുന്ന ചില പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കടലിനോടും കായലിനോടും ബന്ധപ്പെട്ടുകിടക്കുന്ന തോടുകൾ ഞണ്ടുകൃഷിക്ക് ഉപയുക്തമാക്കാം. ഇതിനുള്ള സാഹചര്യം ഒരുക്കാൻ ഏറെ സാമ്പത്തിക ചെലവ് വേണ്ടിവരും. കുറച്ചുവർഷങ്ങളായി ശുദ്ധജല മൽസ്യങ്ങളിലെ ചിലയിനങ്ങൾക്കു ബാധിച്ചിട്ടുള്ള രോഗം വരാൽ തുടങ്ങിയ മൽസ്യങ്ങളെ കൃഷി ചെയ്യാൻ പററാത്ത സാഹചര്യമുണ്ടാക്കിയിരിക്കുന്നു.

## പൊതുകുളങ്ങളുടെ വിവരം

| ക്രമ നമ്പർ | പൊതുകുളങ്ങളുടെ പേര് | വാർഡ് | വിസ്തൃതി |
|---|---|---|---|
| 1 | എലവഞ്ചിക്കുളം | I | 77 സെൻറ് |
| 2 | തോണിക്കുളം | III | 40 ,, |
| 3 | തട്ടാർകുളം | III | 45 ,, |
| 4 | പോളക്കുളം | III | 1 ഏക്ര 3 സെൻറ് |
| 5 | പോളക്കുളം | I | 1 ഏക്ര |
| 6 | എരിക്കുളം | VIII | 20 സെൻറ് |
| | ആകെ | | 3.85 |

പഞ്ചായത്തിലെ പൊതുകുളങ്ങളിൽ ലാഭകരമായി മൽസ്യ കൃഷി നടത്താൻ പ്രാദേശിക നിവാസികളുടെ സഹകരണത്തോടെ പഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയാൽ പഞ്ചായത്തിൻേറയും ജനങ്ങളുടേയും വരുമാനം വർദ്ധിപ്പിക്കാം.

മതിലകം സെൻററിൽ ഇപ്പോൾ പൊതുമൽസ്യമാർക്കററുണ്ട്. പ്രധാനപ്പെട്ട കവലകളിൽ മൽസ്യമാർക്കററുകൾ ആരംഭിക്കണം.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1 ജൂൺ, ജൂലായ്, ആഗസ്ററ് മാസങ്ങളിൽ ദൂരപരിധിയില്ലാതെ ട്രോളിങ്ങ് നിരോധിക്കുക. ഇതുമൂലം മത്സ്യ കുഞ്ഞുങ്ങളെ വംശനാശത്തിൽനിന്ന് രക്ഷിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്‍ സാധിക്കും.
മിനി ട്രോളിങ്ങ് (പെലാജിക് നിരോധിച്ചു കൊണ്ട് ചാകര സ്ഥിരത ഉണ്ടാക്കാനം അപകടം ഒഴിവാക്കാനും സാധിക്കും. ഇതിനാവശ്യമായ ബോധവൽക്കരണം നടത്തണം

2 ഫിഷറീസ് ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള വിവിധ ക്ഷേമ സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കണം.

4 മൽസ്യഫെഡിൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം മൽസ്യബന്ധനത്തിനാവശ്യമായ എഞ്ചിൻ, ഇന്ധനം, മററുപകരണങ്ങരം എന്നിവ ആവശ്യത്തിനനുസരിച്ച് മൽസ്യഫെഡ് വിതരണം ചെയ്യണം.

5 മൽസ്യതൊഴിലാളികളുടെ വായ്പതിരിച്ചടവിൽ പ്രവർത്തന ചിലവിൻെറ പേരിൽ ഈടാക്കുന്ന തുകയുടെ അനുപാതം 3% എന്നത് കുറക്കുക. വായ്പക്ക് സ്വീകരിക്കുന്ന പലിശയുടെ വിഹിതം പ്രാഥമിക ക്ഷേമ സംഘങ്ങരംക്ക് നൽകി സംഘങ്ങളെ സ്വയം പര്യാപ്തതക്ക് സന്നദ്ധമാക്കുക.

6 മൽസ്യതൊഴിലാളികരംക്ക് നൽകുന്ന ഭവന നിർമ്മാണ വായ്പ, തൊഴിലുപകരണ വായ്പ, വിദ്യാഭ്യാസ ഗ്രാൻറ് എന്നിവ ആവശ്യത്തിനുതകും വിധം വർദ്ധിപ്പിക്കുക.

7 മൽസ്യബന്ധനത്തിലേർപ്പെടുമ്പോരം ഉണ്ടാകുന്ന അപകടങ്ങരം അറിയിക്കുന്നതിനും സംരക്ഷണ പ്രവർത്തനങ്ങരംക്കും താലൂക്കടിസ്ഥാനത്തിൽ കൺട്രോരം റൂമുകരം സ്ഥാപിക്കുക

8 പഞ്ചായത്തിൽ ഫിഷ് ലാൻറിങ്ങ് സെൻററും, ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മൽസ്യ സംസ്ക്കരണ കേന്ദ്രം ആരംഭിക്കുക,

9 മൽസ്യ ബന്ധന ഉപകരണ ഫാക്ടറി സ്ഥാപിക്കുക.

10 വിദേശനാണ്യം നേടിത്തരുന്ന ചെമ്മീൻ, ഞണ്ട്, കണവ മുതലായവയുടെ വിലനിലവാരം സ്ഥാററിസ്ററിക്സ് വകുപ്പ് ശേഖരിച്ച് മൽസ്യത്തൊഴിലാളികളുടെ അറിവിലേക്ക് പ്രസിദ്ധപ്പെടുത്തുക

11 ബഹുരാഷ്ട്ര കമ്പനികരംക്കുള്ള ഫിഷിങ്ങ് ലൈസൻസ് നിരോധിക്കുക.

12 മൽസ്യത്തൊഴിലാളികരംക്ക് നൽകുന്ന ആനുകൂല്യങ്ങരം മൽസ്യവിതരണ തൊഴിലാളികരംക്കും ബാധകമാക്കുക.

13 കടൽഭിത്തി നിർമ്മാണം പൂർത്തികരിക്കുക. ഫിഷിങ്ങ് ഗ്യാപ്പ് ഇടുന്ന സ്ഥലങ്ങളിൽ കടലിലേക്ക് പുലിമുട്ട് നിർമ്മിച്ച് കടൽക്ഷോഭ രൂക്ഷത കുറക്കുക.

14 ശുദ്ധജലത്തിൽ വളരുന്ന പരമ്പരാഗത മൽസ്യങ്ങരംക്കുണ്ടാകുന്ന രോഗത്തെക്കുറിച്ച് ഗവേഷണം നടത്തി പ്രതിവിധി സ്വീകരിക്കുക.

15 നല്ലയിനം മൽസ്യക്കുഞ്ഞുങ്ങളെ ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. ശുദ്ധജല മൽസ്യകൃഷികരംക്ക് സാങ്കേതിക പരിശീലനവും സഹായവും നൽകുക.

17 അലങ്കാര മൽസ്യകൃഷി പ്രോൽസാഹിപ്പിക്കുക ഫിഷറീസ് വകുപ്പിൻെറ സഹായം ലഭ്യമാക്കുക.

17 കായലിനോടും കടലിനോടും ചേർന്നുള്ള തോടുകരം ഞണ്ടുകൃഷിക്ക് അനുയോജ്യമാകുന്ന വിധം സജ്ജീകരിച്ച് ഞണ്ടുകൃഷി പ്രോൽസാഹിപ്പിക്കുക.

18 മൽസ്യക്കുഞ്ഞുങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

19 വരാൽ മുതലായ മത്സ്യങ്ങരം നേരിടുന്ന രോഗങ്ങളെക്കുറിച്ച് പഠനം നടത്തണം.

20 പഞ്ചായത്ത്തലത്തൽ ശുദ്ധജല മൽസ്യകൃഷിക്കാവശ്യമായ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുുള്ള Bre ding Centre ആരംഭിക്കണം.

# വിദ്യാഭ്യാസം

## ആമുഖം

കുറെ നല്ല മനുഷ്യരെയും അതുവഴി ഒരു നല്ല സമൂഹത്തെയും സൃഷ്ടിക്കുകയെന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി സമൂഹം തന്നെ ഏറ്റെടുത്ത് ബോധപൂർവ്വം നിർവ്വഹിക്കുന്ന പ്രവർത്തനമാണ് വിദ്യാഭ്യാസം. മൂല്യബോധം നഷ്ടപ്പെട്ട സമൂഹത്തിന് മഹത്തായ ഈ ലക്ഷ്യബോധവും നഷ്ടപ്പെട്ടുപോയിരിക്കുന്നു. സ്വാർത്ഥതാൽപര്യങ്ങൾ മുൻനിർത്തിയുള്ള പരക്കം പാച്ചിലും മത്സരവും സാമൂഹ്യ ജീവിതത്തെ ദുഷ്കരമാക്കിയിരിക്കുന്നു. ഇത്തരം പ്രവണതകൾ വിദ്യാഭ്യാസകാര്യത്തിൽ ഏറെ മുൻപന്തിയിൽനിൽക്കുന്ന കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലും പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരിക്കുന്നു. ചില കുഴപ്പങ്ങൾ പ്രകടമാക്കാൻ തുടങ്ങിയിരിക്കുന്ന കേരളത്തിൽ വിദ്യാഭ്യാസം ഗണപരമായി വികസിച്ചെങ്കിലും ഗുണപരമായി വികസിച്ചിട്ടില്ല എന്ന പരാതി ഉയർന്നുവന്നിരിക്കുന്നു. ഇത് ഒട്ടൊക്കെ യാഥാർത്ഥ്യവുമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് നാം നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് ചിന്തിക്കുന്നത്.

ഇനി നമുക്ക് നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ചരിത്രത്തിലേക്ക് ഒന്നു കണ്ണോടിക്കാം. ഏറെക്കാലം മുൻപ് പത്താഴക്കോട്ട് ഗുരുക്കന്മാർ വിദ്യ അഭ്യസിപ്പിച്ചിരുന്ന ഗുരുകുല പാഠശാല അഥവാ കുടിപള്ളിക്കൂടം നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നുവെന്നത് കേട്ടുകേൾവിയാണ്. ഇവിടെ മണിപ്രവാളവും മററും അഭ്യസിപ്പിച്ചിരുന്നു പോലും! എന്നാൽ ഔപചാരിക വിദ്യാഭ്യാസത്തിന് ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തിൽ തന്നെ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെടുകയുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് ഒരഭിപ്രായം മിഷൻ സ്കൂളായി മതിലകത്ത് പ്രവർത്തനമാരംഭിച്ചതും ഇന്ന് ശ്രീനാരായണപുരത്ത് സ്ഥിതിചെയ്യുന്നതുമായ ഗവണ്മെൻറ് എൽ. പി. സ്കൂളാണ് ആദ്യത്തെ വിദ്യാലയം എന്നതാണ്. ദേശീയപ്രസ്ഥാനത്തിൽ സജീവപങ്കാളിയായിരുന്ന പോക്കാക്കില്ലത്ത് അബ്ദുൾഖാദർ മാസ്റ്റർ പുതിയകാവിൽ തുടങ്ങിയതും പിന്നീട് മതിലകത്ത് ഇന്ന് മൃഗാശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലത്ത് പ്രവർത്തിച്ചിരുന്നതുമായ ഒരു മാപ്പിളബോർഡ് സ്കൂളാണ് ആദ്യത്തെ സ്കൂളെന്നതാണ് മറെറാരഭിപ്രായം. ഇതു സംബന്ധിച്ച് രേഖകളൊന്നും ലഭ്യമല്ല. അബ്ദുൾഖാദർ മാസ്റ്റർക്ക് ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഒളിവിൽ പോകേണ്ടിവന്നതിനാൽ ഈ വിദ്യാലയം നാമാവശേഷമായിപോയത്രേ. കുളിമുട്ടത്ത് വാട്ടർടാങ്ക് സ്ഥിതിചെയ്യുന്നസ്ഥലത്ത് ഒരു ബോർഡ് സ്കൂൾ ഉണ്ടായിരുന്നു അത് 1944ലെ കൊടുങ്കാററിൽ വീണുപോവുകയും പിന്നീട് അംഗീകാരം നഷ്ടപ്പെടുകയും ചെയ്തു.

ഇപ്പോഠം പഞ്ചായത്തിൽ നിലവിലുള്ള വിദ്യാലയങ്ങളുടെ സ്ഥാപന വർഷം, സ്ഥാപകൻ എന്നിവ സംബന്ധിച്ച വിവരങ്ങഠം പട്ടിക [1]ൽ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | സ്ഥാപിച്ച വർഷം | സ്ഥാപകൻ |
|---|---|---|---|
| 1 | ജി. എൽ. പി. എസ്. പാപ്പിനിവട്ടം | 1875 നം 80നം ഇടയിൽ | ബ്രിട്ടീഷ് മിഷനറിമാർ |
| 2 | എൽ. പി. എസ്. ഓണച്ചെമ്മാവ് | 1952 | വി. സി. ഗോപു മാസ്ററർ |
| 3 | സെൻറ് മേരീസ് എൽ. പി. എസ് മതിലകം | 1903 | ക്രിസ്ത്യൻ മിഷനറി |
| 4 | എ. എം. എൽ. പി. എസ്. പാപ്പിനിവട്ടം | 1930 | പി. കെ. കാദർ കുഞ്ഞി |
| 5 | എൻ. എം. എൽ. പി. എസ്. കൂളിമുട്ടം | 1941 | കളപ്പറമ്പത്ത് ഉസ്മാൻ |
| 6 | എൽ. പി. എസ്. കഴുവിലങ്ങ് | 1924 | താഴിശ്ശേരി കണ്ടുണ്ണി മേനോൻ |
| 7 | എ. എം. യു. പി. എസ്. പാപ്പിനിവട്ടം | 1924 | കളപ്പറമ്പത്ത് ഉസ്മാൻ |
| 8 | എ. എം. യു. പി. എസ്. കൂളിമുട്ടം | 1920 | പുന്നിലത്ത് അബ്ദുഞ്ഞി |
| 9 | യു. പി. എസ്. കളരിപ്പറമ്പ് | 1928 | എം. ആർ. രാമൻ |
| 10 | യു. പി. എസ്. എമ്മാട് | 1925 | തായ്വള്ളിയിൽ ശങ്കരൻ |
| 11 | കെ. എം. എൽ. പി. എസ്. കൂളിമുട്ടം | 1960 | എം. യു. കുഞ്ഞയ്യപ്പൻ |
| 12 | സെൻറ് ജോസഫ്സ് ഹൈസ്ക്കൂഠം മതിലകം | 1905 | ക്രിസ്ത്യൻ മിഷനറി |
| 13 | ഒ എൽ. എഫ്. ജി. എച്ച്. എസ്. മതിലകം | 1953 | തെരേസ്യൻ കാർമ്മലൈററ് സിസ്റേറഴ്സ് |

# വിദ്യാലയങ്ങൾ - പൊതുസ്ഥിതി

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ പൊതു വിദ്യാഭ്യാസം നൽകുന്നതിന് 7 എൽ. പി. സ്കൂളുകളും 4 യു. പി. സ്കൂളുകളും 2 ഹൈസ്കൂളുകളും ഉണ്ട്. 4–ാം വാർഡിൽ വിദ്യാലയങ്ങൾ ഒന്നും തന്നെയില്ലെങ്കിലും ആ വാർഡിലെ കുട്ടികൾക്ക് എളുപ്പത്തിൽ എത്തിച്ചേരാവുന്ന സ്ഥലത്താണ് മററു വാർഡുകളിലെ വിദ്യാലയങ്ങൾ. പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളും കിഴക്കേ അററത്തായതിനാൽ മററു പ്രദേശത്തിലെ വിദ്യാർത്ഥികൾക്ക് യാത്രാക്ലേശം അനുഭവപ്പെടുന്നുണ്ട്. എല്ലാ വിദ്യാലയങ്ങളിലേയും വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിഭാഗം | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
|---|---|---|---|---|---|
| 1 | ജി. എൽ. പി. എസ, പാപ്പിനിവട്ടം | L. P. | 78 | 56 | 134 |
| 2 | എൽ. പി. എസ്. ഓണച്ചമ്മാവ് | L. P. | 66 | 63 | 129 |
| 3 | സെൻറ്മേരീസ് എൽ. പി. എസ്. മതിലകം | L. P. | 0 | 403 | 403 |
| 4 | എ. എം. എൽ. പി. എസ്. പാപ്പിനിവട്ടം | L. P. | 54 | 35 | 89 |
| 5 | എൻ. എം. എൽ. പി. എസ്. കൂളിമുട്ടം | L. P. | 69 | 58 | 127 |
| 6 | കെ. എം. എൽ. പി. എസ്. കൂളിമുട്ടം | L. P. | 111 | 111 | 222 |
| 7 | എൽ. പി. എസ്. കഴുവിലങ്ങ് | L. P. | 36 | 36 | 72 |
| 8 | എ. എം. യു. പി. എസ്. പാപ്പിനിവട്ടം | L. P U. P. | 183 | 165 | 348 |
| 9 | എ. എം. യു. പി. എസ്. കൂളിമുട്ടം | L. P. U. P. | 215 | 197 | 412 |
| 10 | യു. പി. എസ്. കളരിപ്പറമ്പ് | L. P. U. P. | 242 | 161 | 403 |
| 11 | യു. പി. എസ്. എമ്മാട് | L. P. U. P. | 273 | 228 | 501 |
| 12 | സെൻറ് ജോസഫ്സ് ഹൈസ്കൂൾ | L P, U P H S | 1215 | 242 | 1457 |
| 13 | ഒ. എൽ. എഫ്. ജി. എച്ച്. എസ്. മതിലകം | L P, U P H S | 0 | 1080 | 1080 |
| | TOTAL | | 2542 | 2835 | 5377 |

പെൺകുട്ടികൾക്ക് മാത്രമായുള്ള ഒ. എൽ. എഫ്. ജി. എച്ച്. എസിൽ പഞ്ചായത്തിലെ തന്നെ പെൺകുട്ടികൾക്ക് പ്രവേശനം നൽകാത്തതു മൂലം അവർ ഏറെ ദൂരെയുള്ളതും മററു പഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്നതുമായ വിദ്യാലയങ്ങളിൽ പോയി പഠിക്കേണ്ടിവരുന്നതിന്റെ ബുദ്ധിമുട്ടുകൾ ഗ്രാമസഭകളിൽ ഉന്നയിക്കപ്പെടുകയുണ്ടായി. അതേ സമയം മററു പ്രദേശങ്ങളിൽ നിന്നുവരുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നുമുണ്ട്. ഈ പ്രശ്നം ഗ്രാമസഭകളിൽ ഗൗരവമായി ഉന്നയിക്കപ്പെട്ടിട്ടുണ്ട്

## ഭൗതിക സാഹചര്യങ്ങൾ

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ പഞ്ചായത്തിലെ വിദ്യാലയങ്ങൾ തമ്മിൽ തികഞ്ഞ അന്തരം പ്രകടമാണ്. മതിലകത്ത് പ്രവർത്തിക്കുന്ന രണ്ട് ഹൈസ്കൂളുകൾ നല്ല കെട്ടിടം, മൂത്രപ്പുരകൾ, കുടിവെള്ളം, കക്കൂസ്, ബെഞ്ച്, ഡസ്ക് എന്നിവ ആവശ്യത്തിനുള്ളവയാണ്. സെൻറ് ജോസഫ്സ് ഹൈസ്കൂളിൽ വിശാലമായ കളിസ്ഥലമുണ്ട്. ഒ. എൽ. എഫ്. ജി. എച്ച്. എസിൽ കളിസ്ഥലം തീരെ ഇല്ല. വളരെ ഇടുങ്ങിയ ചുററുപാടിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളാണ് എൻ. എം. എൽ. പി. എസ്. കൂളിമുട്ടം, കഴുവിലങ്ങ് എൽ. പി സ്കൂൾ, ഓണച്ചമ്മാവ് എൽ. പി. സ്കൂൾ എന്നിവ. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് മോശമല്ലാത്ത സൗകര്യങ്ങൾ എല്ലാ സ്കൂളുകളിലുമുണ്ട്. മൂത്രപ്പുരകൾ അപര്യാപ്തമാണ്.

ഭൗതിക സാഹചര്യങ്ങളെക്കുറിച്ച് എല്ലാ വിദ്യാലയങ്ങളെയും സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക (3) ൽ കൊടുക്കുന്നു.

പട്ടിക No. 3

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഓഫീസ് മുറി | സ്റ്റാഫ് റൂം | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കിണർ/പൈപ്പ് | ഫർണീച്ചർ മതിയായവുമോ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | G L P S പാപ്പിനിവട്ടം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 2 | L P S ഓണച്ചമ്മാവ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് പോര | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 3 | St Mary's L P S മതിലകം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | പോര | പോര | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | A M L P S പാപ്പിനിവട്ടം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 5 | N M L P S കൂളിമുട്ടം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 6 | K M L P S കൂളിമുട്ടം | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് പോര | ഉണ്ട് | ഉണ്ട് | ഉണ്ട് | പോര |
| 7 | L P S കഴുവിലങ്ങ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 8 | A M U P S പുതിയകാവ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് പോര | ഉണ്ട് പോര | ഉണ്ട് | ഇല്ല | ഉണ്ട് | പോര |
| 9 | A M U P S കൂളിമുട്ടം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | പോര | പോര | ഉണ്ട് | ഉണ്ട് | ഉണ്ട് | പോര |
| 10 | U P S കളരിപ്പറമ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | പോര | പോര | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 11 | U P S എമ്മാട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് പോര | പോര | ഉണ്ട് | ഇല്ല | ഉണ്ട് | പോര |
| 12 | St Josephs H S മതിലകം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | പോര | പോര | ഉണ്ട് | ഉണ്ട് | ഉണ്ട് | പോര |
| 13 | O L F G H S മതിലകം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് പോര | ഉണ്ട് പോര | ഉണ്ട് | ഉണ്ട് | ഉണ്ട് | പോര |

# പഠനനിലവാരം.

മൊത്തത്തിൽ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠനനിലവാരം മെച്ചപ്പെട്ടതാണ് എന്ന് പറയാൻ നിവൃത്തിയില്ല എന്നാണ് ഗ്രാമസഭകളുടെ അഭിപ്രായം. S. S. L. C. റിസൽററിനെ ആധാരമാക്കി പരിശോധിക്കുമ്പോൾ O.L.F.G.H.S.ലെ പഠനനിലവാരം ഉയർന്നതാണെന്നും സെൻറ് ജോസഫ് ഹൈസ്കൂളിലെ പഠനനിലവാരം മെച്ചപ്പെട്ടതല്ല എന്നും തോന്നാം.

രണ്ട് ഹൈസ്കൂളുകളിലെ കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ വിജയ ശതമാനം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | സ്കൂളിന്റെ പേര് | 1991–92 | 1992–93 | 1993 94 | 1994–95 | 1995–96 |
|---|---|---|---|---|---|---|
| 1 | സെൻറ് ജോസഫ്സ് ഹൈസ്കൂൾ മതിലകം | 49 | 40 | 46 | 45 | 39 |
| 2 | O. L. F. G. H. S മതിലകം | 97 | 96.9 | 96.6 | 98 | 96.7 |

O. L. F. G. H. S. ൽ ഉയർന്ന മാർക്ക് നേടിയ കുട്ടികൾക്ക് മാത്രമാണ് എട്ടാംതരത്തിൽ പ്രവേശനം നൽകുന്നത് എന്ന വസ്തുത ഇവിടെ ഓർക്കേണ്ടതാണ്. അതേ സമയം സെൻറ് ജോസഫ്സ് ഹൈസ്കൂളിൽ പ്രവേശനത്തിന് ഇത്തരം നിബന്ധനകളില്ല. യു. പി. എൽ. പി. വിദ്യാലയങ്ങളെ ഇത്തരത്തിൽ വിലയിരുത്തുവാൻ നിർവാഹമില്ല. പൊതുവെ പറഞ്ഞാൽ വിദ്യാലയങ്ങളിലൊന്നും തന്നെ പഠനത്തിനും ബോധനത്തിനും പുതിയ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. അദ്ധ്യാപകർക്ക് ഇത് സംബന്ധിച്ച പരിശീലനത്തിന്റെ അഭാവമുണ്ട്. പഠനോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ അദ്ധ്യാപകർ പൊതുവെ വിമുഖരാണ്. ഓർമ്മശക്തി മാത്രം പരിശോധിക്കുന്ന പരീക്ഷാസമ്പ്രദായമാണ് നിലവിലുള്ളത്.

| ക്ലാസ്സ് | ആകെ | 3%ത്തിന് താഴെ | 30–40 | 40–50 | 50–60 | 60%ൽ കൂടുതൽ |
|---|---|---|---|---|---|---|
| III | 568 | 102 | 66 | 129 | 93 | 178 |
| IV | 594 | 117 | 88 | 116 | 85 | 188 |
| V | 543 | 68 | 109 | 95 | 88 | 183 |
| VI | 542 | 112 | 157 | 127 | 89 | 57 |
| VII | 594 | 189 | 124 | 95 | 68 | 118 |
| VIII | 609 | 229 | 141 | 97 | 56 | 86 |
| IX | 450 | 100 | 82 | 91 | 57 | 120 |
| X | 287 | 90 | 48 | 34 | 38 | 77 |
| ആകെ | 4187 | 1007 | 815 | 784 | 574 | 1007 |
| ശതമാനം | | 24.05% | 19.46% | 18.72% | 13.07% | 24.05% |

## പാരാ അക്കാദമിക് പ്രവർത്തനങ്ങൾ

പാഠാനുബന്ധ പ്രവർത്തനങ്ങൾക്ക് വിദ്യാലയങ്ങളിൽ പ്രാധാന്യം കുറഞ്ഞു വരികയാണ്. സിലബസനുസരിച്ച് പാഠങ്ങൾ തീർക്കുകയാണ് വിദ്യാലയ പ്രവർത്തനം എന്നായിരിക്കുന്നു. ലൈബ്രറി, ലാബോറട്ടറി എന്നിവയുടെ പ്രവർത്തനം തൃപ്തികരമല്ല ചില വിദ്യാലയങ്ങളിൽ അസംബ്ലി, യൂണിഫോം എന്നിവയുണ്ട്. സ്കൗട്ട്, ഗൈഡ് എന്നീ പ്രസ്ഥാനങ്ങൾ വിദ്യാലയങ്ങളിൽ ഫലപ്രദമായി ഇല്ല. മാസ്ഡ്രിൽ, സാഹിത്യസമാജങ്ങൾ, സയൻസ് ക്ലബ്ബ് എന്നിവ നന്നായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ കുറവാണ്. ദേശീയ ദിനാചരണങ്ങൾ, പഠനയാത്രകൾ എന്നിവ അദ്ധ്യയന പ്രവർത്തനം, എന്ന രീതിയിൽ ഉപയോഗപ്പെടുന്നില്ല. പഞ്ചായത്തിലെ വിദ്യാലയങ്ങൾ തമ്മിൽ പരസ്പരം സഹകരിച്ചുള്ള പ്രവർത്തനങ്ങൾ കുറവാണ്. സ്കൂൾ വാർഷികങ്ങൾ നടത്തുന്ന പതിവില്ല. രക്ഷാകർത്തൃ ദിനം, പൂർവ വിദ്യാർത്ഥി സംഗമം എന്നിവ നടക്കാറില്ല.

## വിദ്യാലയ സംഘടനകൾ

വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന സംഘടനകൾ ആണ് **P T A**, മാതൃസംഗമം, പൂർവ വിദ്യാർത്ഥിസംഘം, വിദ്യാലയസമിതി എന്നിവ. ഇത്തരം സംഘടനകൾ നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെല്ലാം രൂപീകരിച്ചിട്ടുണ്ട് എന്നാൽ ചില വിദ്യാലയങ്ങളിൽ മാത്രമാണ് അവ ഫലപ്രദമായി പ്രവർത്തിക്കുന്നത്.

## പ്രീ പ്രൈമറി വിദ്യാഭ്യാസം

പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനു് ബാലവാടികൾ, അംഗനവാടികൾ, നഴ്സറികൾ, ശ്രീഭവൻ എന്നിവയായി 15 ഓളം കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. മഹിളാസമാജങ്ങൾ, പഞ്ചായത്തിലെ സ്കൂളുകൾ എന്നിവയാണ് ഇവയുടെ ചുമതലകൾ വഹിക്കുന്നത്. നഴ്സറികളുടെ സ്ഥിതി വളരെ മോശമാണ്. പലതിലും കുട്ടികൾക്ക് കളിക്കാനുള്ള കളിപ്പാട്ടങ്ങളോ സൗകര്യപ്രദമായ സ്ഥലമോ കെട്ടിടങ്ങളോ ഇല്ല. കുട്ടികളുടെ മനസ്സിലേക്ക് അക്ഷരങ്ങളും മററും അടിച്ചേൽപ്പിക്കുകയാണ് മിക്ക സ്ഥലങ്ങളിലും ചെയ്യുന്നത്. അദ്ധ്യാപികമാർക്ക് ഇതു സംബന്ധിച്ച പരിശീലനത്തിന്റെ കുറവുണ്ട് അംഗൻവാടി പ്രവർത്തകരിൽ പരിശീലനം ലഭിച്ചവർ കുറവാണ്.

## സാങ്കേതിക വിദ്യാഭ്യാസം

പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലെന്നുതന്നെ പറയാം. പേരിനു് മതിലകത്തെ രണ്ട് ടൈപ്പ്റൈററിംഗ് ഇൻസ്റ്റിററ്യൂട്ടുകൾ ഉണ്ട് Insat എന്ന പേരിൽ ഒരു സ്വകാര്യ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം അടുത്തകാലത്ത് മതിലകത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസം

S S L C കഴിഞ്ഞവർക്ക് ഉന്നതവിദ്യാഭ്യാസം നൽകാനുള്ള കേന്ദ്രങ്ങളൊന്നും പഞ്ചായത്തിലില്ല. കോളേജ് വിദ്യാഭ്യാസത്തിന് അന്യസ്ഥലങ്ങളെ ആശ്രയിക്കുകയെ നിർവ്വാഹമുള്ളു.

## പ്രശ്നങ്ങൾ:-

1 പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം കുറഞ്ഞുവരുന്നു.

2 പൊതുവെ വിദ്യാലയങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

3 അക്കാദമിക് തലത്തിൽ പഠനബോധനരീതികൾ കുട്ടികൾക്ക് രസകരമായി അനുഭവപ്പെടുന്നില്ല.

4 മൂല്യനിർണയം കുട്ടികളുടെ എല്ലാ കഴിവുകളേയും വിലയിരുത്തുന്നതിനു ഉതകുന്നില്ല.

5 വിദ്യാലയപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ ശ്രദ്ധയും പങ്കാളിത്തവും കുറവാണ്.

6 വിദ്യാലയവും സമൂഹവുമായുള്ള ആരോഗ്യകരമായ ബന്ധം വളർന്നു വരുന്നില്ല.

7 സ്കൂളുകളിൽ തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ മുൻകാലങ്ങളിലേതിനേക്കാൾ കുറഞ്ഞുവരുന്നു

8 ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത വിദ്യാർത്ഥികളുടെ പഠനത്തേയും ആരോഗ്യത്തെയും ദോഷകരമായി ബാധിക്കുന്നുണ്ട്

9 വിദ്യാലയാന്തരീക്ഷം സുരക്ഷിതമായി പരിപാലിക്കാനുള്ള സൗകര്യങ്ങൾ കുറവാണ്. സാമൂഹ്യദ്രോഹികൾ ഇത് മുതലെടുക്കുന്നുണ്ട്.

10 പരിസരശുചിത്വം നിലനിർത്താൻ ചില വിദ്യാലയങ്ങൾ ശ്രദ്ധിക്കുന്നില്ല.

11 അധ്യാപക വിദ്യാർത്ഥി അനുപാതം വർദ്ധിച്ചതായതിനാൽ വ്യക്തിപരമായി കുട്ടികളെ ശ്രദ്ധിക്കാൻ അദ്ധ്യാപകർക്ക് കഴിയുന്നില്ല.

12 പ്രധാനാദ്ധ്യാപകന് അക്കാദമികവും ഭരണപരവുമായ ചുമതലകൾ നിർവ്വഹിക്കേണ്ടിവരുന്നതിനാൽ അക്കാദമിക് തലത്തിൽ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയുന്നില്ല.

13 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ തീരെ ഇല്ല.

14 പടിഞ്ഞാറൻ പ്രദേശത്ത് ഒരു ഹൈസ്കൂൾ ഇല്ലാത്തത് വിദ്യാർത്ഥികളുടെ ദുരിതം വർദ്ധിപ്പിക്കുന്നു.

15 സാധാരണ തൊഴിലുകളോടുള്ള ആഭിമുഖ്യം തീരെയില്ലാത്ത ഒരു സമൂഹമാണ് ഇന്ന് സൃഷ്ടിക്കപ്പെടുന്നത്.

16 പി.ടി.എ., മാതൃസംഗമം, പൂർവ്വവിദ്യാർത്ഥി സംഘടന, സ്കൂൾ സമിതി, എന്നിവയുടെ പ്രവർത്തനം ഫലപ്രദമല്ല.

17 അക്ഷരമറിയാത്ത കുട്ടികൾ പ്രൈമറിയിൽ മാത്രമല്ല ഹൈസ്കൂളിൽ പോലുമുണ്ട്

18 ഗണിതവും ഇംഗ്ലീഷും കുട്ടികളുടെ പേടിസ്വപ്നങ്ങളായി നിലനിൽക്കുന്നു. ആ കൂട്ടത്തിലേക്ക് സാമൂഹ്യപാഠങ്ങളും കടന്നിരിക്കുന്നു.

19 കായിക രംഗം തീരെ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. കലയുടെ സ്ഥിതിയും മറിച്ചല്ല.

20 സ്കൂൾ ക്ലബ്ബുകളുടെ പ്രവർത്തനം ഒരു പഠന പ്രവർത്തനമായി വളരുന്നില്ല.

21 നഴ്സറി, അംഗൻവാടികൾ എന്നിവ വേണ്ടത്രയില്ലെന്ന് മാത്രമല്ല അവയിൽ ശാസ്ത്രീയമായ ശിശു വിദ്യാഭ്യാസ പരിപാടി നടപ്പാക്കപ്പെടുന്നില്ല

22 അംഗൻ വാടികൾക്ക് നല്ല കെട്ടിടങ്ങളോ ചുററുപാടുകളോ കളിക്കോപ്പുകളോ ഇല്ല.

23 ഇംഗ്ലീഷ് മീഡിയഭ്രമം രക്ഷിതാക്കളിൽ വർദ്ധിച്ചു വരുന്നു.

24 സ്കൂൾ ഹെൽത്ത് പരിപാടി ചിട്ടയായതും, ഫലപ്രദമായതുമല്ല.

25 സാക്ഷരതാ പ്രവർത്തനത്തിന്റെ തുടർച്ചയായ തുടർ വിദ്യാഭ്യാസ പരിപാടി നിലച്ചിരിക്കുന്നു.

26 ചിട്ടയായി പ്രവർത്തിക്കുന്ന വായനാശാലകൾ കുറവാണ് അവ വായനാശീലം വളർത്താനുള്ള തനതായ ശ്രമങ്ങൾ നടത്തുന്നില്ല

27 സ്കൂൾ ലൈബ്രറികൾ പ്രവർത്തിക്കുന്നില്ല.

28 പഠനത്തിനും ബോധനത്തിനും ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങൾ ഉപയോഗിക്കപ്പെടുന്നില്ല.

29 പെൺകുട്ടികൾക്ക് മാത്രമായുള്ള പഞ്ചായത്തിലെ ഏക വിദ്യാലയത്തിൽ പഞ്ചായത്തിലെ മററു വിദ്യാലയങ്ങളിൽ നിന്ന് വരുന്ന മുഴുവൻ കുട്ടികൾക്കും പ്രവേശനം ലഭിക്കുന്നില്ല.

30 പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗത്തുള്ള വർക്ക് കിഴക്കേ അററത്തുള്ള ഹൈസ്ക്കൂളുകളിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടുണ്ട്.

31 മാനേജ്മെൻറ് സ്ക്കൂളുകളിൽ പണം വാങ്ങിയുള്ള അദ്ധ്യാപകനിയമനം. അദ്ധ്യാപകരുടെ ആത്മാർത്ഥത കുറയുന്നു.

32 സ്വകാര്യ വിദ്യാലയങ്ങളിൽ പട്ടികജാതിക്കാർക്ക് അദ്ധ്യാപകവൃത്തിയിൽ അവസരം ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1 മതിലകം പഞ്ചായത്ത് വിദ്യാഭ്യാസ സമിതി രൂപീകരിക്കുക.

പഞ്ചായത്ത് സമിതി നേതൃത്വം നൽകുന്നതും പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേയും അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, വിദ്യാഭ്യാസ വകുപ്പ് അധികൃതർ, മാനേജർമാർ, വിദ്യാഭ്യാസ പ്രവർത്തകർ, സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പൂർവ വിദ്യാർത്ഥികൾ എന്നിങ്ങനെ വിദ്യാഭ്യാസത്തിൽ താൽപര്യമുളള എല്ലാവരും നല്ല ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയുടെ വേദിയായിരിക്കണം വിദ്യാഭ്യാസ സമിതി. പഞ്ചായത്തിലെ പ്രീ പ്രൈമറി, പ്രൈമറി, ഹൈസ്ക്കൂൾ, സാങ്കേതികം, ഉന്നതവിദ്യാഭ്യാസം, സാക്ഷരത എന്നീ മേഖലകളിലെല്ലാം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും പ്രാവർത്തികമാക്കുന്നതും അത് വിലയിരുത്തുന്നതും ഈ സമിതിയായിരിക്കണം.

ഈ സമിതിയുടെ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുക.

1 കൂളിമുട്ടത്ത് ഒരു ഹൈസ്ക്കൂൾ തുടങ്ങാനുളള പ്രവർത്തനങ്ങൾ ആരംഭിക്കുക.

2 പഞ്ചായത്തിലെ വിഭവങ്ങളും ആവശ്യങ്ങളും കണക്കിലെടുത്ത് അനുയോജ്യമായ തൊഴിൽ പരിശീലന സ്ഥാപനങ്ങൾ ആരംഭിക്കുക.

3 പെൺകുട്ടികൾക്കായുള്ള പഞ്ചായത്തിലെ വിദ്യാലയത്തിൽ പഞ്ചായത്തിലെ പെൺകുട്ടികൾക്ക് നിർബന്ധമായും പ്രവേശനം ഉറപ്പുവരുത്തുക.

4 പഠനോപകരണങ്ങളും പുതിയ ബോധനരീതികളും ഉപയോഗിച്ച് പഠനം രസകരമായ ഒരു അനുഭവമാക്കി മാററാനുള്ള പ്രചോദനം നൽകി അദ്ധ്യാപകരെ സജ്ജരാക്കുക.

5 പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങൾക്കും ഉപയോഗിക്കാവുന്ന ദൃശ്യശ്രാവ്യഉപകരണങ്ങൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കണം.

6 അദ്ധ്യാപകർക്ക് പുനഃ പരിശീലനം നൽകുക

7 P. T. A, മാതൃസംഗമം, സ്കൂൾ സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവ എല്ലാ സ്കൂളുകളിലും രൂപീകരിക്കുകയും പഞ്ചായത്ത് തലത്തിൽ അവയ്ക്ക് മാർഗ നിർദ്ദേശം നൽകി പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്യുക.

8 പൊതുജന സഹകരണത്തോടെ വിദ്യാലയങ്ങളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

9 പാഠ്യേതര പ്രവർത്തനങ്ങൾക്കും പാഠാനുബന്ധ പ്രവർത്തനങ്ങൾക്കും പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങൾക്കും ബാധകമായ കലണ്ടർ ഉണ്ടാക്കുക.

10 ദേശീയ ദിനാചരണങ്ങൾ ഒരു പഠനാനുഭവമാക്കി മാററാനുള്ള മാർഗ്ഗരേഖ തയ്യാറാക്കുക.

11 വിദ്യാലയദിനം, സ്പോർട്ട്സ്, യൂണിഫോം, മാസ്ഡ്രിൽ, സ്കൂൾ വാർഷികം എന്നിവ എല്ലാ സ്കൂളുകളിലും നിർബന്ധമാക്കുക.

12 പ്രതിമാസ അദ്ധ്യാപക സംഗമങ്ങളും ശിൽപശാലകളും സംഘടിപ്പിക്കുക.

13 സ്കൂൾ ക്ലബ്ബുകളെല്ലാം പ്രവർത്തിക്കുന്നവയാക്കാൻ മാർഗരേഖ തയ്യാറാക്കുക.

14 കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര, എന്നിവ എല്ലാ വിദ്യാലയങ്ങളിലും ബഹുജനപങ്കാളിത്തത്തോടെ നിർമ്മിക്കുക.

15 ഉച്ചഭക്ഷണം പാചകത്തിനും വൃത്തിയായി വിതരണം ചെയ്യുന്നതിനും പാത്രങ്ങളും മററും ഉണ്ടാക്കുക.

6 എല്ലാ വിദ്യാലയങ്ങളിലും ഉച്ച ഭക്ഷണം തയ്യാറാക്കുന്നതിന് പുകയേൽക്കാത്ത കമ്മ്യൂണിററി അടുപ്പുകൾ നിർമ്മിക്കുക.

17 നമ്മുടെ മക്കൾ പഠിക്കുന്ന വിദ്യാലയം നമ്മുടെ വിദ്യാലയം നാം തന്നെ അതിൻെറ സംരക്ഷകർ എന്ന ബോധം സമൂഹത്തിൽ വളർത്തിയെടുക്കാനും വിദ്യാലയവും സമൂഹവുമായി ഉള്ള ബന്ധം ആരോഗ്യകരവും സൃഷ്ടിപരവുമാക്കി മാററാനും P. T. A. മാതൃസംഗമം എന്നിവയിലൂടെ ബോധവൽക്കരണ പരിപാടികളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

18 പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങളെക്കുറിച്ച് പഠിക്കാനും സമഗ്രമായ നിർദ്ദേശങ്ങളും പരിപാടികളും തയ്യാറാക്കാനും ഒരു പ്രീപ്രൈമറി കമ്മീഷനെ നിയമിക്കുക അവരുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ പ്രീപ്രൈമറി വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തണം.

19 സഹകരണാടിസ്ഥാനത്തിൽ പാരലൽ കോളേജുകൾ സ്ഥാപിക്കുക.

20 വായന ശാലകളുടെ പ്രവർത്തനം സജീവമാക്കാനും വായന പ്രോത്സാഹിപ്പിക്കാനും ബഹുജന പങ്കാളിത്തത്തോടെ പരിപാടികൾ ആസൂത്രണം ചെയ്യണം. നിലവിലുള്ള വായനശാലകൾ എത്രയും വേഗം പ്രവർത്തന നിരതമാക്കണം.

21 തുടർ സാക്ഷരതാപരിപാടി പുനരാരംഭിക്കണം.

22 സ്കൂളുകളിലെ നിരക്ഷരരായ വിദ്യാർത്ഥികളെ കണ്ടെത്തി അക്ഷരപ്പുലരി പോലുള്ള പരിപാടികളിലൂടെ സമയബന്ധിതമായി അവരെ സാക്ഷരരാക്കണം.

23 അവധിക്കാലത്ത് ഓരോ വാർഡിലും പഠനോത്സവങ്ങൾ സംഘടിപ്പിക്കണം.

24 പത്താം ക്ലാസ് കഴിയുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കുക.

25 മിടുക്കൻമാരായവരും നിർദ്ധനരായവരുമായ വിദ്യാർത്ഥികൾക്ക് പഠന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ പഞ്ചായത്ത്തലത്തിൽ ഒരു നിധി രൂപീകരിക്കുക.

26 വിദ്യാലയങ്ങളിലെ മൊത്തം അക്കാദമികവും പാരാ അക്കാദമികവും ആയ പ്രവർത്തനങ്ങളെ വിലയിരുത്തി പഞ്ചായത്തിലെ ഏററവും നല്ല വിദ്യാലയത്തിന് വർഷം തോറും അവാർഡ് നൽകുക.

27 ഏററവും നന്നായി പ്രവർത്തിക്കുന്ന P. T. A, മാതൃസംഗമം എന്നിവയ്ക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തുക.

28 അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1 : 30 ആക്കുക.

29 സ്വകാര്യ വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനം P S C ക്ക് വിടുക. അത് നടപ്പിലാകുന്നതുവരെ സ്വകാര്യ വിദ്യാലയങ്ങളിലും ജോലി സംവരണം പാലിക്കുക.

# സംസ്കാരം

ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ മാത്രമല്ല ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം, നല്ല ഒരു സമൂഹത്തെ സൃഷ്ടിക്കൽ കൂടിയാണ്. ആയതിനാൽ ഈ വിഷയം അർഹിക്കുന്ന ഗൗരവത്തിൽ ചർച്ച ചെയ്യണം. മതസരാധിഷ്ഠിതവും, കച്ചവട പ്രധാനവുമായ ഇന്നത്തെ സമൂഹത്തിൽ സംസ്കാരവും ഒരു ഉൽപ്പന്നമാണ്. ഒരു സമൂഹത്തിന്റെ ജീവിത വീക്ഷണം, ആചാരാനുഷ്ഠാനങ്ങൾ, രാഷ്ട്രീയാധികാരഘടന, കല, സാഹിത്യം, ജീവസന്ധാരണമാർഗങ്ങൾ, കുടുംബ സമൂഹബന്ധങ്ങൾ ഇവയെല്ലാമടങ്ങുന്ന ജീവിത പ്രക്രിയയാണല്ലോ സംസ്കാരം.

മതിലകത്ത് തനതായ ഒരു സാംസ്കാരിക പാരമ്പര്യം ഉണ്ടായിരുന്നു. പുരാണ കൃതികളിലും രേഖകളിലും തൃക്കണാ മതിലകം എന്ന പേരിൽ നമ്മുടെ പ്രദേശം സ്ഥാനം പിടിച്ചതു കൊണ്ടു മാത്രമല്ല ഇങ്ങനെ പറഞ്ഞത്. മറിച്ച് ഇവിടത്തെ ജനങ്ങളുടെ ജീവിതരീതിയും ആചാരാനുഷ്ഠാനങ്ങളും പ്രത്യേകതകൾ ഉള്ളതായിരുന്നു.

തൃക്കണാമതിലകം എന്ന പേരുണ്ടായതിനു പിന്നിൽ ഏറെ ഐതീഹ്യങ്ങൾ നിലനിൽക്കുന്നു. തമിഴ് സാഹിത്യത്തിൽ ഈ സ്ഥലം അറിയപ്പെട്ടിരുന്നത് കണവായിൽ കോട്ടം എന്നായിരുന്നു. ഇതാണത്രെ പിന്നീട് ''തൃക്കണാപുര'' മായത്. ഇവിടം വാണിരുന്ന നാടുവാഴികൾ ഈ പ്രദേശമാകെ 7 മതിലുകൾ നിർമ്മിക്കാൻ തീരുമാനിച്ചെങ്കിലും ഇരിഞ്ഞാലക്കുട നമ്പൂതിരിമാരുടെ എതിർപ്പ് മൂലം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഈ മതിൽ നിർമ്മാണ സംരംഭം മൂലം തൃക്കണാ മതിലകം എന്ന പേര് വന്നുവെന്നാണ് വ്യാഖ്യാനം

സർവ്വ ഐശ്വര്യങ്ങളാലും സമൃദ്ധമായ ഒരു കാലത്ത് മഹാലക്ഷ്മിയുടെ തിലകം എന്ന അർത്ഥത്തിൽ മഹാതിലകം എന്നറിയപ്പെട്ടിരുന്നത് ലോപിച്ച് മതിലകം എന്ന പേര് വന്നതെന്ന് മറ്റൊരു വ്യാഖ്യാനവുമുണ്ട്.

14-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട കോകസന്ദേശത്തിലും ശുകസന്ദേശത്തിലും മതിലകത്തിന്റെ സമൃദ്ധിയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. കേരള ചരിത്രത്തിലും സാഹിത്യത്തിലും ഏററവും പ്രധാനപ്പെട്ട കൃതിയായ ചിലപ്പതികാരം തൃക്കണാമതിലകത്ത് വെച്ച് രചിക്കപ്പെട്ടതാണ്. അന്നത്തെ ചക്രവർത്തിയായിരുന്ന ചെങ്കുട്ടവന്റെ ഇളയ സഹോദരൻ ഇളങ്കോവടികളാണ് ഇതിന്റെ രചയിതാവ്. ചിത്രലേഖ അഥവാ ചിന്താമണി എന്നൊരു തമിഴ് കൃതിയും ഇവിടവുമായി ബന്ധപ്പെട്ടതാണ്.

ബുദ്ധജൈന മതങ്ങളാണിവിടെ ഏറേ പ്രചാരത്തിലുണ്ടായിരുന്നത്. മതിലകം കിഴക്കുംപുറത്ത് നിന്ന് 1967ൽ ഉത്ഖനനം ചെയ്തപ്പോൾ ജൈനമത ക്ഷേത്രത്തിന്റെ പഴകിയ അവശിഷ്ടങ്ങൾ പലതും കണ്ടെത്തുകയുണ്ടായി. 13-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ രചിച്ച ഉണ്ണിയച്ചീ ചരിതത്തിൽ മതിലകം പരാമർശിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ മിക്ക ക്ഷേത്രങ്ങളോടനുബന്ധിച്ചും കൂത്തമ്പലങ്ങൾ ഉണ്ടായിരുന്നു.

പൗരാണിക കാലഘട്ടത്തിലെന്നപോലെ ആധുനിക കാലത്തും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മുൻപന്തിയിലായിരുന്ന മതിലകം. നാട്ടികഫർക്കയിലെ ഏററവും പഴക്കമുള്ള സ്കൂളാണ് മിഷൻ സ്കൂളായി ആരംഭിച്ച സ്വാതന്ത്ര്യാനന്തരം ഗവർമ്മേണ്ട് സ്കൂളായി മാറിയ Govt. L. P. S. പാപ്പിനിവട്ടം. 1919ൽ ആരംഭിച്ച ശ്രീനാരായണ വിലാസം ലൈബ്രറി & റീഡിംങ്ങ് റൂമാണ് ആദ്യത്തെ വായനശാല. 1952 കാലഘട്ടത്തിൽ കളരിപ്പറമ്പ് കേന്ദ്രമായി തുടങ്ങിയ പാപ്പിനിവട്ടം യുവജന കലാസമിതിയാണ് ആദ്യത്തെ സാംസ്കാരിക സംഘടന. ഏതാണ്ടിതേകാലത്ത് തന്നെ തുടങ്ങിയ പ്രഭാത് ആർട്ട്സ് ക്ലബ്ബും Y M Cയും സജീവമായി പ്രവർത്തിച്ചിരുന്ന ക്ലബ്ബുകളാണ്. ആദ്യമായൊരു നാടകോത്സവം സംഘടിപ്പിച്ച മണപ്പുറം കലാസമിതിയുടെ പ്രധാനപ്രവർത്തകർ മതിലകത്തുകാരായിരുന്നു. കഥ, കവിത, നോവൽ, നാടകം തുടങ്ങിയ എല്ലാ മേഖലകളിലും ഒട്ടേറെ കൃതികൾ പ്രസിദ്ധീകരിച്ച ഈ. വി. ഗോപാലൻ മാസ്റ്ററും (ഈ. വി. ജി) മുൻ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ എന്ന നിലയിലും ഒട്ടേറെ ചരിത്രപഠനങ്ങൾ എഴുതിയ വ്യക്തി എന്ന നിലയിൽ പി. കെ. ഗോപാലകൃഷ്ണനും, സിനിമാ സംവിധായകനായ കമലും മതിലകത്ത് ജനിച്ച് വളർന്നവരാണെന്നത് നമുക്ക് അഭിമാനത്തോടെ പറയാം. ഈ പട്ടിക ഇനിയുമേറെ നീട്ടാനുണ്ട്. വിസ്താരഭയത്താൽ അതിന് മുതിരുന്നില്ല.

സർവ്വ മതങ്ങളും സാഹോദര്യത്തോടെയാണ് ഇവിടെ കഴിഞ്ഞിരുന്നത്. ഓണവും, പെരുന്നാളും ഒന്നിച്ച് വന്ന ഒരു വർഷത്തിൽ ഇരുസമുദായക്കാരും സംയുക്തമായി ആഘോഷങ്ങൾ സംഘടിപ്പിച്ചത് ഏറെ ചാരിതാർത്ഥ്യത്തോടെ, ആവേശത്തോടെ, അഭിമാനത്തോടെ പ്രായമായവർ ഇന്നും ഓർക്കുന്നു.

212

## സാംസ്കാരിക മതിലകം ഇന്ന്

നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക മേഖലയുടെ ഇന്നത്തെ അവസ്ഥ നമുക്കൊന്ന് പരിശോധിക്കാം. നേരത്തെ സൂചിപ്പിച്ചത്പോലെ 1919ൽ ആരംഭിച്ച ശ്രീനാരായണപുരം ലൈബ്രറികൂടാതെ 6 വായനശാലകൾകൂടി നമുക്കുണ്ട്. ഇതിൽ 4 ലൈബ്രറികൾക്ക് മാത്രമാണ് ഗ്രന്ഥശാല സംഘത്തിന്റെ ഗ്രാൻറ് ലഭിക്കുന്നത്. പഞ്ചായത്ത് ലൈബ്രറി ഉൾപ്പെടെ രണ്ട് ഗ്രന്ഥശാലകൾക്ക് ഗ്രാൻറ് ലഭിക്കുന്നില്ല. കളരിപ്പറമ്പിലെ ഗ്രാമീണവായനശാല ഒട്ടേറെ സാംസ്കാരിക, സാമൂഹിക, വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേർപ്പെട്ട് പ്രശംസാർഹമായ പ്രവർത്തനമാണ് നടത്തിവരുന്നത്. കുട്ടികൾക്ക് മാത്രമായി ഒരു വായനശാല അവിടെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഗ്രാൻറ് ലഭിച്ചിട്ട് പോലും തുറന്ന് പ്രവർത്തിക്കാത്ത K M A C വായനശാലയും Y M C വായനശാലയും നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്നുള്ളത് വിസ്മരിച്ചുകൂടാ.

### മതിലകം പഞ്ചാത്തിലെ ലൈബ്രറികൾ

| ക്രമ നമ്പർ | ലൈബ്രറിയുടെ പേര് | സ്ഥാപിച്ച വർഷം | വാർഡ് | ഗ്രേഡ് | ഗ്രാൻറായി ലഭിക്കുന്ന തുക | സ്വന്തം കെട്ടിടമുണ്ടോ | പ്രതിമാസ വാടക | വൈദ്യുതി ഉണ്ടോ | ആകെ പുസ്തകങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| 1 | ഗ്രാമീണ വായനശാല പാപ്പിനിവട്ടം കളരിപറമ്പ് | 1956 | IV | A | 11000 | ഉണ്ട് | — | ഉണ്ട് | 5915 | 130 |
| 2 | പി. എ. സെയ്തുമുഹമ്മദ് സ്മാരക ലൈബ്രറി&റീഡിംഗ്റൂം പഞ്ചായത്ത് വക | | VI | | | ഉണ്ട് | — | ഇല്ല | | |
| 3 | K. M. A. C. ലൈബ്രറി കൂളിമുട്ടം | 1962 | VIII | A | 11000 | ഇല്ല | 75 | ഉണ്ട് | 3121 | 148 |
| 4 | ജവഹർ മെമ്മോറിയൽ ലൈബ്രറി കാതിക്കോട് | 1968 | VII | D | 5600 | ഇല്ല | 275 | ഉണ്ട് | 1300 | 143 |
| 5 | രാഗം റിക്രിയേഷൻ ക്ലബ്ബ് ഊമന്തറ–കൂളിമുട്ടം | 1978 | XI | — | — | ഇല്ല | 150 | ഉണ്ട് | 800 | 125 |
| 6 | Y M C വായനശാല മതിലകം | 1954 | II | A | 11000 | ഉണ്ട് | | ഉണ്ട് | 7023 | 137 |
| 7 | ശ്രീനാരായണ വിലാസം ലൈബ്രറി & റീഡിംഗ് റൂം. S. N. പുരം | 1919 | I | A | 11000 | ഉണ്ട് | ഇല്ല | ഇല്ല | 6000 | 102 |

നാല്പതോളം സാംസ്കാരിക കേന്ദ്രങ്ങൾ ഇവിടെയുണ്ട്. ദൈനംദിനേനയെന്നവണ്ണം കൂടിച്ചേർന്ന് പ്രാദേശികമായി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിവരുന്ന കൂളിമുട്ടം ജനശക്തി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മതിലകം ഗ്രാമവേദി, ശ്രീനാരായണപുരം രചന കലാകായികവേദി എന്നിവ ഇതിനകം ജനശ്രദ്ധ പിടിച്ച്പററിയ സാംസ്കാരിക സംഘങ്ങളാണ്. സ്വന്തമായി സ്ഥലംവാങ്ങി പ്രാദേശിക വിഭവസമാഹരണത്തിലൂടെ കെട്ടിടം പണിത കൂളിമുട്ടം അരുണ തിയ്യറേഴ്സും ഏറെ ശ്രദ്ധിക്കപ്പെട്ട ഒരു സ്ഥാപനമാണ്. വളരെക്കാലം മുൻപേതന്നെ നിരവധി അമേച്വർ നാടകങ്ങൾ അവതരിപ്പിച്ച് കൂളിമുട്ടം ഭാഗങ്ങളിൽ ജനശ്രദ്ധപിടിച്ച്പററിയിരുന്ന സ്ഥാപനങ്ങളാണ് KMACയും സീമാ തിയ്യറേഴ്സും രാഗം റിക്രിയേഷൻ ക്ലബ്ബും. എന്നാൽ ഭൂരിഭാഗം ക്ലബ്ബുകളും വാർഷിക ആഘോഷത്തിൽ ഏറെ ശ്രദ്ധിക്കുകയും മററൊന്നും ചെയ്യാതിരിക്കുകയും ചെയ്യുന്നു എന്നുള്ളത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. ശരിയായ കാഴ്ചപ്പാടിന്റെ അഭാവമോ, സംഘാടനത്തിലെ ആസൂത്രണത്തിന്റെ വൈകല്യമോ, മൊത്തം സമൂഹത്തെ ബാധിച്ച അലസതയോ ആവാം ഇതിനു കാരണം. തനതു നാടൻകലകളും, ആചാരങ്ങളും വേരററ് പോയിക്കൊണ്ടിരിക്കുന്നു. നൃത്തം, സംഗീതം എന്നിവ പഠിപ്പിക്കുന്ന 5 കേന്ദ്രങ്ങൾ ഉണ്ടെങ്കിലും ഇത് ശാസ്ത്രീയമായോ ഗൗരവമായോ അല്ല നടത്തപ്പെടുന്നത്. ചില സംഘങ്ങൾ കയ്യെഴുത്ത് മാസിക ഇടക്കിടക്ക് ഇറക്കാറുണ്ട്. എന്നാൽ മതിലകം ഗ്രാമവേദി മാസംതോറും ''ഗ്രാമ ശബ്ദം'' എന്ന

213

പേരിൽ ഒരു വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ പുന്നക്കബസാറിൽ നിന്ന് M. V. മുഹമ്മദ് ''ശാലീന കൈരളി'' എന്ന വാർത്താപത്രിക ഇടക്കിടെ പ്രസിദ്ധീകരിക്കാറുണ്ട്.

| ക്രമ നമ്പർ | പേര് | വാർഡ് | സ്വന്തം കെട്ടിടമുണ്ടോ | സ്ഥാപിച്ച വർഷം | രജി: ഉണ്ടോ |
|---|---|---|---|---|---|
| 1 | രചന കലാകായികവേദി | I | ഇല്ല | 1970 | ഉണ്ട് |
| 2 | ഫ്രൻസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | I | ഉണ്ട് | 1988 | ഉണ്ട് |
| 3 | Y M C മതിലകം | II | ഉണ്ട് | | ഉണ്ട് |
| 4 | വിന്നേഴ്സ് ക്ലബ്ബ് | III | | | ഇല്ല |
| 5 | ആർട്ട്സ് ഓഫ് കളരിപറമ്പ് | IV | ഇല്ല | 1988 | ഇല്ല |
| 6 | A K G ആർട്ട്സ് ക്ലബ്ബ് | IV | | | ഇല്ല |
| 7 | ഗ്രാമവേദി മതിലകം | V | ഇല്ല | 1991 | ഉണ്ട് |
| 8 | സുബാഷ് ക്ലബ്ബ് മതിലകം | V | ഇല്ല | 1975 | ഉണ്ട് |
| 9 | ട്രാക്സ് ഇന്ത്യ എൻററ്ടൈനേഴ്സ് മതിലകം | V | ഇല്ല | 1992 | ഉണ്ട് |
| 10 | സ്റ്റേററ് നാച്ചുറൽ അനാലിസിസ് സെൽ | VI | ഇല്ല | 1996 | ഇല്ല |
| 11 | ഉദയ ആർട്ട്സ് ക്ലബ്ബ് | VI | ഇല്ല | | ഇല്ല |
| 12 | മതിൽമൂല റിക്രിയേഷൻ ക്ലബ്ബ് | III | ഇല്ല | | ഇല്ല |
| 13 | ജവഹർ ആർട്ട്സ് ക്ലബ്ബ് | VII | ഇല്ല | 1968 | ഉണ്ട് |
| 14 | സീമ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | VIII | | 1980 | ഉണ്ട് |
| 15 | യുവധാര ആർട്ട്സ് ക്ലബ്ബ് | IX | ഇല്ല | | ഇല്ല |
| 16 | സ്വരാജ് ആർട്ട്സ് ക്ലബ്ബ് | IX | ഇല്ല | | |
| 17 | മൈത്രി ആർട്ട്സ് ക്ലബ്ബ് | IX | ഇല്ല | | |
| 18 | സർഗവീണ ക്ലബ്ബ് പൊക്ലായി | X | ഇല്ല | | ഇല്ല |
| 19 | ജനശക്തി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | X | ഉണ്ട് | | ഉണ്ട് |
| 20 | ഗ്രാമീണ കലാവേദി | X | ഇല്ല | | ഇല്ല |
| 21 | പ്രഭാത് ആർട്ട്സ് ക്ലബ്ബ് | V | ഇല്ല | 1993 | ഇല്ല |
| 22 | അരുണ തിയ്യേറേഴ്സ് | XI | ഉണ്ട് | 1980 | ഉണ്ട് |
| 23 | രാഗം റിക്രിയേഷൻ ക്ലബ്ബ് | XI | ഇല്ല | 1978 | ഇല്ല |
| 24 | ഐശ്വര്യ ആർട്ട്സ് ക്ലബ്ബ് | XI | ഇല്ല | 1991 | ഇല്ല |
| 25 | K M A C | X | ഇല്ല | 1962 | ഉണ്ട് |
| 26 | പ്രണവം ആർട്ട്സ് ക്ലബ്ബ് | VI | ഇല്ല | | |
| 27 | യുവകലാവേദി | X | | | |
| 28 | യുവകലാസാഹിതി മതിലകം | | | | |

നാടകവുമായി ബന്ധപ്പെട്ട ഒട്ടേറെ ആളുകൾ ഇവിടെ ഇന്നുണ്ട്. അമേച്വർനാടകങ്ങൾ ഇവിടെ ഇടക്കിടെ അരങ്ങേറാറുണ്ട്. പ്രൊഫഷണൽ നാടകങ്ങളും, ഗാനമേളകളും, കേരളീയ കലാരൂപങ്ങളായ കഥകളി, ഓട്ടൻതുള്ളൽ എന്നിവയും ഉത്സവങ്ങളുടേയും ആഘോഷങ്ങളുടേയും ഭാഗമായി ഇവിടെ അവതരിപ്പിക്കാറുണ്ട്. ടി. വി. യും, കേബിൾ ടി. വിയും വ്യാപകമാവുന്നു. മലയാള

മനോരമ, മാതൃഭൂമി, ദേശാഭിമാനി, മാധ്യമം, എക്സ്പ്രസ് തുടങ്ങിയ പത്രങ്ങളാണിവിടെ പ്രചാരത്തിലുള്ളത്. ഒട്ടുമിക്ക ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇവിടെ വിൽക്കപ്പെടുന്നുണ്ട്. പൈങ്കിളി വാരികകൾ സ്ത്രീകളുടെ ഇടയിൽ ഏറെ പ്രചാരത്തിലുണ്ട്. മൂന്ന് സിനിമാ ശാലകൾ, പഞ്ചായത്തിന്റെ രണ്ട് സ്റ്റേജുകൾ, സ്വകാര്യവ്യക്തികളുടെ രണ്ട് ഓഡിറ്റോറിയങ്ങൾ എന്നിവയും ഈ പഞ്ചായത്തിൽ ഉണ്ട്. പുസ്തകങ്ങൾ വാങ്ങുന്ന ആളുകൾ അനവധിയുണ്ടെങ്കിലും ഗൗരവമായി വായനയെ കാണുന്നവർ വിരളമാണ്.

മതസൗഹാർദ്ദം നിലനിൽക്കുന്ന ഇവിടെ ഹിന്ദുക്കളും, മുസ്ലീങ്ങളും, ക്രിസ്ത്യാനികളും ഉണ്ട്. ഹിന്ദുക്കളും മുസ്ലീങ്ങളും മതിലകത്തും പടിഞ്ഞാറ് ഭാഗത്തുമായി ഇടകലർന്ന് ജീവിക്കുന്നു. ക്രിസ്ത്യാനികൾ മതിലകത്തിന്റെ കിഴക്ക് ഭാഗത്താണ് താമസിക്കുന്നത്. ഉത്സവങ്ങളും, ആഘോഷങ്ങളും ജനകീയമായാണ് നടന്ന് വരുന്നതെങ്കിലും മതേതരകാഴ്ചപ്പാടുള്ളവർ ഇത്തരം ആഘോഷ സമിതികളിൽ കുറയുന്നതിനാൽ ഈ രംഗത്ത് ചെറിയ പ്രശ്നങ്ങൾ ഉണ്ടാവുന്നുണ്ട്.

ഏറെ എഴുത്തുകാരുള്ള മതിലകത്ത് അവർക്ക് കൂടിച്ചേരാനൊരു വേദി ഇല്ലാത്തതിനാൽ പ്രശ്നങ്ങൾ നേരിടുന്നു. 13 വിദ്യാലയങ്ങൾ ഉണ്ടെങ്കിലും സാംസ്കാരിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതിൽ അവയുടെ പങ്ക് തൃപ്തികരമല്ല.

കായികരംഗത്ത് ഒട്ടേറെ പ്രഗത്ഭർ ഇവിടെ ജീവിച്ചവരായുണ്ട്. വിശ്രമജീവിതം നയിക്കുന്ന മുൻനേവി വോളിബോൾ കോച്ച് ജോർജ് കളപ്പറമ്പത്ത്, ഗാന്ധിജി യൂണിവേഴ്സിറ്റി മുൻവോളിബോൾ ക്യാപ്റ്റൻ സാബിൻ സെബാസ്റ്റ്യൻ, യൂണിവേഴ്സിറ്റിതാരമായ കെ. പി. പ്രദീപ് എന്നിവർ ഇതിനകം ഏറെ അംഗീകാരങ്ങൾ ലഭിച്ചവരാണ്. വോളിബോൾ ഇന്നും ഒട്ടുമിക്ക പൊതുസ്ഥലങ്ങളിലും കളിച്ച് വരുന്നു. ക്രിക്കറ്റിന്റെ ആഗമനം ചർച്ചചെയ്യപ്പെടേണ്ട ഒരു കാര്യമാണ്. പഴയനാടൻ കളികളൊന്നും ഇന്ന് പ്രചാരത്തിലില്ല. നീന്തൽ മത്സരത്തിന് കനോലികനാലും പോളക്കുളവും ഉപയോഗിക്കാറുണ്ട്. സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഗ്രൗണ്ടാണ് പഞ്ചായത്തിലെ ഏറ്റവും വലിയ ഗ്രൗണ്ട്. സ്കൂൾ സ്പോർട്ട്സ് മത്സരങ്ങൾ തൃപ്തികരമായല്ല നടത്തപ്പെടുന്നത്.

## പ്രശ്നങ്ങൾ

1 ഗ്രന്ഥശാലകളിൽ പലതും നല്ലരീതിയിൽ പ്രവർത്തിക്കുന്നില്ല. ചില വാർഡുകളിൽ ഗ്രന്ഥാശാലകളോ വായനശാലകളോ ഇല്ല. ഉള്ള ഗ്രന്ഥാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല

2 വായനാശീലം പൊതുവെ കുറയുന്നു. അത്യാധുനിക ഇലക്ട്രോണിക് മാധ്യമങ്ങളുടെ രംഗപ്രവേശം വായനയെ ബാധിക്കുന്നു. ടി. വി.യും കേബിൾ ടി. വി.യും ഇവിടെ വ്യാപകമാകുന്നു.

3 കലാകായിക സാംസ്കാരിക സ്ഥാപനങ്ങൾ അനവധിയെണ്ണം ഇവിടെ ഉണ്ടെങ്കിലും ഭൂരിഭാഗം സ്ഥാപനങ്ങളുടേയും പ്രവർത്തനം തൃപ്തികരമല്ല.

4 കലാകായിക സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തകർക്ക് ഒത്തുചേരാനും, ചർച്ചചെയ്യാനും വേദികളോ അവസരങ്ങളോ ഇല്ല.

5 കലാകായിക രംഗത്ത് പ്രാചീനങ്ങളായ കളികളിൽ പലതും അന്യം നിന്ന്പോയിരിക്കുന്നു. ഇപ്പോൾ ഉള്ളവതന്നെ ഒട്ടേറെ പ്രയാസങ്ങൾ നേരിടുന്നു.

6 വായനശാലകളും വിദ്യാലയങ്ങളും വാർഷികങ്ങൾ ആഘോഷിക്കാറില്ല.

7 മിക്ക വിദ്യാലയങ്ങളിലും സാഹിത്യസമാജം തുടർച്ചയായി നടത്തുന്നില്ല. പാഠ്യേതര വായനക്ക് പ്രോത്സാഹനം വേണ്ടത്രയില്ല. വിദ്യാലയങ്ങളിലെ വായനശാലാ പ്രവർത്തനം നിർജീവമാണ്.

8 കേരളോത്സവം ജനകീയമായി നടത്തപ്പെടുന്നില്ല.

9 മതസൗഹാർദ്ദത്തിനെതിരെ ചില നീക്കങ്ങൾ നടക്കുന്നു.

10 തുടർസാക്ഷരതാ പദ്ധതി ഇല്ലാത്തതിനാൽ നവസാക്ഷരർ വീണ്ടും നിരക്ഷരാവുന്നു.

11 നൃത്തം, സംഗീതം എന്നിവ ശാസ്ത്രീയമായും ഗൗരവമായും പരിശീലിക്കപ്പെടുന്നില്ല.

12 പഞ്ചായത്തിൽ ഒരു Information Centre ഇല്ല.

13 വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്കൂൾ തലത്തിൽ ഇല്ല.

## സാധ്യതകൾ (പരിഹാരനിർദ്ദേശങ്ങൾ)

### I വായനശാലകൾ

**a** തുറന്നു പ്രവർത്തിക്കാത്ത എല്ലാ വായനശാലകളിലും വാർഡ് മെമ്പർമാർ മുൻകൈ എടുത്ത് വിപുലമായ ജനകീയ സമിതികൾ രൂപീകരിക്കുക.

b പഞ്ചായത്തിലെ എല്ലാ വായനശാലകളുടേയും ഇന്നത്തെ അവസ്ഥ സമഗ്രമായി പഠിക്കുക (വായനക്കാരുടെ എണ്ണം, പുസ്തകങ്ങളുടെ എണ്ണം, ഭൗതിക സാഹചര്യങ്ങൾ എന്നിവ)

c കുട്ടികളുടെ വായനശാല പ്രത്യേകമായി ഓരോ വായനശാലയോടനുബന്ധിച്ച് തുടങ്ങുക. സ്കൂളുകളിലെ വായനശാല സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ പുനരുജ്ജീവിപ്പിക്കുക.

d ഓരോ വായനശാലയും ഒട്ടേറെ അനുബന്ധ പരിപാടികൾ (ചർച്ചകൾ, കയ്യെഴുത്തുമാസികകൾ, മത്സരങ്ങൾ, ക്യാമ്പുകൾ) നടത്തുന്നതിന് തയ്യാറാവുക.

e ഗൃഹ സന്ദർശനം നടത്തി പുതിയ വരിക്കാരെ കണ്ടെത്താൻ പരിപാടി തയ്യാറാക്കുക.

f റഫറൻസ് പുസ്തകങ്ങൾ ഏതെങ്കിലും ഒരു ലൈബ്രറിയിൽ ലഭ്യമാക്കുക.

g വായനശാലാ പ്രതിനിധികളുടെ ഒരു കോഡിനേഷൻ സമിതി രൂപീകരിക്കുക.

h ''പുസ്തകം കൈമാറൽ'' പ്രായോഗികമാണെങ്കിൽ നടപ്പിലാക്കുക

i പഞ്ചായത്ത് ആവശ്യമായ സാമ്പത്തികസഹായങ്ങൾ വായനശാലകൾക്ക് നൽകണം.

j T. V. കൊടുക്കുന്നതോടൊപ്പം പത്രങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും, സർക്കാർ പ്രസിദ്ധീകരണങ്ങളും എല്ലാ വായനശാലകൾക്കും സർക്കാർ സൗജന്യമായി കൊടുക്കുക.

k IV-ാം വാർഡിലെ കളരിപ്പറമ്പ് ഗ്രാമീണ വായനശാല **Information Centre, Study Centre** എന്നിവ ആക്കി മാററാൻ നടപടി സ്വീകരിക്കണം.

l വായനശാലകളും ഗ്രന്ഥാലയങ്ങളും ഇല്ലാത്ത സ്ഥലങ്ങളിൽ സർവ്വെ നടത്തി ആവശ്യമെങ്കിൽ അവ സംഘടിപ്പിക്കാനുള്ള ശ്രമം നടത്തുക.

## II ക്ലബ്ബുകൾ

a പഞ്ചായത്ത്തലത്തിൽ എല്ലാ ക്ലബ്ബുകളുടേയും പ്രതിനിധികളെ വിളിച്ച് ചേർത്ത് കോഡിനേഷൻ സമിതി രൂപീകരിക്കുക.

b ഈ സമിതിയുടെ നേതൃത്വത്തിൽ ഒരു ശില്പശാല സംഘടിപ്പിക്കുക.

c സാംസ്കാരികനയം ഇതിൽ ചർച്ച ചെയ്ത് അംഗീകരിക്കണം.

d മാസത്തിൽ ഒരു പരിപാടി എന്ന നിലക്ക് വാർഷിക കലണ്ടർ തയ്യാറാക്കണം.

e പഞ്ചായത്ത് തലത്തിൽ സാഹിത്യ കലാമത്സരങ്ങൾ, ക്യാമ്പുകൾ, ചർച്ചാവേദികൾ, കയ്യെഴുത്തു മാസികകൾ എന്നിവ സംഘടിപ്പിച്ച് യുവജനങ്ങളുടെ സർഗ വാസനയെ പ്രോത്സാഹിപ്പിക്കുക.

f അമേചർ നാടകത്തെ പ്രോത്സാഹിപ്പിക്കണം. ഈ രംഗത്ത് പ്രവർത്തിക്കുന്നവരെ വിളിച്ച് ചേർത്ത് മതിലകം പഞ്ചായത്തിന്റെ തനത് നാടകവേദി രൂപീകരിക്കാൻ പററുമോ എന്ന് ആലോചിക്കണം. നാടകങ്ങൾക്ക് വേണ്ട രംഗപടങ്ങളും വേഷ സംവിധാനങ്ങളും സംഗീതോപകരണങ്ങളും ബ്ലോക്ക് തലത്തിലെങ്കിലും ഉണ്ടായിരിക്കണം.

g പഞ്ചായത്ത് മൈക്ക് സെററ് വാങ്ങണം. കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കണം. പ്രൊജക്ടർ, V. C. P എന്നിവയും വാങ്ങണം.

h പഞ്ചായത്തിൽ ഒരിടത്തെങ്കിലും നൃത്തം, സംഗീതം എന്നിവ ശാസ്ത്രീയമായി പരിശീലിപ്പിക്കുന്നതിന് സംവിധാനം ഉണ്ടാക്കണം.

i ഓണാഘോഷം, കേരളോത്സവം എന്നിവ ജനപങ്കാളിത്തത്തോടെ നടത്തുക. സ്പോർട്ട്സ്, സാഹിത്യമത്സരങ്ങൾ, കലാമത്സരങ്ങൾ എന്നിങ്ങനെ തിരിച്ച് പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിലായി നടത്തണം.

j പണ്ടുണ്ടായിരുന്നതും ഇപ്പോൾ ഉള്ളതുമായ നാടൻകലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കണം. ഇതിന്റെ ഒരു ട്രൂപ്പ് പഞ്ചായത്ത്തലത്തിൽ രൂപീകരിച്ച് എല്ലാ വിദ്യാലയങ്ങളിലും **P. T. A** യുടെ സഹായത്തോടെ പരിപാടികൾ അവതരിപ്പിക്കണം.

k റീഡിങ്ങ്റൂം, സാംസ്കാരികകേന്ദ്രം എന്നിവ നിർമ്മിക്കാൻ സാദ്ധ്യതയുള്ള സ്ഥലത്ത് ജനകീയ സഹകരണത്തോടെ അവ നിർമ്മിക്കുക. V-ാം വാർഡിലെ പൊന്നാമ്പടി കോളനിയിലും, VIII-ാം വാർഡിൽ പ്രീപ്രൈമറി വിദ്യാലയത്തിന് വാഗ്ദാനം ചെയ്ത സ്ഥലത്ത് സംയുക്തമായും ഇവ ആലോചിക്കണം. മററ് സ്ഥലങ്ങളിൽ സാദ്ധ്യതകൾ അന്വേഷിക്കണം.

l ഓരോ വാർഡിലും കലാകായിക സാംസ്കാരിക പ്രവർത്തകരെ വിളിച്ച്ചേർത്ത് വാർഡുതല സമിതി രൂപീകരിക്കണം.

m മതിലകം സെൻററിൽ ഒരു റീഡിംങ്ങ് റൂം ഇല്ലാത്തതിനാൽ പഞ്ചായത്ത് ബിൽഡിങ്ങിൽ വെറുതെ കിടക്കുന്ന മുറി ഇതിനായി ഉപയോഗപ്പെടുത്തണം.

**n** അവധിക്കാലത്ത് കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിന് അവസരം സൃഷ്ടിക്കുക. അവർക്ക് കലാസാഹിത്യ മേഖലകളിൽ പരിശീലനകളരികൾ സംഘടിപ്പിക്കുക.

**o** അവധിക്കാല സമയങ്ങളിൽ കായികരംഗത്ത് വിവിധ കോച്ചിങ്ങ് ക്യാമ്പുകൾ പ്രഗൽഭരെ പങ്കെടുപ്പിച്ച് നടത്തുക. വിദ്യാലയങ്ങളിൽ കായിക മത്സരങ്ങളും പരിശീലനവും നടത്തണം.

**p** വനിതകളെ സൈക്കിൾ സവാരി പരിശീലിപ്പിക്കാൻ ഒരു ക്യാമ്പ് ആലോചിക്കണം.

**q** എല്ലാ ആഘോഷങ്ങളും ജനകീയമാക്കണം.

**r** പൊതുകളിസ്ഥലത്ത് (മതിലകം പോളക്കളം ഗ്രൗണ്ട്) വർഷക്കാലത്ത് വെള്ളക്കെട്ടുള്ളതിനാൽ N. H. ലെ കാനയുമായി ഇതിനെ ബന്ധിപ്പിക്കണം. ഗ്രൗണ്ടിൽ മണ്ണിടുകയും തണൽ വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും വേണം.

**s** മതസൗഹാർദ്ദം നിലനിർത്താൻ കലാസാംസ്കാരിക മാധ്യമങ്ങളെക്കൂടി ഉപയോഗപ്പെടുത്തി ബോധവൽക്കരണം നടത്തണം.

**t** നാട്ടിൽ ചില വ്യക്തികൾ നടത്തുന്ന അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ പ്രചാരണം നടത്തണം.

**u** കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിലെ എല്ലാ സ്കൂളുകളും സൗജന്യമായി അനുവദിക്കണം.

# കുടിവെള്ളം

പുരാതന കാലംമുതൽക്കേ പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി കുളങ്ങളെയാണ് ആശ്രയിച്ചിരുന്നത്. വീടുകളുടെ ബാഹുല്യവും കുളങ്ങളുടെ നികത്തലും ജലസേചനവും പരിസര മലിനീകരണവും ആയപ്പോൾ കുളങ്ങൾ ശുദ്ധജല സ്രോതസ്സുകളല്ലാതായി മാറി.

ശുദ്ധജലത്തിനായി കിണറുകളും ചാമ്പുപൈപ്പുകളും നിലവിൽ വന്നു

കൂളിമുട്ടം ഗ്രാമത്തിൽ 1967ൽ ആരോഗ്യമന്ത്രിയായിരുന്ന ബി. വെല്ലിങ്ടൺ ഉദ്ഘാടനംചെയ്ത കാററുകൊണ്ട് ജലം സംഭരണിയിലെത്തിച്ച് വിതരണം ചെയ്തിരുന്ന ഒരു സംവിധാനം ഉണ്ടായിരുന്നു.

1981-ഓടെ മതിലകം പോളക്കുളത്തിനുസമീപമുണ്ടായിരുന്ന കിണററിൽ നിന്നും ജലം പമ്പുചെയ്ത് വിതരണം നടത്തുന്ന ഒരു സംവിധാനം പിന്നീട് നിലവിൽ വന്നു

ഗ്രാമീണ ജനങ്ങൾ പൈപ്പു വെള്ളത്തിൻെറ കാഴ്ചപ്പാടിലെത്തിയത് ഈ രണ്ട് വാട്ടർടാങ്കുകളിലൂടെയാണ്. ഏറെ ജല സ്രോതസ്സുകളും കടലും തോടും കനാലുംകൊണ്ട് സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത് എങ്കിലും കുടിവെള്ളം ഇന്നും ഒരു പ്രശ്നമായി നിലനിൽക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള പൊതു കിണറുകളുടെയും പൊതു ചാമ്പുപൈപ്പുകളുടേയും വിശദാംശങ്ങൾ

| വാർഡ് | പൊതുകിണറുകൾ | ചാമ്പ്പൈപ്പ് |
|---|---|---|
| I | 1 | |
| II | 1 | |
| III | 4 | |
| IV | 1 | മൊത്തം 22 |
| V | 2 | |
| VI | 1 | |
| VII | – | |
| VIII | 4 | |
| IX | 9 | |
| X | 1 | |
| XI | 2 | |

കൂടാതെ വ്യക്തികളുടെ കിണറുകളും ശുദ്ധജല സ്രോതസ്സുകളായി നിലനിൽക്കുന്നു.

നെതർലാൻറ് ഗവൺമെൻറ് സഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി മതിലകം പഞ്ചായത്തിൽ 174 പൊതുടാപ്പുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. 175 ഹൗസ്കണക്ഷനുകളും എടുത്തിട്ടുണ്ട്

ഇങ്ങിനെയൊക്കെയാണെങ്കിലും കുടിവെള്ള പ്രശ്നങ്ങളും ശുദ്ധജലത്തിൻെറ അഭാവം മൂലമുണ്ടാകുന്ന ജലജന്യരോഗങ്ങളും നിരവധിയാണ്

കിണറുകളെയും ചാമ്പുപൈപ്പുകളെയും ആശ്രയിക്കാൻ പററാത്ത പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. 1-ാം വാർഡ്, 2-ാം വാർഡ് എന്നിവടങ്ങൾ പുഴയോരപ്രദേശങ്ങളായതിനാൽ ഈ വാർഡുകളിൽ ഉപ്പുവെള്ളമാണ് ലഭിക്കുന്നത്. കൂടാതെ IX, X വാർഡുകൾ കടലോര പ്രദേശമായതിനാലും ഈ പ്രദേശത്തും ഉപ്പുവെള്ളമാണ് ലഭിക്കുന്നത്.

## പൊതു പൈപ്പുകൾ വാർഡ് തിരിച്ച്

| വാർഡുകൾ | പൈപ്പുകളുടെ എണ്ണം |
|---|---|
| I | 26 |
| II | 18 |
| III | 12 |
| IV | 8 |
| V | 2 |
| VI | 10 |
| VII | 3 |
| VIII | 16 |
| IX | 23 |
| X | 41 |
| XI | 6 |

ശുദ്ധജലം 200 മീററിൽ ലഭ്യമാക്കാനായി പല വാർഡുകളിലും പൈപ്പുവെള്ളമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

## കുടിവെള്ള ദൗർലഭ്യതക്കുള്ള കാരണങ്ങൾ

പൈപ്പുകൾ സ്ഥാപിക്കാൻ സ്ഥലം തെരഞ്ഞെടുത്തതിലെ അശാസ്ത്രീയത

അനിയന്ത്രിതമായ വിതരണം

കിണറുകൾ ഉണ്ടായിട്ടും അതുപയോഗിക്കാതെ പൈപ്പുവെള്ളം ഉപയോഗിക്കൽ

കിണർ ജല ശുദ്ധീകരണത്തിലെ അപാകതയും അജ്ഞതയും

## സാദ്ധ്യതകൾ:-

I-ാംവാർഡിലേയും (പാമ്പിൻതുരുത്ത് അടക്കം) II-ാം വാർഡിലേയും ശുദ്ധജലക്ഷാമ പരിഹാരത്തിന് ഇലവഞ്ചിക്കുളം ജന പങ്കാളിത്തത്തോടെ ശുദ്ധീകരിച്ച് ശുദ്ധജല പദ്ധതി ആവിഷ്കരിക്കാവുന്നതാണ് ഇതിനായി ബ്ലോക്ക് ആഫീസ് കോമ്പൗണ്ടിലെ ജലസംഭരണി ഉപയോഗപ്പെടുത്താവുന്നതാണ്.

VII, VIII വാർഡുകളിലെ ശുദ്ധജലക്ഷാമ പരിഹാരത്തിനായി VIII-ാംവാർഡിലെ എരുകുളം

ശുദ്ധീകരിച്ച് ശുദ്ധജലപദ്ധതി ആവിഷ്കരിക്കാം.

IX, X വാർഡുകളിലെ ജലവിതരണം X-ാം വാർഡിലെ ജലസംഭരണിയിൽ നിന്ന് നടത്താവുന്നതാണ്.

പൊതുകിണറുകൾ ജനകീയ പങ്കാളിത്തത്തോടെ ശുദ്ധീകരിച്ച് സംരക്ഷിക്കുക

കിണർജല ക്ലോറിനേഷനെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

അശാസ്ത്രീയമായി സ്ഥാപിച്ച പൈപ്പുകൾ ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് മാററി സ്ഥാപിക്കുക ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ പൈപ്പുകൾ സ്ഥാപിക്കണമെന്ന ആവശ്യങ്ങളിലെ അശാസ്ത്രീയത ചൂണ്ടിക്കാട്ടി നിരുൽസാഹപ്പെടുത്തുക.

ശുദ്ധജലദുർവ്യയം ഒഴിവാക്കാനായി ക്ലാസ്സുകൾ സംഘടിപ്പിക്കുക.

## പൊതുജനാരോഗ്യം

മതിലകം പഞ്ചായത്തിന്റെ ആരോഗ്യ രംഗത്തെക്കുറിച്ച് പറയുമ്പോൾ ഏറെ പ്രധാനപ്പെട്ട ഒരു വസ്തുത ഇവിടത്തെ ഭൂപ്രകൃതിയാണ്. പടിഞ്ഞാറ് (കൂളിമുട്ടം വില്ലേജ്) അറബിക്കടലും കിഴക്ക് (പാപ്പിനിവട്ടം വില്ലേജ്) പുഴയോരവുമാണ് (കനോലി കനാൽ) IX, X വാർഡുകളുടെ അതിർത്തി കടലാണ്. ജലജന്യരോഗങ്ങളും, ഈച്ച കൊതുക് മുതലായ കീടങ്ങൾ പരത്തുന്ന രോഗങ്ങളും പടിഞ്ഞാറൻ പ്രദേശത്തും പുഴയോരവാർഡുകളിലും (I, II) സ്ഥിരമായി കാണാറുണ്ട്

വീടുകളെ കേന്ദ്രീകരിച്ചുള്ള പാരമ്പര്യ ചികിത്സയായിരുന്നു ആരോഗ്യരംഗത്ത് പഞ്ചായത്തിലുണ്ടായിരുന്നത്. 1960 നോടടുത്ത് കൂളിമുട്ടത്ത് ഒരു സർക്കാർ ആയുർവേദ ആശുപത്രി സ്ഥാപിക്കപ്പെട്ടു. പിന്നീട് 1970-ൽ VIII-ാം വാർഡിലും (തട്ടങ്ങൽ) III-ാം വാർഡിലും (മതിലകം) സ്ഥാപിക്കപ്പെട്ട പ്രൈമറി ഹെൽത്ത് സബ്സെന്ററുകളും ആരോഗ്യരംഗത്ത് ഏറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 1986ൽ കൂളിമുട്ടം ബീച്ചിൽ സ്ഥാപിതമായ ഗവ: ഫിഷറീസ് ആശുപത്രിയും 1996 മതിലകത്ത് നിലവിൽ വന്ന പ്രൈമറി ഹെൽത്ത് സെന്ററും കൂടിയാകുമ്പോൾ മതിലകം പഞ്ചായത്തിലെ പൊതുജനാരോഗ്യകേന്ദ്രങ്ങളായി

ഇതു കൂടാതെ പുതിയകാവ് (V-ാം വാർഡ്) ലുള്ള രോഗികളെ കിടത്തി ചികിൽസിക്കുന്ന ഒരു സ്വകാര്യ ആശുപത്രിയും 5 അലോപ്പതി ക്ലിനിക്കുകളും 7 ഹോമിയോ ക്ലിനിക്കുകളും 8 പാരമ്പര്യ ആയുർവേദ ഔഷധശാലകളും ചികിത്സാരംഗത്ത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിലനിൽക്കുന്നുണ്ട്.

### ആരോഗ്യരംഗത്തെ പൊതു സ്ഥാപനങ്ങൾ

| നമ്പർ | സ്ഥാപനം | വാർഡ് | ജീവനക്കാർ |
|---|---|---|---|
| 1 | ഗവ. ആയുർവ്വേദആശുപത്രി കൂളിമുട്ടം | IX | 3 |
| 2 | ഗവ: ഫിഷറീസ് ആശുപത്രികൂളിമുട്ടം | X | 8 |
| 3 | പി എച്ച് സബ് സെന്റർ കൂളിമുട്ടം | VIII | 2 |
| 4 | പി. എച്ച്. സബ് സെന്റർ മതിലകം | III | 4 |
| 5 | പി എച്ച്. സെന്റർ മതിലകം | V | 7 |

ആരോഗ്യ രംഗത്ത് ഇത്രയും സ്ഥാപനങ്ങളുണ്ടെങ്കിലും ചികിത്സാരംഗത്ത് വളരെയേറെ പ്രശ്നങ്ങൾ പഞ്ചായത്തിൽ അവശേഷിക്കുന്നുണ്ട്.

### 1995-96ൽ പൊതു ജനാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സക്കെത്തിയവർ

| സ്ഥാപനത്തിന്റെ പേര് | രോഗികൾ |
|---|---|
| പ്രാഥമികാരോഗ്യകേന്ദ്രം കൂളിമുട്ടം | 6960 |
| ആയുർവേദ ആശുപത്രി കൂളിമുട്ടം | 6950 |
| പ്രാഥമികാരോഗ്യകേന്ദ്രം മതിലകം | 5000 |
| ആകെ | 18910 |

### സ്വകാര്യ അലോപ്പതി ക്ലിനിക്കുകളിലെ വിവരങ്ങൾ

| സ്ഥാപനം | രോഗികൾ |
|---|---|
| ഡോക്ടർ ദിലീപ് | 4050 |
| രാജൻസ് ക്ലിനിക്ക് | 14578 |
| മാതിയേടത്ത് ക്ലിനിക്ക് | 36000 |
| മതിലകം ഹോസ്പിററൽ | 19200 |
| ഡോക്ടർ സുബോഷ് | 3500 |
| ആകെ | 77328 |

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനം (പൊതു ജനാരോഗ്യകേന്ദ്രം) | ബന്ധപ്പെട്ടതായുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു | സ്വകാര്യ | | | |
| I | ഇല്ല | ദിലീപ് രാജൻസ് ക്ലിനിക് | വയറിളക്കം, പനി, ചെങ്കണ്ണ്, ചൊറി, മഞ്ഞപ്പിത്തം. etc | പ്രതിരോധ കുത്തിവെപ്പ് നടത്താറുണ്ട് | P H Subcentre തുടങ്ങണം [സ്ഥലം സൗജന്യമായി ലഭിക്കും] V-ാം വാർഡിന്റെ P H Centre രോഗികളെ കിടത്തി ചികിൽസിക്കുന്ന ആശുപത്രിയാക്കണം |
| II | ഇല്ല | ഇല്ല | വയറിളക്കം, പനി. മഞ്ഞപ്പിത്തം, ത്വക്ക് രോഗങ്ങൾ ചെങ്കണ്ണ്, etc | പ്രതിരോധ കുത്തിവെപ്പ് നടത്താറുണ്ട് | III-ാം വാർഡിലെ Subcentre ലെ ആരോഗ്യ പ്രവർത്തകരുടെ സേവനം കാര്യക്ഷമമാക്കുക V-ാം വാർഡിലെ ആശുപത്രിയെ കിടത്തി ചികിൽസിക്കാവുന്ന ആശുപത്രിയാക്കുക. |
| III | PH Subcentre ഉണ്ട് | — | പനി, മഞ്ഞപ്പിത്തം, ത്വക്ക്രോഗങ്ങൾ. ചെങ്കണ്ണ്, ദന്തരോഗങ്ങൾ etc | പ്രതിരോധ കുത്തിവെപ്പുണ്ട് | V-ാം വാർഡിലെ ആശുപത്രിയെ കാര്യക്ഷമമാക്കുക. Sub-centre ലെ ആരോഗ്യ പ്രവർത്തകർ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക |
| IV | ഇല്ല | ഇല്ല | പനി, മഞ്ഞപ്പിത്തം, ചെങ്കണ്ണ്, ത്വക്ക്, ദന്തരോഗങ്ങൾ etc | കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തുന്നു | V-ാം വാർഡിലെ ആശുപത്രിയെ വിപുലപ്പെടുത്തുക. ഒരു Homeo Clinic തുടങ്ങുക. ആരോഗ്യപ്രവർത്തകർ വാർഡ് സന്ദർശനം ക്രമപ്പെടുത്തുക. |
| V | PHC ഉണ്ട് | തിലകം ഹോസ്പിററൽ | പനി, മഞ്ഞപ്പിത്തം, ചെങ്കണ്ണ്, ത്വക്ക്, വയറിളക്കം, ദന്തരോഗങ്ങൾ etc | പ്രതിരോധ കുത്തിവെപ്പുണ്ട് രോഗികളെ പരിശോധിക്കുന്നുണ്ട് | PHC യെ കിടത്തി ചികിൽസിക്കുന്ന, 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാകുന്ന ആശുപത്രിയാക്കുക. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുക. ആശുപത്രി വികസനസമിതി കാര്യക്ഷമമാക്കുക. ആരോഗ്യക്ലാസ്സുകൾ നടത്തുക. ശിശുരോഗ വിദഗ്ദനും സ്ത്രീ രോഗ വിദഗ്ദനും മാസത്തിലൊരിക്കൽ വരിക |
| VI | ഇല്ല | | പനി, മഞ്ഞപ്പിത്തം, ചെങ്കണ്ണ്, ത്വക്ക്, ദന്തരോഗങ്ങൾ etc | പ്രതിരോധ കുത്തിവെപ്പ് നടത്തുന്നു | V-ാം വാർഡിലെ ആസ്പത്രിയെ വികസിപ്പിക്കുക. ഹെൽത്ത് വിസിററർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. |
| VII | ഇല്ല | | പനി മഞ്ഞപ്പിത്തം. ചെങ്കണ്ണ്, ത്വക്ക്, ദന്തരോഗങ്ങൾ etc | പ്രതിരോധ കുത്തിവെപ്പ് നടത്താറുണ്ട് | VIII-ാം വാർഡിലെ Subcentre ലെ ആരോഗ്യപ്രവർത്തകർ സന്ദർശനം ക്രമപ്പെടുത്തുക V-ാം വാർഡിലേയും X-ാം വാർഡിലേയും ആസ്പത്രികളെ വിപുലീകരിക്കുക. |
| VIII | Subcenter ഉണ്ട് | | പനി. മഞ്ഞപ്പിത്തം, വയറിളക്കം, ചെങ്കണ്ണ് etc | പ്രതിരോധ കുത്തിവെപ്പ് നടത്തുന്നു | X-ാം വാർഡിലെ PHC 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാകുന്ന രോഗികളെ കിടത്തി ചികിത്സിക്കുന്ന ആസ്പത്രിയാക്കുക. Subcentre ന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക. ആരോഗ്യ ക്ലാസ്സുകൾ സംഘടിപ്പിക്കുക. |

220

മേൽപറഞ്ഞ പട്ടികകളിൽ നിന്നും പൊതുജനാരോഗ്യ കേന്ദ്രങ്ങൾ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല എന്ന് മനസ്സിലാക്കാം. കാരണം പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമല്ല. അവശ്യമരുന്നുകളും ഉപകരണങ്ങളും ഇല്ല. ആരോഗ്യകേന്ദ്രങ്ങളിൽ വേണ്ടത്ര പാരാമെഡിക്കൽ (പാത്തോളജിസ്റ്റ്) ജീവനക്കാരില്ല. ആരോഗ്യ കേന്ദ്രങ്ങളിലെ ഫീൽഡ് വർക്കർമാരുടെ പ്രവർത്തനം കാര്യക്ഷമമല്ല. ശിശുരോഗ വിദഗ്ദരുടേയും സ്ത്രീ രോഗവിദഗ്ദരുടേയും സേവനം ആരോഗ്യ കേന്ദ്രങ്ങളിൽ ലഭിക്കുന്നില്ല

### പരിസര ശുചിത്വം

കെട്ടികിടക്കുന്ന ജലം പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലുമുണ്ട്. തൊണ്ട് അഴുക്കൽ പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തും കിഴക്കുഭാഗത്തും നടക്കുന്നുണ്ട് ഇതുമൂലം കൊതുക് കീടങ്ങൾ എന്നിവയും മലിനജലവും രോഗങ്ങളും വരുത്തുന്നുണ്ട്. കോളനി, ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലെ അവശിഷ്ടങ്ങൾ പരിസരം വൃത്തികേടാക്കുന്നുണ്ട്.

പഞ്ചായത്തിന്റെ കിഴക്കൻവാർഡുകളിൽ അംഗീകാരമില്ലാത്ത കശാപ്പുശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെ അവശിഷ്ടങ്ങൾ പുഴയിലും റോഡ്‌വക്കിലും ഉപേക്ഷിക്കപ്പെടുന്നുണ്ട്. ഇത് നായശല്യം വർദ്ധിപ്പിക്കുകയും പരിസര മലിനീകരണം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. മത്സ്യവളങ്ങൾ ഈച്ച മുതലായ കീടങ്ങളെ വളരാൻ അനുവദിക്കുന്നുണ്ട്.

ഹോട്ടലുകൾ, ചായക്കടകൾ എന്നിവയുടെ പരിസരം മാലിന്യങ്ങൾ നിറഞ്ഞതാണ്. അതുപോലെതന്നെ ഇവിടെ ഭക്ഷണപദാർത്ഥങ്ങളും കടിവെള്ളവും വൃത്തിയായി കൈകാര്യം ചെയ്യുന്നില്ല

മൃതശരീരങ്ങൾ സംസ്കരിക്കുന്നതിനായി പഞ്ചായത്തിന് ഒരു പൊതു ശ്മശാനം ഉണ്ടെങ്കിലും അത് IV-ാം വാർഡിലാണ് സ്ഥിതിചെയ്യുന്നത്. ഈ സ്ഥലത്തേക്ക് മൃതദേഹം എത്തിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ പോലും മൃതദേഹങ്ങൾ സംസ്കരിക്കപ്പെടുന്നുണ്ട്. ഇത് പരിസരമലിനീകരണവും അതുമൂലം ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കപ്പെടുന്നുണ്ട്.

### കക്കൂസ്

പഞ്ചായത്തിലെ ആകെയുള്ള 7715 വീടുകളിൽ 757ഓളം വീടുകൾക്ക് ഇനിയും കക്കൂസുകളില്ല. വിരരോഗങ്ങളും കീടജന്യരോഗങ്ങളും വയറിളക്കരോഗങ്ങളും ഒരു പരിധിവരെ ഒഴിവാക്കാൻ ഈ രംഗത്ത് അല്പംകൂടി മുന്നേററം ഉണ്ടാകേണ്ടതാണ്.

കക്കൂസുകളുടെ അപര്യാപ്തതക്ക് കാരണം സാമ്പത്തിക പരാധീനതയും കക്കൂസിന്റെ ആവശ്യകതയെക്കുറിച്ചുള്ള അജ്ഞതയുമാണ്.

### നിർദ്ദേശങ്ങൾ

കൂളിമുട്ടം വില്ലേജിലേയും പാപ്പിനിവട്ടം വില്ലേജിലേയും പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ രോഗികളെ കിടത്തി ചികിത്സിക്കാവുന്ന 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാകുന്ന ആശുപത്രികളാക്കണം.

പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ആരോഗ്യ കാര്യങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തണം.

പ്രതിരോധചികിത്സ, പോഷകാഹാരവിതരണം, ഗർഭിണികൾക്കും കുട്ടികൾക്കും ലഭിച്ചുകൊണ്ടിരിക്കുന്ന നിലവിലുള്ള സർക്കാർ പരിപാടികൾ എന്നിവ കാര്യക്ഷമമാക്കുക.

പൊതുജനാരോഗ്യ സംരക്ഷണത്തിനായി കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ലോകാരോഗ്യ സംഘടനയും നടപ്പിലാക്കികൊണ്ടിരിക്കുന്ന എല്ലാ പദ്ധതികളുടേയും ഗുണഫലങ്ങൾ ജനങ്ങളിലെത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

ആരോഗ്യ കേന്ദ്രങ്ങളിൽ അവശ്യമരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കണം.

മാസത്തിലൊരിക്കലെങ്കിലും സ്ത്രീ രോഗവിദഗ്ദനും ശിശുരോഗ വിദഗ്ദനും രോഗികളെ പരിശോധിക്കാൻ എത്തണം.

ആരോഗ്യകേന്ദ്രങ്ങളിലെ ഫീൽഡ് വർക്കർമാരുടെ പ്രവർത്തനം ചിട്ടയായി ക്രമീകരിക്കണം.

ശുചിത്വത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ ജനകീയ പങ്കാളിത്തത്തോടെ സംഘടിപ്പിക്കണം.

കെട്ടികിടക്കുന്ന മലിനജലം ഒഴുക്കികളയാനുള്ള ചാലുകൾ നിർമ്മിക്കണം.

ഹോട്ടൽ ചായക്കട എന്നിവിടങ്ങളിലെ പരിസരവും, ഭക്ഷണം കടിവെള്ളം എന്നിവ കൊടുക്കുന്നതിലെ അനാരോഗ്യകരമായ വസ്തുക്കൾ സ്ഥാപനങ്ങളുടെ ലൈസൻസുമായി ബന്ധപ്പെടുത്തുക. അത്തരം സ്ഥാപനങ്ങളിലെ ജോലിക്കാർക്ക് ആരോഗ്യ പ്രവർത്തകരെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

കോളനി, ചന്ത എന്നിവിടങ്ങളിലെ മാലിന്യങ്ങൾ കമ്പോസ്റ്റ് കുഴി നിർമ്മിച്ച് അതിൽ നിക്ഷേപിക്കാൻ പ്രേരിപ്പിക്കണം.

അനധികൃത കശാപ്പുശാലകളെ നിയന്ത്രിച്ച് ലൈസൻസ് കൊടുത്ത് ശാസ്ത്രീയ രീതിയിൽ കശാപ്പുശാല നിർമ്മിക്കണം.

മൃതശരീരങ്ങൾ പൊതുശ്മശാനത്തിൽ എത്തിക്കാൻ പഞ്ചായത്ത് പൊതുവായി ഒരു വാഹനം സംഘടിപ്പിക്കണം.

പഞ്ചായത്തിനൊരു ജനകീയ ആരോഗ്യനയം വേണം.

കക്കൂസുകൾ നിർമ്മിക്കാൻ സാമ്പത്തികബുദ്ധിമുട്ടുള്ളവർക്ക് സർക്കാർ, സംഘടനകൾ എന്നിവയുടെ സഹായം ലഭ്യമാക്കണം.

കക്കൂസുകളുടെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

മതിലകം സെൻററിൽ ഒരു കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കണം.

221

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനം (പൊതുജനാരോഗ്യകേന്ദ്രം) | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു | സ്വകാര്യം | | | |
| IX | ആയുർവേദം | മാതിയേടത്ത് ക്ലിനിക് | വയറിളക്കം പനി, ചൊറി, തൊക്ക്—ദന്തരോഗങ്ങൾ ചെങ്കണ്ണ് etc. | ചികിത്സ നടക്കുന്നുണ്ട് ഫാർമസിസ്റ്റ് ഇല്ല. ഒഴിവുണ്ട്. മരുന്നുകൾ കുറവ് | ആയുർവേദാശുപത്രിയിൽ വേണ്ടത്ര മരുന്നുകൾ ലഭ്യമാക്കുക. X-ാം വാർഡിലെ P. H. C. യെ കിടത്തി ചികിൽസിക്കാവുന്ന ആശുപത്രിയാക്കുക. |
| X | P H C ഉണ്ട് | | വയറിളക്കം, പനി, മഞ്ഞപ്പിത്തം, തൊക്ക് രോഗങ്ങൾ, ചെങ്കണ്ണ് etc. | പ്രതിരോധ കുത്തിവെപ്പുകൾ നടത്തുന്നുണ്ട് മരുന്ന് ആവശ്യത്തിന് തികയില്ല. ലാബ് ഇല്ല കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല. | P H C യെ രോഗികളെ കിടത്തി ചികിൽസിക്കാവുന്ന, 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാകുന്ന ആശുപത്രിയാക്കണം. മരുന്നുകള്, ഉപകരണങ്ങളും ലഭ്യമാക്കുക ആശുപത്രി വികസന സമിതി കാര്യക്ഷമമാക്കുക. ലാബ് പ്രവർത്തനമുണ്ടാക്കുക. മാസത്തിലൊരിക്കൽ ശിശുരോഗ വിദഗ്ദനും സ്ത്രീരോഗ വിദഗ്ദനും രോഗികളെ പരിശോധിക്കാനെത്തുക ആരോഗ്യ ക്ലാസ്സുകൾ സംഘടിപ്പിക്കുക. |
| XI | ഇല്ല | | പനി മഞ്ഞപ്പിത്തം വയറിളക്കം, ചെങ്കണ്ണ് etc. | പ്രതിരോധ കുത്തിവയ്പ്പ് നടത്താറുണ്ട് | X-ാം വാർഡിലെ P H C യെ വിപുലപ്പെടുത്തുക. ആരോഗ്യ പ്രവർത്തകർ വാർഡ് സന്ദർശനം കാര്യക്ഷമമാക്കുക. |

ഓരോരുത്തരും
അവരവരുടെ
നെററിവിയർക്കെ പണിയെടുത്താൽ
ഭൂമി സ്വർഗമായി
മാറുമായിരുന്നു.

പ്രകൃതിനിയമങ്ങളെ
ബോധപൂർവ്വമോ
അജ്ഞത കൊണ്ടോ
ലംഘിക്കുന്നതിൽ നിന്നാണ്
സുഖക്കേടുകൾ ഉണ്ടാവുന്നത്

-ഗാന്ധിജി-

# പാർപ്പിടം

മനുഷ്യനെ സംബന്ധിച്ചിടത്തോളം ഭക്ഷണവും വസ്ത്രവും എന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണല്ലോ പാർപ്പിടവും. ആദിമ മനുഷ്യൻ ഗുഹകളേയും മററും അവൻെറ ആവാസ കേന്ദ്രങ്ങളാക്കിയപ്പോൾ, ആധുനിക മനുഷ്യൻ അതിനായി വൻ സജ്ജീകരണങ്ങളിലേക്കും സങ്കേതങ്ങളിലേക്കും അതിനായുള്ള അന്വേഷണങ്ങളിലേക്കും ശ്രദ്ധയൂന്നുന്ന ഇന്ന് ധന്യമായൊരു ജീവിത സാക്ഷാത്കരണത്തിന് സ്വന്തമായൊരു വീട് എന്നത് എല്ലാവരാലും അംഗീകരിക്കപ്പെട്ട ഒരു സങ്കൽപ്പവും സത്യവുമായിരിക്കുന്നു.

പൊതുവെ കേരളത്തിൻെറ സാമൂഹ്യ വ്യവസ്ഥയിൽ വന്ന മാററം മൂലം, കൂട്ടുകുടുംബ വ്യവസ്ഥകൾ കാലഹരണപ്പെട്ടതും അണു കുടുംബ വ്യവസ്ഥയിലേക്ക് കുടുംബങ്ങൾ മാറിയതും സ്വാഭാവികമായും വീടുകളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടാക്കി. കൂടാതെ നമ്മുടെ പഞ്ചായത്തിലെ അനിഷേധ്യമായ ഗൾഫ് പണത്തിൻെറ സ്വാധീനവും, നിലനിൽക്കുന്ന അനുകൂലമായ മററു ഗതാഗത-ഭൂപ്രകൃതീഘടകങ്ങളും വീടുകളുടെ എണ്ണം വർദ്ധിക്കുന്നതിനെ സ്വാധീനിക്കുന്നതായി കാണാവുന്നതാണ്.

പാപ്പിനിവട്ടം, കൂളിമുട്ടം എന്നീ രണ്ട് വില്ലേജുകളടങ്ങിയ മതിലകം പഞ്ചായത്തിലെ ജനങ്ങളധികവും കൂലിവേലക്കാരോ, ഇടത്തരം വരുമാനക്കാരോ ആയതിനാൽ തന്നെ പഞ്ചായത്തിലെ മൊത്തം വീടുകളുടെ എണ്ണത്തിൻെറ ഏതാണ്ട് 70% ത്തോളം വീടുകളും ഓലമേഞ്ഞതോ ഓടുമേഞ്ഞതോ ആണ്.

1995_96ലെ കണക്കുപ്രകാരം പഞ്ചായത്തിലെ മൊത്തം ഭവനങ്ങളുടെ കണക്ക് സ്ഥിതി താഴെ ചേർക്കും പ്രകാരമാണ്:_

മൊത്തം വീടുകളുടെ എണ്ണം 7715 ആണ്. ഇതിൽ ഇരുനില വീടുകളുടെ എണ്ണം 140 വരും. കോൺക്രീററ് ഭവനങ്ങൾ 1470ഉം ഓടുമേഞ്ഞവയുടെ എണ്ണം 2440ഉം ഓലമേഞ്ഞവീടുകളുടെ എണ്ണം 2653ഉം മററുതരത്തിലുള്ള വീടുകളുടെ എണ്ണം 1012ഉം ആണ്.

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 25417ആണ്. അതിനാൽ ശരാശരി 4-5 പേർക്ക് ഒരു വീട് ഉണ്ട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പഞ്ചായത്തിലെ കഴിഞ്ഞ ഏതാനും വർഷങ്ങളായി കണ്ടുവരുന്ന ഭവനനിർമ്മാണത്തിൻെറ ഗതി താഴെ ചേർക്കുന്നു.

| വർഷം | ഭവനങ്ങളുടെ എണ്ണം | വർദ്ധനവ് |
|---|---|---|
| 1991-92 | 7206 | |
| 92-93 | 7330 | 124 |
| 93-94 | 7456 | 126 |
| 94_95 | 7564 | 108 |
| 95-96 | 7715 | 151 |

മേൽപ്രകാരമുള്ള കണക്കിൻെറ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ പ്രതിവർഷം ശരാശരി 125 വീടുകൾ നിർമ്മിക്കുന്നു. ഇതിൽ അമ്പത് ശതമാനം വീടുകളും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലോണുകളും മററുസഹായങ്ങളും കൊണ്ട് നിർമ്മിക്കുന്നവയാണ്.

പൊതുവേ സ്വന്തമായി വീട് നിർമ്മിക്കാൻ ശേഷിയുള്ളവരുടെ എണ്ണം കുറഞ്ഞുവരുകയാണെങ്കിലും; സർക്കാർ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികൾ ഇന്നത്തെ നിലയിലുള്ള പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് തീരെ പര്യാപ്തമല്ലെന്നുതന്നെയാണ്. നമ്മുടെ പഞ്ചായത്തിൽ വിവിധ പദ്ധതികൾ മുഖേന നിർമ്മിച്ചിട്ടുള്ള വീടുകളുടെ എണ്ണം സൂചിപ്പിക്കുന്നത്. 1979 മുതൽ 1996 വരെയുള്ള 17 വർഷ കാലയളവിൽ വികസനബ്ലോക്ക് മുഖേനയും [70 എണ്ണം] പഞ്ചായത്ത് മുഖേന [57എണ്ണം]യുമായി നൽകിയിട്ടുള്ളത് 157വീടുകളാണ്.

നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി വീട നിർമ്മിക്കുവാൻ സാമ്പത്തികശേഷിയില്ലാത്ത 500 ഓളം കുടുംബങ്ങൾ ഉള്ളപ്പോൾ വർഷത്തിൽ സർക്കാർ ഏജൻസികൾ മുഖേന നിർമ്മിക്കുന്ന ശരാശരി 7 വീടുകൾ തീരെ അപര്യാപ്തമാണെന്ന കാണാം. ഭവനനിർമ്മാണ ബോർഡിൽ നിന്നും വായ്പ ലഭിക്കുന്നവരുടെ എണ്ണം വളരെ കുറവു മാത്രമാണെന്നതും ഭവനനിർമ്മാണത്തിനായുള്ള IAY, JRY തുടങ്ങിയ സ്കീമുകളുടെ തുക തീരെ കുറവാണെന്നതും ഇവ ലഭിക്കുന്നതിന് കാലതാമസം വരുന്നതും നമ്മുടെ പാർപ്പിടപ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലുള്ള 9, 10 വാർഡുകളിൽ അനുഭവപ്പെടുന്ന കടൽക്ഷോഭം മൂലം ഭവന രഹിതരാകുന്ന കുടുംബങ്ങൾക്ക് ലഭ്യമാക്കുന്ന പുനരധിവാസപദ്ധതികൾ പര്യാപ്തമല്ലാത്തതിനാലും അവശ്യം വേണ്ട അററകുററപ്പണികൾക്കായുള്ള സഹായം ലഭിക്കാത്തതിനാലും കുടുംബങ്ങൾ ഭവനരഹിതരാകുന്ന അവസ്ഥയും നമ്മുടെ പഞ്ചായത്തിലുണ്ട്. ഭൂരഹിതരും ഭവനരഹിതരും പഞ്ചായത്ത് പുറമ്പോക്ക് ഭൂമിയിലും പെരുംതോടിന്റെ വശങ്ങളിലും കുടിലുകൾ കെട്ടിതാമസിക്കുന്നു. ലക്ഷംവീട് കോളനിയിലേയും, അതു പോലെ കൂടുതൽ ജനങ്ങൾ തിങ്ങി താമസിക്കുന്ന മററു കോളനി വീടുകളുടേയും, സൗകര്യങ്ങളുടെയും സ്ഥിതി ഒട്ടും തൃപ്തികരമല്ല. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ താമസിക്കുന്ന മത്സ്യതൊഴിലാളികളും കിഴക്കൻ മേഖലകളിലുള്ള പിന്നോക്കവിഭാഗങ്ങളുടെ കുടുംബങ്ങളും ഇന്നും കൂടുതലും വളരെ ചെറിയ കുടിലുകളിലാണ് താമസിക്കുന്നത്.

ഭൂരിഭാഗം ജനങ്ങളുടേയും ഇന്നത്തെ അവസ്ഥ ഇങ്ങനെയാണെങ്കിലും മറുവശത്ത് ഗൾഫ് പണത്തിന്റെ അമിതമായ വർദ്ധനകൊഴുപ്പാൽ ആഡംബരപൂർണ്ണമായ ബഹുനില ഭവനങ്ങൾ ഉയർന്നു വരുന്ന ഇത്തരത്തിൽ ഭവന നിർമ്മാണ രംഗത്തെ ആഡംബര–ധാരാളിത്ത പ്രവണതകളെ നാം കാണാതിരുന്നുകൂടാ വ്യാപകമായി പരിസ്ഥിതിയേയും മനുഷ്യനിലനിൽപ്പിനെ തന്നേയും പ്രതികൂലമായി ബാധിക്കാവുന്ന തരത്തിൽ, നെൽപ്പാടങ്ങളും കൃഷിഭൂമികളും നികത്തികൊണ്ടുള്ള ഭവന നിർമ്മാണങ്ങളും നമ്മുടെ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നതായികാണാം. അതുപോലെ തന്നെ വീടുകൾക്ക് ചുററും അതിർത്തികളിൽ ഉണ്ടായിരുന്ന ജൈവവേലികൾക്കു പകരം സിമൻറ് മതിലുകളും കോൺക്രീററുവേലികളും വ്യാപകമാകുന്ന പ്രവണതയും നാം പരിശോധിക്കേണ്ടിയിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി വളരെ ന്യൂനപക്ഷം വരുന്ന സമ്പന്നവർഗ്ഗവും, കള്ളപണക്കാരും, ഭൂമിദല്ലാൾമാരും ചേർന്നുള്ള ഊഹകച്ചവടത്തിന്റെ ഫലമായി ഭൂമിവിലയിലുണ്ടായ കൃത്രിമവും അമിതവുമായ വർദ്ധനവ് നാട്ടിൽ തൊഴിലെടുത്ത് ജീവിക്കുന്ന സാധാരണക്കാർക്ക് സ്വന്തമായൊരു വീട് നിർമ്മിക്കുക എന്നത് അസാധ്യമാക്കി തീർക്കുന്നു. ഈ വിധത്തിലുള്ള കച്ചവട പ്രവണതകളെ നാം നിയന്ത്രിക്കേണ്ടിയിരിക്കുന്നു.

വർഷംതോറും കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലയിൽ വൻതോതിലുള്ള വർദ്ധനവാണ് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്നത് കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലോ പ്രാദേശികമായോ ഉല്പാദിപ്പിക്കാത്തതിനാൽ ഇവയുണ്ടാകുന്ന വിലവർദ്ധനവ് കെട്ടിട നിർമ്മാണത്തെ വളരെ പ്രതികൂലമായ് ബാധിക്കുന്നു.

| വർഷം | സിമൻറ് | കമ്പി | മണൽ | കരിങ്കല്ല് | വെട്ടുകല്ല് | ഇഷ്ടിക | മെററൽ |
|---|---|---|---|---|---|---|---|
| 1993 | 119 | 15.25 | 475 | 900 | 1200 | 6000 | 800 |
| 1994 | 148 | 15.75 | 525 | 935 | 1300 | 6200 | 900 |
| 1995 | 165 | 16.00 | 600 | 1050 | 1500 | 6400 | 1025 |
| 1996 | 180 | 16.20 | 750 | 1100 | 1800 | 6800 | 110 |

അതുപോലെതന്നെ കെട്ടിട നിർമ്മാണ രംഗത്തുണ്ടാകുന്ന കൂലി നിരക്കിലുള്ള വർദ്ധനവും പാർപ്പിടനിർമ്മാണത്തെ പ്രതികൂലമായ് ബാധിക്കുന്നുണ്ടെന്നു കാണാം. മുൻകാലങ്ങളെ അപേക്ഷിച്ച് പരമ്പരാഗതമായി ഈ രംഗത്ത് തൊഴിലെടുത്തിരുന്ന വിഭാഗങ്ങൾക്കു പുറമെ

മററു വിഭാഗങ്ങളിലെ ആളുകളും ഈ രംഗത്തേക്ക് വരുന്നുണ്ട്. ഇത് നിർമ്മാണ മേഖലയിൽ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും പരിചയസമ്പത്തും വൈദഗ്ദ്ധ്യവുമുള്ള തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്ന വിശേഷവും ഉണ്ട്. കെട്ടിട നിർമ്മാണരംഗത്ത് വിവിധ തൊഴിലെടുക്കുന്ന വിദഗ്ധതൊഴിലാളികൾക്ക് 94–95 കാലയളവിൽ 100മുതൽ130രൂപ വരെയായിരുന്ന കൂലി 95–96ൽ 110രൂപമുതൽ 140രൂപ വരെയായി എത്തിനിൽക്കുന്നു. അതുപോലെ തന്നെ 94–95ൽ അവിദഗ്ദതൊഴിലാളിക്ക ഉണ്ടായിരുന്ന കൂലി 70മുതൽ 90വരെ ആയിരുന്നത് 95–96ൽ അത് 80മുതൽ 90രൂപ വരെയാണ് കൂലിനിരക്ക്. സ്ത്രീതൊഴിലാളികളെ വിദഗ്ധ തൊഴിലാളിയായി കണക്കാക്കാറില്ല.

## ഭവന നിർമ്മാണരംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾ

1 വീടുകളെ കുറിച്ച് പൊതുവെ നിലനിൽക്കുന്ന സങ്കല്പം.
2 ഭൂമിവിലയിലുണ്ടാകുന്ന അമിതമായ വർദ്ധനവ്.
3 ദുർബലവിഭാഗങ്ങൾക്ക് സർക്കാർ ഏജൻസികൾ നിർമ്മിച്ചു നൽകുന്ന വീടുകളുടെ എണ്ണത്തിന്റെ പരിമിതി
4 ഭവന നിർമാണരംഗത്ത് ആർഭാടം മൂലമുണ്ടാകുന്ന അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്
5 വിദഗ്ദതൊഴിലാളികളെ ലഭിക്കാനുള്ള ബുദ്ധിമുട്ടും കൂലിവർദ്ധനവും
6 ഈ രംഗത്തെ വർദ്ധിച്ചുവരുന്ന കോൺട്രാക്ററ് സംവിധാനം
7 ഭവനനിർമാണത്തിന് ആവശ്യമായ വായ്പ ലഭിക്കുന്നതിന് വേണ്ടിവരുന്ന സാങ്കേതിക ബുദ്ധിമുട്ട്
8 **J R Y, I A Y**. രാജീവ് ദശലക്ഷം പദ്ധതി തുടങ്ങിയ പദ്ധതികളിലൂടെ ലഭിക്കുന്ന തുകയുടെ അപര്യാപ്തത
9 പ്രകൃതിക്ഷോഭം മൂലം വീടുനഷ്ടപ്പെട്ടവർക്ക് റവന്യൂബോർഡിന്റെസഹായം പരിമിതവും കാലതാമസം ഏറിയവയുമാണ്.
11 സ്വന്തം ഭൂമിവിററ് സർക്കാർ ആനുകൂല്യം പ്രതീക്ഷിച്ച് പുറംപോക്ക് ഭൂമി കൈയ്യേറുന്ന പ്രവണത വർദ്ധിച്ചുവരുന്നു
12 മൈത്രി ഭവനനിർമ്മാണ പദ്ധതി അനുസരിച്ച് വായ്പ അനുവദിച്ച് കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം രജിസ്ട്രേഷൻ ഫീ ഒഴിവാക്കണം.

## സാധ്യതകൾ

1 ചിലവുകുറഞ്ഞ വീടുകൾ ബോധവൽക്കരണത്തിലൂടെ പ്രചരിപ്പിക്കാം
2 പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിക്കാവുന്നതാണ്. തൊഴിലാളികളെ പരിശീലിപ്പിക്കുകയും അവരെ ജോലിക്ക് നിയോഗിക്കുന്നതിനും, ഗുണഭോക്താക്കൾക്ക് വേണ്ടധനസഹായങ്ങളും മററും ലഭ്യമാക്കുന്നതിനും ഇത്തരം സഹായ സഹകരണ സംഘങ്ങൾക്ക് നേതൃത്വം നൽകാവുന്നതാണ്.
3 ഭവന നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് തടയുന്നതിന് സിമൻറ്, കമ്പി മുതലായ സാധനങ്ങളുടെ വിതരണത്തിൽ സിവിൽസപ്ലൈയ്സിനെ കൊണ്ട് ഇടപെടുവിച്ച് ഭവന നിർമ്മാണ സഹകരണ സംഘം മുഖേന വിതരണം ചെയ്യാവുന്നതാണ്.
4 ഭവന നിർമ്മാണത്തിലെ ആഡംബരം കുറക്കുന്നതിന്, ചെലവാക്കുന്ന തുകയുടെ മാനദണ്ഡം നിശ്ചയിച്ച് അധിക നികുതി ഏർപെടുത്താവുന്നതാണ്.
5 പാർപ്പിട നിർമ്മാണ സാമഗ്രികൾ പ്രാദേശികവിഭവങ്ങൾ സമാഹരിച്ച് ഉപയോഗപ്രദമാക്കാം.
6 4ലക്ഷം രൂപക്കുമേൽ ചിലവുചെയ്തു വീട് നിർമ്മിക്കുന്നവർക്കു പ്രത്യേക നികുതി ചുമത്തണം ഇതുവഴി ലഭിക്കുന്ന സംഖ്യ പഞ്ചായത്തിലെ ഭവനരഹിതർക്ക് ഗൃഹനിർമാണത്തിനായി ഉപയോഗപ്പെടുത്തണം
7 സർക്കാർ ഏജൻസിയിൽ നിന്നും ലഭിച്ച് കൊണ്ടിരിക്കുന്ന വായ്പാ തുക അപര്യാപ്തമായതിനാൽ കാലാനുസൃതമായി പുനർക്രമീകരണം നടത്തേണ്ടതുണ്ട്.
8 ഭവനനിർമ്മാണത്തിന് ആവശ്യമായ വായ്പകൾ നൽകുന്നത് പഞ്ചായത്തുകൾ മുഖേനയോ ഭവനനിർമ്മാണ സഹകരണ സംഘം മുഖേനയോ ആക്കണം.
9 വായ്പകൾ ലഭിക്കാത്തതിനുള്ള സാങ്കേതിക നൂലാമാലകൾ ഒഴിവാക്കാൻ പണിയുന്ന വീട് ഈടായി സ്വീകരിക്കണം.

10 **IAY, YWS, JRY** രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി മുതലായ പദ്ധതികൾ ലഭ്യമാക്കുന്നതിനെടുക്കുന്ന കാലതാമസം ഒഴിവാക്കി തുകകൾ വർദ്ധിപ്പിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്യാവുന്നതാണ്.

11 പെരുംതോടിന്റെ വശങ്ങളിൽ കുടിയേറി താമസിക്കുന്നവരേയും ഭൂരഹിതരായവരുടേയും പ്രശ്നം പരിഹരിക്കുന്നതിന് അവർക്ക് ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. സർക്കാർ പുറംപോക്ക ഭൂമി അർഹരായവർക്ക് സൗജന്യമായി നൽകുകയും വിവിധ സർക്കാർ ഏജൻസി മുഖേനയും കേന്ദ്രസാമ്പത്തിക സ്ഥാപനങ്ങൾ മുഖേനയും സന്നദ്ധസാമൂഹ്യ സംഘടനകൾ മുഖേനയും, സ്പോൺസർഷിപ്പ് മുഖേനയും ഇവർക്ക് വീടുകൾ നിർമ്മിച്ച നൽകാവുന്നതാണ്. ഇതിൽ ഗുണഭോക്താക്കളുടെ പങ്ക് മാനുഷികഅദ്ധ്വാനമായെങ്കിലും ഉറപ്പുവരുത്തേണ്ടതാണ്.

12 പുനരധിവാസ പദ്ധതികളിൽ നൽകുന്ന ഭൂമി കൈമാററം ചെയ്യാതിരിക്കാൻ പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതാണ്.

13 മുൻകാലങ്ങളിൽ സർക്കാർ സഹായം ലഭിച്ചവരെ ഇത്തരം പദ്ധതികളിൽ നിന്നും ഒഴിവാക്കികൊണ്ട് ഗ്രാമസഭകൾ അർഹരെ തീരുമാനിക്കേണ്ടതാണ്.

# സാമൂഹ്യക്ഷേമം, പൊതുവിതരണം

നവോത്ഥാന പ്രസ്ഥാനത്തിന്റെ ആരംഭകാലം മുതൽ തന്നെ സാമൂഹ്യക്ഷേമരംഗത്ത് സാമുദായിക സന്നദ്ധ സംഘടനകളും വ്യക്തികളും സേവനപ്രവർത്തനങ്ങൾ നടത്തിയിരുന്നു. നമ്മുടെ നാടിനെ പിടിച്ച കുലുക്കിയ കൊടുങ്കാറ്റിൽ ജനങ്ങൾ ഒട്ടേറെ ബുദ്ധിമുട്ടുകൾ നേരിട്ടപ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയ 'അടക്കാരസ്വാമി'യും സംഘവും 1951ൽ കോളറ വ്യാപിച്ചപ്പോൾ മതിലകത്തെ M. S. ബീഡി കമ്പിനിയിലെ നൂറോളം തൊഴിലാളികൾ നടത്തിയ ആശ്വാസ പ്രവർത്തനങ്ങളും ഇന്നും പഴമക്കാർ ആവേശത്തോടെ സ്മരിക്കുന്നു. കല്യാണം, മരണം തുടങ്ങിയ ആവശ്യങ്ങൾ വരുമ്പോൾ ഓരോ പ്രദേശത്തേയും ആളുകൾ കൂട്ടായ്മയോടെ പരസ്പരം സഹകരിച്ച് പ്രവർത്തിക്കുമായിരുന്നു. പ്രയാസങ്ങളും പരാധീനതകളും അനുഭവിച്ചിരുന്ന ആളുകൾ പരസ്പരം സഹായിക്കാൻ മുന്നിട്ടിറങ്ങിയിരുന്നു. ജാതിമത ചിന്തകൾക്കതീതമായ ഈ കൂട്ടായ്മ ഇന്ന് കുറഞ്ഞുവരുന്നു.

കാലം മാറിയപ്പോൾ വ്യക്തികളും സംഘടനകളും നടത്തി വരുന്ന പ്രവർത്തനങ്ങൾക്കു പുറമേ സർക്കാരും വിവിധങ്ങളായ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതികളും തൊഴിലാളി– തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങളും എന്നിങ്ങനെ ഇതിനെ രണ്ടായി തിരിക്കാം.

ഇതിനും പുറമേ പട്ടികജാതി വികസന കോർപറേഷനും വനിതാ വികസന കോർപറേഷനും നിരവധി പ്രവർത്തനങ്ങൾ ഈ രംഗത്ത് നടത്തിവരുന്നുണ്ട്. നാമമാത്രമായി മറ്റു പദ്ധതികളും നിലവിലുണ്ട്.

## IRDP സർവ്വെ പ്രകാരം-ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ S. C. കുടുംബങ്ങൾ | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|
| 1 | 187 | 9 | 48 | 139 |
| 2 | 178 | 14 | 51 | 127 |
| 3 | 219 | 13 | 62 | 157 |
| 4 | 154 | 12 | 38 | 116 |
| 5 | 104 | 12 | 42 | 62 |
| 6 | 145 | 14 | 39 | 106 |
| 7 | 156 | 14 | 47 | 109 |
| 8, 9, 10 (വേർതിരിച്ചിട്ടില്ല) | 519 | 9 | ഇല്ല | 519 |
| 11 | 157 | 9 | 39 | 118 |
| ആകെ | 1819 | 106 | 366 | 953 |

## ട്രൈസം- തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | നെയ്ത്ത് | 7 | 3 | 4 | — |
| 2 | സ്പ്രേ പെയിന്റിങ്ങ് | 6 | 2 | 3 | 1 |
| 3 | നെയ്ത്ത് | 5 | 5 | — | — |
| 4 | ഫേബ്രിക്കേഷൻ | 2 | — | 2 | — |
| 5 | ഗാർമെന്റ് മെയ്ക്കിങ്ങ് | 2 | 2 | — | — |
| 6 | ഗാർമെന്റ് മെയ്ക്കിങ്ങ് | 3 | 1 | — | 2 |
| 7 | നെയ്ത്ത് | 2 | 2 | — | — |
| 8 | ഗാർമെന്റ് മെയ്ക്കിങ്ങ് | 4 | 4 | — | — |
| 9 | എംബ്രോയ്ഡറി | 1 | 1 | — | — |

### പ്രശ്നങ്ങൾ

#### IRDP

സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് കൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജനം കൈവരിക്കുക എന്ന ലക്ഷ്യമാണ് IRDP ക്കുള്ളത്. അർഹരായ എല്ലാവർക്കും വായ്പ ലഭിക്കുന്നില്ലെന്ന് മാത്രമല്ല ബാങ്കുകളുടെ ഭാഗത്തുനിന്നും നിരുത്സാഹ ജനകമായ സമീപനമാണ് തുടർന്ന് വരുന്നത്. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, വായ്പ ഗുണഭോക്താവ് ദുർവ്യയം ചെയ്യുന്ന സമ്പ്രദായം, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണ കുറവ്, ആവശ്യത്തിനുള്ള പണം ലഭിക്കായ്ക, മാർക്കറ്റിംഗ് രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ, സാങ്കേതിക രംഗത്തെ ന്യൂനതകൾ, എന്നിവ ഈ രംഗത്തെ പ്രശ്നങ്ങളാണ്.

## 2. ടൂൾ കിറ്റ് പദ്ധതി

പരമ്പരാഗത തൊഴിലാളികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പ നൽകുന്ന ഈ പദ്ധതിയെക്കുറിച്ചുള്ള ശരിയായ അറിവില്ലായ്മ കൊണ്ട് പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

## 3. ട്രൈസം

18 മുതൽ 35 വയസ്സ് വരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ഇതിനെക്കുറിച്ച് അറിവില്ലായ്മ മൂലം ഇതിലേക്ക് വരുന്ന തൊഴിൽ രഹിതരുടെ എണ്ണം കുറഞ്ഞു വരുന്നു. ഗുണഭോക്താവിന്റെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകുവാനും ആ മേഖലയിൽ തന്നെ തുടർന്ന് തൊഴിൽ ചെയ്യാനും കഴിയുന്നില്ല

4 പഞ്ചായത്തിൽ 3 ബാലവാടികളും 7ഫീഡിംഗ് സെന്ററുകളും ഒരു പഞ്ചായത്ത് ശിശുഭവനും ഉണ്ട് മഹിളാ സമാജങ്ങളാണ് ഇവയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നത്. മിക്കവാറും ബാലവാടികൾക്കും ഫീഡിംഗ് സെന്ററുകൾക്കും സൗകര്യപ്രദമായ കെട്ടിടങ്ങളോ, കളിസ്ഥലങ്ങളോ, കളിപ്പാട്ടങ്ങളോ ഇല്ല. കുട്ടികൾക്ക് നൽകിവരുന്ന 'ഫീഡിംഗ്' നിലച്ചിരിക്കുകയാണ്, ഇതുമൂലം കുട്ടികൾ കുറഞ്ഞുവരുന്നു വിദ്യാഭ്യാസരംഗം കച്ചവടവത്കരിക്കപ്പെടുന്നതിനാൽ പ്രീ പ്രൈമറിരംഗം പാവപ്പെട്ടവർക്ക് അന്യമാകുന്നു

## 5. ഗ്രാമീണ വനിതാ ശിശുവികസന പരിപാടി (DWCRA)

വനിതകൾക്ക് സ്വാശ്രയത്വം കൈവരിക്കാൻ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള ഗ്രാമീണ വനിത ശിശു വികസന പരിപാടി നമ്മുടെ പഞ്ചായത്തിൽ നാമമാത്രമാണ്. കളരിപറമ്പിൽ പ്രവർത്തിക്കുന്ന ആതിര ഫുഡ്സ് എന്ന ആ സ്ഥാപനം ഏറെ കുറെ തൃപ്തികരമായ രീതിയിൽ നടന്നു വരുന്നു മഹിളാ സമാജങ്ങൾ ഫലപ്രദമായി പ്രവർത്തിക്കാത്തതിനാൽ ഇത്തരം പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് വനിത

കാംക്ക് വേണ്ടത്ര അവബോധം ലഭിക്കുന്നില്ല. ഇത്തരം പരിപാടികാംക്ക് ലോൺ കിട്ടാൻ കാലതാമസം നേരിടുന്നു.

6. സമൂഹത്തിൽ ഏറ്റെ കഷ്ടതയനുഭവിക്കുന്ന പാവനെയ്ത്തുകാർക്ക് ക്ഷേമനിധികളും പെൻഷനും നിലവിലില്ല. ക്ഷേമ നിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമല്ല.

## 7. പെൻഷൻ

വിവിധ തരത്തിലുള്ള പെൻഷനുകാം നിലവിലുണ്ടെങ്കിലും അവയിൽ പലതും അർഹരായിട്ടുള്ളവക്ക് ലഭിക്കുന്നില്ല. പെൻഷൻ ലഭിക്കുന്നതിനുള്ള കാല താമസവും നൂലാമാലകളും അർഹരായിട്ടുള്ളവക്ക് തന്നെ പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്.

## 8. കോർപ്പറേഷൻ

സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി വനിത കോർപ്പറേഷൻ, വികലാംഗ കോർപ്പറേഷൻ, പട്ടിക ജാതി-പട്ടിക വർഗ്ഗ കോർപ്പറേഷൻ, പിന്നോക്ക സമുദായ കോർപ്പറേഷൻ എന്നിങ്ങനെ കോർപ്പറേഷനുകാം പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിൻെറ ഗുണഫലങ്ങാം നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര ലഭിക്കുന്നില്ല.

## പൊതുവിതരണം

ഗ്രാമപഞ്ചായത്തിലെ പൊതുവിതരണ രംഗത്ത് 10 റേഷൻ പീടികകളും ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നു. മാവേലി സ്റ്റോർ 8-ാം വാർഡിലെ തട്ടുങ്ങലിൽ സ്ഥിതിചെയ്യുന്നു. കൂടാതെ ആഘോഷ വേളകളിൽ സഹകരണസംഘങ്ങാം ഒരുക്കുന്ന വിശേഷാൽ ചന്തകാം സാധാരണക്കാക്ക് ആശ്വാസമേകാറുണ്ട്. 1996 അദ്ധ്യയന വർഷാരംഭത്തിൽ പാപ്പിനിവട്ടം സർവ്വീസ് സഹകരണ ബാങ്ക് സംഘടിപ്പിച്ച 'സ്റ്റുഡൻസ് മാർക്കററ്' എടുത്ത് പറയത്തക്ക സംരംഭമായിരുന്നു.

1995-96ൽ ഗ്രാമപഞ്ചായത്തിൽ 5021 കാർഡ് ഉടമകളുണ്ട്. 1991-92 വർഷത്തിൽ ഇത് 4677 ആണ്. 344 കാർഡ് ഉടമകാം കൂടിയപ്പോാം ഗുണഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധനവ് 113 മാത്രമാണ്. റേഷൻ ഭക്ഷ്യവസ്തുക്കളുടെ ഉപയോഗവും നേരിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. അതേ സമയം മാവേലി സ്റ്റോർ വഴിയുള്ള വില്പന ഈ വർഷം കുറഞ്ഞതായി കാണുന്നു. 1992-93ൽ 28 ക്വിൻറൽ അരി വില്പന നടത്തിയപ്പോാം അത് 1995-96ൽ 20 ക്വിൻറലായി കുറഞ്ഞിരിക്കുകയാണ്. ഇതിനിടയിൽ 1994-95 വർഷത്തിൽ 54 ക്വിൻറലും, 1993-94 കാലയളവിൽ 31 ക്വിൻറലുമാണ് മാവേലി സ്റ്റോർ വഴിയുള്ള അരി വില്പന. മററു ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പനയിൽ 1995-96ൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

### മാവേലി സ്റ്റോറിനെ സംബന്ധിച്ച വിവരങ്ങൾ
### പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കൾ (ക്വിൻറൽ)

| വർഷം | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | ആകെ |
|---|---|---|---|---|---|---|---|
| | 1 | — | 2 | 3 | 4 | 5 | |
| 1992-93 | 28 | — | | | | 4 | 32 |
| 1993-94 | 31 | — | | | 29.14 | 2 | 62 14 |
| 1994-95 | 54 | — | 2 62 | 89 | 5.98 | 2 | 153.60 |
| 1995-96 | 20 | — | | | 13.70 | 3 | 36.70 |

സാധാരണക്കാരന് ആശ്വാസമേകുന്ന പൊതുവിതരണ കേന്ദ്രങ്ങളെക്കുറിച്ച് എന്നും ചില പരാതികാം നിലനിൽക്കുന്നുണ്ട്. റേഷൻ കടകളിൽ നിന്ന് പലപ്പോഴും മോശം പുഴുക്കുത്തരിയാണ് ലഭിക്കുന്നത്. പച്ചരിയും, ഗോതമ്പും ആവശ്യത്തിന് കിട്ടാറില്ല. പ്രത്യേകിച്ചും ആഘോഷ വേളകളിൽ. സ്വന്തമായി ഭൂമിയില്ലാത്ത പുറമ്പോക്കിലും മററും താമസിക്കുന്ന നിർദ്ധന കുടുംബങ്ങാംക്ക് റേഷൻ ആനുകൂല്യം കിട്ടാറില്ല. പഞ്ചായത്തിലെ ഏക മാവേലിസ്റ്റോറിൻെറ പ്രവർത്തനം കൂടുതൽ പേക്ക് ഉപകാരപ്പെടുന്നില്ല. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിൽ നിന്നും സാധാരണക്കാരെ രക്ഷിക്കാൻ പൊതുവിതരണ സംവിധാനത്തിനാകുന്നില്ല. ഉപഭോക്താക്കളുടെ പ്രശ്നങ്ങളും, പരാതികളും പരിഹരിക്കുന്നതിന് വേദികളില്ലാത്തതും പൊതുവിതരണരംഗത്തെ പ്രശ്നങ്ങളാണ്.

231

# മതിലകം ഗ്രാമപഞ്ചായത്തിലെ പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ:-

| വർഷം | കാർഡുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ) | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | അരി (എല്ലാ ഇനവും) | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് വഴി വിതരണം ചെയ്തത് | കാർഡ് വഴി വിതരണം ചെയ്തത് |
| 1991–92 | 4677 | 47438 | 13942 | 1755 | 23.26 | 40.30 | 1225 | — | 200 | 27870 | 190689 |
| 1995–96 | 5021 | 47551 | 15447 | 2849 | 38.8 | 129.00 | 1352 | — | 238 | 29996 | 210855 |

ആകെ റേഷൻ കടകൾ — 10 എണ്ണം

9. പൊതുവിതരണ കേന്ദ്രങ്ങളെ കാര്യക്ഷമവും, ഫലപ്രദവുമാക്കി മാററി സാധാരണക്കാക്ക് ആവശ്യമായ നേിത്യോപയോഗ സാധനങ്ങൾ അവ മുഖേന ലഭ്യമാക്കാൻ നടപടി വേണം. പഞ്ചായത്തിലെ കൂടുതൽ കേന്ദ്രങ്ങളിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കണം. റേഷൻ കടകൾ വഴി വിതരണം നടത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുകയും, കൃത്യമായി ലഭ്യമാക്കുകയും വേണം. പുറമ്പോക്കിലും മററും താമസിക്കുന്നവക്ക് റേഷൻ ലഭിക്കുവാൻ താല്ലാലിക പെർമിററ് പഞ്ചായത്ത് മുഖേന നല്കണം. കാർഡ് സംബന്ധിച്ച കാര്യങ്ങൾക്ക് പഞ്ചായത്തിൽ സംവിധാനം വേണം. ഉപഭോക്താക്കളുടെ പ്രശ്നങ്ങൾക്കും പരാതികൾക്കും പരിഹാരം കാണാൻ അധികൃതരുടെ പങ്കാളിത്തമുള്ള ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കുയുമാകാം.

പഞ്ചായത്തിൽ പ്രവത്തിക്കുന്ന സഹകരണ സംഘങ്ങളിൽ സഹകരണ സ്റ്റോറുകൾ ആരംഭിക്കണം. ഇവക്കാവശ്യമായ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപറേഷൻ നൽകണം.

## സാധ്യതകൾ,
## പരിഹാര നിർദ്ദേശങ്ങൾ

1. I R D P ലിസ്റ്റ് കുററമററതാക്കണം. യഥാർത്ഥ ആവശ്യക്കാർ ഒരു സർവ്വെയിലൂടെ കണ്ടെത്താൻ പരിപാടി തയ്യാറാക്കണം. ചെറുകിട വ്യവസായ യൂണിററുകൾ തുടങ്ങാൻ ആഗ്രഹമുള്ളവർ I R D P ലിസ്റ്റിൽ പെടാത്തവരാണെങ്കിൽ പോലും ചില പ്രദേശങ്ങളുടെ പ്രത്യേകത പരിഗണിച്ച് അവരെ കൂടി ഉൾപ്പെടുത്തണം. തെരഞ്ഞെടുത്തവർക്ക് വിദഗ്ദ്ധമായ പരിശീലനം നൽകണം I R D P പദ്ധതിപ്രകാരം നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് ബ്ലോക്ക് തലത്തിൽ വിപണന മുദ്ര (Trade mark) നൽകാനുള്ള ഏർപ്പാടുണ്ടാക്കണം I R D P ഉൽപ്പന്നങ്ങൾ സ്ഥിരമായി വിൽക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. I R D P സംരഭങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രായോഗിക പരിശീലനം നൽകുന്നതിനും അവലോകനം നടത്തുന്നതിനും ഒരു ഉപദേശക സമിതി രൂപീകരിക്കണം

2. ടൂൾ കിററ് പദ്ധതി വിപുലമാക്കണം.

3 ട്രൈസം പദ്ധതി യുവജന സംഘടനകളുടേയും സന്നദ്ധ സംഘടനകളുടേയും ക്രിയാത്മക പങ്കാളിത്തത്തോടെ വിപുലമാക്കണം. അർഹരായവരെ കണ്ടെത്തി വിദഗ്ദ്ധമായ പരിശീലനം തന്നെ നൽകണം.

4. ബാലവാടികൾ ഇനിയും ആവശ്യമുള്ളിടത്ത് അവ നിർമിക്കണം. ബാലവാടികളുടേയും ഫീഡിംഗ് സെൻററുകളുടേയും കെട്ടിടങ്ങളുടെ അററകുററപ്പണികൾക്കും വികസനത്തിനുമായി പ്രാദേശികമായ വിഭവ സമാഹരണം കണ്ടെത്താൻ വിപുലമായ പ്രാദേശിക സമിതികൾ രൂപീകരിക്കണം. കെട്ടിടമില്ലാത്ത ഫീഡിംഗ് സെൻററുകൾക്ക് പഞ്ചായത്ത് സാമ്പത്തിക സഹായം നൽകണം. പഞ്ചായത്തിലെ എല്ലാ ബാലവാടികളേയും അംഗനവാടികളാക്കുന്നതോടൊപ്പം ബാലവാടി അദ്ധ്യാപികമാക്കും ആയമാക്കും ആവശ്യമായ പുനഃപരിശീലനം ഉറപ്പുവരുത്തണം. കാലോചിതമായി ബാലവാടികളും അദ്ധ്യയന നിലവാരം പരിഷ്കരിക്കണം.

5. ഓരോ പ്രദേശത്തും വനിതകളുടെ അഭിരുചിക്കനുസരിച്ചും വിപണന സാദ്ധ്യതയുള്ളതുമായ (DWCRA) യൂണിററുകൾ സ്ഥാപിക്കണം ഇതിനുവേണ്ട സാങ്കേതിക പരിജ്ഞാനവും പ്രവത്തന മൂലധനവും ബന്ധപ്പെട്ട ഏജൻസികൾ യഥാസമയം ലഭ്യമാക്കണം. വനിതാ വ്യവസായ യൂണിററുകളുടെ രൂപീകരണത്തിനും, നടത്തിപ്പിനും വേണ്ട പ്രാഥമിക വിവരം നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉൾപ്പെടുന്ന ജനകീയ സമിതികൾ വേണം. മഹിളാ സമാജങ്ങളെ സജീവവും കാര്യക്ഷമവുമാക്കിയാൽ ഇത്തരം പദ്ധതികൾ വിജയപ്രദമാക്കാൻ കഴിയും.

6. പായ നെയ്ത്തുകാർക്ക് ക്ഷേമനിധി രൂപീകരിക്കണം. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം അതിൽ അംഗങ്ങളായിട്ടുള്ളവരുടെ ജീവിത നിലവാരം ഉയർത്താൻ പര്യാപ്തമാകണം. അനുകൂല്യങ്ങളും സഹായങ്ങളും ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കണം.

7. പെൻഷന് അർഹരായവരെ കണ്ടെത്തുന്നതിന് സന്നദ്ധ സംഘടനകളുടെയോ, ജനകീയ സമിതികളുടേയോ സഹകരണത്തോടെ കുററമററ സർവ്വെ സംഘടിപ്പിക്കണം. പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തണം. പെൻഷൻ തുകയുടെ വിതരണവും ഈ സംവിധാനത്തിൽ കീഴിൽ വരണം. പായനെയ്ത്തുകാക്ക് പെൻഷൻ ഏർപ്പെടുത്തണം.

8. കോർപ്പറേഷനുകളുടെ പ്രവത്തനം വികേന്ദ്രീകരിക്കുകയും, ബ്ലോക്ക് തലത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തുകയും വേണം. പഞ്ചായത്തുകളിലെ അംഗീകാരമുള്ള സന്നദ്ധ സംഘടനകൾ മുഖേന കോർപ്പറേഷൻെറ ലക്ഷ്യത്തേയും, പ്രവത്തനങ്ങളേയും കുറിച്ച് ജനങ്ങളെ അറിയിക്കണം.

9. സക്കാരും വിവിധ ഏജൻസികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യ ക്ഷേമ പദ്ധതികൾ ജനങ്ങളെ അപ്പപ്പോൾ അറിയിക്കാനും അർഹരായവരെ കണ്ടെത്താനും അത്തരം സഹായങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ സന്നദ്ധപ്രവത്തകരും ഉദ്യോഗസ്ഥരും ചേന്ന് ഒരു Social welfare centre പ്രാവത്തികമാക്കണം.

10. പഞ്ചായത്തിലെ എല്ലാ വീടുകളും കയറിയിറങ്ങി തൊഴിൽ രഹിതരെ കണ്ടെത്തുന്നതിനും അവരുടെ തൊഴിൽ അഭിരുചി മനസ്സിലാക്കുന്നതിനും ആയി ഒരു ജനകീയ സർവ്വെ നടത്തണം. ഇതോടൊപ്പം പെൻഷനുകൾ ലഭിക്കുന്നവരെക്കുറിച്ചും ലഭിക്കാത്തവരെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കണം.

11. മിതവ്യയ ശീലം വളർത്താനും സമ്പാദ്യ ശീലം ഉണ്ടാക്കാനും പഞ്ചായത്ത് പരിപാടി തയ്യാറാക്കണം.

12. മൈത്രി ഭവന നിർമ്മാണ പദ്ധതിയെക്കുറിച്ച് പ്രചാരണം നടത്തുകയും ആവശ്യക്കാരെ കണ്ടെത്തി ഈ പദ്ധതി പരമാവധി പ്രയോജനപ്പെടുത്തുകയും വേണം. ഈ പദ്ധതിക്കിനുള്ള സാങ്കേതിക പ്രശ്നങ്ങൾ ലഘൂകരിച്ച് പഞ്ചായത്ത് തലത്തിലോ ബ്ലോക്ക് തലത്തിലോ നടപ്പിലാക്കണം.

13. 'വൃദ്ധ മന്ദിരം' ബ്ലോക്ക് തലത്തിലോ പഞ്ചായത്ത് തലത്തിലോ വേണമെന്ന് ഗ്രാമസഭകളിൽ നിന്ന് ആവശ്യം ഉയർന്ന് വന്നിട്ടുണ്ട്. പ്രായമായവരേയും രോഗികളേയും ബന്ധപ്പെട്ടവർ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

14. പഞ്ചായത്ത് തലത്തിൽ ഗ്രാമകോടതി രൂപീകരിക്കണം. വാർഡുതലത്തിൽ സാധ്യമാകുന്നിടത്ത് അവിടേയും ആലോചിക്കണം.

15. JRY, IAY തുടങ്ങിയ പദ്ധതികൾ മുഖേനയുള്ള ഭവന നിർമ്മാണ വായ്പ ഉയർത്തണം. വീട് നിർമ്മിക്കാനുള്ള 'പ്ലാൻ' നൽകുമ്പോൾ തന്നെ ആദ്യ ഗഡു നൽകണം.

16. പുറമ്പോക്ക് പ്രദേശങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പഞ്ചായത്ത് ജനകീയ സഹകരണത്തോടെ പരിപാടി തയ്യാറാക്കണം.

17. വിധവകളുടെ പെൺമക്കളുടെ കല്ല്യാണാവശ്യത്തിനുള്ള ധനസഹായം നിർധനർക്കുകൂടി ലഭ്യമാക്കണം. ഈ സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം.

18. കടൽ ഭിത്തി അററകുററപ്പണികൾ നടത്തി സുരക്ഷിതമാക്കണം.

19. ലക്ഷം വീട് കോളനിയിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.

20. കനോലി കനാലിൽ സ്ഥിതിചെയ്യുന്ന പാമ്പിൽ തുരുത്തിൽ വെള്ളവും വെളിച്ചവും ലഭ്യമാക്കാനും മററ് വികസന പ്രവർത്തനങ്ങൾ നടത്താനും പഞ്ചായത്ത് പ്രത്യേക പരിപാടി തയ്യാറാക്കണം.

''എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേററാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്
എന്നാൽ
ആരുടേയും
ദുരയെ തൃപ്തി
പ്പെടുത്തുവാൻ
വിഭവങ്ങളില്ല
താനും''

മഹാത്മാഗാന്ധി.

# പട്ടികജാതി ക്ഷേമം

കേരളത്തിലെ അടിസ്ഥാന വിഭാഗങ്ങളിൽ ഏററവും കൂടുതൽ അവശതയനുഭവിക്കുന്നത് പട്ടികജാതി പട്ടിക വർഗവിഭാഗമാണ്. ഇവരിൽ പട്ടികജാതി വിഭാഗത്തിലുള്ളവർ മാത്രമാണ് മതിലകം പഞ്ചായത്തിലുള്ളത്.

സ്വാതന്ത്ര്യത്തിനു മുൻപും അതിനുശേഷവും സാമൂഹ്യപരമായ ഉച്ചനീചത്വങ്ങൾക്ക് ഈ വിഭാഗങ്ങൾ ഇരയായിട്ടുണ്ട്. വിദ്യാഭ്യാസപരമായി മുന്നേറാൻ കഴിയാത്തതിനാൽ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ മേഖലകളിലെ നേതൃനിരയിലേയ്ക്ക് എത്താൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലുമുള്ള ഈ വിഭാഗത്തിന്റെ ആഭിമുഖ്യം ഉന്നത ജാതിക്കാർക്ക് ഇവരെ ചൂഷണം ചെയ്യാനുള്ള ഉപാധിയായി വർത്തിച്ചു.

പുരോഗമന പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തോടെ ഈ അവസ്ഥക്ക് മാററം വന്നു തുടങ്ങി. കുടികിടപ്പ് നിയമം പ്രാബല്യത്തിൽ വന്നതോടെ ബഹുഭൂരിപക്ഷത്തിനും ഭൂമിയുടെ ഉടമകളായി മാറാൻ കഴിഞ്ഞു. സാമൂഹ്യമായ പിന്നോക്കാവസ്ഥ തരണം ചെയ്യാൻ ഒരളവുവരെ ഈ നിയമം സഹായിച്ചിട്ടുണ്ട്.

നിലവിലുള്ള പട്ടികജാതി കുടുംബങ്ങളുടെ സ്ഥിതിവിവര കണക്ക്.

| വാർഡ് | വീടുകളുടെ എണ്ണം | ഓട് | ഓല | കുടിൽ | കക്കൂസ് ഉള്ളവർ | കക്കൂസ് ഇല്ലാത്തവർ | വീടില്ലാത്തവർ | വൈദ്യുതി കണക്ഷൻ ഉള്ള വീടുകൾ | വൈദ്യുതി കണക്ഷൻ ഇല്ലാത്ത വീടുകൾ |
|---|---|---|---|---|---|---|---|---|---|
| 1 | 155 | 67 | 9 | 79 | 20 | 135 | 11 | 41 | 114 |
| 2 | 56 | 37 | 6 | 13 | 53 | 3 | 4 | 13 | 4 |
| 3 | 40 | 27 | 6 | 6 | 18 | 22 | 5 | 18 | 22 |
| 4 | 26 | 9 | 7 | 10 | 16 | 0 | 2 | 6 | 7 |
| 5 | 60 | 18 | 32 | 14 | 48 | 12 | 0 | 24 | 0 |
| 6 | 51 | 17 | 7 | 27 | 18 | 33 | 26 | 14 | 37 |
| 7 | 16 | 10 | 6 | 5 | 15 | 1 | 26 | 9 | 0 |
| 8 | 45 | 19 | 2 | 24 | 33 | 12 | 7 | 19 | 26 |
| 9 | 24 | 8 | 6 | 10 | 20 | 4 | 0 | 3 | 21 |
| 10 | 27 | 16 | 2 | 9 | 18 | 9 | 16 | 18 | 16 |
| 11 | 35 | 16 | 1 | 18 | 31 | 4 | 10 | 8 | 3 |
| ആകെ | 535 | 244 | 84 | 215 | 290 | 235 | 107 | 173 | 250 |

## വിദ്യാഭ്യാസരംഗത്ത്

ഈ വിഭാഗത്തിന് വേണ്ടത്ര വിദ്യാഭ്യാസ പുരോഗതി നേടാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പുതിയ തലമുറ വിദ്യാഭ്യാസത്തിനോട് താത്പര്യം കാണിച്ചുവരുന്നുണ്ട്; എങ്കിലും ബഹുഭൂരിപക്ഷവും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിച്ചുകാണുന്നില്ല. സാമ്പത്തിക പരാധീനതകളും രക്ഷിതാക്കളുടെ അശ്രദ്ധയും ഇതിന്റെ കാരണങ്ങളാണ്.

## തൊഴിൽരംഗത്ത്

കാർഷികമേഖലയിലാണ് കൂടുതലാളുകളും പണിയെടുക്കുന്നത് പുരുഷൻമാരുടെ പ്രധാനതൊഴിൽ തെങ്ങുകയററമാണ്. വൈദഗ്ദ്യം ഏറെ ആവശ്യമായ തൊഴിലാണെങ്കിലും വേണ്ടത്ര അംഗീകാരം ഈ തൊഴിലിന് ലഭിക്കാത്തതിനാൽ പുതിയ തലമുറ ഈ രംഗത്തേയ്ക്ക് കടന്നു വരുന്നില്ല. സ്ത്രീകളുടെ പ്രധാനതൊഴിൽ പായനെയ്ത്താണ് കയർ മേഖലയിലും സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. കാർഷികഉത്പാദന രംഗത്തുവന്ന മാന്ദ്യം നിമിത്തം തൊഴിൽ ദിനങ്ങൾ കുറഞ്ഞിരിക്കുന്നു. കൂടുതൽ കൂലി ലഭിക്കുന്ന നിർമ്മാണപ്രവർത്തനമേഖലകളിലേക്ക് പുരുഷൻമാരോടൊപ്പം തന്നെ സ്ത്രീകളും പോയിക്കൊണ്ടിരിക്കുന്നു.

## പാർപ്പിടവും ഭൗതിക സാഹചര്യങ്ങളും

ഈ ജനവിഭാഗങ്ങളിൽ ഭൂരിഭാഗത്തിനും മൂന്നു സെൻറ് മുതൽ 10 സെൻറ് ഭൂമി വരെ സ്വന്തമായിട്ടുള്ളു. 10 ശതമാനത്തോളം വീടുകൾ മാത്രമേ ഓടുമേഞ്ഞതായുള്ളു. ബാക്കിയുള്ളവ ഓലമേഞ്ഞതും കുടിലുകളുമാണ്. സ്ഥലപരിമിതിമൂലം പ്രാഥമിക സൗകര്യവും ശുദ്ധജലത്തിന്റെ അഭാവും നേരിടുന്നുണ്ട്. മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള സംവിധാനം നിലവിൽ ഇല്ല. പല കോളനികളിലേക്കും പൊതുവഴി ഇല്ല.

## കലാസാംസ്ക്കാരിക രംഗത്ത്

ഈ വിഭാഗത്തിൽ പെടുന്ന കുറെപേർ കലാസാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരായുണ്ട്. ഓണക്കളി, ഉടുക്കുകൊട്ട്പാട്ട് എന്നീകലകളുടെ ട്രൂപ്പുകളും നിലവിലുണ്ട് നാടകരംഗത്തും സംഗീതനൃത്ത കലാകായിക രംഗത്തും പ്രവർത്തിക്കുന്നവരുണ്ട് സാമ്പത്തിക പ്രശ്നം മൂലം ഈ രംഗങ്ങളിൽ ഉന്നതങ്ങളിൽ എത്താൻ ഇവർക്ക് കഴിഞ്ഞിട്ടില്ല.

ഇവരിൽ വായനശീലം പൊതുവെ കുറവാണ്. ബഹുജന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ച് നേതൃനിരയിലേക്ക് ഉയർന്നുവന്ന എതാനും വ്യക്തികളും ഇവരുടെ കൂട്ടത്തിലുണ്ട്.

## പ്രശ്നങ്ങൾ

1 ഈ വിഭാഗത്തിൽ വിദ്യാഭ്യാസ പുരോഗതി വേണ്ടത്ര കൈവരിച്ചിട്ടില്ല കുട്ടികൾ വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞു പോവുന്നു. സർക്കാർ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നില്ല. 13 വിദ്യാലയങ്ങൾ ഉണ്ടെങ്കിലും ഒന്നിലും ഹരിജൻ അദ്ധ്യാപകർ ഇല്ല.

2 കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു പോവുന്നതിനാൽ തൊഴിലാളികൾ നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് തിരിയേണ്ടി വരുന്നു. സ്ത്രീകൾക്ക് കൂലി കുറവാണ്.

3 കുടിലുകളാണധികവും, ലക്ഷം വീട് കോളനികളിൽ അററകുററപ്പണികൾ നടത്താറില്ല ഉള്ള വീടുകളിൽ പ്രാഥമിക സൗകര്യങ്ങൾ കുറവാണ് ഭവന നിർമ്മാണത്തിനുള്ള ധനസഹായം പോര.

4 കുടിവെള്ളം, വൈദ്യുതി, പൊതുവഴി എന്നിവയുടെ അപര്യാപ്തതയുണ്ട്.

5 സർക്കാർ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന പാവപ്പെട്ടവർക്ക് ഒട്ടേറെ പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നു.

6 I. R. D. P പദ്ധതികൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നില്ല.

7 വായ്പ നടപടിക്രമങ്ങൾ ലഘൂകരിക്കണം.

8 പട്ടികജാതി കോർപ്പറേഷനും മററും നൽകുന്ന ആനുകൂല്യങ്ങൾ കിട്ടിയാൽ പോലും ശരിയായ രീതിയിൽ ഉപയോഗിക്കുന്നവർ കുറവാണ്.

9 ഈ വിഭാഗത്തിലുള്ള വിവിധ ഏജൻസികളിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ അപേക്ഷിക്കുന്ന എല്ലാവർക്കും കിട്ടുന്നില്ല. നിരവധി തവണ ആഫീസുകളിൽ കയറിയിറങ്ങി ഇവർ നിരാശരായി മടങ്ങുന്നു.

10 ജാതീയമായ ഉച്ചനീചത്വങ്ങൾ ഇപ്പോഴും ചില പ്രദേശങ്ങളിൽ ഉണ്ട്.

11 പൊതു ആവശ്യങ്ങൾക്കൊത്തുചേരാൻ കമ്മ്യൂണിററി ഹാളുകളില്ല.

12 അംബേദ്കർ കോളനിയിൽ T. V കിനിയും കറൻറില്ല.

13 പ്രാണിയാട് കോളനി, തേർവീട് കോളനി കീടങ്ങ് [V] എന്നിവിടങ്ങളിൽ പൊതുവഴിയില്ല

14 പെരുന്തോടിൻെറ ഇരുവശത്തും അനധികൃതമായിട്ടാണെങ്കിലും താമസിക്കുന്നവരുടെ അമ്പതോളം കുടിലുകളിൽ വർഷകാലത്ത് വെള്ളം കയറുന്നതിനാൽ താമസിക്കാൻ പററാതെ സ്കൂളുകളിൽ താമസിക്കേണ്ടി വരുന്നു.

15 കോളനികളിലും മററിടങ്ങളിലും കൂട്ടുകുടുംബമായി താമസിക്കുന്ന കുടുംബങ്ങൾക്ക് മാറി താമസിക്കാൻ ഭൂമിയില്ലാതെ ക്ലേശിക്കുന്നവർ ഏറെയുണ്ട്.

16 വിവിധ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥരെ സമീപിക്കുമ്പോൾ അവർ കാലതാമസം വരുത്തുന്നതിനാലും കൈക്കൂലി ആവശ്യപ്പെടുന്നതിനാലും ബുദ്ധിമുട്ട് നേരിടുന്നു.

17 9-ാം വാർഡിലെ അഗ്രോ സർവ്വീസ് സെൻററിൻെറ പ്രവർത്തനം കോളനിയിലെ കർഷക തൊഴിലാളികൾക്ക് പ്രയോജനകരമായ വിധം കാര്യക്ഷമമാക്കണം. ഇവിടെ വൈദ്യുതിയില്ല

18 സ്ത്രീകളുടെ തൊഴിലുകളായ പായനെയ്ത്ത്, കയറുപിരി എന്നിവയിൽ ഇടത്തട്ടുകാരുടെ ചൂഷണം ഉണ്ട്. പായനെയ്ത്തിനാവശ്യമായ കൈതോലയുടെ ദൗർലഭ്യം രൂക്ഷമാണ്.

19 ഹരിജനങ്ങൾ കൂടുതൽ താമസിക്കുന്നിടത്ത് ബാലവാടികളും ഫീഡിംഗ് സെൻററുകളും ഇല്ല. രക്ഷിതാക്കൾ ജോലിക്കുപോകുമ്പോൾ കുട്ടികളെ ഏൽപ്പിയ്ക്കുവാൻ ക്രഷ് സെൻററുകളില്ല.

20 സമ്പാദ്യശീലം കുറവാണ്.

21 പ്രായമേറിയ ഒട്ടേറെ ആളുകൾ വാർദ്ധക്യ സഹജമായ ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നു

## സാദ്ധ്യതകൾ പരിഹാരങ്ങൾ

### 1. വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർത്തിക്കൊണ്ടുവരാൻ വിദ്യാർത്ഥികൾക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ സൗജന്യ പരിശീലനക്ലാസ്സുകൾ നടത്തണം.

മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുവാൻ ഉയർന്ന വിദ്യാഭ്യാസമുള്ളവർക്ക് പഞ്ചായത്ത് തലത്തിൽ പരിശീലനങ്ങൾ സംഘടിപ്പിക്കണം.

ലംപ്സംഗ്രാൻറും മററു സാമ്പത്തിക സഹായങ്ങളും വർദ്ധിപ്പിക്കണം. ബ്ലോക്ക് തലത്തിൽ പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കണം. വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെ സംബന്ധിച്ച് ബോധവത്കരണക്ലാസ്സുകൾ നടത്തണം.

ഹരിജൻ കോളനികളിൽ, ബാലവാടികളും ഫീഡിംഗ്സെൻററുകളും ആരംഭിക്കണം.

പ്രൊഫഷണൽ യോഗ്യതയുള്ളവർക്ക് പഞ്ചായത്ത് മുൻകയ്യെടുത്ത് തൊഴിലവസരം ഉറപ്പാക്കണം.

വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠനോപകരണങ്ങൾ വിതരണം ചെയ്യണം.

### 2. പാർപ്പിടവും ഭൗതിക സാഹചര്യങ്ങളും

535 കുടുംബങ്ങളുള്ളതിൽ 406 പേർക്ക് വീടുകൾ പണിയണം പഞ്ചായത്ത് മുൻകയ്യെടുത്ത് ഇതിനൊരു പരിപാടി തയ്യാറാക്കണം. ജനകീയമായ സഹകരണത്തോടെ വീടു നിർമ്മിക്കണം.

വീട് പുതുക്കി പണിയുന്നതിനും അററകുററപണികൾക്കും പലിശ രഹിതവായ്പകൾ ലഭ്യമാക്കണം കക്കൂസും പുകയില്ലാത്ത അടുപ്പും സ്ഥാപിക്കാൻ ധനസഹായം ഇതോടൊപ്പം നൽകണം. ഭവനനിർമ്മാണത്തിനു നല്കുന്ന ധനസഹായം വർദ്ധിപ്പിക്കണം.

കൂട്ടുകുടുംബമായി താമസിക്കുന്നവർക്ക് വേറിട്ടു താമസിക്കുന്നതിനായി ഗൃഹ നിർമ്മാണത്തിനുള്ള സഹായങ്ങൾ ചെയ്യണം.

ഹരിജൻ കുടുംബങ്ങളിൽ 173 കുടുംബങ്ങൾക്കാണ് വൈദ്യുതി ലഭിച്ചിട്ടുള്ളത് ബാക്കിയുള്ള കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനോടൊപ്പം വൈദ്യുതിയും നൽകണം.

വീട് കെട്ടിമേയാനുള്ള ധനസഹായം വർദ്ധിപ്പിക്കുകയും, അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും വേണം. ഇതിനുള്ള അപേക്ഷയിൽ നിന്ന് സ്ററാമ്പ്പേപ്പറും C. D യും ഒഴിവാക്കണം VIII-ാം വാർഡിലെ പ്രാണിയാട് കോളനി അഞ്ചാം വാർഡിലെ 'കിടുങ്ങ്' മൂന്നാം വാർഡിലെ തേർവീട്ടിൽ കോളനി എന്നിവിടങ്ങളിലേക്ക് പൊതുവഴി ലഭ്യമാക്കണം. 'കിടുങ്ങ്' എന്ന സ്ഥലത്ത് കൂടുതൽ ആളുകൾ തിങ്ങിപാർക്കുന്നു. ഈ സ്ഥലത്തേയ്ക്ക് മുപ്പത്തഞ്ച് മീററോളം കാനകെട്ടി മുകളിൽ സ്ലാബ് തീർത്താൽ പൊതുവഴിക്ക് സൗകര്യമായിരിക്കും.

കല്ല്യാണം പോലുള്ള പൊതു ആവശ്യങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു പൊതു കമ്മ്യൂണിററിഹാൾ നിർമ്മിക്കണം. ഇവർക്ക് വാടകയിൽ ഇളവ് അനുവദിക്കണം.

കൂടുതൽ ഈ വിഭാഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ പത്രങ്ങളും മററു ആനുകാലിക പ്രസിദ്ധീകരണങ്ങളും പഞ്ചായത്തിൻെറ സഹകരണത്തോടെ ഏർപ്പെടുത്തണം. ഈ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമം മുൻനിർത്തി പഞ്ചായത്ത് തലത്തിൽ ഒരു വികസന സമിതിയും സഹകരണസംഘവും ഉണ്ടാക്കേണ്ടതുണ്ട്.

പൊതു ശ്മശാനത്തിലേക്ക് മൃതദേഹം എത്തിക്കുന്നതിന് വേണ്ടി തള്ളിക്കൊണ്ടുപോകാവുന്ന ഒരു വണ്ടി പഞ്ചായത്ത് ഏർപ്പെടുത്തണം.

പഞ്ചായത്ത് തലത്തിൽ ഒരു തർക്കപരിഹാര കോടതി സ്ഥാപിക്കണം.

മിച്ച ഭൂമി കോളനി, നിർമിതി കോളനി (1) തൃപ്പേക്കുളം കോളനി, തട്ടാർക്കുളം കോളനി എന്നീ കോളനികളെ I H D P കോളനികളാക്കണം.

പട്ടിക ജാതിക്കാർക്ക് ഗ്രൂപ്പായി ജലസേചനത്തിന് അനുവദിച്ചിട്ടുള്ള മോട്ടോർ പമ്പുസെററുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാൻ വേണ്ടുന്ന സത്വര നടപടികൾ സ്വീകരിക്കണം.

ജാതിസർട്ടിഫിക്കററ് പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കണം. പൂവ്വത്തുംകടവ് I. H. D. P. കോളനി റോഡിൽ നിന്ന് കിഴക്കുംപുറം J. R. Y. റോഡുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

1-ാം വാർഡിലുള്ള സേട്ടുവിൻെറ തോടിനു കുറുകെ ഉപ്പുവെള്ളം കയറാതിരിക്കുന്നതിനുള്ള ചീപ്പ് നിർമ്മിക്കണം.

തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവരെ ഉൾപ്പെടുത്തി വ്യവസായ പരിശീലനം നൽകുകയും തുടർന്ന് വ്യവസായം തുടങ്ങുന്നതിനുള്ള വായ്പ അനുവദിക്കുകയും വേണം.

പെരുന്തോട് പാലത്തിന് ഇരുവശത്തും പുറംപോക്കിലായി താമസിക്കുന്ന അമ്പതോളം കുടുംബങ്ങളെ മാററി താമസിപ്പിക്കാൻ പഞ്ചായത്ത് സത്വരനടപടികൾ സ്വീകരിക്കണം.

കോളനികളിൽ അവശിഷ്ടങ്ങളും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തണം. അതോടൊപ്പം ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിക്കണം.

കൊഴിഞ്ഞു പോകുന്ന കുട്ടികളെ വീണ്ടും സ്കൂളുകളിലേയ്ക്ക് എത്തിക്കാൻ പഞ്ചായത്ത് പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

മദ്യപാനം മുതലായ പ്രശ്നങ്ങളെ കുറിച്ച് ബോധവത്കരണത്തിലൂടെ പരിഹാരം കണ്ടെത്തണം.

ജാതി പരമായി ഇന്നും നിലനിൽക്കുന്ന ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കുകയും മററു സമുദായങ്ങൾ പ്രായഭേദം പോലും മറന്ന് പട്ടിക ജാതിക്കാരെ പേര് വിളിക്കുന്നത് അവസാനിപ്പിക്കുകയും വേണം.

ഓരോ മേഖലയും കുറഞ്ഞത് 15% മെങ്കിലും ഫണ്ട് പട്ടികജാതിക്കാർക്കായി നീക്കിവെക്കണം. പദ്ധതികളിലേക്ക് ആളുകളെ തിരഞ്ഞെടുക്കുന്നത് പഞ്ചായത്ത് സമിതി ആയിരിക്കണം.

ആടുമാടുകളെ വളർത്തുന്നതിനും, കോഴികളെ വളർത്തുന്നതിനും സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഏർപ്പെടുത്തുക

തൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് പെൻഷൻ ഏർപ്പെടുത്തണം. അംബേദ്കർറോഡ് (VI ാംവാർഡ്) തുടങ്ങുന്നിടത്തുള്ള ട്രാൻസ്ഫോമറിൽ നിന്നും വൈദ്യുതിലൈൻ വലിച്ച് കോളനിയിലേയ്ക്ക് വൈദ്യുതി ലഭ്യമാക്കണം.

വിവിധ തലങ്ങളിൽ നടക്കുന്ന കലാകായിക മത്സരങ്ങൾ ഈ വിഭാഗത്തെ പ്രത്യേകം അറിയിക്കണം.

സ്വയം തൊഴിൽ നൽകുന്നതിനുള്ള സഹായം യോഗ്യതയുള്ളവർക്ക് നൽകണം. സാംസ്കാരികമായ പ്രവർത്തനങ്ങളും, ആരോഗ്യബോധവത്കരണ ക്ലാസ്സുകളും ഇവർക്കായി രൂപീകരിക്കുന്ന ക്ഷേമ സമിതികൾ സംഘടിപ്പിക്കണം.

പൊന്നാംപടി കോളനിയിലും, പൂവ്വത്തുംകടവ് കോളനിയിലും സാംസ്കാരിക നിലയങ്ങൾ സ്ഥാപിച്ച് വാർത്താമാധ്യമങ്ങളും ഏർപ്പെടുത്തണം. ഈ വിഭാഗത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഏതൊക്കെയാണെന്ന് അറിയാനുള്ള സംവിധാനം ഉണ്ടാക്കണം.

# വ്യവസായം

പൗരാണികതയുടെ ഒട്ടേറെ കഥകൾ പറയുന്ന പഞ്ചായത്താണ് മതിലകം. ലോക സന്ദേശത്തിൽ പോലും മതിലകത്തിന്റെ ഐശ്വര്യ ദീപ്തമായ അവസ്ഥയെ സംബന്ധിച്ച വർണ്ണനകളുണ്ട്. ആധുനിക കാലത്തിന്റെ തുടക്കത്തിലും മതിലകത്തിന്റെ പ്രതാപചിഹ്നം പോലെ മതിലകം ചന്ത ഉണ്ടായിരുന്നു. എന്നാൽ ഒരു ഘട്ടത്തിനുശേഷം ഉല്പാദന മേഖലകളിലും വ്യാപാര രംഗത്തും ഒരു സ്തംഭനാവസ്ഥയാണ് അനുഭവപ്പെട്ടുന്നത്. വ്യവസായ അവസ്ഥ പരിശോധിച്ചാൽ പരമ്പരാഗത വ്യവസായങ്ങൾ മാത്രമാണ് ഇവിടെ നിലനിന്നിരുന്നത് എന്ന് കാണാം. ആധുനിക വ്യവസായത്തിലേക്കുള്ള ആദ്യ ചുവട് വെപ്പായി പരിഗണിക്കാവുന്നത് മതിലകം ഇൻഡസ്ട്രീസിന്റെ കീഴിൽ സ്ഥാപിക്കപ്പെട്ട ഓയിൽ മില്ലാണ്. തുടർന്ന് ചില മില്ലുകൾ ഉയർന്നു വരികയുണ്ടായി ഗവൺമെന്റ് തലത്തിൽ വ്യവസായ വികസനത്തിന് ഊർജം പകരാനുള്ള സംരംഭമെന്ന നിലയിലാണ് 1976ൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേററിനു തുടക്കം കുറിച്ചത്. അടിസ്ഥാന സൗകര്യങ്ങൾ ഏറെക്കുറെ ഒരു പ്രദേശത്ത് ഒരുക്കിയ ഈ സംരംഭം വന്നിട്ടും ആധുനിക വ്യവസായങ്ങളുടെ വികാസം ഉണ്ടായി എന്നു പറഞ്ഞുകൂടാ മാത്രമല്ല നമ്മുടെ പഞ്ചായത്ത് ഇപ്പോഴും വ്യാവസായിക ശൈശവാവസ്ഥയിലാണുതാനും.

25417 ഓളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ 15 ശതമാനത്തിലേറെ ആളുകൾക്ക് തൊഴിൽ ഇല്ല എന്നാണ് കണക്കാക്കുന്നത്. നൂറ് കണക്കിനു ആളുകൾ ഇവിടെ നിന്ന് ഗൾഫ് നാടുകളിലേക്ക് തൊഴിൽ അന്വേഷകരായി പോയതുകൊണ്ട് സാമ്പത്തികരംഗത്തെ അരക്ഷിതാവസ്ഥ അറിയപ്പെടാതെ പോകുന്നുണ്ട്. ഗൾഫ് നാടുകളിൽ നിന്ന് തൊഴിൽ നഷ്ടപ്പെടാനിടവന്നാൽ നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തികാവസ്ഥ തകിടം മറിയും. വ്യവസായ വികസനത്തിന്റെ അഭാവവും പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയും പ്രശ്നങ്ങളെ രൂക്ഷമാക്കും. അതുകൊണ്ടുതന്നെ വ്യക്തമായ കാഴ്ചപ്പാടോടെ വ്യാവസായിക രംഗം ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

## പഞ്ചായത്തിലെ വ്യവസായങ്ങൾ പരമ്പരാഗതവും ആധുനികവും

### പരമ്പരാഗതം

മതിലകത്തിന്റെ മുഖ്യവ്യവസായ മേഖല ഇപ്പോഴും പരമ്പരാഗതമായതു തന്നെയാണ്. കയർ, കള്ളുചെത്ത്, ബീഡിതെറുപ്പ്, പപ്പട നിർമ്മാണം, കുടിൽ വ്യവസായമായ തഴപ്പായ നെയ്ത്ത് ഇവയാണ് മുഖ്യമായും ഇവിടെയുള്ള പരമ്പരാഗത വ്യവസായങ്ങൾ. വെളുത്തകടവ് കയർ സഹകരണസംഘവും, കൂളിമുട്ടം കയർ സൊസൈററിയുമാണ് ചകിരി, കയർ വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങൾ. സ്വകാര്യമേഖലയിലും ചകിരി കയർ ഉൽപാദനം നടക്കുന്നുണ്ട്. 9, 10, വാർഡിൽ പച്ച തൊണ്ട് തല്ലി ചകിരിയാക്കുന്ന വ്യവസായം നിലവിലുണ്ട്. എന്നാൽ പൊതുവിൽ ഈ വ്യവസായം ഒരു തകർച്ചയെ നേരിടുകയാണ്. രണ്ടു സഹകരണസംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ കൂളിമുട്ടം സംഘം അതിന്റെ പ്രവർത്തനം നിർത്തുന്നിടത്തേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഉൽപന്നങ്ങൾ വിററഴിക്കാനുള്ള വിപണിയാണ് മുഖ്യപ്രശ്നം. സ്ഥലത്തിന്റെയും, തൊണ്ടഴുക്കുന്നതിൽ വരുന്ന പരിസ്ഥിതി പ്രശ്നവും ഈ വ്യവസായത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്നവതന്നെയാണ്. സംഘടിതമായ മറെറാരു പരമ്പരാഗതവ്യവസായമാണ് കള്ളുചെത്ത് 91 തൊഴിലാളികളാണ് ഈ രംഗത്ത് തൊഴിൽ ചെയ്യുന്നത് ൽ അനുവദിക്കപ്പെട്ട തൊഴിലാളികളുടെ എണ്ണമാണിത്. മററുമദ്യങ്ങളെപ്പോലെ ജനങ്ങളെ ഏറെ ദുരിതത്തിലാക്കുന്ന ഒന്നല്ല ഇത്. എന്നാൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കള്ളിനേക്കാൾ വളരെ അധികമാണ് ഈ രംഗത്തെ വില്പന. പലപ്പോഴും കൃത്രിമമായ കള്ളാണ് വിതരണം ചെയ്യുന്നത് ഇത് വ്യവസായത്തെ തകർച്ചയിലേക്ക് നയിക്കും. ബീഡിതെറുപ്പ് മതിലകത്തിന്റെ കുത്തകപോലെ നിലനിന്നിരുന്ന വ്യവസായമാണ്. മുൻകാലങ്ങളിൽ നിരവധി ബീഡി കമ്പനികളും അതിൽ നൂറു കണക്കിനു തൊഴിലാളികളും പണി ചെയ്തിരുന്നു

ആ അവസ്ഥ ഇന്ന് നിലവിലില്ല അതുകൊണ്ടു തന്നെ അത് സംഘടിതവുമല്ല. ഇതു മൂലം തൊഴിലാളികളെ സംബന്ധിച്ച് വ്യവസായ ശാലകളിൽ തൊഴിലാളിക്ക കിട്ടുന്ന പരിരക്ഷ കിട്ടുന്നില്ല. തൽഫലമായി ഈ തൊഴിലിൽ നിന്ന് ആളുകൾ പിൻതിരിഞ്ഞ് കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിൽ നൂറുകണക്കിന് സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്ന ഒരു പരമ്പരാഗത കുടിൽ വ്യവസായമാണ് പായനെയ്ത്ത്. ഈ വ്യവസായം പ്രതിദിനം നിരവധി പ്രശ്നങ്ങളെ നേരിടുകയാണ്. അസംസ്കൃത വസ്തുവായ തഴയുടെ ലഭ്യത കുറവ്, തഴ വാങ്ങുന്നതിന് കൊള്ളപലിശക്കാരെ ആശ്രയിക്കേണ്ടി വരുന്നത് വിപണിയുടെ കുറവു മൂലം ഇടത്തരക്കാരിൽ നിന്നുണ്ടാകുന്ന ചൂഷണം ഇവയൊക്കെ ഈ പരമ്പരാഗത വ്യവസായത്തിന്റെ നിലനിൽപ്പിന് വെല്ലുവിളിയായി മാറുന്ന പ്രശ്നങ്ങളാണ്.

## ആധുനിക ചെറുകിട വ്യവസായങ്ങൾ

ഗവൺമെന്റ് ഉടമസ്ഥതയിലോ സ്വകാര്യ മേഖലയിലോ ഉള്ള വൻകിട ആധുനിക വ്യവസായങ്ങളൊന്നും നമ്മുടെ പഞ്ചായത്തിലില്ല മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കഴിഞ്ഞാൽ ചില എഞ്ചിനീയറിങ്ങ് സർവ്വീസ് ഓട്ടോമൊബൈൽ സർവ്വീസ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, അലുമിനിയം, ബേക്കറീസ് & ചിപ്സ്, കറി പൗഡർ ഫർണീച്ചർ, തടിമില്ലുകൾ, ഫ്ളവർ മില്ലുകൾ (വിശദാംശങ്ങൾ പട്ടികയിൽ) ഇവയാണ് പ്രധാന വ്യവസായങ്ങൾ.

ഈ മുഴുവൻ വ്യവസായ യൂണിറ്റുകളേയും ഏതാണ്ട് ഒരേ അളവിൽ ബാധിക്കുന്ന ഒരു പൊതു പ്രശ്നമാണ് വിദ്യുച്ഛക്തി എൻജിനീയറിങ്ങ് സർവീസ് മേഖലകളിൽ വിദഗ്ധരായ തൊഴിലാളികളുടെ അഭാവമുണ്ട്. ഇതുകൊണ്ട് മാറി വരുന്ന വിപണിയിലെ ആവശ്യങ്ങൾക്കനുസരിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയാറില്ല സമീപകാലത്തായി പഞ്ചായത്തിൽ പരക്കെ വളർന്നു വന്നിട്ടുള്ള ഒരു വ്യവസായമാണ് റെഡിമെയ്ഡ് വസ്ത്രനിർമാണം. ഉല്പാദനത്തിന്റെയും വിതരണത്തിന്റേയും മേഖലകളിൽ നിരവധി പ്രശ്നങ്ങളുണ്ട്. ഫാഷൻ രംഗത്ത് അടിക്കടിയുണ്ടാകുന്ന മാററങ്ങൾ വൻവ്യവസായ കുത്തകകൾ ആധുനികയന്ത്രസാമഗ്രികളോടെ ഉയർത്തുന്ന മത്സരം അസംസ്കൃത വസ്തുവായ തുണിക്കുവേണ്ടി അകലെ പോകേണ്ടി വരുന്നത്. അതുകൊണ്ടുണ്ടാകുന്ന ഉല്പാദന ചെലവ് ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾ ഈ രംഗം അഭിമുഖീകരിക്കുന്നുണ്ട്

ബേക്കറി, ചിപ്സ്, കറിപൗഡർ യൂണിററുകളും സമാനമായ പ്രശ്നങ്ങൾ തന്നെയാണ് അഭിമുഖീകരിക്കുന്നത്. ഫർണീച്ചർ യൂണിററുകൾ, തടിമില്ലുകൾ അഭിമുഖീകരിക്കുന്ന പ്രശ്നം നിർമാണത്തിനാവശ്യമായ തടി ലഭിക്കാത്തതാണ്. വരും കാലങ്ങളിൽ ഈ പ്രശ്നം ഇന്നത്തേക്കാൾ രൂക്ഷമാകാനാണ് സാധ്യത. സ്റ്റീൽ ഫർണീച്ചർ നിർമ്മാണത്തിന്റെ കാര്യത്തിൽ അസംസ്കൃതവസ്തുക്കൾ ദൂരെ നിന്ന് വരുന്നത് കൊണ്ട് ഉല്പാദന ചെലവിൽ ഉണ്ടാകുന്ന വർദ്ധനവാണ് ഈരംഗത്തേക്ക് വൻവ്യവസായികൾ കുറഞ്ഞ വിലക്ക് ഉല്പന്നങ്ങളുമായെത്തുമ്പോൾ ഇതിന്റെ തകർച്ച പൂർത്തിയാകുന്നു. അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന നെൽ കൃഷിയാണ് ഫ്ളവർ മില്ലുകളുടെ ഒരു പ്രശ്നം. മറെറാരു കാര്യം വെളിച്ചെണ്ണ മില്ലുകളുടെ അവസ്ഥ ഏറെ ദുരിതപൂർണമാണ് പഞ്ചായത്തിലെ മിക്കവാറും വെളിച്ചെണ്ണ മില്ലുകളും അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുകയാണ് പലതും പൂട്ടിപോയിരിക്കുന്നു പ്രധാന കാർഷിക വിളയായ തെങ്ങിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇതിന്റെ നിലനില്പ്. കൊപ്ര മില്ലുകൾക്ക് സുലഭമായി ലഭിക്കുന്നുണ്ട് എന്നിട്ടും മില്ലുകൾ നിന്നു പോകുന്നതിന്റെ കാരണങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്. മൊത്തം വെളിച്ചെണ്ണ ഉൽപ്പാദനത്തിന്റെ 10 ശതമാനം മാത്രമേ ആഭ്യന്തര ഉപയോഗമെന്ന നിലയിൽ പഞ്ചായത്തിൽ ആവശ്യമായി വരുന്നുള്ളു. 90 ശതമാനത്തോളം വരുന്ന വെളിച്ചെണ്ണയുടെ ഉപഭോക്താക്കൾ വൻകിട വ്യവസായികളാണ്. അവർക്ക് സോപ്പ്, സൗന്ദര്യ വർദ്ധക വസ്തുക്കൾ മുതലായവ ഉണ്ടാക്കുന്നതിനുള്ള അസംസ്കൃത വസ്തുവായാണ് വെളിച്ചെണ്ണ ഉപയോഗിക്കുന്നത് അവയുടെ വില വർദ്ധിക്കുമ്പോൾ തന്നെ അസംസ്കൃത വസ്തുവിന്റെ വിലകുറയ്ക്കാൻ അവർ ബോധപൂർവ്വം ഇടപെടുന്നു. ഇതിന്റെ ഫലമായി ഓപ്പൺ ജനറൽ ലൈസൻ (OGL) മുതലായവ ഉപയോഗിച്ച് മറു രാജ്യങ്ങളിൽ നിന്ന് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നു. സ്വാഭാവികമായി വെളിച്ചെണ്ണ വിലയിൽ വ്യത്യാസം വരുന്നു അസ്ഥിരമായ ഈഅവസ്ഥ വെളിച്ചെണ്ണ ഉല്പാദകരെ തകർച്ചയിലേക്ക് നയിക്കുന്നു ഇവരോടൊപ്പം കൃഷിക്കാരും ദുരിതമനുഭവിക്കേണ്ടിവരുന്നു

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേററ്

വ്യവസായ പിന്നോക്കാവസ്ഥ പരിഹരിച്ച് സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനാണല്ലോ മിനി ഇൻഡസ്ട്രിയൽ എസ്റ്റേററ് രൂപീകരിക്കപ്പെട്ടത്. 1977ൽ ഉത്ഘാടനം ചെയ്യപ്പെട്ടതിനുശേഷം വ്യാവസായിക സംരംഭകരെ

പരിപോഷിപ്പിക്കാൻ ഇവ എത്രമാത്രം മുമ്പോട്ട് പോയി എന്നകാര്യം പ്രത്യേകം പഠിക്കേണ്ടതാണ്. ഗതാഗതം, വിദ്യുച്ഛക്തി, സ്ഥലം, തുടങ്ങിയവ കിട്ടിയിട്ടുപോലും തുടക്കത്തിൽ വന്ന പല വ്യവസായ യൂണിറ്റുകൾ പോലും നിന്നുപോവുകയാണ് ഉണ്ടായത്. പഞ്ചായത്തിൽ വ്യവസായസംരംഭകർക്ക് പ്രോത്സാഹനം ആയേക്കാവുന്ന വിധത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പോയിട്ടില്ല. ജോൺ ജോൺ പേപ്പർ പ്രൊഡക്റ്റ് റബ്ബർ പ്രൊഡക്ഷൻ, ബാറ്ററി പ്രൊഡക്ഷൻ ഇവ നിന്നു പോയ യൂണിറ്റുകളാണ്. ഷൈറ്റ് പ്രിൻറേഴ്സ്, വിജയ് പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്, ആമിനാ എൻജിനിയറിങ്ങ് ആൽഫാ അലുമിനിയം, സ്റ്റേബിൾ ഇലക്ട്രോണിക്സ്, അമ്പിളി ഓയിൽമിൽ തുടങ്ങിയവയാണ് നിലവിലുള്ള യൂണിറ്റുകൾ. 48 തൊഴിലാളികളാണ് ഇവയിൽ തൊഴിൽ ചെയ്യുന്നത്. വ്യവസായ യൂണിറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങളെ ഒരു കച്ചവടച്ചരക്കാക്കി ലാഭമുണ്ടാക്കാനുള്ള ഒരു പ്രവണത അടുത്ത കാലങ്ങളിലായി വളർന്നുവരുന്നുണ്ട്. വിദ്യുച്ഛക്തിയുടേയും വിപണനത്തിൻേറയുമായ പൊതുപ്രശ്നങ്ങൾ ഈ വ്യവസായങ്ങളെയും ബാധിക്കുന്നുണ്ട്. ശരിയായ അർത്ഥത്തിൽ വികസിക്കപ്പെടുകയാണെങ്കിൽ മതിലകത്തിൻെറ ചെറുകിട വ്യവസായരംഗത്ത് ഒട്ടനവധി സംഭാവനകൾ നൽകാൻ കഴിയുന്ന ഒന്നാണിതെന്ന് നിസ്സംശയം പറയാം.

## വ്യവസായ സംരംഭകരോടുള്ള ബാങ്കുകാരുടെ മനോഭാവം

രണ്ട് ഷെഡ്യൂൾഡ് ബാങ്കുകൾ ഉൾപ്പെട്ട 5 ക്രെഡിറ്റ് ബാങ്കുകൾ പ്രവർത്തിക്കുന്നൊരു പഞ്ചായത്താണ് നമ്മുടെത്. വ്യവസായ വികസനത്തിൽ നിർണായക പങ്കുവഹിക്കാൻ ഈ ബാങ്കുകൾക്ക് കഴിയേണ്ടതാണ്. എന്നാൽ ഈ ബാങ്കുകൾ അത്തരത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. ഷെഡ്യൂൾഡ ബാങ്കുകൾ ഗവൺമെൻറ് നടപ്പിലാക്കി വരുന്ന **IRDP, PMRY** തുടങ്ങിയ പദ്ധതികൾക്കുപോലും വായ്പ നൽകാൻ മടികാണിക്കുന്ന മനോഭാവമാണ് കാണുന്നത് ഷെഡ്യൂൾഡ് ബാങ്കുകളിൽ മാത്രമായി 15 കോടി രൂപയോളം നിക്ഷേപമായി ലഭിക്കുന്നുണ്ട്. എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ ഒരു ചെറിയപങ്കുപോലും ഇവിടത്തെ സമഗ്രവികസനത്തിൻെറ കാര്യത്തിൽ നിക്ഷേപിക്കാൻ ബാങ്കുകൾ തയ്യാറാവുന്നില്ല. മാത്രമല്ല ഇവിടെ നിന്ന് സമാഹരിക്കാവുന്നതിലധികം തുക സമാഹരിച്ചുകൊണ്ട് പോകുക എന്നതാണ് പ്രവണത. വ്യവസായ സംരംഭകരെ തീർത്തും നിരാശരാക്കുന്ന ബാങ്കുകാരുടെ സമീപനം പഞ്ചായത്തിലെ വ്യവസായ വളർച്ചക്ക് സൃഷ്ടിക്കുന്ന വിഘാതം വളരെ വലുതാണ്.

## തൊഴിൽ മേഖലയിൽ വനിതകളുടെ പങ്കാളിത്തം

പരമ്പരാഗത വ്യവസായരംഗത്താണ് സ്ത്രീ പങ്കാളിത്തം ഏറെയും. ഇതിൽത്തന്നെ പരമ്പരാഗത വ്യവസായമായ പായനെയ്ത്തിലാണ് സിംഹഭാഗവും. ഈ തൊഴിൽ മേഖല അസംഘടിതമായതുകൊണ്ടുതന്നെ വളരെ തുച്ഛമായ കൂലിയാണ് ലഭിക്കുന്നത് 4000 ൽ പരം സ്ത്രീകളാണ് പഞ്ചായത്ത് പ്രദേശത്ത് ഈ തൊഴിൽ ഏർപ്പെട്ടിരിക്കുന്നത്. ആധുനിക ചെറുകിട വ്യവസായ രംഗത്ത് റെഡിമെയ്ഡ് വസ്ത്രനിർമ്മാണ രംഗത്താണ് ഏറെയും വനിതകൾ പണിയെടുക്കുന്നത്. മറ്റു രംഗങ്ങളിലാകട്ടെ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്

## പരിഹാരങ്ങളും സാദ്ധ്യതകളും

1 പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിയ്ക്കുന്നത് ആ വ്യവസായങ്ങളുടെ നിലനിൽപ്പിന് ആവശ്യമാണ്. കയർ സൊസൈറ്റി ആ പാതയിലാണ്.

2 വിപണനത്തിന് നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതോടൊപ്പം ബദൽ മാർക്കറ്റിംഗ് സമ്പ്രദായങ്ങൾ വളർത്തിയെടുക്കണം.

3 ബീഡി തെറുപ്പ്, പായനെയ്ത്ത് മുതലായവയുടെ കാര്യത്തിൽ ഉൽപാദക സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

## ആധുനിക ചെറുകിട വ്യവസായങ്ങളിൽ

1 'ഏകജാലക' സമ്പ്രദായം നടപ്പിലാക്കുക നിരവധി ഓഫീസുകൾ കയറിയിറങ്ങാത്ത രൂപത്തിൽ സമയബന്ധിതമായി ചട്ടങ്ങൾ ലഘൂകരിക്കുക.

2 വിദ്യുച്ഛക്തി കൃത്യമായി ലഭിക്കാൻ സംവിധാനമുണ്ടാക്കുക കിട്ടാവുന്ന ഊർജ്ജസ്രോതസുകളെ ഉപയോഗിക്കുക. അറബിക്കടലിനോട് ചേർന്ന് കാറ്റിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സാധ്യ

തകളെ ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് തലത്തിലോ, ജില്ലാ പഞ്ചായത്ത് തലത്തിലോ ആലോചിക്കുക.

3 വിപണനത്തിന്റെ കാര്യത്തിൽ സമാനസ്വഭാവമുള്ള വ്യവസായ യൂണിററുകൾ ഏകീകരിച്ച് പരസ്യം മാറിവരുന്ന വിപണിയിലെ ആവശ്യങ്ങൾ ഇവ കണക്കിലെടുത്ത് ആവശ്യമായ വിദഗ്ദ്ധരെ ആ രംഗത്ത് നിയമിക്കുക

4 ഉദ്യോഗസ്ഥർ, ബാങ്കുകൾ, ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ ഇവരുൾക്കൊള്ളുന്ന ഒരു കമ്മററി രൂപീകരിക്കുക

5 ഈ കമ്മററി കീഴിൽ തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച് പഠിച്ച് വിപുലമായി പട്ടികയുണ്ടാക്കുക. ഇവയിൽ നിന്ന് താല്പര്യമുള്ള സംരംഭകരെ രജിസ്റ്റർ ചെയ്യിക്കുക.

6 സമാനരീതിയിലുള്ള സംരംഭകർക്ക് തൊഴിൽ പരിശീലനം നൽകുക. ഇപ്പോൾ നിലവിലുള്ള ട്രൈസം പദ്ധതി ഇതിനായി പുനഃസംഘടിപ്പിക്കുക.

7 നിലവിൽ വരുന്ന കമ്മററിയുടെ കീഴിൽ വ്യവസായ ശാലകളെക്കുറിച്ച് രണ്ടുമാസം കൂടുമ്പോൾ പരിശോധിക്കാനുള്ള മോണിററിംഗ് സംവിധാനം ഉണ്ടാക്കുക.

## പുതിയ വ്യവസായം ചില നിർദ്ദേശങ്ങൾ

ഗൾഫ് രംഗത്തെ മൂലധനം ഏറിയ കൂറും ഇപ്പോൾ മുതൽ മുടക്കുന്നത് വൻകെട്ടിടങ്ങളുണ്ടാക്കുന്നതിനും ഭൂമിയിലുമാണ്. ഇതിന്റെ ഫലമായി ഭൂമിയ്ക്ക് ക്രമാതീതമായ വിലക്കയററമാണ് ഉണ്ടായിരിക്കുന്നത്. ഈ പണം വ്യവസായ രംഗത്ത് നിക്ഷേപമിടുകയാണെങ്കിൽ സമഗ്രമായ പുരോഗതിയ്ക്ക് വഴിവെയ്ക്കും.

കെട്ടിടനിർമ്മാണം ഒരു വൻ വ്യവസായമായി മാറിയിരിക്കുകയാണ്. ഈ കെട്ടിടങ്ങളിൽ പലതും നിർമ്മിക്കുന്നത് സ്വകാര്യ കെട്ടിട നിർമ്മാതാക്കളാണ്. (കോൺട്രാക്ടർമാർ) ഈ രംഗത്ത് എൻജിനീയർമാർ, തൊഴിലാളികൾ മുതലായവർ ചേർന്ന് ഒരു സൊസൈററി രൂപീകരിക്കുകയാണെങ്കിൽ ഈ നിർമ്മാണപ്രവർത്തനം ഏറെറടുത്ത് നടത്താവുന്നതാണ്. ഒപ്പം കെട്ടിട നിർമ്മാണത്തിനാവശ്യമായ ചില സാധനങ്ങൾ ഉല്പാദിപ്പിക്കാനും സാധിക്കും.

വൻകിട വ്യവസായത്തിന് പഞ്ചായത്തിൽ സാധ്യതയില്ല. ഭൂമിയുടെ പോരായ്മ, ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുമൂലമുള്ള പരിതസ്ഥിതി പ്രശ്നം, വൻമുതൽ മുടക്കിനുള്ള സാധ്യതയില്ലായ്മ ഇവ കാരണങ്ങളാണ്. എന്നാൽ ലൈററ് മെക്കാനിക്ക് ഇലക്ട്രോണിക്സ് വ്യവസായങ്ങൾ തുടങ്ങിയവയ്ക്ക് കുറച്ചു സ്ഥലവും ചെറിയ മുതൽമുടക്കും മതി. കൂടുതൽ പേർക്ക് തൊഴിലും ലഭിക്കും. മാറിയ പരിതസ്ഥിതിയിൽ ഇവയ്ക്ക് വലിയ സാധ്യതയുണ്ട്.

വ്യവസായത്തെ സംബന്ധിച്ച് കൂടുതൽ അറിവുനൽകുന്ന പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തിലും പഞ്ചായത്തിലുള്ള വായനശാലകളിലും എത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുക.

## വ്യവസായ എസ്റേററ് സ്ഥാപിക്കുക

പ്രധാന കാർഷികവിളയായ തെങ്ങിന്റെ ഉല്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി വിപുലമായ വ്യാവസായികസംരംഭങ്ങൾക്ക് സാദ്ധ്യതയുണ്ട്.

ഗ്രാമസഭകളിൽ നിന്നു വന്ന കൂടുതൽ നിർദ്ദേശങ്ങൾ പട്ടികതിരിച്ച് താഴെ കൊടുക്കുന്നു.

1 പുസ്തക നിർമ്മാണം
2 സോപ്പ് ഉല്പാദനം
3 പച്ചത്തൊണ്ട് തല്ലൽ
4 മെഴുകുതിരി നിർമ്മാണം
5 കളിക്കോപ്പ് നിർമ്മാണം
6 ബേക്കറി
7 ഓല മുടയൽ
8 ചിരട്ട കൊണ്ട് ഐസ്ക്രീം കപ്പ്
9 ചിരട്ടകൊണ്ട് ഡിസ്പോസബിൾ ചായ കപ്പ്
10 വാഴനാര്, വൈക്കോൽ കരകൗശല വസ്തുക്കൾ
11 കറി പൗഡർ
12 കൂൺ വളർത്തൽ
13 പപ്പട നിർമ്മാണം
14 ചകിരിച്ചോർ ഉപയോഗിച്ച് ജൈവ വള നിർമ്മാണം
15 നാളികേര വെള്ളം സംസ്ക്കരിച്ച് ശീതള പാനീയങ്ങൾ
16 കോഴി വളർത്തൽ
17 പോളിത്തീൻ ബാഗ്നിർമ്മാണം
18 രാമച്ചം കൊണ്ടുള്ള ഉല്പന്നങ്ങൾ
19 അച്ചാർ
20 തുണിനെയ്ത്ത്
21 റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
22 സ്ററീൽ ഫർണീച്ചർ
23 കവർ നിർമ്മാണം

ഈ നിർദ്ദേശങ്ങളും സാധ്യതകളും കൂടുതൽ ഫലപ്രദമായ വളർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ നടപ്പാക്കുകയാണെങ്കിൽ പഞ്ചായത്തിൽ ഈ രംഗത്ത് പുരോഗതിയ്ക്ക് സാദ്ധ്യതയുണ്ട്. ഇത് സാമ്പത്തികരംഗത്തും സാമൂഹിക സാംസ്ക്കാരിക രംഗത്തും കൂടുതൽ ഉറച്ച ചുവടുവെയ്ക്കാൻ നമ്മുടെ പഞ്ചായത്തിന് കളമൊരുക്കും.

## പരമ്പരാഗത വ്യവസായം

| | തൊഴിലിന്റെ പേരു് | തൊഴിലാളികളുടെ എണ്ണം | സ്ത്രീ | പുരുഷൻ |
|---|---|---|---|---|
| 1 | കയർ | 170 | 100 | 70 |
| 2 | കള്ള ചെത്ത് | 91 | — | 91 |
| 3 | പപ്പട നിർമ്മാണം | 37 | 17 | 20 |
| 4 | ബീഡി തെറുപ്പ് | 62 | 51 | 11 |
| 5 | പായ നെയ്ത്ത് | 3920 | 3895 | 25 |

## ആധുനിക ചെറുകിട വ്യവസായം

| | വ്യവസായം | ആകെ തൊഴിലാളികൾ | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|---|---|
| 1 | ഫർണീച്ചർ | 32 | — | — |
| 2 | തടിമില്ല് | 15 | — | — |
| 3 | കളിക്കോപ്പ് | 7 | 4 | 3 |
| 4 | ഫ്ളവർ മില്ല് | 15 | 3 | 12 |
| 5 | അലൂമിനിയം | 9 | 2 | 7 |
| 6 | കറിപൗഡർ | 16 | 4 | 12 |
| 7 | എൻജിനിയറിങ്ങ് സർവ്വീസസ് | 52 | - | 52 |
| 8 | പ്ലാസ്റ്റിക്ക് | 14 | 9 | 5 |
| 9 | ചിപ്പ് & ബേക്കറി | 24 | 18 | 6 |
| 10 | റെഡിമെയ്ഡ് | 41 | 25 | 16 |
| 11 | ഇലക്ട്രോണിക്സ് | 19 | — | — |
| 12 | ഹോളോബ്രിക്സ് & വാർക്കകിണർ | 12 | 12 | 12 |
| 13 | കൊപ്രസംസ്കരണം | 125 | 20 | 105 |
| 14 | ഓയിൽ മിൽ | 11 | — | 11 |
| 15 | മത്സ്യ സംസ്കരണം | 25 | 10 | 15 |
| 16 | പ്രിൻറിങ്ങ് | 8 | 3 | 5 |
| 17 | സ്റ്റീൽ ഫർണീച്ചർ | 12 | — | 12 |
| 18 | ഫാൻസിഐറ്റംസ് | 10 | — | 10 |

# സഹകരണം

1920–ൽ സ്ഥാപിച്ച ഐക്യ നാണയ സംഘമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം. 1944 ൽ ഇത് പുവ്വത്തുംകടവ് സംഘമായും തുടർന്ന് പുവ്വത്തുംകടവ് കർഷക സർവ്വീസ് സഹകരണ ബാങ്കായും വികസിച്ചു.

F 876 കഴവിലങ്ങ് വിവിധോദ്ദേശ സഹകരണസംഘവും F 879 കാതിക്കോട് വിവിധോദ്ദേശ സഹകരണസംഘവും F. 1539 പാപ്പിനിവട്ടം വിവിധോദ്ദേശ സഹകരണ സംഘവും കൂടി സംയോജിച്ച് 1969 നവംബർ 21ന്, R. 309 പാപ്പിനിവട്ടം സർവ്വീസ് സഹകരണ സംഘം, രൂപീകൃതമായി. അക്കാലത്ത് 467 അംഗങ്ങൾ മാത്രമുണ്ടായിരുന്ന പ്രസ്തുത സംഘം ഇപ്പോൾ 7786 അംഗങ്ങളുള്ള പാപ്പിനിവട്ടം സർവ്വീസ് സഹകരണബാങ്കായി വളർന്നു വികസിച്ചു.

ഒമ്പത് സഹകരണസ്ഥാപനങ്ങൾ ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്നു. കാർഷിക മേഖലയിൽ പാപ്പിനിവട്ടം സർവ്വീസ് സഹകരണബാങ്ക്, പുവ്വത്തുംകടവ് കർഷക സർവ്വീസ് ബാങ്ക് നാട്ടിക ഫർക്ക റൂറൽ ബാങ്കിന്റെ മതിലകം ബ്രാഞ്ച് എന്നീ മൂന്ന് സ്ഥാപനങ്ങളും വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും കായൽ_കടലോരങ്ങളിൽ വെളുത്തകടവ് കയർ വ്യവസായ സഹകരണസംഘം, കൂളിമുട്ടം കയർ വ്യവസായ സഹകരണ സംഘം എന്നീ രണ്ട് കയർ സംഘങ്ങളുണ്ട് ഇതിൽ വെളുത്തകടവ് കയർ സംഘം വളരെ നല്ല നിലയിൽ പ്രവർത്തിക്കുമ്പോൾ കൂളിമുട്ടം കയർ സംഘംതകർച്ചയുടെ വക്കിലാണ്. പഞ്ചായത്തിലെ 2, 4, 5, 6 വാർഡുകൾ ഉൾപ്പെടുന്ന മതിലകം ക്ഷീരോൽപാദക സഹകരണ സംഘമാണ് ഇവിടത്തെ ഏക ക്ഷീരസംഘം. ഇതിന്റെ പ്രവർത്തനം തീരെ തൃപ്തികരമല്ല. പഞ്ചായത്തിന്റെ കടലോര പ്രദേശം മുഴുവൻ ഉൾക്കൊള്ളുന്ന കൂളിമുട്ടം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, പടിഞ്ഞാറ വെമ്പല്ലൂർ–പെരിഞ്ഞനം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം എന്നിവ മത്സ്യമേഖലയിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. മതിലകം സെൻറ് ജോസഫ്സ് ഹൈസ്കൂളിൽ മാത്രമാണ് സ്കൂൾ സഹകരണ സംഘം പ്രവർത്തിക്കുന്നത്. പാഠ–പുസ്തക വിതരണം നല്ല നിലയിൽ ഇവിടെ നടക്കുന്നു. ഇരിങ്ങാലക്കുട കാർഷിക വികസന ബാങ്ക്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന്റെ, കൊടുങ്ങല്ലൂർ, പെരിഞ്ഞനം ബ്രാഞ്ചുകൾ മേത്തല ഹൗസിങ്ങ് സൊസൈററി എന്നീ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനവും ഭാഗികമായി നമ്മുടെ പഞ്ചായത്തിലുണ്ട്.

## ക്രെഡിററ് സംഘങ്ങൾ

| സഹകരണ ബാങ്കിന്റെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം ലക്ഷം | നിക്ഷേപം ലക്ഷം | ക്രെഡിററ് ലക്ഷം | വായ്പകൾ ലക്ഷം: കാർഷികം | കച്ചവടം വ്യവസായം | മററുള്ളവ | ആകെ | നിക്ഷേപവായ്പാനുപാതം | കടിശിക % |
|---|---|---|---|---|---|---|---|---|---|---|---|
| 1 പാപ്പിനിവട്ടം | 1969 | 7786 | 13 | 228 | 30 | 28 | 31 | 189 | 248 | 96 | 27 |
| 2 പുവ്വത്തുംകടവ് | 1944 | 10574 | 27 | 448 | 19 | 33 | 411 | 14 | 458 | 98 | 17 |
| 3 നാട്ടിക ഫർക്ക റൂറൽ ബാങ്ക് മതിലകം | 1946 | 5235 | 2.25 | 125 | — | 93 | — | 10 | 103 | 824 | 5 |

## പാപ്പിനിവട്ടം സർവ്വീസ് സഹകരണബാങ്ക്

മതിലകം പഞ്ചായത്തിലെ 1-ാം വാർഡ് ഭാഗികമായും 3-ാം വാർഡ് പൂർണ്ണമായും ഒഴികെയുള്ള പ്രദേശമാണ് ബാങ്കിൻെറ പ്രവർത്തന പരിധി. 1669 ൽ രൂപീകരിക്കപ്പെട്ട ഈ ബാങ്കിൽ ഇപ്പോഠം 7786 അംഗങ്ങളുണ്ട്. 13 ലക്ഷം ക. ഓഹരി മൂലധനവും 228 ലക്ഷം ക. നിക്ഷേപങ്ങളും 30 ലക്ഷം ക. വായ്പയും ഉൾപ്പെടെയുള്ള ഫണ്ടിൽ നിന്ന് 248 ലക്ഷം ക. വായ്പ വിതരണം ചെയ്തിട്ടുള്ള ഈ സ്ഥാപനം പഞ്ചായത്ത് നിവാസികളുടെ ആശാകേന്ദ്രമാണ്. ചെറുകിട കച്ചവട വ്യവസായ സംരംഭകർക്ക് 5000. ക. യും ചെറുകിട കർഷകർക്ക് ആൾ ജാമ്യത്തിൽ 10000 ക. യും ഇടത്തരം കർഷകർക്ക് വസ്തു ഈടിൻമേൽ 25000 ക. കാർഷിക വായ്പയായും പായനെയ്ത്തിനും വീട് ഓടു മേയുന്നതിനും മക്കളുടെ വിദ്യാഭ്യാസത്തിനും ഇവിടെ നിന്ന് വായ്പ നൽകുന്നു. വസ്തു ഈടിൻമേൽ സെൻറിന് 2000 ക. പ്രകാരം പരമാവധി 50000 ക. യും ഗൃഹോപകരണങ്ങൾ വാങ്ങാൻ ഉദ്യോഗസ്ഥ ജാമ്യത്തിൻമേൽ 25000 ക. യും വസ്തു ഈടിൻമേൽ 50000 ക. യും നല്കുന്നു. കൂടാതെ, സ്വർണ്ണ പണയത്തിൻമേലുള്ള വായ്പകൾ, കൃഷിഭവൻ ശുപാർശ ചെയ്യുന്ന കർഷകർക്ക് മോട്ടോർ-പമ്പ്സെററ് സ്ഥാപിക്കാനുള്ള വായ്പകൾ, ബ്ലോക്ക് ഓഫീസർ ശുപാർശചെയ്യുന്നവർക്കുള്ള IRDP വായ്പകൾ തുടങ്ങിയവയും നൽകുന്നു.

കൃഷിക്കാവശ്യമായ വളം കീടനാശിനികൾ മിതമായ നിരക്കിൽ വില്പന നടത്തുന്നു. ഓണക്കാലത്ത് പലചരക്ക് പച്ചക്കറി സാധനങ്ങളുടെ രണ്ട് ഓണച്ചന്തകൾ, അദ്ധ്യയനവർഷാരംഭത്തിൽ വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങളുടെ സ്ററുഡൻസ് മാർക്കററ് എന്നിവയും നടത്തുന്നു. 1994 വരെ നല്ല നിലയിൽ ഒരു സഹകരണ മാവേലി സ്റേറാർ ബാങ്കിൻെറ കീഴിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ, ആവശ്യത്തിനുള്ള സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് കിട്ടാതെ വന്നപ്പോൾ ഇത് നിർത്തുകയാണുണ്ടായത്.

## പൂവ്വത്തുംകടവ് കർഷക സർവ്വീസ് സഹകരണ ബാങ്ക്

മതിലകം പഞ്ചായത്തിലെ 1-ാം വാർഡ് ഭാഗികമായും 3-ാം വാർഡ് പൂർണ്ണമായും S.N. പുരം പഞ്ചായത്തിലെ നെൽപ്പിണി പനങ്ങാട്, പി. വെമ്പല്ലൂർ, വേക്കോട് എന്നീ ദേശങ്ങളും ഉൾപ്പെടുന്നതാണ്. ഈ ബാങ്കിൻെറ പ്രവർത്തന പരിധി. 1944 ൽ രൂപീകരിക്കപ്പെട്ട ഈ ബാങ്കിൽ ഇപ്പോൾ 1057 അംഗങ്ങളുണ്ട്. കൊടുങ്ങല്ലൂർ താലൂക്കിലെ ഏററവും വലിയ കർഷക ബാങ്കാണിത് 27 ലക്ഷം ക. ഓഹരി മൂലധനവും 448 ലക്ഷം ക നിക്ഷേപങ്ങളും 19 ലക്ഷം ക. വായ്പയും ഉൾപ്പെടെയുള്ള ഫണ്ടിൽ നിന്ന് 458 ലക്ഷം ക. വായ്പ വിതരണം ചെയ്തിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൻെറ ഒരു ചെറിയ പ്രദേശം മാത്രമെ ഈ ബാങ്കിൻെറ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നുള്ളു. മുൻ വിവരിച്ച വായ്പകൾക്ക് ഏകദേശം സമാനമായ വായ്പകൾ ഇവിടെ നിന്നും വിതരണം ചെയ്യുന്നു. കൂടാതെ 10000 ക. യുടെ വ്യക്തിഗത റക്കറിംഗ് ഓവർഡ്രാഫ്ററും നൽകിവരുന്നു.

വളം കീടനാശിനി വിൽപ്പന, ഓണച്ചന്തകൾ എന്നിവക്കുപുറമെ സീസണിൽ 'കൊപ്ര സംഭരണവും' നല്ല നിലയിൽ ഇവിടെ നടത്തുന്നു

## നാട്ടികഫർക്ക റൂറൽബാങ്ക്

1946-ൽ സ്ഥാപിതമായ നാട്ടിക ഫർക്ക റൂറൽബാങ്കിൻെറ ഒരു ബ്രാഞ്ച് 1978 മുതൽ ഇവിടെ പ്രവർത്തിക്കുന്നു. മതിലകം ബ്രാഞ്ചിൻെറ പരിധിയിൽ നിന്ന് 5235 അംഗങ്ങളുണ്ട്. കാർഷിക-കാർഷികേതരവായ്പകൾ ഇപ്പോൾ ഹെഡ്ഓഫീസിൽ നിന്നാണ് വിതരണം ചെയ്യുന്നത്. ഇത് ബ്രാഞ്ചുകൾക്ക് കൈമാറണം: സ്വർണ്ണ പണയവായ്പയാണ് പ്രധാനം. വിവിധ സംഖ്യക്കുള്ള ഏതാനും ചിട്ടികൾ ബ്രാഞ്ച് നടത്തുന്നു. ഈ മേഖലയിലെ റേഷൻ ഷോപ്പുകളിലേക്കുള്ള ഭക്ഷ്യവസ്തുക്കളുടെ മൊത്ത വ്യാപാരവും ഇതിനായുള്ള ഗോഡൗണും ബാങ്ക് കെട്ടിടത്തോട് ചേർന്ന് തന്നെ ഇവിടെ നടത്തപ്പെടുന്നു.

## നോൺ ക്രെഡിററ് സംഘങ്ങൾ

| സ്ഥാപനത്തിൻെറ പേരു് | സ്ഥാപിത വർഷം | അംഗ സംഖ്യ | ഓഹരി മൂലധനം | സർക്കാർ ഓഹരി | ബാങ്ക് വായ്പ | സർക്കാർ സബ്സിഡി | അംഗങ്ങൾക്കുള്ള വായ്പകൾ |
|---|---|---|---|---|---|---|---|
| 1 വെളുത്തകടവ് കയർ സഹകരണ സംഘം | 1977 | 450 | 91911 | 150000 | 1075000 | 895000 | – |
| 2 കൂളിമുട്ടം കയർ സഹകരണ സംഘം | 1977 | 380 | 21800 | 125000 | 75000 | – | – |
| 3 കൂളിമുട്ടം മത്സ്യതൊഴിലാളി സംഘം | 1992 | 419 | 4190 | – | 52000 | – | 52000 |
| 4 P. വെമ്പല്ലൂർ പെരിഞ്ഞനം മത്സ്യ സഹകരണ സംഘം | 1987 | 235 | 87020 | 255000 | – | 84675 | 315350 |
| 5 മതിലകം ക്ഷീരോല്പാദന സഹകരണ സംഘം | 1975 | 735 | 8710 | – | – | – | – |
| 6 സെൻറ് ജോസഫസ് ഹൈസ്കൂൾ സഹകരണ സംഘം | – | – | – | – | – | – | – |

നോൺ ക്രെഡിററ് സംഘങ്ങളിൽ കയർ മേഖലയിൽ രണ്ട് സംഘങ്ങളുണ്ട്. 1977ൽ രൂപീകരിക്കപ്പെട്ട വെളുത്തകടവ് കയർ വ്യവസായ സഹകരണത്തിൽ ഇപ്പോൾ 450 അംഗങ്ങളുണ്ട്. ഇതിൻെറ പ്രവർത്തനം ശ്രദ്ധേയമാണ്. 91911 ഓഹരി മൂലധനവും 150000ക. സർക്കാർ മൂലധനവും ഉണ്ട്. ധാരാളം വ്യക്തികൾക്ക് തൊഴിൽ നൽകാൻ ശേഷിയുള്ള ഈ സ്ഥാപനം ഇപ്പോൾ ആധുനികവല്ക്കരണത്തിൻെറ പാതയിലാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടിയുള്ള 107500ക യുടെ വായ്പാസഹായത്താൽ (ICDP) സ്വന്തമായ ഓഫീസ് കെട്ടിടവും ഫാക്ടറിയും നൂതനയന്ത്രസാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്. നൂതന രീതിയിൽ കയർ പിരിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും ഇവിടെ നടന്നുവരുന്നു. ഇതേ കാലയളവിൽ തന്നെ രൂപീകൃതമായ കൂളിമുട്ടം കയർ വ്യവസായ സഹകരണത്തിൻെറ സ്ഥിതി ശുഭസൂചകമല്ല 380 അംഗങ്ങളും 21800ക ഓഹരിമൂലധനവും 125000ക. സർക്കാർ മൂലധനവും സംഘത്തിലുണ്ട് പ്രവർത്തന മൂലധനത്തിൽ ജില്ലാ സഹകരണ ബാങ്കിൽ നിന്നെടുത്ത 75000 ക ക്യാഷ് ക്രെഡിററ് കൂടി ഉൾപ്പെടുന്നു. കടലോരത്തെ ഒരു പ്രധാന കാർഷിക വ്യവസായ സംരംഭം എന്ന നിലയിൽ കൂടുതൽ ശ്രദ്ധയോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ ഇതിനു് പുരോഗതി കൈവരിക്കാനാകു

മത്സ്യത്തൊഴിലാളി മേഖലയിൽ രണ്ട് സംഘങ്ങളുണ്ട്. 1987 ൽ രൂപീകരിച്ച പടിഞ്ഞാറെ വെമ്പല്ലൂർ പെരിഞ്ഞനം മത്സ്യത്തൊഴിലാളി വികസന ക്ഷേമസംഘത്തിൽ ഇപ്പോൾ കൂളിമുട്ടം പ്രദേശത്തുള്ള 235 അംഗങ്ങളുണ്ട്. 87020ക മൊത്തം ഓഹരി മൂലധനവും 255000ക സർക്കാർ വായ്പയുമുണ്ട്. ഇതിൽ 60350ക സ്ത്രീതൊഴിലാളികൾക്ക് പായനെയ്ത്തിനും 255000ക. NCDC ഇനത്തിലും വായ്പയായി നല്കിയിരിക്കുന്നു. പ്രവർത്തനം തൃപ്തികരമാണ്.

1992ൽ രൂപീകരിച്ച കൂളിമുട്ടം മത്സ്യ തൊഴിലാളി വികസന ക്ഷേമസംഘത്തിൽ 419 അംഗങ്ങളുണ്ട്. 4190 ക. ഓഹരി മൂലധനവും 52000 ക. ബാങ്ക് വായ്പയുമുണ്ട്. ഇതിൽ 52000 ക. സ്ത്രീതൊഴിലാളികൾക്ക് പായനെയ്ത്തിന് വായ്പ നൽകിയിരുന്നു പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തണം.

മതിലകം പഞ്ചായത്തിലെ 2, 4, 5, 6 വാർഡുകൾ മാത്രം ഉൾപ്പെടുന്ന മതിലകം ക്ഷീരോത്പാദന സഹകരണ സംഘം ക്ഷീരകർഷകരുടെ പ്രതീക്ഷക്കൊത്ത് ഉയരുന്നില്ല. 1975 ൽ രൂപീകൃതമായ ഈ സംഘത്തിൽ ഇപ്പോൾ 735 അംഗങ്ങളാണുള്ളത്. പ്രവർത്തന പരിധിയും ശേഷിയും വളരെ പരിമിതമാണ്. ഭരണരംഗം

ആരോപണ പ്രത്യാരോപണങ്ങളാൽ മുഖരിതമാണ്. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാലിന്റെ ചെറിയൊരു ശതമാനം മാത്രമാണ് ഇവിടെ സമാഹരിക്കുന്നത്. പാലുല്പാദനം വർദ്ധിപ്പിക്കാനോ കർഷകരെ പുരോഗതിയിലേക്ക് നയിക്കാനോ ക്രിയാത്മകമായ യാതൊരു ശ്രമവും സംഘം നടത്തുന്നില്ല. പ്രതിമാസം 6750ലി. പാൽ ശേഖരിച്ച് 1500ലി. ഇവിടെ തന്നെ വില്പന നടത്തി ബാക്കി 5250ലി. പാൽ ഇവിടെ നിന്നും പുറത്തേക്ക് അയക്കുന്നു.

പഞ്ചായത്തിലെ ഏക സ്ക്കൂൾ സഹകരണ സംഘമായ മതിലകം സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ സംഘത്തിലൂടെ പാഠപുസ്തകങ്ങൾക്കു പുറമേ നോട്ടുപുസ്തകങ്ങളും മറ്റു പഠനോപകരണങ്ങളും വിതരണം ചെയ്യാവുന്നതാണ്.

സേവന മേഖലയിൽ ചില കടലാസ് സംഘങ്ങൾ ഉണ്ടായിരുന്നെങ്കിലും ഉത്ഘാടന വേളയിൽ തന്നെ അവയുടെ ചരമക്കുറിപ്പെഴുതി.

## പ്രശ്നങ്ങൾ

1 ക്രെഡിറ്റ് സംഘങ്ങളുടെ വായ്പാഘടന പ്രത്യുല്പാദനപരമല്ല. കാർഷിക–വ്യവസായ–കച്ചവട ആവശ്യങ്ങൾക്കുള്ള വായ്പകൾ യഥാർത്ഥ ആവശ്യങ്ങൾക്കല്ല വിനിയോഗിക്കുന്നത്. ഇത് മൂലം അർഹതയുള്ള അത്യാവശ്യക്കാർക്ക് ആവശ്യാനുസരണം വായ്പ ലഭ്യമാക്കാൻ കഴിയുന്നില്ല.

2 വായ്പാ വിനിയോഗം കൃത്യമല്ലാത്തതിനാൽ അംഗങ്ങളുടെ തിരിച്ചടവിനുള്ള ശേഷി നഷ്ടപ്പെടുകയും ബാങ്കുകളെ ഭയാനകമായ വായ്പാ കുടിശ്ശികയിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. ക്രെഡിറ്റ് സംഘങ്ങളുടെ ലാഭകരമായ പ്രവർത്തനത്തിന് ഇത് തടസ്സം നില്ക്കുന്നു

3 സ്വകാര്യ പണമിടപാടുകാരുടെ അനിയന്ത്രിതമായ തള്ളിക്കയറ്റം ക്രെഡിറ്റ് സംഘങ്ങളുടെ നിക്ഷേപ സാദ്ധ്യതകളെ പ്രതികൂലമായി ബാധിക്കുന്നു.

4 ഗൾഫ് കുടിയേറ്റക്കാരും മറ്റു വിദേശ മലയാളികളും ധാരാളമുള്ള ഈ പ്രദേശത്ത് നിക്ഷേപങ്ങളുടെ സിംഹഭാഗവും NRE A/c കളിലൂടെ വാണിജ്യ ബാങ്കുകൾ സമാഹരിക്കുന്നു. ഈ ബാങ്കുകൾ നിക്ഷേപങ്ങളുടെ 22% മാത്രം പ്രാദേശികമായി വായ്പ നൽകുമ്പോൾ സഹകരണ ബാങ്കുകൾ 97% ഇവിടെ തന്നെ വായ്പ നൽകുന്ന സഹകരണ ബാങ്കുകൾക്ക് NRE A/c തുടങ്ങാൻ അനുവാദമില്ലാത്തതിനാൽ നിക്ഷേപ വായ്പാ സാദ്ധ്യതകൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ല.

5 വ്യവസായിക ഭവന നിർമ്മാണം ദീർഘകാല കാർഷിക ആവശ്യങ്ങൾക്കുള്ള വായ്പകൾ ആവശ്യാനുസരണം വിതരണം ചെയ്യാൻ സഹകരണ ബാങ്കുകൾക്ക് ധനശേഷിയില്ല.

6 ഹ്രസ്വകാല കാർഷിക വായ്പകളും IRDP, CCDP വായ്പകളും മറ്റും ഇടത്തട്ട് വ്യവസ്ഥയിലൂടെയാണ് ബാങ്കിന് ലഭിക്കുന്നത്. ഇത് മൂലം വായ്പക്കാരിൽനിന്ന് അമിത പലിശ ഈടാക്കേണ്ടിവരുന്നു.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1 സംഘങ്ങൾ വ്യക്തികൾക്ക് നൽകിവരുന്ന സാധാരണ വായ്പകൾ നിർത്തലാക്കി കുടുംബങ്ങൾക്ക് വായ്പാപരിധി നിശ്ചയിച്ച് ക്രെഡിറ്റ് കാർഡ് നൽകി വായ്പ വിതരണം ചെയ്യുക

2 വ്യക്തികളുടെ ഉല്പാദന സംരംഭങ്ങൾക്ക് ആവശ്യാനുസരണം വായ്പലഭ്യമാക്കുകയും അനാവശ്യമായ വായ്പാവിനിയോഗം തടയാൻ ശാസ്ത്രീയമായ സംവിധാനമേർപ്പെടുത്തുകയും ചെയ്യുക

3 സംഘങ്ങളുടെ ലാഭകരമായ നിലനില്പിന് ഭീഷണി ഉയർത്തുന്ന നിലവിലുള്ള ഭീമാകാരമായ വായ്പാകുടിശ്ശിക തടയാൻ പൊതുജന പങ്കാളിത്തത്തോടെ ക്രിയാത്മകമായ പരിപാടികൾ ആവിഷ്ക്കരിക്കുക. പുതിയ വായ്പകളിൽ കുടിശ്ശിക ഇല്ലാതാക്കാൻ വായ്പകൾ അനുവദിക്കുമ്പോൾ തിരിച്ചടവ് ശേഷി വിലയിരുത്താൻ ഭരണ സമിതി പ്രത്യേകം ശ്രദ്ധിക്കുക

4 സ്വകാര്യ പണമിടപാടുകാരുടെ അനിയന്ത്രിതമായ തള്ളിക്കയറ്റം തടയാൻ സർക്കാർ കർശനമായ നിയമനിർമ്മാണം നടത്തുക. ഇത്തരം സ്ഥാപനങ്ങളുടെ നിക്ഷേപ വായ്പാ പലിശനിരക്കും നിബന്ധനകളും ചൂഷണ രഹിതമാക്കാൻ നടപടി സ്വീകരിക്കുക.

5 വിദേശമലയാളികളുടെ നിക്ഷേപങ്ങൾ ഫലപ്രദമായി സമാഹരിക്കാൻ സഹകരണ ബാങ്കുകൾക്ക് NRE A/c തുടങ്ങാൻ അനുവാദം നൽകുക.

6 കാർഷിക–വ്യവസായ ഭവന നിർമ്മാണ വായ്പകൾ ബന്ധപ്പെട്ട ഏജൻസികളിൽനിന്നും പുനർവായ്പാ സൗകര്യങ്ങൾ സഹകരണബാങ്കുകൾക്ക് നേരിട്ട് ലഭ്യമാക്കുക കൂടാതെ, നിലവിലുള്ള ഹ്രസ്വകാല കാർഷിക വായ്പകളും IRDP, CCDP വായ്പകളും ഇടത്തട്ട് വ്യവസ്ഥയില്ലാതെ ബാങ്കിന് നേരിട്ട് നൽകുക

7 കാർഷിക വായ്പകളുടെ തിരിച്ചടവ് കൃത്യമാക്കുന്നതിന് പലിശ സബ്സിഡി വായ്പ തിരിച്ചടക്കുന്ന സമയത്തുതന്നെ നൽകാൻ സംവിധാനംവേണം.

8 പാപ്പിനിവട്ടം സർവ്വീസ് ബാങ്കിലെ ഇടപാടുകാരിൽ ഭൂരിപക്ഷവും കൂളിമുട്ടം മേഖലയിലുള്ളവരായതിനാൽ ബാങ്കിന്റെ ഒരു ബ്രാഞ്ച് അടിയന്തിരമായും കൂളിമുട്ടത്ത് ആരംഭിക്കണം. ഇടപാടുകാരുടെ ബാഹുല്യം കണക്കിലെടുത്ത് ബാങ്കിലെ ജീവനക്കാരുടെ എണ്ണം ആവശ്യാനുസരണം വർദ്ധിപ്പിക്കണം.

9 മതിലകം ക്ഷീരോത്പാദന സഹകരണ സംഘത്തിന്റെ പരിധിയിൽ പഞ്ചായത്തിലെ 1, 3, 7 വാർഡുകളെ കൂടി ഉൾപ്പെടുത്തുക. 8, 9, 10, 11 വാർഡുകൾ ഉൾപ്പെടുന്ന ഒരു പുതിയ ക്ഷീരോത്പാദന സഹകരണ സംഘം രൂപീകരിക്കണം.

10 നല്ലയിനം കറവമാടുകളും തീറ്റപ്പുല്ലും സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് നൽകുന്നതിന് സാഹചര്യം ഒരുക്കണം.

11 കേരകൃഷിയിൽ 'ഗ്രൂപ്പ് മാനേജ്മെന്റ്' നടപ്പാക്കാൻ പഞ്ചായത്ത് തലത്തിൽ കേരകർഷകസംഘം രൂപീകരിക്കണം

12 നാളികേരം, അടക്ക, പുളി തുടങ്ങിയ കാർഷികോൽപന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും നിലവിലുള്ള സംഘങ്ങളിൽ സംവിധാനം വേണം. ഇതിനായി ആവശ്യമെങ്കിൽ പുതിയ സംഘം രൂപീകരിക്കണം.

13 കാർഷികോല്പന്ന സംഘങ്ങൾ സമാഹരിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്താൻ അപ്പക്സ് സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

14 തഴപ്പായനെയ്ത്ത് കാലോചിതമായി നവീകരിക്കാനും പ്രോൽസാഹിപ്പിക്കാനും പഞ്ചായത്ത് തലത്തിൽ 'തഴപ്പായ സഹകരണ സംഘം' രൂപീകരിക്കണം.

15 വനിതകൾക്കായി പ്രോജക്ട് അടിസ്ഥാനത്തിൽ വ്യവസായ സഹകരണ സംഘം ആരംഭിക്കണം.

16 റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കോഴിവളർത്തൽ, മത്സ്യംവളർത്തൽ, ഇടവിള കൃഷി, ബേക്കറികൾ തുടങ്ങിയവയും സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

# വനിത

സ്ത്രീകളുടെ വിമോചനത്തിനും വികസനത്തിനുമായി മുറവിളി ഉയരുകയാണ്. സ്ത്രീകളുടെ വളർച്ചയ്ക്കും വികസനത്തിനും മുന്നിട്ടിറങ്ങേണ്ടത് സ്ത്രീകൾ തന്നെയാണ്. സ്വയം ഉണ്ടാക്കിയ അല്ലെങ്കിൽ സമൂഹവും വ്യവസ്ഥകളും സമ്മാനിച്ച ചട്ടക്കൂടുകൾ ഭേദിക്കപ്പെടണം. കാലവും മാറുന്ന ആസൂത്രണ സംവിധാനങ്ങളും വ്യവസ്ഥിതിയ്ക്ക് ഒട്ടൊക്കെ മാററം വരുത്തിയിട്ടുണ്ട്. ഇനി വികസനം വേണ്ടത് സ്ത്രീകൾക്ക് വ്യക്തിപരമായും മാനസികമായുമാണ്. പൊതുരംഗങ്ങളിൽ പ്രത്യേകിച്ച് വിദ്യാഭ്യാസത്തിൽ, മതാചാരങ്ങളിൽ അതുപോലെ സാമൂഹ്യപ്രവർത്തനങ്ങളിലെല്ലാം വനിതകളുടെ എണ്ണം കുറവായിരുന്നു. ഇന്ന് ആ രീതി മാറിയിരിക്കുന്നു.

മതിലകം ഗ്രാമപഞ്ചായത്തിലെ വനിതകളുടെ കാര്യത്തിലും മേൽപറഞ്ഞവയെല്ലാം ബാധകമാകുന്നുണ്ട്. നിരക്ഷരരായ വനിതകൾ വളരെ കുറവാണെങ്കിലും പൊതുരംഗങ്ങളിൽ അവരുടെ പങ്കാളിത്തം വളരെ കുറവാണ്. നാളുകൾക്ക് മുൻപ് വരെയുണ്ടായിരുന്ന അപൂർവ്വം ഇപ്പോഴും തുടരുന്നു പ്രായപൂർത്തിയാവുന്നതിനു മുൻപുള്ള വിവാഹങ്ങൾ, സ്ത്രീകൾ അടിച്ചമർത്തപ്പെടുന്നതിന് ഉദാഹരണങ്ങളാണ്. ശരിയായ ബോധവൽക്കരണം ഇതിനാവശ്യമാണ്

60 കളിൽ സാമൂഹ്യവികസന ബ്ലോക്കിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന മഹിളാ സമാജങ്ങൾ നമ്മുടെ പഞ്ചായത്തിലും സജീവമായി പ്രവർത്തിച്ചിരുന്നു. 90 ലെ സമ്പൂർണ സാക്ഷരതാ യജ്ഞത്തിൽ ഇൻസ്ട്രക്ടർമാരായി പ്രവർത്തിച്ചതും പുരുഷൻമാരേക്കാൾ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചതും വനിതകളാണ്. പൊതുവെ സ്ത്രീകൾ പൊതുരംഗത്തേയ്ക്കു കടന്നു വരാതിരുന്ന കാലഘട്ടത്തിൽ പ്രത്യേകിച്ച് മുസ്ലീം സമുദായത്തിൽനിന്നും, കലാസാംസ്ക്കാരിക രംഗത്തേയ്ക്ക് ഒരു കാഥികയായി കടന്നുവരുന്ന മതിലകം സ്വദേശിനിയായ ഹലീമ, കേരളത്തിൽ അങ്ങോളമിങ്ങോളം കഥാപ്രസംഗങ്ങൾ അവതരിപ്പിച്ച് പ്രശസ്തയായിത്തീർന്നിട്ടുണ്ട്.

പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയിലേറെ വനിതകളാണ്. പഞ്ചായത്ത് സെൻസസ് അനുസരിച്ച് 11817 പുരുഷന്മാരും 13600 സ്ത്രീകളും പഞ്ചായത്തിലുണ്ട്. പുരുഷൻമാർ 46.5% സ്ത്രീകൾ 53.5%

ഗൾഫിനെ ആശ്രയിച്ചു കഴിയുന്ന മേഖലയായതുകൊണ്ട് 15 ശതമാനത്തോളം കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലാണ്. മദ്യപാനം, അനാരോഗ്യം മുതലായ കാരണങ്ങളാൽ പുരുഷന്മാർ ശ്രദ്ധിക്കാത്ത 5 ശതമാനത്തോളം കുടുംബങ്ങളുണ്ട്.

ജനകീയാസൂത്രണത്തിന് വനിതകളുടെ പ്രാതിനിധ്യവും സഹകരണവും ഉറപ്പു വരുത്തേണ്ടത് ആവശ്യമാണ് സ്ത്രീകളുടെ സംഘടനാ പ്രവർത്തനം തൃപ്തികരമല്ല. ഏതാനും ചില മഹിളാ സംഘടനകളിലും സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട് എങ്കിലും വനിതകളുടെ പ്രാതിനിധ്യം പൊതുരംഗത്ത് വളരെ ശോചനീയാവസ്ഥയിലാണ് പഞ്ചായത്തിലെ എല്ലാ വിഭാഗത്തിലും പെട്ട വനിതകളെയെല്ലാം ഒന്നിച്ചു ചേർത്ത് ഒരു വനിതാ വേദി രൂപീകരിക്കുകയും അതിലെല്ലാ അംഗങ്ങളുടേയും സജീവ പ്രവർത്തനം ഉറപ്പുവരുത്തുകയും വേണം.

വിദ്യാഭ്യാസ നിലവാരത്തിലും മുന്നിട്ടു നിൽക്കുന്നത് സ്ത്രീകൾ തന്നെയാണ്. നിരക്ഷരരായ വനിതകളുടെ എണ്ണം വളരെ കുറവാണ്.

| | ആൺ | പെൺ | ആകെ |
|---|---|---|---|
| വിദ്യാർത്ഥികൾ | 2542 | 2835 | 5377 |

പെൺകുട്ടികൾക്കുമാത്രമായി ഒരു വിദ്യാലയം ഈ പഞ്ചായത്തിലുണ്ട്. ഇവിടെ നമ്മുടെ പഞ്ചായത്തിൽ നിന്നുള്ള കുട്ടികൾക്ക് പ്രവേശനം നിഷേധിക്കുകയും അതേസമയം മററു പഞ്ചായത്തുകളിൽ നിന്നുള്ള കുട്ടികൾക്ക് പ്രവേശനം നൽകുകയും ചെയ്യുന്നു. ഈ സമീപനം പ്രതിഷേധാർഹമാണെന്ന് ഗ്രാമസഭകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ സ്ക്കൂളുകളിൽ അധ്യാപികമാരാണ് കൂടുതൽ. വിദ്യാർത്ഥികളുടെ എണ്ണത്തിൽ പെൺകുട്ടികളാണ് മുന്നിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾ സാമാന്യ വിദ്യാഭ്യാസം നേടുന്നുണ്ടെങ്കിലും അതിനാനുപാതികമായി ഉന്നത വിദ്യാഭ്യാസ രംഗത്തേക്കും സാങ്കേതിക വിദ്യാഭ്യാസ രംഗത്തേക്കും കടന്നു വരുന്നില്ല.

നേടിയവർ തന്നെ തൊഴിൽ രംഗത്തേക്കു കടന്നു വന്നു കാണുന്നില്ല.

ചില സമുദായങ്ങളിലെ യാഥാസ്ഥിതികത്വം സ്ത്രീ വിദ്യാഭ്യാസത്തിന് തടസ്സമായി നിൽക്കുന്നു സാമ്പത്തിക പരാധീനതകളും അതിന് കാരണമായിട്ടുണ്ട്. അതേ സമയം ഉന്നത വിദ്യാഭ്യാസം നേടിയിട്ടും തൊഴിൽ ലഭിക്കാത്ത യുവതികളും ഈ പഞ്ചായത്തിലുണ്ട്.

മിക്കവാറും സ്ത്രീകൾ പാരമ്പര്യ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. പായനെയ്ത്ത്, കയറു പിരി, കെട്ടിടനിർമ്മാണം, ബീഡി തെരുപ്പ് അപൂർവമായി കൃഷിപ്പണി എന്നിവയിലും സ്ത്രീകളുടെ സാന്നിദ്ധ്യമുണ്ട് വളരെകുറച്ച് സ്ത്രീകൾ റോഡുപണികളിലും ഏർപ്പെടുന്നുണ്ട്. അന്യവീടുകളിൽ പാചകം, ശുചീകരണം മുതലായ ദൈനംദിന ജോലികൾ ചെയ്ത് ഉപജീവനം നടത്തുന്ന സ്ത്രീകളും നമ്മുടെ പഞ്ചായത്തിലുണ്ട്. പാടശേഖരങ്ങൾ നികത്തിപ്പോയതുകൊണ്ട് കാർഷികമേഖലയിലെ സ്ത്രീകളുടെ തൊഴിലവസരങ്ങൾ കുറഞ്ഞു. ആടുമാടു വളർത്തൽ, കോഴിവളർത്തൽ, ശുചീകരണ പ്രവർത്തനങ്ങൾ, പാചകം, വിറകുശേഖരണം, ഗൃഹഭരണം ഇങ്ങനെ ഒട്ടേറേ കാണാപണികൾ ചെയ്യുന്നവരാണ് സ്ത്രീകൾ. തുല്യ അദ്ധ്വാനം വേണ്ടി വരുന്ന ജോലികളിൽ സ്ത്രീകൾക്ക് നൽകി വരുന്ന കൂലി പുരുഷൻമാരെ അപേക്ഷിച്ച് വളരെകുറവാണ്. ഇതിന് തെളിവായി താഴെയുള്ള പട്ടിക ശ്രദ്ധിക്കുക.

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷൻമാർ |
|---|---|---|
| കർഷകതൊഴിലാളി | 80 | 110 |
| നിർമാണ തൊഴിലാളി | 80 | 125 |
| കയർതൊഴിലാളി | | |

ചകിരി, കയർ എന്നിവ ഉൽപാദനം, ചിപ്സ്, ബേക്കറി, റെഡിമെയ്ഡ് സാധനങ്ങളുടെ ഉൽപാദനം എന്നിവക്കു പുറമെ **D W C R A** യുടെ രണ്ട് ഉൽപാദന യൂണിററുകളും പഞ്ചായത്തിലുണ്ട്.

തൊഴിൽ മേഖലകളിലേക്ക് സ്ത്രീകൾ കൂടുതൽ കടന്നു വരേണ്ടതിനാവശ്യമായ സാങ്കേതിക പരിശീലനം ലഭിക്കുന്നില്ല തുച്ഛമായ പ്രതിഫലം നൽകി സ്ത്രീകളുടെ അദ്ധ്വാനം ചൂഷണം ചെയ്യപ്പെടുന്ന സെയിൽസ് ഗേൾ എന്ന തൊഴിൽ മേഖലയിൽ നമ്മുടെ പഞ്ചായത്തിലേയും ഒട്ടേറെ സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. പച്ചക്കറി കൃഷി, കോഴിവളർത്തൽ, കൂൺകൃഷി തുടങ്ങി ഒട്ടേറെ മേഖലയിൽ സ്ത്രീകൾ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. അവർക്ക് സഹായം ചെയ്യേണ്ടതുണ്ട്.

ആരോഗ്യകാര്യത്തിലും സ്ത്രീകളുടെ അവസ്ഥ തൃപ്തികരമല്ല. മാതൃശിശു സംരക്ഷണ പരിപാടികളുടെയും മററും ഗുണഫലങ്ങൾ നമ്മുടെ പഞ്ചായത്തിൽ എത്തുന്നില്ല എന്നു പറയാം ശുചിത്വപരിപാലനത്തിൽ സ്ത്രീകൾ വളരെയേറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വഴിയുള്ള ആരോഗ്യ, ശുചിത്വസെമിനാറുകൾ സംഘടിപ്പിക്കുകയും ആവശ്യമായ രീതിയിലുള്ള ബോധവത്ക്കരണവും സൗജന്യമായി മരുന്നും മററു സേവനങ്ങളും ലഭ്യമാക്കുകയും വേണം.

മദ്യനിരോധനത്തെ പഞ്ചായത്തിലെ സ്ത്രീകളെല്ലാം തന്നെ സ്വാഗതം ചെയ്തിരിക്കയാണ്. ഇതുമൂലം മദ്യപാനത്തിൻെറ ദുരിതങ്ങൾക്ക് അറുതിവന്നിട്ടുണ്ടെന്നാണ് പൊതുവെയുള്ള അഭിപ്രായം. എങ്കിലും സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണമെന്ന ആവശ്യം വനിതകളുടെ ഭാഗത്തുനിന്ന് ഉയർന്നുവന്നിട്ടുണ്ട്. സർക്കാർ ഇതിലേക്ക് പ്രത്യേക ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു

സ്ത്രീധന വിവാഹങ്ങൾ തന്നെയാണ് പഞ്ചായത്തിൽ നടക്കുന്നത്. സ്ത്രീധന സമ്പ്രദായം കർശനമായി നിരോധിക്കണം. കുടുംബസ്വത്തിൽ സ്ത്രീക്കുള്ള അവകാശം പൂർണമായി സംരക്ഷിക്കണം. സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. സ്ത്രീയെ ഉപഭോഗവസ്തുവായി മാത്രം കാണുന്നരീതിയിലുള്ള പരസ്യങ്ങൾ ഏറെയാണ്. സ്ത്രീയെ അമ്മയായും ദേവിയായും കണ്ടിരുന്ന ഭാരതീയ സംസ്ക്കാരത്തെ മുറിവേൽപ്പിക്കുന്ന ഇത്തരം പ്രവണതകൾ നിർത്തലാക്കാൻ സർക്കാർ സെൻസറിംഗ് എർപ്പെടുത്തണം.

## വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

1 പൊതു പ്രവർത്തനരംഗത്ത് സ്ത്രീകൾ പ്രവർത്തന നിരതരല്ല. പൊതു രംഗത്തേക്ക് വരുന്ന സ്ത്രീകളെ സമൂഹം നിരുത്സാഹപ്പെടുത്തുന്നു.

2 പെൺ കുട്ടികൾക്ക് മാത്രമായിട്ടുള്ള പഞ്ചായത്തിലെ ഹൈസ്കൂളിൽ നമ്മുടെ പഞ്ചായത്തിലെ കുട്ടികൾക്ക് പ്രവേശനം നിഷേധിക്കുന്നു.

3 ടൈപ്പ്റൈററിംഗ്, തയ്യൽ ഒഴികെയുള്ള മററു സാങ്കേതിക തൊഴിൽ പരിശീലന രംഗത്തേക്ക് ഭൂരിഭാഗം സ്ത്രീകളും കടന്നു വരുന്നില്ല.

4 ഉന്നത വിദ്യാഭ്യാസമുണ്ടായിട്ടും ഭൂരിഭാഗം സ്ത്രീകൾക്കും നല്ല ജോലി ലഭിക്കുന്നില്ല

5 കെട്ടിട നിർമ്മാണ രംഗത്ത് സ്ത്രീകൾക്ക് കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്

6 തൊഴിൽ മേഖലകളിൽ ആവശ്യമായ സാങ്കേതിക പരിശീലന സൗകര്യങ്ങൾ കുറവാണ്

7 അദ്ധ്വാനവും സമയവും ചൂഷണം ചെയ്യപ്പെടുന്ന ഒരു വിഭാഗം വനിതകൾ (സെയിൽസ്ഗേൾസ്) പഞ്ചായത്തിലുണ്ട്.

8 സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.

9 T V, പൈങ്കിളി വാരികകൾ എന്നിവയോടുള്ള ഭ്രമം പെൺ കുട്ടികളെ സ്വപ്ന ജീവികളാക്കുന്നു.

10 സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും പരിഹാരാർത്ഥം പ്രവർത്തിക്കുകയും ചെയ്യുന്ന സംഘടനകളുടേയും വേദികളുടേയും അഭാവം.

11 അപൂർവ്വമായിട്ടുള്ള പ്രായപൂർത്തിയാകുന്നതിനു് മുൻപ് നടക്കുന്ന വിവാഹം.

12 പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ലായ്മ

13 സർക്കാർ സഹായ പദ്ധതികൾ ഏതെല്ലാമാണെന്നു് വ്യക്തമായ അറിവില്ലായ്മ.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

1 സമൂഹത്തിൽ തനിക്കുള്ള സ്ഥാനമെന്തെന്ന് മനസിലാക്കി സ്വന്തം ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് സ്ത്രീകൾ രംഗത്തിറങ്ങണം.

2 സ്ത്രീകളെ പഞ്ചായത്തുതലത്തിൽ വിളിച്ചുചേർത്ത് വനിതാ വേദിരൂപീകരിക്കണം. ഇതിന് വാർഡ് തലത്തിൽ ഉപസമിതികളും ഉണ്ടാക്കണം.

3 സാങ്കേതിക വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികളെ ഉയർത്തിക്കൊണ്ടുവരണം.

4 വനിതകൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങളും ചെറുകിടവ്യവസായയൂണിററുകളും രൂപീകരിക്കണം.

5 വനിതകളുടെ കൂലിനിരക്ക് പുരുഷന്മാരോടൊപ്പമാക്കണം.

6 ബോധവത്കരണക്ലാസുകൾ വാർഡുതലത്തിൽ മാസം തോറും നടത്തണം.

7 ഉന്നത വിദ്യാഭ്യാസം നേടിയവരും നേടിക്കൊണ്ടിരിക്കുന്നവരുമായ വനിതകളുടെ യോഗം വിളിച്ചുകൂട്ടി അവർക്ക് ചെയ്യാവുന്ന പ്രവർത്തനങ്ങൾ (പാരലൽകോളേജ്, സാക്ഷരതാകേന്ദ്രങ്ങൾ, ഹോം നഴ്സിങ് ഗ്രൂപ്പുകൾ) നടപ്പിലാക്കണം.

8 സ്വയം തൊഴിൽ പദ്ധതികൾക്കായി കൂടുതൽ വായ്പകൾ അനുവദിക്കുകയും മൊത്തം വായ്പയുടെ നിശ്ചിത ശതമാനം വനിതകൾക്കായി സംവരണം ചെയ്യുകയും വേണം.

9 പാൽ സഹകരണ സംഘം രൂപീകരിച്ച് പാലിന്റെ ഉപോത്പന്ന യൂണിററുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുക.

10 കാർഷിക മൃഗ സംരക്ഷണ രംഗങ്ങളിൽ വനിതാ പങ്കാളിത്തം ഉറപ്പുവരുത്തണം.

11 മാതൃ ശിശു സംരക്ഷണരംഗത്തും ആരോഗ്യരംഗത്തും ശുചിത്വ കാര്യങ്ങളിലും ആവശ്യമായ അറിവും പരിജ്ഞാനവും ലഭിക്കുന്നതിന് ഉതകുന്ന പഠന ക്ലാസുകൾ നടത്തണം.

12 സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം.

13 സ്ത്രീധന വിവാഹങ്ങൾ നിർത്തലാക്കണം.

14 അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ ബോധവൽക്കരണം നടത്തണം.

15 പായനെയ്ത്ത് പ്രോത്സാഹിപ്പിക്കാനും അതിന്റെ വിപണനത്തിനും വേണ്ടി ഒരു പായനെയ്ത്ത് സഹകരണ സംഘം പഞ്ചായത്തിൽ രൂപീകരിക്കണം. തഴകൃഷി അഭിവൃദ്ധിപ്പെ

ടുത്താൻ പ്രോത്സാഹന പരിപാടികൾ ആവിഷ്ക്കരിക്കണം. സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി തഴയോല ഉൽപ്പന്നങ്ങൾ വൈവിധ്യവത്ക്കരിക്കണം.

16 പഞ്ചായത്തിലെ മഹിളാസമാജങ്ങളുടെ പ്രവർത്തനം ഉർജ്ജിതമാക്കണം.

17 വിദ്യാലയ മാതൃസംഗമങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കാനും മാതാക്കളെ ബോധവൽക്കരിക്കാനുമുള്ള പദ്ധതികൾ തയ്യാറാക്കണം.

18 വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ കാർഷിക പെൻഷൻ, വിധവയുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം എന്നിവ അർഹരായവർക്ക് കിട്ടാനുള്ള സംവിധാനം ഏർപ്പെടുത്തുക.

19 എല്ലാ വികസന മേഖലകളിലും വനിതകളുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളിക്കണം.

20 കുടുംബിനികളായ ഉദ്യോഗസ്ഥകളുടെ ജോലി സമയം വൈകീട്ട് 4 മണി വരെയാക്കണം പ്രസവാവധി 6 മാസമായി വർദ്ധിപ്പിക്കണം.

21 ദേശീയ പ്രസവ ക്ഷേമ പദ്ധതി പ്രകാരമുള്ള ധനസഹായം വർദ്ധിപ്പിക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

22 താലൂക്ക് തലത്തിൽ കുടുംബകോടതികൾ സ്ഥാപിക്കുക.

23 മതിലകം പോലീസ് സ്റ്റേഷനിൽ വനിതാ പോലീസിന്റെ സേവനം ലഭ്യമാക്കണം.

# ഗതാഗതം

1788-ാം ആണ്ടിൽ ടിപ്പുവിൻെറ മലബാർ ആക്രമണ കാലത്ത് രൂപപ്പെട്ടതെന്ന് പറയപ്പെടുന്ന ടിപ്പുസുൽത്താൻ റോഡ് [ഇപ്പോഴത്തെ NH-17] പുന്നക്കബസാർ-രജിസ്ട്രാറാപ്പീസ് റോഡ്, മതിലകം ബംഗ്ലാവ് കടവുറോഡ്, മതിലകത്തുനിന്നും കളരിപ്പറമ്പ് വഴി പെരുന്തോട് വരെയുള്ള റോഡ്, എന്നിവയായിരുന്നു 1962 ജനുവരി1-ാം തിയ്യതി മതിലകം ഗ്രാമ പഞ്ചായത്ത് രൂപീകൃതമാകുന്നതിനു മുമ്പുണ്ടായിരുന്ന റോഡുകൾ കൂടാതെ ടിപ്പുസുൽത്താൻ റോഡിനു സമാന്തരമായി പടിഞ്ഞാറെ ടിപ്പുസുൽത്താൻ റോഡ് (കൂളിമുട്ടം) കിഴക്കെ ടിപ്പുസുൽത്താൻ റോഡ്, പോഴങ്കാവിൽ നിന്നുതുടങ്ങി പുതിയകാവിൽ അവസാനിക്കുന്ന താലം റോഡ്, പുതിയകാവിൽ നിന്നുതുടങ്ങി കൂളിമുട്ടം ബീച്ചിൽ അവസാനിക്കുന്ന റോഡ്, പുന്നക്കബസാർ— ചക്കരപ്പാടം റോഡ്, പുന്നക്കുരുബസാർ—ഭജനമഠം ബീച്ച് റോഡ് തുടങ്ങിയവ അന്നത്തെ പ്രധാന നടവഴികളായിരുന്നു. ഇതിൽ N H-17 റോഡും, ബംഗ്ലാവ് കടവ് റേഡ് രജിസ്ട്രാഫീസ് റോഡും മാത്രമേ ഗതാഗതയോഗ്യമായിരുന്നുള്ളു.

ഈ പഞ്ചായത്തിൻെറ കിഴക്കെ അതിർത്തിയിൽകൂടി പോകുന്ന കനോലി കനാലിൽ കൂടി ജലഗതാഗതം നടന്നുകൊണ്ടിരുന്നത് ഇപ്പോൾ അപൂർവ്വമായി മാത്രം നടക്കുന്നുള്ളു. പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തുകൂടി തെക്കുവടക്കായി കിടക്കുന്ന പെരുന്തോട് (ഇപ്പോഴത്തെ വലിയതോട്) വടക്കെ അതിർത്തിയിലുണ്ടായിരുന്ന പുല്ലാനി തോട് എന്നിവ വഴിയും ജലഗതാഗതം ഉണ്ടായിരുന്നു. പുല്ലാനി തോട് പല ഭാഗത്തും നികന്ന് ഗതാഗതയോഗ്യമല്ലാതായിത്തീർന്നു.

നാടിൻെറ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്കും കൂട്ടായ്മയുടെ ശക്തിയും തിരിച്ചറിഞ്ഞ് പഞ്ചായത്ത് പൊതുജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇത്തരം റോഡുകളുടെ നിർമ്മാണത്തിൽ മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാരായ ശ്രീമാൻ M. K. കൃഷ്ണൻ, O. A. സൈമൺ, M. B. കുഞ്ഞബ്ദുല്ല, M. A. വിജയൻ എന്നിവരുടെയും പരേതനായ ശ്രീമാൻ O. A. ഫ്രാൻസിസിൻെറയും പങ്കാളിത്തം അവിസ്മരണീയമാണ്. പറമ്പുകളിൽകൂടി നിലവിലുണ്ടായിരുന്ന വഴികൾ അടഞ്ഞുപോയതിനാലും പുതുതായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന വീടുകളുടെ ബാഹുല്യം കൊണ്ടും, മാറിയ ജീവിത സാഹചര്യം കൊണ്ടും പുതിയ പുതിയ റോഡുകളുടെ ആവശ്യകത വർദ്ധിച്ചു വരികയാണ്.

## റോഡുകൾ സംബന്ധിച്ച വിവരങ്ങൾ

**റോഡിൻെറ സ്വഭാവം നീളം**

| കച്ച | പക്ക | മെററൽ | ടാർ | | | മററുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| | | | പഞ്ചായത്ത് | P. W. D | N-H | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 7.64 km | 22.66 km | 3.27 km | 14.79 km | 13.8 km | 2.5 km | NIL | 67.16 km |

നിലവിലുള്ള N H -17ൽ പൂർണ്ണമായും മതിലകം–കൂളിമുട്ടം റോഡ്, വെസ്ററ് ടിപ്പു സുൽത്താൻ റോഡ്, M L A റോഡ്, എമ്മാട്–നെടുംപറമ്പ് റോഡ് എന്നിവയിൽ കൂടി ഭാഗികമായും ബസ്സ് ഗതാഗതമുണ്ട്. P. W. D. റോഡുകളുൾപ്പെടെ ഭൂരിപക്ഷം റോഡുകളും പൂർണ്ണമായും ഗതാഗതയോഗ്യമല്ല. ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവത്താൽ വർഷക്കാലങ്ങളിൽ നീർക്കെട്ട് അനുഭവപ്പെടുന്നതിനാൽ റോഡുകൾ പൊട്ടിപൊളിഞ്ഞു പോകുന്നു. റോഡരികിലുള്ള കുളങ്ങളുടെ പാർശ്വ ഭിത്തികൾ കെട്ടി സംരക്ഷിക്കാത്തതുമൂലം റോഡ് ഇടിയുകയും അപകടഭീഷണി നിലനിൽക്കുകയും ചെയ്യുന്നു. പാടങ്ങൾ നികത്തി നിർമ്മിച്ച ചില റോഡുകൾക്ക് വേണ്ടത്ര ഉയരമില്ലാത്തതിനാൽ വർഷക്കാലങ്ങളിൽ വെള്ളമൊഴുകി പോകാതെ റോഡുകളിൽ ചെളി കെട്ടി കിടക്കുന്നു. റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതി പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും അപകട ഭീഷണി ഉയർത്തുന്നു. യഥാസമയം അററകുററ പണികൾ നടക്കാത്തതുമൂലം റോഡുകൾ കൂടുതൽ താറുമാറാകുകയും അററകുററപണികൾക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുകയും ചെയ്യുന്നു. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് പഞ്ചായത്തിൽ ജനപങ്കാളിത്തം ഉപയോഗപ്പെടുത്തി നടത്താവുന്ന റോഡുപണികൾ കുറച്ചു മാത്രമേയുള്ളു. സിംഹഭാഗവും ദർഘാസിൻെറ അടിസ്ഥാനത്തിൽ കരാറുകാരെ കൊണ്ടാ ചെയ്യിക്കുന്നതുമൂലം മേന്മക്കുറവും സാമ്പത്തിക നഷ്ടവും വന്നു കൂടുന്നു. പ്രധാന റോഡുകളുടെ വളവുകളിൽ മതിയായ വീതിയില്ലാത്തതിനാൾ ഗതാഗതകുരുക്കും അപകട സാദ്ധ്യതയും ഏറെയാണ്. മേൽപറഞ്ഞ പ്രശ്നങ്ങൾ ഗ്രാമ സഭകൾ വിശദമായി ചർച്ച ചെയ്യുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

## പരിഹാര നിർദേശങ്ങൾ

റോഡിൻെറ വെള്ളക്കെട്ടുള്ള പാർശ്വങ്ങളിൽ കാന നിർമ്മിച്ചും ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകൾ നിർമ്മിച്ചും വെള്ളക്കെട്ട് ഒഴിവാക്കുക പാർശ്വഭിത്തി ആവശ്യമായ കുളങ്ങളുടെ സൈഡ് കെട്ടി റോഡിൻെറ സംരക്ഷണം ഉറപ്പുവരുത്തുക. താഴ്ന്ന പ്രദേശങ്ങളിൽ കൂടി പോകുന്ന റോഡുകൾ ഉയർത്തി ചളിക്കെട്ട് ഒഴിവാക്കുക. റോഡുകളുടെ പാർശ്വങ്ങൾ ഇടിഞ്ഞു പോകാതിരിക്കാൻ സൈഡ് സംരക്ഷണം നടത്തുക.

ഗതാഗത തടസ്സം സൃഷ്ടിക്കുന്ന വൈദ്യുതി പോസ്റ്റുകളും ടെലഫോൺ പോസ്റ്റുകളും റോഡരികിൽ നിന്ന് മാററി സ്ഥാപിച്ച് ഗതാഗതം സുഗമമാക്കുക.

റോഡുകളുടെ അററകുററ പണികൾ യഥാസമയം നടത്തുക. പഞ്ചായത്ത് ഏറെറടുക്കുന്ന പണികളെല്ലാം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും അതിനാവശ്യമായ തൊഴിൽ യന്ത്രസാമഗ്രികൾ പഞ്ചായത്ത് മുഖേനയോ ബ്ലോക്ക് മുഖേനയോ ലഭ്യമാക്കുകയും ചെയ്ത് സാമ്പത്തിക നഷ്ടം ഒഴിവാക്കുക. റോഡുകളുടെ വളവുകളിൽ വീതി കൂട്ടി അപകട സാദ്ധ്യത ഒഴിവാക്കുക.

## പൊതു ആവശ്യങ്ങൾ

മതിലകം, പൂവത്തുംകടവ് എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഊർജ്ജിതമാക്കുക.

നാഷണൽ ഹൈവേയിൽ കൂടിയുള്ള വർദ്ധിച്ച വാഹനത്തിരക്ക് ഒഴിവാക്കാൻ സമാന്തരറോഡുകൾ വികസിപ്പിച്ച് അവയിൽ കൂടിയും ചരക്ക്, ബസ്സ് ഗതാഗതത്തിന് സൗകര്യം ഏർപ്പെടുത്തുക.

നിലവിലുള്ള എല്ലാ റോഡുകളുടെയും വീതി ചുരുങ്ങിയത് 6 മീററർ ആക്കുക.

നാഷണൽ ഹൈവേയിൽ ഇരുവശത്തുമുള്ള സ്റ്റോപ്പുകളുടെ അകലം ചുരുങ്ങിയത് 100 മീററർ ആയി നിജപ്പെടുത്തുകയും ബസ്സ്സ്റ്റോപ്പുകളിൽ കൂടുതൽ വീതിയിൽ ടാറിങ്ങ് നടത്തുകയും ചെയ്യുക.

റോഡ്, പൊതുവഴികയ്യേററങ്ങൾ ഒഴിവാക്കുന്നതിനും റോഡുകളുടെ സംരക്ഷണത്തിനും പുതിയ റോഡ് നിർമ്മാണത്തിനും ജനകീയ കമ്മററികൾ രൂപീകരിച്ച് പ്രവർത്തിക്കുക.

റോഡ് അരികുകളിൽ കെട്ടിടങ്ങൾ പണിയുന്നതിന്മുമ്പായി പഞ്ചായത്തിൽനിന്നും അനുമതി നിർബന്ധമാക്കുക.

കനോലികനാൽ ബോട്ട് ഗതാഗതത്തിന് അനുയോജ്യമാക്കി ബോട്ട് ഗതാഗതം ഏർപ്പെടുത്തുക.

വലിയതോട് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.

നിർദ്ദിഷ്ട തീരദേശ റെയിൽവേയുടെ പണികൾ തരിതപ്പെടുത്തുക.

മതിലകം കൂളിമുട്ടം റോഡ് റീടാറിങ്ങ് നടത്തുകയും പുതിയകാവ് M. L. A റോഡ്, പുന്നക്കബസാർ–നെടുംപറമ്പ് റോഡ് എന്നിവയുടെ അററകുററപണികൾ നടത്തുകയും ചെയ്യുക.

പഞ്ചായത്ത് ഓഫീസ്, സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ താലൂക്ക്, ജില്ലാആസ്ഥാനങ്ങൾ എന്നീ സ്ഥലങ്ങളിലേക്ക് എളുപ്പമാർഗ്ഗം എത്തിച്ചേരുന്നതിനും യാത്രാക്ലേശം പരിഹരിക്കുന്നതിനും പഞ്ചായത്തിലെ യോഗ്യമായ എല്ലാ റോഡിൽകൂടിയും ബസ്സ് ഗതാഗതം ഏർപ്പെടുത്തുകയും നിലവിലുള്ളവ വർദ്ധിപ്പിക്കുകയും ചെയ്യുക.

പൂർത്തീകരിക്കാത്ത റോഡുകളുടെ പണി പൂർത്തിയാക്കുക.

ഗ്രാവലിങ്ങും, മെററലിങ്ങും പൂർത്തിയാക്കി എല്ലാ റോഡുകളും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

ആവശ്യമായ സ്ഥലങ്ങളിൽ ഓട്ടോ, ടാക്സി സ്റ്റാൻറുകളും യാത്രക്കാർക്ക് വിശ്രമകേന്ദ്രങ്ങളും സ്ഥാപിക്കുക.

കടത്ത് ഫെറികൾ വിപുലീകരിച്ച് സംരക്ഷിക്കുക.

റോഡുകളും തോടുകളും നിർമ്മിക്കാൻ ആവശ്യമായ സ്ഥലം അക്വയർ ചെയ്യാനുള്ള അധികാരം പഞ്ചായത്തിന് നൽകണം.

പഴയകാലത്തുണ്ടായിരുന്ന ഇടവഴികളും, നടപ്പാതകളും പുനഃസ്ഥാപിക്കുക.

റോഡ് നിർമ്മിക്കുന്നതിനുള്ള വീതി 6മീററർ എന്നത് ലിങ്ക്റോഡുകളുടെ കാര്യത്തിൽ ആവശ്യത്തിനനുസരിച്ച് കുറച്ചാലും ഗവൺമെൻറിൻെറ സാമ്പത്തിക സഹായം ലഭ്യമാക്കണം.

പഞ്ചായത്തിലെ റോഡുകളുടെ നിർമ്മാണവും അററകുററപണികളും ജനകീയസമിതികളുടെ നേതൃത്വത്തിൽ ചെയ്യണം.

അററകുററപണികൾക്കനുവദിക്കുന്ന തുക കാലാനുസൃതമായി വർദ്ധിപ്പിക്കണം.

## നിലവിലുള്ള റോഡുകൾ സംബന്ധിച്ച വിവരങ്ങൾ

### പട്ടിക 2

| ക്രമ നമ്പർ | റോഡിൻെറ പേര് | വാർഡ് | നീളം x വീതി | ടാർ ചെയ്തത് | മെററൽ ചെയ്തത് | ഗ്രാവൽ മണ്ണ് | ഉടമസ്ഥത |
|---|---|---|---|---|---|---|---|
| 1 | N H–17 (ടിപ്പുസുൽത്താൻ റോഡ്) | 1, 2, 3, 5, 6 | 2. 5k m | ... | | | N H |
| 2 | ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 2 | 120 മീററർ x 6 മീററർ | ... | | | P W D |
| 3 | മതിലകം കൂളിമുട്ടം റോഡ് | 3, 4, 5, 6, 7, 8, 9, 10, 11 | 4 km x 6 മീററർ | ... | | | ,, |
| 4 | പുതിയകാവ് കൂളിമുട്ടം ബീച്ച് M L A റോഡ് | 6, 7, 8, 10 | 4 കി. മീ. x 6 മീററർ | ... | | | ,, |
| 5 | വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | 8, 9, 10 | 3 k m x 6 മീററർ | ... | | | ,, |
| 6 | പുന്നക്കബസാർ നെടുംപറമ്പ് കോളനി റോഡ് | 6, 7, 8 | 2 k m x 6 m | ... | | | ,, |
| 7 | പുവ്വത്തുംകടവ് ഫെറി റോഡ് | 1 | 1 k m x 6, 8 മീററർ | ... | | | പഞ്ചായത്ത് |
| 8 | പുവ്വത്തുംകടവ് ഹരിജൻ സെററിൽമെൻറ് കോളനി റോഡ് | 1 | 800 m x 6m | | | ... | ,, |

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | നീളം x വീതി | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഗ്രാവൽ മണ്ണ് | ഉടമസ്ഥത |
|---|---|---|---|---|---|---|---|
| 9 | വിദ്യാസാഗർ മെമ്മോറിയൽ റോഡ് | 1 | 400 മീറ്റർ | | | ... | പഞ്ചാ. |
| 10 | ശങ്കരനാരായണൻ മാസ്റ്റർ മെമ്മോറിയൽ റോഡ് | 1 | 600m x 4 m | | | ... | ,, |
| 11 | മതിൽമൂല എഴുവന്ത്ര കടവു റോഡ് | 1 | 900 x 4 m | | | ... | ,, |
| 12 | ഇലക്ട്രിസിറ്റി ഓഫീസ് കളത്തേരി റോഡ് | 1 | 900 x 4 m | | | ... | ,, |
| 13 | ബ്ലോക്കാഫീസ് കിഴക്കുംപുറം റോഡ് | 1 | 840m x 6 m | | | ... | ,, |
| 14 | വാട്ടർ ടാങ്ക് കടവ് റോഡ് | 1 | 900 m x 4m | | | ... | ,, |
| 15 | പോലീസ് സ്റ്റേഷൻ കിഴക്കുംപുറം ലക്ഷം വീടു കോളനി എലവഞ്ചേരി റോഡ് | 1 | 950 m | | | 600 m ഗ്രാവൽ 350m മണ്ണ് | ,, |
| 16 | മതിലകം ഫെറി റോഡ് | 1, 2 | 800 m x 6 m | ... | | | ,, |
| 17 | മതിലകം ഫെറിലിങ്ക് റോഡ് (കുരിശുപള്ളി) | 2 | 200 m x 4 m | | | ... | ,, |
| 18 | പള്ളിവളവ് വില്ലേജാഫീസ് റോഡ് | 2 | 600 m x 6 m | ... | | | P W D |
| 19 | പുന്നക്കബസാർ രജിസ്ട്രാഫീസ് റോഡ് | 2 | 1300 m | 500m | | 800m | പഞ്ചായത്ത് |
| 20 | പുതിയകാവ് പള്ളി, പഴുന്തറ മസ്ജിദ് റോഡ് | 6 | 1300 m x 6 m | 600m | | 700m | ,, |
| 21 | പുന്നക്കബസാർ ചക്കരപാടം റോഡ് | 2 | 800 m x 5 m | | ... | | ,, |
| 22 | ഓണച്ചമ്മാവ് മതിൽമൂല റോഡ് | 3 | 1500 m x 5 m | | .... | | ,, |
| 23 | മതിൽമൂല കോളനി റോഡ് | 3 | 1250 m x 5 m | | 700m | 550m | ,, |
| 24 | പോലീസ് ക്വാട്ടേഴ്സ് ബാലവാടി റോഡ് | 3 | 900 x 3 m | | | മണ്ണ് | ,, |
| 25 | താലം താമരക്കുളം റോഡ് | 4 | 1 k m x 6m | | | | |
| 26 | താലം കഴുവിലങ്ങ് റോഡ് | 4, 11 | 1200 m x 6 m | ... | | | ,, |
| 27 | താമരക്കുളം കഴുവിലങ്ങ് റോഡ് | 4, 11 | 700 m x 5m | | | ... | ,, |
| 28 | കഴുവിലങ്ങ് S. N. പുരം പഞ്ചായത്ത് അതിർത്തി റോഡ് | 11 | 600 m x6m | | | --- | ,, |
| | | | | | | ... | ,, |
| 29 | ചിറയിൽ ക്ഷേത്രം റോഡ് | 4 | 870 m x 3. 50 m | | | മണ്ണ് | ,, |
| 30 | പൊന്നാംപടി ഹരിജൻ കോളനി മസ്ജിദ് റോഡ് | 5 | 700 m x 6 m | ... | | | പഞ്ചായത്ത് |
| 31 | മുംതാസ് തിയ്യേറ്റർ പൊന്നാംപടി കോളനി റോഡ് | 5 | 290 m x 4 m | ... | | | ,, |
| 32 | പൊന്നാംപടി കോളനി വായനശാല റോഡ് | 5, 6 | 1085 x 4 m | | | 850m മണ്ണ് 838 ഗ്രാ | ,, |
| 33 | പുതിയകാവ് വെസ്റ്റ് മസ്ജിദ് റോഡ് | 6 | 900 x 6 m | | | ഗ്രാ: | ,, |
| 34 | പുതിയകാവ് മസ്ജിദ് റോഡ് | 6 | 600 x 4 m | | | ഗ്രാ: | ,, |
| 35 | പുതിയകാവ് വെസ്റ്റ് പുന്നക്കബസാർ റോഡ് | 6 | 870 x 6m | | | മണ്ണ് | ,, |

255

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | നീളം x വീതി | ടാർ ചെയ്തത് | മെറ്റൽ ചെയ്തത് | ഗ്രാവൽ മണ്ണ് | ഉടമസ്ഥത |
|---|---|---|---|---|---|---|---|
| 36 | അംബേദ്കർ കോളനി റോഡ് | 6 | 1 km x 8 m | ... | | | പഞ്ചാ. |
| 37 | വായനശാല പുതിയകാവ് ടെമ്പിൾ റോഡ് | 6 | 700 x 4 m | | | ഗ്രാ: | ,, |
| 38 | പുതിയകാവ് സൊസൈററി റോഡ് | 6 | 800 x 6 m | ... | | | ,, |
| 39 | ഊമന്തറ പെരിഞ്ഞനം പഞ്ചായത്ത് അതിർത്തി റോഡ് | 7 | 1 km x 6m | | | ഗ്രാ: | ,, |
| 40 | നെടുംപറമ്പ് ഫാർമസി കാതിക്കോട് റോഡ് | 7, 8 | 1 km x 5m | | | ഗ്രാ: | ,, |
| 41 | തട്ടുങ്ങൽ പ്രാണിയാട് പള്ളിറോഡ് | 8 | 800 x 6m | | | ഗ്രാ: | ,, |
| 42 | എമ്മാട് നെടുംപറമ്പ് റോഡ് | 8 | 2 k m x 6 m | ... | | | ,, ,, |
| 43 | എമ്മാട് വേക്കോട് റോഡ് | 9 | 800 x 6 m | ... | | | ,, |
| 44 | പൊക്ലായി ലക്ഷംവീട് കോളനി റോഡ് | 9 | 900 x 5 m | | | | ,, |
| 45 | പൊക്ലായി സൗത്ത് ബീച്ച് റോഡ് | 9 | 900 x 5 m | | | ഗ്രാ: ,, | ,, |
| 46 | ജനമഠം സൗത്ത് ബീച്ച് റോഡ് | 10 | 1140 x 6 m | | 140 m | 1000 m | |
| 47 | കൂളിമുട്ടം സെൻട്രൽ ബീച്ച് റോഡ് | 10 | 650 m x 6 m | 520 m | 130 m | ഗ്രാ: | ,, ,, |
| 48 | ആസ്പത്രി ആമതോട് റോഡ് | 10 | 700 x 6 m | 500 m | 200 m | | ,, |
| 49 | കൂളിമുട്ടം സെൻട്രൽ ബാലവാടി റോഡ് | 10 | 40 | | | ഗ്രാ: | ,, |
| 50 | K. M. L. P. S. ബാലവാടി റോഡ് | 10 | 400 x 4. 6 m | | | ,, | ,, ,, |
| 51 | പൊക്ലായി ബീച്ച് റോഡ് | 10 | 800 x 6 m | ... | | | ,, ,, |
| 52 | സെൻട്രൽ ബീച്ച് അറപ്പതോട് റോഡ് | 10 | 500 x 4 m | | | ,, | ,, |
| 53 | കഴുവിലങ്ങ് ശിവമയം റോഡ് | 11 | 1000 x 4 m | | | ,, | ,, |
| 54 | കഴുവിലങ്ങ് വേക്കോട് റോഡ് | 11 | 600 x 4 m | | | ,, | ,, |
| 55 | ശിവമയം ടെമ്പിൾ റോഡ് | 11 | 800 m x 3m | | | മണ്ണ് | |

## പുതുതായി നിർമ്മിക്കേണ്ട റോഡുകളും വഴികളും

വാർഡ്

1
1. തങ്ങാം കടവ് റോഡിന്റെ മദ്ധ്യഭാഗം—ബ്ലോക്കോഫീസ്
2. വാട്ടർടാങ്ക് ഭാഗത്തുനിന്നും—മിച്ചഭൂമിയിലേക്ക്
3. ബ്ലോക്കോഫീസ് കിഴക്കുംപുറം റോഡ്—കടവിലേക്ക്
4. പോലീസ് സ്റ്റേഷൻ ലക്ഷംവീട് കോളനി റോഡ് ഫെറിറോഡുമായി ബന്ധിപ്പിക്കണം
5. കനോലികനാൽ തീരത്തുകൂടി പുവ്വത്തുംകടവിൽനിന്ന്—രജിസ്ട്രാഫീസ്‌വരെ റോഡ്

2
1. തൃപ്പേക്കുളം അമ്പലത്തിൽ നിന്നും വടക്കോട്ട്—ഈ വി ജി റോഡ്
2. തൃപ്പേക്കുളം അമ്പലത്തിൽ നിന്നും തെക്കോട്ട്—പഴന്തറ റോഡ്
3. ഈ വി ജി റോഡിൽ നിന്നും പുളിഞ്ചോട് നാലുകണ്ടം റോഡിലേക്ക്
4. ഓലക്കോട് ഷാപ്പുമുതൽ വടക്കോട്ട്—പഴന്തറ റോഡ്
5. C. K. വളവിൽ നിന്നും—പഴന്തറ റോഡിലേക്ക്
6. പള്ളിവളവ്—പൊന്നാംമ്പടി കോളനി റോഡ്
7. ചിറക്കുളത്തിന്റെ വടക്കേത്തോട്ടിൽ സ്ലാബിടുക

3
1. കേര ഗ്രാമ സൊസൈററി—പോളക്കളത്തിലേക്ക് വഴി
2. ലക്ഷംവീട് ബാലവാടി റോഡ്—പൊക്ലായി റോഡിലേക്ക്
3. ക്വാർട്ടേഴ്സ്—ബാലവാടിയിലേക്ക്
4. തേർവീട്ടിൽ ഹരിജൻ കോളനിയിലേക്ക്

| | | |
|---|---|---|
| | 5 | പഴയമദ്രസയുടെ പടിഞ്ഞാറ് ഭാഗത്ത് നിന്ന്—ക്വോർട്ടേഴ്സ് |
| | 6 | S. B. കുഞ്ഞുമുഹമ്മദിന്റെ വടക്ക്‌വശത്തു നിന്നും പടിഞ്ഞാട്ട് വഴി |
| | 7 | കൊച്ചുകാദറിന്റെ പടിഞ്ഞാറ് ഭാഗത്തുകൂടി–ബാലവാടി റോഡിലേക്ക് |
| | 8 | ഫാത്തിമാ അബ്ദുറംഖാദറിന്റെ വീടിന്റെ സമീപത്തുകൂടി പടിഞ്ഞാട്ട് |
| 4 | 1 | കളരിപ്പറമ്പ് വളവിൽ നിന്ന്–താലം കഴുവിലങ്ങ് റോഡിലേക്ക് |
| | 2 | ശ്മശാനം കിഴക്കഭാഗത്തുനിന്ന് താലം കഴുവിലങ്ങ് റോഡിലേക്ക് |
| | 3 | ഗ്രാമീണ വായനശാലയുടെ സമീപത്തുകൂടി തെക്കോട്ട് കഴുവിലങ്ങ് റോഡിലേക്ക് |
| | 4 | താലം കഴുവിലങ്ങ് റോഡ്–കഴുവിലങ്ങ് ക്ഷേത്രം |
| | 5 | താമരക്കുളം കഴുവിലങ്ങ് റോഡിൽ നിന്ന്–കഴുവിലങ്ങ് താലം റോഡിലേക്ക് |
| 5 | 1 | C. K. വളവിൽ നിന്ന്—തെക്കേചിറയിലേക്ക് |
| | 2 | മുംതാസ് റോഡിൽ നിന്ന്—മസ്ജിദ് റോഡിലേക്ക് |
| | 3 | റൂബി ഫ്ളവർമില്ലിൽ നിന്നും വടക്കോട്ടുള്ള നടവഴി നന്നാക്കുക |
| 6 | 1 | മതിലകം കൂളിമുട്ടം റോഡിലെ ട്രാൻസ്ഫോർമർ—താലം റോഡിലേക്ക് |
| | 2 | C. K. വളവ് പുതിയകാവ് റോഡിൽ നിന്ന്—പൊന്നാമ്പടി കോളനിയിലേക്ക് |
| | 3 | അംബേദ്കർ റോഡ്—കളരിപറമ്പ് റോഡ് |
| | 4 | പുതിയകാവ് അമ്പലത്തിന്റെ കിഴക്ക് നിന്ന്–തെക്കോട്ട് റോഡ് |
| | 5 | ബർക്കത്തുൽ ഇസ്ലാം മദ്രസ റോഡ് |
| 7 | 1 | പുളിഞ്ചോട് ചാലാംതോട് റോഡ് വാട്ടർടാങ്ക് റോഡ്–പഞ്ചായത്തതിർത്തിയിലേക്ക് |
| | 2 | കൃഷ്ണ തിയ്യറററിൽ നിന്നും വടക്കോട്ട്–ഫാർമസി റോഡിലേക്ക് |
| | 3 | ഊമന്തറയിൽ നിന്ന്—ഫാർമസി റോഡിലേക്ക് |
| | 4 | കാതിക്കോട് ജംഗ്ഷനിൽ നിന്ന്—നെടുംപറമ്പിലേക്ക് |
| 8 | 5 | സ്രാമ്പിച്ചിറയിൽ നിന്നും പടിഞ്ഞാട്ട്—ടിപ്പുസുൽത്താൻ റോഡിലേക്ക് |
| | 6 | തട്ടുങ്ങൽ പ്രാണിയാട് റോഡ് വടക്കോട്ട്–M L A റോഡിലേക്ക് |
| | 7 | തട്ടുങ്ങൽ പ്രാണിയാട് റോഡിൽ നിന്നും പ്രാണിയാട് കോളനിയിലേക്ക് |
| | 8 | സുബ്രഹ്മണ്യ ക്ഷേത്രപരിസരത്തു നിന്നും–എമ്മാട് റോഡ് |
| | 9 | എമ്മാട് പള്ളിയുടെ കിഴക്കോട്ട് പൊതുവഴി ഉണ്ടാക്കുക |
| | 10 | നെടുംപറമ്പ് ത്രിവേണി റോഡിൽ നിന്നും വടക്കോട്ട് ശവക്കോട്ടയിലേക്ക് |
| 9 | 1 | ആയുർവേദ ഡിസ്പെൻസറിയുടെ വടക്ക്നിന്നും കിഴക്കോട്ട് കഴുവിലങ്ങ് റോഡ് |
| | 2 | പൊക്ലായി തെക്കുപടിഞ്ഞാറ് ഭാഗത്ത്നിന്ന് സൗത്ത്ബീച്ച് റോഡിൽ നിന്നും നോർത്ത് ബീച്ച് റോഡിൽ നിന്നും സമാന്തരം |
| | 3 | പൊക്ലായി സൗത്ത് ബീച്ച്റോഡിൽ നിന്ന് ബീച്ച്റോഡിലേക്ക് |
| | 4 | പൊക്ലായി നോർത്ത് ബീച്ച് റോഡിൽ നിന്ന് തെക്കഭാഗത്തുകൂടി പൊതുവഴി വേണം |
| 10 | 1 | പെരിഞ്ഞനം ശവക്കോട്ട റോഡ്—ത്രിവേണി നെടുംപറമ്പ് റോഡ് |
| | 2 | സുബ്രഹ്മണ്യക്ഷേത്ര പരിസരം—ഗവ: ആശുപത്രിയിലേക്ക് റോഡ് |
| | 3 | ഭജനമഠം–M. L. A റോഡിൽനിന്നും പെരിഞ്ഞനത്തേക്ക് |
| | 4 | ത്രിവേണി പടിഞ്ഞാറ് പാലത്തിൽനിന്നും തെക്കോട്ട് റോഡ് |
| 11 | 1 | M. L. A റോഡിൽനിന്നും ശിശുഭവൻവഴി മതിലകം–പൊക്ലായി റോഡിലേക്ക് |
| | 2 | കഴുവിലങ്ങ് സ്കൂൾ–പെരുന്തോട് പാലംവരെ റോഡാക്കുക |
| | 3 | പന്തീരുനിലം–മതിലകം ബീച്ചുറോഡിലേക്ക് |
| | 4 | ശിശുഭവൻ റോഡിൽനിന്നും–ഊമന്തറ മതിലകം ബീച്ചുറോഡിലേക്ക് |
| | 5 | തായവള്ളി അമ്പലപരിസരത്ത് നിന്നും കിഴക്കോട്ട് റോഡ് |

# ഊർജ്ജം

മാനവ ശേഷിയുടെ കൂടെ ഊർജ്ജം ചേർന്നാൽ വികസനമാകും എന്ന് മഹാനായ ലെനിൻ പറഞ്ഞിട്ടുണ്ട്. നമ്മുടെ നാട്ടിലും ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമായി ഊർജ്ജം മാറിക്കഴിഞ്ഞു.

വൈദ്യുതി പ്രശ്നം പരിഹരിച്ചാലെ കേരളത്തിലെ സമഗ്രമായ വികസനം സാധ്യമാകൂ. ജനകീയ ആസൂത്രണ പരിപാടിയുമായി ബന്ധപ്പെടുത്തി നമ്മുടെ പഞ്ചായത്തിലെ ഊർജ്ജ രംഗത്തെ പ്രശ്നങ്ങൾ മാത്രമേ നമുക്ക് ചർച്ചചെയ്യേണ്ടതുള്ളൂ.

മതിലകത്താദ്യമായി വൈദ്യുതി എത്തിയത് 1950—ലാണ്. ചാലക്കുടിയിൽ നിന്ന് പടിയൂരിലേക്ക് വന്നിരുന്ന 11 K. V. ലൈനിൽ നിന്നാണ് മതിലകം കിഴക്കൻ ഭാഗങ്ങളിലേക്ക് വൈദ്യുതിയെത്തിയത്. 1972–ൽ REC സ്കീം പ്രകാരമാണ് കൂളിമുട്ടത്ത് വൈദ്യുതി എത്തിയത്. ഇപ്പോൾ കൊടുങ്ങല്ലൂർസബ്ബ് സ്റ്റേഷൻ മുഖേനയാണ് നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. 1,2,3,4,5,6,7 എന്നീ വാർഡുകളിലേക്ക് കൊടുങ്ങല്ലൂർ–മതിലകം ഫീഡർ വഴിയും 8,9,10,11 വാർഡുകളിലേക്ക് അഴീക്കോട് ഫീഡർ വഴിയുമാണ് വൈദ്യുതി വിതിരണം നടക്കുന്നത്. ഇതിന്റെ ചുമതല മതിലകം ഇലക്ട്രിക്കൽ മേജർ സെക്ഷനും പെരിഞ്ഞനം സെക്ഷനുമാണ്. 3905 വീടുകൾ നമ്മുടെ പഞ്ചായത്തിൽ ഇതിനകം വൈദ്യുതീകരിച്ചു കഴിഞ്ഞു. 444 വ്യാപാര സ്ഥാപനങ്ങളും 65 വ്യാവസായിക കണക്ഷനുകളും നൽകിയിട്ടുണ്ട്.

1700 മോട്ടോർകണക്ഷനുകൾ നൽകിയിട്ടുണ്ട്. ഏകദേശം 30%ത്തോളം വീടുകൾ വൈദ്യുതീകരിക്കാത്തതുണ്ട്. 265 അപേക്ഷകർക്ക് ഇനിയും കണക്ഷൻ ലഭിക്കേണ്ടതുണ്ട്. പാമ്പിൻതുരുത്തിൽ പൂർണ്ണമായും, കനോലികനാലിന്റെ തീരഭാഗങ്ങൾ, കടലോരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഭാഗീകമായും വൈദ്യുതി ലഭിച്ചിട്ടില്ല.

14 കോളനികളുള്ളതിൽ രണ്ടെണ്ണം പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടുണ്ട്. 9 കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല. 178സാധാരണ ബൾബുകളും 26 ട്യൂബ്ലൈററുകളും റോഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് 2596 രൂപ പ്രതിമാസം പഞ്ചായത്ത് നല്കുന്നു.

## വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ

1 വോൾട്ടേജ് ക്ഷാമവും പവർക്കട്ടും ലോഡ് ഷെഡ്ഡിംഗും ജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

2 അപ്രഖ്യാപിത പവർക്കട്ട് ഇടക്കിടെ ഉണ്ടാവുന്നു.

3 വേണ്ടത്ര ട്രാൻസ്ഫോർമറുകളുടെ കുറവ്

4 ലൈൻ വലിച്ചതിലുള്ള അപാകതകൾ. ലൈനിന്റെ ശേഷിക്കുറവ്, കൺസെൻറ് ഒബ്ജക്ഷൻ

5 ഉദ്യോഗസ്ഥരുടെ അഴിമതി

6 കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

7 അശാസ്ത്രീയമായ സ്ലാബ് സമ്പ്രദായം

8 കൂളിമുട്ടം ഭാഗത്തുള്ളവർക്ക് കറൻറ് ചാർജ്ജടക്കുന്നതിനുള്ള ബുദ്ധിമുട്ട്

9 സ്ട്രീററ് ലൈററുകളുടെ കുറവ്, യഥാസമയം പ്രവർത്തിയ്ക്കായ്ക

10 വൈദ്യുതി ഇടക്കിടെ അപ്രതീക്ഷിതമായി നിലക്കുന്നതിനാൽ കാർഷിക രംഗത്തും വ്യാവസായിക തൊഴിൽ രംഗത്തും പ്രശ്നങ്ങൾ ഉണ്ടാവുന്നു

## പരിഹാര നിർദ്ദേശങ്ങൾ

1 നിർദ്ദിഷ്ട കൊടുങ്ങല്ലൂർ ഡീസൽ പവർസ്റ്റേഷൻ ഉടൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

2 വിതരണ ശൃംഖല ശാസ്ത്രീയമാക്കുക. ബ്ലൂസ്റ്റാർ പവർസ്റ്റേഷനുകൾ സ്ഥാപിക്കുക.

3 കാലഹരണപ്പെട്ടതും പഴകിയതുമായ വൈദ്യുത പോസ്റ്റുകളും ലൈനുകളും മാററി പുതിയവ സ്ഥാപിക്കുക.

4 ഇപ്പോൾ വളരെ ദൂരെ നിന്നും 11 KV ലൈനുകളിലൂടെയാണ് കറൻറ് ഇവിടെ എത്തുന്നത്. തന്മൂലമുണ്ടാകുന്ന പ്രസരണ നഷ്ടം ഒഴിവാക്കാൻ പഞ്ചായത്തിൽ ഉചിതമായ സ്ഥലത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണം.

5 വോൾട്ടേജ് ക്ഷാമം രൂക്ഷമായ പഴന്തറ കോളനി പ്രദേശം, പുന്നക്കബസാർ, മതിൽ മൂല, പൊന്നാംപടി കോളനി, പുതിയകാവ് അമ്പലം പുളിഞ്ചോട്, പൊക്ലായ് പടിഞ്ഞാറ്, ഊമന്തറ തുടങ്ങിയ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

6 ജനകീയ സഹകരണത്തോടെ ലൈൻ ടച്ചിംഗ് നീക്കം ചെയ്യണം.

7 മോട്ടോറുകളിൽ Power factor improvement capaciter കൾ നിർബന്ധമായും വയ്പിക്കുക. അതിനെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

8 ഇലക്ട്രോണിക് ചോക്കുകൾ ഉപയോഗിച്ചുള്ള ട്യൂബ്ലൈറ്റുകളും C. F. ലാമ്പുകളും ANERT ന്റെ സഹായത്തോടെ പ്രചരിപ്പിക്കുക.

9 മിനിമം ഗ്യാരണ്ടിയിലോ റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീമിലോ ഉൾപ്പെടുത്തി വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക.

10 എല്ലാ കോളനികളും വൈദ്യുതീകരിക്കുക.

11 OYEC സമ്പ്രദായം മൂലം സാധാരണക്കാരന് വൈദ്യുതി ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ ഈ പദ്ധതി നിർത്തലാക്കുക.

12 കൺസെൻറ് ഒബ്ജക്ഷൻ, കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവ പരിഹരിക്കാൻ ജനകീയ സമിതികൾ രൂപീകരിക്കുക.

13 കൂളിമുട്ടത്ത് കറൻറ് ചാർജ്ജ് അടക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

14 പരാതി പുസ്തകം കൂടുതൽകേന്ദ്രങ്ങളിൽ വക്കുക.

15 ലൈൻ സ്റ്റാഫിന്റെ അഴിമതി അവസാനിപ്പിക്കാൻ ജനങ്ങൾ തയ്യാറാവുക.

16 സ്ലാബ് സമ്പ്രദായം നിർത്തലാക്കുക.

17 സ്ട്രീറ്റ് ലൈറ്റുകളിൽ C. F. L. സ്ഥാപിക്കുക.

18 വ്യക്തമായ മുൻ ധാരണയോടെ മാത്രമേ പുതിയ ലൈനുകൾ വലിക്കാവൂ.

**പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻഫോർമറുകളുടെ സ്ഥിതി വിവര പട്ടിക താഴെ ചേർക്കുന്നു.**

| Sl. No. | സ്ഥിതി ചെയ്യുന്ന സ്ഥലം | Capicity |
|---|---|---|
| 1 | പഞ്ചവടി ഹോട്ടൽ പരിസരം | 50 K.V.A. |
| 2 | മതിലകം ഓഫീസ് പരിസരം | 160 K.V.A. |
| 3 | പോലീസ്സ്റ്റേഷൻ പരിസരം | 160 K.V.A. |
| 4 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേററ് | 100 K.V.A. |
| 5 | ഫെറിറോഡ് ജംഗ്ഷൻ | 160 K.V.A. |
| 6 | മതിലകം വെസ്റ്റ് | 160 K.V.A. |
| 7 | ഓണച്ചമാവ് | 160 K.V.A. |
| 8 | കളരിപറമ്പ് ഈസ്റ്റ് | 160 K.V.A. |
| 9 | കളരിപറമ്പ് വെസ്റ്റ് | 63 K.V.A. |
| 10 | കഴവിലങ്ങ് | 160 K.V.A |
| 11 | എമ്മാട് ടെമ്പിൾ പരിസരം | 160 K.V.A. |
| 12 | എമ്മാട് ഈസ്റ്റ് | 160 K.V.A. |
| 13 | എമ്മാട് വെസ്റ്റ് | 250 K.V.A. |
| 14 | പൊക്ലായ് | 160 K.V.A. |
| 15 | കൂളിമുട്ടം പ്രാണിയാട് | 100 K.V.A. |
| 16 | കൂളിമുട്ടം ആൽപരിസരം | 160 K.V.A. |
| 17 | കൂളിമുട്ടം ത്രിവേണി | 100 K.V.A. |
| 18 | ന്നെടുംപറമ്പ് | 100 K.V.A. |
| 19 | പൊക്ലായ് സൗത്ത് | 100 K.V.A. |
| 20 | കഴവിലങ്ങ് സൗത്ത് | 160 K.V.A. |
| 21 | മതിലകം ചർച്ച് | 250 K.V.A. |
| 22 | പുതിയകാവ് | 100 K.V.A. |
| 23 | മതിലകം മിൽ | 160 K.V.A. |
| 24 | പഴന്തറ | 100 K.V.A. |
| 25 | കാതിക്കോട് | 150 K.V.A. |

## വിറക്

നമ്മുടെ പഞ്ചായത്തിൽ ഏററവുമധികം ഉപയോഗിക്കുന്ന ഇന്ധനമാണ് വിറക്. ഭക്ഷണം പാകം ചെയ്യുന്നതിന് ഭൂരിഭാഗം വീടുകളും വിറകടുപ്പുകളാണ് ഉപയോഗിക്കുന്നത്. തെങ്ങിൽനിന്ന് കിട്ടുന്ന വിറകുകളാണ് അധികവും ഉപയോഗിക്കുന്നത്. വീടുകൾ അനുദിനം വർദ്ധിച്ചു വരുന്നതിനാൽ വിറകിന്റെ ആവശ്യവും വർദ്ധിച്ചു വരുന്നു. എന്നാൽ തെങ്ങുകൾ രോഗബാധയാൽ നശിക്കുന്നതിനാലും മററും വിറകിന്റെ ക്ഷാമം നേരിടുന്നു. കോളനി പോലെയുള്ള പ്രദേശങ്ങളിൽ വിറകിന്റെ ക്ഷാമം രൂക്ഷമാണ്. കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണിത് വിരൽ ചൂണ്ടുന്നത്.

ശാസ്ത്ര സാഹിത്യപരിഷത്തിന്റെ പരിഷത്തടുപ്പുകളും ANERT ന്റെ അടുപ്പുകളും പ്രചരിപ്പിക്കണം. സൗരോർജ്ജ അടുപ്പുകളും സ്ഥാപിക്കണം. ഇതിനായി വാർഡുതല സമിതികൾ രൂപീകരിക്കണം. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാൻ കഴിയുന്നിടത്തെല്ലാം അവ സ്ഥാപിക്കണം. പ്രഷർ കുക്കർ ഉപയോഗിച്ചാൽ വിറകിന്റെ ഉപയോഗം വളരെ കുറക്കാമെന്നതിനാൽ ഇതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തണം.

## മണ്ണെണ്ണ, ഗ്യാസ്

പഞ്ചായത്തിൽ മണ്ണെണ്ണ ഉപയോഗിച്ച് 2162 വീട്ടുകാർ വിളക്ക് കത്തിക്കുന്നു. പ്രതിമാസം 16738 ലിററർ മണ്ണെണ്ണ വാങ്ങുന്നു. വൈദ്യുതി ഉള്ള വീട്ടുകാർക്കും മണ്ണെണ്ണ വിളക്കുകളെ ആശ്രയിക്കേണ്ട അവസ്ഥയുണ്ട്.

238 വീടുകളിൽ പാചകത്തിനായി മണ്ണെണ്ണ പെർമിററ് ഉള്ളവരാണ്. ഇവർ പ്രതിമാസം 2500 ലിററർ മണ്ണെണ്ണ വാങ്ങുന്നു.

ഇവരിൽ പലർക്കും ഇങ്ങനെ ലഭിക്കുന്ന മണ്ണെണ്ണ തികയാറില്ല. അതിനാൽ കരിഞ്ചന്തയിൽ നിന്നും മണ്ണെണ്ണ വാങ്ങേണ്ടി വരുന്നു. ഗ്യാസ് കണക്ഷനുകളുള്ള വീടുകളും ഉണ്ട്. മത്സ്യബന്ധനത്തിനായും വാഹനങ്ങളിൽ നിറക്കുന്നതിനായും ധാരാളം മണ്ണെണ്ണ, പെട്രോൾ, ഡീസൽ എന്നിവ വേണ്ടി വരുന്നുണ്ട്.

പൊതുവിതരണ ശൃംഖല വഴി കൂടുതൽ മണ്ണെണ്ണ വിതരണം ചെയ്യണം.

ഗ്യാസ് അടുപ്പുകൾ വ്യാപകമാക്കണം.

## മാർക്കററ്

മതിലകത്തിന്റെ ചരിത്രം പറയുമ്പോൾ മതിലകം ചന്തയെക്കുറിച്ച് പറയാത്തവരില്ല. പണ്ടു കാലത്ത് നമ്മുടെ പ്രദേശത്ത് ഉല്പാദിപ്പിച്ചിരുന്ന ഉൽപ്പന്നങ്ങൾ മതിലകത്ത് തിങ്കളാഴ്ച ദിവസം കൊണ്ടുവന്ന് വിൽക്കുമായിരുന്നു. ഓരോ വ്യക്തിക്കും ആവശ്യമായ സാധനങ്ങൾ ഇവിടെ ലഭ്യമായിരുന്നു. ചന്ത ദിവസങ്ങളിൽ പായ, കയർ, പുളി, ചക്കര, വെററില, ചുണ്ണാമ്പ് തുടങ്ങിയ സാധനങ്ങൾ ഇവിടെ വിററിരുന്നു. എന്നാൽ സാമൂഹ്യദ്രോഹികളുടെ വിളയാട്ടം മൂലം ഈ ചന്ത ക്രമേണ ഇല്ലാതാവുകയാണ് ചെയ്തത്. തുടർന്നാണ് ഇരിങ്ങാലക്കുട, കോട്ടപ്പുറം ചന്തകൾ സജീവമായത്.

പഞ്ചായത്തിൽ ഒരു പൊതു മാർക്കററ് ഇല്ലാത്തതിനാൽ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഏറെയാണ്. മുൻകാലത്ത് ഇടനിലക്കാരില്ലാതെ തന്നെ കർഷകർ സാധനങ്ങൾ വിററഴിച്ചിരുന്നു. ഇന്ന് ചന്തയില്ലാത്തതിനാൽ ആളുകൾ ഏറെ ചൂഷണത്തിന് വിധേയരാകുന്നു.

IRDP മുഖേനെയും സ്വയം തൊഴിൽ സംരംഭങ്ങൾ മുഖേനെയും ഉണ്ടാക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി ഇല്ലാത്തതിനാൽ ഏറെ പ്രശ്നങ്ങളുണ്ട്.

## സാധ്യതകൾ

മതിലകത്തെ ചന്ത പുനഃസ്ഥാപിക്കണമെന്ന് എല്ലാ ഗ്രാമസഭകളിൽ നിന്നും ആവശ്യമുയർന്ന് വന്നിട്ടുണ്ട്. സഹകരണ മേഖലയിൽ മാർക്കററ് തുടങ്ങുന്നതിനെക്കുറിച്ചും ആലോചിക്കണം.

മിനി ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുടെ മുൻവശത്തും പോളക്കുളം ഗ്രൗണ്ടിലും മററ് സ്ഥലങ്ങളിലും ആയി മാർക്കററുകൾ സ്ഥാപിക്കുവാൻ ശ്രമിക്കണം. 11-ാം വാർഡിൽ മാർക്കററിന് ഒരു വ്യക്തി 5 സെൻറ് സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്.

# വിഭവ സമാഹരണം

ഒരു ഗ്രാമപഞ്ചായത്തിൻെറ പൊതുവായ വളർച്ചയെ വിലയിരുത്തുന്നത് അവിടത്തെ കാർഷിക വ്യവസായിക മേഖലയിലെ പുരോഗതിയെ ആസ്പദമാക്കിയാണ്. നമ്മുടെ പഞ്ചായത്തിൽ ഈ മേഖലകളിൽ വലിയ മുരടിപ്പാണ് കാണുന്നത്. ഇവിടെ വൻകിട വ്യവസായ സ്ഥാപനങ്ങളോ, വിസ്തൃതമായ കൃഷിയിടങ്ങളോ ഇല്ല. ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ വിരലിലെണ്ണാവുന്നതേയുള്ളു. കൃഷിയിടങ്ങളിൽ അധികവും ഒരു ഹെക്ടറിൽ താഴെയാണ്. തെങ്ങാണ് പ്രധാന കൃഷി. ഏതാണ്ട് 10%ൽ ഏറെ തെങ്ങുകൾ കാററുവീഴ്ചയാലും മററു രോഗങ്ങളാലും നാശത്തിൻെറ വക്കിലെത്തിയിരിക്കുന്നു. രാസവള പ്രയോഗം മൂലമുള്ള ദോഷഫലങ്ങൾ ഒഴിവാക്കാൻ ജൈവവള പ്രയോഗത്തിന് പ്രാധാന്യം നൽകണം. ഇതിനുള്ള മനോഭാവം കർഷകരിൽ വളർത്തിയെടുക്കണം. ഇപ്രകാരം ഉല്പാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് വിഭവസമാഹരണം ഊർജ്ജിതപ്പെടുത്താം.

വ്യവസായ രംഗത്ത് മുതൽ മുടക്കാൻ ശേഷിയുള്ളവർ ഉണ്ടെങ്കിലും അവർക്കാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനുള്ള സംവിധാനം നിലവിലില്ല. വ്യവസായങ്ങൾക്കാവശ്യമായ വിദ്യുച്ഛക്തി ലഭ്യമാക്കാൻ നിലവിലുള്ള സാദ്ധ്യതയും കുറവാണ്. ഇവിടെയുള്ള ഷെഡ്യൂംഡ് ബാങ്കുകളും, നാഷ്ണലൈസൻഡ് ബാങ്കുകളും, സഹകരണ ബാങ്കുകളും പുതിയ വ്യവസായ സംരംഭങ്ങൾക്കായി ലളിതമായ വ്യവസ്ഥയിൽ സാമ്പത്തിക സഹായം നൽകുകയാണെങ്കിൽ ഈ രംഗത്ത് പുരോഗതി കൈവരിക്കാനും തൊഴിലില്ലായ്മ പരിഹരിക്കാനും കഴിയും. ഇതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു വ്യവസായ "ഉപദേശക സമിതി" രൂപീകരിക്കേണ്ടതാണ്.

കാർഷിക-വ്യവസായ മേഖലകളിൽ ഫലപ്രദമായി ഇടപെടാനുള്ള അധികാരം പഞ്ചായത്തിന് നൽകുകയാണെങ്കിൽ ഗണ്യമായ ഗുണഫലങ്ങൾ നേടാനാകും.

പഞ്ചായത്തിൻെറ തനത് വരുമാനം

| SL. | ഇനം | 1987–88 | 89–90 | വർദ്ധനവ്% | 91–92 | വർദ്ധനവ്% | 93–94 | % | 95–96 | % |
|---|---|---|---|---|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 98629 | 136998 | 39% | 160482 | 17% | 242544 | 51% | 274945 | 13% |
| 2 | വിനോദ നികുതി | 45900 | 56055 | 20% | 76487 | 36% | 101216 | 32% | 128604 | 27% |
| 3 | അഡി. വിനോദനികുതി | 30950 | 37948 | — | 46897 | — | 60303 | — | 77195 | — |
| 4 | തൊഴിൽ നികുതി | 48010 | 60020 | 25% | 77762 | 29% | 104481 | 34% | 153746 | 47% |

പട്ടിക 1

കെട്ടിട നികുതിയുടെ റിവിഷൻ കാലഘട്ടത്തിലൊഴികെ (1988, 93) നികുതി നിരക്കിൻെറ വർദ്ധനവ് 18%ൽ താഴെയാണ്. കെട്ടിടങ്ങളുടെ വാർഷിക വാടകയെ അടിസ്ഥാനമാക്കി 10% മെയിൻറിനൻസ് ചാർജ് കഴിച്ചുള്ള തുകയുടെ 6% മാണ് ഇപ്പോൾ നികുതി ചുമത്തുന്നത്. ഇത് 10% വരെ വർദ്ധിപ്പിക്കാൻ പഞ്ചായത്തിന് അധികാരമുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഇത് 8% മാക്കി ഉയർത്താവുന്നതാണ്. അസ്സസ്സ്മെൻറ് കാലഘട്ടത്തിൽ ഓരോ കെട്ടിടവും നേരിട്ട് പരിശോധിച്ച് വിസ്തീർണ്ണത്തിൻേറയും, ഉപയുക്തതയുടേയും അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയം നടത്തി നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്. അഴിമതി തടയാൻ ഒരു അസ്സസ്സ്മെൻറ് കമ്മിററി രൂപീകരിക്കുന്നത് ഉചിതമായിരിക്കും. ഓരോ വാർഡിലും നികുതി പിരിക്കുന്ന സ്ഥലവും സമയവും മുൻകൂട്ടി അറിയിച്ച് പിരിവ് നടത്തിയാൽ കുടിശ്ശിക തടയാനാകും. വാർഡുതലത്തിൽ നിശ്ചിത സംഖ്യക്ക് മുകളിൽ നികുതി നൽകുന്നവരുടെ പേരുവിവരം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച നടത്തിയാൽ കൃത്രിമവും അഴിമതിയും ജനകീയ സഹകരണത്തോടെ തുടച്ചുനീക്കാനും അധിക വിഭവ സമാഹരണം നടത്താനും കഴിയും.

വിനോദ നികുതി നിരക്ക് 1989 നു ശേഷം കുറഞ്ഞുവരുന്നു. ടിക്കററ്നിരക്കിൻെറ വർദ്ധനക്കനുസരിച്ച് നികുതി നിരക്കിൽ വർദ്ധനവില്ല. ഇത് ഗൗരവപൂർവ്വം വീക്ഷിക്കണം. പഞ്ചായത്തിൻെറ പരിശോധന കർശനമാക്കണം. ഇതിന് ജനകീയ സമിതി രൂപീകരിക്കണം. ഈ ഇനത്തിൽ ചോർച്ച തടയാൻ ജില്ലാ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ സ്പെഷ്യൽ ടീമിനെ നിയോഗിച്ച് പരിശോധന കാര്യക്ഷമമാക്കിയാൽ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അതിൻെറ പ്രയോജനം ലഭിക്കും.

# നികുതിയേതര വരുമാനം

| Sl. No | ഇനം | 1987–88 | 1989–90 | 1991–92 | 1993–94 | 1995–96 |
|---|---|---|---|---|---|---|
| 1 | ലൈസൻസ് ഫീസ് | 3218 | 4341 | 5114 | 5228 | 12962 |
| 2 | ചന്ത വരവ് | 225 | 300 | 330 | 550 | 605 |
| 3 | കടത്തു കൂലി | 15200 | 19015 | 28215 | 40558 | 36400 |
| 4 | വാടക | 10900 | 14075 | 16344 | 21012 | 23772 |

പട്ടിക 2

പഞ്ചായത്തിൻെറ നികുതിയേതര വരുമാനം വളരെ പരിമിതമാണ്. പഞ്ചായത്തിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങൾക്കും ഇന്നു ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. മാസംതോറും വാർഡുതല പരിശോധന നടത്തി ഉൾപ്പെടാത്ത സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരണം. പൗരാണികമായി പ്രശസ്തമായിരുന്ന 'മതിലകം ചന്ത' നാമാവശേഷമായിരിക്കുന്നു. പഞ്ചായത്ത് ഗ്രൗണ്ട് പരിസരത്തും, മിനി ഇൻഡസ്ട്രീസ് എസ്റ്റേററിനകത്തും മതിലകം സെൻററിലുള്ള ടാക്സി സ്റ്റാൻറ് മറെറാരിടത്തേക്കുമാററി യഥാസ്ഥാനത്ത് കച്ചവടത്തിനുള്ള ഷെഡ്ഡുകൾ പണിത് 'മിനിചന്ത' (മിനി മാർക്കററ്) ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. മർച്ചൻറ്സ് അസോസിയേഷൻ പോലുള്ള സംഘടനകളുടേയും, ഉദാരമതികളായ വ്യക്തികളുടേയും സഹകരണത്തോടെ ഇതിനാവശ്യമായ ഫണ്ട് കണ്ടെത്തണം.

പഞ്ചായത്തിനു കൈമാറിയിട്ടുള്ള ഗവൺമെൻറിൻെറ വിവിധ വകുപ്പുകളുടെ ആസ്തികൾ ഇവിടെയുണ്ട്. മൃഗാശുപത്രി, ഹെൽത്ത് സബ്ബ് സെൻറർ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, സബ്ബ് രജിസ്ട്രാർ ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവ നിലനില്ക്കുന്ന സ്ഥലങ്ങളിൽ ഓഫീസ് കെട്ടിടം കഴിച്ചുള്ള ഭാഗത്ത് ഷോപ്പിംഗ് കോംപ്ലക്സുകൾ പണിതാൽ വാടക ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാം. ഇതിനുള്ള ഫണ്ട് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പയായി കണ്ടെത്താം.

# സർക്കാർ ഗ്രാൻറുകൾ

| ഇനം | 91–92 | 92–93 | 93–94 | 94–95 | 95–96 | വ്യത്യാസം % 91–95 |
|---|---|---|---|---|---|---|
| 1. അൺടൈഡ് (ഉപാധിരഹിതഫണ്ട്) | 236000 | 184500 | — | 263000 | 274700 | +16.39% |
| 2. JRY ഉൾപ്പെടെയുള്ള ഗ്രാൻറുകൾ | 39817 | 39144 | 312639 | 34600 | 429875 | +979.62% |
| 3. വസ്തു കൈമാററനികുതി | 53797 | 53420 | 1046 | 114981 | 17232 | -67.96% |

പട്ടിക 3

സർക്കാർ ഗ്രാൻറുകളിൽ അൺടൈഡ് ഫണ്ട് വർഷംതോറും നേരിയ തോതിൽ വർദ്ധിക്കുന്നുണ്ട്. പഞ്ചായത്തിൻെറ പൊതു ധനസ്ഥിതി കണക്കിലെടുക്കുമ്പോൾ ഈ വർദ്ധനവ് തീരെ അപര്യാപ്തമാണ്. JRY പോലുള്ള പൊതുഫണ്ടിലും സ്പെഷ്യൽ ഫണ്ടിലും വർഷംതോറും ക്രമാതീതമായ ഏററക്കുറച്ചിലുകളാണ് കാണുന്നത്. ഇത് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനു സാഹചര്യമൊരുക്കണം. വസ്തുകൈമാററ നികുതി, മോട്ടോർ വെഹിക്കിൾ കോമ്പൻസേഷൻ തുടങ്ങിയ ഗ്രാൻറുകൾ യഥാസമയം ലഭിക്കുന്നില്ല. ഗ്രാൻറുകൾ നൽകുന്ന കാര്യത്തിൽ യാതൊരു വിവേചനവും കാലതാമസവുമില്ലാതെ പിരിക്കുന്ന മേഖലയിൽവെച്ചുതന്നെ പഞ്ചായത്തിന് കൈമാറാൻ നിയമ നിർമ്മാണം നടത്തണം. കാലതാമസം വരുത്തുന്നത് ഈ ഫണ്ടുകളുടെ ദുരുപയോഗത്തിന് കാരണമാകുന്നു.

# പുതിയ നികുതി നിർദ്ദേശങ്ങൾ

1. 5ലക്ഷം രൂപക്ക് മേൽ ചെലവുവരുന്ന വീടുകൾക്ക് കെട്ടിട നികുതിക്കുപുറമേ മൊത്തം

ചെലവിന്റെ 5% അഡീഷണൽ നികുതി ചുമത്തുന്നതിന് വ്യവസ്ഥ വേണം.

2. പഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾ പണിയുന്നത് അംഗീകൃതപ്ലാൻ പ്രകാരം ആയിരിക്കണം. ഇതിന് സ്ലാബ് അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കണം.

3. തൊഴിൽ നികുതിയുടെ പരിധി വിപുലമാക്കണം. സർക്കാർ – അർദ്ധസർക്കാർ ജീവനക്കാർക്ക പുറമെ മുഴുവൻ തൊഴിൽ സ്ഥാപനങ്ങളിൽനിന്നും തൊഴിലെടുക്കുന്നവരിൽനിന്നും തൊഴിൽനികുതി പിരിക്കണം.

4. ഭൂനികുതി പഞ്ചായത്തിന് കൈമാറണം.

5. സൈക്കിൾ, കാളവണ്ടി തുടങ്ങിയവക്ക് വാഹന നികുതി ഈടാക്കണം.

6. തെരുവ് വിളക്ക് കത്തിക്കുന്നതിനും പൈപ്പ് വെള്ളം നൽകുന്നതിനും സർവ്വീസ് നികുതി വാങ്ങണം.

7. മതിലകം മൃഗാശുപത്രിയുടെ പിൻഭാഗത്ത് ശാസ്ത്രീയമായ അറവുശാല സ്ഥാപിച്ച് കശാപ്പുകാരിൽനിന്ന് നിശ്ചിത സംഖ്യ ഓരോ മാടിനും കണക്കാക്കി കശാപ്പ് നികുതി ഈടാക്കാം.

8. സിനിമാ പോസ്റ്റർ, പരസ്യ ബോർഡുകൾ, ചുമർ പരസ്യങ്ങൾ, പരസ്യ ബാനർ തുടങ്ങിയ എല്ലാ പരസ്യങ്ങൾക്കും പരസ്യ നികുതി ചുമത്തണം.

9. ദേശീയ സമ്പാദ്യ പദ്ധതിയിൽ ഈ പഞ്ചായത്തിൽനിന്നും നിക്ഷേപിക്കപ്പെടുന്ന തുകയുടെ 25% തുക ഇവിടത്തെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ പഞ്ചായത്തിന് ലഭിക്കണം.

10. കേബിൾ ടി. വി. ഓപ്പറേറ്റർമാരിൽനിന്ന് നിശ്ചിത സംഖ്യ വിനോദനികുതിയായി ഈടാക്കണം.

11. പഞ്ചായത്ത് വാടകക്ക് കൊടുത്തിരിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റേയും മററു കെട്ടിടങ്ങളുടേയും വാടക കാലോചിതമായി പുനർനിർണ്ണയിക്കുക.

12. ഓഡിറേറാറിയങ്ങളിൽ വിവാഹങ്ങൾക്കും മററു പരിപാടികൾക്കും ഉടമകളിൽ നിന്ന് നിശ്ചിത സംഖ്യ നികുതിയായി ഈടാക്കുക.

13. കച്ചവട സ്ഥാപനങ്ങളുടെ എനൗൺസ്മെൻറിന് നികുതി ഏർപ്പെടുത്തണം.

14 കടത്തുകൂലി കാലോചിതമായി വർദ്ധിപ്പിക്കുക.

# ചെലവ് സംബന്ധിച്ചുള്ള വിശദാംശങ്ങൾ

| SL. No | ഇനം | 87–88 | 95–96 | വ്യത്യാസം | % | മൊത്തം വരുമാനം ത്തിന്റെ ശതമാനം |
|---|---|---|---|---|---|---|
| 1 | ഭരണം | 235774 | 607312 | + 371538 | 157 | 52% |
| 2 | പൊതുമരാമത്ത് | 145170 | 400878 | + 255708 | 176 | 34% |
| 3 | തെരുവുവിളക്ക് കത്തിക്കുന്നത് | 24792 | 32788 | +7996 | 32 | 3% |
| 4 | പൊതുജനാരോഗ്യം, സാമൂഹ്യ ക്ഷേമം | 13898 | 53851 | +39953 | 287 | 5% |
| 5 | മററുള്ളവ | 88953 | 78545 | –10408 | –12 | 6% |
| | ആകെ | 508587 | 1173374 | +664787 | 131 | — |
| | മൊത്തം വരുമാനം | 316701 | 1167694 | +850993 | 268 | — |

പട്ടിക 4

തനത് വർഷങ്ങളിലെ വരുമാനത്തിന്റേയും ചെലവിന്റേയും കണക്ക് പരിശോധിക്കുമ്പോൾ വരുമാനത്തേക്കാൾ വളരെ അധികമാണ് ചെലവ്. 87–88ൽ 191886കയും 95–96ൽ 5680കയും കൂടുതലാണ്. വരുമാനത്തിന്റെ സിംഹഭാഗവും (52%) ഭരണ ചെലവിനത്തിൽ ചെലവഴിക്കപ്പെടുന്നു. പൊതുജനാരോഗ്യത്തിനും സാമൂഹ്യക്ഷേമത്തിനുമുള്ള ചെലവ് കേവലം 5%

മാത്രമാണ്. പൊതുമരാമത്ത് ചെലവും നാമമാത്രമാണ്. ഭരണച്ചെലവ് ക്രമാതീതമായി വർദ്ധിക്കുമ്പോൾ മററു ചെലവുകളിൽ നേരിയ വർദ്ധനമാത്രമാണ്. ഇന്നത്തെ സാഹചര്യത്തിൽ ഭരണച്ചെലവ് കുറക്കുന്നതിന് യാതൊരു സാദ്ധ്യതയുമില്ല. വരുമാനം ഇരട്ടിയാക്കി സാമ്പത്തിക അച്ചടക്കത്തിലൂടെ ചെലവ് ഇന്നത്തെ നിലയിൽ നിജപ്പെടുത്തിയാൽ വരുമാനത്തിൻെറ 50% വികസന പദ്ധതികൾക്ക് നീക്കിവെക്കാം.

പൊതുമരാമത്ത് ചെലവിൽ പ്രധാനം വാർഡുകളിൽ റോഡുകളുടെ അററകുററപ്പണികൾക്കായി പരമാവധി അനുവദിക്കാറുള്ള 5000കയുടെ ഫണ്ടാണ്. പണികളുടെ എസ്ററിമേററ് തുകയുടെ ഒരു ചെറിയ ശതമാനം മാത്രമായിരിക്കും പലപ്പോഴും ഈ ഫണ്ട്. ഇതുമൂലം ജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കാറില്ല. ആയതിനാൽ പൊതുമരാമത്ത് പണികൾക്കുള്ള ചെലവിൻെറ പരിധി ചുരുങ്ങിയത് ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയും ഫണ്ടുകൾ വാർഡ് തലത്തിൽ വിഭജിക്കാതെ മുൻഗണനാക്രമം നിശ്ചയിച്ച് ചെലവഴിക്കാൻ സംവിധാനമുണ്ടാക്കണം.

കോൺട്രാക്ററ് വ്യവസ്ഥയിലുള്ള പൊതുമരാമത്ത് പണികൾ നേരിട്ടോ ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ജനകീയ കമ്മിററി മുഖേനയോ നിർവ്വഹിക്കുവാൻ കഴിഞ്ഞാൽ പൊതുമരാമത്ത് ചെലവിനത്തിൽ നിയന്ത്രണവും ഇരട്ടി പ്രയോജനവും ലഭിക്കും. നിശ്ചിത സംഖ്യക്ക് മുകളിലുള്ള മരാമത്ത് പണികൾക്ക് ഗുണഭോക്താക്കളുടെ നിശ്ചിത ശതമാനം വിഹിതം ഉറപ്പു വരുത്താൻ പഞ്ചായത്ത് പരമാവധി 75% ഫണ്ട്മാത്രം ചെലവഴിക്കപ്പെടുന്ന സംവിധാനം വേണം.

## പഞ്ചായത്ത്‌രാജ് നിയമപ്രകാരം മററു വകുപ്പുകളിൽ നിന്ന് അനുവദിച്ച തുക

| SL No | വകുപ്പ് | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|---|
| 1 | മൃഗസംരക്ഷണം | 1400 | — | 1400 |
| 2 | ആരോഗ്യം | 6641 | 132614 | 139255 |
| 3 | കൃഷി, ക്ഷീരവികസനം | 18305 | 78650 | 96955 |
| 4 | P. W. D. | 14500 | 16000 | 30500 |
| 5 | ഹരിജനക്ഷേമം | 20070 | 500 | 20570 |
| 6 | മററുള്ളവ (റവന്യൂപെൻഷനുകൾ) | — | 69200 | 69200 |
| | ആകെ | 60916 | 296964 | 357880 |

## പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളുടെ ധനസ്ഥിതി (ലക്ഷം കണക്കിൽ)

| SL. No. | സ്ഥാപനത്തിൻെറ പേര് | നിക്ഷേപം | പുറമേനിന്ന് സ്വീകരിച്ച വായ്പകൾ | വായ്പ | % | പ്രാഥമിക മേഖലയിലെ വായ്പ | % | വായ്പാ കടിശ്ശിക | % |
|---|---|---|---|---|---|---|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ | 1040 | — | 210 | 20 | 86 | 41 | 77 | 91 |
| 2 | സൗത്ത് ഇന്ത്യൻ ബാങ്ക് | 465 | — | 102 | 22 | 44 | 43 | 40 | 93 |
| 3 | നാട്ടിക ഫർക്ക റൂറൽ ബാങ്ക് | 120 | — | 108 | 90 | 98 | 91 | 5 | 5 |
| 4 | പാപ്പിനിവട്ടംസർവ്വീസ്ബാങ്ക് | 228 | 30 | 248 | 96 | 228 | 88 | 62 | 27 |
| 5 | പുവ്വത്തുംകടവ് കർഷക ബാങ്ക് | 448 | 19 | 458 | 98 | 444 | 95 | 78 | 18 |
| | ആകെ | 2301 | 49 | 1126 | 49 | 900 | 80 | 262 | 29 |

2 വാണിജ്യ ബാങ്കുകൾ, 3 സഹകരണ ബാങ്കുകൾ തുടങ്ങി ധനകാര്യ സ്ഥാപനങ്ങളുടേയും സാന്നിദ്ധ്യംകൊണ്ട് സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത്. ബാങ്കുകളുടെ പൊതു ധനസ്ഥിതി പരിശോധിക്കുമ്പോൾ സഹകരണ ബാങ്കുകളെ അപേക്ഷിച്ച് വാണിജ്യ ബാങ്കുകളുടെ നിക്ഷേപ സ്ഥിതി വളരെ ഉയർന്നതാണെങ്കിലും പഞ്ചായത്തിൽ വിതരണംചെയ്ത വായ്പകളുടെ സ്ഥിതി വളരെ ശോചനീയമാണ്. വാണിജ്യ ബാങ്കുകളുടെ നിക്ഷേപ-വായ്പാ അനുപാതം സംസ്ഥാന ശരാശരിയുടെ പകുതി മാത്രമാണ്. പഞ്ചായത്ത് നിവാസികളുടെ ആവശ്യത്തിനനുസരിച്ച് ഇവിടെ നിന്നും സമാഹരിക്കപ്പെടുന്ന നിക്ഷേപങ്ങളുടെ 80 90% എങ്കിലും പഞ്ചായത്തിൽതന്നെ വായ്പയായി നൽകാനുള്ള സാഹചര്യം ഉണ്ടാകണം. ഇക്കാര്യത്തിൽ സഹകരണ ബാങ്കുകളുടെ പ്രകടനം ശ്ലാഘനീയമാണ്. പ്രാഥമിക മേഖലയിൽ വിതരണം ചെയ്യുന്ന വായ്പകൾ പ്രത്യുല്പാദനപരമായി ഉല്പാദന രംഗത്ത് പ്രയോജനപ്പെടുത്തുന്നതിന് വ്യക്തമായ 'പ്രോജക്ട് പ്ലാൻ' ആവശ്യമാണ്.

പ്രാഥമിക മേഖലയിലെ ഭീമമായ വായ്പാ കുടിശിക വാണിജ്യ ബാങ്കുകളെ വായ്പ നൽകുന്നതിൽ വിമുഖരാക്കുന്നു. വർദ്ധിച്ചുവരുന്ന വായ്പാ കുടിശിക സഹകരണ ബാങ്കുകൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇക്കാര്യത്തിൽ ക്രിയാത്മകമായ പരിപാടികൾ പഞ്ചായത്ത് തലത്തിൽ പൊതുജന പങ്കാളിത്തത്തോടെ ആവിഷ്കരിക്കണം. വായ്പാ കുടിശ്ശികയുടെ കാരണങ്ങൾ കണ്ടെത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണം. മാസംതോറും അവലോകനം നടത്തി ബാങ്കുകളേയും വായ്പാക്കാരേയും ഫലപ്രദമായി സഹായിക്കാൻ സാഹചര്യം ഒരുക്കണം.

ഒരു ഡസനോളം അംഗീകൃത സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും ധാരാളം അനൗപചാരിക സ്ഥാപനങ്ങളും ഇവിടെയുണ്ട്. ബാങ്കുകളിൽനിന്ന് ആവശ്യത്തിനുള്ള പണം വായ്പയായി ലഭിക്കാത്തതിനാലും ആവശ്യക്കാരുടെ ബാഹുല്യം മൂലവും ഇത്തരം 'ബ്ലേഡ് സ്ഥാപനങ്ങൾ' അനുദിനം വർദ്ധിക്കുകയാണ്.

കൊള്ളപ്പലിശയും ശ്വാസം മുട്ടിക്കുന്ന നിബന്ധനകളും സഹിച്ച് പണത്തിനുവേണ്ടി ഇവരെ ശരണം പ്രാപിക്കേണ്ട ഗതികേടിലാണ് ജനങ്ങൾ. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളോടെ പലിശനിരക്ക് നിബന്ധനകളും നിർണ്ണയിച്ച് ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ഗവൺമെൻറ് നിയമനിർമ്മാണം നടത്തണം.

## ഗൾഫ് പണത്തിൻെറ സ്വാധീനം

സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് തൊഴിൽ തേടി ധാരാളം പേർ സിലോണിൽ കുടിയേറി പാർത്തിരുന്നു. കഴിഞ്ഞ മൂന്ന് ദശകങ്ങളായി ഗൾഫുനാടുകളിലേക്ക് ആയിരക്കണക്കിന് ആളുകൾ തൊഴിൽതേടി പോയിട്ടുണ്ട്. ഏകദേശം നൂറിൽ താഴെ കുടിയേററക്കാർ പാശ്ചാത്യ രാജ്യങ്ങളിലുമുണ്ട്. നാട്ടിൽ ഉപജീവനത്തിന് മാർഗ്ഗം കണ്ടെത്താൻ കഴിയാതെ നിലനില്പിനുവേണ്ടി തൊഴിൽതേടി പോയവരാണ് ഗൾഫുകാരിൽ ഭൂരിപക്ഷവും, അവിദഗ്ദ്ധ മേഖലയിലാണ് ഇവർ തൊഴിലെടുക്കുന്നത്. ഈ രംഗത്തു ആശങ്കാജനകമായ സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. വിദഗ്ദ്ധ തൊഴിലുള്ളവരും കച്ചവടക്കാരുമായ ഉയർന്ന സാമ്പത്തികശേഷിയുള്ള നൂറുകണക്കിന് ആളുകളും ഇക്കൂട്ടത്തിലുണ്ട്. അവരുടെ സമ്പത്ത് പ്രാദേശികമായി പ്രത്യുല്പാദന മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിന് ഇവിടെ സംവിധാനമില്ല. തൽഫലമായി ഗൾഫ് പണത്തിൻെറ സിംഹഭാഗവും കെട്ടിട നിർമ്മാണത്തിലും, ഭൂമി ഇടപാടിലും, ആഡംബര വസ്തുക്കൾ വാങ്ങുന്നതിലുമാണ് ചെലവഴിക്കപ്പെടുന്നത്. ഇത് ഉൽപ്പാദനമേഖലയിലേക്ക് തിരിച്ചുവിടാൻ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ തീവ്രയത്നം നടത്തണം. ഗൾഫ്പണം വിവേകപൂർവ്വം 'പഞ്ചായത്ത് വികസന നിധി' സ്വരൂപിക്കണം. ഓരോ വാർഡിൽനിന്നും ചുരുങ്ങിയത് 10 ലക്ഷം രൂപയെങ്കിലും വികസനനിധിയിലേക്ക് സമാഹരിക്കണം. ഓരോ വാർഡിലുള്ള ഗൾഫു കുടിയേററക്കാരുമായി ആശയവിനിമയം നടത്തി അവരുടെ പ്രശ്നങ്ങളും നിർദേശങ്ങളും പഠിക്കുന്നതിന് വാർഡ്മെമ്പർ കൺവീനറായി ഒരു വിദഗ്ദസംഘം രൂപീകരിക്കണം. പ്രസ്തുത കമ്മിററിയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ നിക്ഷേപ സാദ്ധ്യതയുള്ളവരെ കണ്ടെത്താനാകും. നിക്ഷേപകർക്ക് അവരുടെ പണത്തിന് സുരക്ഷിതത്വവും മാന്യമായ പ്രതിഫലവും ഉറപ്പ് ലഭിക്കേണ്ടതുണ്ട്. ഈ ഉറപ്പ് നൽകാൻ പഞ്ചായത്തിന് കഴിയണം. ചുരുങ്ങിയത് 20% വാർഷികാദായമുള്ള 10000 ക, 25000 ക, 50000 ക, 100000 ക. വീതമുള്ള ക്യാഷ് സർട്ടിഫിക്കററ് പഞ്ചായത്തിന് വിതരണം ചെയ്യാം


നിയമസംരക്ഷണവും ആദായവും ഉറപ്പുനൽകുന്ന 'ധാരണാ' പത്രത്തിൽ പഞ്ചായത്തും ഓരോ നിക്ഷേപകനും ഒപ്പുവെക്കണം. പൈതൃകമായ സ്വത്ത് കൈവശമുള്ളവരും കച്ചവടങ്ങളിലൂടെയും മററും ഉയന്ന ധനസ്ഥിതിയിലെത്തിയവരുമായ പ്രാദേശിക സമ്പന്നരേയും വികസന നിധിയിൽ പങ്കാളികളാക്കണം.

## മനുഷ്യ അദ്ധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏററവും പ്രധാനപ്പെട്ട ഒരു വിഭവമാണ് മനുഷ്യഅദ്ധ്വാനം. മനുഷ്യ അദ്ധ്വാനം ഉല്പാദന–സേവനമേഖലകളിൽ പ്രയോജനപ്പെടുത്താം. നമ്മുടെ പഞ്ചായത്തിൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്ന അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരുടെ നിരവധി കലാ-കായിക സംഘടനകളുണ്ട്. രാഷ്ട്രീയ–സാമൂഹിക രംഗത്ത് സേവന തല്പരതയോടെ പ്രവർത്തിക്കുന്ന ധാരാളം വ്യക്തികളുണ്ട്. അവരുടെ കർമ്മശേഷി ഉല്പാദനമേഖലയിൽ തീരെ വിനിയോഗിക്കുന്നില്ല. വ്യക്തമായ ധാരണക്കുറവുമൂലം നിഷ്ക്രിയരായവരാണ് ഭൂരിപക്ഷവും. നമ്മുടെ പ്രദേശത്തിന് അനുയോജ്യമായ ഉല്പാദന സംരംഭങ്ങൾ തുടങ്ങാൻ മാർഗ്ഗനിർദേശം നൽകാനും പ്രായോഗിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാനും കാര്യശേഷിയുള്ള "ഉല്പാദന കർമ്മസമിതിയെ" നിയോഗിക്കണം. കർമ്മസമിതിയുടെ മേൽനോട്ടത്തിൽ പഞ്ചായത്തിൽ തൊഴിൽ സർവ്വേ നടത്തി വ്യക്തികളുടെ അഭിരുചിക്കനുസരിച്ച് പ്രത്യേക ഗ്രൂപ്പുകളാക്കി 'തൊഴിൽസേന' രൂപീകരിക്കുകയും പഞ്ചായത്ത്തലത്തിൽ രജിസ്ററർ ചെയ്യുകയും വേണം. തൊഴിൽ സേനയുടെ താല്പര്യപ്രകാരമുള്ള പ്രോജക്ടുകൾ കർമ്മസമിതി ആസൂത്രണം ചെയ്യണം.


പ്രധാന കാർഷിക വിഭവങ്ങളായ നാളികേരവും, അടക്കയും, പുളിയും മററും ഏററവും ലാഭകരമായി സംസ്കരിച്ചു വിപണനം നടത്തുന്നതിനു് സാദ്ധ്യതയുണ്ട്. ഓരോ വാർഡിൽനിന്നും ചുരുങ്ങിയത് 25പേരെ തെരഞ്ഞെടുത്ത് കാർഷിക വിഭവങ്ങൾ സംഭരിക്കുന്നതിനുള്ള ജനകീയ സൊസൈററി രൂപീകരിക്കാം. കാർഷികോല്പന്നങ്ങളുടെ സംസ്കരണശാലക്കാവശ്യമായ സ്ഥലവും കെട്ടിടവും പഞ്ചായത്ത് കണ്ടെത്തണം. യന്ത്രസാമഗ്രികളും സാങ്കേതിക വിദ്യയും ബന്ധപ്പെട്ട ഗവൺമെൻറ് ഏജൻസികളിൽനിന്നും ലഭ്യമാക്കാം. ഇതിനുവേണ്ട മൂലധനം 'പഞ്ചായത്ത് വികസന നിധിയിൽ' നീക്കിവെക്കണം.

കക്ഷിരാഷ്ട്രീയ–ജാതി–മത ചിന്തകൾക്കതീതമായി വികസന പ്രവർത്തനങ്ങളിൽ ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ വൻ നേട്ടങ്ങൾ കൈവരിക്കാനാകും. പഞ്ചായത്തിലെ ചെറിയ റോഡുകൾ മഴക്കാലത്ത് ചീത്തയാകാതെ സൂക്ഷിക്കാൻ പരിസരവാസികളുടെ സന്നദ്ധ സേവനത്തിലൂടെ കഴിയും. പുതിയ റോഡുകൾ നിർമ്മിക്കാനും നിലവിലുള്ളത് മെച്ചപ്പെടുത്താനുമാകും. ഇക്കാര്യത്തിൽ യഥാസമയം പഞ്ചായത്തിൻെറ സഹായവും സ്വീകരിക്കാം. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും പഠനനിലവാരവും ഉയർത്താൻ ഓരോ പ്രദേശത്തും വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കണം. അഭ്യസ്ഥവിദ്യരായവരെ പ്രയോജനപ്പെടുത്തി പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ തുടങ്ങിയാൽ വിദ്യാഭ്യാസ നിലവാരം ഉയർത്താനാകും. ഗ്രാമസഭാ റിപ്പോർട്ടുകളിൽ, മനുഷ്യ അദ്ധ്വാനം പ്രയോജനപ്പെടുത്താൻ നിരവധി നിർദ്ദേശങ്ങളുണ്ട്. ഇത് ഒരു വഴികാട്ടിയായി സ്വീകരിക്കാം.


PERINJANAM PANCHAYAT
ASSET & LANDUSE
CO
MC
P1
P2
CW
INDEX
ASSET
National highway
Tar road
Metalled road
Lane / path
Canal / pathe
Bridge
Post office
Telegraph office
Public telephone
Pond - perennial
Pond - non-perennial
Pond - levelled
Well - perennial
Well - non perennial
Water tank
Hospital - Ayurvedic
Mother care centre
Primary health centre
Nursery school
Primary school
Upper primary school
High school
Primary technical school
Temple
Church
Mosque
Sacred grove
Cinema theatre
Playground
Recreation centre
Library
Ration shop
Krishi bhavan
Co-operative bank
Bank
Electricity office
Panchayat office
Transformer
Dairy
Cemetery
Handloom industry
Flour mill
Oil mill
Workshops
Furniture industry
LANDUSE
MC - Mixed crops
MT - Mixed trees
CO - Coconut
P1 - Paddy - single crops
P2 - Paddy - two crops
P3 - Paddy - three crops
M - Marsh
CW - Cultivable waste land
Reclaimed area


267A

ഒൻപതാംപദ്ധതി
ജനകീയപദ്ധതി



# വികസനറിപ്പോർട്ട് '96

പെരിഞ്ഞനംഗ്രാമപഞ്ചായത്ത്



# A PEOPLE'S MOVEMENT


ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

## വികസന റിപ്പോർട്ട് '96

പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

269



എല്ലാവരുടെയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്
എന്നാൽ
ആരുടെയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും !

- മഹാത്മാഗാന്ധി

## വിഷയ വിവരം

1. ആമുഖം
2. ചരിത്രപശ്ചാത്തലം
3. ഭൂപ്രകൃതി, വിഭവങ്ങൾ
4. വിവിധ വികസന മേഖലകൾ
   - കൃഷി, ജലസേചനം
   - മത്സ്യബന്ധനം, മൃഗസംരക്ഷണം
   - വ്യവസായം
   - ഊർജ്ജം, ഗതാഗതം, മാർക്കറ്റ്
   - പാർപ്പിടം, സാമൂഹ്യക്ഷേമം
   - ആരോഗ്യം, കുടിവെള്ളം, ശുചിത്വം
   - വിദ്യാഭ്യാസം
   - വനിത
   - പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
   - സംസ്കാരം
   - സഹകരണമേഖല
   - വിഭവസമാഹരണം
5. ഉപസംഹാരം

271

# ആമുഖം

വൈദേശികാധിപത്യത്തിനെതിരായ ചെറുത്തുനില്പുകളുടേയും സമരങ്ങളുടേയും പ്രചോദനമായി പ്രവർത്തിച്ചിരുന്നത് ഇന്നലെകളുടെ മഹത്വത്തെകുറിച്ചുള്ള ഓർമ്മകൾക്കപ്പുറം തീർച്ചയായും മോചിപ്പിക്കപ്പെടുന്ന ഇന്ത്യയെകുറിച്ചുള്ള ഉൾക്കാഴ്ചകളും സ്വപ്നങ്ങളും ആയിരുന്നിരിക്കണം. സമരഘട്ടത്തിൽ തന്നെ ഇത്തരം ചർച്ചകൾ സഗൗരവം നടന്നതായി നമുക്കറിയാം. ബോംബെ പ്ലാൻ മുതൽ ഗാന്ധിയൻ പദ്ധതിയും റോയിയും ജനകീയ പദ്ധതിയുംവരെയുള്ളവ തൊട്ടുകാണിക്കാവുന്ന ചില ഉദാഹരണങ്ങളാണ്.

സ്വാതന്ത്ര്യാനന്തരം ഈ സ്വപ്നങ്ങളെ ഭാഗികമായി തൃപ്തിപ്പെടുത്തിയും ഭൂരിഭാഗവും അവഗണിച്ചും നാം 'മുന്നേറി'. പഞ്ചവത്സര പദ്ധതികളിലൂടെ സാങ്കേതികവിദ്യയുടെ മേഖലകളിൽ മുന്നേറാനും ഹരിതവിപ്ലവംകൊണ്ട് ഭക്ഷ്യ സ്വയംപര്യാപ്തത നേടിയെടുക്കാനും ആയെങ്കിലും ദാരിദ്ര്യം, രോഗം, നിരക്ഷരത, അജ്ഞത എന്നിവയിൽനിന്നും ജനത മോചിപ്പിക്കപ്പെട്ടില്ല. സമ്പത്ത് വർദ്ധിപ്പിക്കുന്നതിനോടൊപ്പം വിതരണം ഉറപ്പുവരുത്താനും വികസനം സ്ഥായിയാക്കാനും നമുക്കായില്ല.

സമ്പത്തിൻെറ വിതരണത്തിൽ വിജയിച്ച അപൂർവ്വം മാതൃകകളും ഇന്ത്യയിലുണ്ട്. കേരളത്തിൻെറ വികസന മാതൃകയുടെ പ്രത്യേകത മുഖ്യമായും വിതരണത്തിലുള്ള ഊന്നൽ ആണ്. എന്നാൽ ഉത്പാദനത്തിൻെറ വളർച്ച നിലനിർത്താൻ കഴിഞ്ഞില്ല. ഈ കുറവ് മറികടക്കാനുള്ള അന്വേഷണത്തിനിടയിൽ, പിന്തുടർന്നുവന്ന രീതിയുടെ ഗുരുതരമായ ഒരു പോരായ്മ നാം തിരിച്ചറിഞ്ഞിരിക്കുകയാണ്. തുടർന്നുവന്ന ജനാധിപത്യസംവിധാനം അഞ്ചുവർഷത്തിലൊരിക്കൽ വോട്ടുചെയ്യാനുള്ള അധികാരത്തിനപ്പുറത്തേക്ക് ജനകീയഇടപെടലുകൾ അനുവദിച്ചില്ല. തീരുമാനമെടുക്കുന്നതിലും നടപ്പാക്കലിലും ജനകീയ ഇടപെടലിന് അവസരം കുറയുന്നതിൻെറ കാരണം നിലനില്ക്കുന്ന കേന്ദ്രീകൃതമായ അധികാരസൗധമാണ്. അധികാരസൗധത്തിൻെറ മുകൾതട്ടിലുണ്ടാകുന്ന തീരുമാനങ്ങൾ നയങ്ങളും പരിപാടികളുമായി താഴോട്ട് അരിച്ചെത്തുന്ന ഇന്നത്തെ സംവിധാനത്തെ ജനനിബിഡവും സുതാര്യവും കാര്യക്ഷമവുമായ ഒരു സംവിധാനംകൊണ്ട് പകരംവെക്കുമ്പോഴാണ് ജനാധിപത്യം അർത്ഥവത്താക്കുന്നത്. ഈ ദിശയിലുള്ള ഒരു ശ്രമത്തിനുള്ള സാഹചര്യം 73, 74 ഭരണഘടനാഭേദഗതികളോടെ ദേശീയതലത്തിൽ നിലവിൽ വന്നിരിക്കുന്നു. അധികാരം ജനങ്ങളുടേതാക്കാനുള്ള ഈ അവസരത്തെ പരമാവധി മാതൃകാപരമായി പ്രയോജനപ്പെടുത്താനുള്ള ഒരു ശ്രമമാണ് ഒമ്പതാം പദ്ധതി ജനകീയ മുൻകൈയ്യിൽ തയ്യാറാക്കുനുള്ള ജനകീയ ആസൂത്രണപ്രസ്ഥാനം.

ജനാധിപത്യത്തെ അർത്ഥവത്താക്കാനുള്ള ഒരു വലിയ പരീക്ഷണമെന്നനിലക്ക് ഇത് ഇന്ത്യക്കും മൂന്നാംലോകരാഷ്ട്രങ്ങൾക്കും പുതിയ മാതൃകയാണ് സംഭാവന ചെയ്യുന്നത്.

ദേശീയ-നവോത്ഥാന-പുരോഗമന പ്രസ്ഥാനങ്ങളുടെ, സമരങ്ങളുടെ വെളിച്ചവും പ്രത്യാശയും കേരളീയ ജീവിതത്തിലേക്ക് ആവാഹിക്കുന്നതുവഴി കേരളത്തിൻെറ വികസന പ്രതിസന്ധിയെ മറികടക്കാനുള്ള ഒരു ശ്രമവുമാണിത്. സംസ്ഥാനസർക്കാരിൻേറയും, ആസൂത്രണബോർഡിൻേറയും നേതൃത്വത്തിലുള്ള ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തിൽ നിരാശയുടെ ഇരുട്ടിനെ അകറ്റിക്കൊണ്ട് പ്രത്യാശയുടെ വെളിച്ചം പരത്തുകയാണ്.

ഇത് വികസനചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അധികാരവികേന്ദ്രീകരണത്തോടൊപ്പം സമ്പത്തും (40%പദ്ധതി വിഹിതം) പഞ്ചായത്തുകൾക്ക് ലഭിക്കുന്നതിനാൽ ജനതാത്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതിവിശേഷം വളർന്നത് വരുന്നുണ്ട്. പഞ്ചായത്തുകളുടെ പദ്ധതിവിഹിതമായ 40% കൂടാതെ, കേരളസർക്കാരിൻെറ 60 ശതമാനത്തിൽപെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർഫണ്ട്, ബാഹ്യവികസന ഏജൻസികളിൽ നിന്ന് സന്നദ്ധസംഘങ്ങൾ വഴി ലഭിക്കുന്ന വികസനഫണ്ടുകൾ, നികുതി വരുമാനം, എല്ലാറ്റിനും പുറമേ ജനകീയ സംഭാവനകൾ (വിഭവങ്ങൾ, അദ്ധ്വാനം, പണം) തുടങ്ങിയ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങൾ പലതാണ്. ഈ ദിശയിലേക്ക് ലക്ഷ്യംവച്ചുകൊണ്ട് മുൻകാലങ്ങളിൽ നാം നടത്തിയ പ്രവർത്തനങ്ങൾ പരിശോധിക്കാം.

## വിഭവഭൂപട നിർമ്മാണം

ഏതു പ്രദേശത്തിൻേറയും ആസൂത്രണപ്രക്രിയയുടെ അടിസ്ഥാനഘടകം പ്രാദേശികവിഭവങ്ങളെകുറിച്ചുള്ള അറിവുനേടലാണ്. നമ്മുടെ പഞ്ചായത്ത് ഈ ദിശയിലേക്കുള്ള പ്രവർത്തനം 93 ലെ ജില്ലാ കൗൺസിലിൻെറ കാലത്ത് തന്നെ തുടങ്ങിവച്ചിരുന്നു. 22-11-93 ൽ ചേർന്ന ഭരണസമിതി തീരുമാനപ്രകാരം 1993, ഡിസംബർ 2-ാം തീയ്യതിമുതൽ വിഭവഭൂപടം തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചു. 80ഓളം പ്രവർത്തകർ 15 ദിവസം തുടർച്ചയായ സന്നദ്ധ പ്രവർത്തനത്തിലൂടെയാണ് ഇത് പൂർത്തിയാക്കിയത്. ഏകദേശം 1200 ഓളം തൊഴിൽദിനങ്ങൾ ഇതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. സാമൂഹ്യസാമ്പത്തിക സർവ്വേയും ഇതോടനുബന്ധിച്ച് പൂർത്തിയാക്കിയിട്ടുണ്ട്.

## പഞ്ചായത്ത് വിദ്യാഭ്യാസസമിതി

പ്രൈമറിക്ലാസുകളിലെ നിലവാരം ഉയർത്തുന്നതിനും വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി രൂപീകരിച്ച വിദ്യാഭ്യാസസമിതിക്ക് 11-10-94ൽ ചേർന്ന ഭരണസമിതിയോഗം അംഗീകാരം നൽകി. പഞ്ചായത്തിലെ പ്രൈമറിക്ലാസുകളിലെ മൂന്നിലൊന്നോളം വരുന്ന നിരക്ഷരരായ കുട്ടികളെ സാക്ഷരരാക്കാൻ വേണ്ടിയുള്ള അക്ഷരവേദി പ്രവർത്തനമാണ് സമിതി ആദ്യമായി ഏറ്റെടുത്ത് വിജയിപ്പിച്ചത്. വിദ്യാഭ്യാസരംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി ഇടപെടാൻ കഴിയും എന്നതിൻെറ ഒരു മാതൃകയായി സമിതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

## പഞ്ചായത്ത് വികസനസമിതി

പഞ്ചായത്തിൻെറ സമഗ്രവികസനം ജനപങ്കാളിത്തത്തോടെ എന്ന ലക്ഷ്യമിട്ടുകൊണ്ട് 78 അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും അവയുടെ പ്രതിനിധികളേയും വിവിധ സാമൂഹ്യരാഷ്ട്രീയസാംസ്കാരിക സംഘടനകളേയും വിദ്ഗ്ദ്ധരേയും ഉൾപ്പെടുത്തി വികസന സമിതി രൂപീകരിക്കാൻ 25-6-96ൽ ചേർന്ന ഭരണസമിതിയോഗം തീരുമാനിച്ചു. തുടർന്ന് സമിതി രൂപീകരിക്കുകയും 96 ജൂലായ് 3ന് രജിസ്റ്റർ ചെയ്യുകയും ചെയ്തു. (രജി: നമ്പർ 263/96)

## ജനകീയാസൂത്രണ പ്രവർത്തനങ്ങൾ

സംസ്ഥാനസർക്കാരിൻേറയും പ്ലാനിങ്ങ് ബോർഡിൻേറയും നിർദ്ദേശാനുസരണം ജനകീയാസൂത്രണ പ്രവർത്തനത്തിൻെറ ഒന്നാംഘട്ടപരിശീലനം 13-9-96ന് ഗവ: യു. പി. സ്കൂളിൽ വച്ച് നടക്കുകയുണ്ടായി. പരിശീലനത്തിൽ പങ്കെടുത്തവർ വാർഡ് അടിസ്ഥാനത്തിൽ തിരിഞ്ഞ് ഗ്രാമസഭാ നടത്തിപ്പിൻെറ വിശദാംശങ്ങൾ ചർച്ചചെയ്യുകയും, ഗ്രാമസഭാ തിയ്യതികൾ തീരുമാനിക്കുകയും ചെയ്തു. പരിശീലനത്തിൽ വിവിധ സർക്കാർസ്ഥാപനങ്ങളുടെ രജിസ്റ്ററുകൾ പരിചയപ്പെടുത്തുകയുണ്ടായി. സെപ്തംബർ 21 മുതൽ ഒക്ടോബർ 2 വരെയുള്ള തിയ്യതികൾക്കിടയിൽ വിവിധ ഗ്രാമസഭകൾ ചേർന്നു. ഗ്രാമസഭാപങ്കാളിത്തം പൊതുവെ ഇരുന്നൂറിൽ താഴെയായിരുന്നു. ഓരോ ഗ്രാമസഭയിലും പകുതിയിൽ താഴെയുള്ള സ്ത്രീ പങ്കാളിത്തമുണ്ടായിരുന്നു. വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ ദ്വിതീയവിവരശേഖരണം 19-10-96ന് പൂർത്തിയായി. നൂറോളം പേർ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. 20-10-96ന് യോഗം ചേർന്ന് ഇതിൻെറ ക്രോഡീകരണം നടത്തി. തുടർന്ന് വ്യത്യസ്ത വിഷയങ്ങളുമായി ബന്ധപ്പെട്ട് 12 കർമ്മസമിതികൾ രൂപീകരിച്ചു. 28-10-96ന് രണ്ടാംഘട്ട പരിശീലനം നടന്നു. 31-10-96ന് പഞ്ചായത്തിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ യോഗം ചേർന്നു. 4-11-96ന് വിവിധ വിഷയങ്ങളുടെ റിപ്പോർട്ടുകളുടെ ക്രോഡീകരണം നടത്തി. 7-11-96ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ ബാങ്ക്മാനേജർമാരുടെ യോഗം ചേർന്നു. 10-11-96ന് വികസന സെമിനാർ നടത്തുന്നതിന് വേണ്ടി വിപുലമായ സ്വാഗതസംഘം വിളിച്ചു ചേർക്കുകയും നടത്തിപ്പിനായി വിവിധ സബ്കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. സെമിനാർ 24-11-96ന് പെരിഞ്ഞനം ഗവ: യു. പി. സ്കൂളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

## ഭരണപരമായ ചരിത്രം

പഞ്ചായത്ത് ഭരണസമിതി നിലവിൽവരുന്നതിനുമുമ്പ് ബ്രിട്ടീഷ്സർക്കാരിൻെറ അംഗീകാരത്തോടുകൂടി പഞ്ചായത്ത് കോടതി പ്രവർത്തിച്ചിരുന്നു. ഇതിൻെറ പ്രസിഡൻറിനെ തെരഞ്ഞെടുക്കാൻ വോട്ടവകാശം ഉണ്ടായിരുന്നത് ജന്മിക്കരം ഉള്ളവർക്ക് മാത്രമായിരുന്നു. കൈപൊക്കിയുള്ള തെരഞ്ഞെടുപ്പ് സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. പഞ്ചായത്ത് കോടതിയുടെ ആദ്യത്തെ പ്രസിഡൻറ് പടിഞ്ഞാറെകുറ്റ് അച്ചുട്ടിഅരയനും പിന്നീട് എൻ. എസ്. മുഹമ്മദ് കുഞ്ഞി സാഹിബുമായിരുന്നു. കേസ് കാര്യങ്ങളിൽ ഇടപെടുന്നതിന് വക്കീലന്മാർ ഉണ്ടായിരുന്നു.

പഞ്ചായത്ത് രൂപീകരിച്ചത് 1962ൽ ആണ്. 1964ൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യഭരണസമിതിയുടെ പ്രസിഡൻറ് വി. പി. നായരായിരുന്നു. (1964 മുതൽ 30-9-79വരെ). ആകെ ആറ് വാർഡുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 2,6 വാർഡുകൾ ദ്വയാംഗ വാർഡുകളായിരുന്നു. രണ്ടാമത്തെ അംഗങ്ങൾയഥാക്രമം വനിതയും ഹരിജനും ആയിരുന്നു.

## ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി

| | | |
|---|---|---|
| പ്രസിഡൻറ് | : | വി. പി. നായർ |
| വൈസ് പ്രസിഡൻറ് | : | മുഹമ്മദ് യൂസഫ് എൻ. എം. |
| 1-ാം വാർഡ് | : | എൻ. എം. മുഹമ്മദ് യൂസഫ് |
| 2-ാം വാർഡ് | : | എം. എം. ശക്തീധരൻ മാസ്റ്റർ |
| | : | ലീല മുല്ലങ്ങത്ത് (വനിത) |
| 3-ാം വാർഡ് | : | വി. എം. ശ്രീനിവാസൻ |
| 4-ാം വാർഡ് | : | എം. കുമാരൻ നായർ |
| 5-ാം വാർഡ് | ; | വി. പി. നായർ |
| 6-ാം വാർഡ് | : | വി. കെ. ഗോപാലൻ |
| | : | സി. കെ. കൊച്ചുചെറുങ്ങോരൻ (ഹരിജൻ) |

2-ാം വാർഡ് മെമ്പറായ എം. എം. ശക്തീധരൻ മാസ്റ്റർ കുറച്ച്കാലത്തിനുശേഷം സ്ഥാനം രാജിവക്കുകയും തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ കെ. ആർ. വാമദേവൻ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

273

## 2-ാം ഭരണസമിതി 1-10-79 മുതൽ 30-9-84 വരെ

*ഈ തെരഞ്ഞെടുപ്പ് നടന്നകാലത്ത് 9 വാർഡുകൾ നിലവിൽ വന്നു.*

വി. കെ. ഗോപാലൻ (പ്രസിഡൻറ്)

ലീല മുല്ലങ്ങത്ത് (വൈ. പ്രസിഡൻറ്)

പി. എഫ്. ജോൺസൺ

കെ. വി. ചാത്തുകുട്ടി

സി. എം. വേലായുധൻ

സി. കുമാരൻ നായർ

പി. എം. രാമകൃഷ്ണൻമാസ്റ്റർ

കെ. കെ. ഗോപിനാഥൻ

ടി. എ. ബാവ

പ്രസിഡൻറായിരുന്ന വി. കെ. ഗോപാലൻ 24-3-84 മരണപ്പെട്ടതിനാൽ 30-9-84 വരെ പി. എം. രാമകൃഷ്ണൻമാസ്റ്റർ പ്രസിഡൻറായി പ്രവർത്തിച്ചു.

## 3-ാം ഭരണസമിതി 5-2-88 മുതൽ 30-9-95 വരെ

സി. എം. വേലായുധൻ (പ്രസിഡൻറ്)

വി. ഗോപാലകൃഷ്ണൻ (വൈ. പ്രസിഡൻറ്)

കെ. എസ്. വേലായുധൻ

വി. കെ. ബീവാത്തു

എം. കെ. സുധാകരൻ

സി. പി. സതീഷ്ബാബു

പത്മാക്ഷി ഗോപാലൻ

പി. യു. ഗോപിനാഥൻ

കെ. കെ ശേഖരൻ

3-ാം വാർഡ് മെമ്പറായിരുന്ന എം. കെ. സുധാകരൻ കുറച്ചുകാലം കഴിഞ്ഞപ്പോൾ സ്ഥാനം രാജിവച്ചു. ആ ഒഴിവിൽ തെരഞ്ഞെടുപ്പ് നടന്നില്ല.

## 4-ാം ഭരണസമിതി

പഞ്ചായത്ത്രാജ് നിയമത്തിൻെറ അടിസ്ഥാനത്തിൽ 95-ൽ നടന്ന തെരഞ്ഞെടുപ്പിൽ 10 വാർഡുകളുണ്ട്. മൂന്നിലൊന്ന് വനിതാസംവരണം ആണ്. 2-10-95ൽ ശ്രീമതി എം. കെ. സരസ്വതീഭായ് പ്രസിഡൻറായും, വി. ഗോപാലകൃഷ്ണൻ വൈ: പ്രസിഡൻറായും, സി. എം. വേലായുധൻ സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാനുമായി കമ്മറ്റി നിലവിൽ വന്നു.

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | പെരിഞ്ഞനം |
| ഉൾപ്പെടുന്ന വില്ലേജ് | : | പെരിഞ്ഞനം |
| ബ്ലോക്ക് പഞ്ചായത്ത് | : | മതിലകം |
| താലൂക്ക് | : | കൊടുങ്ങല്ലൂർ |
| അസംബ്ലിമണ്ഡലം | : | കൊടുങ്ങല്ലൂർ |
| ജില്ല | : | തൃശൂർ |
| വിസ്തീർണ്ണം | : | 9.3 ചതുരശ്ര കി. മി. |
| അതിരുകൾ | : | വടക്ക് - കൈപ്പമംഗലം പഞ്ചായത്ത്<br>തെക്ക് - മതിലകം പഞ്ചായത്ത്<br>കിഴക്ക്-കനോലികനാൽ<br>പടിഞ്ഞാറ്-അറബിക്കടൽ |
| ജനസംഖ്യ | : | 19257 (1991 സെൻസസ്) |
| പുരുഷന്മാർ | : | 8933 |
| സ്ത്രീകൾ | : | 10324 |
| ജനസാന്ദ്രത | : | 1 ച. കീ. മീറ്ററിന് 2071 |
| അക്ഷരാഭ്യാസമുള്ളവർ | : | 15489 |
| വാർഡുകൾ | : | 10 |
| പ്രസിഡൻറിൻെറ പേര് | : | എം. കെ. സരസ്വതീഭായ് |
| വൈസ്പ്രസിഡൻറിൻെറ പേര് | : | വി. ഗോപാലകൃഷ്ണൻ |
| സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | : | സി. എം. വേലായുധൻ |


## വിവിധസർക്കാർ സ്ഥാപനങ്ങൾ

| | |
|---|---|
| പഞ്ചായത്താഫീസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് |
| കൃഷിഭവൻ | മത്സ്യഫെഡ് ഓഫീസ് |
| മൃഗാശുപത്രി | കമ്പിതപാൽ ആഫീസ് |
| കമ്മ്യൂണിറ്റി ഹെൽത്ത്സെൻറർ | ടെലിഫോൺ എക്സ്ചേഞ്ച് |
| വില്ലേജ് ഓഫീസ് | കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് |

274




എം. കെ സരസ്വതിഭായ്
പ്രസിഡന്റ്



വി. ഗോപാലകൃഷ്ണൻ
വൈസ് പ്രസിഡന്റ്



സി.എം. വേലായുധൻ
സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ



എൻ.കെ നാസർ



സുമ പുല്ലാനി



കെ.കെ കുട്ടൻ



കെ.എസ്സ് കുട്ടൻ



പത്മാക്ഷി ഗോപാലൻ



കെ.കെ ശേഖരൻ



ജാനകി കൃഷ്ണൻ

**പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്**
**ഭരണസമിതി**

# ചരിത്രപശ്ചാത്തലം

പഴയ മലബാറിൻെറ പൊന്നാനിതാലൂക്കിൽപെട്ട കയ്പമംഗലം അംശത്തിൽ പെരിഞ്ഞനം ദേശമാണ് ഇപ്പോഴത്തെ പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്. പെരിഞ്ഞനത്തിൻെറ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ആധികാരിക രേഖകൾ വേണ്ടത്ര ലഭ്യമല്ല. ജ്ഞാനികളായ പെരിയ ജൈനർ താമസിച്ചിരുന്ന പ്രദേശമായതിനാലാണ് പെരിഞ്ഞനം എന്നപേര് സിദ്ധിച്ചത് എന്ന് പറയപ്പെടുന്നു. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ജന്മികുടിയാൻ വ്യവസ്ഥിതിയും ഉച്ചനീചത്വവും നിലവിൽ ഉണ്ടായിരുന്നെങ്കിലും കളരി ഗുരുക്കന്മാരുടേയും എഴുത്താശാൻമാരുടേയും ശിക്ഷണത്തിൽ ധാരാളം എഴുത്തുപള്ളിക്കൂടങ്ങൾ അക്കാലത്ത് നിലവിലുണ്ടായിരുന്നു. അതിനാൽ ഈ പ്രദേശത്ത് വിദ്യാഭ്യാസകാര്യത്തിൽ മറ്റു പ്രദേശത്തെ അപേക്ഷിച്ച് താത്പര്യം കൂടുതലായിരുന്നു. 1905-ൽ തറയിൽ കുഞ്ഞാമൻ മാസ്റ്ററാൽ സ്ഥാപിതമായതും. പത്തായക്കോട്ട് ശങ്കുണ്ണിഗുരുക്കളാൽ പരിപോഷിപ്പിക്കപ്പെട്ടതുമായ സ്ഥാപനമാണ് ഇന്നത്തെ ഗവ: യു. പി. സ്കൂൾ. ഈ സ്കൂളിൻെറ സ്ഥാപനത്തോടെയാണ് പെരിഞ്ഞനം ആധുനിക വിദ്യാഭ്യാസരംഗത്തേക്ക് പ്രവേശിക്കുന്നത്. ഇന്നു നിലവിലുള്ള സ്കൂളുകളെല്ലാം സ്വാതന്ത്ര്യത്തിനു മുൻപേതന്നെ നിലവിൽ വന്നവയാണ്. വിദ്യാഭ്യാസം നേടാനുള്ള പ്രവണത സമൂഹത്തിൽ പൊതുവെ ശക്തമായിക്കഴിഞ്ഞിരുന്നു. 1943-ൽ പെരിഞ്ഞനത്ത് മാമചോഹൻ ആദ്യത്തെഹൈസ്കൂൾ സ്ഥാപിച്ചു. ഈ പ്രദേശത്തിൻെറ വിദ്യാഭ്യാസചരിത്രത്തിൽ മാമചോഹൻെറ സ്ഥാനം അതുല്ല്യമാണ്. വിദ്യാഭ്യാസ വ്യാപനത്തിൻെറ തുടർച്ചയെന്നോണം സുശക്തമായ അദ്ധ്യാപകപ്രസ്ഥാനം നിലവിൽ വന്നു. പള്ളായി ശേഖരൻനായർ, കൊല്ലാറ കേശവൻ മാസ്റ്റർ, പി. ടി. ഭാസ്കരപണിക്കർ എന്നിവരാണ് നേതൃത്വം നല്കിയത്. സമൂഹത്തിൻെറ പ്രശ്നങ്ങളിൽ താല്പര്യം കാണിച്ചിരുന്ന ഈ പ്രസ്ഥാനത്തിൻെറ നേതൃത്വം മൊത്തം സമൂഹത്തിൻെറ നേതൃത്വത്തിലെ അവിഭാജ്യഘടകമായിരുന്നു.

ദേശീയപ്രസ്ഥാനത്തിൻെറ ഭാഗമായി എടുത്തുപറയത്തക്ക സമരങ്ങളോ സംഭവങ്ങളോ ഒന്നും ഇല്ലെങ്കിലും 1937ൽ കോൺഗ്രസ് പ്രസ്ഥാനത്തിൻെറ പ്രവർത്തനം ആരംഭിച്ചിരുന്നു. പിണ്ടിയത്ത് ശ്രീധരമേനോൻ പ്രസിഡൻറും മുല്ലങ്ങത്ത് കൃഷ്ണൻകുട്ടി സെക്രട്ടറിയുമായിരുന്നു. ഖാദിപ്രചരണവുമായി ബന്ധപ്പെട്ട് സെൻട്രൽ എൽ. പി. സ്കൂളിൻെറ തെക്കുവശത്ത് നൂൽനൂൽപ്പ് കേന്ദ്രം പ്രവർത്തിച്ചിരുന്നു. പിന്നീട് കമ്മ്യൂണിസ്റ്റായിമാറിയ പള്ളായി ശേഖരൻനായർ കോൺഗ്രസ്സിൻെറ ആദ്യകാല പ്രവർത്തകനായിരുന്നു. സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ ഭാഗമായി 1935-ൽ SNDP യുടെ നേതൃത്വത്തിൽ ഒരു സമ്മേളനം മൂർക്കോത്തുകുമാരൻെറ അദ്ധ്യക്ഷതയിൽ ഈസ്റ്റ് യു. പി. സ്കൂളിൽ വച്ച് നടക്കുകയുണ്ടായി. 1948-ൽ സുബ്രഹ്മണ്യക്ഷേത്രത്തിൽ തൈപ്പൂയത്തോടനുബന്ധിച്ച് നടന്ന സാംസ്കാരികസമ്മേളനത്തിൽ പി. കേശവദേവ്, സി. അച്യുതകുറുപ്പ്, പി. കെ. ഗോപാലകൃഷ്ണൻ എന്നിവർ പങ്കെടുത്തത് എടുത്തുപറയത്തക്ക സംഭവമാണ്.

1945 ജയിൽമോചിതനായ അബ്ദുൾറഹിമാൻ സാഹിബ്ബിന് പെരിഞ്ഞനത്ത് വെച്ച് ഉജ്ജ്വലമായ ഒരു സ്വീകരണം നൽകുകയുണ്ടായി. ഒരു വിഭാഗമാളുകൾ എതിർത്തിരുന്നെങ്കിലും അതിനെ നേരിട്ടുകൊണ്ടുതന്നെ സ്വീകരണം നടന്നു. ആലയിൽ എ. കെ. വിജയൻെറ നേതൃത്വത്തിൽ കൊല്ലാറ കേശവൻ മാസ്റ്റർ സെക്രട്ടറിയായി 1944-ൽ കമ്മ്യൂണിസ്റ്റ്പാർട്ടി നിലവിൽവന്നു. കളരിക്കൽ നാരായണൻ, ഏറാട്ട്കുഞ്ഞിവേലു, കുന്നികുളത്ത് കുമാരൻ എന്നിവരായിരുന്നു ആദ്യകാലപ്രവർത്തകർ. പിൽക്കാലത്ത് കൊല്ലാറ കുഞ്ഞിറ്റി, ടി. കെ. ശങ്കരനാരായണൻ, വി. കെ. ഗോപാലൻ, എൻ. കെ. കൃഷ്ണൻ എന്നിവരും മുൻനിര പ്രവർത്തകരായിമാറി. ജന്മി കുടിയാൻ ബന്ധങ്ങളും ഉച്ചനീചത്വങ്ങളും നിലനിന്നിരുന്ന ആ കാലത്ത് കർഷകത്തൊഴിലാളികൾ ഉൾപ്പെടെയുള്ള അടിസ്ഥാനവർഗ്ഗങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനമാണ് സമൂഹത്തെയാകെ ചലിപ്പിച്ചത്.

സ്വാതന്ത്ര്യത്തിനുശേഷം ബഹുജനപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളുടെ മുഖ്യധാര ഭൂമിക്കുവേണ്ടിയുള്ള സമരങ്ങൾ തന്നെയായിരുന്നു. ഈ ബഹുജനപ്രക്ഷോഭങ്ങളുടെ ഫലമായി 1957 മുതൽ 1971 വരെയുള്ള കാലഘട്ടത്തിൽ വിവിധ ഭൂപരിഷ്ക്കരണ നിയമങ്ങൾ രൂപംകൊണ്ടു. ബഹുജനപ്രസ്ഥാനങ്ങളുടെ വളർച്ചയും, ഭൂപരിഷ്കരണവും നാടിൻെറ മുഖഛായ തന്നെ മാറ്റി. അതോടുകൂടി ഫ്യൂഡൽ ജന്മിത്വം അപ്രത്യക്ഷമായി. പാട്ട ഭൂമി കൃഷിക്കാരന് സ്വന്തമായി. കുടികിടപ്പുകാരൻ 10 സെൻറ് ഭൂമിക്ക് ഉടമയായി. കിടക്കാൻ ഒരിടം സ്വന്തമായി കിട്ടിയ കർഷകത്തൊഴിലാളിയുടെയും കൃഷിക്കാരൻേറയും വിലപേശൽകഴിവ് ഉയർന്നു. ഭൂപരിഷ്ക്കരണം വിദ്യാഭ്യാസ ആരോഗ്യനിലവാരങ്ങളിൽ പ്രകടമായ വ്യത്യാസങ്ങൾ സൃഷ്ടിച്ചു. ജീവിതനിലവാരം ഉയർന്നു.

70 കളോടെ ആരംഭിച്ച ഗൾഫ് കുടിയേറ്റം ജീവിതഗുണനിലവാരത്തെ ഉയർത്തുന്നതിൽ താൽക്കാലികമായി സഹായിച്ചെങ്കിലും, കാർഷിക വ്യാവസായികമേഖലകളുടെ തകർച്ചമൂലം നമ്മുടെ സമ്പദ്‌വ്യവസ്ഥ പ്രത്യക്ഷത്തിൽ ദൃശ്യമല്ലെങ്കിലും ഗുരുതരമായ പ്രതിസന്ധിയിലാണ്. കാർഷികവ്യാവസായിക മേഖലകളുടെ മുരടിപ്പ്, വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരതകർച്ച, ആരോഗ്യസംവിധാനത്തിൻെറ സ്വകാര്യവൽക്കരണം, നിലവാര തകർച്ച, സാമൂഹ്യരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തമില്ലായ്മ എന്നിവ നാം നേരിടുന്ന പുതിയ പ്രശ്നങ്ങളാണ്.

276



# ഭൂപ്രകൃതി, വിഭവങ്ങൾ

തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്കിൽ ഉൾപ്പെടുന്നതാണ് പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത്. കൊടുങ്ങല്ലൂർ അസംബ്ലി മണ്ഡലത്തിന്റെ വടക്കേ അറ്റത്താണ് ഇതിന്റെ സ്ഥാനം. കിഴക്ക് കനോലി കനാലും, പടിഞ്ഞാറ് അറബിക്കടലും ആണ് പ്രകൃതിദത്തമായ അതിരുകൾ. തെക്കുഭാഗത്ത് മതിലകം പഞ്ചായത്തും വടക്കു ഭാഗത്ത് കയ്പമംഗലം പഞ്ചായത്തും സ്ഥിതിചെയ്യുന്നു. 1.9 കി.മീ. കടൽ തീരം പഞ്ചായത്തിനുണ്ട്. കൊടുങ്ങല്ലൂർ കായലിനെയും ചേറ്റുവ അഴിമുഖത്തെയും ബന്ധിപ്പിക്കുന്ന കനോലി കനാലിന്റെ 4.5 കി.മീ. പഞ്ചായത്തിന്റെ കിഴക്കേ അതിരിലൂടെ ഒഴുകുന്നു. വാണിജ്യപരമായ ആവശ്യങ്ങൾക്കായി ബ്രിട്ടീഷുകാരുടെ ഭരണകാലത്താണ് ഇതു നിർമ്മിക്കപ്പെട്ടത്. ആദ്യകാലങ്ങളിൽ ചരക്കു ഗതാഗതത്തിന് പ്രധാനമായും ആശ്രയിച്ചിരുന്നത് ഇതിനെയായിരുന്നു.

## ഭൂപ്രകൃതി

പഞ്ചായത്ത് മുഴുവനായും തീരസമതലത്തിൽ പെടുന്നതാണ്. സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം 7.5 മീറ്ററിൽ താഴെയാണ്. നല്ല നീർവാർച്ചയുള്ള മണൽ മണ്ണാണ് ഇവിടെ പൊതുവെ കാണപ്പെടുന്നത്. കടൽ തീരത്തിനോടടുത്ത് മണൽ മണ്ണും, മദ്ധ്യഭാഗത്ത് ജൈവാംശം കലർന്ന മണലും കിഴക്കൻ ഭാഗത്ത് ചളി കലർന്ന മണലുമാണ് ഉള്ളത്. കടലിലേക്ക് മെല്ലെ ചരിഞ്ഞാണ് ഇതിന്റെ കിടപ്പ്. ചെറിയ രീതിയിലുള്ള മണ്ണൊലിപ്പ് അനുഭവപ്പെടുന്നുണ്ട്. ജലനിരപ്പ് അധികം ആഴത്തിലല്ലാതെയാണ്. കോസ്റ്റൽ സാൻഡി (Costal Sandy) എന്ന കാർഷിക മേഖലയിലാണ് ഈ പ്രദേശം.

## കാലാവസ്ഥ

വ്യക്തമായും നാലു തരത്തിലുള്ള കാലാവസ്ഥയാണ് ഇവിടെ അനുഭവപ്പെടുന്നത്.

| | |
|---|---|
| ജൂൺ - സെപ്തംബർ | കാലവർഷം |
| ഒക്ടോബർ- നവംബർ | തുലാവർഷം |
| ഡിസംബർ-ഫെബ്രുവരി | ശൈത്യകാലം |
| മാർച്ച് - മെയ് | ഉഷ്ണക്കാലം |

### ശരാശരി അന്തരീക്ഷ താപനില °C (1994)

| മാസം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| കൂടിയത് | 30.8 | 31.6 | 32.4 | 32.5 | 32.2 | 30 | 29.3 | 24.5 | 30.8 | 30.9 | 31.7 | 31.9 |
| കുറഞ്ഞത് | 22.9 | 24.7 | 25.2 | 25.2 | 26 | 24.1 | 23.4 | 23.9 | 24.3 | 23.8 | 24.2 | 22.9 |

അവലംബം : അന്തരീക്ഷ താപനില റിപ്പോർട്ട്, കൊച്ചി നിരീക്ഷണകേന്ദ്രം

കാലവർഷവും തുലാവർഷവുമാണ് ഇവിടത്തെ മഴക്കാലം. വാർഷിക വർഷപാതം 313സെ.മീ. ആണ്.

278

## വിവിധ മാസങ്ങളിൽ ലഭിക്കുന്ന മഴയുടെ അളവ് മില്ലീമീറ്ററിൽ

| മാസം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ വാർഷികം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| അളവ് | 7 | 10 | 27 | 86 | 296 | 769 | 754 | 443 | 257 | 301 | 144 | 31 | [illegible] |

കാലവർഷക്കാലത്തെ ശരാശരി മഴയുടെ അളവ് 197 സെ.മീറ്ററും തുലാവർഷക്കാലത്തെ ശരാശരി മഴയുടെ അളവ് 70.2 സെ.മീറ്ററും ആണ്.

## ജലലഭ്യത

കാലവർഷവും തുലാവർഷവും ആണ് പ്രധാന ജല സ്രോതസ്സുകൾ. പഞ്ചായത്തിൽ ആകെ 429 കുളങ്ങളും 1256 കിണറുകളും ഉണ്ട്. പ്രധാന തോടുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് | പേര് | വിശദാംശം | ഏകദേശം നീളം |
|---|---|---|---|
| 1 | വാഴക്കത്തോട് | കൈപ്പമംഗലം പഞ്ചായത്തിൽ നിന്നും വന്ന് ഒന്നാം വാർഡിലൂടെ ഒഴുകി കനോലി കനാലിൽ ചേരുന്നു. | 1.3 കി.മീ. |
| 2. | പുല്ലാനി തോട് | നാലാം വാർഡിലെ മിച്ചഭൂമി കോളനിയിൽ നിന്ന് ആരംഭിച്ച് പഞ്ചായത്തിൻെറ തെക്കെ അതിരിലൂടെ കനോലി കനാലിൽ ചേരുന്നു. | 1.185 കി.മീ. |
| 3. | പെരുംതോട് | 6-ാം വാർഡിലെ തോണിക്കുളത്തിൽ നിന്ന് ആരംഭിച്ച് 7-ാം വാർഡിലൂടെ തെക്കോട്ട് ഒഴുകുന്നു. | 1.36 കി.മീ. |
| 4. | പെരുംതോട് - അറപ്പ കണക്ഷൻ തോട് | 7-ാം വാർഡിൽ പെരുംതോട്ടിൽ നിന്നാരംഭിച്ച് ഏതാണ്ട് തെക്കേ അതിരിലൂടെ ഒഴുകി അറപ്പത്തോട്ടിൽ ചേരുന്നു. | 2.42 കി.മീ. |
| 5. | അറപ്പത്തോട് | അച്ചംകണ്ടം പ്രദേശത്ത് നിന്ന് ആരംഭിച്ച് 5-ാം വാർഡിൻെറയും 10-ാം വാർഡിൻേറയും അതിരിലൂടെ 8,9 വാർഡുകൾ കടന്ന് അറപ്പത്തോടിലൂടെ അറബിക്കടലിൽ ചേരുന്നു. | 2.25 കി.മീ. |

നാഷണൽ ഹൈവേയ്ക്ക് പടിഞ്ഞാറു ഭാഗത്തുള്ള തോടുകൾ പെരുംതോടുമായി ചേർന്ന് അറപ്പതോടിലൂടെ അറബിക്കടലിൽ ചേരുന്നു. നാഷണൽ ഹൈവേയ്ക്ക് കിഴക്ക് ഭാഗത്തുള്ളവ കനോലി കനാലിലാണ് ചേരുന്നത്. കുളങ്ങൾ, പാടങ്ങൾ എന്നിവ നികത്തി വരുന്നത് മൊത്തം ജല നിരപ്പ് താഴുന്നതിന് കാരണമാകുന്നുണ്ട്. അതിൻെറ ഫലമായി വേനൽക്കാലത്ത് കാർഷികാവശ്യത്തിനാവശ്യമായ ജലം ലഭിക്കുന്നില്ല. പുഴയോര പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് ഇവിടത്തെ ഒരു പാരിസ്ഥിതിക പ്രശ്നമാണ്. ഇത് കൃഷി, കുടിവെള്ളം എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. തീരദേശം കാലവർഷക്കാലത്ത് കടലാക്രമണത്തിന് വിധേയമാകുന്നു.

## ഭൂവിനിയോഗം

ആകെ ഭൂവിസ്തൃതി 908.87 ഹെക്ടർ ആണ്. അതിൽ 880.74 ഹെക്ടർ പ്രദേശത്ത് തെങ്ങും, കമുകും മറ്റ് ഇടവിളകളും കൃഷി ചെയ്യുന്നു. 4 ഹെക്ടർ പ്രദേശത്ത് മാത്രമാണ് നെല്ല് കൃഷി ചെയ്യുന്നത്. 23.13 ഹെക്ടർ പ്രദേശം കൃഷി ചെയ്യാതെ കിടക്കുന്ന പാടങ്ങളും, കൃഷിക്ക് ഉപയുക്തമായ തരിശുഭൂമിയുമാണ്.

278

## ഭൂവിനിയോഗം (സെൻറിൽ)

| ഇനം | വിസ്തീർണ്ണം | വീടും പരിസരവും | മറ്റിനം തരിശ് | കൃഷിയിറക്കിയ സ്ഥല | ജലസേചിതം | മറ്റ് കാർഷികേതര ഉപയോഗം | മറ്റിനം വൃക്ഷച്ചെടികം |
|---|---|---|---|---|---|---|---|
| വെറ്റ് | 76182 | 1843 | 1978 | 69703 | 58520 | - | - |
| ഡ്രൈ | 153569 | 8872 | 139 | 105536 | 96227 | 8044 | 223 |

കൃഷിക്ക് ഉപയുക്തമായ തരിശ്

## ജൈവസമ്പത്ത്

തെങ്ങ്, അടക്കാമരം, മാവ്, പ്ലാവ്, പുളി, കൊക്കോ, ജാതി, അയിനി, എണ്ണക്കുരുക്കൾ തുടങ്ങിയവയാണ് ഇവിടത്തെ സസ്യജൈവ സമ്പത്ത്. കൂടാതെ മുരിങ്ങ, വാഴ, പപ്പായ തുങ്ങിയവയും ഇവിടെ കൃഷി ചെയ്യുന്നു. ഏകദേശം 4 ഹെക്ടർ പ്രദേശത്ത് നെല്ലു കൃഷി ചെയ്യുന്നുണ്ട്.

| ഇനം | എണ്ണം |
|---|---|
| തെങ്ങ് | 234463 |
| അടക്കാമരം | 84165 |
| മാവ് | 9038 |
| പ്ലാവ് | 3932 |
| പുളി | 816 |
| പപ്പായ | 5615 |
| മുരിങ്ങ | 1081 |
| കൊക്കോ | 366 |
| ജാതി | 1048 |
| എണ്ണക്കുരു | 629 |
| വാഴ | 9835 |
| കൈതച്ചക്ക | 197 |
| കശുമാവ് | 5302 |
| കുരുമുളക് | 3816 |
| മറ്റുള്ളവ | 3013 |

## ജന്തു സമ്പത്ത്

പശു, എരുമ, കാള, പോത്ത്, ആട്, കോഴി, താറാവ് എന്നിവയാണ് ഇവിടുത്തെ പ്രധാന മൃഗസമ്പത്ത്

<table>
<tr><th colspan="6">പശു</th></tr>
<tr><th colspan="3">സങ്കരയിനം</th><th colspan="3">നാടൻ</th></tr>
<tr><th>M</th><th>F</th><th>കറവ</th><th>M</th><th>F</th><th>കറവ</th></tr>
<tr><td>69</td><td>498</td><td>288</td><td>88</td><td>831</td><td>461</td></tr>
<tr><th colspan="3">എരുമ</th><th colspan="3">ആട്</th></tr>
<tr><th>M</th><th>F</th><th>കറവ</th><th>M</th><th colspan="2">F</th></tr>
<tr><td>41</td><td>412</td><td>212</td><td>222</td><td colspan="2">847</td></tr>
</table>


<table>
<tr><th>നായ</th><th colspan="2">കോഴി</th><th>താറാവ്</th></tr>
<tr><td rowspan="2">578</td><th>ദേശി</th><th>സങ്കരയിനം</th><td rowspan="2">803</td></tr>
<tr><td>9901</td><td>191</td></tr>
</table>

അവലംബം : ലൈവ്സ്റ്റോക്ക് സെൻസസ് 1986

## മനുഷ്യവിഭവം

91ലെ സെൻസസ് പ്രകാരം പെരിഞ്ഞനം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 19,257 ആണ്. ഇതിൽ 10324 പേർ സ്ത്രീകളും 8933പേർ പുരുഷന്മാരുമാണ്. അനുപാതം 1000 പുരുഷന്മാർക്ക് 1156 എന്നതാണ്. മൊത്തം ജനസംഖ്യയിൽ 2311 പേർ പട്ടികജാതി പട്ടികവർഗത്തിൽ പെടുന്നവരാണ്. ആറുവയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2513 ആണ്. ഇതിൽ ആൺകുട്ടികൾ 1311ഉം പെൺകുട്ടികൾ 1202മാണ്. 93%പേർ സാക്ഷരരാണ്. 1996ലെ ഇവിടത്തെ ജനസംഖ്യ 22700 ആണ്. പെരിഞ്ഞനം പഞ്ചായത്തിലെ മൊത്തം തൊഴിലെടുക്കുന്നവരുടെ എണ്ണം 5016 ആണ്. ആകെ തൊഴിൽ ശേഷിയുടെ 47.3% പേർക്ക് മാത്രമാണ് തൊഴിലുള്ളത്.

| തൊഴിൽ ശേഷി | തൊഴിലെടുക്കുന്നവരുടെ എണ്ണം | തൊഴിലില്ലാത്തവരുടെ എണ്ണം |
|---|---|---|
| 10604 | 5016 | 5588 |



# കൃഷി, ജലസേചനം

അമ്പതുകളുടെ അവസാനംവരെ ഭൂമിയെല്ലാം കൊടുങ്ങല്ലൂർ കോവിലകം, പള്ളിയിൽ ദേവസ്വം, ഒളവനാട്ട് തറവാട് കൂടാതെ ഏതാനും ചെറുകിട ജന്മിമാരുടെയും കൈവശത്തിലായിരുന്നു. കൃഷിക്കാർ ഏതാണ്ട് പൂർണ്ണമായും പാട്ടക്കാരോ, കാണക്കാരോ ആയിരുന്നു. ഈ കാലഘട്ടങ്ങളിൽ നെല്ലായിരുന്നു പ്രധാന വിള. വാണിജ്യവിളകളും പ്രചാരത്തിലുണ്ടായിരുന്നു. ഭൂപരിഷ്കരണത്തിൻെറ ഭാഗമായി കർഷകരും കർഷകതൊഴിലാളികളും ഭൂമിയുടെ ഉടമകളായി മാറി. ഈ മാറ്റം കാർഷികമേഖലയിൽ പുതിയ ഉണർവ് സൃഷ്ടിച്ചു. ഈ ഉണർവ് തുടർന്ന് നിലനിർത്താനും ഉല്പാദന വർദ്ധനവിലേക്ക് നയിക്കാനും കഴിഞ്ഞിട്ടില്ല.

## ഭൂവിനിയോഗം

പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 908.87 ഹെക്ടറാണ്. തെക്കുവടക്ക് രണ്ടുകിലോമീറ്ററും കിഴക്കുപടിഞ്ഞാറ് നാലരകിലോമീറ്ററും ഉള്ള ഭൂമി പൂർണ്ണമായും തീരസമതലമാണ്. പൊതുവേ പൂഴിമണൽ പ്രദേശമാണ്. മുൻകാലങ്ങളിൽ 589.0976 ഹെക്ടർ പ്രദേശത്ത് തെങ്ങ്, കവുങ്ങ് തുടങ്ങിയ വിളകളും 319.7749 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും ഉണ്ടായിരുന്നു.

### ഭൂവിനിയോഗം-പട്ടിക 1

| | |
|---|---|
| തോട്ടം | 589.0976 (ഹെക്ടർ) |
| നഞ്ച 1 | 294.1228 (ഹെക്ടർ) |
| നഞ്ച 2 | 14.6609 (ഹെക്ടർ) |
| സ്ഥിരം പുഞ്ച | 9.1702 (ഹെക്ടർ) |
| അസ്ഥിര പുഞ്ച | 1.8210 (ഹെക്ടർ) |
| ആകെ | 908.8725 (ഹെക്ടർ) |

*അവലംബം : വില്ലേജ് സെറ്റിൽമെൻറ് രജിസ്റ്റർ*

മുഖ്യവിളയായ തെങ്ങിനോടൊപ്പം ഇടവിളയായി അടയ്ക്കാമരം, കശുമാവ്, വാഴ, ചേമ്പ്, കാച്ചിൽ, മരച്ചീനി, കുരുമുളക് എന്നിവ കൃഷിചെയ്യുകയും മാവ്, പ്ലാവ്, പുളി തുടങ്ങിയ വിവിധതരം ഫലവൃക്ഷങ്ങൾ സംരക്ഷിക്കുകയും ചെയ്തിരുന്നു. നെൽവയലുകളിൽ കൊയ്ത്തുകഴിഞ്ഞാൽ വിവിധയിനം പച്ചക്കറികൾ, എള്ള് മുതലായവ കൃഷിചെയ്തിരുന്നു.

ഭൂപരിഷ്കരണത്തിന് ശേഷം ഭൂഉടമസ്ഥതയിൽ വലിയതോതിൽ മാറ്റം ഉണ്ടായി. ജന്മികുടിയാൻ ബന്ധങ്ങളിൽ ഉണ്ടായ വമ്പിച്ചമാറ്റം കേവലംപാട്ടക്കാർ മാത്രമായിരുന്ന കൃഷിക്കാരെ ചൂഷണത്തിൽ നിന്ന് മോചിപ്പിച്ചു. ഇത് കാർഷികമേഖലയിൽ പുതിയ ഉണർവ്വുണ്ടാക്കി.

### കൈവശഭൂമി വിസ്തീർണ്ണം-പട്ടിക 2

| ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|
| 1-10 സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50--100 സെൻറ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനുമേൽ |
| 2418 | 1154 | 800 | 2358 | 1210 | 100 | 6 |

*അവലംബം : ബേസിക് ടാക്സ് രജിസ്റ്റർ വില്ലേജ് ആഫീസ്*

1970-കളോടുകൂടി നെൽകൃഷിയിൽനിന്നും നാണ്യവിളകളിലേക്കുള്ള മാറ്റം പ്രകടമായി. നെൽപാടങ്ങളുടെ വിസ്തീർണ്ണം 319.7749 ഹെക്ടറിൽ നിന്നും 27.4 ഹെക്ടറായി ചുരുങ്ങി. (1987-ലെ കണക്ക്). തെങ്ങുകൃഷി 589.0976 ഹെക്ടറിൽ നിന്നും 822.75 ഹെക്ടറിലേക്ക് വർദ്ധിച്ചു.

## തെങ്ങുകൃഷി

ഭൂഉടമസ്ഥതയിൽ വന്ന മാറ്റത്തിൻെറ ഭാഗമായി കാർഷികമേഖലയിൽ ഉണ്ടായ ഉണർവ് മുഖ്യമായും തെങ്ങുകൃഷിയിലാണ് പ്രതിഫലിച്ചത്. ജലസേചനരീതിയിൽ വന്ന ആധുനികവൽക്കരണത്തിൻെറ വ്യാപനം, വളപ്രയോഗത്തിൽ വന്ന മാറ്റം എന്നിവയുടെ ഭാഗമായി ഉൽപാദനക്ഷമതയിലും വർദ്ധനവുണ്ടായി.

പശിമയില്ലാത്ത മണൽപ്രദേശമായതിനാൽ കാലവർഷത്തിനുശേഷം മാത്രമേ വളപ്രയോഗം നടത്താറുള്ളൂ. കിഴക്കൻ തുലാവർഷത്തിനുമുമ്പ് വളപ്രയോഗം നടത്തി തെങ്ങിൻ തടങ്ങൾ പാതിനിരത്തി മൂടുകയും 10-15 ദിവസത്തി

നുശേഷം പുരയിടം ഉഴുതുമറിക്കുന്നതോടുകൂടി പൂർണ്ണമായും നിരത്തിമൂടുകയായിരുന്നു പതിവ്. വർദ്ധിതമായ ഉൽപാദനചിലവും വിലനിലവാരവും തമ്മിലുള്ള പൊരുത്തമില്ലായ്മ കാരണം മേൽവിവരിച്ച സമ്പ്രദായങ്ങൾ വേണ്ടത്ര തുടർന്നുകാണുന്നില്ല.

## ഉൽപാദനക്ഷമത

1996-ലെ കൃഷിഭവൻ സെൻസസ് പ്രകാരം 2,34,463 തെങ്ങുകളാണുള്ളത്. ഇതിൽ 53,518 കായ്ഫലം തരാത്ത തെങ്ങുകളും 1,80,945 കായ്ഫലം തരുന്ന തെങ്ങുകളുമാണുള്ളത്. സംസ്ഥാനതല ഉൽപാദനക്ഷമത 39 തേങ്ങയാണെങ്കിൽ പെരിഞ്ഞനത്തെ ഉൽപാദനക്ഷമത 50 ആണ്. സംസ്ഥാനശരാശരിയേക്കാൾ ഇത് ഉയർന്നതാണെങ്കിലും നമ്മുടെ പ്രദേശത്തിന്റെ സാദ്ധ്യതകൾക്കനുസരിച്ച് ഈ നിരക്ക് ഒട്ടും തൃപ്തികരമല്ല. കൂടാതെ വർദ്ധിച്ചുവരുന്ന രോഗങ്ങൾ, ജൈവവളപ്രയോഗത്തിന്റെ കുറവ്, വർഷക്കാലത്തെ വെള്ളക്കെട്ട്, പരിപാലനത്തിലുള്ള അശ്രദ്ധ, കൊടുംവേനലിലെ ജലക്ഷാമം എന്നിവയുടെ ഫലമായി ഉൽപാദനക്ഷമത വീണ്ടും കുറയുന്ന പ്രവണതയുമാണ് നിലനിൽക്കുന്നത്.

## വളത്തിന്റെ ഉപയോഗം

പശിമയും വളക്കൂറും കുറഞ്ഞ മണ്ണിൽ ധാരാളം ജൈവവളം ഉപയോഗിക്കേണ്ടതാണ്. ഈ പ്രദേശത്തിന്റെ മൺഘടനയിൽ വളത്തിന്റെ ചോർച്ച ധാരാളം അനുഭവപ്പെടുന്നു. ഈ പ്രകൃതിയെ മറികടക്കാൻ പുഴച്ചെളിയും ജൈവവളവും ധാരാളം ഉപയോഗിച്ച് മണ്ണിന്റെ ഘടനയിൽ മാറ്റമുണ്ടാക്കേണ്ടതാണ്. ഇതിന് ജൈവവളത്തിന്റെ ലഭ്യത ഒരു പ്രശ്നമാണ്. വൃക്ഷങ്ങളിൽ നിന്നും ലഭിക്കുന്ന തൂപ്പ്, ചാണകം, മത്സ്യം എന്നിവ ആയിരുന്നു പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന ജൈവവളങ്ങൾ. മരങ്ങൾ വെട്ടിമുറിക്കപ്പെട്ടതിനാൽ തൂപ്പിന്റെ ലഭ്യതയിൽ വന്ന കുറവ്, ചാണകം, മത്സ്യം എന്നിവയുടെ ലഭ്യത കുറവും വിലവർദ്ധനവും വളപ്രയോഗത്തെ സാരമായി ബാധിച്ച ഘടകങ്ങളാണ്. രാസവളത്തിന്റെ അമിതമായ വിലവർദ്ധനവും വളപ്രയോഗത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

## ജലസേചനം

ധാരാളം വെള്ളം കടയ്ക്കലും തലയ്ക്കലും ലഭിക്കുന്ന കാലവർഷക്കാലത്താണ് ഉൽപാദനത്തിന്റെ ആദ്യപ്രക്രിയയായ കുലപൊട്ടൽ നടക്കുന്നത്. കുല പൊട്ടി വിരിഞ്ഞ് തേങ്ങ വിളയുന്ന കാലമായ ജനുവരി മുതൽ മേയ്മാസം വരെയാണ് ഉത്പാദനം പാരമ്യത്തിൽ എത്തുന്നത്. ഈ കാലയളവിലാണ് ജലസേചനം ആവശ്യമായി വരുന്നത്. കുടംനന, തുലായി തേക്ക്, പാട്ടക്കാവ് നന എന്നിവയായിരുന്നു ആദ്യകാലങ്ങളിലെ ജലസേചന രീതികൾ. മനുഷ്യാധ്വാനം മുഖ്യപങ്കുവഹിച്ചിരുന്ന ഈ രീതിയിൽ സ്ത്രീകളുടെ പങ്ക് എടുത്തു പറയത്തക്കതാണ്. വർഷാവർഷങ്ങളിൽ കുളം വൃത്തിയാക്കി അരികിൽ കൈതനട്ട് മണ്ണൊലിപ്പിൽ നിന്നും കുളം സംരക്ഷിച്ചിരുന്നു. വൃത്തിയാക്കുന്നതിന്റെ ഭാഗമായി കിട്ടുന്ന ചെളി, തെങ്ങിന് വളമായി ഉപയോഗിച്ചിരുന്നതിനാൽ ഈർപ്പം നിലനിർത്താൻ സഹായിച്ചിരുന്നു.

മനുഷ്യാദ്ധ്വാനത്തിലൂന്നുന്ന ജലസേചന രീതികളുടെ സ്ഥാനത്ത് ഓയിൽ എഞ്ചിനും, വൈദ്യുത പമ്പുസെറ്റും നിലവിൽ വന്നു. തൊണ്ണൂറുശതമാനം കൃഷിയിടങ്ങളിൽ ഇപ്പോൾ ജലസേചന സംവിധാനം ഉണ്ടെങ്കിലും ഏപ്രിൽ മെയ് മാസങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്നു. 153 ഓയിൽ എഞ്ചിനുകളും, 1626 മോട്ടോർ പമ്പുസെറ്റുകളും നിലവിലുണ്ട്. വോൾട്ടേജ് കുറവും പവർകട്ടും ഈ സംവിധാനത്തെ ഗുരുതരമായി ബാധിക്കുന്നു. ജല ദൗർലഭ്യത്തെ നേരിടുന്നതിന് പി. വി. സി. പൈപ്പുകൾ വഴി നേരിട്ട് വൃക്ഷങ്ങളുടെ കടയിലേക്ക് വെള്ളം എത്തിക്കുന്ന സമ്പ്രദായം പ്രചാരത്തിലായിരിക്കുന്നു. ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ എന്നീ രീതികൾ അവലംബിക്കുന്നുണ്ടെങ്കിലും പൊതുവെ തെങ്ങിന്റെ ജലസേചനത്തിന് ഈ രീതികൾ യോജിച്ചതല്ല.

## വെള്ളക്കെട്ട്

അതിവൃഷ്ടിയിൽ നിന്നുണ്ടാകുന്ന വെള്ളം അതിവേഗം പുഴയിലേക്കും കടലിലേക്കും ഒലിച്ചു ചേരുന്നു. പ്രകൃതിദത്തമായ ഈ സ്ഥിതിയെ തരണം ചെയ്യുവാൻ ധാരാളം കുളങ്ങളും വയലുകളും ഉണ്ടായിരുന്നത് നികത്തപ്പെട്ടതിനാൽ മഴ നിന്നാൽ വരൾച്ചയാണ് അനുഭവപ്പെടുന്നത്. തോടുകളും, നീർച്ചാലുകളും, വീതിയും ആഴവും കുറഞ്ഞ് നികന്നുപോയതിനാൽ അതിവൃഷ്ടിയിൽ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നു. ഇത് കൃഷി നാശത്തിന് വഴിയൊരുക്കുന്നു.

## രോഗങ്ങൾ

കൂമ്പുചീയൽ, ഓല ചുരുളൽ, മഞ്ഞളിപ്പ്, ചെന്നീർ ഒലിപ്പ്, വേരു ചീയൽ എന്നീ രീതികളിൽ കാണുന്ന കാറ്റുവീഴ്ച രോഗമാണ് പൊതുവായി കാണപ്പെടുന്നത്. കൃഷിഭവൻ സർവ്വേപ്രകാരം 22%ത്തോളം വരുന്ന രോഗബാധിത തെങ്ങുകൾ ഉടനെ മുറിച്ചു മാറ്റേണ്ടവയാണ്.

പട്ടിക - 3

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | രോഗങ്ങൾ ബാധിച്ച ആകെ തെങ്ങ് | രോഗം ബാധിച്ച തെങ്ങ് % |
|---|---|---|---|---|---|---|
| 1 | 67.64 | 2120 | 28236 | 30356 | 163.35 | 53.8 |
| 2 | 94.96 | 7683 | 22805 | 30488 | 5686 | 18.64 |
| 3 | 158.90 | 5381 | 21075 | 26456 | 7309 | 27.6 |
| 4 | 68.53 | 4968 | 14746 | 19714 | 3809 | 19.3 |
| 5 | 92.40 | 6484 | 18439 | 24923 | 1753 | 7 |
| 6 | 80.07 | 5345 | 16046 | 21391 | 6685 | 31.3 |
| 7 | 108.35 | 10256 | 22087 | 32343 | 7917 | 24.4 |
| 8 | 60.90 | 3404 | 10891 | 14295 | 724 | 5 |
| 9 | 56.92 | 3370 | 12260 | 15630 | 745 | 4.7 |
| 10 | 92.07 | 4507 | 14360 | 18867 | 487 | 2.6 |
| ആകെ | 880.74 | 53518 | 1,80,945 | 2,34,463 | 51,450 | 22 |

*അവലംബം : കൃഷി ഭവൻ സർവ്വേ 1996.*

281

രോഗബാധിത തെങ്ങുകളുടെ എണ്ണം കിഴക്കൻ ഭാഗങ്ങളിൽ അതിവേഗം കൂടിക്കൊണ്ടിരിക്കുമ്പോഠം കടലോരങ്ങളിൽ താരതമ്യേന കുറവാണ്. കൊമ്പൻ ചെല്ലി, എലി എന്നിവയുടെ ആക്രമണം തെങ്ങിൻെറ ആരോഗ്യത്തേയും വിളവിനേയും കാര്യമായി ബാധിക്കുന്നു.

## കീടനാശിനി

ഏതാനും ചില കർഷകർ കീടനാശിനികഠം ഉപയോഗിക്കുന്നതല്ലാതെ പഞ്ചായത്തിലുടനീളം കീടനിയന്ത്രണം ഒരു പദ്ധതിയായി നടക്കുന്നില്ല.

പട്ടിക - 4

| സ്ഥാപനത്തിൻെറ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം കി. ഗ്രാം. | കീടനാശിനി | | രാസവളം കി. ഗ്രാം. | കീടനാശിനി | | രാസവളം കി. ഗ്രാം. | കീടനാശിനി | |
| | | ദ്രാവ കി.ഗ്രാം. | ഖരം കി.ഗ്രാം. | | ദ്രാവ കി.ഗ്രാം. | ഖരം കി.ഗ്രാം. | | ദ്രാവ കി.ഗ്രാം. | ഖരം കി.ഗ്രാം. |
| സഹകരണം | - | - | - | - | - | 114.6 | 19,905 | - | - |
| സ്വകാര്യം | 2599 | - | - | 12750 | - | - | 3100 | - | 1000 |

## കമുക്

കമുക്, തെങ്ങിനോടൊപ്പം ഒരു ഇടവിളയായാണ് കൃഷിചെയ്യുന്നത്. ഉപ്പുവെള്ളം ഉള്ളതിനാൽ കിഴക്കും പടിഞ്ഞാറും ഭാഗങ്ങഠം കമുക് കൃഷിക്കനുയോജ്യമല്ല. പ്രതിവർഷം ഒരു കമുകിൽ നിന്നും 100 അടയ്ക്കയെങ്കിലും ലഭിക്കുന്നു. ഓലക്കേട് എന്ന രോഗം ചിലയിടങ്ങളിൽ കാണുന്നുണ്ട്. കീടനാശിനി പ്രയോഗം ഇല്ലെന്നു തന്നെ പറയാം. നല്ല രീതിയിൽ കമുകു കൃഷി നടത്തുന്ന അപൂർവ്വം കർഷകരുണ്ട്.

ആകെ കമുകിൻെറ എണ്ണം 84165 (കാർഷിക സെൻസസ് 91)

## നെൽകൃഷി

ആകെയുള്ള ഭൂവിസ്തൃതിയിൽ 27.4 ഹെക്ടർ സ്ഥലം മാത്രമാണ് വയൽ പ്രദേശമായി കിടക്കുന്നത്. ഇതിൽ 4 ഹെക്ടർ സ്ഥലത്തുമാത്രമാണ് നെൽകൃഷി നിലവിലുള്ളത്. ബാക്കിയുള്ള സ്ഥലത്തിൽ തെങ്ങുകൃഷിക്കായി കുനയിട്ടതും ഭവനനിർമ്മാണത്തിനായി നികത്തിയവയും, തരിശായി കിടക്കുന്നവയും ഉഠംപ്പെടുന്നു.

പട്ടിക - 5

| വാർഡ് | ഏലകഠം | വിസ്തീർണ്ണം (ഹെക്ടർ) | കർഷക കുടുംബ ങ്ങഠം (എണ്ണം) |
|---|---|---|---|
| 1മുതൽ 3 | 1,3, വാർഡുകളിലെ വിവിധ ഭാഗങ്ങളിലായി | 2 | 7 |
| 5-6 | പള്ളിപ്പാടം | 6 | 19 |
| 5-6 | പുഞ്ചപ്പാടം | 3 | 12 |
| 5 | അച്ചംകണ്ടം | 2 | 8 |
| 10-8 | വെട്ടിയത്ത് നിലം | 2.4 | 4 |
| 8-10 | പാറെക്കാട്ടുനിലം | 3.2 | 14 |
| 10 | പ്രാതലി നിലം | 2 | 6 |
| 7 | പുഞ്ചപാടം | 4.8 | 20 |
| 7 | പട്ടാണിനിലം | 2 | 10 |
| | ആകെ | 27.4 | 100 |

*അവലംബം : ബേസിക് ഡാറ്റ രജിസ്റ്റർ കൃഷിഭവൻ*

പഴയകാലം മുതൽ മുണ്ടകൻ കൃഷിയായിരുന്നു വ്യാപകമായി ഉണ്ടായിരുന്നത്. 1970കളോടുകൂടി നെൽപാടങ്ങളുടെ വിസ്തൃതി അതിവേഗം കുറയുന്ന പ്രവണത ആരംഭിച്ചു. ജന്മികുടിയാൻ ബന്ധത്തിൽ വന്ന മാറ്റം, അനാകർഷകമായ 'പതമ്പ്' സമ്പ്രദായത്തോട് കർഷകതൊഴിലാളികഠംക്കുണ്ടായിരുന്ന വൈമുഖ്യം മറ്റു കാർഷിക വിളകളെ അപേക്ഷിച്ച് തെങ്ങിന് കുറഞ്ഞ പരിചരണമേ ആവശ്യമുള്ളു എന്നതും നെൽകൃഷിയുടെ തകർച്ചയ്ക്ക് കാരണമാണ്.

## കൊണ്ടൽ കൃഷി

പരമ്പരാഗതമായി മകരക്കൊയ്ത്തു കഴിഞ്ഞാൽ വയലുകളിൽ എള്ള്, മത്തൻ, കുമ്പളം, വെള്ളരി, കുമ്മട്ടി, കക്കിരി, കയ്പ, ചീര, വിവിധതരം പയർ ഇനങ്ങഠം തുടങ്ങിയവ കൃഷി ചെയ്തിരുന്നു. ഈ കൃഷിരീതി കൊണ്ടൽ കൃഷി എന്നാണ് അറിയപ്പെട്ടിരുന്നത്. നെൽകൃഷിയിൽ നിന്നും മറ്റു വിളകളിലേക്കുള്ള മാറ്റത്തോടെ കൊണ്ടൽകൃഷിയും നാമാവശേഷമായി.

## ഇടവിളകഠം

കാലങ്ങളായി മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, കൂർക്ക, മധുര കിഴങ്ങ്,

282

വാഴ, പപ്പായ, ചീര, പയറു വർഗ്ഗങ്ങാം, കുരുമുളക് എന്നിവ ഇടവിളയായി കൃഷി ചെയ്തിരുന്നു. ഇതിൽ പല വിളകളും അപ്രത്യക്ഷമായിരിക്കുന്നു. ഇപ്പോാം ജാതി, ഗ്രാംപൂ എന്നിവ ഇടവിളകളായി കൃഷി ചെയ്തുവരുന്നുണ്ട്.

## വിപണനം

കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് വിപുലമായ സംവിധാനം ഇന്ന് നിലവിലുണ്ട്. മുഖ്യവിളയായ നാളികേരത്തിന്റെ വിലനിലവാരം തികച്ചും അസ്ഥിരമാണ്.

### പട്ടിക - 6

### വിലനിലവാരം - വെളിച്ചെണ്ണ

| വർഷം | ക്വിൻറലിന് വില രൂപയിൽ |
|---|---|
| നവംബർ 1991 | 5190 |
| ഒക്ടോബർ 1992 | 4900 |
| ഏപ്രിൽ 1993 | 4225 |
| മെയ് 1993 | 3650 |
| ജനുവരി 1994 | 3260 |
| മാർച്ച് 1994 | 3010 |

അടയ്ക്ക, പഞ്ഞ, കശുവണ്ടി, കൊടംപുളി മുതലായവയ്ക്ക് ഇപ്പോൾ താരതമ്യേന ഭേദപ്പെട്ട വില ലഭിക്കുന്നുണ്ട്. മുഖ്യകാർഷികോല്പന്നമായ വെളിച്ചെണ്ണ പ്രധാനമായും വ്യാവസായിക ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്. ഈ വ്യവസായങ്ങളത്രയും സംസ്ഥാനത്തിന് പുറത്ത് കേന്ദ്രീകരിച്ചിരിക്കുന്നു. ആയതിനാൽ വില നിലവാരം വ്യാവസായിക താല്പര്യത്തിനനുസരിച്ചാണ് നിയന്ത്രിക്കപ്പെടുന്നത്. പ്രാദേശികമായി സംസ്കരണ വിപണനരംഗങ്ങളിൽ സഹകരണമേഖലയുടെ അഭാവംമൂലം സ്വകാര്യവ്യക്തികളുടെ അമിതമായ ചൂഷണം പ്രകടമാണ്.

## പ്രതിസന്ധി

എഴുപതുകളുടെ മധ്യത്തോടുകൂടി തെങ്ങുകൃഷിയിലേക്കുള്ള മാറ്റം വ്യാപകമായതോടെ നെൽകൃഷിയും കൊണ്ടൽകൃഷിയും ഏതാണ്ട് നാമാവശേഷമായി. ക്രമേണ പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന ഇടവിളകളും അപ്രത്യക്ഷമാകാൻ തുടങ്ങി. തെങ്ങിന്റെ എണ്ണവും ഉൽപാദനക്ഷമതയും വർദ്ധിച്ചതിലൂടെ ഉൽപാദനം താൽക്കാലികമായി വർദ്ധിച്ചു. വയൽ നികത്തിലൂടെ രൂപം കൊണ്ട വെള്ളക്കെട്ട്, വ്യാപകമായ തെങ്ങുരോഗം, വില നിലവാരത്തിന്റെ അസ്ഥിരത എന്നിവ തെങ്ങ് കൃഷിയെ പ്രതികൂലമായി ബാധിക്കാൻ തുടങ്ങി. ഉൽപാദനചിലവിലും കൂലിയിലുമുള്ള വർദ്ധനവിനനുസരിച്ച് ഉത്പാദനം വർദ്ധിക്കാതായ സാഹചര്യം കൃഷിയിലുള്ള താൽപര്യം കുറക്കുന്നതിന് വഴിവെച്ചു.

### പട്ടിക - 7

| തേങ്ങ എണ്ണം | കിട്ടുന്ന വില രൂ. | കാർഷിക വൃത്തി കൂലി രൂ. | വളം രൂ. | ജലസേചനം രൂ. | സംരക്ഷണം രൂ. | നികുതി രൂ. | മിച്ചം രൂ. |
|---|---|---|---|---|---|---|---|
| 50 | 225.00 | 41.50 | 105.00 | 30.00 | 12.50 | 0.15 | 38.85 |

*അവലംബം : ഗ്രാമസഭാചർച്ചകൾ*

ഇതിന്റെ ഫലമായി കാർഷികമേഖലയിലെ തൊഴിൽ ദിനങ്ങാം കാര്യമായി കുറഞ്ഞു. കർഷക തൊഴിലാളികാം കെട്ടിട നിർമ്മാണം പോലുള്ള മേഖലകളിലേക്ക് ചേക്കേറിയിരിക്കുന്നു. കൃഷിഭൂമിയുടെ പൂർണ്ണമായ സാധ്യത ഉപയോഗിക്കാൻ ഇപ്പോാം നമുക്ക് കഴിയുന്നില്ല. ഭാഗികമായും ചിലയിടങ്ങളിൽ പൂർണ്ണമായും കൃഷിഭൂമി തരിശിടുന്നു. നമ്മുടെ ജീവിതത്തിലും സമ്പദ്ഘടനയിലും കാർഷികമേഖലയ്ക്കുള്ള പങ്ക് ഭയാനകമായി കുറഞ്ഞിരിക്കുന്നു. തൊഴിലില്ലായ്മ രൂക്ഷമായി നിലനിൽക്കുകയും ചെയ്യുന്നു. കൃഷിയെ അവഗണിക്കും തോറും നമ്മുടെ ജീവിതത്തിലേക്കും, സാംസ്കാരത്തിലേക്കും കൂടി "തരിശ്" പടരുകയാണ്.

## കൃഷിഭവൻ

1987ൽ എല്ലാ പഞ്ചായത്തുകളിലും കൃഷിഭവൻ സ്ഥാപിതമായതോടെ പെരിഞ്ഞനം പഞ്ചായത്തിലും അതിന്റെ പ്രവർത്തനം ആരംഭിച്ചു. 8-ാം പദ്ധതി കാലയളവിൽ കൃഷിഭവൻ വിവിധ സ്കീമുകാം വഴി ചിലവുചെയ്ത തുകയെ സംബന്ധിച്ച വിവരങ്ങാം താഴെ കൊടുത്തിരിക്കുന്നു. (പട്ടിക 8)

കാർഷികമേഖലയിൽ കൃഷിഭവൻ നടത്തുന്ന പ്രവർത്തനങ്ങളിൽ പല ഉപാധികളും കർഷകനെ ബുദ്ധിമുട്ടിപ്പിക്കുന്നതാണ്. സമഗ്രനാളികേര വികസന പദ്ധതിയുടെ ഭാഗമായുള്ള ലോൺ ലിങ്ക്ട് സബ്സിഡി ലഭിക്കണമെങ്കിൽ ബാങ്കുകാം സാമ്പത്തിക സഹായം തരേണ്ടതുണ്ട്. അതില്ലാത്തതിനാൽ 60,000 രൂപയോളം ചിലവഴിക്കുവാൻ സാധിച്ചിട്ടില്ല.

രോഗബാധിത തെങ്ങുകാം വെട്ടിമാറ്റുന്നതിന് അനുവദിച്ച നാമമാത്രമായ തുക, ശാസ്ത്രീയ കമ്പോസ്റ്റ് കുഴികാംക്ക് കേവലം ഇരുപത്തഞ്ച് രൂപമാത്രം സബ്സിഡി നല്കുന്ന സ്ഥിതി, പ്രദേശങ്ങളെ മനസ്സിലാക്കാതെ കാർഷികോപകരണങ്ങാം വിതരണം ചെയ്യുന്ന സമ്പ്രദായം, കീടനാശിനി പ്രയോഗത്തിന് ആവശ്യമായ പണം ഉാംക്കൊള്ളിക്കാത്തത്, അകാലങ്ങളിൽ പട്ടിക ജാതി, പട്ടിക വർഗ്ഗവിഭാഗത്തിന് വളം വിതരണം നടത്തുന്നത് മുതലായവ.

# നടപ്പ് പദ്ധതി അവലോകനം

പട്ടിക-8

| പദ്ധതിയുടെപേര് | വർഷം | | | |
|---|---|---|---|---|
| | 1992-93 | 1993-94 | 1994-95 | 1995-96 |
| സമഗ്രനാളികേരവികസനപദ്ധതി | | 1,92,600 (1992-94 കൂടി) | | 1,25,000 |
| രോഗബാധിത തെങ്ങ് വെട്ടിമാറ്റൽ | 3,67,800 (1992-94 കൂടി) | | | 1,30,000 |
| പ്രധാനമന്ത്രിയുടെ പ്രത്യേക ജലസേചന പദ്ധതി | | | | |
| ജൈവ വള വികസന പദ്ധതി | 19,175 | | | |
| ഗ്രൂപ്പ് മാനേജ്മെൻറ് - സ്കീം | 1,12,896 (1992-94 കൂടി) | | | |
| സമഗ്രസുഗന്ധവിള വികസന പദ്ധതി | | 14,000 (1993-96 കൂടി) | | |
| പ്രത്യേക ഘടക പദ്ധതി IHDP കോളനി | | | | 35, 500 |
| പ്രത്യേക ഘടക പദ്ധതി രാസവളം- SC/ST | | 33,206 | | |

അവലംബം : കൃഷിഭവൻ റിവ്യൂറിപ്പോർട്ട്

രാസവളം വിതരണം 1992-1996 : 80.50 ടൺ
പ്രകൃതിക്ഷോഭം 1990-1996 : 55,195 രൂപ
വിള ഇൻഷൂറൻസ് : 6000 രൂപ
ബയോഗ്യാസ് സബ്സിഡി : 2400 രൂപ

പട്ടിക 9

## വിവിധ പദ്ധതികൾ മുഖേന വിതരണം ചെയ്ത നടീൽ വസ്തുക്കൾ

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 150 | 115 | 464 |
| കശുമാവ് | - | - | - |
| കുരുമുളക് | - | 2000 | 7000 |
| കമുക് | - | 200 | 1350 |
| വാഴ | 2222 | - | 563 |
| മാവ് | 450 | - | 150 |
| ചേന | 5000 | - | 3800 |
| പയറ് | 1750 കി.ഗ്രാം | - | - |
| ഞാവൽ | - | 50 | 50 |
| സപ്പോട്ട | - | 30 | - |
| ചെറി | - | 60 | - |
| ചാമ്പ | - | 50 | - |
| ആത്തപഴം | - | 50 | 100 |
| നാരകം | - | - | 25 |
| നെല്ലി | - | - | 25 |
| ജാതി | - | 100 | 200 |
| ചീര | - | - | 172 (പാക്കറ്റ്) |
| പച്ചക്കറി | - | - | 1175 |

*അവലംബം: നടീൽ വസ്തു വിതരണ രജിസ്റ്റർ, കൃഷിഭവൻ.*

പട്ടിക 10

## ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| | കടൽക്ഷോഭം | കൊടുങ്കാറ്റ് | ഇടിമിന്നൽ | | |
| 1993-94 | 0.50 | 0.52 | 1.504 | 13 | 10,930 |
| 1994-95 | 2.132 | 2.496 | 2.48 | 14 | 8,700 |
| 1995-96 | 0.0124 | 8.178 | 0.0192 | 41 | 23,800 |

*അവലംബം: ദുരിതാശ്വാസ വിതരണ രജിസ്റ്റർ, കൃഷി ഭവൻ.*

285

## കേരവികസന സമിതി

1995 ജൂൺ 22 ന് പെരിഞ്ഞനം പഞ്ചായത്ത് കേരവികസന സമിതി രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചു. 1987ൽ പ്രവർത്തനമാരംഭിച്ച വാർഡ് തല കേരസംരക്ഷണ സമിതി ഇതിനു മുമ്പ് ഉണ്ടായിരുന്നു. ഈ രണ്ട് സമിതികളുടേയും ഉദ്ദേശ്യം കൃഷിഭവനെ സഹായിക്കുകയും നടപ്പാക്കുന്ന പദ്ധതികൾ സമിതിയുടെ നേതൃത്വത്തിൽ നടത്തുവാനുമായിരുന്നു. 1987മുതൽ 1991 വരെ വാർഡുതല കേരസംരക്ഷണ സമിതികൾ സജീവമായി പ്രവർത്തിക്കുകയും നടീൽ വസ്തുക്കൾ, കീടനാശിനികൾ തുടങ്ങിയവ സമിതിയുടെ മേൽനോട്ടത്തിൽ വിതരണം നടത്തുകയും ചെയ്തിരുന്നു. കേരവികസന സമിതി 1995ൽ നിലവിൽ വരുന്നതുവരെ വാർഡുതല കേരസംരക്ഷണ സമിതി ഉണ്ടായിരുന്നെങ്കിലും അതിന്റെ പ്രവർത്തനം കൃഷിഭവന്റെ സഹകരണമില്ലാതിരുന്നതിനാൽ നിർജ്ജീവമായിരുന്നു. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ 30 സെൻറ് ഭൂമിയും 25 തെങ്ങും ഉണ്ടാകണമെന്ന 1995ലെ കേരവികസന സമിതിയുമായി ബന്ധപ്പെട്ട സർക്കാർനിബന്ധന ഭൂരിപക്ഷം വരുന്ന കർഷകർക്ക് ഗുണകരമായിരുന്നില്ല. ഗവൺമെൻറിന്റെ ഉത്തരവു പ്രകാരം ഈ സമിതി ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

## പ്രശ്നങ്ങൾ

1. തെങ്ങുകൃഷിയിലേക്കുള്ള വ്യാപകമായ മാറ്റം നെല്ല് കൊണ്ടൽ കൃഷി എന്നിവ ഇല്ലാതാക്കി.
2. വ്യാപകമായ വയൽ നികത്തൽ വർഷക്കാലത്ത് വെള്ളക്കെട്ടുണ്ടാക്കുകയും തെങ്ങിന്റെ ഉൽപാദനത്തെ ബാധിക്കുകയും ചെയ്യുന്നു.
3. റോഡുകളുടെ നിർമ്മാണത്തോടു കൂടി സുഗമമായ നീരൊഴുക്കിന് സഹായിച്ചിരുന്ന തോടുകൾ ഇല്ലാതായി.
4. നികത്താൻ കഴിയാത്ത പഴയ നെൽപ്പാടങ്ങളിൽ ഭൂരിഭാഗവും തരിശായി കിടക്കുന്നു.
5. 1,3 വാർഡുകളിൽ കനോലി കനാലിന്റെ തീരത്ത് ഉപ്പുവെള്ളത്തിന്റെ ആക്രമണം.
6. കനോലി കനാലിൽ നിന്നും മണ്ണ് കോരുന്നതിന് വേണ്ട നിയന്ത്രണം ഇല്ലായ്മ.
7. കാറ്റുവീഴ്ച രോഗങ്ങൾക്ക് അടിമപ്പെട്ട 22% തെങ്ങുകൃഷി ക്രമേണ നശിച്ചുകൊണ്ടിരിക്കുന്നു.
8. വ്യാപകമായ വെള്ളക്കെട്ട്, രോഗങ്ങൾ, ജൈവവളത്തിന്റെ ഉപയോഗക്കുറവ് എന്നിവ തെങ്ങിന്റെ ഉത്പാദനം കുറച്ചിരിക്കുന്നു.
9. തെങ്ങിൻതോട്ടത്തിലെ ഇടവിളകളായിരുന്ന ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി, കൂർക്ക, മധുരക്കിഴങ്ങ്, പപ്പായ, പയർവർഗങ്ങൾ, കുരുമുളക് എന്നീ പരമ്പരാഗതമായി കൃഷി ചെയ്തുവന്നിരുന്നവ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അപൂർവ്വം കൃഷി ചെയ്യുന്നവരിൽ കീടാക്രമണം വ്യാപകമായി കാണുന്നു.
10. ഭൂമിയിലെ ജൈവാംശം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.
11. ജൈവവളപ്രയോഗത്തിൽ സസ്യഭാഗങ്ങൾക്കുള്ള പങ്ക് കുറഞ്ഞുവരുന്നു.
12. ചില പ്രത്യേക കാലങ്ങളിൽ കർഷക തൊഴിലാളി ക്ഷാമം അനുഭവപ്പെടുന്നു.
13. വർദ്ധിച്ചു വരുന്ന ഉൽപാദന ചെലവിനും കൂലിവർദ്ധനവിനും അനുസരിച്ച് ഉൽപ്പന്നങ്ങളുടെ വില വർദ്ധിക്കാതിരിക്കൽ.
14. ഉൽപ്പന്നങ്ങളുടെ വിലയുടെ അസ്ഥിരത.
15. സംയോജിതവും വ്യാപകവുമായ കീടനാശിനി പ്രയോഗത്തിന്റെ കുറവ്.
16. കൊടുംവേനലിലെ ജലക്ഷാമം.
17. 30സെൻറിൽ താഴെ ഭൂമിയുള്ള കൃഷിക്കാർക്ക് ജലസേചനത്തിന് പമ്പുസെറ്റുകളുടെ ലഭ്യതയിലുള്ള നിയന്ത്രണം.
18. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം.
19. കാർഷിക വിളകളുടെ ഉൽപ്പാദന സംഭരണ വിപണന രംഗത്തെ സഹകരണമേഖലയുടെ അഭാവം.
20. കൃഷിഭവൻ വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളുടെ ഗുണമേന്മക്കുറവ്
21. പ്രാദേശിക നഴ്സറികളുടെ അഭാവം.
22. പ്രാദേശികമായി മണ്ണു പരിശോധിക്കുവാനുള്ള സംവിധാനം ഇല്ല.
23. കൃഷിഭവനുമായി ബന്ധപ്പെട്ട ജനകീയ കമ്മറ്റിയുടെ പ്രവർത്തനം ഇല്ലായ്മയും വാർഡുതല കമ്മറ്റികളുടെ അഭാവവും.
24. കൃഷിഭവൻ വഴി നടപ്പാക്കുന്ന പദ്ധതികൾ പ്രദേശികമായ ആവശ്യങ്ങൾക്കും പ്രത്യേകതകൾക്കുമനുസരിച്ച് രൂപപ്പെടുത്താതിരിക്കുകയും ക്രമീകരിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതി.
    - സ്കീമുകളുമായി ബന്ധപ്പെട്ട ലോണുകൾ ബാങ്കുകൾ നൽകുന്നില്ല.
    - രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് അനുവദിച്ച നാമമാത്രമായ തുക.
    - ശാസ്ത്രീയമായ കമ്പോസ്റ്റു കുഴികൾക്ക് 25 രൂപ സബ്സിഡി നൽകുന്ന സ്ഥിതി.
    - പ്രദേശങ്ങളെ മനസ്സിലാക്കാതെ കാർഷികോപകരണങ്ങൾ വിതരണം ചെയ്യുന്നു.
    - കീടനാശിനി പ്രയോഗത്തിൽ ആവശ്യമായ പണം ഉൾക്കൊള്ളിക്കുന്നില്ല.
    - അകാലങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് വളം വിതരണം ചെയ്യുന്നു.

## സാധ്യതകൾ, നിർദ്ദേശങ്ങൾ

1. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ നീരൊഴുക്കിന് തടസ്സം വരാത്ത രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. തോടുകൾ സംരക്ഷിക്കുന്നതിൻെറ ഭാഗമായി അതാതു പ്രദേശത്തുള്ളവരുടെ അദ്ധ്വാനത്തിലൂന്നി അറ്റകുറ്റ പണികൾ നടത്തുകയും പഴയതോടുകൾ നികത്താനുള്ള പ്രവണതയ്ക്ക് അറുതി വരുത്തേണ്ടതുമാണ്. 5,6,7 വാർഡുകളിൽ നിലവിലുള്ള തോടുകൾ പെരുംതോടുമായി ബന്ധിപ്പിക്കുകയും, ഉപ്പുവെള്ളം കയറാതിരിക്കുന്നതിന് പ്രദേശത്തിൻെറ ഉയർച്ച താഴ്ച അനുസരിച്ച് ഇടവിട്ട് ചീപ്പിടുകയും ചെയ്യുക. അങ്ങിനെ സംഭരിക്കുന്ന ജലം ജലസേചനത്തിന് ഉപയോഗിക്കാവുന്നതിനോടൊപ്പം തന്നെ പെരുംതോട്ടിൽ കൂട്ടായ്മ അടിസ്ഥാനത്തിൽ മത്സ്യക്കൃഷി കൂടി ചെയ്യാവുന്നതാണ്.

2. പാടങ്ങളിൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ ഗ്രൂപ്പടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്താവുന്നതാണ്. വിപണനത്തിന് സഹകരണാടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കേണ്ടതാണ്.

3. രണ്ടോ മൂന്നോ ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി, മത്സ്യ കൃഷി (കുളം നിർമ്മിച്ച്), കമ്പോസ്റ്റു നിർമ്മാണം എന്നിവ സംയോജിതമായി പരീക്ഷണാടിസ്ഥാനത്തിൽ നടത്താവുന്നതാണ്.

4. ഇടവിളകൃഷിക്ക് പണ്ടത്തെപ്പോലെ ഇന്നും ഏറെ സാധ്യതകൾ നിലനിൽക്കുന്നു. പഞ്ചായത്തടിസ്ഥാനത്തിൽ കൃഷിഭവൻേറയും സഹകരണ മേഖലയുടെയും മേൽനോട്ടത്തിൽ വിത്തുകൾ ശേഖരിച്ച് വിതരണം നടത്തുകയും ആവശ്യമെങ്കിൽ വളവും കീടനാശിനിയും എത്തിക്കുകയും ചെയ്താൽ പരമ്പരാഗത ഇടവിളകളും പച്ചക്കറികളും വ്യാപകമായി കൃഷി ചെയ്യുവാൻ സാധിക്കും. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ അടിഞ്ഞു കൂടുന്ന മാലിന്യങ്ങൾ സംഭരിച്ച് കമ്പോസ്റ്റുണ്ടാക്കി ജൈവവള പ്രയോഗം നടത്തുവാനും കഴിയും.

5. ഔഷധ സസ്യ വളർത്തൽ - കുറുന്തോട്ടി, പൂവാംകുറുന്നില, ചിറ്റമൃത്, നറുനീണ്ടി, ആടലോടകം, ബ്രഹ്മി, തഴുതായ്മ തുടങ്ങി നമുക്ക് അന്യം നിന്നുകൊണ്ടിരിക്കുന്ന ഔഷധ സസ്യങ്ങൾ നിലനിർത്താനും സംരക്ഷിക്കാനുമുള്ള പ്രവർത്തനം അനിവാര്യമാണ്.

6. പുഷ്പക്കൃഷി - ആഭ്യന്തര മാർക്കറ്റിലും, വിദേശ മാർക്കറ്റിലും വിപണന സാദ്ധ്യതയുള്ള പുഷ്പകൃഷി വ്യാപകമായിട്ടില്ല. ചുരുക്കം വ്യക്തികൾ ലാഭകരമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൻെറ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പുഷ്പക്കൃഷി വ്യാപനത്തിനുള്ള പദ്ധതികൾ രൂപം കൊടുക്കാവുന്നതാണ്.

7. ചേറ്റുവാ അഴിമുഖത്തുനിന്നും, കൊടുങ്ങല്ലൂർ കായലിൽ കൂടിയും കനോലി കനാലിലേക്ക് ഉള്ള ഉപ്പുവെള്ള പ്രവാഹത്തെ തടഞ്ഞു നിർത്തുന്നതിന് ചേറ്റുവയിലും വള്ളിവട്ടത്തും രണ്ട് ബണ്ടുകൾ നിർമ്മിച്ച് സംരക്ഷിക്കുകയും, ജലക്ഷാമ സമയത്ത് ചാലക്കുടി പുഴയിലും, ചിമ്മിനി ഡാമിലുമുള്ള അധിക ജലം കനോലി കനാലിലേക്ക് വരുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക. ഇതുമൂലം 1,3, വാർഡുകളിലെ ശുദ്ധ ജല ക്ഷാമം പരിഹരിക്കുന്നതിനും നെൽകൃഷി പുനരാരംഭിക്കുവാനും സാധിക്കും.

8. ജൈവവളത്തിന് പരമ്പരാഗതമായി ആശ്രയിച്ചിരുന്ന മാവ്, പ്ലാവ്, അയനി, മറ്റു സസ്യലതാദികൾ എന്നിവ സംരക്ഷിക്കപ്പെടേണ്ടതാണ്. ഇതിൻെറ ഭാഗമായി 50സെൻറിനു മുകളിൽ ഭൂമി കൈവശമുള്ളവർ രണ്ടു സെൻറു സ്ഥലത്തെങ്കിലും ഇവ നട്ടു വളർത്തി ചെറിയ കാടുപോലെ സംരക്ഷിക്കാൻ ശ്രമിക്കേണ്ടതാണ്. മതിലുകെട്ടി അതിർത്തി സംരക്ഷിക്കുന്നതിനു പകരം സസ്യ വേലികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

9. കൃഷിയും മൃഗസംരക്ഷണവും പരസ്പരം ബന്ധപ്പെടുത്തുക വഴി മാടു വളർത്തൽ വിപുലമാക്കാവുന്നതാണ്. ഇതിൻെറ ഭാഗമായി ലഭിക്കുന്ന ചാണകം വളമായും ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുക വഴി ഇന്ധനമായും ഉപയോഗിക്കാവുന്നതാണ്. ആവശ്യമായ തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിലൂടെ കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവ് നേരിടാവുന്നതാണ്. ഈ പദ്ധതി തുണ്ടു ഭൂമി കൈവശമുള്ളവർ കൂട്ടായ്മയോടു കൂടി പ്രവർത്തിച്ചാൽ വൻവിജയമാക്കാൻ സാധിക്കും.

10. കാറ്റുവീഴ്ച രോഗ നിർമ്മാർജ്ജനം സാദ്ധ്യമല്ലാ എന്നുണ്ടെങ്കിൽ കർഷകർക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകി പച്ചക്കറി കൃഷി കവുങ്ങു കൃഷി, ഔഷധസസ്യ കൃഷി, ഉദ്യാനക്കൃഷി തുടങ്ങിയ മേഖലകളിലെ പുതിയ സാദ്ധ്യതകൾ ഉപയോഗിക്കാനുള്ള പദ്ധതികൾ ഉണ്ടാകേണ്ടതാണ്.

11. ജലസേചനത്തിന് ഒരു കൂട്ടായ്മയുണ്ടാക്കി 5മുതൽ 10 വീട്ടുകാർക്ക് ഒരു പമ്പുസെറ്റ് എന്ന ക്രമത്തിൽ പമ്പ് ഉപയോഗിക്കുന്നതിനുള്ള വൈദ്യുത കണക്ഷൻകൊടുക്കുകയും ആവശ്യമായ സാമ്പത്തികസഹായം നൽകേണ്ടതുമാണ്.

12. ചെറുകിട കർഷകർക്ക് ടില്ലറുകൾ മുതലായ യന്ത്രസാമഗ്രികൾ വിതരണം ചെയ്ത് കർഷക തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കാം.


13. കാർഷികമേഖലയിൽ പണിയെടുക്കുന്നവരുടെ വൈദഗ്ദ്ധ്യക്കുറവ് പരിഹരിക്കാൻ ആവശ്യമായ പരിശീലനക്ലാസ്സുകൾ നടത്താം.


14. മണ്ണു പരിശോധന, പഞ്ചായത്തു പ്രദേശത്തുതന്നെ നടക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുക.

15. പഞ്ചായത്തു സർവ്വീസ് സഹകരണ ബാങ്ക് കർഷകരുടെ പങ്കാളിത്തത്തോടെ നാളികേരം സംഭരിക്കാനും സംസ്കരിക്കാനും വ്യാപാരത്തിൽ ഇറങ്ങി കർഷകരെ സഹായിക്കാനും ശ്രമിക്കേണ്ടതുണ്ട്. രാസവളം, കീടനാശിനി വ്യാപാരത്തിൽ ബാങ്കിൻെറ സാന്നിദ്ധ്യം ആവശ്യമാണ്. കാർഷിക ലോണുകൾ ഉദാരമായി നൽകുവാനും തിരിച്ചടവ് ഉൽപ്പന്നങ്ങളായി വാങ്ങുവാനും കഴിയേണ്ടതാണ്.

16. പരമ്പരാഗത വിളയിനങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന പ്രാദേശിക നേഴ്സറികൾക്ക് സാധ്യതയുള്ളതും പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

17. കൃഷിഭവനുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ജനകീയ സമിതികളായിരിക്കണം. ആവശ്യമായ പരസ്യത്തിന് റേഷൻ കടകളെ ഉപയോഗിക്കാവുന്നതാണ്. □





# മത്സ്യബന്ധനം, മൃഗസംരക്ഷണം

**പെരിഞ്ഞനം** പഞ്ചായത്തിൻെറ കിഴക്കേ അതിർത്തി 4.5 കിലോമീറ്റർ നീളത്തിൽ 9.0447 ഹെക്ടർഭാഗം പുഴയും പടിഞ്ഞാറെ അതിർത്തി 1.9 കിലോമീറ്റർ നീളത്തിൽ കടലുമാണ്. പടിഞ്ഞാറെ തീരദേശത്ത് കടലിൽ നിന്ന് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ് പ്രധാനമായും താമസിക്കുന്നത്. കാലങ്ങളായി ഇവർ ഈ തൊഴിലിൽ ഏർപ്പെട്ടുവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ പഞ്ചായത്തിൻെറ മൊത്തം കുടുംബങ്ങളുടെ ഉദ്ദേശം പത്തിൽ ഒന്നോളം വരും. സാമൂഹ്യമായും സാമ്പത്തികമായും ഭൂരിപക്ഷവും പിന്നോക്കാവസ്ഥയിൽ തന്നെയാണ്.

## പരമ്പരാഗത മത്സ്യബന്ധനരീതി

പണ്ടുമുതലെ വഞ്ചിയാണ് മത്സ്യബന്ധനത്തിന് കടലിൽ പോകാൻ ഉപയോഗിച്ചിരുന്നത്. 4 കള്ളികൾക്ക് 36 വണ്ണവും 12.5 ആശാരിക്കോൽ നീളവും ഇവയ്ക്കുണ്ടായിരുന്നു. ഈ നൂറ്റാണ്ടിൻെറ ആദ്യകാലംവരെയും കോരുവല ഉപയോഗിച്ചായിരുന്നു മത്സ്യബന്ധനം. പിന്നീട് വട്ടവല ഉപയോഗിച്ച് തുടങ്ങി. അഞ്ചുപേരടങ്ങുന്ന സംഘത്തിൽ നാലുപേർ തണ്ടുവലിച്ചും അമരക്കാരൻ എന്ന അഞ്ചാമൻ പങ്കായംകൊണ്ടു തുഴഞ്ഞും വഞ്ചി നിയന്ത്രിച്ചുകൊണ്ടുപോകുന്നു. വഞ്ചികളിൽ അമരക്കാരന് അക്കാലത്ത് പ്രത്യേകസ്ഥാനം ഉണ്ടായിരുന്നു. രണ്ടു വഞ്ചികൾ ചേർന്നായിരുന്നു വല ഉപയോഗിച്ച് പെയ്തിരുന്നത്. (മത്സ്യബന്ധനം നടത്തിയിരുന്നത്.)

പെരിഞ്ഞനത്ത് അന്ന് ഏതുകാലത്തും സുലഭമായി വിവിധ മത്സ്യത്തരങ്ങൾ കിട്ടുമായിരുന്നു. പ്രധാനമായും എല്ലാവിധ ചെമ്മീൻ തരങ്ങളും അയല, ചാള (മത്തി) കത്തിച്ചാള (കരിമത്തി) ചൂട,മാന്തൾ, മുള്ളൻ, താട, പരവ, തോടി, കോര, വേളൂരി, സ്രാവ്, ഏട്ട, തിരണ്ടി, ഐക്കൂറ, ആവോലി, മണങ്ങ്, അറിഞ്ഞിൽ, മാലാൻ, ചൂരക്കണ്ണി, കരളൻ ചാള, കണ്ണാത്തി, തളയാൻ, കുടുത, കൂന്തൽ, ഞണ്ട് എന്നിവ കിട്ടുമായിരുന്നു. ഞണ്ടും, കൂന്തലും അപൂർവ്വമായേ ഉപയോഗിച്ചിരുന്നുള്ളൂ. ഇവ വളത്തിനാണ് പ്രധാനമായും ഉപയോഗിച്ചിരുന്നത്.

ചിലയിനം മത്സ്യങ്ങൾ വെള്ളത്തിൽ പൂലപ്പ് കെട്ടുന്നതും, മാതി (കുമിളകൾ ഉണ്ടാക്കൽ), മറിയം (ചെള്ളകുത്തിക്കലക്കൽ), ബ്ലാക്കം (വട്ടത്തിൽ ചുറ്റുക), കൂമ്പൽ (ഉപരിതലത്തിലേക്ക് കുതിച്ച് ചാടുക) എന്നിവയും, വെള്ളത്തിൻെറ ഒഴുക്കും ചെറിയ മത്സ്യങ്ങളുടെ പിന്നാലെ വലിയ മത്സ്യങ്ങളുടെ വരവും കടൽപക്ഷികളുടെ സാന്നിദ്ധ്യവും കാറ്റിൻെറ ഗതി എന്നിവയും നോക്കി മത്സ്യ ഇനങ്ങളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നു. ഇവിടെനിന്നും മത്സ്യം കാവുകളിൽ കൊണ്ടുപോയി തൃശൂർ, ഇരിഞ്ഞാലക്കുട, ചാലക്കുടി എന്നീ പ്രദേശങ്ങളിൽ വിൽപന നടത്തിയിരുന്നു. മത്സ്യം പിടിച്ചിരുന്നവർ ആരുംതന്നെ അക്കാലത്ത് മത്സ്യം കൊണ്ടുപോയി വിൽപന നടത്തിയിരുന്നില്ല. ഇടത്തട്ടുകാർ എന്ന തരകുകാർ വലക്കാരന് (ഉടമസ്ഥന്) മുൻകൂട്ടി ചെറിയ സാമ്പത്തിക സഹായങ്ങൾ നൽകുകയും അങ്ങനെയുള്ള വഞ്ചികളിലെ മത്സ്യങ്ങൾ ഇടത്തട്ടുകാർ നിശ്ചയിക്കുന്ന വിലയ്ക്ക് കൊടുക്കുവാൻ ഉടമസ്ഥർ നിർബന്ധിതരുമായിരുന്നു. ഇത് ഒരുതരം ചൂഷണമായിരുന്നു. കൂടാതെ കാവുകാർക്ക് വിൽപനനടത്തി ബാക്കിവരുന്നമത്സ്യം ഇടത്തട്ടുകാർ നിസ്സാരവിലയ്ക്കുവാങ്ങി ചാപ്പകളിൽ (സംസ്കരണശാല)കൊണ്ടുവന്ന് കീറി ഉപ്പിട്ട് സൂക്ഷിക്കുന്നു.

സംസ്കരിച്ചെടുക്കുന്ന മത്സ്യങ്ങൾ വല്ലക്കെട്ടുകളിലാക്കി ആലുവ, കൊച്ചി തുടങ്ങിയ വിദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി വില്പന നടത്തിയിരുന്നു. അവിടേയും 10% മുതൽ 15% വരെ ദല്ലാൾ, ധർമ്മാവ്, മാർക്കറ്റ് എന്നീ പേരുകളിൽ ചൂഷണം ചെയ്യപ്പെട്ടിരുന്നു. ചാപ്പയിൽ പുഴുങ്ങി ഉണക്കി തല്ലിയെടുത്ത വിവിധയിനം ചെമ്മീൻ പരിപ്പുകൾ, മണലിൽ തൂവി ഉണക്കിയെടുക്കുന്ന ചെറിയ ചെമ്മീൻ, നത്തൽ, കൂടാതെ സുലഭമായി ലഭിച്ചുവരുന്ന ഒട്ടുമിക്ക മത്സ്യങ്ങളും ബർമ്മ, സിംഗപ്പൂർ, മദ്രാസ്, സിലോൺ എന്നിവിടങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. ചാപ്പകളിൽ ഉപയോഗം കഴിഞ്ഞ് ബാക്കി വരുന്നത് വളമായി ഉപയോഗിച്ചുവന്നു. അപൂർവ്വമായി കാണുന്ന പ്രതിഭാസമായ ചാകര ഈ മേഖലയിൽ പണ്ടുമുതൽക്കേ നിലവിലുണ്ട്. ജീവിതത്തിൻെറ മുൾമുനയിൽ നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ചെറിയ ആശ്വാസം ഇതുതന്നെയാണ്.

## ആധുനികവത്ക്കരണത്തിൻെറ ഭാഗമായി വന്ന മാറ്റങ്ങൾ

മത്സ്യബന്ധനരീതികളിൽ കാലാകാലങ്ങളിൽ മാറ്റങ്ങളുണ്ടായിട്ടുണ്ട്. 1920കളോടുകൂടി കോരുവലകൾക്ക് പകരം വട്ടവലകൾ എത്തി. കോരുവലയുടെ പരിഷ്കരിച്ചപതിപ്പാണ് വട്ടവല. 8 മി.മീ. മുതൽ 36 മി. മീ. വരെ കണ്ണിവലുപ്പം ഉള്ള വലകൾ ഈ ഇനത്തിൽ ഉണ്ടായിരുന്നു.

പട്ടിക-1

| വലയുടെ പേർ (വട്ടവല) | കണ്ണിയകലം | |
|---|---|---|
| അയലവല | 36 m.m. | 3 വിരൽ വണ്ണം |
| ചാളവല | 28 m.m. | 1 തള്ളവിരൽ വണ്ണം |
| പറ്റുവല | 22 m.m. | 1 ചെറുവിരൽ വണ്ണം |
| ചൂടവല | 12 m.m. | ഈർക്കിൽ വണ്ണം |

ഈ വലകളെല്ലാം കോട്ടൺനൂലിൽ ആണ് നിർമ്മിച്ചിരുന്നത്. പ്രാദേശികമായി മത്സ്യത്തൊഴിലാളിസ്ത്രീകൾ ആയിരുന്നു നൂൽ ഉണ്ടാക്കിയിരുന്നത്. നൂലിന്റെ കഴികൾ വാങ്ങി വെള്ളത്തിൽ ഇട്ട് പശ കളഞ്ഞശേഷം തിരുവാട് പമ്പരത്തിൽ ഇട്ട് വിവിധവലകൾക്ക് ഉള്ള നൂലുകൾ പിരിച്ചെടുക്കാനും അതുപയോഗിച്ച് വിവിധ ഇനം വലകൾ കെട്ടിയുണ്ടാക്കാനും പ്രാദേശികമായിത്തന്നെ കഴിഞ്ഞിരുന്നു. വല താഴുന്നതിന് ഇന്നുപയോഗിക്കുന്ന ലെഡിന് പകരം കല്ലുകളാണ് അന്നുപയോഗിച്ചിരുന്നത്.

1950 കളോടുകൂടി കമ്പവലി എന്നരീതി നിലവിൽ വന്നു. കരയിൽനിന്ന് വളഞ്ഞ് പടിഞ്ഞാറോട്ടുപോയി വല വെള്ളത്തിൽ തള്ളിയിട്ട് രണ്ടുതലയും കരയിലേക്ക് വലിച്ചുകയറ്റുകയാണ് ചെയ്യുക. ഇവിടത്തെ ഇതിന്റെ പ്രചാരകൻ പരേതനായ ശ്രീ. വി. കെ. ഗോപാലനായിരുന്നു. 1970-ഓടെ കോട്ടൺനൂലിന് പകരം നൈലോൺ നൂലുപയോഗിച്ചുള്ള വലകൾ വ്യാപകമായി. എഴുപതുകളുടെ അവസാനത്തോടെ ചെറിയ വഞ്ചികളിൽ മോട്ടോർ ഘടിപ്പിച്ചുള്ള മത്സ്യബന്ധനം ആരംഭിച്ചു. 82-കളോടുകൂടി 25-30 ആൾ കയറുന്ന വലിയ വള്ളങ്ങൾ പ്രചാരത്തിലായി. ആദ്യകാലത്ത് വലനിർമ്മാണം പ്രാദേശികമായി നടന്നിരുന്നെങ്കിൽ ഇപ്പോൾ മത്സ്യഫെഡിന്റെ സ്റ്റോറിൽ നിന്നും വലിയ വലവാങ്ങി ആവശ്യമായ വലുപ്പത്തിലേക്ക് മാറ്റുക മാത്രമാണ് ചെയ്യുന്നത്. പ്രധാനമായും താങ്ങുവലയാണ് ഇന്ന് ഉപയോഗിക്കുന്നത്. 130 മാർ (200 മീറ്റർ) നീളവും 55 മീറ്റർ ഇറക്കവും ഉള്ള ഈ വലക്ക് 600 കി. ഗ്രാം തൂക്കംവരും. 30-40 പേർ കയറുന്ന 34-36 മീറ്റർ നീളവും 2 1/2 മീറ്റർ വീതിയും വരുന്ന ഇന്നത്തെ വള്ളങ്ങളിൽ 40 H.P. വരെയുള്ള എഞ്ചിൻ ഉപയോഗിക്കുന്നു. ഇത്തരത്തിൽപെട്ട 21 വള്ളങ്ങൾ ഇപ്പോൾ ഉപയോഗിച്ചുവരുന്നു. 5 ആൾ കയറുന്ന എഞ്ചിൻഘടിപ്പിച്ച ഏതാനും വഞ്ചികളും 2 ആൾകയറുന്ന എഞ്ചിൻ ഘടിപ്പിക്കാത്ത 28 വഞ്ചികളും മത്സ്യബന്ധനരംഗത്തുണ്ട്. രീതികളിൽ വന്ന ആധുനികവത്ക്കരണത്തിനനുസരിച്ച് മത്സ്യബന്ധന-വിപണന മേഖലകളിലെ തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു. ഇപ്പോൾ പെരിഞ്ഞനത്ത് ഏകദേശം 650 മത്സ്യതൊഴിലാളികൾ ഉണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾ വളരെ കുറവാണ്. കടൽമത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരിൽ 483 പേർ ക്ഷേമനിധിബോർഡിലും 365 പേർ മത്സ്യത്തൊഴിലാളി സഹകരണസംഘത്തിലും അംഗങ്ങളാണ്. ബോർഡിലും സംഘത്തിലും അംഗങ്ങളാകാത്തവർ 150 പേരോളം ഉണ്ട്. ആദ്യകാലങ്ങളിൽ വഞ്ചിയും വലയും വലിയ കുടുംബങ്ങളുടെ സ്വന്തമായിരുന്നെങ്കിൽ ഇന്ന് ഇത് ഏതാണ്ട് പൂർണ്ണമായും തൊഴിലാളികളുടെ സഹകരണാടിസ്ഥാനത്തിലുള്ള സംഘങ്ങളുടെ ഉടമസ്ഥതയിൽ ആയിക്കഴിഞ്ഞിട്ടുണ്ട്.

പട്ടിക - 2

| വാർഡ് നമ്പർ | കടൽ മത്സ്യം | | | | | ഉൾനാടൻ മത്സ്യം | | മത്സ്യബന്ധനോപകരണങ്ങൾ | | |
|---|---|---|---|---|---|---|---|---|---|---|
| | മത്സ്യബന്ധന തൊഴിലാളികൾ | | മറ്റ് തൊഴിലാളികൾ | | | വിസ്തീർണ്ണം | കർഷകരുടെ എണ്ണം | യന്ത്രവത്കൃത ബോട്ടുകൾ | യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വഞ്ചികൾ |
| | മുഖ്യ തൊഴിൽ | ഭാഗിക തൊഴിൽ | മത്സ്യവിപണനം | വല നന്നാക്കൽ | മത്സ്യസംസ്കരണം | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1,3,5, 8,9,10 | 483 | 316 | 166 | 14 | 6 | 15 കുളങ്ങൾ 9.0447 ഹെക്ടർ | 50 | 1 | 29 | 28 |

ആധുനികവത്ക്കരണത്തിന്റെ ഭാഗമായി മത്സ്യബന്ധനത്തിന്റെ വ്യാപ്തി വർദ്ധിക്കുകയും തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തെങ്കിലും മത്സ്യസമ്പത്തും ലഭ്യതയും കുറഞ്ഞ്‌വരുന്നതായാണ് അനുഭവം. ആദ്യകാലങ്ങളിൽ എല്ലാക്കാലങ്ങളിലും മത്സ്യം ലഭ്യമായിരുന്നെങ്കിലും ഇപ്പോൾ ചാകരയുള്ള സീസണിൽ (3-4 മാസം) മാത്രമാണ് വർഷത്തിൽ കാര്യമായ മത്സ്യലഭ്യത ഉള്ളത്. മുൻകാലങ്ങളിൽ സുലഭമായിരുന്ന പല ഇനങ്ങളും ഇപ്പോൾ വിരളമാകുകയോ ഇല്ലാതാവുകയോ ചെയ്തിരിക്കുന്നു. ഉദാ :- സീ-നാരൻ, കരിക്കാടി, കഴന്തൻ, ചാള (മത്തി). മത്സ്യങ്ങളുടെ വംശവർദ്ധനവിന് ഭീഷണിയായിട്ടുള്ള വർഷകാലട്രോളിംഗ് പൂർണ്ണമായി നിയന്ത്രിച്ചാൽ ഒരു പരിധിവരെ ഇവയെ നിലനിർത്താനും ലഭ്യത ഉറപ്പുവരുത്താനും കഴിയും. ചെമ്മീൻ ഇനങ്ങളിൽ പലതും കരയോട് ചേർന്ന ഉപ്പുരസംകുറഞ്ഞ ഭാഗത്താണ് മുട്ടഇടാറ് എന്നതിനാൽ കടൽഭിത്തി ചെമ്മീൻ ഇനങ്ങളുടെ വംശവർദ്ധനവിന് തടസ്സമാകുന്നുണ്ടാകാം.

പഞ്ചായത്തിലെ ഇപ്പോഴത്തെ മത്സ്യഉത്പാദനം സീസണിൽ പ്രതിദിനം 50 ടൺ ആണ്. യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി മൊത്തം ഉത്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും തൊഴിലാളികളുടെ അദ്ധ്വാനഭാരം കാര്യമായി കുറക്കുന്നതിനോ, ആളോഹരി വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്നതിനോ കഴിഞ്ഞിട്ടില്ല. ഇന്ധനച്ചെലവ്, മെയിൻറനൻസ് ചെലവ്, ലോൺ തിരിച്ചടവ് തുടങ്ങിയ മത്സ്യബന്ധനസംവിധാനത്തിന്റെ വർദ്ധിച്ച പ്രവർത്തനചെലവ് മൂലമാണ് ആളോഹരി വരുമാനം വർദ്ധിക്കാതിരിക്കുന്നത്.

ഇന്ധനാവശ്യത്തിനായി പെർമിറ്റനുസരിച്ച് ലഭിക്കുന്ന മണ്ണെണ്ണയുടെ വില ലിറ്ററിന് 2.57 രൂപയാണ്. ഈ മണ്ണെണ്ണ തികയാതെ വരുന്നതിനാൽ കരിഞ്ചന്തയിൽ നിന്ന് 7.50 രൂപക്ക് വാങ്ങേണ്ടിവരുന്നു. വർഷത്തിൽ 3-4 മാസക്കാലമാണ് കാര്യമായ മത്സ്യലഭ്യത ഉള്ളത്. ഈ കാലങ്ങളിൽത്തന്നെ കടൽക്ഷോഭം ഒരു പേടിസ്വപ്നമാണ്. ഈ അടുത്തകാലത്ത് കടൽക്ഷോഭംമൂലം വള്ളങ്ങൾ തകർന്ന് 3 കോടിരൂപയുടെ നാശനഷ്ടമുണ്ടായി. ഇതിനൊരു പരിഹാരം ഏതുകാലത്തും വഞ്ചികൾക്ക് അടുക്കാൻ കഴിയുന്ന ലാൻറിംഗ് സെൻറർ നിർമ്മിക്കുകയെന്നതാണ്.

മുൻകാലങ്ങളിലെ പോലെതന്നെ വിപണനരംഗത്ത് ഇപ്പോഴും ഇടത്തട്ടുകാരുടെ സ്വാധീനം നിലനിൽക്കുന്നു. മത്സ്യഉത്പാദനം പാരമ്യത്തിലെത്തുന്ന ചാകരകാലത്ത് മത്സ്യത്തിന് ന്യായമായി വില ലഭിക്കുന്നില്ല.

സംസ്കരണ വിപണനരംഗത്തെ സഹകരണമേഖലയുടെ അഭാവമാണ് ഇതിന് വഴിവക്കുന്നത്. സഹകരണമേഖലയിൽ ആധുനിക സംസ്കരണശാല, ഐസ്ഫാക്ടറി, ഇന്ധനവിപണനകേന്ദ്രം എന്നിവയുടെ ഒരു സമുച്ചയത്തിന് സാധ്യത നിലനിൽക്കുന്നു. ഇതിലൂടെ സ്ത്രീതൊഴിലാളികൾക്ക് നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾ തിരിച്ചെടുക്കാനാകും. പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന മത്സ്യത്തിന് പുറമെ മൂന്നുപീടികചന്ത കേന്ദ്രീകരിച്ച് പ്രതിദിനം ശരാശരി 15 ലോഡ് (30 ടൺ) മത്സ്യത്തിൻെറ വിൽപ്പന നടക്കുന്നു. 5 ഏജൻസികളാണ് പ്രധാനമായും വിൽപ്പനനിയന്ത്രിക്കുന്നത്. 140 തൊഴിലാളികൾ ഈ രംഗത്ത് ജോലിചെയ്യുന്നു. വിവിധപ്രദേശങ്ങളിൽ നിന്നായി 1500 ലധികം മത്സ്യവിതരണക്കാർ ഇവിടെനിന്നും മത്സ്യംകൊണ്ടുപോയി വിൽപ്പന നടത്തുന്നു.

## ഉൾനാടൻ മത്സ്യബന്ധനം

മത്സ്യരോഗം ഉൾനാടൻമത്സ്യകൃഷിയെ വലിയ അളവിൽ ദോഷകരമായി ബാധിച്ചിട്ടുണ്ട്. വരാൽ, കരിപ്പിടി, മുഷു, കടു, പരൽമത്സ്യങ്ങൾ എന്നിവയാണ് രോഗംവന്ന് വംശനാശം നേരിടുന്ന മത്സ്യഇനങ്ങൾ. തോടുകളും കുളങ്ങളും വയലുകളും നികത്തിയത് ഇവയുടെ വംശവർദ്ധനവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പുഴമത്സ്യത്തിൻെറ ലഭ്യതയിലും കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. പുഴമലിനീകരണമാണ് ഇതിൻെറ പ്രധാനകാരണം. ശാസ്ത്രീയമായരീതിയിൽ ഉൾനാടൻ ശുദ്ധജലമത്സ്യകൃഷി നിലവിൽവന്നിട്ട് 15 കൊല്ലത്തോളമായെങ്കിലും ഈ അടുത്ത കാലത്തായാണ് ഇവിടെ വ്യാപകമായത്. കട്ല, മൃഗാൾ, രോഹു, സൈപ്രിനസ്, കൊഞ്ച് എന്നിവ ഇവിടങ്ങളിൽ കൃഷി ചെയ്തുവരുന്നു. 150 കുളങ്ങളിലായി ഏകദേശം 5 ഏക്കർ സ്ഥലത്ത് മത്സ്യകൃഷിചെയ്യുന്ന 50 ഓളം കർഷകർ ഇവിടെ ഉണ്ട്. വിപുലമായ രീതിയിലുള്ള ഉത്പാദനസാധ്യത നിലനിൽക്കുന്നു. ഓരുജലമത്സ്യകൃഷിക്ക് പറ്റിയ സ്ഥലങ്ങൾ കുറവാണ്. നാടൻമത്സ്യം പിടിച്ച് ജീവിച്ചിരുന്ന വീശലുകാരും മറ്റുമായ തൊഴിലാളികൾ ഇതരമേഖലകളിലേക്ക് മാറിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മത്സ്യലഭ്യതയിൽ വന്നിട്ടുള്ള കുറവ്.
2. മത്സ്യബന്ധനരീതിയിൽ ആധുനികവത്ക്കരണം ഉണ്ടായെങ്കിലും ഇന്ധന ചെലവ്, മെയിൻറനൻസ് ചെലവ്, ലോൺ തിരിച്ചടവ് തുടങ്ങിയ മത്സ്യബന്ധനസംവിധാനത്തിൻെറ വർദ്ധിച്ച പ്രവർത്തനചെലവ് മൂലം ആളോഹരി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടില്ല.
3. വിവിധ മത്സ്യ ഇനങ്ങളുടെ വംശനാശം.
4. വല നിർമ്മാണവുമായി ബന്ധപ്പെട്ട മേഖലയിലും, മത്സ്യസംസ്കരണത്തിലും ജോലിചെയ്തിരുന്ന സ്ത്രീകളുടെ തൊഴിൽ നഷ്ടം.
5. മത്സ്യ-സംസ്കരണ വിപണന രംഗങ്ങളിലെ സഹകരണമേഖലയുടെ അഭാവം.
6. മത്സ്യത്തൊഴിലാളികൾക്ക് മുഴുവൻപേർക്കും തൊഴിൽ ഉപകരണങ്ങൾ ഇല്ല.
7. നിലവിലുള്ള മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളുടെ പോരായ്മ.
8. കടൽക്ഷോഭവും തുടർന്നുണ്ടാകുന്ന നാശനഷ്ടങ്ങളും.
9. ക്ഷേമപ്രവർത്തനങ്ങളിൽ വിവിധ ഏജൻസികളുടെ ഏകോപനക്കുറവ്.
10. അപകടസാധ്യതകളെയും രക്ഷാമാർഗങ്ങളെയും കുറിച്ചുള്ള ബോധവത്ക്കരണത്തിൻെറ കുറവ്.
11. പട്ടികജാതി മത്സ്യത്തൊഴിലാളികൾക്കുള്ള പ്രത്യേക ആനുകൂല്യങ്ങളെക്കുറിച്ച് അറിവില്ലായ്മ.
12. വനിതാമത്സ്യത്തൊഴിലാളികൾക്കായുള്ള വനിതാബാങ്കിൻെറ സേവനം ഈ പ്രദേശത്ത് ലഭ്യമല്ല.
13. മത്സ്യവിപണിയിലെ ഇടനിലക്കാരുടെ ചൂഷണം-വിലയുടെ അസ്ഥിരത.
14. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് നിലനിൽക്കുന്നു.
15. ഉൾനാടൻ മത്സ്യങ്ങളുടെ രോഗവും വംശനാശവും.
16. വയലുകൾ, കുളം, തോടുകൾ എന്നിവ നികത്തിയതുമൂലം ഉൾനാടൻ മത്സ്യങ്ങളുടെ വ്യാപനത്തിൽ വന്ന കുറവ്.
17. ഗവ: ഏജൻസികളിൽ നിന്ന് യഥാസമയം മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.
18. മുഴുവൻ ജനങ്ങളും മത്സ്യം വളർത്തലിൻെറ സാധ്യതകളെക്കുറിച്ച് ബോധവാൻമാരല്ല.
19. മലിനീകരണം മൂലം പുഴ മത്സ്യത്തിൻെറ ലഭ്യതയിൽ വന്നകുറവ്.
20. പരമ്പരാഗത മത്സ്യത്തൊഴിലാളികളല്ലാത്തവർക്ക് മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

ആഴക്കടൽ ട്രോളിംഗ്, വർഷകാലട്രോളിംഗ് എന്നിവ മൂലമുള്ള മത്സ്യസമ്പത്തിന്റെ ശോഷണം.

## ാധ്യതകൾ

മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് മുഴുവൻപേർക്കും തൊഴിലുപകരണങ്ങൾ വിതരണം ചെയ്യണം.

മത്സ്യത്തൊഴിലാളി മേഖലയിലെ ഗവ: ഏജൻസികളുടേയും, സഹകരണസംഘങ്ങളുടേയും പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് കാര്യക്ഷമമാക്കുക.

ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിന് മത്സ്യസഹകരണസംഘങ്ങൾ സംഭരണ-സംസ്കരണ-വിപണനമേഖലകളിൽ കാര്യക്ഷമമായി ഇടപെടുക.

മത്സ്യഉത്പന്നങ്ങളെ ആധാരമാക്കിയുള്ള തൊഴിൽ യൂണിറ്റുകൾ ആരംഭിച്ച് സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

വള്ളങ്ങളുടെ സുരക്ഷിതത്വത്തിനായി ഫിഷ്ലാൻറിംഗ് സെൻറർ നിർമ്മിക്കുക.

ആഴക്കടൽ ട്രോളിംഗും, തീരദേശട്രോളിഗും ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ നിരോധിക്കുക.

മത്സ്യമേഖലയിൽ തൊഴിലെടുക്കുന്ന മുഴുവൻ തൊഴിലാളികളെയും മത്സത്തൊഴിലാളികളായി അംഗീകരിക്കുകയും ഗവ: സഹായങ്ങളും ആനുകൂല്യങ്ങളും അനുവദിക്കുകയും ചെയ്യുക.

തൊഴിലാളികൾക്ക് സൗജന്യമെഡിക്കൽ ഇൻഷുറൻസും, തൊഴിലുപകരണങ്ങൾക്ക് സൗജന്യഇൻഷുറൻസും ഏർപ്പെടുത്തുക.

മത്സ്യവിതരണതൊഴിലാളികൾക്ക് ആവശ്യമായ തൊഴിലുപകരണങ്ങൾക്ക് ഉപാധിരഹിതവായ്പ അനുവദിക്കുകയും, അപകട ഇൻഷുറൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

ആധുനികസംസ്കാരണശാല, ഐസ് ഫാക്ടറി, ഇന്ധനവിപണനകേന്ദ്രം എന്നിവയുടെ ഒരു സമുച്ചയം സഹകരണമേഖലയിൽ ആരംഭിക്കുക.

11. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ അടിസ്ഥാനജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ സഹായം നൽകുക.
12. പെരിഞ്ഞനം ബീച്ച് നോർത്ത് കോളനിയെ ഫിഷർമെൻ കോളനിയായി അംഗീകരിക്കുകയും, വെള്ളവും, വെളിച്ചവും എത്തിക്കുകയും ചെയ്യുക.
13. എമർജൻസി കൺട്രോൾറൂം തീരദേശത്തേക്ക് മാറ്റിസ്ഥാപിക്കുക.
14. പരമ്പരാഗത മത്സ്യബന്ധനരീതികളെ പ്രോത്സാഹിപ്പിക്കുക.
15. തീരദേശസംരക്ഷണ നിയമം മത്സ്യത്തൊഴിലാളികൾക്ക് ഹാനികരമല്ലാത്തവിധത്തിൽ നടപ്പിലാക്കുക.
16. രാത്രികാലങ്ങളിൽ മത്സ്യബന്ധനത്തിന് സഹായകരമാകുന്ന വിധത്തിൽ ബീച്ചിനോട്ചേർന്ന് ഹാലജൻ ലാമ്പോ, സോഡിയം വേപ്പർ ലാമ്പോ സ്ഥാപിക്കുക.
17. മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപാര്പോലുള്ള പുതിയ സങ്കേതങ്ങൾ ഉപയോഗിക്കുക.
18. ശുദ്ധജലമത്സ്യകൃഷിക്ക് പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിച്ച് ജനങ്ങളെ ബോധവാൻമാരാക്കുകയും ഗവ: ഏജൻസി വഴി മത്സ്യകുഞ്ഞുങ്ങളെ യഥാസമയത്ത് വിതരണംചെയ്യുകയും ചെയ്യുക. ഇതിനായി മത്സ്യകർഷകഏജൻസിയുടെ സഹായം ഉപയോഗിക്കുക. ആവശ്യമായ മത്സ്യത്തീറ്റയും കുറഞ്ഞനിരക്കിൽ ഏജൻസി വഴി ലഭ്യമാക്കുക.
19. മത്സ്യകർഷകർക്ക് ആവശ്യമായ വായ്പ സബ്സിഡിയോടുകൂടി അനുവദിക്കുക.
20. പഞ്ചായത്തിലെ വലിയ കുളങ്ങൾ സംരക്ഷിക്കുകയും ഗ്രൂപ്പ് ഫാമിംഗ്പോലെ ഗ്രൂപ്പ്മത്സ്യഫാമിംഗ് നടത്തുകയും ചെയ്യുക.
21. മത്സ്യകൃഷിക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുക.
22. പെരുംതോട് മത്സ്യകൃഷിക്ക് അനുയോജ്യമാക്കുകയും ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷിനടത്തുകയും ചെയ്യുക.

# മൃഗസംരക്ഷണം

പശു, എരുമ, ആട് എന്നിവയാണ് ഈ പ്രദേശത്തെ പ്രധാന വളർത്തു മൃഗങ്ങൾ. വളർത്തു പക്ഷികളിൽ മുഖ്യം കോഴിയും ചെറിയ തോതിൽ താറാവുമുണ്ട്. വളർത്തു മൃഗങ്ങളുടെ എണ്ണത്തിൽ (പ്രത്യേകിച്ച് എരുമ, ആട്) കുറവ് സംഭവിച്ച് വരികയായിരുന്നെങ്കിലും കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തിനുള്ളിൽ ക്ഷീരോത്പാദന വിപണനരംഗങ്ങളിൽ വൻകുതിച്ച് കയറ്റം ഉണ്ടായിട്ടുണ്ട്.

പട്ടിക - 1 പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത് വളർത്തു മൃഗസംഖ്യ 95-96

| കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | പന്നി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| | | 2 | 386 | 125 | 58 | 1079 | 598 | 59 | 37 | 27 | 2115 | 475 | 44 |

പട്ടിക - 2 പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത് വളർത്തു പക്ഷി സംഖ്യ

| പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|
| | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1127 | 3210 | 985 | 55 | 475 | തത്ത<br>പ്രാവ്<br>ഗിനിക്കോഴി<br>ലൗബേഡ്സ്<br>ടർക്കി |

ആദ്യകാലങ്ങളിൽ വ്യാപകമായുണ്ടായിരുന്ന നെൽകൃഷി, പുല്ലിന്റെ ലഭ്യത, തുടങ്ങിയ കാരണങ്ങളാൽ മൃഗപരിപാലനം കൃഷിയുടെ അനുബന്ധമേഖലയായാണ് നിലനിന്നിരുന്നത്. വിവിധ നാടൻ ഇനങ്ങളാണ് നില നിന്നിരുന്നത്. നെല്പാടങ്ങൾ അപ്രത്യക്ഷമായതോടെ വൈക്കോൽ, പുല്ല് എന്നിവയുടെ ലഭ്യതയിൽ വന്ന കുറവും മറ്റും മൃഗപരിപാലനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ ഉത്പാദിപ്പിക്കപ്പെട്ടിരുന്ന പാൽ പൂർണ്ണമായും പ്രാദേശികമായാണ് വിറ്റഴിക്കപ്പെട്ടിരുന്നത്. സാധാരണ കണ്ടു വരാറുള്ള രോഗങ്ങൾക്ക് നാടൻ ചികിത്സാരീതികൾ പര്യാപ്തമായിരുന്നു. പാലിന്റെ ഉത്പാദനം കുറവായിരുന്നെങ്കിലും, ഉത്പാദനച്ചെലവും കുറവായിരുന്നതിനാൽ മൃഗപരിപാലനം ലാഭകരവും വ്യാപകവുമായിരുന്നു. കോഴിവളർത്തൽ വളരെ വ്യാപകമായിരുന്നു. പെരിഞ്ഞനം പ്രദേശത്ത് ഉൽപാദിപ്പിച്ചിരുന്ന കോഴിമുട്ട ശേഖരിച്ച് ദൂരസ്ഥലങ്ങളിൽ വിൽപ്പന നടത്തിയിരുന്നു. നാടൻ കോഴി ഇനങ്ങളെയാണ് വളർത്തിയിരുന്നത്. താറാവ് വളർത്തൽ വ്യാപകമായിരുന്നില്ലെങ്കിൽ തന്നെയും കൊയ്ത്ത് കഴിഞ്ഞ പാടത്ത് താറാവിനെ ഇറക്കൽ വ്യാപകമായിരുന്നു. കൃഷിയുടെ നാശം പൊതുവെ മൃഗപരിപാലനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഇപ്പോൾ പ്രതിവർഷം ഏകദേശം 60 ലക്ഷം രൂപക്കുള്ള 5,75,000 ലിറ്റർ പശുവിൻ പാൽ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇതിൽ 3,40,000 ലിറ്റർ പാലിന്റെ വിപണനം പഞ്ചായത്തിലെ മൂന്ന് ക്ഷീരോത്പാദക സഹകരണസംഘങ്ങൾ മുഖേനയാണെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ഇപ്പോൾ നിലവിലുള്ള വളർത്തു മൃഗങ്ങളിൽ പ്രധാനമായും സങ്കര ഇനങ്ങളാണ്. നാടൻ ഇനങ്ങൾ ഏതാണ്ട് പൂർണ്ണമായും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

പട്ടിക - 3

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്യമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 1600 | 1200 | 600 |
| കിടാരി | 400 | 200 | - |
| എരുമ | 100 | 50 | 25 |

ഐ.സി.ഡി.പി. സബ്സെൻറർ പെരിഞ്ഞനം 1994-95 സാമ്പത്തിക വർഷത്തിലെ കണക്കെടുപ്പ്

സങ്കര ഇനങ്ങളിൽ നാടൻ ഇനങ്ങളെ അപേക്ഷിച്ച് രോഗബാധ കൂടുതലായി കണ്ടുവരുന്നു. പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പ് രോഗം, ശ്വാസതടസ്സം, ചൊറി, തീറ്റയെടുക്കാതെ വരിക, തളർച്ച, പനി എന്നിവയാണ്. രോഗപ്രതിരോധത്തെക്കുറിച്ചും, ശുചിത്വത്തെക്കുറിച്ചും കർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിൽ ചികിത്സിച്ച് മാറ്റുന്നതിനു തടസ്സമാകുന്നുണ്ട്. കോഴികളിൽ കോഴിവസന്ത തുടങ്ങിയ രോഗങ്ങൾ ചില പ്രത്യേക കാലങ്ങളിൽ വ്യാപകമാകുന്നു.

## പട്ടിക - 4 വളർത്തുമൃഗരോഗ വിവരങ്ങൾ

| | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | കോഴി |
|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 116 | 25 | 28 | - | 204 |
| 2. | ശ്വാസകോശ സംബന്ധം | 12 | - | 3 | - | - |
| 3. | ഉപാപചയ സംബന്ധം | 34 | - | 1 | - | - |
| 4. | ത്വക്‌രോഗങ്ങൾ | 35 | 3 | 5 | - | - |
| 5. | ധാതുലവണങ്ങളുടെ അഭാവം | 2 | - | 2 | - | - |
| 6. | പരാദരോഗങ്ങൾ | 159 | 25 | 45 | - | 1012 |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 159 | 20 | 15 | - | - |
| 8 | വന്ധ്യത | 7 | - | - | - | - |
| 9. | അകിടുവീക്കം | 124 | 21 | 5 | - | - |
| 10 | മുടന്തൻ പനി | 48 | 7 | - | - | - |
| 11 | പകർച്ച വ്യാധികൾ | - | - | - | - | - |

പെരിഞ്ഞനം വെറ്റിനറി ഡിസ്പൻസറിയിലെ 1996 ഏപ്രിൽ മുതൽ 1996 സെപ്റ്റമ്പർ വരെയുള്ള കണക്ക് വിവരം

1996 മാർച്ച് 30ന് ആണ് പെരിഞ്ഞനത്ത് മൃഗാശുപത്രി പ്രവർത്തനം ആരംഭിച്ചത്. അടിസ്ഥാനസൗകര്യങ്ങൾ പോലും ഇവിടെ നിലവിലില്ല. അവശ്യമരുന്നുകളുടെ അപര്യാപ്തതയും, ലാബ് സൗകര്യങ്ങളില്ലായ്മയും, മൈക്രോസ്കോപ്പ്, ടെലിഫോൺ, എന്നിവയുടെ കുറവും നിലനിൽക്കുന്നു.

കാലിത്തീറ്റയുടെ വില വർദ്ധനവ്, വൈക്കോലിൻെറ ദൗർലഭ്യം പാലിന് ലഭിക്കുന്ന കുറഞ്ഞ വില എന്നിവ മൃഗപരിപാലനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വൈക്കോലിൻെറ ദൗർലഭ്യം തീറ്റപ്പുൽകൃഷിയിലൂടെ പരിഹരിക്കാവുന്നതാണ്. ചുരുക്കത്തിൽ നമ്മുടെ പഞ്ചായത്തിലെ ക്ഷീരോത്പാദനവിതരണ മേഖലകളുടെ വളർച്ചയോടൊപ്പം അനുബന്ധമേഖലകൾ വളരാതിരുന്നതാണ് ഈ രംഗത്തെ തളർച്ചയുടെ മൂലകാരണം.

പട്ടിക - 5

### പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്
### പേവിഷബാധ- പ്രതിരോധവും ചികിത്സയും


| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മുറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെപ്പ് നല്കിയവയുടെ എണ്ണം | | | | 30 | | |
| കടിയേറ്റതിനു ശേഷം കുത്തിവെപ്പ് നൽകിയവയുടെ എണ്ണം | | | 1 | 1 | | |

## പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലവർദ്ധനവ്.
2. ഉത്പാദകന് കിട്ടുന്ന പാൽ വില ഉത്പാദനച്ചെലവിന് അനുസൃതമല്ല.
3. ഭാരിച്ച ചികിത്സാച്ചെലവ്
4. വായ്പ നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത
5. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത.
6. തീറ്റപ്പുൽകൃഷിയുടെ അപര്യാപ്തത.
7. അശാസ്ത്രീയമായ അതിലുപരി വൃത്തിഹീനമായ മാംസോൽപാദന വിപണന രീതികൾ
8. മൃഗസംരക്ഷണ മേഖലയിലെ കുറഞ്ഞ വനിതാ പങ്കാളിത്തം
9. മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത.
10. പേവിഷബാധ ഒരു ഭീഷണിയായി നിലനിൽക്കുന്നു.
11. നല്ല ഇനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം.
12. ആഭ്യന്തര ആവശ്യത്തിന് അനുസരിച്ചുള്ള കോഴിമുട്ട ഉത്പാദിപ്പിക്കപ്പെടുന്നില്ല.
13. വളർത്തുമൃഗങ്ങളിലും, പക്ഷികളിലും വർദ്ധിച്ചുവരുന്ന രോഗാതുരത.
14. നാടൻ ഇനങ്ങളുടെ വംശനാശം.

## സാധ്യതകളും നിർദ്ദേശങ്ങളും

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. നിയന്ത്രിതവിലക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായകമാകും.
2. പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ തീറ്റപ്പുൽകൃഷിക്ക് വേണ്ടി ഉപയോഗിക്കാവുന്നതാണ്. തീറ്റപ്പുൽ കൃഷിക്ക് സാമ്പത്തിക സഹായം ലഭ്യമാക്കണം.
3. പാൽസൊസൈറ്റിയും, ധനകാര്യസ്ഥാപനങ്ങളും കർഷകരും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാസംവിധാനം ഉണ്ടാക്കുക.
4. മൃഗാശുപത്രിയിൽ അവശ്യം മരുന്നുകൾ ലഭ്യമാക്കുക, കൃത്രിമബീജസങ്കലന സൗകര്യം ലഭ്യമാക്കുക.
5. പഞ്ചായത്ത് തലത്തിൽ പക്ഷിമൃഗാദികളേയും, ക്ഷീരകർഷരേയും മാസ്റ്റർ പോളിസി വഴി ഇൻഷൂർ ചെയ്യുക.
6. ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാല മൂന്നുപീടികയിൽ സ്ഥാപിച്ച് ശുദ്ധമായ മാംസ വിപണന സൗകര്യം ഉറപ്പാക്കുക.
7. ഗോബർ ഗ്യാസ് പ്ലാൻറുകൾക്ക് കൂടുതൽ ധനസഹായം നൽകി പ്രചരിപ്പിക്കുക.
8. മൃഗസംരക്ഷണ മേഖലയിൽ വനിതാ സംഘങ്ങളുടെ രൂപീകരണം
9. ആശുപത്രിവികസനസമിതി രൂപീകരിച്ച്, ആധുനിക സൗകര്യങ്ങൾ ആശുപത്രിയിൽ ലഭ്യമാക്കുക.
10. സമഗ്ര പേവിഷ നിയന്ത്രണനയം ഉണ്ടാക്കുകയും, പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും വാക്സിനേഷൻ നൽകുകയും, വാക്സിനേഷൻ സൗജന്യവും, നിർബന്ധവുമാക്കുകയും, അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക. എല്ലാ വളർത്തുനായ്ക്കൾക്കും ലൈസൻസ് നിർബന്ധമാക്കുക.
11. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ മൂന്ന് സൊസൈറ്റികളിലെ എല്ലാ സങ്കരവർഗ പശുക്കിടാങ്ങളേയും എരുമക്കുട്ടികളേയും ഉൾപ്പെടുത്തണം. കാലിത്തീറ്റ വില വർദ്ധനവിനനുസരിച്ച് സബ്സിഡി വർദ്ധിപ്പിക്കണം.
12. സ്വകാര്യമേഖലയിൽ പന്നിവളർത്തലിന് കൂടുതൽ പ്രോത്സാഹനം നല്കണം
13. പഞ്ചായത്തിലെ എല്ലാ ഹരിജനങ്ങൾക്കും ഓരോ കുടുംബത്തിന് ഒരു യൂണിറ്റെന്ന നിലയിൽ ആടുകളെ സൗജന്യമായി വിതരണം ചെയ്യണം.
14. തീറ്റയും നല്ലയിനം കോഴിക്കുഞ്ഞുങ്ങളേയും കുറഞ്ഞവിലയ്ക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കുവാനും കോഴിയിറച്ചിയുടെ വിപണനത്തിനുമായി സഹകരണസംഘങ്ങൾ സ്ഥാപിക്കുക -
15. സർക്കാർ ഫാമുകളിൽ നിന്ന് നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ആവശ്യാനുസരണം ലഭ്യമാക്കണം- ഈ പദ്ധതി മറ്റു മുട്ടക്കോഴി വളർത്തൽ പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കണം.
16. അടുക്കളമുറ്റത്തെ കോഴിവളർത്തൽ:- ആവശ്യക്കാർക്ക് രണ്ടരമാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സഹായനിരക്കിൽ ലഭ്യമാക്കണം.
17. എല്ലാ പക്ഷിമൃഗാദികൾക്കും യഥാസമയത്ത് സൗജന്യരോഗ പ്രതിരോധ കുത്തിവെപ്പ് ലഭ്യമാക്കുക.
18. പാൽ സഹകരണസംഘങ്ങളുമായി സഹകരിച്ച് പാൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുകയും, തൊഴിൽ യൂണിറ്റ് സ്ഥാപിക്കാൻ മുൻകൈ എടുക്കുകയും ചെയ്യുക.
19. നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ വിശകലനം ചെയ്ത് കാലാനുസൃതമായി വേണ്ട മാറ്റങ്ങൾ നടപ്പിൽ വരുത്തണം.




# വ്യവസായം

സാമ്പത്തിക വളർച്ചയിലെ പ്രധാന ഘടകമായ വ്യവസായങ്ങൾ കാര്യമായൊന്നും ഇല്ലാത്ത പ്രദേശമാണ് പെരിഞ്ഞനം. തൊഴിൽ മേഖല പരിശോധിച്ചാൽ വ്യാവസായികമായി പുരോഗമിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. പരമ്പരാഗത വ്യവസായങ്ങളായ കയർ, തഴപ്പായ നെയ്ത്ത്, ബീഡി നിർമ്മാണം, കള്ള്ചെത്ത് എന്നിവയിലാണ് കൂടുതൽ ആളുകൾ ഏർപ്പെട്ടിരിക്കുന്നത്. (അനുബന്ധം പട്ടിക 1 കാണുക)

## പരമ്പരാഗത വ്യവസായങ്ങൾ (അനുബന്ധം 1)

| വ്യവസായം | ജോലിക്കാർ | | കൂലി |
|---|---|---|---|
| | പു. | സ്ത്രീ | (രൂപ) |
| തഴപ്പായ | - | 182 | 15-20 |
| കയർ | 8 | 157 | 15-20 |
| ബീഡി | 8 | 275 | 36 |
| പപ്പടം | 12 | 4 | 20 |
| സോഡ നിർമ്മാണം | 35 | - | 35 |

പരമ്പരാഗത രീതിയാണ് ഇന്നും നിലവിലുള്ളത്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും കുറഞ്ഞകൂലിനിരക്കും ഈ മേഖലയെ തകർത്തുകൊണ്ടിരിക്കയാണ്. പരിസരമലിനീകരണം സൃഷ്ടിച്ചുകൊണ്ട് ഇവിടെ സംസ്കരിച്ചെടുക്കുന്ന തൊണ്ടുപോലും മറ്റ് സ്ഥലങ്ങളിലേക്ക് കയറ്റി അയയ്ക്കുകയാണ്. ഇവർക്ക് സാമ്പത്തിക സഹായം നൽകുന്നതാകട്ടെ വൻ പലിശക്കാരായ തമിഴ്നാട് ബ്ലെയ്ഡുകാരുമാണ്. സ്ത്രീകളുടേത് മാത്രമായ മറ്റൊരു മേഖല ബീഡി നിർമ്മാണമാണ്. കാജ ബീഡിയുടെ ബ്രാൻഡ് നെയിമിനുവേണ്ടി ബീഡി നിർമ്മിക്കുന്ന ഇവർക്ക് അധികം പ്രശ്നങ്ങളില്ല. സാമാന്യം ഭേദപ്പെട്ട വരുമാനം ലഭിക്കുന്ന കള്ള്ചെത്ത് വ്യവസായത്തിന്റെ വളർച്ചയ്ക്ക് ഏറെ പരിമിതികളുണ്ട്. ഇവിടെ ചെലവാകുന്ന കള്ളിന്റെ ചെറിയൊരു ശതമാനം മാത്രമാണ് പ്രാദേശികമായി ഉത്പാദിപ്പിക്കുന്നത്.

മതിലകം ബ്ലോക്കിലുള്ള 13 ഡി.ഡബ്ല്യു.സി.ആർ.എ യൂണിറ്റുകളിൽ 6 എണ്ണവും പ്രവർത്തിക്കുന്നത് പെരിഞ്ഞനത്താണ്. വേണ്ടത്ര തയ്യാറെടുപ്പുകളോടെയല്ല ഈ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചത്. മാനേജ്മെൻറ്, മാർക്കറ്റിംഗ് എന്നീ രംഗങ്ങളിൽ പരിശീലനമൊന്നും ലഭിച്ചിട്ടില്ല.

രണ്ട് ആയുർവേദ മരുന്ന് ഉല്പാദന സ്ഥാപനങ്ങളുണ്ട്. സ്ത്രീ തൊഴിലാളികളാണ് അധികവും. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ 3 എണ്ണം പ്രവർത്തിക്കുന്നുണ്ട്. 52 ലിറ്ററിൽ നിന്ന് തുടങ്ങി പ്രതിദിനം 6000 ലിറ്റർ ഉത്പാദിപ്പിക്കുന്ന സെൻറർ സംഘം കേരളത്തിലെ മികച്ച സംഘങ്ങളിൽ ഒന്നാണ്. എന്നിരുന്നാലും ക്ഷീര കർഷകർക്ക് മതിയായ വില ലഭിക്കുന്നില്ല. കാലിത്തീറ്റയുടെ അനുദിനമുള്ള വിലകയറ്റവും തീറ്റപ്പുൽ ലഭിക്കായ്കയുമാണ് പ്രശ്നങ്ങൾ. 227 കച്ചവടസ്ഥാപനങ്ങൾ നികുതി അടക്കുന്നവരായുണ്ട്. ചെറുകിട മേഖലയിൽ തന്നെ ആധുനിക വ്യവസായ രംഗത്ത് പ്രർത്തിക്കുന്നവരിൽ അധികം തൊഴിൽ അഭ്യസിക്കുന്നവരാണ്. നാമമാത്രമായ കൂലിയാണ് ഇവർക്ക് ലഭിക്കുന്നത്. ശാസ്ത്രീയമായി തൊഴിൽ അഭ്യസിക്കുന്നതിനുള്ള സർക്കാർ സംവിധാനങ്ങൾ ഒന്നും തന്നെയില്ല.

## ആധുനിക വ്യവസായങ്ങൾ (അനുബന്ധം 2)

| വ്യവസായം | ജോലിക്കാർ | | കൂലി |
|---|---|---|---|
| | പു. | സ്ത്രീ. | |
| സ്റ്റീൽ ഫർണീച്ചർ | 52 | - | 25-100 |
| അലുമിനിയം ഫാബ്രിക്കേഷൻ | 5 | - | 25-50 |
| എഞ്ചിനീയറിംഗ് | 5 | - | 25-80 |
| ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് | 80 | - | 5-100 |
| അപ്ഹോൾസ്റ്ററി | 8 | - | 10-100 |
| ആയുർവ്വേദമരുന്ന് നിർമ്മാണം | - | - | - |

ഒരു സ്വകാര്യവ്യക്തി നടത്തുന്ന ഓർക്കിഡ് കൃഷി ലാഭകരമാണ്. മാനസികോല്ലാസത്തോടൊപ്പം സാമ്പത്തിക ലാഭവും പ്രതീക്ഷിക്കാവുന്ന പുഷ്പകൃഷി വ്യാപിപ്പിക്കുന്നതിന് വേണ്ട സഹായവും ലഭ്യമാണ്. അലക്ക്സോപ്പ് നിർമ്മിക്കുന്ന ഒരു സ്ഥാപനം ഉണ്ട്. നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു കുടുംബമുണ്ട്. പുസ്തപ്രസാധന രംഗത്തെ പെരിഞ്ഞനത്തിന്റെ സംഭാവനയാണ് സ്റ്റാൻഡേർഡ് ബുക്ക്സ്.

മുൻകാലങ്ങളിൽ ചില സംരംഭങ്ങൾ ആരംഭിച്ചിരുന്നതായി ചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണ്. പല വിധ കാരണങ്ങളാൽ അവയൊക്കെ നാമാവശേഷമാകുകയാണുണ്ടായത്. കയർ വ്യവസായവുമായി ബന്ധപ്പെട്ടിരിക്കുന്ന കുടുംബങ്ങൾ 400ൽ ഏറെയുണ്ടായിരുന്നു. ആലപ്പുഴ, കൊച്ചി തുടങ്ങിയ സ്ഥലങ്ങളിലേക്കാണ് ചകിരി കയറ്റിയയച്ചിരുന്നത്. കയർ തൊഴിലാളികളുടെ സഹകരണസംഘവും കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറിയും ഉണ്ടായിരുന്നു. കടൽ മത്സ്യകൃഷിയും മത്സ്യസംസ്കരണവും കയറ്റുമതിയും നടത്തിയിരുന്നു. അന്യം നിന്ന്പോയ മറ്റൊരു വ്യവസായമാണ് കല്ലുര. ബീഡി നിർമ്മാണ രംഗത്ത് ധാരാളം പുരുഷന്മാർ ജോലി ചെയ്തിരുന്നു. മരച്ചക്ക്, ആല, കക്കനീറ്റ് വ്യവസായം എന്നിവയും ഇന്നില്ല. ഓയിൽ മിൽ രണ്ടെണ്ണം നഷ്ടപ്പെട്ടു. ഒരെണ്ണം മാത്രമെ ഇപ്പോഴുള്ളു. (അനുബന്ധം 3 നോക്കുക)

## ചെറുകിട വ്യവസായങ്ങൾ (അനുബന്ധം 3)

| വ്യവസായം | ജോലിക്കാർ | | കൂലി |
|---|---|---|---|
| | പു. | സ്ത്രീ. | (രൂപ) |
| കച്ചവടം (227 എണ്ണം) | - | - | - |
| പന്തൽ നിർമ്മാണം | 22 | - | 100 |
| ബേക്കറി | 18 | 20 | 25-50 |
| റെഡിമെയ്ഡ് | - | 22 | 15-25 |
| മത്സ്യവില്പന | 130 | - | 75-100 |

ജനസംഖ്യയിൽ തൊഴിലെടുക്കുന്നവർ 26 ശതമാനം മാത്രമാണ്. കഴിഞ്ഞ മുപ്പത് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ കാർഷിക മേഖലയിലടക്കം തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്നതായി കാണാം. 2.4 ശതമാനത്തിന് നാമമാത്രമായ ജോലിയേയുള്ളു. ഗ്രാമീണ കൈത്തൊഴിലുകാർ 54 പേരുണ്ട്. ട്രൈസം പദ്ധതി പ്രകാരം 43 പേർക്ക് തൊഴിൽ പരിശീലനം ലഭിച്ചിട്ടുണ്ട്. എന്നാൽ എന്തെങ്കിലും തൊഴിലിൽ ഏർപ്പെട്ടവർ 11 പേരേയുള്ളു. വ്യവസായങ്ങൾ കെട്ടിപ്പടുക്കുന്നതിൽ സാമ്പത്തിക ഇളവുകൾ നല്കുന്നുണ്ടെങ്കിലും ഇവയൊന്നും തന്നെ പുതിയ വ്യവസായങ്ങൾ രൂപപ്പെടുത്തുന്നതിലും പുഷ്ടിപ്പെടുത്തുന്നതിലും പങ്ക് വഹിച്ചിട്ടില്ല. (സർക്കാർ പദ്ധതികളും 8-ാം പദ്ധതിയുടെ വിവരങ്ങളും അനുബന്ധ പട്ടിക 4,5 എന്നിവയിൽ കാണാം) പട്ടിക 4,5

## 8-ാം പദ്ധതി ഒരെത്തി നോട്ടം. അനുബന്ധം 4

| പദ്ധതിയുടെ പേര് | എണ്ണം | തുക (രൂപ) |
|---|---|---|
| 1. വായ്പ | 3 | 33540 |
| 2. സബ്സിഡി | 2 | 6470 |
| 3. വില്പന നികുതി ഇളവ് | 2 | 1049393 |
| 4. ഡബ്ലിയു.ഐ.പി. | 5 | 25000 |
| 5. വികലാംഗ ക്ഷേമം | 1 | 0 |
| 6. എച്ച്.ഡി.എസ്. ലോൺ | 9 | 134135 |
| 7. എച്ച്.ഡി.എസ്. ഗ്രാന്റ് | 9 | 23640 |
| 8. തൊഴിലുപകരണങ്ങൾ | 15 | 7500 |
| 9. പി.എം.ആർ.വൈ. | 7 | 400500 |

ആകെ രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ - 128

ഗാംഹ് വരുമാനത്തിന്റെ നല്ലൊരു പങ്ക് ചെലവഴിക്കുന്നത് കെട്ടിട നിർമ്മാണ രംഗത്താണ്. എന്നാൽ തൊഴിലാളികൾ അധികവും അന്യ പ്രദേശങ്ങളിലുള്ളവരാണ്. ഗ്രാമീണ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന കമ്യൂണിറ്റി പോളിടെക്നിക് (സബ്സെന്റർ) പെരിഞ്ഞനം ലയൺസ് ക്ലബ്ബിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം ഉദ്ദേശിക്കുന്ന ഫലം ചെയ്യുന്നില്ല.

## വനിത കറി പൗഡർ

പ്രധാനമായും കറി പൗഡറുകളാണ് നിർമ്മിക്കുന്നത്. ഗുണനിലവാരമുള്ള ഉല്പന്നങ്ങളാണെന്ന് പരക്കെ അഭിപ്രായമുണ്ട്. വീടുകളിൽ കയറിയുള്ള വില്പനയാണ്. സ്ത്രീകൾ മാത്രമായതിന്റെ പരിമിതിയുണ്ട്. വില്പന വർദ്ധിപ്പിക്കാനുള്ള നടപടികൾ ഒന്നുമില്ല. വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കേണ്ടതുണ്ട്.

## അനശ്വര റെഡിമെയ്ഡ്

ഇപ്പോൾ 10 പേരാണ് സംഘത്തിലുള്ളത്. ഉല്പന്നങ്ങൾ വിറ്റഴിയുന്നുണ്ട്. പ്രധാന വില്പന വീടുകളിലാണ്. സ്കൂൾ സീസണിൽ യൂണിഫോം, പീസ് വർക്ക് എന്നിവയും ചെയ്യുന്നുണ്ട്. ലോൺ ലഭിച്ചിരിക്കുന്നത് സഹകരണബാങ്കിൽ നിന്നായതിനാൽ ചില ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല. തിരിച്ചടക്കുന്നതിൽ വീഴ്ചയില്ല. അസംസ്കൃത വസ്തുവായ തുണി കുറഞ്ഞ വിലയ്ക്ക് അന്യസംസ്ഥാനത്ത് പോയി വാങ്ങുന്നതിന് പ്രയാസമുണ്ട്. ഒന്നിച്ചൊരു തുക മുതൽ മുടക്കുന്നതിനു കഴിവി

ല്ല. ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. വ്യാപാരമേളകളിൽ പങ്കെടുക്കാറുണ്ട്. പ്രതികരണം ആശാവഹമാണ്.

## ചൈതന്യ ലെതർ ബാഗ്

യാതൊരു ധാരണയുമില്ലാതെ പഠനങ്ങൾ നടത്താതെ തുടങ്ങിയ യൂണിറ്റാണ്. അതുകൊണ്ട് തന്നെ കമ്പോളത്തിലെ മത്സരത്തിൽ പിന്തള്ളപ്പെട്ടു. ഇപ്പോൾ മൃതാവസ്ഥയിലാണ്. എങ്കിലും സഹായവുമായി സർക്കാർ മുന്നോട്ട് വന്നിട്ടുണ്ട്. പലിശയില്ലാത്ത വായ്പ നൽകി താത്പര്യമുള്ളവരെ മാത്രം ഉൾപ്പെടുത്തി പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമത്തിലാണ് ഗ്രാമവികസന വകുപ്പ്.

## നന്ദിനി ഡയറി

ആരംഭ ദശയിലുണ്ടാകാവുന്ന പ്രശ്നങ്ങൾ തരണം ചെയ്തിട്ടില്ല. മാർക്കറ്റ് പ്രധാന പ്രശ്നമാണ്. അതിനുള്ള ശ്രമങ്ങൾ ഇല്ലെന്നതും വസ്തുതയാണ്. എങ്കിലും പ്രതീക്ഷയ്ക്ക് വകയുണ്ട്.

## ദേവി കയർ സ്പിന്നിങ്ങ്

ശൈശവദശയിലാണ്. ഇപ്പോൾ കൈകൊണ്ടാണ് നിർമ്മാണം. 5 മെഷീനുകൾ വാങ്ങുന്നതിനുള്ള 2 ലക്ഷം രൂപയുടെ പ്രോജക്ട് പരിഗണനയിലാണ്.

## എസ്. എൻ. കുട നിർമ്മാണം

പ്രധാനമായും 2 പേരാണ് നിർമ്മാണരംഗത്തുള്ളത്. താൽക്കാലിക ജോലിക്കാർ 11 പേരുണ്ട്. വിപണനം നേരിട്ട് നടത്തുകയാണ് ചെയ്യുന്നത്. വികസന സാധ്യതയുള്ള യൂണിറ്റാണ്.

## DWCRA യൂണിറ്റുകൾ (അനുബന്ധം -6)

| യൂണിറ്റ് | അംഗങ്ങൾ | വരുമാനം (രൂപ) |
|---|---|---|
| വനിത കറിപൗഡർ | 10 | 20 |
| അനശ്വര റെഡിമെയ്ഡ് | 13 | 20 |
| ചൈതന്യലെതർബാഗ് | 10 | 20 |
| നന്ദിനി ഡയറി | 14 | 20 |
| ദേവി കയർ സ്പിന്നിങ്ങ് | 10 | 25-30 |
| എസ്.എൻ. കുട നിർമ്മാണം | 13 | 20-50 |

## ഊന്നൽ നൽകേണ്ട ഘടകങ്ങൾ

നിഷ്ക്രിയാവസ്ഥയിലിരിക്കുന്ന പ്രാദേശിക വിഭവങ്ങളെ നേട്ടങ്ങളാക്കി മാറ്റുന്നതിന് ബോധപൂർവ്വമായ ഇടപെടൽ ആവശ്യമാണ്. ശാസ്ത്രീയവും, ആസൂത്രിതവും, ജനകീയവുമായ ഒരു പരിപ്രേക്ഷ്യം രൂപപ്പെടുത്തിയെടുക്കണം. നമ്മുടെ നാട്ടിലെ വിഭവങ്ങളെയും കമ്പോളത്തെയും പരമാവധി പ്രയോജനപ്പെടുത്തുന്നത്, നാട്ടിലെ മൂലധനത്തെ കഴിയുന്നത്ര സമാഹരിക്കുവാൻ കഴിയുന്നത്, സമൂഹത്തിൽ അനുരണനങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നത്, നാട്ടിലെ തൊഴിൽ ശക്തിക്ക് അനുയോജ്യമായത് ഇത്തരത്തിലുള്ള ഒരു വ്യവസായ നയമാണ് രൂപപ്പെട്ട് വരേണ്ടത്. മൂല്യമേറിയ ഉൽപന്നങ്ങൾ നിർമ്മിച്ച് വിദൂരകമ്പോളത്തിലെത്തിക്കുന്നതിന് താല്പര്യമുണ്ടാകണം.

## പ്രശ്നങ്ങൾ

1. ഉല്പാദന സാധ്യതകളെ പറ്റിയുള്ള അറിവില്ലായ്മ
2. വ്യവസായങ്ങൾ സ്ഥാപിക്കാൻ പറ്റിയ സ്ഥലസൗകര്യം പഞ്ചായത്തിൽ ലഭ്യമല്ല.
3. വൈദ്യുതി കണക്ഷൻ ലഭിക്കാൻ താമസം നേരിടുന്നു.
4. വ്യവസായ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല.
5. അഭിരുചിക്കൊത്ത സ്കീമുകളും പദ്ധതികളും തെരഞ്ഞെടുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം.
6. വിപണിക്കനുസൃതമായ രീതിയിൽ ഉല്പന്നങ്ങൾ രൂപകല്പന ചെയ്യുന്നതിനുള്ള കെല്പില്ലായ്മ.
7. വിദഗ്ദ്ധ തൊഴിലാളികളുടെ ക്ഷാമം.
8. സാങ്കേതിക വിദ്യകളുടെ കുറവ്.
9. അസംസ്കൃത പദാർത്ഥങ്ങൾ വേണ്ടത്ര കിട്ടാനില്ല.
10. പരമ്പരാഗത വ്യവസായങ്ങളിൽ തൊഴിലാളികൾക്ക് അർഹമായ കൂലി നൽകാൻ കഴിയുന്നില്ല.
11. പരമ്പരാഗത വ്യവസായങ്ങളിൽ അദ്ധ്വാനം ലഘൂകരിക്കുന്ന വിധത്തിലുള്ള ആധുനികവൽക്കരണം നടക്കുന്നില്ല.
12. സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള കടമ്പകൾ.
13. സ്വയം തൊഴിൽ ചെയ്യാനുള്ള താല്പര്യക്കുറവ്.
14. സർക്കാർ ഉദ്യോഗത്തോടുള്ള അഭിവാഞ്ഛ.
15. വ്യവസായ സംരംഭങ്ങൾക്ക് ഉതകുന്ന രീതിയിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ കുറവ്.
16. സമൂഹത്തിൽ നിന്നുള്ള പ്രോത്സാഹനമില്ലായ്മ.
17. വിദേശവസ്തുക്കളോടുള്ള ഭ്രമം.
18. ഒരേ തരത്തിലുള്ള ഒന്നിൽ കൂടുതൽ യൂണിറ്റുകൾ.
19. പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് വൻകിട കമ്പനികളുടെ മേധാവിത്വത്തിലുള്ള മാർക്കറ്റിൽ പിടിച്ചു നിൽക്കുവാൻ കഴിയുന്നില്ല.
20. പ്രാദേശിക കാർഷികവിഭവങ്ങളിൽ ഊന്നിക്കൊണ്ടുള്ള വ്യവസായങ്ങളുടെ അഭാവം.

# നടപ്പ് പദ്ധതികൾ (അനുബന്ധം 5)

| വകുപ്പ് | നമ്പർ | പദ്ധതിയുടെ പേര് | വിഷയം | ഗുണഭോക്താവ് | ലഭിക്കുന്ന സഹായം | 95-96 വർഷത്തെ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വ്യവസായ വകുപ്പ് | 1. | പട്ടികജാതി വികസനത്തിനുള്ള പദ്ധതി | ഗ്രാൻറ് | പട്ടികജാതി സഹകരണസംഘം | ഓഹരി മൂലധനം | 10ലക്ഷം |
| | 2. | പട്ടിക ജാതി വ്യവസായ സംരംഭകർക്ക് വായ്പ | വായ്പ | പട്ടികജാതിയിൽ പെട്ടവർ | 50000 | 150 ലക്ഷം |
| | 3. | കരകൗശല വിദഗ്ദ്ധർക്കുള്ള പെൻഷൻ | പെൻഷൻ | 60 വയസ്സ് പൂർത്തിയായവർ | 250 | 2 ലക്ഷം |
| | 4. | കരകൗശല രംഗത്തെ പരിശീലന പരിപാടി | ഗ്രാൻറ് | പരിശീലനം ആഗ്രഹിക്കുന്നവർ | 250 | 10 ലക്ഷം |
| | 5. | പുതിയ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ | - | വ്യവസായ സംരംഭകർ | അടിസ്ഥാന സൗകര്യങ്ങൾ | 175 ലക്ഷം |
| | 6. | ഗ്രാമീണ കൈത്തൊഴിലുകാർക്കുള്ള പരിപാടി (ആർ.എ.പി.) | വായ്പയും ഗ്രാൻറും | കൈത്തൊഴിലുകാർ | 3000 | 14 ലക്ഷം |
| | 7. | പട്ടിക ജാതിയിൽ പെട്ട വ്യവസായ സംരംഭകർക്കു ഗ്രാൻറ് | ഗ്രാൻറ് | വായ്പ ലഭിച്ചവർ | 5000 | 90 ലക്ഷം |
| | 8. | പട്ടിക ജാതി വികസനത്തിനുള്ള ഗ്രാൻറ് | ഗ്രാൻറ് | പട്ടികജാതി സഹകരണ സംഘം | ഓഹരിമൂലധനം | 10ലക്ഷം |
| ഗ്രാമവികസന വകുപ്പ് | 9. | ഡി.ഡബ്ല്യു.സി.ആർ.എ. | - | ഐ.ആർ.ഡി.പി. ലിസ്റ്റിലെ സ്ത്രീകൾ | 15200 | - |
| | 10. | ജെ.ആർ. വൈ | - | ഗ്രാമീണതൊഴിലാളികൾ | മാനദണ്ഡമനുസരിച്ച് | - |
| | 11. | തൊഴിലുറപ്പ് പദ്ധതി (ഇ.എ.എസ്.) | - | ഫാമിലി കാർഡ് ലഭിച്ചവർ | ജോലി | - |
| | 12. | ജെ.ആർ.വൈ. നൂതന പ്രോജക്ടുകൾ | - | ജെ.ആർ. വൈ. ഗുണഭോക്താക്കൾ | 3 കോടി | - |
| | 13. | ഐ.ആർ.ഡി.പി. | - | ഐ.ആർ.ഡി.പി. ലിസ്റ്റിലുള്ളവർ | 15000 | - |
| | 14. | ട്രൈസം | - | ഐ.ആർ.ഡി.പി. ലിസ്റ്റിലുള്ളവർ | സ്റ്റൈപ്പൻറ് | - |
| വനിതാ വികസന കോർപ്പറേഷൻ | 15. | വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി | - | സ്ത്രീകൾ | 500 | - |
| | 16. | സ്ത്രീ ജ്യോതി | വായ്പ | തൊഴിൽ രഹിത വനിതകൾ | 25000 | - |
| | 17. | വ്യവസായം തുടങ്ങുന്നതിനുള്ള പദ്ധതി | വായ്പ ഗ്രാൻറ് | വനിത സഹകരണ സംഘങ്ങൾ | 500 ഗ്രാൻറ് 1500 വായ്പ | - |


## സാധ്യതകൾ

1. വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.
2. സംരംഭകർക്ക് വേണ്ടത്ര പരിശീലനം നൽകുക.
3. പുതിയ സംരംഭങ്ങൾ സഹകരണമേഖലയിൽ ആരംഭിക്കുക. (വ്യത്യസ്ത മേഖലകളിൽ വ്യവസായ സഹകരണസംഘങ്ങൾ)
4. പഞ്ചായത്തിനകത്ത് ലഭ്യമായ അസംസ്കൃത വസ്തുക്കൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പുതിയ സംരംഭങ്ങൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

   (ഉദാഹരണം. നാളികേരം, അടക്ക, ചകിരി, കൈതോല)
5. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുക.
6. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സൗകര്യമുണ്ടാക്കുക.
7. പുതിയ സംരംഭകർക്ക് പ്രോത്സാഹനവും ആത്മധൈര്യവും, മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് പഞ്ചായത്ത് വ്യവസായ വികസനസമിതി രൂപീകരിക്കുക.
8. ബ്ലോക്ക് തലത്തിൽ ചെറുകിട വ്യവസായങ്ങളുടെ ഒരു സമൂഹം സൃഷ്ടിക്കൽ
9. "ഔട്ട് വർക്കർ" ഉല്പാദന സമ്പ്രദായം രൂപപ്പെടുത്തൽ.
10. സ്വയം തൊഴിൽ എക്സ്ചേഞ്ചുകളുടെ രൂപീകരണം. (കൊല്ലം മാതൃക)
11. പൊതുവിപണന കേന്ദ്രങ്ങളെയും സഹകരണസ്ഥാപനങ്ങളെയും പ്രാദേശിക വ്യാവസായികോല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെടുത്തുക
12. സാമൂഹികമായ പരിവർത്തനത്തിനുള്ള നടപടികൾ
13. സാമ്പത്തിക സഹായം ലഭ്യമാക്കൽ. ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖ പ്രവർത്തനമാരംഭിക്കുക.
14. ഗൾഫ് മലയാളികളെ വ്യവസായരംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുക.
15. സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതിന് കമ്യൂണിറ്റി പോളിടെക്നിക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലാക്കുക.
16. പുതിയൊരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന്, അയൽകൂട്ടങ്ങൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

## ഗ്രാമസഭകളുടെ ആവശ്യങ്ങൾ

- പായനെയ്ത്ത് സഹകരണസംഘം
- കയർ വ്യവസായ സഹകരണസംഘം
- സോപ്പ് നിർമ്മാണ യൂണിറ്റ്
- പപ്പട നിർമ്മാണം
- കാലിതീറ്റ നിർമ്മാണം
- ഇലക്ട്രോണിക്സ് കോംപോണൻറ് നിർമ്മാണം
- ഇളനീർ പന്തൽ
- ബുക്ക് ബൈൻഡിംഗ്
- കോഴി വളർത്തൽ
- മെഴുകുതിരി, ചോക്ക്, ചന്ദനത്തിരി നിർമ്മാണം
- ഇലക്ട്രിക് ഉപകരണ നിർമ്മാണം
- പുഷ്പകൃഷി.



# ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

രാജ്യത്തെ രക്ഷിക്കുന്നതിനും മറ്റ് രാജ്യങ്ങൾ വെട്ടിപ്പിടിക്കുന്നതിനുമിടയിൽ നിർമ്മിക്കപ്പെട്ട പലതും പിന്നീട് ചരിത്രസ്മാരകങ്ങളായി തീർന്നിട്ടുള്ള നാടാണ് കേരളം. ടിപ്പുവിൻെറ പടയോട്ടക്കാലത്ത് നിർമ്മിച്ച മൂന്ന് റോഡുകൾ പെരിഞ്ഞനത്തുണ്ട്. വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ്, നാഷണൽ ഹൈവേ, ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് എന്നിവയാണവ. തിരുവതാംകൂറിനെ ആക്രമിക്കുന്നതിൻെറ മുന്നോടിയായി വൈപ്പിൻ ദ്വീപിലെ പള്ളിപ്പുറത്തുള്ള ആയിക്കോട്ടയും കൊടുങ്ങല്ലൂർ കോട്ടയും പിടിച്ചടക്കണമെന്ന് മനസ്സിലാക്കിയ ടിപ്പുസുൽത്താൻ 1789 ൽ നടത്തിയ ക്രൂരമായ പടയോട്ടത്തിൻെറ ബാക്കിപത്രമാണ് മേൽപ്പറഞ്ഞ മൂന്ന് റോഡുകൾ. (അവലംബം * കേരളചരിത്രം * പി. കെ. ബാലകൃഷ്ണൻ) കേരളവർമ്മ കോളേജിലെ വിദ്യാർത്ഥികളുടെ സംഘബോധത്തിൻേറയും സന്നദ്ധസേവനത്തിൻേറയും ഫലമായി 1987 ൽ രൂപംകൊണ്ടതാണ് കൊറ്റംകുളം പെരിഞ്ഞനം വെസ്റ്റ് റോഡ്. 1970 നുശേഷം പലഘട്ടങ്ങളിലായി ഗ്രാമവികസനവുമായി ബന്ധപ്പെട്ട് നിർമ്മിച്ചവയാണ് ഇന്ന് കാണുന്ന റോഡുകളെല്ലാം. വികസനമെന്നാൽ റോഡ് നിർമ്മാണം മാത്രമാണ് എന്ന വികലധാരണയും റോഡ് നിർമ്മാണത്തിനുവേണ്ടി പൊതുഫണ്ടിൻെറ ഭൂരിഭാഗവും ചെലവഴിക്കപ്പെടുന്ന പ്രവണതയും റോഡ് ശൃംഗലയുടെ വ്യാപനത്തിന് ആക്കം കൂട്ടി. പഞ്ചായത്തിലെ ആകെ റോഡുകളുടെ നീളം 39 കി. മീ. ആണ്. ഒരു ചതുരശ്ര കി. മീ. വിസ്തീർണ്ണത്തിന് ശരാശരി 4 കി. മീ. റോഡ്. സംസ്ഥാന ശരാശരിയായ 3. 2 കി. മീ. യിൽ നിന്നും ഉയർന്നതാണിത്. ടാർ ചെയ്ത റോഡുകളുടെ നീളം 23 കി. മീ. ആണ്. എട്ട് റോഡുകളിലൂടെ ബസ്സ് ഗതാഗതമുണ്ട്. രണ്ട് ടാക്സി സ്റ്റാൻറുകളും ആറ് ഓട്ടോസ്റ്റാൻറുകളും ഒരു ടെമ്പോ സ്റ്റാൻറുമുണ്ട്. റോഡ് ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷക്കാലത്ത് മിക്കറോഡുകളും ഗതാഗതയോഗ്യമല്ലാതാകും. ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവമാണ് കാരണം. പല റോഡുകളും ഒരു കാലത്ത് വെള്ളമൊഴുകി പോയിരുന്ന തോടുകളായിരുന്നു.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

പഞ്ചായത്തിലെ ടാർ റോഡുകൾ പട്ടിക. 1

| നമ്പർ | റോഡ് | ദൂരം കി. മീ. | വീതി | ഉടമസ്ഥത | ബസ്സ് ഗതാഗതം |
|---|---|---|---|---|---|
| 1. | നാഷണൽ ഹൈവേ | 1.5 | | എൻ. എച്ച്. | ഉണ്ട്. |
| 2. | ഈസ്റ്റ് ടിപ്പുസുൽത്താൻ | 2 | 20 അടി | പഞ്ചായത്ത് | " |
| 3. | വെസ്റ്റ് ടിപ്പുസുൽത്താൽ | 2.5 | 28 അടി | പി..ഡബ്ല്യു.ഡി | " |
| 4. | മൂന്നുപീടിക - കാക്കാത്തുരുത്തി | 1.5 | 28 | " | " |
| 5. | മൂന്നുപീടിക - ബീച്ച് | 3.5 | 20 | " | " |
| 6. | സെൻറർ - കുറ്റിലക്കടവ് | 1.25 | 20 | " | " |
| 7. | സെൻറർ - ബീച്ച് | 3.5 | 28 | " | " |
| 8. | കൊറ്റംകുളം - ചക്കരപ്പാടം | 1 | 20 | പഞ്ചായത്ത് | ഇല്ല |
| 9. | കൊറ്റംകുളം - സ്മാരകം സ്കൂൾ | 3 | 20 | " | " |
| 10 | വടക്കേഓണപ്പറമ്പ് - കൂളിമുട്ടം | 1.5 | 20 | " | ഉണ്ട് |
| 11. | കുമാരൻനായർ - ബീച്ച്റോഡ് | 1 | 20 | " | ഇല്ല |
| 12. | പഞ്ചായത്ത്ഓഫീസ് - ഈസ്റ്റ | 1.5 | 20 | " | " |
| 13. | എൻ. എം. യൂസഫ് റോഡ് | 1.2 | 20 | " | " |
| 14 | വി. കെ. ഗോപാലൻ റോഡ് | 3.4 | 28 | പി.ഡബ്ല്യു.ഡി. | ഉണ്ട് |

കുറ്റിലക്കടവിൽ കനോലികനാലിന് കുറുകെ ഒരു നടപ്പാലം വേണ മെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സ്മാരകം സ്കൂളിന് കിഴക്കുവശത്തും നടപ്പാലം വേണ്ടിവരും. മാടശ്ശേരി ഭാഗത്തും നടപ്പാലത്തിന് നിർദ്ദേശമുണ്ട്.

## പ്രശ്നങ്ങൾ

1. റോഡുകളുടെ ഗുണനിലവാരമില്ലായ്മ. റോഡിന്റെ വീതികുറവ്, പാർശ്വങ്ങളിലെ നടപ്പാതയില്ലായ്മ.
2. മെറ്റൽ ചെയ്യാനും ടാർ ചെയ്യാനുമുള്ള നിർദ്ദേശങ്ങൾ നിരവധിയാണ്. ഇവ അനുബന്ധപ്പട്ടിക 2 ൽ രേഖപ്പെടുത്തിയിരിക്കുന്നു.
3. റോഡ് ശൃംഖലാവ്യാപനം ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ:

☆ മരങ്ങൾ വളരെയേറെ നശിപ്പിക്കപ്പെട്ടു. ഇത് മണ്ണൊലിപ്പിന് കാരണമാകുന്നു.

☆ വർഷക്കാലത്ത് അധികമുള്ള വെള്ളം ഒഴുകിപോയിരുന്ന ഇടങ്ങളെല്ലാം റോഡായതോടെ ഒഴുക്കിന് തടസ്സം നേരിട്ടു. വെള്ളക്കെട്ടും കൃഷിനാശവുമാണ് ഫലം.

☆ റോഡുകൾ ഗതാഗതയോഗ്യമല്ലാതാവുകയും ചെയ്യുന്നു.

4. റോഡുകളുടെ ഇരുവശവും മതിൽ കെട്ടുന്നതോടെ ഇടവഴികൾ ഇല്ലാതാകുന്നു. പുതിയ റോഡുകൾക്ക് വേണ്ടിയുള്ള മുറവിളി ഉയരുന്നു. (പട്ടിക. 3 കാണുക)
5. സ്വകാര്യബസ്സുകാരുടെ മിന്നൽ പണിമുടക്കുകൾ അടിക്കടി ഉണ്ടാകുന്നതിനാൽ സഞ്ചാരസ്വാതന്ത്ര്യം നഷ്ടപ്പെടുകയാണ്. കെ. എസ്. ആർ. ടി. സി. ബസ്സുകൾ പേരിന് മാത്രം രണ്ടെണ്ണമേയുള്ളൂ.

ഉപരിതല ക്രമീകരണങ്ങളും മറ്റ് അറ്റകുറ്റപ്പണികളും നടത്തേണ്ട റോഡുകൾ:

1. രണ്ടാം വാർഡിലെ മുരുക റോഡിൽ നിന്ന് ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡിൽ കോവിലകം ജങ്ഷനുമായി യോജിക്കുന്ന ഉദ്ദേശം 750 മീറ്റർ, സൗഹൃദറോഡിൽ ബാക്കിനിൽക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾക്കൂടി നടത്തി ഗതാഗതയോഗ്യമാക്കണം. ഈജോലികൾക്കാവശ്യമായ മനുഷ്യാദ്ധ്വാനം പരിസരവാസികളുടെ ശ്രമദാനംവഴി ലഭിക്കുന്നതാണ്.
2. ചക്കരപ്പാടം പടിഞ്ഞാറ് ലക്ഷംവീട് പരിസരത്ത് നിന്ന് തുടങ്ങി വടക്കുഭാഗത്ത് കൊറ്റംകുളം ഈസ്റ്റ് യു. പി. സ്കൂൾ റോഡിൽ ചേരുന്ന ഉദ്ദേശം 300 മീറ്റർ റോഡ് വീതികൂട്ടി അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
3. വാർഡ് 5 ൽ സംഘം കലാക്ഷേത്രത്തിന് തെക്കുഭാഗത്ത് നിന്ന് പടിഞ്ഞാട്ട് നിർമ്മിച്ചിട്ടുള്ള പുതിയറോഡ് അച്ചംകണ്ടം പരിസരത്തേക്ക് ദീർഘിപ്പിച്ച്, കൈപ്പമംഗലംബീച്ച് റോഡിൽ യോജിപ്പിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കണം.
4. പഞ്ചായത്ത് കളിസ്ഥലത്തിന് പടിഞ്ഞാറ് ഭാഗത്തുകൂടി വടക്കോട്ട് പോകുന്ന റോഡ് കൈപ്പമംഗലം ബീച്ച്റോഡിൽ യോജിക്കുന്നതുവരെ നീട്ടുകയും ആവശ്യമായ സംരക്ഷണനടപടികൾ നടത്തിഗതാഗത യോഗ്യമാക്കുകയും വേണം.
5. കഴിഞ്ഞ ചാകരകാലത്ത് ക്രമാതീതമായ ഉപയോഗംമൂലം തകർന്നു താറുമാറായ എടപ്പന്തി റോഡ് അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
6. വിശ്വപ്രകാശ് റോഡ്, ശ്മശാനം റോഡ്, വി. കെ. ഗോപാലൻ റോഡിൽ നിന്ന് അറബിക്കടലിന് സമാന്തരമായി തെക്കോട്ട് അറപ്പയിലേക്ക് നീളുന്ന റോഡ് എന്നിവ അറ്റകുറ്റപ്പണിനടത്തി ഗതാഗത യോഗ്യമാക്കണം.

ടാറിങ്ങ് ആവശ്യമായ റോഡുകൾ      പട്ടിക. 2

| നമ്പർ | റോഡ് |
|---|---|
| 1. | സുധ - ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് |
| 2. | സി. എച്ച്. സി - എ. എം. എൽ. പി. സ്കൂൾ |
| 3. | ഈസ്റ്റ് ടിപ്പുസുൽത്താൻ - പൊൻമാനിക്കുടം |
| 4. | കോവിലകം, നേതാജി റോഡുകൾ |
| 5. | ഗാന്ധി റോഡ് - ചക്കരപ്പാടം |
| 6. | എസ്സ്. എസ്സ്. ഡി. പി ക്ഷേത്രം - ഈസ്റ്റ് ടിപ്പുസുൽത്താൻ |
| 7. | മുരുകൻ റോഡ് |
| 8. | വാട്ടർടാങ്ക് - ഗണപതിഅമ്പലം |
| 9. | കുമാരൻ നായർ |
| 10. | വാട്ടർടാങ്ക് - കാതിക്കോട് |
| 11. | ചക്കാലക്കൽ അമ്പലം - ഫീനിക്സ് |
| 12. | ലക്ഷംവീട് കോളനി - ശ്മശാനം |
| 13. | വി. കെ. ജി. റോഡ് - ആറാട്ട്കടവ് ഷാപ്പ് |
| 14. | അഞ്ചമ്പലം റോഡ് |
| 15. | അച്ചംകണ്ടം റോഡ് |
| 16. | വിഷ്ണുപ്പറമ്പ് - മഹളിറപള്ളി |
| 17. | എൻ. എം. യൂസഫ് റോഡ് |
| 18. | ചക്കരപ്പാടംപള്ളി - പുന്നക്കബസാർ |
| 19. | കുറ്റിലക്കടവ് - കനോലി കനാൽ |

7. പള്ളിയിൽ ക്ഷേത്രനടയിൽ നിന്നാരംഭിച്ച് മൂന്നുപൂടിക ബീച്ച് റോഡിൽ ചേരുന്ന 750 മീറ്റർ ദൂരമുള്ള പാണ്ടിഷറമ്പ് റോഡ് അറ്റകുറ്റപ്പണിചെയ്ത് ഗതാഗതയോഗ്യമാക്കണം.
8. വി.കെ. ഗോപാലൻ റോഡിൽ നിന്നാരംഭിച്ച് കുമാരൻനായർ റോഡിൽ യോജിക്കുന്ന ഗുരുക്കൾ റോഡ് അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കണം.

പുതിയ റോഡുകൾക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങൾ (പട്ടിക 3)

| നമ്പർ | വാർഡ് | റോഡ് | ദൂരം മീറ്ററിൽ |
|---|---|---|---|
| 1 | I | പ്രിൻസ് ഓട്ടോസ്റ്റേഷൻ - എൻ. എം. യൂസഫ് റോഡ് | 300 |
| 2 | I | മാമൻചോഹൻ റോഡ് - എൻ. എം. യൂസഫ് റോഡ് | 700 |
| 3 | I | പെരിമംഗലം - എൻ. എം. യൂസഫ് റോഡ് | 700 |
| 4 | I | ഈസ്റ്റ് ടിപ്പുസുൽത്താൻ - കനോലികനാൽ | 200 |
| 5 | II | ഏറ്റത്തമ്പലം - പഞ്ചായത്താഫീസ് റോഡ് | 200 |
| 6 | IV | മുരുകൻ ക്ഷേത്രം - കൊറ്റംകുളം ഈസ്റ്റ് റോഡ് | 300 |
| 7 | II | ആനചവിട്ടി റോഡ് - കൊറ്റംകുളം ഈസ്റ്റ് റോഡ് | 450 |
| 8 | III | ഈസ്റ്റ് സ്മശാനം - പൊന്മാനിക്കുടം | |
| 9 | IV | ബിസ്മില്ല കോളനി - കൊറ്റംകുളം ഈസ്റ്റ് റോഡ് | 250 |
| 10 | VI | തോണികുളം - ഗണപതി അമ്പലം | |
| 11 | VI | ചക്കാലക്കൽ അമ്പലം - വി.കെ. ഗോപാലൻ റോഡ് | |
| 12 | VII | മാടശ്ശേരി - വി.കെ. ഗോപാലൻ റോഡ് | |
| 13 | VII | തോണികുളം - പുളിഞ്ചോട് കോളനി | |
| 14 | VI | തോണികുളം - പള്ളിയിൽ ക്ഷേത്രം | |
| 15 | VII | പിണ്ടിയത്ത് കോളനി - വെസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | |
| 16 | VII | ഫീനിക്സ് - പത്രമുക്ക് | |
| 17 | VII | കൊറ്റംകുളം മദ്രസയിൽ നിന്ന് പടിഞ്ഞാട്ട് | |
| 18 | VIII | അഞ്ചമ്പലം - സ്മാരകം സ്കൂൾ | |
| 19 | IX | ആയുർവേദ ഡിസ്പെൻസറി - ബീച്ച് | 400 |
| 20 | IX | അറപ്പപാലം - ബീച്ച് | |
| 21 | X | വെസ്റ്റ് ടിപ്പുസുൽത്താൻ - ജയശ്രീ മഹിളാസമാജം | |
| 22 | X | അറക്കപ്പറമ്പ് റോഡ് - ബീച്ച് റോഡ് | |
| 23 | V | ഗ്യാസ് ഗോഡൗൺ - വി. കെ. ഗോപാലൻ റോഡ് | |
| 24 | IV | .പുളിഞ്ചോട് - ഗാന്ധി റോഡ് | |

### സാധ്യതകൾ

1. പറവൂർ ഗുരുവായൂർ റൂട്ടിൽ കെ. എസ്. ആർ. ടി. സി. ബസ്സുകൾ നിലവിൽ വരണം.
2. പെരിഞ്ഞനം തൃശൂർ കെ. എസ്. ആർ. ടി. സി. ബസ്സ് പുനരാരംഭിക്കേണ്ടതാണ്.
3. കനോലികനാലിലൂടെ ബോട്ട് സർവ്വീസ് സൗകര്യം ഒരുക്കണം. ഇത് വിനോദസഞ്ചാര രംഗത്തും വ്യാവസായിക രംഗത്തും ഈ പ്രദേശത്തെ കുറെക്കൂടി പുരോഗതിയിലേക്ക് നയിക്കും. സർവ്വീസ് ആരംഭിക്കുന്നതിന് കെ. എസ്. ഡബ്ലിയു. ടി. സി. യിൽ സമ്മർദ്ദം ചെലുത്തണം.
4. പെരുന്തോട് സൈഡ് കെട്ടി സഞ്ചാരയോഗ്യമാക്കാം.
5. പുതിയ റോഡുകൾക്ക് കൺസൻറ് ഒപ്പിടുമ്പോൾ നിലവിലുള്ള നടവഴികൾ തടസ്സപ്പെട്ടില്ല എന്നുറപ്പുവരുത്തണം.
6. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ മലിനജലം ഒഴുകിപോകാനുള്ള ഓവുചാലുകൂടി വേണം.
7. അറ്റകുറ്റപ്പണികൾ മുൻഗണനാടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പട്ടിക 2 പരിഗണിക്കണം. ആവശ്യത്തിൻെറ തീവ്രതയും ഫണ്ടിൻെറ പരിമിതിയും കണക്കിലെടുത്ത് പട്ടിക 3 ഗ്രാമസഭകൾ തന്നെ നിജപ്പെടുത്തണം.
8. പുതിയ റോഡുകൾക്കുവേണ്ടി വെട്ടിമാറ്റപ്പെടുന്ന മരങ്ങൾക്ക് പകരമായി റോഡ് വക്കിൽ മരങ്ങൾ വച്ചുപിടിപ്പിക്കണമെന്ന് നിർദ്ദേശിക്കാം. റോഡ് നിർമ്മാണത്തിന് തുനിയുന്ന ജനകീയ സമിതികളെ തന്നെ ഇതിന് ചുമതലപ്പെടുത്താം.
9. റോഡരികിൽ നിന്ന് മൂന്നുമീറ്റർ ദൂരെ മാത്രം കെട്ടിട നിർമ്മാണം പാടുള്ളൂ എന്ന നിയമം നിലവിലുണ്ടെങ്കിലും ഈ നിയമത്തെ മറികടന്നുകൊണ്ട് പലരും നിർമ്മാണപ്രവർത്തനങ്ങൾ നിർബാധം നടത്തുന്നുണ്ട്. വളരെ ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും ഭൂമിയുടെ വില താരതമ്യേന വളരെക്കൂടിയതുമായ തീരപ്രദേശമാണ് നമ്മുടേത്. ഈ പരിതസ്ഥിതി കണക്കിലെടുത്ത് പ്രസ്തുത അകലം രണ്ടുമീറ്റർ മാത്രമാക്കി ചുരുക്കി നിർമ്മാണപ്രവർത്തനങ്ങൾ നടത്താവുന്നതാണെന്ന ഭേദഗതി വരുത്തിക്കൊണ്ട് നിയമം നടപ്പിലാക്കണം ആയത് പ്രാവർത്തികമാക്കാൻ ഗ്രാമവാസികളും പഞ്ചായത്ത് അധികാരികളും ശ്രദ്ധിക്കണം.
10. പഞ്ചായത്ത് പരിധിയിൽവരുന മുഴുവൻ റോഡുകളിലും അവയുടെ പ്രാധാന്യത്തിനനുസരിച്ച് ഘട്ടംഘട്ടമായി വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

# ഊർജ്ജം

ഊർജ്ജം വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമാണെങ്കിലും ആധുനിക കാലഘട്ടത്തിൽ ജനങ്ങൾ ചിന്തിക്കുന്നത് കൂടുതലായും വൈദ്യുതിയെപ്പറ്റിത്തന്നെയാണ്. കൽക്കരി, എണ്ണ, പ്രകൃതിവാതകം തുടങ്ങിയ വാണിജ്യ ഇന്ധനങ്ങളും, സൗരോർജ്ജം പോലുള്ള പാരമ്പര്യേതര സ്രോതസ്സുകളും നിലവിലുണ്ടെങ്കിലും നമ്മുടെ പ്രദേശത്ത് അവയുടെ ലഭ്യത തുച്ഛമായതിനാൽ ഇവയുടെ ഉപഭോഗരംഗത്ത് ജനങ്ങൾ ഇന്നും വളരെയേറെ പിന്നിൽ തന്നെയാണ്. മേൽപ്പറഞ്ഞ ഇന്ധനങ്ങളെ അപേക്ഷിച്ച് വൈദ്യുതി, വിറക് (പ്രധാനമായും തെങ്ങ് ഉല്പന്നങ്ങൾ) മറ്റ് പാഴ്‌വസ്തുക്കൾ എന്നിവയാണ് നമ്മുടെ പ്രദേശത്ത് കൂടുതലായി ഉപയോഗിക്കുന്നത്.

കൃഷിയിലും പരമ്പരാഗത വ്യവസായത്തിലും മനുഷ്യാദ്ധ്വാനമാണ് പ്രധാന ഊർജ്ജസ്രോതസ്സായി നിലനിന്നിരുന്നത്. സാങ്കേതിക വിദ്യയുടെ വ്യാപനത്തിലൂടെ മനുഷ്യാദ്ധ്വാനത്തെ മറ്റു ഊർജ്ജസ്രോതസ്സുകൾകൊണ്ട് പകരം വയ്ക്കുകയാണ് നാം ചെയ്യുന്നത്. തൊഴിൽ ഒരു പ്രശ്നമായി നിലനിൽക്കെത്തന്നെ പരമ്പരാഗത വ്യവസായങ്ങളുടെ ഉല്പാദന വർദ്ധനവിനും നിലനിൽപിനും മറ്റു ഊർജ്ജസ്രോതസ്സുകളെ (പ്രധാനമായും വൈദ്യുതി) വ്യാപകമായി ഉപയോഗിക്കേണ്ടിയിരിക്കുന്നു.

1960 നോട് അടുത്തകാലത്താണ് പെരിഞ്ഞനം നിവാസികൾക്ക് വൈദ്യുതി ലഭിക്കുന്നത്. ഭൂരിഭാഗം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ എണ്ണം 1438 ആണ്. വൈദ്യുതി ആവശ്യക്കാരുടെ നീണ്ട പട്ടികതന്നെ ബോർഡിൻെറ മുന്നിലുണ്ട്. പ്രധാനമായും ഗാർഹിക ആവശ്യങ്ങൾക്കാണ് വൈദ്യുതി കൂടുതലായി ഉപയോഗിക്കുന്നത്. വ്യവസായങ്ങൾ കുറവായ പഞ്ചായത്തിൽ കാർഷികാവശ്യത്തിനാണ് അടുത്ത സ്ഥാനം. 2573 ൽ ഗാർഹിക കണക്ഷനുകളും 651 കാർഷിക കണക്ഷനുകളും കൂടാതെ 447 വ്യാപാരസ്ഥാപനങ്ങൾക്കും 59 വ്യവസായങ്ങൾക്കും വൈദ്യുതി ലഭിച്ചട്ടുണ്ട്. ഓ. എച്ച്. ജനറൽ കോട്ടയിൽ 92 മുതൽ അപേക്ഷിച്ചവർ കാത്തുകിടപ്പാണ്. കാർഷിക കണക്ഷന് 93 മുതൽ അപേക്ഷിച്ചവരും വെയ്റ്റ് ലിസ്റ്റിൽ തന്നെ. ഓ. ടി. പി. കോട്ട മുഴുവൻ കൊടുത്തു കഴിഞ്ഞു. മൂന്ന് ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. എന്നാൽ 3 വർഷമായി വൈദ്യുതിക്കുവേണ്ടി കാത്തിരിക്കുന്ന ഹരിജന കുടുംബങ്ങളുമുണ്ട്. വൈദ്യുതി വിതരണത്തിൽ സഹായിക്കുന്ന 17 ട്രാൻസ് ഫോർമറുകൾ പഞ്ചായത്ത് പരിധിയിലുണ്ട്. 315 കെ. വി. എ., 250 കെ. വി. എ., 50 കെ. വി. എ.

എന്നിവ ഓരോന്നും 160 കെ. വി. എ. അഞ്ചെണ്ണവും 100 കെ. വി. എ. 9 എണ്ണവുമാണ്. 263 തെരുവു വിളക്കുകൾക്ക് വേണ്ടി പഞ്ചായത്ത് പ്രതിമാസം ചെലവിടുന്ന തുക 3320 തുകയാണ്. തെരുവുവിളക്കുകളെക്കുറിച്ച് എല്ലാ ഗ്രാമസഭകളിൽ നിന്നും പരാതികൾ ഉയർന്നിട്ടുണ്ട്. വോൾട്ടത കുറവും അടിക്കടിയുള്ള അപ്രഖ്യാപിത പവർകട്ടും നിത്യദുരിതങ്ങളാണ്. കൊടുങ്ങല്ലൂർ, മതിലകം, പെരിഞ്ഞനം എന്നിവിടങ്ങളിലെ ഏത് അറ്റകുറ്റപ്പണികൾ നടന്നാലും പെരിഞ്ഞനത്ത് 11 കെ. വി. ലൈൻ ഓഫാകും. അത്യാവശ്യ സന്ദർഭങ്ങളിൽ കാട്ടൂർ ലൈനുമായി ബന്ധപ്പെടുത്താവുന്ന സൗകര്യം മൂന്നുപീടികയിലുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്തിയിട്ടില്ല. മരച്ചില്ലകളിൽ ലൈൻ മുട്ടിയുണ്ടാകുന്ന പ്രസരണനഷ്ടം ഒഴിവാക്കുന്നതിന് വേണ്ടത്ര ശ്രദ്ധയില്ല. ജനകീയമായ ഒരു അവബോധവും ശ്രമവും ഇക്കാര്യത്തിൽ ഉരുത്തിരിയേണ്ടതുണ്ട്. ഒരു സബ്സ്റ്റേഷൻ ഓഫീസ് പെരിഞ്ഞനത്ത് ഉണ്ടെങ്കിലും അവിടെ വേണ്ടത്ര ജീവനക്കാരില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തിൽ ജനങ്ങൾ പൊതുവെ തൃപ്തരല്ല. കാർഷികാവശ്യത്തിന് സബ്സിഡിയോടുകൂടി നൽകിയ കണക്ഷനുകൾ പലരും ദുർവിനിയോഗം ചെയ്യുന്നതായി അറിയുന്നു.

ഊർജ്ജസ്രോതസ്സുകളിൽ മറ്റൊരു പ്രധാനപ്പെട്ട വസ്തു വിറകാണ്. എല്ലാ വീടുകളിലും വിറകടുപ്പുകൾ ഉപയോഗിക്കുന്നുണ്ട്. 200 ഓളം വീടുകളിൽ പുകശല്യമില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നുണ്ട്. സമയാസമയങ്ങളിൽ നൽകേണ്ട പരിചരണം നൽകാത്തതിനാൽ ചില അടുപ്പുകൾ പ്രവർത്തനരഹിതമാണ്. എല്ലാ സ്കൂളുകളിലും പുകശല്യമില്ലാത്ത ദക്ഷതകൂടിയ അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പാരമ്പര്യരീതിയിൽ നിന്ന് വ്യതിചലിക്കുന്നതിനുള്ള വൈമുഖ്യമാണ് ദക്ഷത കൂടിയ അടുപ്പുകൾസ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങൾ. എങ്കിലും പല ഗ്രാമസഭകളിൽ നിന്നും ഇത്തരം അടുപ്പുകൾക്കുവേണ്ടിയുള്ള ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്. അനർട്ട് വഴി നേരിട്ടല്ലാതെ സ്ഥാപിക്കുന്ന അടുപ്പുകൾക്ക് സബ്സിഡി ലഭിക്കാത്തത് പ്രശ്നമാണ്. 1987 ലാണ് പാചക വാതകം നമ്മുടെ അടുക്കളകളിലേക്കെത്തുന്നത്. ഇന്നതിന്റെ ഉപയോഗം വ്യാപകമായി വരികയാണ്. വിറകടുപ്പുകളുടെ ദക്ഷത വളരെക്കുറഞ്ഞിരിക്കുന്നതിനാൽ, പാചകവാതകത്തിനും വിറകിനും വേണ്ടിവരുന്ന തുക താരതമ്യം ചെയ്യുമ്പോൾ പാചക വാതകമാണ് ഇപ്പോൾ ലാഭകരമായ ഇന്ധനം. സാധാരണ വിറകടുപ്പിൽ ഉപയോഗിക്കുന്ന വിറകിൽ നിന്ന് ഉണ്ടാകുന്ന ഊർജ്ജത്തിന്റെ 10 ശതമാനം മാത്രമെ ലഭ്യമാകുന്നുള്ളു. ഭൂരിഭാഗവും പാഴായി പോകുന്നു എന്നതാണ് വസ്തുത. ഗ്യാസടുപ്പിന്റെ ദക്ഷത 50 ശതമാനത്തിൽ അധികമാണെങ്കിൽ സാധാരണവിറകടുപ്പിനത് 10 ശതമാനം മാത്രമെയുള്ളു. മെച്ചപ്പെട്ട വിറകടുപ്പിന്റെ ദക്ഷത 30 ശതമാനമാണ്. ധാരാളം സാധ്യതയുള്ള ഗോബർഗ്യാസ് പ്ലാന്റ് രണ്ടെണ്ണം മാത്രമെയുള്ളു. നാലുവീടുകളിൽ സൗരോർജ്ജ പാനലുകളും രണ്ട് സൂര്യറാന്തലുകളും ഉപയോഗിക്കുന്നു. ധാരാളമായി ഉപയോഗിക്കുന്ന എമർജൻസി ലൈറ്റുകൾക്കു പകരം സൂര്യറാന്തൽ ഉപയോഗിക്കുന്നത് വൈദ്യുതി ഉപഭോഗം കുറയ്ക്കും. മണ്ണെണ്ണയാണ് മറ്റൊരു ഊർജ്ജം. 20000 ലിറ്റർ മണ്ണെണ്ണ മാസംതോറും പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നുണ്ട്. പാചകത്തിനും വെളിച്ചത്തിനും വേണ്ടി ഇത് ഉപയോഗിക്കുന്നു. ചാണകം ശവസംസ്കാരത്തിനുമാത്രമാണ് ഊർജ്ജമായി ഉപയോഗിക്കുന്നത്. വൈദ്യുതി ഉപഭോഗം കുറയ്ക്കുകയും സാമ്പത്തിക വരുമാനം ഉണ്ടാക്കുകയും ചെയ്യുന്ന ചിരട്ടക്കരികൊണ്ട് ഇസ്തിരിയിടുന്ന സ്ഥാപനങ്ങളൊന്നുംതന്നെയില്ല.

### പ്രശ്നങ്ങൾ

1. വോൾട്ടത കുറവും പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവർകട്ട്.
2. വേണ്ടത്ര ഉപകരണങ്ങളോ ജീവനക്കാരോ ഇല്ല.
3. പ്രസരണനഷ്ടം കുറയ്ക്കുന്നതിന് മരച്ചില്ലകൾ യഥാസമയം വെട്ടിമാറ്റുന്നില്ല.
4. അശാസ്ത്രീയവും പുരാതനവുമായ ലൈനിങ്ങ്മൂലം വോൾട്ടത ക്ഷാമം.
5. സൗരോർജ്ജ ഉപകരണങ്ങൾ ലഭ്യമല്ല.
6. ദക്ഷതകൂടിയ അടുപ്പ്, ഗോബർഗ്യാസ് പ്ലാന്റുകൾ, സി. എഫ്. ലാമ്പുകൾ എന്നിവയുടെ ഉപയോഗം വർദ്ധിക്കുന്നില്ല.
7. വൈദ്യുതി വിതരണരംഗത്തെ ആസൂത്രണമില്ലായ്മ.
8. 30 ശതമാനം വീടുകൾ ഇനിയും വൈദ്യുതീകരിക്കുവാനുണ്ട്.

### സാധ്യതകൾ

1. പവർലൈൻ മാപ്പിങ്ങ് നടത്തി വിതരണശൃംഖല ശാസ്ത്രീയമായി പുനക്രമീകരിക്കണം.
2. മൂന്നുപീടികയിൽ കാട്ടൂർ ലൈനുമായി ലിങ്ക് ചെയ്യണം.
3. നിർദ്ദിഷ്ട പടിയൂർ സബ്സ്റ്റേഷനുമായി ലിങ്ക് വേണം
4. അനുമതി ലഭിച്ചിട്ടുള്ള മതിലകം സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്താൻ കൂട്ടായ ശ്രമം വേണം.
5. തടസ്സങ്ങൾ നീങ്ങികിട്ടിയിട്ടുള്ള കാതിക്കോട് ട്രാൻസ്ഫോർമർ ഉടൻ സ്ഥാപിച്ച് കൊറ്റംകുളം ട്രാൻസ്ഫോർമറിന്റെ ലോഡ് കുറയ്ക്കണം.
6. അറ്റകുറ്റപ്പണികൾക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സമ്മർദ്ദം വേണം.
7. അനർട്ട് വഴിയുള്ള സഹായങ്ങൾ ലഭ്യമാക്കണം.
8. ചിരട്ടക്കരി ഉപയോഗിച്ച് വസ്ത്രങ്ങൾ ഇസ്തിരിയിടുന്ന തൊഴിലിന് പ്രോത്സാഹനം നൽകണം.
9. മൂന്നുപീടിക ചന്തയിലെ മാലിന്യങ്ങളിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള സാധ്യത ആരായണം.

10. സി. എഫ്. എൽ. കൂടുതൽ സബ്സിഡിയോടുകൂടി ലഭ്യമാക്കണം.
11. കൃഷിയാവശ്യത്തിനുള്ള വൈദ്യുതി ഉപഭോഗം കൃഷിസ്ഥലത്തിൻെറ അനുപാതത്തിൽ പരിമിതപ്പെടുത്തണം.
12. ക്ഷീരോദ്പാദക സഹകരണസംഘം മുഖേന കമ്മ്യൂണിറ്റി ബയോ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കണം.
13. ദക്ഷതകൂടിയ വിറകടുപ്പുകൾ വ്യാപിപ്പിക്കണം.
14. വൈദ്യുതി വിതരണവും അറ്റകുറ്റപ്പണികളും പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.
15. പരമ്പരാഗത ഊർജ്ജസ്രോതസ്സുകളുടെ സാധ്യത ഉപയോഗപ്പെടുത്തണം. (ഉദാഹരണം കാറ്റ്)
16. സി. എഫ്. എൽ., സൗരോർജ്ജവിളക്കുകൾ, ഇലക്ട്രോണിക്ക് ചോക്ക്, ദക്ഷതകൂടിയ സ്റ്റൗ, പ്രഷർകുക്കർ തുടങ്ങിയവയുടെ ഉപയോഗം വ്യാപകമാക്കുകയും സബ്സിഡി പഞ്ചായത്തിലൂടെ ലഭ്യമാക്കുകയും ചെയ്യുക.
17. മൂന്നുപീടിക പോലുള്ള തിരക്കുള്ള സ്ഥലങ്ങളിൽ ഓവർ ഹെഡ് ഇലക്ട്രിക്ക് ലൈനിന് പകരം യു. ജി. കേബിൾ സമ്പ്രദായം നടപ്പിലാക്കണം.
18. ഗതാഗത തടസ്സമുണ്ടാക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.

# മാർക്കറ്റ്

കാലങ്ങളായി പെരിഞ്ഞനം മൂന്നുപീടിക മാർക്കറ്റ് പ്രവർത്തിച്ചുവരുന്നു. ചേറ്റുവ മണപ്പുറത്തെ പ്രധാന വാണിജ്യ കേന്ദ്രങ്ങളിൽ ഒന്നാണിത്. പരമ്പരാഗത ഉല്പന്നങ്ങളായ കയർ, കശുവണ്ടി, പായ, തുടങ്ങിയവയുടെ വിപണനം തുടങ്ങി മത്സ്യം, മാംസം, പഴം, പച്ചക്കറി മുതലായ ഉല്പന്നങ്ങളുടെ കച്ചവടവും ഇവിടെ നടക്കുന്നു. ഞായറാഴ്ച ദിവസങ്ങളിൽ ഈ ഉല്പന്നങ്ങളുടെ വിപണനത്തിന് പ്രത്യേകം ആഴ്ചച്ചന്തകൾ നടക്കാറുണ്ട്.


എണ്ണപ്പെട്ട മത്സ്യമാർക്കറ്റുകളിൽ ഒന്നാണിത്. 40 പേർ നിയന്ത്രിക്കുന്ന അഞ്ച് ഏജൻസികളിലൂടെ മത്സ്യം എടുത്തുകൊടുക്കുന്നതിനുമാത്രം 100 ഓളം ജോലിക്കാരുണ്ട്. ദിനംപ്രതി നടക്കുന്ന ഈ കച്ചവടത്തിൽ ശരാശരി 15 ലോഡ് മത്സ്യം മാർക്കറ്റിലെത്തുന്നു. ദിവസവിൽപ്പന 5 മുതൽ 15 ലക്ഷം രൂപ വരെയാണ്. അഴീക്കോട്, ചാലക്കുടി, മാള, ചേർപ്പ്, ആളൂർ തുടങ്ങി തൃപ്രയാർ വരെയുള്ള പ്രദേശങ്ങളിൽനിന്നെത്തുന്ന രണ്ടായിരത്തോളം വരുന്ന മത്സ്യവിൽപ്പനക്കാരുടെ ആശാകേന്ദ്രമാണിത്. പഞ്ചായത്ത് നിർമ്മിച്ചിരിക്കുന്ന രണ്ട് കെട്ടിടങ്ങൾ വ്യാപാരത്തിന് കൂടുതൽ സൗകര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ മാർക്കറ്റിൻെറ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ചിടത്തോളം പരിതാപകരമായ അവസ്ഥയാണ് നിലനിൽക്കുന്നത്. മത്സ്യമാംസാദികളുടേയും പഴകിയ പച്ചക്കറികളുടേയും അവശിഷ്ടങ്ങളും അഴുക്കുജലവും കൂടിക്കലർന്ന് ദുർഗന്ധപൂരിതമായ അന്തരീക്ഷമാണ് മാർക്കറ്റിലിന്നുള്ളത്. ദിനംപ്രതി 100 കണക്കിനാളുകൾ ബന്ധപ്പെടുന്ന ചന്തയ്ക്ക് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ക്ലീനിങ്ങ് സിസ്റ്റം അനിവാര്യമാണ്.


### പ്രശ്നങ്ങൾ

1. ചന്തയിൽ മാലിന്യങ്ങൾ കുമിഞ്ഞ്കൂടുന്നു.
2. മത്സ്യമാംസ പച്ചക്കറികച്ചവടക്കാർ അവശിഷ്ടങ്ങൾ ചന്തയിൽ തന്നെ നിക്ഷേപിക്കുന്നു.
3. മാലിന്യം ദുർഗന്ധവും ഈച്ചശല്യവും സൃഷ്ടിച്ച് മാർക്കറ്റുമായി ബന്ധപ്പെടുന്നവരുടെ ആരോഗ്യത്തിന് ഹാനികരമാകുന്നു.
4. ചന്തയ്ക്കകത്തെ നിലം കുണ്ടും കുഴിയും നിറഞ്ഞ് കിടക്കുന്നതിനാൽ അഴുക്കുജലവും മഴവെള്ളവും കെട്ടിക്കിടക്കാൻ ഇടവരുന്നു.
5. ചന്തയിൽ വരുന്ന സ്ത്രീകളടക്കമുള്ള ആളുകൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനാവശ്യമായ സൗകര്യങ്ങളില്ല.
6. പ്രധാനമായും സ്ത്രീകളുമായി ബന്ധപ്പെട്ട കയർ, പായ മുതലായ ഉല്പന്നങ്ങൾ വിൽക്കുന്നതിന് അനുയോജ്യമായ സ്ഥലസൗകര്യമില്ല.
7. മാർക്കറ്റിൽ നിന്നും അഴുക്കുജലവും മഴവെള്ളവും ഒഴിഞ്ഞുപോകുന്നതിന് ഡ്രെയിനേജ് സിസ്റ്റമില്ല.
8. ചന്ത ശുദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇല്ല.

### നിർദ്ദേശങ്ങൾ

1. പൊതുജനങ്ങൾ കൊണ്ടുവരുന്ന ഉല്പന്നങ്ങൾ വെച്ചുവിൽക്കുന്നതിനുള്ള സൗകര്യം സൃഷ്ടിക്കുക.
2. ചന്തയിൽ നിന്നും മാലിന്യങ്ങൾനീക്കംചെയ്ത് വൃത്തിയാക്കുക.
3. മാലിന്യങ്ങൾ കുമിഞ്ഞ്കൂടാതിരിക്കാൻ അനുബന്ധമായ രൂപരേഖയ്ക്കനുസൃതമായ നിർമ്മാണപ്രവർത്തനം നടത്തുക.
4. ചന്തയുടെ തറ ടാറിങ്ങ് നടത്തുകയോ സിമൻറിടുകയോ ചെയ്യുക.
5. പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക.


N
W
E
S
കൈപ്പമംഗലം ബീച്ച്റോഡ്
പഞ്ചായത്ത് വക ബിൽഡിങ്ങ്
അഴുക്കുചാൽ
മത്സ്യശാല
മാംസശാല
മൂന്നുപീടിക മാർക്കറ്റ്
പ്രധാന വഴി
പഞ്ചായത്ത് വക ബിൽഡിങ്ങ്
ദേശീയപാത - 17
മത്സ്യമാർക്കറ്റ്
മോട്ടോർ പമ്പ്




# പാർപ്പിടം

നമ്മുടെ പഞ്ചായത്തിൽ 4167 വീടുകളാണുള്ളത്. കെട്ടിടങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

കെട്ടിടങ്ങളുടെ തരംതിരിവ് പട്ടിക

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | 1ൽ കൂടുതൽ നിലയുള്ളവ | മേൽക്കൂരയുടെ സ്വഭാവം | | | മറ്റുള്ളവ | ഭവനനിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | | |
| 1. | 775 | 9 | 382 | 304 | 78 | 2 | |
| 2. | 818 | 11 | 258 | 352 | 149 | 18 | |
| 3. | 456 | 12 | 165 | 199 | 91 | — | 18 |
| 4. | 612 | 15 | 187 | 304 | 108 | 1 | 28 |
| 5. | 810 | 22 | 383 | 293 | 134 | — | 3 |
| 6. | 674 | 7 | 185 | 311 | 154 | — | 2 |
| 7. | 697 | 11 | 152 | 368 | 177 | — | 2 |
| 8. | 470 | 23 | 85 | 230 | 103 | 1 | — |
| 9. | 578 | | 57 | 273 | 245 | — | 1 |
| ആകെ | 5890 | 110 | 1879 | 2634 | 1239 | 23 | 51 |

7.3 ച. കി. മീ. മാത്രം വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 22700 ആണ്. ഇവിടുത്തെ ജനസാന്ദ്രത 2441 ആണ്. 1961ൽ 2115 വീടുകളാണ് ഉണ്ടായിരുന്നത്. 1991 ൽ വീടുകളുടെ എണ്ണം 3736 ആയിരുന്നു.

| കൊല്ലം | 1961 | 1971 | 1881 | 1991 | 1996 |
|---|---|---|---|---|---|
| വീടുകളുടെ എണ്ണം | 2115 | 2513 | 2980 | 3736 | 4167 |

പഞ്ചായത്തിൽ ഏകദേശം 1000 വീടുകൾ പുതുതായി വേണ്ടിവരും. ഇതിൽ 680 ഓളം പേർക്ക് വീടുപണിയുന്നതിന് സാമ്പത്തിക സഹായം ആവശ്യമാണ്. ഇതിൽ പുറമ്പോക്ക് ഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്നവരുടെ എണ്ണം 50 ആണ്. സാമ്പത്തികസഹായം ആവശ്യമുള്ളവരിൽ പട്ടികജാതിയിൽപെട്ടവർ 400 ആണ്. കടത്തിണ്ണയിൽ അന്തിയുറങ്ങുന്ന അന്യസംസ്ഥാനക്കാർ 100 ഓളം വരും. 4 ലക്ഷംവീട് കോളനികളും മൂന്ന് മിച്ചഭൂമി കോളനികളും മൂന്ന് ഭൂരഹിതകർഷകതൊഴിലാളി പുനരധിവാസകോളനി, 2 പുറമ്പോക്ക് സ്ഥലങ്ങളിൽ കുടിൽകെട്ടി താമസിക്കുന്ന കോളനി എന്നിങ്ങനെ 12 കോളനികൾ പഞ്ചായത്തിലുണ്ട്.

കോളനികളുടെ സ്ഥിതി പൊതുവെ ശോചനീയമാണ്. വിശദാംശങ്ങൾ പട്ടികയായി ചേർക്കുന്നു.

| കോളനിയുടെപേര് | സ്വഭാവം | ഭൗതികസൗകര്യങ്ങൾ | | | | |
|---|---|---|---|---|---|---|
| | | വീടുകളുടെ സ്ഥിതി | കുടിവെള്ളം | കക്കൂസ് | വൈദ്യുതി | റോഡ് |
| 1. പൊൻമാനിക്കുടം | ലക്ഷം വീട് | മോശം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. ചക്കരപ്പാടം | " | " | " | " | " | " |
| 3. 7 - ാം വാർഡ് സൗത്ത് | " | " | " | " | " | " |
| 4. ആറാട്ടുകടവ് | " | " | " | " | " | " |
| 5. നാലുകണ്ടം കോളനി | മിച്ചഭൂമി | വളരെമോശം | " | " | ഇല്ല | " |
| 6. 7 - ാം വാർഡ് കോളനി | " | " | ഇല്ല | ഇല്ല | " | ഇല്ല |
| 7. 9 - ാം വാർഡ് കോളനി | " | മോശം | ഉണ്ട് | ഉണ്ട് | ഭാഗികം | ഉണ്ട് |
| 8. നോർത്ത് കോളനി | ഭൂരഹിത കർഷകതൊഴിലാളികളെ പുനരധിവസിപ്പിച്ചത് | വളരെമോശം | " | " | ഇല്ല | ഇല്ല |
| 9. എടപ്പന്തി കോളനി | | " | " | " | " | ഉണ്ട് |
| 10. അറപ്പ കോളനി | | " | " | " | " | " |
| 11. അച്ചംകണ്ടം കോളനി | | തരക്കേടില്ല | " | " | " | " |
| 12. കാക്കാതുരുത്തി കോളനി | റോഡ് കയ്യേറി താമസിക്കുന്നത് | വളരെമോശം | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 13. ജംബൂരി കോളനി | തോട് കയ്യേറി താമസിക്കുന്നത് | " | " | " | " | " |

നാട്ടിക ഫർക്ക സഹകരണ ഹൗസിങ്ങ് സൊസൈറ്റി പെരിഞ്ഞനം പഞ്ചായത്തിൽ 40 വീടുകൾക്കായി 18,87,000 രൂപ വായ്പയായി നൽകിയിട്ടുണ്ട്. വിവിധ ഭവനനിർമ്മാണ പദ്ധതികളിലായി 51 വീടുകൾ വേറേയും നിർമ്മിച്ചിട്ടുണ്ട്.

പഴയ വാസ്തുശില്പമാതൃക പിൻതുടർന്നിരുന്ന കാലത്ത് കെട്ടിട നിർമ്മാണസാമഗ്രികളിൽ നല്ലൊരുഭാഗം പ്രാദേശികമായി ലഭ്യമാകുന്നവയായിരുന്നു. പരിഷ്കാരത്തിനനുസരിച്ച് പ്രാദേശിക വിഭവങ്ങളുടെ ഉപയോഗം കുറഞ്ഞുകൊണ്ടിരുന്ന പ്രവണതയാണ് കെട്ടിടനിർമ്മാണരംഗത്തുള്ളത്. 70 കളുടെ മദ്ധ്യത്തോടു കൂടി ഭവനനിർമ്മാണരംഗത്ത് പുതിയ പ്രവണതകൾ പ്രകടമായി. ഗൾഫ് വരുമാനത്തിന്റെ വലിയൊരുഭാഗം വീടുകൾ പണിയുന്നതിനാണ് ചെലവഴിക്കുന്നത്. വീടുകളുടെ വലിപ്പത്തിനനുസരിച്ച് വ്യക്തികളുടെ സ്ഥാനം നിർണ്ണയിക്കുന്ന ഒരു പൊങ്ങച്ചസംസ്കാരം സമൂഹത്തിൽ നിലവിൽവന്നിരിക്കുന്നു. വീടിന്റെ ഉറപ്പിനെ സംബന്ധിച്ചുള്ള തെറ്റായ ധാരണയുടെ ഭാഗമായി അനാവശ്യചെലവുകൾ പെരുകി വരുന്നു. ദുർവ്യയം ഒഴിവാക്കിക്കൊണ്ടുള്ള ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണരീതികൾ പ്രചാരത്തിലുണ്ടെങ്കിലും ഈ പ്രദേശത്ത് ഇനിയും അത് വേണ്ടത്ര സ്വീകരിക്കപ്പെട്ടിട്ടില്ല. കെട്ടിട നിർമ്മാണമേഖലയിൽ ഏതാണ്ട് 750 ഓളം പേർ ജോലി ചെയ്യുന്നുണ്ടെങ്കിലും വിദഗ്ധതൊഴിലാളികളുടെ ലഭ്യതക്കുറവ് ഈമേഖലയിൽ അനുഭവപ്പെടുന്നു.

### നിർമ്മാണതൊഴിലാളികളുടെ കൂലിനിരക്ക്

| വർഷം | പുരുഷൻ | സ്ത്രീ |
|---|---|---|
| 1990 | 80 | 60 |
| 1996 | 130 | 90 |

കെട്ടിടനിർമ്മാണരംഗത്ത് കോൺട്രാക്ടർമാരുടെ നിയന്ത്രണം കൂടി വരികയാണ്.

### പ്രശ്നങ്ങൾ

1. ഭൂമിയുടെ വിലക്കയറ്റം
2. കെട്ടിട നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം
3. പഞ്ചായത്തിൽ ഭവനനിർമ്മാണവായ്പാസഹകരണ സംഘത്തിന്റെ അഭാവം. ഭവനനിർമ്മാണ വായ്പലഭിക്കുവാനുള്ള ബുദ്ധിമുട്ട്.


4. കെട്ടിട നിർമ്മാണരംഗത്ത് വിദഗ്ധരുടെ കുറവ്.
5. സ്ഥിരവരുമാനമില്ലാത്തവർക്ക് ഭവനനിർമ്മാണവായ്പ ലഭിക്കുന്നില്ല.
6. വായ്പയുടെ ഉയർന്ന പലിശനിരക്ക്
7. ചെലവുകുറഞ്ഞ ഭവനനിർമ്മാണത്തിന് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം പഞ്ചായത്ത് തലത്തിൽ ലഭ്യമല്ല.
8. ഭവനത്തിന്റെ സുരക്ഷിതത്വം മതിൽ കെട്ടുന്നതിലാണെന്ന ധാരണ കൂടിവരുന്നു.
9. മതിലുകളുടെ ആധിക്യം നീരൊഴുക്കിനെ കുറയ്ക്കുന്നതും അതുവഴിയുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളും.
10. കെട്ടിടം നിർമ്മിക്കുമ്പോൾ പൊതുവഴിയിൽ നിന്ന് മൂന്ന് മീറ്റർ അകലം വിടണമെന്ന നിബന്ധന മതിൽ നിർമ്മിക്കുന്നതിലും കർശനമാക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു.
11. നിലവിലുള്ള നിയമമനുസരിച്ച് ഭൂരഹിതർക്ക് ആവശ്യമായ ഭൂമി വാങ്ങിക്കുവാൻ പഞ്ചായത്തിന് കഴിയുന്നില്ല.
12. റോഡ് സൈഡിൽ താമസിക്കുന്നവർ മതിൽകെട്ടി പുറകുവശത്തുതാമസിക്കുന്നവർക്ക് റോഡിന്റെ ഉപയോഗം നിഷേധിക്കുന്ന പ്രവണത കൂടിവരുന്നു.
13. കെട്ടിട നിർമ്മാണരംഗത്ത് അനാവശ്യചെലവുകൾക്കുള്ളപ്രവണത കൂടിയിരിക്കുന്നു.
14. കോൺട്രാക്ടർ സമ്പ്രദായം ഭവനനിർമ്മാണരംഗത്ത് കൂടി വരുന്നു.
15. കോളനികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ കുറവ്.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണസഹകരണസംഘത്തിന് രൂപംകൊടുക്കണം.
2. നിലവിലുള്ള വിവിധ ഭവനനിർമ്മാണപദ്ധതികളെ പഞ്ചായത്ത്തല ഭവനനിർമ്മാണസഹകരണസംഘവുമായി ബന്ധപ്പെടുത്തുക.
3. ഭവനനിർമ്മാണ വായ്പയുടെ പലിശനിരക്ക് കുറക്കുകയും കാലാവധി കൂട്ടുകയും ചെയ്യുക.
4. ലോണെടുത്ത് പണിയുന്ന വീടുകളുടെ നിർമ്മാണസർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.
5. കെട്ടിടനികുതിയിൽ ഏകീകരണം നടപ്പാക്കുക.
6. നികുതി വർദ്ധനവ് 10 ശതമാനത്തിൽ അധികം ആകാതിരിക്കാൻ ശ്രദ്ധിക്കണം.
7. ലക്ഷംവീടുകൾക്ക് അറ്റകുറ്റപ്പണികൾക്കായി സാമ്പത്തിക സഹായം നൽകുക.
8. കുടികിടപ്പ്, മിച്ചഭൂമി എന്നിവയിൽ സർക്കാർ സഹായത്തോടെ പണിയുന്ന വീടുകൾ, ലക്ഷംവീട് പദ്ധതി പ്രകാരം ലഭിക്കുന്ന വീടുകൾ എന്നിവ കൈമാറ്റം ചെയ്യുന്നത് നിയമം മൂലം തടയണം.
9. മൂന്നും നാലും സെൻറ് ഭൂമിമുറിച്ച് വിൽക്കുന്ന പ്രവണത വ്യാപകമാകുന്ന സാഹചര്യത്തിൽ ഭൂമി കൈമാറ്റപ്രമാണങ്ങൾ ഭാഗാധാരങ്ങൾ എന്നിവ രജിസ്റ്റർ ചെയ്യുമ്പോൾ പൊതുവഴിയിൽ എത്താനുള്ള ഗതാഗതസൗകര്യം രേഖപ്പെടുത്തുന്നത് നിർബന്ധമാക്കുക.
10. ഭൂമിയുടെ ലഭ്യത കുറവായതിനാൽ ഫ്ലാറ്റ് സമ്പ്രദായം പ്രോത്സാഹിപ്പിക്കുക. സർക്കാർ ഭവനനിർമ്മാണപദ്ധതികൾ ഫ്ലാറ്റ് സമ്പ്രദായത്തിലായിരിക്കണം.
11. റോഡിന്റെ ഉപയോഗം പിറകിൽ താമസിക്കുന്നവർക്ക് നിഷേധിക്കപ്പെടുന്ന അവസ്ഥയെ മറികടക്കാൻ ബോധവൽക്കരണവും നിയമനിർമ്മാണവും നടത്തണം.
12. പഞ്ചായത്ത് തലത്തിൽ കെട്ടിടനിർമ്മാണരംഗത്ത് ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുക.ഈരംഗത്തെ തൊഴിലാളികളെ മുഴുവൻ ഇതിൽ അംഗങ്ങളായി ചേർക്കുവാനാകും. സർക്കാരിന്റേയും വ്യക്തികളുടേയും പ്രവർത്തനങ്ങൾ സൊസൈറ്റി മുഖേന നടത്തുവാനാകും.

### ഗുണങ്ങൾ

- കൂലി ഏകീകരണം.
- വിദഗ്ദതൊഴിലാളികളുടെ ലഭ്യത വർദ്ധിപ്പിക്കാം.
- വർദ്ധിച്ചുവരുന്ന കോൺട്രാക്ട് സമ്പ്രദായത്തിൽ മാറ്റംവരുത്താം.
- ചെലവുകുറഞ്ഞ വീടുകൾക്ക് പ്രോത്സാഹനം നൽകാം.
- തൊഴിലാളികൾക്കായി പരിശീലനങ്ങൾ സംഘടിപ്പിക്കാം.
- പുതിയ സങ്കേതങ്ങളെ പരിചയപ്പെടുത്താം.
- വിലനിയന്ത്രണത്തിനുവേണ്ടി സൊസൈറ്റിയുടെ കീഴിൽ നിർമ്മാണസാമഗ്രികളുടെ സൂപ്പർമാർക്കറ്റ് രൂപപ്പെടുത്തിയെടുക്കാം.
- അനുബന്ധചെറുകിട വ്യവസായത്തിന് സാധ്യതയുണ്ട്.
- തൊഴിലാളികൾക്കായി ക്ഷേമപദ്ധതികൾ വ്യാപകമാക്കാം.
- തൊഴിൽനികുതി സംഘങ്ങളിൽനിന്ന് നേരിട്ട് പിരിക്കാം.



# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖയ്ക്ക് താഴെയുള്ള വരെ ഉദ്ദരിക്കുവാനുള്ള കേന്ദ്ര സംസ്ഥാനഗവൺമെൻറുകളുടെ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും തൊഴിൽ പദ്ധതികളും പഞ്ചായത്തിൽ നിലവിലുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനും, വനിതകളുടേതായ ക്ഷേമത്തിനും ഉള്ള പ്രത്യേക പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. ഐ. ആർ. ഡി. പി. ജൂലൈ സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1341 ആണ്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 32.5% വരും. ഇതിൽ പട്ടികജാതി കുടുംബങ്ങൾ 116 ആണ്. ഇതിൽ 1979 മുതൽ 1996 വരെ സഹായം ലഭിച്ചവർ 1041 ആണ്. ഇതിൽ എസ്സ്സി, എസ്ടി യിൽപെട്ടവർ 246 ആണ്. എങ്കിലും ആരുതന്നെ ദാരിദ്ര്യരേഖയ്ക്ക്മുകളിലെത്തിയതായി കാണുന്നില്ല എന്നത് പദ്ധതി നടത്തിപ്പിൻെറ കാര്യശേഷിയില്ലായ്മയാണ് സൂചിപ്പിക്കുന്നത്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ മൂലം വേണ്ടവിധത്തിൽ ഉപയോഗിക്കാൻ കഴിയാതെ വരിക, അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കാതെ വരിക, പദ്ധതി ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതികമായ നൂലാമാലകൾ, സാധ്യതകൾ വിശകലനം ചെയ്യാതെയുള്ള വായ്പാവിതരണം തുടങ്ങിയവ ഇതിന് കാരണമായി പറയാവുന്നതാണ്.

## ട്രൈസം

ഗ്രാമീണമേഖലയിലെ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനുള്ള ട്രൈസം പദ്ധതി പെരിഞ്ഞനത്തും നടപ്പാക്കിവരുന്നുണ്ട്. ഈമേഖലയിൽ 1980 മുതൽ 1996 വരെ വിവിധ തൊഴിൽ മേഖലകളിലായി 41 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. പക്ഷെ ഇതിൽ 11 പേർ മാത്രമെ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുള്ളു. 5 പേർ ഇതര തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. ബാക്കിയുള്ള 25 പേർ എന്തുചെയ്യുന്നു എന്നതിനെക്കുറിച്ചുള്ള കൃത്യമായ വിവരം ലഭ്യമല്ല. പരിശീലനം ലഭിച്ചവർ അതെങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നത് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻെറ ചുമതലയാണെങ്കിലും ഇത് നടപ്പാക്കാത്തത് ഗൗരവമായ പ്രശ്നംതന്നെയാണ്. തൊഴിലിൻെറ സ്വഭാവം, സാധ്യതകൾ എന്നിവ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു പരിശീലന പദ്ധതിയല്ല നിലവിവുള്ളത്. ഇതെല്ലാം പദ്ധതിയുടെ പോരായ്മയായി കാണുന്നു. പട്ടിക II 2 കാണുക.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം

പട്ടിക. II - 2

| നമ്പർ | പരിശീലന വിഷയത്തിൻെറപേര് | പരിശീലനം ലഭിച്ചവരുടെഎണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവർ | ഇതരതൊഴിലുകളിലുള്ളവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | പ്രിൻറിങ്ങ് കമ്പോസിങ്ങ് 80 - 81 | 3 | | ഇല്ല | 3 |
| 2 | കയർമേക്കിങ്ങ് 81-82 | 5 | 3 | | 2 |
| 3 | ബുക്ക് ബൈൻറിങ്ങ് | 4 | 2 | | 2 |
| 4 | പ്രിൻറിങ്ങ് കമ്പോസിങ്ങ് 82 - 83 | 2 | | | 1 |
| 5 | ഹാൻറ്ലൂം 83 - 83 | 2 | 1 | | |
| 6 | പ്ലമ്പിങ്ങ് 82 - 83 | 3 | 1 | | 1 |
| 7 | പ്ലാസ്റ്റിക്ക് | 3 | 1 | | 1 |
| 8 | ഫോട്ടോഗ്രാഫ് 85 - 86 | 1 | | | |
| 9 | ഓട്ടോഡ്രൈവിങ്ങ് 85 - 86 | 1 | 1 | | |
| 10 | സ്കൂട്ടർ റിപ്പയറിങ്ങ് 86 - 87 | 2 | | കൂലിപ്പണി | 2 |
| 11 | റേഡിയോ ടി. വി 86 - 87 | 2 | | ഇല്ല | 2 |
| 12 | ബോട്ട്ഡ്രൈവിങ്ങ് | 1 | | ഇല്ല | |
| 13 | ഷീറ്റ്മെറ്റൽ 87 - 88 | 2 | | | |
| 14 | ഹാൻറ്ലൂം 87 - 88 | 3 | | | 3 |
| 15 | വെൽഡിങ്ങ് 88 - 89 | 2 | | | |
| 16 | ഹാൻറ്ലൂം വിവിങ്ങ് 88 - 89 | 1 | | | |
| 17 | ഇലക്ട്രീഷ്യൻ വയർമെൻ 90 - 91 | 1 | | | |
| 18 | വെൽഡർ 90 - 91 | 1 | | | |
| 19 | വയർമെൻ 91 - 92 | 1 | 1 | | |
| 20 | റെക്സിൻബാഗ് 95 - 96 | 3 | | | |
| 21 | എംബ്രോയ്ഡറി | 2 | | | |

## ഡി. ഡബ്ലിയു. സി. ആർ. എ.

പെരിഞ്ഞനം പഞ്ചായത്തിൽ ഡി. ഡബ്ലിയു. സി. ആർ. എ. പദ്ധതിപ്രകാരം അഞ്ച് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും വിപണിയിൽ പിടിച്ചുനിൽക്കാൻ കഴിയുന്നില്ലയെന്നത് ഇവയുടെ നിലനിൽപ്പിനെ ബാധിക്കുന്നു. വൻകിട കമ്പനികളുടെ പരസ്യങ്ങൾ, ആകർഷകമായ കമ്മീഷൻ എന്നിവ പ്രദേശിക ഉല്പന്നങ്ങളുടെ വിപണന സാധ്യത കുറയ്ക്കുന്നു. അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്ന റെക്സിൻബാഗ് നിർമ്മാണയൂണിറ്റിന് ആധുനിക സാങ്കേതിക വിദ്യയുടെ അഭാവം മൂലം ഉല്പന്നങ്ങളുടെ ഗുണനിലവാരം നിലനിർത്താൻ കഴിയുന്നില്ല. ആറാം വാർഡിലെ വനിത കറി പൗഡർ യൂണിറ്റ് പ്രവർത്തകരുടെ കഠിനാദ്ധ്വാനംമൂലം നിലനിന്നുപോരുന്നു. വിപണനം പഞ്ചായത്ത് പരിധിക്കുള്ളിൽ മാത്രമായി ഒതുങ്ങിനിൽക്കുന്നു. വിതരണം നടത്തുവാനായി സൈക്കിളോ മറ്റുവാഹനങ്ങളോ ഉപയോഗിക്കുവാൻ കഴിയാത്തതുകൊണ്ട് വിപണനത്തിനായി കൂടുതൽ സമയം ചിലവഴിക്കേണ്ടിവരുന്നു. പത്താം വാർഡിൽ പ്രവർത്തിക്കുന്ന ദേവി കയർ യൂണിറ്റിന് അസംസ്കൃത വസ്തുവായ തൊണ്ടിൻെറ ദൗർലഭ്യം ഒരു പ്രശ്നമാണ്. സ്വന്തമായി തൊണ്ട് ചീയിക്കുവാമുള്ള ശേഷി ഇല്ലാത്തതിനാൽ കൂടിയ വിലക്ക് ഇടനിലക്കാരിൽനിന്നും ചീയിച്ച തൊണ്ട് വാങ്ങേണ്ടിവരുന്നു. പട്ടിക II - 4 കാണുക.

ഡി. ഡബ്ലിയു. സി. ആർ. എ. പദ്ധതിപ്രകാതി രൂപപ്പെട്ട സംരംഭങ്ങളുടെ വിവരം

പട്ടിക. II - 4

| വാർഡ് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | രാമച്ച പായനെയ്ത്ത് | 1996 - 97 | 11 | പ്രവർത്തനം ആരംഭിക്കാൻ പോകുന്നു |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | റെക്സിൻബാഗ് ഡയറിയൂണിറ്റ് | 1993 - 94 | 10 | പ്രവർത്തനം നടക്കുന്നുണ്ട് |
| 6 | കറിപൗഡർ | 1995 - 96 | 10 | |
| 7 | | | | |
| 8 | | | | |
| 9 | | | | |
| 10 | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 1993 - 94 | 13 | പ്രവർത്തനം നടക്കുന്നുണ്ട് |
| 10 | ദേവി കയർയൂണിറ്റ് | 1995 - 96 | 10 | |

മറ്റുസാമൂഹ്യക്ഷേമ പദ്ധതികളായ വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ക്യാൻസർരോഗി പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവയിലായി 1995 - 96 വർഷത്തിൽ 308 പേർക്ക് സഹായം ലഭിച്ചുകൊണ്ടിരിക്കുന്നു. അർഹതപ്പെട്ടവർ ഇനിയും ഉണ്ട്. അനർഹമായവരും സഹായം നേടിയെടുക്കുന്നുണ്ട് എന്ന പരാതിയുമുണ്ട്. സാങ്കേതിക കാരണങ്ങളാൽ അർഹമായ പല അപേക്ഷകളും നിരസിക്കപ്പെടുന്നുണ്ട്. ഈ മേഖലയിൽ പലരും ചൂഷണത്തിന് വിധേയമാകുന്നുണ്ട്. 1995 - 96 ലെ വികലാംഗസർവ്വേ പ്രകാരം പഞ്ചായത്തിൽ ആകെ 85 വികലാംഗരുണ്ട്. ഇതിൽ 52 പേർ പുരുഷൻമാരും 33 പേർ സ്ത്രീകളുമാണ്. ഈ ഇനത്തിൽ 1995 - 96 ൽ 66 പേർക്കാണ് സഹായം ലഭിച്ചുകൊണ്ടിരിക്കുന്നത്. വിവിധ ക്ഷേമപദ്ധതികളുടെ വിശദവിവരങ്ങൾ പട്ടിക II - 5 ൽ കൊടുത്തിരിക്കുന്നു.

## കക്കൂസുകൾ

വിവിധ പദ്ധതികളിലായി പെരിഞ്ഞനം പഞ്ചായത്തിൽ 1992 നുശേഷം അനുവദിച്ച കക്കൂസുകളുടെ എണ്ണം 839 ആണ്. ഇതിൽ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് പ്രകാരം അനുവദിച്ചത് 795 എണ്ണമാണ്. ബ്ലോക്കുവഴി നടപ്പാക്കിയത് 44 എണ്ണമാണ്. ഇനിയും 1250 വീടുകൾക്ക് കക്കൂസ് ആവശ്യമായിട്ടുണ്ട്. മുൻപ് നടത്തിയതുപോലെ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റിന്റെ കീഴിൽ ജനപങ്കാളിത്തത്തോടെ പദ്ധതിനടപ്പിലാക്കുകയും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മുൻഗണനാക്രമം അയൽകൂട്ടങ്ങൾവഴി ഉണ്ടാക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.

## ബാലവാടി

പഞ്ചായത്തിന്റെ കീഴിൽ രണ്ടും ബ്ലോക്കിന്റെ കീഴിൽ നാലും ബാലവാടികൾ പ്രവർത്തിക്കുന്നു. കൂടാതെ ഫീഡിങ്ങ് സെൻറർ അഞ്ചെണ്ണവും ഇവിടെയുണ്ട്. സ്വന്തമായി കെട്ടിടമുള്ള ബാലവാടികൾ മൂന്നെണ്ണമാണ്. കൂടാതെ സ്കൂളുകളോടനുബന്ധിച്ച് നാല് നഴ്സറിയും സ്വകാര്യവ്യക്തികൾ നടത്തുന്ന നഴ്സറിയും പഞ്ചായത്തിലുണ്ട്. സ്വകാര്യവ്യക്തികൾ നടത്തുന്ന രണ്ടു നഴ്സറികളും ഇംഗ്ലീഷ് മീഡിയമാണ്. ഈ കേന്ദ്രങ്ങളിൽ കക്കൂസ്, മൂത്രപ്പുര തുടങ്ങിയവയുടേയും സൗകര്യമുള്ള കെട്ടിടത്തിന്റേയും, ആവശ്യമായ കളിക്കോപ്പുകളുടേയും, പോഷകാഹാരങ്ങൾ പാകം ചെയ്യുവാനുള്ള പാത്രങ്ങൾ എന്നിവയുടേയും പോരായ്മയുണ്ട്. ഒന്നുരണ്ടു വർഷമായി നിലവിലുള്ള ബാലവാടികൾ ഐ. സി. ഡി. എസ്സ്. പദ്ധതിയുടെ കീഴിൽവരാൻ ശ്രമം നടത്തുന്നു. ഐ. സി. ഡി. എസ്സ്. ന്റെ കീഴിലുള്ള അംഗനവാടിയായി അംഗീകാരം കിട്ടണമെങ്കിൽ സ്വന്തമായി മൂന്നുസെൻറുസ്ഥലം വേണമെന്ന നിബന്ധന നിലവിലുണ്ട്. ഐ. സി. ഡി. എസ്സ്. പദ്ധതിക്കുവേണ്ടി പഞ്ചായത്തിന്റെ

പെൻഷനുകൾ, ധനസഹായം ലഭിച്ചവിവരങ്ങൾ പെരിഞ്ഞനം വില്ലേജ് — പട്ടിക. II - 5

| വർഷം | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശകലാകാര സാഹിത്യപെൻഷൻ | അവശകായികതാ പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | ക്യാൻസർരോഗി പെൻഷൻ | കർഷകതൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|
| 1991, 92 | 161 | 59 | 43 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 | 11 | 5 |
| 1992, 93 | 166 | 59 | 43 | | | | | 1 | 13 | ഇല്ല |
| 1993, 94 | 168 | 63 | 45 | | | | | 3 | 14 | 12 |
| 1994, 95 | 169 | 65 | 49 | | | | | 4 | 8 | 11 |
| 1995, 96 | 172 | 66 | 50 | | | | | 2 | 7 | ഇല്ല |

യും ജനങ്ങളുടേയും മുൻകൈ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ മൂന്നുസെൻറ് സ്ഥലം എന്ന നിബന്ധന പദ്ധതിയുടെ നടത്തിപ്പിന് തടസ്സമായി നിൽക്കുന്നു. മുൻകാലങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾക്ക് ലഭിച്ചിരുന്ന പോഷകാഹാരത്തിനുവേണ്ടിയുള്ള സഹായവും ഇപ്പോൾ നിലച്ച മട്ടാണ്.

### കോളനികൾ

പഞ്ചായത്തിൻെറ മുഴുവൻ വാർഡുകളിലും ഹരിജൻ കോളനികൾക്കുള്ള സാധ്യത കൂടിവരികയാണ്. എസ്സ്. സി. കുടുംബങ്ങൾ പത്തെണ്ണം ആയാൽ അതിനെ ഹരിജൻ കോളനിയാക്കാനുള്ള നിയമം നിലവിലുണ്ട്. എന്നാൽ സാമൂഹ്യ പശ്ചാത്തലം ഒന്നായതുകൊണ്ട് കോളനികളിലുള്ള എസ്സ്. സി. അല്ലാത്തവർക്കും ആനുകൂല്യം കിട്ടുന്നതരത്തിൽ നിയമത്തിൽ മാറ്റം ആവശ്യമാണ്.

### ക്ഷേമനിധികൾ

കർഷകത്തൊഴിലാളി, മത്സ്യത്തൊഴിലാളി, ആർടിസാൻസ്, കയററിറക്ക് തൊഴിലാളികൾ, പായനെയ്ത്ത്, തയ്യൽ, ബാർബർ, ബീഡി തൊഴിലാളികൾ എന്നീമേഖലയിൽ ക്ഷേമനിധികൾ നിലവിലുണ്ട്. പക്ഷെ എല്ലാ തൊഴിലാളികളും ഇവയിൽ അംഗങ്ങളായിട്ടില്ല. തൊഴിലാളി യൂണിയനുകളും സൊസൈറ്റികളും മുൻകൈയെടുത്താണ് തൊഴിലാളികളെ നിധികളിൽ അംഗങ്ങളാക്കേണ്ടത്. എന്നാൽ ഈരീതിയിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നില്ല. അറുപത് വയസ്സ് പൂർത്തിയായവർക്ക് പെൻഷൻ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. വിവിധക്ഷേമപദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം അത്യാവശ്യമാണ്.

### പൊതുവിതരണം

പെരിഞ്ഞനം പഞ്ചായത്തിലാകെ പത്ത് റേഷൻ കടകളും ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നു. ഏകദേശം 4167 കാർഡുകൾ ഉണ്ട്. ഇവയെല്ലാം നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഓണക്കാലത്തെ വിലവർദ്ധന നിയന്ത്രിക്കുന്നതിനായി പെരിഞ്ഞനം സർവ്വീസ് സഹകരണബാങ്ക് ഓണച്ചന്തകൾ നടത്തിവരാറുണ്ട്. റേഷൻകടകൾ വഴി പലവ്യഞ്ജനങ്ങൾ ലഭ്യമാകാനുള്ള സംവിധാനം മുമ്പ് ഉണ്ടായിരുന്നു. എന്നാൽ പൊതുവിതരണകേന്ദ്രങ്ങൾ വന്നതോടെ ഇത് ഇല്ലാതായി. ഇത് പുനസ്ഥാപിക്കേണ്ടതാണ്. വിലക്കയറ്റത്തെ പിടിച്ചുനിർത്താൻ ഇത് സഹായകമാകും.

### പ്രശ്നങ്ങൾ

1. അർഹമായ കുടുംബങ്ങൾക്കെല്ലാം സാമൂഹ്യക്ഷേമ പദ്ധതികൾ പ്രകാരം സഹായം ലഭിച്ചിട്ടില്ല.
2. ദുർബല വിഭാഗക്കാർക്ക് ഭവനനിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി പഞ്ചായത്തിൽ ഫലപ്രദമായി നടക്കുന്നില്ല.
3. ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ വേണ്ടസഹായങ്ങൾ ചെയ്യുന്നില്ല.
4. ട്രൈസം പരിശീലനകാലാവധി ട്രേഡിൻെറ സ്വഭാവമനുസരിച്ചല്ല നിശ്ചയിക്കുന്നത്. ചില ട്രേഡുകളിൽ പരിശീലനകാലാവധി കുറവായതുകൊണ്ട് ആവശ്യമായ വൈദഗ്ധ്യം നേടാൻ കഴിയുന്നില്ല.
5. ഐ. ആർ. ഡി. പി. ലോണെടുക്കുന്നവർ ചൂഷണത്തിനുവിധേയരാകുന്നു.
6. വൻകിട കമ്പനികളുടെ ആധിപത്യത്തിലുള്ള മാർക്കറ്റിൽ പിടിച്ചുനിൽക്കാൻ വനിതാവ്യവസായ യൂണിറ്റുകൾക്ക് കഴിയുന്നില്ല.
7. അസംസ്കൃത വസ്തുക്കൾക്ക് പ്രാദേശിക കമ്പോളത്തിൽ കൂടുതൽ വില നൽകേണ്ടിവരുന്നു.
8. ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കുന്നത് ജനകീയമായ രീതിയിലല്ല.
9. സംയോജിത ശിശു വികസന പദ്ധതിയുടെ അഭാവം കുട്ടികളുടേയും അമ്മമാരുടേയും പോഷണനിലവാരത്തേയും രോഗപ്രതിരോധത്തേയും ബാധിക്കുന്നു.

### നിർദ്ദേശങ്ങൾ

1. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് ജനകീയ സമിതിയുടെ ഗ്രാമസഭകളുടെ മേൽ നോട്ടത്തിൽ ആയിരിക്കണം.
2. ദുർബല വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണപദ്ധതിയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ലഘൂകരിക്കുക. പുതുതായി ഉണ്ടാക്കുന്ന കോളനികൾഫ്ലാറ്റുസമ്പ്രദായത്തിലാക്കുക.
3. ട്രൈസം പദ്ധതിയിൽ തൊഴിലിൻെറ സ്വഭാവത്തിനനുസരിച്ച് പരിശീലനകാലാവധി നിശ്ചയിക്കുക. സാധ്യതകൾക്കനുസരിച്ച് മാത്രം പരിശീലനം നൽകുക. ഗുണബോക്താക്കളെ പരിശീലനം ലഭിച്ചവരായി മാത്രം നില..ർത്താതെ ബന്ധപ്പെട്ട തൊഴിൽ മേഖലകളിലേക്ക് തിരിച്ചുവിടുവാനുള്ള സംവിധാനം ഫലപ്രദമായി നടപ്പിലാക്കുക.
4. വനിതായൂണിറ്റുകൾ അടക്കമുള്ള പ്രാദേശിക ചെറുകിടവ്യവസായിക യൂണിറ്റുകളുടെ ഉല്പന്നങ്ങളുടെ വിപണനത്തിൽ പെരിഞ്ഞനം സർവ്വീസ് സഹകരണബാങ്കിൻെറ ഇടപെടൽ ആവശ്യമാകുന്നു. വിപണനത്തിന് ആവശ്യമായ സംവിധാനം ഉണ്ടാക്കേണ്ടതാണ്. ആവശ്യമായ പണം വായ്പയായോ, അസംസ്കൃത വസ്തുവായോ കൊടുത്ത് ഉല്പന്നം വാങ്ങുന്ന സംവിധാനം ഉണ്ടാക്കുകയാണെങ്കിൽ ഈ മേഖലയിലെ പ്രതിസന്ധിപരിഹരിക്കാം.
5. ഐ. സി. ഡി. എസ് സ്കീമിന്കാലതാമസമുണ്ടെങ്കിൽ പഞ്ചായത്ത് തലത്തിൽ ആലോചിക്കാവുന്നതാണ്. ഓരോ വാർഡിലും അംഗനവാടികൾ തുടങ്ങുകയും ആരോഗ്യവകുപ്പും ആരോഗ്യസമിതിയും പഞ്ചായത്ത് വികസനസമിതിയും അയൽകൂട്ടങ്ങളും സന്നദ്ധസംഘടനകളുമായി ബന്ധപ്പെടുത്തിയാൽ വിജയപ്രദമായി നടത്താവുന്നതാണ്.
6. റേഷൻകടകളിലൂടെ പലവ്യഞ്ജനങ്ങളുടെ വിതരണം പുനസ്ഥാപിക്കുക. വിതരണം ചെയ്യുന്ന വസ്തുക്കളുടെ ഗുണമേ ഉറപ്പുവരുത്തുക.

# കുടിവെള്ളം

ധാരാളം കുളങ്ങളാൽ സമ്പന്നമായിരുന്നു പെരിഞ്ഞനം ഗ്രാമം. ഇവിടുത്തെ നിവാസികൾ കുടിക്കുന്നതിനും, ജലസേചനത്തിനും വെവ്വേറെകുളങ്ങൾ സംരക്ഷിച്ചിരുന്നു. പൊതു കിണറുകൾ സ്ഥാപിക്കപ്പെട്ടതും, കുടിവെള്ളം രോഗാണുവിമുക്തമായിരിക്കണം എന്ന ആശയത്തിന് പ്രാധാന്യം കൈവന്നതും കുളങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നുള്ള വിമുഖതക്ക് കാരണമായി. ഇപ്പോൾ ഈ പ്രദേശത്തുള്ളവർ കിണർ, ചാമ്പ്പൈപ്പ്, ടാപ്പ് എന്നിവയിൽ നിന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്.

| പൊതു കിണർ | കിണർ | ചാമ്പ് പൈപ്പ് | ടാപ്പ് | കുളങ്ങൾ |
|---|---|---|---|---|
| 24 | 1256 | 2000 | 164 | 429 |

ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളേയും ചാമ്പ് പൈപ്പുകളേയും ആശ്രയിക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകൾ കൂടാതെ വീട്ടുകണക്ഷൻ വഴി കുടിവെള്ളം ഉപയോഗിക്കുന്നവരും ഉണ്ട്.

ഡച്ച് ഗവൺമെൻറിൻെറ സാമ്പത്തിക സഹായത്തിലുള്ള ശുദ്ധജല വിതരണ പരിപാടിയാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.പത്ത്പഞ്ചായത്തുകൾ ഇതിൻെറ പ്രവർത്തന പരിധിയിൽപ്പെടുന്നു. 164 ടാപ്പുകളുടെ വെള്ളക്കരമായി ഒരു ടാപ്പിന് 870 രൂപ പ്രകാരം പ്രതിവർഷം 1,42,680 രൂപ പഞ്ചായത്തിന് ചെലവാകുന്നുണ്ട്.

### പ്രശ്നങ്ങൾ

1. കടൽ തീരപ്രദേശത്തും, പുഴയോരപ്രദേശത്തും തോടുകൾവഴി ഉപ്പുവെള്ളം കയറുന്നതിനാൽ കിണറുകളിലെ വെള്ളം ഉപ്പുരസമുള്ളതായിതീരുന്നു. ഈ പ്രദേശങ്ങളിൽ വാട്ടർ അതോറിട്ടിയുടെ ടാപ്പുകൾ കുറവാണ്.
2. 2,4,5,6,7,8 എന്നീ വാർഡുകളിലും ശുദ്ധജലവിതരണത്തിൻെറ പോരായ്മകളുണ്ട്.
3. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ കിണറുകൾ മലിനീകരിക്കപ്പെടുന്നതിനാൽ ഉപയോഗിക്കുവാൻ കഴിയുന്നില്ല.
4. പത്തുസെൻറിന് താഴെയുള്ള കുടുംബങ്ങളിൽ കിണറും കക്കൂസും നിർമ്മിക്കുകയെന്നത് ആരോഗ്യപ്രശ്നമുണ്ടാക്കുന്നു.
5. കാലാകാലങ്ങളിൽ വാട്ടർ അതോറിറ്റി അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ട് വളരെയധികം ശുദ്ധജലം പാഴായിപോകുന്നു.
6. കുടിവെള്ളത്തിന് ഉപയോഗിക്കുന്ന കിണറുകളുടേയും ടാപ്പുകളുടേയും പരിസരം വൃത്തിയായിസൂക്ഷിക്കുന്നത് വിരളമായി കണുന്നു.
7. ശുദ്ധജലവിതരണത്തിൽ വീട്ടുകണക്ഷൻ കിട്ടുന്നതിന് അപേക്ഷിക്കുന്നവർക്ക് കാലതാമസം നേരിടുന്നു.
8. കിണറുകളിൽ ക്ലോറിനേഷൻെറ കുറവ്.
9. ടാപ്പുകളിൽകൂടിയുള്ള ജലത്തിൽ ക്ലോറിൻെറ അളവ് കൂടുതലായി കാണുന്നു.
10. പ്രതിവർഷം ഭീമമായ തുക കുടിവെള്ളത്തിനായി പഞ്ചായത്ത് നീക്കിവയ്ക്കുന്നു.

### സാധ്യതകൾ

1. ഉപ്പുവെള്ളത്തിൻെറ ആക്രമണമുള്ള സ്ഥലങ്ങളിലെ **തോടുകളിൽ** ചീപ്പിടുന്നരീതി പ്രായോഗികമാക്കേണ്ടതാണ്.
2. എല്ലാവാർഡുകളിലും ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് ശുദ്ധജലവിതരണശൃംഖല വികസിപ്പിക്കേണ്ടതാണ്.
3. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ പൊതുടാപ്പുകൾ നിർമ്മിക്കുക.
4. പത്തുസെൻറിന് താഴെ കൂട്ടമായി താമസിക്കുന്ന കുടുംബങ്ങൾക്ക് സംയുക്തമായി ഒരുഭാഗം കിണറിനും മറ്റൊരുഭാഗം കക്കൂസിനും വേണ്ടിമാറ്റിവെച്ച് കക്കൂസും കിണറും നിർമ്മിക്കാം. വീടുകളിൽ നിന്ന് കക്കൂസിലേക്ക് കൂട്ടിയോജിപ്പിക്കുന്ന പൈപ്പ് കണക്ഷൻ സമ്പ്രദായമാണ് ശുചിത്വത്തിന് ഗുണകരമായി വർത്തിക്കുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മേഖലകളിൽ പഞ്ചായത്തിൻെറ സഹായത്തോടെ ഈ രീതി പരീക്ഷിക്കാവുന്നതാണ്.
5. ടാപ്പുകളും, പൈപ്പും കേടായി ശുദ്ധജലം പാഴായിപോകുന്നത് നിത്യസംഭവം ആയതിനാൽ പഞ്ചായത്ത് തലത്തിൽ ഒരു ജീവനക്കാരൻ ഈ വകുപ്പിന് ആവശ്യമാണ്. നികുതി പിരിവും ഇവിടെത്തന്നെ നടത്താവുന്നതാണ്. ജലത്തിലെ ക്ലോറിൻെറ അളവ് കൂടുതലായി കാണുന്നത് തുടങ്ങിയവ പരിശോധിക്കാൻ സാധിക്കും.
6. പ്രശ്നബാധിതസ്ഥലങ്ങളിൽ വീട്ടുകണക്ഷൻ കൊടുക്കുന്നതിന് മുൻഗണന നൽകുക.
7. ശുദ്ധജലം സംരക്ഷിക്കുന്നതിൻെറ ഭാഗമായി പഞ്ചായത്ത് തലത്തിലുള്ള ആരോഗ്യസമിതി പ്രശ്നങ്ങൾ പരിശോധിക്കുകയും, കാലാകാലങ്ങളിൽ ക്ലോറിനേഷൻ നടത്തുക, ബോധവൽക്കരണ പരിപാടി നടത്തുക തുടങ്ങിയവയും ചെയ്താൽ ശുചിത്വം ഉറപ്പുവരുത്തുവാൻ കഴിയും.
8. ഉപയോഗിക്കാത്ത ടാപ്പുകൾ കണ്ടെത്തി അവ അത്യാവശ്യസ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുക.

ജലനിബിഡമായ ഈ മണപ്പുറത്ത് കിണറുകൾക്കും, കുഴൽ

- ഫാർമസിയിൽ ആവശ്യമില്ലാത്ത മരുന്നുകൾ ഉണ്ടെങ്കിലും അത്യാവശ്യമരുന്നുകൾ ഇല്ല.
- അത്യാഹിത വിഭാഗത്തിൽ രോഗികളെ വരാന്തയിൽ ബഞ്ചിന്മേൽ കിടത്തി ചികിത്സിക്കേണ്ടിവരുന്നു.

18. ഭൂരിഭാഗം ജനങ്ങളും സ്വകാര്യമേഖലയെ ആശ്രയിക്കുന്നു.
19. ഏതുമേഖലയിലും ചികിത്സയെടുത്താലും മരുന്നിനുവേണ്ടി ഭാരിച്ചതുക ആവശ്യമായി വരുന്നു.
20. പഞ്ചായത്തിലോ, സമീപപ്രദേശത്തോ, രാത്രികാലങ്ങളിൽ മരുന്നുകൾ ലഭ്യമല്ല.
21. മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല.
22. മദ്യപാനം, പുകവലി എന്നിവ വലിയ അളവിൽ നിലനിൽക്കുന്നു. മയക്കുമരുന്നുകളുടെ ഉപയോഗം ഏറിവരുന്നു.
23. തുണ്ടുഭൂമികളിൽ ശവസംസ്കാരം നടത്തുന്നത് ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നു.
24. ക്യാൻസർ പോലുള്ള രോഗങ്ങൾക്ക് ചികിത്സച്ചെലവ് അധികം വരുന്നു.
25. കിഴക്കേ ശ്മശാനത്തിന് മതിൽക്കെട്ടില്ല.

## സാധ്യതകൾ

1. കൃത്യമായ ജനനമരണകണക്കുകൾ ലഭ്യമാക്കാൻ നിയമസംവിധാനങ്ങൾ കർശനമാക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.
2. ഐ. സി. ഡി. എസ്. മതിലകം ബ്ലോക്കിൽ ആരംഭിക്കേണ്ടതാണ്. തന്മൂലം കുട്ടികൾക്കാവശ്യമുള്ള പ്രതിരോധകുത്തിവെയ്പുകൾ, ഗർഭിണികൾക്കുള്ള കുത്തിവെയ്പുകൾ, ചികിത്സകൾ, ആരോഗ്യക്ലാസ്സുകൾ പോഷകാഹാരവിതരണം എന്നിവ നടത്താൻ കഴിയും. ഈ സ്കീമിന് സാധ്യതയില്ലെങ്കിൽ വാർഡുതലത്തിൽ അയൽകൂട്ടങ്ങൾ, മഹിളാസമാജങ്ങൾ, ആരോഗ്യപ്രവർത്തനത്തിൽ തൽപരരായിട്ടുള്ള സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ വിജയപ്രദമായി നടത്തുവാൻ സാധിക്കും.
3. പരിസരത്ത് കുന്നുകൂടുന്ന കുപ്പകൾ സംസ്കരിക്കുവാനുള്ള സ്ഥലം കണ്ടെത്തുക. വെള്ളകെട്ടുണ്ടാകുമ്പോൾ അധികജലം ഒഴുകുന്നതിന് കാലാകാലങ്ങളിൽ തോടുകൾ വൃത്തിയാക്കുക. കക്കൂസില്ലാത്തവർക്ക് ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മിച്ച് കൊടുക്കുക, വൃത്തിയുള്ള തൊഴുത്തുകളുടെ ആവശ്യത്തെക്കുറിച്ചുള്ള ബോധവൽക്കരണം തുടങ്ങിയവ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ചെയ്താൽ ഗുണകരമായി മാറുന്നതാണ്. ഇതിനോടനുബന്ധിച്ചുള്ള ക്ലോറിനേഷൻ സമയബന്ധിതമായി നടത്താവുന്നതാണ്.
4. കുഷ്ഠം, ക്ഷയം, തിമിരം എന്നിവ ആരംഭസമയത്ത് കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനം കാര്യക്ഷമമാക്കുന്നതിന് ജനകീയ സമിതിയുമായി ബന്ധപ്പെടുത്തി പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകേണ്ടതാണ്.
5. തിരക്കേറിയ ജീവിതക്രമത്തിൽ ഭൂരിഭാഗം ജനങ്ങളും തങ്ങളുടെ വ്യക്തിവികാസങ്ങളുടെ ഭാഗമായുള്ള, വ്യായാമങ്ങൾ, പുസ്തകം വായന കലാപ്രകടനങ്ങൾ എന്നിവയിൽ നിന്നെല്ലാം പുറകോട്ടുപോയിക്കൊണ്ടിരിക്കുന്നു എന്നുമാത്രമല്ല വെറും കാഴ്ചക്കാരായി നിൽക്കുകയും ചെയ്യുന്നു. അനാവശ്യമായി ഭക്ഷണക്രമത്തിൽ മാറ്റങ്ങൾ വരുത്തി വെയ്ക്കുന്നു. ഇങ്ങിനെയുള്ള വിഭാഗങ്ങൾ എവിടെയുണ്ടോ അവിടെ രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പ്രമേഹം, വാതസംബന്ധമായ രോഗങ്ങൾ മുതലായവ ഉണ്ട്. ഇവിടെ ആരോഗ്യ വിദ്യാഭ്യാസക്ലാസ്സുകൾക്കാണ് പ്രാധാന്യം.
6. ഗവൺമെൻറ് ആശുപത്രിയിലുള്ള വാക്സിനുകൾ ശാസ്ത്രീയ രീതീകരണ സംവിധാനമില്ലാത്ത സ്വകാര്യസ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുവാൻ അനുവദിക്കരുത്. ഗർഭിണികളും അമ്മമാരും ആധുനിക ചികിത്സ പ്രതീക്ഷിച്ച് ഈ സ്ഥാപനങ്ങളിൽ എത്തുകയും ചൂഷണത്തിന് വിധേയരാവുകയും ചെയ്യുന്നു.
7. അവശ്യമരുന്നുകളുടെ ലഭ്യതക്കും, വിലക്കുറവിനും, താലൂക്ക് ആശുപത്രികളിൽ നിലവിലുള്ള മെഡിക്കൽ സ്റ്റോർ സംവിധാനം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിലും നടത്തുവാൻ കഴിയും.
8. സൗജന്യചികിത്സക്കുള്ള വരുമാന പരിധി 500 രൂപ എന്നുള്ളത് 1000 രൂപയാക്കുക.
9. പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിന് പുതിയ വാർഡ്, എക്സ് റേ യൂണിററിനാവശ്യമായ കെട്ടിടം, സ്റ്റോർറും, മതിൽ, സബ്സെൻറർ എന്നിവയുടെ നിർമ്മാണപ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. ഓപ്പറേഷൻ തീയ്യറ്റർ, നവീകരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആരംഭിക്കണം. ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമാകണമെങ്കിൽ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഇപ്പോൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന എല്ലാപോസ്റ്റുകളിലേക്കും നിയമനം നടത്തണം. അവശ്യമരുന്നുകൾ യഥാസമയം ലഭിക്കുന്നതിന് ലോക്കൽ ലെവലിൽ വാങ്ങിക്കുന്നതിന് ആവശ്യമായ സംവിധാനം ആലോചിക്കാവുന്നതാണ്. ഈ കാര്യങ്ങളെല്ലാം ഭംഗിയായി നിർവഹിക്കുന്നതിന് ഹോസ്പിറ്റൽ ഡെവലപ്പ്മെൻറ് കമ്മിറ്റിയും പഞ്ചായത്ത് ആരോഗ്യസമിതിയും ഒത്തൊരുമിച്ച് പ്രവർത്തിക്കാം.
10. കെട്ടിടം പണി കഴിഞ്ഞുകിടക്കുന്ന ആയുർവേദാശുപത്രി തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള നീക്കങ്ങൾ നടത്തുക.
11. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറിക്കുള്ള സാധ്യത നിലനിൽക്കുന്നു.
12. പഞ്ചായത്തിലുള്ളവർക്ക് ഹെൽത്ത് കാർഡ് ഉണ്ടാക്കികൊടുത്താൽ അവരുടെ തുടർചികിത്സക്ക് വളരെ സഹായകരമായിരിക്കും. അവരുടെ ആരോഗ്യപ്രശ്നങ്ങൾ അതിൽ രേഖപ്പെടുത്താം. ഇതിന് ആരോഗ്യവകുപ്പിനേയും പഞ്ചായത്ത് ആരോഗ്യസമിതിയേയും അയൽകൂട്ടങ്ങളേയും ഉപയോഗിക്കാവുന്നതാണ്.
13. വിവിധ ചികിത്സാരീതികൾ സമന്വയിപ്പിച്ചുകൊണ്ടുള്ള ചികിത്സാസമ്പ്രദായം ഉണ്ടാകേണ്ടിയിരിക്കുന്നു.
14. ഡോക്ടറുടെ സേവനം മുഴുവൻ സമയവും ഉറപ്പുവരുത്തണം
15. ശ്മശാനത്തിന് മതിൽ കെട്ടേണ്ടതാണ്. നിലവിലുള്ള ശ്മശാനത്തിനോടനുബന്ധിച്ച് വൈദ്യുത ശ്മശാനവും ആലോചിക്കാവുന്നതാണ്. ഇത് തുണ്ടുഭൂമിക്കാർക്ക് ഗുണകരമാകും. ഇതിന് ബോധവൽക്കരണം നടത്തണം.

പട്ടിക.11

## സ്ഥാപന സംബന്ധ വിവരങ്ങൾ

| ഉദ്യോഗപേര് | അനുവദിച്ചിട്ടുള്ളത് | നിലവിലുള്ളത് | ഇല്ലാത്തത് |
|---|---|---|---|
| മെഡിക്കൽ സൂപ്രണ്ട് | 1 | 1 | - |
| സിവിൽ സർജൻ | 4 | 3 | 1 |
| ഹെഡ് നഴ്സ് | 1 | 1 | - |
| സ്റ്റാഫ് നഴ്സ് | 5 | 5 | - |
| നഴ്സിങ്ങ് അസി. | 3 | 3 | - |
| സ്വീപ്പർ ഗ്രേഡ് 2 | 2 | 1 | 1 |
| ഹോസ്പിറ്റൽ അറ്റൻറർ | 1 | 1 | - |
| പി. ടി. സി. | 1 | 1 | - |
| ക്ലാർക്ക് | 2 | 2 | - |
| പ്യൂൺ | 1 | 1 | - |
| ഫാർമസിസ്റ്റ് | 1 | 1 | - |
| ലാബ് ടെക്നീഷ്യൻ | 1 | ഇല്ല | 1 |
| ഒപ്താൽമിക് അസി. | 1 | 1 | - |
| ഹെൽത്ത് സൂപ്പർവൈസർ | 1 | ഇല്ല | 1 |
| ലേഡി ഹെൽത്ത് സൂപ്പർവൈസർ | 1 | ഇല്ല | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 2 | ഇല്ല | 2 |
| ജൂനിയർപി.. എച്ച്. എൻ. | 4 | 4 | - |
| ഡ്രൈവർ | 1 | 1 | - |

6. 1988 ൽ മതിലകം ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിൽ ഉണ്ടായ കോളറരോഗബാധയുടെ കാരണങ്ങൾ കൂടിയതോതിൽ ഇപ്പോഴും നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നു.
7. അന്യസംസ്ഥാനങ്ങളിൽ നിന്നും മലമ്പനി രോഗബാധയുമായി എത്തുന്നവരുടെ വർദ്ധനവ്.
8. കക്കൂസുകളുടെ അപര്യാപ്തത.
9. രോഗപ്രതിരോധപ്രവർത്തനങ്ങൾ പ്രശ്നസമയത്തുമാത്രം കുറഞ്ഞ രീതിയിൽ നിലനിൽക്കുന്നു.
10. ആരോഗ്യവിദ്യാഭ്യാസ പ്രവർത്തനങ്ങൾ വളരെകുറഞ്ഞരീതിയിൽ നടക്കുന്നു.
11. രോഗപ്രതിരോധ, ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തത്തിൻെറ കുറവ്.
12. കുഷ്ഠ രോഗത്തിൻെറ നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും ആശാവഹമല്ല
13. ക്ഷയരോഗികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
14. ബാലക്ഷയം വ്യാപകമായി കാണപ്പെടുന്നു.
15. തിമിരരോഗം ബാധിച്ചവർ ധാരാളം ഉണ്ട്.
16. വിളർച്ച, രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പ്രമേഹം, ശ്വാസംമുട്ടൽ, വാതസംബന്ധമായ രോഗങ്ങൾ എന്നീ അസുഖങ്ങളുള്ളവർ വർഷം തോറും കൂടിവരുന്നു.
17. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൻെറ സ്ഥാപന സംബന്ധമായ പ്രശ്നങ്ങൾ.

- ആശുപത്രിമതിലിൻെറ പണി പൂർത്തീകരിച്ചിട്ടില്ല.
- കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുന്നില്ല.
- അധികംവരുന്ന രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യക്കുറവുമൂലം തറയിൽ കിടത്തി ചികിത്സിക്കുന്നു.
- കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിനാവശ്യമായ വിധത്തിൽ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിട്ടില്ല.
- എക്സ്റേ യൂണിറ്റിൻെറ രൂപീകരണം, ഓപ്പറേഷൻ തീയ്യേറ്ററിൻെറ നവീകരണം ഉൾപ്പടെയുള്ള ആധുനിക ചികിത്സാസംവിധാനത്തിൻെറ കുറവ്.

## പരിസരജന്യ രോഗങ്ങൾ

ഈ പ്രദേശത്ത് കാണപ്പെടുന്ന മലമ്പനി വയറിളക്കം തുടങ്ങിയ മാരകരോഗങ്ങൾ പ്രധാനമായും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. വയറിളക്കരോഗം വർഷക്കാലങ്ങളിലും, വളപ്രയോഗം നടത്തുന്ന സമയങ്ങളിലുമാണ് സാധാരണയായി കണ്ടുവരുന്നത്. മുൻകാലങ്ങളിൽ തീരപ്രദേശങ്ങളിലാണ് ഇതിൻെറ ബാഹുല്യമെങ്കിൽ ഇപ്പോൾ പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും ഒരു പോലെ കാണുന്നു. എല്ലാ ഭാഗങ്ങളിലും രൂക്ഷമായി കൊണ്ടിരിക്കുന്ന വെള്ളക്കെട്ട്, കക്കൂസുകളുടെ അപര്യാപ്തത, ശുചിത്വമുള്ള കക്കൂസിൻെറ അഭാവം, വർഷക്കാലത്ത് കിണറുകളിൽ ഉണ്ടാകുന്നമലിനീകരണം, വിവിധഭാഗങ്ങളിൽ കുന്നുകൂടികൊണ്ടിരിക്കുന്ന മാലിന്യം, വളപ്രയോഗം നടത്തുമ്പോൾ ശാസ്ത്രീയമായി മൂടാതിരിക്കുക വഴി ഈച്ചയുടെ വർദ്ധനവ്, വൃത്തിയുള്ള തൊഴുത്തിൻെറ കുറവ്, ഇവയെല്ലാം കാരണങ്ങളാണ്. ഇത്തരത്തിലുള്ള അന്തരീക്ഷത്തിൽകൊതുകിൻെറ വ്യാപനം നിയന്ത്രിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്ത് അടുത്തകാലത്ത് കാണപ്പെട്ട പല പകർച്ചവ്യാധികളും നമ്മുടെ പ്രദേശത്ത് വളർന്നുവരുവാൻ സാഹചര്യം ഒരുക്കുക എന്നതായിരിക്കും ഫലം. 1988 ലും തുടർന്നുചില വർഷങ്ങളിലും സമീപപഞ്ചായത്തുകളിൽ ഉണ്ടായ കോളറബാധ ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

## ദാരിദ്ര്യ ജന്യരോഗങ്ങൾ

ക്ഷയരോഗം, കുഷ്ഠരോഗം എന്നിങ്ങനെ നമ്മുടെ പ്രദേശത്തുകാണുന്ന രോഗങ്ങൾ ഈ വിഭാഗത്തിൽ പെടുത്താം. ക്ഷയം, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ ബാക്ടീരിയകളുടെ ആക്രമണം മൂലമാണ് ഉണ്ടാകുന്നതെങ്കിലും, ജനങ്ങളുടെ പോഷകനിലവാരതകർച്ചയും പ്രതിരോധശേഷിയുമായിക്കൂടി ബന്ധപ്പെട്ടുകിടക്കുന്നു. ദരിദ്രവൽക്കരണത്തിൻെറ തീഷ്ണതയും, എയ്ഡ്സ് തുടങ്ങിയ മാരകരോഗങ്ങളുടെ വ്യാപനവും നിയന്ത്രിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ 2000 - ാം ആണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം എന്ന ദൗത്യം നമുക്ക് ഏറ്റെടുക്കാൻ കഴിയില്ല.

കുട്ടികളിൽ മുഖ്യമായി കണ്ടുവരുന്ന അസുഖങ്ങളിൽ ഒന്നാമത് ദന്തക്ഷയവും, രണ്ടാമത് കാഴ്ചവൈകല്യവുമാണ്.

കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൻെറ ഔട്ട് പേഷ്യൻറ് വിഭാഗത്തിലും, ഇൻപേഷ്യൻറ് വിഭാഗത്തിലും എത്തിച്ചേരുന്ന പകർച്ചവ്യാധി ബാധിച്ചവരുടെ വിവരങ്ങൾ

പട്ടിക.10

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993 - 94 | 578 | 50 | 85 | 410 |
| 1994 - 95 | 458 | 72 | 100 | 390 |
| 1995 - 96 | 332 | 67 | 58 | 379 |

## കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ

1957 ലാണ് പെരിഞ്ഞനത്ത് പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിതമായത്. 1990 ൽ ഈ സ്ഥാപനം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർന്നു. മതിലകം ബ്ലോക്കിൽപ്പെട്ട 5 പഞ്ചായത്തുകളിലെ പ്രവർത്തനപരിധിയിൽവരുന്ന ഈ സ്ഥാപനം മണപ്പുറത്തെ ജനങ്ങളുടെ ആശ്രയകേന്ദ്രമായിരുന്നു. പ്രതിവർഷം ശരാശരി 24,000 ജനങ്ങൾ ഔട്ട് പേഷ്യൻറ് വിഭാഗത്തിലും 4250 പേർ ഇൻ പേഷ്യൻറ് വിഭാഗത്തിലും ചികിത്സയെടുക്കുന്നു. ആകെയുള്ള 36 ബെഡിൽ 8 എണ്ണം പുരുഷൻമാർക്കും 20 എണ്ണം സ്ത്രീകൾക്കും 8 എണ്ണം കുട്ടികൾക്കുമായി നീക്കിവെച്ചിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിലെ കുടുംബക്ഷേമ പ്രവർത്തനങ്ങൾ രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയുടെ കേന്ദ്രബിന്ദു ഈ സ്ഥാപനമാണ്. എസ്. ഇ. ടി. സെൻറർ ഇതിനോടൊപ്പം പ്രവർത്തിക്കുന്നു.

**ചികിത്സാരംഗത്ത് പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനങ്ങളുടെ വിവരം**

പട്ടിക.12

| ചികിത്സാരീതി | സർക്കാർ | സ്വകാര്യ വ്യക്തികൾ |
|---|---|---|
| ആയുർവേദം | ഇല്ല | 3 |
| അലോപ്പതി | 1<br>1 കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ | 5 |
| ഹോമിയോ | ഇല്ല | 6 |
| പാരമ്പര്യം | ഇല്ല | - |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ജനന മരണങ്ങൾ പ്രദേശികമായി രജിസ്റ്റർ ചെയ്യുന്നില്ല.
2. രണ്ടിൽ കൂടുതൽ കുട്ടികളുള്ള അമ്മമാർ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിക്കുന്നതിൻെറ കുറവ്.
3. സംയോജിത ശിശുസംരക്ഷണ പരിപാടിയുടെ അഭാവം.
4. 9 വയസ്സിനു താഴെയുള്ള കുട്ടികളിൽ കൂടുതലായി കണ്ടുവരുന്ന ദന്തരോഗങ്ങൾ.
5. കുട്ടികളിൽ കണ്ടുവരുന്ന വിളർച്ച, വിരശല്യം, ചെവിയൊലിപ്പ്, സ്കാബീസ്, കാഴ്ചവൈകല്യം, രാത്രിയിലെ കാഴ്ചക്കുറവ് എന്നിവ ഇപ്പോഴും നിലനിൽക്കുന്നു.

മലമ്പനി : വർഷവും രോഗികളുടെ എണ്ണവും
ബ്രാക്കറ്റിൽ പെരിഞ്ഞനം നിവാസികളുടെ എണ്ണം

പട്ടിക. 5

| 1990 | 1991 | 1992 | 1993 | 1994 | 1995 | 1996 |
|---|---|---|---|---|---|---|
| 79 (11) | 185 (35) | 132 (24) | 127 (17) | 100 (13) | 58 (12) | 44 (7) |

പെരിഞ്ഞനത്തെ മലമ്പനിരോഗം ബാധിച്ചവരുടെ നിരക്ക് ഏറിയും കുറഞ്ഞും ഇരിക്കുന്നതുകാണാം. കയ്പമംഗലം, പെരിഞ്ഞനം പ്രദേശത്തെ രാമച്ചകച്ചവടക്കാർ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും രോഗബാധിതരായി വരുന്നതാണ് കാരണം.

## കുഷ്ഠരോഗം

പട്ടിക. 5

| വർഷം | രോഗബാധിതരുടെ എണ്ണം | നിരക്ക് (1000 ജനസംഖ്യക്ക്) |
|---|---|---|
| 1990 - 1992 | 19 | 0.9863 |
| 1992 - 1995 | 26 | 1.145 |
| 1995 - 1996 | 5 | 0.22 |

അവലംബനം : കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ,
എസ്. ഇ. ടി. സെൻറർ.

ദേശീയ കുഷ്ഠരോഗനിർമ്മാർജ്ജന പരിപാടിയുടെ ആരംഭദശയിൽ 1000 ജനസംഖ്യക്ക് 0.9863 എന്നനിരക്കിലായിരുന്നത് ഇപ്പോൾ 0.22 എന്ന നിരക്കിലേയ്ക്ക് കുറഞ്ഞിരിക്കുന്നു.

## ക്ഷയരോഗം

പട്ടിക. 7

| വർഷം | രോഗബാധിതർ എണ്ണം | നിരക്ക് 1000 ജനസംഖ്യക്ക് |
|---|---|---|
| 1993 | 50 | 2.43 |
| 1994 | 72 | 4 |
| 1995 | 67 | 2.9 |

അവലംബം - വാർഷിക ഭരണറിപ്പോർട്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ

പെരിഞ്ഞനം പഞ്ചായത്തിലെ മെഡിക്കൽ സ്റ്റോറുകളിൽ കൂടി വിറ്റഴിയുന്ന ക്ഷയരോഗ നിവാരണത്തിനുള്ള മരുന്നുകളുടെ ആകെ എണ്ണവും ഒരു രോഗബാധിതന് ആവശ്യമായ മരുന്നും കൂടി തുലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഇരുപതോളം രോഗബാധിതർ സ്വകാര്യ മേഖലയിൽ ചികിത്സയിലുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. ഇതുപോലെ 81 ബാലക്ഷയം ബാധിച്ചവരും ഈ പഞ്ചായത്തിലുണ്ട്.

## കാഴ്ചവൈകല്യങ്ങൾ

1993ൽ ആരോഗ്യവകുപ്പ്നേത്രവിഭാഗം നടത്തിയ സർവ്വെറിപ്പോർട്ടിൻെറ പകർപ്പ് താഴെകൊടുത്തിരിക്കുന്നു.

പട്ടിക. 8

| ആകെ ജനസംഖ്യ | പരിശോധിച്ചവരുടെ എണ്ണം | രോഗ ബാധിതർ | കാഴ്ചശക്തി താൽക്കാലികമായി തിരിച്ചു കിട്ടിയവർ |
|---|---|---|---|
| 20,500 | 1996 | 258 | 178 |

| കാഴ്ചശക്തി നഷ്ടപ്പെട്ടവർ | വിറ്റാമിൻ എ യുടെ കുറവ് | ശസ്ത്രക്രിയാവിധേയരാകേണ്ടവർ | മറ്റുള്ളവർ |
|---|---|---|---|
| 80 | 33 | 21 | 14 |

1000 ജനസംഖ്യയിൽ 10.52 എന്ന നിരക്കിൽ തിമിരബാധയുള്ളതായി ഈ പട്ടികയിൽനിന്നും മനസ്സിലാക്കാം.

പ്രൈമറി സ്കൂൾ വിദ്യാത്ഥികൾക്കുള്ളപ്രത്യേക ആരോഗ്യപരിപാലന പരിപാടിയുടെ വിവരങ്ങൾ താഴെ പട്ടികയായി കൊടുത്തിരിക്കുന്നു.

പട്ടിക. 9

| ആകെ കുട്ടികൾ | പരിശോധിച്ചവർ | രോഗങ്ങൾ | | |
|---|---|---|---|---|
| | | വിളർച്ച | വിരശല്യം | രാത്രിയിൽ കണ്ണുകാണാത്തവർ |
| 1835 | 1485 | 22 | 24 | 13 |

| രോഗങ്ങൾ | | | | | |
|---|---|---|---|---|---|
| അയഡിൻെറ കുറവ് | ചെവിയൊലിപ്പ് | ചൊറി | കാഴ്ച വൈകല്യം | ദന്ത രോഗങ്ങൾ | മറ്റുള്ളവ |
| - | 61 | 75 | 67 | 223 | 53 |



# ആരോഗ്യം

പെരിഞ്ഞനം പഞ്ചായത്തിലെ 4167 കുടുംബങ്ങളിൽ താമസിക്കുന്ന 22,700 ജനങ്ങൾ അവരുടെ ആരോഗ്യപ്രശ്ങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് വിവിധ ചികിത്സാരീതികളെ അവലംബിക്കുന്നു. ആയുർവേദം, ഹോമിയോ, അലോപ്പതി, പാരമ്പര്യ ചികിത്സ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പഞ്ചായത്തിലെ ജനനനിരക്കും (5.5) മരണനിരക്കും (4.4) സംസ്ഥാന ശരാശരിയേക്കാൾ താഴ്ന്നതാണ്. മാതൃശിശുമരണങ്ങൾ ഇല്ലെന്നുള്ളതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. വൃദ്ധജനസംഖ്യ സംസ്ഥാനശരാശരിയിൽനിന്ന് ഉയർന്നുനിൽക്കുന്നു.

1991ലെ സെൻസസ് പ്രകാരം 6 വയസ്സിന് താഴെയുള്ള കുട്ടികൾ 2513 ആണ്. ഇപ്പോഴത്തെ അവസ്ഥ പ്രായാടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക. 1

| വയസ്സ് | എണ്ണം |
|---|---|
| 0 - 1 | 148 |
| 1 - 5 | 1454 |
| 5 - 12 | 3371 |
| ആകെ | 4973 |

പട്ടിക. 2

| വയസ്സ് | എണ്ണം | അനുപാതം 1000ന് |
|---|---|---|
| 60ന് മേൽ | 1922 | 84.7 |

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചിരിക്കുന്ന അമ്മമാരുടെ വിവരങ്ങൾ (ജീവിച്ചിരിപ്പുള്ളകുട്ടികളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ)

പട്ടിക. 3

| കുട്ടികളുടെ എണ്ണം | അമ്മമാരുടെ എണ്ണം | കുടുംബാസൂത്രണം സ്വീകരിച്ചവർ | ശതമാനം |
|---|---|---|---|
| 1 കുട്ടി | 750 | 34 | 4.53 |
| 2 കുട്ടികൾ | 1413 | 1395 | 91.65 |
| 2ൽ കൂടുതൽ കുട്ടികൾ | 791 | 540 | 68026 |

അവലംബം : കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ

അംഗവൈകല്യമുള്ളവരുടെ നിരക്ക് 2.8 (1000 ന്)

മന്ദബുദ്ധികൾ 0.5 (1000 ന്)

## രോഗാതുരത

1988ൽ മതിലകം ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിൽ കോളറ ബാധിച്ചതിൻെറ ഫലമായി 4 പേർ മരണമടയുകയുണ്ടായി. ഇതേ വർഷം ആകെ രോഗം ബാധിച്ചവരിൽ 5 വീതം സ്ത്രീ പുരുഷൻമാരും ഒരു കുട്ടിയുമായിരുന്നു.

കോളറ - രോഗബാധിതവർഷവും - രോഗികളുടെ എണ്ണവും

പട്ടിക. 4

| 1988 | 1989 | 1990 | 1991 | 1992 | 1993 | 1994 | 1995 |
|---|---|---|---|---|---|---|---|
| " | ഇല്ല | 2 | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല |

അവലംബം : കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ രേഖകൾ

രോഗബാധിത പ്രദേശം അയൽപഞ്ചായത്തുകളായിരുന്നു.

## തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം

| വർഷം | കർഷകർ | | കർഷകതൊഴിലാളി | | മൃഗസംരക്ഷണം | | ചെറുകിടവ്യവസായം | | കെട്ടിടനിർമ്മാണം | | ഗതാഗതം വാർത്താവിനിമയം | | വ്യാപാരം | | മറ്റുള്ളവ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ |
| 1961 | 158 | 144 | 61 | 115 | 668 | 90 | 374 | 1239 | 1 | 0 | 97 | 6 | 224 | 4 | 798 | 209 |
| 1971 | 228 | 59 | 437 | 107 | 453 | 12 | 387 | 599 | 16 | 2 | 224 | 22 | 460 | 12 | 296 | 185 |
| 1991 | 176 | 31 | 411 | 69 | 882 | 32 | 326 | 977 | 124 | 18 | 311 | 11 | 806 | 27 | 464 | 341 |

*അവലംബം: 1961 മുതലുള്ള സെൻസസ് റിപ്പോർട്ട്*

മുകളിൽ കാണിച്ചിരിക്കുന്ന കണക്കുകളിൽ നിന്ന് കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ എണ്ണം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. കൃഷിയുടെ മുരടിച്ചയും നെല്ലിൽ നിന്ന് തെങ്ങിലേക്കുള്ള വിളമാറ്റവും സ്ത്രീ തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറച്ചിട്ടുണ്ട്. സുരക്ഷിതത്വം കുറഞ്ഞതും അദ്ധ്വാനഭാരം കൂടിയതുമായ കെട്ടിട നിർമ്മാണ മേഖലയിലെ സ്ത്രീ തൊഴിൽ പങ്കാളിത്തം കൂടുകയും ചെയ്തു. കെട്ടിട നിർമ്മാണ മേഖലയിൽ അദ്ധ്വാനംഭാരം കൂടുതലുള്ള ജോലിയാണ് സ്ത്രീകാ൦ ചെയ്യുന്നത്. അദ്ധ്വാനഭാരം കുറവും വൈദഗ്ദ്ധ്യം ആവശ്യവുമായ നിർമ്മാണ ജോലി ചെയ്യുന്ന പുരുഷന്മാരുടെ കൂലിയുമായി താരതമ്യം ചെയ്യുമ്പോ൦ സ്ത്രീകാ൦ക്ക് കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്.

തഴപായ നെയ്ത്താണ് മറ്റൊരു പ്രധാന തൊഴിൽ. ഗൃഹജോലികളോടൊന്നിച്ച് (കുട്ടികളുടെ പരിചരണം ഉ൦പ്പെടെ) ചെയ്യാൻ കഴിയുന്ന ഒരു ജോലിയാണ് പായ നെയ്ത്ത്. അതുകൊണ്ടുതന്നെ പായനെയ്ത്ത് ഉപജീവനമാർഗ്ഗമാക്കി കഴിയുന്ന സ്ത്രീകളുടെ എണ്ണം കൂടുതലാണ്. ഈ തൊഴിലിനും ഭീഷണികാ൦ നിലനിൽക്കുന്നു. അസംസ്കൃതവസ്തുവായ തഴയുടെ അപര്യാപ്തതയാണ് പ്രധാന പ്രശ്നം. മുൻകാലങ്ങളിൽ മിക്കവാറും എല്ലാ പറമ്പുകളിലും ഉണ്ടായിരുന്ന കൈത ഇന്ന് അപൂർവ്വമായിരിക്കുന്നു. മറ്റൊന്ന് ഇടത്തട്ടുകാരിൽ നിന്നുള്ള ചൂഷണമാണ്. ഇതിന് പരിഹാരം തഴപായ സൊസൈറ്റി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് തഴലഭ്യമാക്കുകയും പായയുടെ വിപണനം ഏറ്റെടുക്കുകയുമാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന തഴയും പായയും ഉപയോഗിച്ച് ആകർഷകങ്ങളായ വസ്തുക്ക൦ ഉണ്ടാക്കാവുന്നതാണ്. ഇത് ഒരു യൂണിറ്റായോ വീടുകളിലിരുന്നോ ചെയ്യാവുന്നതാണ്.

സ്ത്രീകളിൽ ചെറിയൊരു ശതമാനം പുരയിടകൃഷിയായി കോഴി വളർത്തൽ പശുവളർത്തൽ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു. ഇവ വികസിപ്പിച്ച് പഞ്ചായത്തിന് ഈ മേഖലകളിൽ സ്വയം പര്യാപ്തത നേടുന്നതോടൊപ്പം സ്ത്രീകാ൦ക്ക് തൊഴിൽ ലഭ്യമാക്കാനും കഴിയും. ഇതിൽ വനിതാ അയൽ കൂട്ടങ്ങാ൦ക്ക് നല്ല പങ്കുവഹിക്കാം.

തീരപ്രദേശത്ത് മുഴുവനായും സ്ത്രീകാ൦ മാത്രം ഉ൦പ്പെട്ട തൊഴിൽ രംഗമാണ് ചകിരിമേഖല. ചാകരയുടെ കാലങ്ങളിൽ മാത്രം പുരുഷന്മാർക്ക് തൊഴിലുള്ള ഈപ്രദേശത്ത് കുടുംബം നിലനിർത്തുന്നതിൽ ഇവരുടെ അദ്ധ്വാനത്തിന് പ്രധാന പങ്കുണ്ട്. പച്ചതൊണ്ടാണ് ഈ രംഗത്തെ അസംസ്കൃത വസ്തു. ഇത് ഏതാനും വ്യക്തികളുടെ നിയന്ത്രണത്തിൽ ചീഞ്ഞെടുക്കുന്നു. ഇത്തരം ആളുകാ൦ക്ക് കൂലിക്ക് തൊണ്ട് തല്ലിക്കൊടുക്കുന്നവർ, തൊണ്ട് അവരിൽ നിന്നും നേരിട്ടു വാങ്ങി തല്ലി ചകിരിയാക്കി കയർ പിരിച്ച് ചന്തയിൽ വിൽക്കുന്നവർ എന്നിങ്ങനെ രണ്ടുതരം തൊഴിലാളികാ൦ ഈ രംഗത്തുണ്ട്. അസംഘടിതമായ ഈ മേഖലയിൽ ആവശ്യാനുസരണം ചീഞ്ഞതൊണ്ട് ലഭിക്കാത്തതിൻെറ പ്രശ്നമുണ്ട്. മാത്രമല്ല ചന്തയിൽ വിൽക്കുന്ന കയറിൻെറ വില നൂറുശതമാനവും വ്യാപാരികളുടെ നിയന്ത്രണത്തിലാണെന്നതിനാൽ തൊഴിലാളികളുടെ അദ്ധ്വാനത്തിന് തക്ക പ്രതിഫലം കിട്ടുന്നില്ല.

കാജാ ബീഡി കമ്പനിയുടെ ഒരു യൂണിറ്റ് പെരിഞ്ഞനം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിവിധ പ്രദേശങ്ങളിൽ നിന്നുള്ള 262 സ്ത്രീകാ൦ ഇവിടെ ജോലി ചെയ്യുന്നു. പെരിഞ്ഞനം പഞ്ചായത്തിലെ 71 സ്ത്രീകാ൦ ഇവിടെ ജോലി ചെയ്യുന്നുണ്ട്. ഇല, സുക്ക തുടങ്ങിയവ കമ്പനിയിൽ നിന്ന് കൊടുക്കുകയും അത് ഉപയോഗിച്ച് വീട്ടിലിരുന്ന് ബീഡി തെറുക്കുകയും ചെയ്യുന്നു. ഒരു ദിവസം ഏകദേശം 800 ബീഡിയേ തെറുക്കുവാൻ സാധിക്കുകയുള്ളൂ. 1000 ബീഡിയിൽ നിന്നുള്ള വരുമാനം കൂലി 30 രൂപയും ഡി.എ. 18 രൂപയും ഉ൦പ്പെടെ 48 രൂപയാണ്. 8.33% തൊഴിലാളികളും അത്രതന്നെ മാനേജ്മെൻറും സി.പി.എഫ്. ഇനത്തിൽ വഹിക്കുന്നു. തൊഴിൽജന്യ രോഗങ്ങാ൦ ഉണ്ടാകാൻ സാദ്ധ്യതയുള്ള മേഖലയാണിത്. ഇത് ഒരു അസംഘടിത മേഖലയായതിനാൽ തൊഴിലാളികാ൦ ചൂഷണത്തിന് വിധേയരാകുന്നുണ്ട്.

രണ്ടാംവാർഡിൽ പ്രവർത്തിക്കുന്ന ബാലസുധ ആയുർവ്വേദ നിർമ്മാണ ശാലയിൽ വളരെയധികം സ്ത്രീകാ൦ ജോലി ചെയ്യുന്നുണ്ട്. 11 സ്ത്രീകാ൦ ജോലിചെയ്യുന്ന ഒരു കുട നിർമ്മാണ ശാല പ്രവർത്തിക്കുന്നുണ്ട്. ഇവർക്ക് സീസണൽ ആയി മാത്രമാണ് ജോലിയുള്ളത്. ബേക്കറി വ്യവസായത്തിൽ സ്ത്രീകാ൦ ജോലിചെയ്യുന്നുണ്ട്.

ടുംബങ്ങളിലെ സ്ത്രീകൾക്ക്- ഗൃഹജോലിയും പുറംജോലിയും (വരുമാനമാർഗ്ഗത്തിനായി വീടിന് പുറത്തു പോയി ചെയ്യുന്ന ജോലി) ഒരുമിച്ച് ചെയ്യുന്നത് സ്ത്രീയുടെ ആരോഗ്യത്തെ ബാധിക്കുന്നുണ്ട്. കൃഷിപ്പണിയിൽ നിന്നും അദ്ധ്വാനഭാരം കൂടിയതും സുരക്ഷിതത്വം കുറഞ്ഞതുമായ കെട്ടിടം പണി, ചുമടെടുക്കൽ തുടങ്ങിയ മേഖലകളിലേക്ക് സ്ത്രീകൾ ചേക്കേറിയതും സ്ത്രീകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

പെരിഞ്ഞനം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഓപ്പറേഷൻ തീയ്യേറ്റർ ഉണ്ടായിട്ടും അനസ്തേഷ്യസ്റ്റ് ഇല്ലാത്തതിനാൽ പ്രവർത്തനരഹിതമായിക്കിടക്കുന്നു. ഇവിടെ ഇപ്പോൾ മാസത്തിൽ ഒമ്പതോ, പത്തോ, പ്രസവം മാത്രമാണ് നടക്കുന്നത്. ഇൻ പേഷ്യൻറ് വിഭാഗത്തിൽ കൂടുതലും സ്ത്രീകളാണുള്ളത്. മാതൃമരണം ഇല്ലെന്നുതന്നെ പറയാം.

## പെരിഞ്ഞനം കമ്യൂണിറ്റി ഹെൽത്ത് സെൻറർ

### കിടത്തി ചികിത്സിക്കുന്നവരുടെ വിവരം

| കൊല്ലം | സ്ത്രീ | പു. | കുട്ടികൾ | ആകെ |
|---|---|---|---|---|
| 93 | 1564 | 1830 | 1168 | 4562 |
| 94 | 1944 | 1378 | 938 | 4260 |
| 95 | 2017 | 1242 | 704 | 3963 |

*അവലംബം ഐ.പി. റജിസ്റ്റർ-കമ്യൂണിറ്റി ഹെൽത്ത് സെൻറർ*

*കുറിപ്പ് : കിടത്തി ചികിത്സിക്കുന്നവരുടെ എണ്ണം പെരിഞ്ഞനത്തേയും സമീപ പഞ്ചായത്തുകളിലേയുമാണ്.*

### ജനനം സംബന്ധിച്ച വിവരം

| കൊല്ലം | ആകെ | പെരിഞ്ഞനം നിവാസികൾ |
|---|---|---|
| 93 | 282 | 34 |
| 94 | 233 | 23 |
| 95 | 140 | 27 |
| 96 | 92 | 15 |

കമ്യൂണിറ്റി ഹെൽത്ത് സെൻററിൻെറ കീഴിൽ മാതൃശിശു സംരക്ഷണത്തിൻെറ ഭാഗമായി നാല് സബ്സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. പടിഞ്ഞാറുഭാഗത്തുള്ള രണ്ട് സെൻററുകൾ ഒരുമിച്ച് സ്വന്തമായുള്ള ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മറ്റുള്ളവ സി.എച്ച്.സി-യിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ആഴ്ചയിൽ ഒരു ദിവസം ഗർഭിണികൾക്കായി നടത്തുന്ന ക്ലിനിക്കിൽ നാമമാത്രമായ സ്ത്രീകളാണ് എത്തിച്ചേരുന്നത്. ആവശ്യമായ വൈറ്റമിൻ മരുന്നുകളും പ്രതിരോധകുത്തിവെയ്പുകളും ലഭ്യമായിട്ടും അവ ഉപയോഗപ്പെടുത്തുന്നതിൽ സ്ത്രീകൾ താൽപര്യം കാണിക്കുന്നില്ല. ഇത്തരം പരിശോധനകൾക്കും ചികിത്സയ്ക്കുമായി സ്വകാര്യ ആശുപത്രികളെയാണ് ഭൂരിഭാഗവും ആശ്രയിക്കുന്നത്. സ്വകാര്യ ആശുപത്രികളിലുപയോഗിക്കുന്ന പ്രതിരോധ കുത്തിവെപ്പിനുള്ള മരുന്നുകൾ സർക്കാർ ആശുപത്രിയിൽ നിന്നാണ് കൊണ്ടുപോകുന്നത്. സബ്സെൻററുകളുമായി ബന്ധപ്പെട്ട് ആരോഗ്യ വിദ്യാഭ്യാസം നൽകി ഈ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്. വനിതാ ഡോക്ടറുടെ സേവനം ലഭ്യമായിരുന്ന സമയത്ത്; പ്രസവവും സ്ത്രീ സംബന്ധമായ ചികിത്സക്കുമായി ഒട്ടേറെപ്പേർ ഈ ആരോഗ്യ കേന്ദ്രത്തിൽ എത്തിയിരുന്നു. വനിതാ ഡോക്ടറുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

അംഗനവാടികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. സാമൂഹ്യ ശിശുക്ഷേമപരിപാടിയിൽ രണ്ടും മതിലകം ഗ്രാമ വികസന ബ്ലോക്കിൻെറ കീഴിൽ സമഗ്രമാതൃശിശുകേന്ദ്രമായി മൂന്നും ബാലവാടികൾ പ്രവർത്തിക്കുന്നു. ബാലവാടികളിൽ കക്കൂസ്, മൂത്രപ്പുര തുടങ്ങിയ സൗകര്യമുള്ള കെട്ടിടത്തിൻെറയും ആവശ്യമായ കളിക്കോപ്പുകൾ, പോഷകാഹാരം, പാകം ചെയ്യാനുള്ള പാത്രങ്ങൾ എന്നിവയുടെയും പോരായ്മയുണ്ട്. ബാലവാടി പ്രവർത്തകർക്ക് തുച്ഛമായ വേതനമാണ് ലഭിക്കുന്നത്.

## തൊഴിൽ

വരുമാന മാർഗ്ഗങ്ങളായുള്ള തൊഴിലുകളിൽ ഏർപ്പെടാതെ ഗൃഹഭരണം മാത്രം ചെയ്യുന്നവരാണ് സ്ത്രീകളിൽ ഭൂരിഭാഗവും.

1961ലെ സെൻസസ് റിപ്പോർട്ടിലെ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്കിനെ ഇപ്പോഴത്തെ നിരക്കുമായി താരതമ്യപ്പെടുത്തിയാൽ ഇതിൽ ഗണ്യമായ ഇടിവ് വന്നിട്ടുള്ളതായി കാണാം.

| കൊല്ലം | തൊഴിലെടുക്കുന്നവരുടെ എണ്ണം | | സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് |
|---|---|---|---|
| | സ്ത്രീകൾ | പുരുഷന്മാർ | |
| 1961 | 1777 | 2381 | 14.4 |
| 1971 | 997 | 2501 | 6.6 |
| 1991 | 1506 | 3510 | 7.8 |

വിദ്യാഭ്യാസം പോലുള്ള സർവ്വീസ് മേഖലകളിൽ സ്ത്രീകളാണ് കൂടുതൽ ജോലി ചെയ്യുന്നത്. ഗൃഹജോലി കൂടി ചെയ്യാനുള്ളത് അവരുടെ മാനസീകവും ശാരീരികവുമായ അദ്ധ്വാനം കൂട്ടുന്നു. വീട്ടുജോലി പുരുഷനുമായി പങ്കുവെക്കാനുള്ള മനോഭാവം വളർത്തിയെടുത്താലെ ഇതിന് പരിഹാരം ഉണ്ടാകൂ. കൃഷിപ്പണി, മൃഗസംരക്ഷണം, കെട്ടിട നിർമ്മാണം, ചുമടെടുക്കൽ, പായ നെയ്ത്ത്, തൊണ്ടുതല്ലൽ, ചകിരിപിരി, ബീഡിതെറുപ്പ് തുടങ്ങിയ തൊഴിലുകളിൽ സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നു.



# വനിത

കേരള വികസനപ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിലൊന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നതാണ്. ഈ അദൃശ്യത മാറ്റിയെടുക്കുക എന്നത് ഒമ്പതാം പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്നാണ്. കാലങ്ങളായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് സ്ത്രീകളെ അകറ്റി നിർത്തിയിരുന്നെങ്കിലും ദേശീയ പ്രസ്ഥാനങ്ങളിലും പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മുൻകൈയ്യിൽ നടന്ന അവകാശ സമരങ്ങളിലും സ്ത്രീകൾ സജീവമായി പങ്കെടുത്തിരുന്നു. സ്വദേശി പ്രസ്ഥാനത്തിന്റെ ഭാഗമായി ഖാദിനൂൽ നൂൽപ്പ് കേന്ദ്രം സ്ത്രീകളുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്നു. 1970ലെ മിച്ചഭൂമി സമരം, 73-74 കാലങ്ങളിലെ വിലവർദ്ധനവിനെതിരെയുള്ള സമരം, കർഷക സമരങ്ങൾ എന്നിവയിൽ സ്ത്രീകൾക്ക് നേതൃത്വപരമായ പങ്കുണ്ടായിരുന്നു.

പെരിഞ്ഞനം പഞ്ചായത്തിലെ 1961 മുതലുള്ള സെൻസസ് റിപ്പോർട്ടുകൾ പ്രകാരം സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ കൂടുതലാണ്. നമ്മുടെ പ്രദേശത്തെ സ്ത്രീപുരുഷാനുപാതം സംസ്ഥാനത്തിലെ സ്ത്രീ പുരുഷാനുപാതത്തേക്കാൾ വളരെ ഉയർന്നതാണ്.

## സ്ത്രീ പുരുഷാനുപാതം - 1961 മുതൽ 1991 വരെ

| കൊല്ലം | സ്ത്രീ | പുരുഷൻ | സ്ത്രീപുരുഷാനുപാതം (1000ന്) |
|---|---|---|---|
| 1961 | 6641 | 5723 | 1160 |
| 1971 | 8132 | 7041 | 1155 |
| 1981 | 9162 | 7899 | 1160 |
| 1991 | 10324 | 8933 | 1156 |

മുകളിൽ കാണിച്ച കണക്കുകളിൽ നിന്നും ഈ കാലയളവിൽ സ്ത്രീ പുരുഷാനുപാതത്തിൽ ഗണ്യമായ വ്യത്യാസം ഉണ്ടായിട്ടില്ല എന്ന് മനസ്സിലാക്കാം.

1991ലെ സെൻസസ് റിപ്പോർട്ടിൽ 0-6 വയസ്സിനിടക്കുള്ള പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടെ എണ്ണത്തേക്കാൾ കുറവാണ്.

## 6 വയസ്സിന് താഴെയുള്ളവരുടെ ആൺപെൺ അനുപാതം

*(അവലംബം : 1991 സെൻസസ് റിപ്പോർട്ട്)*

| വയസ്സ് | പെൺകുട്ടികൾ | ആൺകുട്ടികൾ | അനുപാതം (1000ന്) |
|---|---|---|---|
| 0-6 | 1202 | 1311 | 917 |

സ്ത്രീകളുടെ എണ്ണം കുറഞ്ഞുവരുന്നതിന്റെ ഒരു സൂചനയാണ് ഇത് കാണിക്കുന്നത്. ഈ സൂചന വിശദമായ പഠനം ആവശ്യപ്പെടുന്നുണ്ട്.

## വിദ്യാഭ്യാസം

സ്കൂളുകളിലെ കണക്കുകൾ പ്രകാരം വിദ്യാർത്ഥികളിൽ ആൺകുട്ടികളാണ് കൂടുതൽ എങ്കിലും വിദ്യാഭ്യാസ കാര്യങ്ങളിൽ പെൺകുട്ടികളോട് വിവേചനം പ്രകടമല്ല. തോറ്റു പഠിക്കുന്നവരുടെ എണ്ണത്തിലും കൊഴിഞ്ഞു പോകുന്നവരുടെ എണ്ണത്തിലും പെൺകുട്ടികളുടെ ശതമാനം കുറവാണ്.

1996ലെ പഞ്ചായത്തിലെ വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| ആകെ കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ | | | പഠനം നിർത്തിയവർ | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 2609 | 2280 | 4889 | 313 | 111 | 424 | 109 | 38 | 147 |

## ആരോഗ്യം

സ്ത്രീകൾക്കാണ് പോഷകാഹാരക്കുറവ് മൂലമുള്ള രോഗങ്ങൾ അധികവും കാണുന്നത്. പ്രത്യേകിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കു

12. പഞ്ചായത്തിന് പുറത്തുള്ള സ്കൂളുകളിലേക്ക് കുട്ടികളെ വിടുന്ന പ്രവണത നിരുത്സാഹപ്പെടുത്തുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുക.

13. ക്രാഫ്റ്റ്, ഡ്രോയിങ്ങ്, സംഗീതം, കായികാഭ്യാസം തുടങ്ങിയവ പഠിപ്പിക്കുന്നതിന് ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുക.

14. കൃഷിയിൽ കുട്ടികൾക്ക് ആഭിമുഖ്യം ഉണ്ടാവുന്നതിന് എല്ലാ സ്കൂളുകളിലും പച്ചക്കറിതോട്ടവും പൂന്തോട്ടവും ഉണ്ടാക്കുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ മെച്ചപ്പെട്ട തോട്ടങ്ങൾക്ക് സമ്മാനം ഏർപ്പെടുത്തുകയും ചെയ്യുക.

15. കുട്ടികളിൽ കലാഭിരുചി വളർത്തുന്നതിന് സാഹിത്യസമാജം, ദേശീയാദിനാചരണങ്ങൾ തുടങ്ങിയവ ചിട്ടയായി സംഘടിപ്പിക്കുക.

16. ഈ പഞ്ചായത്തിൽ ഗവണ്മെൻറ് ഉടമയിൽ ഒരു സാങ്കേതിക വിദ്യാലയം ആരംഭിക്കണം. ഇതിൻെറ പ്രരംഭമായി വലപ്പാട് പോളിടെക്നിക്കിൻെറ കീഴിൽ നടത്തുന്ന പരിശീലനകേന്ദ്രം പഞ്ചായത്തിൻെറ മേൽനോട്ടത്തിലാക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

17. ഇംഗ്ലീഷ്മീഡിയഭ്രമം, ലഹരിവസ്തുക്കളുടെ ഉപഭോഗം, സ്ത്രീധനമോഹം, സ്ത്രീപീഡനം തുടങ്ങിയവയ്ക്ക് എതിരായ മാനസികാവസ്ഥ കുട്ടികളിലും രക്ഷിതാക്കളിലും ഉണ്ടാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

18. പി. റ്റി. എ. യുടെ സഹകരണത്തോടെ ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കുക.

19. പി. റ്റി. എ. യുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ എല്ലാ സ്കൂളുകൾക്കും ചുറ്റുമതിലോ, കമ്പിവേലിയോ ഉണ്ടാക്കുക.

20. ഒരു വാർഡിൽ ചുരുങ്ങിയത് ഒന്ന് എന്ന തോതിലെങ്കിലും അംഗനവാടികൾ പഞ്ചായത്തിൻെറ പൂർണ്ണ നിയന്ത്രണത്തിൽ ഉണ്ടാകേണ്ടതാണ്.

21. നേഴ്സറികളിൽ നിർബന്ധിച്ച് അക്ഷരം പഠിപ്പിക്കുന്ന രീതി ഉപേക്ഷിക്കുകയും കളികൾക്ക് പ്രാധാന്യം നല്കിക്കൊണ്ട് കുട്ടികൾക്ക് മാനസിക ഉല്ലാസം ഉണ്ടാക്കുന്ന തരത്തിൽ പാഠനരീതിയിൽ സമൂലമായ പരിഷ്കാരം ഉണ്ടാക്കുകയും ചെയ്യുക.

22. സ്കൂൾ കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനും വൈദ്യപരിശോധനയ്ക്കും പഞ്ചായത്തുതലത്തിൽ സ്ഥിരം സംവിധാനം ഉണ്ടാക്കുക.

23. സമ്പൂർണ്ണസാക്ഷരതാ നേട്ടങ്ങൾ നിലനിറുത്തുന്നതിന് തുടർവിദ്യാഭ്യാസ പരിപാടി നടപ്പാക്കുക. ■

## പട്ടിക II

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഓഫീസ് മുറി | സ്റ്റാഫ് റൂം | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ | ഫർണീച്ചർ ആവശ്യത്തിന് ഉണ്ടോ? |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | AMLPS പെരിഞ്ഞനം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ആവശ്യത്തിനില്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 2 | AMLPS പെരിഞ്ഞനം (E) | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ആവശ്യത്തിനില്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 3 | Central LPS പെരിഞ്ഞനം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ആവശ്യത്തിനില്ല | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 4 | S.N.S.LPS പെരിഞ്ഞനം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 5 | West LPS പെരിഞ്ഞനം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ആവശ്യത്തിനില്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 6 | East UPS പെരിഞ്ഞനം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ആവശ്യത്തിനില്ല | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | Govt. UPS പെരിഞ്ഞനം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ആവശ്യത്തിനില്ല | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 8 | S.N.S.UPS പെരിഞ്ഞനം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ആവശ്യത്തിനില്ല | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 9 | R.M.V.H.S. പെരിഞ്ഞനം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ആവശ്യത്തിനില്ല | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

9. സ്കൂളിലും കോമ്പൗണ്ടിലും സാമൂഹ്യദ്രോഹികളും, കന്നുകാലികളും കയറാതിരിക്കുന്നതിന് ചുറ്റുമതിലോ, കമ്പിവേലിയോ പലതിലും ഇല്ല.

10. പഞ്ചായത്തിൽ സാങ്കേതിക വിദ്യാലയങ്ങളും തൊഴിൽ പരിശീലനകേന്ദ്രങ്ങളും വേണ്ടത്ര ഇല്ല.

11. കുട്ടികളിൽ പൊതുവേ കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നു.

12. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം വർദ്ധിച്ചതായതിനാൽ വ്യക്തിപരമായി കുട്ടികളെ ശ്രദ്ധിക്കുവാൻ കഴിയാതെപോകുന്നു.

13. പ്രധാന അദ്ധ്യാപകർക്ക് റിക്കാർഡ്‌വർക്ക് വർദ്ധിച്ചുവരുന്നതിനാൽ അദ്ധ്യാപനത്തിൽ വേണ്ടത്ര ശ്രദ്ധിക്കുവാൻ കഴിയാതെ വരുന്നു.

14. ചില വിദ്യാലയങ്ങളിൽ പി. റ്റി. എ., മാതൃസംഗമം തുടങ്ങിയവ സംഘടിപ്പിക്കുന്നതിൽ വിദ്യാലയ അധികൃതർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. ഇതു രക്ഷിതാക്കൾക്ക് വിദ്യാലയത്തോട് ഉണ്ടാകേണ്ട സാമൂഹ്യപ്രതിബദ്ധത ഇല്ലാതാക്കുന്നു.

15. പഠിപ്പുമുടക്ക് സമരം വർദ്ധിക്കുന്നതുമൂലം അദ്ധ്യയനദിവസങ്ങൾ ധാരാളം നഷ്ടപ്പെടുന്നു.

16. പ്രൈമറി ക്ലാസുകളിലെ കുട്ടികളിൽ കണ്ടിരുന്ന അക്ഷരജ്ഞാനത്തിന്റെ കുറവ് വിദ്യാഭ്യാസസമിതിയുടെ പ്രവർത്തനഫലമായി ഒരുപരിധിവരെ നികന്നിരുന്നതാണ്. ആ പ്രവർത്തനം മന്ദീഭവിക്കുകയാൽ വീണ്ടും പ്രശ്നം ഉണ്ടാവുന്നു.

17. നേഴ്സറി, അംഗനവാടി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാത്തതിനാൽ ശിശുവിദ്യാഭ്യാസപരിപാടി ഫലപ്രദമായി നടക്കുന്നില്ല.

18. അംഗനവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപണി സമയാസമയങ്ങളിൽ ചെയ്യാത്തതിനാൽ മിക്കതും തകർന്നമട്ടാണ്.

19. ബാലവാടികളിലും, അംഗനവാടികളിലും ആവശ്യത്തിനുള്ള കളിക്കോപ്പുകളോ, ഇരിപ്പിടങ്ങളോ ഇല്ല.

20. രക്ഷിതാക്കളിൽ ഇംഗ്ലീഷ്മീഡിയഭ്രമം വർദ്ധിക്കുന്നതിനാൽ രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുക എന്ന സാമൂഹ്യപ്രശ്നം വളർന്നുവരുന്നു.

21. വിദ്യാർത്ഥികളുടെ ആരോഗ്യപരിശോധനപരിപാടിഫലപ്രദമായിനടക്കുന്നില്ല.

22. തുടർസാക്ഷരതാ പരിപാടി നിലച്ചിരിക്കുന്നു.

23. സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വിതരണം ചെയ്യുന്നതിനോ കുട്ടികളെ വായിക്കുവാൻ പ്രേരിപ്പിക്കുന്നതിനോ ശ്രമം നടക്കുന്നില്ല.

24. പൊതുവായനശാലകളുടെ പ്രവർത്തനം വേണ്ടത്ര ഉയർന്ന നിലവാരം പുലർത്തുന്നില്ല. സ്വന്തമായ കെട്ടിടമില്ലാത്തതിനാൽ പ്രവർത്തനം മന്ദീഭവിക്കുന്ന സ്ഥിതിയും ഉണ്ട്.

## നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ:-

1. നവീനബോധനരീതികളും പഠനോപകരണങ്ങളും ഉപയോഗിച്ച് പഠനം ഫലപ്രദവും രസകരവും ആക്കുക.

2. ഓരോ സ്കൂളിനും ദൃശ്യശ്രാവ്യഉപകരണങ്ങളടക്കം ആവശ്യമായ പഠനോപകരണങ്ങൾ രക്ഷാകർത്തൃസമിതിയുടെ സഹായത്തോടെ സംഭരിക്കുക.

3. വിദ്യാലയലൈബ്രറികൾക്ക് ആവശ്യമായ നല്ല പുസ്തകങ്ങൾ ബഹുജനപങ്കാളിത്തത്തോടെ വാങ്ങുകയും അവ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുക.

4. കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിന് സയൻസ് കോർണറുകളും ക്ലബ്ബുകളും സജീവമാക്കുക.

5. കുട്ടികളിൽ പരിസര ശുചിത്വബോധം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

6. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും സ്കൂൾകോംപ്ലക്സിന്റെയും വിദ്യാഭ്യാസസമിതിയുടേയും കൂട്ടായ നേതൃത്വത്തിൽ ശാസ്ത്രീയമായ മൂല്യനിർണ്ണയത്തിന് സംവിധാനം ഉണ്ടാക്കുക.

7. എല്ലാ സ്കൂളികളിലും പി. റ്റി. എ., മാതൃസംഗമം, സ്കൂൾ വിദ്യാഭ്യാസസമിതി എന്നിവ സംഘടിപ്പിക്കുകയും സജീവമാക്കുകയും ചെയ്യുക.

8. ഈ പഞ്ചായത്തിൽ നിലവിൽ വന്നിട്ടുള്ള സ്കൂൾ കോംപ്ലക്സും വിദ്യാഭ്യാസസമിതിയും സംയോജിപ്പിച്ച് പി. റ്റി. എ., മാതൃസംഗമം, സ്കൂൾവിദ്യാഭ്യാസസമിതി എന്നിവയുടെ സഹകരണത്തോടെ സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ഓരോ സ്കൂളിന്റേയും പഠനപുരോഗതിക്ക് ആവശ്യമായ മറ്റ് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക.

9. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 എന്നാക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

10. പ്രധാനഅദ്ധ്യാപകന് റിക്കാർഡ്‌വർക്കിന് ധാരാളം സമയംവേണ്ടി വരുന്നതിനാൽ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുക.

11. വിദ്യാർത്ഥിസമരം മൂലം അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടാതിരിക്കുവാൻ വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങൾക്കുള്ള സമരം ആദ്യത്തെ ഒരു പിരീഡ് മാത്രം നടത്തുക. ഇതിന് രക്ഷിതാക്കളുടെ സഹകരണം തേടുകയും ചെയ്യണം.

പീകരിച്ച് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. 3-4 ക്ലാസ്സുകളിലെ അക്ഷരജ്ഞാനം കുറഞ്ഞവരെ കണ്ടെത്തി അദ്ധ്യാപകരുടെ സഹകരണത്തോടെ പ്രത്യേകപരിശീലനം കൊടുത്ത് മറ്റുകുട്ടികൾക്കൊപ്പം എത്തിക്കുവാൻകഴിഞ്ഞു. ഇതോടൊപ്പം എൽ. പി. സ്കൂളുകളിൽ പലതിലും ഭൗതികസാഹചര്യം മെച്ചപ്പെടുത്തുവാനും ഈ സമിതിക്ക് കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെടുകയും ഇതൊരു മാതൃകാപ്രവർത്തനമായി വിലയിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം തുടങ്ങിയ "വിദ്യാജ്യോതി" എന്ന പരിപാടിയിലും നമ്മുടെ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നകാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

ഈ പഞ്ചായത്തിൽ ഇപ്പോൾ 969 ആൺകുട്ടികളും 869 പെൺകുട്ടികളും എൽ. പി. വിഭാഗത്തിലും 856 ആൺകുട്ടികളും 677 പെൺകുട്ടികളും യു. പി. വിഭാഗത്തിലും 784 ആൺകുട്ടികളും 734 പെൺകുട്ടികളും ഹൈസ്കൂൾ വിഭാഗത്തിലും പഠിക്കുന്നുണ്ട്. ഇങ്ങിനെ മൊത്തം പഠിക്കുന്ന 4889 കുട്ടികളിൽ 682 പേർ പട്ടികജാതി വിഭാഗത്തിൽപെടുന്നവരാണ്. ഈ എണ്ണത്തിൽ മറ്റു പഞ്ചായത്തുകളിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ ചേർന്നുപഠിക്കുന്നവരുംപെടുന്നുണ്ട്. അതേസമയം നമ്മുടെ പഞ്ചായത്തിൽ താമസിക്കുന്നവരായ 300 ലേറെ കുട്ടികൾ മറ്റു പഞ്ചായത്തുകളിൽപോയിപഠിക്കുന്നുണ്ട് എന്നും സൂചിപ്പിക്കട്ടെ. മൂന്ന് വിഭാഗത്തിലും ആൺകുട്ടികളാണ് അധികമെങ്കിലും അദ്ധ്യാപകവിഭാഗത്തിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. ഇക്കഴിഞ്ഞ അഞ്ചുകൊല്ലകാലയളവിൽ കുട്ടികളുടെ എണ്ണത്തിലും ഡിവിഷനുകളുടെ എണ്ണത്തിലും കുറവ് വന്നുകൊണ്ടിരിക്കുകയാണ്. ഈ കുറവ് ചില എൽ. പി. വിദ്യാലയങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണി ആയിട്ടുണ്ട്. ഈ കുറവിന് കാരണങ്ങൾ പലതാണ്. 1. കുടുംബാസൂത്രണപ്രവർത്തനങ്ങളുടെ വിജയം 2. രക്ഷിതാക്കളുടെ ഇംഗ്ലീഷ് മീഡിയം ഭ്രമം 3. "മെച്ചപ്പെട്ട വിദ്യാഭ്യാസം" കിട്ടുമെന്ന മിഥ്യാധാരണയിൽ പഞ്ചായത്തിന് പുറത്തുള്ള ചില സ്കൂളുകളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക്. 4. ഡിവിഷൻ നിലനിറുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സമീപ പഞ്ചായത്തുകളിലെ സ്കൂളുകളിലേക്ക് സ്വകാര്യവാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകൽ എന്നിവയാണ്.

നമ്മുടെ പഞ്ചായത്തിൽ ഇടയ്ക്ക്‌വച്ച് പഠനം നിറുത്തുന്ന കുട്ടികൾ എൽ. പി. വിഭാഗത്തിൽ ഇല്ല എന്നുതന്നെ പറയാം. യു. പി. വിഭാഗത്തിൽ നിന്നും കഴിഞ്ഞവർഷം 33 കുട്ടികളും ഹൈസ്കൂളിൽ 8, 9 ക്ലാസുകളിൽ നിന്നും 112 കുട്ടികളും പഠനം നിറുത്തിപോയതായി കാണുന്നു. പത്താംതരത്തിൽ പഠിച്ചിരുന്നവരിൽ ആരുംതന്നെ പഠനം നിറുത്തിപോയിട്ടില്ല. ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ആർ. എം. വി. എച്ച്. എസിലെ കഴിഞ്ഞ അഞ്ചുകൊല്ലത്തെ വിജയശതമാനം താഴെകൊടുക്കുന്നു.

പട്ടിക 1


| | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| പരീക്ഷക്ക് ഇരുന്നവർ | 413 | 421 | 414 | 404 | 399 |
| വിജയശതമാനം | 30.65 | 32.54 | 39.61 | 28.46 | 27.31 |

മുൻവർഷങ്ങളിൽ ഉയർന്നവിജയശതമാനം നേടിയിരുന്ന ഈ വിദ്യാലയത്തിന്റെ ഇന്നത്തെ നില ഒട്ടും ആശാവഹമല്ല. മൊത്തത്തിൽ വിദ്യാഭ്യാസ നിലവാരം താഴ്ന്നുകൊണ്ടിരിക്കുന്നു എന്ന വസ്തുത ഗൗരവപൂർവ്വം കാണേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലുള്ള സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങളും മെച്ചമല്ല എന്നകാര്യം പട്ടികരണ്ടിൽ നിന്നും വ്യക്തമാകുന്നതാണ്.

ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞ് വന്നതും മറ്റുമാർഗ്ഗങ്ങളിൽ കൂടി ശേഖരിച്ചതുമായ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ പൊതുവായ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും താഴെകൊടുക്കുന്നു.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ നിലവാരം മൊത്തത്തിൽ താഴ്ന്നുവരുന്നു.
2. ശാസ്ത്രീയ നിലവാരത്തിൽ മൂല്യനിർണ്ണയം നടക്കുന്നില്ല.
3. പഴഞ്ചൻ ബോധനരീതി ഇപ്പോഴും തുടരുന്നതിനാൽ കുട്ടികളിൽ വിരസത വർദ്ധിക്കുകയും തദ്വാര പഠനത്തിൽ താല്പര്യം കുറയുകയും ചെയ്യുന്നു.
4. സ്വന്തം കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളെകുറിച്ച് അന്വേഷിക്കുന്നതിനുപോലും വിദ്യാലയങ്ങളുമായി ബന്ധപ്പെടുവാൻ ഭൂരിഭാഗം രക്ഷിതാക്കളും താല്പര്യം കാണിക്കുന്നില്ല.
5. സ്കൂളുകളിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന തൊഴിൽപരിശീലന സൗകര്യങ്ങൾ ഇന്ന് ഇല്ലാതായിരിക്കുന്നു.
6. കുട്ടികളിലെ കലാകായിക അഭിരുചി വേണ്ടവണ്ണം പരിപോഷിപ്പിക്കപ്പെടുന്നില്ല.
7. കുട്ടികളിൽ പരിസരശുചിത്വബോധം കുറഞ്ഞുവരുന്നു.
8. സ്കൂളുകളിൽ മൊത്തത്തിൽ ക്ലാസുകളെ വേർതിരിക്കുന്നതിനുള്ള തട്ടിക, മറ്റ് ഫർണ്ണീച്ചറുകൾ, പഠനോപകരണങ്ങൾ, മൂത്രപ്പുര, കക്കൂസ് തുടങ്ങിയ ഭൗതികസാഹചര്യങ്ങൾ കുറവാണ്.




# വിദ്യാഭ്യാസം

19-ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് തന്നെ പെരിഞ്ഞനത്തിന്റെ പലഭാഗങ്ങളിലും "എഴുത്തുള്ളി" എന്നപേരിൽ അറിയപ്പെട്ടിരുന്ന പള്ളിക്കൂടങ്ങൾ നടത്തിയിരുന്നതായറിയുന്നു. പെരുംജ്ഞാനമുള്ളവരുടെ നാട് എന്ന നിലയിലാണ് ഈ പ്രദേശത്തിന് "പെരിംജ്ഞാനം" എന്ന പേർ കിട്ടിയത് എന്നും അത് ലോപിച്ചാണ് 'പെരിഞ്ഞനം' ആയത് എന്നും പഴമക്കാർ പറയുന്നു.

1905-ൽ ശ്രീ തറയിൽ കുഞ്ഞാമൻ മാസ്റ്റർ സ്ഥാപിച്ചതും ശ്രീ പത്തായക്കോട്ട് ശങ്കുണ്ണി ഗുരുക്കളാൽ പരിപോഷിപ്പിക്കപ്പെട്ടതും പിന്നീട് സ്കൂളിന്റെ നടത്തിപ്പ് താലൂക്ക് ബോർഡിന് കൈമാറ്റപ്പെടുകയും ചെയ്ത പെരിഞ്ഞനത്തെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനമാണ് ഇന്ന് പെരിഞ്ഞനം സെൻററിൽ സ്ഥിതി ചെയ്യുന്ന ഗവ: യു. പി. സ്കൂൾ. 1916-ൽ വെസ്റ്റ് എൽ. പി. സ്കൂളും അധികം വൈകാതെ എസ്സ്. എൻ. ജി. എം. എൽ. പി. സ്കൂളും സ്ഥാപിതമായി. കൊല്ലങ്ങൾക്ക് ശേഷം ഈസ്റ്റ് യു. പി. സ്കൂൾ, സെൻട്രൽ എൽ. പി. സ്കൂൾ, എസ്സ്. എൻ. എസ്സ്. യു. പി. സ്കൂൾ, അയ്യപ്പൻ മെമ്മോറിയൽ എൽ. പി. സ്കൂൾ, ഈസ്റ്റ് എ. എം. എൽ. പി. സ്കൂൾ എന്നിവയും സ്ഥാപിക്കപ്പെട്ടു. ഇവയിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കിയവർ തുടർവിദ്യാഭ്യാസത്തിനായി കാട്ടൂർ, വലപ്പാട്, കൊടുങ്ങല്ലൂർ, ഇരിഞ്ഞാലക്കുട എന്നിവിടങ്ങളിലെ ഹൈസ്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്. ഇങ്ങിനെ വളരെക്കാലം മുൻപേതന്നെ ഈ പഞ്ചായത്തിലെ ജനത അയൽപ്രദേശങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ-സാംസ്കാരിക-സാമൂഹ്യരംഗങ്ങളിൽ ഉയർന്ന നിലവാരം കൈവരിച്ചിരുന്നു എന്നു പറയാം. 1943-ൽ ശ്രീ മാമൻ ചോഹൻ കുറ്റിലക്കടവിൽ ഒരു ഹൈസ്കൂൾ സ്ഥാപിച്ചതോടെ വിദ്യാഭ്യാസരംഗത്ത് പെരിഞ്ഞനത്ത് ഒരു കുതിച്ചുചാട്ടം തന്നെയാണുണ്ടായത്. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്ക് സാങ്കേതികപഠനം നൽകുന്നതിന് ഒരു എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടും 1952-54 കാലത്ത് ഒരു അദ്ധ്യാപക പരിശീലന സ്ഥാപനവും ശ്രീ മാമൻ ചോഹൻ സ്ഥാപിക്കുകയുണ്ടായി. ചില സാങ്കേതിക കാരണങ്ങളാൽ ഈ രണ്ടുസ്ഥാപനങ്ങളുടെയും പ്രവർത്തനം നിലയ്ക്കുകയാണുണ്ടായത്. സ്വാതന്ത്ര്യലബ്ധിയോടെ വയോജനവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിന്റെ പല ഭാഗത്തും 'നിശാപാഠശാല'കൾ സ്ഥാപിതമായെങ്കിലും അവയും അധികകാലം പ്രവർത്തിക്കുകയുണ്ടായില്ല.

അര നൂറ്റാണ്ടിലേറെയായി നിലനിൽക്കുന്ന അഞ്ച് എൽ. പി. സ്കൂൾ, മൂന്ന് യു. പി. സ്കൂൾ, ഒരു ഹൈസ്കൂൾ എന്നിവയ്ക്കുപുറമേ ഇപ്പോൾ ഈ പഞ്ചായത്തിൽ രണ്ടു പാരലൽകോളേജ്, മൂന്ന് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, രണ്ട് കമ്പ്യൂട്ടർ പഠനകേന്ദ്രം എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഒരു യു. പി. സ്കൂൾ മാത്രമാണ് ഗവണ്മെൻറ് ഉടമയിൽ ഉള്ളത്. അടുത്തകാലത്തായി ഹൈസ്കൂൾ ഹയർസെക്കണ്ടറിയായി ഉയർത്തപ്പെടുകയും മൂന്നു വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ മൂന്ന് തയ്യൽ പരിശീലനകേന്ദ്രങ്ങളും, വീടുകളോടനുബന്ധിച്ച് നിരവധി ട്യൂഷൻക്ലാസുകളും നടക്കുന്നുണ്ട്. ഒരുകാലഘട്ടത്തിൽ മാതൃശിശുസംരക്ഷണത്തിനായി ആരംഭിച്ച അംഗനവാടികളിൽ പലതും ഇന്ന് പ്രവർത്തനരഹിതമായിരിക്കുകയാണ്. പ്രൈമറി വിദ്യാലയങ്ങളോട് അനുബന്ധിച്ച് അഞ്ചും പഞ്ചായത്തിനോട് ചേർന്ന് ഒന്നും, മഹിളാസമാജങ്ങളുടെ കീഴിൽ അഞ്ചും നേഴ്സറിക്ലാസുകൾ നടത്തുന്നുണ്ട്. ഇതിനു പുറമേ സെൻറ്ജോസഫ് സോഷ്യൽസെൻററിന്റെ കീഴിൽ ഒരു നേഴ്സറിയും ജാമിയ മുഹമ്മദീയ അറബികോളേജിനുകീഴിൽ ഒരു ഇംഗ്ലീഷ്മീഡിയം നേഴ്സറിയും നടക്കുന്നുണ്ട്.

1990-ൽ കേരളത്തിൽ നടന്ന സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും സാക്ഷരതാ പ്രവർത്തനം വിജയകരമായി പൂർത്തിയാക്കുകയുണ്ടായി. തളിക്കുളം പ്രോജക്ട് നിലവാരത്തിലും ജില്ലാനിലവാരത്തിലും യജ്ഞത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾക്ക് അംഗീകാരം നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

പ്രൈമറി വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ രണ്ട്കൊല്ലം മുമ്പ് പഞ്ചായത്ത് നിലവാരത്തിൽ ഒരു വിദ്യാഭ്യാസസമിതി രൂ

ച്ചുകൊണ്ടുള്ള കമ്പോസ്റ്റ് വളനിർമ്മാണം ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംയുക്തമായി ചെയ്യുവാനുള്ള സാധ്യതയുണ്ട്.

2. കൊതുകു നിർമ്മാർജനത്തിന്റെ ഭാഗമായി :
   - ❑ തൊഴുത്തുകളിലെ ടാങ്ക് വൃത്തിയായി സൂക്ഷിക്കുക, അതു മൂടിയിടുവാൻ പ്രേരിപ്പിക്കുക.
   - ❑ സെപ്റ്റിക് ടാങ്കുകളിലെ പഴുതുകൾ അടയ്ക്കുക, ഗ്യാസ് പൈപ്പ് വലയിട്ടുമൂടുക.
   - ❑ വെള്ളംകെട്ടിനിൽക്കുന്ന ഭാഗങ്ങളിൽ അത് ഒഴുകി പോകവാനുള്ള മാർഗ്ഗം കണ്ടെത്തുക.
   - ❑ വ്യാപകമായുള്ള ക്ലോറിനേഷൻ, ഡി. ഡി. ടി. സ്പ്രേ എന്നിവയുടെ സ്ഥിരം സംവിധാനം.
   - ❑ കാട്ടുതുളസി നട്ടുപിടിപ്പിക്കുന്ന നാടൻ രീതികൾ.

   ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് തലത്തിലുള്ള ആരോഗ്യസമിതിയും ആരോഗ്യവകുപ്പും അയൽകൂട്ടങ്ങളും, വിവിധ സന്നദ്ധസംഘടനകളും സംയുക്തമായി പരിപാടികൾ ആസൂത്രണം ചെയ്താൽ നല്ല രീതിയിൽ തുടർസംവിധാനമായി പ്രവർത്തിക്കുവാൻ കഴിയും.

3. ഒന്നാം വാർഡിലെ എല്ലുനിക്ഷേപിക്കുന്ന സ്ഥലത്തെ നിലവിലുള്ള പ്രശ്നം പരിഹരിക്കാൻ കഴിയില്ലെങ്കിൽ നിയമോപദേശം തേടി ആവശ്യമായത് ചെയ്യാവുന്നതാണ്.
4. കനോലികനാലിലെ മാലിന്യനിക്ഷേപം തടയുന്നതിന് പരിസര പഞ്ചായത്തുകളുടെ സഹകരണം ആവശ്യമായതിനാൽ ആവശ്യമായ കൂടിയാലോചനകൾ നടത്തുകയും ഈ പ്രദേശത്തുള്ള ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുകയും വേണ്ടതുണ്ട്.
5. കക്കൂസില്ലാത്തവർക്ക് ചിലവുകുറഞ്ഞതും ഉറപ്പുള്ളതുമായ കക്കൂസ് നിർമ്മിച്ച്കൊടുക്കൽ ഒരു പദ്ധതിയാക്കി മാറ്റുക. ഇതിന് സോഷ്യോ ഇക്കണോമിക്സ് യൂണിറ്റിനെ ബന്ധപ്പെടുത്തുക.
6. നിലവിലുള്ള കക്കൂസുകളിൽ ശുചിത്വം ഉറപ്പുവരുത്താൻ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
7. സാനിറ്റേഷൻ സംവിധാനമുള്ള കച്ചവടസ്ഥാപനങ്ങൾക്ക് മാത്രമെ ലൈസൻസ് കൊടുക്കുകയുള്ളൂ എന്ന നിബന്ധന ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ സൗകര്യം ഇപ്പോളില്ലാത്ത സ്ഥാപനങ്ങളിൽ ആവശ്യമായ ഇടപെടലുകൾ വേണം.
8. ശാസ്ത്രീയമായ അറവുശാല പഞ്ചായത്ത് തലത്തിലോ ബ്ലോക്കിലോ സ്ഥാപിക്കുക.
9. ചന്ത ടാറിങ്ങ് നടത്തി, ഉപയോഗത്തിനുശേഷം കഴുകി വൃത്തിയാക്കുന്ന ഒരു സംവിധാനത്തിന് മാത്രമെ മൂന്നുപീടിക ചന്തയിലെ ഈ വർദ്ധനവിനും, ദുർഗന്ധത്തിനും അറുതി വരുത്തുവാൻ കഴിയുകയുള്ളൂ.ഇതിന് ഒരു പദ്ധതി തയ്യാറാക്കേണ്ടതാണ്.
10. ഈച്ചയുടെ ശല്യം കുറയുന്നതിന് മത്സ്യവളങ്ങൾ ഉപയോഗിക്കുമ്പോൾ താഴ്തിയിട്ടുമൂടുവാൻ ജനങ്ങളെ ബോധവാൻമാരാക്കണം.
11. ശബ്ദമലിനീകരണത്തെ തടയുവാൻ നിലവിലുള്ള നിയമം കർശനമാക്കാൻ ബന്ധപ്പെട്ടവരെ സന്നദ്ധരാക്കുക.
12. ആശുപത്രി പരിസരം ശുചിയാക്കാൻ വേണ്ട സംവിധാനത്തിന്റെ പാളിച്ചകൾ ഗ്രാമപഞ്ചായത്ത് ശ്രദ്ധാപൂർവ്വം വീക്ഷിക്കേണ്ടതാണ്.

കിണറുകൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കുടിവെള്ള ശൃംഖലയാണ് അഭികാമ്യം.

ആദ്യകാലങ്ങളിൽ ശുദ്ധജലം എത്തിച്ചിരുന്ന ഒരു വാട്ടർ ടാങ്കും കിണറും ഉപയോഗിക്കാതെ 6 ാം വാർഡിൻെറ പടിഞ്ഞാറു ഭാഗത്തുണ്ട്. ഇതുപോലെ കിണറില്ലാത്ത ഒന്ന് ഇതേവാർഡിലുണ്ട്. ഇത് രണ്ടും ഉപയോഗപ്പെടുത്തി പ്രശ്നബാധിത സ്ഥലത്തേക്ക് കുടിവെള്ളം എത്തിക്കുവാൻ ഗ്രാമപഞ്ചായത്തിനുമാത്രമായി സാധിക്കുന്നതാണ്.

9. കോളനികളിലുള്ള കിണറുകൾ വൃത്തിയാക്കി, ടാങ്ക് നിർമ്മിച്ച് ഒരു പമ്പ് സെറ്റ് സ്ഥാപിച്ചുകൊടുത്താൽ പൈപ്പുകണക്ഷൻ വഴി ആവശ്യമായ കുടിവെള്ളം ലഭ്യമാക്കാം.

# ശുചിത്വം

ശുചിത്വം നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നു. കുളിക്കുക, വൃത്തിയായി വസ്ത്രധാരണം ചെയ്യുക എന്നിവയിൽ ശ്രദ്ധയൂന്നുന്ന പെരിഞ്ഞനം നിവാസികൾ തങ്ങളുടെ ഗൃഹപരിസരങ്ങൾ എത്രമാത്രം വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ മാലിന്യങ്ങൾ കുന്നുകൂടികൊണ്ടിരിക്കുന്നു. എന്നുമാത്രമല്ല അവ പൊതുസ്ഥലത്ത് നിക്ഷേപിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. വർഷക്കാലത്തെ വെള്ളക്കെട്ട് ഒരു ശാപമായി മാറിയിരിക്കുന്നു. ഇങ്ങനെയുള്ള പ്രദേശത്ത് നിലവിലുള്ള ഇ. എസ്. പി. മോഡൽ കക്കൂസിൻെറ ശുചിത്വം തീർച്ചയായും ഗുണകരമായിരിക്കില്ല. ഇവിടെയുള്ള 4167 കുടുംബങ്ങളിൽ ഇനിയും 1250 കുടുംബങ്ങൾക്ക് കക്കൂസ് ഉണ്ടാകേണ്ടിയിരിക്കുന്നു. സോഷ്യോ ഇക്കണോമിക്ക് യൂണിറ്റിൻെറ ആഭിമുഖ്യത്തിൽ കഴിഞ്ഞകാലത്ത് ഭംഗിയായി നടന്ന പ്രവർത്തനം ഇനിയും തുടരേണ്ടിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ പ്രദേശത്ത് കാണപ്പെടുന്ന വയറിളക്കരോഗങ്ങൾക്ക് ഈ അന്തരീക്ഷമാണ് കാരണം. കഴിഞ്ഞകാലങ്ങളിൽ സമീപ പഞ്ചായത്തുകളിൽ ബാധിച്ച കോളറ രോഗത്തിൻെറ അനുഭവങ്ങൾ മുൻനിർത്തിക്കൊണ്ടായിരിക്കണം തുടർപ്രവർത്തനങ്ങൾ നടത്തേണ്ടത്. പല പകർച്ചവ്യാധികളും ജലം ആഹാരം എന്നിവയിലൂടെയാണ് പകരുന്നത് എന്നതുകൊണ്ട് വീടുകളിലെ ആഹാരം തയ്യാറാക്കുന്ന അടുക്കള മുതൽ തുടങ്ങേണ്ടുന്ന ഒരു ജനകീയ പരിപാടിയായി ശുചിത്വമെന്ന വിഷയത്തെ കാണേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. വ്യക്തി ശുചിത്വത്തിൽ പ്രാധാന്യം കൊടുക്കുന്ന ജനങ്ങൾ പരിസരശുചിത്വത്തിൽ ശ്രദ്ധയൂന്നുന്നില്ല.
2. മാലിന്യങ്ങൾ പൊതുസ്ഥലത്ത് നിക്ഷേപിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. ഇതുമൂലമുള്ള ഈച്ചകളുടെ വർദ്ധനവ്.
3. തൊഴുത്തിൻെറ ചാണകക്കുഴി, ടാങ്ക് എന്നിവ തുറന്നിരിക്കുന്നതിനാലുള്ള കൊതുകുവർദ്ധനവ്.
4. സെപ്റ്റിക് ടാങ്കുകളുടെ പഴുത് അടക്കാത്തതിനാലുള്ള വർഷക്കാലത്തെ മലിനീകരണവും കൊതുക് വർദ്ധനവും.
5. 1 - ാം വാർഡിലെ എല്ല് സംഭരണകേന്ദ്രം ശാസ്ത്രീയമായുള്ളതല്ല. 60 കുടുംബങ്ങളും ഒരു സിനിമാ തിയ്യറ്ററും ഉൾപ്പെടുന്ന ഈ പ്രദേശം ഒരു പകർച്ചവ്യാധി സ്ഥലമായി കാണണാം.
6. കനോലികനാലിലെ മാലിന്യനിക്ഷേപം പുഴയുമായി ബന്ധമുള്ള തോടുകൾവഴി പ്രദേശത്തെ കുടിവെള്ളത്തേയും ബാധിക്കുന്നു.
7. മൂന്നുപീടിക ചന്തയിലെ മാലിന്യങ്ങൾ നീക്കംചെയ്യപ്പെടുന്നില്ല. മാംസകച്ചവടക്കാർ അവശിഷ്ടങ്ങൾ അവിടെതന്നെ നിക്ഷേപിക്കുന്നു. ഒരു അറവുശാലയില്ല. മത്സ്യവ്യാപാരം ഈച്ച, ദുർഗന്ധം, എന്നിവയ്ക്ക് കാരണമാകുന്നു.
8. 1250 വീടുകൾക്ക് കക്കൂസില്ല (21.11 %). സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ ഈ പ്രശ്നം കൂടുതൽ നിലനിൽക്കുന്നു.
9. നിലവിലുള്ള കക്കൂസുകളിൽ ശുചിത്വം പാലിക്കപ്പെടുന്നില്ല.
10. പെരിഞ്ഞനം സെൻററിലെ കച്ചവട സ്ഥാപനങ്ങളിൽ സാനിറ്റേഷൻ സൗകര്യം ഇല്ലാത്തതിനാൽ സമീപപ്രദേശങ്ങളിൽ വിസർജ്ജനം ചെയ്യുന്നു.
11. മൈക്ക് പ്രചാരണത്തിനുള്ള നിബന്ധനകളുടെ ലംഘനങ്ങൾ.
12. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൻെറ പരിസരം വൃത്തിഹീനമാകുന്നു.

## സാധ്യതകൾ

1. മൂന്നുപീടിക ചന്തയുൾപ്പെടെയുള്ള പ്രദേശത്തെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ വേണ്ടതായ സംവിധാനം പഞ്ചായത്ത് തലത്തിൽ രൂപപ്പെടുത്തി അത് സ്ഥിരം സംവിധാനമാക്കി മാറ്റാവുന്നതാണ്. ആവശ്യമായ സ്ഥലം കണ്ടെത്തി മാലിന്യം കമ്പോസ്റ്റ് വളമാക്കി മാറ്റാവുന്നതാണ്.

- ❑ വീടുകളിലെ ചപ്പുചവറുകൾ മാലിന്യങ്ങൾ എന്നിവ ഉപയോഗി

## പഞ്ചായത്തിലെ വനിതാ തൊഴിൽ യൂണിറ്റുകൾ

1. ലതർബാഗ് നിർമ്മാണ യൂണിറ്റ് - വിപണനപ്രശ്നം നേരിടുന്ന ഒരു യൂണിറ്റാണിത്. ഗുണമേന്മയും പൂർണ്ണതയുമുള്ള വൻകിട കമ്പനിക്കാരുടെ ഉൽപന്നങ്ങളുമായി മത്സരിച്ച് വിജയിക്കാൻ പ്രയാസമാണ്.
2. വനിതാ കറി പൗഡർ യൂണിറ്റ്
3. വസ്ത്ര നിർമ്മാണ യൂണിറ്റ്
4. ഡയറി യൂണിറ്റ്
5. ദേവി കയർ യൂണിറ്റ് :- കെട്ടിട സൗകര്യമില്ല. ചീച്ച തൊണ്ട് കൂടിയവിലക്ക് കോൺട്രാക്റ്റർമാരിൽ നിന്ന് വാങ്ങേണ്ടി വരുന്നു. സ്വന്തമായി തൊണ്ട് ചീയ്ക്കാൻ സ്ഥലസൗകര്യമില്ല.

ഏറെ സാദ്ധ്യതയുള്ള രാമച്ച പായനെയ്ത്ത് രംഗത്ത് വനിതാ യൂണിറ്റ് തുടങ്ങാൻ 1-ാം വാർഡിലെ സ്ത്രീകൾ തയ്യാറാണ്. ബാങ്ക്ലോൺ കിട്ടാത്തതിന്റെ പേരിലാണ് യൂണിറ്റ് തുടങ്ങാത്തത്.

വനിതാ തൊഴിൽ യൂണിറ്റുകൾക്ക് ഉല്പന്നങ്ങളുടെ വിപണനം ഒരു പ്രശ്നമാണ്. സംഭരണവും വിതരണവും സഹകരണ സംഘങ്ങൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

## സാമൂഹ്യ രാഷ്ട്രീയ പദവി

രാഷ്ട്രീയ സംഘടനകളിൽ വനിതാ നേതൃത്വം കുറവാണ്. സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പ്രവർത്തനരംഗത്തേക്കും നേതൃത്വത്തിലേക്കും സ്ത്രീകളെ കൊണ്ടുവരുന്നതിൽ താത്പര്യപൂർവ്വമായ ശ്രമം നടത്തുന്നില്ല. സ്ത്രീകൾ പൊതുവെ പൊതുപ്രവർത്തനരംഗത്തേക്ക് വരാൻ മടിക്കുന്നു. കുടുംബ ജോലിയും മറ്റ് തൊഴിലുകളും കഴിഞ്ഞാൽ സമയം കിട്ടുന്നില്ല. പ്രവർത്തന രംഗത്തേക്കിറങ്ങുന്ന സ്ത്രീകളോടുള്ള സമൂഹത്തിന്റെ പുച്ഛം കലർന്ന സമീപനം, പൊതുപ്രവർത്തനരംഗത്തേക്ക് വരാനുള്ള സ്ത്രീകളുടെ വിമുഖത, അവസരങ്ങൾ ലഭിക്കാതിരിക്കൽ എന്നിവയും പൊതുരംഗത്തെ സ്ത്രീകളുടെ അദൃശ്യതയ്ക്ക് കാരണമാണ്. മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്ത്രീധന സമ്പ്രദായം മൂലം ദുരിതം അനുഭവിക്കുന്ന നിരവധി കുടുംബങ്ങൾ ഉണ്ട്.

സ്ത്രീകളുടെ വരുമാനം കൊണ്ടു് മാത്രം കഴിഞ്ഞു പോകുന്ന കുടുംബങ്ങൾ ഉണ്ട്. ഇവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്. അർഹതയുള്ള പലർക്കും വിധവാ പെൻഷൻ ലഭിക്കുന്നില്ല. വിധവാപെൻഷൻ ലഭിക്കുന്ന 172 പേരാണ് ഉള്ളത്. വിധവാ പെൻഷനുള്ള വരുമാന പരിധി ഉയർത്തേണ്ടിയിരിക്കുന്നു. ചാരായം നിരോധിച്ചെങ്കിലും ഇന്ത്യൻ നിർമ്മിത വിദേശമദ്യങ്ങൾ ലഭ്യമാണ്. ഇതുകൂടി നിർത്തലാക്കിയാലേ ചാരായ നിരോധനംകൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം സ്ത്രീകൾക്ക് ലഭിക്കൂ. സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്താൻ സഹായിക്കുന്ന ഒന്നാണ് വായന. സ്ത്രീകളുടെ ഇടയിൽ വായന വളരെ കുറവായാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. ഭൂരിഭാഗം സ്ത്രീകളും നിലവാരം കുറഞ്ഞ വാരികകളാണ് വായിക്കുന്നത്. ലൈബ്രറികളിൽ പോയി വായിക്കുവാൻ പല പ്രശ്നങ്ങളുമുണ്ട്. മിക്കവാറും എല്ലാ ലൈബ്രറികളുടേയും സമയം 5മണി മുതലായിരിക്കും. ആ സമയത്ത് സ്ത്രീകൾക്ക് വീട്ടിൽ നിന്ന് പോകാൻ ബുദ്ധിമുട്ടായിരിക്കും.

## വനിതാമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1. 0-6 വയസ്സിനിടയ്ക്കുള്ള പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടെ എണ്ണത്തേക്കാൾ കുറഞ്ഞ് വരുന്നു.
2. സ്ത്രീകളുടെ പോഷകാഹാരക്കുറവ്
3. പ്രസവത്തിനായി കമ്യൂണിറ്റി ഹെൽത്ത് സെൻററിൽ എത്തുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ഓപ്പറേഷൻ നടത്തുന്നതിന് അനസ്തേഷ്യസ്റ്റ് ഇല്ല - ലേഡി ഡോക്ടറുടെ സേവനം ഇല്ല.
4. മാതൃശിശു സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന സബ്സെൻററുകളുടെ പ്രവർത്തനം തൃപ്തികരമല്ല.
5. കമ്യൂണിറ്റി ഹെൽത്ത് സെൻററിൽ എല്ലാ ആഴ്ചയിലും ഗർഭിണികൾക്കായി നടത്തുന്ന ക്ലിനിക്കിൽ നാമമാത്രമായ സ്ത്രീകളേ എത്തിച്ചേരുന്നുള്ളു.
6. ബാലവാടികൾക്ക് പ്രാഥമിക സൗകര്യങ്ങളും കെട്ടിട സൗകര്യവും കളിക്കോപ്പുകളും, പോഷകാഹാരവും ഇല്ല.
7. ബാലവാടി പ്രവർത്തകർക്ക് തുച്ഛമായ വേതനമാണ് ലഭിക്കുന്നത്.
8. വീടുകളിൽ മാത്രം ഒതുങ്ങിക്കൂടുന്ന സ്ത്രീകളുടെ അദ്ധ്വാന ശേഷി പാഴായി പ്പോകുന്നു.
9. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കുറഞ്ഞു വരുന്നു. പ്രത്യേകിച്ച് കാർഷിക മേഖലയിൽ.
10. വ്യവസായ മേഖലയിൽ, ചെറുകിട വ്യവസായ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഇല്ല.
11. തഴപ്പായ നെയ്ത്തുരംഗത്ത് തഴയുടെ ലഭ്യത കുറവാണ്. തൊഴിലാളികൾ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരാകുന്നു.
12. കയർ നിർമ്മാണരംഗത്ത് ആവശ്യത്തിന് തൊണ്ട് ലഭിക്കുന്നില്ല.
13. ബീഡി വ്യവസായത്തിൽ സ്ത്രീകൾ ചൂഷണത്തിന് വിധേയരാകുന്നു.
14. സ്വയം തൊഴിൽ യൂണിറ്റുകളുടെ നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ, പ്രത്യേകിച്ചു കടുത്ത മത്സരം, വിപണന പ്രശ്നങ്ങൾ തുടങ്ങിയവ യൂണിറ്റുകളുടെ നിലനില്പിനു തന്നെ ഭീഷണിയാകുന്നു.
15. വനിതാ തൊഴിൽ യൂണിറ്റുകൾക്ക് കെട്ടിട സൗകര്യമില്ല.
16. വനിതാ തൊഴിൽ യൂണിറ്റുകൾ തുടങ്ങാൻ ഈട് ആവശ്യപ്പെടുന്നതിനാൽ ബാങ്ക് ലോൺ ലഭിക്കുവാൻ വളരെ ബുദ്ധിമുട്ടാണ്. ഇക്കാരണത്താൽ രാമച്ച പായ നെയ്ത്ത് യൂണിറ്റ് തുടങ്ങാൻ സാധിച്ചിട്ടില്ല.
17. സ്ത്രീകൾ തൊഴിൽ ചെയ്യുന്ന അസംഘടിത മേഖലകളിൽ കൂലി നിരക്ക് കുറവാണ്.

18. സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ സ്ത്രീകൾക്കുമാത്രമായി പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

19. ജോലിയുള്ള സ്ത്രീകൾക്ക് വീട്ടുജോലി കൂടി ചെയ്യാനുള്ളത് ശാരീരികവും മാനസികവുമായ അദ്ധ്വാനം കൂട്ടുന്നു.

20. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യത.

21. സ്ത്രീകൾ സമൂഹത്തിന്റെ പ്രത്യേക ഭാഗമായി നിൽക്കുന്നു.

22. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ പ്രചാരത്തിലുണ്ട്.

23. മഹിളാ സമാജങ്ങൾ വേണ്ടരീതിയിൽ പ്രവർത്തിക്കുന്നില്ല.

24. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സ്ത്രീധനം ഒരു വലിയ പ്രശ്നമാണ്.

25. അർഹതയുള്ള പലർക്കും വിധവാ പെൻഷൻ ലഭിക്കുന്നില്ല.

26. വ്യാജമദ്യവും, ഇന്ത്യൻ നിർമ്മിത വിദേശമദ്യവും ലഭ്യമാണ്.

27. സ്ത്രീകളുടെ ഇടയിൽ വായന വളരെ കുറവാണ്.

## പരിഹാര നിർദ്ദേശങ്ങൾ (സാധ്യതകൾ)

1. സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിന് ഹെൽത്തു സെൻററിൻേറയും, ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും സേവനം മെച്ചപ്പെടുത്താം.

2. മാതൃശിശു ക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സബ്സെൻററുകളിലൂടെ ആരോഗ്യ വിദ്യാഭ്യാസം നല്കുക.

3. കമ്മ്യൂണിറ്റി ഹെൽത്തു സെൻററിൽ ലേഡി ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുക.

4. ഹെൽത്തു സെൻറർ പാർട്ട് ടൈം ആയി എങ്കിലും അനസ്തേഷ്യസ്റ്റിനെ നിയമിക്കുക. മൂന്നോ നാലോ ഹെൽത്തു സെൻററുകൾക്ക് അനസ്തേഷ്യസ്റ്റിന്റെ പ്രവർത്തനം ഉപയോഗിക്കാം.

5. പുരയിട കൃഷി രംഗത്തെ സാദ്ധ്യതകൾ - പ്രാദേശികമായി വിത്തു ശേഖരിച്ച് കൃഷി ചെയ്യുക. കൃഷിഭവനുകളുടേയും മറ്റും സേവനം ലഭ്യമാക്കാം.

6. വീടിനോടു ചേർന്നുള്ള കോഴി വളർത്തൽ, പശുവളർത്തൽ എന്നിവ പഞ്ചായത്തു തലത്തിൽ നടപ്പാക്കാം.

7. സ്ത്രീകൾക്ക് വീടുകളിലിരുന്ന് ചെയ്യാവുന്ന പുതിയ തൊഴിൽ സാദ്ധ്യതകൾ ആരായുക.

8. തൊഴിൽ യൂണിറ്റുകളുമായി ബന്ധപ്പെട്ട് വ്യവസായ സമിതി രൂപീകരിച്ച് അവയുടെ പ്രശ്നങ്ങളും പരിഹാരങ്ങളും പഠിക്കുക. ബാങ്ക് തുടങ്ങിയ സംവിധാനങ്ങളുടെ സഹായം ലഭ്യമാക്കാം. വിപണനത്തിനും ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും പൊതുവായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

9. തൊഴിൽ യൂണിറ്റുകളുടെ ഉൽപന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുക.

10. പുതിയ സാധ്യതകൾ ഉൾപ്പെടുത്തി ആവശ്യമായ സ്ഥലങ്ങളിൽ പുതിയ തൊഴിൽ യൂണിറ്റുകൾ, പ്രാദേശികമായി എല്ലാ സാധ്യതകളും കണക്കിലെടുത്ത് രൂപീകരിക്കാം.

11. പായനെയ്ത്ത്, കയർ എന്നീ മേഖലകളിൽ വിവിധോദ്ദേശ സഹകരണ സംഘം രൂപീകരിക്കുക. ഉൽപന്നങ്ങളുടെ സംഭരണവും വിപണനവും ഇത്തരം സഹകരണ സംഘങ്ങൾ ഏറ്റെടുക്കുക.

12. തഴ, പായ, കയർ എന്നിവ ഉപ[illegible] പുതിയ കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിന് സഹകരണ സംഘങ്ങൾ വഴി സ്ത്രീകൾക്ക് പരിശീലനം നൽകുക.

13. സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനും മറ്റുതൊഴിലുകളിൽ ഏർപ്പെടുന്നതിനും ഹ്രസ്വകാല പരിശീലനങ്ങൾ പഞ്ചായത്ത് തലത്തിൽ നൽകുക.

14. വിധവാപെൻഷന്റെ വരുമാന പരിധി ഉയർത്തുക.

15. ബാലവാടികൾക്ക് ആവശ്യത്തിന് കളിക്കോപ്പുകളും പോഷകാഹാരവും ലഭ്യമാക്കുക. കെട്ടിടങ്ങൾ നിർമ്മിക്കുക, പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

16. ബാലവാടി അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുക.

17. വ്യാജമദ്യം തടയുന്നതിന് അയൽകൂട്ടങ്ങളെ ഉപയോഗിക്കുക.

18. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുക.

19. സ്ത്രീകൾക്കായുള്ള നേതൃത്വ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

20. അയൽകൂട്ടങ്ങളിലൂടെ വായനാ ചർച്ചകൾ നടത്തുകയും സ്ത്രീ പ്രശ്നങ്ങളും ചർച്ചചെയ്യുക. ഇതിലൂടെ സ്ത്രീകളിൽ വായനാശീലം വളർത്തിയെടുക്കാം. സഞ്ചരിക്കുന്ന വായനശാലകൾ ഏർപ്പെടുത്തുക. ലൈബ്രറികളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുക.

21. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ അയൽകൂട്ടങ്ങൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

22. പൊതുസ്ഥലങ്ങളിലും, സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലും പ്രാഥമിക സൗകര്യങ്ങൾ ഉറപ്പു വരുത്തുക.

23. സ്ത്രീകളാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ഭവനനിർമ്മാണം, വൈദ്യുതീകരണം, തുടങ്ങിയ പദ്ധതികളിൽ പ്രത്യേക പരിഗണ നൽകുക.

24. ഈ സാദ്ധ്യതകൾ എല്ലാം ഉപയോഗപ്പെടുത്തുന്നതിന് നേതൃത്വം നൽകാൻ പഞ്ചായത്തു തലത്തിൽ വനിതാ വികസന സമിതി രൂപീകരിക്കണം. അവർ പഞ്ചാ[illegible] [illegible]നിതാവികസന നയത്തിന് രൂപം കൊടുക്കണം.

■



# പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

നിരവധികാലം അടിച്ചമർത്തലുകൾക്കും ചൂഷണത്തിനും വിധേയരായി സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും മാറ്റി നിർത്തപ്പെട്ടിരുന്നവരാണ് പട്ടികജാതി പട്ടികവർഗ്ഗവിഭാഗം. കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി കാലാകാലങ്ങളിലുണ്ടായ പരിവർത്തനങ്ങൾ മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും നല്ലൊരു പരിധിവരെ മോചനം സാധ്യമാക്കിയിട്ടുണ്ട്. ക്ഷേത്രപ്രവേശനവും, കുടികിടപ്പവകാശവും, മിച്ചഭൂമിലഭ്യതയും ഈ വിഭാഗത്തിന്റെ ചരിത്രനേട്ടങ്ങളാണ്. എങ്കിലും സമരങ്ങൾ തുടരേണ്ടിയിരിക്കുന്നു. കാലങ്ങളായുള്ള അടിച്ചമർത്തലുകളിൽ നിന്നും പീഡനങ്ങളിൽ നിന്നും പ്രത്യക്ഷമോചനം നേടിയപ്പോൾതന്നെ ആധുനികകാലത്തും ഉള്ളിന്റെയുള്ളിൽ എവിടെയൊക്കെയോ പഴയ ജാതിചിന്ത രൂപം മാറി ഊറിക്കിടക്കുന്നില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഭൂപരിഷ്കരണ നിയമത്തിലൂടെ ഉത്പാദനപ്രക്രിയയിൽ പങ്കാളികളാകുന്നതിനു കഴിഞ്ഞുവെന്ന് പറയുമ്പോൾതന്നെ മൊത്തം സമൂഹം നേടിയെടുത്ത സാമൂഹ്യ സാമ്പത്തിക പുരോഗതിയ്ക്ക് ആനുപാതികമായ വളർച്ച പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം ഇന്നും അകലെയാണ്.

1991-ലെ സെൻസസനുസരിച്ച് 2314 പട്ടികജാതി പട്ടികവർഗ്ഗക്കാരാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. 3 ലക്ഷംവീടു കോളനികളിലും 4 ഭൂരഹിതകർഷകത്തൊഴിലാളി കോളനികളിലും 2 പുറംപോക്കുസ്ഥലത്തും ഏതാനും വീടുകൾ ഇടംകലർന്നതും ഉൾപ്പെടെ 466 കുടുംബങ്ങളാണുള്ളത്. കുടിവെള്ളം, വൈദ്യുതി, കക്കൂസ് മുതലായ അടിസ്ഥാനസൗകര്യങ്ങൾ ലക്ഷംവീടുകോളനിയിൽ മാത്രമേ ഏറെക്കുറെ ലഭിച്ചിട്ടുള്ളു. മറ്റു കോളനികളിലൊന്നും തന്നെ അടിസ്ഥാനസൗകര്യങ്ങൾ എത്തിയിട്ടില്ല.

വിദ്യാഭ്യാസത്തിന് നിലവിൽ സാമ്പത്തികസഹായങ്ങൾ ഉണ്ടെങ്കിലും കുടുംബത്തിലെ ദാരിദ്ര്യവും ബാധ്യതകളും ഉപരിപഠനം നേടുന്നതിൽ നിന്നും ഈ വിഭാഗക്കാരെ പിന്തിരിപ്പിക്കുന്നുണ്ട്. ഇത് നിലവിലുള്ള സഹായങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിലേക്കെത്തിക്കുന്നു. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് പെരിഞ്ഞനത്ത് ബഹുജനപ്രസ്ഥാനങ്ങളുടെ നേതൃത്വനിലയിലേക്ക് പട്ടികജാതിക്കാരായ ആളുകൾ ഉയർന്നിട്ടുണ്ടെങ്കിൽ തന്നെയും കൂടുതൽ ആളുകൾ അത്തരം സ്ഥാനങ്ങളിലേക്ക് ഉയർന്നുവരേണ്ടതായുണ്ട്. സർക്കാർതലത്തിൽ വൻ പ്രചരണത്തോടെ നടക്കുന്ന സഹായപദ്ധതികൾ ബാങ്കുകളുടെ കർക്കശനിബന്ധനകൾ മൂലം പട്ടികജാതിക്കാർക്ക് അപ്രാപ്യമാക്കിത്തീർക്കുകയാണ്.

ലഭ്യമായ കണക്കുകളനുസരിച്ച് പഞ്ചായത്തിൽ വാർധക്യകാലപെൻഷൻ വാങ്ങിക്കുന്ന 60 പേരിൽ ഒരാളും വിധവാപെൻഷൻ ലഭിക്കുന്ന 141 പേരിൽ 17 പേരും പട്ടികജാതിക്കാരാണ്. കർഷകത്തൊഴിലാളി പെൻഷന്റെ കണക്കുകൾ ലഭ്യമല്ല. അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും പെൻഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിവാഹപ്രായമെത്തിയിട്ടും സാമ്പത്തികപരാധീനതകൾ നിമിത്തം വിവാഹം നടക്കാതിരിക്കുന്ന പെൺകുട്ടികൾ ഈ വിഭാഗത്തിൽ കൂടുതലാണ്. ഇത്തരക്കാരുടെ വിവാഹത്തിനാവശ്യമായ ധനസഹായം നൽകുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തണം.

## തൊഴിൽ

ഭൂരിപക്ഷംപേരും തൊഴിലെടുക്കുന്നത് കാർഷികമേഖലയിലാണ്. തെങ്ങുകയറ്റം കവുങ്ങുകയറ്റം മുതലായ തൊഴിലുകളിൽ പൂർണ്ണമായും പട്ടികജാതിക്കാരാണ്. കാർഷികമേഖലയിൽ തൊഴിലെടുക്കുന്നവർ സ്വന്തമായ കൃഷിസ്ഥലമില്ലാത്ത കർഷകത്തൊഴിലാളികൾ മാത്രമാണ്. കൂടാതെ നിർമ്മാണരംഗത്തും മത്സ്യബന്ധന-വിപണന മേഖലകളിലും ചെറിയതോതിൽ ഈ വിഭാഗക്കാർ ഉണ്ട്. സർക്കാർ അർദ്ധസർക്കാർ മേഖലകളിൽ വിരലിലെണ്ണാവുന്നവരേയുള്ളൂ. ഈ വിഭാഗത്തിലെ സ്ത്രീകൾ പായ, കയർ, ഓലമെടച്ചിൽ തുടങ്ങിയ പരമ്പരാഗത തൊഴിലുകളിലും കെട്ടിടനിർമ്മാണരംഗത്തും അന്യവീട്ടുജോലികളിലും ഏർപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിലെ പ്രധാന കാർഷികവിളയായ നാളികേരത്തിന്റെ വിലയിടിവും ഉത്പാദനക്കുറവും വളങ്ങളുടെ വിലവർദ്ധനവുമെല്ലാം മണ്ണിൽ പണിയെടുപ്പിക്കുന്നതിൽ നിന്നും ഭൂഉടമസ്ഥരെ പിന്തിരിപ്പിക്കുന്നു. ഇത് ഈരംഗത്തെ തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നു. വർദ്ധിച്ചുവരുന്ന ജീവിതച്ചെലവും കുതിച്ചുയരുന്ന വിലയുമായി താരതമ്യം ചെയ്യുമ്പോൾ തൊഴിലാളിക്ക് ലഭിക്കുന്ന കൂലി കുറഞ്ഞതാണ്. കഠിനാദ്ധ്വാനം ആരോഗ്യപരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നിർമ്മാണരംഗത്ത് തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് പുരുഷന്മാരെ അപേക്ഷിച്ച് കുറഞ്ഞ വേതനമേ ലഭിക്കുന്നുള്ളൂ.

പുതിയതൊഴിൽ മേഖലകൾ കണ്ടെത്തി അവയിൽ പരിശീലനം നൽകി ആവശ്യമായ ധനസഹായത്തോടെ തൊഴിൽ സംരംഭങ്ങൾ തുടങ്ങേണ്ടതുണ്ട്.

ഇതിനാവശ്യമായ സഹകരണസംഘങ്ങൾക്ക് രൂപം കൊടുക്കുന്നതിനുവേണ്ട നടപടികളും ബോധവൽക്കരണപരിപാടികളും ആവശ്യമാണ്. ധനസഹായങ്ങൾ ലഭിക്കുന്നതിനാവശ്യമായ കാലതാമസവും കർക്കശങ്ങളായ നിബന്ധനകളും ഒഴിവാക്കേണ്ടതുണ്ട്.

## വിദ്യാഭ്യാസം

നിലവിലുള്ള അധ്യയനവർഷത്തിൽ ആകെ 632 കുട്ടികൾ സ്കൂളിൽ പോകുന്നുണ്ട്. ഇതിൽ കുറച്ച് കുട്ടികൾ ഇടക്കുവെച്ച് കൊഴിഞ്ഞുപോയിട്ടുണ്ട്. പ്രാഥമികവിദ്യാഭ്യാസരംഗത്ത് കൊഴിഞ്ഞുപോക്ക് വിരളമാണെങ്കിലും പത്താം തരത്തിലെത്തുന്നതോടെ ഭൂരിഭാഗം കുട്ടികളും തോറ്റുപോകുന്നു. ഇതോടെ വിദ്യാഭ്യാസം നിലക്കുന്നു. സാമ്പത്തിക പരാധീനതയും ദാരിദ്ര്യവും ഉപരിപഠനത്തിൽ നിന്നും കുട്ടികളെ പിന്തിരിപ്പിക്കുന്നു. നിലവിലുള്ള അശാസ്ത്രീയ ബോധനരീതി നിമിത്തം ഹൈസ്കൂൾ വിദ്യാഭ്യാസം കഴിയുന്ന കുട്ടിക്കുപോലും ആവശ്യമായ അറിവുണ്ടാകുന്നില്ല. കോളേജ് വിദ്യാഭ്യാസത്തിൽ പ്രവേശിക്കുന്നവർ തന്നെ പഠനം പൂർത്തിയാക്കാതെ അവസാനിപ്പിക്കേണ്ടിവരുന്നു. ഇത്തരത്തിൽ പരിശോധിക്കുമ്പോൾ ഉയർന്ന വിദ്യാഭ്യാസം തേടിപോവുന്ന ആളുകളുടെ എണ്ണം ഈ വിഭാഗത്തിൽ തുലോം കുറവാണ്. നിലവിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ലഭ്യമായ ആനുകൂല്യങ്ങൾ മുഴുവനായും ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അത്യാവശ്യം വിദ്യാഭ്യാസം നേടിയ ആളുകൾ തന്നെയും പരമ്പരാഗതതൊഴിലുകളിലേക്ക് തന്നെ മടങ്ങുന്ന പ്രവണതയുണ്ട്.

എഴുത്തും വായനയും അറിയാതിരുന്ന മുതിർന്ന ആളുകൾ സാക്ഷരതായജ്ഞത്തിലൂടെ എഴുതാനും വായിക്കാനും പഠിച്ചെങ്കിലും തുടർവിദ്യാഭ്യാപരിപാടികളുടെ അഭാവം നിമിത്തം അവർ പഴയപടിയിലേക്ക് തിരിച്ചുപോയിരിക്കയാണ്. സാക്ഷരതാ പ്രവർത്തനത്തിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽചൂണ്ടുന്നത്.

## പാർപ്പിടം

പട്ടികജാതിക്കാർക്കുള്ള ഭവനനിർമ്മാണത്തിനാവശ്യമായ സഹായങ്ങൾ സ്വീകരിച്ചുകൊണ്ട് അത്യാവശ്യ സൗകര്യങ്ങളോടെ പണികഴിപ്പിച്ച മെച്ചപ്പെട്ട വീടുകളുണ്ടെങ്കിലും പഞ്ചായത്തിലെ പകുതിയോളം വീടുകൾ ഇപ്പോഴും ഓല മേഞ്ഞതും താഴ്ന്ന നിലവാരത്തിലുള്ളതുമാണ്. ഭവനനിർമ്മാണത്തിന് നൽകുന്ന സഹായധനത്തിന്റെ അപര്യാപ്തതയും സഹായം ലഭിക്കുന്നതിനാവശ്യമായ കാലതാമസവും സഹായം സ്വീകരിക്കുന്നതിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്നുണ്ട്. ഘട്ടംഘട്ടമായി നൽകുന്ന ഭവനനിർമ്മാണധനസഹായം നിലവിലുള്ള വിലനിലവാരവുമായും, ചെലവുമായും താരതമ്യം ചെയ്യുമ്പോൾ തീരെ കുറഞ്ഞതാണ്. ഇതുമൂലം വീടുപണി പൂർത്തിയാകുന്നതോടെ ആളുകൾ കടക്കെണിയിൽപെടുന്നതിനും ധനസഹായം ദുരുപയോഗം ചെയ്യുന്നതിനും ഇടയാകുന്നു.

ഇരട്ടകുടുംബങ്ങൾ താമസിക്കുന്ന ലക്ഷംവീടുകോളനിക്കാർക്ക് പുതിയ പദ്ധതി ആവിഷ്കരിച്ച് പ്രത്യേകം വീടു നിർമ്മിച്ചുകൊടുക്കേണ്ടതാണ്. വീടു വെയ്ക്കുന്നതിനാവശ്യമായ സ്ഥലമില്ലാത്ത ജംബൂരികോളനിക്കാർക്കും കാക്കാത്തുരുത്തിപാലത്തിന് സമീപത്ത് താമസിക്കുന്നവർക്കും അംഗസംഖ്യ കൂടുതലുള്ളതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കും സ്ഥലം വാങ്ങി വീടു നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകേണ്ടതാണ്.

## കുടിവെള്ളം ജലസേചനം

കുടിവെള്ളം ലഭ്യമല്ലാത്ത കോളനികളിൽ കുടിവെള്ളം ലഭിക്കുന്നതിനാവശ്യമായ ടാപ്പുകൾ സ്ഥാപിക്കണം. ജലസേചനസൗകര്യമില്ലാത്ത പ്രദേശങ്ങളിൽ ജലസേചനത്തിനായി കേന്ദ്രീകൃത ജലസേചനസൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്.

## കക്കൂസ്

പല വീടുകളിലും കക്കൂസിന്റെ അഭാവമുണ്ട്. വീടുകളോരോന്നിനും കക്കൂസ് നിർമ്മിക്കേണ്ടതും പുതിയ വീടുകൾക്കനുമതി നൽകുമ്പോൾ കക്കൂസ് സ്ഥാപിക്കുന്നതിനുംകൂടിയുള്ള നിർദ്ദേശങ്ങളും സഹായങ്ങളും നൽകേണ്ടതുണ്ട്.

## വൈദ്യുതി

പട്ടികജാതിക്കാരുടെ വീടുകൾ വൈദ്യുതീകരിച്ച് സൗജന്യനിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്ന പദ്ധതിയുടെ ഭാഗമായി വയറിങ്ങ് നടത്തി പണവുമടച്ച് മാസങ്ങളേറെ കഴിഞ്ഞിട്ടും കണക്ഷൻ നൽകുന്നതിനാവശ്യമായ നടപടികളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഇതു പരിഹരിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുന്നതിനോടൊപ്പം തന്നെ വൈദ്യുതീകരിക്കാത്ത മുഴുവൻ കോളനികളും വൈദ്യുതീകരിക്കണം.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ റിപ്പോർട്ട് ക്രോഡീകരിച്ചതിന്റെ വെളിച്ചത്തിൽ പെരിഞ്ഞനത്തെ പട്ടികജാതിക്ഷേമത്തിനു വിഘാതമായി നിൽക്കുന്ന പ്രശ്നങ്ങളും പരിഹാരസാധ്യതകളും താഴെ സൂചിപ്പിക്കുന്നു.

## പ്രശ്നങ്ങൾ

1. സാമ്പത്തിക സാമൂഹിക മേഖലകളിൽ പൊതുവെ പിന്നോക്കാവസ്ഥ അനുഭവിക്കുന്നു.
2. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
3. ഉപരിപഠനത്തിനു പോകുന്ന കുട്ടികളുടെ എണ്ണം കുറവാണ്.
4. തുടർസാക്ഷരതാ പ്രവർത്തനത്തിന്റെ അഭാവത്താൽ നിരക്ഷരത നിലനിൽക്കുന്നു.
5. കാർഷികമേഖലയിൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞുവരുന്നു.

6. ജീവിതച്ചെലവുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ കൂലിയേയുള്ളൂ.
7. എല്ലാവർക്കും സ്വന്തമായി വീടില്ല.
8. ജംബൂരി കോളനിയിലും കാക്കാത്തുരുത്തി പാലത്തിനു സമീപത്തും താമസിക്കുന്നവർക്ക് സ്വന്തമായി സ്ഥലവും വീടുമില്ല.
9. കോളനികളിൽ കുടിവെള്ളം, കക്കൂസ്, വൈദ്യുതി മുതലായ പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
10. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
11. നിർധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
12. IRDP മുതലായ വായ്പാപദ്ധതികളുടെ കർശന നിബന്ധനകളും ജാമ്യ വ്യവസ്ഥയും വായ്പ അപ്രാപ്യമാക്കുന്നു.
13. അർഹരായ എല്ലാആളുകൾക്കും പെൻഷൻ ലഭിക്കുന്നില്ല.

## സാധ്യതകൾ/നിർദ്ദേശങ്ങൾ

1. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽസാധ്യത വർദ്ധിപ്പിക്കുക.
2. പായനെയ്ത്ത് കയറുപിരി എന്നിവ സഹകരണസംഘങ്ങൾ രൂപീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
3. പഞ്ചായത്തിലെ കോളനികളിലെ യുവതീയുവാക്കളെ സംഘടിപ്പിച്ച് തൊഴിൽ പരിശീലനം നൽകി സഹകരണസംഘം രൂപീകരിച്ച് പുതിയ തൊഴിൽമേഖലകൾ കണ്ടെത്തുക.
4. സർക്കാർ ഏജൻസികൾ വഴി നൽകുന്ന വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് വികസനസമിതി മുഖേന വിതരണം ചെയ്യുക.
5. വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിക്കുക. നിശ്ചിത ആവശ്യത്തിന് തന്നെയാണോ വായ്പ ഉപയോഗപ്പെടുന്നത് എന്ന് വികസനസമിതിയുടെ നേതൃത്വത്തിൽ പരിശോധിക്കുക.
6. പട്ടികജാതി സർവ്വീസ് സഹകരണസംഘം ആരംഭിക്കുക.
7. ഭവനനിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുകയും വീട് ഉപഭോക്താവിന്റെ സൗകര്യത്തിനനുസരിച്ച് നിർമ്മിക്കുവാനുള്ള അനുവാദം കൊടുക്കുകയും ചെയ്യുക. വീടു നിർമ്മിക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിന് സഹായം നൽകുക.
8. ലക്ഷംവീടു കോളനിയിലെ ഇരട്ടവീടുകൾ വിഭജിച്ച് ഒറ്റ വീടുകളാക്കുക.
9. പഴയവീടുകൾ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ധനസഹായം നൽകുക.
10. വയറിങ്ങ് കഴിഞ്ഞുനിൽക്കുന്ന വീടുകൾക്ക് ഉടനടി കണക്ഷൻ നൽകുക.
11. വൈദ്യുതീകരിക്കാത്ത മുഴുവൻ കോളനികളും വൈദ്യുതീകരിക്കുക.
12. കുടിവെള്ളമെത്താത്ത പ്രദേശങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക.
13. ജലസേചനസൗകര്യമില്ലാത്ത സ്ഥലങ്ങളിൽ പൊതു ഉടമസ്ഥതയിൽ പമ്പുസെറ്റുകൾ സ്ഥാപിക്കുക.
14. വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താൻ വേണ്ടി നിലവിലുള്ള ധനസഹായം വർദ്ധിപ്പിക്കുകയും പൂർണ്ണമായും ഉപയോഗപ്പെടുന്നതിനും വേണ്ട ബോധവൽക്കരണം നടത്തുക.
15. കാക്കാത്തുരുത്തി പാലത്തിനു സമീപത്തെ 21 കുടുംബങ്ങൾക്കും ജംബൂരി കോളനിയിലെ 10 കുടുംബങ്ങൾക്കും വീടുവെയ്ക്കുന്നതിനുള്ള സ്ഥലവും വീടും മറ്റു അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കുക.
16. II-ാം വാർഡിൽ സെൻററിനു തൊട്ടു കിഴക്കുഭാഗത്തുള്ള 8 പട്ടികജാതി വീടുകൾക്കും I-ാം വാർഡിലെ പ്രിയദർശിനി റോഡിന്റെ കിഴക്കുഭാഗത്തുള്ള 12 പട്ടികജാതി വീട്ടുകാർക്കും പ്രാഥമികസൗകര്യങ്ങൾ ലഭ്യമാക്കുക.
17. IV-ാം വാർഡിലെ മിച്ചഭൂമി കോളനിയിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
18. V-ാം വാർഡിലെ പള്ളിപ്പാടം പ്രദേശത്തെ തുണ്ടുഭൂമികളിൽ താമസിക്കുന്നവർക്ക് വീടും അടിസ്ഥാനസൗകര്യങ്ങളും എത്തിക്കുക.
19. അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും പെൻഷൻ നൽകുക.
20. നിർധനകുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം നൽകുക.
21. തുടർസാക്ഷരതാ പ്രവർത്തനം നടത്തുക.
22. മദ്യപാനത്തിനെതിരെ ബോധവൽക്കരണം സംഘടിപ്പിക്കുക.
23. പട്ടികജാതിക്കാർ കൂട്ടമായി താമസിക്കുന്ന കോളനികളല്ലാത്ത പ്രദേശങ്ങൾ പട്ടികജാതി കോളനികളായി പ്രഖ്യാപിക്കുക.
24. മുഴുവൻ കോളനികളും IHDP പദ്ധതിയിൽ ഉൾപ്പെടുത്തുക.
25. കുടുംബബാധ്യത ഏറ്റെടുത്ത് പഠനം നിർത്തേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക.
26. എസ്. എസ്. എൽ. സി. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക. (സ്കോളർഷിപ്പ് നൽകുക) ■



# സംസ്ക്കാരം

ചരിത്രപ്രസിദ്ധമായ കൊടുങ്ങല്ലൂരിനെയും തൃക്കണാമതിലകത്തിനേയും തൊട്ടുരുമ്മി കിടക്കുന്ന അതിപുരാതനമായ സാംസ്കാരിക പൈതൃകം അവകാശപ്പെടാവുന്ന ഗ്രാമമാണ് പെരിഞ്ഞനം. ജ്ഞാനികളായ പെരിയ ജൈനർ താമസിച്ചിരുന്ന പ്രദേശമായതിനാലാണ് പെരിഞ്ഞനം എന്ന പേരു ലഭിച്ചത് എന്ന് പറയപ്പെടുന്നു. ഈ കാലത്ത് ഹൈന്ദവേതര ആരാധനാലയങ്ങളെ പള്ളികൾ എന്നുവിളിച്ചിരുന്നു. ഇത്തരം പള്ളികളോട് ചേർന്നാണ് അക്ഷരവിദ്യ ആരംഭിച്ചത്. അതുവഴി വിദ്യാലയങ്ങൾ ''പള്ളിക്കൂടങ്ങൾ'' എന്ന പേരിലറിയപ്പെട്ടു. നമ്മുടെ ഗ്രാമത്തിന്റെ അതിർത്തിപ്രദേശമായ കാക്കാത്തുരുത്തിയെയും തൃക്കണ്ണാമതിലകത്തേയും (തൃപ്പേക്കുളം) പറ്റി കോകസന്ദേശത്തിലെ 45-ാം ശ്ലോകത്തിൽ പരാമർശിക്കുന്നുണ്ട്. ഈ പ്രദേശത്ത് നിലവിലിരുന്ന ആചാരങ്ങളായിരുന്ന കെട്ടുകല്ല്യാണം, തെരണ്ടു കല്ല്യാണം എന്നിവ ഈ അടുത്തകാലം വരെ നിലനിന്നിരുന്നു. വസൂരി, കുഷ്ഠം, കോളറ (നടപ്പുദീനം) തുടങ്ങിയ രോഗങ്ങൾ ദൈവകോപത്തിന്റെ ഫലമാണെന്ന വിശ്വാസവും നിലനിന്നിരുന്നു. സ്ത്രീധനസമ്പ്രദായം, സാമുദായിക വിദ്വേഷം, മദ്യപാനശീലം, കുടുംബ ശൈഥല്യം തുടങ്ങിയവ ഇന്നു കാണുന്ന അത്ര വ്യാപകമായി നിലനിന്നിരുന്നില്ല.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടെതന്നെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ ആരംഭിച്ചു. അതോടൊപ്പം സാമൂഹ്യപ്രസ്ഥാനങ്ങൾ വളർന്നുവന്നു.

ആരാധനാലയങ്ങളോടനുബന്ധിച്ചാണ് അനുഷ്ഠാനകലകളുടെ ഉത്ഭവം. കളമെഴുത്തുപാട്ട്, തോറ്റം പാട്ട്, ശാസ്താംപാട്ട്, ചിന്തുപാട്ട്, പാനകളി, പുത്തൻ പാന എന്നിവയാണ് പ്രധാനം. വിവാഹ ചടങ്ങുകളോടനുബന്ധിച്ച് അമ്മാനാട്ടം, മാർഗ്ഗംകളി, ഒപ്പന എന്നിവ നടന്നിരുന്നു. തിരുവാതിരക്കളി, കുമ്മി, കോലാട്ടം, തുമ്പിതുള്ളൽ, കുടമൂത്ത്, പെണ്ണിരന്നുകളി, പശുവും പുലിയും, ഐവർകളി, തോടുംപിടുത്തം തുടങ്ങിയ നാടൻകളികളും മേൽപറഞ്ഞ അനുഷ്ഠാനകലകളും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു.

പ്രധാനമായും സുബ്രഹ്മണ്യക്ഷേത്രം, പള്ളിയിൽ ഭഗവതിക്ഷേത്രം എന്നിവയും, കൂടാതെ മിക്കവാറും കുടുംബങ്ങൾക്ക് തറവാട്ടു ക്ഷേത്രങ്ങളും ഉണ്ട്. ഈ പ്രദേശത്തിന്റെ ഉത്സവമായ തൈപ്പൂയ്യാഘോഷം SSDP സമാജത്തിന്റെ കീഴിൽ മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തത്തിൽ നടക്കുന്നു. കാവടിയാട്ടം, കരകാട്ടം എന്നീ കലാരൂപങ്ങളും വിവിധ വാദ്യങ്ങളും ഇതോടൊപ്പം സാംസ്കാരിക സമ്മേളനങ്ങളും നടന്നിരുന്നു. അതിപുരാതന ക്ഷേത്രങ്ങളിൽ ഒന്നായ പള്ളിയിൽ ഭഗവതിക്ഷേത്രോത്സവം കുംഭമാസത്തിൽ 7 ദിവസങ്ങളിലായി ക്ഷേത്രകലകൾക്ക് പ്രാധാന്യം നല്കി നടത്തപ്പെടുന്നു.

മൂന്ന് മുസ്ലീം ദേവാലയങ്ങളും ഈ ഗ്രാമത്തിലുണ്ട്. പൊന്മാനിക്കുടം പള്ളിയോടു ചേർന്നുള്ള ജാറത്തിൽ ആണ്ടുനേർച്ചയും നടന്നുവരുന്നു. ക്രിസ്ത്യൻ ദേവാലയമായ കപ്പേളയുണ്ട്. അവിടെ വിശേഷാൽ പ്രാർത്ഥനയും അമ്പുപെരുന്നാളും നടക്കുന്നുണ്ട്. ഈ ആഘോഷങ്ങളിൽ വിവിധ ജനവിഭാഗങ്ങൾ ഒത്തുചേരാറുണ്ട്. വിവിധ മതവിഭാഗങ്ങൾ ഇടകലർന്ന് സൗഹാർദ്ദത്തോടെയാണ് ജീവിക്കുന്നത്.

ശ്രീനാരായണ ഗുരുദേവന്റെ ആദർശപ്രചാരണങ്ങളുടെ ഫലമായും ദേശീയ പ്രസ്ഥാനത്തിന്റെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും മുന്നേറ്റത്തിന്റെ ഫലമായും സാമൂഹ്യവ്യവസ്ഥയിൽ സമൂലമായ മാറ്റംവന്നു.

50-60 കാലഘട്ടത്തിൽ നവകേരള കലാസമിതി, മണപ്പുറം കലാസമിതി തുടങ്ങിയവ പ്രവർത്തിച്ചിരുന്നു. മണപ്പുറം കലാസമിതിയുടെ നേതൃത്വത്തിൽ നാടകോത്സവങ്ങൾ സംഘടിപ്പിക്കുകയും നാടകം രചിച്ച് രംഗത്ത് അവതരിപ്പിക്കുകയും ചെയ്തിരുന്നു. ഇതിൽ പരേതനായ ശ്രീ. ഇ. വി. ജി. യുടെ പേര് പ്രത്യേകം എടുത്തു പറയാവുന്നതാണ്. കുറ്റിലക്കടവിൽ പ്രവർത്തിച്ചിരുന്ന ബീന ആർട്ട്സ് ക്ലബ്ബിലൂടെയാണ് ശ്രീ. വി. എം. ശ്രീനിവാസൻ സിനിമാ നിർമ്മാണരംഗത്തേക്കു വന്നത്. അദ്ദേഹത്തിന്റെ ശ്രമത്തിൽ കലാപരിഷത്ത് എന്ന സംഘടനയും പ്രവർത്തിച്ചിരുന്നു.

ഒരു റഫറൻസ് ലൈബ്രറി ഉൾപ്പെടെ 8 ലൈബ്രറികൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്ത് ലൈബ്രറി, യൂത്ത് ലൈബ്രറി, ടാഗോർ, ശ്രീനാരായണ, പ്രതീക്ഷ, ബീച്ച് റോഡ് വായനശാല, സഹൃദയ എന്നിവയും ആർ. എം. വി. എച്ച്. എസിനോട് ചേർന്നുള്ള ലൈബ്രറിയുമാണ് ഉള്ളത്. വളരെ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്നവയാണ് ഇവയിൽ ഭൂരിഭാഗവും. എന്നാൽ ഇന്ന് കാര്യമായ പ്രവർത്തനം ഒന്നും നടക്കുന്നില്ല. റഫറൻസ് ലൈബ്രറി ജനപങ്കാളിത്തത്തോടെയാണ് പ്രവർത്തനം ആരംഭിച്ചത്. എന്നാൽ ഇത് വിദ്യാർത്ഥികൾക്കോ സമൂഹത്തിനോ ഉപയോഗപ്പെടുത്താൻ കഴിയാത്ത രീതിയിൽ ആയിരിക്കുന്നു. പഞ്ചായത്ത് ലൈബ്രറി കാലങ്ങളായി തുറന്നു പ്രവർത്തിക്കുന്നില്ല. ആയിരക്കണക്കിന് പുസ്തകങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. തുറന്നുപ്രവർത്തിക്കുവാനുള്ള സാഹചര്യം ഇപ്പോൾ നിലവിൽ വന്നിട്ടുണ്ട്. യൂത്ത് ലൈബ്രറി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പഞ്ചായത്തിൽ ആദ്യമായി രൂപീകരി

ച്ച ലൈബ്രറിയാണിത്. ഇടയ്ക്കു പ്രവർത്തനം നിലച്ചുവെങ്കിലും പുനരുദ്ധാരണ പ്രവർത്തനം നടന്നുവരുന്നു. സ്വന്തമായുണ്ടായിരുന്ന സ്ഥലത്ത് പുതിയ കെട്ടിട്ടം നിർമ്മിച്ചുവരുന്നു. ടാഗോർ ലൈബ്രറി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സെൻട്രൽ എൽ. പി. സ്കൂളിൽ ഈ ലൈബ്രറിയുടെ ബാല വിഭാഗം പ്രവർത്തിക്കുന്നുണ്ട്. പുതിയതായി രൂപീകരിച്ച പ്രതീക്ഷ കലാസാംസ്കാരിക കേന്ദ്രം ഗ്രന്ഥശാലക്ക് സ്ഥലവും കെട്ടിടവും സ്വന്തമായുണ്ട്. ശ്രീനാരായണ, സഹൃദയ ലൈബ്രറികൾ ഈ അടുത്തകാലത്താണ് പ്രവർത്തനമാരംഭിച്ചത്.

നമ്മുടെ പ്രദേശത്ത് പത്രമാധ്യമങ്ങളുടെയും ആനുകാലികപ്രസിദ്ധീകരണങ്ങളുടെയും പ്രചാരം മുൻകാലങ്ങളെ അപേക്ഷിച്ച് വളരെയേറെ വർദ്ധിച്ചുവരുന്നുണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഭൂരിഭാഗവും പൈങ്കിളി വാരികകളാണ്. നിലവാരമുള്ള പ്രസിദ്ധീകരണങ്ങളുടെ പ്രചാരം മറ്റുള്ളവയെ അപേക്ഷിച്ച് വളരെയേറെ കുറവാണ്. ലൈബ്രറി ഉപയോഗിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതും വായനയുടെ നിലവാരതകർച്ചയുടെ സൂചനയാണ്. ലൈബ്രറികളുടെയും ആർട്ട്സ്ക്ലബുകളുടെയും വാർഷികാഘോഷങ്ങളുടെ ഭാഗമായി ചില പ്രവർത്തനങ്ങൾ നടക്കുന്നതൊഴിച്ചാൽ കലാസാംസ്കാരികപ്രവർത്തനങ്ങൾ വേണ്ടത്രരീതിയിൽ നടക്കുന്നില്ല.

മുൻകാലത്ത് നമ്മുടെ പ്രദേശത്ത് നിലനിന്നിരുന്നതും ഇപ്പോൾ അവഗണിക്കപ്പെടുന്നതുമായ നാടൻ കലാരൂപങ്ങളായ വില്ലടിച്ചാം പാട്ട്, ഓണക്കളി, ചിന്തുപാട്ട്, ശാസ്താംപാട്ട് തുടങ്ങിയവ പ്രത്യേക സംഘങ്ങളാണ് നടത്തിപോന്നിരുന്നത്. തപ്പ്, ചെണ്ട എന്നീ വാദ്യങ്ങളും ഇക്കാലത്ത് പഠിപ്പിച്ചിരുന്നു. വളരെ അപൂർവ്വമായിമാത്രമേ ഈ കലാരൂപങ്ങൾ ഇപ്പോൾ അവതരിപ്പിക്കുന്നുള്ളു. കലാരൂപങ്ങളിൽ പലതും ഇന്ന് മത്സരവേദിയിലേക്കുള്ള ഇനങ്ങൾ മാത്രമായിത്തീർന്നിരിക്കുന്നു. ഈ കലാരൂപങ്ങളും ജീവിതവുമായുള്ള ബന്ധം അന്യംനിന്നുപൊയ്ക്കൊണ്ടിരിക്കുന്നു.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം നമ്മുടെ പ്രദേശത്ത് വളരെയധികം നിലനിൽക്കുന്നുണ്ട്. ടെലിവിഷൻ മാധ്യമങ്ങൾ സാർവ്വത്രികമായി വന്നിട്ടുണ്ട്. ഏതാണ്ട് 30 ശതമാനത്തിലധികം വീടുകളിലും ടെലിവിഷൻ ആയിക്കഴിഞ്ഞു. ഏകദേശം 80% ത്തോളം ആളുകൾ ടി. വി. പരിപാടികൾ കാണുന്നുണ്ട്. 200ൽ അധികം വീടുകളിൽ കേബിൾ ടി. വിയുടെ പ്രവർത്തനം എത്തിയിട്ടുണ്ട്. നമ്മുടെ പ്രദേശത്ത് രണ്ട് സിനിമാശാലകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ വികാസം നമ്മുടെ മണ്ണുമായി ബന്ധമുള്ള കലയുടെയും സംസ്കാരത്തിന്റെ വികാസത്തിനായല്ല ഉപയോഗിക്കപ്പെടുന്നത്. മാധ്യമങ്ങളെ നിയന്ത്രിക്കുന്നത് മുഖ്യമായും ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന ദേശീയവും വിദേശീയവുമായ സ്വകാര്യകമ്പനികളാണ്. ഇത് സാംസ്കാരികമായ കടന്നുകയറ്റങ്ങൾക്കും തനതായ അഭിരുചികളുടെ തകർച്ചക്കും കാരണമായിത്തീരുന്നു. ഉൽപന്നങ്ങൾക്ക് ആവശ്യക്കാരെ സൃഷ്ടിക്കാനായി ഉപഭോഗതൃഷ്ണ വർദ്ധിപ്പിക്കാനുള്ള ഗൂഢോദ്ദേശ്യത്തോടെയാണ് ഈ മാധ്യമങ്ങൾ പ്രവർത്തിക്കുന്നത്. ഉപഭോഗസംസ്കാരം വ്യാപകമാകുന്നതിന്റെ ഭാഗമായി നാം ഒന്നുമുണ്ടാക്കാതെ എല്ലാം ഉപയോഗിക്കുന്നവരായി മാറുന്നു. ഉപഭോഗസംസ്കാരത്തിന്റെ ഭാഗമായി നമ്മുടെ തനത് സംസ്കാരവും കലകളും ജീവിതരീതികളും വായനയും രുചിയും ഒക്കെ നഷ്ടപ്പെടുകയാണ്. സത്യത്തിൽ നാം ശക്തമായ ഒരു സാംസ്കാരികാക്രമണത്തിന് വിധേയമായിതീരുകയാണ്. ഒന്നിലും പങ്കാളിയാകാതെ എല്ലാറ്റിനും വെറും കാണികളായി മരവിച്ചിരിക്കാൻ നാം ശീലിച്ചിരിക്കുന്നു. നമ്മുടെ കാർഷിക വ്യാവസായിക മേഖലയിലെ മുരടിപ്പിനെ മറികടക്കാനുള്ള പ്രവർത്തനവും സാംസ്കാരിക ആക്രമണത്തെ ചെറുക്കാനുള്ള പ്രവർത്തനവും പരസ്പര പൂരകങ്ങളാണ്.

കായികരംഗത്ത് ഏറെ ശ്രദ്ധേയമായ പ്രദേശമായിരുന്നു നമ്മുടേത്. കായികരംഗത്തേക്ക് നിരവധി പ്രതിഭകളെ സംഭാവനചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ദേശീയതലത്തിൽ വോളിബോൾ ടീമിന്റെ പരിശീലകരെയും അതുപോലെതന്നെ ഭാരദ്വഹനത്തിൽ സംസ്ഥാനപരിശീലകരെയും സംഭാവന ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇവരെല്ലാം സ്വപ്രയത്നം കൊണ്ട് ഉയർന്നുവന്നിട്ടുള്ളവരായിരുന്നു. പെരിഞ്ഞനം പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ കേന്ദ്രീകരിച്ച് വോളിബോൾ പരിശീലനവും തുടർന്ന് ടൂർണ്ണമെന്റുകളും നടന്നുപോന്നിരുന്നു. അഖിലകേരള അടിസ്ഥാനത്തിൽ പ്രമുഖ പുരുഷ-വനിതാ ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ടാണ് മത്സരങ്ങൾ നടത്തിയിരുന്നത്. വോളിബോൾ ഇപ്പോഴും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സജീവമായി നിലനിൽക്കുന്നുണ്ട്. ഈസ്റ്റ് യു. പി. സ്കൂൾ പരിസരത്ത് കേരള കായിക കലയായ കളരിപ്പയറ്റ് പരിശീലിപ്പിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു.

പഞ്ചായത്തിന്റേതായി ഒരു പൊതുകളിസ്ഥലം അടുത്തകാലത്തായി നിലവിൽ വന്നിട്ടുണ്ട്. ഇവിടെ വോളിബോൾ ബാറ്റ്മിന്റൻ കളികൾ നടന്നുവരുന്നുണ്ട്. പഞ്ചായത്തിലെ മിക്ക സ്കൂളുകളോടും അനുബന്ധിച്ച് കളിസ്ഥലം നിലവിലുണ്ട്. അടുത്ത കാലത്തായി ക്രിക്കറ്റുകളിയിൽ അതിയായ ഭ്രമം പടർന്നു പിടിച്ചിട്ടുണ്ട്.

പെരിഞ്ഞനം പഞ്ചായത്തിന്റെ വിവിധഭാഗങ്ങൾ കേന്ദ്രീകരിച്ച് ജിംനേഷ്യം സെന്ററുകൾ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഇവയുടെ എണ്ണം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്.


പുതിയ തലമുറയെ കായികരംഗത്തേക്ക് കൂടുതൽ ഉയർത്തിക്കൊണ്ടുവരാൻ കുറെ കാലങ്ങളായി കഴിഞ്ഞിട്ടില്ല. മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന പഞ്ചായത്ത് മേളകളും മറ്റും വേണ്ടത്ര ഗുണപരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. നമ്മുടെ പഞ്ചായത്തിലെ കായികപ്രതിഭകളെ കണ്ടെത്തുകയും അവരെ നല്ല നിലവാരത്തിലേക്ക് കൈപിടിച്ചുയർത്താൻ ശ്രമിക്കുകയും വേണം. സ്കൂൾ തലത്തിൽവച്ചുതന്നെ കുട്ടികളുടെ കായികാഭിരുചി തിരിച്ചറിയുകയും അത് വളർത്തിയെടുക്കുകയും വേണം. ദേശീയ ശ്രദ്ധയാകർഷിച്ച പലരും സ്വപ്രയത്നംകൊണ്ട് ഉയർന്നുവന്നിട്ടുള്ളവരാണ്. പരിശീലനത്തിന്റെ കുറവാണ് പലരെയും കായികരംഗത്തുനിന്നും അകറ്റി നിർത്തുന്നത്.

## പ്രശ്നങ്ങൾ

1. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റത്തിലൂടെയുള്ള സാംസ്കാരികാധിനിവേശത്തിൻെറ ഫലമായി നമ്മുടെ സാംസ്കാരിക തനിമ നഷ്ടപ്പെടുന്നു.
2. വായനാശീലം കുറയുന്നു.
3. വായനയുടെ നല്ലൊരു പങ്ക് മനുഷ്യൻെറ വൈകാരികാംശങ്ങളെ ചൂഷണം ചെയ്യുന്ന പൈങ്കിളിവാരികകൾ കയ്യടക്കുന്നു.
4. പ്രാദേശിക കൂട്ടായ്മയുടേയും സർഗ്ഗ ഭാവനയുടേയും രംഗമായിരുന്ന നാടൻകലകൾ ജീവിതത്തിൻെറ കുത്തൊഴുക്കിൽപെട്ടും ദൃശ്യമാധ്യമങ്ങളുടെ കടന്നുകയറ്റത്താലും അഭിരുചിയിലുണ്ടായ മാറ്റത്താലും അന്യംനിന്നുപോകുന്നു.
5. സാംസ്കാരിക അധിനിവേശങ്ങൾക്കും, മതജാതിവർഗ്ഗീയതകൾക്കും ബദലായി ഉയർന്നുവരേണ്ട കലാസാംസ്കാരിക സംഘങ്ങളും അമേച്വർ ഗ്രൂപ്പുകളും വേണ്ടത്ര പ്രോത്സാഹനമില്ലാതെ മുരടിക്കുന്നു.
6. കലാരംഗത്ത് ജനകീയാംഗീകാരം നേടാൻ കഴിവുള്ള ആളുകൾ ഉണ്ടായിട്ടും വേണ്ടത്ര രീതിയിൽ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
7. കുട്ടികളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കാൻ തക്കവണ്ണം സ്കൂൾ യുവജനോത്സവങ്ങളും സാഹിത്യസമാജങ്ങളും ഉയരുന്നില്ല.
8. മിക്ക സ്കൂളുകളിലും പാഠ്യേതര ഗ്രന്ഥശാലകളില്ല. ഉള്ള സ്ഥലങ്ങളിൽ തന്നെ അവ കുട്ടികൾക്കു വിതരണം ചെയ്യുന്നതിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല.
9. നിലവിലുള്ള വായനശാലകളിൽ മിക്കവയ്ക്കും സ്വന്തമായ സ്ഥലമോ കെട്ടിടമോ ഇല്ല.
10. പഞ്ചായത്തു ലൈബ്രറിയുടെ പ്രവർത്തനം ആശാവഹമല്ല.
11. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ നടക്കുന്ന കേരളോത്സവത്തിൻെറ സംഘാടനത്തിൽ വേണ്ടത്ര ഗൗരവബുദ്ധികാണിക്കാത്തതിനാൽ ജനകീയപങ്കാളിത്തം നേടാതെ പോകുന്നു.
12. കായിക മേഖലക്ക് ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല.
13. മുൻകാലങ്ങളിൽ സജീവമായിരുന്ന പല കായിക ക്ലബ്ബുകളുടേയും പ്രവർത്തനം നിർജീവമാണ്.
14. കായികരംഗം കേവലം ചെറിയ ക്രിക്കറ്റുക്ലബ്ബുകളിൽ മാത്രമായി ചുരുങ്ങുന്നു.
15. സ്വന്തം കഴിവിനാൽ സംസ്ഥാനദേശീയതലത്തിൽ അംഗീകാരം നേടിയ ഈ നാട്ടുകാരുടെ പിന്തുടർച്ച അവകാശപ്പെടാൻ പോലും പുതിയ ആളുകൾ ഉയർന്നു വരുന്നില്ല.
16. കായികരംഗത്ത് സ്ത്രീപങ്കാളിത്തം ഒട്ടുംതന്നെയില്ല.
17. സ്കൂൾകായികരംഗത്ത് ശ്രദ്ധിക്കപ്പെടുന്ന പല കുട്ടികൾക്കും പിൽക്കാലത്ത് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.
18. യുവാക്കളിൽ മദ്യപാനം, പുകവലി തുടങ്ങിയ അനാരോഗ്യശീലങ്ങൾ വ്യാപിക്കുന്നു.

## നിർദ്ദേശങ്ങൾ/സാധ്യതകൾ

1. നിലവിൽ വായനശാലകളില്ലാത്ത പ്രദേശങ്ങളിൽ വായനശാലകൾ തുടങ്ങുന്നതിനും പ്രവർത്തനമാന്ദ്യം നേരിടുന്നവ പുന:സംഘടിപ്പിച്ച് സജീവമാക്കുകയും ചെയ്യുക.
2. സ്വന്തമായ സ്ഥലവും കെട്ടിടവുമില്ലാത്ത വായനശാലകൾക്ക് ആസ്ഥാനം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
3. പഞ്ചായത്തു ലൈബ്രറിയുടെ പ്രവർത്തനം സജീവമാക്കുക.
4. പ്രാദേശിക ലൈബ്രറികളെ കൂട്ടിയിണക്കി പഞ്ചായത്തു ലൈബ്രറിയുടെ നേതൃത്വത്തിൽ പഞ്ചായത്തുതല ലൈബ്രറി കൗൺസിൽ രൂപീകരിക്കുക.
5. വായനശാലകൾക്കുള്ള ഗ്രാൻറും സഹായങ്ങളും മുഴുവൻ വായനശാലകൾക്കും നൽകുകയും യഥാസമയത്ത് ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
6. അന്യംനിന്നുപോകുന്ന നാടൻകലകൾ പുന:രാവിഷ്കരിക്കുകയും പ്രോത്സാഹിപ്പിച്ച് നിലനിർത്തുകയും ചെയ്യുക.
7. പഞ്ചായത്തുതലത്തിൽ നടക്കുന്ന കേരളോത്സവം വാർഡുതലത്തിലേക്കുകൂടി വ്യാപിപ്പിക്കുകയും വേണ്ടത്ര ഗൗരവത്തോടെയും ജനപങ്കാളിത്തത്തോടെയും സംഘാടനം നിർവ്വഹിക്കുകയും ചെയ്യുക.
8. കലാസാംസ്കാരിക സംഘങ്ങൾക്കും അമേച്വർ നാടകഗ്രൂപ്പുകൾക്കും മറ്റും ആവശ്യമായ പ്രോത്സാഹനവും ഗ്രാൻറും നൽകുക.
9. മധ്യവേനലവധിയിൽ കലാസാഹിത്യ അഭിരുചിയുള്ള വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കും ഒത്തുചേരലിന് അവസരം സൃഷ്ടിക്കുക. അവർക്ക് കലാസാഹിത്യ പരിശീലനക്കളരികൾ ഏർപ്പെടുത്തുക.
10. പഞ്ചായത്തിൽ കേന്ദ്രകായികസമിതി രൂപീകരിച്ച് അതിൻെറ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ കായികമേളകൾ സംഘടിപ്പിക്കുക.
11. കേന്ദ്രകായികസമിതിയുടെ നേതൃത്വത്തിൽ സ്ഥിരം കോച്ചിങ്ങ് സെൻറർ സ്ഥാപിക്കുക.
12. അവധിക്കാലങ്ങളിൽ വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് കോച്ചിങ്ങ് ക്യാമ്പുകൾ നടത്തുക.
13. കായികമേഖലയെ പോഷിപ്പിക്കുവാനാവശ്യമായ സാമ്പത്തിക സഹായങ്ങൾ കായികസംഘടനകൾക്ക് അനുവദിക്കുക.
14. ആരോഗ്യശീലങ്ങളെ സംബന്ധിച്ച് കായികക്ലബ്ബുകൾ വഴി ബോധവത്ക്കരണപരിപാടികൾ ആവിഷ്കരിക്കുക. ■




# സഹകരണം

സ്വാതന്ത്ര്യലബ്ധിയ്ക്കുമുൻപുതന്നെ പെരിഞ്ഞനത്ത് സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചിരുന്നു. പഞ്ചായത്തിൻെറ ഈസ്റ്റ്, വെസ്റ്റ്, സെൻറർ ഭാഗങ്ങൾ കേന്ദ്രീകരിച്ചായിരുന്നു ഇങ്ങിനെയുള്ള സംഘങ്ങൾ പ്രവർത്തനം നടത്തിയിരുന്നത്. 1917ൽ പെരിഞ്ഞനം ഈസ്റ്റിൽ ആരംഭിച്ച പൊൻമാനിക്കുടം ഐക്യനാണയ വിവിധോദ്ദേശ്യ സഹകരണസംഘമാണ് പഞ്ചായത്തിലെ ആദ്യസഹകരണസംഘം. ശ്രീ കരുവത്തിൽ അയ്യപ്പൻ ആയിരുന്നു ഇതിൻെറ ആദ്യപ്രസിഡൻറ്. ഇതേ കാലയളിവിൽ തന്നെ പെരിഞ്ഞനം ഓണപ്പറമ്പിൽ പെരിഞ്ഞനം വെസ്റ്റ് ഐക്യനാണയ സംഘമെന്നപേരിലും പെരിഞ്ഞനം സെൻററിൽ ഐക്യനാണയസംഘമെന്നപേരിലും രണ്ട് സംഘങ്ങൾകൂടി പ്രവർത്തിക്കാൻ തുടങ്ങി. ഈ മൂന്നുസംഘങ്ങളും സമാനസ്വഭാവത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവന്നിരുന്നത്. മൂന്നു സംഘങ്ങളും തറവാട്ട് പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. സഹകരണപ്രസ്ഥാനം ജനകീയമായി വേണ്ടത്ര പ്രവർത്തിച്ചിരുന്ന കാലഘട്ടമായിരുന്നില്ല അന്ന്. ഇടത്തരം കൃഷിക്കാരാണ് ഈ സംഘങ്ങൾ നടത്തിപ്പോന്നിരുന്നത്. സ്വന്തമായി ഭൂമിയുള്ളവർക്ക് മാത്രമെ ഇവയിൽ അംഗത്വവും വായ്പയും ലഭിച്ചിരുന്നുള്ളു. പരമാവധി നൽകിയിരുന്ന വായ്പ 500 രൂപയായിരുന്നു. കടം വാങ്ങുന്ന അംഗത്തിനും ജാമ്യം നൽകുന്ന അംഗത്തിനും കടത്തിന്മേൽ തുല്യ ഉത്തരവാദിത്വം ഉണ്ടായിരുന്നു.

കുറച്ചുകാലങ്ങൾക്ക് ശേഷം പെരിഞ്ഞനം വെസ്റ്റിലെ ഐക്യനാണയസഹകരണസംഘം F 8417 പെരിഞ്ഞനം വെസ്റ്റ് സർവ്വീസ് സഹകരണസംഘമെന്നും, സെൻറർ കേന്ദ്രീകരിച്ചുള്ള സംഘം F 3930 പെരിഞ്ഞനം സർവ്വീസ് സഹകരണസംഘമെന്നും ഈസ്റ്റിലേത് F 794 പൊൻമാനിക്കുടം സർവ്വീസ് സഹകരണസംഘമെന്നും പുനർനാമകരണം ചെയ്യപ്പെട്ടു. 1957ന് ശേഷമാണ് ഇവ കൂടുതൽ ജനപങ്കാളിത്തത്തോടെ പ്രവർത്തിക്കാൻ തുടങ്ങിയത്. 1978 ആയപ്പോഴേക്കും ഈസംഘങ്ങൾക്കെല്ലാം സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായി. 1983 മാർച്ച് മാസം 25 ാം തിയ്യതി ഈ മൂന്നു സംഘങ്ങളും സംയോജിക്കുകയും പുതിയ സംഘത്തിന് R 720 പെരിഞ്ഞനം പഞ്ചായത്ത് സർവ്വീസ് സഹകരണസംഘമെന്ന പേര് നൽകുകയും ചെയ്തു. പിന്നീട് ഇത് പെരിഞ്ഞനം സർവ്വീസ് സഹകരണ ബാങ്കാക്കിമാറ്റി. ആദ്യമുണ്ടായിരുന്ന മൂന്നു സംഘങ്ങളും ഇതിൻെറ ശാഖകളായി പ്രവർത്തനം തുടർന്നു.

ഈ കാലഘട്ടത്തിനിടയിൽതന്നെ വേറെചില സംഘങ്ങൾ ഉയർന്നുവരികയും തകർന്നുപോകാനിടയാകുകയും ചെയ്തിട്ടുണ്ട്. 1948 മുതൽ കുറ്റിലക്കടവിൽ പ്രവർത്തിച്ചിരുന്ന അർബൻ ബാങ്ക്, പെരിഞ്ഞനം വെസ്റ്റിൽ പ്രവർത്തനം നടത്തിയിരുന്ന കയർ സഹകരണ സംഘം, പായ സഹകരണസംഘം എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇവയിൽ അർബൻ ബാങ്കിന് ഇരുപത്തഞ്ചോളം അംഗങ്ങൾ ഉണ്ടായിരുന്നു. 1960 ന് ശേഷമാണിത് ലിക്വിഡേറ്റ് ചെയ്യപ്പെട്ടത്. കയറിൻെറ മാർക്കറ്റിങ്ങുമായി ബന്ധപ്പെട്ട പ്രശ്നമാണ് കയർ സൊസൈറ്റിയുടെ തകർച്ചയ്ക്ക് വഴിതെളിയിച്ചത്. ഇവിടെ ഉല്പാദിപ്പിച്ചിരുന്ന കയർ സംസ്ഥാന മാർക്കറ്റിങ്ങ് ഫെഡറേഷന് നൽണമെന്നായിരുന്നു നിയമം. എന്നാൽ മാർക്കറ്റിങ്ങ് ഫെഡറേഷൻ നൽകിയിരുന്ന വില പൊതുവിപണിയിൽ ലഭിച്ചിരുന്നതിനേക്കാൾ വളരെക്കുറവായിരുന്നു.

1980 ന് ശേഷമാണ് പെരിഞ്ഞനത്ത് വിവിധരീതിയിലുള്ള സഹകരണസംഘങ്ങൾ ഉയർന്നുവരുവാൻ തുടങ്ങിയത്. ഇപ്പോൾ ഇവിടെ സഹകരണമേഖലയിൽ 8 സംഘങ്ങൾ പ്രവർത്തനം നടത്തുന്നുണ്ട്. ഇതിൽ മൂന്നെണ്ണം ക്രെഡിറ്റ് സംഘങ്ങളും അഞ്ചെണ്ണം നോൺ ക്രെഡിറ്റ് സംഘങ്ങളുമാണ്. ആർ. എം. ഹൈസ്കൂൾ കേന്ദ്രമാക്കി ഒരു സ്കൂൾ സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ നാട്ടിക ഫർക്കാ ഹൗസിങ്ങ് സഹകരണസംഘത്തിൻേറയും ഇരിഞ്ഞാലക്കുട, കൊടുങ്ങല്ലൂർ കാർഷികവികസനബാങ്കിൻേറയും പ്രവർത്തനപരിധിയിൽ പെരിഞ്ഞനം പഞ്ചായത്തുകൂടി ഉൾപ്പെടുന്നുണ്ട്. പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുക, അവർക്കാവശ്യമയി വായ്പകൾ ലളിതമായ വ്യവസ്ഥകളിൽ നൽകുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഇവ പഞ്ചായത്തിൻെറ സാമ്പത്തിക രംഗത്ത് വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. ഓരോ സഹകരണസംഘത്തേയും കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക. 1

| | സ്ഥാപനത്തിൻെറ പേര് | സ്ഥാപിച്ച വർഷം | ക്രെഡിറ്റ് / നോൺക്രെഡിറ്റ് | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം രൂപ | വാർഷിക ടേണോവർ രൂപ | ലാഭത്തിലോ നഷ്ടത്തിലോ |
|---|---|---|---|---|---|---|---|---|
| 1. | 720 പെരിഞ്ഞനം സർവ്വീസ് സഹകരണബാങ്ക് | 1983 | ക്രെഡിറ്റ് | 8484 | 12 | 13,47,210 | 200,64 | ലാഭത്തിലാണ് |
| 2. | നാട്ടിക ഫർക്കാ സഹകരണ റൂറൽ ബാങ്ക് | 1982 | " | 3380 | 6 | 1,66,900 | 55,81,879 | ലാഭത്തിലാണ് |
| 3. | തൃശൂർ ജില്ലാ സഹകരണ ബാങ്ക് | 1977 | " | -- | 8 | | 62,71,389 | ലാഭത്തിലാണ് |
| 4. | പി. വെമ്പല്ലൂർ പെരിഞ്ഞനം മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണസംഘം | 1988 | നോൺ ക്രെഡിറ്റ് | 457 | 1 | 1,16900 | 10,26,128 | ലാഭത്തിലാണ് |
| 5. | പെരിഞ്ഞനം ഈസ്റ്റ് ക്ഷീരോല്പാദന സഹകരണ സംഘം | 1991 | " | 275 | 3 | 2810 | 126480.45 | ലാഭത്തിലാണ് |
| 6. | പെരിഞ്ഞനം ക്ഷീരൊല്പപാദന സഹകരണസംഘം | 1987 | " | 376 | 3 | 3760 | 20,44,748 | ലാഭത്തിലാണ് |
| 7. | പെരിഞ്ഞനം വെസ്റ്റ് ക്ഷീരോല്പാദക സഹകരണസംഘം | ഫെബ്രുവരി 1996 | " | 129 | 1 | 1380 | — | — |
| 8. | മത്സ്യതൊഴിലാളി വികസനക്ഷേമസഹകരണസംഘം | 1993 | " | 365 | 1 | 46400 | 2,85,000 | ലാഭത്തിലാണ് |

ഈ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ കാർഷികമേഖല, വ്യാവസായിക മേഖല ഭവനനിർമ്മാണരംഗം, മത്സ്യോല്പാദന മേഖല, ക്ഷീരോല്പാദന മേഖല, ജനറൽ എന്നിങ്ങനെ വിശകലനം ചെയ്യാവുന്നതാണ്.

## കാർഷികമേഖല

കാർഷികമേഖലയിൽ പ്രധാനമായും വായ്പാവിതരണം നടത്തുന്നത് പെരിഞ്ഞനം സർവ്വീസ് സഹകരണബാങ്കാണ്. കൃഷിക്ക് വേണ്ടിവരുന്ന ശരാശരി ചെലവിൻേറയും തിരിച്ചടയ്ക്കുവാനുള്ള കഴിവിൻേറയും അടിസ്ഥാനത്തിലാണ് ഇവ നൽകുന്നത്. ജില്ലാ സഹകരണബാങ്ക് തയ്യാറാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ ഇങ്ങിനെയുള്ള വായ്പകൾ വിതരണം നടത്തുവാൻ കഴിയുകയുള്ളൂ. കാർഷിക വികസനബാങ്കാണ് ഈ മേഖലയിൽ വായ്പനൽകിവരുന്ന മറ്റൊരു സ്ഥാപനം. എന്നാൽ ഈ ബാങ്കിൻെറ പ്രവർത്തനം വേണ്ടത്രരീതിയിൽ പ്രയോജനപ്പെടുത്തുവാൻ ജനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കാർഷിക വായ്പയക്ക് ഈടാക്കുന്ന പലിശനിരക്ക് മറ്റു വായ്പകളേക്കാൾ കുറവാണ്. കാർഷികാവശ്യങ്ങൾക്കാണ്ഈ വായ്പകൾ നൽകിവരുന്നതെങ്കിലും ഉല്പാദനരംഗത്ത് ഇത് വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. ഒട്ടേറെപേർ ഇതിൻെറ പ്രയോജനം ലഭിക്കുന്നവരായുണ്ടെങ്കിലും കാർഷിക പുരോഗതിയുണ്ടാക്കുവാനോകാർഷിക സംസ്കാരം വളർത്തിയെടുക്കാനൊ ഇങ്ങിനെയുള്ള സ്കീമുകൾകൊണ്ട് കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ടകാര്യമാണ്.

## വ്യാവസായികമേഖല

വിവിധവ്യവസായങ്ങൾക്കായി പലസ്കീമുകളിൽപ്പെട്ട വായ്പകൾ വിതരണം ചെയ്തുവരുന്നുണ്ട്. കൊപ്ര കച്ചവടം,

റെഡി മെയഡ് വസ്ത്രനിർമ്മാണം, ഹോട്ടൽ വ്യവസായം, കറിപൗഡർ യൂണിററുകൾ, പശുവളർത്തൽ യൂണിറ്റ്, ബാഗ് നിർമ്മാണയൂണിറ്റ് തുടങ്ങിയവ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിവരുന്നു. DWCRA, IRDP തുടങ്ങിയ സ്കീമുകൾ പ്രകാരമുള്ള വായ്പകളും നൽകിവരുന്നു. കൂടാതെ പായനെയ്ത്ത് തുടങ്ങിയ ആവശ്യങ്ങൾക്കും വായ്പ നൽകുന്നുണ്ട്. ഈമേഖലയിലും പ്രധാനമായും പ്രവർത്തിക്കുന്നത് പെരിഞ്ഞനം സർവ്വീസ് സഹകരണബാങ്കാണ്. മറ്റു സഹകരണസ്ഥാപനങ്ങൾ ഈ മേഖലയിൽ പ്രവർത്തനം നടത്തുന്നില്ല എന്നുതന്നെപറയാം. ഇങ്ങിനെയുള്ള വായ്പകൾ പ്രയോജനപ്പെടുത്തി വിജയകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പെരിഞ്ഞനത്തുണ്ട്.

## ഭവനനിർമ്മാണം

ഈ വിഭാഗത്തിൽ പ്രധാനമായും പ്രവർത്തിക്കുന്നത് നാട്ടിക ഫർക്കാ സഹകരണ ഹൗസിങ്ങ് സൊസൈറ്റിയാണ്. 95-96 പ്രവർത്തനവർഷത്തിൽ 40 പേർക്ക് ഈ മേഖലയിൽ വായ്പ ലഭിച്ചിട്ടുണ്ട്. ജില്ലാസഹകരണബാങ്കിൻെറ പ്രവർത്തനങ്ങളും ഈ മേഖലയിലുണ്ട്. എങ്കിലും പഞ്ചായത്തുതലത്തിലുള്ളൊരു ഭവനനിർമ്മാണസഹകരണസംഘത്തിൻെറ അഭാവം ശ്രദ്ധിക്കപ്പെടുന്നുണ്ട്.

## മത്സ്യോല്പാദന മേഖല

ഈ മേഖലയിൽ രണ്ടു സഹകരണസംഘങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഇതിൽ പ്രധാനമായത് പി. വെമ്പല്ലൂർ പെരിഞ്ഞനം FDWCS മത്സ്യതൊഴിലാളി വികസനസഹകരണസംഘമാണ്. പെരിഞ്ഞനം, പാപ്പിനിവട്ടം, പി. വെമ്പല്ലൂർ എന്നീ ഭാഗങ്ങളാണ് ഇതിൻെറ പ്രവർത്തനപരിധി. മത്സ്യഫെഡിൻെറ ഒട്ടനവധി സ്കീമുകൾ ഇതിലൂടെ നടപ്പാക്കുന്നുണ്ട്. പെരിഞ്ഞനം മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണസംഘമാണ് മറ്റൊന്ന്. നോൺ ക്രെഡിറ്റ് സംഘങ്ങളാണെങ്കിലും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുക, തയ്യൽമെഷീൻ വാങ്ങുക, പായനെയ്ത്ത് തുടങ്ങിയ ആവശ്യങ്ങൾക്ക് ഇവയിൽ നിന്ന് വായ്പനൽകിവരുന്നുണ്ട്. എങ്കിലും മത്സ്യോല്പാദനം വർദ്ധിപ്പിക്കുവാനോ തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മുക്തരാക്കുവാനോ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയുന്നില്ല എന്നത് പോരായ്മയാണ്.

## ക്ഷീരോല്പാദനമേഖല

ഈ മേഖലയിൽ മൂന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നു. പെരിഞ്ഞനം ഈസ്റ്റ് ക്ഷീരോല്പാദക സഹകരണസംഘം, പെരിഞ്ഞനം ക്ഷീരോല്പാദക സഹകരണസംഘം, പെരിഞ്ഞസ്റ്റ് വെസ്റ്റ് ക്ഷീരോല്പാദക സംഘം എന്നിവയാണവ. ഇതിൽ പെരിഞ്ഞനം വെസ്റ്റ് ക്ഷീരോല്പാദക സഹകരണസംഘം ഈ വർഷമാണ് തുടങ്ങിയത്. ഇവിടത്തെ ക്ഷീരോല്പാദകർക്ക് ഒരു ആശ്വാസമെന്ന രീതിയിലാണ് ഇവയുടെ പ്രവർത്തനം വിലയിരുത്തപ്പെടുന്നത്. പാലിൻെറ മാർക്കറ്റിങ്ങ് കൂടാതെ പെരിഞ്ഞനം സർവ്വീസ് സഹകരണ ബാങ്ക് അനുവദിക്കുന്ന പശുക്കളെ വാങ്ങാനുള്ള വായ്പ ഇവയിലൂടെ ലഭ്യമാകുന്നുണ്ട്. എങ്കിലും മിൽമയുടെ പ്രവർത്തനത്തിൽ അംഗങ്ങൾ പൊതുവെ അസംതൃപ്തരാണ്. പാലിന് ശരിയായ വില ലഭിക്കുന്നില്ല എന്നതാണ് പ്രധാനകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

## ജനറൽ

സാധാരണവായ്പ, സ്വർണ്ണപണയവായ്പ, ഗൃഹോപകരണങ്ങൾക്കും, വിസ, വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള വായ്പകൾ പമ്പുസെറ്റ്, കിണർ എന്നിവയ്ക്കുള്ള വായ്പകൾ തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നതാണ്. ഇതിൽ സ്വർണ്ണപണയ വായ്പ അംഗങ്ങളല്ലാത്തവർക്കും വാങ്ങാവുന്നതാണ്. ഈ മേഖലയിലും പ്രധാനമായും പ്രവർത്തിക്കുന്നത് പെരിഞ്ഞനം സർവ്വീസ് സഹകരണബാങ്കാണ്. റൂറൽ ബാങ്കിൻെറ പെരിഞ്ഞനം ശാഖ നടത്തിവരുന്ന ആകെ സേവന പ്രവർത്തനം സ്വർണ്ണപണയ വായ്പയാണ്. ജില്ലാ സഹകരണബാങ്കിലൂടെ സാധാരണവായ്പകൾ ലഭ്യമാകുന്നുണ്ട്. ഏറ്റവും കൂടുതൽ ആളുകൾ പ്രയോജനപ്പെടുത്തുന്നത് ഈ മേഖലയിലുള്ള വായ്പകളാണ്.

വിവിധമേഖലയിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് കൂടുതൽമനസ്സിലാക്കാവുന്നതാണ്.

പട്ടിക. 2

### ക്രെഡിറ്റ് സംഘങ്ങളുടെ ഡെപ്പോസിറ്റ് വായ്പാ അനുപാതം

| | സ്ഥാപനത്തിൻെറ പേര് | 95 - 96 ൽസ്വീകരിച്ച ആകെ ഡെപ്പോസിറ്റ് | 95 - 96ൽ അനുവദിച്ച ആകെ വായ്പ | അനുപാതം |
|---|---|---|---|---|
| 1. | പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്ക് | 2.07 ലക്ഷം | 200.64 ലക്ഷം | 90 |
| 2. | നാട്ടിക ഫർക്കാ സഹകണ റൂറൽ ബാങ്ക് | 1,09,76,610 | 55,24,019 | 66 |
| 3. | ജില്ലാ സഹകരണബാങ്ക് | 2,38,46,102 | 79,65,469 | 31 |

പട്ടിക. 3

## ക്രെഡിറ്റ് സംഘങ്ങളുടെ വായ്പകൾ

| വായ്പകൾ | P. S. C. B പെരിഞ്ഞനം | | | നാട്ടിക ഫർക്ക റൂറൽബാങ്ക് | | | ജില്ലാസഹകരണബാങ്ക് | | |
|---|---|---|---|---|---|---|---|---|---|
| | അനുവദിച്ചത് രൂപ. ലക്ഷം | തിരിച്ചടവ് രൂപ. ലക്ഷം | ഓവർഡ്യൂ രൂപ. ലക്ഷം | 95 - 96 രൂപ | തിരിച്ചടവ് രൂ. | ഓവർഡ്യൂ | 95 - 96 രൂപ | തിരിച്ചടവ് രൂ | ഓവർഡ്യൂ. രൂ |
| ST | 14.84 | 12.77 | 2.07 | | | | 10 D | | |
| MI | 71.54 | 58.03 | 13.51 | | | | 5,30,286 | 3,88,391 | 1,41,895 |
| OL | 42.65 | 28.75 | 13.90 | Gold 55,24,019 | 48.40, 699 | 68.33,20 | OL 23,94,829 | 14,85,995 | 20,88,34 |
| Gold. | 69.15 | 52.04 | 17.11 | | | | DIOD | | |
| IRDP | 2.46 | 2.01 | .45 | | | | 34,054 | 7,557 | 26,497 |
| | | | | | | | HouseLoan 3006300 | 2756315 | 249,985 |
| ആകെ | 200.64 | 153.60 | 47.04 | 55,24.019 | 4840699 | 683320 | 7965469 | 46,38,258 | 6,27,211 |

പട്ടിക. 4

## ക്ഷീരസഹകരണസംഘങ്ങൾ

| | സ്ഥാപനത്തിന്റെ പേര് | പ്രതിമാസം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | | പുറത്തേക്ക് അയയ്ക്കുന്നത് | |
|---|---|---|---|---|---|---|
| | | ലിറ്റർ | ലിറ്റർ | ശതമാനം | ലിറ്റർ | ശതമാനം |
| 1. | പെരിഞ്ഞനം ക്ഷീരോല്പാദക സഹകരണ സംഘം | 17535.8 | 1449 | 8.26 | 16086.8 | 91.74 |
| 2. | പെരിഞ്ഞനം വെസ്റ്റ് | 3900 | 600 | 15.38 | 3300 | 84.62 |
| 3. | പരിഞ്ഞനം ഈസ്റ്റ് | 6910.6 | 977 | 14.14 | 5933 | 85.86 |

സഹകരണപ്രസ്ഥാനങ്ങളുടെ വിവധമേഖലയിലെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ മിക്കവാറും എല്ലാ രംഗങ്ങളിലും മെച്ചപ്പെട്ടരീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുള്ളത് പെരിഞ്ഞനം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്കിനാണെന്ന് കാണാം. പൊതുജനങ്ങളിൽ നിന്ന് സ്ഥിരനിക്ഷേപമായി 1 കോടി 77 ലക്ഷം രൂപയും ഹ്രസ്വകാല നിക്ഷേപമായി 30 ലക്ഷം രൂപയും സമാഹരിക്കുവാൻ ഇതിന് കഴിഞ്ഞിട്ടുണ്ട്. സാധാരണ ബാങ്കിങ്ങ് പ്രവർത്തനങ്ങൾക്ക് പുറമെ ഓണക്കാലത്ത് പൊതുവിപണിയിലെ വിലവർദ്ധനവ് പിടിച്ചുനിർത്തുക എന്ന ഉദ്ദേശത്തോടെ എല്ലാ വർഷവും ബാങ്കിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഓണച്ചന്തകൾ സവിശേഷ ശ്രദ്ധയാകർഷിക്കുന്നുണ്ട്. എങ്കിലും പഞ്ചായത്തിലെ ഉല്പാദന വ്യാപാര പ്രവർത്തനങ്ങളിലുള്ള ഫലപ്രദമായ ഇടപെടലിന് ഏറ്റവും ശക്തമായ ഉപകരണമായി ഇതിനെ മാറ്റിയെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല.

പട്ടിക. 5

## മറ്റുസഹകരണസംഘങ്ങൾ

| സംഘത്തിന്റെ പേര് | ഏത് ഇനം വായ്പ | എത്രപേർക്ക് | നൽകിയ തുക. രൂ |
|---|---|---|---|
| ഭവന നിർമ്മാണ സഹകരണസംഘം | ഭവന നിർമ്മാണം | 40 | 18,80,100 |
| കാർഷിക വികസന സഹകരണബാങ്ക് | മോട്ടോർ പമ്പ്സെറ്റ് | 1 | 10,600 |
| " | INF | 1 | 25000 |
| " | R. H. | 4 | 3,25,000 |
| പി. വെമ്പല്ലൂർ പെരിഞ്ഞനം FDWCS | മത്സ്യബന്ധന ഉപകരണങ്ങൾ | —— | 8,80,97,8 |
| " " | പായ നെയ്ത്ത് | —— | 1, 05,750 |
| " " | തയ്യൽ മെഷിൻ | —— | 23,400 |
| " " | സൈക്കിൾ | —— | 16,000 |
| പെരിഞ്ഞനം മത്സ്യതൊഴിലാളി വികസന ക്ഷേമസഹകരണസംഘം | മത്സ്യബന്ധന ഉപകരണങ്ങൾ | —— | 1,58,000 |
| " " | കുടിൽ വ്യവസായം (സ്ത്രീകൾ) | —— | 1,27,000 |

### പ്രശ്നങ്ങൾ

1. കാർഷിക മേഖലയിൽ ഉല്പാദന വർദ്ധനവിനാവശ്യമായ വായ്പ കൾ ലഭ്യമാകുന്നില്ല.
2. കാർഷിക, വ്യവസായികാവശ്യങ്ങൾക്ക് വാങ്ങുന്നവായ്പ അതേ ആവശ്യങ്ങൾക്കുതന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല.
3. പുതിയ പ്രവർത്തനമേഖലകളിലേക്ക് അതായത് ഉല്പാദന വിപണനരംഗങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുവാൻ ബാങ്കിന് ആത്മധൈര്യക്കുറവ്.
4. മറ്റുപഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായി ഇവിടുത്തെ സഹകരണബാങ്കും അതിന്റെ ശാഖകളും മൂന്നിടത്തായി സ്ഥിതിചെയ്യുന്നതുകൊണ്ട് എസ്റ്റാബ്ലിഷ്മെന്റ് ചെലവ് വളരെകൂടുതലാണ്.
5. ചെറിയൊരു ശതമാനം വായ്പക്കാർ വായ്പ തിരിച്ചടക്കുവാൻ കാലതാമസം വരുത്തുന്നത് എല്ലാവരേയും ദോഷകരമായി ബാധിക്കുന്നു.
6. മിൽമ പാലിനു നൽകുന്ന വില വളരെകുറവാണ്. ഇങ്ങനെയുണ്ടാകുന്ന അമിതലാഭത്തിന്റെ വിഹിതം അംഗങ്ങൾക്ക് ലഭ്യമാകുന്നില്ല.
7. സ്റ്റേറ്റ് സഹകരണബാങ്കിനും പ്രാഥമിക സഹകരണസംഘങ്ങൾക്കുമിടയിൽ ഒരു മദ്ധ്യവർത്തിയായി പ്രവർത്തിക്കുക എന്നതാണ് ജില്ലാസഹകരണബാങ്കിന്റെ ഉദ്ദേശമെങ്കിലും പ്രാഥമിക സഹകരണസംഘങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങൾതന്നെ ജില്ലാസഹകരണബാങ്ക് അതിന്റെ ശാഖകളിലൂടെ നടത്തിപ്പോരുന്നു. ഇത് പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്കിന്റെ സാധ്യതകളെ കുറയ്ക്കുന്നു.
8. മോഹനവാഗ്ദാനങ്ങളുമായി കൂണുകൾപോലെ മുളച്ചുപൊങ്ങുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ സഹകരണസ്ഥാപനങ്ങളുടെ നിലനിൽപിനെ പ്രതികൂലമായി ബാധിക്കുന്നു.
9. ഇടപാടുകാരോടുള്ള ജീവനക്കാരുടെ സമീപനം തൃപ്തികരമല്ല.
10. സർവ്വീസ് സഹകരണബാങ്കിന്റെ പൊതുയോഗങ്ങൾക്കുള്ള അറിയിപ്പുകൾ പത്രത്തിലൂടെ പരസ്യംചെയ്തുമാത്രം നടത്തുന്നത് യോഗങ്ങളിൽ ജനപങ്കാളിത്തം കുറയാൻ കാരണമാകുന്നുണ്ട്.

## സാധ്യതകൾ

1. പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്ന മേഖലകൾ.
    1. പായനെയ്ത്ത്
    2. കയർ
    3. ബീഡി
    4. രാമച്ചം
    5. വ്യവസായ സഹകരണസംഘങ്ങൾ
    6. ഭവനനിർമ്മാണ സഹകരണസംഘം
    7. ലേബർ കോൺട്രാക്ട് സൊസൈറ്റി
    8. നാളികേരം, കൊപ്ര, അടയ്ക്ക, പുളി, മത്സ്യം, റെഡിമെയ്ഡ് തുടങ്ങിയവയുടെ വിപണനവുമായി ബന്ധപ്പെട്ട വിവിധോദ്ദേശ സഹകരണസംഘം.
2. പുതുതായി രൂപീകരിക്കുന്ന എല്ലാതരത്തിലുമുള്ള ചെറുകിട സഹകരണസംഘങ്ങളുടേയും ഒരു കോ-ഓഡിനേറ്റിംഗ് ഏജൻസിയായി പെരിഞ്ഞനം സർവ്വീസ് സഹകരണബാങ്ക് പ്രവർത്തിക്കണം. ഇതിനായി ഇങ്ങനെ രൂപീകരിക്കുന്ന സംഘങ്ങൾ പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്കിൽ അഫിലിയേറ്റ് ചെയ്യണം.
3. പ്രത്യേക തൊഴിൽദാന സ്കീമുകളുമായി ബന്ധപ്പെട്ട വായ്പകളുടെ ഗുണഭോക്താക്കളെ അയൽക്കൂട്ടങ്ങൾവഴി കണ്ടെത്തുകയും സംഘടിപ്പിക്കുകയും ചെയ്യുക.
4. പഞ്ചായത്തിന്റെ മുഴുവൻ ധനകാര്യ ഇടപാടുകളും പഞ്ചായത്ത് സഹകരണസംഘം വഴിയാക്കുക.
5. ഓരോ കൊല്ലവും ഓണച്ചന്തയിൽ വിൽക്കുന്നതിന് പ്രാദേശികമായി ഉല്പാദിപ്പിക്കുവാൻ കഴിയുന്ന വിഭവങ്ങൾ പഞ്ചായത്തിൽതന്നെ ഉല്പാദിപ്പിക്കുവാനുള്ള പദ്ധതി കൃഷിഭവന്റെ സഹകരണത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുക. ഇതിനായി കർഷകർക്ക് നിശ്ചിതസമയത്ത് പരിശീലനം നൽകുകയും വിത്ത്, വളം എന്നിവ ലഭ്യമാക്കുകയും ചെയ്യുക.ഈ മേഖലയിൽ കൊടുക്കുന്ന വായ്പകളുടെ തിരിച്ചടവ് ഉല്പന്നങ്ങളായി വാങ്ങിക്കുക.
6. അയൽപ്രദേശങ്ങളായ കൈപ്പമംഗലം, മതിലകം എന്നിവിടങ്ങളിൽ സഹകരണബാങ്കുകൾക്ക് ശാഖകളില്ല. എന്നാൽ പെരിഞ്ഞനത്ത് സഹകരണബാങ്കും അതിന്റെ ശാഖകളും മൂന്നിടത്തായി സ്ഥിതിചെയ്യുന്നു. ഇത് എസ്റ്റാബ്ലിഷ്മെന്റ് ചെലവ് വർദ്ധിക്കാനുള്ള ഒരു പ്രധാനകാരണമാണ്. പെരിഞ്ഞനം ഒരു ചെറിയ പ്രദേശമായതിനാൽ ഇവയുടെ പ്രവർത്തനം പെരിഞ്ഞനം സെൻററിൽ തന്നെ കേന്ദ്രീകരിക്കാവുന്നതാണ്. മറ്റ് ശാഖകളെ കാർഷികോല്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങളാക്കി മാറ്റുക. ഇങ്ങനെ ചെയ്യുകയാണെങ്കിൽ അമിതമായ എസ്റ്റാബ്ലിഷ്മെന്റ് ചിലവുമൂലമുണ്ടാകുന്ന നഷ്ടം നികത്താവുന്നതാണ്.
7. അഞ്ചോ, പത്തോ വീടുകൾ ചേർന്ന് കോഴിവളർത്തൽയൂണിറ്റുകൾ ഉണ്ടാക്കുവാൻ പ്രോത്സാഹിപ്പിക്കുകയും അങ്ങിനെയുള്ള യൂണിറ്റുകൾക്ക് ആവശ്യമായ വായ്പകൾ ലഭ്യമാക്കുകയും ചെയ്യുക.
8. കാർഷിക വായ്പകൾ ശരിയായരീതിയിൽ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ഇതിനായി വായ്പകൾ വസ്തുക്കളായി നൽകുന്ന കാര്യം ആലോചിക്കാവുന്നതാണ്. ഉദാ - വളത്തിനുള്ള വായ്പ വളമായിത്തന്നെ നൽകുക.
9. വായ്പകൾ റെക്കമെന്റ് ചെയ്യുന്ന ഡയറക്ടർ ബോർഡ് അംഗങ്ങൾ ഗുണഭോക്താക്കൾ അത് എങ്ങിനെ ഉപയോഗിക്കുന്നുവെന്നും തിരിച്ചടവ് ശരിയായി നടക്കുന്നുണ്ടോയെന്നും പരിശോധിക്കണം.
10. ജനറൽബോഡികൾ ചടങ്ങുമാത്രമാക്കാതെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുക. മൈക്ക് അനൗൺസ്മെന്റ് നടത്തുക, അയൽകൂട്ടങ്ങൾ വഴി പ്രചാരണം നടത്തുക തുടങ്ങിയ മാർഗ്ഗങ്ങൾ ഗുണകരമായിരിക്കും.
11. സാമ്പത്തികരംഗത്തും സേവനരംഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ പുതിയ അറിവുകൾ ഉൾക്കൊള്ളുവാൻ ഭരണസമിതിയും ജീവനക്കാരും തയ്യാറാകണം. ഇതുമായി ബന്ധപ്പെട്ട പഠനക്ലാസ്സുകളേയും മാനേജ്മെന്റ് പരിശീലനങ്ങളേയും ഗൗരവമായി കാണാനും പങ്കെടുക്കുവാനുമുള്ള ശ്രമം ഇവരുടെ ഭാഗത്തുനിന്നും ഉണ്ടാകണം.
12. സ്കൂളുകളിലെ സഞ്ചയികാപദ്ധതിയുടെ നിക്ഷേപം സഹകരണബാങ്കിലാക്കുക.
13. കാർഷിക ലോൺപരിധി തെങ്ങൊന്നിന് 150 രൂപയാക്കുക.
14. NCDC, NABARD എന്നീ ഏജൻസികളിൽ നിന്നുള്ള വായ്പകൾ ഇടത്തട്ട് ഒഴിവാക്കി പ്രാഥമിക സഹകരണസംഘങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാനാവശ്യമായ നടപടികളെടുക്കുക.
15. പ്രാഥമിക സഹകരണസംഘങ്ങൾ ചെയ്യുന്ന അതേപ്രവർത്തനങ്ങൾതന്നെ ചെയ്യുന്നതിൽനിന്ന് ജില്ലാ സഹകരണബാങ്കിനെ അതിനുവേണ്ടി നിർവചിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ മാത്രം ഏറ്റെടുക്കുവാൻ നിർബന്ധിതമാക്കുക.
16. സോഷ്യൽ ഓഡിറ്റിങ്ങ് നടപ്പാക്കുക.
17. മിൽമയുടെ പ്രവർത്തനത്തിൽ നിന്നുണ്ടാകുന്ന ലാഭം യഥാർത്ഥ ഉല്പാദകന് നിഷേധിക്കുന്ന സംസ്ഥാന മിൽമ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കുവാനാവശ്യമായ നടപടികൾ എടുക്കുക.
18. സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളെ നിയന്ത്രിക്കുക.



# വിഭവ സമാഹരണം

പെരിഞ്ഞനം പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതി പരിശോധിച്ചാൽ വരവിൽ കൂടുതൽ ചെലവ് ചെയ്യുന്ന പഞ്ചായത്താണെന്ന് കാണാം. 1995-96 വർഷത്തിൽ 1815838 രൂപ ചെലവ് ചെയ്തപ്പോൾ വരവ് 1645914 രൂപ മാത്രമാണ്. പഞ്ചായത്തിൻെറ വരുമാന സ്രോതസ്സുകൾ താഴെ പറയും പ്രകാരമാണ്.

* തൊഴിൽ നികുതി
* കെട്ടിട നികുതി
* വിനോദ നികുതി
* നികുതിയേതര വരുമാനം
* സംസ്ഥാന നികുതി വിഹിതം
* അൺടൈഡ് ഫണ്ട്
* ഗ്രാൻറുകൾ


മുഖ്യമായ വരുമാനം കെട്ടിട നികുതിയാണ്. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഇത് നാലിരട്ടിയായി വർദ്ധിച്ചിട്ടുള്ളതായി കാണാം. 95-96ൽ മൂന്നര ലക്ഷത്തിലധികമാണ് വരുമാനം. കെട്ടിടങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ നികുതി ചുമത്തുന്നതിന് പൊതുവായ ഒരു മാനദണ്ഡം സ്വീകരിച്ചിട്ടില്ല എന്ന് കാണാം. അശാസ്ത്രീയമായ നികുതി നിർണ്ണയത്തിലൂടെ കെട്ടിട നികുതി ചോർച്ച ഉണ്ടായിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട സ്രോതസ്സ് തൊഴിൽ നികുതിയാണ്. 85-86ൽ 40250 രൂപയായിരുന്നത് ഇന്ന് 135590 രൂപയായി വർദ്ധിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരും കച്ചവടക്കാരും കൃത്യമായി തൊഴിൽ നികുതി അടക്കുമ്പോൾ മറ്റ് വരുമാനക്കാരായ നല്ലൊരു ശതമാനം നികുതി ചുമത്തപ്പെടാത്തവരായുണ്ട്. മുഖ്യമായ മറ്റൊരു വരുമാനമാർഗ്ഗം വിനോദ നികുതിയാണ്. ഏറ്റവുമധികം വെട്ടിപ്പ് നടക്കുന്ന മേഖലയാണിത്. 86-87ൽ വരുമാനം 83036 രൂപയായിരുന്നുവെങ്കിൽ 95-96ൽ അത് 58754 രൂപയായി കുറഞ്ഞു എന്ന് പറഞ്ഞാൽ വെട്ടിപ്പിൻെറ വ്യാപ്തി ഊഹിക്കാവുന്നതേയുള്ളു. കേവലം 80 രൂപയാണ് ഒരു ദിവസം ഒരു തിയ്യേറ്ററിൽ നിന്നുള്ള നികുതി വരുമാനം. എന്നു പറഞ്ഞാൽ ഒരു ദിവസം തിയ്യേറ്ററിലെ ആകെ വരുമാനം 3 ഷോകൾക്കും കൂടി 400 രൂപയാണെന്ന് സാരം. സർക്കാർ ഗ്രാൻറിൽ ക്രമേണ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 85-86ൽ 99274 രൂപയായിരുന്നത് 92-93ൽ 2 ലക്ഷമായി ഉയർന്നു. 95-96ൽ വീണ്ടും 79704 ആയി കുറഞ്ഞു. പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടകയാണ് അടുത്തത്. 67,557 രൂപ പത്ത് വർഷം മുമ്പ് കിട്ടിയിരുന്നുവെങ്കിൽ ഇന്ന് അത് 3,83,051 രൂപയാണ്. 94-95 വർഷത്തെക്കാൾ ഏകദേശം 10000 ക. കുറവാണ് 95-96ലെ വാടകയിനത്തിൽ വരവ്. കാലോചിതമായ മാറ്റം വരുത്തിയാൽ തുക ഇനിയും വർദ്ധിപ്പിക്കാവുന്നതേയുള്ളൂ. അൺടൈഡ് ഫണ്ട് തുടങ്ങിയത് 90-91ലാണ്. അന്ന് ലഭിച്ചത് 1,70,000 രൂപയായിരുന്നു. എന്നാൽ 95-96ൽ അത് 1,06,403 രൂപയായി കുറയുകയാണുണ്ടായത്. ലൈസൻസ് ഫീ, സർക്കാർ നികുതി വിഹിതം എന്നിവയും ലഭിക്കുന്നുണ്ട്. 316 സ്ഥാപനങ്ങളിൽ നിന്നായി 16811 രൂപ മാത്രമാണ് കഴിഞ്ഞ സാമ്പത്തികവർഷം പിരിച്ചെടുത്തത്. സ്ഥാപനങ്ങളുടെ സാധ്യതകൾക്കനുസരിച്ച് ലൈസൻസ് ഫീ വർദ്ധനവ് വരുത്തുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവർ എവിടെ വച്ച് വിവാഹിതരായാലും വിവാഹം ഈ പഞ്ചായത്തിൽ റജിസ്ടർ ചെയ്യാനുള്ള അവസരമൊരുക്കുകയും റജിസ്ട്രേഷൻ ഫീ ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.

പുതിയ പഞ്ചായത്ത്‌രാജ് നിയമപ്രകാരം വിവിധ വകുപ്പുകളിൽ വിവിധ പദ്ധതികളിലായി 2,56,195 രൂപ ഈ സാമ്പത്തിക വർഷം പഞ്ചായത്ത് വഴിയാണ് ചെലവഴിക്കുന്നത്.


പഞ്ചായത്തിന്റെ ചെലവുകളെ കുറച്ചുകൂടി വിശകലനം ചെയ്യുന്നത് നന്നായിരിക്കും. മൊത്തം വരുമാനത്തിന്റെ നാലിലൊന്ന് എസ്റ്റാബ്ലിഷ്മെന്റ് ചെലവാണ്. 1987 -ൽ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായി ഉയർത്തിയതുകൊണ്ട് ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതല്ലാതെ മറ്റ് ഗുണങ്ങളൊന്നും പഞ്ചായത്തിന് ഉണ്ടായിട്ടില്ല. തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് 39,840 രൂപ ചെലവ് ചെയ്യുന്നുണ്ടെങ്കിലും കത്തുന്ന വിളക്കുകളുടെ എണ്ണം പരിശോധിച്ചാൽ അതൊരു ദുർവ്യയമാണെന്നുതോന്നാം. ഉച്ചക്കഞ്ഞിക്കടക്കം വിദ്യാഭ്യാസത്തിന് ചെലവുചെയ്യുന്നത് ഒരു ശതമാനം പോലുമില്ല. വരുമാനത്തിന്റെ മൂന്നിലൊന്ന് ചെലവ് ചെയ്യുന്നത് ഉത്പാദനപരമല്ലാത്ത റോഡ്, തോട്, പാലം തുടങ്ങിയ മരാമത്ത് പണികൾക്കാണ്. മരാമത്ത് പണികൾക്ക് നോമിനികളെ നിശ്ചയിക്കാറുണ്ടെങ്കിലും ജോലികൾ ചെയ്യുന്നത് കോൺട്രാക്ടർമാരാണ്. നോമിനിവർക്ക് കോൺട്രാക്ടർ ചെയ്യുന്നതുകൊണ്ട് പലപ്പോഴും വർക്കിന് വേണ്ടത്ര ഗുണനിലവാരം ഉണ്ടാകാറില്ല. പ്രത്യക്ഷ ഉത്പാദന മേഖലകളിൽ യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല.

## വരവ്-ചെലവ് ഒരു താരതമ്യം

വരുമാനം-പട്ടിക 3




ചിലവ്-പട്ടിക 4



# ധനകാര്യസ്ഥാപനങ്ങൾ

ധനകാര്യസ്ഥാപനങ്ങളെ പ്രധാനമായും 3 ആയി തിരിക്കാം 1) സഹകരണ ബാങ്കുകൾ 2) ഷെഡ്യൂൾഡ് ബാങ്കുകൾ 3) ബാങ്കേതര സ്വകാര്യസ്ഥാപനങ്ങൾ.

1. സഹകരണ ബാങ്കുകൾ

പെരിഞ്ഞനം സർവ്വീസ് സഹകരണബാങ്ക്, നാട്ടിക ഫർക്ക സഹകരണ റൂറൽ ബാങ്കിന്റെ ശാഖ, ജില്ലാസഹകരണബാങ്കിന്റെ ശാഖ എന്നിവയാണ് പെരിഞ്ഞനത്ത് പ്രവർത്തിക്കുന്ന ക്രെഡിറ്റ് സഹകരണസംഘങ്ങൾ. ഇവയുടെ നിക്ഷേപം യഥാക്രമം 207 ലക്ഷം, 81.16872 ലക്ഷം, 238.46102 ലക്ഷം രൂപയാണ്. ഇവയുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 96, 66, 28 എന്നിങ്ങനെയാണ്. നിക്ഷേപത്തിന്റെ 96 ശതമാനവും പ്രാദേശികമായി വായ്പ നൽകുന്ന പ്രാഥമിക സഹകരണ സംഘം നിക്ഷേപ സമാഹരണമാസത്തിൽ പരമാവധി നിക്ഷേപം സമാഹരിക്കാറുണ്ടെങ്കിലും, നിക്ഷേപം നിലനിർത്താൻ കഴിയാറില്ല. ഇതിന്റെ നിക്ഷേപം വർദ്ധിപ്പിക്കേണ്ടത് പ്രദേശികമായ വായ്പാലഭ്യതക്ക് അത്യന്താപേക്ഷിതമാണ്.

## സഹകരണ ബാങ്കുകളെ കുറിച്ചുള്ള വിവരങ്ങൾ പട്ടിക 5

| | പെരിഞ്ഞനം സർവീസ് സഹകരണ ബാങ്ക് | നാട്ടിക ഫർക്ക സഹകരണ ബാങ്ക് | തൃശൂർ ജില്ല സഹകരണ ബാങ്ക് |
|---|---|---|---|
| 1. ആരംഭിച്ച വർഷം | 1983 | 1982 | - |
| 2. പരമാവധി കടമെടുക്കാവുന്ന തുക | - | 50,000 | - |
| 3. സ്ഥിര നിക്ഷേപം | 1.77 കോടി | 20,97,813 | 81,33,347 |
| 4. ഹ്രസ്വകാല നിക്ഷേപം | 30 ലക്ഷം | 60,19,059 | 1,57,12,755 |
| 5. കാർഷികവായ്പകൾ | 14.84 ലക്ഷം | - | - |
| 6. സ്വർണ്ണപണ്ട വായ്പകൾ | 69.15 ലക്ഷം | 52,53,914 | - |
| 7. നിക്ഷേപ വായ്പകൾ | - | 1,52,000 | 5,30,286 |
| 8. ദീർഘകാല വായ്പ | 71.54 ലക്ഷം | ഇല്ല | 3,40,515 |
| 9. സാധാരണ വായ്പ | 42.65 ലക്ഷം | ഇല്ല | 23,94,289 |
| 10. വീടിനുള്ള വായ്പ | - | - | 30,06,300 |
| 11. ഐ.ആർ.ഡി.പി. വായ്പ | 2.46 ലക്ഷം | - | - |
| 12. നിക്ഷേപ വായ്പാ അനുപാതം | 96% | 66% | 28% |

2. ഷെഡ്യൂൾഡ് ബാങ്കുകൾ : ഈ പ്രദേശത്ത് ഷെഡ്യൂൾഡ് ബാങ്കുകൾ 2 എണ്ണമാണ് പ്രവർത്തിക്കുന്നത്. ഇവിടെ നിന്നും വലിയ അളവിൽ നിക്ഷേപം സമാഹരിക്കുന്ന ബാങ്കുകൾ വളരെ കുറച്ച് മാത്രമാണ് വായ്പയായി നൽകുന്നത്. ഐ.ആർ.ഡി.പി. പോലുള്ള സർക്കാർ സ്പോൺസേർഡ് പദ്ധതികൾക്ക് തികഞ്ഞ അവഗണനയാണ് ഈ ബാങ്കുകളിൽ നിന്ന് ലഭിക്കുന്നത്. ഗ്രാമ വികസന വകുപ്പിന്റെ പദ്ധതികളൊന്നും ഇതുമൂലം നടപ്പാക്കാൻ കഴിയുന്നില്ല. കൃഷി വകുപ്പിൽ മാത്രം 60,000 രൂപയോളം കർഷകർക്ക് സഹായം നൽകാൻ പറ്റാത്ത അവസ്ഥയിൽ ലാപ്സായി കൊണ്ടിരിക്കുകയാണ്. ബാങ്കുകൾ കർഷകർക്ക് ലോൺ നൽകാത്തതാണ് കാരണം. ലഭ്യമായ കണക്കുകൾ പ്രകാരം ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്ന് നിക്ഷേപത്തിന്റെ പത്തുശതമാനത്തിൽ താഴെ മാത്രമാണ് ഈ പ്രദേശത്ത് വായ്പയായി നൽകിയിട്ടുള്ളത്.

3. ബാങ്കേതര സ്വകാര്യ സ്ഥാപനങ്ങൾ

ബ്ലേഡ് കമ്പനികളുടെ പതനത്തിന് ശേഷം വളർന്ന് വന്നിരിക്കുന്ന ചിട്ടികമ്പനികൾ വളരെയേറെയാണ്. പഞ്ചായത്തിനോ സർക്കാരിനോ യാതൊരു നിയന്ത്രണവുമില്ലാത്ത ഈ സ്ഥാപനങ്ങൾ കൂണുപോലെ പെരുകുകയാണ്. ആകർഷകമായ വാഗ്ദാനങ്ങളിലൂടെ ഇവർ സാധാരണക്കാരെ കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണ്. വായ്പകൾക്ക് ഉയർന്ന പലിശയാണ് ഈ സ്ഥാപനങ്ങൾ ഈടാക്കുന്നത്.

## ഷെഡ്യൂറാഡ് ബാങ്കുകളെക്കുറിച്ചുള്ള വിവരങ്ങാം പട്ടിക - 6

| | കാത്തലിക് സിറിയൻ ബാങ്ക് | ലോർഡ് കൃഷ്ണാ ബാങ്ക് |
|---|---|---|
| 1. ആരംഭിച്ച വർഷം | 1976 | 1964 |
| 2. ജീവനക്കാരുടെ എണ്ണം | 10 | 7 |
| 3. പ്രവർത്തന പരിധി | 5കി.മീ. | 5കി.മീ. |
| 4. നിക്ഷേപ വായ്പ അനുപാതം | 39% | 48.99% |
| 5. സ്ഥിര നിക്ഷേപം | 5,87,77,075 | 3,50,00,000 |
| 6. ഹ്രസ്വകാല നിക്ഷേപം | 1,58,65,705 | 48,00,000 |
| 7. സർക്കാർ പദ്ധതികാക്ക് നൽകിയ വായ്പ | 4,64,231 | 3.24 ലക്ഷം |
| 8. കാർഷിക വായ്പ | 20,80,971 | 12.14 ലക്ഷം |
| 9. ഐ.ആർ.ഡി.പി. വായ്പ | 95,802 | 0.15 ലക്ഷം |
| 10. മറ്റ് വായ്പകാം | 33,65,230 | 179.47 ലക്ഷം |
| 11. കാലാവധി കഴിഞ്ഞിട്ടും തിരിച്ച് കിട്ടാത്ത വായ്പകാം | 16,64,845 | 45.23 ലക്ഷം |

ഇവ കൂടാതെ ഒട്ടേറെ സ്വകാര്യ വ്യക്തികളും പണമിടപാട് നടത്തുന്നവരായുണ്ട്. ഇവരിൽ നിന്ന് കൃത്യമായ സ്ഥിതി വിവരക്കണക്കുകാം ലഭിക്കുക ദുഷ്കരമാണ്. സ്വർണ്ണ പണ്ട വായ്പയാണ് പൊതുവെ നടക്കാറുള്ളത്.

വിദേശത്ത് ജോലി ചെയ്യുന്ന പെരിഞ്ഞനത്ത് ഉള്ളവരുടെ കൃത്യമായ എണ്ണം ലഭ്യമല്ല. നല്ലൊരു ശതമാനം ആളുകാം ഇന്നും ഗാംഫിലും മറ്റ് രാജ്യങ്ങളിലും ജോലി ചെയ്യുന്നുണ്ട്. ഗാംഫ് വരുമാനത്തിൻെറ പ്രതിഫലനങ്ങാം കെട്ടിട നിർമ്മാണത്തിൽ ഒതുങ്ങി നില്ക്കുകയാണ്. എങ്കിലും നാട്ടിലെ സാമൂഹ്യ സാംസ്കാരിക സാമുദായിക പ്രവർത്തനങ്ങാംക്ക് കയ്യയച്ച് സഹായിക്കുന്നവരാണധികവും.

## സന്നദ്ധ പ്രവർത്തനങ്ങാം

മാതൃകാ പരമായ ഒട്ടേറെ സന്നദ്ധ പ്രവർത്തനങ്ങാം പെരിഞ്ഞനത്ത് നടത്തിയിട്ടുണ്ട്. നൂറോളം സന്നദ്ധ പ്രവർത്തകർ 20 ദിവസങ്ങളിലായി കഠിനാധ്വാനം ചെയ്തതിൻെറ ഫലമാണ് നമ്മുടെ വിഭവ ഭൂപടവും സാമൂഹ്യ സാമ്പത്തിക സർവ്വെയും. പഞ്ചായത്തിൽ നിന്ന് യാതൊരു സാമ്പത്തിക സഹായവുമില്ലാതെ പ്രവർത്തിക്കുന്ന പഞ്ചായത്ത് വിദ്യാഭ്യാസ സമിതി കേരളത്തിലാകെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ പി.ടി.എ. കളുമായി സഹകരിച്ച് 5 സ്കൂളുകളിൽ വികസന പ്രവർത്തനങ്ങാം നടത്തിയിട്ടുണ്ട്. ഗവ: യു.പി. സ്കൂളിൽ ഒന്നരലക്ഷം രൂപ സമാഹരിച്ചാണ് രണ്ടു ക്ലാസ്സ് മുറി പണിയിച്ചത്. പി.ടി.എയുടെ ശ്രമഫലമായി മറ്റ് സ്ഥലങ്ങളിൽ കക്കൂസ്, അടുക്കളപ്പുര, ദക്ഷത കൂടിയ അടുപ്പ്, മൂത്രപ്പുര, തട്ടിക എന്നിവയാണ് ഒരുക്കിക്കൊടുത്തത്. കമ്യൂണിറ്റി ഹെൽത്ത് സെൻററിലെ എസ്.ഇ.ടി സെൻററിൻെറ കെട്ടിട നിർമ്മാണത്തിന് നാട്ടുകാരുടെ സംഭാവനയുണ്ട്. 9-ാം വാർഡിൽ പണി കഴിഞ്ഞിട്ടുള്ള ആയുർവ്വേദ ഡിസ്പെൻസറിയും അതിരിക്കുന്ന സ്ഥലവും സന്നദ്ധ പ്രവർത്തനത്തിൻെറ മറ്റൊരു ഉദാഹരണമാണ്. 78 അയൽകൂട്ടങ്ങളും 156 പ്രതിനിധികളും മറ്റ് 30പേരും ചേർന്ന പഞ്ചായത്ത് വികസന സമിതി നമ്മുടെ ഏറ്റവും വലിയ വിഭവമാണ്. അതിൻെറ ഭാഗമായി 2,4,7 വാർഡുകളിൽ തോടുകാം വൃത്തിയാക്കാൻ സന്നദ്ധ പ്രവർത്തകർ മുന്നോട്ട് വരികയുണ്ടായി. പുനരർപ്പണദിനമായ നവംബർ ഒന്നിന് റോഡുകളുടെ അറ്റകുറ്റപ്പണികളുംപ്പെടെ വിവിധ സന്നദ്ധ പ്രവർത്തനങ്ങാം നടന്നിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനത്തിൻെറ ഭാഗമായി ഒരു വർഷത്തോളം തുടർച്ചയായി നടത്തിയ ശ്ലാഘനീയമായ സന്നദ്ധപ്രവർത്തനം എന്നിവ വികസന പ്രവർത്തനങ്ങാംക്ക് സന്നദ്ധ സേവനം ഉപയോഗപ്പെടുത്താമെന്നതിൻെറ പ്രത്യക്ഷ തെളിവുകളാണ്.

## പ്രശ്നങ്ങാം

1. കെട്ടിട നികുതി, വിനോദ നികുതി തുടങ്ങി പ്രധാന വരുമാന സാധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്താതിരിക്കൽ.
2. എസ്റ്റാബ്ലിഷ്മെൻറ്, പൊതുമരാമത്ത് എന്നീ ചെലവുകാം മൊത്തം വരുമാനത്തിൻെറ 60 ശതമാനത്തോളമാണ്.
3. ധനകാര്യസ്ഥാപനങ്ങളുടെ കുറഞ്ഞ നിക്ഷേപവായ്പാനുപാതം
4. കോൺട്രാക്ടർമാർ തട്ടിയെടുക്കുന്ന അമിതലാഭം
5. കേന്ദ്രഗവൺമെൻറിൽ നിന്നും, മറ്റ് ഏജൻസികളിൽ നിന്നും വിവിധ പദ്ധതികാംക്കായി പഞ്ചായത്തുകാംക്ക് നേരിട്ട് വായ്പ ലഭിക്കുന്നതിനുള്ള

## പട്ടിക -1 വരവ് (1986-87 മുതൽ 95-96വരെ)

| വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | വിനോദ നികുതി | ഗ്രാൻറ് | വാടക | അൺടൈഡ് | ലൈസൻസ് ഫീ. | പലവക | ആകെ |
|---|---|---|---|---|---|---|---|---|---|
| 1986-87 | 93239 | 45328 | 83036 | 99274 | 75052 | - | - | - | 459304 |
| 87-88 | 72688 | 43941 | 67358 | 119519 | 64715 | - | - | - | 490689 |
| 88-89 | 204462 | 63611 | 45070 | 80928 | 84652 | - | - | - | 700855 |
| 89-90 | 148517 | 59336 | 56375 | 70212 | 79402 | - | 3278 | 221519 | 712185 |
| 90-91 | 157090 | 58288 | 33355 | 55312 | 76186 | 170000 | 9020 | 35789 | 762669 |
| 91-92 | 170351 | 70736 | 60714 | 48782 | 89570 | 170000 | 8037 | 9380 | 871573 |
| 92-93 | 252525 | 85940 | 77486 | 209976 | 95933 | 184500 | 2808 | 20213 | 1178905 |
| 93-94 | 292132 | 102945 | 72872 | 162868 | 103389 | 122600 | 20035 | 1522 | 1490650 |
| 94-95 | 321712 | 117915 | 71569 | 102835 | 393283 | 187000 | 28479 | 35621 | 1623796 |
| 95-96 | 352306 | 133590 | 58754 | 79704 | 383051 | 106403 | - | - | 1645914 |

പട്ടിക -2 ചെലവ്

| വർഷം | എസ്റ്റാബ്ലിഷ്മെൻറ് | പൊതുമരാമത്ത് | വിദ്യാഭ്യാസ ലൈബ്രറി | വാട്ടർ സപ്ലൈ | പൊതുജനാരോഗ്യം | തെരുവ് വിളക്ക് | സാമൂഹ്യക്ഷേമം | കുട്ടികളുടെ ആരോഗ്യം | നോൺ-പ്ലാൻ | കടം-തിരിച്ചടവ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 1989-90 | 268931 | 220393 | 12641 | 4130 | 2500 | 21401 | 25671 | - | - | - | 552324 |
| 90-91 | 329282 | 293011 | 40007 | - | - | 22202 | 30137 | - | - | - | 737070 |
| 91-92 | 338743 | 332787 | 35328 | 350 | 70 | 24372 | 27151 | - | - | - | 903233 |
| 92-93 | 374261 | 201247 | 6966 | - | 7042 | 31512 | 43049 | - | - | - | 922321 |
| 93-94 | 469831 | 86379 | 21400 | 143204 | 9159 | 34032 | 28048 | - | - | - | 1465045 |
| 94-95 | 459245 | 548925 | 22206 | 29000 | 59261 | 34994 | 31334 | 59261 | 181167 | 27680 | 1815838 |

തടസ്സങ്ങാം.

6. സോഷ്യൽ ഓഡിറ്റിന്റെ അഭാവം.

7. സന്നദ്ധ പ്രവർത്തന സാദ്ധ്യതയെ ഉപയോഗപ്പെടുത്തലിലെ പോരായ്മ.

## സാധ്യതകാം

1. നികുതി പിരിവ് കാര്യക്ഷമമാക്കൽ, വെട്ടിപ്പ് തടയൽ

❑ കെട്ടിട നികുതി പുനരാവിഷ്കരിച്ച് പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഏകീകരിക്കണം. അടുത്ത റിവൈസിന് മുമ്പ് പരിശോധന നടത്തി കുറഞ്ഞ നികുതി നൽകുന്നവരിൽ നിന്ന് ന്യായമായ നികുതി ഈടാക്കണം.

❑ വിനോദ നികുതി യഥാർത്ഥത്തിലുള്ളത് പിരിക്കുകയാണെങ്കിൽ 5 ലക്ഷം രൂപയെങ്കിലും ലഭിക്കും. ഈ മേഖലയിലെ വെട്ടിപ്പ് തടയുന്നതിന് ജനകീയ മുന്നേറ്റം ആവശ്യമാണ്.

2. പുതിയ സേവനങ്ങാം നൽകി അവയ്ക്ക് ചാർജ്ജ് ഈടാക്കൽ

3. വിവാഹം എവിടെവെച്ച് നടന്നാലും ഈ പഞ്ചായത്തിൽ രജിസ്ട്രേഷൻ സംവിധാനം ഉണ്ടാക്കുകയും ഫീസ് ചുമത്താവുന്നതുമാണ്.

4. പൊതുശ്മശാനങ്ങളിൽ വൈദ്യുത ക്രിമറ്റോറിയങ്ങാം സ്ഥാപിച്ച് ഫീസ് ചുമത്താം.

5. തനതായ ജല വിതരണ പദ്ധതി നടപ്പാക്കുക

6. ജനറേറ്ററുകളും വലിയ സ്പീക്കറുകളും ഉപയോഗിച്ച് പഞ്ചായത്തിനകത്ത് നടത്തുന്ന പരസ്യങ്ങാംക്ക് ഫീസ് ചുമത്താം.

7. ഭരണച്ചെലവ് കുറയ്ക്കുന്നതിനെ കുറിച്ച് ഗൗരവമായി ചിന്തിക്കണം.

8. സന്നദ്ധ പ്രവർത്തനങ്ങാം വിപുലപ്പെടുത്താം.

9. വിദ്യാഭ്യാസ ആരോഗ്യക്ഷേമപ്രവർത്തനങ്ങാംക്കുള്ള നിധി സ്വരൂപിക്കൽ.

❑ സാമ്പത്തികമായി ഉയർന്ന ആളുകളിൽ നിന്ന് സംഭാവനയായോ വിദ്യാഭ്യാസ നികുതിയായോ പണം സ്വരൂപിക്കാം

❑ ഒ.പി. വിഭാഗം രോഗികളിൽ നിന്ന് രക്തപരിശോധ തുടങ്ങിയ സേവനങ്ങാംക്ക് കൂപ്പൺ സമ്പ്രദായം ഏർപ്പെടുത്താം.

10. ധനകാര്യ സ്ഥാപനങ്ങാം നിക്ഷേപത്തിന്റെ പ്രധാനഭാഗം വായ്പയായി പഞ്ചായത്തിനകത്ത് തന്നെ വിതരണം ചെയ്യുന്നതിനുള്ള സാഹചര്യമൊരുക്കണം.

11. കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നും, രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ പോലെയുള്ള സ്ഥാപനങ്ങളിൽ നിന്നും വികസന പ്രവർത്തനങ്ങാംക്കായി സഹായം ലഭിക്കുന്നതിന്, പ്രോജക്ട് തയ്യാറാക്കുകയും ഫലപ്രദമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് വികസനസമിതി കാര്യക്ഷമമായി പ്രവർത്തിക്കുകയും വേണം.

12. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങാംക്കും ചിട്ടി സ്ഥാപനങ്ങാംക്കും നിയന്ത്രണമേർപ്പെടുത്തുകയും ഫീസ് ചുമത്തുകയും വേണം.

13. തൊഴിൽ നികുതിയുടെ മേഖല വിപുലീകരിക്കുകയും മറ്റ് ഉയർന്ന വരുമാനക്കാരിൽ നിന്ന് കൂടി നികുതി ഈടാക്കുകയുമാവാം.

14. ഗാംഫ് പണം ഉത്പാദനമേഖലയിലേക്ക് തിരിച്ച് വിടുന്നതിന് ആസൂത്രിതമായ പദ്ധതികാം ആവിഷ്കരിക്കണം.

15. പൊതു മരാമത്തിനുവേണ്ടി ചെലവഴിക്കുന്ന തുക കുറച്ചുകൊണ്ടു വരികയും ഉല്പാദനപരമായ ഇതരമേഖലകളിലേക്ക് തിരിച്ചുവിടുകയും ചെയ്യേണ്ടതാണ്.

# ഉപസംഹാരം

നിലവിലുള്ള വികസന സമീപനത്തിൽ നിന്ന് വ്യത്യസ്തമായി 9-ാം പദ്ധതി രൂപവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുപാട് മുന്നേറിക്കഴിഞ്ഞു. പദ്ധതിയെപോലെതന്നെ പ്രധാനമാണ് അതു രൂപപ്പെടുത്തുന്നരീതിയും. പദ്ധതിരൂപവൽക്കരണം മുതൽ അതു നടപ്പിലാക്കുന്നതുവരെ എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുക വഴി ജനങ്ങളിൽ ഒരു വികസനകാഴ്ചപ്പാട് വളർത്താൻ കഴിയും. ഇന്ന് ജനങ്ങൾക്കിടയിൽ വ്യാപകമായി കാണുന്ന നിരാശയും ഒന്നും ശരിയാവില്ല എന്ന മനോഭാവവും മാറ്റിയെടുത്ത് അവരിൽ പ്രതീക്ഷയും ശുഭാപ്തിവിശ്വാസവും ദിശാബോധവും വളർത്തേണ്ടതുണ്ട്. ഇതുവഴി നമുക്ക് ഇതുവരെ പ്രയോജനപ്പെടുത്താൻ കഴിയാതിരുന്ന മനുഷ്യവിഭവങ്ങളടക്കമുള്ള വിഭവങ്ങൾ വൻതോതിൽ സമാഹരിച്ച് പ്രാദേശികതല വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള സാഹചര്യം നിലവിൽ വരികയാണ്.

കേന്ദ്രീകൃത ഭരണവ്യവസ്ഥക്ക് അനുയോജ്യമായ ബ്യൂറോക്രാറ്റിക്ക് സംവിധാനമാണ് ഇതുവരെ നമ്മുടെ നാട്ടിൽ നിലനിന്നിരുന്നത്. കാലതാമസം, അഴിമതി, നടപടിക്രമങ്ങളുടെ സങ്കീർണത, മുൻതീരുമാനങ്ങളിലും നടപടിക്രമങ്ങളിലുമുള്ള പിടിവാശി, ജനങ്ങളിൽ നിന്നുള്ള അന്യവൽക്കരണം എന്നിങ്ങനെ പല വിമർശനങ്ങളും നമ്മുടെ ഉദ്യോഗസ്ഥ സംവിധാനത്തെകുറിച്ച് ഉയർന്നു കേൾക്കാറുണ്ട്. ഡിപ്പാർട്ടുമെൻറലിസമാണ് നമ്മുടെ ഭരണസംവിധാനത്തിൻെറ മുഖമുദ്ര. ഒരോ ഡിപ്പാർട്ടുമെൻറിലേയും ബന്ധം വില്ലേജ്മുതൽ സെക്രട്ടറിയേറ്റ്വരെ നീളുന്നു. എന്നാൽ താഴെതട്ടിൽ അവർക്ക് പരസ്പരബന്ധമില്ല.

ചുരുക്കത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബഹുജനസംഘടനകളേയും ഉദ്യോഗസ്ഥരേയും പ്രാദേശികമായി കോർത്തിണക്കുന്ന പുതിയൊരു പ്രവർത്തനശൈലി നടപ്പിലാക്കുന്നതിനാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ പരിശ്രമിക്കുന്നത്. ഈ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ പ്രാദേശികമായി ഗണ്യമായ തോതിൽ സന്നദ്ധ പ്രവർത്തനവും, സംഭാവനയും സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇവയെ ഔദ്യോഗിക പദ്ധതിച്ചെലവുമായി സംയോജിപ്പിച്ച് കൃഷി, ചെറുകിട വ്യവസായം തുടങ്ങിയ ഉൽപ്പാദനമേഖലകളിലെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും സ്ത്രീകളുടേയും ദുർബ്ബലജനവിഭാഗങ്ങളുടെയും താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സ്ഥായിയായ ഒരു വികസനപ്രകിയക്ക് തുടക്കം കുറിക്കുന്നതിന് ഒൻപതാം പദ്ധതിക്കാലത്ത് നമുക്ക് കഴിയണം.

ഈ ദിശയിലേക്ക് ലക്ഷ്യമിട്ട് നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ കുറേ നാളുകളായി രാപ്പകലില്ലാതെ കക്ഷി രാഷ്ട്രീയത്തിനതീതമായി ഒട്ടേറെ പേർ പ്രവർത്തിച്ചു വരികയാണ്. ലക്ഷ്യത്തിലെത്താൻ ഇനിയും ഒരുപാട് പോകേണ്ടതുണ്ട്.

**എം. കെ. സരസ്വതീഭായ്**
പ്രസിഡൻറ്
പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

# വികസനരേഖ തയ്യാറാക്കിയ
# കോർഗ്രൂപ്പ്.

**കൃഷി- ജലസേചനം.**
കെ.എസ്സ് കുട്ടൻ.
എം. എം. പരമേശ്വരൻ.
പി. എസ്. ബാലഗോപാലൻ.
ഒ. എസ്. സത്യൻ.
വി. ആർ. പ്രേമചന്ദ്രൻ.
സി. എ. കുമാരൻ.
ടി. വി. അംബുജാക്ഷൻ.

**മത്സ്യബന്ധനം-മൃഗസംരക്ഷണം**
കെ. കെ. കുട്ടൻ.
പി. കെ. അറുമുഖൻ.
ഗിരീഷ് മങ്ങാട്ട്.
കെ. വി. രാജപ്പൻ.
എം. ജയകുമാർ.
വി. എസ്. അനിൽകുമാർ.
സി. കൃഷ്ണൻനായർ.
പി. ജി. ഗിരിജ.
കെ. വി. വിശ്വംഭരൻ.
ശാന്താ പണിക്കർ.

**വ്യവസായം.**
എം. കെ. സരസ്വതീഭായ്
വി. കെ. സദാനന്ദൻ.
സി. എ. സുകുമാരൻ.
വി. കെ. അബൂബക്കർ.
കെ. എസ്. ദിലീപ്കുമാർ.
കെ. കെ. ഭാരതി.
എൻ. കെ. രാമദാസ്.

**ഊർജ്ജം,ഗതാഗതം.**
വി. ഗോപാലകൃഷ്ണൻ.
പി. ആർ. രാജനുണ്ണി.
കെ. എൻ. അജയൻ.
എ. ജി. സത്യൻ.
കെ. വി. മോഹനൻ.

**പാർപ്പിടം സാമൂഹ്യക്ഷേമം**
ജാനകി കൃഷ്ണൻ.
ടി. കെ. ഉണ്ണി.
എ. എം. സുബ്രഹ്മണ്യൻ.
കെ. വി. ബാലകൃഷ്ണൻ.
പി. എസ്. രാമചന്ദ്രൻ.
രഘു പുല്ലാനി.
ബേബി പി. എൻ.
കെ. വി. സുരേഷ്.
പി. എൻ. മോഹനൻ.

**ആരോഗ്യം-കുടിവെള്ളം,**
**പരിസരശുചീത്വം**
എൻ. കെ. നാസർ.
വി. വി. ബാലകൃഷ്ണൻ.
എ. പത്മനാഭമേനോൻ.
പി. യു. ഗോപിനാഥൻ.
പ്രസന്ന രാമനാഥൻ.

**വിദ്യാഭ്യാസം.**
പി. എ. വേലായുധൻ മാസ്ററർ.
ടി. കെ. ഗംഗാധരൻ മാസ്ററർ.
ഇ. ആർ. കാർത്തികേയൻ മാസ്ററർ.
കെ. കെ. ചാത്തുണ്ണി മാസ്ററർ.
വി. ആർ. മനോഹരൻ മാസ്ററർ.
പി. കുമാരൻ മാസ്ററർ.
കെ. രേണുകാദേവി.
പി. ബി. സജീവൻ.

**വനിത.**
സുമ പുല്ലാനി.
കെ. ആർ. ഓമന.
വൃന്ദ പ്രേംദാസ്.
വാസന്തി തോട്ടുപുറത്ത്.
വി. കെ. തങ്കം.
മീര വാസു.
കെ. സി. അനിത.
സി. എസ്. അജയഘോഷ്.
എ. എസ്. മോഹൻദാസ്.

**പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം**
സി. എം. വേലായുധൻ.
സി. വി. വാസു.
പി. രാധാകൃഷ്ണൻ.
ടി. കെ. രാജു.
പി. യു. വേണുഗോപാലൻ.
പി. കെ. കുമാരൻ.


**സംസ്കാരം.**
ഇ. ആർ. കാർത്തികേയൻ
മാസ്ററർ.
ടി. കെ. ഗംഗാധരൻ മാസ്ററർ.
കെ. കെ. ചാത്തുണ്ണി
മാസ്ററർ.
ഇ. പി. സതീഷ്.

**സഹകരണം.**
കെ. കെ. ശേഖരൻ.
സി. ബാലകൃഷ്ണൻ മാസ്ററർ.
സി. പി. ഉണ്ണികൃഷ്ണൻ.
എൻ. എസ്. സന്തോഷ്.
കെ. സി. ശങ്കരൻ.
കെ. എ. ഇല്ല്യാസ്.
ബിജോയ്.

**വിഭവസമാഹരണം.**
പത്മാക്ഷി ഗോപാലൻ.
എം. കെ. സരസ്വതീഭായ്.
വി. ഗോപാലകൃഷ്ണൻ.
സി. എം. വേലായുധൻ.
കെ. എസ്. ചന്ദ്രൻ.
സി. വി. കാദർ.
ഹംസ. കെ. ബി.

*Type Setting,Layout & Printing*
*Tip-Top Offset Printers, Kodungallur.*

# ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്



OFFICE OF THE SREENARAYANAPURAM GRAMA PANCHAYATH

## വികസന റിപ്പോർട്ട്
## 1996

349

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി



## ജനകീയ ആസൂത്രണ പ്രസ്ഥാനം

## ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

# 1996

വികസന സെമിനാർ

നവ: 23 - പനങ്ങാട് ഹൈസ്കൂൾ

350

# താളുകളിൽ.....

1. സമർപ്പണം
2. ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് അംഗങ്ങൾ
3. പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കിയവർ
4. ആമുഖം
5. ചരിത്ര പശ്ചാത്തലവും - സാംസ്കാരിക ചരിത്രവും
6. ശ്രീനാരായണപുരം പഞ്ചായത്തിന്റെ ഭരണചരിത്രം
7. പൊതുവിവരങ്ങളും-പഞ്ചായത്ത് ജീവനക്കാരും
8. സംസ്ഥാന-ജില്ലാ-ഗ്രാമതല പരിശീലകർ
9. ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങൾ
10. മുൻകാല പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ
11. റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ
12. കൃഷിയും-ജലസേചനവും
13. മൃഗസംരക്ഷണവും മത്സ്യബന്ധനവും
14. വിദ്യാഭ്യാസം
15. കുടിവെള്ളവും പൊതുജനാരോഗ്യവും
16. വ്യവസായം
17. ഗതാഗതം-ഊർജ്ജം-മാർക്കറ്റ്
18. പാർപ്പിടവും സാമൂഹ്യക്ഷേമവും
19. സംസ്കാരം
20. വനിത
21. സഹകരണം
22. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

# സമർപ്പണം

1995 സെപ്തംബർ 23-ാം തീയതി നടന്ന തിരഞ്ഞെടുപ്പിലൂടെ 13 വാർഡുകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഒക്ടോബർ 2-ാം തീയതി വലിയൊരു പൗരാവലിയെ സാക്ഷി നിർത്തി പഞ്ചായത്ത് ഓഫീസ് അങ്കണത്തിൽവച്ച് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. കക്ഷി രാഷ്ട്രീയത്തിനതീതമായി അഴിമതിരഹിതഭരണം കാഴ്ചവക്കുമെന്നും, വികസന പ്രവർത്തനത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുമെന്നും പ്രതിജ്ഞയെടുത്തു. വിസ്തൃതികൊണ്ട് വലുതും, വരുമാനം കൊണ്ട് ചെറുതുമായ നമ്മുടെ ഗ്രാമപഞ്ചായത്തിന് ജനകീയാസൂത്രണ പ്രസ്ഥാനം വളരെയേറെ പ്രതീക്ഷകൾ നൽകുന്നുണ്ട്. JRY, അൺടൈഡ് ഫണ്ട് എന്നിവ ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ ഒട്ടേറെ വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. 5-ാം വാർഡിൽ ചാണാടി അമ്പലം റോഡ്, 7-ാം വാർഡിൽ ലക്ഷംവീട് കോളനിയിലേക്കുള്ള റോഡ്, VIII-ാം വാർഡിൽ എം.എൽ.എ. റോഡ് എന്നിവ ഇതിൽ ചിലതാണ്. പരിപൂർണ്ണ ജനപങ്കാളിത്തത്തോടെ നടന്ന ഈ പ്രവർത്തനങ്ങൾ വരുംനാളുകളിൽ നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് മാതൃകയാകട്ടെ എന്ന് പ്രത്യാശിക്കാം. ഇതിനുപുറമെ ജെ.ആർ.വൈ. പദ്ധതിയിലൂടെ ഒട്ടേറെ റോഡുകളുടെ പണിയും ഈ കാലയളവിൽ പൂർത്തിയാക്കിയിട്ടുണ്ട്.

ഇന്ത്യയുടെ ചരിത്രത്തിൽ ഏറ്റവും പ്രാധാന്യമേറിയ സാക്ഷരതാ യജ്ഞത്തിന് തുടക്കം കുറിച്ച് ലോകശ്രദ്ധ പിടിച്ചുപറ്റിയ നമ്മുടെ സംസ്ഥാനം മറ്റൊരു നൂതനമായ സംരംഭത്തിന് വഴി തുറക്കുകയാണ്; സംസ്ഥാന ആസൂത്രണ ബോർഡും കേരള സർക്കാരും ചേർന്ന് നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ, കഴിഞ്ഞ എട്ട് പഞ്ചവത്സരപദ്ധതിയിലും നമുക്ക് ലഭിക്കാതിരുന്ന പ്രാതിനിധ്യം 9-ാം പദ്ധതിയിലൂടെ നമുക്ക് ലഭിക്കുകയാണ്. നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കി പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് കർമ്മപദ്ധതികൾ എങ്ങനെ രൂപപ്പെടുത്താം എന്ന ലക്ഷ്യത്തോടെ വിശേഷാൽ ഗ്രാമസഭ വിളിച്ചു ചേർത്തതു മുതൽ ഇതുവരെയുള്ള പരിപാടികൾ വളരെ ആവേശകരമായി നടന്നുകഴിഞ്ഞു. വിശേഷാൽ ഗ്രാമസഭയടക്കം മൂന്നു ഗ്രാമസഭകൾ എല്ലാ വാർഡിലും നടന്നുകഴിഞ്ഞു. വിശേഷാൽ ഗ്രാമസഭയിലെ വർദ്ധിച്ച സ്ത്രീപങ്കാളിത്തം പഞ്ചായത്ത് ചരിത്രത്തിലെ പുതിയൊരനുഭവമായിരുന്നു. വാർഡുതലങ്ങളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും ക്രോഡീകരിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിനുപുറമെ അനുഭവസമ്പന്നരുടെയും, സാങ്കേതിക വിദഗ്ദരുടേയും, പഴമക്കാരുടേയും അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തുവാനും, വിവരശേഖരണത്തിലൂടെ ലഭിച്ച കാര്യങ്ങൾ പൂർണ്ണമല്ലെങ്കിൽപോലും ഉൾപ്പെടുത്തുവാനും സമയപരിമിതികൾക്കകത്തുനിന്നുകൊണ്ട് ശ്രമിച്ചിട്ടുണ്ട്. ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സംസ്ഥാന- ജില്ല-പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺമാർ, ഗ്രൂപ്പ് ലീഡർമാർ, പഞ്ചായത്ത് ജീവനക്കാർ, വിവിധ വകുപ്പു മേധാവികൾ, റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാർ, സന്നദ്ധ സാമൂഹ്യ പ്രവർത്തകർ എന്നിവർ നൽകിയ സേവനം പ്രത്യേകം സ്മരിക്കുന്നു. തുടർന്നുള്ള പരിപാടികൾ നമ്മുടെ വികസന സങ്കല്പത്തിന്റെ സമൂർത്തമായ സമയമാണ്. സ്കീമുകളും, പദ്ധതികളും തയ്യാറാക്കേണ്ട വരുംനാളുകളിൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും സഹകരണം ഉണ്ടാകണമെന്നും അങ്ങിനെ നാം തന്നെ നമ്മുടെ കാര്യങ്ങൾ തീരുമാനിച്ച് പഞ്ചായത്തിന്റെ വികസനത്തിന് പുതിയൊരു മാനം കൈവരിക്കണമെന്നും അതിനായി ഈ റിപ്പോർട്ട് കാര്യക്ഷമമായ വിശകലനത്തിനും, ചർച്ചക്കും വിധേയമാക്കി വിലപ്പെട്ട നിർദ്ദേശങ്ങളിലൂടെ പൂർത്തീകരിക്കുന്നതിന് വികസന സെമിനാറിൽ താങ്കളുടെ പരിപൂർണ്ണമായ പങ്കാളിത്തം ഉണ്ടാകണമെന്നും അതിലൂടെ പുതിയൊരു വികസന സംസ്കാരത്തിന് അടിത്തറ പാകാൻ നമുക്ക് ഒരുമിച്ച് മുന്നേറാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. ഞങ്ങളെ അകമഴിഞ്ഞ് സഹായിക്കുകയും, സഹകരിക്കുകയും ചെയ്ത മുഴുവൻ മാന്യസുഹൃത്തുക്കൾക്കും പഞ്ചായത്ത് ഭരണസമിതിക്കുവേണ്ടി ഞാൻ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നുള്ള പരിപാടികളിൽ മുഴുവൻ സർഗ്ഗശേഷിയും സമാഹരിച്ച് നമ്മുടെ വികസനം ഉറപ്പാക്കാൻ നിങ്ങളുടെ സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഈ റിപ്പോർട്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു.

അഭിവാദനങ്ങളോടെ,

(ഒപ്പ്)

ശ്രീനാരായണപുരം,
15-11-1996

കെ.എസ്. മുഹമ്മദ്
*പ്രസിഡന്റ്*

# ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്
## ഭരണസമിതി



**കെ.എസ്സ്. മുഹമ്മദ്**
പ്രസിഡൻറ്, വാർഡ് III



**സി.എസ്. ചന്ദ്രാംഗദൻ**
വൈസ് പ്രസിഡൻറ്, വാർഡ് II

### *സ്റ്റാൻറിങ്ങ് കമ്മറ്റി അംഗങ്ങൾ*




**എം.എ. മോഹനൻ**
ചെയർമാൻ, വാർഡ് XIII



**എ. മുരളീധരൻ**
വാർഡ് V



**ടി.കെ. ശേഖരൻ വൈദ്യർ**
വാർഡ് XI




**സി.ആർ. കുഞ്ഞയ്യപ്പൻ**
വാർഡ് VII



**രാജമണി ജയരതം**
വാർഡ് VI

---

### *മെമ്പർമാർ*



**ഇ.കെ. രവീന്ദ്രൻ**
വാർഡ് II




**വഹീദാ ബദറുദ്ദീൻ**
വാർഡ് IV



**മല്ലികാ ദാസൻ**
വാർഡ് VIII



**ഫാത്തിമ ടീച്ചർ**
വാർഡ് IX



**എം.ബി. മുരളീധരൻ**
വാർഡ് X



**ഭവാനി വിജയൻ**
വാർഡ് XII

# ജനകീയ ആസൂത്രണ പ്രസ്ഥാനം

പഞ്ചായത്ത് കൺവീനർ - കെ.എസ്. മുഹമ്മദ്

ബ്ലോക്ക് കൺവീനർ - ഫാത്തിമ അബ്ദുൽ ഖാദർ
(ജില്ലാ പഞ്ചായത്ത് മെമ്പർ)

# പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

M.A. മോഹനൻ

A. മുരളീധരൻ

P.M. അഷ്റഫ്

K. രാജഗോപാൽ

K.K. ഹരീഷ് മാസ്റ്റർ

R. വിശ്വനാഥൻ മാസ്റ്റർ

M.B. ധർമ്മരാജൻ



ഫാത്തിമാ അബ്ദുറം ഖാദർ
ജില്ലാ പഞ്ചായത്ത് മെമ്പർ



ഇ.കെ. സിദ്ധാർത്ഥൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



ബേബി നാരായണൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

## ആമുഖം

ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിയ്ക്കു വേണ്ടുന്ന ആസൂത്രണം അവരുടെ തന്നെ നേതൃത്വത്തിൽ രൂപപ്പെടുത്തുക, അതിന്നു വേണ്ടുന്ന വിഭവങ്ങൾ അവരുടെ നിയന്ത്രണത്തിൽ വരുത്തുക - അതായത്, വികസനത്തിൻെറ ഗുണഭോക്താക്കളാവേണ്ടുന്നവരുടെ കയ്യിൽ ത്തന്നെയായിരിക്കണം അവരുടെ ജീവിതനിലവാരം ഉയർത്താൻ വേണ്ടി ഉദ്ദേശിക്കപ്പെടുന്നതും അവരുടെ ജീവിതത്തെ സാരമായി ബാധിക്കുന്നതുമായ ആസൂത്രണത്തിൻെറയും വിഭവോപയോഗത്തിൻെറയും കടിഞ്ഞാൺ - ഇതാണ് ജനകീയാസൂത്രണത്തിൻെറ കാതലായ വശം. ദുർല്ലഭമായ വിഭവത്തിൻെറ ഉപയോഗം ആസൂത്രിതവും സൂക്ഷ്മവുമാവണമെങ്കിൽ അതിൻെറ യഥാർത്ഥ ഗുണഭോക്താവിൻെറ മേല്ക്കൈ ഉണ്ടായിരിക്കണം. വിഭവോപയോഗത്തിൻെറ ശരിയായ മുൻഗണനാക്രമം ദീക്ഷിക്കാനും ദുരുപയോഗം തടയാനും ഇതുവഴി സാധിക്കുകയും ചെയ്യും. സർക്കാരാപ്പീസുകളും ജനങ്ങളും തമ്മിൽ ഒരു ഹൃദയബന്ധം സ്ഥാപിക്കാൻ കഴിയും എന്നതാണ് ഈ പ്രസ്ഥാനത്തിൻെറ സുപ്രധാനഗുണം. നമ്മുടെ നാട്ടിൽ പദ്ധതി വിഹിതത്തിൻെറ ഭൂരിഭാഗവും ചെലവഴിക്കപ്പെട്ടത് റോഡുണ്ടാക്കാനും മറ്റുമായിരുന്നു. ദരിദ്ര ജനവിഭാഗത്തിൻെറ അടിസ്ഥാനാവശ്യങ്ങൾ നിർവ്വഹിക്കാനാവശ്യമായ പണം അങ്ങനെ വക മാറ്റപ്പെട്ടു. സാമൂഹികസമത്വം നിലനില്ക്കുകയും അത് സങ്കീർണ്ണമാവുകയും ചെയ്തു. വികസനമെന്നാൽ, ജനങ്ങളുടെ സാമൂഹികവും മാനസികവും ശാരീരികവും സാമ്പത്തികവുമായ പരിപൂർണ്ണ സുസ്ഥിതിയാണ്.

### വികേന്ദ്രീകൃതാസൂത്രണം - നമ്മുടെ അനുഭവം

ആസൂത്രണ പ്രക്രിയയ്ക്ക് ഒരു ശൃംഖലാബന്ധമുണ്ട്. കേന്ദ്രം, സംസ്ഥാനം, ജില്ല, ബ്ലോക്ക്, പഞ്ചായത്ത്, ഗ്രാമം എന്നിങ്ങനെ. ഇവയുടെ പരസ്പരപൂരകമായ സഹവർത്തിത്വത്തിനു പകരം, കേന്ദ്രീകൃതമായ ആസൂത്രണമാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിലുണ്ടായത്. സ്വാതന്ത്ര്യസമരകാലത്ത് ഉയർത്തിക്കൊണ്ടുവന്ന പഞ്ചായത്തീരാജ് സങ്കല്പം അവഗണിക്കപ്പെട്ടു. 'പ്രാദേശികതയുടെ അപ്പത്തൊട്ടി', 'ഉട്ടോപ്യൻ' എന്നൊക്കെപ്പറഞ്ഞ് പുച്ഛിച്ചു. 'ഗ്രാമത്തെ സാമൂഹിക ജീവിതത്തിൻെറ മൗലികഘടകമാക്കി മാറ്റുന്ന തരത്തിലുള്ള ഭരണപരിഷ്ക്കാരങ്ങൾ' എന്ന ആശയം അംഗീകരിയ്ക്കപ്പെട്ടെങ്കിലും അത് നടപ്പിലാവുകയുണ്ടായില്ല. വ്യത്യസ്ത ഭാഷകളും വ്യത്യസ്ത സംസ്ക്കാരങ്ങളും ഭൂപ്രകൃതികളും മറ്റുമുള്ള അതിവിസ്തൃതമായ ഈ രാജ്യത്ത് അപകടകരമായ വിധത്തിലുള്ള കേന്ദ്രീകരണ വ്യവസ്ഥയാണ് നിലവിൽ വന്നത്. കാലം ചെല്ലുന്തോറും അത് കൂടുതൽ കൂടുതൽ കേന്ദ്രീകരിക്കാനും തുടങ്ങി.

ഓരോ ഗ്രാമത്തിൻെറയും സവിശേഷതയ്ക്കനുസരിച്ച് രൂപപ്പെടേണ്ടതായ പദ്ധതി ആസൂത്രണം അങ്ങകലെ ദൽഹിയിലും പിന്നെ, കുറച്ചൊക്കെ തിരുവനന്തപുരത്തും ഇരിക്കുന്നവരാണ് രൂപപ്പെടുത്തിയത്. അവർക്ക് ഈ ഭാരതവർഷത്തിലേയ്ക്കാകെ ഒരൊറ്റ പദ്ധതിയേയുള്ളൂ! ഓരോ ഗ്രാമത്തിൻെറയും തനതായ പ്രശ്നങ്ങളും സാദ്ധ്യതകളും അവഗണിക്കപ്പെട്ടു. വിലപ്പെട്ട പണം പാഴാവുകയും അഴിമതിയും ഉദ്യോഗസ്ഥ മേധാവിത്വവും വികസന പ്രക്രിയയുടെ സകല സിരകളിലും ഒഴുകാൻ തുടങ്ങി.

നാടിനെക്കുറിച്ചും അവിടത്തെ ജനങ്ങളെക്കുറിച്ചും നല്ല അറിവും പരിചയവുമുള്ള പഞ്ചായത്തിന് പദ്ധതി രൂപവത്ക്കരണത്തിലോ നിർവ്വഹണത്തിലോ ഒരു പങ്കും ഉണ്ടായിരുന്നില്ല. നാമമാത്ര അധികാരങ്ങളേ ഉള്ളുവെങ്കിലും, സംസ്ഥാന ഭരണകൂടമാകട്ടെ, കിട്ടിയ അധികാരം പോലും താഴെത്തട്ടുകളുമായി പങ്കുവെയ്ക്കാൻ തയ്യാറായതുമില്ല. മുന്നണിഭരണം വരാൻ തുടങ്ങിയതോടെ അതാതു വകുപ്പുകൾ ശക്തമാവുകയും അതിൻെറ ഫലമായി സംസ്ഥാന ആസൂത്രണ ബോർഡ് നോക്കുകുത്തിയാവുകയും ചെയ്തു. ഏകോപനം നഷ്ടപ്പെട്ട വകുപ്പുകൾ പരസ്പരധാരണയില്ലാതെ തന്നിഷ്ടം പോലെ പ്രവർത്തിക്കാൻ തുടങ്ങിയതോടെ ഒരേ ലക്ഷ്യത്തിലേയ്ക്ക് സമാന സ്വഭാവമുള്ള പല പദ്ധതികൾ ഉണ്ടായി. ചുരുക്കത്തിൽ, പണം ചെലവഴിക്കലിൽ കവിഞ്ഞൊരു ധർമ്മം പദ്ധതികൾക്കില്ലാതെയായി.

സോഷ്യൽ ഓഡിറ്റിങ് അവഗണിക്കപ്പെടുകയും ചെയ്തു.

എട്ടാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയാക്കാനുള്ള ശ്രമം പരാജയപ്പെട്ടെങ്കിലും, ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാവുക തന്നെ ചെയ്യും എന്നതിന് മതിയായ തെളിവാണ് സംസ്ഥാന സർക്കാരിൻെറ നേതൃത്വത്തിൽ, ജില്ലാ ബ്ലോക്ക് ഗ്രാമപ്പഞ്ചായത്തുകളുടെ സഹവർത്തിത്വത്തിൽ ജനങ്ങളുടെ പങ്കാളിത്തത്തോടെ ഇപ്പോൾ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്ന പദ്ധതിയാസൂത്രണം.

## പഞ്ചായത്തു സമിതിയുടെ നേതൃത്വപ്പങ്ക്

ജനങ്ങളുടെ യഥാർത്ഥ പുരോഗതിയ്ക്കുവേണ്ടിയുള്ളതാണ് ജനകീയാസൂത്രണ പ്രസ്ഥാനം. പദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും ഏറ്റവും കാര്യക്ഷമമായി ചെയ്യാൻ കഴിയുക അതാത് പഞ്ചായത്തിൻെറയും അവിടത്തെ ജനങ്ങളുടെയും കൂട്ടായ്മയ്ക്കാണ് എന്നതാണ് ഇതിൻെറ കാതൽ.

വികേന്ദ്രീകൃതാസൂത്രണത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വപ്പങ്ക് അനിഷേധ്യമാണ്. അത്ര നിസ്സാരമൊന്നുമല്ലാത്ത അധികാരമാണ് കിട്ടുന്നത്. ഇത് വേണ്ടുംവണ്ണം വിനിയോഗിയ്ക്കപ്പെട്ട് ജനങ്ങളുടെ ജീവിതനിലവാരത്തിൽ ഗുണപരമായ ഉയർച്ച ഉണ്ടാകണമെങ്കിൽ പഞ്ചായത്തുസമിതിയും ഗ്രാമസഭകളും തമ്മിലുള്ള കണ്ണി പൊട്ടാതെ നോക്കുകയും വേണം. ●

# II

# ചരിത്ര പശ്ചാത്തലവും സാംസ്ക്കാരിക ചരിത്രവും

## ശ്രീനാരായണപുരം പഞ്ചായത്ത് - പേരിൻെറ ഉത്പത്തി:-

ശ്രീനാരായണപുരം സെൻററിൽ പതിനേഴാം നമ്പ്ര് ദേശീയപാതയിൽനിന്നും സ്വല്പം പടിഞ്ഞാട്ടുമാറി, അസ്മാബി കോളേജ് റോഡിൻെറ വടക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന ശ്രീകൃഷ്ണ ക്ഷേത്രത്തിൻെറ പേരിൽനിന്നുമാണ് ശ്രീനാരായണപുരം എന്ന പേർ ഉടലെടുത്തത്. ഈ അമ്പലത്തിന് ഉദ്ദേശം 700-800 കൊല്ലം പഴക്കമുണ്ട്. നാരദമുനി വന്ന് നാരായണ പ്രതിഷ്ഠ നടത്തിയതാണെന്ന ഒരു ഐതിഹ്യം നിലവിലുണ്ട്. ഈ അമ്പലത്തിൽനിന്നും കാര്യക്കാർ ചെന്നാലേ ഗുരുവായൂർ ക്ഷേത്രത്തിൽ ഉത്സവം തുടങ്ങുകയുള്ളൂ എന്നൊരു ഐതിഹ്യവും നിലവിലുണ്ട്.

പഴയ വഞ്ചീനഗരത്തിൻെറ ഭാഗമാണ് ശ്രീനാരായണപുരം പഞ്ചായത്ത് ഉൾപ്പെടുന്ന ഭൂപ്രദേശം. അത് കൊടുങ്ങല്ലൂർ മുതൽ മതിലകം വരെ വ്യാപിച്ചു കിടന്നിരുന്നു. അക്കാലത്ത് (ബി.സി. അവസാന ശതകങ്ങളിലും ക്രിസ്തുവർഷാരംഭത്തിലും) കൊടുങ്ങല്ലൂർ മുചീരിയെന്നും (മുസീരിസ് എന്ന് ഗ്രീക്കുകാർ) മതിലകം തൃക്കണാമതിലകമെന്ന പേരിലും കുണവായിൽക്കോട്ടയെന്ന പേരിലും അറിയപ്പെട്ടു. ഈ പ്രദേശത്തെ ഒന്നിച്ചു കാണുന്നതാണ് നല്ലത്. കാരണം, ഇവയ്ക്ക് പൊതുവായ ചരിത്രമേയുള്ളു.

## മതസംഗമസ്ഥാനം

പണ്ടേതന്നെ പല പുതിയ ആശയങ്ങളും ഇങ്ങോട്ടു കടന്നുവന്നു. അവയൊക്കെ സഹിഷ്ണുതയോടെ സ്വീകരിക്കപ്പെടുകയും ചെയ്തു. അങ്ങനെ, മതങ്ങളുടെ ഒരു സംഗമസ്ഥാനമായി കൊടുങ്ങല്ലൂരും അതിൻെറ പ്രാന്തപ്രദേശങ്ങളും മാറി. ബി.സി. അന്ത്യശതകങ്ങളിൽത്തന്നെ ബുദ്ധമതവും ജൈനമതവും ഇവിടെ വന്നു. ബുദ്ധമതം കൊടുങ്ങല്ലൂരും ജൈനമതം തൃക്കണാമതിലകത്തും കേന്ദ്രീകരിച്ചു.

## ബൌദ്ധ-ജൈനമതങ്ങളുടെ സ്വാധീനം

ദാരിദ്ര്യത്തെക്കുറിച്ചും മറ്റു സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചും അടിസ്ഥാന വീക്ഷണം വച്ചു പുലർത്തിയിരുന്ന രണ്ടു മതങ്ങളാണ് ബുദ്ധമതവും ജൈനമതവും. കൃഷി, വിദ്യാഭ്യാസം, ജീവകാരുണ്യ പ്രവർത്തനം എന്നിവയിൽ, ഈ മതങ്ങളുടെ സംഭാവന നിസ്തുലമാണ്. ദക്ഷിണേന്ത്യയിലെ അഞ്ചു സർവ്വകലാശാലകളിലൊന്ന് വഞ്ചിയിലായിരുന്നു. ധർമ്മാശുപത്രികൾ, മൃഗചികിത്സാകേന്ദ്രങ്ങൾ എന്നിവ ഇവിടെ ആദ്യമായി സ്ഥാപിച്ചതും ഇവരത്രേ.

നമ്മുടെ പഞ്ചായത്തിൽപ്പെട്ട ആലയിൽ നിന്നും ഒരു ബുദ്ധവിഗ്രഹം കണ്ടെടുത്തിട്ടുണ്ട് (കേരള ചരിത്രം - കെ. ദാമോദരൻ, പുറം-184). നമ്മുടെ നാട്ടിൽ എമ്പാടും കാണുന്ന അരയാലുകൾ, കാവുകൾ, നാഗാരാധന എന്നിവ ബുദ്ധമതം ഇവിടെ അവശേഷിപ്പിച്ചുപോയ ശാശ്വത മുദ്രകളത്രേ.

ബൌദ്ധ-ജൈന മതങ്ങളെ ഈ മണ്ണിൽ നിന്നും ആട്ടിയോടിച്ചതും ചരിത്രപരമായ വളർച്ചയെയല്ല, തളർച്ചയെയാണ് കാണിക്കുന്നത്. ജാതികൾ രൂഢമൂലമായത് ഈ മതങ്ങളുടെ തിരോധാനത്തിന്നു ശേഷമാണ്.

## നെൽപ്പിണി ക്ഷേത്രം

ചരിത്രപരമായി വളരെ പ്രാധാന്യമുള്ളതാണ് നെൽപ്പിണി സുബ്രഹ്മണ്യസ്വാമി ക്ഷേത്രം. ഇത് പണ്ട് തൃക്കണാമതിലകത്തിൻെറ കീഴ്ഘടകമായിരുന്നു. എല്ലാ ജൈനക്ഷേത്രങ്ങളുടെയും ആസ്ഥാനമായി തൃക്കണാമതിലകത്ത് ഒരു പ്രധാന ജൈനക്ഷേത്രം ഉണ്ടായിരുന്നുവല്ലോ.

തൃക്കണാമതിലകത്തേയ്ക്കുള്ള നെയ്ഭരണി സൂക്ഷിച്ചിരുന്നത് നെല്പ്പിണി ക്ഷേത്രത്തിലായിരുന്നുവത്രേ! നെയ്ഭരണിയെന്നത് കാലക്രമേണ രൂപാന്തരം വന്നായിരിക്കാം നെല്പ്പിണി എന്ന പേരുണ്ടായത്. നെല്പ്പിണി ക്ഷേത്രം ഒരു ജൈന ക്ഷേത്രമായിരുന്നുവെന്നു വിശ്വസിക്കുന്നതിൽ അപാകതയില്ല. ആയിരത്തിലേറെക്കൊല്ലത്തെ പഴക്കമുണ്ടെന്ന പഴമക്കാരുടെ വിശ്വാസം ശരിയാണെങ്കിൽ, ഈ ക്ഷേത്രം തീർച്ചയായും ജൈന ക്ഷേത്രം തന്നെയാവാനാണ് സാദ്ധ്യത. പശ്ചിമാഭിമുഖ പ്രതിഷ്ഠയുള്ള ഏകക്ഷേത്രവും ഇതാണ്. പ്രശാന്തസുന്ദരമായ അന്തരീക്ഷമുള്ള ഈ ക്ഷേത്രം ഇന്നാട്ടുകാരുടെ ഉാക്കുളിരാണ്. നെല്പ്പിണി എന്ന ക്ഷേത്രനാമം ഇന്ന് ദേശനാമം കൂടിയാണ്.

## ശാന്തിപുരം സാഹിബ്ബിൻെറ പള്ളി

പഴമ അവകാശപ്പെടാൻ കഴിയുന്ന മറ്റൊരു ആരാധനാലയം ശാന്തിപുരത്തെ സാഹിബ്ബിൻെറ പള്ളിയാണ്. പഴയ വാസ്തുശില്പകലയുടെ പ്രൗഢി ഇപ്പോഴും കുറച്ചൊക്കെ അവിടെ ബാക്കി നില്പുണ്ട്.

## ഇതര മതങ്ങാം

തുടർന്ന്, ക്രിസ്തുമതം യൂറോപ്പിൽ പ്രചരിക്കുന്നതിന്നു മുമ്പേതന്നെ (ഏ.ഡി. 52ൽ) ഇവിടെ പ്രചരിച്ചു. തങ്ങളുടെ ജന്മനാട്ടിൽ ദേവാലയം നശിപ്പിക്കപ്പെട്ട ജൂതന്മാർ സുരക്ഷിതരായി ജീവിക്കാൻ മനഃപൂർവ്വം തിരഞ്ഞെടുരതതും (ഏ.ഡി. 68) ഇവിടം തന്നെ! ക്രിസ്തുവർഷം ഏഴാം ശതകത്തിൽ, മുഹമ്മദു നബിയുടെ ജീവിതകാലത്തുതന്നെ മാലിക് ദീനാറും സംഘവും ഇവിടെ വന്നിറങ്ങി. ചുരുക്കത്തിൽ, യവനദേശങ്ങളിലേയ്ക്കും മറ്റും കയറ്റി അയയ്ക്കപ്പെട്ട സുഗന്ധദ്രവ്യങ്ങളോടൊപ്പം ഇവിടത്തെ സഹിഷ്ണുതയുടെ സുഗന്ധവും അവിടങ്ങളിൽ പരന്നിരുന്നു.

ചേരരാജാക്കന്മാർക്കും കൊടുങ്ങല്ലൂർ രാജവംശ ഭരണത്തിന്നുയൊക്കെ ശേഷം, ഏ.ഡി. പതിന്നാലാം നൂറ്റാണ്ടിൽ കൊച്ചീരാജ്യത്തിൻെറ കീഴിൽ വന്നു. കൊച്ചീരാജ്യത്തെ സാമൂതിരിയും സാമൂതിരിയെ ടിപ്പുവും ടിപ്പുവിനെ ബ്രിട്ടനും തോല്പിച്ചു. അങ്ങനെ, ശ്രീനാരായണപുരം ഉാപ്പെട്ട ഭൂപ്രദേശം മദിരാശി ഗവൺമെൻറിൻെറ കീഴിൽ വന്നു - 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപവത്ക്കരിക്കുന്നതുവരെ, ശ്രീനാരായണപുരം പഞ്ചായത്ത് മലബാറിൻെറ തെക്കേ അറ്റമായി കരുതിപ്പോരുന്നു. ഇവിടത്തെ ഭരണം മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ കീഴിലായിരുന്നു.

## ടിപ്പുവിൻെറ പരിഷ്ക്കാരങ്ങാം

സവർണ്ണരുടെ ഭൂമിക്കും നികുതി ചുമത്തി നികുതിനിയമം ഏകീകരിച്ചത് ടിപ്പുവായിരുന്നു.

നമ്മുടെ പഞ്ചായത്തിൽ ഗതാഗത സൌകര്യങ്ങളൊന്നും തന്നെയുണ്ടായിരുന്നില്ല. ടിപ്പുവിൻെറ പടയോട്ടത്തോടെയാണ് പഞ്ചായത്തിൻെറ കിഴക്കൻ ഭാഗത്തുകൂടി തെക്കോട്ടു പോകുന്ന ചെറുവഴി പെരുവഴിയായത്. ഇന്നത് 17-ാം നമ്പ്ര് ദേശീയപാതയെന്ന തീരദേശ റോഡാണ്. ഇതാണ് പഴയ ടിപ്പു സുൽത്താൻ റോഡ്. ടിപ്പു റോഡുകാം വേറെയുമുണ്ട് പഞ്ചായത്തിൽ. ചുരുക്കത്തിൽ, ടിപ്പുവാണ് നമ്മുടെ റോഡുകളുടെ സമുദ്ധാരകൻ എന്നുതന്നെ പറയാം.

## റവന്യൂ വിഭജനം

ഇന്നും നമ്മുടെ നാട്ടിൽ നിലവിലുള്ള തഹശീലുകളും (താലൂക്കുകാം) ഫർക്കുകളും (സബ് താലൂക്കുകാം) ടിപ്പുവിൻെറ പരിഷ്ക്കാരങ്ങളിൽ ചിലതാണ്. ഇന്നത്തെ 'അംശ'ങ്ങളുടെ സ്ഥാനത്ത് അന്ന് തറകളായിരുന്നു. തറകളെ അംശങ്ങളാക്കിയതൊഴിച്ചാൽ, ടിപ്പുവിൻെറ പരിഷ്ക്കാരങ്ങാം അങ്ങനെത്തന്നെ നിലനിറുത്തുകയാണ് ബ്രിട്ടൻ ചെയ്തത്.

ടിപ്പു ഹൈന്ദവമത ധ്വംസകനാണെന്ന വാദത്തിന് ഉപോൽബലകമായുള്ള തെളിവുകളൊന്നും നമ്മുടെ പഞ്ചായത്തിലില്ല. ടിപ്പു സുൽത്താൻ റോഡിൻെറ തൊട്ടു പടിഞ്ഞാറേതായി സ്ഥിതിചെയ്യുന്ന ശ്രീനാരായണപുരം ശ്രീകൃഷ്ണ ക്ഷേത്രം ഒരു കേടും കൂടാതെ നിലനില്ക്കുന്നുണ്ട്.

## ബ്രിട്ടീഷ് ഭരണം

ബ്രിട്ടീഷ് ഭരണത്തിന് എന്തൊക്കെ ദോഷമുണ്ടെങ്കിലും, ജാതിമർദ്ദനം ബ്രിട്ടീഷ് മലബാറിൽ താരതമ്യേന കുറവായിരുന്നു. മലബാറിലെ

സബ്കലക്ടർതന്നെ തിയ്യനായിരുന്നു. പനങ്ങാട്, ആല എന്നീ അംശങ്ങളിൽ തിയ്യജാതിക്കാർ അധികാരികളായി ഇരുന്നിട്ടുണ്ട്. അധികാരി, വില്ലേജ് മുൻസിഫും ആയിരുന്നു. ആല വില്ലേജിൽ അംശം അധികാരി സ്ഥാനം തലമുറ തലമുറയായി പകർന്നുപോന്നിട്ടുണ്ട്.

## ശ്രീനാരായണ പ്രസ്ഥാനം

ശ്രീനാരായണ പ്രസ്ഥാനങ്ങളാണ് ജനങ്ങളുടെ ഇടയിൽ ഉണർവ്വുണ്ടാക്കാൻ വേണ്ടി ശ്രമിച്ചവയിൽ പ്രാതഃസ്മരണീയമായിട്ടുള്ളത്. അയിത്താചരണത്തിന്നെതിരെ സംഘടിതമായ എതിർപ്പുണ്ടായതക്കാലത്താണ്. നമ്മുടെ പഞ്ചായത്തു ഭൂപ്രദേശത്തും ഇത് യഥാകാലം ഉടലെടുത്തു. അങ്ങനെ ഒരു പുതിയ യുഗത്തിൻെറ നാന്ദി കുറിയ്ക്കപ്പെട്ടു.

ശ്രീനാരായണഗുരു സ്മാരകമായിരുന്നു (എസ്.എൻ.ജി.എസ്.) ആദ്യത്തെ ശ്രീനാരായണ പ്രസ്ഥാനം. ഇത് നാട്ടിക ഫർക്ക മുഴുവൻ പ്രവർത്തിച്ചിരുന്നു. മുപ്പതുകളുടെ മദ്ധ്യത്തിൽ, സി. കേശവൻ പങ്കെടുത്ത ഒരു മഹാസമ്മേളനം ഇന്നത്തെ പൂവ്വത്തുംകടവ് ബാങ്കിൻെറ തെക്കുകിഴക്കു ഭാഗത്തായി നടത്തിയിരുന്നു. എ.സി. ശങ്കരനാരായണനായിരുന്നു അതിൻെറ സംഘാടകൻ.

പിന്നീടാണ് എസ്.എൻ.ഡി.പി. വരുന്നത്. ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ സ്വാധീനഫലമായി ഒരുപാട് അമ്പലങ്ങളും സ്ക്കൂളുകളും നമ്മുടെ നാട്ടിൽ ഉയർന്നുവന്നു. സ്വാമികളുടെ ജീവിതകാലത്തുതന്നെ വിഗ്രഹ പ്രതിഷ്ഠ നടന്ന ക്ഷേത്രമാണ് ആലയിലെ ശങ്കനാരായണ ക്ഷേത്രം. പനങ്ങാട് ഹൈസ്ക്കൂാം, ശ്രീനാരായണ കടാക്ഷം വെമ്പല്ലൂർ യു.പി. സ്ക്കൂാം തുടങ്ങിയവ ശ്രീനാരായണീയരുടെ ശ്രമഫലമായി സ്ഥാപിക്കപ്പെട്ടവയാണ്. സമത്വബോധം ദൈവചിന്തയിൽനിന്നും തന്നെ തുടങ്ങട്ടെ എന്നതായിരുന്നു ക്ഷേത്രപ്രതിഷ്ഠയ്ക്ക് പിന്നിലുണ്ടായിരുന്നത്. 'വിദ്യകൊണ്ട് പ്രബുദ്ധരാവുക' എന്ന സ്വാമികളുടെ ഉദ്ബോധനം സരസ്വതീക്ഷേത്ര പ്രതിഷ്ഠയ്ക്കും മൂലമായി.

വർഗ്ഗബോധം ആർജ്ജിക്കാഞ്ഞതുകൊണ്ടാവാം, ഒരു സാമൂഹിക ധ്രുവീകരണത്തിന്നു നേതൃത്വം നല്കാൻ അതിന്നു കഴിയാതെ പോയത്. എങ്കിലും പിൽക്കാലത്ത്, കർഷക പ്രസ്ഥാനങ്ങളിലേയ്ക്കും കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങളിലേയ്ക്കുമുള്ള കേരളീയ സമൂഹത്തിൻെറ വളർച്ചയുടെ വിത്തുപാകിയത് ശ്രീനാരായണ പ്രസ്ഥാനങ്ങളായിരുന്നെന്ന് നിസ്സംശയം പറയാം. ഇന്നും കൂടുതൽ ശാഖകളോടെ, ധർമ്മപരിപാലന വ്യഗ്രതയോടെ ഈ പ്രസ്ഥാനവൃക്ഷം നമ്മുടെ നാട്ടിൽ നിലകൊള്ളുന്നു.

## കോൺഗ്രസ് പ്രസ്ഥാനം

ആയിരത്തിത്തൊള്ളായിരത്തി ഇരുപതുകളിലാണ് കോൺഗ്രസ് പ്രസ്ഥാനം ഇവിടെ വേരൂന്നുന്നത്. ബ്രിട്ടീഷ് കോയ്മ അവസാനിപ്പിക്കുന്നതോടൊപ്പം തന്നെ അയിത്തം തുടങ്ങിയ സാമൂഹികാവശതകാം പരിഹരിയ്ക്കാനും അവർ സ്വാതന്ത്ര്യസമരത്തെ പ്രയോജനപ്പെടുത്തി. ഗോപാലകൃഷ്ണപ്പണിക്കർ, രാമൻകുട്ടിപ്പണിക്കർ തുടങ്ങിയ മുന്തിരയ്ക്കൻപ്പണിക്കന്മാരും ഗാന്ധിവേലായുധനെന്ന തെക്കൂട്ടു കാര വേലായുധനും പാലക്കാട്ട് കേശവൻ നായരും, പൂവ്വത്തുംകടവിൽ രാമൻകുട്ടിയും അബ്ദുാഖാദർ മാസ്റ്ററും മറ്റുമായിരുന്നു ആദ്യകാല കോൺഗ്രസ് നേതാക്കാം. അയിത്തോച്ചാടനം, ഉപ്പുസത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം, പാലിയം സത്യാഗ്രഹം, ക്വിറ്റിന്ത്യാ പ്രക്ഷോഭണം മുതലായവയിലെല്ലാം നമ്മുടെ നേതാക്കാം പങ്കെടുത്തിട്ടുണ്ട്.

1930ലെ കള്ളുഷാപ്പ് പിക്കറ്റിങ്ങിൽ പങ്കെടുത്തയാളാണ് ഗാന്ധിവേലായുധൻ. 1930ലെ ഉപ്പുസത്യാഗ്രഹത്തിലും ഗുരുവായൂർ സത്യാഗ്രഹത്തിലും (1931-32), 1940ലെ വ്യക്തി സത്യാഗ്രഹത്തിലും 1942ലെ ക്വിറ്റിന്ത്യാ പ്രക്ഷോഭണം തുടങ്ങി സ്വാതന്ത്ര്യസമരത്തിൽ ആദ്യന്തം പങ്കെടുത്തവരാണ് ഗോപാലകൃഷ്ണപ്പണിക്കരും, പാലക്കാട്ട് കേശവൻ നായരും.

ഇവിടെ കോൺഗ്രസ് പ്രസ്ഥാനം എണ്ണമില്ലാത്തോളം സന്നദ്ധഭടന്മാർക്ക് ജന്മം നല്കിയിട്ടുണ്ട്. അന്നത്തെ കോൺഗ്രസ് പ്രവർത്തകർ ഗാന്ധിജിയുടെ പ്രവർത്തനശൈലിയിൽ ആകൃഷ്ടരായി, നാടിൻെറ വിളികേട്ട് വന്നവരായിരുന്നു. അവരുടെ ത്യാഗശീലവും അഹിംസാബോധവും സഹിഷ്ണുതയും അനുകരണീയമായിരുന്നു. കള്ളുഷാപ്പ് പിക്കറ്റിങ്ങിൻെറ ഒരു നഖചിത്രമിതാ:

പിക്കറ്റിങ്ങിൽ അവർ കാണിച്ച സഹനശക്തി ഹൃദയഭേദകമായിരുന്നു. കുടിയ്ക്കരുതെന്നു പദേശിക്കുകയും എന്നിട്ടും വഴങ്ങാതെ ഷാപ്പിനകത്തേയ്ക്കു കടക്കുന്നവരുടെ കാൽക്കൽ വീണപേക്ഷിക്കുകയും ചെയ്തു. ചിലർ സമരഭടന്മാരുടെ തലയിൽ കള്ളുകുടം കമഴ്ത്തി. കള്ളുമുതലാളിയുടെ ആളുകാംതല്ലിച്ചതച്ചിട്ടും പ്രകോപിതരാവാതെ, സ്വധർമ്മത്തിൽനിന്നും വ്യതിചലിക്കാതെ, അവർ നിലകൊണ്ടു.

അതെ, നാം ഇന്ന് ഊന്നിനില്ക്കുന്ന പുരോഗതിയുടെ മണ്ണ് ഒരു നല്ല നാളേയ്ക്കുവേണ്ടി ജീവൻ ബലിയർപ്പിച്ചവരുടെ ചുടുരക്തം വീണ് കുതിർന്ന മണ്ണാണ്.

## കർഷക പ്രസ്ഥാനം

1938-ൽ ആണ് ശ്രീനാരായണപുരം പഞ്ചായത്തിൽ കർഷക പ്രസ്ഥാനം ഉടലെടുക്കുന്നത്. എടത്തുരുത്തിയിൽനിന്നും നേതാക്കാം വന്നാണ് പ്രസ്ഥാനത്തിൻെറ വിത്തു പാകിയത്. നാടുവാഴിത്തം, ജന്മിത്വം, അയിത്തം എന്നിവയ്ക്കെതിരായിരുന്നു അന്നത്തെ പോരാട്ടം. പട്ടിണി കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കാലം. അന്തിയാവോളം പണി ചെയ്തിട്ടും, പാടം കനിഞ്ഞിട്ടും മണ്ണിൽ പണി ചെയ്തോർക്ക് പട്ടിണി മാത്രം മിച്ചം. രാജഭോഗവും പാട്ടവാരവും അളന്ന് കഴിഞ്ഞാൽപ്പിന്നെ അടുത്ത കൃഷിയിറക്കാനും, നിത്യവൃത്തിക്കുമായി കൊള്ളപ്പലിശയ്ക്ക് നെല്ലും പണവും കടം വാങ്ങണമായിരുന്നു.

സേലം കൃഷ്ണൻ, പി.എസ്. ശങ്കരനാരായണൻ, കെ.എസ്. മാധവൻ മാസ്റ്റർ, പൂവ്വത്തും കടവിൽ കുഞ്ഞിക്കണ്ണൻ, പി.എസ്. കൃഷ്ണൻകുട്ടി, പാലയ്ക്കൽപ്പറമ്പിൽ അപ്പു, തോപ്പിൽ കുമാരൻ, കണ്ണൻകാട്ടിൽ കൃഷ്ണൻ, നടുമുറി കുഞ്ഞുമാമി, ചീരോത്തു കുമാരൻ എന്നിവരായിരുന്നു അന്ന് സജീവമായി പ്രസ്ഥാനത്തിലുണ്ടായിരുന്നത്. അക്കാലത്ത്, തളിക്കുളത്ത് കലക്ടർ വരുന്നുണ്ടെന്നറിഞ്ഞ്, തങ്ങളുടെ ദൈന്യത അദ്ദേഹത്തെ ധരിപ്പിക്കാൻ ഒരു മെമ്മോറാണ്ടം സമർപ്പിക്കാനായി അവർ പുറപ്പെട്ടു. വഞ്ചിയിലായിരുന്നു യാത്ര. എന്നാൽ, എടത്തുരുത്തിയിലെത്തിയപ്പോാം, തളിക്കുളം മേഖലയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചതായറിഞ്ഞ് തിരിച്ചു പോരേണ്ടിവന്നു.

## കമ്മ്യൂണിസ്റ്റു പ്രസ്ഥാനം

വർഗ്ഗബോധത്തിൻെറ അനിവാര്യഫലമെന്ന നിലയിൽ ശ്രീനാരായണ പ്രസ്ഥാനത്തിൻെറയും കർഷക പ്രസ്ഥാനത്തിൻെറയും ക്രമമായ വളർച്ച കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിൻെറ ഉദയത്തിലേയ്ക്കു നയിച്ചു. സാമൂഹികാവശതയുടെ അടിസ്ഥാന കാരണത്തെക്കുറിച്ച് ഒരു ബോധം രൂപപ്പെട്ടു.

1942-ൽ ആൻറി ഫാസിസ്റ്റ് ലീഗ് എന്ന പേരിലായിരുന്നു അതിൻെറ തുടക്കം. 1938-ൽ ത്തന്നെ പ്രസ്ഥാനം കേരളത്തിൽ ഉടലെടുത്തെങ്കിലും ഇവിടെ അതിൻെറ വേരു മുളച്ചത് ഇക്കാലത്തു മാത്രമാണ്. മുമ്പ്, കർഷക പ്രസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോാംത്തന്നെ ശ്രീനാരായണ പ്രസ്ഥാനത്തിൻെറ അന്തഃസത്ത ഉാംക്കൊണ്ട് അയിത്തത്തിന്നും അജ്ഞതയ്ക്കുമെതിരെ പോരാടിയവരും കോൺഗ്രസ്സിൽനിന്ന് പിൻവാങ്ങിയവരും ഒന്നിച്ചണിനിരന്നു. 1942-ൽ പി.എസ്. ശങ്കരനാരായണൻെറ വീട്ടിൽവച്ചു നടത്തപ്പെട്ട പാർട്ടി ക്ലാസ്സോടെയാണ് അതിൻെറ തുടക്കം. ഒരാഴ്ച അതു നീണ്ടുനിന്നു. അന്നതിൻെറ സകല ചെലവും വഹിച്ചത് പി.എസ്. ആയിരുന്നു. അതിന്നുശേഷവും പാർട്ടി കെട്ടിപ്പടുക്കാൻ സാമ്പത്തികമായി സഹായിച്ചതും അദ്ദേഹം തന്നെയായിരുന്നു. അരിക്കച്ചവടം വേണ്ടെന്നുവച്ച് മുഴുവൻ സമയവും പ്രസ്ഥാനത്തിന്നുവേണ്ടി നീക്കിവയ്ക്കുകയും ചെയ്തു.

1946-ൽ പുന്നപ്ര-വയലാർ സമര സഖാക്കാം ഇവിടെ ഒളിവിൽ താമസിച്ചിരുന്നു. അക്കാലത്തെ സഖാക്കാം രാമനേഴുത്ത് ശങ്കരമേനോനും കുടുംബവും, വട്ടപ്പറമ്പിൽ കുമാരൻ, വട്ടപ്പറമ്പിൽ വേലായുധൻ (ചെറിയ വി.പി), പൂതോട്ട് രാമൻ, പൂതോട്ട് ദാമോദരൻ, കാട്ടുപറമ്പിൽ കുമാരൻ, കാട്ടുപറമ്പിൽ കൊച്ചക്കൻ, ചെന്നറ കണ്ടൻകുഞ്ഞി, കാരാഞ്ചേരി കൃഷ്ണൻ മുതലായവരായിരുന്നു. വി.പി. കുമാരൻെറയും കാട്ടുപറമ്പിൽ കുമാരൻെറയും തോപ്പിൽ ഗോപാലൻെറയും മറ്റും വീടുകാം രഹസ്യസങ്കേതങ്ങളായിരുന്നു. പി.ടി. ഭാസ്ക്കരപ്പണിക്കർ തോപ്പിൽ ഗോപാലൻെറ വീട്ടിൽ ഒളിച്ചു താമസിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നു. പുന്നപ്ര-വയലാർ സഖാക്കളും വടക്കേ മലബാർ സമരത്തിലെ സഖാക്കളും പയ്യാക്കൽ ഭവനത്തിൽ താമസിച്ചിട്ടുണ്ടത്രേ.

1948-ലെ രണ്ടാം പാർട്ടി കോൺഗ്രസ്സിനു (കൽക്കത്ത) ശേഷം, ഏപ്രിൽ നാലാം തിയ്യതി കൃഷിക്കാരുടെ ഒരു സമര പ്രഖ്യാപന സമ്മേളനം നടന്നു. അതിലെ പ്രധാന മുദ്രാവാക്യങ്ങൾ 'കൃഷി ഭൂമി കൃഷിക്കാർക്ക്', 'അധികാരം ജനങ്ങൾക്ക്' എന്നിവയായിരുന്നു. ആദ്യമായി ഒരു പന്തം കൊളുത്തി പ്രകടനം നടന്നത് ഈ യോഗത്തിനു ശേഷമാണ്. അതോടെ, ജന്മിമാർക്ക് ഇഷ്ടമി ല്ലാത്തവരെ കമ്മ്യൂണിസ്റ്റെന്നു മുദ്രകുത്തി, പോലീ സിൻെറ നേതൃത്വത്തിൽ വ്യാപകമായ മർദ്ദന പര മ്പരതന്നെ നടന്നു. സേലം കൃഷ്ണൻ, ആർ. ശങ്കര മേനോൻ, മേനോൻെറ മകൻ പയ്യാക്കൽ പ്രഭാകര മേനോൻ, ആലയിൽ വിജയൻ, കുറ്റിപ്പറമ്പിൽ പത്മനാഭൻ (പപ്പൻ), കടമ്പോട്ട് അബ്ദുൾ ഖാദർ, എം.എ. വേലായുധൻ (1963ലെ പഞ്ചായത്തു ഭരണസമിതിയിലെ ഹരിജൻ മെമ്പർ), എന്നിവർ അറസ്റ്റു ചെയ്യപ്പെട്ടു.

1948 ഒടുവോടെ, എ.കെ.ജി. കോയമ്പത്തൂർ ജയിലിൽ നിരാഹാരമനുഷ്ഠിച്ചപ്പോൾ, അതിനോ ടുള്ള അനുഭാവ സൂചനയെന്നോണം ശ്രീനാരാ യണപുരത്ത് നിരോധനം ലംഘിച്ച് ജാഥ നട ത്തിയ തോപ്പിൽ ഗോപാലകൃഷ്ണൻ, നാലമാക്കൽ കൊച്ചുകൃഷ്ണൻ, തോപ്പിൽ കൃഷ്ണൻകുട്ടി തുടങ്ങിയവരെ അറസ്റ്റുചെയ്ത് കേസ്സെടുത്തു. പാർട്ടി പ്രവർത്തനം ഉപേക്ഷിക്കാമെന്ന് ഉറപ്പു കൊടുത്തതിനാൽ കൊച്ചുകൃഷ്ണനെ വെറുതെ വിട്ടു. കൃഷ്ണൻ കുട്ടിയെ പ്രായക്കുറവുമൂലം ശിക്ഷയിൽ നിന്നൊഴിവാക്കി ദുർഗ്ഗുണ പരിഹാര പാഠശാലയിലേയ്ക്കയച്ചു. (അദ്ദേഹം ഇപ്പോഴും തെങ്ങു ചെത്തി ഉപജീവനം കഴിക്കുന്നു). ബാക്കി പ്രതികളെ നാലു മാസത്തേയ്ക്ക് റിമാൻറു ചെയ്ത് ചാവക്കാട് സബ്ജയിലിലേയ്ക്കും അതിന്നുശേഷം രണ്ടുമാസത്തെ ശിക്ഷ വിധിച്ച് കണ്ണൂർ സെൻട്രൽ ജയിലിലേയ്ക്കുമയച്ചു.

1949-ലെ മലബാർ ഡിസ്ട്രിക്ട് ബോർഡി ലേയ്ക്ക് തിരഞ്ഞെടുപ്പു നടക്കുന്ന കാലം. എടത്തു രുത്തിക്കാരനായ ശ്രീ. കെ. ശേഖരൻ നായരായി രുന്നു കമ്മ്യൂണിസ്റ്റു സ്ഥാനാർത്ഥി. (പനങ്ങാട്ടെ, മുല്ലൂരിൽ വിവാഹം കഴിച്ചിട്ടുള്ള കുട്ടിക്കൃഷ്ണൻ നായരുടെ ജ്യേഷ്ഠൻ). ശാന്തിപുരത്ത് സാഹി ബ്ബിൻെറ പള്ളിനടയിൽ വച്ച് പത്ത് കമ്മ്യൂണിസ്റ്റ് പ്രവർത്തകരെ അറസ്റ്റു ചെയ്തു. ചാവക്കാട്, പൊന്നാനി, പാലക്കാട് എന്നീ സബ്ജയിലുകളിൽ നാലു മാസത്തെ റിമാൻറിനുശേഷം, കണ്ണൂർ സെൻ ട്രൽ ജയിലിൽ ആറുമാസത്തെ ശിക്ഷ വിധിക്ക പ്പെട്ടു. 1950 ജനുവരി 26 റിപ്പബ്ലിക്കുദിനത്തിൻനാ ൾ സർദാർ ഗോപാലകൃഷ്ണൻ കൊല ചെയ്യപ്പെടു മ്പോൾ ഇവരൊക്കെ ജയിലിലായിരുന്നു. പി.കെ. ഗോപാലകൃഷ്ണനെയും പി.എ. മുഹമ്മദ് യൂനി സിനെയും പാർട്ടി ജാമ്യത്തിലെടുത്തു. 1952-ൽ പാർട്ടിക്കെതിരെയുള്ള നിരോധനം നീക്കുകയും ചെയ്തു.

പാർട്ടിയിലെ രണ്ട് സർവ്വസംഗ പരിത്യാഗി കളായിരുന്നു ചേരിൽ ഗോവിന്ദൻകുട്ടി മേനോനും (സീജി) ശ്രീ. ടി.കെ. നാരായണനും. രണ്ടുപേരും ജീവിച്ചിരിപ്പില്ല.

## ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തനം - ഒരു നഖചിത്രം

ആദ്യകാല കമ്മ്യൂണിസ്റ്റു നേതാക്കളിൽ ചിരസ്മരണീയരായ ചിലരുമായി ബന്ധപ്പെടുത്തി അക്കാലത്തെ പ്രവർത്തനരീതി വിലയിരുത്താം.

കമ്മ്യൂണിസ്റ്റുകാരെ ഒളിവിൽ പാർപ്പിച്ച വരിൽ പ്രമുഖനായിരുന്നു തെക്കൂട്ടു ശങ്കരൻകുട്ടിശ്ശി പ്പായി. സ്വയം ഒരു കമ്മ്യൂണിസ്റ്റു വിരുദ്ധപരിവേഷ മുണ്ടാക്കി അതിൻെറ മറവിലായിരുന്നു ഒളിപ്പി യ്ക്കൽ നടത്തിയിരുന്നത്! പകലൊക്കെ കമ്മ്യൂ ണിസ്റ്റുകാരെ കുറ്റം പറഞ്ഞു നടക്കും. രാത്രിയാ യാൽ ഒളിപ്പിയ്ക്കലും മാറ്റിപ്പാർപ്പിക്കലും തരം പോലെ നടത്തും! അങ്ങനെ ഒരിക്കൽ പി.ടി. ഭാസ്ക്കരപ്പണിക്കരെ സ്വഭവനത്തിൽ ഒളിപ്പിച്ചു വച്ചതിനുശേഷം നെല്ലിൻ ചാക്കാണെന്ന വ്യാജേന അദ്ദേഹത്തെ നടുമുറി കുമാരൻെറ വീട്ടിൽ എത്തി ച്ചിട്ടുണ്ടത്രേ! നെല്ലിൻ ചാക്കിൻെറ ഭാഗമഭിനയിച്ച പി.ടി. പിന്നീട് സ്വയം പരിചയപ്പെടുത്തിയപ്പോ ഴാണ്, താൻ അന്ന് ചുമന്നത് നെല്ലിൻ ചാക്കല്ലെന്ന് ചുമട്ടുകാരൻ അറിയുന്നത്!

പേരെടുത്ത കമ്മ്യൂണിസ്റ്റുകാരനും സ്ഥല ത്തെ നാടൻ പാട്ടുകവിയുമായിരുന്നു നടുമുറി കുമാരൻ. അദ്ദേഹത്തിൻെറ വീട് ഒരു രഹസ്യസ ങ്കേതമായിരുന്ന കാര്യം മുമ്പ് പറഞ്ഞതാണല്ലോ.

കാട്ടുപറമ്പിൽ കുമാരൻ എന്ന മീശക്കുമാ രൻ പോരാളികളെ സ്ഥിരമായി ഒളിവിൽ പാർപ്പി

ച്ചയാളാണ്. ദിക്കിനുപോലും ചെവിയുള്ള കാലം. ഏതു നിഴലിനും ബ്രിട്ടീഷ് പോലീസിൻെറ രൂപം. എട്ടും ഒമ്പതും മൺകലങ്ങളിലാണ് അന്ന് കഞ്ഞി വയ്ക്കുക. കുമാരൻെറ പെങ്ങരം കാലാക്കിയ കഞ്ഞിയും വലിച്ചുകുടിച്ച് പോരാളികരം ഇരുളിൽ മറയും.

സ്ഥലത്തെ പോലീസ് ഭീകരനായ ഇൻസ്പെക്ടർ ഗോവിന്ദൻ നമ്പ്യാരുടെ ബൂട്ടിൻെറ ചവിട്ട് പലതവണ അനുഭവിച്ചയാളാണ് കാട്ടുപറമ്പിൽ കുമാരൻ. ഒരിക്കൽ ചണ്ടിക്കുളത്തിൽ മുങ്ങിയാണ് നമ്പ്യാരിൽനിന്നും രക്ഷപ്പെട്ടത്. അദ്ദേഹത്തിൻെറ മീശ 'നമ്പ്യാരിടിച്ച് വളർത്തിയ മീശ' യാണെന്ന ഒരു ചൊല്ലും നാട്ടിലുണ്ടായി. നമ്പ്യാരുടെ ചവിട്ടേല്ക്കാത്ത കമ്മ്യൂണിസ്റ്റുകാർ അന്ന് നാട്ടിൽ ഇല്ലെന്നുതന്നെ പറയാം.

മുള്ളൻ കുഞ്ഞാണ്ടിയെന്ന നാലുമാക്കൽ കുഞ്ഞാണ്ടി, ജന്മിമാരുടെ ആളായിച്ചമഞ്ഞ് അവരുടെ രഹസ്യം ചോർത്തുന്നതിൽ വിരുതനായിരുന്ന എരുമത്തുരുത്തി വേലവൻ, പണിയ്ക്കപ്പറമ്പിൽ കൊച്ചക്കൻ, പിന്നെ, അകപ്പറമ്പിൽ കുമാരൻ ഭാര്യ നാരായണി തുടങ്ങിയ ധീരവനിതകരം അങ്ങനെ, എത്ര പറഞ്ഞാലും തീരാത്ത ഒരു കമ്മ്യൂണിസ്റ്റുചരിത്രം ഈ നാടിനുണ്ട്.

## നമ്മുടെ നാട്ടിലെ മഹദ്വ്യക്തികരം

### ഗോപാലകൃഷ്ണപ്പണിക്കർ

പടിഞ്ഞാറെ വെമ്പല്ലൂരിലെ മുതിരയ്ക്കൽ ത്തറവാട്ടംഗമായ ഗോപാലകൃഷ്ണപ്പണിക്കർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ബ്രിട്ടീഷ് പോലീസിൻെറ ഭീകരമർദ്ദനമേറ്റുവാങ്ങി നിത്യരോഗിയായി ജീവിതം ചുമച്ചുതുപ്പിയ ധീരദേശാഭിമാനിയാണ്. അനവധി തവണ ജയിൽവാസമനുഭവിച്ച അദ്ദേഹം 1920ലാണ് പൊതുപ്രവർത്തനരംഗത്തു വരുന്നത്. ഹരിജനോദ്ധാരണത്തിനുവേണ്ടി അക്ഷീണം യത്നിച്ചു. നിസ്സഹകരണ പ്രസ്ഥാനത്തിലും ഗുരുവായൂർ സത്യാഗ്രഹത്തിലും പങ്കെടുത്ത് ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിൻെറ പേരിൽ ജയിലിലടയ്ക്കപ്പെട്ട പണിക്കർ ജയിൽപീഡനങ്ങരംക്കെതിരെ സമരം സംഘടിപ്പിച്ചതിന്നും പൈശാചികമായി മർദ്ദിക്കപ്പെട്ടു. അതോടെ നിത്യരോഗിയായി. 1940ലെ വ്യക്തി സത്യാഗ്രഹത്തിലും 1942-ലെ ക്വിറ്റിന്ത്യാ സമരത്തിലും പങ്കെടുത്ത് വെല്ലൂരും കോയമ്പത്തൂരും സേലത്തുമുള്ള ജയിലുകളിൽ ശിക്ഷയനുഭവിച്ചു. 1945-ൽ സ്വാതന്ത്ര്യസമരസേനാനികളെ ഒന്നടങ്കം മോചിപ്പിച്ചപ്പോരം മാത്രമേ ആ രോഗഗ്രസ്തന് പുറത്തുവരാൻ കഴിഞ്ഞുള്ളൂ. സ്വാതന്ത്ര്യാനന്തരം, താമ്രപത്രവും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പെൻഷനും കിട്ടിയിരുന്നു. അദ്ദേഹത്തിൻെറ ശാശ്വതസ്മരണ നിലനിർത്തുന്ന ഒരു സ്മാരകം പണിയേണ്ടതുണ്ട്.

### രാമൻകുട്ടിപ്പണിക്കർ

മുതിരയ്ക്കൽപ്പണിയ്ക്കന്മാരിൽ, യുവാവായിരുന്ന രാമൻകുട്ടിപ്പണിക്കർ കണ്ണൂർ ജയിലിലെ ക്രൂരമർദ്ദനമേറ്റ് മരണമടഞ്ഞ് രക്തസാക്ഷിയായ ആളാണ്. അദ്ദേഹത്തിൻെറ മൃതദേഹം കുടുംബാംഗങ്ങരംക്കോ നാട്ടുകാർക്കോ വിട്ടുകൊടുക്കാതെ കണ്ണൂർ ബീച്ചിൽ അതിരഹസ്യമായി സംസ്ക്കരിച്ചു.

### പാലക്കാട്ട് കേശവൻ നായർ

പനങ്ങാടംശത്തിലെ നെല്പ്പിണി സ്വദേശിയായ ഈ ധീരദേശാഭിമാനിക്ക് ഇപ്പോരം തൊണ്ണൂറ്റിഎട്ട് വയസ്സുണ്ട്. കടുകിട തെറ്റിക്കാത്ത ഈ ഗാന്ധിയൻ 1924-ൽ പൊതുപ്രവർത്തന രംഗത്ത് പ്രവേശിച്ചു.

1919-ൽ ചേന്ദമംഗലം ഹൈസ്ക്കൂളിൽ പഠിയ്ക്കുന്ന കാലത്ത്, ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന വിദ്യാർത്ഥിക്കുവേണ്ടി, ബ്രിട്ടീഷ് ഗവർമ്മേണ്ട് ഏർപ്പെടുത്തിയ 'പീസ് മെഡലി'ന് അർഹനായ കേശവൻ നായർ അതു നിരസിച്ചു. പറവൂരിൽ ഗാന്ധിജി വന്നപ്പോരം, വിദ്യാലയാധികൃതർ വിലക്കിയിട്ടും അദ്ദേഹം സഹപാഠികളേയും കൂട്ടി ഗാന്ധിജിയെ കണ്ടു. ആലുവ യൂസി കോളേജിൽ വന്ന മഹാകവി രവീന്ദ്രനാഥടാഗൂറിനെ വിലക്കു ലംഘിച്ചു തന്നെ അദ്ദേഹം പോയിക്കണ്ടു; വശ്യമോഹനങ്ങളായ പ്രസംഗം കേരംക്കുകയും ചെയ്തു. ചേന്ദമംഗലം ഹൈസ്ക്കൂളിൽനിന്നും ഏകനായി, കാൽനടയായാണ് അദ്ദേഹം ആലുവയിലെത്തിയത്.

കോഴിവെട്ട് എന്ന അനാചാരത്തെ അവസാനിപ്പിക്കാനായി അദ്ദേഹം തച്ചോളി വീട്ടിൽ കാൽ

നടയായി ചെന്നു. 1928-ൽ അഡയാർ കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്തു. 1930-ൽ പയ്യന്നൂരിലെ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത് കേളപ്പനോടൊപ്പം ജയിൽശിക്ഷ അനുഭവിച്ചു. 1931-32ൽ കേളപ്പൻെറ നിർദ്ദേശപ്രകാരം കോഴിക്കോട്ടു ചെന്ന് ഗുരുവായൂർ സത്യാഗ്രഹപ്രചാരണം നടത്തുകയും പ്രസ്തുത സത്യാഗ്രഹത്തിൽ പങ്കെടുക്കുകയും ചെയ്തു. 1940-ലെ വ്യക്തി സത്യാഗ്രഹത്തിന്ന് തിരഞ്ഞെടുക്കപ്പെട്ട ആദ്യവ്യക്തി കേശവൻ നായരായിരുന്നു. അന്നദ്ദേഹം നിയോഗിക്കപ്പെട്ടത് വിനോബാജിയെ പിന്തുടരാനും! അതിന്ന് അദ്ദേഹത്തെ ശ്രീനാരായണപുരത്തുവച്ച് തിലകം ചാർത്തിയത് കെ.പി.സി.സി. അദ്ധ്യക്ഷനായ ശ്രീ നന്ദ് കോളിയറും! സത്യാഗ്രഹത്തിന്നിടയിൽ ബൽഗാമിൽ വച്ച് അറസ്റ്റു ചെയ്യപ്പെട്ടു. 1942-ലെ ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്തതിന്നും ജയിലിലടയ്ക്കപ്പെട്ടു. അയിത്താചരണത്തിനെതിരെ കൊടുങ്ങല്ലൂരിൽ നടന്ന സമരത്തിൽ അദ്ദേഹം സഹോദരൻ അയ്യപ്പനോടൊപ്പം മുൻപന്തിയിലുണ്ടായിരുന്നു. ബ്രിട്ടീഷ് പോലീസ് തൻെറ നഖത്തിൻെറ ഇടയിൽ മൊട്ടുസൂചി കയറ്റിയിട്ടുണ്ടെന്ന് ഒരിക്കൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്. ജയിൽ പീഡനങ്ങൾക്കൊന്നും അദ്ദേഹത്തിൻെറ ഇച്ഛാശക്തിയെ ക്ഷയിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

### പി.എസ്. ശങ്കരനാരായണൻ

പനങ്ങാടംശത്തിലെ പൂവ്വത്തുംകടവ് തറവാട്ടംഗമായ പി.എസ്. ശങ്കരനാരായണൻ സ്വാതന്ത്ര്യ സമര സേനാനിയും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സ്ഥാപകാംഗവുമാണ്. സഹോദരൻ അയ്യപ്പനോടൊപ്പം ജാതിരാക്ഷസനെ നിഗ്രഹിക്കാൻ മുൻപന്തിയിലുണ്ടായിരുന്നു. നാട്ടിക ഫർക്കയിൽ എ.സി. ശങ്കരനാരായണൻെറ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ശ്രീനാരായണഗുരു സ്മാരക (എസ്.എൻ.ജി.എസ്.)ത്തിലും അദ്ദേഹം സജീവമായുണ്ടായിരുന്നു. പോലീസിൻെറ ഭീകര മർദ്ദനത്തിനെതിരെ പ്രചരണം നടത്തിയതിൻെറ പേരിലും ഭീകരമർദ്ദനം ഏൽക്കേണ്ടിവന്നു. (കോയമ്പത്തൂർ ജയിലിൽ). 1943-ലെ ഭക്ഷ്യക്ഷാമത്തെത്തുടർന്നുണ്ടായ പട്ടിണിയിൽ പാവങ്ങളെ സമാശ്വസിപ്പിക്കാനും ഇദ്ദേഹമുണ്ടായിരുന്നു. നാട്ടിക ഫർക്ക റൂറൽ ബാങ്കിൻെറ വൈസ് പ്രസിഡൻറായിരുന്ന അദ്ദേഹം രണ്ടു വർഷം മുമ്പ് മരണമടഞ്ഞു.

### സേലം കൃഷ്ണൻ

സേലം കൃഷ്ണനെ അറിയാത്തവർ ഈ തീരദേശത്തുണ്ടാവുകയില്ല. അത്രമേൽ ഇന്നാട്ടിലെ സ്വാതന്ത്ര്യ സമരരംഗത്തും പരിഷ്ക്കരണ പ്രസ്ഥാനങ്ങളിലും പങ്കാളിയായിരുന്നു അദ്ദേഹം. 1943-ലെ ഭക്ഷ്യക്ഷാമകാലത്ത് പാവങ്ങൾ പട്ടിണി കൊണ്ടു പിടഞ്ഞപ്പോൾ, ക്രൂരമായ നിസ്സംഗതയോടെ പൂഴ്ത്തിവെപ്പുകാരെ സഹായിച്ച ഉദ്യോഗസ്ഥരെ എതിർത്തതിന് ബ്രിട്ടീഷ് പോലീസിൻെറ ക്രൂരമർദ്ദനമേറ്റ് രോഗിയായി. സഹോദരൻ അയ്യപ്പനോടൊപ്പവും പ്രവർത്തിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിലെയും കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിലെയും മുന്നണിപ്പോരാളിയായ ഈ ധീര ദേശാഭിമാനി ഇന്ന് ജീവിച്ചിരിപ്പില്ല.

### ഗാന്ധി വേലായുധൻ (1895-1965)

തെക്കൂട്ടുകാര തറവാട്ടിൽ ജനിച്ച ഈ ധീര ദേശാഭിമാനി ശ്രീനാരായണഗുരു സ്മാരകത്തിൽ പ്രവർത്തിച്ചുകൊണ്ടാണ് തൻെറ പൊതുപ്രവർത്തനം തുടങ്ങുന്നത്. പിന്നീട് ശ്രീനാരായണ ധർമ്മ പരിപാലന യോഗം നാട്ടിൽ പ്രവർത്തനമാരംഭിച്ചപ്പോൾ കുറച്ചുകാലം അതിലും ഉണ്ടായിരുന്നു.

1928-ൽ ആണ് കോൺഗ്രസ്സുകാരനാവുന്നത്. ഉപ്പുസത്യാഗ്രഹം, കള്ളുഷാപ്പ് പിക്കറ്റിങ്ങ്, ഗുരുവായൂർ സത്യാഗ്രഹം എന്നിവയിൽ പങ്കെടുത്ത് അറസ്റ്റു വരിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റുകാരനായതിനു ശേഷമാണ് പാലിയം സത്യാഗ്രഹത്തിൽ പങ്കെടുക്കുന്നത്.

കോമാട്ടിൽ രാമൻമേനോൻ അടുത്ത സഹപ്രവർത്തകനായിരുന്നു. മേനോൻ വേലായുധൻെറ വീട്ടിൽ വന്ന് പാർട്ടിയാപ്പീസ് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 1937ലെ തിരഞ്ഞെടുപ്പിൽ എസ്.എൻ.ഡി.പി. സ്ഥാനാർത്ഥിയായ ബാലകൃഷ്ണനെ ജയിപ്പിക്കണമെന്നാവശ്യപ്പെട്ട് വേലായുധനെ നാലു ദിവസം തടവിൽ വച്ചത്രേ. അബ്ദുൾ ഖാദർ മാസ്റ്ററും മറ്റും വന്നിട്ടാണ് അദ്ദേഹത്തെ മോചിപ്പിച്ചത്. കോൺഗ്രസ് സ്ഥാനാർത്ഥിയായ കോമാട്ടിൽ രാമൻമേനോനു വേണ്ടിയായിരുന്നു വേലായുധൻ പ്രചാരണം നടത്തിയത്.

തുടർന്ന്, കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടി രൂപവത്ക്കരിക്കപ്പെട്ടപ്പോൾ അതിൽ അംഗമായി. അതിന്നുശേഷം, കമ്മ്യൂണിസ്റ്റു പാർട്ടിയുടെ രൂപവത്ക്കരണത്തിൽ പങ്കാളിയായി.

സേലം ജയിലിൽ വച്ചുണ്ടായ വെടിവെപ്പിൽ ഗാന്ധി വേലായുധൻ അ... കരമാംവിധം രക്ഷപ്പെട്ട ഒരു കഥയുണ്ട്. ...തന്റെ തൊട്ടടുത്തുണ്ടായിരുന്നവർ വെടിയേറ്റു... വീണു. ഇതുകണ്ട് സ്തബ്ധനായ വേലായുധൻ അ...കട്ടെ, ബോധംകെട്ടും വീണു. വെടിയേറ്റവരുടെ ര...ക്തം തെറിച്ച് അതിൽക്കുളിച്ച വേലായുധനെ... ജയിലധികാരികൾ വെടിയേറ്റു മരിച്ചവരിൽ ...പ്പെടുത്തി മൃതദേഹങ്ങളുടെ കൂട്ടത്തിൽ കൊ...ണ്ടുപോയി. അനക്കം കണ്ടപ്പോഴാണ് അദ്ദേഹത്തെ ശ്രദ്ധിക്കുന്നത്!

ബ്രിട്ടീഷ് പോലീസിന്റെ ഭീകരമർദ്ദനം വേലായു...ധന്റെ കുടുംബത്തിനും അനുഭവിക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ മകനാണ് ഇന്നും കർമ്മോത്സുകനായ സഖാവ് ടി.വി. രാഘവൻ.

## പി. കേശവമേനോൻ

ഐ.എൻ.എ. സമരഭടനും, കള്ളുഷാപ്പു പിക്കറ്റിംഗിലും മറ്റും പങ്കെടുത്തയാളും ജയിൽവാസമനുഭവിച്ചയാളും കാറൽ മാർക്സിന്റെ 'മൂലധനം' മൂന്നു ...ളവും അന്തഃസ്സത്ത ഒട്ടും ചോർന്നുപോകാതെ ആമൂലാഗ്രം സംഗ്രഹിച്ചയാളുമായ പുൽപ്പള്ളി കേശവമേനോൻ പനങ്ങാടുമായി നല്ല ബന്ധമുള്ളയാളായിരുന്നു. പനങ്ങാട്ടെ തോട്ടാപ്പിള്ളിയിലാണ് അദ്ദേഹം വിവാഹം ചെയ്തിരുന്നത്.

## പി.എ. സെയ്തു മുഹമ്മദ്

പ്രശസ്ത ചരിത്രകാരനും സാഹിത്യകാരനും സാമൂഹ്യപ്രവർത്തകനുമായിരുന്ന പി.എ. സെയ്തു മുഹമ്മദ് 1930-ൽ ആലയിലെ പോനാക്കുഴി തറവാട്ടിൽ ജനിച്ചു. 'ചരിത്ര കേരളം', 'കേരളത്തിലെ മുസ്ലീം ചരിത്രം' എന്നിവയുടെ കർത്താവ്. കേരള സാഹിത്യ അക്കാദമിയുടെ വൈസ് പ്രസിഡൻറായിരുന്നു. ഹിസ്റ്ററിക്കോൺഗ്രസ്സിലും അന്ത്രപ്പോളജി അസോസിയേഷനിലും അംഗമായിരുന്നു. ജനശ്ശക്തി, യുവകേരളം, സർഗ്ഗം എന്നിവയുടെ പത്രാധിപരായിരുന്നു. കേസരി ബാലകൃഷ്ണപിള്ളയുടെ ഈ പ്രിയശിഷ്യൻ നിസ്തന്ദ്രമായ ദേശസ്സേവനത്തിന്നിടയിൽ 1975-ൽ 47-ാം വയസ്സിൽ ജീവൻ വെടിഞ്ഞു.

## പി. മുഹമ്മദ് മാസ്റ്റർ

മാപ്പിളസാഹിത്യത്തിന് മുതൽക്കൂട്ടായി സബീദ, ജമീല എന്ന രണ്ട് ഗ്രന്ഥങ്ങളുടെ രചയിതാവും മുനിർ എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന ആളുമാണ് വടകരയിൽ ജനിച്ച് 17-ാം വയസ്സിൽ പള്ളിനടയിലെത്തി. ആല യു.പി. സ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്തു. ഇന്നും തല്ലാത്ത മുഹമ്മദ് മാസ്റ്റർ മദ്ധ്യവയസ്കരുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. സർദാരി രക്തസാക്ഷിത്വത്തിന് ശേഷം സബ് ഇൻസ്പെക്ടർ നമ്പ്യാരെ തല്ലിയ ഭാര്യാസഹോദരനെ ഒളിപ്പിച്ചു എന്നതിന്റെ പേരിൽ നിരന്തരം പോലീസ്ഭീഷണിക്ക് വിധേയനായിരുന്നു. മാസ്റ്റർ 1981-ൽ മരണപ്പെട്ടു.

## കെ.എ. ജബ്ബാർ (1923-1963)

ശാന്തിപുരത്തെ കാട്ടകത്ത് കൊല്ലിക്കുറ അലിക്കുഞ്ഞി ജബ്ബാർ സാഹിതീ സേവയ്ക്കുവേണ്ടി റെയിൽവേ ഉദ്യോഗം രാജിവെച്ചയാളാണ്. വംഗനാട്ടിൽ ആദ്യമായി ഒരു മലയാളഭാഷാ പ്രസിദ്ധീകരണം 'മറുനാടൻ മലയാളി' എന്ന പേരിൽ നടത്തി. ആറു കൊല്ലത്തിനുശേഷം നാട്ടിൽ വന്നു. 'കേരളം ഉണരുന്നു' മുതലായ കൃതികളെഴുതി. അനാചാരങ്ങൾക്കെതിരെ സാഹിത്യത്തെ പടവാളാക്കിയ ആ സാഹിതീഭക്തൻ 1963-ൽ അകാലചരമമടഞ്ഞു.

## കാട്ടകൻ. കെ. (1942-1974)

ആമണ്ടൂരിൽ കാട്ടകത്തെ കുഞ്ഞിക്കോമുവിന്റെ മകനായി ജനിച്ചു. യഥാർത്ഥ നാമധേയം കാദർഹുസൈൻ എന്നായിരുന്നു. സാഹിത്യപരിഷത്ത് നടത്തിയ ചെറുകഥാ മത്സരത്തിൽ സമ്മാനം നേടിയ അദ്ദേഹം ഒരു ഡസനോളം കൃതികളുടെ കർത്താവാണ്. മുപ്പത്തിരണ്ടാമത്തെ വയസ്സിൽ ആ വിളക്കും പൊലിഞ്ഞു.

## ടി.കെ. നാരായണൻ (1938-1991)

സ്വാതന്ത്ര്യസമര ഭൂമിയിലേയ്ക്ക് ഗോപാലകൃഷ്ണപ്പണിക്കർ, രാമൻകുട്ടിപ്പണിയ്ക്കർ തുടങ്ങിയ ധീരദേശാഭിമാനികളെ സംഭാവന ചെയ്ത പടിഞ്ഞാറെ വെമ്പല്ലൂരിന്റെ സ്വാതന്ത്ര്യാനന്തര കാലത്തെ മികച്ച സംഭാവനയായിരുന്നു അകാലത്ത് മൺമറഞ്ഞ സഖാവ് ടി.കെ. നാരായണൻ. പൊതുപ്രവർത്തനത്തെ സാമൂഹ്യമാറ്റത്തിന്നും ജീവകാരുണ്യ പ്രവർത്തനത്തിനുമുള്ള വേദിയായിക്കണ്ട ടി.കെ., ഫലേച്ഛ കൂടാതെ, വിശ്രമമെന്തെന്നറിയാതെ, തന്റെ ലക്ഷ്യപ്രാപ്തിക്കായി യത്നിച്ചു.

നിഷ്ക്കാമകർമ്മം തന്നെയായിരുന്നു അദ്ദേഹത്തിൻേറത്. രാഷ്ട്രീയരംഗത്തെ മാതൃകാപുരുഷനായിരുന്ന അദ്ദേഹം വിദ്യാർത്ഥിയായിരുന്ന കാലം മുതൽ തൻെറ മരണം വരെ തന്നിലെ ആദർശബോധത്തെ കണ്ണിലെണ്ണയൊഴിച്ച് കാത്തുപോന്നു. തൊഴിലാളികളെ സംഘടിത ശക്തിയാക്കി മാറ്റിയ അദ്ദേഹം ഇരിഞ്ഞാലക്കുടയിലെ നടവരമ്പ് സമരത്തിൽ പങ്കെടുത്തതിന് ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്.

1991ലെ ആദ്യത്തെയും അവസാനത്തെയും ജില്ലാ കൌൺസിൽ തിരഞ്ഞെടുപ്പിൽ ശ്രീനാരായണപുരം ഡിവിഷനെ പ്രതിനിധാനം ചെയ്ത് ജയിച്ചുവെങ്കിലും, സത്യപ്രതിജ്ഞയ്ക്കു മുമ്പേ തന്നെ മൃത്യുവിൻെറ പ്രതിജ്ഞയ്ക്കു വിധേയനായി. ബ്ലോക്ക് പഞ്ചായത്ത് മെമ്പറും, രാഷ്ട്രീയ പ്രവർത്തകയും വനിതകളുടെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുന്നയാളുമായ ശ്രീമതി ബേബിയാണ് ടി.കെ.യുടെ സഹധർമ്മിണി.

**ടി.കെ. കുമാരൻ**

പടിഞ്ഞാറെ വെമ്പല്ലൂരിൽ തേവാലി കുഞ്ഞൻെറ മകനായി ജനിച്ച കുമാരൻ തൂലികയെ പടവാളാക്കി അയിത്തം തുടങ്ങിയ അനാചാരങ്ങൾക്കെതിരെ പോരാടിയ കവിയായിരുന്നു. അദ്ദേഹത്തിൻെറ കൊച്ചുസീത എന്ന ഖണ്ഡവാക്യം പ്രസിദ്ധമാണ്. ജീവിച്ചിരുന്ന കാലത്ത് ഏറെ പ്രശസ്തനായിരുന്ന ഈ സാമൂഹിക പരിഷ്ക്കർത്താവ് ഇപ്പോൾ ഏതാണ്ട് വിസ്മൃതനായിക്കഴിഞ്ഞു.

**എ.കെ. വിജയൻ**

1919-ൽ ആലയിൽ കൃഷ്ണൻെറ മകനായി ജനിച്ചു. ആദ്യകാല കമ്മ്യൂണിസ്റ്റുകാരിലൊരാളാണ്. ശ്രീനാരായണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പൊതുപ്രവർത്തന രംഗത്തുവന്ന വിജയൻ എന്ന വിജയരാഘവൻ സഹോദരൻ അയ്യപ്പനോടൊപ്പവും പ്രവർത്തിച്ചിട്ടുണ്ട് - ജീവിച്ചിരിപ്പില്ല.

ചുരുക്കത്തിൽ, കർഷക പ്രസ്ഥാനങ്ങളും, മതപരിഷ്ക്കരണ പ്രസ്ഥാനങ്ങളും സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളും ജാതി-മതേതര ബോധത്തോടെ ഇവിടെ അണിനിരന്നു. വിസ്മൃതിയിലാണ്ട എല്ലാ മഹദ്വ്യക്തികളെയും സാംസ്ക്കാരിക പ്രക്രിയയേയും പ്രതിപാദിക്കുന്ന ഒരു സമഗ്ര ദേശചരിത്രം എഴുതേണ്ടതുണ്ട്.

## ആദ്യത്തെ ഡിസ്പെൻസറി

വൈദ്യശുശ്രൂഷാരംഗത്ത്, ആദ്യത്തെ ഡിസ്പെൻസറികളിലൊന്ന് ഏഴെട്ടു ദശകം മുമ്പ് താലൂക്കു ബോർഡിൻെറ ആഭിമുഖ്യത്തിൽ, ശ്രീനാരായണപുരം സെൻററിൽ ഇന്നത്തെ ഗിരീഷ് ഹോസ്പിറ്റൽ ഇരുന്നിടത്തായിരുന്നു. വലപ്പാട് ഡിസ്പെൻസറി കഴിഞ്ഞാൽ, ഫർക്കയിലെ രണ്ടാമത്തെ ഡിസ്പെൻസറി ഇതായിരുന്നു. അലോപ്പതി (അപ്പോത്തിക്കരി) ചികിത്സാ സമ്പ്രദായമായിരുന്നു അന്നവിടെ ഉണ്ടായിരുന്നത്. യുദ്ധകാലത്ത് ഡോക്ടറെ കിട്ടാതായപ്പോൾ ആയുർവ്വേദാശുപത്രിയായി മാറ്റപ്പെട്ടു. ആദ്യത്തെ ആയുർവ്വേദ ഡോക്ടർ ഡോ. സാവിത്രി അമ്മ

## വില്ലേജ് കോടതി

ഇന്നത്തെ ശ്രീനാരായണപുരം ഗ്രാമപ്പഞ്ചായത്തിൽ വളരെക്കാലങ്ങൾക്കുമുമ്പ് 'വില്ലേജ് പഞ്ചായത്തു കോടതി' നിലനിന്നിരുന്നു. അന്ന് പനങ്ങാട് വില്ലേജിലായിരുന്നു ഈ കോടതി. മുഹമ്മദ് അബ്ദുൾ റഹിമാൻ സ്മാരക ഹൈസ്ക്കൂളിൻെറ പഴയ കെട്ടിടത്തിൽ പടിഞ്ഞാറുഭാഗത്തുള്ള മുറിയിലായിരുന്നു അത് പ്രവർത്തിച്ചിരുന്നത്. ചെറിയ ചെറിയ സിവിൽ-ക്രിമിനൽ കേസുകൾ വിചാരണ ചെയ്തു ശിക്ഷിക്കാൻ അതിന് അധികാരമുണ്ടായിരുന്നു. പ്രസ്തുത കോടതിയിൽ അഞ്ചംഗജൂറിയാണ് ഉണ്ടായിരുന്നത്. കാലാവധി അഞ്ചുകൊല്ലം. കാലാവധി തീരുന്ന മുറയ്ക്ക് അടുത്ത ജൂറി തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരും.

അക്കാലത്തു നടന്ന ഒരു തിരഞ്ഞെടുപ്പിൻെറ കഥ പറയാം. തിരഞ്ഞെടുപ്പിൻെറ രീതി അറിയാൻ അതു സാഹയകമാകും.

1936-ലാണ് പ്രസ്തുത തിരഞ്ഞെടുപ്പു നടക്കുന്നത്. ചാവക്കാട് മജിസ്ട്രേറ്റാണ് റിട്ടേണിങ്ങ് ഓഫീസറായി വരിക. വെളുത്ത കടവിൽ വച്ചായിരുന്നു തിരഞ്ഞെടുപ്പ്. മത്സരരംഗത്തെ ഒരു പക്ഷത്ത് നിലവിലുള്ള ഭരണസമിതിയിലുള്ളവർ തന്നെ - പഞ്ചായത്തു കോടതിയുടെ പ്രസിഡൻറായ കാട്ടകത്ത് കൊല്ലിക്കുറ കുഞ്ഞുമൊയ്തീൻ സാഹിബ്ബും ജൂറിയംഗങ്ങളായ കാട്ടകത്ത് വെലിപ്പറമ്പിൽ സെയ്തു സാഹിബ്ബ്, പേഴോലിൽ രാവുണ്ണി മേനോൻ, പൂവ്വത്തും കടവിൽ കിട്ടുണ്ണി,

പനങ്ങാട്ട് കുമാരൻ എന്നിവർ. മറുപക്ഷത്ത് കാട്ടകത്ത് ചൂളക്കടവിൽ സെയ്തു മുഹമ്മദ്, പുവ്വത്തും കടവിൽ കുഞ്ഞിറ്റി, പിണ്ടിയത്ത് കൊച്ചുശങ്കരമേനോൻ, പുതിയേടത്ത് ദാമോദരമേനോൻ, പടിയത്ത് പുത്തൻ കാട്ടിൽ മൊയ്ദു ഹാജി എന്നിവരും.

ഇരുചേരിയും കഴിയുന്നത്ര ആളുകളെ സംഘടിപ്പിച്ചിട്ടുണ്ട്. ചാവക്കാട് മജിസ്ട്രേറ്റുവന്ന് വെളുത്ത കടവ് മൈതാനത്ത് ഒരു കയർ കെട്ടി. ആദ്യം പറഞ്ഞ പാനലിനെ അനുകൂലിക്കുന്നവർ തെക്കുഭാഗത്തു നില്ക്കാനും എതിർ പാനലിനെ അനുകൂലിക്കുന്നവർ വടക്കുഭാഗത്തു നില്ക്കാനും നിർദ്ദേശിച്ചു. അതിന്നുശേഷം ആളുകളെ എണ്ണി. ഭൂരിപക്ഷം ആളുകൾ നിലവിലുള്ള പാനലിൻെറ ഭാഗത്താണെന്നതിൻെറ അടിസ്ഥാനത്തിൽ അവർ ജയിച്ചതായി പ്രഖ്യാപിച്ചു.

വില്ലേജു കോടതി തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള കേസുകൾ പരിഗണിയ്ക്കാനുള്ള അധികാരം മദ്രാസ് ഹൈക്കോടതിക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. കൊല്ലിക്കൂറയുടെ മരണശേഷം തിരഞ്ഞെടുപ്പ് നടന്നിട്ടില്ല. കൊല്ലിക്കൂറയ്ക്കുശേഷം കാട്ടകത്ത് ചൂളക്കടവിൽ സെയ്ദു മുഹമ്മദ് ഹാജിയായിരുന്നു അദ്ധ്യക്ഷൻ. വില്ലേജു കോടതിയുടെ ഒടുവിലത്തെ പ്രസിഡൻറ് ഇദ്ദേഹമായിരുന്നു. ആദ്യത്തെ പഞ്ചായത്തു തിരഞ്ഞെടുപ്പിനു വളരെ മുമ്പുതന്നെ ഈ സംവിധാനം ഇല്ലാതായി.

## ഉല്പാദനബന്ധങ്ങളിൽ വന്ന മാറ്റങ്ങൾ

സമൂഹത്തിലെ മുഖ്യ ഉല്പ്പാദനോപാധികളും അവയുമായി ഭൂരിപക്ഷജനതയുടെ ബന്ധത്തിൻെറ സ്വഭാവവുമാണ് ആ സമൂഹത്തിൻെറ പുരോഗതിയുടെ അളവുകോൽ.

സ്വകാര്യസ്വത്ത് ആവിർഭവിച്ചിട്ടില്ലാത്ത ഒരു കാലം ഇവിടെയും ഉണ്ടായിരുന്നിരിക്കാനിടയുണ്ട്. എന്നാൽ, പതിനൊന്നാം ശതകത്തിന്നു ശേഷമായിരിക്കാം ഇവിടെ ജന്മിത്തസമ്പ്രദായം ഉടലെടുത്തത്. ഇവിടത്തെ ജന്മിസമ്പ്രദായത്തിൻെറ പ്രത്യേകത, അതിന്ന് ശക്തമായ ജാതീയമറ ഉണ്ടായിരുന്നുവെന്നതാണ്. സ്വാഭാവികമായും, ജന്മിത്തത്തെ തകർക്കാൻ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ തന്നെ ഉടലെടുത്തു. ഇക്കാര്യത്തിൽ ശ്രീനാരായണ-അയ്യങ്കാളി-സഹോദരൻ അയ്യപ്പൻ പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. ജാത്യാവശതകൾ പരിഹരിക്കാതെ ജന്മിത്തത്തിൻെറ അടിത്തറയിളക്കാൻ കഴിയുകയില്ലെന്ന് ആ സൂക്ഷ്മദൃഷ്ടികൾ കണ്ടു.

1937ലും 1946ലും കാർഷിക കടാശ്വാസ നിയമങ്ങൾ മലബാറിൽ പാസ്സാക്കപ്പെട്ടു. എന്നാൽ, ഇതൊന്നും ഭൂവുടമാബന്ധത്തെ സ്പർശിക്കുന്നതായിരുന്നില്ല. തിരുവിതാംകൂറിലേതുപോലെ പണ്ടാരപ്പാട്ട വിളംബരമൊന്നും മലബാറിൽ ഉണ്ടായിരുന്നില്ല. എണ്ണമറ്റ കർഷക സമരങ്ങൾ നടന്നു. 1957ലെ ഭൂപരിഷ്ക്കരണ നിയമമാണ് കൃഷിഭൂമി കൃഷിക്കാർക്ക് എന്ന അഭിലാഷത്തെ സാക്ഷാത്ക്കരിക്കാൻ വേണ്ടി തയ്യാറാക്കപ്പെട്ട ഏകനിയമം. ഈ നിയമം പല ഭേദഗതികളോടുകൂടി 1969-ൽ വീണ്ടും പാസ്സാക്കപ്പെട്ടു. അതിൻഫലമായി കൃഷിക്കാരന് പാട്ടഭൂമിയിൽ ഉടമാവകാശം സിദ്ധിക്കപ്പെട്ടു. തദനന്തരം ഉല്പ്പാദന ബന്ധങ്ങളിൽ വന്ന വമ്പിച്ച മാറ്റം ഈ പഞ്ചായത്തിലുമുണ്ടായി.

എന്നാൽ, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളിലെ ഏറ്റവും ദുർബ്ബല വിഭാഗത്തിന് - പട്ടികജാതിക്കാർക്ക് പത്തുസെൻറുകൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. അവർ പാട്ടക്കാർ അല്ലാതിരുന്നതും വെറും കൂലിക്കാർ ആയിരുന്നുവെന്നതും ആയിരിക്കാം അതിന്നു കാരണം. ഒരു വൻ സാമൂഹിക വിപ്ലവത്തിൽ അവരെ ഭാഗഭാഗാക്കുന്നതിൽ ഉണ്ടായ ചരിത്രപരമായ നഷ്ടം മറ്റു മാർഗ്ഗങ്ങളിലൂടെ നികത്തേണ്ടി വരുന്നു എന്നതാണതിൻെറ പൊരുൾ.

ചുരുക്കത്തിൽ, ചരിത്രപരമായ ഒരു വളർച്ച നമ്മുടെ നാട്ടിലും ഉണ്ടായിട്ടുണ്ട്. ചരിത്രപരമായ വളർച്ച ക്രമാനുഗതമായ, അനുസ്യൂതമായ ഒരു വളർച്ച ആകണമെന്നില്ല. ചരിത്രഗതി ഒരിക്കലും മുൻനിശ്ചയപ്രകാരമല്ലല്ലോ ഉണ്ടാവുന്നത്. ഒരു സമൂഹത്തിനും അത്തരമൊരു ഉറപ്പ് നല്കാൻ കഴിയുകയില്ല. കയറ്റത്തിനൊപ്പം ഇറക്കവും ഈ പ്രക്രിയയുടെ ഭാഗമാണ്. പൊതുഗതിയുടെ സ്വഭാവമേ പുരോഗതിയുടെ മാനദണ്ഡമായെടുക്കാൻ കഴിയുകയുള്ളൂ. പൊതുസ്വഭാവം തത്ക്കാലം ശുഭകരമാണ്. ജാതി, ജന്മിത്തം, ബ്രിട്ടീഷ് മേധാവിത്വം -എന്നീ അച്ചുതണ്ടു ശക്തികൾക്കെതിരായ പോരാട്ടമായിരുന്നു സ്വാതന്ത്ര്യസമരം. ഇവ മൂന്നും സമൂഹത്തിലുണ്ടാക്കിയ സ്വാധീനത്തെ ഇല്ലാതാക്കുകയെന്നതിലാണ് സ്വാതന്ത്ര്യാനന്തര പ്രവർത്തനത്തിൻെറ മഹത്വം കുടികൊള്ളുന്നത്.

# ശ്രീനാരായണപുരം പഞ്ചായത്തിൻെറ ഭരണചരിത്രം

**പൊതുവിവരണം:**

അമ്പതുകളുടെ മദ്ധ്യത്തിലായിട്ടാണ് ഇന്നത്തെ ശ്രീനാരായണപുരം പഞ്ചായത്തിൻെറ മൂലരൂപമായ പടിഞ്ഞാറെ വെമ്പല്ലൂർ പഞ്ചായത്ത് നിലവിൽ വന്നത്. പടിഞ്ഞാറെ വെമ്പല്ലൂർ അംശത്തിലെ വാർഡുകൾ മാത്രമേ അന്നതിൽ ഉണ്ടായിരുന്നുള്ളൂ. നാമനിർദ്ദേശം ചെയ്യപ്പെട്ട ഭരണസമിതിയാണ് അന്നുണ്ടായിരുന്നത്. പ്രസിഡൻറ് മുതിരയ്ക്കൽ ശിവരാമൻ പണിക്കരും (അനിയൻ പണിക്കർ) വൈസ് പ്രസിഡൻറ് ശ്രീ. വി.കെ. കൃഷ്ണനും ആയിരുന്നു. 1962 ജനുവരി ഒന്നാം തിയ്യതി പടിഞ്ഞാറേ വെമ്പല്ലൂർ പഞ്ചായത്തിനോട് ആല, പനങ്ങാട് എന്നീ അംശങ്ങൾ കൂട്ടിച്ചേർത്ത് ശ്രീനാരായണപുരം പഞ്ചായത്ത് രൂപവത്ക്കരിച്ചു. എന്നാൽ, പുതിയ പഞ്ചായത്ത് നിലവിൽ വന്നത് അക്കൊല്ലം സപ്തംബറിലായിരുന്നു. അന്ന് ഒമ്പതു വാർഡുകളാണ് ഉണ്ടായിരുന്നത്. അഡ്വൈസറി ബോർഡിനാണ് അന്നത്തെ ഭരണനിർവ്വഹണാധികാരം.

1963 ഡിസംബറിലാണ് ജനകീയ ഭരണസമിതി നിലവിൽ വരുന്നത്. ഒമ്പതു വാർഡു മെമ്പർമാരും രണ്ടാം വാർഡിൽനിന്ന് ഹരിജൻ മെമ്പറായി കെ.എ. വേലായുധനും നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു വനിതാമെമ്പറും (പി.എസ്സിൻെറ പത്നിയായ കാർത്ത്യായനി) അടങ്ങുന്നതായിരുന്നു അന്നത്തെ ഭരണസമിതി. ഏഴാം വാർഡുമെമ്പറായ കെ.പി. കുഞ്ഞുമൊയ്ദീൻ (താസീൽദാരായി റിട്ടയർ ചെയ്തയാൾ) പ്രസിഡൻറായും ഒന്നാം വാർഡിലെ ജനറൽ മെമ്പർ ശ്രീ. കെ.കെ. ദാസൻ വൈസ് പ്രസിഡൻറായും തിരഞ്ഞെടുക്കപ്പെട്ടു.

1969 മാർച്ച് 22-ാം‌ന അതേ ഭരണസമിതിയിലെ നാലാം വാർഡുമെമ്പർ ശ്രീ. കെ.കെ. സെയ്തു പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു.

1963-ൽ നിലവിൽ വന്ന ഈ ഭരണസമിതി 16 കൊല്ലം നിലനിന്നു - 1979 വരെ.

തുടർന്ന് അതേ കൊല്ലം നടന്ന തിരഞ്ഞെടുപ്പിൽ (1979) ശ്രീ. കെ.കെ. മുഹമ്മദ് പ്രസിഡൻറായി. വൈസ് പ്രസിഡൻറ് ശ്രീ. ടി.വി. രാഘവനും. പിന്നീട് രണ്ടുവർഷം കെ.എസ്. മുഹമ്മദ്, തുടർന്ന് പി. കുട്ടിശ്ശങ്കരമേനോൻ പ്രസിഡൻറ്. ഭരണസമിതിയുടെ കാലാവധിക്കുശേഷം 1988 വരെ ഉദ്യോഗസ്ഥ ഭരണം.

തുടർന്ന് ഫിബ്രവരി 9-ാം‌ന ശ്രീ. ഏ.സി. രാജരത്തം പ്രസിഡൻറായും ശ്രീമതി പി. മാലതി വൈസ് പ്രസിഡൻറായും തിരഞ്ഞെടുക്കപ്പെട്ടു. ഇടക്കാലത്ത്, 1990 സ്പതംബർ 17-ാം‌ന ശ്രീ. കെ.എസ്. മുഹമ്മദ് പ്രസിഡൻറായും, വൈസ് പ്രസിഡൻറായി ശ്രീ. പി.എ. ശങ്കരനാരായണനും തിരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണസമിതി 1995 ഒക്ടോബർ വരെ നിലനിന്നു.

നിലവിലുള്ള ഭരണസമിതി 1995 ഒക്ടോബർ 2-ാം തിയ്യതിയാണ് നിലവിൽ വന്നത്. ഇപ്പോഴത്തെ പ്രസിഡൻറ് ശ്രീ. കെ.എസ്. മുഹമ്മദും വൈസ് പ്രസിഡൻറ് ശ്രീ. സി.എസ്. ചന്ദ്രാംഗദനുമാണ്.

ഇപ്പോൾ പതിമൂന്നു വാർഡുകളാണുള്ളത്.

## പഞ്ചായത്ത് പ്രവർത്തന ചരിത്രം

അമ്പതുകളിലും അറുപതുകളിലും പഞ്ചായത്തിന് കാര്യമായ ധനസ്ഥിതി ഉണ്ടായിരുന്നില്ല. ലൈസൻസുകൾ നല്കുക, ഡിസ്ട്രിക്ട് ബോർഡിലും താലൂക്കു ബോർഡിലും പുതിയ റോഡുകൾ നിർമ്മിച്ചുകിട്ടാനും പുതുക്കിപ്പണിതുകിട്ടാനും വേണ്ടി സമ്മർദ്ദം ചെലുത്തുക, പഞ്ചായത്തു തെരുവു (മണ്ണെണ്ണ) വിളക്കുകൾ കത്തിക്കുക, കിണറുകൾ വൃത്തിയാക്കുക, മഹിളാസമാജങ്ങൾ നടത്തുന്ന ബാലവാടികൾക്ക് തങ്ങളെക്കൊണ്ടാവുന്ന (ഒരു ചെറിയ) തുക നല്കുക എന്നിവയൊക്കെയായിരുന്നു. ധനസ്ഥിതി ഒന്നു മെച്ചപ്പെട്ടപ്പോൾ, അതിനനുസരിച്ച് പ്രവർത്തനവും വിപുലമായി. സ്വന്തമായി റോഡുകളും മറ്റുമുണ്ടായി.

അറുപതുകളിലാണ് പഞ്ചായത്തിൽ വൈദ്യുതി വരുന്നത്. മൂന്ന് അംശങ്ങളിലും ഓരോ മഹിളാസമാജവും അതിന്നു കീഴിൽ ബാലവാടികളും ഉണ്ടായിരുന്നു.

1990-ൽ പഞ്ചായത്ത് ഏറ്റെടുത്ത സമ്പൂർണ്ണ സാക്ഷരതാ പരിപാടിയാണ് ഏറ്റവും വലിയ ജനകീയ പദ്ധതി. അതിന്നുശേഷം ഏറ്റെടുക്കുന്ന ഏറ്റവും വലിയ പദ്ധതി ജനകീയാസൂത്രണ പരിപാടിയാണ്. അത് കൂടുതൽ കൂടുതൽ ഓജസ്സോടെയാണ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. ●

# III

# ഭൂപ്രകൃതിയും വിഭവങ്ങളും

### ഭൂപ്രകൃതി

കേരളത്തിലെ മൂന്നു പ്രകൃതിവിഭാഗങ്ങളായ മലനാട്, ഇടനാട്, തീരപ്രദേശം എന്നിവയിൽ മൂന്നാമത്തേതായ തീരപ്രദേശത്താണ് ശ്രീനാരായണപുരം പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. പൂർണ്ണമായും മണൽമണ്ണാണ്; പശിമ തീരെയില്ല. ജൈവവളമിട്ട് പശിമ നിലനിർത്തിയാലേ കൃഷി വിജയിക്കുകയുള്ളൂ. കിഴക്ക് കനോലി കനാലും പടിഞ്ഞാറ് അറബിക്കടലും. കിഴക്കും പടിഞ്ഞാറും ഉപ്പുകലർന്ന മണ്ണാണ്. വടക്ക് മതിലകം പഞ്ചായത്ത്. തെക്കേ അതിർത്തി മലബാറിന്റെ തെക്കേ അതിർത്തി തന്നെ - കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി.

ഈ പഞ്ചായത്ത് കടൽ പിൻവാങ്ങി ഉണ്ടായതാവാം. ഭൂമിക്കടിയിൽ ഇപ്പോഴും കടൽച്ചളി കാണുന്നുണ്ട്. സമുദ്രജീവികളുടെ അസ്ഥികളും കിട്ടീട്ടുണ്ട്.

### വിഭവങ്ങൾ

ഭൂരിഭാഗം പ്രദേശത്തും നാണ്യവിളയാണ് കൃഷി ചെയ്യുന്നത്. തെങ്ങ്, കവുങ്ങ് എന്നിവ. നാമമാത്രമായി നെൽകൃഷിയുണ്ട്. പച്ചക്കറികൃഷി ആയി വരുന്നതേയുള്ളൂ. നല്ലൊരാസൂത്രണത്തിലൂടെ ഉപയോഗിക്കപ്പെടാവുന്ന മനുഷ്യശേഷിയും ഇവിടെയുണ്ട്.



368

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | - | ശ്രീനാരായണപുരം |
| റവന്യൂ വില്ലേജ് | - | ശ്രീനാരായണപുരം<br>(ആല, പനങ്ങാട്, P വെമ്പല്ലൂർ) |
| ബ്ലോക്ക് | - | മതിലകം |
| താലൂക്ക് | - | കൊടുങ്ങല്ലൂർ |
| ജില്ല | - | തൃശ്ശൂർ |
| പാർലിമെൻറ് മണ്ഡലം | - | മുകുന്ദപുരം |
| അസംബ്ലി മണ്ഡലം | - | കൊടുങ്ങല്ലൂർ |
| വിസ്തീർണ്ണം | - | 19-26 ച.കി. |
| ജനസംഖ്യ | - | 34,878 |
| വാർഡുകൾ | - | 13 |
| ബ്ലോക്ക് ഡിവിഷൻ | - | 2 (ശ്രീനാരായണപുരം പി. വെമ്പല്ലൂർ) |
| എം.എൽ.എ. | - | പ്രൊഫ. മീനാക്ഷി തമ്പാൻ |
| എം.പി. | - | ശ്രീ. പി.സി. ചാക്കോ |

## പഞ്ചായത്ത് ജീവനക്കാർ

| | | | |
|---|---|---|---|
| 1. | കെ.ടി. അയ്യപ്പൻ | - | സെക്രട്ടറി |
| 2. | കെ.കെ. രാമകൃഷ്ണൻ | - | ഹെഡ്ക്ലാർക്ക് |
| 3. | പി.എ. മുഹമ്മദലി | - | " |
| 4. | പി.എസ്സ്. അബ്ദുൾ റബ്ബ് | - | യു.ഡി. ക്ലാർക്ക് |
| 5. | കെ.പി. വത്സലാകുമാരി | - | " |
| 6. | എ.സി. സുഗതൻ | - | " |
| 7. | ടി.എ. ബീരാൻ കുഞ്ഞി | - | എൽ.ഡി. ക്ലാർക്ക് |
| 8. | സി.ആർ. കമലാസനൻ | - | " |
| 9. | എം.ജി. സുകുമാരൻ | - | പ്യൂൺ |
| 10. | കെ.ടി. ഉണ്ണിക്കൃഷ്ണൻ | - | ലൈബ്രേറിയൻ |

# സംസ്ഥാന ജില്ലാ ഗ്രാമതല പരിശീലകർ

## സംസ്ഥാന റിസോഴ്സ് പേഴ്സൺ

1. എ.പി. മുരളീധരൻ
2. ഫാത്തിമ അബ്ദുൾ ഖാദർ

## ജില്ലാ റിസോഴ്സ് പേഴ്സൺ

1. കെ.എസ്. മുഹമ്മദ്
2. എം.എ. മോഹനൻ
3. ശേഖരൻ വൈദ്യർ. ടി.കെ.
4. സി.എസ്. ചന്ദ്രാംഗദൻ
5. ഇ.കെ. രവീന്ദ്രൻ
6. വഹീദാബദറുദ്ദീൻ
7. എ. മുരളീധരൻ
8. രാജമണി ജയരത്നം
9. സി.ആർ. കുഞ്ഞയ്യപ്പൻ
10. മല്ലികാദാസൻ
11. ഫാത്തിമ ടീച്ചർ
12. ഭവാനി വിജയൻ
13. എം.ബി. മുരളീധരൻ
14. പി.എം. അഷറഫ്
15. എ.ആർ. സിന്ധു
16. പി.എസ്. അജയഘോഷ്
17. ബേബി നാരായണൻ
18. ഇ.കെ. സിദ്ധാർത്ഥൻ

## പഞ്ചായത്ത് റിസോഴ്സ് പേഴ്സൺ

1. കെ.എം. ചന്ദ്രൻ
2. സി.എൻ. സതീഷ്കുമാർ
3. ടി.വി. സഹദേവൻ
4. കെ.വി. ശശിധരൻ
5. കെ.എം. അലി
6. വിലാസിനി ശശിധരൻ
7. പീതാംബരൻ നാലുമാക്കൽ
8. സുമതി ഷൺമുഖൻ
9. സുനിൽ കൈപോത്ത്
10. ജയരാമൻ കൊക്കുവായിൽ
11. കെ.എം. അബൂബക്കർ മാസ്റ്റർ
12. വിജയൻ മാസ്റ്റർ തൊഴുത്തുപറമ്പിൽ
13. ഷാജി കാട്ടുപറമ്പിൽ
14. സുനിൽ വാതിക്കാട്ട്
15. രാജു കോന്നംപറമ്പിൽ
16. കെ.കെ. മുഹമ്മദ് കാട്ടകത്ത്
17. പി.എ. അബ്ദുറഹിമാൻ
18. എം.എസ്. രാധാകൃഷ്ണൻ
19. എ.ആർ. പ്രഭാകരൻ
20. കാർത്ത്യായനി - മഹിളാസമാജം ആമണ്ടൂർ
21. സി.എ. പ്രദീപ്
22. യതീന്ദ്രദാസ്
23. ഷഫീക്ക്
24. ലോഹിദാക്ഷൻ
25. ഷർമ്മിള
26. അബ്ദുൾ അസീസ്
27. അജയൻ പി.എസ്.
28. കെ.ഡി. രാജു
29. കെ.കെ. ഇബ്രാഹിംകുട്ടി മാസ്റ്റർ
30. കെ.വി. ശശിധരൻ
31. വി.കെ. രണധീരൻ
32. കെ.കെ. സത്യനാരായണൻ
33. പി.കെ. അബ്ദുൾ റഹിമാൻ മാസ്റ്റർ
34. കെ.കെ. ഹാരീഷ് മാസ്റ്റർ
35. എൻ.കെ. സത്യശീലൻ മാസ്റ്റർ
36. സി.കെ. സോമസുന്ദരൻ
37. എ.ജി. തിലകൻ
38. പി.എം. കുഞ്ഞീൻ
39. പി.എ. രാജു
40. ബാബു വെളുത്തപുരക്കൽ
41. സൈനുദ്ദീൻ
42. ഇന്ദിരാവതി
43. എ.പി. സുനിൽ
44. ടി.വി. രാഘവൻ
45. എം.എസ്. നാരായണൻ
46. ടി.കെ. രമേശ് ബാബു
47. എം.കെ. ചന്ദ്രൻ
48. ലീലാ ഭാസ്കരൻ
49. പുഷ്പാ ശ്രീനിവാസൻ
50. കെ.കെ. അബീദലി
51. വി.കെ. വിശ്വനാഥൻ
52. പി. മുരളീധരൻ
53. പി. മാലതി ടീച്ചർ
54. കെ.എസ്. മണികണ്ഠൻ

55. പി.എൻ. പ്രഭാകരൻ
56. എം.എച്ച്. ഹസീന
57. ബഷീർ കുഴികണ്ടത്തിൽ
58. അബ്ദുൾ വഹാബ് കൊല്ലിയിൽ
59. സീതി കോയ തങ്ങൾ
60. ഹംസ മാസ്റ്റർ
61. സജിലത നാലുമാക്കൽ
62. ജലീൽ പൂവ്വത്തിങ്കൽ
63. മുഹമ്മദ് കുട്ടി മാസ്റ്റർ
64. വാസു നെല്ലിപ്പറമ്പിൽ
65. ഗംഗാധരൻ കുനിയാറ
66. ധർമ്മരാജൻ മുല്ലശ്ശേരി
67. വിശ്വനാഥൻ ആർ.എം.
68. എം.എസ്. പ്രദീപ് കുമാർ
69. വി.എസ്. ലളിത
70. കെ.കെ. അർജ്ജുനൻ
71. കെ.കെ. വിജയൻ
72. ഗോപി കുടിലിങ്ങൽ
73. ഐഷാബി കുഞ്ഞാറു
74. പ്രഭാകരൻ
75. വിജയ വിജയൻ
76. ബാലൻ പഴൂപ്പറമ്പിൽ
77. മൊയ്തീൻ പി.എം.
78. ആർ.കെ. കുഞ്ഞാലൻ
79. കോയക്കുട്ടി മാസ്റ്റർ
80. ഐ.എ. വേലായുധൻ
81. പ്രഭാകരക്കുറുപ്പ്
82. വി.കെ. ദിവാകരൻ
83. ലാലൻ വാഴൂർ
84. കെ.വി. നാരായണൻ
85. ബി.എ. ഗോപി
86. കെ.കെ. സുധൻ
87. പി.വി. കുട്ടൻ
88. ബേബി പി.എസ്.
89. പി.എം. സെയ്തു
90. സുജല ഭുവനദാസ്
91. സി.എ. കൃഷ്ണൻ
92. ബേബി വിനോദ് വി.എ.
93. മുഹമ്മദുണ്ണി മേത്തർ
94. ദാസൻ ചാണാടിയ്ക്കൽ
95. ഇ.കെ. വിശ്വനാഥൻ
96. എം.ജി. ബാബു
97. വി.കെ. രഘുനാഥൻ
98. പി.കെ. മുകുന്ദൻ
99. കെ.സി. ദാസൻ
100. സനൽ ടി.ആർ.
101. രാമനാഥൻ വി.ആർ.
102. പി.എസ്. വേണു

# പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങൾ

| സ്ഥാപനത്തിൻെറ പേര് | സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|
| പഞ്ചായത്ത് ഓഫീസ് | പള്ളിനട |
| വില്ലേജ് ഓഫീസ് | പള്ളിനട |
| കൃഷിഭവൻ | പൊരിബസാർ |
| മൃഗാശുപത്രി | പുതുമനപ്പറമ്പ് |
| ബീജസങ്കലനകേന്ദ്രം | അസ്മാബി കോളേജ് (P. വെമ്പല്ലൂർ) |
| പോസ്റ്റാഫീസ് | എസ്.എൻ. പുരം P. വെമ്പല്ലൂർ (അസ്മാബി കോളേജ്)<br>ശാന്തിപുരം, കോതപറമ്പ്, (വാസുദേവവിലാസം) |
| ആയുർവേദാശുപത്രി | ശാന്തിപുരം, പോഴംകാവ് |
| പ്രൈമറി ഹെൽത്ത് സെൻറർ | P. വെമ്പല്ലൂർ<br>(ആത്മാവ്) |
| സബ്സെൻറർ | ശാന്തിപുരം, ആമണ്ടൂർ, അഞ്ചങ്ങാടി<br>കട്ടൻ ബസാർ, പത്താഴക്കാട് |
| ക്ഷീരവികസനകേന്ദ്രം | ശാന്തിപുരം |
| മിൽമ | ആമണ്ടൂർ, പോഴംകാവ്, P. വെമ്പല്ലൂർ |
| സഹകരണബാങ്ക് | NFSCB കോതപറമ്പ് Bra., ASCB ശാന്തിപുരം<br>VSCB പുതുമനപ്പറമ്പ്, PFSCB S.N. പുരം<br>PFSCB P.വെമ്പല്ലൂർ Bra., ടൗൺ കോ: ബാങ്ക്, S.N. പുരം Bra.<br>ടൗൺ കോ: ബാങ്ക് പി വെമ്പല്ലൂർ Bra. |
| ഷെഡ്യൂംഡ് ബാങ്ക് | കാത്തലിക്ക് സിറിയൻ ബാങ്ക്, S.N. പുരം |
| VEO ഓഫീസ് | ശാന്തിപുരം, വെളുത്തകടവ്, P. വെമ്പല്ലൂർ |
| മത്സ്യഫെഡ്ഡ് ഓഫീസ് | P. വെമ്പല്ലൂർ<br>(തെക്കൂട്ട് ബസാർ) |

# മുൻകാല പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

## പടിഞ്ഞാറെ വെമ്പല്ലൂർ പഞ്ചായത്ത് ഭരണസമിതി

1. ശ്രീ. എം. ശിവരാമപണിക്കർ (പ്രസിഡൻറ്)
2. " വി.കെ. കൃഷ്ണൻ (വൈസ് പ്രസിഡൻറ്)
3. " കെ.കെ. കേശവൻ
4. " പി.എ. അമ്മു
5. " കെ.കെ. ഇക്കാരു
6. " എ.ഒ. അന്തോണി
7. " സി.കെ. മാധവൻ
8. " ടി.സി. തുപ്രൻ
9. " സി.എ. കൃഷ്ണൻ

## ശ്രീനാരായണപുരം പഞ്ചായത്ത്
## ആദ്യത്തെ ജനകീയ ഭരണസമിതി - 1963

1. ശ്രീ. കെ.പി. കുഞ്ഞുമൊയ്തീൻ (പ്രസിഡൻറ്)
2. ശ്രീ. കെ.കെ. ദാസൻ (വൈസ് പ്രസിഡൻറ്)
3. " കെ.കെ. സെയ്തു
4. " കെ.കെ. അബ്ദു
5. " കെ.കെ. മുഹമ്മദ്
6. " പി.കെ. ഹൈദ്രോസ്
7. " വി.ആർ. രാമൻ കുട്ടി
8. " കെ.പി. കൃഷ്ണൻ
9. " എം.എ. വേലായുധൻ
10. " പി.കെ. അബൂബക്കർ
11. ശ്രീമതി കെ.കെ. കാർത്ത്യായനി

## 1979ലെ ഭരണസമിതി

1. ശ്രീ. കെ.കെ. മുഹമ്മദ് (2 വർഷം പ്രസിഡൻറ്)
2. " ടി.വി. രാഘവൻ (വൈസ് പ്രസിഡൻറ്)
3. " കെ.എസ്. മുഹമ്മദ് (2 വർഷം പ്രസിഡൻറ്)
4. " പി. കുട്ടിശങ്കരമേനോൻ (അവസാനവർഷം പ്രസിഡൻറ്)
5. " കെ.കെ. പത്മനാഭൻ
6. " കെ.കെ. ഇബ്രാഹിംകുട്ടി മാസ്റ്റർ
7. " പി.എ. ശങ്കരനാരായണൻ
8. ശ്രീമതി പി.കെ. മറിയുമ്മ
9. ശ്രീ. കെ.കെ. കാർത്തികേയൻ
10. " വി.കെ. കൃഷ്ണൻ
11. " പി.എം. കുഞ്ഞുമൊയ്തീൻ

## 1987ലെ ഭരണസമിതി

1. ശ്രീ. എ.സി. രാജരത്നം മാസ്റ്റർ (2½ വർഷം പ്രസിഡൻറ്)
2. ശ്രീമതി പി. മാലതി ടീച്ചർ (2½ വർഷം വൈസ് പ്രസിഡൻറ്)
3. ശ്രീ. കെ.എസ്. മുഹമ്മദ് (ഇടക്കാലത്ത് പ്രസിഡൻറായി)
4. " പി.എ. ശങ്കരനാരായണൻ (ഇടക്കാലത്ത് വൈസ് പ്രസിഡൻറായി)
5. " കെ.കെ. മുഹമ്മദ്
6. " എ. മുരളീധരൻ
7. " ടി.വി. രാഘവൻ
8. " കെ.കെ. ഇബ്രാഹിംകുട്ടി മാസ്റ്റർ
9. " കെ.എം. മുഹമ്മദ്
10. " സീതിക്കോയ തങ്ങൾ
11. " എൻ.എ. വാസു
12. ശ്രീമതി ഭവാനി വിജയൻ

# വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ചവർ

ആമുഖം :

എ. മുരളീധരൻ,

കെ. രാജഗോപാൽ,

ടി.വി. രാഘവൻ,

പി.കെ. ഗോപാലകൃഷ്ണൻ,

ടി.കെ. ഗോപാലൻ,

കൃഷിയും ജലസേചനവും:

ടി.കെ. ശേഖരൻ വൈദ്യർ,

അനിത (കൃഷി ഓഫീസർ),

വി.എം. കമാൽ, വി.എസ്സ്. ഗംഗാധരൻ,

സി. രാമചന്ദ്രൻ

മൃഗസംരക്ഷണവും മത്സ്യബന്ധനവും:

ഭവാനി വിജയൻ,

ഡോ. ലാല (വെറ്റിനറി),

പി.എ. അബ്ദുറം റഹിമാൻ
(റിട്ട. മത്സ്യവികസന ഓഫിസർ),

വി.കെ. രഘുനാഥൻ,

കെ.പി. നാരായണൻ,

കെ.കെ. വിജയൻ,

കെ.എം. സെയ്തു മുഹമ്മദ് മാസ്റ്റർ

വിദ്യാഭ്യാസം :

ഫാത്തിമ ടീച്ചർ,

പ്രതാപൻ മാസ്റ്റർ,

മമ്മൂട്ടി മാസ്റ്റർ,

കെ.കെ. ഹരീഷ് മാസ്റ്റർ,

ആർ. വിശ്വനാഥൻ മാസ്റ്റർ,

എൻ.കെ. സത്യശീലൻ മാസ്റ്റർ,

കെ.കെ. ഹംസമാസ്റ്റർ

വി. ആർ. സതീഷ്

കുടിവെള്ളവും പൊതുജനാരോഗ്യവും :

ഇ.കെ. രവീന്ദ്രൻ,

കെ.എസ്. മുഹമ്മദ്,

എം.എസ്. രാധാകൃഷ്ണൻ,

കെ. രാജഗോപാൽ, സദാശിവൻ
(ഹെൽത്ത് ഇൻസ്പെക്ടർ),

ഡോ. മോഹൻദാസ്
(ശിശുരോഗ വിദഗ്ദൻ, ഗവ: ഹോസ്പിറ്റൽ, കൊടുങ്ങല്ലൂർ)

ഡോ. ഗിരീഷ് , (പി. എച്ച്. സി. പി. വെമ്പല്ലൂർ)

വ്യവസായം :

എം.ബി. മുരളീധരൻ,

എം.എസ്സ്. നാരായണൻ,

പി.എം. കുഞ്ഞുമൊയ്തീൻ,

എം.ബി. ധർമ്മരാജൻ,

വേലായുധൻ ചിറ്റാപ്പുറത്ത്

ഗതാഗതം - ഊർജ്ജം :

സി.എസ്സ്. ചന്ദ്രാംഗതൻ,

ഇ.കെ. സിദ്ധാർത്ഥൻ,

എം.ബി. സുധാകരൻ,

കെ. ശശിധരൻ,

കെ.എ. അബ്ദുൽ ജലീൽ

പാർപ്പിടവും-സാമൂഹ്യക്ഷേമവും :

സി.ആർ. കുഞ്ഞയ്യപ്പൻ,

ശശി VEO,

കെ.എസ്. മുഹമ്മദ്,

പി.എം. അഷറഫ്,

ടി.കെ. ശേഖരൻ വൈദ്യർ,

രാജമണി ജയരത്നം

സംസ്ക്കാരം :

വഹിദാ ബദറുദ്ദീൻ,

ടി.കെ. വിജയൻ മാസ്റ്റർ,

യതീന്ദ്രദാസ്,

ജീവൻലാൽ, സുദർശനൻ,

എ.പി. സുനിൽ

വനിത:

രാജമണി ജയരത്നം,

ബേബി നാരായണൻ,

സുമതി,

പുഷ്പ ശ്രീനിവാസൻ,

കാർത്ത്യായനി ടീച്ചർ,

പ്രേമ രവീന്ദ്രൻ,

സന്ധ്യ,

ബേബി ഇന്ദിര,

സി.കെ. കോത,

കാർത്ത്യായനി ശിവരാമൻ,

ഐഷാബി,

മല്ലികാദാസൻ,

അസീന,

വഹീദാ ബദറുദ്ദീൻ

സഹകരണം :

എ. മുരളീധരൻ,

അമീറലി മാസ്റ്റർ,

വി.എസ്സ്. പാപ്പുട്ടി,

എൻ.എ. വാസു

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം :

മല്ലികാദാസൻ,

കെ.എ. അബ്ദു,

എം.എസ്സ്. നാരായണൻ,

എം.കെ. ചന്ദ്രൻ

വിഭവസമാഹരണം :

എം.എ. മോഹനൻ,

പി.എം. അഷറഫ്,

എം.എസ്സ്. മോഹനൻ

# കൃഷിയും ജലസേചനവും



## കാർഷിക ചരിത്രം

ശ്രീനാരായണപുരം പഞ്ചായത്തിൻെറ മുൻ കാല ചരിത്രം പരിശോധിക്കുമ്പോാം കാർഷിക വിളവുകൊണ്ട് മാത്രം ജീവിതം കഴിച്ചിരുന്ന ഒരു വിഭാഗം ആളുകളുണ്ടായിരുന്നു എന്ന് കാണാം. അതിനേക്കാളുപരി കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന ഒരുപാടാളുകളും. ചെയ്യുന്ന കൂലിക്കനുസരിച്ച വേതനമല്ല അന്ന് നിലവിലുണ്ടായിരുന്നത്. കണക്ക് ചോദിക്കുന്നവൻെറ കരണത്തടിക്കുന്ന രീതിയായിരുന്നു. ഉച്ചനീചത്വത്തിൻേറയും സവർണ അവർണ വ്യത്യാസത്തിൻെറയും പേരിൽ താഴേക്കിടയിലുള്ളവർ ഒരുപാട് ചൂഷണത്തിന് വിധേയരായിരുന്നു. എഴുപത്തഞ്ച് ശതമാനം ആളുകളും കുടികിടപ്പുകാരായിരുന്നു. കർഷകത്തൊഴിലാളി -കർഷക സംഘങ്ങളുടെ ആവിർഭാവത്തോടെ വളരെയധികം മാറ്റങ്ങളുണ്ടായി. ഒരുപാട് സ്ത്രീ തൊഴിലാളികളും അന്നൊക്കെ രംഗത്തുണ്ടായിരുന്നു. നെൽകൃഷി ചെയ്യുന്ന പാടങ്ങളും ഒരുപാടുണ്ടായി. യന്ത്രവൽക്കരണത്തിൻെറ ആഗമനത്തോടെ തൊഴിലാളികാംക്കു പണി നഷ്ടപ്പെടുന്നു എന്ന രീതിയിലേക്ക് കാര്യങ്ങളെത്തി. അതിനെതിരെ തൊഴിലാളികളുടെ ചെറുത്തുനില്പിന് ഉദാഹരണമാണ് പ്രസിദ്ധമായ പുവ്വത്തും കടവ് ട്രാക്ടർ സമരവും ആലയിലെ തെങ്ങ് കയറ്റ തൊഴിലാളി സമരവും.

കൃഷിഭൂമി കർഷകനെന്നും, പത്ത്സെൻറ് കുടികിടപ്പുനിയമമും വന്നതോടെ എല്ലാ വിഭാഗം ജനങ്ങളും ചെറിയ ഭൂമിയുടേതെങ്കിലും ഉടമകളായി മാറി. എന്നാൽ കാർഷിക രംഗത്ത് അതിൻെറ വളർച്ച കാണാൻ കഴിഞ്ഞില്ല എന്ന് മാത്രമല്ല മുരടിപ്പു തന്നെയായിരുന്നു. കാർഷിക തൊഴിലിലേർപ്പെട്ടിരുന്നവരും മറ്റു മേഖലകളിലേക്ക് തിരിഞ്ഞു. കർഷക സംഘടനകളും കാർഷിക തൊഴിലാളി സംഘടനകളും സജീവമായുണ്ട് പഞ്ചായത്തിൽ. തർക്കങ്ങാം ഒരുവിധം പരിഹരിച്ചുതന്നെ നീങ്ങുന്നു. അല്പം പ്രശ്നമുണ്ടാകുന്നത് തെങ്ങുകയറ്റ രംഗത്താണ്. കൃത്യസമയത്ത് ജോലി ചെയ്തു കൊടുക്കാൻ കഴിയാത്തതാണ് ഏറ്റവും വലിയ പ്രശ്നം.

ഒരു ദീർഘകാലവിള എന്ന നിലക്ക് തെങ്ങ് കൃഷിയിലാണ് മിക്കയാളുകളും ശ്രദ്ധ ചെലുത്തുന്നത്. എന്നാൽ അതുകൊണ്ട് മാത്രം ജീവിക്കുന്നവരുടെ എണ്ണം വളരെ തുച്ഛമാണ്. ഗാംഫ് പണത്തിൻെറ ആഗമനം കൃഷിരംഗത്ത് മുരടിപ്പുണ്ടാക്കിയിട്ടുണ്ട്. കിട്ടുന്ന കാശിന് കെട്ടിടം പണിയുക എന്നതാണ് അവരുടെ പോളിസി. ഭൂമിയുടെ വില സെൻറിന് പുഴയോരങ്ങളിൽ 5000-10000വും N.H.ൽ 50000-70000വും സാധാരണ പഞ്ചായത്ത് റോഡനരുകിൽ 25000-35000വുമാണ്. അതുമൂലം എല്ലാ ഭൂമികളും തുണ്ടുതുണ്ടായി മാറുകയാണ്. കൃഷിക്ക്വേണ്ടി ഭൂമി എടുക്കുവാൻ കഴിയാത്ത അവസ്ഥയിലേക്ക് കാര്യങ്ങളെത്തി നിൽക്കുന്നു.

പണ്ടൊക്കെ എല്ലാ വീടുകളിലും കൊണ്ടൽ കൃഷി ചെയ്യാറുണ്ടായിരുന്നു. എന്നാലിന്ന് ഒരു പച്ചമുളക്തൈ പോലും നടുന്നവരുടെ എണ്ണം തുലോം തുച്ഛമാണ്. എല്ലാം വാങ്ങി കഴിക്കുക എന്ന രീതിയിലേക്കാണ് കാര്യങ്ങാം നീങ്ങുന്നത്. ഏകദേശം മൂന്നുലക്ഷം രൂപയുടെ പച്ചക്കറി ഓരോ മാസവും നമ്മുടെ പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. ഓണക്കാലത്ത് വേറെയും.

ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ കാർഷികരംഗത്തു വളരെയധികം മാറ്റങ്ങാം വന്നിരിക്കുന്നു. നെൽകൃഷി സമൃദ്ധമായി ഉണ്ടായിരുന്ന പാടങ്ങാം പറമ്പുകളായി മാറ്റപ്പെട്ടു. തെങ്ങുകൃഷിക്കും, വീടുവെയ്പ്പിനും ഉപയോഗിക്കാൻ തുടങ്ങി. ചില പാടങ്ങാം തരിശിടാനും തുടങ്ങി. പറമ്പുകളെ പാടങ്ങ

ളുമായി ബന്ധിപ്പിച്ചിരുന്ന തോടുകൾ നികത്തപ്പെട്ടു. അവ റോഡുകളും മറ്റുമായി. ഇതുമൂലം ഇപ്പോൾ പ്രധാന കൃഷിയായി പറയപ്പെടുന്ന കേര കൃഷിക്ക് രോഗങ്ങൾ ബാധിക്കുകയും, ഉൽപാദന ക്ഷമത വളരെയധികം കുറയുകയും ചെയ്തിരിക്കുന്നു. അങ്ങനെ കൃഷിയോട് താല്പര്യം കുറഞ്ഞ ഒരു കാലഘട്ടമാണിത്. അത് മാറ്റിയെടുക്കേണ്ടത് വളരെ അത്യാവശ്യമാണ്.

## ഇന്നത്തെ വിള ചേരുവ

പഞ്ചായത്തിലെ മുഖ്യവിളകളും അവയുടെ വിസ്തൃതിയുടേയും ഉൽപാദനക്ഷമതയുടേയും ഏകദേശ വിവരം ചുവടെ ചേർക്കുന്നു.

| വിള | വിസ്തീർണ്ണം ഹെക്ടറിൽ | ഉൽപാദന ക്ഷമത | മൊത്തം ഉൽപാദനം |
|---|---|---|---|
| തെങ്ങ് | 1928 ഹെ | 40-50 നാളികേരം /തെങ്ങ് | 152 ലക്ഷം നാളികേരം |
| കവുങ്ങ് | 120 ഹെ | | |
| കശുമാവ് | 13 ഹെ | 200 kg/ha | 10.4 HT |
| വാഴ | 5 ഹെ | 25 T/ha | 125 T |
| കുരുമുളക് | 2 ഹെ | 300 kg/ha | 600 kg |
| പച്ചക്കറി | 5 ഹെ | 2500 kg/ha | 12.5 HT |
| കക്കരി | 16 ഹെ | 5000 kg/ha | 80 HT |
| നെല്ല് | 15 ഹെ | 1000 kg/ha | 15 HT |
| പയർ | 2 ഹെ | 800 kg/ha | 1.6 HT |
| മരച്ചീനി | 2 ഹെ | 6 T/ha | 12 HT |

## നടപ്പുസ്കീമുകളുടെ അവലോകന റിപ്പോർട്ട്

കൃഷിഭവൻ മുഖേന 8-ാം പദ്ധതിക്കാലത്ത് ഈ പഞ്ചായത്തിൽ നടത്തിയ പരിപാടികളിൽ പ്രധാനപ്പെട്ടവയും, ഈ പദ്ധതികളുടെ പ്രശ്നങ്ങളും താഴെ ചേർക്കുന്നു.

1. സമഗ്ര നാളികേര വികസന പദ്ധതി - കേര കൃഷി അഭിവൃദ്ധിപ്പെടുത്താൻ വേണ്ട മിക്കവാറും ഘടകങ്ങൾ ഉൾക്കൊള്ളിച്ച് 94-95 മുതൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേരസമിതി - മുഖേന നടപ്പാക്കിവരുന്ന ഈ പരിപാടിയിലെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു.

   (a) തെങ്ങൊന്നിനു 8 രൂപ സബ്സിഡി നിരക്കിൽ രാസവളം വിതരണം ചെയ്യുന്നു.

   (b) കാറ്റുവീഴ്ച മൂലം നാശം സംഭവിച്ച തെങ്ങുകൾ വെട്ടിമാറ്റാൻ 200 ക. നല്കിവരുന്നു. തെങ്ങിൻ തൈകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

   (c) ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനു 30 സെൻറ് ഭൂമിയുള്ള കർഷകർക്കു കിണർ കുഴിക്കുന്നതിന് ഏറ്റവും കൂടുതൽ സബ്സിഡി - 2500 രൂപ, ഫിൽട്ടർ സ്ഥാപിക്കുന്നതിന് - 800 രൂപ, പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് 2500 രൂപയും നല്കിവരുന്നു.

   (d) ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ഇറിഗേഷൻ പദ്ധതിക്കു 10,000/- ധനസഹായം നല്കുന്നു.

   (e) ഇടവിള കൃഷിക്ക് ആവശ്യമായ പച്ചില വളം, ചെടിവിത്ത്, വാഴകന്ന്, കവുങ്ങ്, ഫലവൃക്ഷ തൈകൾ എന്നിവ കിട്ടുന്ന മുറക്ക് വിതരണം ചെയ്യുന്നു.

ഈ പദ്ധതിയിൽ പ്രധാന പ്രശ്നമായി ഉയർന്നു വന്നിരിക്കുന്നത് ആവശ്യാനുസരണം വളവും, നടീൽ വസ്തുക്കളും ലഭിക്കുന്നില്ലെന്നതാണ്. കേടായ തെങ്ങ് വെട്ടിമാറ്റുന്നതിനുള്ള തുക അപര്യാപ്തമാണെന്നും അഭിപ്രായമുണ്ട്. ജലസേചന സൗകര്യം ഏർപ്പെടുത്താനുള്ള ഭൂപരിധി 30 സെൻറ് എന്നുള്ളതും കൃഷിക്കാർ പ്രശ്നമായി ഉയർത്തിയിരിക്കുന്നു. മാത്രമല്ല ഈ പഞ്ചായത്തിൽ ജലസേചനത്തിനായി കൂടുതലും ഉപയോഗിക്കുന്നത് കുളങ്ങളാണ്. അതിൻെറ സംരക്ഷണത്തിനും, പുതിയ കുളങ്ങൾ കുഴിക്കുന്നതിനും പദ്ധതി സഹായം നല്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

2. നൂതന ജലസേചന രീതിയായ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിക്ക് 50% സബ്സിഡി.

സ്പ്രിംഗ്ലർ പദ്ധതിക്കും സബ്സിഡി അനുവദിക്കണമെന്ന് കൃഷിക്കാർ ആവശ്യപ്പെടുന്നു.

ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയെപ്പറ്റി കൃഷിക്കാരുടെയിടയിൽ വളരെയേറെ സംശയങ്ങൾ ഇപ്പോഴും നിലവിലുണ്ട്.

3. ഉദ്യാനകൃഷിക്കും മറ്റും ആവശ്യമായ ഗ്രീൻ ഹൗസ് പണിയുന്നതിന് സബ്സിഡി.

4. ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുന്നതിനുള്ള ധനസഹായം.

5. പ്രകൃതിക്ഷോഭത്തിന് എതിരായി വിളകളെ ഇൻഷൂർ ചെയ്യുന്ന പരിപാടി.
രോഗകീടബാധക്ക് എതിരായും ഇൻഷുറൻസ് വേണമെന്നാണ് കൃഷിക്കാരുടെ ആവശ്യം.

6. കമ്പോസ്റ്റ് കുഴി നിർമ്മിക്കുന്നതിന് ചെറിയതോതിൽ സബ്സിഡി - പച്ചില വള പയർ വിത്ത് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി.

7. ഹരിജനങ്ങൾക്ക് വളം നല്കുന്ന പദ്ധതി.
കിണർ, മോട്ടോർ, സ്പ്രയർ, തെങ്ങുകയറ്റയന്ത്രം മുതലായവ വിതരണം ചെയ്യുന്നു. കോളനികളിൽ ജലസേചന സൗകര്യത്തിന് ഫിൽട്ടർ, മോട്ടോർ, കിണർ എന്നിവ അനുവദിക്കുന്ന പരിപാടി ഇതിലുള്ള പ്രശ്നവും എല്ലാ ഘടകങ്ങളും ആവശ്യാനുസരണം ലഭിക്കുന്നില്ലെന്നാണ്.

8. പച്ചക്കറി കൃഷി - സ്ക്കൂൾ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് സൗജന്യമായി വിത്ത് നല്കി കൃഷി ചെയ്യിപ്പിക്കുന്നു.

9. തെങ്ങിന് ഗ്രൂപ്പ് മാനേജ്മെൻറ് പദ്ധതി. വാർഡ് അടിസ്ഥാനത്തിൽ സമിതികൾ മുഖേന 1994 മുതൽ ഈ പരിപാടി നിർത്തലാക്കി. ഈ പദ്ധതി മുഖേന മഗ്നീഷ്യം, സ്പയർ മുതലായവ ലഭ്യമാക്കി.

10. സെമിനാറുകളും ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കുക.

11. ഓരോ പ്രദേശത്തിനും അനുയോജ്യമായ വിളയെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി. ഈ പദ്ധതി പ്രകാരം കക്കിരി കൃഷിക്കാർക്ക് ആനുകൂല്യം നല്കി വന്നിരുന്നു.

12. ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി നടപ്പാക്കി വരുന്നു.

## *പ്രശ്നങ്ങൾ ഗ്രാമസഭ റിപ്പോർട്ട് അടിസ്ഥാനത്തിൽ*

### കൃഷി

1. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി ഉന്നയിച്ചിട്ടുള്ളത് ഈ പ്രദേശത്തെ വെള്ളക്കെട്ടാണ്. വെള്ളം ഒഴിഞ്ഞുപോകാൻ മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന ചെറുതും വലുതുമായ തോടുകൾ നികത്തി, തെങ്ങ്, കവുങ്ങ് മുതലായവ കൃഷി ചെയ്യുവാനും, വീടുവെക്കുവാനും തുടങ്ങിയത് ഏറ്റവും വലിയ നാശത്തിന് വഴിയൊരുക്കി. വെള്ളക്കെട്ടുമൂലം കേരകൃഷി വലിയ ഭീഷണി നേരിടുകയാണ്. മറ്റു കൃഷികൾ ചെയ്യുവാൻ സാഹചര്യവും ഇല്ലാതായി.

2. കേരകൃഷി നേരിടുന്ന രോഗകീടബാധ, കാറ്റുവീഴ്ച, കൂമ്പു ചീയൽ തുടങ്ങിയവ മൂലം തെങ്ങുകൾ നശിച്ചുകൊണ്ടിരിക്കുന്നു. ഈ അടുത്ത് നടന്ന സർവ്വേ പ്രകാരം ഏകദേശം 6000 തെങ്ങുകൾക്ക് രൂക്ഷമായ കേടും, 20,000 തെങ്ങുകൾക്ക് രോഗലക്ഷണങ്ങളും കാണുന്നതായി റിപ്പോർട്ടുണ്ട്. കൂമ്പുചീയൽ മൂലം നശിച്ചുകൊണ്ടിരിക്കുന്ന തെങ്ങുകൾ ഏകദേശം 2000 എണ്ണം വരും. മറ്റു രോഗങ്ങളായ ലീഫ്റോട്ട്, സറ്റെം ബ്ലീഡിങ്ങ് മുതലായവയും കാണുന്നു.
മറ്റു വിളകളായ കവുങ്ങ്, കുരുമുളക് എന്നിവയ്ക്കും രോഗബാധയുണ്ട്.

3. ഇടവിളകൃഷിക്ക് ഈ പഞ്ചായത്തിൽ ശ്രദ്ധ കുറവാണ്.

4. ജലസേചന-ജലനിർഗ്ഗമന മാർഗ്ഗങ്ങൾ അപര്യാപ്തമാണ്. കുളങ്ങളും, തോടുകളും നികത്തിവരുന്നതുകൊണ്ട് ഇവ സംരക്ഷിക്കപ്പെടുന്നില്ല. ജലമാനേജ്മെൻറിൽ തീരെ ശ്രദ്ധ ചെലുത്തുന്നില്ല. വൈദ്യുതിക്ഷാമം, വോൾട്ടേജ് ക്ഷാമം മറ്റും മൂലം നിലവിലുള്ള ഉപാധികൾ ശരിയായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല.

5. മണ്ണിൻെറ ഫലപുഷ്ടി കുറഞ്ഞുവരുന്നു. ജൈവ വളങ്ങളുടെ ലഭ്യത കുറവാണ്. അശാസ്ത്രീയ രാസവള പ്രയോഗം മണ്ണിൻെറ

ഫലപുഷ്ടിയെ സാരമായി ബാധിച്ചിരിക്കുന്നു.

6. പാടങ്ങ൦ നികത്തപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ചില പാടങ്ങ൦ തരിശിടുന്നു.

7. കൃഷിഭവനിൽനിന്നും ആവശ്യമായ സഹായങ്ങ൦ ലഭിക്കുന്നില്ല.

8. കർഷക തൊഴിലാളികളെ കിട്ടാനില്ല. കൂലി വളരെ കൂടുതലാണ്.

9. ഉൽപന്നങ്ങ൦ക്ക് വളരെ വില കുറവ്. ഉൽപന്നങ്ങ൦ വാങ്ങാൻ പർച്ചേസിങ്ങ് സെൻററുക൦ ഇല്ല. പൊതുമാർക്കറ്റ് സംവിധാനമില്ല.

10. ഉൽപന്ന സംസ്ക്കരണ സൗകര്യങ്ങ൦ വളരെ കുറവ്.

11. നല്ല നടീൽ വസ്തുക്ക൦ ലഭ്യമല്ല.

12. വായ്പ സൗകര്യങ്ങ൦ വളരെ കുറവ്.

13. പച്ചക്കറി, പൂകൃഷി, ഔഷധ സസ്യകൃഷി തുടങ്ങിയ മറ്റ് അനവധി ഇടവിളക൦ കൃഷി ചെയ്യാനുള്ള ബോധവൽക്കരണമില്ല, സഹായ സംവിധാനങ്ങളില്ല.

14. വൈദ്യുതി കണക്ഷൻ കിട്ടാൻ വളരെ ബുദ്ധിമുട്ട്.

15. കന്നുകാലി വളർത്തൽ കുറഞ്ഞുവരുന്നു. കന്നുകാലി തീറ്റ വ്യവസായ യൂണിറ്റ് ഇല്ല.

## പരിഹാരമാർഗ്ഗങ്ങളും സാദ്ധ്യതകളും

മുകളിൽ പറഞ്ഞിട്ടുള്ള പ്രശ്നങ്ങ൦ ഒന്നൊന്നായി എടുത്ത് ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പരിഹാരമാർഗ്ഗങ്ങളും സാധ്യതകളും ക്രോഡീകരിച്ചത്:-

1. ജലനിർഗ്ഗമന സൗകര്യങ്ങ൦ ഉറപ്പ് വരുത്താനും വെള്ളക്കെട്ട് ഒഴിവാക്കാനും വേണ്ടി, നികത്തപ്പെട്ട തോടുക൦ വീണ്ടും വെട്ടി തുറപ്പിച്ചു വെള്ളം ഒഴിച്ചു കളയാനുള്ള സംവിധാനങ്ങ൦ക്ക് ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കണം. സ്വകാര്യവ്യക്തിക൦ കൈവശം വെച്ചിട്ടുള്ളതും അടച്ചതുമായ തോടുക൦, സർവ്വേ നടത്തി കണ്ടെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ തുറപ്പിക്കണം.

ഗ്രാമസഭകളിൽ ഉന്നയിച്ചിട്ടുള്ളതും തോടുകളെ സംബന്ധിച്ച വിവരങ്ങ൦ ചുവടെ ചേർക്കുന്നു.

a) 1-10 വാർഡിൽ കിഴക്ക് ഭാഗത്തുള്ള മന്തുരുത്തി കടവ് തോട് തണ്ണി തോട്ടി കടവ് തോട്, പോളത്തോട്, കല്ലുപുറം തോട് എന്നിവ സംരക്ഷിക്കണം. പോളത്തോട് പടിഞ്ഞാറ് ഭാഗത്തുള്ള വെള്ളത്തിൻെറ പ്രവാഹത്തെ ത്വരിതപ്പെടുത്തിയാൽ കിഴക്ക് ഭാഗത്ത് വെള്ളം കെട്ടിനിർത്തുവാൻ സാധിക്കും. ആയതുകൊണ്ട് ഷട്ടറിടുന്ന രീതിയിലുള്ള സ്ഥിരം ബണ്ട് നിർത്തിക്കണം.

b) പ്രധാന തോടുകളായ കക്കതോട്, പള്ളിത്തോട്, നെല്പ്പിണിൻെറ തോട് എന്നിവ താഴ്ത്തി വീതി കൂട്ടി, വെഴ്വന എരണാലി തോട് പെരുംതോടുമായി ബന്ധിപ്പിക്കണം.

c) നെല്പ്പിണി വലിയ തോട്ടിലേക്ക് കൈത്തോടുക൦ വെട്ടി ഈ തോട്ടിൽ മൂന്നു ഷട്ടറുകളെങ്കിലും ഇടണം.

d) പോനിശ്ശേരി ഹരിജൻ കോളനി റോഡിൻെറ ഒരു ഭാഗത്തു കാനവെട്ടി വെള്ളം നെല്പ്പിണി തോട്ടിൽ ചെന്നു വീഴുന്നതിനു സൗകര്യം ഉണ്ടാക്കണം. ഒരു കലുങ്ക് നിർമ്മിക്കുകയും വേണം. ചാലാംവീട് തോട്ടിൽനിന്നും ചങ്കരകുളങ്കര റോഡിൻെറ തെക്കെ ഭാഗത്തുള്ള തോട്ടിൽനിന്നും താമരക്കുളം കിഴക്കെ റോഡിൻെറ ഭാഗത്തുള്ള തോട്ടിൽനിന്നും പാലപ്പെട്ടി കോളനി ഭാഗത്തുനിന്നും പോഴങ്കാവ് ലക്ഷംവീട് കോളനി റോഡിൻെറ തെക്ക് പടിഞ്ഞാറെ ഭാഗത്തുനിന്നും വെള്ളം ഒഴിഞ്ഞുപോകുന്നതിനുള്ള സാദ്ധ്യതക൦ ഉണ്ടാവണം.

e) പെരുന്തോട് പദ്ധതി നടപ്പാക്കണം.

f) ചുണ്ടെക്കട തോട് വീതിയും ആഴവും കൂട്ടി അറപ്പത്തോടും പെരുന്തോടുമായി ബന്ധിപ്പിക്കണം. ചുണ്ടെക്കാട് തോട്ടിലും, പെരുന്തോട്ടിലുമുള്ള ചീപ്പുക൦ തുറക്കുകയും അടക്കുകയും ചെയ്ത് പ്രവർത്തനക്ഷമമാക്കുക.

g) 10-ാം വാർഡിൽ പരാമർശിച്ചിട്ടുള്ള തോടുകളുടെയും കലുങ്കുകളുടെയും പണിക൦



380

നടത്തണം. ഇതിൽ പരാമർശിച്ചിട്ടുള്ള പഞ്ചായത്തിൻെറ വടക്കേ അതിരിൽ കിഴക്കേ ഭാഗത്തുനിന്നും ആരംഭിക്കുന്ന തോട് വേക്കോട് എസ്.എൻ.ഡി.പി. കെട്ടിടത്തിൻെറ കിഴക്കുഭാഗത്ത് നിന്നും ആരംഭിച്ച് അംബേദ്കർ കോളനി വഴി, കുനിയറ ക്ഷേത്രത്തിൻെറ തെക്കുഭാഗത്തു കൂടി പോയി അറപ്പത്തോട്ടിൽ ചേരുന്ന തോട്, മുല്ലശ്ശേരി ചാത്തൻ ക്ഷേത്രത്തിൻെറ തെക്കുഭാഗത്തുള്ള തോട്, മുല്ലശ്ശേരി ക്ഷേത്രത്തിൻെറ കിഴക്കുഭാഗത്തുള്ള തോട് എന്നിവ വീതി കൂട്ടി താഴ്ത്തി വെള്ളം ഒഴുകിപോകുന്ന രീതിയിലാകണം. കുനിയറ കോളനിയുടെ പടിഞ്ഞാറുഭാഗത്തേക്ക് പോകുന്ന റോഡിലുള്ള പൊളിഞ്ഞ രണ്ട് കലുങ്കുകളും പുനർനിർമ്മിക്കണം.

മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾ, ഓരോ വാർഡിലും ജനപങ്കാളിത്തത്തോടുകൂടി, കാർഷിക സംരക്ഷണസമിതി രൂപീകരിച്ച് നടപ്പാക്കണം.

2. കേരകൃഷിക്ക് നേരിടുന്ന രോഗകീടബാധക്കെതിരെ ജനങ്ങളെ ബോധവാന്മാരാക്കേണ്ടിയിരിക്കുന്നു. വാർഡുതോറും കാർഷിക സമിതികൾ രൂപീകരിച്ച്, കൃഷിഭവൻ, ഉദ്യോഗസ്ഥന്മാരെ ബന്ധപ്പെടുത്തി ചർച്ചാക്ലാസ്സുകളും, സെമിനാറുകളും നടത്തേണ്ടിയിരിക്കുന്നു. ശാസ്ത്രീയമായ വളപ്രയോഗം, മരുന്നു തളി എന്നിവക്ക് പ്രാധാന്യം നൽകണം. മരുന്നുതെളിക്ക് ആവശ്യമായ തുരിശ്, കുമ്മായം, കീടനാശിനികൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. കൂട്ടായ മരുന്നുതെളിക്ക് സമിതി നേതൃത്വം നല്കണം. എലി നശീകരണത്തിനായി Campaign നടത്തണം. മരുന്നുതളിക്ക് ആവശ്യമായ സ്പയറുകൾ സമിതിക്ക് അനുവദിച്ചു നല്കണം, ആവശ്യമുള്ള കൃഷിക്കാർക്ക് സബ്സിഡിയിൽ നല്കണം. മരുന്നുതളിക്കുവേണ്ടി തൊഴിലാളികളെ കണ്ടെത്തുകയും പരിശീലനം നല്കുകയും വേണം. കേടായ തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള സഹായം 200 രൂപയിൽനിന്ന് ആയിരം രൂപയാക്കി വർദ്ധിപ്പിക്കണം. പുതിയ തെങ്ങിൻ തൈകളും സബ്സിഡി നിരക്കിൽ നല്കണം.

3. ഇടവേളകൃഷി പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ജാതി, കരുമുളക് ഗ്രാമ്പു, വാഴ, പൈനാപ്പിൾ, നിലകടല, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, പഴവൃക്ഷങ്ങൾ എന്നിവ കൃഷി ചെയ്യുവാൻ വേണ്ട സഹായങ്ങൾ ഏർപ്പെടുത്തണം. നല്ല നടീൽ വസ്തുക്കൾ യഥാസമയം ലഭിക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്യുക. ഓരോ വീട്ടിലും 5 വാഴക്കണ്ണ് വീതം നടിയിപ്പിക്കണം. ഒരു തേക്ക്, ഒരു മാഞ്ചിയം, ഒരു മഹാഗണി എങ്കിലും വെച്ച് പിടിപ്പിക്കണം. മാവ്, പ്ലാവ്, അയിണി മുതലായ ഫലവൃക്ഷങ്ങൾ കൃഷി ചെയ്യാൻ സൗകര്യപ്പെടുത്തണം. ഏതകൈത, നൂൽ കൈത എന്നിവ വൻതോതിൽ കൃഷി ചെയ്യാൻ ഏർപ്പാട് ഉണ്ടാക്കണം. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കണം.

4. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. നിലവിലുള്ള പഞ്ചായത്ത് കുളങ്ങളും, മറ്റ് കുളങ്ങളും വെട്ടി സംരക്ഷിക്കാൻ വേണ്ട സഹായങ്ങൾ ഏർപ്പെടുത്തണം. കുളം കുഴിക്കുന്നതിനും, വൃത്തിയാക്കുന്നതിനും സബ്സിഡി ഏർപ്പെടുത്തണം. ഇപ്പോൾ നിലവിലുള്ള സൗകര്യങ്ങൾ ഭൂപരിധിയില്ലാതെ എല്ലാം കൃഷിക്കാർക്കും കിട്ടുവാൻ വേണ്ട സംവിധാനമുണ്ടാക്കണം. 10 സെൻറും അതിനു താഴെയുള്ളവർക്കും 1/2 hp മോട്ടോർ സ്ഥാപിക്കാൻ സഹായം നല്കണം. സ്പ്രിംഗ്ളർ ഇറിഗേഷൻ രീതിക്കും സിപ്പ് ഇറിഗേഷനുമുള്ളത്പോലെ സബ്സിഡി ഏർപ്പെടുത്തണം.

പൊതുകുളങ്ങൾ സർവ്വേ നടത്തി കണ്ടെടുക്കണം. പഞ്ചായത്തിൻെറ വകയായ പുഞ്ചകുളം വീണ്ടെടുക്കയും ജനങ്ങളുടെ പങ്കാളിത്തത്തോടെ സൈഡ് കെട്ടി ഈ കുളത്തിലേക്ക് ഉപ്പു കയറാതെ സംരക്ഷിക്കുകയും വേണം. നായരുകുളം, മാരോട്ടിക്കുളം, വെഴുവന മിച്ചഭൂമികുളം (വെഴുവന മിച്ചഭൂമി ഹരിജൻ കോളനി), കക്കറകുളം, പീടികക്കുളം (തൊടാത്ര വേലായുധൻ) തുടങ്ങിയ കുളങ്ങൾ ജലസേചനയോഗ്യവും മത്സ്യകൃഷിക്ക് ഉപ യുക്തമാക്കുകയും ചെയ്യണം. പോഴങ്കാവ് കുളം അതിരുകൾ കരിങ്കല്ല് കൊണ്ട് കെട്ടി, മത്സ്യകൃഷി നടത്തണം.

ജലസേചന ആവശ്യത്തിനു സ്ഥാപിക്കുന്നതിന് മോട്ടോറുകൾക്കു വൈദ്യുതി കണക്ഷൻ വേഗം നല്കാനുള്ള ഏർപ്പാട് ഉണ്ടാകണം.

5. മണ്ണുപരിശോധന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ഒരു ഹെക്ടറിന് 8.10 ടൺ ജൈവവളം ചേർക്കാൻ സാധിച്ചാൽ മാത്രമേ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളു. കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്യണം. ഇതുവഴി ചാണകം ലഭിക്കും. പച്ചില വളച്ചെടികൾ നട്ടുപിടിപ്പിക്കാൻ വേണ്ട സഹായം ഏർപ്പെടുത്തണം. നല്ല വിത്ത് യഥാസമയത്തു സബ്സിഡി നിരക്കിൽ ലഭ്യമാക്കണം. പച്ചില മരങ്ങൾ, ശീമക്കൊന്ന, പൊൻഗാമിയ, സുബാബുൾ മുതലായവ നട്ടുവളർത്തുന്ന ശീലം കൃഷിക്കാരിൽ ഉണ്ടാക്കിയെടുക്കണം. ജൈവ പാഴ്വസ്തുക്കളും മറ്റ് ചപ്പുചവറുകളും ഉപയോഗിച്ച് കമ്പോസ്റ്റ് ഉണ്ടാക്കാൻ ജനങ്ങളെ പ്രേരിപ്പിക്കണം. മണ്ണിര കമ്പോസ്റ്റ്, ചകിരച്ചോറിൽനിന്ന് ബയോഡംഗ് മുതലായവ ഉല്പാദിപ്പിക്കാൻ വേണ്ട സാങ്കേതിക അറിവും സഹായവും ഏർപ്പെടുത്തണം. ഒരു ജീവാണു ജൈവവള ഉല്പാദന യൂണിറ്റ് പഞ്ചായത്തിൽ തുടങ്ങണം. അതിനുവേണ്ട സഹായങ്ങൾ പഞ്ചായത്ത് നല്കണം.

6. പാടങ്ങൾ നികത്തുന്നതിനെതിരെ നിയന്ത്രണങ്ങൾ കൊണ്ടുവരണം. പാടങ്ങളിൽ നെൽകൃഷിക്കു പുറമെ കൊണ്ടൽ കൃഷി, ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്താൻ വേണ്ട സഹായങ്ങൾ ഏർപ്പെടുത്തണം. നെൽകൃഷിക്കാരെ സംഘടിപ്പിച്ച് കൃഷിക്കു വേണ്ട എല്ലാ സഹായങ്ങളും ഉറപ്പ് വരുത്തി കൃഷി ചെയ്യിപ്പിക്കാൻ സാധിക്കണം. തരിശുഭൂമി കൃഷിയോഗ്യമാക്കാൻ കർഷകസമിതികളുടെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യണം.

7. കൃഷിഭവൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം. ഓരോ വാർഡിലും കർഷക സമിതികൾ രൂപീകരിച്ച് സമിതികൾ മുഖേന പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം.

കൃഷിഭവന് വേണ്ട അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഒരു സ്റ്റോർ റൂം പണിയണം. വെള്ളത്തിന് സൗകര്യം ഏർപ്പെടുത്തണം. കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ തീർക്കണം. യാത്രാ സൗകര്യത്തിന് ഒരു ജീപ്പ് നൽകണം. ഫോൺ സൗകര്യവും ഏർപ്പാട് ചെയ്യണം.

8. കർഷക തൊഴിലാളി കൂലി പഞ്ചായത്തിൽ ഏകീകരിക്കണം. പ്രത്യേക കാർഷിക പ്രവർത്തനങ്ങൾക്ക് വേണ്ടി കാർഷിക തൊഴിലാളികൾക്ക് പരിശീലനം നല്കണം. ബഡ്ഡിങ്ങ്, ഗ്രാഫ്റ്റിംഗ് മുതലായവ ചെയ്യുന്നതിന് നമ്മുടെ പഞ്ചായത്തിൽനിന്നും സ്ത്രീകൾ ഉൾപ്പെടെ നാലോ അഞ്ചോ ചെറുപ്പക്കാർക്ക് പരിശീലനം നല്കണം.

9. കർഷകൻെറ ഉല്പാദനങ്ങൾക്ക് ന്യായവില കിട്ടുവാൻ വേണ്ട സഹായം ചെയ്തുകൊടുക്കണം. ഉല്പന്നങ്ങൾ വാങ്ങാൻ പ്രാദേശിക തലത്തിൽ വാർഡുതോറും പർച്ചേസിങ്ങ് സെൻററുകളും, പൊതുമാർക്കറ്റ് സംവിധാനവും ഉണ്ടാവണം. ഇന്നത്തെ നിലയിൽ കൊപ്രയുടെ തറവില 5000/ക്വിൻറൽ ആയി നിശ്ചയിക്കണം.

10. കാർഷിക ഉല്പന്നങ്ങൾ സംസ്കരിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം. നാളികേര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാൻ സഹായം അനുവദിക്കണം. കേരോൽപന്നങ്ങൾ ഉപയോഗിച്ചു കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ്, പഞ്ചായത്തിൽ ധനസഹായത്തോടുകൂടി സ്ഥാപിക്കണം. പുതിയ നാളികേരോല്പന്നങ്ങളും, ഉപോല്പന്നങ്ങളും ഉപയോഗിക്കുന്നതുമായ ഒരു വ്യവസായ യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കണം. കർഷകർക്കും കൊപ്രാസംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്കും പരിഷ്കരിച്ച കൊപ്രാഡ്രയറുകൾ സ്ഥാപിക്കാൻ സഹായം അനുവദിക്കണം.

പഞ്ചായത്തിൽ ഹൈവേയുടെ സൈഡിൽ ഒരു ഇളനീർ പന്തൽ തുടങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തണം. ഈ വക യൂണിറ്റുകൾ കൊണ്ട് നാളികേരത്തിൻെറ പൂർണ്ണ



382

മായ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും, തൊഴിൽ അവസരങ്ങാം സൃഷ്ടിക്കുവാനും കഴിയും.

11. നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്താൻ വ്യക്തികളെക്കൊണ്ട് അംഗീകൃത നഴ്സറികാം ഒന്നോ രണ്ടോ തുടങ്ങാം. നടീൽ വസ്തുക്കാം ആവശ്യപ്പെടുന്നത് അനുസരിച്ച് കൃത്യസമയത്ത് കർഷകർക്ക് എത്തിച്ചുകൊടുക്കുന്ന ഒരു സംവിധാനം ഉറപ്പ് വരുത്തണം. വാഴക്കണ്ണ്, ചേനവിത്ത്, ഇഞ്ചി വിത്ത്, മഞ്ഞാം വിത്ത്, പച്ചക്കറി വിത്ത് മുതലായ എല്ലാ ഗുണമേന്മയുള്ള വസ്തുക്കളും ലഭ്യമാക്കുന്ന ഭാഗങ്ങളിൽ പോയി കൊണ്ടുവന്നു വിതരണം ചെയ്യണം. വനവൃക്ഷ തൈകളും ലഭ്യമാക്കണം.

12. കൃഷി ആവശ്യത്തിനുള്ള വായ്പ കുറഞ്ഞ പലിശനിരക്കിൽ നല്കാൻ സഹകരണ സംഘങ്ങളും ബാങ്കുകളും മുന്നോട്ട് വരണം.

13. പച്ചക്കറികൃഷി, പൂകൃഷി, ഔഷധസസ്യ കൃഷി ഇവക്ക് പ്രോത്സാഹനം നല്കണം. പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ കുടുംബകൃഷി സമ്പ്രദായം ഏർപ്പെടുത്തുക. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചെയ്യാൻ താല്പര്യമുള്ള കർഷകർക്കും, സംഘടനകാംക്കും വേണ്ട സഹായങ്ങാം ഉറപ്പ് വരുത്തുക. സ്ഥലമില്ലാത്ത ആളുകാംക്ക് ഇത് സഹായകമാകും.

നമ്മുടെ കാലാവസ്ഥയിൽ വളരെയേറെ വികസന സാദ്ധ്യതയുള്ള ഒന്നാണ് കുറ്റിമുല്ല, പുഷ്പകൃഷി, ഓർക്കിഡ്, ആന്തൂറിയം, ജമന്തി, വാടാർമല്ലി മുതലായവ. താല്പര്യമുള്ള കൃഷിക്കാരെ കണ്ടെത്തി, പ്രത്യേകിച്ച് വീട്ടമ്മമാരെ, അവർക്ക് വേണ്ട സഹായങ്ങളും നല്കി പുഷ്പകൃഷിയിലേക്ക് കൊണ്ടുവരണം. ഔഷധസസ്യങ്ങളും സുഗന്ധസസ്യങ്ങളും കൃഷിചെയ്യാൻ സൗകര്യമുണ്ടാക്കണം. ഇവയുടെ കൃഷി പ്രോത്സാഹിപ്പിക്കുമ്പോാം വിപണന സൗകര്യവും ഏർപ്പെടുത്തണം. ഇല്ലെങ്കിൽ വിജയിക്കില്ല. ഇതിനുവേണ്ടി ഒരു സൊസൈറ്റി രൂപീകരിക്കണം. ഈ സംഘടന വഴി ഉദ്യാനം നിർമ്മിക്കുന്നതിനുവേണ്ട സാങ്കേതിക ഉപദേശവും, പുഷ്പങ്ങാം കൊണ്ടുള്ള ഡക്കറേഷൻ പരിപാടികാം വിവിധ സ്ഥാപനങ്ങാംക്കുവേണ്ടി Place arrangement മറ്റും നടത്താൻ സാധിക്കണം.

കൂൺകൃഷി, മാംബറികൃഷി എന്നിവയിൽ താല്പര്യമുള്ള കൃഷിക്കാർക്ക് മാത്രം അതിനുള്ള സഹായം ഏർപ്പെടുത്തണം.

പഞ്ചായത്തിൻെറ കാർഷിക മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തണം. പച്ചക്കറികൃഷി, ഔഷധസസ്യ കൃഷി, ഉദ്യാനകൃഷി, കന്നുകാലി സംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ സ്ത്രീപങ്കാളിത്തം ഉറപ്പ് വരുത്തണം.

ഇങ്ങനെ കാർഷിക വികസന പ്രവർത്തനങ്ങാംക്ക് രൂപംകൊടുത്തുകൊണ്ട് 9-ാം പദ്ധതി കാലത്ത് കാർഷികരംഗത്ത് വളരെ അധികം മാറ്റങ്ങാം സൃഷ്ടിക്കാൻ സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

14. വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു പുതിയ ഉപതോടുകാം നിർമ്മിക്കുകയും ഉപ്പ് കയറാതിരിക്കുന്നതിനു സ്ലൂയിസ് വാൽവുകാം നിർമ്മിക്കുകയും ചെയ്യുക.

## ജലവിഭവങ്ങാം

| | |
|---|---|
| കുളം | 799 |
| കിണർ | 865 |
| ചാമ്പു പൈപ്പ് | 1163 |
| കായൽ | $4^1/_2$ കി.മീ. |

## കൂലി-സേവന വ്യവസ്ഥകാം

| ജോലി ഇനങ്ങാം | കൂലി നിരക്ക് | | സേവന |
|---|---|---|---|
| | സ്ത്രീ | പുരു | വ്യവസ്ഥ |
| തെങ്ങ് കയറ്റം 100 തെങ്ങിന് | | 100 രൂ. 20 തേങ്ങ | |
| കൈക്കോട്ട് (തൂമ്പ) പണികാം | | 85 | |
| കുളം കുഴിക്കൽ തുടങ്ങിയവ | 80 | 110 | |
| മറ്റു കൃഷി വേലകാം | 50 | 85 | |

## ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ


| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ്റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| I | 426 | 3295 | 47300 | 50595 | 2964 | 1365 | 75 | 45 | - | 4449 |
| II | 354 | 3250 | 37268 | 40518 | 1483 | 655 | 45 | 25 | - | 2208 |
| III | 324 | 2560 | 33124 | 35684 | 593 | 315 | 30 | 25 | - | 963 |
| IV | 314 | 2325 | 24407 | 26732 | 1880 | 125 | 50 | 21 | - | 2076 |
| V | 275 | 1853 | 15747 | 17600 | 1042 | 115 | 60 | 28 | - | 1245 |
| VI | 254 | 1550 | 15446 | 16996 | 2556 | 90 | 50 | 20 | - | 2716 |
| VII | 262 | 2100 | 18398 | 20498 | 2498 | 70 | 60 | 30 | - | 2658 |
| VIII | 208 | 1975 | 20183 | 22158 | 1935 | 110 | 79 | 27 | - | 2151 |
| IX | 227 | 2100 | 19686 | 21786 | 1118 | 73 | 60 | 15 | - | 1266 |
| X | 223 | 1650 | 21588 | 23238 | 300 | 40 | 35 | 20 | - | 395 |
| XI | 270 | 1350 | 19614 | 20964 | 1125 | 30 | 28 | 20 | - | 1203 |
| XII | 152 | 1670 | 13225 | 14895 | 243 | 20 | 18 | 5 | - | 286 |
| XIII | 157 | 1800 | 16274 | 18074 | 561 | 15 | 20 | 7 | - | 603 |

## പഞ്ചായത്തിലെ പ്രധാന കുളങ്ങൾ

| നമ്പർ | പേര് | വാർഡ് | വില്ലേജ് |
|---|---|---|---|
| 1 | പൂഞ്ചകുളം | I | ആല |
| 2 | ഉമൻകുളം | II | |
| 3 | അയിനിക്കുളം | III | |
| 4 | കുട്ടംകുളം | II | |
| 5 | വലിയകുളം | II | ആല |
| 6 | പാക്കലാംകുളം | III | |
| 7 | ആമണ്ടൂർ കോളനി കുളം | IV | പനങ്ങാട് |
| 8 | മെഴുവന കോളനി കുളം (H) | IV | |
| 9 | ഒറ്റപ്പിന്നി കുളം | V | " |
| 10 | ചെന്തരവ് കുളം | VII | " |
| 11 | പോഴങ്കാവ് കുളം | VII | " |
| 12 | അയ്യപ്പൻകാവ് കുളം | X | പേക്കോട് |
| 13 | I.H.T.P. കോളനി കുളം | X | |

## സഹകരണബാങ്കുകളിലെ വളം സ്റ്റേറ്റ്മെൻറ്

| ബാങ്കിൻെറ പേര് | 92-93 | സംഖ്യ | 93-94 | സംഖ്യ | 94-95 | സംഖ്യ | 95-96 | സംഖ്യ |
|---|---|---|---|---|---|---|---|---|
| 1. പൂവ്വത്തുംകടവ് കർഷക സർവ്വീസ് സഹകരണ ബാങ്ക് | 14,500 കി.ഗ്രാം | 4,54,358 രൂപ | 20,500 കി.ഗ്രാം | 6,91,159 രൂപ | 16,000 കി.ഗ്രാം | 3,87,639 രൂപ | 32,000 കി.ഗ്രാം | 6,50,029 രൂപ |
| 2. വെമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 20,650 കി.ഗ്രാം | 60,775 രൂപ | 26,800 കി.ഗ്രാം | 90,289 രൂപ | 34,750 കി.ഗ്രാം | 1,30,738 രൂപ | 17,000 കി.ഗ്രാം | 1,25,798 രൂപ |
| 3 ആല സർവ്വീസ് സഹകരണ ബാങ്ക് | 22,460 കി.ഗ്രാം | 1,57,626 രൂപ | 24,450 കി.ഗ്രാം | 1,49,670 രൂപ | 20,300 കി.ഗ്രാം | 1,38,254 രൂപ | 36,300 കി.ഗ്രാം | 2,59,408 രൂപ |



# മൃഗസംരക്ഷണവും മത്സ്യബന്ധനവും



അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യവുമായി ഒമ്പതാം പദ്ധതി ഒരു ജനകീയ പദ്ധതിയായി ആസൂത്രണം ചെയ്യുന്നതിൻെറ പണിപ്പുരയിലാണല്ലോ നമ്മാം. ഉത്പാദനത്തിന് ഊന്നൽ കൊടുത്തുകൊണ്ടും, കൂടുതൽ തൊഴിലവസരങ്ങാം ലക്ഷ്യമിട്ടുകൊണ്ടും നമ്മുടെ സംസ്ഥാനത്തിലെ മുഴുവൻ ആളുകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുമായിരിക്കണം പദ്ധതി നടപ്പിൽ വരുത്തേണ്ടതെന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ സംസ്ഥാനതല ഉദ്ഘാടന സമയത്ത് ജനനേതാക്കളും ആസൂത്രണ വിഗ്ധന്മാരും അഭിപ്രായപ്പെടുകയുണ്ടായി.

ഉത്പാദനത്തിൻെറ കാര്യത്തിൽ സ്വയം പര്യാപ്തത നേടേണ്ടതിൻെറ ആവശ്യകത സംസ്ഥാനത്തിലെ എല്ലാ വിഭാഗം ജനങ്ങളും മനസ്സിൽ നിന്നും പ്രവൃത്തിപഥത്തിലെത്തിക്കാൻ കൂട്ടായി യത്നിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ ചിന്തിക്കുമ്പോാം നമുക്കേറെ പ്രതീക്ഷ പകരുന്ന രണ്ടു മേഖലകളാണ് മൃഗസംരക്ഷണവും, മത്സ്യബന്ധനവും. നമ്മുടെ പഞ്ചായത്തിൻെറ ഭൂപ്രകൃതിയും ജനങ്ങളുടെ ജീവിതരീതിയും കണക്കിലെടുക്കുമ്പോാം മൃഗസംരക്ഷണവും മത്സ്യബന്ധനവും ഏറെ ശ്രദ്ധിക്കപ്പെടേണ്ട രണ്ട് മേഖലകളാണെന്ന് മനസ്സിലാക്കാൻ വിഷമമില്ല.

## വാഗ്ദാനവുമായി മൃഗസംരക്ഷണമേഖല

എന്തുകൊണ്ട് മൃഗസംരക്ഷണമേഖല ഒരു വാഗ്ദാനമായി മുന്നിൽ നിൽക്കുന്നു എന്ന് ചിന്തിക്കുമ്പോാം കഴിഞ്ഞകാല നേട്ടങ്ങളുടെ/കോട്ടങ്ങളുടെ ഒരു വിലയിരുത്തൽ അനിവാര്യമാകുന്നു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളിൽ ഈ രംഗത്തുണ്ടായ പുരോഗതിയെ കുറിച്ചാകട്ടെ ആദ്യത്തെ പരാമർശം.

ഇന്നലെകളിൽ പല പോരായ്മകളും നില നിൽക്കെ തന്നെ അഭിമാനിക്കാൻ വക നല്കുന്ന വളർച്ചയും വികാസവുമാണ് ഈ രംഗത്ത് ഉണ്ടായിട്ടുള്ളത്. ഈ നേട്ടം പ്രധാനമായും പാലിൻെറ ഉല്പാദനത്തിലും ഉപഭോഗത്തിലുമാണ് കൈവരിക്കാൻ കഴിഞ്ഞത്. കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ അത്യുൽപാദനശേഷിയുള്ള ജനങ്ങളുടെ വ്യാപനവും തുടർന്ന് ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലുമുണ്ടായ വർദ്ധനയും എടുത്തുപറയേണ്ട കാര്യമാണ്. 1960കളുടെ മദ്ധ്യത്തിൽ വെറും രണ്ടുലക്ഷം ടൺ ആയിരുന്ന കേരളത്തിലെ പ്രതിവർഷ പാലുൽപാദനം 95-96 കാലയളവായപ്പോഴേക്ക് 22.46 ലക്ഷം ടൺ ആയി (പത്തിരട്ടി) ഉയർന്നിരിക്കുന്നു. ക്ഷീരവിപണന രംഗത്ത് വന്ന ഘടനാപരമായ മാറ്റങ്ങളും ഏറെ ശ്രദ്ധേയമായി.

മൃഗസംരക്ഷണരംഗം 1991-96

| | പാൽ | | മുട്ട | | മാംസം | |
|---|---|---|---|---|---|---|
| വർഷം | ലക്ഷം മെ. ടൺ | മൂല്യം കോടി രൂപ | കോടി എണ്ണം | മൂല്യം കോടി രൂപ | ആയിരം മെ. ടൺ | മൂല്യം *കോടി രൂപ |
| 91-92 | 18.00 | 900.00 | 160.00 | 112.00 | 120.60 | 252.70 |
| 92-93 | 18.89 | 1417.00 | 177.40 | 169.00 | 125.00 | 306.60 |

| | പാൽ | | മുട്ട | | മാംസം | |
|---|---|---|---|---|---|---|
| വർഷം | ലക്ഷം മെ. ടൺ | മൂല്യം കോടി രൂപ | കോടി എണ്ണം | മൂല്യം കോടി രൂപ | ആയിരം മെ. ടൺ | മൂല്യം കോടി രൂപ |
| 93-94 | 20.10 | 1600.00 | 184.40 | 193.62 | 129.20 | 365.02 |
| 94-95 | 21.19 | 1809.00 | 191.6 | 220.40 | 135.55 | 445.50 |
| 95-96 | 22.46 | 2021.40 | 199.6 | 248.87 | 137.92 | 517.91 |
| 96-97 | 23.79 | 2616.90 | 206.9 | 258.62 | 142.48 | |

**1995-96 തൃശ്ശൂർ ജില്ല**

| | | |
|---|---|---|
| പാൽ | 1.8 ലക്ഷം മെ. ടൺ | 16.28 കോടി രൂപ |
| മുട്ട | 19.9 കോടി | 23.7 കോടി രൂപ |
| മാംസം | 13.800 മെ. ടൺ | 51.75 " " |

പാലുൽപാദനത്തിൻെറ കാര്യത്തിൽ കൈവരിച്ച നേട്ടങ്ങൾ മുട്ടയുൽപാദനത്തിലും മാംസ ഉൽപാദനത്തിലും കൈവരിക്കാൻ നമുക്ക് കഴിഞ്ഞില്ല. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ജീവിത രീതി, മുട്ട, മാംസം, അവയുടെ ഉൽപന്നങ്ങൾ തുടങ്ങിയവക്ക് വർദ്ധിച്ച ഡിമാൻറാണ് നേടിത്തരുന്നത്. എന്നാൽ ആവശ്യത്തിനുതകുന്ന ആഭ്യന്തര ഉൽപാദനം സാധ്യമാകണമെങ്കിൽ നാമിനിയും ഏറെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. ക്ഷീരോൽപാദന വിപണന മേഖലയിലുണ്ടായതുപോലുള്ള ഒരു കുതിച്ചുകയറ്റം മാംസോൽപാദന-സംസ്കരണ വിപണനരംഗത്തും ഉണ്ടായേ തീരൂ. ഇന്ന് കേരളത്തിലെ മാംസവിപണികളെല്ലാംതന്നെ അസംഘടിത മേഖലയിലാണ്. കേരളത്തിലെ മാംസോൽപാദനത്തിനുള്ള മൃഗങ്ങളിൽ 85-90 ശതമാനം വരെ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് എത്തിച്ചേരുന്നത്. മുട്ടയുല്പാദനത്തിലും വളരെ പുറകിലായ നമ്മൾ മുട്ടക്കും മാംസത്തിനുമായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതുമൂലം കോടികളുടെ നഷ്ടമാണ് ദിനംപ്രതി സംസ്ഥാനത്തിനുണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ രംഗത്ത് സ്വയംപര്യാപ്തതക്കുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നപക്ഷം ഈ സമ്പത്ത് നമ്മുടെ തന്നെ ഗ്രാമീണ ഉല്പാദകൻെറ കൈകളിലെത്തിച്ചേരുന്നു.

ചുരുങ്ങിയ കാലയളവിനുള്ളിൽ, കുറഞ്ഞ മുടക്കുമുതലിൽ കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള മേഖല ഒരുപക്ഷേ മൃഗസംരക്ഷണ മേഖലയായിരിക്കും. എന്നാൽ ഈ മേഖലയുടെ സാധ്യതകളെ പൂർണമായും ചൂഷണം ചെയ്യുന്നതിന് കഴിഞ്ഞ പദ്ധതികൾക്കൊന്നുംതന്നെ സാധിച്ചിട്ടില്ല എന്നതാണ് വസ്തുത. നമ്മുടെ മൃഗസമ്പത്തിൻെറ 90%ൽ അധികം കേന്ദ്രീകരിച്ചിരിക്കുന്നത് ഗ്രാമങ്ങളിലാണ്. ഇതിൻെറ ഉടമകളാകട്ടെ ചെറുകിട കർഷകരും, കർഷക തൊഴിലാളികളുമാണ്. അതിനാൽ ഈ രംഗത്തുണ്ടാകുന്ന പുരോഗതികൾ ഗ്രാമങ്ങളിലെ സാധാരണക്കാരായ ആളുകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും അതുമൂലം ഗ്രാമീണ ജനതയുടെ സാമ്പത്തികാഭിവൃദ്ധിക്കും ഉന്നമനത്തിനും വഴിയൊരുക്കും. പോഷകപ്രധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉപഭോഗം ഗ്രാമീണരുടെ ആരോഗ്യനില മെച്ചപ്പെടുത്തും. ജൈവവളങ്ങളുടെ ഉല്പാദനം നമ്മുടെ കാർഷിക മേഖലയെ സമ്പുഷ്ടമാക്കുന്നതിന് അനിവാര്യമാണ്. കൂടാതെ അനുദിനം ശോഷിച്ചുകൊണ്ടിരിക്കുന്ന ഊർജ്ജസമ്പത്തിന് കുറച്ചെങ്കിലും മുതൽ ഇടുവാൻ ബയോഗ്യാസ് മുതലായ ഊർജ്ജ സ്രോതസ്സുകൾ കൂടിയേ തീരൂ. ഇങ്ങനെ നോക്കിയാൽ മൃഗസംരക്ഷണവും അനുബന്ധ മേഖലയും എന്നത്തേക്കാളും പ്രാധാന്യമർഹിക്കുന്ന ഒരു കാലഘട്ടമാണിതെന്ന് ഒട്ടും സംശയമില്ലാതെ തന്നെ പറയാം. ഇനി വരാൻ പോകുന്ന പദ്ധതികളിൽ ഈ പ്രാധാന്യം ഉൾക്കൊണ്ട് മൃഗസംരക്ഷണ മേഖലയെ - അതുവഴി നമ്മുടെ ഗ്രാമീണ ജനതയെ ഉന്നതിയിലേക്ക് നയിക്കാനാകും എന്ന് നമുക്ക് പ്രത്യാശിക്കാം.

## മൃഗസംരക്ഷണമേഖല നമ്മുടെ പഞ്ചായത്തിൽ

തൃശ്ശൂർ ജില്ലയുടെ തെക്ക്-പടിഞ്ഞാറ് കടൽ തീരത്തിനും കനോലി കനാലിനും ഇടയിൽ സ്ഥിതിചെയ്യുന്ന നമ്മുടെ പഞ്ചായത്ത് മലബാറിൻെറ തെക്കെ അതിർത്തിയായി നിലകൊള്ളുന്നു. കർഷകരും മത്സ്യതൊഴിലാളികളും ചകിരി തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ തീരദേശ സമതല

പ്രദേശത്ത് ഭൂപരിഷ്കരണ നിയമം നടപ്പിലായതിനുശേഷം കൈവശഭൂമി വളരെ കുറച്ചു മാത്രമുള്ള താഴ്ന്ന വരുമാനക്കാരാണ് ഭൂരിഭാഗവും. തെങ്ങൊഴിച്ചാൽ കാര്യമായ മറ്റ് കാർഷിക വിളകളൊന്നും തന്നെയില്ല. കർഷകർക്ക് എന്നും തണലായി വർത്തിച്ചിട്ടുള്ള മൃഗസംരക്ഷണമേഖല ഇന്ന് വർദ്ധിച്ച ഉല്പാദനച്ചിലവുമൂലം പ്രതിസന്ധിയെ നേരിടുകയാണ്. ഇനിയെങ്കിലും എല്ലാതരത്തിലുമുള്ള മേഖലയുടെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെടും.

മൃഗസംരക്ഷണ രംഗത്ത് നമ്മുടെ പഞ്ചായത്തിൻെറ ഇന്നത്തെ അവസ്ഥയിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം. ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ ഇനം തിരിച്ചുള്ള മൃഗസമ്പത്തിൻെറ സ്ഥിതിവിവരകണക്കുകൾ താഴെ ചേർത്തിരിക്കുന്നു.

വളർത്തുമൃഗങ്ങൾ

| ഇനം | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | ആകെ |
|---|---|---|---|---|---|
| കാള നാടൻ | 6 | 30 | | | 36 |
| കാള സങ്കരം | 2 | 172 | | | 179 |
| പശു സങ്കരം | | | 1063 | 709 | 1772 |
| പശു നാടൻ | | | 296 | 285 | 581 |
| എരുമ | | | 390 | 259 | 849 |
| പോത്ത് | | | | | 56 |
| ആട് | | | | | 2646 |
| പട്ടി | | | | | 589 |

പാലുല്പാദന രംഗത്ത് നമ്മൾ സ്വയംപര്യാപ്തതക്ക് അരികിലെത്തിയിട്ടുണ്ടെങ്കിലും വർദ്ധിച്ച ഉല്പാദന ചിലവു കർഷകരെ ഈ തൊഴിലിൽ നിന്നും പിന്തിരിയുന്നതിന് നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. നെൽകൃഷി പേരിനുപോലും ഇല്ലാത്ത നമ്മുടെ പ്രദേശത്ത് കന്നുകാലികൾക്ക് വേണ്ട വൈക്കോലിനുപോലും മറ്റ് പ്രദേശങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. തീറ്റപ്പുൽകൃഷി നല്ല രീതിയിൽ നടത്തുന്നതിനുള്ള പ്രോത്സാഹനമോ സാങ്കേതിക സഹായമോ ശരിയായ രീതിയിൽ കിട്ടുന്നുമില്ല. കാലിതീറ്റയെ പ്രധാനമായും ആശ്രയിക്കേണ്ടി വരുന്ന കർഷകർക്ക് അവയുടെ താങ്ങാനാവാത്ത വില കൂനിന്മേൽ കുരു വന്നതുപോലെയാണ്.

നമ്മുടെ പഞ്ചായത്തിലെ മൂന്ന് ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ സംഭരിക്കുന്നതും നമ്മുടെ ആഭ്യന്തര ഉപഭോഗവും കണക്കിലെടുത്താൽ ഏകദേശം 1500 ലിറ്ററിൽ കൂടുതൽ പാൽ ഒരു ദിവസം ഉല്പാദിപ്പിക്കുന്നുണ്ട്. ഒരു മാസത്തേക്ക് ഇതിൻെറ മൂല്യം കണക്കാക്കിയാൽ $12^1/_2$ ലക്ഷം രൂപയുടെ പാലുല്പാദനം നടക്കുന്നുണ്ട്.

മുട്ടയുടെ കാര്യത്തിലാണെങ്കിൽ മാസത്തിൽ ഏകദേശം 1,50,000 മുട്ടയോളം നമ്മൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്നുണ്ടെന്നാണ് ഏകദേശ കണക്കുകൾ കാണിക്കുന്നത്. ഉദ്ദേശം അത്രയും മുട്ട പ്രാദേശികമായും ഉല്പാദിപ്പിക്കുന്നുണ്ട്. ഇത് പ്രതിമാസം 3-4 ലക്ഷം രൂപ മൂല്യം വരുന്നതുമാണ്. നല്ലയിനം മുട്ടകോഴികൾ ആവശ്യാനുസരണം ലഭിക്കാത്തതും, രോഗപ്രതിരോധ മാർഗ്ഗങ്ങൾ ശരിയായ സമയത്ത് ലഭിക്കാത്തതുമാണ്. ഈ മേഖലയിൽ ഉല്പാദനം വർദ്ധിക്കാത്തതിന് പ്രധാനമായ കാരണം.

മാംസോല്പാദന-വിതരണ രംഗമാണ് ഏറ്റവും ശോചനീയമായിട്ടുള്ളത്. മാംസ ഉപഭോഗത്തിൻെറ കാര്യത്തിൽ വളരെ മുന്നിൽ നിൽക്കുന്ന പഞ്ചായത്തിൽ ആവശ്യത്തിൻെറ 10% പോലും മാംസം ഉല്പാദിപ്പിക്കുന്നില്ല. പഞ്ചായത്തിൻെറ അധികാരത്തോടുകൂടി നടത്തിവരുന്ന കശാപ്പുശാലയോ, മാർക്കറ്റോ നിലവില്ല. മാട്, ആട്, കോഴി എന്നിവയുടെ പ്രതിമാസ ഉപഭോഗം ഏകദേശം 12-13 ലക്ഷം രൂപയുടേതാണ്. മാംസാവശ്യത്തിനായി ഉപയോഗിക്കുന്ന മാടുകളുടെ 95% വും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നവയാണ്. ഇതാകട്ടെ രോഗബാധയാലും മറ്റും ശരീരം ശോഷിച്ച് ഗുണനിലവാരം തീരെയില്ലാത്ത മാംസം തരുന്നവയുമാണ്. ആട്ടിറച്ചിയുടെ ഏകദേശം 40% നമ്മുടെ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു. ഇറച്ചി കോഴിയുടെ ഉല്പാദനത്തിലും നമ്മുടെ പഞ്ചായത്ത് വളരെ പുറകിലാണ്. ഉപഭോഗത്തിൻെറ 25% മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ നാലഞ്ചു ചെറുകിട ഉല്പാദന യൂണിറ്റുകളിലായി ഉല്പാദിപ്പിക്കുന്നത്. ഈ രംഗത്ത് ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര

ഉല്പാദനം ലക്ഷ്യമാക്കുകയാണെങ്കിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും, പഞ്ചായത്തിൻെറ സമ്പദ്ഘടനയെ തന്നെ തിരുത്തി എഴുതുന്ന ഒരു പദ്ധതിയായി മാറുവാൻ, മാംസോല്പാദന സംസ്കരണ വിതരണ ശൃംഖലക്ക് കഴിയുമെന്നാണ് ഉറച്ച വിശ്വാസം. ഈ രംഗത്ത് ഒട്ടേറെ സാധ്യതകളുള്ള പന്നി വളർത്തൽ, ഇറച്ചി മുയൽ വളർത്തൽ മുതലായ പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ പേരിനുപോലും ഇല്ല എന്നുള്ളത് ഈ രംഗത്തുള്ള ബോധവൽക്കരണത്തിൻെറ പോരായ്മയാണ് സൂചിപ്പിക്കുന്നത്.

മൃഗചികിത്സാ സേവനരംഗങ്ങളിൽ മറ്റ് സ്ഥാപനങ്ങളെ ആശ്രയിച്ചുകൊണ്ടിരുന്ന നമ്മുടെ പഞ്ചായത്തിൽ ഏതാനും മാസങ്ങൾക്ക് മുമ്പുമാത്രമാണ് മൃഗാശുപത്രി സൗകര്യം ലഭ്യമായത്. എന്നാലിതുവരെ ആശുപത്രിയിൽ ബീജ സങ്കലന സൗകര്യമോ, വാക്സിനുകൾ സൂക്ഷി ക്കുന്നതിനുള്ള റഫ്രിജറേറ്റർ സംവിധാനമോ ലഭിച്ചിട്ടില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന താൽക്കാലിക കെട്ടിടത്തിൽനിന്നും മാറി സ്വന്തമായ ഒരു കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും, ലാബുസൗകര്യം, ടെലിഫോൺ മുതലായവയും ഏർപ്പെ ടുത്തേണ്ടത് അത്യാവശ്യമാണ്. മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്ന വിവിധ പദ്ധതികളുടെ പ്രയോജനം നമ്മുടെ പഞ്ചായത്തിൽ നാമമാത്ര മായി ഒതുങ്ങി നിൽക്കുന്നു. മൃഗാശുപത്രി സൗകര്യം ഇല്ലാതിരിക്കുന്നതുമൂലം ന്യായമായും നമുക്ക് ലഭിക്കേണ്ടിയിരുന്ന പല പദ്ധതികളും ലഭിക്കാതെ പോയി. നമ്മുടെ തന്നെ പഞ്ചായത്തിലുള്ള പി. വെമ്പല്ലൂർ I.C.D.P. സബ്സെൻററിലാണ് ഇപ്പോൾ ബീജസങ്കലന സൗകര്യമുള്ളത്. പഞ്ചായത്തിൻെറ മറ്റു ഭാഗങ്ങളിലുള്ള കർഷകർക്ക് ഈ ആവശ്യത്തിനായി മറ്റു പഞ്ചായത്തിലുള്ള സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. നിലവിലുള്ള മൂന്ന് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ വഴിയാണ് പാൽ വിപണനം നടക്കുന്നത്. സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കാനും സംഘങ്ങളിൽനിന്ന് ഉല്പാദന ചിലവിനാനുപാതികമായ വില ലഭിക്കുന്നതിനും ശ്രമങ്ങളുണ്ടാകേണ്ടിയിരിക്കുന്നു.

## നടപ്പുപദ്ധതികൾ - പോരായ്മകൾ - മാറ്റങ്ങൾ (നിർദ്ദേശങ്ങൾ)

### പ്രധാന നടപ്പുപദ്ധതികൾ

1. *പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി:* സ്കീമിൽ തിരഞ്ഞെടുക്കപ്പെടുന്ന - കന്നുകാലികൾക്ക് ആദ്യത്തെ പ്രസവം വരെയുള്ള കാലിതീറ്റ 50% സബ്സിഡി നിരക്കിൽ നല്കുന്നു. കൂടാതെ വിരബാധക്കെതിരായ മരുന്നുകൾ, ഇൻഷുറൻസ് പരിരക്ഷ മുതലായവയും നല്കുന്നു. നമ്മുടെ പഞ്ചായത്തിൽ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ വഴിയായി ഏകദേശം 100 ഓളം കർഷകർക്ക് മാത്രമാണ് ഈ സഹായം ലഭിക്കുന്നത്.

2. *പേവിഷ നിയന്ത്രണ പദ്ധതി:* 50% സബ്സിഡി നിരക്കിൽ നായ്ക്കൾക്കെതിരെ പ്രതിരോധ കുത്തിവെപ്പ് നടത്തുന്ന പദ്ധതി. നമ്മുടെ മൃഗാശുപത്രി വഴിയായി 50 ഡോസ് വാക്സിൻ മാത്രമാണ് ഈ വർഷം അനുവദിച്ചത്.

3. *കാലിവസന്ത നിർമാർജ്ജന പദ്ധതി:* ആഗോള പരിപാടികളുടെ ഭാഗമായി രോഗാന്വേഷണ സർവ്വെകളും രോഗ നിർമാർജ്ജന പ്രചരണ പരിപാടികളും. നമ്മുടെ പഞ്ചായത്തിൽ രോഗാന്വേഷണ സർവ്വെ നടത്തുകയുണ്ടായി.

4. *ഊർജ്ജിത പന്നിവളർത്തൽ വികസന പരിപാടി:* 50% സബ്സിഡി നിരക്കിൽ 6 പന്നിക്കുഞ്ഞുങ്ങളും കൂടു പണിയുന്നതിന് 7000/- രൂപ വരെ ധനസഹായവും ലഭിക്കുന്ന പദ്ധതി. നമ്മുടെ പഞ്ചായത്തിൽ ഇതുവരെ ആർക്കും തന്നെ ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ല.

5. *ആടുവളർത്തൽ:* ജില്ലാപഞ്ചായത്ത് വഴി നടപ്പിലാക്കുന്ന പദ്ധതി. തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിൽ മാത്രം 50% സബ്സിഡിയും ഇൻഷുറൻസ് പ്രീമിയത്തിൻെറ 50%വും. നമ്മുടെ പഞ്ചായത്തിനെ ഈ പദ്ധതിയിലേക്ക് പരിഗണിച്ചിട്ടില്ല.

6. *കന്നുകാലി പ്ലേഗു നിർമാർജ്ജനം:*
കന്നുകാലി പ്ലേഗിനെതിരെയുള്ള സൗജന്യ കുത്തിവെപ്പ്. ചെക്കുപോസ്റ്റുകളിൽ മാത്രം.

7. *കാലിരോഗ വിമുക്ത മേഖലാ പദ്ധതി:*
തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ കുളമ്പു രോഗത്തിനെതിരെ സൗജന്യ കുത്തിവെപ്പ് നടത്തുന്നു. നമ്മുടെ പഞ്ചായത്തിൽ മൃഗാശുപത്രി വഴി 2.70 രൂപ നിരക്കിൽ ഈ വാക്സിൻ ലഭ്യമാണ്.

8. *സ്വകാര്യ മേഖലയിൽ ഹാച്ചറിയും തീറ്റ ഉല്പാദനവും:* സ്വകാര്യ മേഖലയിൽ മുട്ടവിരിയൽ കേന്ദ്രങ്ങളും കോഴി വളർത്തൽ യൂണിറ്റുകളും പ്രോത്സാഹിപ്പിച്ച് ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് ന്യായവിലക്ക് ഗ്രാമപ്രദേശങ്ങൾ എത്തിക്കൽ. നമ്മുടെ പഞ്ചായത്തിൽ ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

9. *ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ:* കർഷകർക്ക് നല്ലയിനം സങ്കര ജനുസ്സിൽപ്പെട്ട കന്നുകുട്ടികളെ ലഭിക്കുന്നതിനായി കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക. നമ്മുടെ പഞ്ചായത്തിൽ പി. വെമ്പല്ലൂർ ആസ്ഥാനമായി ഒരു സബ് സെൻറർ പ്രവർത്തിക്കുന്നുണ്ട്. ബീജസങ്കലനത്തിനായി ഒരു ലൈവു സ്റ്റോക്ക് ഇൻസ്പെക്ടറുടെ സേവനം ലഭ്യമാണ്.

10. *വിജ്ഞാന വ്യാപനവും പരിശീലനവും:*
വിവിധതരം മൃഗസംരക്ഷണ പരിപാടികളിൽ കർഷകർക്ക് പരിശീലനം നൽകുന്ന പരിപാടി. നമ്മുടെ ജില്ലയിൽ പുതിയതായി ഒരു ട്രെയിനിംഗ് സെൻറർ തുടങ്ങിയിട്ടുണ്ട്- L.M.T.C. അയ്യന്തോൾ പുതിയ കേന്ദ്രമായതുകൊണ്ട് വിജ്ഞാന വ്യാപന പരിപാടികൾ ആരംഭിച്ചിട്ടില്ല.

11. *മൃഗചികിത്സയും മൃഗാരോഗ്യവും:*
പേവിഷബാധ നിർമ്മാർജ്ജനം, ഗോരക്ഷാ ക്യാമ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ. പേവിഷബാധക്കെതിരായ ബോധവൽക്കരണത്തിന് 1000 രൂപ നമ്മുടെ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. രണ്ട് ഗോരക്ഷാ ക്യാമ്പുകൾക്കായി 400 രൂപ അനുവദിച്ചിട്ടുണ്ട്. മൃഗാശുപത്രിയുടെ ഉൽഘാടനത്തോടനുബന്ധിച്ച് ഒരു ഗോരക്ഷാ ക്യാമ്പ് നടത്തുകയുണ്ടായി.

12. *മുയൽ വളർത്തൽ വ്യാപകമാക്കുന്നതിനുള്ള പദ്ധതി:*
മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് താല്പര്യമുള്ള കർഷകർക്ക് ന്യായമായ വിലക്ക് മുയൽക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതി. പഞ്ചായത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

13. *കോഴിയുല്പാദന വികസനം:*
മുട്ടകോഴികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതി.

14. *വീട്ടുവളപ്പിലെ കോഴിവളർത്തൽ:*
50% സബ്സിഡി നിരക്കിൽ 60 ദിവസം പ്രായമുള്ള മുട്ടകോഴികളെ വിതരണം നടത്തൽ. നടപ്പുവർഷത്തെ വിതരണത്തെ കുറിച്ചുള്ള വിശദവിവരങ്ങൾ അറിവായിട്ടില്ല.

15. *താറാവ് കൃഷിവികസനം:*
ഒരു മാസം പ്രായമുള്ള താറാവിൻ കുഞ്ഞുങ്ങളെ 50% സബ്സിഡി നിരക്കിൽ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ മാത്രം. നമ്മുടെ പഞ്ചായത്തിന് 20 താറാവുകൾ വീതമുള്ള 10 യൂണിറ്റ് അലോട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകൾ ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

## പോരായ്മകളും നിർദ്ദേശങ്ങളും

നടപ്പുപദ്ധതികളിൽ ഏതാനും പദ്ധതികളുടെ നാമമാത്രമായ വിഹിതം മാത്രമാണ് നമ്മുടെ പഞ്ചായത്തിന് ലഭ്യമായിട്ടുള്ളത്. ഈ അവസ്ഥക്ക് ഒരു മാറ്റമുണ്ടാകേണ്ടത് പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരായ കർഷകരുടെ ആവശ്യമാണെന്നതിൽ രണ്ടഭിപ്രായമുണ്ടാകുമെന്ന് തോന്നുന്നില്ല. ഇനി നടപ്പിലാകുന്ന പദ്ധതികളിൽ നമ്മുടെ പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥ പരഗണിച്ച് മൃഗസംരക്ഷണ മേഖലക്ക് അർഹമായ പ്രാതിനിധ്യം ഉണ്ടാകണം എന്ന ശക്തമായ ആവശ്യത്തോടുകൂടി താഴെ പറയുന്ന നിർദ്ദേശങ്ങൾ ഈ പഞ്ചായത്തിൻെറ ഉന്നമനവും

ഉയർച്ചയും ആഗ്രഹിക്കുന്ന എല്ലാ ഗ്രാമവാസിക ളുടെയും പേരിൽ മുന്നോട്ട് വെക്കുന്നു.

1. പാലുൽപാദനം

മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ

(1) കുറഞ്ഞ വിലക്ക് കാലിതീറ്റ ലഭ്യമാക്കുവാൻ പഞ്ചായത്ത് തലത്തിൽ ഒരു തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിച്ചാൽ മതിയാകും. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ 50% സബ്സിഡി നിരക്കിൽ ഇപ്പോൾതന്നെ തീറ്റ വിതരണം നടക്കുന്നുണ്ട് ഈ നടപ്പുപദ്ധതി ക്ക് ഒരു ചെറിയ മാറ്റം വരുത്തി, തീറ്റ നിർമ്മാ ണത്തിനാവശ്യമായ അസംസ്കൃത വസ്തു ക്കൾ 50% സബ്സിഡി നിരക്കിൽ ലഭ്യമാക്കു കയും,കാലിതീറ്റ നിർമ്മാണത്തിന് ആവശ്യ മായ മെഷിനറികൾ സ്ഥാപിക്കുന്നതിന് ലോണും സബ്സിഡിയും അനുവദിക്കുകയും ചെയ്തൽ ഈ പ്രശ്നത്തിന് ശാശ്വത പരി ഹാരം കാണാം.

(2) തീറ്റപുൽ കൃഷി വ്യാപകമാക്കുന്നതിനുള്ള പ്രോത്സാഹനം - ആവശ്യാനുസരണം പുൽ വിത്തുകളും കൃഷിരീതികളുടെ അറിവുപക രലും മറ്റും പഞ്ചായത്ത് തലത്തിൽ - മാതൃ കാ തോട്ടങ്ങളും - നല്ല രീതിയിൽ പുൽകൃഷി നടത്തുന്ന സ്വകാര്യ വ്യക്തികളെ മാതൃകാ തീറ്റ പുൽകൃഷിക്കാരായി തിരഞ്ഞെടുക്കുക. പുൽകൃഷി ചെയ്യാൻ സ്വന്തമായി സ്ഥലമി ല്ലാത്തവർക്ക് സഹകരണാടിസ്ഥാനത്തിൽ പുൽകൃഷി നടത്തുന്നതിനുള്ള സൗകര്യം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക. പുല്ലിൻെറ സംസ്കരണത്തെപ്പറ്റിയുള്ള അറിവ് പകരാനുള്ള മാതൃകാപദ്ധതികൾ.

(3) തിരഞ്ഞെടുക്കപ്പെടുന്ന വീടുകൾക്ക് ഒരു വീടിന് ഒരു പശു എന്ന പദ്ധതിയിൽ നല്ലയി നം കറവ പശുക്കളെ സബ്സിഡി നിരക്കിൽ വിതരണം നടത്തുക.

(4) എല്ലാ കറവമാടുകളെയും ഇൻഷുറൻസ് പദ്ധ തിയിൻ കീഴിൽ കൊണ്ടുവരുന്നതിന് ഒരു സമഗ്ര ഇൻഷുറൻസ് നയം നടപ്പിലാക്കുക.

(5) ക്ഷീരോല്പാദക സഹകരണസംഘം - എണ്ണം വർദ്ധിപ്പിക്കുക. അഞ്ചാംപരത്തി ഭാഗത്ത് ഒരു സഹകരണസംഘം സ്ഥാപിക്കാവുന്നതാണ്.

(6) സേവനരംഗം - മൃഗാശുപത്രി വഴിയായി ആവ ശ്യമായ മരുന്നുകൾ മറ്റ് സാങ്കേതിക സഹാ യങ്ങൾ, 5-10 പശുക്കളെ വളർത്താൻ തയ്യാ റുള്ള സ്വകാര്യ വ്യക്തികൾക്ക് പ്രോത്സാ ഹനം നൽകുക. കറവയന്ത്രം വാങ്ങുന്നതിന് സഹായം നൽകുക.

2. മുട്ട ഉല്പാദനം

(1) നല്ലയിനം മുട്ടകോഴികളെ പ്രാദേശികമായി ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് നട പ്പുപദ്ധതിയായ എഗ്ഗർ നഴ്സറികൾ നമ്മുടെ പഞ്ചായത്തിൽ അനുവദിക്കുക.

(2) വീട്ടുമുറ്റത്തെ കോഴിവളർത്തൽ പദ്ധതി പഞ്ചായത്തിലുടനീളം വ്യാപിപ്പിക്കുക. ആവ ശ്യപ്പെടുന്ന കർഷകർക്ക് കൂടുതൽ കോഴി ക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.

(3) പ്രതിരോധ വാക്സിനുകൾ, അത്യാവശ്യ മരുന്നുകൾ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുക.

(4) ജില്ലാതലത്തിൽ ഹാച്ചറി സ്ഥാപിക്കണം.

(5) സ്ക്കൂൾ തലത്തിൽ പൗൾട്രി ക്ലബ്ബുകൾ സ്ഥാപിക്കുക.

(6) 1, 3, 12, 13 വാർഡുകളിൽ താറാവ് വളർത്തുന്ന തിന് അനുയോജ്യമായ സ്ഥലങ്ങളാണ്. നല്ല യിനം താറാവിൻ കുഞ്ഞുങ്ങളെ കുറഞ്ഞ വിലക്ക് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്ക രിക്കുക.

(7) കാട കോഴി വളർത്തലിൽ താല്പര്യമുള്ള കർ ഷകർക്ക് പ്രോത്സാഹനം നൽകുക. ടർക്കി, ഗിനിക്കോഴികൾ പ്രചരിപ്പിക്കുക.

## മാംസോല്പാദനം

### ഇറച്ചിക്കോഴി

ചെറുകിട ബ്രോയിലർ യൂണിറ്റുകൾക്ക് പഞ്ചായത്ത് തലത്തിൽ സഹകരണസംഘം സ്ഥാ പിച്ച് തീറ്റയും, കുഞ്ഞുങ്ങളും സംഘങ്ങൾ വഴി വിതരണം നടത്തുകയും വളർച്ചയെത്തിയ കോഴി കൾ സംഘം വഴി വില്പന നടത്തുകയും ചെയ്യുക. ആവശ്യത്തിനനുസരിച്ച് ആഭ്യന്തര ഉല്പാദനം ലക്ഷ്യമിട്ടുകൊണ്ട് യൂണിറ്റുകളുടെ എണ്ണം നിയ ന്ത്രിക്കുക.

- നല്ലയിനം കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് ജില്ലാതല ഹാച്ചറി.
- കാലിതീറ്റ നിർമ്മാണ യൂണിറ്റുമായി സഹകരിച്ച് കോഴിതീറ്റ നിർമ്മാണം.
- ഗിരി രാജ കോഴികൾ, ടർക്കി കോഴികൾ മുതലായവയുടെ ഗുണനിലവാരമുള്ള കുഞ്ഞുങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുക.

## ആടുവളർത്തൽ:-

- മലബാറി ജനുസ്സിൽ പെട്ട ആട്ടിൻകുട്ടികളെ ആവശ്യാനുസരണം ലഭ്യമാക്കുക.
- കൃത്രിമ ബീജസങ്കലനം ആടുകളിലും നടപ്പിലാക്കുവാൻ സംസ്ഥാന തലത്തിൽ പദ്ധതി ആവിഷ്കരിക്കുക.
- പുറമ്പോക്ക്/പൊതുസ്ഥലങ്ങളിൽ, പ്ലാവ്, കന്നിവാക തുടങ്ങിയവയുടെ കൃഷി വ്യാപകമാക്കുക. സോഷ്യൽ ഫോറസ്ട്രിയുടെ സഹായം തേടാവുന്നതാണ്.
- ചെറുകിട ആടുവളർത്തൽ യൂണിറ്റുകൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക.

## മാട്ടിറച്ചി ഉല്പാദനം

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതലായി ഉപയോഗിക്കപ്പെടുന്ന മാട്ടിറച്ചിയുടെ ആഭ്യന്തര ഉല്പാദനം ലക്ഷ്യമിടുക വഴി കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഗുണമേന്മയുള്ള മാട്ടിറച്ചിയുടെ ലഭ്യതയും ഉറപ്പുവരുത്താം.

- മൂരിക്കുട്ടികളെ ഇറച്ചിക്കുവേണ്ടി വളർത്തുന്ന പദ്ധതിക്ക് രൂപംകൊടുത്ത് ആവശ്യമായ പ്രോത്സാഹനം ഉറപ്പുവരുത്തുക.

## പന്നിയിറച്ചി ഉല്പാദനം

ഏറെ സാമ്പത്തികലാഭം തരുന്ന മാംസോല്പാദനമാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ പല പ്രദേശത്തും സാമൂഹികമായ വിലക്കുകൾ ഈ മേഖലക്ക് ഒരു വിലങ്ങുതടിയാണ്. പന്നി വളർത്തലിൽ തല്പരരായ കർഷകർക്ക് നല്ലയിനം പന്നി കുഞ്ഞുങ്ങളുടെ ലഭ്യതയും മറ്റ് ആനുകൂല്യവും ലഭ്യമാക്കിയാൽ സാമ്പത്തിക ലാഭമുണ്ടാക്കാൻ ഏറെ പ്രയോജനകരമായ പദ്ധതി.

## ഇറച്ചിമുയൽ വളർത്തൽ

ഇറച്ചി ആവശ്യത്തിനുതകുന്ന മുയൽ കുഞ്ഞുങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുക. വളരെ കുറഞ്ഞ മുതൽമുടക്കിലൂടെ സാമ്പത്തികലാഭം ഉണ്ടാക്കാനാവും. താല്പര്യമുള്ള കർഷകരെ കണ്ടെത്തി പ്രോത്സാഹനം നൽകുക.

## മാംസവിപണി

മാംസ ഉല്പാദനത്തിന് വളർത്തുന്ന മൃഗങ്ങളെ കശാപ്പു നടത്തുന്നതിന് ആധുനിക സംവിധാനങ്ങളുള്ള ഒരു കശാപ്പുശാല പഞ്ചായത്ത് തലത്തിൽ വാർഡുകൾ തോറും മീറ്റ് സ്റ്റാളുകൾ സ്ഥാപിക്കുക വഴി കൂടുതൽ തൊഴിലവസരങ്ങൾ. ശുചിയായ വഴിയോര അറവുശാലകൾ നിർത്തൽ ചെയ്ത് ശുചിയുള്ള മാംസോല്പാദനം ലക്ഷ്യം ചെയ്തുകൊണ്ടുള്ള പദ്ധതിക്ക് രൂപം നൽകുക. അറവുമാടുകളെ അറവക്ക് മുമ്പുള്ള പരിശോധന നിർബന്ധമാക്കുകയും മാംസപരിശോധന കർശനമാക്കുകയും ചെയ്യുക.

## സേവനമേഖല

പരിമിതമായ സൗകര്യങ്ങളുള്ള നമ്മുടെ മൃഗാശുപത്രിക്ക് ആവശ്യമായ സ്വന്തം കെട്ടിടം, ജീവനക്കാർ ബീജസങ്കലന സൗകര്യം മരുന്നുകളും വാക്സിനുകളും ആശുപത്രി ഉപകരണങ്ങൾ റഫ്രിജറേറ്റർ, ടെലഫോൺ ലാബറട്ടറി സൗകര്യം എന്നിവ ലഭ്യമാക്കാൻ വേണ്ട നടപടികൾ എത്രയും പെട്ടെന്ന് കൈകൊള്ളണം.

- പേ വിഷബാധക്കെതിരെയുള്ള പ്രതിരോധ കുത്തിവെപ്പ് പഞ്ചായത്തിലെ എല്ലാ നായ്ക്കൾക്കും നിർബന്ധമാക്കുകയും അലഞ്ഞുതിരിയുന്ന തെരുവുനായ്ക്കളെ നശിപ്പിക്കാനുള്ള പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്തുകയും ചെയ്യുക. വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുക. Lions Club, Rotary Club തുടങ്ങിയ സന്നദ്ധ സംഘടനകളുടെ സേവനവും അഭ്യർത്ഥിക്കാവുന്നതാണ്.
- സംസ്ഥാനത്തിന്റെ ഏതാനും ജില്ലകളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന കുളമ്പുരോഗത്തിനുള്ള സൗജന്യവാക്സിൻ നമ്മുടെ ജില്ലക്കും ലഭ്യമാക്കുക.

- വിജ്ഞാന വ്യാപനത്തിനായി പഞ്ചായത്തു തലത്തിൽ സ്ഥിരം സംവിധാനമുണ്ടാക്കുക (എല്ലാ ഡിപ്പാർട്ടുമെൻറുകാംക്കുമായി ഒരു സെൻറർ മതിയാകും).

- ക്യാമ്പുകാം, ഡിസ്പെൻസറികാം, ഗോരക്ഷാ ക്യാമ്പുകാം മുതലായവ മൃഗാശുപത്രിയിൽനിന്നും അകലത്ത് സ്ഥിതിചെയ്യുന്ന വാർഡുകളിൽ നടത്തുക.

- സമഗ്ര ഇൻഷൂറൻസ് നയം ആവിഷ്കരിച്ച് പഞ്ചായത്തിലെ എല്ലാ മൃഗങ്ങളെയും ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്തുക.

- എല്ലാ വർഷവും പഞ്ചായത്ത് തലത്തിൽ കന്നുകാലി പ്രദർശനം നടത്തി സമ്മാനാർഹരായ കന്നുകാലികളുടെ ഉടമകാംക്ക് പ്രോത്സാഹന സമ്മാനങ്ങളും, ഓരോ വാർഡിലെ ഏറ്റവും നല്ല 25 പശുക്കാംക്ക് സൗജന്യ ഇൻഷൂറൻസ് സുരക്ഷ നല്കുകയും ചെയ്യുക.

- ജില്ലാതല ട്രെയിനിങ്ങ് സെൻററിൽ മൃഗപരിപാലനത്തിൻെറ വിവിധ മേഖലകളിൽ ഹ്രസ്വകാല ട്രെയിനിങ്ങ് സൗകര്യം ഏർപ്പെടുത്തുക.

- കാലിതീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തൽ.

## അനുബന്ധ മേഖലകാം

- അറവുമൃഗങ്ങളുടെ അവശിഷ്ടങ്ങളും, എല്ലാമുപയോഗിച്ച് വളനിർമ്മാണശാല സ്ഥാപിക്കുക. മത്സ്യവളവുമായി കൂടി ചേർത്തു കൂട്ടുവളമായും ഉത്പാദിപ്പിക്കാം. നമ്മുടെ പഞ്ചായത്തിൽ വളവ്യവസായം ഇപ്പോാം തന്നെയുണ്ട്.

- തുകൽ സംസ്കരണം മറ്റ് പഞ്ചായത്തുകളുമായി സഹകരിച്ച് നടപ്പിലാക്കാം.

- ബയോ-ഗ്യാസിൻെറ ഉല്പാദനം വ്യാപകമാക്കുക വഴി ഇന്ന് അനുഭവപ്പെടുന്ന പാചകവാതകക്ഷാമത്തിന് ഒരളവുവരെ പരിഹാരം

- കൂടുതൽ സംപുഷ്ടമായ ജൈവവളം.

- സമ്മിശ്ര മൃഗസംരക്ഷണം - പശു/പന്നി/കോഴി-താറാവ് മത്സ്യവളർത്തൽ, കൃഷി എന്നിവ സംയോജിതമായി നടപ്പാക്കാവുന്നത്. വലിയ കുളങ്ങളും ജലശേഖരങ്ങളും ഉള്ള സ്വകാര്യമായ വ്യക്തികാംക്ക് പ്രോത്സാഹനം കൊടുക്കുക. പാലുല്പന്നങ്ങാം, മാംസസംസ്കരണം തുടങ്ങിയവ.

ഇത്രയും വ്യാപകമായ സാധ്യതകളുള്ള ഈ രണ്ട് മേഖലകളിൽ വേണ്ടത്ര തൊഴിൽ സാധ്യതക്കും അതുവഴി സാമ്പത്തിക ഉന്നമനത്തിനുമുള്ള അനേകം മേഖലകാം ഇനിയും ചൂഷണം ചെയ്യാതെ കിടക്കുന്നുണ്ടെന്നുള്ളത് ഇതിനകം വ്യക്തമായി കഴിഞ്ഞു. സ്വയം പര്യാപ്തമായ ഒരു കേരളം സ്വപ്നം കാണുന്ന നമുക്ക് ആ ലക്ഷ്യം യാഥാർത്ഥ്യമാകണമെങ്കിൽ ഉല്പാദനത്തിലധിഷ്ഠിതമായ തൊഴിലവസരങ്ങളും സാമ്പത്തികാഭിവൃദ്ധിയും ഏറെ തരുന്ന ഈ രണ്ട് മേഖലകളും സമ്പുഷ്ടമാകേണ്ടതുണ്ട്. അടുത്ത പദ്ധതികളെങ്കിലും അത്തരത്തിൽ ആസൂത്രണം ചെയ്യുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ ഇന്നനുഭവപ്പെടുന്ന തൊഴിലില്ലായ്മയ്ക്കും സാമ്പത്തിക മാന്ദ്യത്തിനും ശാശ്വതമായ പരിഹാരം കാണാനാകുമെന്ന് ഒരിക്കൽ കൂടി പറഞ്ഞുകൊണ്ട് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പിൽ വരുമെന്ന് പ്രത്യാശിച്ചുകൊണ്ട് നിർത്തുന്നു.

### വളർത്തു പക്ഷികാം

| പേര് | മുട്ട ഇടുന്നവ | മുട്ട ഇടാത്തവ | ആകെ |
|---|---|---|---|
| പൂവ്വൻകോഴി | | | 3853 |
| പിടക്കോഴി | 9246 | 6165 | 15411 |
| താറാവ് | | | |
| പൂവ്വൻ | | | 223 |
| താറാവ് | | | |
| പിട | | | 893 |
| മറ്റുള്ളവ | | | 116 |

## രോഗവിവരങ്ങൾ

| രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | കോഴി | |
|---|---|---|---|---|---|---|
| ദഹനസംബന്ധമായവ | 21% | 31% | 22% | | 50% | |
| ശ്വാസകോശസംബന്ധം | 3% | | 12% | | 20% | |
| ഉപാപചയ സബന്ധം | 5% | | 6% | | | |
| ത്വക്ക് രോഗങ്ങൾ | 16% | | 4% | | | |
| ധാതുലവണങ്ങളുടെ അഭാവം | 6% | | | | | |
| പരാദ രോഗങ്ങൾ | 25% | 31% | 40% | 100% | 50% | 40% |
| പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 2% | 10% | 6% | | | |
| വന്ധ്യത | 6% | 10% | | | | |
| അകിടുവീക്കം | 9% | 8% | 10% | | | |
| മുടന്തൻ പനി | 7% | 2% | | | | |
| പകർച്ചവ്യാധികൾ | | | | | 40% | |

# മത്സ്യബന്ധനം



ശ്രീനാരായണപുരം പഞ്ചായത്തിലെ കായലോര-കടലോര പ്രദേശങ്ങളായ I,III,X,XI,XII XIII വാർഡുകളിലായി 1200 ഓളം പേർ മത്സ്യബന്ധനത്തിൽ ഏർപ്പെട്ട തൊഴിലാളികളും 500 ഓളം വരുന്ന തൊഴിലാളികൾ അനുബന്ധതൊഴിലും ഏർപ്പെട്ടിട്ടുള്ളവരാണ്. ഇതിനുപുറമെ കക്കവാരൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമുണ്ട്. ഓരോ വിഭാഗത്തിൻെറയും പ്രശ്നങ്ങൾ പൊതുവായി പരിശോധിച്ച് താഴെ കൊടുക്കുന്നു.

### കായലോര മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ:

പഞ്ചായത്തിലെ I,III വാർഡ്കളിലാണ് ഈവിഭാഗം തൊഴിലാളികൾ ഉള്ളത്. 500 ഓളം വരുന്ന ഇവർ നേരിടുന്നു പ്രശ്നങ്ങൾ നിരവധിയാണ്. ചകിരിച്ചോറ് പുഴയിൽ ഇടുന്നത് നിയമം മൂലം തടഞ്ഞിട്ടുണ്ടെങ്കിലും മില്ലുടമകൾ രാത്രിയുടെ മറവിൽ ഇവ യഥേഷ്ടം പുഴയിൽ ഇടുന്നു. ഇതുമൂലം മത്സ്യബന്ധനത്തിനു തടസ്സം നേരിടുന്നതിനു പുറമെ കായൽ നികന്നുപോകുന്നതിൻെറ ഫലമായും മടൽക്കറ വെള്ളത്തിൽ കലരുന്നതുകൊണ്ടും മത്സ്യം കയറിവരുന്നതിനും വംശവർദ്ധനവിനും തടസ്സമാകുന്നു. ആയതുകൊണ്ട് പുഴ നശിപ്പിക്കുന്ന ഈ നടപടിയിൽ നിന്നും മില്ലുടമകളെ പിന്തിരിപ്പിക്കുന്നതിനുവേണ്ടി കോടതി ഉത്തരവ് കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കണം. ജൂൺ മാസം മുതൽ ഡിസംബർ മാസം വരെ കണ്ടുവരുന്ന മത്സ്യരോഗം തൊഴിലാളികളുടെ വരുമാനത്തെ കാര്യമായി ബാധിക്കുന്നു. ലഭിക്കുന്ന മത്സ്യത്തിൽ പകുതിയും കേടുമൂലം നഷ്ടമാവുന്നു. ഈ കാലയളവിൽ തൊഴിലാളികൾക്ക് സമാശ്വാസമായി ചെറിയതോതിലുള്ള സാമ്പത്തിക സഹായം നൽകുന്നതോടൊപ്പം രോഗപ്രതിരോധനടപടികൾ ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറുമായി ആലോചിച്ച് നടപ്പിലാക്കണം.

തൊഴിലാളികൾ പിടിക്കുന്ന മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനോ വിറ്റഴിക്കുന്നതിന്നോ യാതൊരുവിധ സൗകര്യങ്ങളും ഇന്നില്ല. ഇതിൻെറ ഫലമായി വമ്പിച്ച സാമ്പത്തിക നഷ്ടമാണ് നേരിടുന്നത്. ഇതു പരിഹരിക്കുന്നതിനായി കോതപറമ്പിനും പള്ളിനടക്കും ഇടയിൽ അനുയോജ്യമായ സ്ഥലത്ത് ഒരു ഐസ് പ്ലാൻറ് നിർമ്മിക്കുക. I-ാം വാർഡിൽ ആല-ഗോതുരുത്ത് പാലത്തിനു സമീപം പള്ളിനടയിലും ഓരോ മത്സ്യമാർക്കറ്റ് തുടങ്ങുക. നിലവിലുള്ള മത്സ്യബന്ധനരീതികൾക്കുപുറമെ ഈ പ്രദേശങ്ങളിൽ തരിശായി കിടക്കുന്ന ചളിനിലങ്ങളും പുറംപോക്ക് പുഴകളും ധാരാളമുണ്ട്. ഇവ ചിറക്കെട്ടി സംരക്ഷിച്ച് ശാസ്ത്രീയമായ രീതിയിൽ ചെമ്മീനും ഞണ്ടും കൃഷി ചെയ്യുന്നതിനു പുറമെ ഫിഷ്ഫാമും ലാഭകരമായി നടത്താൻ കഴിയുന്നതാണ്. വള്ളിവട്ടം പരപ്പിലെ പുറംപോക്ക് പുഴ ഫിഷ്ഫാമിന് അനുയോജ്യമായ സ്ഥല മാണ്. ചെമ്മീൻ കൃഷിക്കാർക്കും മത്സ്യകൃഷിക്കാർക്കും രോഗപ്രതിരോധശേഷിയുള്ള നല്ലയിനം കുഞ്ഞുങ്ങളെ ലഭിക്കുന്നതിന് ഇന്ന് വളരെയേറെ പയാസങ്ങൾ നേരിടുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടി നല്ലയിനം കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ കഴിയുന്ന ഒരു ഹാച്ചറി പഞ്ചായത്തിൽ സ്ഥാപിക്കുക.

ഈ മേഖലയിൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്നതിന്നുവേണ്ടി 1-3 വാർഡുകൾകൂടി ഒരു മത്സ്യ ഉല്പാദക സഹകരണസംഘം രൂപീകരിക്കുക. ഈ രംഗത്ത് നടപ്പിലാക്കിയിരിക്കുന്ന ക്ഷേമനിധിയിൽ ബഹുഭൂരിപക്ഷം തൊഴിലാളികളും അംഗങ്ങളല്ല. ഇതിൻെറ ഫലമായി പെൻഷനും ഇവർക്ക് നിഷേധിക്കപ്പെടുന്നു. തൊഴിലാളി

കാംക്കിടയിൽ വ്യാപകമായ ബോധവൽക്കരണം നടത്തി മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധി യിൽ അംഗങ്ങളാക്കുന്നതിന്നും, പെൻഷൻ ലഭിക്കാ തെ പോയവർക്ക് അവ ലഭിക്കുന്നതിന് നടപടി വേണം. പാർപ്പിട സൗകര്യങ്ങാം ലഭിക്കാത്ത മുഴു വൻ തൊഴിലാളികാംക്കും വീടുകാം ലഭിക്കുന്നതി ന്നും അവയിൽ സൗജന്യ വൈദ്യുതി കണക്ഷൻ ഏർപ്പെടുത്തുന്നതിന്നും നടപടി സ്വീകരിക്കണം. കുടിവെള്ളത്തിൻെറ ദൗർലഭ്യമാണ് ഈ മേഖലയി ലെ മറ്റൊരു വിപത്ത്. യുദ്ധകാലാടിസ്ഥാനത്തിൽ ശുദ്ധജലമെത്തിക്കുന്നതിന് നടപടി സ്വീകരി ക്കണം. മത്സ്യത്തൊഴിലാളികളുടെ സൗകര്യാർത്ഥം കോതപറമ്പ് കടവിൽനിന്നും വള്ളിവട്ടം കടവി ലേക്ക് ഒരു തീരദേശറോഡ് നിർമ്മിക്കുക.

## ശുദ്ധജല മത്സ്യ കൃഷി

ശുദ്ധജല മത്സ്യകൃഷി ചിലവുകുറഞ്ഞ രീതി യിൽ ലാഭകരമായി ചെയ്യാവുന്നതാണ്. പൊതു കുളങ്ങാം അധികമില്ലെങ്കിലും എല്ലാ വാർഡുക ളിലും വീടുകളോട് ബന്ധപ്പെട്ട് മത്സ്യകൃഷിക്ക് അനുയോജ്യമായ കുളങ്ങളും തോടുകളും ധാരാള ളമുണ്ട്. അനുയോജ്യമായ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം നടത്തി കൃഷിക്കാരെ സഹായിച്ചാൽ സ്വന്തം ആവശ്യത്തിനുള്ള മത്സ്യത്തിനു പുറമെ ചെറിയ രീതിയിൽ വരുമാനം വർദ്ധിപ്പിക്കുന്ന തിന്നും കൃഷിക്കാർക്ക് കഴിയുന്നതാണ്.

## കക്കവാരൽ തൊഴിലാളികാം

യാതൊരുവിധ ആനുകൂല്യങ്ങളും ലഭി ക്കാത്ത വിഭാഗമാണ് കക്കവാരൽ തൊഴിലാളികാം. ഇവരെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ ഉാംപ്പെ ടുത്തി അവരുടെ ആനുകൂല്യങ്ങാം ഇവർക്കും ഉറപ്പു വരുത്തണം. 100 ഓളം തൊഴിലാളികളും 50 ഓളം അനുബന്ധ തൊഴിലാളികളും ഇതിൽ പണിയെടു ക്കുന്നു. വ്യാവസായിക ആവശ്യത്തിനുവേണ്ടി കയറ്റിപോകുന്ന കക്കയ്ക്ക് ഇടത്തട്ടുകാരുടെ ചൂഷണം മൂലം തൊഴിലാളികാംക്ക് ന്യായമായ വില ലഭിക്കുന്നില്ല. ഇതു തടയുന്നതിന്നും ഈ മേഖല വിപുലപ്പെടുത്തി കൂടുതൽ തൊഴിലാളികാംക്ക് പണി കിട്ടുന്നതിനുംവേണ്ടി I ഉം III വാർഡുകാം ഉാംപ്പെടുത്തി ഒരു കക്കാ സഹകരണസംഘത്തിന് രൂപം നൽകുക. കക്കാ ഇറച്ചി വിതരണം നടത്തുന്ന തൊഴിലാളികളെ മത്സ്യവിതരണക്കാരുടെ പട്ടിക യിൽ ഉാംപ്പെടുത്തി സംരക്ഷിക്കേണ്ടതാണ്. പുഴ യിൽ ചകിരിച്ചോറ് ഇടുന്നതാണ് ഈ വിഭാഗം തൊഴിലാളികളുടേയും പ്രശ്നം. ചകിരിച്ചോറ് വീഴുന്ന സ്ഥലത്ത് കക്കയുടെ പ്രജനനം നടക്കു കയില്ല. ഈ വിപത്ത് ഇല്ലാത്തിടത്താണ് കക്ക കണ്ടുവരുന്നത്.

## കടലോര മത്സ്യബന്ധനം

പഞ്ചായത്തിൻെറ X, XI, XII, XIII വാർഡു കളിലായി 700 ഓളം മത്സ്യബന്ധന തൊഴിലാളി കളും 500 ഓളം വരുന്ന അനുബന്ധ തൊഴിലാളി കളുമുണ്ട്. യമഹ ഘടിപ്പിച്ചതും അല്ലാത്തതുമായ നാടൻ വള്ളങ്ങളിലാണ് മത്സ്യബന്ധനം നടത്തുന്നത്. ഒന്നോ, രണ്ടോ മാസങ്ങളിലാണ് ഇവർക്ക് മത്സ്യം കിട്ടുന്നത്. അല്ലാത്തപ്പോാം അദ്ധ്വാനം പാഴാക്കി വെറും കയ്യോടെ തിരിച്ചു വരുന്നു. വിദേശ ട്രോളറുകളുടെ കടന്നുകയറ്റം ഈ മേഖലയിലെ മത്സ്യസമ്പത്ത് നശിപ്പിക്കു ന്നതിന്നും തൊഴിലില്ലായ്മയ്ക്കും വഴിവെച്ചു. ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ ആഴ ക്കടൽ മത്സ്യബന്ധനം നിയമം മൂലം തടയാറു ണ്ടെങ്കിലും കൃത്യമായി പാലിക്കാറില്ല. ഇതുമൂലം മത്സ്യത്തിൻെറ വംശവർദ്ധന തടയപ്പെടുന്നു എന്നു മാത്രമല്ല പല മത്സ്യങ്ങളും നാമവശേഷമാ കുന്നതിന്നും ഇടവരുന്നു. ഇതു തടയുന്നതിന് മൺസൂൺകാല ആഴക്കടൽ മത്സ്യബന്ധന നിരോ ധന നിയമം കർശനമായി നടപ്പിലാക്കണം. വർഷ ക്കാലത്തിനുമുമ്പ് കടൽഭിത്തി കെട്ടിയിട്ടുള്ള സ്ഥലത്ത് മെയിൻെറനൻസ് നടത്തുകയും ഭിത്തി കെട്ടാത്തിടത്ത് കെട്ടിയും കടലാക്രമണത്തെ ചെറു ക്കുക. അതുപോലെതന്നെ ദിക്ക് മനസ്സിലാ ക്കുന്നതിന്നുവേണ്ടി X, XI, XII വാർഡുകളിൽ സോഡിയം വെയ് പ്പർ ലാംബുകാം സ്ഥാപിക്കണ മെന്ന് നിരവധി കാലമായി മത്സ്യത്തൊഴിലാളികാം ആവശ്യപ്പെ ടുന്നതാണ്. അത് ഉടനെ സ്ഥാപിച്ച് തൊഴിലാളികളെ അപകടത്തിൽനിന്നും രക്ഷി ക്കണം. വഞ്ചികാം അടുപ്പിക്കുന്നതിന് അഞ്ചങ്ങാ ടി ബീച്ചിൽ ഒരു ഫിഷ് ലാൻറ് സ്ഥാപിക്കണം. പി ടിക്കുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന്ന് ഇവിടേയും യാതൊരു മാർഗ്ഗവുമില്ല. ഇതുമൂലം തൊഴിലാളികാം കഷ്ടപ്പെട്ടു പിടിക്കുന്ന മത്സ്യം പലപ്പോഴും നശിച്ചുപോകാൻ ഇടവരുന്നു. ഇതു പരിഹരിക്കുന്നതിന്ന് ഫിഷ്ലാൻറിനോട് ചേർന്ന്

ഒരു ഐസ് പ്ലാൻറ് സ്ഥാപിക്കേണ്ടതാണ്. പ്രാദേശിക തലത്തിൽ മത്സ്യം വിറ്റഴിക്കുന്നതിന് അഞ്ചങ്ങാടി സെൻററിലോ അസ്മാബി കോളേജ് സെൻററിലോ ഒരു മത്സ്യമാർക്കറ്റ് അത്യാവശ്യമാണ്. തൊഴിലാളികൾക്കാവശ്യമായ വലകൾ വാങ്ങുന്നതിന് ഇന്നു മറ്റു സ്ഥലങ്ങളെയാണ ആശ്രയിക്കുന്നത്. ഈ കുറവു പരിഹരിക്കുന്ന തിന്നുവേണ്ടി അസ്മാബി കോളേജ് സെൻററിൽ ഒരു നെറ്റു നിർമ്മാണകേന്ദ്രം തുടങ്ങുക. കുറച്ചുപേർക്ക് ഈ രംഗത്ത് തൊഴിലും ലഭിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളായ മുഴുവൻ പേർക്കും മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുകയും അതു കൃത്യമായി ലഭിക്കുന്നതിന്നുവേണ്ടി അഞ്ചങ്ങാടിയിലോ അസ്മാബി കോളേജ് പരിസരത്തോ ഒരു മണ്ണെണ്ണ വിതരണ പമ്പ് അനുവദിക്കുകയും വേണം.

മത്സ്യത്തൊഴിലാളി ക്ഷേമ നടപടികൾ കുറ്റമറ്റതായി നടപ്പിലാക്കുന്നതിന്ന് നടപടി സ്വീകരിക്കണം. വീടുകൾ ലഭിക്കാത്ത മുഴുവൻ തൊഴിലാളികൾക്കും അവ ലഭിക്കുന്നതിന്ന് നടപടി വേണം. ലഭിച്ച വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അറ്റകുറ്റ പണികൾക്ക് ഗ്രാൻറ് നൽകണം. അനുവദിക്കുന്ന മുഴുവൻ വീടുകളിലും സൗജന്യ വൈദ്യുതീകരണം നടത്തി തരണം. ശുദ്ധജലം ഈ മേഖലയിൽ എത്തിക്കുന്നതിന്ന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. ക്ഷേമനിധിയിൽ വരാത്ത തൊഴിലാളികളെ അതിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം. സാങ്കേതിക കാരണങ്ങളാൽ ഉദ്യോഗസ്ഥന്മാർ പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾ നിഷേധിച്ച തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ഉറപ്പുവരുത്തണം. പഞ്ഞമാസങ്ങളിൽ സൗജന്യ റേഷനുൾപ്പെടെയുള്ള സാമ്പത്തിക സഹായങ്ങൾ കടലോര-കായലോര തൊഴിലാളികൾക്ക് മുഴുവൻ നൽകണം. വർഷത്തിൽ ഒരുപ്രാവശ്യം കായലോരത്തും കടലോരത്തും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് സൗജന്യ വൈദ്യ പരിശോധനയും മരുന്നും വിതരണം നടത്തണം.

## മത്സ്യവിതരണ തൊഴിലാളികൾ

500 ഓളം വരുന്ന ഈ വിഭാഗം തൊഴിലാളികൾക്ക് യാതൊരുവിധ തൊഴിൽ സുരക്ഷിതത്വവുമില്ല. തലച്ചുമടായും സൈക്കിളിലും മറ്റു വാഹനങ്ങളിലുമായി ജോലിചെയ്യുമ്പോൾ അപകടങ്ങളും നിത്യസംഭവമാണ്. ഇവരെക്കൂടി മത്സ്യത്തൊഴിലാളി നിർവചനത്തിൽ ഉൾപ്പെടുത്തി ക്ഷേമനിധി, പെൻഷൻ, ഭവനവായ്പ എന്നിവ ലഭിക്കുന്നതിന്ന് നടപടി സ്വീകരിക്കണം.

# വിദ്യാഭ്യാസം

### ചരിത്രപശ്ചാത്തലം

സാമൂഹികമായ ഉന്നതി നിലനിർത്തിയിരുന്ന ഒരു ജനസമൂഹം ഈ പഞ്ചായത്തിൽ മുമ്പേ നിവസിച്ചിരുന്നു. സാമൂഹ്യപ്രസ്ഥാനങ്ങളോട് പ്രതിബദ്ധതയും സേവനരംഗങ്ങളിൽ മുൻ നിരയിലെ സ്ഥാനവും ശ്രീനാരായണപുരം പഞ്ചായത്തിലെ ജനങ്ങളുടെ പ്രത്യേകതയാണ്. ഏകദേശം 99% ത്തോളം പിന്നോക്കക്കാർ താമസിക്കുന്ന ഈ പ്രദേശം ആദ്യകാലപുരോഗമന പ്രസ്ഥാനങ്ങളുടെ ഈറ്റില്ലമായിരുന്നു. ഇവിടുത്ത മുൻ തലമുറക്കാർ പെരിഞ്ഞനം കൊടുങ്ങല്ലൂർ, കാട്ടൂർ, വലപ്പാട് എന്നീ പ്രദേശങ്ങളിൽ പോയി പഠിച്ചിരുന്നതായി കാണാം. പഞ്ചായത്തിലെ ഓരോ സ്കൂളിൻേറയും ചരിത്രം പരിശോധിച്ചാൽ, അവ ആരംഭിച്ചതിൻെറ പിന്നിൽ വ്യക്തികളേക്കാളുപരി സാമൂഹികമായ ഒരു മുന്നേറ്റം ഉണ്ടായിരുന്നതായി മനസ്സിലാക്കാം.

### ഔപചാരിക വിദ്യാഭ്യാസം

**സ്ഥാപനങ്ങൾ:**

കൊടുങ്ങല്ലൂർ താലൂക്കിൽ ഏറ്റവും കൂടുതൽ വിദ്യാലയങ്ങളുള്ള ഒരു പഞ്ചായത്താണ് ശ്രീനാരായണപുരം.

ഒമ്പത് എൽ.പി. സ്കൂളുകൾ (സർക്കാർ 6, എയഡഡ്-3) അഞ്ച് യു.പി. സ്കൂളുകൾ (എല്ലാം എയഡഡ്) രണ്ട് ഹൈസ്കൂൾ (സർക്കാർ-ഒന്ന്, എയഡഡ്- ഒന്ന്) കൂടാതെ ഒരു ടീച്ചർ ട്രെയനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, ഒരു കോളേജ് (രണ്ടും സ്വകാര്യ മാനേജ്മെൻറ്) എന്നിവയും ഉണ്ട്. അൺഎയഡഡ് വിഭാഗത്തിൽ ഒരു സ്വകാര്യ സ്കൂളുകളും സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളായി ആറെണ്ണവും (ശ്രീനാരായണപുരം ടൗൺ-3, പള്ളിനട-1, അഞ്ചങ്ങാടി-1, അസ്മാബികോളേജ് പരിസരം-1), രണ്ട് ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും ഒരു നൃത്തവിദ്യാലയവും ഈ പഞ്ചായത്തിൽ ഉണ്ട്.

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഒരു അൺ എയിഡഡ് സ്കൂളുകളാണ് ഉണ്ടായിട്ടുള്ളത്. സാമ്പത്തികമായി ലാഭകരമല്ലാത്തത് എന്ന പട്ടികയിൽപ്പെട്ട രണ്ട് വിദ്യാലയങ്ങളാണ് എൽ. പി. എസ്. ആല, ഗോതുരുത്തും ഗവ: മാപ്പിള എൽ. പി.സ്കൂൾ, ആല, കോതപറമ്പും. ഗതകാലപാരമ്പര്യം അവകാശപ്പെടുന്ന പല വിദ്യാലയങ്ങളും ഡിവിഷൻ കുറവിൻെറ ഭീഷണിയിലാണ്. മെച്ചപ്പെട്ട കോൺവെൻറ് പോലെയുള്ള സ്കൂളുകളിലേക്കുള്ള പ്രയാണം, ഇംഗ്ലീഷ് മീഡിയത്തിൻെറ അതിപ്രസരം, ജനസംഖ്യ നിയന്ത്രണം എന്നിവ സാധാരണ സ്കൂളുകളുടെ നിലനിൽപ്പിനെ ബാധിക്കുന്നു.

**വിദ്യാർത്ഥികൾ :**

വിദ്യാലയത്തിൽ എത്തുന്നവരിൽ 3986 പേർ ആൺകുട്ടികളും 3323 പേർ പെൺകുട്ടികളുമാണ്. പനങ്ങാട് ഹൈസ്കൂളിൽ പെൺകുട്ടികളുടെ ഇരട്ടി ആൺകുട്ടികളാണെന്ന് ശ്രദ്ധേയമാണ്.

**അദ്ധ്യാപകർ :**

ആകെ 274 അദ്ധ്യാപകർ (47 പുരുഷന്മാരും 227 സ്ത്രീകളും). പുരുഷന്മാരുടെ പ്രാതിനിധ്യം ആകെയുള്ളവരുടെ 17% മാത്രമാണ്.

**ഭൗതിക സാഹചര്യങ്ങൾ :**

ഒരു സ്കൂളിനുണ്ടാകേണ്ട വിശാലമായ ആധുനിക സങ്കൽപ്പത്തിനിണങ്ങുന്ന ഒറ്റ വിദ്യാലയം പോലും ശ്രീനാരായണപുരം പഞ്ചായത്തിലില്ല. മെച്ചമെന്ന് പറയാവുന്നത് പനങ്ങാട് ഹൈസ്കൂൾ മാത്രമാണ്. നമ്മുടെ എൽ.പി. സ്കൂളുകളിൽ എട്ടെണ്ണവും ഒരേക്കർ താഴെ മാത്രം സ്ഥലത്ത് സ്ഥിതിചെയ്യുന്നവയാണ്. ഈ ഇനത്തിൽ

ഒരു യു.പി. സ്കൂളുകളും പെടുന്നു. എം.എ. ആർ. എം .ജി. എച്ച്. എസ്. ശാന്തിപുരത്ത് സ്വന്തമായി കളിസ്ഥലം പോലുമില്ല. എന്നിട്ടും ഈ വിദ്യാലയം കായികമത്സരങ്ങളിൽ നേട്ടങ്ങാം കൈവരിക്കന്നത് ശ്രദ്ധിക്കപ്പെടുന്നു. ഭൗതികസാഹചര്യങ്ങളിൽ ഏറ്റവും ശോച്യാവസ്ഥ ജി. എൽ. പി. എസ്. പനങ്ങാട് നോർത്തും ജി.എൽ.പി. എസ്. പി. വെമ്പല്ലൂർ എന്നിവയ്ക്കുമാണ്. നല്ലൊരു കളിസ്ഥലം ഹൈസ്കൂാം പനങ്ങാടിനു മാത്രമേയുള്ളൂ. നാഷണൽ ഹൈവേയുടെ അരികെ സ്ഥിതിചെയ്യുന്ന വിദ്യാലയങ്ങാംക്ക് പോലും ചുറ്റുമതിൽ ഇല്ല. . ഇടഭിത്തി മിക്ക വിദ്യാലയങ്ങളിലും സങ്കൽപ്പം മാത്രമാണ്. മൂത്രപ്പുരകാം, കക്കൂസുകാം, ജലലഭ്യത എന്നിവ മിക്ക സ്കൂളുകളിലും നാമ മാത്രമാണ്. സർക്കാർ സ്കൂളുകളിലെ അറ്റകുറ്റപ്പണികാം സ്തംഭനാവസ്ഥയിലാണ്. പുതിയൊരു കെട്ടിടം പണിതത് എം.എ .ആർ. എം. ജി. എച്ച് . എസിൽ മാത്രം.

## പി.ടി.എ.

പി.ടി.എ ഫലത്തിൽ സജീവമല്ല. പുസ്തകത്തിലൊതുങ്ങുന്ന പ്രവർത്തനം മാത്രം. മാതൃസംഗമവും സ്കൂാം റെക്കോഡുകളിൽ മാത്രം പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടു. പനങ്ങാട് ഹൈസ്കൂളുകളിൽ പത്താം ക്ലാസിലെ മാതൃസംഗമം കാര്യക്ഷമമാണ്. പി.ടി.എയുടെ ശ്രദ്ധയിൽപ്പെടുന്നത് ഭൗതികസാഹചര്യം മാത്രമാണ്. പി.ടി.എയുടെ നേതൃത്വത്തിൽ മാതൃകാനിർമ്മാണ പ്രവർത്തനം നടന്നിട്ടുള്ള ഒറ്റ വിദ്യാലയവും ഇല്ലെന്ന് മനസ്സിലാക്കാം.

## പാഠ്യാനുബന്ധ പ്രവർത്തനങ്ങാം :

ശാസ്ത്ര, ഗണിത ശാസ്ത്ര പ്രദർശനങ്ങാം പ്രവൃത്തി പരിശീലനം എന്നിലവയിൽ കാര്യമായ ഒരു നേട്ടവും കാണുന്നില്ല. യു.പി. സ്കൂളുകളും ഈ കാര്യത്തിൽ ഒരു പോലെ പിന്നിലാണ്.

## പാഠ്യേതര പ്രവർത്തനങ്ങാം:

ഇതു സംബന്ധിച്ച് ഉപജില്ലാതലത്തിൽ പോലും ശ്രദ്ധേയമായ നേട്ടങ്ങളില്ല. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ വിദ്യാഭ്യാസ ജില്ലാതലത്തിൽ ശ്രദ്ധിക്കപ്പെട്ട കുട്ടികാം ആറുപേർ മാത്രം. ഭൗതിക സാഹചര്യങ്ങളുടെ അനുഗ്രഹമുണ്ടായിട്ട് കൂടി പനങ്ങാട് ഹൈസ്കൂളിലെ ഒരു കുട്ടിപോലും ജില്ലാതലത്തിൽ എത്തിയില്ല. പരാധീനതകാംക്കിടയിലും എം. എ. അർ.എം. എച്ച് എസിലെ 3 കുട്ടികാം ഈ നിലവാരത്തിലെത്തി. കലാ പ്രതിഭകളും കലാതിലകവും പഞ്ചായത്തിന് അന്യമാണ്.

## സമാന്തരവിദ്യാലയങ്ങാം:

സമാന്തര വിദ്യാലയങ്ങളുടെ ശക്തമായ പ്രാതനിധ്യവും (ആറെണ്ണത്തിൻെറ കാര്യം മുൻപ് സൂചിപ്പിച്ചിട്ടുണ്ട്) എസ്. എസ് .എൽ.സി വിജയശതമാനത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. നിലവിലുള്ള ഭൗതിക സാഹചര്യവും സമാന്തരം വിദ്യാലയങ്ങളുടെ സേവനവും രക്ഷിതാക്കളുടെ മനോഭാവവും സമന്വയിപ്പിച്ചിട്ടും പഞ്ചായത്തിലെ വിജയശതമാനം ആശാവഹമായ പുരോഗതിയിൽ അല്ല എത്തിനിൽക്കുന്നത്. എസ്. എസ്. എൽ. സി. വിജയശതമാനത്തിൽ ഉപജില്ലയിലെ കോൺവെൻറ് സ്കൂളുകാം, പുല്ലൂറ്റ് ഗവ:എച്ച്.എസ്. എന്നിവ കഴിഞ്ഞാൽ 55%-ത്തോടെ പനങ്ങാട് എച്ച. എസ് . നാലാം സ്ഥാനത്താണ് നിൽക്കുന്നത്; എം. എ. ആർ. എം.എച്ച് .എസ് 20%-ത്തിലും സമാന്തര വിദ്യാലയങ്ങളുടെ ഗുണദോഷങ്ങാം ചർച്ചയ്ക്ക് വിടുന്നു.

## സാങ്കേതിക വിദ്യാലയങ്ങാം:

സാങ്കേതിക വിദ്യാലയങ്ങാം ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. സാധ്യതകാം പ്രയോജനപ്പെടുത്താൻ വൈകിയിരിക്കുന്നു.

## അനൗപചാരിക വിദ്യാഭ്യാസം:

ദേശീയ പ്രസ്ഥാനം:- സാമൂഹിക പ്രതിബദ്ധത യുള്ള ഒരു സമൂഹം ആദ്യം മുതലേ നിലനിന്നിരുന്നു എന്നതിൻെറ തെളിവാണ് ഇന്നത്തെ വിദ്യാലയങ്ങളുടെ സ്ഥാപനം.

## നവോത്ഥാന പ്രസ്ഥാനം:-

പതിനഞ്ച് സ്കൂളുകളുടെയും സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് സ്ഥാപിക്കപ്പെട്ടതാണ്.

വായനശാലകാം: ആദ്യകാലത്ത് ശ്രീനാരായണപുരം സെൻററിൽ പ്രവർത്തിച്ചിരുന്ന വായന

ശാല കാര്യക്ഷമമായിരുന്നു. പറയത്തക്ക സ്ഥാപനങ്ങളൊന്നും ഈ പ്രശ്നത്തിൽ സഹകരിച്ചിട്ടില്ല.

സാക്ഷരതാ പ്രസ്ഥാനം :-

കൊടുങ്ങല്ലൂർ താലൂക്കിൽ ഏറിയാട് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ നിരക്ഷരരുള്ള പഞ്ചായത്തായിരുന്നു ശ്രീനാരായണപുരം. 4,5,6,7 എന്നീ വാർഡുകളിലൊഴികെ മറ്റ് വാർഡുകളിലൊന്നും സാക്ഷരത പ്രസ്ഥാനത്തിന് തുടരാൻ കഴിഞ്ഞില്ല. സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ കളിത്തൊട്ടിലായിരുന്ന നമ്മുടെ പഞ്ചായത്തിൽ ആധുനിക സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് വേര് പിടിക്കാൻ കഴിയാതെ പോയത് എന്തെന്ന് ചിന്തിക്കേണ്ടതാണ്. (വിശദമായ ഫോർമേറ്റുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു)

## ഗ്രാമസഭയിൽ ഉയർന്ന പ്രശ്നങ്ങൾ:

1. വാർഡുകളിൽ വേണ്ടത്ര ബാലവാടികളില്ല. ഉള്ളവ ഇടിഞ്ഞ് പൊളിഞ്ഞ് കിടക്കുന്നു. (1,2,5) നിലവിലുള്ള നേഴ്സറികളിൽ പരിമിതമായ ഭൗതികസാഹചര്യങ്ങളാണ് ഉള്ളത്.
2. കഴിഞ്ഞ വർഷങ്ങളിലെ കണക്കുകൾ എടുത്ത് പരിശോധിച്ചാൽ പനങ്ങാട് എച്ച്. എസ്. എം.എ.ആർ. എം. ജി. എച്ച്. എസ്. എന്നിവയിലെ വിജയശതമാനം ഉയർന്നതായി കാണാം.(96 മാർച്ചിലേത് യഥാക്രമം 55%, 20%) ഈ രണ്ട് ഹൈസ്കൂളുകളിലേയും വിജയശതമാനം ഉയർത്താവുന്നതാണ്. എം.എ.ആർ.എം.ജി.എച്ച്.എസിൻെറ കാര്യത്തിൽ വിദ്യാജോതി പ്രവർത്തനങ്ങളും മറ്റും ഉദ്ദേശിച്ചത് ഫലം നൽകുന്നില്ല.
3. ഭൗതിക സാഹചര്യങ്ങൾ എടുത്താൽ പനങ്ങാട് ഹൈസ്കൂൾ ഒഴികെ മറ്റ് സ്കൂളുകളുടെ എല്ലാം സ്ഥിതി മോശം. ജി. എൽ. പി.എസ്. പി. വെമ്പല്ലൂർ, ജി. എൽ. പി.എസ്. പനങ്ങാട് നോർത്ത് എന്നീ സ്കൂളുകളുടെ സ്ഥിതി വളരെ മോശം.
4. പി.വെമ്പല്ലൂരുള്ള കുട്ടികൾക്ക് ഹൈസ്കൂളിലേയ്ക്ക് വളരെ ദൂരം പേകേണ്ടിവരുന്നു (കൈപ്പമംഗലം, എറയാട്, എടവിലങ്ങ്, കൊടങ്ങല്ലൂർ, മതിലകം): പഞ്ചായത്തിലുള്ള ഹൈസ്കൂളുകളിലേയ്ക്ക് യാത്രാസൗകര്യമില്ല.
5. ആമണ്ടൂർ, പതിയാശേരി, പി.വെമ്പല്ലൂർ പ്രദേശങ്ങളിലുള്ള കുട്ടികൾക്ക് അപ്പർ പ്രൈമറി, സൗകര്യം കുറവാണ്.
6. സർക്കാർ എൽ. പി.സ്കൂളുകളിൽ മൂന്നെണ്ണം വാടക കെട്ടിടങ്ങൾ, വാർഡ് രണ്ടിലെ ജി.എൽ.പി. എസ് ആമണ്ടൂർ മാത്രം ഭേദം.
7. പി. ടി. എ മാതൃസംഗമം എന്നിവയുടെ സ്ഥിതി പരിതാപകരം.
8. ഹൈസ്കൂളുകളടക്കം ഒരു സ്കൂളുകളിലും ലൈബ്രറി, ലബോറട്ടറി പ്രവർത്തനങ്ങൾ ആശാവഹമല്ല.
9. കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിനാൽ വി.എച്ച്.എസ്. ഇയിലെ അധ്യയനം ശരിയായി നടക്കുന്നില്ല. പഞ്ചായത്തിൽ ഉന്നതവിദ്യാഭ്യാസത്തിന് ആശ്രയിക്കാവുന്ന ഏക കോളേജ് ആയ എം.ഇ.എസ്. അസ്മാബികേളേജ് പഞ്ചായത്തിലെ കുട്ടികളെ മുഴുവൻ ഉൾക്കൊള്ളാൻ പര്യാപ്തമല്ല.
10. കടലോര വാർഡുകളിൽ നിരക്ഷരത കൂടതലാണ്.
11. പഞ്ചായത്ത് തലത്തിൽ കലാപ്രകടനങ്ങൾക്ക് വേദികളില്ല.
12. സ്കൂളുകളിൽ കലാകായിക അദ്ധ്യാപകർക്ക് നിയമനം ലഭിക്കുന്നില്ല.
13. ജനസംഖ്യാനിയന്ത്രണ പരിപാടി, കോൺവെൻറ് സ്കൂളുകളിലേയ്ക്കും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്കും ഉള്ള ഒഴുക്ക് യാത്രാ സൗകര്യക്കുറവ്, ഭൗതിക സാഹചര്യത്തിൻെറ അപര്യപ്തത എന്നിവ കൊണ്ടും സാധാരണ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയുന്നു.
14. അധ്യാപന രംഗത്തുള്ള വർദ്ധിച്ച സ്ത്രീ പ്രാതിനിധ്യം സ്കൂൾ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോയെന്ന് സംശയിക്കുന്നു.



400

15. എൻ.സി.സി, സ്കൗട്ട്, ഗൈഡ്സ് ഇവ സജീവമാക്കാത്തത് അച്ചടക്ക രാഹിത്യത്തിന് ഒരളവുവരെ കാരണമാണ്.

## നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും നേഴ്സറികളിലും അംഗൻ വാടികളും സ്ഥാപിയ്ക്കണം. നിലവിലുള്ള സ്കൂൾ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ സ്വകാര്യവ്യക്തികളെ പ്രോത്സാഹിപ്പിക്കാം. സ്ഥലവും കെട്ടിടവും കണ്ടെ ത്തി പൂർണ്ണമായും പഞ്ചായത്തിന്റേയോ നാട്ടുകാരുടേയോ സഹായത്തോടെ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം.

2. എം. എ.ആർ. എം . ജി. എച്ച്. എസിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധയോടെ പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

3. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജി.എൽ.പി.എസ്. പനങ്ങാട് നോർത്ത് അതിന്റെ മുൻകാല സൗകര്യങ്ങളോട് കൂടി നിലവിലുണ്ടായിരുന്ന സ്ഥലം പൂർണ്ണമായി അക്വയർചെയ്ത് പഞ്ചായത്ത് ഏറ്റെടുക്കണം. ജി. എൽ. പി.എസ്. പി. വെല്ലൂരിലും പഞ്ചായത്തിന്റെ അടയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

4. ജി. എൽ. പി.എസ്. ആമണ്ടൂർ, എ.എം. എൽ പി. എസ്. വെമ്പല്ലൂർ, ജി. എഫ്. എൽ. പി. എസ് . വേക്കോട് എന്നിവ അപ്ഗ്രേഡ് ചെയ്യാനും യൂണിയൻ യു.പി.എസ്.പി. വെമ്പല്ലൂർ, വേക്കോട് ജി. കെ. യു.പി.എസ് ഇവയിൽ ഏതെങ്കിലുമൊന്ന് ഹൈസ്കൂൾ ആക്കാനും നിർദ്ദേശമുണ്ട്. ഏത് മേഖലയിൽ ആയാലും പി.വെമ്പല്ലൂരിൽ ഒരു ഹൈസ്കൂൾ വേണമെന്ന കാര്യത്തിൽ ഒമ്പത് മുതൽ പതിമൂന്ന് വരെയുള്ള വാർഡുകൾക്ക് ഏകാഭിപ്രായമാണ്.

5. ഇന്നുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഭൗതിക സാഹചര്യം അക്കാദമിക സാഹചര്യം മെച്ചപ്പെടുത്താൻ നാട്ടുകാരുടെ സഹകരണത്തോടെ പരിപാടികൾ ആവിഷ്കരിക്കണം. ഇതിന് ഏറ്റവും മൂർത്തമായ നിർദ്ദേശം സ്കൂളിന്റെ ആകെ രക്ഷിതാക്കളേയും അഭ്യുദയകാംക്ഷികളേയും പങ്കെടുപ്പിച്ചുകൊണ്ട് സ്കൂൾതല വികസനസമിതികളും വാർഡുതല വികസനസമിതികളും ആനുപാതിക പ്രാതിനിധ്യത്തോടെ പഞ്ചായത്ത്തല വിദ്യാഭ്യാസ വികസനസമിതികളും രൂപീകരിക്കണം. ബോധനോപകരണങ്ങൾ ഉണ്ടാക്കുന്നതിനും ഈ സമിതികൾക്ക് സഹായിക്കാൻ കഴിയണം.

5. സ്കൂളുകളിൽ നിലവിലുള്ള ലൈബ്രറി ലബോറട്ടറി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. എന്ന പരാതി ഒഴിവാക്കണം. പി.ടി.എ. ധനസഹായത്തോടെ ലൈബ്രേറിയൻമാരെ നിയമിക്കാൻ കഴിയുമോയെന്ന് ചിന്തിക്കണം.

7. വി. എച്ച്. എസ്. ഇ. യിലുള്ള കോൺട്രാക്റ്റ് വ്യവസ്ഥ മാറ്റണം. പനങ്ങാട് എച്ച്. എസിൽ പ്ലസ് ടുവോ വി.എച്ച്.എസ്.ഇ. കോഴ്സോ തുടങ്ങേണ്ടത് അത്യാവശ്യം.

8. തുടർസാക്ഷരതാ പരിപാടി പഞ്ചായത്തിലെ ഒമ്പത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് വാർഡുകളിൽ അത്യാവശ്യമായി നടത്തണം.

9. കേരളോത്സവത്തിൽ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തണം. എൽ. പി. യു.പി. വിദ്യാർത്ഥികൾക്കായി സ്കൂളിനും ഉപജില്ലയ്ക്കും ഇടയിൽ പഞ്ചായത്ത് തലം കൂടി കലാകായിക മത്സരവേദിയായി അംഗീകരിക്കപ്പെടണം.

10. പഞ്ചായത്തിലെ അധ്യാപക പരിശീലന കേന്ദ്രം ഈ പഞ്ചായത്തിലെ മൊത്തം പ്രൈമറി വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുന്ന രീതിയിൽ ഉയർത്തിക്കൊണ്ട് വരണം.

11. സ്വകാര്യമായാലും പൊതുവായാലും വിദ്യാലയങ്ങൾ തങ്ങളുടേയും സമൂഹത്തിന്റേയും സ്വത്താണെന്ന ബോധം വളർത്തേണ്ടിയിരിക്കുന്നു.

12. പി. വെമ്പല്ലൂർ - അഞ്ചങ്ങാടി - പള്ളിനട റൂട്ടിലും പി. വെമ്പല്ലൂർ - ശ്രീനാരായണപുരം റൂട്ടിലും കുട്ടികളുടെ യാത്രാസൗകര്യം കണക്കിലെടുത്ത് കൊണ്ടുള്ള ബസ് സൗകര്യം അനുവദിക്കണം.

13. ആണ്ടൂർ ജി. എം. എൽ. പി. സ്കൂളിൻെറ വാടക കുടിശ്ശിക അടക്കം നൽകുന്നതിനാവശ്യമായ നടപടികാം സ്വീകരിക്കണം.

14. ജി. എൽ. പി. എസ്സ് (പി. വെമ്പല്ലൂർ) ഈ സ്കൂളിൻെറ കെട്ടിടം നിലം പൊത്താറായിരിക്കുകയാണ്. ബിൽഡിംങ്ങ് അറ്റകുറ്റ പണി നടത്തുന്നതിനും കൊച്ചുകുട്ടികാം പഠിയ്ക്കുന്ന സ്കൂളിൽ ഇരിപ്പിടങ്ങളും മറ്റു ഫർണീച്ചറുകളും ലഭ്യമാക്കണം. ഒരു വാട്ടർ ടാങ്കും സാനിറ്ററിസൗകര്യവും, ചുറ്റു മതിൽ കെട്ടി സ്കൂാം സംരക്ഷിയ്ക്കുകയും ചെയ്താൽ ഈ സ്കൂളുകളിലേയ്ക്ക് കൂടുതൽ കുട്ടികളെ ചേർത്തിയ്ക്കുന്നതിനും മറ്റും കഴിയുന്നതാണ്.

## വിദ്യാഭ്യാസം.

3.A. എം. എം. എ. ആർ. എം. ജി. എച്ച്. എസിൻെറ ക്ലാസ്സ്മുറിയിൽ പകുതിയോളം ഇന്നും ഓലപ്പുരകളാണ്. അതിന്ന് പകരം പുതിയ കെട്ടിടം വേണം. ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ശ്രദ്ധിക്കണം.

B. പനങ്ങാട് നോർത്ത് L.P. സ്കൂാം നിലനില്ക്കുന്നത് സ്വകാര്യഉടമയുടെ ഭൂമിയിലാണ്. അതിനാൽ കെട്ടിടം പണിയുന്നതിനും സ്കൂളിന്ന് ആവശ്യമായ സൗകര്യങ്ങാം ഉണ്ടാക്കാൻ കഴിയുന്നില്ല. ആയതിനാൽ സ്കൂാം സ്ഥിതചെയ്യുന്ന സ്ഥലം അക്വയർ ചെയ്യാൻ നടപടി സ്വീകരിക്കണം.



402

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി പുസ്തക | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | എൽ.പി.എസ്. ആല ഗോതുരുത്തി | 25 | ഉണ്ട് | ഇല്ല | ഇല്ല | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 2 | ജി.എം.എൽ.പി.എസ്. ആല കോതപറമ്പ് | | ഉണ്ട് | ഉണ്ട് | ഉണ്ട് | - | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 3 | ജി.എൽ.പി.എസ്. ആമണ്ടൂർ | 49 | ഉണ്ട് | ഇല്ല | ഇല്ല | 150 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 4 | ജി.എം.എൽ.പി.എസ്. ആമണ്ടൂർ | 160 | ഉണ്ട് | ഉണ്ട് | ഇല്ല | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | | ഇല്ല |
| 5 | ജി.എൽ.പി.എസ്. പനങ്ങാട് നോർത്ത് | 42 | ഉണ്ട് | ഇല്ല | ഇല്ല | 50 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6 | സെൻറ് ജോർജ്ജസ് മിക്സഡ് എൽ.പി.എസ്., പനങ്ങാട് | 100 | ഉണ്ട് | ഇല്ല | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 7 | എ.എം.എൽ.പി.എസ്. വെമ്പല്ലൂർ | 115 | ഉണ്ട് | ഉണ്ട് | ഉണ്ട് | 100 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 8 | ജി.എൽ.പി.എസ്.പി. വെമ്പല്ലൂർ | 60 | ഉണ്ട് | ഇല്ല | ഇല്ല | 75 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 9 | ജി.എഫ്.എൽ.പി.എസ്. വേക്കോട് | 72 | ഉണ്ട് | ഇല്ല | ഇല്ല | 75 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 10 | യു.പി.എസ്. ആല കോതപറമ്പ് | 133 | ഉണ്ട് | ഇല്ല | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 11 | വി.വി.യു.പി.എസ്. കോതപറമ്പ് | 118 | ഉണ്ട് | ഇല്ല | ഉണ്ട് | | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 12 | എസ്.എൻ.കെ.യു.പി.എസ് വെമ്പല്ലൂർ | 130 | ഉണ്ട് | ഇല്ല | ഇല്ല | 104 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 13 | ജി.കെ.യു.പി.എസ്. വേക്കോട് | 210 | ഉണ്ട് | ഇല്ല | ഉണ്ട് | 132 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 14 | യു.യു.പി.എസ്. പി. വെമ്പല്ലൂർ | 107 | ഉണ്ട് | ഉണ്ട് | ഉണ്ട് | 522 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 15 | എം.എ.ആർ.എം.ജി.എച്ച്.എസ്. ശാന്തിപുരം | 320 | ഉണ്ട് | ഉണ്ട് | ഉണ്ട് | 1300 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 16 | എച്ച്.എസ്. പനങ്ങാട് | 380 | ഉണ്ട് | ഉണ്ട് | ഉണ്ട് | 11241 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 17 | എം.ഇ.എസ്. പബ്ലിക്ക് സ്കൂൾ, പി. വെമ്പല്ലൂർ | | ഉണ്ട് | ഉണ്ട് | ഉണ്ട് | | ഉണ്ട് | ഉണ്ട് | - | ഉണ്ട് | ഉണ്ട് | |

# വിദ്യാലയവിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | മാനേജ് മെൻറ് | കുട്ടികളുടെ എണ്ണം | | | | | അദ്ധ്യാപകരുടെ എണ്ണം | | | അദ്ധ്യാപകരുടെ പരിശീലനയോഗ്യത | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | 1991-92 | 1992-93 | 93-94 | 94-95 | 95-96 | M | F | T | B.Ed | T.T.C. |
| 1 | എൽ.പി.എസ്. ആല ഗോതുരുത്തി | എയിഡഡ് | 95 | 90 | 86 | 80 | 75 | 0 | 4 | 4 | 0 | 4 |
| 2 | ജി.എം.എൽ.പി.എസ്. ആല കോതപറമ്പ് | സർക്കാർ | 86 | 82 | 75 | 70 | 70 | 1 | 4 | 5 | 0 | 4 |
| 3 | ജി.എൽ.പി.എസ്. ആമണ്ടൂർ | സർക്കാർ | 223 | 216 | 213 | 213 | 212 | 4 | 5 | 9 | 0 | 8 |
| 4 | ജി.എം.എൽ.പി.എസ്. ആമണ്ടൂർ | സർക്കാർ | 195 | 195 | 198 | 180 | 180 | 2 | 4 | 6 | 0 | 5 |
| 5 | ജി.എൽ.പി.എസ്. പനങ്ങാട് നോർത്ത് | സർക്കാർ | 160 | 159 | 159 | 150 | 140 | 1 | 5 | 6 | 0 | 5 |
| 6 | സെൻറ് ജോർജ്ജസ് മിക്സഡ് എൽ.പി.എസ്. പനങ്ങാട് | എയിഡഡ് | 245 | 243 | 240 | 238 | 230 | 0 | 11 | 11 | 0 | 10 |
| 7 | എ.എം.എൽ.പി.എസ്. വെമ്പല്ലൂർ | എയിഡഡ് | 374 | 386 | 356 | 312 | 314 | 1 | 10 | 11 | 1 | 8 |
| 8 | ജി.എൽ.പി.എസ്. പി. വെമ്പല്ലൂർ | സർക്കാർ | 140 | 138 | 136 | 130 | 125 | 1 | 4 | 5 | 0 | 4 |
| 9 | ജി.എഫ്.എൽ.പി.എസ്. വേക്കോട് | സർക്കാർ | 160 | 158 | 154 | 145 | 140 | 3 | 3 | 6 | 0 | 5 |
| 10 | യു.പി.എസ്. ആല കോതപറമ്പ് | എയിഡഡ് | 420 | 417 | 415 | 410 | 408 | 1 | 17 | 18 | 4 | 13 |
| 11 | വി.വി.യു.പി.എസ്. കോതപറമ്പ് | എയിഡഡ് | 560 | 556 | 550 | 543 | 545 | 0 | 21 | 21 | 3 | 15 |
| 12 | എസ്.എൻ.കെ.യു.പി.എസ്. വെമ്പല്ലൂർ | എയിഡഡ് | 403 | 385 | 366 | 388 | 371 | 3 | 12 | 15 | 7 | 5 |
| 13 | ജി.കെ.യു.പി.എസ്. വേക്കോട് | എയിഡഡ് | 592 | 564 | 556 | 525 | 504 | 1 | 18 | 19 | 1 | 14 |
| 14 | യു.യു.പി.എസ്. പി. വെമ്പല്ലൂർ | എയിഡഡ് | 1422 | 1385 | 1385 | 1325 | 1292 | 5 | 35 | 40 | 9 | 25 |
| 15 | എം.എ.ആർ.എം.ജി.എച്ച്.എസ്. ശാന്തിപുരം | സർക്കാർ | 1059 | 931 | 898 | 863 | 799 | 5 | 26 | 31 | 7 | 11 |
| 16 | എച്ച്.എസ്. പനങ്ങാട് | എയിഡഡ് | 1893 | 1897 | 1734 | 1713 | 1704 | 14 | 47 | 61 | 35 | 10 |
| 17 | എം.ഇ.എസ്. പബ്ലിക് സ്കൂൾ, പി. വെമ്പല്ലൂർ | അൺ എയിഡഡ് | - | - | - | - | 296 | 1 | 15 | 16 | 16 | 0 |




404

## എസ്.എസ്.എൽ.സി. വിജയശതമാനം

| സ്കൂളിൻെറ പേര് | വർഷം | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | ശതമാനം |
|---|---|---|---|---|
| എച്ച്. എസ്. പനങ്ങാട് | 1991-'92 | 351 | 151 | 43% |
| | 1992-'93 | 342 | 125 | 37% |
| | 1993-'94 | 359 | 175 | 49% |
| | 1994-'95 | 324 | 169 | 52% |
| | 1995-'96 | 326 | 175 | 54% |
| എം. എ. ആർ. എം. ജി. എച്ച്.എസ്., ശാന്തിപുരം | 91-92 | 84 | 30 | 36% |
| | 92-93 | 91 | 33 | 36% |
| | 93-94 | 106 | 23 | 21 1/2% |
| | 94-95 | 101 | 26 | 26% |
| | 95-96 | 127 | 15 | 12% |
| | 96-97 | 106 | 21 | 20% |

| സ്കൂളുകൾ | | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|---|
| | | ആണ് | പെണ്ണ് | ആകെ | ആൺ | പെൺ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| H S | 2 | 14 | 59 | 73 | 883 | 726 | 1609 |
| U P S | 5 | 15 | 74 | 89 | 1412 | 1179 | 2591 |
| L P S | 9 | 16 | 92 | 108 | 1669 | 1388 | 3057 |
| Pre Primary | | 2 | 2 | 4 | 22 | 30 | 52 |
| V H S | 1 | 2 | 8 | 10 | 49 | 45 | 94 |
| College | 1 | | | 44 | 437 | 741 | 1178 |

# കുടിവെള്ളവും പൊതുജനാരോഗ്യവും



ശുദ്ധമായ കുടിവെള്ളത്തിൻെറ ലഭ്യത ഉറപ്പു വരുത്തുക, പരിസരമലിനീകരണം നിയന്ത്രിക്കുക - ഇവ രണ്ടും പ്രധാന ലക്ഷ്യങ്ങളായിരിക്കണം. വ്യക്തിയും സമൂഹവും ഇക്കാര്യത്തിൽ തങ്ങളുടേതായ ബാദ്ധ്യത നിറവേറ്റേണ്ടതുണ്ട്.

## ആമുഖം

ആരോഗ്യം ഓരോ പൌരൻെറയും ജന്മാവകാശമാണ്. അയാളുടെ അദ്ധ്വാനക്ഷമത, രോഗാതുരത, കുടുംബ-സാമൂഹിക ബന്ധങ്ങൾ, വരുമാനം എന്നിവയെല്ലാം ഇതിനെ ആശ്രയിച്ചിരിക്കുന്നു. വികേന്ദ്രീകൃതാസൂത്രണത്തിൻെറ കാഴ്ചപ്പാടിൽ, പൌരൻെറ ജന്മാവകാശം സമൂഹത്തിൻെറ ബാദ്ധ്യതയും കൂടിയാണ്. മിതവും ഹിതകരവുമായ ഭക്ഷണം, ശുദ്ധമെന്നുറപ്പുള്ള കുടിവെള്ളം, അത്യാവശ്യസൗകര്യങ്ങളുള്ള ഒരു വീട്, രോഗപ്രതിരോധ സൌകര്യങ്ങൾ, ഡോക്ടറും പാരാമെഡിക്കൽ സൗകര്യങ്ങളും അതാത് പ്രദേശത്ത് സാമാന്യമായി വരാവുന്ന രോഗങ്ങൾക്ക് വേണ്ട മരുന്നുകളും കിടത്തിച്ചികിത്സയുമുള്ള ഒരു പ്രാഥമികാരോഗ്യ കേന്ദ്രം, ആരോഗ്യഉപകേന്ദ്രങ്ങൾ (കുടുംബക്ഷേമകേന്ദ്രങ്ങൾ), അത്യാവശ്യവരുമാനം, മണ്ണ്, ജലം, വായു മലിനീകരണ നിയന്ത്രണസംവിധാനം തുടങ്ങിയവയും ഈ ജന്മാവകാശത്തിൻെറ അവിഭാജ്യ ഘടകങ്ങളാണ്. ഈ അടിസ്ഥാനധാരണയോടെയാണ് സമഗ്രാരോഗ്യപദ്ധതി ആസൂത്രണം ചെയ്യുന്നത്.

## കുടിവെള്ളം

നമ്മുടെ നാട്ടിൽ ഭൂരിഭാഗം രോഗങ്ങൾക്കും കാരണം മലിനീകരിക്കപ്പെട്ട കുടിവെള്ളമാണ്.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കുടിവെള്ളം ഒരേ സമയം അവശ്യവസ്തുവും ദുർല്ലഭവസ്തുവുമാണ്. സമഗ്രമായ ഒരു ജലമാനേജ്മെൻറിലൂടെ മാത്രമേ 'എല്ലാവർക്കും കുടിവെള്ളം' എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ കഴിയുകയുള്ളൂ.

ഇനി നമുക്ക് കുടിവെള്ളപ്രശ്നത്തെ നമ്മുടെ പഞ്ചായത്തിലെ സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി പരിശോധിച്ച് പ്രശ്നപരിഹാരം നിർദ്ദേശിക്കാം.

ഓരോ പ്രദേശത്തിൻെറയും ഭൂപ്രകൃതി, സമാനപ്രശ്നങ്ങൾ, പ്രത്യേക പ്രശ്നങ്ങൾ, സാദ്ധ്യത എന്നിവ കണക്കിലെടുത്ത് ഓരോ പ്രദേശത്തിനും അനുയോജ്യമായ വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ ലക്ഷ്യത്തിലെത്തണം. കാരണം, വെള്ളത്തിൻെറ സൂക്ഷ്മോപയോഗം വളരെ പ്രധാനമാണ്.

നമ്മുടേത് ഒരു തീരദേശപ്പഞ്ചായത്താണ്. കിഴക്ക് കനോലികനാലും കൊടുങ്ങൂക്കായലും. പടിഞ്ഞാറ് അറബിക്കടൽ, അവിടെ ഉപ്പുവെള്ളമേയുള്ളൂ; കുടിവെള്ളം സ്വന്തമായില്ല എന്നർത്ഥം - പുറത്തുനിന്നും വെള്ളം എത്തിച്ചുകൊടുക്കേണ്ടിവരും. എന്നാൽ ഇതിനു നടുക്കുള്ള വാർഡുകളിൽ (നാല്, അഞ്ച്, ആറിൻെറ പകുതി, ഏഴ്, എട്ടിൻെറ പകുതി) ഉപ്പുവെള്ളത്തിൻെറ പ്രശ്നമില്ല. ഈ വാർഡുകളിൽ സ്വന്തമായുള്ള കുടിവെള്ളത്തിൻെറ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്താം.

### ജലവിനിയോഗ രീതി

I. പൈപ്പുവെള്ളം

a) ഒന്ന്, രണ്ട്, മൂന്ന്, ആറിൻെറ കിഴക്കേപ്പകുതി എന്നീ കിഴക്കൻ മേഖലാ കായലോര വാർഡുകളിലും ഒമ്പതിൻെറ പടിഞ്ഞാറെപ്പകുതി, പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് എന്നീ പടിഞ്ഞാറൻ കടലോരവാർഡുകളിലും പൈപ്പുവെള്ളം എത്തിയ്ക്കുക.

b) ജനങ്ങാം തിങ്ങിപ്പാർക്കുന്ന കോളനികളിലും, കിണർ കുഴിച്ചാലും ശുദ്ധജലം കിട്ടാത്ത ചില പ്രത്യേക പ്രദേശങ്ങളിലും പൈപ്പുവെള്ളം എത്തിയ്ക്കുക.

1. ഗോതുരുത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാനായി അവിടേയ്ക്ക് പ്രത്യേകമായി ഒരു വാട്ടർ ടാങ്ക്. അതു സാദ്ധ്യമല്ലെങ്കിൽ, ഇതിനായി ഉടൻ വേണ്ടത്, പഞ്ചായത്തു മുറ്റത്തെ കാലിയായി കിടക്കുന്ന ജലസംഭരണി നിറച്ച് ടാങ്കിലെ വെള്ളം അങ്ങോട്ടു വിടുക. ബാക്കിയുള്ളത് വെളുത്ത കടവുമുതൽ തെക്കോട്ടുള്ള കനോലിത്തീരത്തും വിതരണം ചെയ്യുക. സാധിക്കുമെങ്കിൽ, അഞ്ചാം പരിത്തിയിലെ കോളനിയിലും വിതരണം ചെയ്യുക. കിഴക്കൻ തീരത്തെ ആവശ്യം കഴിഞ്ഞു ബാക്കി വരുന്ന വെള്ളം മാത്രമേ കോളനിയിലേയ്ക്കും മറ്റും വിട്ടുകൊടുക്കുവാൻ പാടുള്ളു.

2. പഞ്ചായത്തു മുറ്റത്തെ വാട്ടർടാങ്കിലെ വെള്ളം, ഗോതുരുത്തിലേയ്ക്കു മാത്രമേ തികയു എന്നുണ്ടെങ്കിൽ, കിഴക്കൻ തീരത്തേയ്ക്ക് ആമണ്ടൂർ വാട്ടർ ടാങ്കിലെ വെള്ളം ഉപയോഗിക്കാം.

3. കളരിപ്പറമ്പ്, ഊമങ്കുളം, വെഴവന, കോതാസ് (ആമണ്ടൂർ), പത്തഴക്കാട് എന്നീ കോളനികളിലെയും, ആമണ്ടൂർ മുതൽ പൂന്തുവനപ്പറമ്പ് റേഷൻ പീടിക വരെയുള്ള തെക്കുവടക്ക് നെടുംചിറയെയും ബന്ധിപ്പിച്ചുകൊണ്ട് ആമണ്ടൂർ വാട്ടർ ടാങ്കിൽ നിന്നും ഒരു പൈപ്പ് ലൈൻ.

4. ഒമ്പതിൻെറ പടിഞ്ഞാറെപ്പകുതി, പതിനൊന്ന്, പതിമൂന്ന്, പന്ത്രണ്ടിൻെറ തെക്കേപ്പകുതി എന്നീ കടലോര വാർഡുകളിലായി കട്ടൻ ബസാറിലെ വാട്ടർടാങ്കിൽ നിന്നും വിതരണം ചെയ്യുക.

5. പന്ത്രണ്ടിൻെറ വടക്കേപ്പകുതി, പത്ത് എന്നീ കടലോരവാർഡുകാംക്കും ഏഴാം വാർഡിലെ പോഴങ്കാവ്, ശ്രീനാരായണപുരം എന്നീ കോളനികാംക്കുമായി പോഴങ്കാവ് വാട്ടർ ടാങ്കിൽ നിന്നും വെള്ളം തിരിച്ചു വിടുക.

### അടിയന്തിരമായി ചെയ്യേണ്ടത്

1. കാലിയായി കിടക്കുന്ന വാട്ടർ ടാങ്കുകാം നിറച്ച് ജലവിതരണം തുടങ്ങുക.

2. ജലവിതരണാവകാശം പഞ്ചായത്തുകാംക്കായിരിക്കണം. കരുവന്നൂരിൽനിന്നും വരുന്നവെള്ളം ദൂരക്കൂടുതൽ മൂലം വഴിക്ക് വച്ച് നഷ്ടപ്പെട്ടുപോവുകയാണ്. ഇന്ന് ഓരോ ടാപ്പിനും 800 ക വീതം നല്കി പഞ്ചായത്ത് നഷ്ടം സഹിച്ചുകൊണ്ടിരിക്കുകയുമാണ്. എന്നാൽ, യഥാസമയം വെള്ളം കിട്ടുന്നില്ല. പഞ്ചായത്ത് ഇങ്ങനെ ചെലവാക്കിക്കൊണ്ടിരിക്കുന്ന പണം ഒന്നിച്ചു ചെലവഴിക്കാൻ സാധിക്കത്തക്കവിധം ധനം സ്വരൂപിക്കുകയാണെങ്കിൽ, കുറ്റമറ്റതും ആദായകരവുമായ ഒരു ജലവിതരണസമ്പ്രദായം ആവിഷ്കരിക്കാൻ കഴിയും.

3. ഉപ്പ് കയറുന്ന പ്രദേശത്ത്, തോടുകളും ചിറകളും നിറഞ്ഞ പ്രദേശത്ത് അഞ്ച് വീടുകാംക്ക് ഒരു ടാപ്പ് എന്ന രീതിയിൽ സ്ഥാപിക്കണം.

ചുരുക്കത്തിൽ, പൈപ്പുവെള്ളത്തിൻെറ വിതരണം തീരദേശ വാർഡുകാംക്കും കോളനികാംക്കും മാത്രമായി ഒതുക്കി നിർത്താം.

### അനുബന്ധം

ഓരോ വാർഡിലും പുതുതായി വാട്ടർ ടാപ്പ്, എവിടെയൊക്കെ വേണം?

### II കിണർ വെള്ളം

ഇടയിൽക്കിടക്കുന്ന വാർഡുകളായ നാല്, അഞ്ച്, ആറിൻെറ പടിഞ്ഞാറെപ്പകുതി, ഏഴ്, എട്ടി

ൻെറ കിഴക്കേപ്പകുതി, ഒമ്പതിൻെറ കിഴക്കേപ്പകുതി എന്നിവയ്ക്ക് സമാനപ്രശ്നങ്ങളേയുള്ളു - പ്രത്യക പ്രശ്നങ്ങളില്ല. അവയ്ക്ക് കുടിവെള്ളം തദ്ദേശീയമായിത്തന്നെ ലഭ്യമാക്കണം- കിണറുകൾ വഴി.

### അനുബന്ധം :-

1. ഓരോ വാർഡിലും നിലവിലുള്ള പൊതുക്കിണറുകൾ, വൃത്തിയായി വീണ്ടുമുപയോഗിക്കാവുന്നവ
2. പുതുതായി പൊതുക്കിണർ വേണമെങ്കിൽ, വാർഡുതിരിച്ച് അവയുടെ എണ്ണം.
3. കിണർ സ്വന്തമായി സ്ഥാപിക്കാനുദ്ദേശിക്കുന്നവർക്ക് ജെ. ആർ. വൈ. തുടങ്ങിയ പദ്ധതികളിലൂടെ സബ്സിഡി ആനുകൂല്യം.

## കിണർ നിലനിർത്താനുള്ള സംവിധാനം

പഞ്ചായത്തു - ഗ്രാമസഭാതലങ്ങളിൽ നിരീക്ഷണം വേണം; അതിന്നു കീഴിൽ :

1. പരിസരത്തുള്ള കുളങ്ങൾ പാടങ്ങൾ എന്നിവ നികത്താതെ നോക്കണം (പഞ്ചായത്തിൻെറ അനുമതിയില്ലാതെ നികത്താൻ പാടില്ലെന്ന് നിഷ്കർഷിക്കണം.
2. കുളവും പാടവും എന്നു വേണ്ട സകല കുണ്ടും കുഴിയും, മടൽ, ചപ്പുചവറുകൾ, മറ്റവശിഷ്ടങ്ങൾ, എന്നിവയിട്ട് നികത്താതിരിക്കാൻ.
3. കിണറും കക്കൂസിൻെറ ഔട്ട്ലെറ്റും തമ്മിൽ, കിണറും തൊഴുത്തും തമ്മിൽ പത്തു മീറ്റർ അകലം ദീക്ഷിക്കുന്നുണ്ടോയെന്നുറപ്പുവരുത്താൻ.

### കക്കൂസുകൾ

തെറ്റായ മലവിന്യാസം കുടിവെള്ളം മലിനമാക്കുകയും മഞ്ഞപ്പിത്തത്തിനും, കോളറ, അതിസാരം തുടങ്ങിയ വയറിളക്കരോഗങ്ങൾക്കും വിരശല്യത്തിനും കാരണമാകുകയും ചെയ്യുന്നു. തുറസ്സായ സ്ഥലങ്ങളിലെ മല വിസർജ്ജനം തടയപ്പെടേണ്ടതുണ്ട്. മാത്രവുമല്ല, മലം വിന്യസിക്കപ്പെടുന്നത് വേണ്ടത്ര ഗുണനിലവാരമുള്ളതും രോഗസംക്രമണശേഷിയെ ചെറുക്കാൻ കഴിവുള്ളതുമായ കക്കൂസുകളിലാണെന്ന് ഉറപ്പുവരുത്തുകയും വേണം.

### അനുബന്ധം

1. ഓരോ വാർഡിലും പുതുതായി എത്ര കക്കൂസ് വേണം, എവിടെയൊക്കെ വേണം.
2. കേടുവന്നവ എത്ര (പൊട്ടി ഒലിയ്ക്കുന്നവ) എവിടെയൊക്കെ? (പ്രത്യേകിച്ച് കോളനികളിൽ)
3. സെപ്റ്റിക് ടാങ്ക് വേണമെങ്കിൽ, മാറ്റി സ്ഥാപിക്കേണ്ടതിൻെറയും പുതിയതിൻെറയും എണ്ണം.

വേണ്ടത്ര സാമ്പത്തിക ശേഷിയുണ്ടായാലും കക്കൂസ് സ്ഥാപിക്കാതെ തുറസ്സായ സ്ഥലങ്ങളിൽ കാര്യം യഥാവിധി നിർവ്വഹിക്കുന്നവർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിനെ ഒരു സാമൂഹിക പ്രശ്നമായിക്കണ്ട്, അത്തരത്തിലുള്ളയാളുകളെ കണ്ടെത്തി, നിർബന്ധപൂർവ്വം അവരെക്കൊണ്ട് കക്കൂസുകൾ പണിയിപ്പിക്കണം. തീരദേശവാർഡുകളിലാണ് ഈ പ്രശ്നം ഏറ്റവും രൂക്ഷം.

### ആരോഗ്യം

നമ്മുടെ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത് പഞ്ചായത്തിൻെറ പടിഞ്ഞാറെ അറ്റത്താണ്. തീരദേശവാർഡുകൾക്കെ അതിൻെറ പ്രയോജനം കിട്ടുന്നുള്ളൂ. മാത്രവുമല്ല, അതിൻെറ ബാലാരിഷ്ടത പോലും നീങ്ങിയിട്ടില്ല. ഉടൻ ചെയ്യേണ്ടത്:

1. പണിപൂർത്തിയായ ആശുപത്രി വാർഡ് എത്രയും വേഗം ആശുപത്രിയുടെ അധികാരികൾക്ക് കൈമാറണം.
2. ഡോക്ടറുടെ എണ്ണം രണ്ടായി വർദ്ധിപ്പിക്കണം.
3. മരുന്ന് ജില്ലാ സ്റ്റോറിൽനിന്നും യഥാസമയം കുടുംബക്ഷേമ കേന്ദ്രങ്ങളിലെത്തിക്കാനുള്ള സംവിധാനം പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തണം.
4. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗാണു പരിശോധനാ സൌകര്യം (ക്ലീനിക്കൽ

പാത്തോളജി) ഏർപ്പെടുത്തുകയും ഒരു ടെക്നീഷ്യനെ നിയമിക്കുകയും വേണം.

5. ഡോക്ടർക്ക് ക്വാർട്ടേഴ്സ് ഏർപ്പെടുത്തണം.
6. ഡോക്ടർ മാസാമാസം മുൻ നിശ്ചയിച്ച ഒരു പ്രത്യേക ദിവസം സബ്സെൻററിൽ വന്ന് രോഗികളെ പരിശോധിക്കാനുള്ള സംവിധാനമേർപ്പെടുത്തണം. അങ്ങനെയാണെങ്കിൽ, പഞ്ചായത്തിൻെറ നടുവിൽ കിടക്കുന്ന വാർഡുകൾക്കും കിഴക്കൻ തീരദേശ വാർഡുകൾക്കും ഹെല്ത്തു സെൻററിൻെറ പ്രയോജനം കിട്ടും.
7. പബ്ലിക് ഹെല്ത്ത് നഴ്സുമാരും ഹെല്ത്ത് ഇൻസ്പെക്ടർമാരും സ്ഥിരമായി വീടുകൾ കയറിയിറങ്ങുന്നുണ്ടെന്നുറപ്പുവരുത്താൻ ഈ രണ്ടു ഗ്രാമസഭകൾ ചേർന്ന് സബ് സെൻറർ തലത്തിൽ നിരീക്ഷണ സംവിധാനം.
8. ആഴ്ചതോറും കുടിവെള്ള സാമ്പിളെടുക്കാനും അത് താമസംവിനാ പരിശോധിക്കാനുമുള്ള സംവിധാനം. അതിനുള്ള സൌകര്യം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഏർപ്പെടുത്തുന്നതാണ് നല്ലത്. (സാമ്പിളുകൾ ഉപഭോക്താക്കൾക്കും ഗ്രാമസഭാ പ്രവർത്തകർക്കും ശേഖരിക്കാം)
9. രണ്ടായിരത്തിന് ഒന്നു വീതം കൂടുതൽ സബ് സെൻററുകൾ

## II. ശാന്തിപുരം ആയുർവ്വേദാശുപത്രി

ആയുർവ്വേദാശുപത്രി വളരെ ശോചനീയാവസ്ഥയിലാണ്. അതൊക്കെ മാറ്റി, കിടത്തി ചികിത്സ വീണ്ടും തുടങ്ങണം. അതിനുശേഷം ഒരു നിലകൂടി പണിത് സൗകര്യം വർദ്ധിപ്പിക്കാം.

### അനുബന്ധ കാര്യങ്ങൾ;

1. വീടുതോറും ഔഷധസസ്യം വച്ചുപിടിപ്പിക്കാനുള്ള ഒരു പദ്ധതി,
2. വ്യാവസായികാടിസ്ഥാനത്തിൽ താത്പര്യമുള്ളവർക്ക് മറ്റൊരു പദ്ധതിയുമാകാം.

പഞ്ചായത്തിലെ ജനങ്ങൾക്ക് ഇതിൻെറ പ്രയോജനം കിട്ടണം - ചികിത്സാച്ചെലവ് കുറയണമെന്നർത്ഥം.

## III ഹോമിയോ ക്ലീനിക്ക്

നമ്മുടെ പഞ്ചായത്തിൽ ഹോമിയോ ക്ലീനിക്ക് ഇല്ല. തീരദേശപദ്ധതിയിൽ ഉൾപ്പെടുത്തി (കോസ്റ്റർപ്രോജക്ട്) പഞ്ചായത്തിൻെറ മദ്ധ്യത്തിലായി (അഞ്ചാം വാർഡിലാകാം) ഒരു ഹോമിയോ ക്ലീനിക്ക് സ്ഥാപിക്കേണ്ടതാണ്.

## IV പ്രധാന രോഗങ്ങളുടെ താരതമ്യ പഠനം വേണം.

## V ദരിദ്രജനവിഭാഗങ്ങളെ ബാധിക്കുന്ന മാറാരോഗങ്ങൾക്ക് വൈദ്യസഹായത്തിനു പുറമേ ധനസഹായവും വേണം.

## VI ലഹരിവിമുക്ത പഞ്ചായത്ത്

നമ്മുടെ സംസ്ഥാനത്ത് മദ്യപാനത്തിനായി 5000 കോടി രൂപ ചെലവഴിക്കപ്പെടുന്നുണ്ട്. തന്മൂലമുള്ള രോഗനിവാരണത്തിനായി മറ്റൊരായ്യായിരം കോടി രൂപയും ചെലവഴിക്കപ്പെടുന്നുണ്ട്. (പഞ്ചായത്തിലെ കണക്ക് ലഭ്യമല്ല). രോഗാതുരത വർദ്ധിപ്പിക്കുന്നതും അദ്ധ്വാനശേഷി നശിപ്പിക്കുന്നതുമായ മദ്യപാനത്തെ ഇല്ലാതാക്കാൻ സമ്പൂർണ്ണ മദ്യനിരോധനം ആവശ്യമാണ്. മദ്യം കിട്ടാത്ത ഒരു അവസ്ഥ വന്നാലേ ബോധവൽക്കരണംകൊണ്ട് ഗുണമുള്ളൂ. ചാരായനിരോധനം കുറ്റമറ്റതാക്കുകയും അരിഷ്ഠത്തിൻെറയും മറ്റും പേരിലിറങ്ങുന്ന ചാരായം തടയപ്പെടുകയും മറ്റുതരം മദ്യങ്ങളും നിരോധിക്കുകയും ചെയ്താൽ അത് സമ്പൂർണ്ണാരോഗ്യത്തിലേക്കുള്ള കുതിച്ചുചാട്ടമായിരിക്കും. വനിതാക്ഷേമം അർത്ഥപൂർണ്ണമാവാനും അതത്യാവശ്യമാണ്. മദ്യത്തിനും മദ്യജന്യരോഗങ്ങളുടെ ചികിത്സക്കുമായി ചെലവാക്കപ്പെടുന്ന പണം പ്രത്യുത്പാദനമേഖലയിലേക്ക് തിരിച്ചുവിട്ടാൽ, മദ്യനിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് പുതിയ തൊഴിൽ നല്കാൻ കഴിയും.

മയക്കുമരുന്നുകൾക്കെതിരെ വ്യാപകമായ ബോധവത്കരണശ്രമങ്ങളുണ്ടായതോടെ അത് പുതിയ രൂപത്തിൽ അവതരിക്കുന്നതായാണ് കാണുന്നത് - മുറുക്കാൻെറ രൂപത്തിൽ. അതുപയോഗിക്കുന്നവരിൽ അതു കിട്ടാതിരിക്കുമ്പോൾ അസ്വാസ്ഥതയുടെ ലക്ഷണങ്ങളുണ്ടാകുന്നുവെങ്കിൽ, തീർച്ചയായും ആ മുറുക്കാൻ പൊതി

യിൽ മയക്കുമരുന്ന് കലർത്തിയിട്ടുണ്ട്. താംബൂല ചർവ്വണം ഒരു 'മാന്യമായ ശീല'മായതുകൊണ്ട് ദുരന്തം സർവ്വവ്യാപിയാകാനാണ് സാദ്ധ്യത. ഇതിൻെറ മുഖ്യഉപഭോക്താക്കാം വിദ്യാർത്ഥികളാണ്. സ്കൂഠം പരിസരത്തെ മുറുക്കാൻ കടയിലെ 'ചെലവേറിയ' ഇനം ഇതു തന്നെ!

**മൃഗക്കശാപ്പുകേന്ദ്രം**

1. അറവുമൃഗങ്ങളെ മൃഗഡോക്ടർ പരിശോധിച്ചിരിക്കണം.
2. അവശിഷ്ടങ്ങാം പരിസരങ്ങളിൽ തള്ളുന്നില്ലെന്ന് ഉറപ്പുവരുത്തണം. (കോതപറമ്പിലെ പ്രശ്നം ഉദാഹരണം)
3. നിരത്തുവക്കിലെ മാംസവില്പന നിരോധിക്കണം.

**VII** തെരുവോരങ്ങളിൽ ചത്തടിയുന്ന പക്ഷിമൃഗാദികളുടെ ശവശരീരം താമസംവിനാ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം വേണം.

**VIII** പഞ്ചായത്തുതലത്തിൽ ഒരു പൊതു വൈദ്യുതി ശ്മശാനം.

**IX** മത്സ്യാവശിഷ്ടങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നു കൊണ്ടു വരുന്ന കാഷ്ഠങ്ങളും മറ്റും ഇവിടെ ഇറക്കുന്നതിനു മുമ്പായി പരിസരവാസികളുടെ ആരോഗ്യത്തിന് ഹാനികരമല്ലെന്ന് ഉറപ്പുവരുത്തണം.

**X** അറുപത് വയസ്സു കഴിഞ്ഞവർക്കായി ഒരു പ്രത്യേക ആരോഗ്യസംരക്ഷണ പരിപാടി:

1. ആരോഗ്യസേവനത്തിൻെറ കാര്യത്തിൽ ഇവർക്ക് മുൻതൂക്കം.
2. പെൻഷൻ വേണ്ടവർക്ക് - അവർക്കു മാത്രം പെൻഷൻ.
3. ഉറ്റവരും ഉടയവരുമില്ലാത്തവർക്കും വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു പരിചരണാലയം (കെയർ ഹോം).

**നിലവിലുള്ള വാട്ടർ ടാപ്പ് സംബന്ധിച്ച വിവരം**


| വാർഡുകാം | I | II | III | IV | V | VI | VII | VIII | IX | X | XI | XII | XIII |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ടാപ്പുകളുടെ എണ്ണം | 35 | 10 | 27 | 14 | 5 | 12 | 12 | 15 | 21 | 32 | 30 | 26 | - |

XIII-ാം വാർഡിൻെറ പ്രത്യേകം കണക്ക് തിരിച്ചിട്ടില്ല.
X-ാം വാർഡിൻെറ കണക്കിൽപ്പെടും (ഇത് വിഭജിച്ചതാണ്).





410



# വ്യവസായം

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. പരമ്പരാഗത മേഖലയിൽ കയർ വ്യവസായവും, തഴപായ നെയ്ത്തുമാണ് നിലവിലുള്ളത്. വളരെ കുറഞ്ഞ കൂലി നിരക്കിൽ പ്രവർത്തിച്ചിട്ടും കയർ സഹകരണ സംഘങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ ഗ്രാമപഞ്ചായത്തിൽ ഒരു കയർ വ്യവസായ സഹകരണസംഘമാണ് ഉണ്ടായിരുന്നത് - ആല കയർ വ്യവസായ സഹകരണസംഘം - കയർ തൊഴിലാളികൾ തിങ്ങി താമസിക്കുന്ന ഭാഗമായിട്ടുപോലും ഇന്ന് ഈ സംഘം ഫലത്തിൽ പ്രവർത്തിക്കുന്നില്ല. അതുമൂലം ഒട്ടേറെ കയർതൊഴിലാളികൾ വ്യാവസായികമായി അനാഥരാണെന്ന് പറയാം. പഴയകാലത്ത് വളരെ പ്രതാപത്തോടെ നിലനിന്നിരുന്ന ഒരു സഹകരണസംഘമായിരുന്നു പ്രസ്തുത സംഘം. കാലങ്ങൾ ചെന്നിട്ടും പഴയ സമ്പ്രദായത്തിൽ തന്നെ കയർ പിരി നടത്തിയതുകൊണ്ട് പ്രസ്തുത സംഘം നഷ്ടത്തിന്റെ കയങ്ങളിലേക്കിറങ്ങി. തക്കസമയത്ത് പ്രസ്തുത സംഘത്തെ ആധുനികവൽക്കരിക്കുകയായിരുന്നു എങ്കിൽ ഈ ഗ്രാമപഞ്ചായത്തിലെ ആലാ ദേശത്തെ തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്ന രീതിയിൽ ഈ സംഘത്തെ വളർത്തികൊണ്ട് വരാമായിരുന്നു. നമ്മുടെ പഞ്ചായത്തിലല്ലെങ്കിൽ പോലും പ്രവർ ത്തനപരിധിയാൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ വ്യാപിച്ചുകിടക്കുന്ന മറ്റൊരു കയർ വ്യവസായ സഹകരണ സംഘമാണ് പൂവത്തുംകടവ് കയർ വ്യവസായ സഹകരണസംഘം. പ്രസ്തുത സംഘത്തിന്റെ പ്രവർത്തനപരിധി നമ്മുടെ ഗ്രാമപഞ്ചായത്തിലെ നെൽപണി ദേശവും ഉൾപ്പെടുന്നു. ഈ സംഘത്തിനും സാമ്പത്തികമായ പ്രയാസങ്ങൾ ഒട്ടേറെ ഉണ്ടായിരുന്നുവെങ്കിലും ആധുനിക യന്ത്രസാമഗ്രികൾ ഉപയോഗിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംഘത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നിർജ്ജീവമായി കിടക്കുന്ന ആല കയർ വ്യവസായ സഹകരണ സംഘത്തെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുജ്ജീവിപ്പിക്കുകയാണെങ്കിൽ ഈ ഗ്രാമപഞ്ചായത്തിലെ സ്ത്രീതൊഴിലാളികൾക്ക് ഒരു ആശ്വാസം കണ്ടെത്താൻ കഴിയും.

ഈ ഗ്രാമപഞ്ചായത്തിന്റെ കടലോര വാർഡുകളായ 10, 11, 12, 13 എന്നിവയിലും പഴയകാലത്ത് കുടിൽ വ്യവസായം എന്ന രീതിയിൽ കയർ പിരി നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. കാലപഴക്കത്താൽ, അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം മൂലവും പ്രസ്തുത വ്യവസായത്തോടുള്ള അഭിരുചി കുറവുമൂലവും ഇത് നാമാവശേഷമായിട്ടുണ്ടെങ്കിലും, അവിടവിടയായി ഇപ്പോഴും കണ്ടുവരുന്നു. അല്പമെങ്കിലും ഇപ്പോൾ അവിടെ കണ്ടുവരുന്നത്, ചില സ്വകാര്യ വ്യക്തികൾ തൊണ്ട് ശേഖരിച്ച് സ്ഥിരം തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിച്ച് ചകിരിയാക്കി ദൂരസ്ഥലങ്ങളിലേക്ക് കയറ്റി അയക്കുന്ന അവസ്ഥയാണ്. ആധുനിക രീതിയിലുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ചകിരി ഉണ്ടാക്കുന്നതിനും കയറും അനുബന്ധ ഉത്പന്നങ്ങളും നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുന്നോട്ട് വരികയാണെങ്കിൽ, കടലോര മേഖലയിൽ വളരെയധികം സ്ത്രീപുരുഷ തൊഴിലാളികൾക്ക് ആശ്വാസം നൽകാവുന്നതാണ്.

കയർ വ്യവസായം വിപുലീകരിക്കുയാണെങ്കിൽ അതിൽ നിന്നും ഉപയോഗശൂന്യമായിപോകുന്ന ചകിരിചോറ് ഉപയോഗിച്ച് ജൈവവളം ഉല്പാദിപ്പിക്കുന്നതിനും, ഈ മേഖലയിൽ കുറെ അധികം

പേർക്ക് തൊഴിലും, തദ്വാരാ ഇന്ന് കർഷകർ അനുഭവിക്കുന്ന ജൈവവളത്തിൻെറ ബുദ്ധിമുട്ടും ഏറെക്കുറെ പരിഹരിക്കാവുന്നതാണ്. ഇതുമൂലം മലിനമായിക്കൊണ്ടിരിക്കുന്ന കായൽ ജലം മലിനീകരണത്തിൽ നിന്നും മോചിപ്പിക്കാൻ കഴിയും.

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ വ്യാപകമായി നിലനിൽക്കുന്ന ഒരു കുടിൽ വ്യവസായമാണ് തഴപായ നെയ്ത്ത്. സ്ഥിതി വിവരക്കണക്കുകളനുസരിച്ച് കേരളത്തിൽ ഏറ്റവും കൂടുതൽ തഴപായ ഉല്പാദിപ്പിക്കുന്നത് കൊടുങ്ങല്ലൂർ താലൂക്കിലാണ്. ഈ തൊഴിൽ ഭൂരിഭാഗവും സ്ത്രീകളാണ് ചെയ്യുന്നത്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം വീട്ടുജോലിയും പായനെയ്ത്തും ഒരുമിച്ചുകൊണ്ടുപോകാൻ സാധിക്കുമെന്നതാണ് ഈ കുടിൽ വ്യവസായത്തിൻെറ പ്രത്യേകത. ആദ്യകാലങ്ങളിൽ പായനെയ്ത്തിൻെറ അസംസ്കൃതവസ്തുവായ തഴ കുറഞ്ഞവിലക്ക് സുലഭമായി ലഭിച്ചിരുന്നു. എന്നാൽ കഴിഞ്ഞ കുറെ കൊല്ലങ്ങളായി തഴയുടെ ലഭ്യത കുറഞ്ഞുവരികയാണ്. വയൽ നികത്തിയും, കൈതവെട്ടിയും മറ്റു കൃഷികൾ ചെയ്യുന്നതിനാൽ ആണ് തഴക്ക് ദൗർലഭ്യം വരുവാനുള്ള കാരണം. ഇന്ന് ഈ കുടിൽവ്യവസായം തകർച്ചയുടെ വക്കത്താണ്. ഇപ്പോൾ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നു. മറ്റു പ്രദേശങ്ങളിൽ നിന്നും തഴ കൊണ്ടുവന്ന് അമിതമായ വിലക്ക് വിൽക്കുന്നതുകൊണ്ട് തൊഴിലാളികൾക്ക് വേണ്ടത്ര ആദായം ലഭിക്കുന്നില്ല. ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ.

1. കൈത വ്യാപകമായി കൃഷി ചെയ്യുക.
2. കർഷകർക്ക് സബ്സിഡി നിരക്കിൽ കൈതചെടിയും വളങ്ങളും നൽകുക.
3. ശാസ്ത്രീയമായി കൈത കൃഷി കൊണ്ടുവരിക.
4. ആദായകരമായി തഴ ലഭ്യമാക്കുന്നതിനും ഉല്പന്നങ്ങളുടെ വിപണനത്തിനും മറ്റും പഞ്ചായത്തടിസ്ഥാനത്തിൽ തഴപായ സൊസൈറ്റി രൂപീകരിക്കണം.
5. മേന്മയേറിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം കർഷകർക്ക് നൽകേണ്ടതാണ്.

**കോഴിവളർത്തൽ വ്യവസായം:** ഇന്ന് ഇറച്ചിക്കും, മുട്ടക്കും ആയി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടാണ് നമുക്കുള്ളത്. നമ്മുടെ പഞ്ചായത്തിൽ തന്നെ സഹകരണ അടിസ്ഥാനത്തിൽ തൊഴിൽരഹിതരെ സംഘടിപ്പിച്ച് ആദായകരമായി ചെയ്യാവുന്ന ഒരു വ്യവസായമാണ് കോഴിവളർത്തൽ. ഈ വ്യവസായം മൂലം കുറച്ച് പേർക്ക് തൊഴിൽ ലഭിക്കുവാനും ഇന്ന് ഇറച്ചിക്കും, മുട്ടക്കും അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കുകയും ആവാം.

**ചെറുകിട സോപ്പ് നിർമ്മാണം:** നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും കുളിക്കുന്നതിനും, വസ്ത്രം കഴുകുന്നതിനുമായി ലക്ഷക്കണക്കിന് രൂപയുടെ സോപ്പ് ഉല്പന്നങ്ങൾ ഉപയോഗിക്കുന്നവരാണ്. ഇതാവട്ടെ ടാറ്റയും, ബിർളയും ഉൾപ്പെടുന്ന വൻകിട വ്യവസായികളുടെ ഉല്പന്നങ്ങളാണ്. പ്രാദേശിക അടിസ്ഥാനത്തിൽ ഏകദേശം ഇതേ നിലവാരം നിലനിർത്താവുന്ന തരത്തിൽ പഞ്ചായത്തിലെ താല്പര്യമുള്ള വിവിധ ഗ്രൂപ്പുകളെ കണ്ടെത്തി ഒരേ ലേബലിൽ വിപണനം നടത്താൻ കഴിയുന്ന രീതിയിൽ സോപ്പ് ഉല്പാദിപ്പിക്കുന്ന ചെറുകിട യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

ഇത്തരത്തിൽ തന്നെ നിരവധി വ്യവസായ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ തുടങ്ങുവാനുള്ള ഒട്ടേറെ സാധ്യത ഇന്ന് നിലനില്ക്കുന്നുണ്ട്. അങ്ങിനെ തുടങ്ങുകയാണെങ്കിൽ തൊഴിൽരഹിതർക്ക് തൊഴിൽ നല്കി തൊഴിലില്ലായ്മ പരിഹരിക്കാവുന്നതാണ്.

തുടങ്ങാൻ സാധ്യതയുള്ള വ്യവസായ യൂണിറ്റിൻെറ ചുരുക്കം പേരുകൾ താഴെ ചേർക്കുന്നു.

1. മെഴുക് നിർമ്മാണം
2. നോട്ട്ബുക്ക് നിർമ്മാണം.
3. കറി പൗഡർ നിർമ്മാണം.
4. വറവ് പലഹാര നിർമ്മാണം.
5. അച്ചാർ നിർമ്മാണം.
6. പാക്ക് നിർമ്മാണം.
7. പപ്പട നിർമ്മാണം.
8. ഔഷധചെടി വളർത്തൽ.
9. ഇലക്ട്രോണിക് ചോക്ക് നിർമ്മാണം.
10. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.

11. ഐസ് നിർമ്മാണം.
12. കരകൗശല നിർമ്മാണം.
13. ഫർണിച്ചർ നിർമ്മാണം.
14. ആണി, സൂചി നിർമ്മാണം.

തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ വൈദ്യുതി, സാമ്പത്തികം, ശാസ്ത്രീയവും സാങ്കേതികവുമായ അറിവ് പകർന്നുകൊടുക്കൽ എന്നിവ സർക്കാർ ഭാഗത്തു നിന്ന് ദ്രുതഗതിയിൽ ലഭിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിന്റെ വികസനം ഏറെക്കുറെ മെച്ചപ്പെടുത്തുന്നതായിരിക്കും. നമ്മുടെ പഞ്ചായത്തിൽ സ്വകാര്യമേഖലയിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ സ്ഥിതിവിവരകണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫ്ളവർ മിൽ | - 42 എണ്ണം |
| റൈസ് മിൽ | - 3 എണ്ണം |
| എണ്ണയാട്ട് കേന്ദ്രം | - 5 എണ്ണം |
| മടൽ മിൽ | - 2 എണ്ണം |
| സോമിൽ | - 1 എണ്ണം |
| ഫർണിച്ചർ വർക്ക് | - 10 എണ്ണം |
| ബേക്കറി | - 4 എണ്ണം |
| കോൺക്രീറ്റ് കട്ട നിർമ്മാണം | - 10 എണ്ണം |
| ഓട്ടോമോബൈൽ ബോഡി ബിൽഡിംഗ് | - 2 എണ്ണം |
| ഇലക്ട്രോണിക് ചോക്ക് | - 1 എണ്ണം |
| കറി പൗഡർ യൂണിറ്റ് | - 4 എണ്ണം |
| വിനാഗിരി യൂണിറ്റ് | - 1 എണ്ണം |
| തഴപായ വ്യവസായ സഹകരണ സംഘം | - 1 എണ്ണം |
| റെഡിമെയ്ഡ് യൂണിറ്റ് | - 4 എണ്ണം |

മേൽ പറഞ്ഞവ കൂടാതെ വീടുകൾ കേന്ദ്രീകരിച്ച് നടത്തുന്ന ചെറുകിട വ്യവസായങ്ങളും നിലനിൽക്കുന്നുണ്ട്. ചെറുകിട സേവന വ്യാപാര/ബിസിനസ്സ് എൻറർപ്രൈസസ് (SSSBE).

സർവ്വീസും ബിസിനസ്സുമായി ബന്ധമുള്ളതും 5 ലക്ഷം രൂപവരെ മുതൽമുടക്കുള്ളതുമായ സംരംഭങ്ങൾ ഇതിൽ ഉൾപ്പെടുന്നു. മുതൽമുടക്കിൽ സ്ഥലവും കെട്ടിടവും ഉൾപ്പെടുന്നില്ല. ഫോട്ടോസ്റ്റാറ്റ് സെൻറർ, ടെലിപ്രിൻറർ, ഫാക്സു സെൻറർ, ബ്ലൂപ്രിൻറിങ് വർക്ക് തുടങ്ങിയവ SSSBE ക്കു ഉദാഹരണങ്ങളാണ്. ഈ പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിനു ലഭിക്കുന്നു.

ഗ്രാമീണ വനിതാ വ്യവസായ സംരംഭകർക്കു വേണ്ടി NABARD ഒട്ടേറെ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ARAWIND (Assistance to Rural Women in Non farm Development). സന്നദ്ധ സംഘടനകൾ മുഖേനയോ, ട്രസ്റ്റുകൾക്കോ ഈ വ്യവസായ പദ്ധതികൾ ഏറ്റെടുത്തു നടത്താവുന്നതാണ്.

ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള പ്രാരംഭചെലവ്, മേൽനോട്ടം, പരിശീലന പരിപാടികൾ, തൊഴിൽ വൈദഗ്ദ്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവക്കു വേണ്ട ചെലവുകളും അസംസ്കൃത വസ്തുക്കളുടെ വിതരണം, ഗുണനിലവാര നിയന്ത്രണം, വിപണനം എന്നിവക്കുള്ള ചെലവുകളും പദ്ധതി ഏറ്റെടുത്തു നടത്തുന്ന ഏജൻസികൾക്കു ലഭിക്കും. മദർ യൂണിറ്റുകളും, അവക്കു കീഴിൽ ഉപഗ്രഹയൂണിറ്റുകളും വഴിയാണ് ഈ പദ്ധതിക്കാവശ്യമായ ധനസഹായവും വായ്പയും ലഭിക്കുക. 15 ലക്ഷത്തിൽ താഴെ പദ്ധതി ചെലവുള്ള യൂണിറ്റുകളാണ് ഉപഗ്രഹയൂണിറ്റുകളായി തിരഞ്ഞെടുക്കപ്പെടുന്നവ. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ പദ്ധതി പഞ്ചായത്തിൽ നടപ്പിൽ വരുത്താൻ ശ്രമിക്കണം.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ ധന വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വിഭാഗ വികസന കോർപ്പറേഷൻ, സംസ്ഥാന ഹരിജൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖേന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളും ധനസഹായ നഷ്ടം ഉപയോഗപ്പെടുത്തി പഞ്ചായത്തിലെ തൊഴിൽ രഹിതരായ ആളുകളെ വ്യവസായരംഗത്തേക്കു ആകർഷിക്കാൻ കഴിയും. അതതു സമയങ്ങളിൽ ഏജൻസികൾ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും വിവരങ്ങളും സാധാരണ ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നതിലൂടെ മാത്രമേ ഈ ഗ്രാമം വിജയിക്കുകയുള്ളൂ.

വല നിർമ്മാണം:- നമ്മുടെ പഞ്ചായത്തിലെ തീരദേശ വാർഡുകളിൽ നല്ലൊരു ശതമാനം ആളുകൾ മത്സ്യബന്ധനം മുഖ്യ തൊഴിലാക്കിയിരിക്കുന്നു. മത്സ്യതൊഴിലാളികൾ ഉപയോഗിക്കുന്ന വല അന്യസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയാണ്. ആവ

ശ്യമായ അസംസ്കൃത വസ്തുക്കളും വൈദഗ്ദ്യവും ലഭിക്കുകയാണെങ്കിൽ ഇത് വ്യാവസായികമായിത്തന്നെ ഉല്പാദിപ്പിക്കാവുന്നതാണ്.

**പ്ലാസ്റ്റിക് ഉപകരണങ്ങളുടെ നിർമ്മാണം:-** നമ്മുടെ നാട്ടിൽ ഉപയോഗിക്കുന്ന മിക്കവാറും എല്ലാ പ്ലാസ്റ്റിക് ഉപകരണങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഉപയോഗശൂന്യമാക്കി കളയുന്ന പ്ലാസ്റ്റിക് റീ സൈക്കിൾ ചെയ്ത് വിവിധ പ്ലാസ്റ്റിക് ഉപകരണങ്ങൾ നിർമ്മിക്കാവുന്നതാണ്. ഇതിനാവശ്യമായ സാങ്കേതിക വൈദഗ്ദ്യം ലഭിക്കുകയാണെങ്കിൽ വളരെയധികം പേർക്ക് തൊഴിൽ നൽകുന്ന ഒരു വ്യവസായമായിരിക്കും.

**മിനി വ്യവസായ എസ്റ്റേറ്റ്:-** ഭാവിയിൽ സ്ഥലത്തിൻെറ ലഭ്യത കുറയുവാൻ സാധ്യതയുള്ളതിനാൽ ചുരുങ്ങിയത് മൂന്ന് ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റാക്കി വ്യവസായ സംരംഭകർക്ക് വാടകയ്ക്ക് കൊടുക്കുന്ന പദ്ധതി നടപ്പാക്കണം.

**വൈദ്യുത സംരക്ഷണം:-** വൈദ്യുതിയുടെ അമിത ഉപഭോഗം കുറയ്ക്കുന്നതിന് K.S.E.B., A.N.E.R.T. സർക്കാർ എന്നിവയുടെ സഹകരണത്തോടെ വീടുകളിൽ സോളാർ ലാംബുകൾ സ്ഥാപിക്കുക.

**വൻകിട വ്യവസായം:-** ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കുക.

വ്യവസായം തുടങ്ങാൻ താല്പര്യമുള്ള ഒട്ടേറെ വ്യക്തികൾ നമ്മുടെ ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്നുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ അത്തരം വ്യക്തികളെ കണ്ടെത്താൻ സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. ആയതിൻെറ ഭാഗമായി പഞ്ചായത്ത് ഓഫീസിൽ താല്പര്യമുള്ളവർക്ക് അവരുടെ ബയോഡാറ്റയും, മറ്റും രജിസ്റ്റർ ചെയ്യുന്നതിനായി Employment Exchangeൻെറ മാതൃകയിൽ ഒരു Section ആരംഭിക്കേണ്ടതും അവിടെ അപേക്ഷാ ഫോറങ്ങൾ പ്രിൻറ് ചെയ്ത് സൂക്ഷിക്കുന്നതും നന്നായിരിക്കും. അങ്ങിനെ ചെയ്താൽ താല്പര്യമുള്ളവർക്ക് അവരുടെ അഭിരുചിക്കനുസരിച്ച് പേർ രജിസ്റ്റർ ചെയ്യുന്നതിനും പഞ്ചായത്തിന് അത്തരം ആളുകളെ കണ്ടുപിടിക്കാനും കഴിയും. ഇവർക്ക് പഞ്ചായത്ത് തലത്തിൽ താല്പര്യമുള്ള വ്യവസായത്തെ സൂചിപ്പിക്കുന്ന തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നതും നല്ലതാണ്.

ശ്രീനാരായണപുരം പഞ്ചായത്തിൽ വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം, ചെറുകിട വ്യവസായ അസോസിയേഷൻ, പൊതു മേഖലാ സഹകരണ സ്ഥാപനങ്ങളുടെ സഹായം ലഭിക്കുന്നതിനും വ്യവസായത്തിന് ആവശ്യമായ വായ്പകൾ പെട്ടെന്ന് ലഭിക്കുന്നതിന്കൂടി പഞ്ചായത്ത് ഇടപെടേണ്ടതിൻെറ ആവശ്യകത നിലനിൽക്കുന്നു. കൂടാതെ ഈ രംഗത്തെ പ്രതിസന്ധിയുടെ മുഖ്യകാരണമായ വൈദ്യുതി ലഭ്യമാക്കുന്നതോടൊപ്പം ഗ്രൂപ്പ് വ്യവസായികളോ, പഞ്ചായത്തോ, അല്ലെങ്കിൽ ബ്ലോക്ക് തലത്തിലോ ഒരു മിനി പവർ സ്റ്റേഷൻ സ്ഥാപിച്ച് ഈ പ്രതിസന്ധി പരിഹരിച്ചാൽ വ്യവസായരംഗത്തേക്ക് സംരംഭകരെ ആകർഷിക്കാൻ കഴിയും. മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പൂർണ്ണമല്ല. ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ ചുരുങ്ങിയ കാലം കൊണ്ട് വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും. ●

# ഗതാഗതം

1. ശ്രീനാരായണപുരം പഞ്ചായത്തിൽ 90 കിലോ മീറ്റർ 545 മീറ്റർ റോഡുകളാണ് പഞ്ചായത്തിന്റേതായുള്ളത്. ഇതിൽ 18 കിലോമീറ്റർ റോഡുകളാണ് ടാറ് ചെയ്തിട്ടുള്ളത്. കോതപറമ്പ് മുതൽ വടക്ക് നമ്മുടെ പഞ്ചായത്ത് അതിർത്തി വരെ N.H. റോഡ് 5 കിലോമീറ്ററോളം ഉണ്ട്. P.W.D. റോഡുകൾ S.N.പുരം അസ്മാബി കോളേജ് റോഡ്, ടിപ്പുസുൽത്താൻ റോഡ് 10 കിലോമീറ്ററോളം ഉണ്ട്. പൊതുവെ നമ്മുടെ പഞ്ചായത്ത് റോഡിന്റെ സ്ഥിതികൾ വളരെ ശോചനീയവസ്ഥയാണ്. ഒട്ടുമിക്ക വാർഡുകളിലും റോഡുകളുടെ പോരായ്മ നിലനിൽക്കുന്നു. ഇത് പരിഹരിക്കാൻ ഒമ്പതാം പദ്ധതി ആസൂത്രണത്തിലൂടെ കഴിയുമെന്ന് നമുക്ക് വിശ്വസിക്കാം. ശ്രീനാരായണപുരം സെൻററിന്റെ (നട) പ്രാധാന്യം വർദ്ധിപ്പിക്കുന്നതിന് പൂവ്വത്തുംകടവ് പാലം പണി എത്രയുംവേഗം തുടങ്ങുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ഒന്നാം വാർഡിൽ 150ഓളം വീടും 1000ത്തോളം ജനങ്ങളും തിങ്ങി താമസിക്കുന്ന ആല-ഗോതുരുത്തിലെ ജനങ്ങളെ മെയിൻ റോഡുമായി ബന്ധപ്പെടുത്തുന്ന ഏക നടപ്പാലം ഏതു സമയത്തും വീഴാവുന്ന അവസ്ഥയിലാണ്. അത് പോലെതന്നെ റോഡിന്റെ സ്ഥിതിയും വളരെ ശോചനീയാവസ്ഥയാണ്. ആയതുകൊണ്ട് ഗോതുരുത്ത് പാലം ചിലവുകുറഞ്ഞ മാർഗ്ഗത്തിലൂടെ ഗതാഗതയോഗ്യമാക്കി പണിയുവാൻ ഒന്നാമതായി മുൻഗണന നൽകേണ്ടതാണ്.

ചുറ്റും വെള്ളത്താൻ ചുറ്റപ്പെട്ടുകിടക്കുന്ന ഗോതുരുത്തിനെ പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളുമായി ബന്ധപ്പെടുത്താൻ കല്ലുംപുറത്ത് നിന്നും ഗോതുരുത്തിലേക്ക് പാലം നിർമ്മിച്ചാൽ ഗതാഗതയോഗ്യമായ റോഡും പാലവും ചുരുങ്ങിയ ചിലവിൽ നിർമ്മിക്കുവാൻ കഴിയും.

2. കനോലി കനാൽ ആഴംകൂട്ടി ജലഗതാഗതത്തിന് സാദ്ധ്യമാക്കണം.

3. കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ വടക്കേ അതിർത്തി മുതൽ നമ്മുടെ പഞ്ചായത്തിന്റെ വള്ളിവട്ടംകടവ് വരെ തീരദേശറോഡ് നിർമ്മിക്കണം.

4. എടവിലങ്ങ് ചന്ത മുതൽ വടക്കോട്ട് ഇല്ലിച്ചോട് R.C. ചർച്ച്, അയ്യപ്പൻകാവ്, എമ്മാട്, വെസ്റ്റ് പെരിഞ്ഞനം, കയ്പമംഗലം വരെ എത്തുന്ന വെസ്റ്റ് റോഡ് പണിതീർത്ത് വാഹന ഗതാഗത യോഗ്യമാക്കുകയും ചെയ്യണം.

5. നമ്മുടെ പഞ്ചായത്തിന്റെ 2,4,5,3,6,8 വാർഡുകളുടെ പരിധിയിൽ വരുന്ന വളരെ പ്രാധാന്യമേറിയ ആല വെസ്റ്റ് റോഡിന്റെയും ത്രിവേണി ആമണ്ടൂർ റോഡും, S.N.K.U.P. സ്കൂൾ -ഉല്ലാസ് വളവ് റോഡും ടാർ ചെയ്യേണ്ടതാണ്. അതുപോലെ തന്നെ 26-ാം കല്ലിൽ നിന്നും പടിഞ്ഞാട്ടു പോകുന്ന ഗാന്ധി ശതാബ്ദി സ്മാരക റോഡ് താഴ്ന്ന പ്രദേശങ്ങൾ ഉയർത്തി ടാർ ചെയ്തു ഗതാഗത യോഗ്യമാക്കണം.

6. ഊമൻകുളം ഹരിജൻ കോളനിയിലേക്ക് 1972 മുതൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വഴി പഞ്ചായത്ത് ഏറ്റെടുക്കുകയും മെറ്റൽ ചെയ്യുകയും വേണം.

7. ചാണാടി അമ്പലം-S.N.K.U.P. സ്കൂൾ ലിംഗ് റോഡ് പണി പൂത്തിയാക്കണം.

8. ശ്രീനാരായണപുരം അതിയാരി പാലം വരെ കാന പണിത് വെള്ളകെട്ട് ഒഴിവാക്കണം. ഇതുമൂലം ശ്രീനാരായണപുരം ചന്തയിലേയും പനങ്ങാട് ഹൈസ്കൂളിൻെറ പരിസരത്തും ഉണ്ടാകുന്ന വെള്ളക്കെട്ടു ഒഴിവാക്കാൻ സാധിക്കും. ഈ പ്രവർത്തനം N.H.നെ കൊണ്ട് ചെയ്യിപ്പിക്കേണ്ടതാണ്.

9. S.N.പുരം അസ്മാബി കോളേജ് P.W.D. റോഡ് വീതി കൂട്ടി റീ ടാറിംഗ് ചെയ്യുകയും വെള്ളക്കെട്ട് ഒഴിവാക്കുവാൻ കാന പണിയുകയും ചെയ്യണം.

ശാന്തിപുരം-അച്ചിട്ടയിനി-പൊരിബസാർ റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം. പൊരിബസാറിൽ നിന്ന് കിഴക്കോട്ടുള്ള കല്ലുപുറം റോഡ് ടാർ ചെയ്യണം. ലിങ്ക് റോഡുകൾ മെൻറനൻസ് നടത്തണം.

10. നിലവിലുള്ള റോഡുകൾ സഞ്ചാര യോഗ്യമാക്കുന്നതിനും മറ്റു റോഡുകളുമായി ബന്ധപ്പെടുത്തുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടത്തണം. ഇത്തരം പ്രവർത്തനങ്ങൾക്ക് വാർഡിലുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം.

11. മുള്ളൻ ബസാർ പോഴംകാവ് വാട്ടർ ടാങ്ക് റോഡിൻെറ പണി ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കണം.

12. പോഴംകാവ് എം.എൽ.എ. റോഡ് കഴുവിലങ്ങ് റോഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്യണം.

13. അയ്യപ്പൻകാവ് സ്കൂൾ കഴുവിലങ്ങ് റോഡ് റീ മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

14. തെക്കൂടൻ ബസാറിൽ നിന്നും വടക്കോട്ടുള്ള റോഡ് കോളനി റോഡുമായി ബന്ധിപ്പിക്കണം.

15. ഫിഷറീസ് സ്കൂളിന് മുൻവശത്ത് കൂടി വടക്കോട്ടു പോകുന്ന റോഡ് വടക്ക് പഞ്ചായത്ത് അതിർത്തി വരെ എത്തിക്കണം. കൂനിയാറ അറപ്പയ്ക്ക് കുറുകെ പാലം നിർമ്മിക്കണം.

16. വാഴൂർ ടെമ്പിൾ ബീച്ച് റോഡ് ഫോർഷോർ റോഡ് ടാർ ചെയ്യണം. മാംബി ബസ്സാർ-അയ്യപ്പൻകാവ് സ്കൂൾ റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

17. 12-ാം വാർഡിലെ വളരെ പ്രധാനമായ R.C. ചർച്ച് റോഡ് 36 വർഷമായി യാതൊരു അറ്റകുറ്റപ്പണികളും നടത്താതെ ഗതാഗത യോഗ്യമല്ലാതായിരിക്കുകയാണ്. ആയതുകൊണ്ട് ഈ റോഡിൻെറ പണി നടത്തുവാൻ ശ്രദ്ധ ചെലുത്തണം.

18. നടന്നുപോകുന്ന എല്ലാ തോടുകൾക്ക് കുറുകെയും നടപ്പാലം നിർമ്മിക്കണം.

19. കളരിപ്പറമ്പ് ഹരിജൻ കോളനിക്ക് റോഡ് നിർമ്മിക്കണം.

20. ആല അംബേദ്കർ ഹരിജൻ കോളനിയിലേക്ക് റോഡ് നിർമ്മിക്കണം.

21. വള്ളിവട്ടം അഞ്ചങ്ങാടി ബീച്ച് റോഡ് റീ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

22. വള്ളിവട്ടം കടവിൽ ചങ്ങാടം ഏർപ്പെടുത്തണം.

23. N.H. 17-ലെ വീതികുറഞ്ഞ പാലങ്ങൾ വീതി കൂട്ടി പണിയണം.

24. ആമണ്ടൂർ നിന്ന് പടിഞ്ഞാറ് വശത്ത് വാട്ടർ ടാങ്കിന് അടുത്ത്നിന്ന് തെക്കോട്ട് എടവിലങ്ങിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.

25. പുത്തൻകാട്ടിൽ ക്ഷേത്രം മുതൽ പടിഞ്ഞാറോട്ടുള്ള റോഡ് മെറ്റൽ ചെയ്യണം.

26. പുതുമനപ്പറമ്പ് - പത്താഴക്കാട് റോഡിൽ ടാർ ചെയ്യുവാനുള്ള ബാക്കി ഭാഗം ടാർ ചെയ്യണം.

27. ചാണാടി അമ്പലം റോഡ് മെറ്റൽ ചെയ്യുകയും, ചെന്തെങ്ങ് ബസാറിലേക്ക് മുട്ടിക്കുകയും വേണം.

28. S.N.K.U.P. സ്കൂളിന് തെക്കുവശത്ത് കലുങ്ക് പണിത് പ്രസ്തുത റോഡ് മെറ്റൽ ചെയ്യണം.

29. കാട്ടൂർ കുഞ്ഞാണ്ടി വൈദ്യരുടെ വൈദ്യശാലയുടെ സമീപത്ത് നിന്നും പത്താഴക്കാട്ടിലേക്ക് പോകുന്ന റോഡിലെ വെള്ളക്കെട്ടു ഒഴിവാക്കി റോഡ് മെറ്റൽ ചെയ്യണം.

30. പുതുമനപ്പറമ്പ് അയിനിപ്പിള്ളി ക്ഷേത്രം റോഡ് വെള്ളക്കെട്ട് ഒഴിവാക്കി ഗതാഗത യോഗ്യമാക്കണം.

31. Dr. സിദ്ധാർത്ഥൻെറ മുൻവശത്ത് കൂടി പുതുമനപ്പറമ്പിലേക്ക് ഉള്ള റോഡിന് വീതികൂട്ടി ഗതാഗത യോഗ്യമാക്കുകയും പുതുമനപ്പറമ്പ്-വെളുത്തകടവ് ലിങ്ക് റോഡുമായി ബന്ധിപ്പിക്കുകയും വേണം.

32. മൂവ്വപ്പാടം പുഞ്ചപ്പാടം റോഡ് കലുങ്കുകൾ പണിത് വെള്ളക്കെട്ട് ഒഴിവാക്കി മെറ്റൽ ചെയ്തു സഞ്ചാര യോഗ്യമാക്കണം.

33. കുഞ്ഞയനി പതിയാശ്ശേരി കട്ടൻ ബസാർ റോഡ് ടാർ ചെയ്യണം.

34. എടവിലങ്ങ് പത്തായക്കാട് മുള്ളൻ ബസാർ റോഡ് ടാർ ചെയ്യണം.

35. വൃന്ദാവനത്തിനു വടക്കുവശം വടക്കോട്ട് എമ്മാട് റോഡിൽ നിന്നും പടിഞ്ഞാറ് ഭാഗത്തേക്ക് പോകുന്ന റോഡിൻെറ എർത്ത് വർക്ക് കഴിഞ്ഞിട്ടുള്ളതിനാൽ പഞ്ചായത്ത് ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കണം.

36. അഞ്ചങ്ങാടി അറപ്പതോട് പാലം അപകടത്തിൽ ആണ്. അത് വീഴാതിരിക്കാൻ സൈഡിൽ നിന്ന് ചാർ കെട്ടി സംരക്ഷിക്കണം.

37. പതിയാശ്ശേരി പള്ളിക്ക് തെക്ക് ഭാഗത്ത് ശ്രീനാരായണപുരം, എടവിലങ്ങ് പഞ്ചായത്തുകളെ വേർതിരിക്കുന്ന തോടിൻെറ വടക്കേ ഓരത്തുകൂടി പടിഞ്ഞാറോട്ട് പോകുന്ന റോഡ് നടന്നുപോകാൻ പോലും പറ്റാത്ത തരത്തിൽ പൂഴിയായി കിടക്കുകയാണ്. ഇത് എത്രയും വേഗം ഗതാഗത യോഗ്യമാക്കണം.

39. ഓളിപ്പള്ളി വേടവന റോഡ് നികത്തി സഞ്ചാരയോഗ്യമാക്കണം.

40. പൊന്നാംപടിക്കൽ അബ്ദുൾറഹിമാൻ മാസ്റ്ററുടെ വീടിന് മുൻവശത്തുകൂടെ പോകുന്ന റോഡ് പടിഞ്ഞാറോട്ട് നീട്ടി പൂതോട് ഗോപാലൻെറ വീടിന് പടിഞ്ഞാറു വശത്ത് പാടത്ത് വന്നിനിൽക്കുന്ന റോഡുമായി ബന്ധിപ്പിക്കണം.

| നമ്പർ | വാർഡ് | പേര് | ടാർ | മെറ്റൽ | കല്ല് | ആകെ |
|---|---|---|---|---|---|---|
| 1 | | N.H.17 | 5K.M. | - | - | 5K.M. |
| 2 | | P.W.D. S.N.പുരം, അസ്മാബി | 5.500K.M. | - | - | 5.500K.M. |
| 3 | | P.W.D. കോതപറമ്പ് കാര റോഡ് | 0.600K.M. | - | - | 0.600K.M. |
| 4 | | P.W.D. ടിപ്പുസുൽത്താൻ റോഡ് | 4K.M. | - | - | 4K.M. |
| 5 | I | മത്തുരുത്തികടവ് റോഡ് | 0.800K.M. | - | - | 0.800K.M. |
| 6 | " | വാസുദേവ വിലാസം ഗോതുരുത്ത് റോഡ് | - | 0.240K.M. | 0.760 | 1K.M. |
| 7 | " | 26-ാം കല്ല് റോഡ് | - | - | 0.800K.M. | 0.800K.M. |
| 8 | " | ആല ഗോതുരുത്ത് റോഡ് | - | - | 1.200K.M. | 1.200K.M. |
| 9 | " | ആംശകച്ചേരി പുഞ്ചക്കുളം റോഡ് | - | - | 0.270K.M. | 0.270K.M. |
| 10 | II | ജെ.ടി.എസ്. ആല വെസ്റ്റ് റോഡ് | 0.500K.M. | - | - | 0.500K.M. |
| 11 | " | ആല വെസ്റ്റ് റോഡ് | 1K.M. | 1K.M. | - | 2K.M. |
| 12 | " | ഗാന്ധിശതാബ്ദി റോഡ് | - | 1K.M. | 1K.M. | 2K.M. |
| 13 | " | പോളത്താട് റോഡ് | - | - | 0.650K.M. | 0.650K.M. |
| 14 | " | കളരിപ്പറമ്പ് റോഡ് | - | 1K.M. | - | 1K.M. |
| 15 | III | ശാന്തിപുരം പൊരിബസാർ റോഡ് | - | 0.500 | 0.500K.M. | 1K.M. |
| 16 | " | ശാന്തിപുരം അച്ചിട്ടെയനി റോഡ് | - | - | 0.500K.M. | 0.500 |
| 17 | " | ആമണ്ടർ പൊരിബസാർ റോഡ് | 1.500K.M. | - | - | 1.500K.M. |
| 18 | " | ജനത ജംഗ്ഷൻ റോഡ് | - | - | 0.600K.M. | 0.600K.M. |
| 19 | " | ചന്ദനപ്പറമ്പ് വെളുത്തകടവ് റോഡ് | - | - | 0.500K.M. | 0.500K.M. |
| 20 | " | പഞ്ചായത്ത് ഓഫീസ് റോഡ് | 00.90K.M. | - | - | 00.90K.M. |
| 21 | " | വെളുത്തകടവ് മസ്ജിദ് റോഡ് | - | - | 0.500K.M. | 0.500K.M. |

| നമ്പർ | വാർഡ് | പേര് | ടാർ | മെറ്റൽ | കല്ല് | ആകെ |
|---|---|---|---|---|---|---|
| 22 | " | വെളുത്തകടവ് വള്ളിവട്ടം അഞ്ചങ്ങാടി ബീച്ച് റോഡ് | 5.500K.M. | - | - | 5.500K.M. |
| 23 | III | ശാന്തിപുരം ഊമൻകുളം റോഡ് | - | - | 1.000K.M. | 1.000K.M. |
| 24 | IV | ആമണ്ടൂർ വെഴവന റോഡ് | - | - | 1.000K.M. | 1.000K.M. |
| 25 | " | ഓളിപ്പള്ളി വെഴവന റോഡ് | - | - | 1.000K.M. | 1.000K.M. |
| 26 | | വെഴവന എടവിലങ്ങ് റോഡ് | - | - | 0.300K.M. | 0.300K.M. |
| 27 | | വെമ്പല്ലൂർ അത്താണി റോഡ് | - | - | 1.000K.M. | 1.000K.M. |
| 28 | | വെമ്പല്ലൂർ വെഴവന റോഡ് | - | - | 1.000K.M. | 1.000K.M. |
| 29 | | ലക്ഷംവീട് കോളനി ആമണ്ടൂർ വെഴവന റോഡ് | - | - | 0.500K.M. | 0.500K.M. |
| 30 | | ലക്ഷംവീട് കോളനി അത്താണി വെമ്പല്ലൂർ റോഡ് | - | - | 0.500K.M. | 0.500K.M. |
| 31 | | വെമ്പല്ലൂർ വെഴവന ലിങ്ക് റോഡ് | - | - | 0.600K.M. | 0.600K.M. |
| 32 | | മിച്ചഭൂമി കോളനി റോഡ് | - | - | 0.400K.M. | 0.400K.M. |
| 33 | | പൊരിബസാർ ഗാന്ധിശതാബ്ദി റോഡ് | - | - | 0.500K.M. | 0.500K.M. |
| 34 | | ആല വെസ്റ്റ് റോഡ് | - | - | 1.500K.M. | 1.500K.M. |
| 35 | V | വെമ്പല്ലൂർ പത്താഴക്കാട് റോഡ് | - | - | 0.800K.M. | 0.800K.M. |
| 36 | | പുതുമനപ്പറമ്പ് പത്താഴക്കാട് റോഡ് | - | 0.550K.M. | 0.950K.M. | 1.500K.M. |
| 37 | | S.N.K. U.P. സ്കൂൾ റോഡ് | - | - | 0.500K.M. | 0.500K.M. |
| 38 | | S.N.K. U.P.S. ചാണാടി അമ്പലം മുള്ളൻ ബസാർ റോഡ് | - | - | 1.000K.M. | 1.000K.M. |
| 39 | | ചാണാടി അമ്പലം പുതുമനപ്പറമ്പ് റോഡ് | - | - | 1.000K.M. | 1.000K.M. |
| 40 | | കോതാസ് കോളനി റോഡ് | - | - | 1.000K.M. | 1.000K.M. |
| 41 | | താലം ചാണാടി അമ്പലം റോഡ് | - | - | 0.600K.M. | 0.600K.M. |
| 42 | VI | അഞ്ചാംപരത്തി ഏരാശ്ശേരി അമ്പലം റോഡ് | - | 0.500K.M. | 0.500K.M. | 1.000K.M. |
| 43 | | അഞ്ചാംപരത്തി നെൽപ്പാണി അമ്പലം റോഡ് | - | - | 1.200K.M. | 1.200K.M. |
| 44 | | A.R. വാസുദേവൻ റോഡ് | - | - | 0.400K.M. | 0.400K.M. |
| 45 | VII | പനങ്ങാട് കൃഷ്ണ ട്രെയിനിങ്ങ് സ്കൂൾ റോഡ് | 1.500K.M. | - | - | 1.500K.M. |
| 46 | | ശങ്കരൻകുളങ്ങര താലം റോഡ് | - | - | 2.000K.M. | 2.000K.M. |
| 47 | | പനങ്ങാട് ലക്ഷംവീട് കോളനി റോഡ് | | | 1.000K.M. | 1.000K.M. |
| 48 | VII | പോനിശ്ശേരി ഹരിജൻ കോളനി G.L.H.S. | - | - | 0.500K.M. | 0.500K.M. |
| 49 | | പൂവ്വത്തുംകടവ് കർഷക ബാങ്ക് റോഡ് | - | - | 0.700K.M. | 0.700K.M. |
| 50 | | തേവർ റോഡ് | - | - | 1.000K.M. | 1.000K.M. |
| 51 | | പാലപ്പെട്ടി കോളനി റോഡ് | - | - | 1.000K.M. | 1.000K.M. |
| 52 | | പോണിശ്ശേരി ഹരിജൻ കോളനി റോഡ് | - | - | 0.600K.M. | 0.600K.M. |
| 53 | VIII | പൊഴങ്കാവ് താലം റോഡ് | 2.500K.M. | - | - | 2.500K.M. |
| 54 | | പൊഴങ്കാവ് കോച്ചാലി റോഡ് | 1.000K.M. | 0.500K.M. | - | 1.500K.M. |
| 55 | | കോച്ചാലി ചാലിപ്പള്ളി റോഡ് | - | - | 1.000K.M. | 1.000K.M. |
| 56 | | മുള്ളൻ ബസാർ പൊഴങ്കാവ് കോച്ചാലി റോഡ് | - | - | 1.500K.M. | 1.500K.M. |
| 57 | | വേക്കോട് കോളനി റോഡ് | - | - | 0.115K.M. | 0.115K.M. |
| 58 | | പൊഴങ്കാവ് കഴുവിലങ്ങ് റോഡ് | - | - | 1.800K.M. | 1.800K.M. |

| നമ്പർ | വാർഡ് | പേര് | ടാർ | മെറ്റൽ | കല്ല് | ആകെ |
|---|---|---|---|---|---|---|
| 59 | | അയ്യപ്പൻകാവ് കഴുവിലങ്ങ് റോഡ് | - | 0.990K.M. | - | 0.990K.M. |
| 60 | | വേക്കോട് മാമ്പിബസാർ റോഡ് | - | - | 0.800K.M. | 0.800K.M. |
| 61 | | പൊഴങ്കാവ് ഈസ്റ്റ് M.L.A. റോഡ് | - | - | 1.500K.M. | 1.500K.M. |
| 62 | | താലം കഴുവിലങ്ങ് റോഡ് | - | - | 0.800K.M. | 0.800K.M. |
| 63 | IX | പത്താഴക്കാട് എടവിലങ്ങ് റോഡ് | - | 0.700K.M. | - | 0.700K.M. |
| 64 | | പതിയാശ്ശേരി കുഞ്ഞയിനി റോഡ് | - | - | 0.200K.M. | 0.200K.M. |
| 65 | | പതിയാശ്ശേരി പുഞ്ചപ്പാടം റോഡ് | - | - | 2.000K.M. | 2.000K.M. |
| 66 | | പതിയാശ്ശേരി കോളനി റോഡ് | - | - | 0.250K.M. | 0.250K.M. |
| 67 | | മുഞ്ചപ്പാടം റോഡ് | - | - | 0.800 | 0.800K.M. |
| 68 | | മുള്ളൻബസാർ റോഡ് | - | 0.750K.M. | 0.750K.M. | 1.500K.M. |
| 69 | | മുഞ്ചപ്പാടം വാട്ടർ ടാങ്ക് റോഡ് | - | - | 1.200K.M. | 1.200K.M. |
| 70 | | മുവ്വപ്പാടം പത്താഴക്കാട് റോഡ് | - | - | 1.100K.M. | 1.100K.M. |
| 71 | | വാട്ടർടാങ്ക് മുള്ളൻബസാർ റോഡ് | - | - | 1.000K.M. | 1.000K.M. |
| 72 | X | വേക്കോട് ബീച്ച് റോഡ് | - | 1K.M. | - | 1K.M. |
| 73 | | കുനിയാറ ടെമ്പിൾ ബീച്ച് റോഡ് | - | - | 0.800K.M. | 0.800K.M. |
| 74 | | കൂനിയാറ ടെമ്പിൾ റോഡ് ഈസ്റ്റ് | - | - | 1K.M. | 1K.M. |
| 75 | | വേക്കോട് ശിവമയം റോഡ് | - | - | - | 0.500K.M. |
| 76 | | ഫിഷറി സ്കൂൾ ബീച്ച് റോഡ് | - | - | - | 0.900K.M. |
| 77 | | ചാലിപ്പള്ളി ബീച്ച് റോഡ് (തീരദേശ കോളനി) | - | - | - | 1.200K.M. |
| 78 | | അസ്മാബി കോളേജ് ഫോർഷോ ലിങ്ക് റോഡ് | - | - | - | 1K.M. |
| 79 | | തെക്കൂടൻ ബസാർ കോളനി റോഡ് | - | - | - | 1K.M. |
| 80 | | കൂനിയാറ ടെമ്പിൾ റോഡ് (കോളനി റോഡ്) | - | - | - | 0.800K.M. |
| 81 | XI | ആൽമാവ് ഡിസ്പെൻസറി റോഡ് | - | - | - | 1 KM |
| 82 | | ഗ്രാമസേവക് ഓഫീസ് റോഡ് | - | - | - | 0.800 KM |
| 83 | | വാഴൂർ ടെമ്പിൾ റോഡ് | - | - | 1 KM | 1KM |
| 84 | | ടി.കെ. സ്മാരക റോഡ് | - | - | 1 KM | 1 KM |
| 85 | | കട്ടൻ ബസാർ വാട്ടർ ടാങ്ക് റോഡ് | - | - | 1 KM | 1KM |
| 86 | XII | ആർ സി ചർച്ച് മാമ്പി ബസാർ റോഡ് | - | - | - | 1.200 KM |
| 87 | | ബീഡ് സ്റ്റോർ റോഡ് | - | - | - | 1.500 KM |
| 88 | | ശങ്കു ബസാർ ബീച്ച് റോഡ് | - | - | 0.800 KM | 0.800 KM |
| 89 | | ബാലവാടി റോഡ് | - | - | 00.70 KM | 00.70 KM |
| 90 | | കുടിലങ്ങ ബസാർ ഈസ്റ്റ് റോഡ് | - | - | 0.300 KM | 0.300 KM |
| 91 | | പിണ്ടിയത്ത് പടി തട്ടുകടവ് റോഡ് | - | - | 0.200 KM | 0.200 KM |
| 92 | | R.C. ചർച്ച് വാട്ടർ ടാങ്ക് റോഡ് | | | 1.000 KM | 1.000 KM |
| 93 | | R.C. ചർച്ച് to അഞ്ചങ്ങാടി | | | 0.500 K.M. | 0.500 KM |
| 94 | | ഫോർഷോർ റോഡ് | 1 KM | 1.500 KM | 1.000 KM | 3.500 KM |
| 95 | | വേണോട് എമ്മാട് റോഡ് | - | 1.500 KM | - | 1.500 KM |
| 96 | | കോച്ചാലി ചാലിപ്പള്ളി റോഡ് | - | 2.000 KM | - | 2.000 KM |
| 97 | | മുള്ളൻ ബസാർ പത്തഴക്കാട് റോഡ് | - | - | 2.000 KM | 2.000 KM |
| 98 | | വെളുത്തകടവ് 25-ാം കല്ല് ഉല്ലാസ് വളവ് റോഡ് | 1.400 KM | 0.800 KM | 0.950 KM | 3.150 KM |
| 99. | | കരിങ്ങോട്ട ബസാർ, R.C. ചർച്ച് റോഡ് | - | - | 3.000 KM | 3.000 KM. |


# മാർക്കറ്റ്

1. ശ്രീനാരായണപുരം പഞ്ചായത്തിന്റെ ഏക വരുമാനമാർഗ്ഗമായ ശ്രീനാരായണപുരം ചന്ത വികസിപ്പിക്കുകയും തഴപ്പായ, പച്ചക്കറികൾ, മത്സ്യം, മാംസം തുടങ്ങിയവക്ക് ഏറെ പ്രധാനമുള്ളതുമായ ഈ മാർക്കറ്റിൽ ആഴ്ചയിൽ രണ്ടുദിവസം ആഴ്ചചന്ത നടത്തുകയും അതിലൂടെ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുയും ചെയ്യും. ചന്തയുടെ നടുവിൽ ഇന്നുള്ള ഓല ഷെഡുകൾ പൊളിച്ച് ചന്തയുടെ പടിഞ്ഞാറെ സൈഡിലേക്ക് മാറ്റി നല്ല ഷെഡുകളാക്കി പണിയുകയും, ചന്തയുടെ സെൻററിൽ പൊതു കച്ചവടങ്ങൾക്കായി സ്ഥലം മാറ്റിയാൽ നല്ല ചന്ത നടത്തുവാനും കഴിയും. മാർക്കറ്റിലെ അഴുക്ക്വെള്ളം കളയുന്നതിന് അടിയന്തിരമായി കാന നിർമ്മിക്കണം. പുതിയതായി മാർക്കറ്റിനാവശ്യമായ മുറികളും അതിനു മുകളിൽ കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കണം.

2. മത്സ്യവിപണനരംഗത്ത് ഒട്ടേറെ സാധ്യതകളുള്ള അഞ്ചങ്ങാടി സെൻററിൽ പഴയ കാലത്ത് നല്ല ചന്ത നടത്തിയിരുന്നതാണ്. തഴപ്പായയും, മത്സ്യവും, പച്ചക്കറികളുടെയും ചന്ത നടത്തുവാൻ സാധ്യതയുള്ള ഇവിടെ ചന്ത നടത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. വളരെ പ്രധാനമായ പണ്ടത്തെ മലബാറും കൊച്ചിയുമായി വേർത്തിരിച്ചിരുന്ന കോതപറമ്പ് അങ്ങാടി വളരെ പ്രധാനമായ മാർക്കറ്റായിരുന്നു. ഇന്നവ നാമാവശേഷമായിരിക്കുകയാണ്. ആ ചന്ത വീണ്ടും കോതപറമ്പിൽ ആരംഭിക്കാൻ കഴിഞ്ഞാൽ ഇന്ന് നല്ല ചന്ത നടത്തുവാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഈ ചന്ത ആരംഭിക്കുകയും അതിലൂടെ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും.

# ഊർജ്ജം



## വൈദ്യുതി

ശ്രീനാരായണപുരം പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത് കൊടുങ്ങല്ലൂർ ടൗൺ, മതിലകം, അഴീക്കോട് എന്നീ ഫീഡറുകൾ വഴി കൊടുങ്ങല്ലൂരിലെ 66 കെ.വി. സബ് സ്റ്റേഷനിൽ നിന്നാണ്. ഇത് വിതരണം ചെയ്യുന്നത് കൊടുങ്ങല്ലൂർ II മേജർ സെക്ഷൻ വഴിയും ആണ്.

22 കിലോമീറ്റർ ദൈർഘ്യമുള്ള 11 കെ.വി. യുടെ ലൈനിലൂടെ 4183 കെ.വി.എ. മൊത്തം ശേഷിയുള്ള 28 ട്രാൻസ്ഫോർമറുകളിലെത്തുന്ന വൈദ്യുതി 230 കിലോ മീറ്ററോളം നീളമുള്ള എൽ.ടി. ലൈനുകളിൽ കൂടിയാണ് ഈ പ്രദേശങ്ങളിൽ വിതരണം ചെയ്യപ്പെടുന്നത്.

ഈ പഞ്ചായത്തിൽ മൊത്തം 6569 വീടുകളുള്ളതിൽ 4470 വീടുകളാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. അതായത്, 68% വീടുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. 32% വീടുകളിൽ ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല. 98% വ്യാപാരസ്ഥാപനങ്ങളും വൈദ്യുതീകരിച്ചതാണ്. 596 വ്യാപാരസ്ഥാപനങ്ങളാണ് വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളത്. 85 ചെറുകിട വ്യവസായ യൂണിറ്റുകളും വൈദ്യുതീകരിച്ചവയാണ്. കാർഷിക മേഖലയിൽ 2811 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിനും പുറമേ, 435 അപേക്ഷക്കു കൂടി മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി വൈദ്യുതി കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ട്.

ഒട്ടുമിക്ക പ്രദേശങ്ങളിലും വൈദ്യുത ലൈൻ എത്തിയിട്ടുണ്ടെങ്കിലും പലരും, പല കാരണങ്ങളാലും വൈദ്യുതി എടുത്തിട്ടില്ല. വീടുകൾ വൈദ്യുതീകരിക്കാത്തതിന്റെ പ്രധാന കാരണങ്ങൾ സാമ്പത്തിക ബുദ്ധിമുട്ട്, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം, ലൈൻ വലിക്കുന്നതിനുള്ള കൺസൻറ് ഒബ്ജക്ഷൻ തുടങ്ങിയവയാണ്.

ഈ പഞ്ചായത്തിലെ 18 അംഗീകൃത ഹരിജൻ കോളനികളിൽ വെഴവന മിച്ചഭൂമി കോളനി, കമ്പനിക്കടവ് കടൽക്ഷോഭ കോളനി എന്നിവ ഇതുവരെ വൈദ്യുതി എത്തി നോക്കാത്തവയാണ്. മറ്റു കോളനികളിലും ഭാഗികമായി മാത്രമേ വൈദ്യുതീകരണം നടന്നിട്ടുള്ളൂ. അഞ്ചാംപരത്തി കോളനി മാത്രമേ പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടുള്ളൂ.

ഈ പഞ്ചായത്തിൽ 91 കിലോമീറ്റർ റോഡുകൾ ഉണ്ടെങ്കിലും റോഡരുകുകളിൽ 404 സാധാരണ ബൾബുകളും 35 ട്യൂബ് ലൈറ്റുകളും മാത്രമാണുള്ളത്. ഇതിന് പ്രതിമാസം 5235 രൂപ പഞ്ചായത്ത്, വൈദ്യുത ബോർഡിൽ അടക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം
   ലോഡ് ഷെഡ്ഡിങ്ങും പവർകട്ടും
   സബ്സ്റ്റേഷനിലേയും
   11 കെ.വി. ലൈനുകളിലേയും ഓവർ ലോഡ്
   സ്ഥിരമായ കമ്പി പൊട്ടൽ
2. വൈദ്യുതി കണക്ഷൻ കിട്ടുന്നതിനുള്ള താമസം
   സാമ്പത്തിക ബുദ്ധിമുട്ട്
   കൺസൻറ് തർക്കം
3. വിദൂര സ്ഥലങ്ങളിൽ നിന്നുള്ളവർക്ക് കറണ്ട് ചാർജ്ജ് അയക്കുവാനുള്ള ബുദ്ധിമുട്ട്
4. ഉദ്യോഗസ്ഥന്മാരുടെ സമീപനം
5. അശാസ്ത്രീയമായ സ്ലാബ് സമ്പ്രദായം
6. തെരുവുവിളക്കുകളുടെ അപര്യാപ്തതയും ഉള്ളവയുടെ പ്രവർത്തനരാഹിത്യവും.

### നിർദ്ദേശങ്ങൾ

1. കുറഞ്ഞ ചെലവിൽ വൻതോതിലുള്ള ഉൽപാദനം കൊണ്ടു മാത്രമേ വൈദ്യുതി പ്രശ്ന

ത്തിന് ശാശ്വതപരിഹാരം കാണാനാവൂ. അതിന് കേന്ദ്രീകൃത ഉൽപാദന നയം സ്വീകരിക്കണം. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള സമീപനവും ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്ന 11 കെ.വി. ഫീഡറുകളിൽ നിന്ന് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലേക്കും മേത്തല, എറിയാട്, എടവിലങ്ങ്, മതിലകം, പെരിഞ്ഞനം, കയ്പമംഗലം, പടിയൂർ എന്നീ പഞ്ചായത്തുകളിലേക്കും വൈദ്യുതി ഒഴുകുന്നത് ഓവർ ലോഡ് മൂലം പലപ്പോഴും സപ്ലൈ ട്രിപ്പിങ്ങിനും, കമ്പി ഉരുകിപൊട്ടിപ്പോകുന്നതിനും കാരണമാകുന്നു.

വൈകീട്ട് 6 മണി മുതൽ 10 മണി വരെയുള്ള സമയങ്ങളിൽ വോംട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്. തെങ്ങിന് ജലസേചനം ആവശ്യമായ ഡിസംബർ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ പകൽ സമയത്തുപോലും വോംട്ടേജ് ക്ഷാമം രൂക്ഷമാണ്. രാത്രികാലങ്ങളിലെ സ്ഥിതി വളരെ ശോചനീയമാണ്. എസ്.എസ്.എൽ.സി. പോലുള്ള പൊതുപരീക്ഷകാക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികാക്ക് ഈ കാലയളവിലെ വോംട്ടേജ് ക്ഷാമം വളരെയധികം ദോഷം ചെയ്യുന്നുണ്ട്.

വോംട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നമ്മുടെ പഞ്ചായത്തിലും ചില നടപടികാം സ്വീകരിക്കേണ്ടതുണ്ട്.

ധാരാളം എൽ.ടി. ലൈനുകാം സ്വകാര്യഭൂമിയിൽ കൂടി പോകുന്നത് റോഡിലേക്ക് മാറ്റി സ്ഥാപിക്കണം. 'ടച്ചിംഗ്' ശല്യം ഒഴിവാക്കാൻ ഇത് ഏറെ സഹായകമാവും. വോംട്ടേജ് ക്ഷാമത്തിന് ഒരു പ്രധാന കാരണമാണല്ലോ 'ലൈൻ ടച്ചിംഗ്സ്'. ഡിപ്പാർട്ടുമെൻറിൻെറ സാന്നിദ്ധ്യത്തിൽ പൊതുജന പങ്കാളിത്തത്തോടെ യഥാസമയങ്ങളിൽ വെട്ടിമാറ്റണം.

കാലപ്പഴക്കം ചെന്ന കമ്പികളും തൂണുകളും മാറ്റി പുതിയവ സ്ഥാപിക്കണം. കടലോര പ്രദേശത്ത് ഉപയോഗിക്കുന്ന വൈദ്യുതി വിതരണ സാമഗ്രികാം പെട്ടെന്ന് ദ്രവിച്ച് ധാരാളം നാശനഷ്ടം സംഭവിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന്, തീരപ്രദേശത്ത് ദ്രവിക്കാത്ത സാമഗ്രികാം ഉപയോഗിക്കണം.

ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സബ്സ്റ്റേഷനും, 11 കെ.വി. ലൈനുകളും 'ഓവർലോഡഡ്' ആണ്. ഇതിന് ഒരു പരിഹാരമാർഗ്ഗം നമ്മുടെ പഞ്ചായത്തിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുക എന്നതാണ്. അതിനു വേണ്ട നടപടികാം താമസംവിനാ കൈക്കൊള്ളേണ്ടതാണ്.

വോംട്ടേജ് ക്ഷാമം ഏറെ രൂക്ഷമായിട്ടുള്ള പത്തായക്കാട്, പതിയാശ്ശേരി, അഞ്ചങ്ങാടി ഈസ്റ്റ്, അഞ്ചങ്ങാടി വെസ്റ്റ്, വാഴൂർ വെസ്റ്റ്, അസ്മാബി വെസ്റ്റ്, മുള്ളൻ ബസാർ എന്നിവിടങ്ങളിൽ 11 കെ.വി. ലൈൻ വലിച്ച് ട്രാൻസ്ഫോർമറുകളി വെക്കുന്നതിനുള്ള നടപടികാം സ്വീകരിക്കണം.

സാമ്പത്തികമായി മുൻപന്തിയിൽ നിൽക്കുന്നവരെ ഇലക്ട്രോണിക് ചോക്ക്, സി.എഫ്.എൽ. തുടങ്ങിയ മേന്മയേറിയ ഉപകരണങ്ങാം വാങ്ങാൻ പ്രേരിപ്പിക്കണം. പാവപ്പെട്ടവർക്ക് ഇത്തരം ഉപകരണങ്ങാം സബ്സിഡി നിരക്കിൽ അനെർട്ട് പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് എത്തിച്ചുകൊടുക്കുന്നതിനുള്ള സഹായങ്ങാം പഞ്ചായത്തു തലത്തിൽ ചെയ്യണം.

വൈദ്യുതി ഉപയോഗിച്ചുള്ള പാചകം തടയുന്നതിന് കർശന നടപടികാം സ്വീകരിക്കണം.

കേടുവന്ന മീറ്ററുകാം യഥാസമയം മാറ്റി സ്ഥാപിക്കണം. അല്പസ്വല്പമുള്ള വൈദ്യുതി മോഷണം തടയുന്നതിനുള്ള നടപടികാം കൈക്കൊള്ളണം.

2. കോളനികളിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടികാം സ്വീകരിക്കണം. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങാക്ക് വീട് വൈദ്യുതീകരിക്കുന്നതിന് അൺടൈഡ് ഫണ്ടിൽ നിന്ന് ധനസഹായം നൽകേണ്ടതാണ്. ഇത്തരം കണക്ഷനുകാക്ക് മുന്തിയ പരിഗണന നൽകേണ്ടതാണ്.

പുതിയ ലൈനുകാം വലിക്കുമ്പോാം ഉണ്ടാകാവുന്ന കൺസൻറ് തർക്കങ്ങളിൽ അന്തിമ തീരുമാനമെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിക്ക് നൽകേണ്ടതാണ്.



422

3. എണ്ണായിരത്തോളം വൈദ്യുതി ഉപഭോക്താക്കളും, വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്ന നാനൂറ്റി അമ്പതോളം അപേക്ഷകരും ഉള്ള നമ്മുടെ പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ ഓഫീസ്പോലും ഇല്ലെന്നുള്ളത് ഏറെ ദുഃഖകരമാണ്. ഈ പഞ്ചായത്തിൽ സെക്ഷൻ ഓഫീസ് അനുവദിച്ച് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

വേണ്ടത്ര യാത്രാ സൗകര്യങ്ങളില്ലാത്ത പടിഞ്ഞാറൻ പ്രദേശം കേന്ദ്രമാക്കി ഒരുസബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കേണ്ടതും വളരെ അത്യാവശ്യമാണ്.

4. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഉപഭോക്തൃ-തൊഴിലാളി സമിതികൾ രൂപീകരിക്കേണ്ടതാണ്.

ഓരോ വാർഡിലും പരാതി പുസ്തകങ്ങൾ വെക്കുകയും പരാതികൾക്ക് ഉടനടി പരിഹാരം കാണേണ്ടതുമാണ്.

5. ഉപഭോക്താക്കൾക്ക് ഏറെ ദ്രോഹകരമായ സ്ലാബ് സമ്പ്രദായം മാറ്റി സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തണം. വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിനും ഇത് സഹായകമാവും.

6. കോതപറമ്പ് ജംഗ്ഷൻ, കോതപറമ്പ് കടവ്, നാലും കൂടിയ വഴി, ഗോതുരുത്ത് പാലം, 26-ാം കല്ല്, പൊരിബസാർ, പള്ളിനട, ശ്രീനാരായണപുരം, പോഴങ്കാവ്, അസ്മാബി കോളേജ്, അമ്പലനട, ചന്ദന ജംഗ്ഷൻ, കട്ടൻ ബസാർ, അഞ്ചങ്ങാടി, പതിയാശ്ശേരി, ആമണ്ടൂർ, പുതുമനപ്പറമ്പ്, മുള്ളൻ ബസാർ, ഉല്ലാസ് വളവ്, പത്തായക്കാട്, താമരക്കുളം, വേക്കോട് കോളനി പരിസരം എന്നീ പ്രധാന കവലകളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കേണ്ടതാണ്.

കൂടാതെ, വഴിവിളക്കുകളില്ലാത്ത റോഡുകളിൽ സാധാരണ ബൾബുകളും, കവലകളിൽ ട്യൂബ്ലൈറ്റുകളും സ്ഥാപിക്കേണ്ടതാണ്. ഇവ കാര്യക്ഷമതയോടെ കത്തിക്കുന്നതിന്, പഞ്ചായത്ത് നേരിട്ട് ബൾബുകളും ട്യൂബുകളും വിതരണം ചെയ്യണം.

ധാരാളം ആളുകൾ മത്സ്യബന്ധനത്തിനായി രാത്രികാലങ്ങളിൽ കടലിൽ പോകുന്ന അഞ്ചങ്ങാടി കടപ്പുറത്ത് അടിയന്തിരമായി സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം.

## ദ്രാവക-വാതക ഇന്ധനങ്ങൾ

ഇതുവരെ വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത 32% വീടുകളിൽ പ്രത്യേകിച്ചും, ലോഡ് ഷെഡ്ഡിങ്ങും, വോൾട്ടേജ് ക്ഷാമവും മൂലം പൊതുവെ എല്ലാ വീടുകളിലും വെളിച്ചത്തിനു വേണ്ടി ഇന്നും മണ്ണെണ്ണയെ ആശ്രയിക്കുന്നു. പാചകാവശ്യത്തിനായി മണ്ണെണ്ണയെ ആശ്രയിക്കുന്ന കുടുംബങ്ങൾ അഞ്ഞൂറ്റി മുപ്പതോളം വരും.

മുന്നൂറ്റി മുപ്പതോളം വീടുകളിൽ പാചകത്തിനായി ഗ്യാസ് ഉപയോഗിക്കുന്നു. ഇവയിൽ ഭൂരിഭാഗവും സ്വകാര്യ കമ്പനികളുടെ ഗ്യാസ് ആണ്. ഏതാണ്ട് അത്ര തന്നെ വീടുകളിൽ പരിഷത്തടുപ്പുകളും പ്രചാരത്തിലുണ്ട്.

പാചകത്തിനായി ഗ്യാസും മണ്ണെണ്ണയും ഉപയോഗിക്കുന്നവരും വിറകടുപ്പുകൾ ഉപയോഗിച്ചു വരുന്നുണ്ട്. പൊതുവെ, എല്ലാവരും പാചകത്തിന് മുഖ്യമായും വിറകിനെ ആശ്രയിക്കുന്നു.

പൊതുവിതരണ ശൃംഖലവഴി, വിളക്കു കത്തിക്കുന്നതിന് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് പ്രതിമാസം 23,000 ലിറ്റർ ആണ്. ഏതാണ്ട് 4,500 ലിറ്ററോളം കരിഞ്ചന്തയിൽ നിന്നും വാങ്ങുന്നു. ഇതിന് അമിത വില കൊടുക്കേണ്ടി വരുന്നു. പാചകത്തിന് പൊതുവിതരണം വഴി 5,300 ലിറ്ററും, കരിഞ്ചന്തയിൽ നിന്ന് 2,200 ലിറ്ററും വാങ്ങുന്നു.

മത്സ്യബന്ധനത്തിനായി യമഹ എഞ്ചിൻ ഘടിപ്പിച്ച 18 വള്ളങ്ങൾ പഞ്ചായത്ത് പ്രദേശത്തുണ്ട്. ഇവ പ്രതിമാസം 72,000 ലിറ്റർ മണ്ണെണ്ണ ഉപയോഗിക്കുന്നു. കാർഷികാവശ്യങ്ങൾക്കും, ജനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിനുമായി 4000 ലിറ്റർ ഡീസലും അത്ര തന്നെ മണ്ണെണ്ണയും ഉപയോഗിക്കുന്നു.

പഞ്ചായത്ത് പ്രദേശത്തുള്ള 73 ഡീസൽ കാറുകൾ പ്രതിമാസം 7,300 ലിറ്റർ ഡീസലും, 15 പെട്രോൾ കാറുകൾ 1,000 ലിറ്റർ പെട്രോളും ഉപയോഗിക്കുന്നു. ഓട്ടോറിക്ഷകളുടെ എണ്ണം 151 ആണ്. അവയുടെ പ്രതിമാസ പെട്രോൾ ഉപ

യോഗം 12,000 ലിറ്റർ ആണ്. ടെമ്പോ (30), മിനി ലോറി (6) എന്നിവ 8,500 ലിറ്റർ ഉപയോഗിക്കുന്നു. അഞ്ഞൂറോളം ഇരുചക്രവാഹനങ്ങൾ ഏതാണ്ട് 10,000 ലിറ്റർ പെട്രോളാണ് പ്രതിമാസം ഉപയോഗിക്കുന്നത്.

വർദ്ധിച്ചു വരുന്ന ഇന്ധന ഉപഭോഗവും, അവ ലഭ്യമാകുന്നതിനുള്ള ബുദ്ധിമുട്ടും കണക്കിലെടുത്ത്, സഹകരണ മേഖലയിൽ ശ്രീനാരായണപുരത്ത് ഒരു പ്രെട്രോൾ പമ്പും, ഗ്യാസ് ഏജൻസിയും അനുവദിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

## വിറക്

പഞ്ചായത്തിലെ എല്ലാ വീടുകളിലും തന്നെ പാചകത്തിനായി വിറകടുപ്പുകൾ ഉപയോഗിക്കുന്നു. 90% വീടുകളും പാചകത്തിനായി വിറകിനെ മാത്രം ആശ്രയിക്കുന്നു.

മുഖ്യമായും തെങ്ങുൽപ്പന്നങ്ങളാണ് വിറകിനായി ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ മൊത്തം ആവശ്യമുള്ള വിറക് ഇവിടെത്തന്നെ ഉൽപാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും വിറകിൻെറ ക്ഷാമം അനുഭവപ്പെടുന്ന കുടുംബങ്ങൾ ഏറെയാണ്. തെങ്ങിന് വ്യാപകമായി പിടിപെട്ടുകൊണ്ടിരിക്കുന്ന രോഗവും, ഭാവിയിൽ ഉണ്ടാകാവുന്ന വർദ്ധിച്ച ഉപഭോഗവും മൂലം സമീപഭാവിയിൽ വിറകിന് ക്ഷാമം അനുഭവപ്പെടാനുള്ള സാധ്യത ഏറെയാണ്.

തൊണ്ട് ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് ഏറെ സാധ്യതയുള്ള പ്രദേശമാണിത്. അതിനാൽ വിറകിൻെറ ക്ഷാമം ഇന്നത്തേതിനേക്കാൾ വളരെ രൂക്ഷമാകാനുള്ള സാധ്യതയുണ്ട്.

വിറക് ക്ഷാമം പരിഹരിക്കുന്നതിന് ദക്ഷതയേറിയ പരിഷത്തടുപ്പുകൾ വ്യാപകമായി സ്ഥാപിക്കുന്നതിന് അനെർട്ടും ശാസ്ത്രസാഹിത്യ പരിഷത്തുമായി സഹകരിച്ച് നടപടികൾ കൈകൊള്ളണം.

സാമ്പത്തികമായി മുന്നിട്ടു നിൽക്കുന്നവരെ ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിനും, പ്രഷർ കുക്കറുകൾ വാങ്ങുന്നതിനും പ്രേരിപ്പിക്കണം.

ദിനംപ്രതി വർദ്ധിച്ചുവരുന്ന വിറകിൻെറ ഉപഭോഗവും, ക്ഷാമവും കണക്കിലെടുത്ത് ഒരു വീട്ടിൽ ഒരു മരം എന്ന രീതിയിൽ സാമൂഹ്യവനവൽക്കരണത്തിനായി നടപടികൾ കൈക്കൊള്ളണം.

### പഞ്ചായത്തിലുള്ള LT ട്രാൻസ്ഫോർമറുകളുടെ വിവരങ്ങൾ

| *സ്ഥാപിച്ചിരിക്കുന്ന സ്ഥലം* | *പവ്വർ* |
|---|---|
| ആല I | 160 KVA |
| ആല II | 160 " |
| വെലങ്ങപ്പാടം | 160 " |
| അഞ്ചങ്ങാടി | 100 " |
| അഞ്ചങ്ങാടി (N) | 100 " |
| P. വെമ്പല്ലൂർ ഹെൽത്ത് സെൻറർ | 160 " |
| വാഴൂർ ക്ഷേത്രം | 160 " |
| കട്ടൻ ബസാർ | 160 " |
| അസ്മാബി കോളേജ് | 160 " |
| വേക്കോട് | 100 " |
| കോച്ചാലി (W) | 160 " |
| കോച്ചാലി | 100 " |
| പൊഴംകാവ് (S) | 313 " |
| പൊഴംകാവ് (E) | 100 " |
| S.N. പുരം ക്ഷേത്രം | 100 " |
| പോള തിയ്യേറ്റർ | 100 " |
| പനങ്ങാട് | 250 " |
| അഞ്ചാംപരത്തി | 160 " |
| പള്ളിനട | 160 " |
| പൊരിബസാർ | 160 " |
| പൂതോട്ടപ്പറമ്പ് | 160 " |
| വെഴവന | 100 " |
| ആമണ്ടൂർ | 100 " |
| പുതുമനപ്പറമ്പ് | 160 " |
| വെമ്പല്ലൂർ നെല്പണി | 160 " |
| കുനിയാറ | 100 " |

# പാർപ്പിടവും സാമൂഹ്യക്ഷേമവും

### പാർപ്പിടം

മനുഷ്യൻെറ അടിസ്ഥാനപരമായ പ്രാഥമിക ആവശ്യങ്ങൾ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയാണ്. അസമമായ വിതരണം മൂലം എല്ലാവർക്കും ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നില്ലെങ്കിലും ലോകത്തിനാവശ്യമായതിൽ കൂടുതൽ ഉല്പാദിപ്പിക്കപ്പെടുന്നു എന്നത് വസ്തുതയാണ്. എന്നാൽ പാർപ്പിടത്തിൻെറ സ്ഥിതി വികസിത രാജ്യങ്ങളിൽ പോലും തൃപ്തികരമല്ല. നമ്മുടെ രാജ്യത്ത് ഇത് രൂക്ഷമായ പ്രശ്നമാണ്. ജനസാന്ദ്രത കൂടിയ നമ്മുടെ സംസ്ഥാനം സാമൂഹ്യക്ഷേമ പരിപാടികൾക്ക് മുൻതൂക്കം കൊടുക്കുന്നുണ്ടെങ്കിലും ഭവന നിർമ്മാണരംഗത്ത് സഹായങ്ങൾ തീരെ അപരാപ്തമാണെന്ന് നിസ്സംശയം പറയാം.

തീരദേശത്തിൽ പെട്ട നമ്മുടെ പഞ്ചായത്തിൽ ഭവനരഹിതരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. ലഭ്യമായ കണക്കുകൾ പ്രകാരം ആകെ 7680 വീടുകളും അവയിൽ ടെറസ് 1421ഉം ഓട് 3121ഉം കുടിൽ 3028ഉം ആണ്. ശതമാനക്കണക്കെടുത്താൽ ആകെയുള്ളതിൻെറ 39.6% കുടിലുകളും, 41.9% ഓടും, 19.5% ടെറസും ആണെന്ന് കാണാം. ഈ കണക്കുകൾ കാണിക്കുന്നത് 40% പേരുടേയും വീടുകൾ സുരക്ഷിതമല്ല എന്നാണ്. ഭവനരഹിതരേയും ആവശ്യക്കാരേയും കൂടി ഈ കണക്കിൽപ്പെടുത്തുകയാണെങ്കിൽ ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിൻെറ രൂക്ഷത ബോധ്യമാവും. വാർഡുകൾ എടുത്തു പരിശോധിച്ചാൽ മെച്ചമായ സ്ഥിതി രണ്ടാം വാർഡിലും അതിനടുത്ത് എത്തുകയില്ലെങ്കിലും മറ്റു വാർഡുകളെ അപേക്ഷിച്ച് 6, 7 വാർഡുകളും ഇക്കൂട്ടത്തിൽ പ്പെടുത്താം. എന്നാൽ മറ്റു കാര്യങ്ങളിലെന്ന പോലെ പടിഞ്ഞാറൻ വാർഡുകളുടെ സ്ഥിതി ഇക്കാര്യത്തിലും ശോചനീയമാണ്. വാർഡ് 10ൽ 66% പേരും കുടിലുകളിലാണ് താമസിക്കുന്നത്. ഇതുമായി ചേർന്നുനിൽക്കുന്ന 13-ാം വാർഡിൻെറ സ്ഥിതി ഇതിനേക്കാൾ മോശമാണ്. 64% പേരും കുടിലുകളിൽ താമസിക്കുന്നു. പാർപ്പിട പ്രശ്നത്തിൻെറ രൂക്ഷത അനുഭവിക്കുന്ന മറ്റു വാർഡുകൾ 11, 12, 5, 4, 9, 3 എന്നിവയാണ്. ഇവയിലെ കുടിലുകളിലെ എണ്ണത്തിൻെറ ശതമാനം യഥാക്രമം 45.7%, 45%, 37%, 42.6%, 39.7%, 37.1%.

ഗൾഫ് പണത്തിൻെറ സ്വാധീനം പഞ്ചായത്തിൻെറ സാമ്പത്തിക മേഖലയിലെ നിർണ്ണായകമായ ഘടകമാണ്. ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭവനനിർമ്മാണ രംഗത്തെ കോൺക്രീറ്റ് സൗധങ്ങളിൽ ഒതുങ്ങിനിൽക്കുന്നു. കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് കൂടുതലും പേരും. അതുകൊണ്ട്തന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ്. പഞ്ചായത്തിൽ ഭൂരിപക്ഷവും വിവിധ പദ്ധതികൾ പ്രകാരം നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ എണ്ണം വളരെ കുറവാണ്. ഭവന നിർമ്മാണ സാമഗ്രികളുടെ ക്രമാതീതമായ വിലക്കയറ്റം ഈ രംഗത്തെ സാദ്ധ്യതകളെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതുമൂലം സ്വന്തമായി വീടെന്ന ആഗ്രഹം വെറും ആഗ്രഹമായിതന്നെ ശേഷിക്കവേ കിട്ടിയ ആനുകൂല്യം കൊണ്ട് വീടു നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്. സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളുമായ ബ്ലോക്ക് വഴി നൽകുന്ന R.L.E.G.P., N.R.E.P., J.A.Y., J.R.Y., M.W.S. എന്നീപദ്ധതികളുടെ വായ്പാപദ്ധതിയും രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ വായ്പാപദ്ധതിയും വർദ്ധിപ്പിക്കാനും വായ്പക്കുള്ള സാമൂഹ്യവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതും വളരെ അത്യാവശ്യമാണ്.

പഞ്ചായത്തിൽ ഹൌസിങ്ങ് സൊസൈറ്റികളോ ഹൌസിങ്ങ് കോളനികളോ എന്ന വിഭാഗത്തിൽപ്പെടുത്താവുന്ന കെട്ടിട സമുച്ചയങ്ങളോ ഇല്ല. ഒരു വാർഡ് ഒഴികെ മറ്റെല്ലായിടത്തും ദുർബല വിഭാഗങ്ങൾ താമസിക്കുന്ന കോളനികൾ നിലവിലുണ്ട്. ഇവയുടെ പശ്ചാത്തല സൗകര്യങ്ങൾ വളരെ പരിമിതമാണ്. പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ എണ്ണവും ഏറെ വരും. തമിഴ്നാട്ടിൽനിന്നും തൊഴിൽ ലഭ്യതക്കനുസരിച്ച് തൊഴിലാളികൾ കാലാകാലങ്ങളിൽ വരാറുണ്ടെങ്കിലും സ്ഥിരതാമസക്കാർ കുറവാണ്. ഇത്തരം താൽക്കാലിക തൊഴിലാളികൾ ഉണ്ടാക്കുന്ന മലിനീകരണ പ്രശ്നങ്ങൾ നമുക്കുണ്ടെന്ന് നടിക്കാനാവില്ല. തമിഴ്നാട്ടിൽനിന്നും കുടിയേറി സ്ഥിരതാമസമാക്കിയ തൊഴിലാളികളിൽ കൂടുതലും കയർ മേഖലയുമായി ബന്ധപ്പെട്ട മൂന്നാം വാർഡിലാണ് താമസിക്കുന്നത്. കെട്ടിടനിർമ്മാണ രംഗത്ത് നിരുത്സാഹപ്പെടുത്തേണ്ട ധാരാളം പ്രവണതകളുണ്ട്. ഒരിടത്ത് ആർഭാടവും ധൂർത്തും മുഖമുദ്രയാകുമ്പോൾ മറുവശത്ത് ഒരു കൊച്ചോലക്കുടിൽ പോലും ഉണ്ടാക്കാൻ സ്ഥലവും പണവും ഇല്ലാത്തവർ ധാരാളം ഇക്കൂട്ടർക്കുണ്ട്. പുതുതായ് കോളനികൾക്കു സ്ഥലമെടുക്കുമ്പോൾ നാലു സെൻറ് സ്ഥലം വിതരണം ചെയ്യുന്നതിന് പകരം കൂടുതൽ സുരക്ഷിതത്വവും ഉറപ്പുള്ളതും മെച്ചപ്പെട്ടതുമായ അടിസ്ഥാന സൗകര്യമെന്ന നിലയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യേണ്ടതിൻെറ ആവശ്യകത നിലനിൽക്കുന്നു. ടെറസ് രംഗത്ത് ഫ്ളാറ്റ് രീതിയിലുള്ള മേൽക്കൂരകൾക്ക് ഇപ്പോൾ പ്രിയം കുറഞ്ഞുവരുന്നു. മുകൾഭാഗം Slope ചെയ്ത രീതിക്കാണ് ഇപ്പോൾ ഡിമാൻഡ്, വീടുകൾ ഇപ്പോൾ തങ്ങളുടെ ദുരഭിമാനത്തിൻെറ പ്രശ്നമായി ഒരു വിഭാഗം ആളുകളും കാണുന്നു. രണ്ടുനില വീടു പണിതാലേ സമൂഹത്തിന് അന്തസ്സുണ്ടാകൂ എന്ന സ്ഥിതി ആയിട്ടുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് പൂർണ്ണമായും അന്യപ്രദേശങ്ങളെ ആശ്രയിക്കേണ്ടി വരുന്ന നമുക്ക് ഈ മോശമായ പ്രവണത മാറ്റിയെടുക്കാൻ എന്തു ചെയ്യാനാവും എന്ന് ആലോചിക്കേണ്ടതുണ്ട്. നമ്മുടെ തൊട്ടടുത്ത തൃപ്രയാർ പോളി ടെക്നിക്ക് കേന്ദ്രവുമായി ബന്ധപ്പെട്ട് ചെലവുകുറഞ്ഞ വീടു നിർമ്മാണം ഇത്രയടുത്തായിട്ടുപോലും നമ്മുടെ പഞ്ചായത്തിൽ കൂടുതലും ഉപയോഗപ്പെടുത്തുന്നില്ല. ഇതിനെ നിരുത്സാഹപ്പെടുത്തുന്ന ശക്തികൾ ധാരാളമുണ്ട്. നമ്മുടെ നാട്ടിൽ പുതുതായി നിർമ്മിക്കപ്പെടുന്ന വീടുകളിൽ 1% മാത്രമേ ചെലവു കുറഞ്ഞ വീടുകളോട് താല്പര്യം കാണിക്കുന്നുള്ളു എന്നത് മാറ്റിയെടുക്കാനും ചെലവുകുറഞ്ഞ വീടുകളുടെ പ്രചാരം കൂടുതൽ വരുത്താൻ കഴിഞ്ഞാലും ഈ രംഗത്ത് മാറ്റം വരുത്താൻ കഴിയും.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ കൂട്ടത്തിൽ സിമൻറുകട്ട മാത്രമാണ് നമ്മുടെ പഞ്ചായത്തിലുണ്ടാകുന്നത്. അത് പഞ്ചായത്തിൻെറആവശ്യത്തിന് തികയുന്ന തോതിലില്ല. സിമൻറ്, കമ്പി എന്നിവക്ക് പഞ്ചായത്തിൽ വിപണന കേന്ദ്രങ്ങൾ ഉണ്ടെങ്കിലും ഇത് സ്ഥിതിചെയ്യുന്നത് എല്ലാ വാർഡുകൾക്കും ഫലപ്രദമായ സ്ഥലത്തല്ല. വീടുകൾക്ക് ചുറ്റും വേലികളായിരുന്നു നിലനിന്നിരുന്നത്. എന്നാൽ ഇപ്പോൾ വീടിനു ചിലവഴിക്കുന്നതിനേക്കാൾ സംഖ്യ ഉപയോഗിച്ച് മതിൽ നിർമ്മിക്കുന്നതിന് താല്പര്യം കാണിക്കുന്നവർ ഏറെയുണ്ട്.

കെട്ടിടനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ ധാരാളം ഉണ്ടെങ്കിലും പഞ്ചായത്തിലെ നിർമ്മാണവേലകൾക്ക് ആവശ്യമായ രീതിയിൽ തൊഴിലാളികൾ ഇല്ല. മറ്റു പഞ്ചായത്തുകളിൽനിന്നും ദൂരസ്ഥലങ്ങളിൽനിന്നും വന്ന് ജോലിചെയ്യുന്നുണ്ട്. ഈ രംഗത്ത് സ്ത്രീകളും ധാരാളമായി ചെയ്യുന്നുണ്ട്. കൂലിയിൽ അസമത്വം നിലനിൽക്കുന്നു. പുരുഷന്മാർക്ക് 125ഉം സ്ത്രീകൾക്ക് 50ഉം രൂപ എന്ന തോതിലാണ്. സ്ത്രീ തൊഴിലാളികൾ കൂടുതലും വൈവിധ്യം ആവശ്യമില്ലാത്ത വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്. അഞ്ചുവർഷംമുമ്പ് പുരുഷ തൊഴിലാളികളുടെ കൂലി 50-60 രൂപയായിരുന്നു. ഈ മേഖലയിൽ പാർപ്പിട നിർമ്മാണസാമഗ്രികളുടെ നിർമ്മാണം നമ്മുടെപഞ്ചായത്തിൽതന്നെ നടത്തുന്നതിന് ഈ ജോലികൾ ചെയ്യാൻ കൂടുതൽ ആളുകൾ തയ്യാറാവുകയും ചെയ്താൽ കുറെയൊക്കെ തൊഴിലില്ലായ്മകൂടി പരിഹരിക്കാൻ കഴിയുന്ന മേഖലയാണ്.

## ഗ്രാമസഭയിൽ ഉയരുന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും

ഭവന നിർമ്മാണ രംഗത്തെ വിവിധ സ്കീമുകൾ പ്രകാരമുള്ള വായ്പകളും സഹായങ്ങളും ഇന്നുള്ളതിൽനിന്നും വർദ്ധിപ്പിക്കേണ്ടതുണ്ട്.

വായ്പകൾ ലഭ്യമാകാൻ ഒട്ടേറെ കടമ്പകൾ കടക്കേണ്ടതിന്റെ പ്രയാസം, ഉദ്യോഗസ്ഥരുടെ ജന വിരുദ്ധ സമീപനങ്ങൾ, സഹകരണ സംഘങ്ങളും ഷെഡ്യൂൾഡ് ബാങ്കുകളും, ഭവന നിർമ്മാണ വായ്പകൾ നൽകാൻ കാണിക്കുന്ന വൈമുഖ്യം എന്നിവ വായ്പയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. പാടം നികത്തിയുള്ള വീടുവെപ്പ് വെള്ളക്കെട്ടുകൾ ഉണ്ടാക്കുന്നു. കടലാക്രമണം, പ്രകൃതിക്ഷോഭം മൂലം ഒട്ടേറെ വീടുകൾ ഒരുവർഷം നശിക്കുന്നു. ഭവന നിർമ്മാണ രംഗത്തെ ആർഭാടം വർദ്ധിച്ചുവരുന്നു. സാധന സാമഗ്രികളുടെ വിലവർദ്ധനവും നേരിടുന്ന ക്ഷാമവും ഭവന നിർമ്മാണ തൊഴിലാളികൾ പുറത്തുനിന്ന് വരുന്നു എന്നതും ഭവനരഹിതരായവരിൽ കൂടുതലും പട്ടികജാതിക്കാരാണ് എന്നതും ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രശ്നങ്ങളാണ്.

### നിർദ്ദേശങ്ങൾ

1) ദുർബല വിഭാഗങ്ങൾക്ക് ഇന്നുള്ള ഭവന നിർമ്മാണ സഹായം 45,000 രൂപയാക്കി ഉയർത്തണം.
2) ഭവന നിർമ്മാണത്തിനുള്ള സഹായപരിധിയിൽ വീട് പുതുക്കി പണിയൽ, ഓടു മേയൽ, ദുർബല വിഭാഗങ്ങൾ എന്നിവക്കുകൂടി ധനസഹായം നൽകണം.
3) ഇത്തരം വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം.
4) പഞ്ചായത്തിലെ മുഴുവൻ ഭവനരഹിതർക്കും വീടു നിർമ്മിച്ചു കൊടുക്കുന്നതിനാവശ്യമായ പദ്ധതിക്ക് മുൻഗണന നൽകി സമയബന്ധിതമായി പൂർത്തീകരിക്കുക.
5) ഈ പദ്ധതികളിലേക്ക് ആളുകളെ തിരഞ്ഞെടുക്കാനുള്ള പൂർണ്ണ അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.
6) നിർമ്മാണചെലവ് അഞ്ചു ലക്ഷത്തിൽ കൂടുതൽ വരുന്ന വീടുകളിൽനിന്നും അധികകരം ഈടാക്കണം.
7) ഭവനരഹിതരായ ആളുകളുടെ പൂർണ്ണവിവരം വാർഡുതിരിച്ച് തയ്യാറാക്കണം.
8) ഭവന നിർമ്മാണ സഹകരണസംഘംപഞ്ചായത്തിൽ ആരംഭിക്കണം.
9) കോളനികളിൽ കുറച്ചുസ്ഥലത്ത് കൂടുതൽ പേർക്ക് താമസിക്കാൻ കഴിയുന്ന അപ്പാർട്ടുമെൻറുകൾ നിർമ്മിച്ചുനൽകുക.
10) കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സർവ്വീസ് ഇടപെട്ട് കമ്പി, സിമൻറ് എന്നിവ ന്യായമായ വിലക്കു നൽകുക.
11) സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
12) അപേക്ഷകൾ ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുക.
13) നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുക.
14) രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി 50,000 രൂപയാക്കി ഉയർത്തുക.
15) ഭവനരിഹതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ പലർക്കും ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. ഇതിന് പുറംപോക്കുഭൂമികൾ കണ്ടെത്തി 5 സെൻറ് വീതം നൽകുന്നതിന് ശ്രമിക്കുക.
16) പദ്ധതി വിഹിതത്തിന്റെ 50% ഭവന നിർമ്മാണത്തിനായി മാറ്റിവെക്കുക.

5 വർഷംകൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായി അല്ലെങ്കിലും പരമാവധി പരിഹരിക്കാൻ കഴിയണം. അതിനുള്ള കൂട്ടായ്മക്കായി നമുക്കൊന്നിക്കാം.

### I.R.D.P. ലിസ്റ്റിലുള്ള കുടുംബങ്ങളുടെ ഇപ്പോൾ ലഭ്യമായ കണക്കുകൾ

| | | |
|---|---|---|
| I.R.D.P. ലിസ്റ്റിലെ ആകെ കുടുംബങ്ങളുടെ എണ്ണം | - | 2904 |
| S.C. കുടുംബങ്ങൾ | - | 228 |
| എട്ടാം പദ്ധതിയിൽ സഹായം ലഭിച്ചവരുടെ എണ്ണം | - | 952 |
| S.C. കുടുംബങ്ങൾ | - | 329 |
| ആകെ അനുവദിച്ച വീടുകൾ (J.R.Y., J.A.Y., M.W.S.) | - | 119 |
| പൂർത്തീകരിച്ചത് | - | 57 |
| പൂർത്തീകരിക്കാത്തത് | - | 62 |
| C.R.S.P. കക്കൂസ് | - | 47 |

## താമസമുള്ള വീടുകഠം

| വാർഡ് | കുടിൽ | ഓട് | ടറസ്സ് | ആകെ |
|---|---|---|---|---|
| I | 249 | 264 | 62 | 575 |
| II | 130 | 356 | 183 | 669 |
| III | 250 | 285 | 139 | 674 |
| IV | 273 | 237 | 131 | 641 |
| V | 135 | 197 | 105 | 437 |
| VI | 123 | 229 | 103 | 455 |
| VII | 200 | 256 | 200 | 656 |
| VIII | 230 | 394 | 100 | 724 |
| IX | 207 | 208 | 107 | 522 |
| X | 300 | 96 | 60 | 456 |
| XI | 328 | 288 | 102 | 718 |
| XII | 277 | 259 | 79 | 615 |
| XIII | 326 | 132 | 50 | 508 |
| | 3028 | 3201 | 1421 | 7650 |

## ഭവന ലഭ്യതാ പട്ടിക

S.N. പുരംപഞ്ചായത്ത്

| വർഷം | RLEGP | NREP | IAY | MWS | JRY | JM | ആകെ എണ്ണം | പണി പൂർത്തീകരിച്ചത് | പൂർത്തീകരിക്കാനുള്ളത് |
|---|---|---|---|---|---|---|---|---|---|
| 89-90 | - | - | - | - | 7 | - | 7 | 5 | 2 |
| 90-91 | - | - | - | 4 | 5 | - | 9 | 9 | - |
| 91-92 | - | - | - | 3 | 3 | 2 | 8 | 8 | - |
| 92-93 | - | - | - | 2 | 4 | 2 | 8 | 6 | 2 |
| 93-94 | - | - | - | 2 | 7 | - | 9 | 8 | 1 |
| 94-95 | - | - | - | 10 | 4 | - | 14 | 3 | 11 |
| 95-96 | - | - | - | 10 | 25 | - | 35 | 19 | 16 |
| 96-97 | - | - | - | - | 28 | - | 28 | 2 | 26 |
| ആകെ എണ്ണം | - | - | - | 31 | 83 | 4 | 118 | 58 | 60 |

### സാമൂഹ്യക്ഷേമം

താഴ്ന്ന പ്രതിശീർഷ വരുമാനത്തിനിടയിലും ഉയർന്ന ജീവിത നിലവാരം ലോകത്തിൻെറ തന്നെ ശ്രദ്ധ കേരളത്തിലേക്ക് ആകർഷിപ്പിക്കാൻ സഹായകമായിട്ടുണ്ട്. രാജ്യഭരണ കാലത്തുതന്നെ സാമൂഹ്യക്ഷേമ പദ്ധതികഠംക്ക് ഊന്നൽ കൊടുത്തതും നവോത്ഥാന സാമൂഹ്യ പ്രസ്ഥാനങ്ങളുടെ വളർച്ചയുമാണ് ഈരംഗത്ത് നമ്മുടെ ഉന്നതിയുടെ രഹസ്യം. അതുകൊണ്ട് ഈ രംഗത്തെ മേന്മ നില നിർത്തുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യക്ഷേമ പദ്ധതികഠം ഊർജ്ജിതമായി നടപ്പാക്കേണ്ടതുണ്ട്. കൊടുങ്ങല്ലൂർ താലൂക്കിലെ മറ്റേത് പഞ്ചായത്തിനേക്കാളും വരുമാന സ്രോതസ്സ് ഏറ്റവും കുറഞ്ഞ പഞ്ചായത്താണ് നമ്മുടേത്. കേരളത്തിൻെറ പൊതുസ്ഥിതി എന്ന പോലെ ഇവിടെയും ഗഠംഫ് പണത്തിൻെറ ചെറിയ സ്വാധീനത്തിൽ ഗുരുതരമായ സാമൂഹ്യപ്രശ്നങ്ങഠം പുറത്തുവരുന്നില്ല എന്നേ ഉള്ളൂ.

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാൻ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികഠം ഏറെയുണ്ടെങ്കിലും ഇതിൽ പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവണ്മെൻറുകഠം വഹിക്കുന്ന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധികഠം നടപ്പാക്കുന്ന



428

വയെന്നും രണ്ടായി തരംതിരിക്കാം. ഈ പദ്ധതിക്കു പുറമേ പട്ടികജാതി വികസനത്തിനായി പട്ടിക ജാതി കോർപ്പറേഷനും വനിതകളുടെ വികസനത്തിനായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നു. ഈ പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനെയുള്ള സഹായങ്ങൾ മാത്രമാണ് ചെറിയ തോതിൽ പഞ്ചായത്തിന് ലഭ്യമാകുന്നത്. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്കു കിട്ടായ്ക ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണക്കുറവ് സമയാസമയങ്ങളിൽ കിട്ടാതെ വരിക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതുണ്ട്. സാമൂഹ്യക്ഷേമരംഗത്ത് ഇപ്പോൾ സഹായം ലഭ്യമായിക്കൊണ്ടിരിക്കുന്ന ബ്ലോക്ക് ഡെവലപ്പ്മെൻറ് ആപ്പീസിൻെറ കീഴിലുള്ള V.E.O. ഓഫീസുകൾ വഴിയാണ്. ഇവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാരക്ഷമമാക്കേണ്ടതുണ്ട്.

| | |
|---|---|
| ഈ പദ്ധതിയിൽ സഹായം ലഭിച്ചവരുടെ എണ്ണം | 952 |
| S.C. കുടുംബങ്ങൾ | 329 |

സാമൂഹ്യവനവൽക്കരണത്തിൻെറ ഭാഗമായി 450 തെങ്ങിൻ തൈകൾ വിതരണം ചെയ്തു. S.C. കുടുംബങ്ങൾക്ക് സൗജന്യവും ഇതരവിഭാഗങ്ങൾക്ക് ഭാഗികവും. M.W.S. പദ്ധതിയിൽ 5 കുടുംബങ്ങൾക്ക് കിണറുകൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| S.C. കുടുംബങ്ങളിലെ കുട്ടികൾക്ക് മേശയും കസാരയും ലഭിച്ചവരുടെ എണ്ണം | - |
| ട്രെസ്സം തൊഴിൽ പരിശീലനം ലഭിച്ചവരുടെ എണ്ണം | 430 |

ടൂൾകിറ്റ് പദ്ധതി തുടങ്ങി നിരവധി പദ്ധതികൾ ഈ മേഖലയിലുണ്ടെങ്കിലും സഹായം ലഭിക്കേണ്ടവരുടേയും ലഭിച്ചവരുടേയും കൃത്യമായ കണക്കുകൾ ലഭ്യമല്ല.

## ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും

പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം ആവശ്യമാണ്. സ്വന്തമായി വീടുവെക്കുവാൻ സ്ഥലമില്ലാത്തവർക്ക് വീടും സ്ഥലവും നൽകുക.

പെൻഷൻ സഹായങ്ങൾ കാലതാമസം കൂടാതെ മുൻകാല പ്രാബല്യത്തോടെ നൽകുക.

നിരാലംബരായ പല ആളുകൾക്കും ആൺ മക്കളുണ്ടെന്ന പേരിൽ പെൻഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥ മാറ്റി ആൺമക്കളുണ്ടെങ്കിലും സഹായലഭ്യതക്ക് അർഹരാണോയെന്ന് പഞ്ചായത്തുമെമ്പർമാരുടെ പരിശോധന വിലയിരുത്തി പെൻഷൻ നൽകേണ്ടതാണ്. 60 വയസ്സിനു മേലെയുള്ള സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന എല്ലാവർക്കും പെൻഷൻ കൊടുക്കുന്നതിന് തയ്യാറാകുക.

അനർഹരായ ആളുകൾ പെൻഷൻ പറ്റുന്നുണ്ടെങ്കിൽ കണ്ടെത്തി ഒഴിവാക്കുന്നതിന് ശ്രദ്ധിക്കുക.

എല്ലാവിധ പെൻഷനുകളുടേയും അർഹരായവരെ തിരഞ്ഞെടുക്കാനുള്ള അവകാശം പൂർണ്ണമായും പഞ്ചായത്തുകൾക്ക് നൽകുക. പെൻഷൻ വിതരണം പഞ്ചായത്തുവഴി ആക്കുക.

സ്ത്രീകളുടേയും കുടുംബങ്ങളുടേയും ഉന്നമനത്തിന് പത്തോ അതിലധികമോ സ്ത്രീകളെ ഉൾപ്പെടുത്തി ചെറിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

S.C. വിഭാഗമല്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ ആളുകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ കഴിഞ്ഞാൽ തങ്ങളുടെ ആനുകൂല്യങ്ങൾ കൂടി ഹരിജനങ്ങൾക്കുകൂടി നൽകുന്നു എന്ന ധാരണ ഒഴിവാക്കാൻകൂടി സഹായിക്കും.

I.R.D.P. ലിസ്റ്റിൽ ഇനിയും പെടുത്തേണ്ട ആളുകൾ ഒരുപാടുണ്ട്. അവരെ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

I.R.D.P. വായ്പകൾ ലഭിക്കുന്നതിലുള്ള ബാങ്കുകളുടെ സാങ്കേതിക തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഒരിക്കൽ വായ്പ ലഭിക്കുകയും കൃത്യമായി തിരിച്ചടക്കുകയും ചെയ്തവർക്ക് വായ്പ നൽകാൻ ശ്രദ്ധിക്കണം.

കോളനികളിൽ താമസിക്കുന്നവർക്ക് പൂർണ്ണമായി കക്കൂസുകളും വീടും നൽകുന്നതിന് മുൻഗണന നൽകുക.

എല്ലാ വാർഡുകളിലും ചുരുങ്ങിയത് രണ്ട് അംഗനവാടികളെങ്കിലും അനുവദിക്കുക.

ഗർഭിണികളായ അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യപരിപാലനത്തിനും പോഷകാഹാരപദ്ധതിക്കും ഊർജ്ജിതമായ പദ്ധതികൾ തയ്യാറാക്കുക.

സ്വയംതൊഴിൽ പദ്ധതിയിലേക്ക് സ്ത്രീകളെ കൂടുതൽ കൊണ്ടുവരുന്നതിന് ശ്രദ്ധിക്കണം.

ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ ആഗ്രഹമുള്ളവർ I.R.D.P. ലിസ്റ്റിൽ പെടാത്തവരാണെങ്കിൽ പോലും ചില പ്രദേശങ്ങളുടെ പ്രത്യേകത വെച്ച് പരിഗണിച്ചാൽ കുറെപ്പേർക്ക് തൊഴിൽ ലഭിക്കുന്നതിന് സാദ്ധ്യമാകും. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിൻെറ കടന്നുകയറ്റം നമ്മുടെ പഞ്ചായത്തിലും പ്രകടമാണ്. നിലവിലുള്ള അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ഉള്ളവക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സഹായം നൽകുകയും ചെയ്യുകയും കുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ കാര്യങ്ങൾ ഇതുവഴി മെച്ചപ്പെടുത്താൻ കഴിയേണ്ടതുണ്ട്.

ശുചിത്വപരിപാലനത്തിൻെറ ഭാഗമായി മുഴുവൻ അംഗൻവാടികളിലും പാഴ്വസ്തുക്കളും മലിനവസ്തുക്കളും നീക്കംചെയ്യാൻ സംവിധാനമുണ്ടാക്കുക.

കെട്ടിട നിർമ്മാണ തൊഴിലാളികളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുക.

മറ്റു കൈവേലക്കാർക്കും തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടുത്തുക.

അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

## പൊതുവിതരണം

നമ്മുടെ പഞ്ചായത്തിലാകെ 17 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. ഇതിൽ........കാർഡുകൾ ഉണ്ട്. പൊതുവിതരണ രംഗത്ത് ഒരു മാവേലി സ്റ്റോറാണ് പ്രവർത്തിക്കുന്നത്. ഇത് ആല ഭാഗത്താണ്. ഒരു സഹകരണ സ്റ്റോർ S.N. പുരത്ത് പ്രവർത്തിക്കുന്നു. മാവേലി സ്റ്റോറിൻെറ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. മാവേലി സ്റ്റോർ ഇപ്പോൾ ലാഭത്തിലല്ല പ്രവർത്തിക്കുന്നത്. കഴിഞ്ഞ ഓണക്കാലങ്ങളിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് ശ്രീനാരായണപുരത്തെ സ്റ്റോറിന് ഈ മേഖലയിലെ ചില സഹകരണ സ്ഥാപനങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ വില കുറച്ച് നൽകാൻ കഴിഞ്ഞതുമൂലം ചൂഷണത്തിൽനിന്നും സാധാരണക്കാരെ രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഉപഭോക്തൃ സഹകരണ സംഘം ഈ മേഖലയിൽ ആവശ്യമാണ്. ഈ രംഗത്ത് പൂവത്തുംകടവ് സഹകരണ ബാങ്ക് ഓണക്കാലങ്ങളിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നു. റേഷൻ ഷാപ്പ് പൊതുവിതരണ കേന്ദ്രമായതോടുകൂടി പ്രവർത്തനം അവതാളത്തിലാണ്. അനുദിനം സാധാരണക്കാരനു പരാതിയുള്ള പൊതുവിതരണ കേന്ദ്രത്തെ 1966ലെ റേഷനിംഗ് ആക്ട് പ്രകാരം ഉള്ള റേഷൻഷാപ്പ് എന്നാക്കിതന്നെ മാറ്റണം. പഞ്ചായത്തിലെ റേഷൻ ഷാപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലയിലെ പരാതികൾക്ക് പരിഹാരം കാണണം. റേഷൻ കാർഡുമായി ബന്ധപ്പെട്ട പരാതികൾക്ക് പഞ്ചായത്തിൽ പരിഹാരം കാണണം. താലൂക്ക് സപ്ലൈ ഓഫീസിൻെറ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണം.

പഞ്ചായത്തിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോറും സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ ഒരു മാവേലി സ്റ്റോറും പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്.

റേഷൻ കടകൾ വഴി മറ്റു നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയണം.

I.R.D.P. ധനസഹായം ലഭിച്ചവർ ആകെ 2676. ഇതിൽ S.C. 225 എണ്ണം.

വാർഡുകൾ തിരിച്ചുള്ള പട്ടിക

*(ഇതുവരെ ലഭ്യമായ കണക്ക് പ്രകാരം)*

| വാർഡ് | എണ്ണം ജനറൽ | SC എണ്ണം | ആകെ |
|---|---|---|---|
| I | 209 | 25 | 234 |
| II | 160 | 8 | 168 |
| III | 179 | 16 | 186 |
| IV | 201 | 15 | 216 |
| V | 153 | | |

## ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്
### വാർഡ് തിരിച്ചുള്ള ജനസംഖ്യ

| വാർഡ് | പേര് | വിസ്തീർണ്ണം സ്ക്വയർ കി.മീ. | ആൺ | പെൺ | ആകെ |
|---|---|---|---|---|---|
| I | ആല | 1-47 | 1216 | 1421 | 2637 |
| II | കോതപറമ്പ് | 1-51 | 1488 | 1645 | 3133 |
| III | ശാന്തിപുരം | 1-51 | 1546 | 1707 | 3253 |
| IV | വെഴമന | 1-49 | 1522 | 1565 | 3087 |
| V | പത്താഴക്കാട് | 1-48 | 970 | 1072 | 2042 |
| VI | നെൽപിണി | 1-50 | 1099 | 1150 | 2249 |
| VII | ശ്രീനാരായണപുരം | 1-49 | 1484 | 1655 | 3139 |
| VIII | പോഴംകാവ് | 1-50 | 1317 | 1485 | 2802 |
| IX | പതിയാശ്ശേരി | 1-50 | 1189 | 1289 | 2478 |
| X | പേക്കോട് | 1-51 | 1931 | 2132 | 4063 |
| XI | പി. വെമ്പല്ലൂർ | 1-52 | 1384 | 1510 | 2894 |
| XII | അഞ്ചങ്ങാടി | 1-48 | 1566 | 1611 | 3177 |
| XIII | കോളേജ് | 1-49 | | | |

10-ാം വാർഡ് വിഭജിച്ച് 10ഉം 13ഉം ആക്കി.

## റേഷൻകടകളിലെ ഭക്ഷ്യവസ്തുക്കളുടെ വിതരണവും മറ്റും സംബന്ധിച്ച് (ലഭ്യമായ വിവരം)

| | കാർഡ് ഉടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കാം (ക്വിൻറൽ) | | | | | | മണ്ണെണ്ണഗ്യാസ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | വൈദ്യുതീകരിക്കാത്ത വീട് NE കാർഡ | വൈദ്യുതീകരിച്ച വീട് E കാർഡ് | ആകെ കാർഡുകാം | മേജർ 12 വയസ്സിന് മുകളിൽ | മൈനർ 3 to 12 വയസ്സ് | ആകെ | അരി എല്ലാ ഇനവും ക്വി. കി.ഗ്രാം | ഗോതമ്പ് " | റവ | മൈദ | പഞ്ചസാര | പാമോയിൽ | എൽ.പി.ജി. എണ്ണം | മണ്ണെണ്ണ പെർമിറ്റ് എണ്ണം | മണ്ണെണ്ണ വിതരണം ലിറ്റർ |
| 91-92 | 2820 | 2526 | 5346 | 22,715 | 5417 | 28,132 | 16,659.09 | 2243.24 | 36.09 | 50.97 | 1310.74 | 78.14 | 57 | 287 | 225,192 |
| 92-93 | 2,927 | 2,548 | 5,472 | 22,882 | 5488 | 28,370 | 15,333.28 | 1829.88 | 181.10 | 333.07 | 1350.66 | 79.50 | 66 | 255 | 2,05,152 |
| 93-94 | 2,866 | 2,742 | 5,608 | 22,853 | 5,613 | 28,493 | 18,059.46 | 2,293.43 | 107.30 | 622.96 | 1,565.26 | 105.80 | 66 | 321 | 2,60,556 |
| 94-95 | 2,744 | 2,989 | 5,733 | 23,563 | 5,634 | 29,199 | 18,122.88 | 2,741.05 | 43.46 | 146.20 | 1,540.78 | 50 | 66 | 342 | 2,52,443 |
| 95-96 | 3,028 | 3,593 | 6,648 | 24,723 | 8,791 | 33,314 | 21,110.16 | 3,774.96 | 93.91 | 164.73 | 1,768.97 | - | 142 | 410 | 3,04,456 |



432

## ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം വാർഡ് തിരിച്ച് പട്ടിക (ലഭ്യമായ വിവരം)

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC-ST കുടുംബങ്ങൾ (ഇനി സഹായം ലഭിക്കേണ്ടവർ) | നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC-ST |
|---|---|---|---|---|
| I | 213 | 26 | 952 വാർഡ് തിരിച്ച് കണക്ക് ലഭ്യമല്ല | 329 വാർഡ് തിരിച്ച് കണക്ക് ലഭ്യമല്ല |
| II | 197 | 10 | | |
| III | 179 | 16 | | |
| IV | 275 | 20 | | |
| V | 176 | 17 | | |
| VI | 136 | 17 | | |
| VII | 234 | 35 | | |
| VIII | 261 | 20 | | |
| IX | 233 | 8 | | |
| X | 383 | 28 | | |
| XI | 299 | 14 | | |
| XII | 318 | 17 | | |
| XIII | - | - | | |
| ആകെ | 2904 | 228 | 952 | 329 |

XIII-ാം വാർഡിൻെറ കണക്ക് Xൽനിന്നും വേർതിരിച്ചിട്ടില്ല.

## നിർമ്മാണം പൂർത്തിയാക്കിയ സാമൂഹികാസ്തികളുടെ വിവരം

| | എണ്ണം | | | | | | | കി.മീ. മീറ്റർ റോഡുകളുടെ നീളം | | | |
|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | സ്കൂൾ കെട്ടിടങ്ങൾ | ആശുപത്രി കെട്ടിടങ്ങൾ | പാലം | കലുങ്ക് | കുളം | ജലസേചന കിണറുകൾ | കുടിവെള്ള കിണറുകൾ | ടാർ ചെയ്തത് | പുതിയത് ടാർ ചെയ്തത് | ഇനി ടാർ ചെയ്യാനുള്ള നീളം | അറ്റകുറ്റപ്പണികൾ ചെയ്യാനുള്ളത് |
| I | 1 | - | 1 | 1 | 1 | - | 2 | 950 M | - | 2 KM | 500 M |
| II | 4 | - | - | 4 | 6 | - | 5 | 3½ KM | - | - | - |
| III | 1 | 1 | 1 | 6 | 2 | 2 | 11 | 3 KM | 1 | 2 KM | 1 KM |
| IV | 1 | - | - | 9 | 2 | 1 | 7 | 2 | - | 3 KM | 2 KM |
| V | 1 | - | 1 | 4 | - | - | 8 | 2 KM | - | 4 KM | - |
| VI | കണക്കുകൾ ലഭ്യമല്ല | | | | | | | | | | |
| VII | കണക്കുകൾ ലഭ്യമല്ല | | | | | | | | | | |
| VIII | 2 | - | 1 | 4 | 1 | - | 8 | 3 KM | 1½ KM | 3½ KM | 4 KM |
| IX | 1 | - | 1 | 3 | - | - | 4 | 2 KM | - | ½ KM | 4 KM |
| X | 1 | - | - | 9 | 1 | - | 8 | - | - | 1 KM | 7 KM |
| XI | - | 1 | 2 | 10 | - | 1 | 12 | 2 KM | 3½ KM | 3½ KM | 3 KM |
| XII | 1 | - | 4 | 5 | - | - | 12 | 1½ KM | 2 KM | 5 KM | 3 KM |
| XIII | 3 | - | 2 | 10 | - | - | 2 | 1 KM | 4 KM | 4 KM | 6 KM |

# സംസ്കാരം

പുരാതന മലബാറിൻെറ തെക്കേ അറ്റത്താ യി 19.26 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണ ത്തിൽ പടിഞ്ഞാറ് അറബിക്കടൽ, കിഴക്ക് കനോലി കനാൽ വടക്ക് തൃക്കണാമതിലകം, തെക്ക് സാം സ്കാരിക പൈതൃകം പേറുന്ന കൊടുങ്ങല്ലൂർ ഇവയാൽ വലയം ചെയ്യപ്പെട്ട് കിടക്കുന്ന പ്രകൃതി രമണീയമായ ഒരു പ്രദേശമാണ് ശ്രീനാരായണ പുരം ഗ്രാമപഞ്ചായത്ത്.

ഈ പഞ്ചായത്ത് പതിമൂന്ന് വാർഡുക ളായി വിഭജിക്കപ്പെട്ടിരിക്കുന്നു. 1991-ലെ കാനേഷു മാരി കണക്കനുസരിച്ച് ഇവിടത്തെ മൊത്തം ജന സംഖ്യ 34878 ആകുന്നു. (16489 പുരുഷന്മാർ, 18389 സ്ത്രീകൾ). ഇവരിൽ 4528 പേർ പട്ടികജാതി ക്കാരും, 08 പേർ പട്ടികവർഗ്ഗക്കാരും ആണ്.

ദേശീയപാത പതിനേഴും, ടിപ്പുവിൻെറ പട യോട്ടം അനുസ്മരിപ്പിക്കുന്ന ടിപ്പു സുൽത്താൻ റോഡും ഈ പഞ്ചായത്തിൻെറ കിഴക്കും പടി ഞ്ഞാറും ഭാഗങ്ങളിലൂടെ തെക്കുവടക്കായി കടന്നുപോകുന്നു. ഗതാഗതത്തിനും ജലസേച നത്തിനും പഴയകാലത്ത് ഉപയോഗപ്പെടുത്തിയി രുന്ന 'പെരുന്തോട്' ഈ ഗ്രാമത്തിൻെറ മധ്യഭാഗം പിളർന്നാണൊഴുകുന്നത്.

കാർഷികവൃത്തിയും മത്സ്യബന്ധനവും മുഖ്യ തൊഴിലായിട്ടുള്ള ഈപ്രദേശത്ത് മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരും കുറവല്ല.

ഈ പഞ്ചായത്തിൽ ഒരു കോളേജും രണ്ട് ഹൈസ്കൂളുകളും കൂടാതെ അഞ്ച് അപ്പർ പ്രൈ മറി സ്കൂളുകൾ, എട്ട് എൽ.പി. സ്കൂളുകൾ, ഒരു സി.ബി.എസ്.സി. എന്നിവയും പ്രവർ ത്തിക്കുന്നുണ്ട്.

പൊതുവേ ഈ ഗ്രാമത്തിലെ പ്രബല ശക്തിയായ കമ്മ്യൂണിസ്റ്റ് പാർട്ടികളെ കൂടാതെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്, മുസ്ലീം ലീഗ്, ബി.ജെ.പി., എന്നീ രാഷ്ട്രീയ പാർട്ടികളും പ്രവർ ത്തിക്കുന്നു.

ഇന്നത്തെ ഇടതുപക്ഷ ഭരണസമിതി പഞ്ചായത്തിൻെറ വികസന പ്രവർത്തന ങ്ങൾക്കും ഊർജ്ജസ്വലമായ നേതൃത്വമാണ് നല്കിക്കൊണ്ടിരിക്കുന്നത്. ഈ ഗ്രാമത്തിൽ മതപരമോ രാഷ്ട്രീയപരമോ ആയ സംഘട്ടന ങ്ങൾ ഇല്ലാതെ ജനങ്ങൾ സമാധാനപരമായ സഹവർത്തിത്വത്തിൽ കഴിയുന്നു.

കലാ സാഹിത്യ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പ്രസിദ്ധരും പ്രഗത്ഭരുമായ ഒട്ടന വധി പേർക്ക് ഈ ഗ്രാമം ജന്മം നല്കിയിട്ടുണ്ട്. സാക്ഷാൽ ശ്രീനാരായണൻെറ പേരിൽ (തേവർ) നിലകൊള്ളുന്ന ഈ ഗ്രാമം ഒരു സമ്പന്നമായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷി ക്കുന്നു. ഇവിടെ ഒരു വലിയ ശതമാനം ഹിന്ദു ക്കളും കൂടാതെ മുസ്ലീംകളും ക്രിസ്ത്യാനികളും ഇടകലർന്ന് ജീവിച്ചുപോരുന്നു. ഇവർ അവരവരു ടെ തനതായ ആചാരങ്ങളും അനുഷ്ഠാനങ്ങ ളുമായി മുന്നോട്ടുപോകുന്നു. ഹിന്ദുക്കളിൽ ഭൂരി ഭാഗവും പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവ രാണ്. മൂന്നു മതവിഭാഗങ്ങളിലും ധാരാളം ഉപവി ഭാഗങ്ങൾ കാണപ്പെടുന്നു.

മുൻകാലങ്ങളിൽ എല്ലാ മതവിഭാഗങ്ങളു ടെയും ആഘോഷങ്ങളിൽ മതഭേദമെന്യേ എല്ലാ വരും പങ്കെടുത്ത് പോന്നിരുന്നെങ്കിലും അടുത്ത കാലത്തായി ഒരു ചെറിയ ശതമാനം ജനങ്ങളിൽ സങ്കുചിത മനോഭാവം വളരുന്നില്ലേ എന്ന് സംശയിക്കാൻ ന്യായം കാണുന്നു.

ആരാധനാലയങ്ങളുടെ കാര്യത്തിൽ ഈ പ്രദേശം ചൈതന്യ ധന്യമാണ്. ശ്രീനാരായണ ഗുരു പ്രതിഷ്ഠിച്ച ആല ശങ്കരനാരായണ ക്ഷേത്രം, ചരിത്രം താളംപിടിക്കുന്ന ശ്രീനാരാ യണപുരം തേവർക്ഷേത്രം, നെൽപ്പിണി ക്ഷേത്രം, ശാന്തിപുരത്തുള്ള മുനവ്വർഷാ സാഹിബ്ബിൻെറ പള്ളി, പടിഞ്ഞാറെ വെമ്പല്ലൂരിലെ അന്തോണീസ് പുണ്യാളൻെറ കപ്പേള, മേക്കോട് അയ്യപ്പൻകാവ് ക്ഷേത്രം എന്നിവ മതസൗഹാർദ്ദത്തിൻെറ മകു

ടങ്ങളായി നിലനില്ക്കുന്നത് കൂടാതെ ധാരാളം ക്ഷേത്രങ്ങളും മുസ്ലീം ക്രിസ്ത്യൻ ആരാധനാലയങ്ങളും ഈ പ്രദേശത്തുണ്ട്.

ആയിരത്തിലേറെ വർഷം പഴക്കമുള്ള നെൽപ്പിണി ക്ഷേത്രത്തിൻെറ കരിങ്കൽ ഭിത്തികളിൽ കാണുന്ന 'വട്ടെഴുത്ത്' വായിച്ചെടുക്കുകയാണെങ്കിൽ ശ്രീനാരായണപുരത്തിൻെറ ചരിത്രത്തിലേക്ക് വെളിച്ചംവീശുന്ന വസ്തുതകൾ കണ്ടെത്താനാകുമെന്ന് വിശ്വസിക്കുന്നു.

ദേവാലയങ്ങളോട് അനുബന്ധിച്ച് നടത്തുന്ന ഉത്സവങ്ങളും മറ്റ് ആഘോഷപരിപാടികളും പൂർവ്വാധികം വിപുലീകൃതമായിക്കൊണ്ടിരിക്കുകയാണെങ്കിലും ഇവിടെ നിലനിന്നിരുന്ന പ്രാചീനകലകളും നാടോടിപാട്ടുകളും നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കാഴ്ച ദുഃഖകരമാണ്. ഓണത്തിനും പെരുന്നാളിനും പാടിക്കളിക്കാറുണ്ടായിരുന്ന ഒട്ടേറെ കളികളും പാട്ടുകളും ഇന്നെങ്ങോ പോയ്മറഞ്ഞിരിക്കുന്നു.

അടുത്ത കാലംവരെ സാഹിബിൻെറ പള്ളിയിൽ നടത്തിയിരുന്ന 'ചന്ദനക്കുട' മഹോത്സവത്തിൽ മത്സ്യത്തൊഴിലാളികളും പ്രത്യേക നേർച്ച നടത്തിയിരുന്നു. കളവ് തെളിയിക്കാൻ ഈ പള്ളിയിൽ സത്യം ചെയ്യിക്കുന്ന ഒരു പതിവ് ഉണ്ടായിരുന്നു. മീനഭരണിയോടനുബന്ധിച്ച് കൊടുങ്ങല്ലൂരമ്മയ്ക്ക് സ്വർണ്ണതാലി കൊണ്ടുപോവുക, ആറന്മുള ക്ഷേത്രത്തിലേക്ക് സ്വർണ്ണവഞ്ചിയും വലയും നേർച്ച കൊണ്ടുപോവുക, പിതൃതർപ്പണത്തിനായി ആലുവ മണപ്പുറത്ത് പോവുക, മണ്ഡലം നൊയമ്പ് നോറ്റ് ശബരിമല കയറുക, ഹജ്ജിനായി മെക്കയിലേക്ക് പോകുക റംസാൻ മാസത്തിലെ നോമ്പ് നോൽക്കുക, പൊന്നിൻ കുരിശ് മുത്തപ്പൻെറ മല കയറുക തുടങ്ങിയ പല ആചാരാനുഷ്ഠാനങ്ങളും ഇവിടത്തെ വിഭിന്ന വിഭാഗങ്ങൾ വർഷങ്ങളായി മുടങ്ങാതെ ആചരിച്ചുവരുന്നു.

കാളികുളങ്ങരെ തെണ്ടുചുടൽ, ക്ഷേത്രങ്ങളിൽ 'പന്തീരൊഴി വാരൽ' ദീപാവലിയോടനുബന്ധിച്ച് പിതൃക്കൾക്കായുള്ള ബലിതർപ്പണം എന്നീ ആചാരങ്ങൾ ഇപ്പോഴും തുടർന്നുപോകുന്നു.

സർപ്പാരാധന ഈ ഗ്രാമത്തിലെ ജനങ്ങളുടെ എടുത്തുപറയത്തക്ക ഒരു പ്രത്യേകതയാണ്.

പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും സാംസ്കാരിക സാമൂഹിക കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ ഉണ്ടെങ്കിലും മിക്കവാറും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഒന്നുമില്ലാതെ ഇവയുടെ പ്രവർത്തനം മന്ദഗതിയിൽ ആയിരിക്കുന്നു. ലൈബ്രറികളുടെയും വായനശാലകളുടെയും എണ്ണംപരിമിതവും പ്രവർത്തനം ശോചനീയവുമാണ്.

പഞ്ചായത്തിലെ ഇരുപത്തിഅഞ്ച് ശതമാനം വീടുകളേ പത്രവരിക്കാരായി ഉള്ളുവെങ്കിലും പത്രവായന അറുപത് ശതമാനം പേർക്കും ഉണ്ട്. നിലവാരമുള്ള വാരികകളുടെ പ്രചാരം കുറവാണെങ്കിലും മറ്റു വാരികകളുടെ വരിക്കാർ കൂടുതലാണ്. ഗൗരവപൂർവ്വമായ വായനയുടെ അഭാവം സാംസ്കാരിക നിലവാര തകർച്ചക്ക് കാരണമാകുന്നു.

പഞ്ചായത്തിലെ അമ്പത് ശതമാനം ആളുകളും സിനിമാ, ടി.വി. പോലുള്ള ദൃശ്യമാധ്യമങ്ങളുടെ പ്രേക്ഷകരാണെങ്കിലും വാർത്താപ്രാധാന്യവും ഗൗരവസ്വഭാവമുള്ള പരിപാടികളോട് വിമുഖത കാണിക്കുന്നു. റേഡിയോയുടെ പ്രചാരം എൺപത് ശതമാനത്തോളം ഉണ്ടെങ്കിലും ടി.വി. മുതലായവയുടെ അതിപ്രസരം മൂലം പ്രാധാന്യം മങ്ങിപോയിരിക്കുന്നു. ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രചാരം ക്രിക്കറ്റ് പോലുള്ള വിദേശ കളികളുടെ സ്വാധീനം കൂട്ടിയിട്ടുണ്ട്. ഈ മാധ്യമം ഉപഭോഗസംസ്കാരത്തിലേക്ക് നാടിനെ നയിക്കുകതന്നെ ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല.

## നിർദ്ദേശങ്ങൾ

മനുഷ്യനും മനുഷ്യനും, മതവും മതവും, ജാതിയും ജാതിയും പരസ്പരം അകന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നാടിനെ ഒന്നിച്ചിണക്കി നിർത്താൻ കഴിയുന്ന കണ്ണികളാണ് കലാകായിക സാംസ്കാരിക രംഗങ്ങൾ. നാട്ടിൽ പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്ന പ്രാചീന കലാരൂപങ്ങളും നാടൻ ശീലുകളും സംരക്ഷിച്ചുകൊണ്ട് വിവിധ ജാതിമത വിഭാഗങ്ങളെ ഏകാപിപ്പിക്കുന്നതിനുള്ള പ്രവർത്തന പരിപാടിക്ക് നേതൃത്വം നല്കാൻ ഗ്രാമപഞ്ചായത്തിന് കഴിയണം.

ഇന്ന് നടന്നുകൊണ്ടിരിക്കുന്ന കേരളോത്സവം പോലുള്ള പരിപാടികളിൽ നാട്ടിൻപുറങ്ങ

ളിലെ പങ്കാളിത്തം കൂട്ടിക്കൊണ്ടും ഗ്രാമീണ കലാരൂപങ്ങൾക്ക് പ്രത്യേക പ്രാമുഖ്യം നല്കിയും പ്രോത്സാഹിപ്പിക്കേണ്ടതാകുന്നു. പഞ്ചായത്തിലെ യുവതീയുവാക്കൾക്കുവേണ്ടി ഒരു സ്ഥിരം കായിക പരിശീലനവേദിയും മത്സരക്കളികളും പഞ്ചായത്ത് നിർബന്ധമായും ആസൂത്രണം ചെയ്തിരിക്കേണ്ടതുണ്ട്. ഇത്തരം പരിപാടികൾ കാലേകൂട്ടി ആസൂത്രണം ചെയ്ത് മത്സരത്തിന് മാറ്റുകൂട്ടുവാൻ ശ്രമിക്കേണ്ടതാണ്.

നിലവിലുള്ള പഞ്ചായത്ത് ഗ്രന്ഥശാല വിപുലീകരിക്കുകയും എല്ലാ വാർഡുകളിലും എത്താവുന്ന രീതിയിൽ സഞ്ചരിക്കുന്ന ലൈബ്രറി സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം. കൂടാതെ, വാർഡുകൾതോറും ഒരു വായനശാലയെങ്കിലും ഉറപ്പ് വരുത്തേണ്ടതാണ്.

സ്കൂളുകളിൽ വാർഷിക കലാ-കായിക മത്സരങ്ങൾ, ആഴ്ചതോറും സാഹിത്യസമാജങ്ങൾ എന്നിവ നിർബന്ധമാക്കേണ്ടതാണ്.

എല്ലാ സ്കൂളുകളിൽ പാഠ്യേതര ഗ്രന്ഥശേഖരങ്ങൾ ഉണ്ടായിരിക്കണം.

മധ്യവേനലവധിയിൽ കലാ കായിക സാഹിത്യ അഭിരുചിയുള്ളവർക്ക് ഒന്നിച്ചുചേരുവാൻ സാഹചര്യം ഒരുക്കുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

നാട്ടിൽ കവിയരങ്ങ് സാഹിത്യ സായാഹ്നങ്ങൾ ബോധവൽക്കരണ ക്ലാസുകൾ നാടോടി കലാസദസ്സുകൾ എന്നിവ ഉത്സാഹപൂർവ്വം സംഘടിപ്പിക്കണം.

നിർജ്ജീവമായിക്കൊണ്ടിരിക്കുന്ന ഫിലിം സൊസൈറ്റികളെ പുനർജ്ജീവിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

സാക്ഷരതാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകണം. വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്കൂൾ തലത്തിൽതന്നെ നടപ്പാക്കണം.

പഞ്ചായത്തിൽ ഒരു സിനിമാശാലയെങ്കിലും ഉണ്ടാവണം.

സമിതികളുടെ പ്രവർത്തന കാര്യക്ഷമത അനുസരിച്ച് സാമ്പത്തികസഹായം ഉൾപ്പടെയുള്ള കാര്യങ്ങൾ ചെയ്തുകൊടുക്കണം.

സിനിമാപോസ്റ്ററുകളിലെ അശ്ലീല ചിത്രങ്ങളും, പത്രമാസികകളിലെ അശ്ലീല സാഹിത്യത്തിൻെറ അതിപ്രസരവും നിയന്ത്രിക്കേണ്ടതാണ്.

രാജ്യത്ത് ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന ഫാസിസ്റ്റ് ഭീകരപ്രസ്ഥാനങ്ങളിലേക്ക് വഴിതെറ്റി ഒഴുകാതെ യുവശക്തിയെ ദേശീയ ധാരയിലേക്ക് ആകർഷിക്കത്തക്ക വിധത്തിൽ നിരന്തരമായ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്ത് വൈകുന്ന ഓരോ നിമിഷവും ആപത്കരമാണ്. ഇക്കാര്യത്തിൽ ദൃശ്യശ്രവണ പത്ര മാധ്യമങ്ങളും മാതൃകാപരമായ നേതൃത്വം ഏറ്റെടുത്ത് നടത്തേണ്ടതാകുന്നു.

### പഞ്ചായത്തിലെ സാംസ്കാരിക കേന്ദ്രങ്ങൾ

| | | വാർഡുകൾ | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | ആകെ |
| ദേവാലയങ്ങൾ | ഹിന്ദു | 03 | 03 | 02 | 03 | 02 | 05 | 04 | 03 | 01 | 07 | 06 | 04 | 03 | 50 |
| | മുസ്ലീം | 01 | 02 | 04 | 02 | 01 | 01 | 00 | 01 | 01 | 00 | 01 | 01 | 02 | 17 |
| | ക്രിസ്ത്യൻ | 00 | 00 | 00 | 01 | 00 | 00 | 00 | 00 | 00 | 00 | 01 | 00 | 01 | 03 |
| സംഘടനകൾ | ക്ലബ്ബ് | 04 | | 04 | 02 | 03 | 03 | 03 | 03 | 01 | 03 | 07 | 04 | 02 | 39 |
| | ലൈബ്രറി വായനശാല | 01 | | 04 | | | | 01 | 01 | | | | | | 07 |
| | മഹിളാസംഘം | 01 | 02 | 01 | 01 | 01 | 01 | 01 | 01 | 01 | 01 | 02 | 01 | 01 | 15 |
| മറ്റു സംഘടനകൾ | മുസ്ലീം വെൽഫയർ കമ്മിറ്റി | | | | | | | | | | | | | 01 | 01 |
| | കേബിൾ ടി.വി. | | | 01 | | | | 01 | 01 | | 01 | | 01 | | 05 |



436

# കലാ സാംസ്കാരിക കേന്ദ്രങ്ങൾ

| ക്രമ നമ്പർ | പേരും വിലാസവും | സ്ഥാപിച്ച വർഷം | മെമ്പർ മാരുടെ എണ്ണം | കെട്ടിട ത്തിന്റെ വിവരം | ധനസഹായ ത്തിന്റെ വിവരം | ഏതു സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|---|---|
| 1 | ദൃശ്യകലാവേദി കോതപറമ്പ് | | | | ഇല്ല | | കലാരംഗം |
| 2 | രംഗസാരഥി കോതപറമ്പ് | | | | ഇല്ല | | കലാരംഗം |
| 3 | സാരംഗി സാംസ്കാരികവേദി കോതപറമ്പ് | | | | ഇല്ല | | കലാ-കായിക-സാംസ്കാരിക രംഗം |
| 4 | റിപ്പബ്ലിക്കൻ ക്ലബ്ബ് പൊരിബസ്സാർ | 61/93 | 55 | വാടക | ഇല്ല | | കല, കായികം, സംസ്കാരം |
| 5 | സഹൃദയ കലാവേദി പള്ളിനട | | | | ഇല്ല | | കല, സംസ്കാരം |
| 6 | നവജ്യോതി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വെഴവന | 1990 | 25 | വാടക | ഇല്ല | | കല-കായികം |
| 7 | ദൃശ്യകല - ആമണ്ടൂർ | | | | ഇല്ല | | കല-സംസ്കാരം |
| 8 | റെഡ്ഡ് സ്റ്റാർ - പള്ളിനട | | | | ഇല്ല | | കല-കായികം |
| 9 | യങ്ങ് ഷെയർ - പള്ളിനട | | | | ഇല്ല | | സംസ്കാരം |
| 10 | അപ്പോളോ ആർട്സ് & സ്പോർട്സ്, പതിയാശ്ശേരി | | | | ഇല്ല | | കല-കായികം |
| 11 | സ്വരാജ് നഗർ ഗ്രാമവേദി | | | | | | |
| 12 | അനശ്വര ആർട്സ് ക്ലബ്ബ് | | | | | | |
| 13 | പ്രണവം ഗ്രാമവേദി | | | | | | |
| 14 | സ്വരുമ സാംസ്കാരിക വേദി | | | | | | |
| 15 | നെൽപിണി ദേശ വികസന സമിതി | | | | | | |
| 16 | യുവതരംഗം കലാസമിതി പനങ്ങാട് | 230/80 | 65 | സ്വന്തം | ഇല്ല | സെൻട്രൽ ആക്ട് | |

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പർ മാരുടെ എണ്ണം | കെട്ടിട ത്തിന്റെ വിവരം | സഹായ ത്തിന്റെ വിവരം | ഏതു സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|---|---|
| 17 | സർഗ്ഗ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | 375/95 355/95 186/96 | 75 | വാടക | ഇല്ല | സെൻട്രൽ ആക്ട്, നെഹ്റു യുവകേന്ദ്ര, സംഗീത നാടക അക്കാദമി | |
| 18 | S.N. പുരം പനങ്ങാട് ആർട്സ് & സ്പോർട്സ് ക്ലബ്ബ് | | | | | | |
| 19 | സ്വരൂപം ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കോച്ചാലി | 507/95 | 26 | വാടക | ഇല്ല | സെൻട്രൽ ആക്ട് | |
| 20 | വേക്കോട് കലാക്ഷേത്രം വേക്കോട് | | | | | | |
| 21 | ദൃശ്യസാരഥി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മുള്ളൻ ബസ്സാർ | | | | | | കലാ-കായിക രംഗം |
| 22 | ശ്രീമുരുക ഭജനസംഘം, കോളനിപ്പടി | | | | | | അനുഷ്ഠാന കലാപ്രവർത്തനം |
| 23 | വേക്കോട് മുസ്ലീം വെൽഫെയർ കമ്മറ്റി, പി. വെമ്പല്ലൂർ | | | | | | സാംസ്കാരികം |
| 24 | സാഗര-ആർട്സ് & സ്പോർട്സ് പി. വെമ്പല്ലൂർ | | | | | | കലാ-കായിക സാംസ്കാരിക രംഗം |
| 25 | ആർഷ-പി. വെമ്പല്ലൂർ | 84/92 | 54 | | ഇല്ല | സെൻട്രൽ ആക്ട് | കലാകായിക സാംസ്കാരിക രംഗം |
| 26 | സർഗ്ഗസാഗര, പി. വെമ്പല്ലൂർ | 85/92 | 35 | സ്വന്തം | ഇല്ല | സെൻട്രൽ ആക്ട് | കലാ-കായിക-സാംസ്കാരിക രംഗം |
| 27 | യുവഭാവന, പി വെമ്പല്ലൂർ | 122/96 | 50 | | ഇല്ല | സെൻട്രൽ ആക്ട് | കലാ-കായിക രംഗം |
| 28 | കലാചൈതന്യ, പി. വെമ്പല്ലൂർ | | | | | | |
| 29 | ഫാത്തിമ മഹിളാസമാജം | 126/ | 35 | സ്വന്തം | ഇല്ല | | വനിതാക്ഷേമം ഫീഡിംഗ് സെൻറർ |
| 30 | ഐശ്വര്യ-ശങ്കുബസ്സാർ | 505/93 | 40 | വാടക | ഇല്ല | സെൻട്രൽ ആക്ട് | കലാ-കായിക രംഗം |
| 31 | പുലരി-ശങ്കുബസ്സാർ | 483/94 | 45 | ഇല്ല | ഇല്ല | സെൻട്രൽ ആക്ട് | കലാ-കായികരംഗം |
| 32 | നവോദയ-അഞ്ചങ്ങാടി | | | | | | |
| 33 | സംഘം-പി. വെമ്പല്ലൂർ | | | | | | |
| 34 | അർപ്പണ ക്രിയേഷൻസ് | | | | | | |

## ഗ്രന്ഥാലയങ്ങൾ

| ക്രമ നമ്പർ | പേരും വിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിൻെറ വിവരം | മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തക വിതരണം | സർക്കാർ ഗ്രാൻറ് ലഭിക്കുന്നുണ്ടോ? | കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരം | മറ്റഭിപ്രായം |
|---|---|---|---|---|---|---|---|---|---|
| 1 | ഭാവന കലാസമിതി & വായനശാല, കോതപറമ്പ് | | | | | | | | |
| 2 | റിപ്പബ്ലിക്കൻ ക്ലബ്ബ്- വായനശാല, പൊരിബസ്സാർ | 61/93 | വാടക | 55 | | | | വായനശാല | |
| 3 | പഞ്ചായത്ത് ലൈബ്രറി | | സ്വന്തം | | 894 | | | | |
| 4 | സി.യു. ജയൻ സ്മാരക വായനശാല 25-ാം കല്ല് | | വാടക | | | | | | |
| 5 | സിറാജുൽ ഹുദാ ലൈബ്രറി, ഊമൻകുളം | 1993 | വാടക | 97 | 435 | 600 | | വായനശാല | |
| 6 | യുവതരംഗം ലൈബ്രറി | 230/80 | സ്വന്തം | 65 | | | | വായനശാല | |
| 7 | പുരോഗമന കലാസമിതി & വായനശാല, ഉല്ലാസവളവ് | 2236/1957 | വാടക | 70 | | | | ഗ്രന്ഥാലയം | |
| 8 | ജുന്നത്തുൽ ഇലാഹി ഇസ്ലാമിക് ലൈബ്രറി - പതിയാശ്ശേരി | | | | | | | | |
| 9 | അസ്മാബി കോളേജ് ലൈബ്രറി | 1968 | സ്വന്തം | 1200 | 18150 | 6500 | ഉണ്ട് | വായനശാല | |

# ശ്രീനാരായണപുരം പഞ്ചായത്ത് വനിത വികസന റിപ്പോർട്ട്

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ സ്ത്രീകൾ വളരെ മുമ്പ് തന്നെ സാമൂഹ്യമാറ്റ പ്രക്രിയയിൽ പങ്കാളികളായിരുന്നു. സ്വാതന്ത്ര്യാനന്തരം നടന്ന ഭൂപരിഷ്കരണ സമരത്തിലും, കർഷക തൊഴിലാളി സമരത്തിലും വിലവർദ്ധനവിനെതിരെ നടന്ന സമരത്തിലും നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. ഈ സമരങ്ങളിലെല്ലാം തന്നെ പങ്കെടുത്തവർ താരതമ്യേന താഴെ തട്ടിലുള്ളവരായിരുന്നു. അതുപോലെതന്നെ സ്ത്രീകളുടെ ഇടയിൽ തിരുവാതിരക്കളിയും കൈകൊട്ടിക്കളിയും, നാടൻപാട്ടുകൾ എന്നിവയും നിലനിന്നിരുന്നു. അതേസമയം തന്നെ പല വിധത്തിലുള്ള അനാചാരങ്ങളും നിലവിലുണ്ടായിരുന്നു. കെട്ടുകല്യാണവും, മന്ത്രവാദങ്ങളും നിലനിന്നിരുന്നു. മുസ്ലീം സമുദായത്തിൽ 18 വയസ്സിനുമുൻപെ വിവാഹം കഴിച്ച് കൊടുക്കുന്ന രീതി ഇന്നും അപൂർവ്വമായി നടക്കുന്നുണ്ട്.

ഇനി നമുക്ക് സ്ത്രീകളുടെ ഇന്നത്തെ നിലയെ കുറിച്ച് പരിശോധിക്കാം. 1991ലെ സെൻസസ് പ്രകാരം സ്ത്രീ-പുരുഷ അനുപാതം 9:8 ആണ്. അതായത് നമ്മുടെ പഞ്ചായത്തിലെ 1000 പുരുഷന്മാർക്ക് 1085 സ്ത്രീകൾ എന്നതാണ് കണക്ക്.

## വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വലിയ അന്തരമൊന്നും നിലനിൽക്കുന്നില്ല. സ്കൂളിൽ പോകുന്ന കുട്ടികളുടെ എണ്ണത്തിൽ ആൺകുട്ടികളേക്കാളും പെൺകുട്ടികളാണ്. എന്നാൽ തുടർ വിദ്യാഭ്യാസത്തിൽ പെൺകുട്ടികളേക്കാൾ കൂടുതൽ ആൺകുട്ടികളാണ്. സാങ്കേതികമായ തരത്തിൽ ഉയർന്ന പെൺകുട്ടികൾ കുറവാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ താല്പര്യവും കഴിവും ഉള്ളവർക്ക് വേണ്ട സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്. ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലം സ്ത്രീകളിൽ ചില മാറ്റങ്ങളുണ്ടാക്കി. സ്കൂളിൽ മാതൃസംഗമം വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ പെൺകുട്ടികളാണ് മുൻപന്തിയിൽ. ഉയർന്ന വിദ്യാഭ്യാസം നേടിയ സ്ത്രീകളടക്കം അവരുടെ ജോലിയുമായി ഒതുങ്ങി നിൽക്കുകയാണ്. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരിനിയും എത്തിച്ചേരേണ്ടിയിരിക്കുന്നു. പൊതുവെ സ്ത്രീകളിൽ വായനാശീലം കുറവാണ്. വായനാശീലം ഉണ്ടാക്കുന്നതിനായി ലൈബ്രറികളുടെ പ്രവർത്തനസമയം പ്രാദേശികമായി യോജിക്കുന്ന തരത്തിൽ ആക്കണം. പുനർവിദ്യാഭ്യാസ പരിപാടി ഏർപ്പെടുത്തണം. സഞ്ചരിക്കുന്ന ലൈബ്രറി അനിവാര്യമാണ്. അതുപോലെ എസ്.എസ്.എൽ.സി. പരീക്ഷക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന പെൺകുട്ടിക്ക് പഞ്ചായത്ത് തലത്തിൽ സമ്മാനം കൊടുക്കേണ്ടതാണ്.

## ആരോഗ്യം

കണക്കുകൾ പരിശോധിക്കുമ്പോൾ പുരുഷന്മാരേക്കാൾ ആരോഗ്യം സ്ത്രീകൾക്കാണ്. എന്നാൽ പി.എച്ച്.സി.യിലും മറ്റും വരുന്ന രോഗികളിൽ അധികവും സ്ത്രീകളാണ്. അദ്ധ്വാനഭാരം മൂലവും പോഷകാഹാരക്കുറവ് മൂലവുമാണ് സ്ത്രീകളിൽ അസുഖങ്ങൾ ഉണ്ടാകാൻ കാരണമാകുന്നത്. രോഗം കാണുമ്പോൾതന്നെ ഡോക്ടറുടെ അടുത്ത് പോകുന്ന സ്വഭാവം പൊതുവെ സ്ത്രീകളിൽ കുറവാണ്. എന്നിട്ടുപോലും ആശുപത്രി രജിസ്റ്റർ നോക്കിയാൽ എണ്ണം കൂടുതൽ സ്ത്രീകളുടേതാണ്. ഇപ്പോഴത്തെ സബ്സെന്ററുകളുടെ പ്രവർത്തനം വളരെ മോശമാണ്. സബ്സെന്ററിൽകൂടി നല്ല സേവനം ഉറപ്പുവരുത്തണം. പി.എച്ച്.സി.കളിൽ ലേഡി ഡോക്ടറുടെ സേവനം അനിവാര്യമാണ്. സ്ത്രീകൾ പൊതുവെ തങ്ങളുടെ രോഗങ്ങളെ കുറിച്ച് മറച്ചുവെക്കുന്നു. അതിനാൽ സ്ത്രീകളുടെ രഹസ്യരോഗങ്ങളും മറ്റും ചികിത്സ നടത്തുന്നതിനാവശ്യമായ സംവിധാനവും ബോധവൽക്കരണവും അത്യാവശ്യമാണ്. കൂടാതെ സമ്പൂർണ്ണ മദ്യനിരോധനവും നടപ്പിലാക്കണം.

## പ്രശ്നങ്ങൾ

1. പോഷകാഹാരക്കുറവ് മൂലം രോഗങ്ങൾ ഉണ്ടാകുന്നു.
2. ജോലിയുള്ള സ്ത്രീകൾ ഇരട്ടി അദ്ധ്വാനം ചെലവാക്കുന്നു.
3. പുരുഷന്മാരിലുള്ള മദ്യപാനം മൂലം സ്ത്രീകൾ പീഡനം അനുഭവിക്കുന്നു.
4. സബ്സെൻററുകളിലെ ഗർഭിണികളുടേയും അമ്മമാരുടേയും മാസം തോറുമുള്ള പരിശോധന തൃപ്തികരമല്ല.

## നിർദ്ദേശങ്ങൾ

1. സബ്സെൻററുകൾ മുഖേന ആവശ്യമായ മരുന്നുകളും സേവനവും ഉറപ്പുവരുത്തുക. ദിവസത്തിൽ 20 വീടെങ്കിലും കയറിയിട്ടുണ്ടാകണം. JPHN നഴ്സ് എന്നാണ് വ്യവസ്ഥ. ഈ പ്രവർത്തനം നടക്കുന്നുണ്ടോ എന്ന് പഞ്ചായത്ത് പരിശോധിക്കണം.
2. ആരോഗ്യം പരിരക്ഷിക്കുന്നതിന് വിദേശ മദ്യ നിരോധനം ഉറപ്പുവരുത്തുക.
3. ഇന്ന് അംഗനവാടികൾ നിലവിലില്ല. എല്ലാ വാർഡുകളിലും അവ നടപ്പിലാക്കുകയും, അതിൻെറ പ്രവർത്തനം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.
4. പുകയില്ലാത്ത അടുപ്പ് പ്രാവർത്തികമാക്കുകയും, ഗ്യാസ് കണക്ഷൻ അനുവദിക്കുകയും ചെയ്യുക.
5. പ്രസവാനുകൂല്യം പഞ്ചായത്ത് പരിശോധിച്ച് നടപ്പിലാക്കുക.

## തൊഴിൽ

നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലായ്മ പൊതുവെ രൂക്ഷമായ സ്ഥിതിയിലാണ്. പഞ്ചായത്തിലെ പൊതുവെ കാണുന്ന തൊഴിലുകൾ തഴപ്പായ നെയ്ത്ത്, കയറ്പിരി, ചുമടെടുപ്പ്, കെട്ടിട നിർമ്മാണം, റോഡുപണി മുതലായവയാണ്. കാർഷിക മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം പൊതുവെ കുറവാണ്. കാർഷിക മേഖലയിൽ ഭൂമിയുടെ അഭാവം വേതന കുറവ് മൂലവും താരതമ്യേന അദ്ധ്വാനഭാരം കൂടുതലും സുരക്ഷിതത്വം കുറവുമായ കെട്ടിട നിർമ്മാണ പണിയിലേക്ക് വ്യാപിച്ചിരിക്കുന്നു. വീടുപണിക്ക് പുറമേ ആടുമാടു വളർത്തൽ, കോഴി വളർത്തൽ, വിറകുശേഖരണം, പുരയിടകൃഷി എന്നിവയും നടത്തുന്നവരുണ്ട്. എങ്കിലും ഇവർ സാമ്പത്തികമായി ഉയർന്നിട്ടില്ല. ചെറിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ളവർ ഉണ്ട്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് അത് പ്രാവർത്തികമാക്കാൻ അവരെ നിരാശയിലേക്ക് തള്ളുന്നു. പൊതുവെ സ്ത്രീകളുടെ വരുമാനത്തിൻെറ 90 ശതമാനവും കുടുംബത്തിനുവേണ്ടി ചിലവഴിക്കുന്നു. എന്നാൽ മദ്യം സേവിക്കുന്ന പുരുഷന്മാർ 50 ശതമാനം പോലും കുടുംബക്ഷേമത്തിനായി ചിലവഴിക്കുന്നില്ല.

## വനിതാ തൊഴിലാളികളുടെ കണക്ക്

| | |
|---|---|
| കൃഷി | 45 |
| കർഷക തൊഴിലാളി | 19 |
| കന്നുകാലി, മുട്ട, മത്സ്യം, പുഷ്പം, etc. | 68 |
| കല്ലുവെട്ടൽ | 1 |
| നിർമ്മാണ പ്രവർത്തനം | 2728 |
| വ്യവസായ, കാർഷികം | 328 |
| കെട്ടിട നിർമ്മാണം | 19 |
| തൊഴിൽ | 42 |
| ട്രാൻസ്പോർട്ട് & സ്റ്റോറേജ് | 15 |
| മറ്റ് സർവ്വീസുകൾ | 1096 |
| തൊഴിലില്ലാത്ത സ്ത്രീകൾ | 13466 |

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ
2. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. തുല്യജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തുക.
2. പുതിയ വ്യവസായ യൂണിറ്റുകൾക്ക് താല്പര്യം കാണിക്കുന്നവരെ പ്രോത്സാഹിപ്പിക്കുക.
3. DWCRA മുതലായ യൂണിറ്റുകൾ തുടങ്ങാൻ 10 സ്ത്രീകൾ എന്ന നിബന്ധന മാറ്റുക. പകരം 5 പേരടങ്ങുന്ന യൂണിറ്റിനും സഹായം നല്കുക.
4. സ്വന്തം ജാമ്യത്തിൽ ലോൺ ലഭിക്കാനുള്ള വ്യവസ്ഥ ഉണ്ടാക്കുക.
5. അദ്ധ്വാനഭാരവും സുരക്ഷിതത്വം കുറവുമായ കെട്ടിട നിർമ്മാണ ജോലിയെടുക്കുന്ന സ്ത്രീ

കാംക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന രീതിയിൽ നടപടിയെടുക്കുക.

6. പഞ്ചായത്തിൽ ഒരു സോപ്പ് നിർമ്മാണ കേന്ദ്രം തുടങ്ങുവാനുള്ള നടപടിയൊരുക്കുക.

## തഴപ്പായ തൊഴിലാളികാം അനുഭവിക്കുന്ന പ്രശ്നങ്ങാം

1. തഴയുടെ ദൗർലഭ്യം
2. ഇടത്തട്ടുകാരുടെ ചൂഷണം
3. മെച്ചമായ വിലയില്ലായ്മ

## നിർദ്ദേശങ്ങാം

1. ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു തഴപ്പായ സഹകരണ സംഘം, അല്ലെങ്കിൽ സൊസൈറ്റി സ്ഥാപിക്കുക.
2. സഹകരണ സംഘങ്ങാം വഴി ലോണുകാം അനുവദിക്കുക.
3. തഴപ്പായകൊണ്ട് കരകൗശല വസ്തുക്കാം നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുക.
4. കുറഞ്ഞ പലിശക്ക് സഹകരണ സംഘങ്ങാം വഴിയും ബാങ്കുകാം വഴിയും കൂടുതൽ വായ്പകാം അനുവദിക്കുക.
5. തഴ വച്ചുപിടിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുകയും അതിനായി സാമ്പത്തിക സഹായവും നൽകുക.

## ചകിരി തൊഴിലാളികളുടെ പ്രശ്നങ്ങാം

1. പ്രാചീനരീതി ഉപയോഗിക്കുന്നത് കൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങാം
2. ഏറ്റവും കൂടുതൽ തൊഴിലാളികാം പ്രവർത്തിച്ചിരുന്ന കയർ സൊസൈറ്റി നിലച്ചത്.
3. അദ്ധ്വാനഭാരം കൂടുതൽ.
4. ചകിരി കുഴിച്ചുമൂടുന്നതുകൊണ്ടുള്ള പരിസര മലിനീകരണം.

നിർദ്ദേശങ്ങാം

1. കയർ സൊസൈറ്റി രൂപീകരിക്കുക.
2. കയർ മേഖലയിൽ തൊഴിലില്ലാതെ വിഷമിക്കുന്നവരെ സഹായിക്കുക.
3. പരമ്പരാഗത വ്യവസായങ്ങളിൽ സാങ്കേതിക നവീകരണമുണ്ടാകുമ്പോാം സ്ത്രീകാംക്ക് മുൻഗണന നൽകുക.
4. പച്ചതൊണ്ട് സംസ്കരണ യൂണിറ്റ് ആരംഭിക്കണം.
5. കരകൗശല വസ്തുക്കാം നിർമ്മിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പരിശീലന കേന്ദ്രം തുടങ്ങുക.

## വനിതകളുടെ സാമൂഹ്യപദവി

സമൂഹത്തിൽ സ്ത്രീകാം പുറത്തിറങ്ങി സാമൂഹിക പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ താല്പര്യം കാണിക്കുന്നില്ല. അതിന് കഴിയാത്തത് കുടുംബ പശ്ചാത്തലത്തിൻെറ പരിമിതികളാണ്. കുടുംബത്തിലെ പണികളും, കുട്ടികളുടെ സംരക്ഷണവും സ്ത്രീകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. തന്നെയുമല്ല, പുറത്തിറങ്ങി പ്രവർത്തിക്കുമ്പോാം സമൂഹത്തിൻെറ ദൃഷ്ടിയിൽ ചീത്തയായി ചിത്രീകരിക്കുന്നു. ഇന്ന് ഈ വ്യവസ്ഥിതിക്ക് അല്പമെങ്കിലും മാറ്റം വന്നിട്ടുണ്ട്. പഞ്ചായത്ത് രാജ് മുഖേന വനിതാസംവരണം വന്നതിനാൽ അല്പമെങ്കിലും സ്ത്രീകളെ സാമൂഹിക വികസന പ്രക്രിയയിൽ പങ്കാളിയാക്കുന്നതിന് നിർബന്ധിതരാക്കിയിരിക്കുന്നു.

സ്ത്രീധനം ഇന്നും ഒരു മഹാവിപത്തായിതന്നെ നിലനിൽക്കുന്നു. സ്ത്രീധന നിരോധന നിയമം ഇവിടെ നിലവിലുണ്ടെങ്കിലും അത് പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സ്ത്രീധനം മൂലം പീഢനം അനുഭവിക്കുന്ന ധാരാളം പേർ ഇന്നും സമൂഹത്തിലുണ്ട്. സ്ത്രീധന പീഢന മരണങ്ങളു കുറവല്ല. അയൽകൂട്ടങ്ങാം വഴി ബോധൽക്കരണം നടത്തുകയും, നിയമ സുരക്ഷാബോധം സ്ത്രീകളിൽ വളർത്തുകയും വേണം.

പഞ്ചായത്തിൽ നിരവധി രാഷ്ട്രീയ സംഘടനകാം നിലവിലുണ്ടെങ്കിലും ഒന്നിലും വനിതാ നേതൃത്വം ഇല്ല. എല്ലാ രാഷ്ട്രീയ പാർട്ടികാംക്കും വനിതാസംഘടനകാം ഉണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന വനിതാ യൂണിറ്റുകാംവരെ ഇവിടെയുണ്ട്. ഒരു വനിതാ നേതൃത്വത്തിൻെറ അഭാവം അനുഭവപ്പെടുന്നുണ്ട്.

## പ്രശ്നങ്ങാം

1. പൊതുരംഗത്തെ സ്ത്രീകളുടെ അദൃശ്യത.
2. പുതിയ മേഖലയിലേക്ക് കടന്നുകയറാനുള്ള ആത്മധൈര്യമില്ലായ്മ.

3. സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
4. കുടുംബത്തിലെ ഭാരിച്ച ഉത്തരവാദിത്വം.
5. സ്ത്രീകളെ അവഹേളിക്കുന്ന തരത്തിലാണ് സമൂഹത്തിലും മറ്റ് മാധ്യമങ്ങളിലും ചിത്രീകരിക്കപ്പെടുന്നത്.
6. സ്ത്രീകൾക്ക് നേരെയുള്ള ആക്രമണം വർദ്ധിച്ചുവരുന്നു.

## നിർദ്ദേശങ്ങൾ

1. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കായി പ്രാഥമികാവശ്യത്തിന് പ്രത്യേക സൗകര്യം ഉറപ്പുവരുത്തണം.
2. സാമൂഹ്യ പ്രവർത്തനങ്ങളിൽ സ്ത്രീകളെ കൊണ്ടുവരുന്നതിന് പുരുഷൻമാർ താല്പര്യം കാണിക്കുക.
3. നമ്മുടെ പ്രദേശങ്ങളിൽ അശ്ലീല പരസ്യങ്ങൾ നിർബന്ധമായും ഒഴിവാക്കുക.
4. സ്ത്രീധന നിരോധനം പ്രാവർത്തികമാക്കണമെങ്കിൽ എല്ലാ സമുദായങ്ങളുടേയും വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും, തങ്ങളുടെ മക്കൾക്ക് സ്ത്രീധനമായോ സമ്മാനമായോ കൊടുക്കുന്ന തുക പഞ്ചായത്തിൽ രേഖപ്പെടുത്തുകയും അങ്ങനെ രേഖപ്പെടുത്തുന്ന തുകയായിരിക്കും പിന്നീട് പ്രശ്നങ്ങൾ എന്തുണ്ടായാലും സ്ഥിരീകരിക്കുന്ന തെളിവുകളെന്ന് തീർച്ചപ്പെടുത്തണം. ഈ സമ്മാനങ്ങൾ കൊടുക്കുന്ന ആൾ രണ്ട് ശതമാനവും വാങ്ങുന്ന ആൾ അഞ്ച് ശതമാനവും പഞ്ചായത്തിന് നികുതിയായി കൊടുക്കണമെന്നും വ്യവസ്ഥ ഉണ്ടാക്കണം. വിവാഹത്തിന് വിധേയയായ സ്ത്രീകൾക്ക് നീതി ലഭിക്കുന്നതിന് നിയമസഹായ ഫോറങ്ങൾ രൂപീകരിക്കുക.
5. മഹിളാസമാജങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി സ്ത്രീകളെ സാമൂഹ്യമാറ്റ പ്രക്രിയയിൽ പങ്കാളിയാക്കാൻ സാധിക്കും.
6. വനിതാക്ഷേമ കോർപ്പറേഷനും പിന്നോക്ക സമുദായ വികസന കോർപ്പറേഷനും ന്യൂനപക്ഷ സമുദായ കോർപ്പറേഷനിലേയും ആനുകൂല്യങ്ങൾ ലഭ്യമാക്കുക.
7. പഞ്ചായത്ത് തലത്തിൽ കുടുംബകോടതികൾ കൊണ്ടുവരിക.
8. സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾക്ക് യാതൊരു ദയാദാക്ഷിണ്യവും കൂടാതെ കടുത്ത ശിക്ഷ ഏർപ്പെടുത്തണം.

നമ്മുടെ പഞ്ചായത്തിൽ 130 പേർക്ക് വിധവാ പെൻഷനും 44 പേർക്ക് വാർദ്ധക്യകാല പെൻഷനും കൊടുക്കുന്നുണ്ട്. വരുമാനത്തിൻെറ അടിസ്ഥാനത്തിൽ അർഹരായവർക്ക് വാർദ്ധക്യകാല പെൻഷൻ കാലതാമസം കൂടാതെ നടപ്പിലാക്കുക. കൂടാതെ നമ്മുടെ പഞ്ചായത്തിൽ 35 ശതമാനത്തോളം സ്ത്രീകൾ കുടുംബനാഥകളായിട്ടുണ്ട്. ഇവർക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ലോണുകളും മറ്റും അനുവദിക്കുക.

ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ സ്ത്രീകളുടെ സാമൂഹ്യ പുരോഗതി ലക്ഷ്യമാക്കിയിട്ടുണ്ടെങ്കിലും അത് പ്രാവർത്തികമാക്കണമെങ്കിൽ സ്ത്രീകൾക്ക് വേണ്ടിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം. സ്ത്രീകൾക്കായി നീക്കിവെച്ചിട്ടുള്ള ജോലി സംവരണത്തിൽ അവരെതന്നെ നിയമിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം.

സാമൂഹ്യ പ്രവർത്തന മേഖലകളിൽ പഴയ കാലത്ത് സ്ത്രീപങ്കാളിത്തം കുറവാണ്. വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ, സ്ത്രീകൾ ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങി കൂടുകയാണ്. സാമൂഹ്യരംഗത്ത് വളരെകാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ട് കൊണ്ടുവന്നാലേ പൊതുജീവിതത്തിലും പ്രവർത്തന മേഖലയിലും അർഹമായ പങ്ക് വഹിക്കാൻ കഴിയുകയുള്ളൂ. ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏല്പിക്കാനുള്ള താൽപ്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തും ഉണ്ട്. മനുഷ്യകുലത്തിൻെറ പകുതിയിൽ കൂടുതൽ വരുന്ന വിഭാഗമാണ് തങ്ങളെന്നും പുരുഷന്മാർക്കുള്ള അധികാരങ്ങളും അവകാശങ്ങളും തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിൻെറ സമസ്ത മേഖലയിലും പുരുഷന്മാർക്കൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തൻേറടം സ്ത്രീകൾ പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു.

# സഹകരണം

1920ൽ നെൽപ്പിണി ദേശത്താണ് ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘമായ ഐക്യനാണയസംഘം രൂപീകരിച്ചത്. പിന്നീട് ഈ സംഘം അർബൻ ബാങ്കായും, സർവ്വീസ് ബാങ്കായും, പൂവ്വത്തുംകടവ് കർഷക സർവ്വീസ് സഹകരണ ബാങ്കായും മാറി. ഇപ്പോഠം ഈ ബാങ്ക് മതിലകം പഞ്ചായത്തിലെ പൂവ്വത്തുംകടവ് ദേശത്ത് (ഹെഡ് ഓഫീസ്) സ്ഥിതിചെയ്യുന്നു. 1921ൽ ഈ ഗ്രാമപഞ്ചായത്തിലെ വേക്കോട് ദേശത്ത് സ്ഥാപിതമായ എഫ്: 930-ാം നമ്പ്ര് ഐക്യനാണയസംഘം പിന്നീട് എഫ്: 930-ാം നമ്പ്ര് വേക്കോട് സർവ്വീസ് സഹകരണ ബാങ്കായും, 1980ൽ പൂവ്വത്തുംകടവ് കർഷക സർവ്വീസ് സഹകരണ ബാങ്കുമായി സംയോജിപ്പിച്ചതിനു ശേഷം പ്രസ്തുത ബാങ്കിൻെറ പടിഞ്ഞാറെ വെമ്പല്ലൂർ ബ്രാഞ്ചായി പ്രവർത്തിക്കുയും ചെയ്യുന്നു. 1929ൽ ഈ ഗ്രാമപഞ്ചായത്തിലെ വെമ്പല്ലൂർ ദേശത്ത് വെമ്പല്ലൂർ ഐക്യനാണയ സംഘമായി പ്രവർത്തനം ആരംഭിച്ച സംഘം ഇപ്പോഠം വെമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്കായി പ്രവർത്തിച്ചു വരുന്നു. ഈ ഗ്രാമപഞ്ചായത്തിൽതന്നെ പനങ്ങാട് ദേശത്ത് 1929ൽ ആരംഭിച്ച എഫ്: 801-ാം നമ്പ്ര് മതിലകം വിവിധോദ്ദേശ സഹകരണസംഘം 1971ൽ പൂവ്വത്തുംകടവ് കർഷക സർവ്വീസ് സഹകരണ ബാങ്കുമായി സംയോജിപ്പിക്കപ്പെട്ടു. ശ്രീ നാരായണപുരം ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ ഉണ്ടായിരുന്ന വേക്കോട് സർവ്വീസ് സഹകരണ ബാങ്കിൻേറയും, മതിലകം വിവിധോദ്ദേശ സഹകരണ സംഘത്തിൻേറയും പ്രവർത്തന പരാജയം മാനേജ്മെൻറ് കാര്യക്ഷമതക്കുറവും, ജനകീയ പങ്കാളിത്തത്തിൻെറ അഭാവവും ആയിരുന്നു. ഈ ഗ്രാമപഞ്ചാത്തിലെ മറ്റൊരു സഹകരണ ബാങ്കാണ് 1971ൽ ആല ദേശത്ത് ആല സർവ്വീസ് സഹക രണസംഘം എന്ന പേരിൽ പ്രവർത്തനം ആരംഭിച്ച് 1974 മുതൽ ശാന്തിപുരത്ത് പ്രവർത്തിച്ചുവരുന്ന ആല സർവ്വീസ് സഹകരണ ബാങ്ക്.

ശ്രീനാരായണപുരം സഹകരണ സ്റ്റോർ ക്ലിപ്തം നമ്പർ എഫ്: 1118 1943ൽ പനങ്ങാട് ദേശത്ത് പ്രവർത്തനം ആരംഭിച്ച് ഇപ്പോഴും പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ 1994ൽ ആമണ്ടൂരിൽ പ്രവർത്തനം തുടങ്ങിയ ഉപഭോക്തൃ സഹകരണസംഘം ഇപ്പോഠം നിർജ്ജീവാവസ്ഥയിലാണ്.

ഈ ഗ്രാമപഞ്ചായത്തിൻെറ പ്രവർത്തന പരിധിയിൽ രണ്ട് കയർ വ്യവസായ സഹകരണ സംഘങ്ങളുടെ സേവനം ലഭിച്ചിരുന്നു. അതിൽ ഒന്നായ ആല കയർ വ്യവസായ സഹകരണസംഘം ഇപ്പോഠം പ്രവർത്തനരഹിതമാണ്. മറ്റൊരു സംഘം സ്ഥിതിചെയ്യുന്നത് മതിലകം പഞ്ചായത്തിലെ പൂവ്വത്തുംകടവ് ദേശത്താണെങ്കിലും ഇതിൻെറ പ്രധാന പ്രവർത്തനമേഖല ശ്രീനാരായണപുരം ഗ്രാമപഞ്ചാത്തിലെ നെൽപിണി ദേശമാണ്. ആധുനിക യന്ത്രസാമഗ്രികഠം ഉപയോഗിച്ചുകൊണ്ട് കയർ മേഖലയിൽ ഈ സംഘം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവക്കുന്നുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ 3 ക്ഷീരോല്പാദക സഹകരണസംഘങ്ങളാണ് ഇപ്പോഠം പ്രവർത്തിക്കുന്നത്. 1974ൽ ആരംഭിച്ചതും ഇപ്പോഠം പോഴംകാവിൽ സ്ഥിതിചെയ്യുന്നതുമായ ശ്രീനാരായണപുരം ക്ഷീരോല്പാദക സഹകരണസംഘം, 1991-ൽ പ്രവർത്തനം ആരംഭിച്ച ആമണ്ടൂർ ക്ഷീരോല്പാദക സഹകരണസംഘം, 1994ൽ ആരംഭിച്ച പടിഞ്ഞാറെ വെമ്പല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘം എന്നിവയാണ് ഈ സംഘങ്ങഠം.

കൂടാതെ കൊടുങ്ങല്ലൂർ താലൂക്ക് തഴപ്പായ വ്യവസായ സഹകരണസംഘം കോതപറമ്പിലും, പടിഞ്ഞാറെ വെമ്പല്ലൂർ മത്സ്യവ്യസായ സഹകരണസംഘം, പടിഞ്ഞാറെ വെമ്പല്ലൂരിലും പ്രവർത്തിച്ചുവരുന്നു. കൊടുങ്ങല്ലൂർ ആസ്ഥാനമായ ടൗൺ സഹകരണബാങ്കിൻെറ ഒരു ബ്രാഞ്ച് ശ്രീനാരായണപുരം സെൻററിലും, മറ്റൊരു ബ്രാഞ്ച് പടിഞ്ഞാറെ വെമ്പല്ലൂരിലും, വലപ്പാട് ആസ്ഥാനമായ നാട്ടിക ഫർക്കാ റൂറൽ ബാങ്കിൻെറ ഒരു ബ്രാഞ്ച് കോതപറമ്പിലും പ്രവർത്തിച്ചുവരുന്നു.

സഹകരണ മേഖലയിൽ ലാഭകരമായി പ്രവർത്തിക്കുന്നത് വായ്പാ സംഘങ്ങളാണ്. ചിട്ടയായ പ്രവർത്തനം, കാര്യക്ഷമമായ മാനേജ്മെൻറ്, ജനകീയ പങ്കാളിത്തം, മെച്ചപ്പെട്ട സേവനം എന്നിവ ഇതിൻെറ അടിസ്ഥാന ഘടകങ്ങളാണ്. ഗ്രാമീണ ജനതയുടെ ക്ഷേമകാര്യങ്ങളിൽ ഏറെ പ്രാമുഖ്യം

സഹകരണ സ്ഥാപനങ്ങാംക്കുണ്ടെങ്കിലും അവയുടെ പ്രവർത്തനത്തിൽ നേരിടുന്ന പ്രശ്നം വേണ്ടത്ര ഫണ്ടില്ലാത്തതാണ്. ഈ ഗ്രാമപഞ്ചായത്തിലെ വായ്പാവശ്യങ്ങാം സഹകരണ സ്ഥാപനങ്ങാം നിർവ്വഹിക്കുന്നുണ്ടെങ്കിലും മികച്ച രീതിയിലുള്ള നിക്ഷേപങ്ങാം ഉണ്ടാകുന്നില്ല. ഇക്കാര്യത്തിൽ മതിയായ ബോധവൽക്കരണം നടത്തിയേ തീരൂ. ഈ പ്രശ്നത്തിന് ഒരു പരിഹാരമായി ലീഡ് ബാങ്കുകാം, നബാർഡ് മുതലായ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്ന് കുറഞ്ഞ പലിശനിരക്കിൽ പ്രാഥമിക സഹകരണ ബാങ്കുകാംക്ക് ആവശ്യാനുസരണമുള്ള ധനസഹായ മാർഗ്ഗങ്ങാം കിട്ടത്തക്ക രീതിയിൽ നിയമനിർമ്മാണം ഉണ്ടാകണം. സഹകരണ മേഖലയെ പരിപോഷിപ്പിക്കുന്നതിന് ചില നിർദ്ദേശങ്ങാം താഴെ ചേർക്കുന്നു.

1. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും സഹകരണ മേഖലയുമായി ബന്ധപ്പെടുത്തുന്ന പൊതുപരിപാടി ആസൂത്രണം ചെയ്യേണ്ടതാണ്.
2. പഞ്ചായത്തിന് വിവിധ രീതിയിൽ ലഭിക്കുന്ന ഫണ്ടുകാം ഈ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ ഉള്ള സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതാണ്.
3. മെമ്പർമാർക്ക് ഉപകരിക്കുന്ന രീതിയിൽ വായ്പാനയം ഉദാരമാക്കുകയും, നിലവിലുള്ള വായ്പാപരിധി ഉയർത്തുകയും വേണം.
4. യോഗ്യതയുള്ള മുഴുവൻ അപേക്ഷകർക്കും വെമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ അംഗത്വം ലഭിക്കുന്നതിനുള്ള നടപടികാം സ്വീകരിക്കണം.
5. നാളികേര കർഷകരെ സഹായിക്കുന്നതിന് നാളികേര സംസ്കരണ യൂണിറ്റ് സഹകരണ മേഖലയിൽ ഈ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കണം.
6. സഹകരണ മേഖലയിൽ മത്സ്യസംസ്കരണ വിപണനകേന്ദ്രം ആരംഭിക്കണം.
7. ഈ ഗ്രാമപഞ്ചായത്ത് വ്യാപകാതിർത്തിയായി തഴപ്പായ വ്യവസായ സഹകരണ സംഘം രൂപീകരിക്കണം.
8. പൂവ്വത്തുംകടവ് കർഷക സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ പാചക വാതക വിതരണ ഏജൻസിയും പെട്രോാം പമ്പും സ്ഥാപിക്കണം.
9. ഗ്രാമപഞ്ചായത്തിൽകൂടി നൽകുന്ന വിവിധതരം ക്ഷേമപദ്ധതികാം സഹകരണ ബാങ്കുകാം മുഖേന വിതരണം ചെയ്യണം.
10. സഹകരണമേഖലയിൽ കാലിത്തീറ്റ ഫാക്ടറി ആരംഭിക്കണം.
11. ഗ്രാമപഞ്ചായത്ത് തലത്തിൽ വനിതാ സഹകരണസംഘം രൂപീകരിക്കണം.
12. പച്ചക്കറി-പൂകൃഷി എന്നിവ പരിപോഷിപ്പിക്കുന്നതിന് ക്രയവിക്രയ സഹകരണസംഘം രൂപീകരിക്കണം.
13. ഗ്രാമപഞ്ചായത്ത് തലത്തിൽ വ്യവസായ സഹകരണസംഘം രൂപീകരിക്കണം.
14. കായലോര മത്സ്യ തൊഴിലാളി സഹകരണ സംഘം രൂപീകരിച്ച് ശാസ്ത്രീയ മത്സ്യം വളർത്തൽ കേന്ദ്രവും വിപണനകേന്ദ്രവും തുടങ്ങണം.
15. മാർക്കറ്റിംഗ് സഹകരണസംഘം ആരംഭിക്കണം.
16. ആല കയർ സഹകരണസംഘത്തിന്റെ പ്രവർത്തനം പുനരുദ്ധരിച്ച് ആധുനിക യന്ത്രവൽകൃത കയർ നിർമ്മാണ യൂണിറ്റും, ചകിരിച്ചോർ ഫലപ്രദമായി ഉപയോഗപ്രദമാക്കുന്നതിനുള്ള വ്യവസായ യൂണിറ്റും ആരംഭിക്കണം.
17. അഞ്ചാംപരത്തി കേന്ദ്രമാക്കിയും, 10, 13 വാർഡുകാം കേന്ദ്രമാക്കിയും പുതിയ ക്ഷീരോല്പാദക സഹകരണസംഘങ്ങാം രൂപീകരിക്കണം.
18. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സഹകരണ സംഘം രൂപീകരിക്കണം.
19. നിലവിലുള്ള ശ്രീനാരായണപുരം കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തനപരിധി പഞ്ചായത്ത് തലത്തിൽ വ്യാപിപ്പിച്ച് മുഴുവൻ കുടുംബങ്ങാംക്കും ആവശ്യമായ നിത്യോപയോഗ സാധനങ്ങാം ഫലപ്രദമായും, വിലനിലവാരം ക്രമീകരിച്ച് വില്ക്കുന്നതിനും ഉതകുന്ന രീതിയിലുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോറുകാം ആരംഭിക്കുക.
20. ബയോഗ്യാസ് പദ്ധതി സാദ്ധ്യതയുള്ള മേഖലകളിൽ വ്യാപിപ്പിക്കുക.
21. ഡയറി യൂണിറ്റും ഫാമും (Farm) പഞ്ചായത്ത് തലത്തിൽ പ്രവർത്തിപ്പിക്കുക.

22. ലേബർ കോൺട്രാക്റ്റ് സൊസൈറ്റി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

23. നാളികേരോൽപാദക സഹകരണ സംഘം രൂപീകരിച്ച്, കർഷകരിൽനിന്നും നാളികേരം സംഭരിച്ച് ന്യായമായ വില നൽകുകയും, അവർക്കാവശ്യമായ വളം, കാർഷികോപകരണങ്ങാം മുതലായവ വിതരണം ചെയ്യുകയും വേണം.

## കാർഷിക വായ്പാ സംഘങ്ങാം

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗത്വം | ഓഹരി മൂലധനം | നിക്ഷേപം | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|---|
| 1 | പൂവ്വത്തുംകടവ് കർഷക സർവ്വീസ് സഹകരണ ബാങ്ക് | 1944 | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ നെൽ പിണി, പനങ്ങാട്, പി. വെമ്പല്ലൂർ വേക്കോട് എന്നീ ദേശങ്ങളും, മതിലകം ഗ്രാമപഞ്ചായത്തിലെ പൂവ്വത്തുംകടവ്, ഓണച്ചെമാവ് എന്നീ ദേശങ്ങളും | 10574 | 35 ലക്ഷം | 4-47 കോടി | ലാഭം 10 ലക്ഷം |
| 2 | വെമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 1929 | വെമ്പല്ലൂർ പതാഴക്കാട് വെഴവന | 4120 | 7 ലക്ഷം | 1 കോടി 1 ലക്ഷം | നഷ്ടം |
| 3 | ആല സർവ്വീസ് സഹകരണ ബാങ്ക് | 1972 | ആല, ആമണ്ടൂർ | 4516 | | 1 കോടി 3 ലക്ഷം | നഷ്ടം |

## ഉപഭോക്തൃ സഹകരണസംഘം

| സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങാം | ഓഹരി മൂലധനം | പൊതുജനങ്ങളിൽ നിന്നും നിക്ഷേപം | ജില്ലബാങ്ക് വായ്പ | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|---|
| ശ്രീനാരായണപുരം സഹകരണ സ്റ്റോർ ക്ലിപ്തം നമ്പർ F 1118, പനങ്ങാട് | 1943 | ആല, പനങ്ങാട് എന്നീ അംശങ്ങളും പൂവ്വത്തുംകടവ് ദേശവും | 1025 | 44,335 രൂപ | 68,074 | 2,35,000 | നഷ്ടം |

## ക്ഷീര സഹകരണ സംഘങ്ങാം

| സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങാം | ഓഹരി മൂലധനം | സംഭരിച്ച പാൽ 1995-96 | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|
| 1. ശ്രീനാരായണപുരം ക്ഷീരോൽപാദക സഹകരണസംഘം | 1974 | 5, 6, 7, 8, 9, 10 വാർഡുകാം | 538 | 5380 രൂപ | 1,64,002 ലിറ്റർ | ലാഭം |
| 2. ആമണ്ടൂർ ക്ഷീരോല്പാദക സഹകരണസംഘം | 1991 | 1, 2, 3, 4 വാർഡുകാം | 315 | 3160 രൂപ | 70,000 ലിറ്റർ | ലാഭം |
| 3. പടിഞ്ഞാറെ വെമ്പല്ലൂർ ക്ഷീരോല്പാദക സഹകരണസംഘം | 1994 | XI, XII വാർഡുകാം | 192 | 1920 രൂപ | 62,000 ലിറ്റർ | കണക്ക് ലഭ്യമല്ല |

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 12.22%മാണ് പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗക്കാർ. ഇതിൽ 750 പട്ടികജാതിക്കാരും 6 പട്ടികവർഗ്ഗക്കാരും ഇവിടെ താമസിക്കുന്നു. ഇവിടെ മൊത്തം 26 കോളനികളിലായി 325 കുടുംബങ്ങളും ബാക്കിയുള്ള കുടുംബങ്ങാം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഇടകലർന്നും ജീവിച്ചുവരുന്നു. ആകെ 4258 പട്ടികജാതിക്കാരും 30 പട്ടികവർഗ്ഗക്കാരും ഇതിൽപ്പെടുന്നു.

വിദ്യാഭ്യാസ-സാമൂഹ്യ മേഖലകളിൽ ഒട്ടനവധി നേട്ടങ്ങാം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹിക-സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷ ണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന്, 1970ൽ കുടികിടപ്പവകാശനിയമവും മിച്ചഭൂമിയുടെ ലഭ്യതയും, ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽനിന്നും പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരുടെയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുക്കുകയും എല്ലാ പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിച്ചുവരുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൻെറ ഉന്നമനത്തിന് വേണ്ടി കാലാകാലങ്ങളിൽ ഗവണ്മെൻറ് നടത്തിവരുന്ന പല പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും, പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകാംകൊണ്ടും, പദ്ധതികാം ഫലപ്രദമായി ഉപയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

കാർഷിക മേഖലകളിലാണ് ഈ വിഭാഗക്കാർ ജോലിചെയ്യുന്നത്. തൊഴിലിൻെറ ദൗർലഭ്യം കാരണം മറ്റു ചിലയിടങ്ങളിലേക്ക് ജോലിതേടി പോകാൻ ഇവർ നിർബന്ധിതരായിരിക്കുന്നു. അത് കെട്ടിട നിർമ്മാണ രംഗത്തേക്കാണ്. പുരുഷന്മാർ ഭൂരിഭാഗവും തെങ്ങുകയറ്റ തൊഴിലാളികളും ചുമട്ടുതൊഴിലാളികളും സ്ത്രീകാം പ്രധാനമായും പായ്നെയ്ത്തും, കായലോരങ്ങളിൽ ഉള്ളവർ ചകിരിപ്പണിയും എടുത്തുവരുന്നു. പഞ്ചായത്തിലെ വിവിധ കോളനികളിൽ ഇപ്പോഴും കുടിവെള്ളം, വെളിച്ചം, കക്കൂസ് എന്നിവ ഇതുവരെയും എത്തിയിട്ടില്ല. കോളനികളലെ ആരോഗ്യ ശുചീകരണ പ്രവർത്തനങ്ങാം മെച്ചപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിലെ മൊത്തം 750 പട്ടികജാതി വീടുകളിൽ 610 വീടുകളും ഓല മേഞ്ഞതോ, ചെറ്റപ്പുരകളോ ആണ്. 750 വീടുകളിൽ വൈദ്യുതീകരിച്ച വീടുകാം 100ൽ താഴെയാണ്. കുടിവെള്ളം ലഭ്യമാക്കുന്നതിന് പട്ടികജാതി വീടുകാംക്ക് സമീപം കൂടുതൽ ടാപ്പുകാം ഏർപ്പെടുത്തുകയും കിണറുകാം ഉള്ളത് പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ശുദ്ധീകരിച്ച് ഉപയോഗപ്രദമാകേണ്ടതാണ്.

പൊതുജനാരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ, ഡോക്ടർമാർ മാസത്തിൽ ഒരിക്കലെങ്കിലും സന്ദർശിച്ച് പൊതുജനാരോഗ്യം, ശുചീകരണം എന്നിവയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ്, സൗജന്യ വൈദ്യപരിശോധന, മരുന്നുകാം എന്നിവ നൽകണം. എല്ലാ കോളനികളിലും ഇതിനുവേണ്ടി ഓരോ കോളനികളിലും പി.എച്ച്.സി. യുടെ ഓരോ യൂണിറ്റ് സ്ഥാപിക്കണം. ഇവിടെവച്ച് മാസത്തിൽ ഒരിക്കൽ പകർച്ചവ്യാധി തടയുന്നതിനുള്ള കുത്തിവെയ്പ്പ് നടത്തണം.

പഞ്ചായത്തിലെ 1, 2, 3 വാർഡുകളിലെ കായലോരങ്ങളിൽ താമസിക്കുന്ന പട്ടികജാതിക്കാർക്ക് വെള്ളപ്പൊക്കം മൂലം അനുഭവിക്കുന്ന ദുരിതങ്ങാംക്ക് നഷ്ടപരിഹാരം നല്കേണ്ടതാണ്.

1, 2, 3 വാർഡുകളിലെയും 11, 12, 13 വാർഡുകളിലെ പട്ടികജാതിക്കാർക്ക് മത്സ്യബന്ധനത്തിനു

സൗകര്യപ്പെടുംവിധം ഒരു സഹകരണസംഘം സ്ഥാപിച്ചാൽ വഞ്ചി, വല, മറ്റു ഉപകരണങ്ങൾ ലഭ്യമാക്കാവുന്നതും പിടിക്കുന്ന മത്സ്യം സഹകരണസംഘം വഴി വിറ്റഴിക്കാവുന്നതും അതുവഴി അത്രയും കുടുംബങ്ങൾക്ക് തൊഴിൽ സൗകര്യം വർദ്ധിക്കുകയും വരുമാനം വർദ്ധിക്കുകയും ചെയ്യും.

3-ാം വാർഡിലെ പന്തലാംകുളം 2-ാം വാർഡിലെ ഊമംകുളം 8-ാം പൊഴംകാവ് കുളം എന്നിങ്ങനെ പഞ്ചായത്തിലെ കുളങ്ങൾ വൃത്തിയാക്കി പട്ടികജാതിസംഘങ്ങൾക്ക് മത്സ്യം വളർത്തുന്നതിനു നല്കാവുന്നതാണ്. ഇതുവഴി സംഘത്തിലുള്ള അംഗങ്ങൾക്ക് പുതിയ വരുമാനം കണ്ടെത്താം.

1, 2, 3, 4, 5 വാർഡുകളിലെ പട്ടികജാതിക്കാർക്ക് IV-ാം വാർഡിലും VI മുതൽ XIII വരെ വാർഡിലുള്ളവർക്ക് IX-ാം വാർഡിലും ആവശ്യമായ സ്ഥലം കണ്ടെത്തി ശ്മശാന സൗകര്യം ഏർപ്പെടുത്തണം.

III-ാം വാർഡിലെ പന്തലാംകുളത്തിൽനിന്നും വെള്ളം ഒഴിഞ്ഞുപോകുന്നതിനു ഇപ്പോഴുള്ള തോട് വർഷംതോറും വൃത്തിയാക്കണം.

III-ാം വാർഡിലെ കല്ലുംപുറം ഭാഗത്ത് 13 പട്ടികജാതിക്കാർ ഇടകലർന്നു താമസിക്കുന്നു. ഈ വീട്ടുകാർക്കു വഴിസൗകര്യം, കുടിവെള്ളം, വൈദ്യുതി എന്നിവ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

VII-ാം വാർഡിലെ പോനിശ്ശേരി പട്ടികജാതി കോളനിക്ക് പൊതുനിരത്തിലേക്കുള്ള വഴി സൗകര്യം ഏർപ്പെടത്തണം. പ്രസ്തുത കോളനിയിലെ കിണർ നന്നാക്കി മോട്ടോർ, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിച്ച് കുടിവെള്ള സൗകര്യം ഏർപ്പെടുത്തണം.

VII-ാം വാർഡിലെ മണ്ണാംപറമ്പിൽ കോളനി വൈദ്യുതീകരിക്കേണ്ടതുമാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട എല്ലാ കോളനികളിലും പൊതു കക്കൂസ്, സെപ്റ്റി ടാങ്ക് നിർമ്മിച്ചു സൗകര്യം ഏർപ്പെടുത്തണം.

പ്രധാനപ്പെട്ട കോളനികളിൽ ടി.വി. സെറ്റ് സൗകര്യം ഏർപ്പെടുത്തുകയും സ്ട്രീറ്റ് ലൈറ്റ് സൗകര്യം ഏർപ്പെടുത്തണം.

കോളനികളിൽനിന്നും മാലിന്യം നീക്കം ചെയ്യുന്നതിനു പഞ്ചായത്തിൻെറ കീഴിൽ സംവിധാനം ഏർപ്പെടുത്തണം.

കോളനികളിലെ ആരോഗ്യ ശുചീകരണം നിലനിർത്തുന്നതിനു കോളനി നിവാസികൾക്ക് മൃഗസംരക്ഷണ വകുപ്പിൽനിന്നും മൃഗങ്ങളെ നല്കുന്നത് ഒഴിവാക്കണം.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനത്തിൽ മികച്ച നിലവാരം പുലർത്തുന്നവർക്കു പഠനോപകരണങ്ങളായ മേശ, കസേര, പുസ്തകം എന്നിവ സൗജന്യമായി നല്കണം.

പഞ്ചായത്ത് തലത്തിൽ പട്ടികജാതിക്കാരിൽനിന്നും എസ്.എസ്.എൽ.സി. ക്ക് കൂടുതൽ മാർക്ക് നേടുന്ന കുട്ടികൾക്ക് പ്രോത്സാഹനം ഏർപ്പെടുത്തണം.

തൊഴിലില്ലായ്മ വേതനം വാങ്ങുന്ന അഭ്യസ്തവിദ്യരുടെ സേവനം ഉപയോഗപ്പെടുത്തി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് തലത്തിൽ ട്യൂഷൻ സെൻറർ ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കണം.

പ്രധാനപ്പെട്ട കോളനികളിൽ ശുചീകരണം സംരക്ഷിക്കുന്നതിനു പഞ്ചായത്ത് വക വേസ്റ്റ് ടാങ്ക് സ്ഥാപിച്ച് ശുചീകരണ പ്രവർത്തനം നടത്തുന്നതിനു നടപടി സ്വീകരിക്കണം.

പ്രധാനപ്പെട്ട കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുവാൻ സോഡിയം വേപ്പർ ലാമ്പ് ഉപയോഗിക്കേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ പട്ടികജാതി സഹകരണസംഘം സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് സഹകരണസംഘം വഴിയുള്ള സേവനം മെച്ചപ്പെടുത്തണം. ഈ സംഘങ്ങളിൽ പട്ടികജാതി ഉദ്യോഗസ്ഥന്മാരെ നിയമിക്കണം.

പട്ടികജാതി സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനു ഒരു ടൈലറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാവുന്നതാണ്.

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു തിരഞ്ഞെടുത്ത പട്ടികജാതിക്കാർക്ക് വിത്തും വളവും സൗജന്യമായി നല്കി കൃഷിവകുപ്പിൻെറ മേൽനോട്ടത്തിൽ മാതൃകാ പച്ചക്കറിത്തോട്ടങ്ങൾ തുടങ്ങാവുന്നതാണ്. പച്ചക്കറി വിപണനം കൃഷിക്കാരന് നല്കേണ്ടതാണ്. ഇത്തരം കൃഷിചെയ്യുന്ന കർഷകനു പഞ്ചായത്ത് തലത്തിൽ ഏറ്റവും നല്ല കർഷകനെ കണ്ടെത്തി പ്രോത്സാഹനം നല്കണം.

പട്ടികജാതിക്കാരായ തെങ്ങുകയറ്റ തൊഴിലാളികൾക്ക് അപകടങ്ങൾ സംഭവിക്കുമ്പോൾ ഇപ്പോൾ നല്കുന്ന സാമ്പത്തികസഹായം വർദ്ധിപ്പിക്കേണ്ടതാണ്.

സ്ത്രീകൾക്ക് സ്വയംതൊഴിൽ നല്കുന്നതിലേക്ക് ഹോം നഴ്സിങ്ങ് കോഴ്സുകാർ നല്കുന്ന സ്ഥാപനങ്ങളിൽ പ്രവേശിച്ച് പഠിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സർക്കാർ തലത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

പായനെയ്ത്തു മുതലായവക്ക് സഹകരണ സംഘങ്ങൾ സ്ഥാപിച്ച് തഴ കൊണ്ടുള്ള ആധുനിക ഫാഷൻ സാധനങ്ങൾ നിർമ്മിക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

പട്ടികജാതി തൊഴിൽ പരിശീലകർക്ക് തൃശ്ശൂർ ജില്ലയിൽ നടത്തിവരുന്ന പ്രൊഡക്ഷൻ സെൻററുകളിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലന സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മെച്ചപ്പെട്ട പഠന സൗകര്യത്തിനു രണ്ടു വെൽഫയർ ഹോസ്റ്റലുകൾ സ്ഥാപിക്കേണ്ടതാണ്.

കോതപറമ്പ്, പള്ളിനട, എസ്.എൻ. പുരം എന്നീ സ്ഥലങ്ങളിൽ ഇളനീർ ഭവൻ സ്ഥാപിക്കുന്നതിനു പട്ടികജാതിക്കാർക്ക് സൗകര്യം ചെയ്തു കൊടുക്കേണ്ടതാണ്. (5000 ക. കേരഫെഡ് സഹായം നല്കുന്നുണ്ട്).

സർക്കാർ തലത്തിൽ ഇപ്പോൾ നല്കി വരുന്ന സാമ്പത്തിക സഹായങ്ങൾ ഭവനനിർമ്മാണം, ഭവനരഹിതർക്ക് ഭൂമി വാങ്ങിക്കൽ, ഓട് മേച്ചിൽ ഗ്രാൻറ്, വിവാഹഗ്രാൻറ്, മിശ്രവിവാഹ ഗ്രാൻറ്, പുര കെട്ടി മേയുന്നതിനും, ചെറുകിട വ്യവസായം, കച്ചവടം എന്നിവക്ക് ഇന്ന് നൽകിവരുന്ന ഗ്രാൻറ് തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടതാണ്. കൂടുതൽ പേർക്ക് ഇത്രയും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഓരോ വർഷവും കൂടുതൽ തുക അനുവദിക്കേണ്ടതാണ്.

### പാർപ്പിടം

പഞ്ചായത്തിലെ 750 വീടുകളിൽ 610 എണ്ണം വീടുകൾ കുടിലുകളാണ്. ഇവർ എല്ലാവരും കൂട്ടുകുടുംബങ്ങൾ ആയി താമസിക്കുന്നു. വരുന്ന അഞ്ചുവർഷംകൊണ്ട് മൂന്നിരട്ടി വീടുകൾ ആയി വർദ്ധിപ്പിക്കാൻ സാധ്യതയുണ്ട്. ഇത് വളരെ ഗൗരവമേറിയ പ്രശ്നമാണ്. ആയതിനാൽ പഞ്ചായത്ത് സ്ഥലം കണ്ടെത്തി ഈ വിഭാഗത്തിന് വീട് സ്ഥലം ഉണ്ടാക്കാൻ ശ്രദ്ധയുണ്ടാക്കണം. അതിൽ മുൻകാലങ്ങളിൽ സർക്കാരിൻെറ സഹായം കിട്ടിയ ലക്ഷം വീട് കോളനികളിലെ വീടുകൾ ഭാഗികമായും തകർന്നതാണ്. അത് പഞ്ചായത്തിൻെറ ശ്രദ്ധയിൽ പെടുത്തണം.

### കൃഷി

ഈ വിഭാഗത്തിന് സ്ഥലപരിധി വളരെ തുച്ഛമായതിനാൽ കൃഷിചെയ്യുവാൻ സാധ്യത വളരെ കുറവാണ്. ആയതിനാൽ പഞ്ചായത്ത് തരിശ്ശ് ഭൂമി കണ്ടെത്തി അവിടെ പട്ടികജാതിക്കാർക്ക് ഗ്രൂപ്പ് ഫാമിങ്ങ് ഏർപ്പെടുത്തണം.

### മൃഗസംരക്ഷണം

കോളനിയിലെ ആളുകൾ മൃഗസംരക്ഷണത്തിന് താല്പര്യമുള്ളവരാണ്. ഇതിനായി ഓരോ കോളനികളും പൊതുസ്ഥലം കണ്ടെത്തി പത്തു മൃഗങ്ങൾക്ക് നിൽക്കാവുന്ന ഒരു തൊഴുത്ത് എല്ലാ സൗകര്യങ്ങളോടും കൂടിയത് ഉണ്ടാക്കണം.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ

I വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. ഈ വിഭാഗത്തിൽ ഇപ്പോഴും നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.

II കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞതിനാൽ ഈ മേഖലയിൽനിന്നും തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു. തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു. ഇവരുടെ ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.

III എല്ലാവർക്കും സ്വന്തമായി വീടില്ല.

IV എല്ലാവർക്കും വീടുവെയ്ക്കാൻ സ്ഥലമില്ല.

V പ്രാഥമിക സൗകര്യങ്ങൾ കുറവാണ്.

VI കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല.

VII പല വീടുകളിലും വൈദ്യുതിയില്ല.

VIII പൊതുശ്മശാനമില്ല.

IX കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നില്ല.

X ആരോഗ്യസംവിധാനം മെച്ചപ്പെട്ടതല്ല.

XI നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

XII ഐ.ആർ.ഡി.പി. പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

XIII പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്ര ഇല്ല.

XIV പട്ടികജാതിക്കാരെല്ലാവരും കടക്കെണിയിൽ പെട്ടുപോകുന്നു.

### പ്രധാന ആവശ്യങ്ങൾ

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി ശ്രദ്ധ പതിയേണ്ട ചില പ്രധാന ആവശ്യങ്ങൾ താഴെ കൊടുക്കുന്നു:

1. കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തി തൊഴിൽസാധ്യത വർദ്ധിപ്പിക്കുക.
2. പായ്നെയ്ത്ത്, കയർ നിർമ്മാണം എന്നിവയുടെ നിർമ്മാണം വ്യവസായ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
3. കോളനിയിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.
4. ഉടനടി കുടിവെള്ള പ്രശ്നം പരിഹരിക്കുക.
5. പഞ്ചായത്തിലെ വീടുകൾ നിർമ്മിക്കാനാവശ്യമായ ഹോളോ ബ്രിക്സ് നിർമ്മാണം പട്ടികജാതി സംഘത്തെ ഏൽപ്പിക്കുക.
6. പട്ടികജാതി സർവ്വീസ് സഹകരണ സംഘം സ്ഥാപിക്കുക.
7. വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനുതന്നെ ഉപയോഗിക്കുന്നുണ്ടോ? എന്നു പരിശോധിക്കുക. വായ്പകൾ ദുർവിനിയോഗം ചെയ്യുന്നത് തടയുക. വായ്പകൾ നൽകാതിരിക്കുന്ന ബാങ്കുകളെ പഞ്ചായത്തിൽ അംഗീകാരം കൊടുക്കരുത്. ഇതിന്റെ പൂർണ്ണ അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.
8. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ പായ് നെയ്ത്ത്, റെഡിമെയ്ഡ്, കയർ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.
9. പഞ്ചായത്തിലെ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് ചന്തകൾ രൂപപ്പെടുത്തി കൊടുക്കുകയും ചെയ്യുക.
10. വീട്നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കു.
11. കക്കൂസ് നിർമ്മാണത്തിന് ധനസഹായം കൊടുക്കുക.
12. ലക്ഷംവീട് കോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റവീടുകളാക്കി മാറ്റുക.
13. വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനും പലിശരഹിത വായ്പ നൽകുക.
14. പൊതുശ്മശാനം നിർമ്മിക്കുക.
15. 5 മുതൽ 10 വരെ സ്റ്റാൻഡേഡിൽ പ്രീമെട്രിക്ക് ഹോസ്റ്റൽ സ്ഥാപിക്കുക.
16. കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
17. വായനശാലകൾ സ്ഥാപിക്കുക.
18. പോന്നിശേരി പട്ടികജാതി കോളനിയിൽ ഉടനടി റോഡ് നിർമ്മിക്കുക.
19. മൂന്നാം വാർഡിലെ കല്ലുപുറം കോളനിയെ അംഗീകരിക്കുക.
20. എല്ലാ കോളനികളിലും സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.
21. എല്ലാ കോളനികളിലും ടി.വി. സെറ്റ് സ്ഥാപിക്കുക.

22. എസ്.എസ്.എൽ.സി. യിൽ ഉന്നത വിദ്യാഭ്യാസം നേടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക.

23. അഭ്യസ്തവിദ്യരുടെ സേവനം കോളനിയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

24. പഞ്ചായത്തിലെ ഓരോ വാർഡിലും പുതിയ പട്ടികജാതി കോളനികൾ സ്ഥാപിക്കുക.

25. എല്ലാ കോളനികളിലും പഞ്ചായത്ത് വക പോസ്റ്റ് ടാഗ് നിർമ്മിക്കുക.

26. തെങ്ങുകയറ്റ തൊഴിലാളികളെ അംഗീകൃത തൊഴിലായി അംഗീകരിക്കുക. ഇവർക്ക് ബോണസ് ഏർപ്പെടുത്തുക. അപകടം മൂലമുണ്ടാകുന്ന നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുക.

27. പട്ടികജാതി-പട്ടികവർഗ്ഗ സംഘടനകളെ പ്രോത്സാഹിപ്പിക്കുക. അവർക്ക് പഞ്ചായത്തുവക കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുക.

28. ഓരോ വാർഡിലും നാല് സെൻറിൽ കുറയാതെയുള്ള കെട്ടിടം നിർമ്മിച്ച് അവിടെ ആഴ്ചയിൽ ഒരു പ്രാവശ്യം ബോധവൽക്കരണ ക്ലാസ്സ് (വിവിധ രാഷ്ട്രീയ മതനേതാക്കളുടെ) ഡോക്ടർമാരുടെ സേവനം, സാംസ്ക്കാരിക പരിപാടി അംഗനവാടി എന്നിവ നടത്തുന്നതിന് പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കണം. മൂന്നുമാസം കൂടുമ്പോൾ ഒരു നിയമപഠന ക്ലാസ്സ് നടത്തുന്നതിന് ശ്രദ്ധിക്കണം.

29. കോളനിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ അത് പട്ടികജാതിക്കാർക്ക് മാത്രമായി അനുവദിക്കരുത്. അത് കോളനിയിലെ മുഴുവൻ സമുദായക്കാർക്കും ബാധകമാകുംവിധം വികസന പ്രവർത്തനം നടത്തണം. അല്ലെങ്കിൽ ജാതിപരമായ എതിർപ്പ് ഇവിടെ നിലനിൽക്കും.

30. പ്രത്യേക ഘടക പദ്ധതി പട്ടികജാതി/വർഗ്ഗ വികസന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ആസൂത്രണം ചെയ്ത് ജില്ലാകളക്ടർ ചെയർമാനായുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് നടപ്പിലാക്കണം. പ്രത്യേക ഘടക പദ്ധതി സംസ്ഥാന പദ്ധതിയുടെ ഒരു ഭാഗമാണ്. 50%ൽ അധികം പട്ടികജാതിക്കാർ ഗുണഭോക്താക്കളായി റോഡ്, വെള്ളം, വൈദ്യുതി എന്നിവ എത്തിക്കുന്നതിനുള്ള പദ്ധതികൾ ഇപ്രകാരം നടപ്പിലാക്കാവുന്നതാണ്. എല്ലാ ഡിപ്പാർട്ടുമെൻറുകളുടെയും പദ്ധതിവിഹിതത്തിൽ 10% പട്ടികജാതി/വർഗ്ഗങ്ങൾക്ക് വേണ്ടി ചിലവാക്കേണ്ടതാണ്.

31. 15-ൽ അധികം പട്ടികജാതിക്കാർ അധിവസിക്കുന്നതും, പിന്നോക്കാവസ്ഥയിലുള്ളതുമായ പട്ടികജാതി സങ്കേതങ്ങളെ ഓരോ വർഷവും തെരഞ്ഞെടുത്ത് സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

പട്ടിക 1

| | കോളനിയുടെ പേർ | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | മന്തുരുത്തി I.H.D.P. കോളനി | 18 | 104 |
| 2 | I അംബേദ്കർ I.H.D.P. കോളനി | 16 | 66 |
| 3 | ഊമൻകുളം I.H.D.P. കോളനി | 12 | 72 |
| 4 | കളരിപറമ്പ് I.H.D.P. കോളനി | 18 | 108 |
| 5 | II കളരിപറമ്പ് ലക്ഷംവീട് കോളനി | 28 | 160 |
| 6 | പന്തലാംകുളം കോളനി | 28 | 168 |
| 7 | III ചത്തുകോളനി | 13 | 78 |
| 8 | തൃവേണി | 18 | 128 |
| 9 | (ആമണ്ടൂർ) മെഴവന മിച്ചഭൂമി | 14 | 66 |
| 10 | IV ആമണ്ടൂർ ലക്ഷംവീട് കോളനി | 15 | 90 |
| 11 | V കോതമ്പ് I.H.D.P. കോളനി | 24 | 144 |
| 12 | 5-ാം പരുത്തി I.H.D.P. കോളനി | 21 | 126 |
| 13 | വെളുത്ത കടവ് I.H.D.P. കോളനി | 19 | 119 |
| 14 | VI ആശാൻ ബസാർ I.H.D.P. ക്കോളനി | 15 | 90 |
| 15 | പോനിശ്ശേരി I.H.D.P. കോളനി | 25 | 150 |
| 16 | ലക്ഷംവീട് കോളനി | 17 | 102 |
| 17 | VII ശങ്കുളങ്ങര I.H.D.P. കോളനി | 18 | 128 |
| 18 | VIII വേക്കോട് ലക്ഷംവീട് കോളനി | 11 | 66 |
| 19 | IX ഭൂരഹിത കർഷക കോളനി | 11 | 62 |
| 20 | കുനിയാറ I.H.D.P. കോളനി | 20 | 120 |
| 21 | X | | |
| 22 | കടൽക്ഷോഭ ഭൂരഹിത കോളനി | 33 | 198 |
| 23 | XI ഐക്കര കോളനി | 17 | 66 |
| 24 | | | |
| 25 | XIII I.H.D.P. കോളനി | 30 | 350 |
| | *അംഗീകാരത്തിന് സമർപ്പിച്ചത്* | | |
| | III കല്ലുംപുറം കോളനി | 13 | 78 |

പട്ടിക 2

| കോളനിയുടെ പേര് | | റോഡുകൾ | | വൈദ്യുതി | | കുടിവെള്ളം | | കക്കൂസ് |
|---|---|---|---|---|---|---|---|---|
| | | റോഡ് ഉണ്ട് | റോഡ് ഇല്ല | വൈദ്യു തീകരി ച്ചത് | വൈദ്യു തീകരി ക്കാത്തത് | കിണർ | ടാപ്പ് | പൊതു കക്കൂസ് |
| 1 | മന്തുരുത്തി I.H.D.P. കോളനി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | അംബേദ്കർ I.H.D.P. കോളനി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3 | ഊമൻകുളം I.H.D.P. കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 4 | കളരിപറമ്പ് I.H.D.P. കോളനി | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| II 5 | കളരിപറമ്പ് ലക്ഷംവീട് കോളനി | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 6 | പന്തലാംകുളം കോളനി | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| III 7 | ചാത്തു കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 8 | തൃവേണി | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 9 | ആമണ്ടൂർ മിച്ചഭൂമി കോളനി | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| IV 10 | ആമണ്ടൂർ വെഴവന കോളനി | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| V 11 | കോതമ്പ് I.H.D.P. കോളനി | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 12 | 5-ാം പരുത്തി I.H.D.P. കോളനി | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 13 | വെളുത്തകടവ് I.H.D.P. കോളനി | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| VI 14 | ആശാൻ ബസാർ I.H.D.P കോളനി | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 15 | പോനിശ്ശേരി I.H.D.P. കോളനി | | ഇല്ല | ഉണ്ട് | - | ഉണ്ട് | ഉണ്ട് | ഇല്ല |
| 16 | ലക്ഷംവീട് കോളനി | ഉണ്ട് | - | ഉണ്ട് | - | ഉണ്ട് | ഉണ്ട് | ഇല്ല |
| VII 17 | ശങ്കുളങ്ങര I.H.D.P. കോളനി | - | ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| VIII 18 | വേക്കോട് ലക്ഷംവീട് കോളനി | ഉണ്ട് | | ഇല്ല | | ഉണ്ട് | ഉണ്ട് | ഇല്ല |
| IX 19 | ഭൂരഹിത കർഷക കോളനി | | ഇല്ല | | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 20 | കുനിയാറ I.H.D.P. കോളനി | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| X 21 | | | | | | | | |
| 22 | കടൽക്ഷോഭ ഭൂരഹിത കോളനി | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| XI 23 | ഐകര കോളനി | ഉണ്ട് | - | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 24 | | | | | | | | |
| XIII 25 | I.H.D.P. കോളനി | | | | | | | |
| III 26 | കല്ലംപുറം കോളനി Ward III | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |



452

പട്ടിക 3

| ക്രമ നമ്പർ | | കോളനിയുടെ പേര് | വീടിൻെറ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസ്സുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | | |
| | 1 | മന്തുരുത്തി I.H.D.P. കോളനി | 3 | 1 | 16 | 16 | 16 |
| I | 2 | അംബേദ്കർ I.H.D.P. കോളനി | 2 | 4 | 12 | 12 | 12 |
| | 3 | ഊമൻകുളം I.H.D.P. കോളനി | 1 | 3 | 8 | 8 | 8 |
| | 4 | കളരിപറമ്പ് I.H.D.P. കോളനി | 1 | 4 | 14 | 14 | 8 |
| II | 5 | കളരിപറമ്പ് ലക്ഷംവീട് കോളനി | 2 | 5 | 22 | 22 | 22 |
| | 6 | പന്തലാംകുളം കോളനി | 1 | 2 | 10 | 10 | 10 |
| III | 7 | ചാത്തു കോളനി | 2 | 3 | 15 | 15 | 15 |
| | 8 | തൃവേണി | 1 | 2 | 11 | 11 | 11 |
| | 9 | ആമണ്ടൂർ (മിച്ചഭൂമി കോളനി) | 2 | 3 | 10 | 10 | 10 |
| IV | 10 | ആമണ്ടൂർ (വെഴവന കോളനി) | 2 | 2 | 20 | 20 | 20 |
| V | 11 | കോതമ്പ് I.H.D.P. കോളനി | 2 | 3 | 19 | 19 | 19 |
| | 12 | 5-ാം പരുത്തി I.H.D.P. കോളനി | 2 | 2 | 15 | 15 | 15 |
| | 13 | വെളുത്തകടവ് I.H.D.P. കോളനി | 1 | 2 | 13 | 13 | 13 |
| VI | 14 | ആശാൻ ബസാർ I.H.D.P. കോളനി | 2 | 3 | 10 | 10 | 13 |
| | 15 | പോനിശ്ശേരി I.H.D.P. കോളനി | 2 | 20 | 3 | 3 | 10 |
| | 16 | ലക്ഷംവീട് കോളനി | 2 | 4 | 13 | 13 | 13 |
| VII | 17 | ശങ്കുളങ്ങര I.H.D.P. കോളനി | 2 | 5 | 11 | 11 | 11 |
| VIII | 18 | വേക്കോട് ലക്ഷംവീട് കോളനി | - | 7 | 16 | 16 | 16 |
| IX | 19 | ഭൂരഹിത കർഷക കോളനി | 1 | 2 | 27 | 27 | 26 |
| | 20 | കൂനിയാറ I.H.D.P. കോളനി | 3 | 6 | 32 | 32 | 32 |
| X | 21 | | | | | | |
| | 22 | കടൽക്ഷോഭ ഭൂരഹിത കോളനി | 2 | 3 | 18 | 18 | 18 |
| XI | 23 | ഐക്കര കോളനി | 3 | 4 | 13 | 13 | 13 |
| | 24 | | | | | | |
| XIII | 25 | I.H.D.P. കോളനി | 2 | 4 | 12 | 12 | 12 |
| III | 26 | കല്ലുംപുറം കോളനി | - | - | 13 | 13 | 13 |



45

## ഹരിജൻ കോളനികളുടെ വൈദ്യുതീകരണം സംബന്ധിച്ച വിവരപട്ടിക

| | വാർഡ് നമ്പർ | ഹരിജൻ കോളനികളുടെ പേര് | കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | സൗജന്യസ്ലാബിൽ ഉപയോഗിക്കുന്ന വരുടെ എണ്ണം | പണം നൽകി ഉപയോഗിക്കുന്ന വരുടെ എണ്ണം |
|---|---|---|---|---|---|
| 1 | I | കോതപറമ്പ് | 5 | 3 | 2 |
| | | അംബേദ്കർ കോളനി | | | |
| 2 | II | മാന്തുരുത്തിക്കടവ് | 7 | 6 | 1 |
| | | കോളനി | | | |
| 3 | II | കളരിപ്പറമ്പ് | 11 | 6 | 5 |
| 4 | II | ഊമംകുളം | 7 | 6 | 1 |
| 5 | III | പന്തലാംകുളം | 14 | 10 | 4 |
| 6 | IV | വെഴവന മിച്ചഭൂമി | 0 | 0 | 0 |
| 7 | VI | അഞ്ചാംപരത്തി | 17 | 0 | 17 |
| 8 | VI | വെളുത്തകടവ് | 4 | 0 | 4 |
| 9 | VI | ആശാൻബസാർ | 2 | 0 | 2 |
| 10 | VII | ശങ്കരൻകുളങ്ങര | 5 | 0 | 5 |
| 11 | VII | പോനിശ്ശേരി | 13 | 7 | 6 |
| 12 | VIII | വേക്കോട് ലക്ഷംവീട് | 6 | 6 | 0 |
| 13 | VIII | മാസിബസാർ | 3 | 0 | 3 |
| 14 | X | വേക്കോട് കുനിയാറ | 9 | 7 | 2 |
| 15 | XI | ഐക്കര | 3 | 0 | 3 |
| 16 | XI | കമ്പനിക്കടവ് | 3 | 2 | 1 |
| | | കടൽക്ഷോഭ കോളനി | | | |
| 17 | XII | അഞ്ചങ്ങാടി (E) | 2 | 0 | 2 |
| 18 | XIII | കുന്നത്ത് SC സങ്കേതൻ | 0 | 0 | 0 |



454

# വിഭവസമാഹരണം

നമ്മുടെ ഗ്രാമപഞ്ചായത്ത് സാമ്പത്തിക രംഗത്ത് ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടി രിക്കുകയാണ്. ഇതുമൂലം നമ്മുടെ ജനതയുടെ പ്രതീക്ഷകൾക്കൊത്ത് വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ പഞ്ചായത്ത് ഭരണസമിതിക്ക് കഴിയുന്നില്ല. ഈ നില തുടരുകയാണെങ്കിൽ വള രെകാലം കാത്തിരുന്നാൽപോലും നമ്മുടെ പ്രതീ ക്ഷകൾക്ക് സാക്ഷാൽക്കാരം ലഭിക്കുമോ എന്ന് സംശയിക്കേണ്ടിവരുന്നു. ഇത് മാറ്റിയെടുക്കാൻ ഈ വികസനാസൂത്രണവും, പൊതുജന പങ്കാളി ത്തവും ഉറപ്പുവരുത്തിയാൽ മാത്രമേ സാദ്ധ്യമാവൂ എന്ന യാഥാർത്ഥ്യം തിരിച്ചറിയണം.

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധി കൾ പലവിധമാണ്. ഒന്ന് നമ്മുടെ പഞ്ചായത്തിൽ വലിയ വ്യവസായങ്ങൾ ഒന്നും തന്നെയില്ല എന്ന താണ്. ചെറുകിട വ്യവസായങ്ങളുടേയും സ്ഥിതി മറിച്ചല്ല. ചില കുടിൽ വ്യവസായങ്ങൾ പരമ്പരാ ഗതമായി നിലനിൽക്കുന്നുണ്ട് എന്നല്ലാതെ അത് ഒരു പ്രദേശത്തെ ജനതക്ക് തൊഴിൽ നൽകാൻ പര്യാപതമായവയല്ല. ഈ രണ്ട് രംഗങ്ങളിലും മുന്നേറ്റം നടത്തിക്കൊണ്ട, വിഭവസമാഹരണ ത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴി യണം.

നമ്മുടെ പഞ്ചായത്തിലെ വ്യവസായത്തിൽ താല്പര്യമുള്ള മുഴുവൻ ആളുകളേയും അതിന് സഹായിക്കുവാൻ കഴിയുന്ന ധനകാര്യസ്ഥാപനാ ധികാരികളേയും വിളിച്ച് ചേർത്ത് ഒരു വ്യവസായ സെമിനാർ സംഘടിപ്പിക്കുവാനും ഈ രംഗത്ത് പുതിയ മാനങ്ങൾ കൈവരിക്കാനും നമുക്ക് കഴി യണം.

ഈ രംഗം നേരിടുന്ന വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നത്തിന്കൂടി പരിഹാരം കണ്ടെത്താൻ നമുക്ക് കഴിയേണ്ടതുണ്ട്. അത് വ്യവസായത്തിന് ആവശ്യമായ വൈദ്യുതിയാണ്. അതുകൊണ്ട് വൈദ്യുതി ഉദ്യോഗസ്ഥന്മാരെ കൂടി സെമിനാറിൽ പങ്കെടുപ്പിക്കുവാൻ നമുക്ക് കഴിയണം. ഒരു നിർ ദ്ദേശം ചെറിയ ചില വ്യവസായങ്ങൾക്ക് കൂട്ടായി മിനി പവ്വർ സ്റ്റേഷൻ സ്ഥാപിക്കുവാൻ കഴി യുമോ എന്നത് പരിശോധിച്ചാൽ ഈ പ്രതിസ ന്ധിക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞേക്കാം. എങ്കിൽ ഏറ്റവും വലിയ പ്രതിസന്ധി പരിഹരിക്ക പ്പെടും. വ്യവസായ രംഗത്തേക്ക് ആളുകൾ താല്പ ര്യപൂർവ്വം കടന്നുവരും. എങ്കിലേ ഈ രംഗത്ത് നിന്നും വിഭവ സമാഹരണം സാധ്യമാവൂ.

മറ്റൊന്ന് കാർഷിക രംഗമാണ്. ഈ രംഗം വളരെ മുരടിപ്പ് നേരിടുകയാണ്. കൃഷി ഭൂമികൾ പുരയിടങ്ങൾ ആയി മാറുകയാണ്. പ്രധാന കാരണ ങ്ങൾ ഉല്പാദനക്ഷമതയിലുള്ള കുറവ്, രാസവള ഉപഭോഗത്തിലെ ദോഷഫലങ്ങൾ, ഇത് ഒഴിവാക്കു വാൻ ജൈവവള പ്രയോഗത്തിന് പ്രാധാന്യം നൽ കുവാൻ കഴിയണം. അല്ലാതെ ഈ രംഗത്ത് വിഭവ സമാഹരണം വർദ്ധിപ്പിക്കുവാൻ കഴിയില്ല.

ഈ രണ്ട് മണ്ഡലങ്ങളിലും ഫലപ്രദമായി ഇടപെടാൻ ഗ്രാമപഞ്ചായത്തുകൾ പൂർണ്ണ അധി കാരം ഉണ്ടായാൽ എത്രയും പെട്ടെന്ന് ഈ രംഗം അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരി കളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഇത് മാറി ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വെച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറുവാൻ നിയമനിർമ്മാണത്തിൽ വ്യവസ്ഥ ചെയ്യണം. ഉദാ ഹരണത്തിന് സ്റ്റാമ്പ് ഡ്യൂട്ടി, ഗ്രാൻറുകൾ, വെഹി ക്കിൾ ടാക്സ് തുടങ്ങിയവ. ഈ ഗ്രാൻറുകൾ പല വർഷങ്ങൾ കഴിഞ്ഞാണ് പഞ്ചായത്തിന് ലഭി ക്കുന്നത്. ഇത് ഫണ്ട് ഫലപ്രദമായി ഉപയോഗി ക്കുന്നതിന് തടസ്സമാവുന്നു. ജനസംഖ്യാനുപാതി കമായി മാത്രമേ ഗ്രാൻറുകൾ വിതരണം ചെയ്യാൻ



455

പാടുള്ളൂ. നീതിപൂർവ്വകമായ വിതരണത്തിന് ഇത് ആവശ്യമാണ്. വരുമാനത്തിൽ വ്യതിയാനം സംഭവിച്ച പട്ടിക അവസാനത്തിൽ ചേർക്കും:

## സാമൂഹ്യ സാമ്പത്തിക സർവ്വേ

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 9147 രൂപ കിട്ടിയിട്ടുണ്ട്. പക്ഷെ മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവരാക്കുവാൻ കഴിഞ്ഞിട്ടില്ല. കൃത്യമായി നികുതി അടയ്ക്കുന്ന സമ്പ്രദായം ഇപ്പോഴില്ല.

കാർഷികവും അല്ലാത്തതുമായ കൂലി പണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിൽ മറ്റൊരുവിഭാഗം.

നിലവിലുള്ള നികുതികൾ യുക്തി സഹമാക്കുകയും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവഹിക്കുകയുമാണ് നികുതി കൊടുക്കുന്നതിലൂടെ ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിൻെറ വരുമാനം കൂട്ടുവാൻ കഴിയും. പഞ്ചായത്തിലെ വികസനം സമിതിയും വാർഡ് ഗ്രാമസഭപ്രതിനിധികളും കൂട്ടായ് ശ്രമിച്ച് നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൊടുക്കുന്ന ആദ്യത്തെ പഞ്ചായത്താകുവാൻ നമുക്ക് കഴിഞ്ഞാൽ വികസന പ്രവർത്തനങ്ങളിൽ നമുക്ക് വളരെയേറെ മുന്നേറാം.

ഇങ്ങനെ നികുതിയായി തങ്ങളുടെ വരുമാനത്തിൻെര ഒരു ചെറിയ വിഭാഗം പഞ്ചായത്തിന് കൊടുക്കുവാൻ സാധ്യമാവുന്ന നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാകാതെ വരുമാനത്തിൻെറ ഒരു ചെറിയ ശതമാനം മാത്രമാണ് നികുതിയെന്ന് മനസ്സിലാക്കിയാൽ എല്ലാവരും അത് കൊടുക്കാൻ താല്പര്യമുള്ളവരാകും.
2. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം.
3. നികുതി കൊടുക്കുകവഴി തങ്ങളും പഞ്ചായത്തിൻെറ വികസന പ്രർത്തനങ്ങളിൽ പങ്ക് ചേരുകയാണ് തങ്ങളെന്ന കാര്യം അവരെ ബോധ്യപ്പെടുത്താൻ കഴിയണം. ചിലവിൻെറ കണക്കിലും സുതാര്യത ആവശ്യമാണ്.
4. നികുതി കൃത്യമായി പിരിക്കുന്നതിനും, അപാകതകൾ പരിഹരിക്കുന്നതിനും, വികസന സമിതിയും പഞ്ചായത്ത് ഭരണസമിതിയും കൂട്ടായി പ്രവർത്തിക്കണം. ഇതും ഒരു വികസന പ്രവർത്തനത്തിൻെറ ഭാഗമാണെന്ന ധാരണ പഞ്ചായത്തിലെ ബഹുജനനേതാക്കൾക്കുണ്ടാവണം.
5. കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് ജനങ്ങളെ ബോധ്യപ്പെടുത്തുവാനും പഞ്ചായത്തിൽ സംവിധാനം ഉണ്ടാകണം
6. കെട്ടിടനികുതി:- ഇപ്പോൾ കെട്ടിടനികുതി ചുമത്തുന്നത് ശാസ്ത്രീയമായല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല, ആഡംഭരത്വവും, വില കൂടുതലുള്ള വസ്തുക്കളുടെ ഉപയോഗവും മാനദണ്ഡമാക്കുവാൻ കഴിയണം.

വീട് നിർമ്മാണത്തിലെ ധൂർത്ത് ഒഴിവാകുവാൻ നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്ക്കരിക്കാവുന്നതാണ്. വീട് അസ്സെ ചെയ്യുന്നത് എങ്ങിനെയെന്ന് ഉടമസ്ഥരെ ബോധ്യപ്പെടുത്തുവാൻ ഉദ്യോഗസ്ഥന്മാർക്ക് കഴിയണം.

വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്. നികുതി പിരിക്കുവാനുള്ള സംവിധാനം കുറച്ചുകൂടി ശക്തിപ്പെടുത്തണം. ഓരോ വാർഡിലും നികുതി പിരിക്കുന്ന സമയവും സ്ഥലവും മുൻകൂട്ടി നിശ്ചയിക്കാനും വികസന സമിതിയേയും അയൽക്കൂട്ടങ്ങളേയും അറിയിച്ച് അവരുടെ സഹായത്തോടെ നികുതി പിരിക്കുന്നത് കുടിശ്ശിക ഇല്ലാതാക്കുവാൻ സഹായിക്കും.

**തൊഴിൽ നികുതി**

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥന്മാരും, എയിഡഡ് സ്ക്കൂൾ അദ്ധ്യാപകരും മറ്റും മാത്രമാണ് തൊഴിൽ നികുതി നൽകുന്നത്. ഇങ്ങനെയുള്ളവരല്ലാതെ തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും നികുതി നൽകേണ്ടവരാണ്. തൊഴിലാളികളെ മുഴുവനും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിൽപ്പെടുത്തി നികുതി വസൂലാക്കാവുന്നതാണ്. ഗാംഫു

കാർക്ക് കൂടി തൊഴിൽ നികുതി ഏർപ്പെടുത്തണം. ഈ കൂട്ടത്തിൽ പഞ്ചായത്ത് പരിധിയിലുള്ള ചെറുതും, വലുതുമായ മുഴുവൻ കച്ചവട സ്ഥാപനങ്ങളേയും ഉൾപ്പെടുത്താവുന്നതാണ്.

## മറ്റു മാർഗ്ഗങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ നിരവധിയാളുകൾ മുതൽ മുടക്കുവാൻ താല്പര്യമുള്ളവരും, തയ്യാറുള്ളവരുമുണ്ട്. ഗൾഫ്കാരായ ആളുകൾ, മറ്റു സമ്പന്നരായവർ, ഇവരിൽനിന്നും, പഞ്ചായത്ത് കടപ്പത്രം ഇടപ്പത്രം ഇറക്കി പണം സമാഹരിച്ച് പ്രത്യുല്പാദനപരമായ മേഖലകളിൽ വിനിയോഗിക്കാവുന്നതാണ്.
2. വീടുകളിലും മറ്റും ലക്ഷങ്ങളും കോടികളും ചിലവഴിച്ച് ആഡംഭരത്വം മത്സരബുദ്ധിയോടെ നടത്തുകയാണ്. ഡിഷ് ആൻറിനയും മറ്റും തല ഉയർത്തി നിൽക്കുന്ന പ്രൗഢികളുടെ പ്രതീകമാകുമ്പോൾ ടി.വി., വി.സി.ആർ., എ.സി., വാഷിങ്ങ് മെഷീൻ, ടാക്സിയല്ലാത്ത വാഹനങ്ങൾ എന്നിവയ്ക്ക് ആഡംഭരനികുതി ചുമത്താവുന്നതാണ്.
3. ഭൂമി കൈമാറ്റം ഇന്ന് ഒരു വ്യവസായമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സ്റ്റാമ്പ് പേപ്പർ വാങ്ങുന്നതിലും മറ്റും നടക്കുന്ന വൻ വെട്ടിപ്പുകൾ പരിഹരിക്കുന്നതിന് വികസന സമിതി പ്രാദേശിക ഘടകങ്ങൾ രൂപീകരിച്ച്, കൃത്യത പാലിക്കുവാൻ കഴിഞ്ഞാൽ ഇതിലൂടെ വൻ നികുതി കണ്ടെത്താൻ കഴിയും. ഭൂനികുതി ചില തത്വങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ പഞ്ചായത്തിന് പിരിച്ചെടുക്കുവാൻ വ്യവസ്ഥ ചെയ്യണം. നിലവിലുള്ള ഏക്കറിന് 2 രൂപ കുറവാണ്. പുതുക്കി നിശ്ചയിക്കണം.
4. അൺഎയിഡഡ് സ്ക്കൂളുകൾ ധാരാളമായി വന്നുകൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിലെ മുഴുവൻ അൺഎയിഡഡ് സ്ക്കൂളുകൾക്കും പുതിയ നികുതി ഏർപ്പെടുത്തണം. പഞ്ചായത്ത് പരിധിയിൽ നടത്തപ്പെടുന്ന സി.ബി.എസ്.ഇ. സ്ക്കൂളുകൾ ലക്ഷങ്ങൾ ഡൊണേഷൻ വാങ്ങിയാണ് കുട്ടികളെ ചേർക്കുന്നത്. ഈ സംഖ്യയുടെ ഒരു ചെറിയ ശതമാനം പഞ്ചായത്തിന് നികുതിയായി ഈടാക്കാവുന്നതാണ്.
5. കച്ചവട സ്ഥാപനങ്ങൾക്ക് (ചെറുതും, വലുതും) മുഴുവനും ലൈസൻസ് നിർബന്ധമാക്കുകയും സ്ലാബ് നിശ്ചയിക്കുകയും ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.
6. വളരെയേറ വരുമാനമുണ്ടാക്കിക്കൊണ്ടിരിക്കുകയും ജനങ്ങളുടെ ജീവിതത്തെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്നതുമായ മദ്യഷാപ്പുകൾക്ക് നിർബന്ധമായും പഞ്ചായത്ത് നല്ല സംഖ്യ നികുതിയായി നിശ്ചയിച്ച് ഈടാക്കാവുന്നതാണ്.
7. സൗന്ദര്യവർദ്ധക സമ്പ്രദായങ്ങൾ നമ്മുടെ നാട്ടിലും തഴച്ചുവളർന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ബ്യൂട്ടി പാർലറുകൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും നികുതി ഏർപ്പെടുത്തുകയും ചെയ്യാം.
8. പഞ്ചായത്ത് പ്രദേശത്ത് ഒട്ടനവധി വ്യാപാര സ്ഥാപനങ്ങളുടെയും സിനിമയുടെയും മറ്റു തരത്തിലുള്ള പരസ്യങ്ങൾ വ്യാപകമാണ്. ഈ പരസ്യങ്ങൾക്ക് പഞ്ചായത്ത് പരസ്യ നികുതി ഏർപ്പെടുത്താവുന്നതാണ്.
9. ഒരുപാട് കൃഷിക്ക് ഉപയോഗിക്കാവുന്ന ഭൂമികൾ സ്വകാര്യസ്ഥാപനങ്ങളും വ്യക്തികളും തരിശുഭൂമിയാക്കി ഇട്ടിരിക്കുകയാണ്. ഈ ഭൂമികൾക്ക് പ്രത്യേക നികുതി ചുമത്തുവാൻ തീരുമാനിക്കണം. അങ്ങിനെയായാൽ അത് കൃഷി ചെയ്യുന്നതിന് തയ്യാറാകും. ഇല്ലെങ്കിൽ പഞ്ചായത്ത് ഏറ്റെടുത്ത് ഏതെങ്കിലും ഗ്രൂപ്പുകൾക്ക് ഓരോ വർഷത്തേയ്ക്ക് കൃഷി ചെയ്യുന്നതിന് കൊടുക്കുവാൻ വ്യവസ്ഥ ചെയ്യണം.
10. ശ്രീനാരായണപുരം സെൻററിൽ ഒരു പ്രസംഗമണ്ഡപം (സ്റ്റേജ്)പണിയേണ്ടതും അതിന് വാടക നിശ്ചയിക്കാവുന്നതും ആണ്.

സ്ത്രീധന പീഢനവും ആത്മഹത്യകളും പെരുകിക്കൊണ്ടിരിക്കുകയാണെങ്കിലും സ്ത്രീധന നിരോധന നിയമം നിലവിലുണ്ടായിട്ടും അത് പ്രാവർത്തികമാക്കാൻ കഴിയാതെ നാം വീർപ്പുമുട്ടുകയാണ്. എല്ലാം നിസ്സഹായരായി നോക്കി കാണു

കയാണ്. കാണികളാവാൻ ഇനി നമുക്ക് കഴിയില്ല. സമയം അതിക്രമിച്ചിരിക്കുന്നു, ഇതിന് മാറ്റം വരുത്തുവാൻ.

സ്ത്രീധനം നല്കുന്നതിന് പല ഓമനപേരുകളും നല്കി യഥേഷ്ടം ഇപ്പോഴും നടക്കുന്നു. ഇങ്ങിനെ കൂടുതൽ പാരിതോഷികമായി നൽകുന്ന ആഭരണങ്ങൾക്കും ആഡംബരങ്ങൾക്കും പ്രത്യേകം നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യണം. എല്ലാ മതവിഭാഗത്തിൽപ്പെടുന്ന ആളുകൾക്കും ബാധകമാവുന്ന വിധത്തിൽ വിവാഹ രജിസ്ട്രേഷൻ പഞ്ചായത്ത് നിർബന്ധമാക്കണം. മതസ്ഥാപനങ്ങളുടെ വിവാഹ സർട്ടിഫിക്കറ്റിനുള്ള സാധുത നീക്കംചെയ്ത് പഞ്ചായത്ത് വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനു മാത്രം സാധുതയുള്ളതാക്കിയാൽ ഇത് പ്രാവർത്തികമാകും. രജിസ്ട്രേഷൻ മേൽകാണിച്ച വരുമാന സാധുതയുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കാവുന്നതാണ്. ഇത് ഒരു വരുമാനമാർഗ്ഗം കൂടിയാണ്.

സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ (ബ്ലേഡ് കമ്പനി) കൂൺപോലെ മുളച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ സ്ഥാപനങ്ങളുടെ പണമിടപാടുകളുടെ തോത് നോക്കി പുതിയ നികുതി ഈടാക്കാവുന്നതാണ്.

എസ്.എൻ. പുരം പഞ്ചായത്തിൻെറ ഹൃദയഭാഗമായിക്കിടക്കുന്നതും ഇപ്പോൾ മതിലകം പഞ്ചായത്തിൻെറ പരിധിയിൽപ്പെടുന്നതുമായ പൂവത്തുംകടവ് പ്രദേശം ഈ പഞ്ചായത്തിൽ ലയിപ്പിക്കുന്നതിനാവശ്യമായ നിയമനടപടികൾ സ്വീകരിച്ചാൽ വരുമാനമുള്ള ഒരു കടത്തും, സിനിമാതിയ്യറ്ററും, വ്യവസായ കേന്ദ്രവും പുതിയതായി സ്ഥാപിക്കുന്നതിനും കഴിയും.

## കോൺട്രാക്റ്റ് വർക്ക്

നിലവിൽ പണികളെല്ലാം നോമിനി വർക്കുകളാണെങ്കിലും എല്ലാം ചെയ്തുകൊണ്ടിരിക്കുന്നത് കോൺട്രാക്ടർമാർ തന്നെയാണ്. അതുമാറി പണി നടത്താൻ തയ്യാറുള്ള കമ്മറ്റിക്ക് പണിയുടെ മുഴുവൻ പൈസയും അഡ്വാൻസായി കൊടുക്കണം. ദൈർഘ്യമുള്ള പണിയാണെങ്കിൽ രണ്ടോ, മൂന്നോ ഘട്ടമായി കൊടുക്കണം. എല്ലാ വർക്കുകളിലും ജനപങ്കാളിത്തം ഉറപ്പുവരുത്താൻ കഴിഞ്ഞാൽ ഉദ്ദേശിക്കുന്നതിലും 35-40% ഫണ്ട് ലാഭകരമാക്കാൻ കഴിയും. മാത്രമല്ല, ഓരോരോ പ്രദേശത്ത് നടത്തുന്ന വികസന പരിപാടിക്ക് അതിൻെറ ഗുണഭോക്താക്കളിൽനിന്നും അഭ്യുദയകാംക്ഷികളിൽനിന്നും സംഭാവനകൾ കിട്ടാനും വഴിവെക്കും.

## റോഡുകളുടെ മെയിൻറനൻസ്

റോഡുകളുടെ അറ്റകുറ്റപ്പണിക്കാണ് പഞ്ചായത്ത് ഫണ്ടിൻെറ നല്ലൊരു ഭാഗവും നീക്കിവെക്കുന്നത്. ഒരു കിലോമീറ്റർ റോഡ് രണ്ട് വർഷത്തിലൊരിക്കൽ മെയിൻറനൻസ് നടത്തുന്നതിന് ഏകദേശം രണ്ടരലക്ഷം രൂപ ചിലവുവരും. എന്നാൽ ഓരോ വാർഡിലെയും റോഡിൻെറ അറ്റകുറ്റപണി നടത്തുന്നതിന് വാർഡ് വികസന സമിതിയെ ചുമതലപ്പെടുത്തുകയും രണ്ട് മാസത്തിലൊരിക്കെ പാച്ച് വർക്ക് ചെയ്യുന്ന രീതിയും സ്വീകരിച്ചാൽ അഞ്ച് വർഷം കൊണ്ട് 10 ലക്ഷം രൂപയെങ്കിലും ലാഭമുണ്ടാക്കാൻ കഴിയുകയും റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ കഴിയുകയും ചെയ്യും.

## ബാങ്കുകൾ - സഹകരണ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ - കാത്തലിക് സിറിയൻ ബാങ്ക്, നാട്ടിക ഫർക്ക റൂറൽ ബാങ്കിൻെറ ഒരു ശാഖ, ആല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വെമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, പൂവത്തുംകടവ് കർഷക സർവ്വീസ് സഹകരണ ബാങ്കിൻെറ രണ്ട് ശാഖകൾ, ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ രണ്ട് ശാഖകൾ എണ്ണിയാൽ തീരാത്ത സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുണ്ട്. ഇതിൽ പൂവത്തുംകടവ് ബാങ്ക് ഉൾപ്പെടെ ചില സഹകരണ സ്ഥാപനങ്ങൾ മാത്രമാണ് തൃപ്തികരമായ രീതിയിൽ ജനങ്ങൾക്ക് ലോൺ നൽകിക്കൊണ്ടിരിക്കുന്നത്. എന്നാൽ കാത്തലിക് സിറിയൻ ബാങ്ക് അത്തരത്തിലുള്ള യാതൊരു നടപടിയും ഇല്ലാത്ത സ്ഥാപനമാണ്. ഇവിടെ നിക്ഷേപങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വായ്പ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽനിന്നും സമാഹരിക്കുന്ന സംഖ്യയുടെ 80, 90%മെങ്കിലും ഈ പഞ്ചായത്തിൽതന്നെ വായ്പ കൊടുക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള വ്യവസ്ഥ പുതിയ പഞ്ചായത്ത് ആക്ടിലുണ്ട്. ഗ്രാമസഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ

ബാദ്ധ്യസ്ഥരാവുന്ന നിയമം ഈ രംഗത്തുണ്ടാവേണ്ടിയിരിക്കുന്നു.

ബാങ്കുകളിൽ വരുന്ന നിക്ഷേപങ്ങളുടെ 10% മെങ്കിലും പഞ്ചായത്ത് വാങ്ങി വ്യവസായങ്ങൾക്ക് ചിലവഴിക്കണം. ഈ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൻെറ 2% മെങ്കിലും പഞ്ചായത്തിന് നൽകുവാൻ വ്യവസ്ഥയുണ്ടാകണം.

പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളെ പഞ്ചായത്തിൻെറ റിസർവ്വ് ബാങ്കുകളായി പ്രഖ്യാപിക്കുകയും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് ഈ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിക്കുന്നതിനും പദ്ധതിവിഹിതമായി വരുന്ന ഫണ്ടുകൾ ഈ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുവാനും തദ്വാര പഞ്ചായത്തിൻെറ മൊത്തം വികസനത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്യാം.

## ലീസ് ഭൂമികൾ

നമ്മുടെ കായലിൽനിന്നും (കനോലി കനാൽ) മണ്ണുവാരലും കക്കവാരലും മറ്റും നടക്കുന്നു. ഇത്തരത്തിലുള്ള ഖനന പ്രക്രിയ നടത്തുന്നതിന് പഞ്ചായത്ത് ചില നിയമങ്ങൾ വഴി ലേലം നടത്തി സംഖ്യ സമാഹരിക്കാം. ഇതിൽ ചെമ്മീൻകെട്ടുകളെ കൂടി ഉൾപ്പെടുത്താവുന്നതാണ്.

കൂടാതെ ഈ കനാലിൻെറ സൈഡുകൾ സ്വകാര്യവ്യക്തികൾ നികത്തി കൈവശപ്പെടുത്തിക്കൊണ്ടിരിക്കുന്നത് തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുകയും ഇപ്പോൾ നികത്തി കൈവശപ്പെടുത്തി വച്ചിരിക്കുന്നവ അളന്ന് തിട്ടപ്പെടുത്തി ന്യായമായ വില നിശ്ചയിച്ച് ഈടാക്കാവുന്നതാണ്. ഇത് പടിഞ്ഞാറൻ ഭാഗങ്ങളിലെ പഞ്ചായത്ത് തോടുകൾ, മടൽ മൂടുന്ന സ്ഥലങ്ങൾ എന്നിവയ്ക്ക് കൂടി ബാധകമാക്കണം.

## ഇറച്ചിക്കടകൾ

മാസത്തിൽ ഏകദേശം 10 ലക്ഷത്തിലധികം രൂപയുടെ മാംസം നമ്മുടെ പഞ്ചായത്തിൽ വിൽപ്പന നടക്കുന്നുണ്ട്. ഇത് പലർക്കും തോന്നുന്ന സ്ഥലങ്ങളിൽ വെച്ച് അറവ് നടത്തി വിൽക്കുകയാണ്. ഇത് മാറ്റി മുഴുവൻ കടകൾക്കും ലൈസൻസ് നൽകി ഫീസ് ഈടാക്കുകയും, അവശിഷ്ടങ്ങൾ ജനങ്ങൾക്ക് ശല്യമില്ലാത്ത തരത്തിൽ നശിപ്പിയ്ക്കുകയും ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യണം. ടാക്സ് ഈടാക്കാവുന്നതാണ്.

## വിദ്യാഭ്യാസ സെസ്സ്

ഐ.ആർ.ഡി.പി. പരിധിയിൽപ്പെടാത്ത മുഴുവൻ കുടുംബങ്ങളിൽനിന്നും നിർബന്ധമായി വിദ്യാഭ്യാസ സെസ്സ് ചെറിയ തോതിൽ ഈടാക്കാവുന്നതാണ്. സർക്കാർ സ്ക്കൂളുകളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ ഇത് ഒരു പരിധിവരെ സഹായിക്കും. നമ്മുടെ മക്കൾ ഏത് സ്ക്കൂളിൽ പോകുന്നു എന്നത് ഇതിന് ബാധകമല്ലാതാകുകയും വേണം.

## ടൗൺഷിപ്പ്

ശ്രീനാരായണപുരം പഞ്ചായത്തിൻെറ ഹൃദയഭാഗമായി കിടക്കുന്നത് എസ്.എൻ. പുരം സെൻറർ ആണ്. ഇവിടെ നമുക്കുള്ളത് ഒരു ചെറിയ മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സുമാണ്. പൂത്തും കടവ് പാലം സഫലമാകുന്നതോടെ വലിയ വ്യവസായ കേന്ദ്രമാക്കുവാൻ കഴിയുന്ന ഈ പ്രദേശത്ത് ഇപ്പോൾ അന്വേഷിച്ചാൽ കിട്ടുവാൻ സാദ്ധ്യതയുള്ള സ്ഥലം വാങ്ങി അതിൽ ഷെയർമണി കോൾ ചെയ്ത് ആ സംഖ്യകൊണ്ട് ആധുനികമായ രീതിയിൽ അണ്ടർഗ്രൗണ്ടിൽ പാർക്കിംഗ് സൗകര്യവും ഗ്രൗണ്ട് ഫ്ളോറിൽ മാർക്കറ്റും ഒന്നാം നിലയിലും, രണ്ടാം നിലയിലും, കമ്മ്യൂണിറ്റി ഹാളും സിനിമാ തിയ്യറ്ററും ഒത്തുചേരുന്ന ഒരു വൻസംരംഭം തുടങ്ങി ഇപ്പോഴുള്ള മാർക്കറ്റിൻേറയും ഷോപ്പിംഗ് കോംപ്ലക്സിൻേറയും മുഖച്ഛായതന്നെ മാറ്റി വലിയ വരുമാനം കണ്ടെത്തുവാൻ കഴിയും. കൂടാതെ ഷെയർ മണി ഉപയോഗിച്ച് ആതുര രംഗത്ത് ഒരു പുതിയ മാനം കൈവരിക്കാവുന്ന തരത്തിൽ കഴുത്തറപ്പൻ ആശുപത്രികൾക്ക് ഒരു വെല്ലുവിളിയാകുന്ന തരത്തിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കാവുന്നതാണ്. ഇതിൽ താൽപര്യമുള്ള വ്യക്തികളെ ഗൾഫ്കാരെയെല്ലാം ഉപയോഗപ്പെടുത്താം. എസ്.എൻ. പുരം സെൻററിൽ ഒരു പ്രസംഗമണ്ഡപം (സ്റ്റേജ്) പഞ്ചായത്ത് ഉടൻ നിർമ്മിയ്ക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

കൂടാതെ, പടിഞ്ഞാറെ വെമ്പല്ലൂർ ടിപ്പു സുൽത്താൻ റോഡിനോട് ചേർന്ന് 14 സെൻേറാളം വരുന്ന ഒരു പഞ്ചായത്തുകുളം നികത്തി ഒരു

വ്യക്തി കൈവശപ്പെടുത്തിയിട്ടുണ്ട്. ഇത് കണ്ടു കെട്ടി മത്സ്യമാർക്കറ്റ് ഉൾപ്പെടെ ചെറിയ ഒരു മാർക്കറ്റ് പടിഞ്ഞാറെ വെമ്പല്ലൂർ അസ്മാബി ഭാഗത്ത് ആരംഭിക്കാവുന്നതാണ്. കോളേജ് പരിസരത്ത് സ്ഥലമെടുത്ത് ഒരു ബസ്സ്റ്റാൻറും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കാവുന്നതാണ്. ഇപ്പോൾ സ്ഥലം ലഭ്യമാണ്.

ചിലവുകൾ നിരവധിയാണ്. എന്ത് കിട്ടിയാലും മതിയാവാത്ത അവസ്ഥ.

ഇതുവരെ നമ്മുടെ പഞ്ചായത്ത് വിഭവങ്ങൾ ചിലവഴിച്ചിരുന്നത് പ്രത്യുൽപാദനപരമല്ലാത്ത മേഖലയിലായിരുന്നു. ഏറിയ പങ്കും പൊതുമരാമത്തിനായിരുന്നു. അതുകൊണ്ട് നമ്മുടെ മുഴുവൻ ഫണ്ടും പാഴായി പോകുകയാണ് ചെയ്യുന്നത്. പഞ്ചായത്തിൻെറ ഭരണചിലവുകളിൽ കാര്യമായ മാറ്റമൊന്നും വരുത്തുവാൻ കഴിയില്ല എന്നതാണ് സ്ഥിതി. ആയതുകൊണ്ട് നമ്മുടെ പഞ്ചായത്തിലെ റോഡുകൾ തുടങ്ങിയ കാര്യങ്ങൾക്ക് ചെറിയ സംഖ്യകൾ മാത്രം ചിലവഴിക്കാനും മറ്റു റോഡുകളുടെ സംരക്ഷണ ചുമതലയും മറ്റും ഗ്രാമസഭകൾക്കും, അയൽക്കൂട്ടങ്ങൾക്കും, വികസനസമിതികൾക്കുമായി മാറണം. മനുഷ്യദ്ധാനം ഒരു പ്രധാന ഘടകമാക്കുവാൻ നമുക്ക് കഴിയണം. അങ്ങിനെ നമ്മുടെ പഞ്ചായത്തിൻെറ ചുരുങ്ങിയ വരുമാനം പ്രത്യുൽപാദനപരമായ മേഖലയിൽ ഉപയോഗിച്ച് നമ്മുടെ പഞ്ചായത്തിൻെറ സമഗ്രമായ വികസനത്തിന് സാദ്ധ്യമാകുന്ന വിധത്തിൽ മുന്നോട്ട് പോകുവാൻ മുഴുവൻ ജനങ്ങളുടെയും സഹകരണത്തോടെ മേൽകാണിച്ച വരുമാന മാർഗ്ഗങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് സാദ്ധ്യമാവട്ടെയെന്ന് പ്രത്യാശിക്കാം.

## ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വ്യവസായം-വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ നികുതി |
|---|---|---|---|---|---|---|
| I | - | 2 | 14 | 12 | 28 | 959 |
| II | - | 1 | 16 | 12 | 29 | 995 |
| III | - | 1 | 21 | 16 | 38 | 1300 |
| IV | - | - | 9 | 7 | 16 | 548 |
| V | - | - | 3 | 3 | 6 | 170 |
| VI | - | 1 | 8 | 8 | 17 | 470 |
| VII | - | 3 | 26 | 18 | 47 | 1664 |
| VIII | - | - | 14 | 6 | 20 | 685 |
| IX | - | - | 1 | 1 | 2 | 160 |
| X | - | 1 | 8 | 6 | 15 | 510 |
| XI | - | - | 9 | 5 | 14 | 479 |
| XII | - | 2 | 14 | 7 | 23 | 787 |
| XIII | - | 2 | 6 | 4 | 12 | 410 |

## വരുമാനത്തിലെ വ്യതിയാനം സൂചിപ്പിക്കുന്ന പട്ടിക

| ക്രമനമ്പർ | ഇനങ്ങൾ | 1991-92 | | 1995-96 | |
|---|---|---|---|---|---|
| 1 | കെട്ടിടനികുതി | 255369 | 40 | 441182 | 25 |
| 2 | തൊഴിൽനികുതി | 90473 | 00 | 196380 | 00 |
| 3 | ഇൻകംടാക്സ് | 817 | 00 | 1453 | 00 |
| 4 | വെൽഫയർ ഫണ്ട് | | | 679 | 00 |
| 5 | പർച്ചേസ് ടാക്സ് | | | 1419 | 00 |
| 6 | ബെയിസിക്ക് ടാക്സ് | 3215 | 00 | 25689 | 00 |
| 7 | അൺടൈഡ് ഫണ്ട് (UTF) | 176000 | 00 | 159500 | 00 |
| 8 | അൺടൈഡ് ഫണ്ട് (VTF SCP) | | | 168300 | ·00 |

| ക്രമനമ്പർ | ഇനങ്ങൾ | 1991-92 | | 1995-96 | |
|---|---|---|---|---|---|
| 9 | വെഹിക്കിൾ ടാക്സ് ഗ്രാൻറ് | 157679 | 00 | 129605 | 00 |
| 10 | വാടക | 93174 | 00 | 102601 | 50 |
| 11 | ലൈസൻസ് | 6492 | 00 | 9147 | 00 |
| 12 | ലേലം | 2380 | 00 | 7862 | 00 |
| 13 | മാർക്കറ്റ് | 9300 | 00 | 9000 | 00 |
| 14 | ലൈബ്രറി സെസ്സ് | 8316 | 90 | 22872 | 00 |
| 15 | ഡെപ്പോസിറ്റ് | 53147 | 00 | 10895 | 50 |
| 16 | നിക്ഷേപത്തിന്മേലുള്ള പലിശ | | | 8390 | 05 |
| 17 | വസ്തുകൈമാറ്റനികുതി | 91678 | 00 | 28076 | 00 |
| 18 | മറ്റിനങ്ങൾ:- | | | | |
| | (ഓഡിറ്റ്, പിഴപലിശ, ഇലക്ഷൻ ഡെപ്പോസിറ്റ്, വോട്ടേഴ്സ് ലിസ്റ്റിൻെറ വില, ജനന മരണ റജിസ്ട്രേഷൻ ഫീസ്, ഫോം വില തുടങ്ങിയവ | | | 21074 | 00 |
| | Entertainment Tax & Show Tax, Addl. Tax on Entrance | 44717 | 50 | | |
| | ആകെ വരവ് | 11,48,919 | 65 | 13,44,125 | 20 |

## ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്
### ചെലവ് 95-96

| | | | |
|---|---|---|---|
| 1 | ഭരണം | 588877 | 00 |
| 2 | പൊതുമരാമത്ത് | 339894 | 00 |
| 3 | വിദ്യാഭ്യാസം | 20851 | 00 |
| 4 | ജലവിതരണം-പൊതുജനാരോഗ്യം | 144097 | 00 |
| 5 | തെരുവുവിളക്കുകൾ | 63753 | 00 |
| 6 | മറ്റുള്ളവ | 437046 | 00 |
| | ആകെ | 1594518 | 00 |




Ebenezer, Thrissur - 12. Ph: 361892, 360992